കുമാരനാശാൻ
സമ്പൂർണ്ണകൃതികൾ



Digitized by Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ

വാല്യം മൂന്ന്

Digitized By Kerala Sahitya Akademi

(Malayalam)
KUMARAN ASANTE GADYALEKHANANGAL Vol. III
Essays
By N. KUMARAN ASAN
First Published March 1987
Printed at Thiruvonam Printers, Karamana, Trivandrum-2
Price Rs. 40/-
Rights Reserved
Publishers:
KUMARAN ASAN MEMORIAL COMMITTEE
Thonnakkal, Trivandrum District
Distributors:
National Book Stall
Kottayam-Trivandrum-Ernakulam-Cannanore-
Trichur-Palghat-Quilon-Kozhikode-Alleppey-Kalpetta

Digitized By Kerala Sahitya Akademi

കുമാരനാശാന്റെ
ഗദ്യലേഖനങ്ങൾ

(വാല്യം മൂന്ന്)

സമ്പാദകനും എഡിറ്ററും

എൻ. കെ. ദാമോദരൻ

പ്രസിദ്ധീകരണം

കുമാരനാശാൻ സ്മാരകക്കമ്മിറ്റി

തോന്നയ്ക്കൽ

വിതരണം

നാഷണൽ ബുക്ക് സ്റ്റാൾ

കോട്ടയം

വില. ക. 40.00.

Digitized By Kerala Sahitya Akademi

തോന്നയ്ക്കൽ ആശാൻ സ്മാരകക്കമ്മിറ്റി പ്രസിദ്ധീകരണങ്ങൾ

കുമാരനാശാനെപ്പറ്റി
ഓർമ്മകളിലെ ആശാൻ
ആശാൻ ഗ്രന്ഥസൂചിക
ദുരവസ്ഥ (ഒരു സിമ്പോസിയം)
ബ്രഹ്മശ്രീ, ശ്രീനാരായണഗുരു
കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ (മൂന്നു വാല്യങ്ങൾ)
കുമാരനാശാൻ (ജീവചരിത്രം)
ആശാന്റെ വിമർശനകല
Kumaran Asan (Biographical Sketch)
Duravastha (Tragic Plight)

S 4583 D 173/86-87 1-1000

Digitized By Kerala Sahitya Akademi

അവതാരിക

ആശാന്റെ വ്യക്തിത്വത്തിന്റെ അനേക മുഖങ്ങളിൽ അത്ര അധികം അറിയപ്പെടാത്ത ഒന്നാണ് ഗദ്യലേഖനസമാഹാരങ്ങൾ നമുക്കു കാണിച്ചുതരുന്നത്. കഠിനമായ അധ്വാനവും നിരന്തരമായ സഞ്ചാരവും കൊണ്ടു ഭാരമേറിയതായിരുന്നു ആശാൻ തെരഞ്ഞെടുത്ത സാമൂഹിക സേവനരംഗം. അന്നത്തെ രാജ്യത്തിന്റെ സ്ഥിതി ഇന്നു വാർദ്ധക്യത്തെ പ്രാപിച്ചിരിക്കുന്നവർക്കുപോലും ശരിയായി ഓർക്കാൻ കഴിയുന്നതല്ല. യുവതലമുറയുടെ കാര്യം പറയേണ്ടതുമില്ല. കേരള സംസ്ഥാന പൂർവകേരളം ഭരണപരമായി മൂന്നു ഘടകങ്ങളായിരുന്നു: മൂന്നും മൂന്നു തരത്തിൽ എന്നു പറയാവുന്നവ. അവിടെ ഈഴവ–തീയ്യ നാമധേയങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ഏറ്റവും വലിയ ജനവിഭാഗത്തിന്റെ ഭാഗധേയം രൂപപ്പെടുത്തുന്നതായിരുന്നു ആശാൻ സ്വീകരിച്ച കർമ്മമണ്ഡലം. സവർണ്ണരല്ല; ഹരിജനങ്ങളുമല്ല; സമ്പന്നൻമാർ വളരെയുള്ളതല്ല; ദരിദ്രൻമാർ മാത്രമുള്ളതുമല്ല; പഠിപ്പുള്ളവർ വളരെയില്ല; തീരെ ഇല്ലാതെയുമില്ല; മരുമക്കത്തായികൾ ഉണ്ട്; മക്കത്തായികളുണ്ട്; മിശ്രദായക്കാരുമുണ്ട്; ഇങ്ങിനെയുള്ളതായിരുന്നു ആശാനു കൈകാര്യം ചെയ്യേണ്ടിയിരുന്ന സമുദായം. ഇവരെ ഒരുമിപ്പിക്കുന്നതിനും ഉണർത്തുന്നതിനും, തനിക്കു പ്രത്യക്ഷ ദൈവവും, സമുദായത്തിനു ഗുരുവും ആയ ശ്രീനാരായണ ഗുരുസ്വാമികളുടെ ആത്മീയ ചൈതന്യവും പ്രഭാവവും ആയിരുന്നു ആശാന്റെ പ്രധാന ആശ്രയം. ഈ ഉണർവുണ്ടാക്കുന്നതിനു നിയുക്തരായ പ്രസംഗകർക്കു കൊടുത്ത മാർഗ്ഗ നിർദ്ദേശങ്ങളും ഇന്നും ശ്രദ്ധേയവും ആദരണീയവുമാണ്;

(1) മതം (2) സദാചാരം (3) വിദ്യാഭ്യാസം (4) വ്യവസായം ഇവയായിരുന്നു മുഖ്യ വിഷയങ്ങൾ. പ്രസംഗകർക്കു നൽകിയിരുന്ന പ്രധാന നിർദ്ദേശം, ''ഗർഹ്യമോ ക്ഷോഭജനകമോ ആയ വിധത്തിൽ പരമത ദൂഷണം ചെയ്യാൻ പാടില്ലാ

Digitized By Kerala Sahitya Akademi

ത്തതാകുന്നു'' എന്നതാണ്. മറെറാന്ന്: ''പ്രസംഗങ്ങളം യാതൊരു പ്രകാരത്തിലും താഴ്ന്നതായി വിചാരിക്കപ്പെടുന്ന ജാതികൾക്ക് ഉപദ്രവമോ, ഉയർന്നതായി വിചാരിക്കപ്പെടുന്ന ജാതികൾക്കു ക്ഷോഭമോ ഉണ്ടാകത്തക്ക വിധത്തിലോ സ്വരത്തിലോ ആയിരുന്നു കൂടാത്തതാകുന്നു. കഴിയുന്നത്ര താഴ്ന്ന ജാതിക്കാരുടെ അഭിവൃദ്ധിയിൽ ജനങ്ങൾക്കു താത്പര്യം ജനിപ്പിക്കേണ്ടതുമാണ്.''

സമുദായങ്ങൾ തമ്മിൽ വൈരങ്ങൾ ഉണ്ടാകാതെയും വളർത്താതെയും അവശതകൾ പരിഹരിക്കുന്നതിനും ജനങ്ങളെ അഭ്യുദ്ധരിക്കുന്നതിനും ആശാൻ ശ്രദ്ധിച്ചിരിക്കുന്നതു കാണുക. തീണ്ടൽ, തൊടീൽ, വഴിവിലക്ക്, വിദ്യാലയ വിലക്ക്, ഉദ്യോഗ വിലക്ക് എന്നിങ്ങനെയുള്ള വിലക്കുകൾ ജൻമസിദ്ധവും കർമ്മസിദ്ധവും അലംഘനീയവും എന്നു കരുതിപ്പോന്നിരുന്ന യുഗത്തിന്റെ അന്തിമഘട്ടം കുറിച്ച പ്രവർത്തനങ്ങൾക്കുള്ള രൂപരേഖ എത്ര ഉന്നതമായ ഒരു മനസ്സിൽ നിന്ന് ഉദ്ഭൂതമായതായിരുന്നു എന്ന് മേൽപ്പറഞ്ഞവയും അതിനുമുൻപും പിൻപുമുള്ളവയുമായ മാർഗ്ഗനിർദ്ദേശങ്ങൾ തെളിയിക്കും. ജാതിയെപ്പററി പറയുന്നതും ശ്രദ്ധിക്കുക: ''പായപ്പെടുന്ന'' എന്നും ''വിചാരിക്കപ്പെടുന്ന'' എന്നുമുള്ള വിശേഷണങ്ങൾ എത്ര അർത്ഥവത്തായിരിക്കുന്നു! ജാതി സത്യമല്ല, സങ്കല്പം മാത്രം എന്ന കാര്യം സമുദായ പ്രവർത്തനത്തിൽ മുഴുകുമ്പോഴും ആശാൻ മറക്കുന്നില്ല. ''പരമലലിവെഴാത്ത ദുർജ്ജനത്തിൻ കരബല കല്പിതമാണു ജാതിഭേദം.'' ആ ജാതിയാകട്ടെ നരബലിയിലേക്കു വരെ മനുഷ്യ സമൂഹത്തെ നയിക്കുന്ന ദുർദ്ദേവതാ സങ്കല്പമാണ്. അതു പൂജിച്ചു വളർത്താനുള്ളതല്ല, ഹോമിച്ച് ഒഴിക്കാനുള്ളതാണ്; ആദ്യം ഒഴിക്കേണ്ടതു നമ്മുടെ ഹൃദയങ്ങളിൽ നിന്നുതന്നെയാണ് എന്ന് ഓർക്കുക.

ഈ ദുർദ്ദേവതാ പൂജയിൽ നിന്ന് അവനവനെയും മറുള്ളവരെയും സമുദായങ്ങളെയും ഒഴിവാക്കാനുള്ള പ്രസ്ഥാനത്തെയാണ് ആശാന്റെ ഗദ്യലേഖനങ്ങളിൽ നാം കാണുന്നത്. ഈദൃശ പ്രവൃത്തികളിൽ നായൻമാർ എന്നു സങ്കല്പിക്കപ്പെടുന്നവരും ഉണർന്നു ചേരുന്നതു കാണാം. തിരണ്ടുകുളി, കെട്ടുകല്യാണം മുതലായ ദുരാചാരങ്ങളിൽ നിന്നു സമൂഹങ്ങളെ

Digitized By Kerala Sahitya Akademi

മുകുരാക്കാനും വിവാഹത്തെ സദാചാര ബദ്ധമാക്കാനും• മറ്റു മുള്ള യത്നങ്ങളും കാണാം. ഈ രാജ്യത്തെ ജനങ്ങളും ഒരു കാല ത്തു കഴിഞ്ഞുകൂടിയിരുന്ന സമുദായത്തിന്റെയും ഭരണ ത്തിന്റെയും സ്വരൂപങ്ങളും നേരിട്ടെന്നപോലെ മനസ്സിലാ ക്കാൻ, ഈ എല്ലാ രംഗങ്ങളിലും രാജപദവിച്ചു ചെന്നു നേരിട്ട ആശാന്റെ ലേഖനങ്ങളും നിരുപമമായ നിധിയാണ്. ആ കാലയളവിൽ ജീവിക്കുന്നതിനു തുല്യമായ അനുഭവം അവ നൽകും.

ആശാന്റെ വർണ്ണോജ്ജ്വലവും പ്രത്യക്ഷശാശ്വതവും ആയ സേവനം കവിതാ രംഗത്താണ്. എന്നാൽ ആശാന് അതു വിശ്രമാ വസര വിനോദവും, സ്വായത്തമോ അന്യരാൽ ദത്തമോ ആയ സുഭിക്ഷതയുടെ ആസ്വാദനവും ആയിരുന്നില്ല. ഗദ്യലേഖന ങ്ങളും തെളിയിക്കുന്ന അടിസ്ഥാന മാറ്റങ്ങളുടെ ആസൂത്രണ നിർവഹണങ്ങൾക്കിടയിലുള്ള ചെറിയ ചെറിയ ഇടവേളകളിലെ 'ലഘു സമ്പാദ്യങ്ങൾ' മാത്രമാണദ്ദേഹത്തിന്റെ കവിതകൾ. എങ്കിലും അവ എത്ര മഹത്തും ബൃഹത്തുമാണെന്നോർക്കുമ്പോ ഴാണ് ആശാന്റെ സിദ്ധികളിൽ നാം വിസ്മിതരാകുന്നത്. അന്യർക്കുഗുണം 'ചെയ്വതിനായുസ്സു വപുസ്സും ധന്യ തമൊടങ്ങാത്മതപസ്സും' തന്റെ ഗുരു ഏപ്രകാരം ബലിക ഴിച്ചുവോ അപ്രകാരം ശിഷ്യനും തന്റെ കവിതപസ്സും കവി വപുസ്സും ബലികഴിച്ചതിന്റെ തെളിവാണ് ഈ ഗദ്യലേഖ നങ്ങൾ. അദ്ദേഹം കവിതയും സമൂഹപുനർനിർമ്മാണ ത്തിന്—ചട്ടങ്ങളെ മാറ്റുന്നതിന്—മൂല്യങ്ങളെ സ്ഥാപിക്കുന്ന തിന്—ജാതിയെന്ന മഹാമാരിയെ ഹോമിച്ചൊഴിക്കുന്നതിന്—ഉപ യോഗിച്ചു. കവിതയിൽകൂടെ സഹൃദയ സമ്മതിയും ശാശ്വ തയശസ്സും നേടി; സത്യം ശ്വസിച്ചും സമത്വം കണ്ടും സ്നേ ഹസത്തുനുകർന്നും ഇദ്ധരസ്വർഗ്ഗമാക്കുന്നതിനുള്ള ചിന്താ തരംഗങ്ങൾ സൃഷ്ടിച്ചു.

ആശാന്റെ ഗദ്യലേഖനങ്ങൾ ശേഖരിച്ച് അടുക്കിച്ചിട്ടപ്പെ ടുത്തി പ്രസാധനംചെയ്യുന്ന ചുമതല ശ്രീ. എൻ. കെ. ദാമോദര നെയാണ് ആശാൻ സ്മാരകകമ്മിറ്റി ഭരമേല്പിച്ചത്. ഇതിന് മുൻപുള്ള രണ്ട് വാല്യങ്ങൾ പ്രസിദ്ധീകരിച്ചതും അദ്ദേഹ

Digitized By Kerala Sahitya Akademi

ത്തിന്റെ ചുമതലയിലായിരുന്നു. തോന്നയ്ക്കൽ ആശാൻ സ്മാരകവുമായുള്ള ശ്രീ. ദാമോദരന്റെ ദീർഘകാല ബന്ധം ഇതിന് സഹായകമായി ഭവിച്ചു. ഇങ്ങിനെയുള്ള പ്രവൃത്തികളിൽ അദ്ദേഹത്തിന് പ്രത്യേക നൈപുണ്യമുണ്ട്; താത്പര്യവുമുണ്ട്. മുൻകമ്മിറ്റിയുടെ കാലത്ത് ആരംഭിച്ചതും ഇന്നത്തെ കമ്മറ്റി തുടർന്ന് പോന്നതും ആയ ഗദ്യലേഖനങ്ങളുടെ പ്രസിദ്ധീകരണത്തിൽ ആദ്യം മുതൽക്കേ സജീവമായി ബന്ധപ്പെടാൻ അദ്ദേഹത്തിനുകഴിഞ്ഞു, ഈ സംരംഭത്തിൽ കമ്മിറ്റി മെമ്പർമാർ, വിശേഷിച്ച് വൈസ് പ്രസിഡൻറ് എം. പി. അപ്പനും, സെക്രട്ടറി തോട്ടം രാജശേഖരനും, ഡോക്ടർ ജോർജ് ഓണക്കൂറും, പ്രൊഫ: പന്മന രാമചന്ദ്രൻ നായരും, കെ. പ്രഭാകരനും പ്രത്യേകം താല്പര്യമെടുത്തിരുന്നു. അങ്ങിനെ വലിയ ഒരു ചരിത്ര വിജ്ഞാന ഖനിയായ ഈ ഗദ്യലേഖന സമാഹാരത്തിന് രൂപം നൽകാനുള്ള ഭാഗ്യം ഈ കമ്മിറ്റിക്കുണ്ടായി. ഞാൻ ഈ വിശിഷ്ട ഗ്രന്ഥം സഹർഷം കമ്മിറ്റിയുടെ നാമത്തിൽ അവതരിപ്പിക്കുന്നു.

നാരായണീയം
മാർച്ച് 1987

എ. പി. ഉദയഭാനു
പ്രസിഡൻറ്
കുമാരനാശാൻ സ്മാരകകമ്മിറ്റി,
തോന്നയ്ക്കൽ

Digitized By Kerala Sahitya Akademi

നന്ദിപൂർവ്വം.....

ഇരുപതാം നൂറ്റാണ്ടിൽ കേരളീയരുടെ ചിന്തയെ സമഗ്രമായി സ്പർശിക്കുകയും, സ്വത്വത്തെ സ്വാധീനിക്കുകയും, അവരെ പുതിയ കർമ്മപഥങ്ങളിലേക്ക് നയിക്കുകയും ചെയ്ത ചൈതന്യ സ്തംഭങ്ങളിൽ ഒന്നാണല്ലോ കുമാരനാശാൻ. നിസ്തുലമായ ആ വ്യക്തിത്വത്തിന്റെ സമസ്ത ഭാവങ്ങളും ഇന്നിയും പൂർണ്ണമായി വിലയിരുത്തപ്പെട്ടിട്ടില്ല. അദ്ദേഹത്തിന്റെ തീവ്രമായ ആത്മാവിഷ്കാരവ്യഗ്രതയിൽനിന്ന് കത്തിപ്പടർന്ന കാവ്യ ദീപശിഖകളെപ്പറ്റി ഏറെ പഠനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, പത്രാധിപരും സമുദായ സേവാനിരതനും, നീതിക്കുവേണ്ടി അവിരാമം പടവെട്ടിയ പോരാളിയും ആയ ആശാനെപ്പറ്റി പഠനങ്ങൾ നടക്കാനിരിക്കുന്നതേയുള്ളൂ. ഗദ്യലേഖനങ്ങൾ ആശാന്റെ തേജസ്സുറ്റ ആ മുഖം അനാവരണം ചെയ്യുന്നു. ആശാൻ സാഹിതിക്ക് സമൂഹ മധ്യത്തിൽ കൂടുതൽ പ്രചാരം നൽകാനും, ആധുനിക കേരളത്തിന്റെ സംസ്കാരിക പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനുവിധത്തിൽ ആശാന്റെ സംഭാവനകളെ ഇണക്കിച്ചേർക്കാനും പ്രതിജ്ഞാബദ്ധമായ തോന്നയ്ക്കൽ ആശാൻ സ്മാരകക്കമ്മിറ്റി, മഹാകവിയുടെ എല്ലാ ഗദ്യലേഖനങ്ങളും സമാഹരിച്ച് പ്രസിദ്ധീകരിക്കാൻ ഒരുമ്പെട്ടത് അതിന്റെ ചരിത്രപരവും, കാവ്യാത്മകവും, രാഷ്ട്രീയവും, സാംസ്കാരികവും, സാമൂഹ്യവും, ചിന്താപരവും, ആയ പ്രാധാന്യം പരിഗണിച്ചാണ്. ഈ മൂന്നു വാല്യങ്ങളുടെയും സംവിധായകൻ, കുറെക്കാലം സ്മാരകക്കമ്മിറ്റി അദ്ധ്യക്ഷനായിരുന്ന, (ഇപ്പോൾ കമ്മിറ്റി അംഗവും) ശ്രീ. എൻ. കെ. ദാമോദരനാണ്. ആശാൻ-കാവ്യപഠനത്തിൽ മുഴുകുന്ന സഹൃദയൻമാർക്കും, ചരിത്ര ഗവേഷണം നടത്തുന്ന അന്വേഷകർക്കും, സാമൂഹ്യരംഗത്ത് വ്യാപരിക്കുന്ന പ്രവർത്തകർക്കും ചിരന്തന സുഹൃത്തായിരിക്കും ഈ സമാഹാരങ്ങൾ.

മൂന്നാം വാല്യം നിഷ്കൃഷ്ടമായി പരിശോധിച്ച് വിലയേറിയ ഉപദേശങ്ങൾ തന്ന കമ്മിറ്റി അംഗങ്ങളായ ശ്രീ. പന്മന

Digitized By Kerala Sahitya Akademi

രാമചന്ദ്രൻ നായർ, ഡോ. ജോർജ് ഓണക്കൂർ എന്നിവരോടും ചിന്തോദ്ദീപകമായ അവതാരികകൊണ്ട് സമാഹാരത്തെ ധന്യമാക്കിയ സ്മാരകക്കമ്മിറ്റി പ്രസിഡൻറ് ശ്രീ. എ. പി. ഉദയഭാനുവിനോടും കമ്മിറ്റിക്കുള്ള കടപ്പാട് നന്ദിപൂർവം രേഖപ്പെടുത്തട്ടെ. മഹാകവി എം. പി. അപ്പനും, ശ്രീ. കെ. പ്രഭാകരനും ഈ ഗദ്യ സമാഹാരങ്ങളുടെ പ്രസാധനത്തിലും പ്രസിദ്ധീകരണത്തിലും നിരന്തര പ്രോത്സാഹനവും പ്രചോദനവും നൽകിയവരാണ്. കുറഞ്ഞ സമയത്തിനുള്ളിൽ ഈ ഗ്രന്ഥത്തിന്റെ അച്ചടി നിർവഹിച്ചുതന്ന തിരുവനന്തപുരം തിരുവോണം പ്രിന്ററിനോടുള്ള പ്രത്യേക കൃതജ്ഞതയും സന്തോഷത്തോടെ രേഖപ്പെടുത്തട്ടെ.

ആശാൻ ഗ്രന്ഥശേഖരത്തിന് ഈ ഗദ്യലേഖന പരമ്പര മുതൽ കൂട്ടാവുന്നതോടൊപ്പം ഈ നാടിനെ സംസ്കാര പ്രബുദ്ധമാക്കാൻ ആത്മാർത്ഥമായി യത്നിക്കുന്ന എല്ലാ സഹോദരീ സഹോദരൻമാർക്കും മഹാകവിയുടെ ഉദാത്ത ചിന്തകൾ അടങ്ങിയ ഈ ഗ്രന്ഥങ്ങൾ വഴികാട്ടിയായിത്തീരുകയും ചെയ്യുമെന്ന് ഞങ്ങൾക്ക് ഉറച്ച വിശ്വാസമുണ്ട്.

തോട്ടം രാജശേഖരൻ
സെക്രട്ടറി
കുമാരനാശാൻ സ്മാരകകമ്മിറ്റി
തോന്നയ്ക്കൽ

തോന്നയ്ക്കൽ
1987, മാർച്ച്

Digitized By Kerala Sahitya Akademi

പ്രസാധകക്കുറിപ്പ്

കുമാരനാശാന്റെ പത്രാധിപക്കുറിപ്പുകളും ലേഖനങ്ങളും, കത്തുകളും, റിപ്പോർട്ടുകളും, മുഖവുരകളും, കഥകളുമാണ് ഈ വാല്യത്തിലെ ഉള്ളടക്കം. ഡയറിക്കുറിപ്പുകളും ഇതിൽ ചേർത്തിട്ടില്ല. ആശാന്റെ ഡയറിക്കുറിപ്പുകളും പ്രായേണ ഇംഗ്ലീഷിലാണ് എഴുതിയിട്ടുള്ളത്. അവ സൂത്രവാക്യങ്ങൾപോലെ ചുരുക്കത്തിൽ വല്ലപ്പോഴുമേ എഴുതിയിട്ടുമുള്ളു. ഉള്ള കുറിപ്പുകളെ ആശ്രയിച്ചു ശ്രീ. കെ. പ്രഭാകരൻ (ആശാന്റെ മകൻ) ഒരു ലേഖന പരമ്പര ആശാൻ സ്മരണികയിൽ എഴുതിവരുന്നതുകൊണ്ടും അവ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാൻ ഇടയുള്ളതുകൊണ്ടുമാണ് പ്രസ്തുത കുറിപ്പുകൾ ഇതിൽ ചേർക്കേണ്ടെന്നു വച്ചത്.

'പത്രാധിപക്കുറിപ്പുകളും ലേഖനങ്ങളും' എന്ന ആദ്യത്തെ വിഭാഗം വായനക്കാരുടെ സൗകര്യത്തെ കരുതി 'ഗുരുസന്നിധി', 'രാജസന്നിധി', 'സഭാവേദി', 'ഭരണരംഗം', 'സമുദായരംഗം', 'പലവക' എന്നിങ്ങനെ ആറ് ഉപവിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു.

'കത്തുകൾ'എന്ന അടുത്ത വിഭാഗത്തിൽ ആശാന്റെ ആദ്യകാല സുഹൃത്തുക്കളിലൊരാളായ പത്മനാഭൻ വാദ്ധ്യാർക്കെഴുതിയ ഒരു കത്തും, സരസകവി മൂലൂർ എസ്. പത്മനാഭപ്പണിക്കർ, മിതവാദിപ്പത്രാധിപർ സി. കൃഷ്ണൻ എന്നിവർക്കെഴുതിയ ഏതാനും കത്തുകളും മാത്രമേ ചേർക്കാൻ കഴിഞ്ഞിട്ടുള്ളു. വ്യക്തിപരമായും, സാഹിത്യപരമായും, ബിസിനസ്സ് സംബന്ധമായും മറ്റും ഇവരെ പല കത്തുകളും ആശാൻ എഴുതിയിട്ടുണ്ടാവണം. നിർഭാഗ്യവശാൽ അവയൊന്നും കിട്ടിവന്നിട്ടില്ല. പ്രതികൂലശക്തികളോട് എന്നും മല്ലിട്ടുകൊണ്ട് യോഗം സെക്രട്ടറിയായി തുടരാൻ തനിക്കാവില്ലെന്ന ഉറച്ചതീരുമാനം ഉണർത്തിച്ചുകൊണ്ടു സ്വാമിതൃപ്പാദങ്ങൾക്കു 24–6–1093–ൽ എഴുതിയ കത്തിന്റെ പകർപ്പോടുകൂടി ആശാൻ സി. കൃഷ്ണന് അതേ തീയതിയിൽ അയച്ച ഒരു കത്തു രണ്ടാം വാല്യത്തിൽ കൊടുത്തിട്ടുണ്ട്.

Digitized By Kerala Sahitya Akademi

ആശാൻ എസ്. എൻ. ഡി. പി. യോഗം സെക്രട്ടറിയായിരുന്ന 16 കൊല്ലത്തിനിടയിൽ 16 വാർഷികയോഗങ്ങളിൽ നടന്നിട്ടുണ്ട്. അവയിൽ 13 യോഗങ്ങളിൽ സമർപ്പിച്ച റിപ്പോർട്ടുകളും ശ്രീ നാരായണ ഷഷ്ടിപൂർത്ത്യാഘോഷക്കമ്മറ്റി സെക്രട്ടറി എന്ന നിലയിൽ സമർപ്പിച്ച റിപ്പോർട്ടും ആണ് 'റിപ്പോർട്ടുകൾ' എന്ന മൂന്നാമത്തെ വിഭാഗത്തിൽ കൊള്ളിച്ചിരിക്കുന്നത്. ഒന്നാം വാർഷികയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട് 2-ാം വാല്യത്തിൽ വന്നുകഴിഞ്ഞിട്ടുണ്ട്. 13-ാം വാർഷികയോഗത്തിൽ റിപ്പോർട്ടു സമർപ്പിച്ചത് ആക്ടിംഗ് ജനറൽ സെക്രട്ടറി എൻ. കൃഷ്ണൻ ആയിരുന്നു. 15-ാം വാർഷികയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ടു കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ കാരണങ്ങളാലാണ് ആകെ 13 വാർഷിക റിപ്പോർട്ടുകൾമാത്രം ഇതിൽ ഉൾപ്പെടുത്താൻ ഇടയായത്. സ്ഥലപരിമിതിമൂലം റിപ്പോർട്ടുകളിൽനിന്നു ബാക്കി പ്പത്രങ്ങളും, ഒട്ടധികം സ്റേറററുമെൻറുകളും, വരവുചെലവു കണക്കുകളുടെയും ആസ്തിബാദ്ധ്യതകളുടെയും വിവരണ ങ്ങളും ഒഴിവാക്കേണ്ടി വന്നിട്ടുണ്ട്.

'മുഖവുരകൾ' എന്ന വിഭാഗത്തിൽ ആശാൻ തൻെറ ഗദ്യപദ്യ കൃതികൾക്കെഴുതിയിട്ടുള്ള മുഖവുരകൾ സമാഹരിച്ചിരിക്കുക യാണ്. ആശാൻ കൃതികളിലേക്കുള്ള പ്രവേശികകളും ആശാൻെറ കാവ്യാദർശങ്ങളുടെ സൂചികകളുംആയ ഈ മുഖവുരകൾ ഏകത്ര ലഭിക്കുന്നതു സാഹിത്യ കുതുകികൾക്കു വലിയ സഹായമായി രിക്കും എന്ന വിശ്വാസമാണ് ഈ സമാഹരണത്തിനു പ്രേരകം.

ആശാൻ കഥാരൂപത്തിലും ചില സാഹിത്യ സംഭാവനകൾ നൽകിയിട്ടുണ്ടെന്നു പഴയ വിവേകോദയം ലക്കങ്ങളിൽനിന്നു കാണാൻ കഴിയും. അവയിൽ ഒന്നുരണ്ടെണ്ണം ഉദ്ധരിച്ചിരിക്കയാ ണ് 'കഥകൾ' എന്ന അവസാന വിഭാഗത്തിൽ.

ഈ മൂന്നാംവാല്യം കൂടി പുറത്താകുമ്പോൾ ആശാൻെറ ഗദ്യ ലേഖനങ്ങൾ കിട്ടാവുന്നിടത്തോളം കിട്ടിക്കഴിഞ്ഞു എന്ന സംതൃ പ്തിക്ക് അവകാശമുണ്ട്. കഴിഞ്ഞ രണ്ടുവാല്യങ്ങളുടെ ആവിർ ഭാവത്തോടുകൂടിത്തന്നെ ശതാവധാനിയായിരുന്ന മഹാകവി യുടെ അജ്ഞാതങ്ങളായിരുന്ന ചില മുഖങ്ങൾ സഹൃദയലോക ത്തിനു കാണാൻ കഴിഞ്ഞു.

Digitized By Kerala Sahitya Akademi

ഈ വാല്യത്തിൽനിന്നും പ്രധാനമായി ഒരു സമുദായസേവകൻ എന്നനിലയിൽ അദ്ദേഹം വഹിച്ച പങ്ക് എത്ര മഹത്തരവും അനന്യസാധാരണവും ആയിരുന്നുവെന്നു കാണാം. സമുദായനൻമക്കുവേണ്ടി ആ മഹാപുരുഷൻ അനുഷ്ഠിച്ച ത്യാഗോജ്ജ്വലമായ സേവനത്തിനുമുമ്പിൽ ആരും നമ്രശിരസ്കരായിപ്പോകും. സമുദായ ചരിത്രാന്വേഷണതത്പരൻമാർക്കു ഈ വാല്യത്തിൽ കൊടുത്തിരിക്കുന്ന ലേഖനങ്ങളും കത്തുകളും റിപ്പോർട്ടുകളും അമൂല്യരേഖകളായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല.

ആശാന്റെ ഗദ്യസാഹിത്യത്തെക്കുറിച്ചു ഒന്നുംരണ്ടും വാല്യങ്ങളുടെ ആമുഖങ്ങളിൽ ഞാൻ പറഞ്ഞിട്ടുള്ളതിൽ കൂടുതലായൊന്നും ഇപ്പോഴും പറയാൻ വിചാരിക്കുന്നില്ല. ആ അത്ഭുത പ്രതിഭാശാലിയെ പുതിയൊരു വെളിച്ചത്തിൽ കാണാൻ ഉതകുമാറ് അദ്ദേഹത്തിന്റെ ഗദ്യലേഖനങ്ങളും വിവേകോദയം, പ്രതിഭ, മിതവാദി എന്നീ മാസികകളുടെ പഴയതാളുകളിൽനിന്നു തേടിപ്പിടിച്ചു ക്രമപ്പെടുത്തി പ്രസാധനം ചെയ്ക എന്ന ക്ലേശാവഹമെങ്കിലും അത്യുപയോഗപ്രയോജനകരമായ കൃത്യം നിർവഹിക്കാൻ സാധിച്ചതിൽ ഞാൻ തികച്ചും ചരിതാർത്ഥനാണ്. അതിനു സന്ദർഭവും സൗകര്യവും തന്നുസഹായിച്ച സ്മാരകകമ്മിറ്റി അംഗങ്ങളോട് എനിക്കുള്ള നിർവ്യാജമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

തിരുവനന്തപുരം
21-3-1987

എൻ. കെ. ദാമോദരൻ

Digitized By Kerala Sahitya Akademi

ഉള്ളടക്കം

പത്രാധിപക്കുറിപ്പുകളും ലേഖനങ്ങളും

ഗുരുസന്നിധി

യോഗം വകയായ ഒരു ഹർജി (പുറം 3); ബ്രഹ്മശ്രീ നാരായണഗുരു സ്വാമികളുടെ വടക്കൻ യാത്ര (പു. 3); ഒരു സഹൃദയന്റെ വെറും ഭീഷണി (പു. 5) ; ഒരു വെറും വഴക്ക് (പു. 7); ഒരു കത്തും മറുപടിയും (പു. 7) ഒരു ദുർദ്ധാരണ (പു. 9); സ്വാമിതിരുനാൾ 1 (പു. 10); സ്വാമിതിരുനാൾ 2 (പു. 10); സ്വാമിതിരുനാൾ 3 (പു. 12); സ്വാമി തൃപ്പാദങ്ങളുടെ തെക്കൻ സഞ്ചാരം (പു. 13); സ്തുത്യർഹമായ മതപരിവർത്തനം (പു. 14); തൃപ്പാദങ്ങളും പുലയരും (പു. 15); സ്വാമി തൃപ്പാദങ്ങൾ (പു. 16); ഷഷ്ടിപൂർത്തി (പു. 17)

രാജസന്നിധി

എഡ്വർ ചക്രവർത്തി തിരുമനസ്സുകൊണ്ട് (പു. 18); ബഹുമതികൾ (പു. 20); നമ്മുടെ യോഗവും രജതജൂബിലിയും (പു. 20); പട്ടാഭിഷേക മഹോൽസവം (പു. 21); മംഗളപത്രം (പു. 22)

സഭാവേദി

ശ്രീ. നാ. ധ. പ. യോഗം വക പ്രാതിനിധ്യം (പു. 24); മദ്രാസ് നിയമനിർമ്മാണ സഭയും തീയരും (പു. 25); ശ്രീമൂലം പ്രജാസഭ (പു. 26); പ്രജാസഭയും ഈഴവരും (പു. 29); പുലയരും പ്രജാസഭയും (പു. 29); തിരഞ്ഞെടുപ്പു പരാതി (പു. 31); മിസ്റ്റർ കുമാരൻ ആശാൻ ശ്രീമൂലം പ്രജാസഭയിൽ (പു. 32)

ഭരണരംഗം

കൊച്ചി ഗവൺമെൻറും ധർമ്മസ്വത്തു ചട്ടവും (പു. 34); തിരുവിതാംകൂർ കലാൽ കുത്തക ലേലം (പു. 35); സ്കൂൾ ഇൻസ്പെക്ടർ മ.രാ.രാ. സി. കൃഷ്ണപിള്ള ബി. എ. അവർകളുടെ സ്ഥലം മാറ്റം (പു. 36); മദ്രാസ് ഗവർണർ അവർകളുടെ തിരുവിതാംകൂർ സന്ദർശനം (പു. 37) തിരുവിതാംകൂർ വിദ്യാഭ്യാസ കാര്യദർശി (പു. 39); നമ്മുടെ ദിവാൻ

Digitized By Kerala Sahitya Akademi

(പു. 40); തിരുവിതാംകൂറിലെ പുതിയ വിദ്യാഭ്യാസ മേലധ്യക്ഷൻ(പു.42) കൊച്ചി ഗവൺമെൻറും തീയരുടെ ഉദ്യോഗവും (പു. 42); ബഹുമാനപ്പെട്ട മന്ദത്തു കൃഷ്ണൻ നായർ അവർകൾ (പു. 43); കൊച്ചി ചീഫ് ജസ്റ്റീസ് (പു. 43); കൃതജ്ഞതാ പ്രകടനം (പു. 44); മിതവാദിയിലെ ലേഖനവും തിരുവിതാംകൂറിലെ ഈഴവരും (പു. 45); യോഗം പ്രതിനിധികൾ കൊച്ചിയിലെ ദിവാൻജി അവർകളെ സന്ദർശിച്ചത് (പു. 46);

സമുദായരംഗം

കാർത്തികപ്പള്ളി ഈഴവ സമാജം (പു.47); ഒരു പരസ്യക്കത്ത് (പു.49); യോഗം പ്രാസംഗികൻമാർ (പു. 50); ബ്രഹ്മനിഷ്ഠാമം ചിത്സഭകളുടെ 3–മതു വാർഷിക പൊതുയോഗം (പു 53); വിവാഹ രജിസ്റ്റർ (പു.54); കേരളീയ നായർ സമാജം വക 1080 ലെ വാർഷിക റിപ്പോർട്ട് (പു. 55); ശ്രീനാരായണ ധർമ്മപരിപാലന യോഗം (പു. 56); നമ്മുടെ കൃഷി വ്യവസായ പ്രദർശനം (പു. 57); നമ്മുടെ പ്രദർശനവും പൊതുയോഗവും (പു. 58); നമ്മുടെ പ്രദർശനം (പു. 60); സ്റേറററ് മാനുവലും ഈഴവരും (പു. 62); ആചാര പരിഷ്കരണം (പു. 68); പുതിയ യോഗനിബന്ധനയും അംഗങ്ങളും (പു. 69); കേരളീയ നായർ സമാജം (പു. 71); കാനേഷുമാരിക്കണക്കും ഈഴവരും (പു. 72); യോഗങ്ങൾ (പു. 73); തിരുവിതാംകൂറിലെ ഈഴവ പ്രമാണികൾ എല്ലാവരും ശ്രദ്ധിപ്പാൻ (പു. 74); തിരുവിതാംകൂർ സെൻസസ് റിപ്പോർട്ട് (തുടർച്ച) (പു. 74); തിരുവിതാംകൂർ മഹാസഭ(പു. 76); വി. വി. മഹാസഭ (പു. 77); കേരളീയ നായർ സമാജം (പു. 78); പരിഷ്കൃതമായ വിവാഹ വിധി (പു. 78); ഞങ്ങളുടെ യോഗത്തിന്റെയും സമുദായത്തിന്റെയും സവിശേഷമായ ശ്രദ്ധയ്ക്ക് (പു. 81); ഈഴവരുടെ ദാമ്പത്യവും മുതലവകാശവും (പു. 82); കൊച്ചി ഈഴവ സമാജം (പു. 84); നിയമനം (പു. 86); കൊച്ചി ഈഴവ സമാജത്തിൽ കുമാരൻ ആശാൻ ചെയ്ത പ്രസംഗം (പു. 87); ഈഴവരുടെ മതസംബന്ധമായ അസംതൃപ്തി (പു. 92); ഒരു അപേക്ഷ (പു. 93); ഈഴവർ അറിവാൻ (പു. 94); കൊച്ചി നായർ റഗുലേഷൻ.

II

എസ്. എൻ. ഡി. പി. ഒന്നാം വാർഷികയോഗം (പു. 97); എസ്. എൻ. ഡി. പി. രണ്ടാം വാർഷികയോഗം നടപടികൾ (പു. 100); ശ്രീ. നാ. ധ. പ. യോഗത്തിന്റെ മൂന്നാമതു വാർഷിക മഹായോഗം (പു. 102): ശ്രീ. നാ. ധ. പ. യോഗത്തിന്റെ അടുത്ത വാർഷിക പൊതുയോഗം (പു. 103); നമ്മുടെ അടുത്ത വാർഷിക മഹായോഗത്തിന്റെ പ്രാരംഭയോഗം (പു. 104); നാലാമതു വാർഷിക മഹായോഗം (പു. 105); നമ്മുടെ നാലാമത്തെ വാർഷിക യോഗം (പു. 106); നമ്മുടെ നാലാമത്തെ വാർഷിക പൊതുയോഗം (പു. 107); വിശേഷാൽ പൊതുയോഗം (പു. 109); നമ്മുടെ വിശേഷാൽ

Digitized By Kerala Sahitya Akademi

പൊതുയോഗം (പു. 110); പൊതുയോഗം (പു. 112): ശ്രീ. നാ. ധ. പ. യോഗത്തിന്റെ ആറാമതു വാർഷിക പൊതുയോഗം (പു. 113); നമ്മുടെ അടുത്ത വാർഷിക പൊതുയോഗം (പു. 114); ശ്രീനാരായണ ധർമ്മ പരിപാലന യോഗത്തിന്റെ 7–ാമതു വാർഷിക പൊതുയോഗം (പു. 115); നമ്മുടെ ഏഴാമതു പൊതുയോഗം (പു. 116); പ്രതിഷ്ഠയും വാർഷിക പൊതുയോഗവും (പു. 117); വാർഷിക പൊതുയോഗം (പു. 118); പ്രതിയോഗവും പ്രദർശനവും (പു. 118); വാർഷിക പൊതുയോഗം (പു. 119); 8–ാമതു വാർഷിക പൊതുയോഗം (പു. 120); 9-ാമതു വാർഷിക പൊതുയോഗം (പു. 121); ശിവഗിരിയുടെ പ്രകൃതം മാറി (പു. 122); 11–ാമതു വാർഷിക പൊതുയോഗം (പു. 124); ശിവഗിരിയിലെ വാർഷികോത്സവം (പു.126); നമ്മുടെ 12–ാമതു വാർഷിക പൊതുയോഗം (പു. 128); എസ്. എൻ. ഡി. പി. യോഗത്തിന്റെ 12–ാമതു വാർഷികപൊതുയോഗം (പു. 129); എസ്. എൻ. ഡി പി. യോഗത്തിന്റെ 13–ാമതു വാർഷിക പൊതുയോഗം (പു. 131); നമ്മുടെ 14–ാമതു വാർഷിക പൊതുയോഗം (1) (പു. 131); നമ്മുടെ 14–ാമതു വാർഷിക പൊതുയോഗം (2) (പു. 133); തിരുവിതാംകൂർ നിഖില ഈഴവ വിദ്യാഭ്യാസ മഹാസഭ (പു.134); സ്ത്രീസമാജം (പു.135);

പലവക

കൈത്തൊഴിൽ (പു. 137); ശ്രീനാരായണ ധർമ്മപരിപാലനയോഗം വക സാഹിത്യ പരീക്ഷയും ഫലവും (പു. 139); പ്രാണിഹിംസാനിഷേധി (പു. 141); മി: പി. പല്പു എം. ബി. സി എം. (പു. 142); കൂവരകു കൃഷി (പു. 142); ദിവാൻ ബഹദൂർ ഇ. കെ. കൃഷ്ണൻ അവർകളുടെ സ്മാരകം (പു. 143); മിതവാദി (പു. 144); മിതവാദിയും മിസ്റ്റർ മൂർക്കോത്തു കുമാരനും (പു. 145); കൃഷിവിഷയം: കളപറിക്കൽ (പു. 146); സ്വന്തകാര്യം (പു. 148); ലോകഗതി (പു. 149); എവിടെയും ക്ഷോഭം (പു. 150); നമ്മുടെ മാറിപ്പോയ ദിവാൻ രാജഗോപാലാചാരി അവർകളെ കപ്പലപകടത്തിൽനിന്നു രക്ഷപ്പെട്ടു (പു. 151); സാസ്വതീരംഗം (പു. 152).

കത്തുകൾ

I. പത്മനാഭൻ വാദ്ധ്യാർക്കയച്ച കത്ത് (പു. 161); II. സാസകവി മൂലൂർ എസ്. പത്മനാഭപ്പണിക്കർക്കയച്ച ചില കത്തുകളും (156 മുതൽ 167 വരെ) III. മിതവാദിപ്പത്രാധിപർ സി. കൃഷ്ണനയച്ച ചില കത്തുകളും (പു. 167—194).

റിപ്പോർട്ടുകൾ

I. 2–ാം എസ്. എൻ. ഡി. പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട് (പു.197) II. 3–ാം എസ്. എൻ. ഡി. പി വാർഷിക

Digitized By Kerala Sahitya Akademi

പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട് (പു. 206) III. 4–ാം എസ്. എൻ. ഡി. പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട് (പു. 223) IV. 5–ാം എസ്. എൻ. ഡി. പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട് (പു. 239) V. 6–ാം എസ്. എൻ. ഡി. പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട് (പു. 253) VI. 7–ാം എസ്. എൻ. ഡി. പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട് (പു. 276) VII. 8–ാം എസ്. എൻ. ഡി. പി വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട് (പു. 289) VIII. 9–ാം എസ്. എൻ. ഡി. പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട് (പു. 299) IX. 10–ാം എസ്. എൻ. ഡി. പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട് (പു. 306) X. 11–ാം എസ്. എൻ. ഡി. പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട് (പു. 328) XI. 12–ാം എസ്. എൻ. ഡി. പി. വാർഷികപൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട് XII. ശ്രീനാരായണ ഷഷ്ടിപൂർത്തി ആഘോഷക്കമ്മിറ്റി റിപ്പോർട്ട് XIII. 14–ാം എസ്. എൻ. ഡി. പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട് XIV. 16–ാം വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട്.

മുഖവുരകൾ

i. സൗന്ദര്യ ലഹരി (പുറം 393); ii. നളിനി (പു. 396); iii. ലീല (പു. 397) iv. ശ്രീബുദ്ധ ചരിതം ഒന്നും രണ്ടും കാണ്ഡങ്ങൾ (പു. 400) v. ശ്രീബുദ്ധചരിതം മൂന്നും നാലും ഭാഗങ്ങൾ (പു. 402) vi. വീണപൂവ്, സിംഹപ്രസവം (പു. 403) vii. ബാലരാമായണം (പു. 404) viii. ഗ്രാമവൃക്ഷത്തിലെ കുയിൽ (പു. 404) ix. പ്രരോദനം (പു. 405) x. ചിന്താവിഷ്ടയായ സീത (പു. 409) xi. പുഷ്പവാടി (പു. 409) xii. ദുരവസ്ഥ (പു. 410) xiii. ചണ്ഡാലഭിക്ഷുകി (പു. 412) xiv. കരുണ (പു. 413) xv. രാജയോഗം-പൂർവഭാഗം (പു. 417) xvi. രാജയോഗം-ഉത്തരഭാഗം (പു. 423) xvii. ഒരു ദൈവികമായ പ്രതികാരം (പു. 425) xviii. മനശ്ശക്തി (പു. 425) xix മൈത്രേയി (പു. 427).

കഥകൾ

സുജാത (പു. 431); ലീലയുടെ കഥാസാരം (പു. 436).

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

പത്രാധിപക്കുറിപ്പുകളും

ലേഖനങ്ങളും

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഗുരുസന്നിധി

യോഗം വകയായ ഒരു ഹർജി

"ശ്രീനാരായണ ധർമ്മ പരിപാലന യോഗം" സ്ഥിരാദ്ധ്യക്ഷനായ ബ്രഹ്മ ശ്രീ നാരായണഗുരുസ്വാമി അവർകളെ കോർട്ടുകളിൽ ഹാജരാകാൻ നിർബന്ധിക്കുന്നതു സങ്കടമാണെന്നും അദ്ദേഹത്തിന്റെ സ്ഥിതിക്ക് ഈ ചുമതല ഏറ്റവും അനുചിതമാണെന്നും വിവരിച്ചു ടി യോഗത്തിൽ നിന്നും ദിവാൻജി അവർകൾക്ക് ഈയിടെ ഒരു ഹർജി കൊടുത്തിരിക്കുന്നു. ആ ഹർജികൊടുത്തു ദിവാൻജി അവർകളുടെ മുഖദാവിൽ വിവരം ബോധിപ്പിക്കുന്നതിനു ചിറയിൻകീഴ്, തിരുവനന്തപുരം, നെയ്യാറ്റിൻകര, ഈ താലൂക്കുകളിലും മറ്റുമുള്ള ഏതാനും സഭാംഗങ്ങൾ കൂടി ഈ മാസം 6–ാം തീയതി മുൻ നിശ്ചയപ്രകാരം ഭക്തിവിലാസത്തിൽ വച്ചു ദിവാൻജി അവർകളെ കാണുകയും അപേക്ഷയിൽ പറഞ്ഞിട്ടുള്ള സംഗതിയെപ്പറ്റി ആലോചിച്ചു തീർച്ചചെയ്യുന്നതാണെന്ന് അദ്ദേഹം മറുപടി പറകയും ചെയ്തു. ബ്രഹ്മ ശ്രീ നാരായണഗുരുസ്വാമി അവർകൾ സംഖ്യകൊണ്ട് കേരളത്തിലെ ഒന്നാമത്തെ സമുദായക്കാരുടെ പ്രധാന ഗുരുവാകുന്നു. പൂജ്യനായ ഇദ്ദേഹത്തെ മൊഴികൊടുക്കുന്നതിനു കോടതികളിൽ ഹാജരാകാൻ നിർബന്ധിക്കരുതെന്നുള്ള ന്യായമായ അപേക്ഷയ്ക്ക് നമ്മുടെ ദിവാൻജി അവർകൾ ഒരനുകൂലമായ മറുപടിതന്നെ കൊടുക്കുമെന്നു പൂർണ്ണമായി വിശ്വസിക്കാം.

വിവേകോദയം: 1080 ചിങ്ങം

ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമികളുടെ വടക്കൻയാത്ര

വളരെക്കാലമായി കാണാൻ കൊതിച്ചുകൊണ്ടിരുന്ന പലരുടേയും ഭാഗ്യത്താൽ സ്വാമി അവർകൾ ശിവരാത്രി കഴിഞ്ഞയുടൻതന്നെ ക്ഷണി

Digitized By Kerala Sahitya Akademi

ക്കുന്നതിനായി കോട്ടയം കുമരകം സമാജത്തിൽ നിന്നും മുൻകൂട്ടി വന്നിട്ടു ണ്ടായിരുന്ന മാന്യൻമാരൊന്നിച്ചു വടക്കോട്ടേയ്ക്കു യാത്ര പുറപ്പെട്ടു. സ്ഥലത്തെത്തിയശേഷം ചെയ്ത പൊതുഗുണപ്രദങ്ങളായ സംഗതികളിൽ കുമരകം സമാജം വകയായി ഒരു ക്ഷേത്രം ആരംഭിച്ചതും സ്കൂളിനു സ്ഥാനം കണ്ടതും മറ്റും പ്രധാനങ്ങളാകുന്നു. ഇതുകൂടാതെ കോട്ടയം വല്ലഭശ്ശേരി കുടുംബക്കാരുടെ വകയായി വളരെ പുരാതനമായ ഒരു ഭഗവതി ക്ഷേത്രത്തിൽ കൊല്ലംതോറും നടന്നുവന്നിരുന്ന അസംഖ്യം ആടുക ളുടേയും കോഴികളുടേയും ഹിംസയെ സ്വാമി അവർകൾ (ഈമാതിരിയുള്ള മറ്റനേകം ക്ഷേത്രങ്ങളിൽ എന്നപോലെ) നിറുത്തൽ ചെയ്യുകയും അനേകം മദ്യപാനികളുടെ കുടി ഉപേക്ഷിപ്പിക്കയും അനേകം രോഗികളെ സുഖപ്പെടു ത്തുകയും മറ്റും ചെയ്ക ഉണ്ടായി. സ്വാമി അവർകൾ അവിടെ ചെയ്ത പ്രവൃത്തികളെ സംബന്ധിച്ച് അനേകം വിസ്മയകരങ്ങളായ വൃത്താന്ത ങ്ങൾ ഞങ്ങൾക്ക് ഇപ്പോഴും കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. നൂതനമായാറാ ഭിച്ച കുമരകം ക്ഷേത്രത്തിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യബലത്താൽ പ്രാർത്ഥിക്കുന്നവർക്കു വലിയ ഫലസിദ്ധികൾ കണ്ടുവരുന്നു എന്നും തന്നിമിത്തം അവിടത്തെ ആദായം വേഗത്തിൽ വർദ്ധിച്ചുവരുന്നു എന്നും അറിയുന്നു. അദ്ദേഹത്താൽ കുടി ഉപേക്ഷിക്കപ്പെട്ടവർ മദ്യം കണ്ടാൽ ഇപ്പോഴും ഛർദ്ദിക്കുന്നു അത്രേ. മഹാത്മാക്കളുടെ മനഃശക്തി (Mental Magnetism) യുടെ വൈഭവത്തെപ്പറ്റി ഒരുപ്രകാരം അല്ലെങ്കിൽ മറ്റൊരു പ്രകാരം എല്ലാവരും സമ്മതിക്കുന്നതാണ്. ഏതാനും കൊല്ലങ്ങൾക്കു മുമ്പിൽ മദ്ധ്യദക്ഷിണ തിരുവിതാംകൂറിൽ അനേകരെ വിസ്മയാകുലരാ ക്കിയിരുന്ന ഈ യോഗീശ്വരന്റെ പ്രഭാവം താൻ ഇപ്പോഴും ആശ്ചര്യങ്ങളെ പ്രദർശിപ്പിക്കുന്ന അവസ്ഥയെ കടന്നു ഉപരിതനവും ശാന്തവുമായ നിലയെ പ്രാപിച്ചിരിക്കയാണെങ്കിലും തന്നിൽത്തന്നെ മറഞ്ഞിരുന്നു കൊണ്ട് പരോപകാരാർത്ഥം ചിലപ്പോഴും സ്വയമേവ വെളിയിൽ പ്രവർത്തി ക്കുന്നുണ്ടെന്നുതന്നെ നമുക്കു വിചാരിക്കാം.

കോട്ടയത്തുനിന്നും സ്വാമി അവർകൾ തൃശ്ശിവപേരൂർക്കും അവിടെ നിന്നും തലശ്ശേരിക്കും പ്രത്യേകം വന്നിട്ടുണ്ടായിരുന്ന മാന്യൻമാരാൽ ക്ഷണിക്കപ്പെട്ടു. തലശ്ശേരിയിലെ സ്വജനങ്ങൾക്കു സ്വാമിഅവർകളുടെ നേർക്കുള്ള ഭക്തി സ്നേഹ ബഹുമാനങ്ങൾ വലുതാകുന്നു. അവരുടെ ഇടയിൽ കുറേക്കാലമായി നിലനിന്നുപോന്നതും പൊതു അഭിവൃദ്ധിക്കും കുടുംബ സുഖങ്ങൾക്കുപോലും പലപ്രകാരത്തിൽ ഹാനികരവുമായിരുന്ന ബ്രഹ്മസമാജ സംബന്ധമായ കക്ഷിപിണക്കത്തെ സ്വാമി അവർകൾ രാജി പ്പെടുത്തിയതു വരുന്ന തലമുറകളിൽകൂടി സ്മരിക്കത്തക്ക സംഗതിയാ കുന്നു. അവിടത്തെ ശ്രീ ജ്ഞാനോദയ സമാജം വകയായി സ്ഥാപിപ്പാൻ പോകുന്ന ഒരു ക്ഷേത്രത്തിനു സ്ഥലം സങ്കല്പിച്ചു കുറ്റി നാട്ടിയശേഷം സ്വാമിയും അനുചാൻമാരും കോഴിക്കോട്ടേക്കു മടങ്ങി.

Digitized By Kerala Sahitya Akademi

അവിടെ രണ്ടു ദിവസത്തോളം മാന്ന്വിൽ മ. രാ, രാ, രാരിച്ചൻ മൂപ്പൻ മുതലായ മാന്യൻമാരുടെ അതിഥിയായിരിക്കുകയും അതിനുശേഷം തൃശ്ശൂർ വന്നു പെരിങ്ങോട്ടുകര, വലപ്പാടു മുതലായ ദേശങ്ങൾ വഴിയായി വടക്കൻപറവൂർ എത്തുകയും ചെയ്തു. അവിടെ ഹിന്ദുമത ധർമ്മ പരിപാലന സഭക്കാരുടേയും കുളവേലിൽ കൃഷ്ണൻ വൈദ്യർ മുതലായ മാന്യൻമാരുടെയും സഹകരണത്തോടുകൂടി താലികെട്ടടിയന്ത്രം അശേഷം നിറുത്തൽചെയ്ക മുതലായി സമുദായ ഗുണപ്രദങ്ങളായ പല കാര്യങ്ങളേയും ചെയ്തുകൊണ്ടും ജനങ്ങളെ ആശീർവദിച്ചും അവരുടെ നിഷ്കളങ്കമായ ഭക്തിബഹുമാനങ്ങൾക്കും പൂജയ്ക്കും പാത്രീഭവിച്ചുകൊണ്ടും മീനമാസം മദ്ധ്യത്തോടുകൂടി വർക്കല മഠത്തിൽ സുഖമായി വന്നുചേരുകയും ചെയ്തു. ഈ തവണത്തെ സഞ്ചാരംകൊണ്ട് സ്വാമി അവർകളോടു ജനങ്ങൾക്കും ജനങ്ങളോട് അദ്ദേഹത്തിനും ഉള്ള ബഹുമാന സ്നേഹ ബന്ധങ്ങൾക്കു പൂർവാധികമായ ഒരുണർച്ച ഉണ്ടായിരിക്കുന്നതായി കാണുന്നതിൽ സന്തോഷിക്കുന്നു. അടുത്ത ഒരു യാത്രയോടുകൂടി അദ്ദേഹത്തിന്റെ നാമത്തിലും അദ്ധ്യക്ഷതയിലും സ്ഥാപിക്കപ്പെട്ടിരിക്കുന്ന ശ്രീനാരായണ ധർമ്മ പരിപാലന യോഗത്തിന് ഇതിനേക്കാൾ പ്രത്യക്ഷങ്ങളായ പല ഗുണങ്ങളും സിദ്ധിക്കുന്നതാണെന്നു ഞങ്ങൾക്ക് ആശിപ്പാൻ വകയുണ്ട്. ഈ യാത്രയിൽ ഉണ്ടായ പ്രധാനങ്ങളായ വിവരങ്ങളിൽ പലതും ഞങ്ങൾക്കു കിട്ടാൻ ഇടയാകാത്തതിൽ വ്യസനിക്കുന്നു. സ്വാമി അവർകളുടെ ഐച്ഛികമായ സഞ്ചാരത്തിൽ ഉള്ള എല്ലാ വിവരങ്ങളും രേഖപ്പെടുത്തത്തക്കവണ്ണം ഏർപ്പാടുചെയ്യുവാൻ പ്രയാസമുണ്ടെങ്കിലും മേലാൽ കുറേക്കൂടി തൃപ്തികരമായ വിധത്തിൽ ഏർപ്പാടുചെയ്വാൻ ശ്രമിക്കുന്നതാണ്.

വിവേ: 1081 മേട.

ഒരു സഹൃദയന്റെ വെറും ഭിക്ഷണി

മദ്ധ്യ ഇൻഡ്യയിൽ ''സത്തനാമികം'' അല്ലെങ്കിൽ ''ചാമർ'' എന്ന ഒരു ജാതിക്കാരുണ്ട്. അവർ ദക്ഷിണ ഇന്ത്യയിലെ ചക്കിലിയർ അല്ലെങ്കിൽ ചെരുപ്പുകുത്തികം ആയിരിക്കണം. അവർക്കു ഉയർന്ന ജാതിക്കാരിൽ നിന്നുള്ള കഷ്ടതകളെ സഹിപ്പാൻ തീരെ നിവൃത്തിയില്ലാതായപ്പോൾ ഗാസ്സിദാസ് എന്ന ഒരു മഹാൻ അവരുടെ ഇടയിൽ ജനിച്ച് അവരുടെ സാമുദായിക സ്ഥിതിയെ നന്നാക്കി. ഈ സമുദായത്തിന്റെ ഗുരുസ്ഥാനത്തിൽ അദ്ദേഹത്തെ പിന്തുടർന്ന്. അദ്ദേഹത്തിന്റെ മകൻ താൻ തന്നെ ഈശ്വരനാണെന്നുകൂടി അഭിമാനിപ്പാൻ തുടങ്ങിയെന്നും മറ്റു ജാതിക്കാർക്ക് അതു സഹിച്ചില്ലെന്നും അയാളെയും ആ സമുദായത്തെയും അതു നിമിത്തം മുമ്പിലത്തേക്കാൾ അവർ ഉപദ്രവിച്ചു എന്നും ഒടുവിൽ അയാൾ മരിക്കയും ആ സമുദായം അധഃപതിക്കയും ചെയ്തു എന്നും മനത്തേയും

Digitized By Kerala Sahitya Akademi

സമുദായത്തേയും പരിഷ്കരിപ്പാനായി ചിലരെ ഗുരുവായി വരിച്ചു. ഏതാനും കാലമായി പുറപ്പെട്ടിരിക്കുന്ന ചില കേരളീയർ ഈ കഥയെ ഓർമ്മിക്കണമെന്നും ഒരു "സഹൃദയൻ" നവംബർ 25-ാംനു-യിലെ കേരള സഞ്ചാരിയിൽ ഉപദേശിക്കുന്നു. തങ്ങളുടെ ഗുരുസ്വാമിയെ കൊച്ചിയിലും കൊയിലാണ്ടിയിലും ഒരേ സമയത്തിലവർ കാണുകയും മനുഷ്യകൃമികൾക്കു വരാൻ പാടില്ലാത്ത ദിവ്യത്വങ്ങൾ അയാളിൽ അവർ കല്പിക്കയും ചെയ്യുന്നുവത്രേ. നമ്മുടെ "സഹൃദയൻ"—ഞങ്ങൾ അഹൃദയൻ അല്ലെങ്കിൽ കുറേക്കൂടി ശരിയായിട്ടായാൽ "കുഹൃദയൻ" എന്നാണുവിളിക്കേണ്ടത്—ഇങ്ങനെ ഉപദേശിക്കുന്നത് കേരളത്തിലെ തീയരെ ഉദ്ദേശിച്ചാണെന്നുള്ളതു നിശ്ചയമാണല്ലോ. വാസ്തവമഹാൻമാരെപ്പറ്റി അതിമാനുഷങ്ങളായ കഥകൾ ലോകത്തു സാധാരണമാകുന്നു. ബുദ്ധൻ, ശങ്കരൻ, രാമാനുജൻ ചൈതന്യൻ ശ്രീരാമകൃഷ്ണപരമഹംസർ മുതലായവരെപ്പറ്റി ഹിന്ദുക്കളും, ക്രിസ്തുവിനേയും മറ്റു പുണ്യവാൻമാരേയും കുറിച്ചു ക്രിസ്ത്യാനികളും, മഹമ്മദുനബിയേയും മറ്റും കുറിച്ചു മഹമ്മദീയരും പറഞ്ഞു വരുന്ന കഥകൾക്ക് അവസാനമുണ്ടോ ? എന്നാൽ ആ മഹാൻമാരുടെ വാസ്തവമായ മാഹാത്മ്യം ഈ കഥകളിലാണോ അടങ്ങിയിരിക്കുന്നത് ? അമാനുഷകഥകൾ വാസ്തവത്തിൽ മഹാൻമാർക്കു പാമരപര്യന്തമുള്ള അന്യാദൃശ ജന സമ്മതത്തിനൊദൃഷ്ടാന്തങ്ങളാകുന്നു എന്നു മാത്രമല്ല അമാനുഷശക്തികൾ ഹിന്ദുമതപ്രകാരം ഒരു മനുഷ്യകൃമിക്കു കേവലം അസാദ്ധ്യങ്ങളുമല്ല. യോഗമതത്തിലും സംഖ്യമതത്തിലും കൂടി ഈ അമാനുഷശക്തികൾ മനുഷ്യസാദ്ധ്യങ്ങളാണ്. പാശ്ചാത്യ പണ്ഡിതൻമാരുടെ ഇടയിലും ഈ വകകൾ ഒന്നും ഇതുവരെ അശ്രദ്ധേയങ്ങളായിത്തീർന്നിട്ടില്ല. അതിരിക്കട്ടെ കേരളത്തിലെ തീയർക്ക് അവരുടെയാകട്ടെ അവരുടെ ഗുരുസ്വാമിയുടെയാകട്ടെ ഗുണദോഷങ്ങളെപ്പറ്റി സ്വയം ആലോചിപ്പാൻ ശക്തിയില്ലെന്നാണോ സഹൃദയന്റെ വിചാരം? അവരുടെ ഗുരുസ്വാമി ഗാസ്സിദാസിന്റെ പിൻഗാമിയെപ്പോലെ ദുരഹങ്കാരിയോ മൂഢനോ ആണെന്നോ ഇദ്ദേഹം വിചാരിക്കുന്നത്? തീയരെ അതുകൊണ്ട് ഇതരജാതിക്കാർ ഉപദ്രവിച്ചു മുമ്പിലത്തേക്കാൾ കീഴടക്കാമെന്നു ഇദ്ദേഹം ഭയപ്പെടുത്തുകയാണോ? അസൂയയുടെതള്ളിച്ച അല്ലെങ്കിൽ ധിക്കാരം എന്നല്ലാതെഎന്തുപറയാനാണ്.

തീയരുടെ ഗുരുസ്വാമി വിദ്വൽസമ്മതനായ ഒരു മഹാനാകുന്നു. തീയർ ധനം, വിദ്യ, സമുദായസ്ഥിതി ഇവകളെക്കൊണ്ടു കേരളത്തിലെ ഒരു പ്രധാനജാതിക്കാരും സംഖ്യകൊണ്ടു കേരളത്തിലെ ഒന്നാമത്തെ ഹിന്ദുസമുദായക്കാരുമാകുന്നു.

നമ്മുടെ സഹൃദയനെപ്പോലുള്ളവരുടെ ഉപദേശങ്ങൾ അവർക്ക് ഈ കാലത്തെങ്ങും ആവശ്യമില്ലെന്നും അദ്ദേഹത്തെപ്പോലുള്ള ആയിരംപേരുടെ അസൂയാജന്യങ്ങളായ ഭീഷണികളെ അവർ പുല്ലോളം ബഹുമാനിക്കുകയില്ലെന്നും ഞങ്ങൾ നല്ലവണ്ണം ആ മാന്യനെ ധരിപ്പിക്കുന്നു. സ്വാതന്ത്ര്യത്തി

Digitized By Kerala Sahitya Akademi

നേരയും നീതിയുടേയും ദൗത്യം വഹിക്കുന്ന ബ്രിട്ടീഷ്കൊടി പശ്ചിമ തീരത്തിൽ പറക്കുന്ന കാലത്തോളം ചെറുമക്കൾ പോലും ഈവക ഭീഷണി കളെ പേടിച്ചിട്ടു കാര്യമില്ലെന്നും 'സഹൃദയൻ' കരുതേണ്ടതാകുന്നു.

വിവേ: 1084 തുലാം, വൃശ്ചികം

ഒരു വെറും വഴക്ക്

ബ്രഹ്മശ്രീ നാരായണഗുരു സ്വാമി അവർകൾ കഴിഞ്ഞ ഇടവത്തിൽ ''മിതവാദി''യിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു പരസ്യത്തെപ്പറ്റി മല ബാറിലെ ചില സഹജീവികളിൽ ഒരു വെറും വഴക്കു നടന്നുവരുന്നു. തീയർ അന്യക്ഷേത്രങ്ങളിൽ കൊണ്ടുപോയി അവരുടെ പണങ്ങളെ നശിപ്പി ക്കുകയും അപരിഷ്കൃതമായ ആരാധനാക്രമങ്ങളിൽ ഉൾപ്പെടുകയും ചെയ്യരുതെന്നുള്ള ആഗ്രഹത്താൽ മഹാത്മാവായ അദ്ദേഹം ആ പരസ്യം കൊണ്ടു അവരെ സ്നേഹപൂർവം തടുത്തതാകുന്നു. മറൊരു ദിക്കിൽ ചേർത്തിട്ടുള്ള ഒരു മറുപടിയിൽ ഞങ്ങൾ ഇതിനെ വിശദമായി പറഞ്ഞി ട്ടുണ്ട്. ഈ കേവലമായ വസ്തുതയെ അറിയാഞ്ഞിട്ടോ, വല്ല പ്രത്യേക കാരണവശാലും അറിഞ്ഞില്ലെന്നു നടിച്ചിട്ടോ, മലബാറിലെ ചില സഹോദ രങ്ങൾ ഇങ്ങനെ ഒരു വെറും വഴക്കുനടത്തി അവരുടെ സമയവും ശക്തിയും വ്യയം ചെയ്തു കാണുന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു. കൂടാതേയും ചിലരുടെ സങ്കല്പ ജന്യമായ വാദങ്ങളേയും വൃഥാ സംശയങ്ങളേയും അടിസ്ഥാനമാക്കി പ്രസ്തുത പരസ്യം വാസ്തവമോ വ്യാജനിർമ്മിതമോ എന്നു ഖണ്ഡിച്ചറിവാൻ ചില മാന്യ സഹജീവികൾ പരസ്യകർത്താവു മായി നേരിട്ട് എഴുത്തുകുത്തു നടത്തുവാൻ പുറപ്പെട്ടിരിക്കുന്നു എന്നും അറിയുന്നു. ഇതു വിനോദകരമായിരിക്കുന്നു എന്നു പറയാതെ കഴിക യില്ല.

വിവേ: 1084 മിഥുനം

ഒരു കത്തും മറുപടിയും

കത്ത്: മ-രാ-രാ- വിവേകോദയം പത്രാധിപർ അവർകൾക്ക്

സർ, ബ്രഹ്മശ്രീ നാരായണഗുരുസ്വാമി തൃപ്പാദത്തിൽ നിന്ന് ഈയിടെ ഇളന്നീർ അഭിഷേകത്തെ സംബന്ധിച്ച് 'മിതവാദി'യിൽ പ്രസിദ്ധപ്പെടു ത്തിയിരുന്ന 'ഒരു അറിയിപ്പിൽ' അടങ്ങിയ ചില പദങ്ങളെ എടുത്തു വ്യാഖ്യാനിച്ചു കഴിഞ്ഞ ജൂലൈ 26-ാം നു- യിലെ സ്പെക്ടേറ്റർ എന്ന ഇംഗ്ലീഷ് പത്രത്തിൽ കല്ലട കൃഷ്ണൻ എന്നൊരാൾ ചിലതെല്ലാം എഴുതി

Digitized By Kerala Sahitya Akademi

യിരുന്നത് നിങ്ങളും കണ്ടിരിക്കുമല്ലോ! ഈ കത്തുകൊണ്ടു മഹാത്മാവായ നമ്മളുടെ സ്വാമി അവിടത്തെ നിലത്തെറി വലിയ കുടുക്കിൽ അകപ്പെട്ടിരിക്കുന്നു എന്നും മറ്റുമാണല്ലോ അയാൾ എഴുതിക്കൂട്ടി പത്രംവഴി അയച്ചിരിക്കുന്നത്. ഇതെല്ലാം മലബാറിലെ തീയരുടെ യോജിപ്പുകേടിന്റെയും അവരിൽ സ്വാർത്ഥികളും സ്പർദ്ധാലുക്കളുമായ ചുരുക്കം ചിലർ കാട്ടിക്കൂട്ടുന്ന കുസൃതികളുടേയും മറ്റും ഫലമാണെന്നും അതുകൊണ്ട് ഇങ്ങനെയുള്ള തുച്ഛ കാര്യങ്ങളെ ഗണ്യമാക്കേണ്ട ആവശ്യമില്ലെന്നും ഒക്കെ ആയിരിക്കും നിങ്ങൾ വിചാരിക്കുക. അതു ശരിയാണെന്നു ഞങ്ങൾ സമ്മതിക്കാം. എങ്കിലും "കൊട്ടിയൂർ അഭിഷേകം ചെയ്യുന്നതുകൊണ്ടുള്ളതിനേക്കാൾ ഗുണം ജഗന്നാഥ ക്ഷേത്രത്തിൽ ചെയ്യുന്നതുകൊണ്ടു സിദ്ധിക്കു" മെന്നു പറഞ്ഞതിന്റെയും "ഉണ്ടായിരിപ്പാൻ ശ്രമിക്കും" എന്നതിന്റെയും ഒക്കെ അർത്ഥം നിങ്ങൾ എങ്ങിനെയാണു വ്യാഖ്യാനിക്കുന്നതെന്നറിയാൻ ആഗ്രഹമുണ്ട്. വാസ്തവത്തിൽ ഇതിനെപ്പറ്റി കശപിശ കൂടുന്നവർ വടക്കേ മലയാളത്തിൽ അധികമൊന്നുമില്ലെങ്കിലും അങ്ങിനെയുള്ള വല്ലവരെയും കണ്ടുമുട്ടിയാൽ പറഞ്ഞുകൊടുക്കാമല്ലോ എന്നുവച്ച് എഴുതിച്ചോദിക്കുന്നതാണ്. ദയവുചെയ്ത് നിങ്ങളുടെ ഉത്തരം അടുത്ത വിവേകോദയത്തിൽ പ്രസിദ്ധപ്പെടുത്തിക്കണ്ടാൽ നന്ന്.

ഒരു വടക്കൻ

ഉത്തരം: അതേ, സ്പെക്ടേറ്റർലെ ലേഖനംകണ്ടു. അതിനു ഞങ്ങൾ ഉത്തരം എഴുതാൻ വിചാരിക്കുന്നില്ലതന്നെ. തീയരുടെ അഭിഷേകം ജഗന്നാഥ ക്ഷേത്രത്തിൽ ചെയ്താൽ അത് അവർ കൊട്ടിയൂർ ചെയ്യുന്നതിനെക്കാൾ ഗുണകരമാണെന്നു സ്വാമി പ്രസ്താവിച്ചത് ആത്മപ്രശംസയോ മറേറാ ആയിപ്പോയെന്ന് അദ്ദേഹത്തോട് അല്പമെങ്കിലും പരിചയിച്ചിട്ടുള്ള ആർക്കും തോന്നുകയില്ല. അദ്ദേഹം ക്ഷേത്രങ്ങൾ സ്ഥാപിക്കുന്നതു തന്നെ തീയർക്കു തൊഴാൻ കേരളത്തിൽ ക്ഷേത്രങ്ങളില്ലാഞ്ഞിട്ടല്ല. അവരുടെ നീചമായ ആരാധനാക്രമങ്ങളെ പരിഷ്കരിക്കുന്നതിനും, മത സംബന്ധമായ സ്വാതന്ത്ര്യം അവരെ സംബന്ധിച്ചിടത്തോളം അവർക്ക് ഉണ്ടാക്കിക്കൊടുപ്പാനുമാകുന്നു. ആ സ്ഥിതിക്കു കള്ളുകുടിച്ചും ചീത്തകൾ പറഞ്ഞും, തോന്ന്യാസങ്ങൾ കാണിച്ചും, കഷ്ടപ്പെട്ടു ദൂരയാത്ര ചെയ്തും കൊല്ലംതോറും കൊട്ടിയൂർ പോയി, തങ്ങൾ ബുദ്ധിമുട്ടിയുണ്ടാക്കുന്ന പണങ്ങൾ എല്ലാം അവിടത്തെ ഭണ്ഡാരത്തിൽ കാണിക്കയിട്ടു കൃതാർത്ഥൻമാരായി മടങ്ങിപ്പോരുന്ന തീയർ, തങ്ങളുടെ സ്വന്ത സ്ഥലത്തുള്ളതും, തങ്ങളുടെ സ്വന്തവും, ഉത്തമ രീതിയിൽ ഉള്ള ആരാധനകൾ നടത്തപ്പെട്ടു വരുന്നതും ആയ ജഗന്നാഥ ക്ഷേത്രത്തിൽ ചെയ്യുന്ന അഭിഷേകം നിശ്ചയമായും അവർക്കു കൊട്ടിയൂരഭിഷേകത്തേക്കാൾ ഗുണപ്രദമായേ ഇരിക്കൂ എന്ന് സാധാരണ ബുദ്ധിയുള്ളവർക്കൊക്കെ അറിയാം. അഭിഷേകത്തിന്റെ ദൈവികമായഗുണം ഭക്തിയെ ആശ്രയിച്ചാണിരിക്കുന്നത്. അതു ജഗന്നാഥ ക്ഷേത്രത്തിൽ കുറഞ്ഞു പോവാൻ തരമില്ല. പിന്നെ ജഗന്നാഥ ക്ഷേത്രത്തിലെ

Digitized By Kerala Sahitya Akademi

ഭണ്ഡാരത്തിൽ വീഴുന്ന പണങ്ങൾ അഭിഷേകത്തിനു പോകുന്ന ഭക്തൻമാരുടെയും അവരുടെ സന്താനങ്ങളുടേയും നൻമയ്ക്ക് എന്നേയ്ക്കും ഉപയുക്തമായിത്തീരുമെന്നുള്ള ഒരു ലൗകികമായ ഗുണം വിശേഷിച്ചും ഇവിടെയുണ്ട്. അതു നിരാക്ഷേപമാണ്. സ്വാമിയുടെ പരിഷ്കൃതമായ ഹൃദയത്തിൽ ഈ അഭിപ്രായം എപ്പോഴും ഉള്ളതാകുന്നു. ഇതുകൊണ്ടാണ് അദ്ദേഹം സമുദായത്തിന്റെ നായകനായിത്തീർന്നത്. ഗുഹയിൽ ഇരുന്ന് 'കഷ്ടതപസ്സു' ചെയ്യുന്ന യോഗിശ്വരൻമാരിൽ ആരും ഒരു വർഗ്ഗത്തിന്റെ വൈദിക ഗുരുസ്ഥാനം സമർപ്പിക്കാറില്ല. ഇത്രയും കൊണ്ടു 'കാര്യഗുണം' എന്നതിനു ഞങ്ങൾക്കു തോന്നിയ അർത്ഥം വിശദമായല്ലോ. ശേഷം ആ ഇംഗ്ലീഷ് ലേഖനത്തിലുള്ള ശുഷ്കവാദത്തിനു മറുപടി പറഞ്ഞു സ്ഥലവ്യയം ചെയ്വാൻ ഞങ്ങൾ വിചാരിക്കുന്നില്ല. ശരീരത്തിനു കുറേ അസ്വാസ്ഥ്യം ഉണ്ടായിരുന്നതു ഭേദപ്പെടുന്നപക്ഷം അഷ്ടമിക്കു സ്വാമി ജഗന്നാഥക്ഷേത്രത്തിൽ പോകണം എന്നു വിചാരിച്ചിരുന്നതായി ഞങ്ങൾക്കു നല്ല വണ്ണം അറിയാം.

പത്രാധിപർ

വിവേ: 1084 മിഥുനം

ഒരു ദുർദ്ധാരണ

''ബ്രഹ്മശ്രീ നാരായണഗുരുസ്വാമി അവർകൾ മലബാറിൽ പ്രതിഷ്ഠിച്ച ക്ഷേത്രം പ്രതിഷ്ഠ കഴിഞ്ഞ ഉടൻ തീകത്തിപ്പോയി'' എന്ന് ഒരു ലേഖകൻ ഒരു മാന്യ പത്രത്തിന് അറിവു കൊടുക്കയും മറ്റനേകം മാന്യ പത്രങ്ങൾ അതിനെ പകർത്തുകയും ചെയ്തിരിക്കുന്നതായി കാണുന്നു. സ്വാമി മലബാറിൽ പ്രതിഷ്ഠിച്ചിട്ടുള്ള ക്ഷേത്രം തലശ്ശേരിയിലെ ''ജഗന്നാഥ'' ക്ഷേത്രമാണ്. അതു ഭാഗ്യവശാൽ ഇപ്പോഴും ഉത്തരോത്തരം അഭിവൃദ്ധിയിലാണ്. എന്നാൽ കണ്ണൂരിൽ ഈയിടെ ഒരു ക്ഷേത്രത്തിന് ആരംഭിച്ചു ഷഡാധാര പ്രതിഷ്ഠ ചെയ്തിട്ടുണ്ട്. അതിനടുത്തു ഭജനം നടത്താവുന്നതായ ഒരു ഓലപ്പുരയ്ക്ക് ഷഡാധാര പ്രതിഷ്ഠ കഴിഞ്ഞ ഇടയ്ക്ക് എങ്ങനെയോ തീ പിടിക്കുകയും അതു കത്തിപ്പോവുകയും ചെയ്തിട്ടുള്ളതു ശരിയാണ്. അതിൽവച്ചു ഭാരവാഹികൾക്കുള്ള നഷ്ടവും നിസ്സാരമത്രെ. ഇങ്ങനെയുള്ള നിസ്സാര സംഗതികളെ വേണ്ടത്ര വിവരത്തോടുകൂടാതെയും തെറ്റിദ്ധാരണയ്ക്ക് ഇടയാവുന്ന വിധത്തിലും പൊതുജനങ്ങളെ ധരിപ്പിക്കുന്നതിൽവച്ചു ചിലപ്പോൾ ചില കുഴപ്പങ്ങൾ ഉണ്ടാകാമെന്നുള്ളതാണ്.

വിവേ: 1085 മകരം, കുംഭം

Digitized By Kerala Sahitya Akademi

സ്വാമി തിരുനാൾ 1

ഈ കഴിഞ്ഞ കന്നി 2–ാം തീയതി ബ്രഹ്മശ്രീ നാരായണഗുരുസ്വാമി പാദങ്ങളുടെ 54–ാമത്തെ തിരുനാൾ മഹോൽസവം കേരളത്തിലെ തീയരുടെ ഇടയിൽ ഒന്നുപോലെ വർദ്ധിച്ചുവരുന്ന ഭക്തി ബഹുമാനങ്ങളോടുകൂടിയും കഴിഞ്ഞുകൊല്ലങ്ങളെ ഒക്കെയുംകാൾഭംഗിയായും കൊണ്ടാടിയിരിക്കുന്നു.

ബോംബെ മുതലായ ദൂരസ്ഥലങ്ങളിലും സജ്ജനങ്ങൾ ഈതവണ സംഘങ്ങൾകൂടി ഈ സാമുദായിക ശുഭദിനത്തെ ഹൃദയപൂർവം ആഘോഷിച്ചു സന്തോഷിക്കുകയും സ്വാമി തൃപ്പാദങ്ങളിലേക്ക് ദീർഘ ജീവിതം ആശംസിച്ചു കമ്പികളും കത്തുകളും അയയ്ക്കുകയും ചെയ്തിരിക്കുന്നു. ഇതു സംബന്ധിച്ച വിവരങ്ങൾ എല്ലാം മറെറാരു ഭാഗത്തു ചേർത്തിട്ടുണ്ട്. സ്വാമി തൃപ്പാദങ്ങൾ വിശ്രമിച്ചുവരുന്ന ശിവഗിരി മഠത്തിലും ഈ ഉൽസവം പതിവിലധികം ഭംഗിയായി കൊണ്ടാടുകയും (താഴ്ന്ന ജാതിക്കാരുൾപ്പെടെ) ആയിരത്തിൽപ്പരംപേർക്കു ഭംഗിയായി സദ്യകൊടുക്കയും ചെയ്തിരിക്കുന്നു. സ്വാമിയുടെ ദീർഘ ജീവിതം തന്നെയാണു തീയസമുദായത്തിനേറയും ഞങ്ങളുടേയും ദീർഘമംഗളം. അതുകൊണ്ട്,

"അൻപൊത്തവിലേശ കൃപാ സമ്പത്തുകൊണ്ടിന്നു സ്വാമി–
ക്കൻപത്തുനാലായി തിരുവയസ്സീവിധം.
ഇമ്പത്തോടവിടെന്നിന്നു മമ്പത്തുനാലാണ്ടു ഭാഗ്യ–
മൊമ്പത്തു നാം കരേറുമാറിരുന്നീടട്ടെ!
നയിക്ക നലമിയന്ന ദിവസങ്ങൾ സുഖംസ്വാമി
ദയയ്ക്കധീനനായ് വാഴ്ക നമുക്കീശ്വരൻ.
ജയിക്ക ജയിക്ക സ്വാമി ജയിക്ക നമ്മുടെ ഭാഗ്യ–
ജയക്കൊടിയായ സ്വാമി ജയിക്കനിത്യം.

വിവേ: 1086 ചിങ്ങം, കന്നി

സ്വാമി തിരുനാൾ 2

ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി തൃപ്പാദങ്ങളിലെ 55-ാമത്തെ തിരുനാൾ ഈ വരുന്ന ചിങ്ങം 23-ാംനു ആകുന്നു. ഈ അവസരം നമ്മുടെ സമുദായത്തിൽ എങ്ങും ജനങ്ങൾ ഭക്തിപൂർവ്വം കൊണ്ടാടിവരുന്നതാണെന്നു പറയേണ്ടതില്ലല്ലോ. സ്വാമിയിൽ ഭക്തി ജനങ്ങൾക്കു പ്രതിദിനം വർദ്ധിച്ചു വരുന്നത് അവിടത്തെ അലൗകികവും സ്വാർത്ഥരഹിതവും പരിശുദ്ധവുമായ ജീവിതത്തെ നോക്കിയാൽ ആശ്ചര്യമല്ല. ഇങ്ങനെയുള്ള ഒരു അസാധാരണ നേതാവിനെ ലഭിച്ചതു നമ്മുടെ സമുദായത്തിനു നിശ്ചയമായും വല്യ ഭാഗ്യോദയമാണ്. എന്നാൽ ഈ അവസരത്തിൽ സ്വാമി

Digitized By Kerala Sahitya Akademi

തൃപ്പാദംകൊണ്ടു സമുദായത്തിന്റെ ഗുണത്തെ ഉദ്ദേശിച്ചു ചെയ്തുവരുന്നപ്രവൃത്തികളെപ്പറ്റി ഒരു വാക്കുപറയുന്നത് അസ്ഥാനത്തിലാകയില്ലെന്നു വിശ്വസിക്കുന്നു. ശിവഗിരിയെ നമ്മുടെമതസംബന്ധമായും മറ്റുപൊതുഗുണവിഷയമായും ഉള്ളപ്രവൃത്തികളുടെ ഒരു കേന്ദ്രമാക്കേണമെന്നു സ്വാമിക്കുള്ള ആഗ്രഹം പലവിധത്തിലും അറിയപ്പെട്ടിട്ടുള്ളതാണല്ലോ. എട്ടുകൊല്ലങ്ങൾക്കു മുമ്പു നിർജനവും ശൂന്യവുമായിരുന്ന ശിവഗിരിപ്രദേശം ഇപ്പോൾ ഏതു സ്ഥിതിയിൽ ഇരിക്കുന്നു എന്നു ജനങ്ങൾ കണ്ടുതന്നെ അറിയേണ്ടതാണ്. ശിവഗിരിമഠത്തോടു ചേർന്നു ബ്രഹ്മചാരികളെ മതസംബന്ധമായും പരോപകാരകമായുള്ള വിഷയങ്ങളിൽ നല്ലവണ്ണം അഭ്യസിപ്പിക്കുന്നതിനുവേണ്ടി നിത്യമായ ഒരു സ്ഥാപനവും ഒരു സംസ്കൃതപാഠശാലയും ഒരു ഇംഗ്ലീഷ് സ്കൂളും മറ്റും സ്ഥാപിച്ചു ശാന്തമായി നടത്തിക്കൊണ്ടുപോകേണമെന്നാണ് സ്വാമി തൃപ്പാദങ്ങൾ ആഗ്രഹിക്കുന്നത്. എന്നാൽ അവിടെ ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന സംസ്കൃതപാഠശാലയും മറ്റ് ഏർപ്പാടുകളും തൃപ്തികരമായ നിലയെ പ്രാപിപ്പാൻ താമസം നേരിടുന്നതു ശിവഗിരി മഠത്തിന്റെ അഭിവൃദ്ധിയെ ഉൽക്കണ്ഠയോടെ നോക്കുന്നവർക്കു വല്യ ശല്യമായി തോന്നാതിരിക്കയില്ല. ഗാരാദാമഠം പണികഴിഞ്ഞിട്ടു കൊല്ലം ഒന്നിനുമേലായി. അതിലെ പ്രതിഷ്ഠ പല സമയത്തേക്കും നീട്ടിവച്ചു നീട്ടിവച്ചു കൊണ്ടുപോകയാണെന്നുള്ള കാര്യം രഹസ്യമല്ലല്ലോ. പ്രതിഷ്ഠയ്ക്കുവേണ്ട അനേകം സാമഗ്രികളും ഇനിയും തയ്യാറായിട്ടില്ല. അതുകൊണ്ടാണുനീട്ടുന്നത്. ദീർഘസൂത്രത അശേഷം രുചിക്കാത്ത മഹാൻമാരിൽ ഒരു ദേഹമാണ് സ്വാമിതൃപ്പാദങ്ങൾ എന്ന് അദ്ദേഹത്തോടു അല്പമെങ്കിലും പരിചയമുള്ളവർ നല്ലവണ്ണം സമ്മതിക്കുന്നതാണ്. എന്നാൽ പിന്നെ എന്തുകൊണ്ടാണ് ശിവഗിരിയുടെ അഭിവൃദ്ധി മന്ദഗതിയായിരിക്കുന്നത്? പണത്തിന്റെ കുറവുമാത്രം കൊണ്ടാണ്. അനേകം യോഗ്യൻമാർ പലപ്പോഴും ശിവഗിരിയെ പണംകൊണ്ടു സഹായിച്ചിട്ടുണ്ട്. ഇപ്പോഴും പലരും സഹായിക്കുന്നുമുണ്ട് ശരിതന്നെ. എന്നാൽ ശിവഗിരിയെപ്പോലുള്ള ഒരു സ്ഥാപനത്തിനുവേണ്ടിവരുന്ന നിത്യമായ ചെലവുകൾ വല്ലപ്പോഴും ഒരിക്കൽ വല്ലവരും ചെയ്യുന്ന സഹായങ്ങൾ കൊണ്ടു നടത്തിപ്പോരാവുന്നതല്ല. എത്രയോ കെട്ടിടങ്ങൾ കെട്ടേണ്ടിവരുന്നു. അനേക യോഗ്യാതിഥികൾക്കും വിദ്യാർത്ഥികൾക്കും ബ്രഹ്മചാരികൾക്കും• ആഹാരാദിസൗകര്യങ്ങൾ നിത്യം അന്വേഷിക്കേണ്ടതായിരിക്കുന്നു. അദ്ധ്യാപകൻമാർക്കു മാസപ്പടികൊടുക്ക മുതലായചെലവുകൾ നിയതമായിരിക്കുന്നു. ഇതെല്ലാം ആലോചിച്ചാൽ കഴിച്ചുകൂട്ടാൻതന്നെ ഞെരുങ്ങേണ്ടിവരുമ്പോൾ എങ്ങനെയാണ് മഠം വർദ്ധിക്കുന്നത്? എങ്ങനെയാണ് നാം ആഗ്രഹിക്കുന്ന വേഗത്തിൽ അത് ഒരു നല്ലനിലയിൽ എത്തുന്നത്? അന്വേഷണവും ഭരണവും മറ്റും എത്രതന്നെ ബുദ്ധിപൂർവമായി ചെയ്താലും പണംകൊണ്ടു സാധിക്കേണ്ട കാര്യങ്ങൾ പണം കൊണ്ടല്ലാതെ സാധിക്കാവുന്നതല്ലല്ലോ. ഈ വസ്തുതയെ ഹൃദയപൂർവ്വം ചിന്തിച്ചു തിരുനാൾ ദിവസം മറ്റു പ്രകാരത്തിൽസ്വാമിതൃപ്പാദങ്ങളെ ജനങ്ങൾ സ്മരിക്കയും ആരാധിക്കയും ചെയ്യുന്ന

Digitized By Kerala Sahitya Akademi

തുപോലെ തന്നെ അവരവരാൽ കഴിയുന്ന വല്ലസംഖ്യയും ഗുരുപാദ സംഭാവനയായി സങ്കൽപ്പിച്ചു ശിവഗിരിയിലേക്ക് അയച്ചു കൊടുക്കുന്നതു അവിടത്തെ അനുഗ്രഹത്തെ സമ്പാദിക്കുന്നതിനും നമ്മുടെ ലൌകിക വൈദികമായ ശ്രേയസുകൾക്കും ഏറ്റവും ഉപയുക്തമായിരിക്കുമെന്നുള്ളതിനാൽ അപ്രകാരം കഴിയുന്ന പെറിയസംഭാവനകൾ ചെയ്വാൻ താൽപര്യമുണ്ടാകേണമെന്നു ഞങ്ങൾ സ്വജനങ്ങളിൽ എല്ലാവരോടും ഈ അവസരത്തിൽ പ്രത്യേകം ഉണർത്തിച്ചുകൊള്ളുന്നു. ഈ മാതിരി സംഭാവനകൾ പല ധർമ്മ സ്ഥാപനങ്ങളിലും നടന്നുവരുന്നതുമാണ്. രാമകൃഷ്ണമിഷ്യൻ, സെൻട്രൽ ഹിന്ദു കാളേജ് മുതലായ ഇന്ത്യയിലെ സ്ഥാപനങ്ങളിൽ തന്നെയും അതിന്റെ പ്രവർത്തകൻമാരായ രാമകൃഷ്ണ പരമഹംസർ, വിവേകാനന്ദ സ്വാമി, ആനിബസന്റ് മദാമ്മ മുതലായവരുടെ ജൻമനക്ഷത്രങ്ങളിൽ അവരെപ്പറ്റി അഭിമാനമുള്ളവർ ഈമാതിരി സംഭാവനകൾ ഇന്നും ചെയ്തുവരുന്നുണ്ട്. നമുക്കും ആ മര്യാദയെഎന്തുകൊണ്ട് അനുവർത്തിച്ചുകൂടാ? അനുവർത്തിക്കാത്തത് അവിനയവും അനുവർത്തിക്കുന്നതു ഗുരുപ്രീതിക്കും നമ്മുടെ അഭിവൃദ്ധിക്കും ഹേതുവുമാകുന്നു.

നമ്മിൽ ഓരോരുത്തർ മാത്രമല്ല സ്വാമിതിരുനാളാഘോഷാർത്ഥമായി നമ്മുടെ സമുദായക്കാരാൽ ഏർപ്പെടുത്തപ്പെട്ടിരിക്കുന്നതും ഏർപ്പെടുത്തപ്പെടുന്നതുമായ എല്ലാ സംഘങ്ങളും ആഘോഷസംബന്ധമായ ചിലവിലേക്കു പിരിച്ചെടുക്കുന്ന പണങ്ങളിൽ ഒരംശം സ്വാമിതൃപ്പദങ്ങളിൽ അടിയറയ്ക്കായി സങ്കൽപ്പിച്ചു ശിവഗിരിയിലേക്ക് അയച്ചു കൊടുക്കുന്നത് ഒരു പ്രത്യേക കൃത്യമായി കരുതേണ്ടതാകുന്നു. ഇപ്പോഴത്തെ ചുരുക്കം ചില മാന്യൻമാരും സംഘങ്ങളും ഈ വക സംഭാവനകൾ സ്വാമിതിരുനാൾ സംബന്ധിച്ചുചെയ്തുവരുന്നുണ്ട്. എന്നാൽ ഏതാനും ചിലർ മാത്രംചെയ്യുന്ന സംഭാവനകൾ എത്രതന്നെ ഗണ്യമായിരുന്നാലും അധികം പേർ ചെയ്യുന്ന നിസ്സാര സഹായങ്ങൾ ഒന്നിച്ചു കൂടുമ്പോൾ ഉണ്ടാകുന്നത്ര വലുതായും സാരമായും ഇരിപ്പാൻ ഇടയില്ല. അതുകൊണ്ട് ഈ സംഗതിയിൽഎല്ലാവരും മനസ്സുവച്ചു പ്രവർത്തിപ്പാൻ നോക്കണമെന്നു വീണ്ടും ഞങ്ങൾ സ്വജനങ്ങളെ ഊർജിതമായി ഉണർത്തിച്ചുകൊള്ളുകയും അവർ അതിനെ സന്തോഷപൂർവ്വം കൈക്കൊള്ളുമെന്നു വിശ്വസിക്കയും ചെയ്യുന്നു.

വിവേ: 1086 മിഥുനം, കർക്കിടകം

സ്വാമിതിരുനാൾ 3

ബ്രഹ്മശ്രീ നാരായണഗുരുസ്വാമി തൃപ്പാദങ്ങളുടെ 57–ാമത്തു തിരുനാൾ മഹോൽസവം കഴിഞ്ഞ ചിങ്ങമാസം 30-ാംനു മുൻകൊല്ലങ്ങളെയൊക്കെ അപേക്ഷിച്ച് വ്യാപ്തിയിലും ആഡംബരത്തിലും ഏറ്റവും കേമമായ

Digitized By Kerala Sahitya Akademi

വിധത്തിൽ കേരളത്തിലും പുറത്തും സ്വജനങ്ങൾ കൊണ്ടാടിയിരിക്കുന്നതായി കാണുന്നതിൽ ഞങ്ങൾക്കുള്ള സന്തോഷം അപരിമിതമാണ്.

സ്വാമി തൃപ്പാദങ്ങളുടെ ഈ ഒരു കൊല്ലം ഒരുവിധം ശാന്തമായി കഴിഞ്ഞിരിക്കുന്നു. മുൻ കൊല്ലത്തെപ്പോലെ അധികം പറയത്തക്ക സംഭവങ്ങൾ ഇക്കൊല്ലം ഇല്ല. അധികസമയവും തൃപ്പാദങ്ങൾ ആലുവായും അവിടെനിന്ന് മംഗലാപുരം, കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, പാലക്കാട് ഈ സ്ഥലങ്ങളിലും സഞ്ചരിച്ചുകൊണ്ടിരിക്കയാണു ചെയ്തിട്ടുള്ളത്. മീനത്തിൽ തിരുവനന്തപുരം, നെയ്യാറിൻകര ഈ സ്ഥലങ്ങളിൽ സഞ്ചരിച്ചു ശിവഗിരിയിൽ സ്വൽപ്പം വിശ്രമിച്ചു വീണ്ടും ആലുവായ്ക്കു മടങ്ങിയിരുന്നു. മേടത്തിൽ കൊല്ലം പ്രാക്കുളത്തു മ-രാ-രാ മംഗലശ്ശേരി ഗോവിന്ദൻ ആശാൻ അവർകളുടെ പുത്രിയുടെ വിവാഹ അടിയന്തരം സംബന്ധിച്ചു ഭക്തനും ശിഷ്യനുമായ അദ്ദേഹം ക്ഷണിക്കയാൽ അവിടംവരെ വന്നു വീണ്ടും ആലുവായിലേക്കു മടങ്ങി. ഇടവത്തിൽ സുഖാർത്ഥം നീലഗിരിയിൽ പോയിരുന്നു. അവിടെ അധികം താമസിക്കാതെ വീണ്ടും ആലുവായ്ക്കു മടങ്ങി വിശ്രമിച്ചുവന്നു. ഈ തിരുനാൾ ദിവസം തൃപ്പാദങ്ങൾ ആലുവായിൽതന്നെ ആണു വിശ്രമിച്ചത്. അവിടെ തിരുനാൾ ആഘോഷം കൊണ്ടാടീട്ടുള്ളതും തൃപ്പാദങ്ങളുടെ സാന്നിദ്ധ്യത്തോടുകൂടി ആയിരുന്നു. കഴിഞ്ഞ കുംഭത്തിലെ ശിവരാത്രി സംബന്ധിച്ച് ആലുവാ അദ്വൈതാശ്രമത്തിൽ കൂടിയ ഒരു മഹാസഭയിൽവച്ചു അവിടെ ഒരു സംസ്കൃത വിദ്യാലയവും മറ്റും സ്ഥാപിക്കണമെന്നുണ്ടായ തീർച്ചയെ നടപ്പിൽ വരുത്താൻ അന്നുമുതൽ തൃപ്പാദങ്ങൾ ദൃഷ്ടിവച്ചുകൊണ്ടിരിക്കയാണ്. ജനങ്ങളുടെ സഹായം യഥാകാലം ഉണ്ടായാൽ അത് അടുക്കൽ സാദ്ധ്യമാകുമെന്നുള്ളതിനു സംശയമില്ല. ആലുവായിൽ സ്വാമി തൃപ്പാദങ്ങളുടെ ശാരീരികമായും മഠം സംബന്ധമായുമുള്ള കാര്യങ്ങളിൽ സ്നേഹബഹുമാനപൂർവ്വം വേണ്ട തൃഷ്ണവച്ച് അന്വേഷണങ്ങൾ ചെയ്യുന്ന സ്വദേശിയും മാന്യനുമായ മ-രാ-രാ വക്കീൽ ഗോപാലപ്പൈ അവർകളെ ഈ അവസരത്തിൽ ഞങ്ങൾ പ്രത്യേകം കൃതജ്ഞതാപൂർവം ഓർമ്മിക്കുന്നു. ചിങ്ങം 30—ാം നു- അഹോരാത്രം കേരളത്തിലെ നഭോമണ്ഡലം മുഴുവൻ ആരുടെ സ്തോത്രങ്ങളാലും ആരുടെ ദീർഘായുരാരോഗ്യങ്ങളെ പ്രാർത്ഥിച്ചുള്ള ആശിർവാദങ്ങളാലും ശബ്ദായമാനമായിരുന്നോ ആ മഹാനുഭാവനായ നമ്മുടെ സ്വാമി തൃപ്പാദങ്ങൾ ലോകഹിതത്തിന്നായി ഏറിയകാലം സുഖജീവിയായിരുന്നു മനുഷ്യ വർഗ്ഗത്തെ അനുഗ്രഹിപ്പാൻ കരുണാനിധിയായ ഈശ്വരൻ കടാക്ഷിക്കുമാറാകട്ടെ.

വിവേ: 1089 ചിങ്ങം, കന്നി

സ്വാമി തൃപ്പാദങ്ങളുടെ തെക്കൻ സഞ്ചാരം

ബ്രഹ്മശ്രീ നാരായണഗുരുസ്വാമി തൃപ്പാദങ്ങൾ ഇപ്പോൾ നെയ്യാറ്റിൻകര താലൂക്കിന്റെ പല ഭാഗങ്ങളിലും സഞ്ചരിക്കയാകുന്നു. തൃപ്പാദങ്ങൾ

Digitized By Kerala Sahitya Akademi

അനേക വർഷമായി വടക്കൻ ദിക്കുകളിൽ ഏതാണ്ടു സ്ഥിരതാമസംപോലെ കഴിച്ചുകൂട്ടി മടങ്ങി എത്തിയിരിക്കുന്ന ഈ സന്ദർഭത്തിൽ ഈ നാട്ടുകാർക്കുണ്ടായിരിക്കുന്ന ഉണർച്ചയും ഭക്തിയും സ്നേഹവും ബഹുമാനവും അവർണ്ണനീയമായിരിക്കുന്നു. വളരെക്കാലമായി വിചാരിച്ചു വന്നിരുന്ന ദേശസഭകളും സ്ഥാപിക്കുന്നതിന് ഈ അവസരത്തെ അവിടുന്നു ഉപയോഗിക്കുന്നു എന്നുള്ളതാണ് ഈ യാത്രയിലെ സംഭവങ്ങളിൽ ഏറവും സ്മരണീയമായ ഒന്ന്. അരുവിപ്പുറം, നെയ്യാറ്റുങ്കര, അരുമാനൂർ, കോട്ടുകാൽ ഈ സ്ഥലങ്ങളിൽ സ്വജനങ്ങളും പ്രത്യേകം പ്രത്യേകം സഭകളും കൂടുകയും എസ്. എൻ. ഡി. പി. യോഗത്തിന്റെ ഉദ്ദേശ്യങ്ങളെ നടപ്പിൽവരുത്തുന്നതിനായി, അതായത് സമുദായത്തിന്റെ ആത്മീയവും ലൗകികവുമായ അഭിവൃദ്ധിക്കായി, യത്നിക്കുന്നതിനായി അവിടവിടെ പ്രത്യേകം ദേശസഭകളും സ്ഥാപിക്കുന്നതിന് എല്ലാ ഏർപ്പാടുകളും ചെയ്തുകഴിയുകയും ചെയ്തിരിക്കുന്നു. മറ്റു സ്ഥലങ്ങളിലും ഉടനെ പ്രവൃത്തികളും തുടങ്ങുന്നതാണ്. സ്വാമി തൃപ്പാദങ്ങളിലെ സാമുദായികവും മതസംബന്ധവുമായ പ്രയത്നങ്ങളിൽ ആദ്യംമുതൽക്കേ മുന്നിട്ടുനിന്നു പ്രവർത്തിച്ചുവന്ന മ. രാ. രാ. പി. പരമേശ്വരൻ (മാനേജർ) അവർകളും ദേശസഭാ സ്ഥാപന വിഷയത്തിൽ ചെയ്യുന്ന ശ്രമം പ്രത്യേകം സ്തുത്യർഹമായിരിക്കുന്നു. സ്വജനങ്ങളുടെ അറിവിന്നായി ദേശസഭകളുടെ മാതൃകാ നിബന്ധനകളെ ഞങ്ങളും മറെറാരു ദിക്കിൽ ചേർത്തിട്ടുണ്ട്.

വിവേ: 1090 ധനു

സ്തുത്യർഹമായ മതപരിവർത്തനം

നെയ്യാറ്റുങ്കര കോട്ടുകാൽ അധികാരത്തിൽ അനേകം നൂറ്റാണ്ടുകാലമായി ഈഴവരിൽ പലകുടുംബക്കാരും മതത്തിൽ ക്രിസ്ത്യാനികളും ജാതിയിൽ ഈഴവരുമായി വർത്തിച്ചുവരുന്ന സംഗതി പുറത്തുള്ളവർ അറിഞ്ഞിരിപ്പാൻ ഇടയില്ല. ഇവരെപ്പററിയാണ് ഡിസ്ട്രറിക്ട് ജഡ്ജി മിസ്റ്റർ ചെറിയാൻ ഗവൺമെൻറിനു സമർപ്പിച്ച ക്രിസ്ത്യൻകമ്മിഷൻ റിപ്പോർട്ടിൽ അവരുടെ അവകാശക്രമം മക്കളും മുറുമക്കളും വഴിയാകയാൽ പ്രത്യേകം തള്ളിനിർത്തി നിർദ്ദേശിച്ചിട്ടുള്ളത്. ഇവർ അനേകതലമുറകളായി പള്ളികളും വച്ച് ആരാധന നടത്തിവരികയും എന്നാൽ അവരുടെ ഹിന്ദുകുടുംബങ്ങളുമായുള്ള ചാർച്ചയും വേഴ്ചയും അവകാശവും കൈവിടാതെ വച്ചുകൊണ്ടിരിക്കയും ആയിരുന്നു. അങ്ങനെയിരിക്കെ പന്ത്രണ്ടു കൊല്ലം മുമ്പ് എസ്. എൻ. ഡി. പി. യോഗം സ്ഥാപിച്ച് ഈഴവരുടെ സമുദായ സംബന്ധമായ കാര്യങ്ങളെയും ആചാരനടപടികളെയും പരിഷ്കരിപ്പാൻ ആരംഭിച്ചതുമുതൽ യോഗത്തിലുൾപ്പെട്ട ഈഴവർ ക്രിസ്തുമത വിശ്വാസങ്ങളുമായുള്ള ചാർച്ചയെ അശേഷം ത്യജിപ്പാൻ തുടങ്ങുകയുംആ ശ്രദ്ധ നിമിത്തം

Digitized By Kerala Sahitya Akademi

രണ്ടുകൂട്ടരുമായി പല സൈരക്കേടുകളും ഉണ്ടാകയും ചെയ്തു, സ്വത്തവകാശം സംബന്ധിച്ചും കുടുംബക്ഷേമം സംബന്ധിച്ചും സ്നേഹം സംബന്ധിച്ചും മറ്റും ഈ സൈരക്കേടുവരുത്തിക്കൂട്ടിയ അനർത്ഥങ്ങൾ ചില്ലറയല്ലായിരുന്നു. എന്നാൽ ഇപ്പോൾ അങ്ങനെയുള്ള ക്രിസ്തുമത വിശ്വാസികളായ ഈഴവരുടെ പ്രധാന നേതാക്കൻമാരെ എല്ലാം സ്വാമിതൃപ്പാദങ്ങൾ ഇതാ ഹിന്ദുമതത്തിലേക്കു തിരിച്ചെടുക്കയും അവരെ പഴയപോലെ കൂടി നടപ്പാൻ അനുവദിക്കയും ചെയ്തിരിക്കുന്നു. അവർക്കായി പള്ളികളുടെ സ്ഥാനത്തു ക്ഷേത്രങ്ങൾ സ്ഥാപിച്ചു കൊടുപ്പാൻ തൃപ്പാദങ്ങൾ ഏർപ്പാടു ചെയ്തുവരുന്നു. അവർ എസ്. എൻ. ഡി. പി. യോഗത്തിലും ദേശസഭകളിലും അംഗങ്ങളായി ചേർന്നുവരുന്നു. അവരുടെ പഴയ ഹിന്ദു ബന്ധുക്കളും അവരും തമ്മിൽ ഇപ്പോൾ അഭൂതപൂർവമായ മമതാബന്ധത്താൽ ഘടിപ്പിക്കപ്പെട്ടിരിക്കുന്നു.

വിവേ: 1090 ധനു

തൃപ്പാദങ്ങളും പുലയരും

പുലയരുടെ നേതാവായ മിസ്റ്റർ അയ്യൻകാളിയും മറ്റു പലരും സ്വാമി തൃപ്പാദങ്ങളെ കോട്ടുകാൽവച്ചു ചെന്നു സന്ദർശിക്കുകയുണ്ടായി. ഈ അവസരത്തിൽ എസ്. എൻ. ഡി. പി. യോഗം പ്രവർത്തകൻമാരിൽ നിന്നും അവർക്കുണ്ടായിക്കൊണ്ടിരിക്കുന്ന ഹൃദയപൂർവമായ സഹായത്തേയും ഈഴവ സമുദായത്തിലുള്ള എല്ലാ യോഗ്യൻമാരും അവരോടു പ്രദർശിപ്പിക്കുന്ന നിഷ്കപടമായ അനുകമ്പയേയും പറഞ്ഞു അവർക്കുള്ള കൃതജ്ഞതയെ മിസ്റ്റർ കാളി പ്രസ്താവിക്കുന്നതുകേട്ടു തൃപ്പാദങ്ങൾക്കു കൃതാർത്ഥതതോന്നി എന്നറിയുന്നതിൽ ഞങ്ങൾ ഏറ്റവും സന്തോഷിക്കുന്നു. പുലയുടെ കാരണങ്ങളും വിവരങ്ങളും അറിഞ്ഞു ദയാനിധിയായ അവിടന്ന് അത്യന്തം വ്യസനിക്കയും ഈഴവരിൽ വിവരമില്ലാത്ത ചിലർ കൂടി ചിലദിക്കുകളിൽ പുലക്കാരോടു ചേർന്നു പ്രവർത്തിച്ചതിനെപ്പറ്റി പ്രത്യേകം അന്വേഷിച്ച് അങ്ങനെയുള്ളവരോടു കഠിനമായ അതൃപ്തി പ്രദർശിപ്പിക്കയും ചെയ്തു. ടി താലൂക്കിലുള്ള സകല ഈഴവ പ്രമാണികളോടും പുലയരുടെ ഉദ്ഗതിക്കായിട്ടുള്ള യത്നങ്ങളിൽ അവരെ പ്രത്യക്ഷമായും പ്രബലമായും സഹായിക്കേണ്ട കാലം അതിക്രമിക്കുന്നു എന്ന് അവിടന്നു കരുണയോടെ ഉപദേശിക്കയും അതിന്നായി നിഷ്കർഷിച്ച് ആവശ്യപ്പെടുകയും ചെയ്തു. "അയലുതഴപ്പിതിനായതിപ്രയത്നം നയമറിയും നരനാചരിച്ചിടേണം" എന്നതാണല്ലോ അവിടത്തെ സ്വന്ത മുദ്രാവാക്യം.

വിവേ: 1090 ധനു

Digitized By Kerala Sahitya Akademi

സ്വാമി തൃപ്പാദങ്ങൾ

ചിങ്ങമാസത്തിലെ ചതയം നക്ഷത്രം കേരളത്തിലെ തീയർക്കു മിക്കവാറും തിരുവോണം പോലെയോ അതിനേക്കാളുമോ പ്രാധാന്യമുള്ള ഒരു പുണ്യദിവസമായിത്തീർന്നിരിക്കയാണല്ലോ. ബ്രഹ്മശ്രീ നാരായണഗുരുസ്വാമി തൃപ്പാദങ്ങൾ അവതരിച്ച സുദിനമാകയാലാണ് ആ നാളിനെ നാമൊക്കെ കൊണ്ടാടുന്നതെന്ന് നമ്മുടെ കുട്ടികളോടു ചോദിച്ചാൽതന്നെ പറയുന്നതാണ്. എന്നാൽ ഇക്കൊല്ലത്തെ സ്വാമിതിരുനാൾ സാധാരണയിൽ കവിഞ്ഞ പ്രാധാന്യമുള്ളതാകുന്നു. തൃപ്പാദങ്ങൾക്ക് 60-ാമത്തെ തിരുവയസ്സു പൂർത്തിയാകുന്നത് ഈ വരുന്ന തിരുനാളിലാണ്. ഈ ഷഷ്ടിപൂർത്തി നമ്മുടെ ജനങ്ങൾ അധിവസിക്കുന്ന ഏതു സ്ഥലങ്ങളിലും ഏതു ഭവനങ്ങളിലും യഥാശക്തി അവനവൻ ആഘോഷിക്കുമെന്നുള്ളതു നിസ്സംശയമാണ്. നമ്മുടെ പല സമാജങ്ങളിലും ഈ അപൂർവ സുദിനത്തെ പ്രത്യേകം പ്രത്യേകം കൊണ്ടാടുന്നതും സകല ദേവാലയങ്ങളിലും ഭജനമഠങ്ങളിലും പൂജയും ആരാധനകളും നടക്കുന്നതാണെന്നുള്ളതും വധി സ്ഥലങ്ങളിൽ സാധുക്കൾക്കു ഭക്ഷണം മുതലായ പുണ്യകർമ്മങ്ങൾ ഉണ്ടാകുമെന്നുള്ളതും തീർച്ചയാണ്. ഇതിനെ ഒക്കെക്കാൾ ഞങ്ങൾക്കു അഭിനന്ദനീയമായിരിക്കുന്നത് നമ്മുടെ വർഗ്ഗത്തിന്റെ സകലവിധ നൻമയ്ക്കും ഹേതുഭൂതനായ ആ മഹാത്മാവിന്റെ സ്മരണയെ നിലനിർത്തുന്ന ഉപയുക്തങ്ങളായ ചില സ്ഥാപനങ്ങൾ ഇതോടുകൂടി ഏർപ്പെടാൻപോകുന്നു എന്നുള്ളതാണ്. വടക്കേ മലയാളത്തിൽ ജ്ഞാനോദയ യോഗക്കാരുടെ ശ്രമത്തിൽ അവിടത്തെ സ്വജനങ്ങളായ വിദ്യാർത്ഥികളെ സഹായിപ്പാൻ ഒരു വലിയ ധനശേഖരം ഇതുസംബന്ധിച്ച് ഏർപ്പെടുത്തുമെന്നറിയുന്നു. കൊച്ചിയിൽ സ്വജനങ്ങൾ ഈ അവസരത്തിൽതന്നെ തൃശ്ശൂര ഒരു സമാജമന്ദിരം സ്ഥാപിപ്പാൻ ആലോചിച്ചു യത്നിച്ചുവരുന്നതായികേൾക്കുന്നു. മാവേലിക്കര സെക്കണ്ടറി സ്കൂളിനോടടുത്ത് മദ്ധ്യതിരുവിതാംകൂറിലെ സഹോദരങ്ങളുടെ ശ്രമത്തിൽ വലുതായ ഒരു വിദ്യാർത്ഥി സദനത്തിന് ഈ അവസരത്തിൽ അടിസ്ഥാനമിടുന്നതിനുള്ള യത്നങ്ങൾ ഉത്സാഹപൂർവ്വം നടന്നുവരുന്നതായി കാണുന്നു. ആലുവാ അദ്വൈതാശ്രമത്തിൽ ഇപ്പോൾ പണിനടന്നുവരുന്ന സംസ്കൃത വിദ്യാമന്ദിരം ആ മംഗളാവസരത്തിൽ ഉദ്ഘാടനം ചെയ്യുന്നതിനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു. യോഗത്തിൽനിന്നു ഷഷ്ടിപൂർത്തിആഘോഷിപ്പാൻ നിയമിച്ചിരിക്കുന്ന കമ്മിറ്റിയിൽനിന്നു യോഗത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തു തൃപ്പാദങ്ങളുടെ ഷഷ്ടിപൂർത്തി സ്മാരകമായി ശ്രീനാരായണ മെമ്മോറിയൽ ഹാൾ ഈ അവസരത്തിൽ തുറക്കുന്നതിനും അതോടുകൂടി കോളേജ് വിദ്യാർത്ഥികളുടെയും മറ്റും ഉപയോഗത്തിനായി ഒരു വിദ്യാർത്ഥി സദനവും ഒരു അതിഥി മന്ദിരവും കൂടി ആരംഭിക്കുന്നതിനും വേണ്ട ശ്രമങ്ങൾ നടന്നുവരികയും ആ വകയ്ക്കായി 6000 ക. വിലയ്ക്ക് ഈ ാണ്ണിൽ ഒരു പ്രധാന ഭാഗമായ കൈതമുക്കിൽ രണ്ടു നിലയിൽ ംഗിയും വലിപ്പവു

Digitized By Kerala Sahitya Akademi

മുള്ള ഒരു കെട്ടിടവും അതോടുചേർന്ന പറമ്പും മാറ്റും വാങ്ങാൻ യോഗത്തിൽ നിന്നു തീർച്ചയാക്കി കൗൺസിലിനെ ബോധിപ്പിക്കുകയും ചെയ്യുന്നു. യോഗത്തിൽ നിന്ന് എഴുതിവാങ്ങുന്ന ടി സ്ഥലത്തു കൂടുതലായി കെട്ടിടങ്ങൾ മുതലായതു നിർമ്മിക്കുകയും ഷഷ്ടിപൂർത്തി മഹോത്സവം ഉചിതമായ വിധത്തിൽ കൊണ്ടാടുകയും ചെയ്യുന്നതിനുവേണ്ട ഒരുക്കങ്ങൾ തുടങ്ങിയിരിക്കുന്നു. സമുദായം വകയായി പതിവനുസരിച്ചും പുത്തനായും ഇത്തവണ തിരുനാളാഘോഷിക്കുന്നവർ എല്ലാം യോഗംവകയായ ആഘോഷത്തെ കഴിയുന്നത്ര സഹായിക്കയും മേലിൽ പറഞ്ഞ സ്ഥാപനങ്ങളുടെ പൂർത്തികരണത്തിനായി വേണ്ട ഒത്താശകളെല്ലാം ചെയ്കയും ചെയ്യുമെന്നു കമ്മിറ്റിക്കാർ സ്നേഹവിശ്വാസപൂർവം പ്രതീക്ഷിച്ചിരിയാകുന്നു. ശേഷം വിവരങ്ങൾ അടുത്തതിൽ.

വിവേ: 1091 മേടം, ഇടവം

ഷഷ്ടിപൂർത്തി

ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി തൃപ്പാദങ്ങളിലെ ഷഷ്ടിപൂർത്തി സംബന്ധമായി ജനറൽ കമ്മിറ്റിയിൽനിന്നു പ്രസിദ്ധപ്പെടുത്തിയ പ്രകടന പത്രിക മറ്റൊരു ദിക്കിൽ ചുവടേ പകർത്തീട്ടുണ്ട്. കൈരളീകിരൺ പുതുതായി യോഗത്തിൽ നിന്നു വാങ്ങിയ സ്ഥലത്തുള്ള കെട്ടിടങ്ങൾ നന്നാക്കുക പണിപൂർത്തിയാക്കുക, പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കുക മുതലായ പ്രവൃത്തികൾ ധൃതഗതിയായി നടന്നു വരുന്നു. സ്ഥലത്തുള്ള യോഗപ്രവർത്തകൻമാർ എല്ലാവരും മറ്റു സമുദായപ്രമാണികളും ഉൽസാഹപൂർവം ഓരോ ജോലികൾ കയ്യേറ്റു നടത്തിവരുന്നു. സ്വാമിതൃപ്പാദങ്ങൾ ഇതിനിടെ ഈ പ്രവൃത്തികൾ ഇവിടെ എത്തി സന്ദർശിച്ചു തൃപ്തിപ്പെടുകയും പ്രധാന പ്രവർത്തകൻമാർക്കു കെട്ടിടത്തിന്റെ ബാക്കിപ്പണികളെപ്പറ്റി സാരമായ ഉപദേശങ്ങൾ നൽകുകയും ചെയ്തിരിക്കുന്നു. സ്മാരകമായി ആരംഭിപ്പാൻ പോകുന്ന വിദ്യാർത്ഥിസദനത്തേയും മറ്റും പറ്റി പ്രകടന പത്രികയിൽ പ്രസ്താവിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിച്ചു പറയേണ്ട ആവശ്യകതയില്ല. സമുദായത്തിന്നും പൊതുവിൽ ഇത്ര ഉപയുക്തമായ സ്ഥാപനങ്ങൾ യോഗത്തിൽ നിന്ന് ഇതുവരെ കയ്യേറ്റു നടത്തീട്ടില്ലെന്നുള്ളതു നിർവിവാദമാണ്. ഇത്ര പണച്ചിലവുള്ള ഒരു ചുമതലയും യോഗത്തിൽ നിന്ന് ഇതുവരെ വഹിക്കേണ്ടിവന്നിട്ടില്ല. നമ്മുടെ സമുദായത്തിന്റേയും യോഗത്തിന്റേയും സകല ശ്രേയസ്സിനും നിദാനമായ സ്വാമി തൃപ്പാദങ്ങളിലെ ഷഷ്ടിപൂർത്തിയെക്കാൾ വലുതായ ഒരു സുദിനം നമുക്കുണ്ടാവാൻ തരമില്ലാത്തതിനാൽ തൽസംബന്ധമായി യോഗത്തിൽ നിന്നു ഈ ശാശ്വതമായ സ്ഥാപനങ്ങൾ എത്ര വ്യയസാദ്ധ്യമാണെങ്കിലും കയ്യേറ്റതിനെ സമുദായ സ്നേഹികൾ ആരും ബുദ്ധിമുട്ടിക്കുമെന്നുള്ളതു

Digitized By Kerala Sahitya Akademi

തീർച്ചയാണ്. യോഗത്തിന്റെ ധനസ്ഥതിക്ക് ഇതുകൊണ്ട് ഉടവു തട്ടാതിരിപ്പാനും, ആഘോഷസംബന്ധമായ സംഗതികളെല്ലാം നമുക്ക് അഭിമാനകരമായ വിധത്തിൽ കഴിഞ്ഞു കൂടാനും പണംകൊണ്ടും പ്രയത്നംകൊണ്ടും സാദ്ധ്യമായ സഹായങ്ങളെല്ലാം കമ്മിറ്റിക്ക് സമുദായ സ്നേഹികം ചെയ്തുകൊടുപ്പാൻ സന്നദ്ധരായിരിക്കേണമെന്നു ഞങ്ങം യോഗത്തിന്റെ പേരിൽ എല്ലാവരോടും പ്രത്യേകം അപേക്ഷിക്കുന്നു. ചുമതലയേറിയ കൃത്യാന്തരങ്ങളുടെ ഇടയിൽ സ്മാരകമന്ദിരത്തിന്റെ ഉദ്ഘാടനക്രിയ ചിങ്ങം 26—ാം നു കാലത്തു നടത്തിത്തരാൻ സമ്മതിച്ച നമ്മുടെ ദിവാൻ ബഹദൂർ എം. കൃഷ്ണൻ നായർ അവർകളുടെ ദയയ്ക്കായി ഹൃദയപൂർവം നന്ദി പറകയും കമ്മിറ്റിയുടെ പ്രവൃത്തികംക്കു ഞങ്ങം സർവവിജയവും ആശംസിക്കയും ചെയ്യുന്നു.

വിവേ: 1091 മിഥുനം

രാജസന്നിധി

എഡ്വർഡ് ചക്രവർത്തി തിരുമനസ്സുകൊണ്ട്
(1841 നവംബർ 9—ാം തീയതി ജനിച്ചു
1910 മേയ് 6—ാം തീയതി നാടുനീങ്ങി)

വിവേകോദയം ആത്മീന്റെ 7—ാമത്തെ പുസ്തകം ആരംഭിക്കുന്ന ഈ മംഗളാവസരത്തിൽ ദുഃഖചിഹ്നംധരിച്ചുകൊണ്ടു പുറപ്പെടേണ്ടിവന്നതിൽ ഏറ്റവും വ്യസനിക്കുന്നു. ചക്രവർത്തി തിരുമനസ്സിലെ അപ്രതീക്ഷിതമായ മഹാവിയോഗം ഭൂലോകത്തെ മുഴുവൻ സന്തോഷിപ്പിക്കുകയും ബ്രിട്ടീഷ് സാമ്രാജ്യത്തെ വ്യസനസാഗരത്തിൽ മുക്കുകയും ചെയ്തിരിക്കുന്നു. തിരുമേനിയുടെ അളവറ്റ ഗുണങ്ങളെ വർണ്ണിക്കയും അവയെ ഓർത്തു മനസ്സിൽ പൊങ്ങിവരുന്ന ശോകപരമ്പരയെ പ്രസ്താവിക്കയും ചെയ്യുന്നത് അശക്യമത്രേ. മനുഷ്യവർഗ്ഗത്തിന്റെ ഭൂലോകത്തെ തലവൻമാരിൽ ഏത്രയും ഉന്നതസ്ഥാനത്തെ അലങ്കരിച്ചിരുന്ന ആ മഹാത്മാവ് തന്റെ അവസാന ദിവസങ്ങളിൽ കേതിപൂർവംചൊല്ലിവന്നതും അവിടത്തെ ഗംഭീരമായ ഈശ്വരവിശ്വാസത്തെ വെളിപ്പെടുത്തുന്നതുമായ ഒരു ഇംഗ്ലീഷ് സ്തോത്രമുണ്ട്. വായനക്കാരുടെ അറിവിനായി അതിനെ ഇവിടെ തർജ്ജിമചെയ്തുകൊള്ളുന്നു. ഇതുതന്നെയാണ് ഈ അവസരത്തിൽ ഞങ്ങളുടെ വിനയപൂർവമായ രാജകേതി പ്രകടനം. തിരുമേനിയുടെ ആത്മാവിനു നിത്യമായ സമാധാനവും അവിടത്തെ സദൃശപുത്രനും കിരീടാവകാശിയു

Digitized By Kerala Sahitya Akademi

മായ ജോർജ്ജ് അഞ്ചാമൻ മഹാരാജാവു തിരുമനസ്സിലേക്കും രാജകുടും ബത്തിനും സകല നന്മകളും ദീർഘായുസ്സുമുണ്ടാവാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ.

പരേതരായ എഡ്വർഡ് ചക്രവർത്തി തിരുമനസ്സിലെ പ്രിയപ്പെട്ട പ്രാർത്ഥന

അമ്പീടെന്നരികത്തി, ലന്തിജവമായ് വന്നെത്തീടുന്നു വിഭോ!
വമ്പിച്ചോരിരുൾ മൂത്തിടു, ന്നരികിൽ വന്നണയാറായിടുമമ്പീടുനീ:
കമ്പം ബാന്ധവർ തേടവേ, സുഖമശേഷം കൈവെടിഞ്ഞീടവേ
യെമ്പോറ്റീ! ഗതിയറവർക്കു ഗതിയേ! യെൻമുമ്പിലമ്പീടുനീ

ജീവൻതൻ ചെറുതാം ദിനം ത്വടിതി പാഞ്ഞന്തം ഗമിക്കുന്നിതാ
ഭൂവിൻ ഭൂതികളം മങ്ങിടുന്നതിലെഴും പ്രഖ്യാതി മായുന്നുതേ;
ഭാവങ്ങൾക്കുവികാരവും വിലയവും താൻ കാൺമതെല്ലാടവും
ദേവാധീശ്വര! നിർവികാര! തുണയായെൻമുമ്പിലമ്പീടുനീ.

വന്നീടൊല്ലഭയങ്കരാകൃതിയെഴും രാജാധിരാജത്വമാർ—
ന്നെന്നാൽ, നൻമയുമമ്പുമായ്, കരയുഗത്തിൽ ശാന്തികയ്യേന്തിയും
എന്നല്ലശ്രുവൊടും വിപത്തിലലിവർത്ഥിച്ചാലെഴും ഹൃത്തൊടും
വന്നാമട്ടയി! ദീനബാന്ധവമണേ! യെൻമുമ്പിലമ്പീടുനീ.

പോകും നാഴികതോറു മെന്നരികിൽ നീയെത്താൻ കൊതിക്കുന്നു ഞാ—
നാകുന്നേതിനു മോഹശക്തിയെയകറ്റാൻ നിൻ കൃപയ്ക്കെന്നിയേ ?
ഏകൻ നിന്നൊടു തുല്യനാരിവനു നേതാവാം ? വിഭോ താങ്ങുമാ !
മാകാം ദുർദ്ദിനമോയിനിസ്സുദിനമോ, യെൻ മുമ്പിലമ്പീടു നീ.

പേടിക്കാ രിപുതന്നെ ഞാനരികിലാശിസ്സിന്നു നീവാഴ്വേ
തേടാ കഷ്ടത ഭാരവും, കദനമേകാ തെല്ലു കണ്ണീരുമേ
കേടേകും യമദംഷ്ട്രയെങ്ങു ? മൃതിയെങ്ങോ നിൻ തദീയം ജയം ?
മൂടുന്നെൻ മിഴി മുമ്പുനിന്നഭയഹസ്തം പൊക്കി നിൽക്കീശ ! നീ

നിന്നീടെൻ തിരുമേനി താൻ മറയുമെൻ കൺമുമ്പു കണ്ടീടുമാ—
റെന്നല്ലായിരുളൂടെമിന്നുക, യെനിക്കായ്ദ്യോവുകാട്ടീടുക;
വന്നൂ സ്വർഗ്ഗമതിന്നുഷസ്സ വനിമായാച്ഛായമായുന്നു തേ—
യെന്നായ് വാഴുകിലും, മരിക്കിലുമടുത്തമ്പീടുകെൻപോറ്റീ നീ.

വിവേ: 1085 മേടം, ഇടവം

Digitized By Kerala Sahitya Akademi

ബഹുമതികൾ

ചക്രവർത്തി മഹാരാജാവു തിരുമനസ്സിലെ ഇക്കൊല്ലത്തെ തിരുനാൾ ബഹുമതികളുടെ കൂട്ടത്തിൽ പ്രസിദ്ധനായ പാലക്കാട്ട് അപ്പാത്തിക്കരി കെ. കൃഷ്ണൻ അവർകൾക്കു 'റാവുസാഹിബ്' എന്ന സ്ഥാനം ഗവൺമെന്റിൽ നിന്നു നൽകിയിരിക്കുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. ഇദ്ദേഹത്തിന്റെ ഈ സ്ഥാനലാഭത്തിൽ സന്തോഷിക്കാത്തവർ തീയരുടെ ഇടയിൽ മാത്രമല്ല അദ്ദേഹത്തിന്റെ ചികിൽസാനൈപുണ്യത്തെയും പരോപകാരശീലത്തെയും മാറ്റ് അനവധി ഗുണങ്ങളേയും പറഞ്ഞറിഞ്ഞിട്ടുള്ള ആരുടേയും ഇടയിൽ ആരും ഉണ്ടായിരിക്കയില്ലെന്നുള്ളതു നിസ്സംശയമത്രേ. ഇദ്ദേഹത്തെപ്പോലുള്ളവരാണ് വാസ്തവത്തിൽ ബഹുമതിയെ അർഹിക്കുന്നവർ.

ഗഞ്ചാം ഡിസ്ട്രിക്ട് ജഡ്ജി മുണ്ടപ്പ ബങ്കാര ബി. എ. ബി. എൽ. അവർകൾക്ക് ദിവാൻ ബഹദൂർ എന്ന സ്ഥാനം ലഭിച്ചതും വളരെ സന്തോഷിക്കത്തക്ക ഒരു സംഗതിയാകുന്നു. ഇതു വലുതായ ഒരു ബഹുമതിയാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇദ്ദേഹത്തെപ്പറ്റി ഒരു ഇംഗ്ലീഷു പത്രം "ബില്ലവരുടെ ഇടയിൽ ശോഭിച്ചിരിക്കുന്ന ഒരു നിറവിളക്കാകുന്നു" എന്നു പറഞ്ഞത് എത്രയും വാസ്തവമാണ്. ബില്ലവരും ഈഴ (ഴ) വരും ഒരു ജാതിതന്നെയാണ്. രാജ്യവ്യത്യാസം മാത്രമേ ഉള്ളൂ. കുറേക്കാലം തലശ്ശേരി മുൻസിപ്പും പിന്നെ കോഴിക്കോട്ടു സബ്ജഡ്ജിയും ആയിരുന്ന ഇദ്ദേഹം ഇപ്പോൾ ഈ നിലയിൽ എത്തിയതു് ആ രാജ്യക്കാർക്കു പ്രത്യേകം സന്തോഷകരമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. വളരെ സ്വജാതി സ്നേഹമുള്ള ഇദ്ദേഹം ഇനിയും വലിയ പദവിയിൽ ആയിക്കാൺമാൻ ഞങ്ങൾ ആശംസിക്കുന്നു. ഇദ്ദേഹത്തിന്റെ ഒരു മകൻ ബിലാത്തിയിൽ വൈദ്യ പരീക്ഷയ്ക്കു പഠിക്കുന്നുണ്ട്. വേറെ ഒരാൾ ബി. എല്ലിനും വായിക്കുന്നു.

വിവേ: 1085 മിഥുനം

നമ്മുടെ യോഗവും രജത ജൂബിലിയും

തിരുവനന്തപുരം ജൂബിലിക്കമ്മിറ്റിക്കാർ യോഗം ജനറൽ സിക്രട്ടറി എൻ. കുമാരനാശാൻ അവർകളെ കമ്മിറ്റിയിൽ ഒരു മെംബറായിരിപ്പാൻ ആവശ്യപ്പെട്ടതിൽ അദ്ദേഹത്തിനു മുൻകൂട്ടി ഏർപ്പാടു ചെയ്തിരുന്ന ഒരു അത്യാവശ്യകാര്യം പ്രമാണിച്ചു മലബാറിലേക്കു പോകേണ്ടിയിരുന്നതിനാൽ ആ സ്ഥാനം സ്വീകരിപ്പാൻ സാധിച്ചില്ലെങ്കിലും സ്ഥലത്തെ ഒരു ഡയറക്ടറായ പി. മാധവൻ വൈദ്യൻ അവർകൾ മെംബറായി നിയമിക്കപ്പെ

Digitized By Kerala Sahitya Akademi

ടുകയും അദ്ദേഹം പണം പിരിവ് മുതലായ കമ്മിറ്റിയുടെ സകല പ്രവൃത്തികളിലും ഏർപ്പെട്ടു തിരുവനന്തപുരത്തെ ജൂബിലി ആഘോഷം ഭംഗിയാക്കാൻ സർവാത്മനാ പരിശ്രമിക്കുകയും ചെയ്തിരിക്കുന്നു. ഇതിനു പുറമേ യോഗാദ്ധ്യക്ഷൻ ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി അവർകളുടെ ആജ്ഞപ്രകാരം യോഗം മുഖേന പ്രത്യേകമായും ഈ ആഘോഷം സംബന്ധിച്ചു ചെയ്തിട്ടുള്ള സമയോചിതവും സ്തുത്യർഹവുമായ ശ്രമങ്ങൾ പ്രസ്താവ യോഗ്യങ്ങളാണ്. സ്വാമി അവർകൾ തന്നെ യോഗം ജനറൽ സിക്രട്ടരിക്ക് ഇതിനെപ്പറ്റി അയച്ച ഒരു ശാസനം താഴെ ചേർക്കുന്നു.

ശ്രീനാരായണ ധർമ്മപരിപാലന യോഗം സിക്രട്ടരിക്ക്:—

നമ്മുടെ കരുണാനിധിയായ പൊന്നു തമ്പുരാൻ തിരുമനസ്സുകൊണ്ടു തിരുമൂപ്പേറ്റ് 25 കൊല്ലം തികയുന്നതായ 86 ചിങ്ങം 3—ാം നു തിരുമേനിയുടെ ദീർഘായുരാരോഗ്യങ്ങളെ ഉദ്ദേശിച്ചു നമ്മുടെ ക്ഷേത്രങ്ങളിലും മാങ്ങളിലും എല്ലാം വിശേഷാൽ പൂജയും ദീപക്കാഴ്ചയും നടത്തുകയും സാധുക്കൾക്കു ഭക്ഷണം കൊടുക്കയും ചെയ്യേണമെന്ന് ആഗ്രഹിക്കുന്നതിനാൽ ആ വിവരം എല്ലാ ക്ഷേത്രങ്ങളിലും മാങ്ങളിലും എഴുതിഅയച്ചു വേണ്ട ഏർപ്പാടുകൾ ചെയ്കയും വേണം.

ശിവഗിരിമഠം, വർക്കല

1085 കർക്കടകം 15 നാരായണഗുരുസ്വാമി (ഒപ്പ്)

ടി ശാസനം അനുസരിച്ച് യോഗം സിക്രട്ടരി തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും കൊച്ചിയിലും കോഴിക്കോട്ടും തലശ്ശേരി മുതലായ സ്ഥലങ്ങളിലുമുള്ള സ്വജനങ്ങളുടെ വക സകല പുതിയ ക്ഷേത്രങ്ങളിലേക്കും എഴുതുകയും തിരുമനസ്സിലെ ഭരണകാലത്ത് ഇവിടത്തെ തീയർക്കുണ്ടായിട്ടുള്ള അനവധി ഗുണങ്ങളെ ഓർത്തു സമുദായം മുഴുവൻ ഈ മഹോൽസവം കൊണ്ടാടാൻ പ്രേരിപ്പിക്കയും ചെയ്തതനുസരിച്ച് ഓരോ ദിക്കിൽനിന്ന് ജൂബിലി ആഘോഷിച്ച വിവരത്തെപ്പറ്റി അയച്ചുതന്ന റിപ്പോർട്ടുകളുടെ ചുരുക്കം വേറൊരു ദിക്കിൽ ചേർത്തിട്ടുണ്ട്. എല്ലാ ദിക്കിലേയും, വിശേഷിച്ച് ബ്രിട്ടീഷ് മലബാറിലേയും, കൊച്ചിയിലേയും സ്വജനങ്ങൾ ഈ വിഷയത്തിൽ പ്രദർശിപ്പിച്ച അസാമാന്യമായ ഉൽസാഹത്തേയും താത്പര്യത്തേയും ഞങ്ങൾ ഏറ്റവും അഭിനന്ദിക്കുന്നു.

വിവേ: 1085 കർക്കിടകം

പട്ടാഭിഷേക മഹോൽസവം

ഇന്ത്യയിലെ നാല്പതു കോടി ജനങ്ങളോടൊത്തു ഞങ്ങൾ ആനന്ദകരമായ ഉൽകണ്ഠാതിശയത്തോടെ പ്രതീക്ഷിച്ചിരുന്ന ആ മഹാസുദിനം ഇതാ വന്നു! മഹാഭോഗരായ നമ്മുടെ ചക്രവർത്തി ജോർജ്ജു പഞ്ചമൻ തിരുമേ

Digitized By Kerala Sahitya Akademi

നിയും മേരി ചക്രവർത്തിനി തിരുമനസ്സുകൊണ്ടും ഇതാ നമ്മുടെ മുമ്പാകെ എഴുന്നള്ളിയിരിക്കുന്നു. വിശ്വാസ്മയകരമായ ആഘോഷങ്ങളോടും ആഡംബരങ്ങളോടുംകൂടി ചരിത്രപ്രസിദ്ധമായ "ഡൽഹി"യിൽ സ്ഥാനചിഹ്നാങ്കിതരായി പരിവാരസമേതം എത്തിച്ചേർന്നിരുന്ന മഹാരാജാക്കൻമാർ, രാജാക്കൻമാർ, രാജപ്രതിനിധികൾ ഇവരുടെ മഹാസഭയിൽ വച്ചു ഈ ഡിസംബർ 12-ാംനു (വൃശ്ചികം 27-ാംനു) പുരാതനവും പരിശുദ്ധവുമായ നമ്മുടെ മഹാരാജ്യത്തിന്റെ മാഹാത്മ്യമേറിയ സാമ്രാജ്യലക്ഷ്മിയുടെ ശ്രീപീഠമായ കിരീടം തിരുമേനികൾ ഇതാ ശിരസ്സിൽ വഹിച്ചുകഴിഞ്ഞിരിക്കുന്നു. ഇത്ര പ്രഭാവവും ഗൗരവവും ഏറിയ ഒരു ഭാരം മനുഷ്യവർഗ്ഗത്തിൽ മറ്റാരുടെയെങ്കിലും തലയിൽ സ്ഥാപിതമായിട്ടുണ്ടോ എന്ന് സംശയമാണ്. നാനാ ഭാഷകൾ, നാനാമതങ്ങൾ, നാനാജാതികൾ, ഇവയുടെ ഭിന്നയോഗ ക്ഷേമങ്ങളെ പിതൃനിർവിശേഷമായ വാൽസല്യത്തോടെ ഏകീകരിച്ച് അനേകകോടി മനുഷ്യർ അടങ്ങിയതും പ്രാചീനവുമായ ഒരു മഹാജനതയെ പണ്ടില്ലാത്തവണ്ണം വർദ്ധിച്ചുവരുന്ന ഐശ്വര്യസമാധാനങ്ങളോടുകൂടി ഭരിച്ചുകൊണ്ടു പോവാൻ കൂപ്പുകെട്ടി കയ്യേറ്റിരിക്കുന്ന ഒരു മഹാഭാരമാണിത്. ലോകക്ഷേമകരമായ ഈ ഭാരം നിർവഹിക്കുന്നതിൽ അപൂർവ ഗുണനിധികളായ ഈ രാജദമ്പതികളെ സർവഥാ അനുഗ്രഹിപ്പാൻ ഭക്തിപൂർവം ഈശ്വരനെ പ്രാർത്ഥിക്കുന്നതിനേക്കാൾ മഹത്തരമായ കൃത്യം ഞങ്ങൾക്ക് ഈ അവസരത്തിലില്ല. നമ്മുടെ പ്രിയമേറിയ ഈ തിരുമേനികൾക്കും രാജകുടുംബത്തിനും ദീർഘായുരാരോഗ്യങ്ങളും, ബ്രിട്ടീഷ് സാമ്രാജ്യത്തിനു നിത്യമായ വിജയവും ഉണ്ടാകുവാൻ സർവാധിപതിയും സർവകാരുണികനുമായ ഈശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ എന്നു കേരളത്തിലെ പതിനെട്ടുലക്ഷം തീയർ പ്രജകൾക്കുവേണ്ടി ഞങ്ങൾ പിന്നെയും പിന്നെയും പ്രാർത്ഥിച്ചുകൊള്ളുന്നു.

വിവേ: 1087 വൃശ്ചികം, ധനു

മംഗളപത്രം

പൊന്നുതമ്പുരാൻ (മൂലം തിരുനാൾ മഹാരാജാവ്—Ed) തിരുമനസ്സിലെ 56—ാമത് ആട്ടത്തിരുനാൾ ഈ കന്നി 20—ാംനു ഏറ്റവും മംഗളമായും ഭംഗിയായും കഴിഞ്ഞുകൂടിയിരിക്കുന്നു. ഈ കൊല്ലം തിരുമനസ്സിലെ കരുണയേറിയ ഗവൺമെൻറിൽ നിന്ന് ഈഴവർക്കു പൂർവാധികം ഉദ്യോഗ ദാനവിഷയത്തിലും മമറും അനുഗ്രഹമുണ്ടായിട്ടുള്ളതു സ്മരണീയമാകുന്നു. തിരുമനസ്സിലെ തിരുനാൾ സംബന്ധിച്ച് ഞങ്ങളുടെ ഹൃദയത്തിൽ തിങ്ങിനിന്നിരുന്ന വിചാരങ്ങൾ എസ്. എൻ. ഡി. പി. യോഗത്തിനുവേണ്ടി യോഗം ജനറൽ സിക്രട്ടരി പതിവുപോലെ ഈ കൊല്ലം സമർപ്പിച്ച താഴെ ചേർക്കുന്ന മംഗളപത്രത്തിൽ പൂർണ്ണമായി സംഗ്രഹിച്ചിരിക്കുന്നു:-

Digitized By Kerala Sahitya Akademi

''പൊന്നുതമ്പുരാൻ തിരുമനസ്സിലെ തൃപ്പാദങ്ങളിൽ ശ്രീനാരായണ ധർമ്മപരിപാലന യോഗത്തിൽ നിന്നും സമർപ്പിച്ചുകൊള്ളുന്ന മംഗളപത്രം

ടി യോഗം തിരുമനസ്സിലെ പ്രജകളിൽ അഞ്ചിൽ ഒന്നോളം ഉള്ളവരും ഏറ്റവും രാജഭക്തരും വിനീതരുമായ ഈഴവ (തീയിരുടെ സമുദായാഭിവൃദ്ധിക്കായി ശ്രമിപ്പാൻ കരുണാനിധിയായ തിരുമനസ്സിലെ ഗവൺമെൻറിൻെറ ദയാപൂർവമായ അനുവാദത്തോടുകൂടി 10 കൊല്ലങ്ങൾക്കുമുമ്പു സ്ഥാപിച്ചു ഗവൺമെൻറിൻെറയും പൊതുജനങ്ങളുടെയും തൃപ്തിക്കും സഹകരണത്തിനും പാത്രമാകത്തക്കവണ്ണം നടത്തപ്പെട്ടുവരുന്ന ഒരു സംഘമാകുന്നു.

പ്രജാവാത്സല്യനിധിയായ തിരുമനസ്സിലെ അസാമാന്യമായ ഭരണ നൈപുണ്യം, പരിഷ്കൃതനയം, ബുദ്ധിവൈഭവം, മനോഗുണം ഇവയുടെ സൽഫലമായി പ്രജാവർഗ്ഗങ്ങളിൽ എല്ലാവരും ഒന്നുപോലെ അനുഭവിച്ചു വരുന്ന അനവധി അനുഗ്രഹങ്ങളെപ്പറ്റി ഈ യോഗം അനുമോദിക്കുന്നതിനു പുറമേ തിരുമനസ്സിലേക്ക് ഈ വർഗ്ഗക്കാരുടെ മേലുള്ള പ്രത്യേക അനുകമ്പയ്ക്കും തിരുവുള്ളത്തിനും അവർ ഏറ്റവും കൃതജ്ഞരാണെന്നുള്ള വസ്തുത വിനയപൂർവം ഉണർത്തിച്ചു കൊള്ളുകയും ചെയ്യുന്നു.

തിരുമനസ്സിലെ ഇപ്പോൾ പൂർണ്ണമാകുന്ന 56-ാമത്തെതിരുവയസ്സ് അവിടത്തേക്കും രാജകുടുംബത്തിനും പ്രജകൾക്ക് എല്ലാവർക്കും രാജ്യം ഒട്ടുക്കും അത്യാനന്ദകരവും ആശാസ്യവുമായ കൊച്ചുതമ്പുരാൻ തിരുമനസ്സിലെ തിരുവവതാര ഭാഗ്യംകൊണ്ടു സവിശേഷം അനുഗൃഹീതമായ ഒന്നാകുന്നു. തിരുമനസ്സിലെ പ്രജാവാൽസല്യാദികളായ ഗുണവിശേഷങ്ങൾ ദിവസംപ്രതി എന്നപോലെ പരിപക്വതയേയും അഭിവൃദ്ധിയേയും പ്രാപിച്ചു ജനങ്ങൾക്ക് അനുഭവഗോചരമായി തീർന്നുകൊണ്ടിരിക്കുന്നു. അവിടത്തെ ദീർഘായുരാരോഗ്യങ്ങളെക്കാൾ ആശാസ്യതരമായി പ്രജകൾക്ക് ഇപ്പോൾ മറെറാന്നില്ലെന്നുള്ളത് നിർവിവാദമാകുന്നു. തിരുമേനി ഇതുപോലെ മംഗളപൂർണ്ണമായ അനവധി തിരുനാൾ മഹോൽസവങ്ങൾ തൃക്കൺപാർത്ത് ആരോഗ്യ ഭാഗ്യങ്ങളോടുകൂടി എഴുന്നരുളിയിരിപ്പാൻ സാക്ഷാൽ ശ്രീപത്മനാഭൻ കടാക്ഷിക്കുമാറാകട്ടെ.

എന്ന് യോഗം ബോർഡിനുവേണ്ടി
വിനീതഭൃത്യനായ
യോഗം ജനറൽ സിക്രട്ടറി''
(ഒപ്പ്)

വിവേ: 1089 ചിങ്ങം, കന്നി

Digitized By Kerala Sahitya Akademi

സഭാവേദി

ശ്രീ. നാ. ധ. പ. യോഗംവക പ്രാതിനിധ്യം

നമ്മുടെ യോഗത്തിൽനിന്നും ഈ 12-ാം ന- യോഗം ആഫീസിൽകൂടിയ കമ്മിറ്റി മെമ്പറൻമാർ മുതലായ അംഗങ്ങളുടെ മീറ്റിങ്ങിൽ സിക്രട്ടറി എൻ. കുമാരൻ ആശാൻ അവർകളെ പ്രജാസഭയിലേക്ക് പ്രതിനിധിയായി തിരഞ്ഞെടുത്തിരിക്കുന്നു. മീറ്റിങ്ങിന്റെ പ്രൊസീഡിംഗ്സ് പേറൊറിടത്തു ചേർത്തിട്ടുണ്ട്. യോഗത്തിൽനിന്നും താഴെ കാണുന്ന വിഷയങ്ങളെയാണ് പ്രജാസഭയിലേക്കു തൽക്കാലം കൊണ്ടുവരാൻ പോകുന്നത്.

വിഷയങ്ങൾ: 1) ഈഴവർക്കു വിദ്യാഭ്യാസ സംബന്ധമായുള്ള സങ്കടങ്ങൾ.

2) ഗവൺമെന്റുദ്യോഗത്തിൽ ഉള്ള തടസ്സങ്ങൾ.

3) നിയമനിർമ്മാണ സഭയിലും ഠൗൺ ഇംപ്രൂവ് മെന്റ് കമ്മിറ്റികളിലും സമുദായത്തിലെ അംഗങ്ങളുടെ അഭാവം.

4) സമുദായംവക ദേവാലയങ്ങൾക്ക് ഗവൺമെന്റ് സഹായം കിട്ടേണ്ടതിന്റെ ആവശ്യകത.

ഇതിൽ 1–ഉം 2–ഉം സംഗതികളും കഴിഞ്ഞ സഭയിൽതന്നെ ഒന്നിലധികം ഈഴവ പ്രതിനിധികളും കൊണ്ടുവന്നിട്ടുള്ളവ ആകുന്നു. അവയെ സംബന്ധിച്ച് ഗവൺമെന്റ് ഇതുവരെ തൃപ്തികരമായി യാതൊന്നും വിചാരിച്ചിട്ടുള്ളതായിക്കാണാത്തതിനാൽ ആവർത്തിക്കേണ്ടതും ആ വിഷയത്തിൽ ഗവൺമെന്റു കാണിച്ച ഉപേക്ഷയെ എടുത്തു പറയേണ്ടതും ആണെന്നു ഞങ്ങൾ വിചാരിക്കുന്നു. ഈഴവരുടെ അവകാശ ക്രമങ്ങൾ മുതലായ പല സംഗതികളും ഒരു ഐകരൂപ്യമില്ലാതെയും വളരെ കുഴപ്പത്തിലും കിടക്കുന്നവയാകയാൽ ഇത്ര വലുതായ ഒരു സമുദായത്തെക്കുറിച്ച് പ്രത്യേക മമതയും പരിജ്ഞാനവുമുള്ള അംഗങ്ങൾ സമുദായത്തിൽനിന്നുതന്നെ നിയമനിർമ്മാണ സഭയിൽ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത വലുതാകുന്നു. സാക്ഷാൽ മുൻസിപ്പാലിറ്റികളുടെ സ്വരൂപത്തെ പ്രാപിപ്പാൻ ഭാവമുള്ള പട്ടണ പരിഷ്കരണകമ്മിറ്റികളിൽ പട്ടണനിവാസികളായ ഈഴവ മറ്റന്യന്മാരെ അംഗങ്ങളായി ഇതുവരെ ചേർപ്പാൻ നല്ലമനസ്സുണ്ടാകാത്ത അധി

Digitized By Kerala Sahitya Akademi

കൃതന്മാർക്ക് അവരുടെ വിസ്മരിക്കപ്പെട്ട അവകാശത്തെ ഓർമ്മപ്പെടുത്തിക്കൊടുക്കുമാറ് ഗവൺമെൻറിനോട് ആവശ്യപ്പെടേണ്ടതും ആവശ്യംതന്നെ.

4–ാമത്തെ വിഷയവും ഏറ്റവും പ്രാധാന്യമുള്ള ഒന്നാകുന്നു. സംസാരിപ്പാൻ നാവും കേൾപ്പാൻ ചെവിയുമില്ലാതിരുന്ന പണ്ടത്തെക്കാലത്തെപ്പോലെ ഇക്കാലത്തും ഈഴവർ അമ്പലത്തിനു പുറത്തു വല്ല മ്ലേച്ഛസ്ഥലങ്ങളിലും കിടന്നു വഴിപാടുകഴിച്ചു തൃപ്തിപ്പെടുമെന്നുള്ളത് അസംഭാവ്യമാകുന്നു. തിരുവിതാംകോട്ടെ പ്രജകളിൽ 6-ൽ ഒരു ഭാഗക്കാരായ അവർ ഹിന്ദുമതസ്ഥരായിരിക്കുന്നതുകൊണ്ടുമാത്രം ആത്മാഭിമാനത്തിനു വിരുദ്ധമായി നടപ്പാൻ നിർബന്ധിക്കുന്നത് പക്ഷപാതരഹിതമായ ഭരണത്തിന് ഉചിതമായിട്ടുള്ളതല്ല. നികുതി മുതലായവ അടയ്ക്കുന്നതിൽ ഏറ്റവും ഗണ്യമായ നിലയിൽ നിൽക്കുന്ന അവരുടെ സമുദായത്തിനു ഗവൺമെൻറു പണം ചിലവഴിച്ചു ഭരിക്കപ്പെട്ടു വരുന്ന സർക്കാർവക ദേവാലയങ്ങളിൽ പ്രവേശം തടുത്തിരിക്കുന്ന സ്ഥിതിക്ക് അവർ സ്വന്തമായി പണങ്ങൾ ചിലവുചെയ്തു നടത്തിവരുന്ന ദേവാലയങ്ങളിലേക്ക് ഗവൺമെൻറിൽനിന്നും സഹായത്തെ അപേക്ഷിക്കുന്നതു യുക്തവും ആ അപേക്ഷയെ ഗവൺമെൻറിന് ഒന്നുകൊണ്ടും ഉപേക്ഷിപ്പാൻ പാടില്ലാത്തതും ആണല്ലോ. അന്യമതസ്ഥൻമാരുടെ പോലും ദേവാലയങ്ങൾക്ക് ആവക സഹായങ്ങൾ ചെയ്തുകൊടുത്തുവരുന്ന തിരുവിതാംകൂർ ഗവൺമെൻറ് സ്വമതസ്ഥരായ സ്വന്തം പ്രജകളെ ആ വിഷയത്തിൽ അല്പവും അധൈര്യപ്പെടുത്തുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല.

ചുരുക്കത്തിൽ ഈയാണ്ടത്തെ പ്രാതിനിധ്യത്തിനായി യോഗം തിരഞ്ഞെടുത്ത എല്ലാ സംഗതികളേയും ഞങ്ങൾ അഭിനന്ദിക്കുന്നു. മറ്റു വല്ല വിവരങ്ങൾകൂടി അന്തർഭവിക്കേണ്ടി ഉണ്ടെങ്കിൽ അവയെ കമ്മിറ്റി മെമ്പറൻമാർ, ഏജൻറൻമാർ, സമാജം സെക്രട്ടറിമാർ മുതലായ യോഗ്യൻമാർ യോഗം സിക്രട്ടരിയെ കഴിയുന്നവേഗത്തിൽ തെര്യപ്പെടുത്തിക്കൊള്ളുമെന്നും വിശ്വസിക്കുന്നു.

വിവേ. 1081 ചിങ്ങം

മദ്രാസ് നിയമനിർമ്മാണ സഭയും തീയരും

ബഹുമാനപ്പെട്ട മന്ദത്തു കൃഷ്ണൻ നായർ അവർകളുടെ ഒഴിവിനു മദ്രാസ് നിയമ നിർമ്മാണ സഭയിൽ ഇപ്പോഴും ഒരു അനുദ്യോഗസ്ഥ സാമാജികനെ നിയമിക്കേണ്ട ആവശ്യകത നേരിട്ടിരിക്കയാണല്ലോ. കേരളത്തിലെ ഏറ്റവും വലിയ ഒരു സമുദായമായ തീയരുടെ ഒരു പ്രതിനിധി നിയമനിർമ്മാണസഭയിൽ ഉണ്ടായിരിക്കേണ്ടതാണെന്ന് അവർക്കുള്ള ന്യായമായ ആഗ്രഹത്തെ ആ വർഗ്ഗക്കാരുടെ പൊതുപ്രാതിനിധ്യം വഹിക്കുന്ന എ.സ്. എൻ. ഡി.

Digitized By Kerala Sahitya Akademi

പി. യോഗത്തിൽനിന്നും മറ്റും പലപ്പോഴും ഗവൺമെൻറിനെ അറിയിച്ചിട്ടുള്ളതാണ്. ഓരോ വർഗ്ഗക്കാർക്കും പ്രത്യേക പ്രതിനിധികളെ അനുവദിക്കുന്നതു ഗവൺമെൻറിനു വല്ല കാരണങ്ങളാലും അസൗകര്യമായിത്തോന്നിയാലും ഒരു വലിയ വരഗ്ഗത്തിൻെറ ആവശ്യത്തേയും സങ്കടത്തേയും ഗണിക്കേണ്ടതാണല്ലോ. അതുകൊണ്ട് ഇപ്പോഴത്തെ ഒഴിവിനു തീയരിൽ യോഗ്യനായ ഒരാളെ തിരഞ്ഞെടുപ്പാൻ ദയയുണ്ടാകേണമെന്നു ഞങ്ങൾ ഗവൺമെൻറിനോടപേക്ഷിക്കയും അപ്രകാരം ചെയ്യുമെന്നു വിശ്വസിക്കയും ചെയ്യുന്നു.

വിവേ: 1085 മിഥുനം

ശ്രീമൂലം പ്രജാസഭ

ഇതിൻെറ എട്ടാമതു സമ്മേളനം കഴിഞ്ഞ ഫെബ്രുവരി 6–ാം നു- ആരംഭിച്ചു മാർച്ച് 5–ാം നു- അവസാനിച്ചിരിക്കുന്നു. ഈ തവണത്തെ സമ്മേളനം എല്ലാം കൊണ്ടും വളരെ മെച്ചമായി എന്നു പറയുന്നതിൽ ഞങ്ങൾ അശേഷം മടിക്കുന്നില്ല. യോഗ്യനായ ദിവാൻ പി. രാജഗോപാലാചാരി അവർകൾ പ്രതിനിധികളോടു കാണിച്ച അനുകമ്പയും ക്ഷമയും പ്രതിപാദ്യ വിഷയങ്ങൾ കേൾക്കുന്നതിൽ പ്രദർശിപ്പിച്ച ശ്രദ്ധയും താത്പര്യവും അന്യാദൃശമായിരുന്നു. അദ്ദേഹത്തിന് ഇപ്പോൾ നമ്മുടെ രാജ്യത്തേയും ജനങ്ങളേയും പറ്റി അറിവാനുള്ളതെല്ലാം അറിയാം. രാജ്യത്തിൻെറയും ജനങ്ങളുടേയും സ്ഥിതിയെ നന്നാക്കുന്നതിന് എന്താണു നമ്മുടെ ഗവൺമെൻറു ചെയ്യേണ്ടതെന്നും അദ്ദേഹത്തിനു മറ്റുള്ളവരെ ഒക്കെക്കാൾ അറിയാമെന്ന് അദ്ദേഹത്തിൻെറ പ്രവൃത്തികളിൽ നിന്ന് നാം കാണുന്നു. നമുക്കുള്ള ഗുണങ്ങളെപ്പറ്റി അദ്ദേഹത്തിനു വളരെ ബഹുമാനവും ദോഷങ്ങളെപ്പറ്റി അനുകമ്പയുമുണ്ട്. പ്രജകളിൽ നൂറിനു തൊണ്ണൂറഞ്ചും നാട്ടുഭാഷ മാത്രമറിയുന്ന കൃഷിക്കാരാകുന്നു. വളരെക്കാലത്തെ പരിചയം കൊണ്ട് മലയാളം നല്ലവണ്ണം അദ്ദേഹത്തിനു മനസ്സിലാക്കാൻ കഴിയുമെന്നു കാണുന്നു. അത് അദ്ദേഹത്തിനും രാജ്യത്തിനും ഗുണകരമായിത്തീർന്നിട്ടുണ്ട്. പ്രജകളുടെ പലപ്രകാരത്തിലുള്ള സങ്കടങ്ങളെ ഉള്ളവണ്ണം അധികൃതൻമാരെ ധരിപ്പിക്കാറാകുന്നത് അവർക്കു വലിയ ആശ്വാസഹേതുവാണ്. പുറത്തുനിന്നു വരുന്ന ദിവാൻജിമാരിൽ അധികംപേരും നാട്ടുഭാഷ അറിയാത്തവരാണ്. അതുകൊണ്ട് ജനങ്ങളുടെ സംഗതികളെപ്പറ്റി അവർക്കു കിട്ടുന്ന അറിവു പലപ്പോഴും കടംവാങ്ങിയതായിരിക്കും. നമ്മുടെ ദിവാൻജിയുടെ ഭരണം ഇത്ര വിജയപൂർവമായിരിക്കുന്നതിൻെറ രഹസ്യങ്ങളിൽ ഒന്ന് ഇതുകൂടി ആയിരിക്കുമെന്നു ഞങ്ങൾ കരുതുന്നു. ദിവാൻജി അവർകളുടെ ഉപസംഹാര പ്രസംഗം കേവലം വസ്തുതകൊണ്ടു നിറഞ്ഞതും അത്യന്തം ഹൃദയംഗവുമായിരുന്നു. ആ പ്രസംഗം അദ്ദേഹത്തിൻെറ അസാധാരണമായ യോഗ്യതയ്ക്കും ഭരണവിഷയത്തിൽ അദ്ദേഹം പ്രദർശിപ്പി

Digitized By Kerala Sahitya Akademi

ക്കുന്ന തീവ്രമായ ശ്രദ്ധയ്ക്കും ജനങ്ങളുടെ നൻമയിൽ അദ്ദേഹത്തിനുള്ള നിഷ്കപടമായ അഭിനിവേശത്തിനും ദൃഷ്ടാന്തമായി ഏന്നും ശോഭിക്കുന്നതാകുന്നു. ഇദ്ദേഹം നമ്മുടെ ദിവാൻജിആയി കുറേക്കാലം കൂടി ഇരിപ്പാൻ ഇടയാകുന്നു എങ്കിൽ നിശ്ചയമായും അതു നാട്ടിനും ജനങ്ങൾക്കും ഗുണകരമായിരിക്കുമെന്നു പറവാൻ ഞങ്ങൾ മടിക്കേണ്ടതില്ല.

ഈ കൊല്ലത്തെ പ്രജാസഭയ്ക്കുള്ള ഒരു പ്രധാന വിശേഷം പുലയരുടെ പ്രതിനിധിയായി അവരുടെ വർഗ്ഗത്തിൽ നിന്നുതന്നെ ഒരാളെ ഗവൺമെൻറിൽ നിന്നു നിശ്ചയിച്ചതാണ്. ഈ ശ്ലാഘ്യകൃത്യത്തിന്ന് ആ വർഗ്ഗക്കാർ മാത്രമല്ല സമസൃഷ്ടിസ്നേഹത്തെ ഒരു ഉൽകൃഷ്ടഗുണമായി ഗണിക്കുന്ന ഏതു വർഗ്ഗക്കാരും നമ്മുടെ ദിവാൻജി അവർകളെ അഭിനന്ദിക്കയും അദ്ദേഹത്തോടു കൃതജ്ഞരായിരിക്കയും ചെയ്യേണ്ടതാകുന്നു.

ഈഴവരിൽനിന്നു ഈ കൊല്ലം യോഗം പ്രതിനിധികൾക്കു പുറമേ ആറു പ്രതിനിധികളെക്കൂടി ഗവൺമെൻറിൽ നിന്നു ദയചെയ്തു നിയമിച്ചിരുന്നതിനെപ്പറ്റി ഞങ്ങൾ ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവരുടെ പേരുകൾ 1. (വിളവങ്കോട്ടു താലൂക്കിൽനിന്നും) ഏ. പൽപു ബി.ഏ. അവർകൾ 2. (ചിറയിങ്കീഴു നിന്നും) കൊച്ചുപപ്പു തരകൻ അവർകൾ 3. (കാർത്തികപ്പള്ളിയിൽ നിന്നും) ആലുംമൂട്ടിൽ കൊച്ചുകുഞ്ഞു ചാന്നാർ അവർകൾ 4. (കോട്ടയത്തുനിന്നും) സി. കെ. കൃഷ്ണപ്പണിക്കർ അവർകൾ 5. (ആലപ്പുഴ നിന്നും) ഗോവിന്ദൻ കേശവൻ അവർകൾ 6. (പറവൂർ നിന്നും) ഉൻറാമൻ കൃഷ്ണൻ അവർകൾ. ഈ എല്ലാ പ്രതിനിധികളും അവരവരുടെ വിഷയങ്ങൾ തൃപ്തികരമായി പ്രതിപാദിച്ചിരിക്കുന്നു എന്നുള്ളതു ഞങ്ങൾക്കു ചാരിതാർത്ഥ്യജനകമാണ്. യോഗം പ്രതിനിധി എൻ. കുമാരനാശാൻ അവർകൾ ഈഴവരിൽ നിന്ന് അവരുടെ സംഖ്യാബലത്തെ ആസ്പദമാക്കി ഏതാനും പ്രതിനിധികളെക്കൂടി കൊല്ലംതോറും ഒരു തോതനുസരിച്ചു നിയമേന ഗവൺമെൻറിൽ നിന്നു നിയമിക്കേണ്ട ആവശ്യകതയെപ്പറ്റി സകാരണം പ്രസ്താവിക്കയും ദിവാൻജി അവർകൾ അതിന് അനുകൂലമായി മറുപടി പറകയും ചെയ്തു. ഈ മറുപടി ഫലത്തിൽ വന്നുകാണുമ്പോൾ അതു സമുദായത്തിനു നിശ്ചയമായും ഗണ്യമായ ഒരു ഗുണമായിത്തീരുന്നതാണെന്നു പറയേണ്ടതില്ലല്ലോ. എൻ. കുമാരനാശാൻ അവർകൾ ഇപ്പോഴത്തെ ഗവൺമെൻറ് തൻെറ വർഗ്ഗക്കാരോടു കാണിക്കുന്ന ഗണ്യമായ അനുകമ്പയെപ്പറ്റി നന്ദിപറകയും ഉദ്യോഗദാനവിഷയത്തിൽ ഇനിയും പല ഡിപ്പാർട്ടുമെൻറുകളിലും വിശേഷിച്ചു പില്ലറ ഉദ്യോഗങ്ങളിലും തൻെറ വർഗ്ഗക്കാർക്കു ധാരാളം പ്രവേശനം കിട്ടുന്നില്ലെന്നുള്ളതിനെപ്പറ്റി പറകയും ആ വിഷയത്തിൽ ഗവൺമെൻറു മേലാൽ പ്രത്യേകം ശ്രദ്ധ ദയവായി പ്രവർത്തിക്കണമെന്നു അപേക്ഷിക്കയും ചെയ്തു. ഈ ഒടുവിൽ പറഞ്ഞ വിഷയം ഉൻറാമൻ കൃഷ്ണൻ അവർകൾ, സി. കെ. കൃഷ്ണപ്പണിക്കർ അവർകൾ ഇവരും പ്രതിപാദിച്ചിരുന്നു. ദിവാൻജി നോട്ടു ചെയ്തിരിക്കുന്നതായി മറുപടി പറഞ്ഞു.

Digitized By Kerala Sahitya Akademi

മിസ്റ്റർ. എ. പൽപ്പുതന്നെക്കൂടി തന്റെ വർഗ്ഗത്തിന്റെ പ്രതിനിധ്യം വഹിപ്പാൻ ഗവൺമെന്റ് ദയചെയ്തു നിയമിച്ചതിനെപ്പറ്റി നന്ദിപറകയും 1. മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ വിശേഷിച്ചും നാട്ടുവൈദ്യശാലകളുടെ അധികം തൃപ്തികരമായ ഭരണത്തിനു ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടേണ്ട പല സാമൂഹിയ സംഗതികളേയും പറിയും 2. മലയാള സാഹിത്യത്തെ പരിഷ്കരിക്കയും അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നതു ഗവൺമെന്റു തന്റെ കൃത്യങ്ങളിൽ ഒന്നായി വിചാരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും സരസമായും സാരഗർഭമായും പ്രസംഗിച്ചു. ഈ രണ്ടു പ്രസംഗങ്ങളും സാമാന്യത്തിലധികം നന്നായി. കൊച്ചുപപ്പുതരകൻ പെൺകുട്ടികളെ സംബന്ധിച്ചിടത്തോളമെങ്കിലും പള്ളിക്കൂടത്തിൽ ഹാജരാകേണ്ട ദിവസങ്ങളുടെ സംഖ്യ അവരുടെ പ്രത്യേക അസൗകര്യങ്ങളെ ഗണ്യമാക്കി അധികപ്പെടുത്തേണ്ടതിന്റെയും മറും ആവശ്യകതയെപ്പറ്റി പ്രസ്താവിച്ചു. അതിന് അനുകൂലമായ മറുപടി കിട്ടി. കൊച്ചുകുഞ്ഞുചാന്നാർ അവർകൾ പുഞ്ചക്കൃഷിക്കുള്ള ചില അസൗകര്യങ്ങളെയും ചില റോഡുകളുടെ ആവശ്യത്തെയും പററി പ്രസ്താവിച്ചു. കുത്തകപ്പാട്ടം നിലങ്ങൾക്കുള്ള നെൽക്കരം പണമായി ഒടുക്കുന്നതിന് അനുവാദമുണ്ടാകണമെന്നുള്ളതും ചാന്നാരുടെ ഒരു വിഷയമായിരുന്നു. മറുപടി അനുകൂലമായിരുന്നില്ല. സി. കെ. കൃഷ്ണപ്പണിക്കർ അവർകളുടെ ഒരു വിഷയം കോട്ടയത്തു ചില റോഡുകൾ വെട്ടിക്കൊടുക്കേണമെന്നായിരുന്നു. ഗവൺമെന്റു നോട്ടു ചെയ്തു. ഗോവിന്ദൻ കേശവൻ അവർകൾ വാടത്തോട്ടിനുവടക്കുവശം ഗവൺമെന്റു പൊന്നും വിലയും കൊടുത്ത് ഒഴിപ്പിച്ചിരുന്ന സ്ഥലങ്ങളിൽ ഇപ്പോൾ ബാക്കി കിടക്കുന്നത് ഉടമസ്ഥൻമാർക്കുതന്നെ വിലവാങ്ങിക്കൊണ്ടു മടക്കികൊടുക്കേണ്ടതിനെപ്പറ്റി ആയിരുന്നു പ്രതിപാദിക്കേണ്ടിയിരുന്നത്. പക്ഷേ തന്റെ മെമ്മോറാണ്ടം അയച്ചു കഴിഞ്ഞശേഷം ഗവൺമെന്റ് ആ കാര്യത്തിൽ അനുകൂലമായി ഉത്തരവു പുറപ്പെടുവിച്ചിരുന്നു. ആ വിവരം പ്രസ്താവിച്ച് അദ്ദേഹം ഗവൺമെന്റിനു വന്ദനം പറകയും ആ വിഷയത്തിൽ നിന്നു പിൻവലികയും ചെയ്തു. ചേർത്തല താലൂക്കിലുള്ള ചില പെൺപള്ളിക്കൂടങ്ങളിലും ആൺപള്ളിക്കൂടങ്ങളിലും ഇപ്പോഴും ഈഴവക്കുട്ടികളെ പ്രവേശിപ്പിക്കുന്നില്ലെന്നുള്ളതിനെപ്പറ്റിയും അദ്ദേഹം പ്രതിപാദിച്ചു. ഗവൺമെന്റു നോട്ടുചെയ്തു. ഉൻറാമൻ കൃഷ്ണൻ അവർകൾ മുനമ്പം കുത്തകപ്പാട്ടം സ്ഥലങ്ങൾക്കുള്ള നികുതി വഴക്കിൽ ഗവൺമെന്റു കുടികൾക്കു ഒരുവിധം ആശ്വാസകരമായ വിധത്തിൽ ഒടുവിൽ ചെയ്തിരിക്കുന്ന തീരുമാനത്തെപ്പറ്റി ഗവൺമെന്റിനു വളരെ വളരെ നന്ദി പറകയും തന്റെ മറു വിഷയങ്ങളെ തൃപ്തികരമാംവണ്ണം പ്രതിപാദിക്കയും ചെയ്തു.

Digitized By Kerala Sahitya Akademi

പ്രജാസഭയും ഈഴവരും

കഴിഞ്ഞ പ്രജാസഭയിൽ ''ശ്രീനാരായണ ധർമ്മ പരിപാലനയോഗം'' പ്രതിനിധിയും മറൊരു ഈഴവ സാമാജികനും ഈഴവരുടെ ജനസംഖ്യയ്ക്കും മറ്റു വിധത്തിലുള്ള ആ ജാതിക്കാരുടെ പ്രാധാന്യത്തിനും അനുസരണമായി ഒരു ക്ലിപ്ത സംഖ്യയിൽ കുറയാത്ത സാമാജികൻമാർ എപ്പോഴും പ്രജാസഭയിൽ ഉണ്ടായിക്കേണ്ടതാവശ്യമാണെന്നും, ഇപ്പോഴത്തേമാതിരിയുള്ള ജനങ്ങളുടെ തിരഞ്ഞെടുപ്പിൽ ഇതു സാധിക്കുന്നതല്ലെന്നും, അതിനു ദൃഷ്ടാന്തമായി ഇതുവരെ കരുനാഗപ്പള്ളി താലൂക്കിൽ നിന്നുമാത്രമേ ഈഴവ പ്രതിനിധി ഉണ്ടായിട്ടുള്ളു എന്നും, അതിനാൽ ഏതെങ്കിലും ഒരു നിയമമനുസരിച്ച് സർക്കാരിൽ നിന്നും ഏതാനും അംഗങ്ങളെ കൊല്ലംതോറും നിശ്ചയിക്കേണ്ടതാണെന്നും പ്രസ്താവിച്ചതിനെ ഗവൺമെൻറിൽ നിന്നും ദയയായി ആലോചിച്ച് അനുകൂലമായ ഉത്തരവുണ്ടാക്കിയിരിക്കുന്നുവെന്നു സന്തോഷപൂർവം വായനക്കാരെ അറിയിക്കയും അതിനായി ഞങ്ങൾ ഹൃദയപൂർവം ഗവൺമെൻറിനോടു നന്ദി പറഞ്ഞുകൊള്ളുകയും ചെയ്യുന്നു. ഇതിനെപ്പറ്റി ഉണ്ടായ നമ്പർ പി. 864 സെപ്റ്റംബർ 25–ാംന- യിലെ ഗവൺമെൻറ് പ്രൊസീഡിംഗ്സിൽ കൊല്ലംതോറും ഗവൺമെൻറിൽ നിന്നു നിശ്ചയിക്കുന്ന അംഗങ്ങളിൽ ആറെണ്ണം ഈഴവരായിരിക്കുന്നതാണെന്നു തീർച്ചയാക്കിയിരിക്കുന്നു.

6 ലക്ഷം ജനസംഖ്യയുള്ളവരും വളരെ ഭൂസ്വത്തുള്ളവരും ആയ ഈഴവർക്കു ശ്രമിച്ചാൽ മറ്റുള്ള ജാതിക്കാരെപ്പോലെ ഒരു ഗണ്യമായ സംഖ്യ പ്രജാസഭയിലും വരുത്തുന്നതിനു ഗവൺമെൻറിൻെറ സഹായം കൂടാതെ തന്നെ സാധിക്കേണ്ടതാണ്. 50 രൂപയ്ക്കുമേൽ കരം തീർക്കുന്ന അനേകം ഈഴവ ധനവാൻമാർക്ക് .എന്തോ കാരണവശാൽ ഇതുവരെ 'വോട്ടു' ചെയ്യുന്നവരുടെ കൂട്ടത്തിൽ പെടുന്നതിനിടയായിട്ടില്ലെന്നു ഞങ്ങൾക്കറിയാം, ആയതിനാൽ അടുത്ത സഭയ്ക്കു വോട്ടിന് അധികാരമുള്ളവർ എല്ലാം അതിനെ സമ്പാദിച്ചു താലൂക്കുതോറും അവരുടെ ശക്തിയേയും പ്രാമാണ്യത്തെയും പ്രജാസഭയ്ക്കുള്ള തിരഞ്ഞെടുപ്പിൽ പ്രദർശിപ്പിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

വിവേ: 1088 ചിങ്ങം, കന്നി

പുലയരും പ്രജാസഭയും

രാജഗോപാലാചാരി അവർകളുടെ ഭരണകാലത്താണ് പ്രജാസഭയിൽ ആദ്യമായി പുലയർക്കു പ്രതിനിധികളെ അയപ്പാനുള്ള അവകാശം ലഭിച്ചത്. പുലയർക്കു സംഖ്യകൊണ്ടുള്ള പ്രാധാന്യമാണ് ഈ മഹാനുഭാവനെ ഈ ഉചിതകൃത്യത്തിൽ പ്രേരിപ്പിച്ചതെന്നുള്ളതിൽ സംശയമില്ല. അവരേ

Digitized By Kerala Sahitya Akademi

ക്കാൾ സാമുദായിക സംഗതികളിൽ അധികം ഉയർന്ന മറ്റുപല വർഗ്ഗക്കാർക്കും ഇതുവരെ പ്രത്യേകം പ്രാതിനിദ്ധ്യം ലഭിച്ചിട്ടില്ലാത്തതു തന്നെ അങ്ങിനെയുള്ളവരുടെ സംഖ്യ പരിഗണനയെ അർഹിക്കത്തക്കവണ്ണം അത്ര വലുതല്ലാഞ്ഞിട്ടാണല്ലോ. പുലയപ്രതിനിധി നിയമനത്തിന്റെ ചരിത്രം നോക്കിയാൽ ആദ്യത്തെ രണ്ടു കൊല്ലം ഈ വർഗ്ഗക്കാർക്കുവേണ്ടി ഇതര ജാതീയനായ ഒരു യോഗ്യനേയും, പിന്നെ സാധുജന പരിപാലന സംഘം സെക്രട്ടറിയായ മിസ്റ്റർ കാളിയേയും ആയി ഓരോ പ്രതിനിധികളെ മാത്രമായിരുന്നു അനുവദിച്ചിരുന്നത്. അതിനുശേഷം ഉത്തര തിരുവിതാംകൂറിലെ പുലയരുടെ പ്രത്യേക സങ്കടങ്ങളെപ്പറ്റി പ്രതിപാദിപ്പാനായി ആ പ്രദേശത്തുനിന്നു സാധുജനപരിപാലന സംഘത്തിന്റെ പ്രതിനിധിയായിട്ടാണ് മിസ്റ്റർ ചരതനെ നിയമിച്ചത്. കഴിഞ്ഞകൊല്ലം പ്രതിനിധികളുടെ ആകെയുള്ള സംഖ്യയെ ഗവൺമെൻറ് ഒന്നു വർദ്ധിപ്പിച്ചു പഴയ നിയമം പരിഷ്കരിച്ചതോടുകൂടി പുലയ പ്രതിനിധികളുടെ സംഖ്യ മൂന്നാക്കുകയും മദ്ധ്യതിരുവിതാംകൂറിൽ നിന്നു മിസ്റ്റർ ചോതിയെകൂടി നാമനിർദ്ദേശം ചെയ്തെടുക്കയുമാണുണ്ടായത്. ഇങ്ങിനെ പുലയർക്ക് ഇപ്പോഴും മൂന്നു പ്രതിനിധികളെ അനുവദിച്ചു കൊടുത്തിരിക്കുന്നു. അവർക്കു സാമുദായികമായുള്ള സങ്കടം മഹാരാജാവു തിരുമനസ്സിലെ പ്രജകളിൽ സങ്കടമുള്ള മറ്റു സകല വർഗ്ഗക്കാരുടേതിനേയുമപേക്ഷിച്ചു കഷ്ടതരമാണെന്നുള്ളതു നിരാക്ഷേപമാകയാൽ ഈ സംഖ്യ അവരുടെ ജനസംഖ്യയനുസരിച്ചു താരതമ്യപ്പെടുത്തിയാൽ അധികമായിപ്പോയി എന്നു് ആർക്കും പറവാൻ തരമില്ലാത്തതുമാണ്.

എന്നാൽ ഈ നിയമനത്തിന്റെ മൂലതത്വത്തെപ്പറ്റി ഒരു വാക്കു പറയേണ്ടിയുണ്ട്. പുലയരുടെ ഇപ്പോഴത്തെ ദയനീയ സ്ഥിതിയിൽ നിന്ന് അവരെ ഉദ്ധരിച്ച് രാജ്യഭരണ സംബന്ധമായ അവകാശങ്ങളിലും അനുഗ്രഹങ്ങളിലും മറ്റു വർഗ്ഗക്കാരെപ്പോലെ അവരെയും ഭാഗഭാക്കുകളാക്കേണമെന്നുള്ളതാണല്ലോ ഗവൺമെൻറിന്റെ ഉദ്ദേശം. എന്നാൽ പുലയർക്കു പ്രതിനിധികളെ അനുവദിക്കയും വിദ്യാഭ്യാസ സംബന്ധമായും മറ്റും ചില സൗജന്യങ്ങൾ ഗവൺമെൻറിൽനിന്നു പ്രത്യേകം ചെയ്തു തുടങ്ങുകയും ചെയ്തപ്പോൾ ആ ഗുണഫലങ്ങളെ അനുഭവിപ്പാൻവേണ്ടി പുലയരിൽ നിന്നു മുമ്പേ തന്നെ കൃസ്ത്യാനികളായി തീർന്നിരുന്ന ചില കൂട്ടർ കൂടി ആ സംഘത്തിന്റെ പ്രതിനിധികളുടെ നിലയിൽ കാര്യാർത്ഥമായി വന്നു കൂടുകയും പ്രജാസഭയിൽ പ്രതിനിധികളായും മറ്റും നിയമിക്കപ്പെടുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞ സമ്മേളനത്തിൽ മിസ്റ്റർ ചരതൻ കേവലം കൃസ്ത്യനും ഹിന്ദുപുലയരുടെ അഭിവൃദ്ധിയിൽ യാതൊരു താല്പര്യവുമില്ലാത്ത ആളുമാണെന്നും മറ്റും സഭാസമക്ഷം മിസ്റ്റർ കാളി തന്നെ സൂചിപ്പിച്ചു സംസാരിച്ചിരുന്നു. അതുകൊണ്ടു പുലയരുടെ നിയമനത്തിൽ അതിന്റെ ഉദ്ദേശം വിഫലമായിപ്പോകാതിപ്പാൻ വേണ്ടതു ഗവൺമെൻറു മുൻകൂട്ടി ആലോചിക്കുമെന്നും കടവാതിൽ പോലെ പക്ഷിയോ

Digitized By Kerala Sahitya Akademi

മൃഗമോ എന്നു തിരിച്ചറിയാൻ പാടില്ലാത്ത പ്രതിനിധികളേക്കാൾ സാക്ഷാൽ പുലയരുടെ ഉദ്ധാരണത്തിന് ഉപയുക്തമാകത്തക്ക പ്രതിനിധികളെ ത്തന്നെ അവരിൽ നിന്നും നിയമിപ്പാൻ നോക്കുമെന്നും വിശ്വസിക്കുന്നു. കൃസ്ത്യാനിപ്പുലയർക്കും സാമുദായികമായുള്ള ചില സങ്കടങ്ങളെപ്പററി ഞങ്ങൾ അടുത്ത ഒരവസരത്തിൽ വിമർശിക്കുന്നതാണ്.

വിവേ: 1090 തുലാം

തിരഞ്ഞെടുപ്പു പരാതി

പ്രജാസഭയിലേക്കു താലൂക്കുകളിൽ നിന്നും പ്രതിനിധികളെ തിര ഞ്ഞെടുക്കുന്ന വിഷയത്തിൽ അപ്രത്യക്ഷമായി വലിയ അനീതികൾ നടക്കു ന്നുണ്ടെന്നുള്ളതു രഹസ്യമല്ല. ഈ അനീതിക്കു പെട്ടെന്ന് ഉപശമനമുണ്ടാ ക്കാൻ നിവൃത്തി കാണാഞ്ഞിട്ടാണ് തൽക്കാലം ചില വർഗ്ഗക്കാർക്കു നിയമനങ്ങൾ (Nomination) അനുവദിച്ചുകൊടുത്തത്. എന്നാൽ അത് ആ അനീതികൊണ്ടു സങ്കടമനുഭവിക്കുന്ന വർഗ്ഗക്കാർക്ക് ഒരു ആശ്വാസ മായി എന്നല്ലാതെ ആ അനീതിക്കു ന്യായമായ പരിഹാരമായിട്ടില്ലെന്നുള്ളതു പ്രത്യക്ഷമാണല്ലോ. പരിഹാരമാർഗ്ഗത്തെപ്പററി ഞങ്ങൾക്കു പല സൂചന കളും നൽകാനുണ്ട്. എന്നാൽ അതു മറെറാരവസരത്തിലേക്കു വച്ചിട്ടു തൽകാലം ഈയിടെ തിരഞ്ഞെടുപ്പിൽ നടന്ന പ്രത്യക്ഷമായ ഒരു അനീതിയെ ഗവൺമെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരികയും അതിൻെറ ന്യായമായ പ്രതിവിധിയെ ആശാപൂർവം പ്രതീക്ഷിക്കുകയുമാണു ചെയ്യുന്നത്.

വാരണപ്പള്ളിയിൽ ചാങ്കൂർ വടക്കേതിൽ കൃഷ്ണപ്പണിക്കർ അവർകൾ മാവേലിക്കര ഔൺ ഇംപ്രൂവ്മെൻറ് കമ്മിററിയിൽ ഒരു മെമ്പറാണ്. (തുലാം) 15–ാംനു- മാവേലിക്കരത്താലൂക്കിലെ തിരഞ്ഞെടുപ്പു യോഗത്തിൽ പടിഞ്ഞാറെ ഗ്രൂപ്പിൽ അദ്ദേഹത്തിന് 26–ം മുൻസിഫ് കോർട്ടു വക്കീൽ എൻ. ജി. പരമേശ്വരൻപിള്ള അവർകൾക്ക് 27–ം വോട്ടുകൾ കിട്ടുകയാൽ ഈ ഒടുവിൽ പറഞ്ഞ മാന്യനെയാണ് തിരഞ്ഞെടുത്തിരിക്കുന്ന തായി റിപ്പോർട്ടു ചെയ്തിട്ടുള്ളത്. എന്നാൽ ഈ തിരഞ്ഞെടുപ്പിൽ ഞറു ക്കുകൾ കൂട്ടിച്ചേത്ത് എണ്ണുന്നതിനു മുമ്പേതന്നെ കൃഷ്ണപ്പണിക്കർക്കു വോട്ടു ചെയ്യാൻ വാഗ്ദാനം ചെയ്തിരുന്ന രണ്ടു യോഗ്യരായ വോട്ടർമാർ വന്നു ചേരുകയും അവരുടെ വോട്ടുകൾകൂടി വാങ്ങണമെന്നാവശ്യപ്പെടു കയും ചെയ്തതിൽ അദ്ധ്യക്ഷൻ അവരുടേയും മാന്യൻമാരായ മറുപല വോട്ടർമാരുടേയും അപേക്ഷയെ തിരസ്കരിച്ച് അവരെ ഇച്ഛാഭംഗപ്പെടു ത്തുകയുമാണ് ചെയ്തിരിക്കുത്. മുൻ അവസരങ്ങളിൽ ഈ താലൂക്കിൽ എന്നല്ല മററു താലൂക്കുകളിലും ഹാജരുള്ള വോട്ടർമാരെ വീണ്ടും വീണ്ടും വിളിച്ചു ചോദിച്ച് അവസാനം വരെ ഞറുക്കു വാങ്ങിക്ക പതിവായിരുന്നു.

Digitized By Kerala Sahitya Akademi

ഈ തവണ മേൽപറഞ്ഞ രണ്ടു വോട്ടർമാർ ആവശ്യപ്പെട്ടിട്ടുകൂടി അവരുടെ വോട്ടിനെ തിരസ്കരിച്ചതാണ് പ്രത്യക്ഷത്തിൽ അനീതിയെന്നു ഞങ്ങൾ പറയുന്നത്. ഇതിനെപ്പറ്റി ഗവൺമെൻറ് ദയവുചെയ്തു അന്വേഷണം നടത്തി വേണ്ടതു ഉടനെ പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

വിവേ: 1090 തുലാം

മിസ്റ്റർ കുമാരൻ ആശാൻ ശ്രീമൂലം പ്രജാസഭയിൽ

(ന. ദീപികയിൽ നിന്നു്)

മിസ്റ്റർ എൻ. കുമാരൻ ആശാൻ (ഗ. നി. മെ. തിരുവനന്തപുരം) തന്റെ പ്രസംഗം ആരംഭിക്കുന്നതിനു മുമ്പായി ആയുർവേദ പാഠശാലയിൽ സകലജാതിക്കാർക്കും പ്രവേശനം കൊടുത്തതിനെ സംബന്ധിച്ചു മഹാരാജാവു തിരുമനസ്സിലെ നേർക്കും അവിടത്തെ മന്ത്രിസത്തമന്റെ നേർക്കും നന്ദി പറഞ്ഞു.

"സംസ്കൃത പാഠശാലയിൽ എല്ലാവർക്കും പ്രവേശനം കൊടുക്കണം. സംസ്കൃത വിദ്യാഭ്യാസംകൊണ്ടു മനുഷ്യനു പലവിധമായ ആത്മജ്ഞാനങ്ങൾ ഉണ്ടാകുന്നതാകയാൽ അത് ഏവർക്കും അത്യാവശ്യമാണ്. ആയുർവേദ പാഠശാലയിലെ പഠനം ആശാസ്യമല്ല. ഈ വിഷയത്തെക്കുറിച്ചു മാറു മെമ്പർമാർ പറഞ്ഞതിനോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ആയുർവേദ ചികിൽസയുടെ ഗുണം അതിന്റെ പ്രയോഗത്തിൽ ആണിരിക്കുന്നത്. കേവലം പഠനംകൊണ്ടു വൈദ്യനാകുന്നില്ല. പരിചയമാണ് ഏവനേയും വൈദ്യനാക്കിത്തീർക്കുന്നത്. മുൻകാലത്തു ശാസ്ത്രങ്ങൾ പഠിക്കുന്നതിനു മുൻപ് രോഗങ്ങൾ കണ്ടു പരിചയിക്ക, ഔഷധങ്ങൾ ഉണ്ടാക്കുക, ചികിൽസാവിധികൾ നിശ്ചയിക്കുക, അതു കാണുക എന്നിവ ചെയ്തിരുന്നു. ഇപ്പോഴത്തെ പരീക്ഷാ വിജയികളായ വൈദ്യൻമാർക്കു മുത്തങ്ങാപ്പുല്ലും, പർപ്പടകപ്പുല്ലും തിരിച്ചറിയാൻ പാടില്ല. അതിനാൽ ഗവൺമെൻറ് ഈ കാര്യങ്ങൾ സശ്രദ്ധം പര്യാലോചിക്കണം."

അനന്തരം മെംബർ ഈഴവരുടെ സങ്കടങ്ങളെ സംബന്ധിച്ചു പറയാൻ തുടങ്ങി:—

"ഈ വിഷയം കണ്ടപ്പോൾ എന്റെ ചില സ്നേഹിതൻമാർ 'ഇപ്പോൾ നിങ്ങൾക്കു വല്ല സങ്കടവും ഉണ്ടോ?' എന്നു ചോദിക്കയുണ്ടായിട്ടുണ്ട്."

ദിവാൻ: "ഞാനും ഇതുതന്നെ ചോദിക്കുന്നു. സംസ്ഥാനത്തിൽ ആകെ 1771 സ്കൂളുകൾ ഉള്ളതിൽ പ്രവേശനം ഇല്ലാതെ 24 ആൺപള്ളിക്കൂടങ്ങളും 34 പെൺപള്ളിക്കൂടങ്ങളുമേയുള്ളു. എന്നാൽ അതിനുമാത്രം പല സൗകര്യങ്ങൾ അനുവദിച്ചിട്ടുമുണ്ട്."

Digitized By Kerala Sahitya Akademi

മെംബർ: "ഞങ്ങൾക്കു തെക്കൻ തിരുവിതാംകൂറിൽ വലിയ പ്രയാസമില്ല. മദ്ധ്യതിരുവിതാംകൂറിലും വടക്കൻ തിരുവിതാംകൂറിലും പല സ്കൂളുകളിലും പ്രവേശനം കിട്ടാതെയുണ്ട്. ഇവയിൽ സർവപ്രധാനമായ താലൂക്ക് ചേർത്തലയാണ്. അവിടെ തണ്ണീർമുക്കം എൽ. ജി. ഇ. ഗറൽ സ്കൂളിൽ ഇതുവരെ പ്രവേശനം കിട്ടിയിട്ടില്ല. ചേർത്തല ഈഴവർ 63000 ആണ്. അവിടെ നായൻമാർ 18000 മാത്രമേയുള്ളു. ഈ കണക്കു കൊണ്ട് ഈഴവരുടെ അവിടത്തെ സ്ഥാനത്തേയും മാനത്തേയും കുറിച്ച് അറിയാം. ഇവർ നല്ല വ്യവസായ തത്പരൻമാരാണ്. ഇവർ ഗവൺമെൻറിലേക്ക് വളരെ ഉപകാരം ചെയ്യുന്നുണ്ട്. തണ്ണീർമുക്കം സ്കൂൾ ഈഴവർക്കു പ്രവേശനം അനുവദിച്ച സ്കൂളാണ്. മുമ്പ് അവിടെ നടന്നു വന്ന പ്രൈവറ്റ് സ്കൂളിന്റെ നാശത്തോടുകൂടി ഈഴവർക്കു പ്രവേശനം കിട്ടാതെയായി. ഈഴവർക്കു 100ക്കു 18 വീതം പുരുഷൻമാർ വിദ്യാഭ്യാസമുള്ളവരാണ്. സ്ത്രീകൾ 100ക്ക് 1 വീതമേയുള്ളു. ഇതാണു ഞങ്ങളുടെ സങ്കടത്തിനു പ്രധാന കാരണം. ആൺപള്ളിക്കൂടങ്ങളിൽ പെൺകുട്ടികൾക്കു പ്രവേശനം കിട്ടാതെ ആയതോടുകൂടി ഞങ്ങളുടെ സങ്കടം വർദ്ധിച്ചു."

ദിവാൻ (റിക്കാർട്ടുവരുത്തി) "തണ്ണീർമുക്കം സ്കൂളിനടുത്തു ക്ഷേത്രക്കുളമായിരുന്നു എന്നു ഡയറക്ടർ സമാധാനം പറയുന്നു."

മെംബർ: ഈ സമാധാനം ശരിയല്ല. ഇതിനേക്കാൾ വളരെ അടുത്ത ക്ഷേത്രത്തിനടുത്തുകൂടി വഴി പോകുന്നതും അതിൽകൂടി ഈഴവർ കടന്നു പോകുന്നതുമാകുന്നു. അവിടത്തെ പരിഷ്കൃത മാനസൻമാരായ ആളുകൾക്ക് ഈ അഭിപ്രായമില്ല. അതിനാൽ ഒരു ചെറിയ ജനസമുദായത്തിന്റെ ഇഷ്ടത്തെക്കരുതി ഒരു വലിയ ജനസമുദായത്തിനു സങ്കടം വരുത്തുന്നതു ശരിയല്ല. ഗവൺമെൻറ് ഈ കാര്യത്തിൽ വേണ്ടതു പ്രവർത്തിക്കണം."

ദിവാൻ:- "ഏസ്."

മെംബർ:- ഇനിയും വയലാർ, പട്ടണക്കാട്, കോടൻതുരുത്ത്, കുത്തിയതോട്, ഏരാനല്ലൂർ, സാക്ഷാൽ ചേർത്തല, വൈക്കം എലിമെൻററി ആൺ പെൺ പള്ളിക്കൂടങ്ങൾ, പാണാവള്ളി ആൺ പള്ളിക്കൂടം ഇവയിലും അമ്പലപ്പുഴ, മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ല എന്നീ താലൂക്കുകളിൽ പല സ്കൂളുകളിലും പ്രവേശനം കിട്ടാതെയുണ്ട്."

ദിവാൻ:- "സമയമധികമാകുന്നു. ലിസ്റ്റുകൊടുക്കുക."

മെംബർ:- "എന്റെ സങ്കടമാണ്"

ദിവാൻ:- സങ്കടം കേൾക്കാൻ ഞാൻ തയാറാണ്.

മെംബർ:- "ഈഴവ മുൻഷിയുണ്ടായിരുന്ന കായംകുളത്ത് ഈഴവർക്കു പ്രവേശനം കിട്ടിയിട്ടില്ല. ഇതുപോലെ അരിപ്പാട്ടു സ്കൂളിലും പ്രവേശനം കിട്ടാൻ തടസ്സമുണ്ടായിരിക്കുന്നു."

Digitized By Kerala Sahitya Akademi

ദിവാൻ:- "ഞാൻ അവിടെ സർക്കീട്ടുചെന്ന അവസരത്തിൽ ജനങ്ങളും സങ്കടങ്ങളും പറഞ്ഞപ്പോൾ അവരെ ചേർക്കുന്നതാണെന്നു പറഞ്ഞിട്ടുണ്ട്. അതു തന്നെയല്ലയോ നിങ്ങളും പറയുന്നത്?"

മെംബർ:- "അതെ ഈ സ്കൂളിൽ ചേരുന്നതിന് ആദ്യം ഇൻസ്പക്ട്രസ്സ് ഉത്തരവു കൊടുത്തിരുന്നു. എന്നാൽ കുറേ കുബുദ്ധികളും തന്ത്രിയെക്കൊണ്ടു കാവിന്റെ സാമീപ്യമുണ്ടെന്നും അതിനാൽ പ്രവേശനം കൊടുക്കാൻ പാടില്ലെന്നും അപേക്ഷിപ്പിച്ചു. ഇൻസ്പക്ട്രസ്സ് പ്രസ്തുത അപേക്ഷയുടെ തീരുമാനം വരെ പ്രവേശനം തരാൻ പ്രയാസമുണ്ടെന്നും പറഞ്ഞു."

മിതവാദി: 1915 മാർച്ച് (പുസ്തകം 3 ലക്കം 3)

ഭരണരംഗം

കൊച്ചി ഗവൺമെൻറും ധർമ്മ സ്വത്തു ചട്ടവും

ഹിന്ദുക്കളുടെ ക്ഷേത്രം മഠം മുതലായ മതസംബന്ധങ്ങളായ സ്ഥാപനങ്ങളുടെ ന്യായമായ പരിപാലനത്തെ ഉദ്ദേശിച്ച് 3–4 കൊല്ലങ്ങൾക്കുമുമ്പ് തിരുവിതാംകൂർ നിയമ നിർമ്മാണസഭയിൽ പാസ്സാക്കപ്പെട്ട ഒരു ധർമ്മ സ്വത്തു നിബന്ധന Religious Endowment Act ഇപ്പോൾ കൊച്ചിയിലും നടപ്പാക്കിയിരിക്കുന്നതായറിയുന്നു. പഴയ ധർമ്മസ്വത്തുക്കൾ മിക്കവാറും ഇക്കാലങ്ങളിൽ യോഗ്യൻമാരായ അതിന്റെ സ്ഥാപകൻമാരുടെ ഉദ്ദേശത്തിനു പ്രതികൂലമായ വിധത്തിലാണ് വിനിയോഗിക്കപ്പെട്ടുവരുന്നതെന്നുള്ളതു പ്രസിദ്ധമാണ്. ഈ മാതിരിസ്വത്തുക്കൾ പലതും കുടികളുടെ കൈകാര്യ കർത്തൃത്വത്തിലും അധീനതയിലും ഇരിക്കുകയും ചിലതിൽ മാത്രം ഗവൺമെൻറിന്റെ നോട്ടം ഉണ്ടായിരിക്കുകയും എന്നുള്ള നിലയിൽ ആണല്ലോ സാധാരണ കണ്ടുവരാറ്.

ഇപ്പോൾ ഗവൺമെൻറിന്റെ നോട്ടം അപ്രകാരമുള്ള എല്ലാ സ്വത്തുകളിൻമേലും നിർബന്ധിതമാക്കാനായിരിക്കും കൊച്ചി ഗവൺമെൻറ് ഈ നിബന്ധന ഏർപ്പെടുത്തിയത്. ഒരു വിധം കുഴപ്പം കൂടാതെയും ക്രമമായും നടത്തപ്പെട്ടുവരുന്ന തിരുമല ദേവസ്വത്തിന്റെ പ്രതിനിധികളും കൊച്ചി ഗവൺമെൻറുമായി ഈ വിഷയത്തിൽ ഈയിടെ ഒരുപിടി വീഴാൻ പോകുന്നതായറിയുന്നതു വാസ്തവമാണെങ്കിൽ നിബന്ധനയുടെ താൽപര്യം അവരെ ബാധിക്കുന്നതായിരിക്കും എന്നു തന്നെ ഊഹിക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിലെ ധർമ്മസ്വത്തു നിബ

Digitized By Kerala Sahitya Akademi

ന്ധന ക്രയമായും ന്യായമായും ഉദ്ദേഷ്ടകാര്യങ്ങൾ നടത്തപ്പെട്ടുവരുന്ന ധർമ്മസ്ഥാപനങ്ങളെയോ അവയുടെ ധർമ്മ കർത്താക്കൻമാരെ (Trustees) യോ ഇപ്രകാരം ബാധിക്കുന്നില്ല. എതായാലും ഈ വിധം ഒരു നിബന്ധന കൊച്ചിയിൽ ഒഴിച്ചുകൂട്ടാത്ത ഒരു ആവശ്യം തന്നെ ആയിരുന്നു ഈമാതിരി നിബന്ധനകൾ അഴിമതികളെ നീക്കാനായി ഏർപ്പെടുത്തപ്പെടുന്നവയാകയാൽ ചില കോണുകളിൽനിന്നു ശ്രദ്ധാഹങ്ങളല്ലാത്ത പരാതികൾ പുറപ്പെട്ടുകൊണ്ടിരിക്കുമെന്നുള്ളതു സഹജമാണ്. എന്നാൽ ജനങ്ങളെപ്പോലെ തന്നെ ഗവൺമെൻറ് ഈ നിബന്ധനയുടെ ഉദ്ദേശത്തെ തെറ്റിദ്ധരിക്കയോ സ്വാർത്ഥ പരമായ ഉദ്ദേശത്തോടുകൂടി ഈ വിഷയത്തിൽ പ്രവർത്തിക്കയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

കൊച്ചിയിൽ ക്ഷേത്ര സ്ഥാപനം മുതലായ ധർമ്മകാര്യങ്ങളിൽ പ്രവർത്തിപ്പാൻ ആഗ്രഹിക്കുന്ന നമ്മുടെ സജ്ജനങ്ങൾ ഈ നിബന്ധനയുടെ താത്പര്യം മുഴുവൻ അറിഞ്ഞിരിക്കേണ്ടതാണെന്ന് ഈ സന്ദർഭത്തിൽ ഞങ്ങൾ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

വിവേ: 1081 ഇടവം, മിഥുനം, കർക്കിടകം

തിരുവിതാംകൂർ കലാൽ കുത്തകലേലം

ഇക്കൊല്ലം ഇതു മാധവരായർ അവർകൾ പോയ സന്ദർഭത്തിൽ ആരംഭിച്ചതുകൊണ്ട് ഭാഗ്യമതിയും തോന്ന്യാസങ്ങളും പതിവുപോലെയോ അധികമായോ ഉണ്ടാകുമെന്നു ബലമായ ശങ്കയുണ്ടായിരുന്നു. ഭാഗ്യംകൊണ്ടു തൃപ്തികരമായാണ് കഴിഞ്ഞത്. കൃത്യനിഷ്ഠയുള്ളവരായി തിരുവിതാംകൂറിലുള്ള ഏറാം ചുരുക്കം ഉദ്യോഗസ്ഥൻമാരിൽ ഒരാളായി വിചാരിക്കപ്പെട്ടിരിക്കുന്ന എക്സൈസസ് കമ്മിഷണർ പൊന്നമ്പലം പിള്ള അവർകളുടെ സാന്നിദ്ധ്യബലമാണതിനുപകരിച്ചിട്ടുള്ളതെന്നറിയുന്നു. എന്നാൽ ലേലം കഴിഞ്ഞശേഷവും ഗവൺമെൻറ് കുപ്രസിദ്ധമായ പ്രോണകത്തിനു വശം വദമായി ലജ്ജാവഹമായ ചില ചാപല്യങ്ങൾ കാണിപ്പാൻ കച്ചകെട്ടിയിറങ്ങിയതായും ഒടുവിൽ അശേഷം ഫലിക്കയില്ലെന്നുകണ്ടു പിൻവലങ്ങിയതായും അറിയുന്നതിൽ ഞങ്ങൾക്കു ചിരിവരുന്നു. തിരുവനന്തപുരത്തെ ഒരു പ്രസിദ്ധ കൺട്രാക്റ്ററർ ആയ മിസ്റ്റർ ജെ. ഡി. പിറാഡിയും, കൃഷ്ണൻ മാർത്തണ്ഡൻ അവർകളും, ആലപ്പുഴെ കൃഷ്ണൻ ഗോവിന്ദൻ അവർകളും (രണ്ടു യോഗാംഗങ്ങൾ) ചേർന്നുപിടിച്ച അമ്പലപ്പുഴ, മാവേലിക്കര, കരുനാഗപ്പള്ളി ഈ മൂന്നു താലൂക്കുകളിലെ കള്ളു കൺട്രാക്റ്റ് വെളിലറിയാൻ വയ്യാത്ത കാരണങ്ങളാൽ പരദേശിയായ മി. നാടാർക്കു വിട്ടുകൊടുക്കണമെന്നു ഗവൺമെൻറു ചെയ്ത നിർബന്ധം എത്രതന്നെ കഠിനമായിരുന്നിട്ടും ആയോഗ്യൻമാർ മിസ്റ്റർ നാടാരോട് ഇരുപത്തിനാലായിരം ഉറുപ്പിക മേൽലാഭമായി കയ്യിൽ മേടിച്ചുകൊണ്ടല്ലാതെ ഭീഷണിക്കു വശപ്പെട്ടില്ലെന്നറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ഈ ദൃഷ്ടാന്തത്തിൽ നിന്ന് ഇക്കൊല്ലം ന്യായമായ വിധത്തിൽ നടത്തപ്പെട്ട ലേലത്താൽ

Digitized By Kerala Sahitya Akademi

കിഴക്കൻ ഡിവിഷൻ ഒഴിച്ച് എല്ലാ താലൂക്കുകളിലും അസാധാരണമാം വണ്ണം അധികപ്പെട്ടിരിക്കുന്ന സംഖ്യയുടെ പലിശപ്പണത്തിൽ നിന്നും മുൻതവണകളിൽ ഗവൺമെൻറിനു എത്ര വലിയ ചതിവാണ് പാറീട്ടുള്ളതെന്നു വെളിവാകുന്നതാണ്. ബ്രിട്ടീഷ് മലബാറിലും മിക്കവാറും കൊച്ചിയിലും മദ്യവ്യാപാരം നമ്മുടെ സമുദായത്തിന്നു് ഏകാധീനമാണെന്നു തോന്നുന്നു. എന്നാൽ തിരുവിതാംകൂറിൽ മദ്യവ്യാപാരം ഇല്ലാത്ത ജാതിക്കാരില്ല. തിരുവനന്തപുരം മുതലായ ഠൗണുകളിൽ എല്ലാം അധികം മദ്യഷാപ്പുകളും നായൻമാർ മുതലായ ജാതിക്കാരുടെ വകയായിരിക്കുന്നു. ഇതുകൊണ്ടു തൊഴിൽ ജാതിയെ അപകർഷപ്പെടുത്തുന്നില്ലെന്നുള്ള യോഗ്യൻമാരുടെ അഭിപ്രായത്തിന് അവർ നമുക്കൊരു സാധനപാഠമായിത്തീരുന്നുണ്ടെങ്കിലും നമ്മുടെ സമുദായത്തിലെ സാധുക്കളുടെ ഏകോപജീവനമാർഗ്ഗത്തെ അപഹരിച്ചുകളയുന്നു. എന്നാൽ ഇക്കുറി ഒട്ടധികം ഈഴവർക്കു ഗവൺമെൻറിൽ നിന്നു നേരിട്ടു തന്നെ കുത്തകകൾ കിട്ടിയിരിക്കുന്നതായറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുകയും യോഗ്യൻമാരായ നമ്മുടെ കൺട്രാക്ടറർമാർ നല്ലവണ്ണം ശ്രമിച്ച് ആദായം എടുക്കുകയും പരിചയസിദ്ധമായ ധൈര്യത്താൽ അടുത്തകുറി പരദേശ കൺട്രാക്ടറർമാരെ ഇതിലും അധികം ഊർജ്ജിതത്തോടുകൂടി എതിരിടുകയും ചെയ്യുമെന്നും, ഗവൺമെൻറ് അതിൻറെ ഗുണത്തെപ്പറ്റി അറിഞ്ഞ് ഇവരെ പ്രോത്സാഹിപ്പിക്കുമെന്നും വിശ്വസിക്കുന്നു.

വിവേ: 1081 ഇടവം, മിഥുനം, കർക്കിടകം

സ്കൂൾ ഇൻസ്പെക്ടർ മ. രാ. രാ. സി. കൃഷ്ണപിള്ള ബി. എ. അവർകളുടെ സ്ഥലം മാറ്റം

ഇദ്ദേഹത്തിനു തിരുവനന്തപുരത്തേക്കു ചിരപ്രാർത്ഥിതമായ മാറ്റം കിട്ടിയിരിക്കുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. സ്വന്തം യോഗ്യതയെ അല്ലാതെ മറ്റൊന്നിനേയും ആശ്രയിക്കാത്ത കൃത്യനിരതരായ ഉദ്യോഗസ്ഥൻമാർ തിരുവിതാംകൂറിൽ രണ്ടു മൂന്നു പേരെങ്കിലും ഉണ്ടെങ്കിൽ ഇദ്ദേഹം അതിൽ ഒരാളാകുന്നു. ദുഷ് പ്രേരണകളുടെ കീഴ് ഗവൺമെൻറു കാട്ടിക്കൂട്ടുന്ന ക്ഷന്തവ്യമല്ലാത്ത ചാപലങ്ങളിൽ നീചതമമായ ഒന്നാണ് ഇദ്ദേഹത്തിൻറെ സ്ഥലം മാറ്റത്തെക്കുറിച്ച് ഒരു ഉത്തരവ് ആദ്യമുണ്ടാകയും വീണ്ടും മറിച്ചുത്തരവുണ്ടാകയും വീണ്ടും മൂന്നാമതൊരുത്തരവു പുറപ്പെടുകയും ചെയ്തതെന്നു പറയണമെന്നില്ലല്ലോ.

ഇൻസ്പെക്ടറർ അവർകളുടെഈ മാറ്റത്തെക്കുറിച്ച് അദ്ദേഹത്തിൻറെ സ്വസുഖത്തെ ഓർക്കുമ്പോൾ ഞങ്ങൾ സന്തോഷിക്കുന്നു. എങ്കിലും ഇദ്ദേഹത്തിൻറെ വിയോഗത്താൽ വടക്കൻറേഞ്ജിലുള്ള സാധുക്കളായ നമ്മുടെ സഹോദരങ്ങൾക്കു വിദ്യാഭ്യാസ സംബന്ധമായി വല്ല സങ്കടങ്ങളും വരുമോ എന്നു സംശയിക്കേണ്ടിവരുന്നതിൽ വ്യസനിക്കുന്നു. തെക്കൻ റേഞ്ജിൽ

Digitized By Kerala Sahitya Akademi

അനഭിമതനായിരുന്ന മുൻഗാമിയുടെ അകൃത്യങ്ങളിൽ ഇദ്ദേഹം പലതും തിരുത്തി ഡിപ്പാർട്ടുമെൻറ് പല വിധത്തിൽ വൃത്തിയാക്കേണ്ടിവന്നിരിക്കും. ആ കൂട്ടത്തിൽ വർക്കല മലയാളം മിഡിൽ സ്കൂളിന്റെ വിഷയത്തിലും ഇദ്ദേഹത്തിന്റെ ശ്രദ്ധപതിയുമെന്നും ഏകദേശം ഈ സ്ഥലം മാറ്റത്തെ സംബന്ധിച്ചുണ്ടായപോലെ തന്നെ പാസ്പര വിരുദ്ധമായി പുറപ്പെട്ടിരുന്ന അനേകം സർക്കുലറുകളും മറ്റും കൊണ്ട് അടയ്ക്കപ്പെട്ടിരിക്കുന്ന ഈഴവ വിദ്യാർത്ഥികളുടെ പ്രവേശന മാർഗ്ഗം തുറന്നു വയ്പാൻ നോക്കുമെന്നും വിശ്വസിക്കുന്നു. ആ സ്ഥലത്തെ ജനങ്ങൾ ന്യായനിഷ്ഠനായ ഒരു മേലധികാരിയെ പ്രതീക്ഷിച്ചിരിക്കുമ്പോൾ ഉണ്ടായ ഈ സംഭവം അവർക്ക് ആശാ ജനകമായിരിക്കും. ഇൻസ്പെക്ടറുടെ നിലയിൽ മാത്രമല്ല കേരളീയ നായർ സമാജം സിക്രട്ടറിയുടെ നിലയിലും തെക്കൻ റേഞ്ജിലെ ഇദ്ദേഹത്തിന്റെ പ്രവൃത്തികൾ വിജയപൂർണ്ണമായിരിക്കുമെന്നു ഞങ്ങൾ ആശിക്കുന്നു.

വിവേ: 1081 ഇടവം, മിഥുനം, കർക്കിടകം

മദ്രാസ് ഗവർണർ അവർകളുടെ തിരുവിതാംകൂർ സന്ദർശനം

മഹാരാജാവു തിരുമനുസ്സിലെ ക്ഷണനമനുസരിച്ചു മദിരാശി ഗവർണർ സർ ആർതർ ലാലിയും പത്നിയും അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരൻ വെൻലോക്ക് പ്രഭുവും പരിവാരസമേതം ഈ മകരം 17-ാം നു- കാലത്ത് ഉദ്ദേശം 8.30 മണിക്ക് തിരുവനന്തപുരത്തു കല്പാലക്കടവിൽ എത്തുകയും മഹാരാജാവു തിരുമനുസ്സുകൊണ്ട് അവിടെ എഴുന്നള്ളി ബഹുമാനപൂർവം സ്വീകരിക്കയുമുണ്ടായി. മഹാരാജാവിന്റെ ബഹുമാനപ്പെട്ട ഈ അതിഥിയെ യഥാക്രമം സൽക്കരിക്കുന്നതിനു വേണ്ടതായ എല്ലാ ഏർപ്പാടുകളും ഭംഗിയായി ചെയ്യപ്പെട്ടിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ സഞ്ചാരം അത്യധികമായ അനന്ദത്തെ അദ്ദേഹത്തിനു നൽകിയിരുന്നു എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. രണ്ടു മൂന്നു ദിവസങ്ങൾ മാത്രം ദീർഘിച്ചിരുന്ന സായ്പവർകളുടെ ഇവിടത്തെ വാസം സുഖകരവും നാനാ പ്രകാരേണ വിനോദപ്രദവും ആക്കിത്തീർക്കുന്നതിനു പണത്താൽ വേണ്ടുന്ന സഹായത്തിനു ഒരു കുറവുമുണ്ടാകാതിരിക്കുന്ന കാലത്തോളം പ്രയാസമില്ലെന്നു പറയേണ്ടതില്ലല്ലോ. എങ്കിലും ഇത്തവണ മുൻ കാലങ്ങളിലെപ്പോലെ ഒരു വലിയതുക ഇതിലേക്കു ചിലവാക്കിയിട്ടില്ലെന്നും മറ്റും കേൾക്കുന്നതു വാസ്തവമാണെങ്കിൽ ആശ്വാസകരംതന്നെ.

ഡിന്നർ (തീൻ) സമയത്തു ഗവർണ്ണർ അവർകൾ ചെയ്ത പ്രസംഗത്തിൽ തന്റെ ഇവിടത്തെ വാസം ഏറ്റവും സുഖകരമായിരുന്നു എന്നും മഹാരാജാവു തിരുമനസ്സിലെ പ്രസിദ്ധമായ ഔദാര്യം, ബ്രീട്ടിഷ് സിംഹാസനത്തോടുള്ള ഭക്തി, പ്രജകളുടെ ക്ഷേമൈശ്വര്യങ്ങളിൽ ഉള്ള ദൃഢ പ്രതിജ്ഞ ഇവ ഏറ്റവും പ്രശംസനീയങ്ങളായിരിക്കുന്നു എന്നും.

Digitized By Kerala Sahitya Akademi

പ്രസ്താവിച്ചിരുന്നു. മഹാരാജാവു തിരുമനസ്സിലേക്ക് ഇതിൽ കൃതാർത്ഥതയ്ക്കു ധാരാളം വകയുണ്ട്. തിരുമനസ്സിലേയും രാജകുടുംബത്തിലേയും പ്രശസ്തമായ ഔദാര്യം ഇപ്രകാരം പ്രയോജനകരമായ ഒരു മാർഗത്തിൽ കൂടി പ്രവഹിച്ചതു തിരുമനസ്സിലേക്കും നാടിനും ഒരുപോലെ ശ്രേയസ്കരമാണെന്നു പറയുന്നതിൽ എന്താണു സംശയിക്കാനുള്ളത്. മഹാരാജാവിന്റെ പ്രാഭവത്തിന്നനുസരണമായി ഒരു ബഹുമാനപ്പെട്ട അതിഥിക്കു ചെയ്യപ്പെടുന്ന സല്കാരം പ്രജകളാലും പ്രശംസിക്കത്തക്കതു തന്നെയാണ്.

ഈ നാട്ടിലെ ഭരണരീതി പരിഷ്കൃതമാണെന്നും മറ്റുമുള്ള സാക്ഷ്യപ്പെടുത്തലുകളുടെ സൂചനകൾ കേവലം ഒരു രാജ്യതന്ത്രജ്ഞനെക്കാൾ ഒരു അതിഥിയുടെ നിലയിലാണ് അദ്ദേഹം പുറപ്പെടുവിച്ചതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഒരു രാജ്യത്തെ ഭരണരീതി ജനങ്ങളുടെ സംതൃപ്തി, ഐശ്വര്യം, ഇവയെക്കുറിച്ച് രണ്ടു മൂന്നു ദിവസങ്ങളിലെ ഒട്ടും ദൃഢതരമല്ലാത്ത പരിചയംകൊണ്ട് ഇതിലധികം പ്രസ്താവിക്കുന്നതിന് ഓരാൾക്കു കഴിയുമെന്നിരുന്നാലും എല്ലാ വസ്തുക്കളുടേയും നല്ലഭാഗങ്ങളെ മാത്രം കാണാൻ സംഗതിയായിട്ടുള്ള ഗവർണ്ണർ അവർകളും നമ്മുടെ ഗവൺമെന്റിന്റെ ഭരണ സമ്പ്രദായം പരിഷ്കൃതവും നിരാക്ഷേപവുമാണെന്നു സൂചിപ്പിച്ചതിൽ അതിശയപ്പെടാനില്ലല്ലോ. തന്നിമിത്തം നമ്മുടെ ഭരണാധികാരികൾക്ക് അവർ അർഹിക്കുന്നതിലധികം കൃതാർത്ഥതയ്ക്കു കാരണമായിട്ടുണ്ടെന്നുപായേണ്ടിയിരിക്കുന്നു.

വെൻലോക്കുപ്രഭു ഇതിനുമുമ്പ് മദ്രാസ് ഗവർണരായിരുന്നപ്പോൾ തിരുവിതാംകൂറിനെ സന്ദർശിച്ചിട്ടുണ്ട്. ഇപ്പോഴും ഇദ്ദേഹം തിരുമനസ്സിലെ ഒരു അതിഥിയായിട്ടാണ് ഇവിടെ താമസിച്ചത്. ഗവർണ്ണർ അവർകളുടെ സൽക്കാരത്തിനു കൂട്ടിയിരുന്ന വട്ടങ്ങൾ മിക്കവാറും തൃപ്തികരങ്ങളായിരുന്നു എന്നുവരികിലും നമ്മുടെ ദിവാൻ ഗോപാലാചാരി അവർകൾ ചെയ്യുന്ന എല്ലാ പ്രവൃത്തികളിലും പാറിക്കൂടുന്ന അമംഗളാവസ്ഥയ്ക്ക് ഒരു ഉദാഹരണമായി ഈ വട്ടം കുട്ടലിലും ചിലപിശകുകൾ പറ്റാതെയിരുന്നില്ല. മിസ്റർ ഗോപാലാചാരി തിരുവിതാംകൂറിൽ പ്രവേശിച്ചതു മുതൽ അദ്ദേഹത്തിന്റെ കാലടികളെ സർവദാ പിന്തുടർന്നുകൊണ്ടിരിക്കുന്നതും ദുർവിപാകം മൂർത്തീകരിച്ചിരിക്കുന്നതുമായ ആ ദുർദ്ദൈവതം അദ്ദേഹത്തെ ഇവിടെയും വിട്ടില്ലെന്നു സാനുകമ്പം പറയേണ്ടിയിരിക്കുന്നു. മദ്രാസിൽ നിന്നും മറ്റും വന്ന പത്രപ്രതിനിധികൾക്കു വേണ്ടതായ സൗകര്യങ്ങൾ കൊടുത്തില്ലെന്നും പ്രസംഗങ്ങൾ കുറിച്ചെടുക്കുവാൻ അവർക്ക് അടുത്ത് ഇരുപ്പുകൊടുത്തില്ലെന്നുമാണ് അവരുടെ ആക്ഷേപങ്ങൾ അവർ പ്രാതിനിധ്യം വഹിച്ചപത്രങ്ങൾ ഇതിനാൽ കുപിതരാകയും ദിവാൻജിയേയും അദ്ദേഹത്തിന്റെ സഹായികളേയും പരുഷം അവർ വേണ്ടുവോളം അധിക്ഷേപിക്കയുമുണ്ടായി. മിസ്റർ 'ഗോപാലാചാരിയോ, അദ്ദേഹത്തേക്കാൾ പതിൻമടങ്ങു സാമർത്ഥ്യവും പ്രാഭവവുമുള്ളവർ തന്നെയോ ഈ പത്രങ്ങളോടു മത്സരിക്കുന്നതു അശ്ലേഷം [illegible]

Digitized By Kerala Sahitya Akademi

പൂർവകമായി വിചാരിക്കപ്പെടുന്നതല്ല. ജനപ്രീതിയെ ഒട്ടും ആഗ്രഹിക്കാത്ത ദിവാൻജി അവർകൾ ഇവരുടെ ആക്ഷേപങ്ങളും ഭീഷണികളും കൊണ്ടിളകുമെന്നു വരുന്നതാണോ?

മഹാരാജാവു തിരുമനസ്സിലെ മാന്യൻമാരായ അതിഥികളെ ഇപ്രകാരം സബഹുമാനം, സല്കരിച്ച് അവരുടെ അഭിനന്ദനത്തിനു പാത്രമായതിൽ തിരുമനസ്സിലേക്കു ചാരിതാർത്ഥ്യത്തിനും പ്രജകളുടെ അനുമോദനത്തിനും കാരണമായിട്ടുണ്ടെന്നു നിസ്സംശയം പറയാവുന്നതാണ്.

വിവേ: 1082 ധനു, മകരം

തിരുവിതാംകൂർ വിദ്യാഭ്യാസ കാര്യദർശി

അനേക കൊല്ലങ്ങൾകൊണ്ട് തിരുവിതാംകൂറിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിന്റെ മേലധികാരം വഹിച്ചിട്ടുള്ള പി. അയ്യപ്പൻപിള്ള ബി. എ. അവർകൾക്ക് ദീന ചികിത്സയ്ക്കായി ഈ മേടത്തിന്റെ ആരംഭം മുതൽ അവധികൊടുക്കയും അദ്ദേഹത്തിനുപകരം രാജകീയ കോളേജിൽ ചരിത്രപണ്ഡിതരായ കെ. വി. രംഗസ്വാമി അയ്യങ്കാർ എം. എ. അവർകളെ നിയമിക്കുകയും ചെയ്തിട്ടുള്ളത് ഈഴവ സമുദായത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട സംഭവങ്ങളാകുന്നു. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറുമായി മിസ്റ്റർ അയ്യപ്പൻപിള്ളയുടെ ഈ വേർപാട് അവസാനമായിട്ടുള്ളതാണെന്ന് നിശ്ചയിക്കുവാൻ പാടില്ലാത്തതിനാൽ അദ്ദേഹത്തിന്റെ ദീർഘകാലത്തെ ഭരണത്തെക്കുറിച്ചു ഞങ്ങൾക്കു പൊതുവിൽ പറയാനുള്ള അഭിപ്രായത്തെ തല്കാലം പ്രസ്താവിക്കാത്തതാണ്.

മിസ്റ്റർ രംഗസ്വാമി അയ്യങ്കാരെ പെട്ടെന്നു പൊന്തിച്ചു ഒരു വലിയ ഡിപ്പാർട്ടുമെൻറിന്റെ മേലധികാരിയായി നിയമിച്ചത് ദിവാൻജിയുടെ ഒരു കടും കൈ' ആയി പലരും സകാരണം വിശ്വസിച്ചുപോരുന്നുണ്ട്. മിസ്റ്റർ അയ്യൻങ്കാരെ ഈ സ്ഥാനത്തേക്കു നിയമിച്ചത് സർവപ്രകാരേണയും നന്നായി എന്ന അഭിപ്രായം ഞങ്ങൾക്കുമില്ല. അദ്ദേഹത്തിന്റെ ബുദ്ധിവൈശിഷ്ട്യത്തെക്കുറിച്ച് അദ്ദേഹത്തെ അറിയുന്ന എല്ലാപേർക്കുമെന്നപോലെ ഞങ്ങൾക്കും ബഹുമാനമാണുള്ളത്. ചരിത്രപണ്ഡിതരായി അദ്ദേഹം ശോഭിച്ചതിൽ ഒരു അംശം മാത്രം വിദ്യാഭ്യാസ കാര്യദർശിയായി ശോഭിക്കുന്നപക്ഷം ഈ നിയമനം സർവത്ര ആദരണീയമായിരിക്കുമെന്നുള്ള 'മനോരമ'യുടെ അഭിപ്രായത്തിൽ പക്ഷാന്തരമുണ്ടാകുന്നതല്ല.

എങ്കിലും ഡിപ്പാർട്ടുമെൻറിൽ ഇരുന്നു പരിചയവും മാറു യോഗ്യതകളും സമ്പാദിച്ചിട്ടുള്ളവരുടെ അവകാശങ്ങളെ പെട്ടെന്നു വിസ്മരിച്ച് ഇപ്രകാരം ചെയ്യുന്ന നിയമനങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന തത്ത്വം ഒരിക്കലും ആദരണീയമായോ അനുകരണ യോഗ്യമായോ വിചാരിക്കപ്പെടാവുന്നതല്ല.

Digitized By Kerala Sahitya Akademi

ഡിപ്പാർട്ടുമെൻറിൽ ഇപ്പോഴുള്ള മൂന്ന് ഇൻസ്പെക്ടർമാരിൽ മിസ്റ്റർ രാമസ്വാമിഅയ്യർ ഒന്നുകൊണ്ടും ഈ സ്ഥാനത്തേക്ക് അർഹനല്ലെന്നു ഞങ്ങൾ വിസ്തരിക്കേണ്ട ആവശ്യകത തന്നെ ഇല്ല. എല്ലാ ജാതിമതസ്ഥന്മാരോടും ഉള്ള നിർവ്യാജമായ അനുകമ്പകൊണ്ട് മിസ്റ്റർ കൃഷ്ണപിള്ളയുടെ മുൻപു പകരം നോക്കിയെന്നുള്ളതുകൊണ്ട്, തമ്പുരാൻ അവർകളും ഈ ഡിപ്പാർട്ടുമെൻറിൽ ഈ സ്ഥാനത്തിനുള്ള അവകാശികളാകുന്നു.

ഈഴവരുടെ സങ്കടങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നു വിദ്യാഭ്യാസ സംബന്ധമായിട്ടുള്ളതാണല്ലോ. അതുനിമിത്തം ഈ ഡിപ്പാർട്ടുമെൻറിന്റെ അധികാരിയുടെ നിഷ്പക്ഷപാതിത്വത്തിലും നീതിനിഷ്ഠയിലുമാകുന്നു നമ്മുടെ വിദ്യാഭ്യാസ സംബന്ധമായുള്ള അഭിവൃദ്ധി ഏറെക്കുറെ സ്ഥിതി ചെയ്യുന്നത്. ആക്ടറിംഗ് സെക്രട്ടറി തിരുവിതാംകൂറിലെ ജാതിമതസ്സരത്തിന്റെയും ഉദ്യോഗവഴക്കിന്റെയും പ്രേരണകളിൽ അകപ്പെട്ടിട്ടുള്ള ഒരു ദേഹമല്ലായ്കയാൽ നമ്മുടെ സമുദായത്തിന്റെ ന്യായമായ സങ്കടങ്ങളെ അദ്ദേഹം സാനുകമ്പം ശ്രദ്ധിക്കുമെന്നു വിശ്വസിക്കാവുന്നതാണ്.

വിവേ: 1082 മേടം, ഇടവം

നമ്മുടെ ദിവാൻ

ദിവാൻ മിസ്റ്റർ എസ്. ആചാരിയുടെ ഭരണം പൊതുവെ പ്രജകൾക്കെന്നപോലെ ബ്രിട്ടീഷു റസിഡൻറിനും അശേഷം തൃപ്തികരമായി തോന്നിയിട്ടില്ലെന്നും അദ്ദേഹത്തെ ഇവിടെ സ്ഥിരപ്പെടുത്തുന്നതിൽ സായ്പവർകൾ പ്രതികൂലാഭിപ്രായക്കാരനാണെന്നും ഉള്ള കേൾവി എത്രത്തോളം വാസ്തവമാണെന്നു നിർണ്ണയിക്കാൻ നിവൃത്തിയില്ല. എങ്കിലും ഇതു വെറും ഒരു വദന്തി ആണെന്നു തോന്നുന്നില്ല. മിസ്റ്റർ ആചാരിയെ ബ്രിട്ടീഷ് സർവീസിൽനിന്നും ഇവിടെ കടം വാങ്ങിയിരിക്കയാണെന്നും 55 വയസ്സു തികയുമ്പോൾ അടുത്തൂൺവാങ്ങി ജോലിയിൽനിന്നും പിരിയേണ്ടതു ബ്രിട്ടീഷിൽ നിർബന്ധമാണെന്നും വായനക്കാർ അറിഞ്ഞിരിക്കുമല്ലോ. മിസ്റ്റർ ആചാരിക്കു 55 വയസ്സു പൂർത്തിയാകുന്നതിന് ഇനി ഏതാനും മാസങ്ങളേ ഉള്ളൂ. അപ്പോൾ അദ്ദേഹം തിരുവിതാംകൂറിലെ മന്ത്രിസ്ഥാനം രാജിവയ്ക്കേണ്ടതും അതിൻറെശേഷം മഹാരാജാവു തിരുമനസ്സിലേക്കും ബ്രിട്ടീഷ് ഗവൺമെൻറിനും സമ്മതമുള്ള പക്ഷം അദ്ദേഹത്തെ വീണ്ടും തൽസ്ഥാനത്തിൽ നിയമിക്കാവുന്നതും ആകുന്നു.

സാമർത്ഥ്യമുള്ള ഒരു ജൂഡീഷ്യൽ ഉദ്യോഗസ്ഥനായിരുന്ന മിസ്റ്റർ കൃഷ്ണസ്വാമിഅയ്യരെ ദിവാൻജി ആക്കിയതിന്റെ പരിണാമം എന്തായിരുന്നുവെന്നു വിസ്മരിക്കുവാൻ സംഗതിയായിട്ടില്ലാത്ത അവസരത്തിൽ അതുപോലെതന്നെ ജൂഡീഷ്യൽ വകുപ്പിൽമാത്രം ഇരുന്നിട്ടുള്ള മിസ്റ്റർ ആചാ

Digitized By Kerala Sahitya Akademi

രിയെ കൃഷ്ണസ്വാമിരായർക്കുണ്ടായിരുന്ന ഗുണങ്ങൾ ഒക്കെയും ഉണ്ടായിരുന്നാൽ തന്നെയും മന്ത്രിസ്ഥാനത്തിൽ പ്രതിഷ്ഠാപിക്കുന്നത് അത്ര ബുദ്ധിപൂർവകമായ പ്രവൃത്തിയാണെന്നു അധികംപേരും കരുതിയിട്ടില്ലായിരുന്നു. ഈ നാട്ടുകാരുടെ ദുരാഗ്രഹശക്തിയിൽ അവരുടെ ആദ്യത്തെ ഭയത്തേക്കാൾ കഷ്ടതരമായിട്ടാണ് മിസ്റ്റർ ആചാരിയുടെ ഭരണം കലാശിച്ചത്.

തന്നിമിത്തം മിസ്റ്റർ ആചാരിയുടെ ഉദ്യോഗാവസാനം സന്നിഹിതമായി എന്നുള്ള കോലാഹലത്തെ പ്രബലപ്പെടുത്തുന്നതിനു പ്രധാനമായി പ്രവർത്തിക്കുന്നത് ജനങ്ങളുടെ ആഗ്രഹമാണെന്നുവേണം വിചാരിക്കുവാൻ. മിസ്റ്റർ ആചാരിയെ ഈ ആണ്ടിന്റെ അവസാനത്തോടുകൂടി ജോലിയിൽ നിന്നും പിരിക്കുന്നു എന്നും ബ്രിട്ടീഷ് റസിഡണ്ട് ഇതിൽ നിർബന്ധക്കാരനാണെന്നും മഹാരാജാവു തിരുമനസ്സുകൊണ്ടും മിസ്റ്റർ ആചാരിയുടെ സാമർത്ഥ്യക്കുറവിനെ സാക്ഷീകരിക്കുന്നുണ്ടെന്നും ഉള്ള വദന്തികൾ ഇപ്പോൾ നാടൊട്ടുക്കും വ്യാപിച്ചിരിക്കുന്നു. മഹാരാജാവു തിരുമനസ്സിലെ കുറവാലത്തേക്കുള്ള എഴുന്നള്ളത്തിൽ അവിടെവച്ചു മുൻപു കൊച്ചിയിൽ ദിവാൻജിയായിരുന്ന പി. രാജഗോപാലാചാരി എം.എ.ബി.എൽ. അവർകൾ തിരുമനസ്സിലെ മുഖം കാണിക്കുന്നതാണെന്നും ആ സന്ദർശനത്തിന്റെ പര്യവസാനം മിസ്റ്റർ രാജഗോപാലാചാരി തിരുവിതാംകൂർ ദിവാൻജിയായി നിയമിക്കപ്പെടുന്നതാണെന്നും മിക്കവാറും വിശ്വാസയോഗ്യമായ സംസാരം നടന്നുവരുന്നു. മിസ്റ്റർ ഗോപാലാചാരി മഹാരാജാവു തിരുമനസ്സുകൊണ്ടുമായി അവിടെവച്ചുണ്ടാകുന്ന സന്ദർശനം തീർച്ചയായി സംഭവിക്കുന്നതാണെന്ന് അറിയുന്നു. ബാക്കിയുള്ളതു ജനങ്ങളുടെ ആശാഫലങ്ങളോ എന്നു നിശ്ചയിക്കുവാൻ പാടില്ല.

മിസ്റ്റർ ഗോപാലാചാരിയെ പിരിച്ചയയ്ക്കുന്നതിൽ ജനങ്ങൾ മഹാരാജാവിനോടും ബ്രിട്ടീഷ് ഗവൺമെൻറിനോടും പൂർവാധികം കടപ്പെട്ടവരായിരിക്കും. അപ്രകാരം തന്നെ പകരം മിസ്റ്റർ രാജഗോപാലാചാരിയെ നിയമിക്കുന്നതും സർവ പ്രകാരേണയും അഭിനന്ദനീയമായിരിക്കുമെന്നു അഭിപ്രായപ്പെടുന്നതിനു ഞങ്ങൾ ഒട്ടും മടിക്കുന്നില്ല. കൊച്ചിയിലെ അദ്ദേഹത്തിന്റെ ഭരണം മനക്കരുത്തിനും സ്വാതന്ത്ര്യബുദ്ധിക്കും സർവോപരി ദൃഷ്ടാന്തമായിരുന്നു. തിരുവിതാംകൂറിൽ ഇപ്പോൾ ആവശ്യമുള്ളതും ആ ഗുണങ്ങൾ പ്രധാനമായി നിൽക്കുന്ന ഒരു സചിവനാകുന്നു. മഹത്തായ പരിഷ്കാരങ്ങളെ ഏർപ്പെടുത്തുന്നതിനേക്കാൾ ഇവിടെ ആവശ്യമായിരിക്കുന്നതു നാട്ടിൽ വേരൂന്നി ജനങ്ങളെ നാനാപ്രകാരേണയും ഉപദ്രവിച്ചുവരുന്ന കോഴ, സേവ മുതലായ ശക്തികളെ വേരോടെ നശിപ്പിക്കുകയാകുന്നു. ഇതിലേക്കു ചുണയും മനക്കരുത്തുമുള്ള ഒരു ദിവാൻജിയാണല്ലോ വേണ്ടത്. ഏതായാലും മഹാരാജാവു തിരുമനസ്സുകൊണ്ട് അവിടത്തേക്കു സ്വതവേയുള്ള പ്രജാക്ഷേമൈക നിരതതയ്ക്ക് ഉപോദ്ഘാതമായി മിസ്റ്റർ രാജ

Digitized By Kerala Sahitya Akademi

ഗോപാലാചാരിയെത്തന്നെ ദിവാൻജിയായി നിയമിക്കുമെന്നു പൊതുജനങ്ങൾ അത്യാശയോടെ പ്രതീക്ഷിക്കുന്നു.

വിവേ: 1082 മിഥുനം

തിരുവിതാംകൂറിലെ പുതിയ വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ

തിരുവനന്തപുരം മഹാരാജാസ് കാളേജിലെ പ്രിൻസിപ്പാലായിരുന്ന മിച്ചൽ സായ്പവർകളെ ഈ സ്ഥാനത്തിൽ സർവ സ്വാതന്ത്ര്യങ്ങളും നൽകി നിയമിച്ചിരിക്കുന്നതായി അറിയുന്നു. ഇദ്ദേഹം ഇതിനു മുമ്പിലും ഒരിക്കൽ ഈ സ്ഥാനത്തിൽ ഇരുന്നിട്ടുണ്ട്. അന്നു പൊതുജനങ്ങൾക്ക് അതിൽ തൃപ്തിയുണ്ടായിരുന്നില്ല. നാട്ടുഭാഷാസ്കൂളുകളാണ് ഇവിടെ വളരെ അധികം. പ്രാഥമിക വിദ്യാഭ്യാസത്തെ പരത്താനാണ് ഗവൺമെൻറ് പ്രത്യേകം ദൃഷ്ടിവയ്ക്കേണ്ടത്. അതുകൊണ്ടേ ജനസാമാന്യത്തിന്റെ സ്ഥിതി നന്നാകൂ. ഈ കാരണത്താൽ നാട്ടുഭാഷയിൽ ജ്ഞാനമോ താഴ്ന്ന തരം വിദ്യാഭ്യാസത്തിന്റെ പ്രചാരണത്തിൽ അനുകമ്പയോ ജനരഞ്ജനയോ ഇല്ലാത്ത ആളെന്നു പറക്കെ അറിയാവുന്ന ഇദ്ദേഹത്തെ ഇപ്രകാരം ഈ സ്ഥാനത്തിൽ പ്രതിഷ്ഠിച്ചതു നന്നായി എന്നു ഞങ്ങൾ വിചാരിക്കുന്നില്ല. സായ്പൻമാർ നിഷ്പക്ഷമായി സംഗതികൾ നടത്തുമെന്നുള്ളതുകൊണ്ടു വിദ്യാഭ്യാസ വകുപ്പിൽ ജാതി സംബന്ധമായ തടസ്സങ്ങൾക്കു ശമനം വരാൻ അങ്ങനെ ഒരു മേലദ്ധ്യക്ഷൻ ഉണ്ടായാൽ കൊള്ളാമെന്നാശിക്കുന്നവർക്കും ഡാക്ടർ മിച്ചലിന്റെ നിയമനം സമ്മതമായിരിക്കയില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. അതുകൊണ്ട് ഈ നിയമനത്തെ ഞങ്ങൾ അഭിനന്ദിക്കുന്നില്ലെന്നു മാത്രമല്ല അത് അസ്ഥാനത്തിലായിപ്പോയെന്നു വ്യസനിക്കയും ചെയ്യുന്നു.

വിവേ: 1084 മകരം

കൊച്ചി ഗവൺമെൻറും തീയരുടെ ഉദ്യോഗവും

ഒരു മിസ്റ്റർ കണാരിയെ ഓവർസീയറായും മിസ്റ്റർ കൃഷ്ണനെ അപ്രോത്തിക്കറിയായും ഈയിടെ കൊച്ചി സർക്കാരിൽ നിയമിച്ചിരിക്കുന്നു. തീയർക്കു യോഗ്യതാനുസാരം ഉദ്യോഗം നൽകുന്നതു കൊച്ചിയിൽ ഇപ്പോഴം പുതുമയല്ലെങ്കിലും ഇതിനെപ്പറ്റി ഇടവം 30–ാംനു-യിലെ മ. മനോരമയിൽ കൊച്ചി ലേഖകൻ താഴെക്കാണും പ്രകാരം എഴുതിയിരിക്കുന്നു. "കൊച്ചി രാജ്യത്തെ ഉദ്യോഗങ്ങൾ ഒരു വർഗ്ഗത്തിന്റെയോ മറേറാ ജൻമാവകാശമല്ലെന്നു മി: രാജഗോപാലാചാര്യർ ആക്കിവച്ചതിനെ മി. പട്ടാഭിരാമറാവു ഒന്നു മാറ്റാൻ നോക്കിയെങ്കിലും മിസ്റ്റർ ബാനർജി ഈ തത്ത്വത്തെ നിശ്ശേ

Digitized By Kerala Sahitya Akademi

ഷം പിന്തുടർന്നു കാണുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു". ഈ അഭിപ്രായം ഞങ്ങൾക്കും ഇല്ലെന്നല്ല.

വിവേ: 1084 മിഥുനം

ബഹുമാനപ്പെട്ട മന്ദത്തു കൃഷ്ണൻനായർ അവർകൾ

ഇദ്ദേഹത്തെ നമ്മുടെ ചീഫ് ജസ്റ്റീസ് സദാശിവയ്യർ അവർകൾ മാറിപ്പോകുന്ന ഒഴിവിനു നിയമിച്ചിരിക്കുന്നതായറിയുന്നതിൽ സന്തോഷിക്കുന്നു. ഈ വക ഉയർന്ന തരം ഉത്തരവാദമുള്ള ഉദ്യോഗങ്ങളിൽ ഇവിടെ നാട്ടുകാരെ നിയമിക്കുക പതിവില്ലാതിരിക്കുന്നത് അവരിൽ യോഗ്യതയുള്ളവരില്ലാഞ്ഞിട്ടല്ലെന്നും മറേറതോ സാരമായ സംഗതികൊണ്ടാണെന്നും എല്ലാവർക്കും അറിയാവുന്നതാണല്ലോ. വർഗ്ഗപക്ഷപാതം മുതലായ ദോഷങ്ങൾകൊണ്ട് സ്വകൃത്യത്തെ മലിനമാക്കാത്ത ന്യായനിഷ്ഠനായ ഒരു മാന്യമലയാളിയാണെന്നു തന്നെക്കുറിച്ചുള്ള പൊതുജനബോധത്തെയും വിശ്വാസത്തെയും ഇദ്ദേഹം എപ്പോഴും പരിപാലിക്കുമെന്നു ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നു.

വിവേ: 1085 മിഥുനം

കൊച്ചി ചീഫ് ജസ്റ്റിസ്

കേളു ഏറാടിയുടെ ഒഴിവിന്ന് എറണാകുളം ചീഫ് കോടതിയിൽ ചീഫ് ജസ്റ്റിസായി സ്വദേശിയായ മ. രാ. രാ കരിമ്പാറ രാമൻമേനോൻ ബി. എ., ബി. സി., എൽ. ബാർ അറ്റ്ലാ അവർകളെ നിയമിച്ചിരിക്കുന്നതായി അറിയുന്നതിൽ ഞങ്ങൾ അദ്ദേഹത്തെ അനുമോദിക്കയും ഗവൺമെൻറിനെ അഭിനന്ദിക്കയും ചെയ്യുന്നു. ഏറാടി അവർകൾ കൊച്ചിരാജ്യത്തെ ഒരു കുടിയാനവനല്ലെങ്കിലും ഒരു മലയാളിതന്നെ ആയിരുന്നു. കൊച്ചി സർക്കാർ വീണ്ടും ഒരു മലയാളിയെത്തന്നെ തിരഞ്ഞെടുത്തത് പലതുകൊണ്ടും നല്ലതാണ്. യോഗ്യരായ നാട്ടുകാരെ പ്രോത്സാഹിപ്പിക്കേണ്ടതു ഗവർമെൻറിൻെറ മുറയാകുന്നു. തങ്ങളുടെ യോഗ്യതകളെ കഴിയുന്നത്ര സ്വന്തം നാട്ടുകാർക്കു ഗുണപ്രദമാകത്തക്കവണ്ണം വിനിയോഗിപ്പാൻ നോക്കേണ്ടതു് അങ്ങിനെയുള്ള യോഗ്യൻമാരുടെയും മുറയാണ്. സഹോദര സംസ്ഥാനമായ തിരുവിതാംകൂറിലെ ചീഫ് ജസ്റ്റിസായി ബഹുമാനപ്പെട്ട മന്ദത്തു കൃഷ്ണൻനായർ അവർകളെ നിയമിച്ചതിലും ഞങ്ങൾക്കുള്ള അഭിപ്രായമിതാകുന്നു. നീതിന്യായ വകുപ്പിലെ അധിപൻമാർ പൊതു ചട്ടങ്ങൾക്കു പുറമേ നാട്ടുകാരുടെ സ്ഥിതിയേയും നടപടികളേയും അവരുടെ വിചാരങ്ങളേയും ഉദ്ദേശങ്ങളേയും ആഗ്രഹങ്ങളേയും പറ്റി പരിചയമുള്ളവരായിരിക്കേണ്ടതു

Digitized By Kerala Sahitya Akademi

രിക്കുന്നതു വലിയ കാര്യമല്ലേ? അതിനു യോഗ്യതയുള്ള നാട്ടുകാർക്കുസഹജ
സിദ്ധമായ സൗകര്യം പുറത്തുനിന്ന് ഇറക്കുമതി ചെയ്യപ്പെടുന്നവർക്കുണ്ടാ
കുമോ? വിശേഷിച്ചു നാട്ടുകാർ വർഗ്ഗപക്ഷപാതം മുതലായ വലുതായ
ദോഷങ്ങളും നിമിത്തം പൊതുജന പ്രാതിനിധ്യത്തിന് അയോഗ്യരാണെന്നും
അവരിൽ അനേക ലക്ഷത്തിന്റെ അദൃഷ്ടത്തെ നയിക്കത്തക്കവണ്ണമുള്ള അധി
കാരങ്ങളും നിക്ഷേപിപ്പാൻ പാടില്ലെന്നും പൊതുവേ ഒരു ധാരണ ഉണ്ടെ
ന്നുള്ള വസ്തുതയും നമുക്കൊക്കെ അറിവുള്ളതാണല്ലോ. ആ ധാരണ
തീരെ അടിസ്ഥാനമില്ലാത്തതാണെന്നും ഇപ്പോഴും മനസ്സാക്ഷിയെ മുൻ
നിർത്തി നമുക്കുപറയാവുന്നതല്ല. എന്നാൽ ഈ ധാരണയാകുന്ന മാസ്മര
ശപഥങ്ങളെ സ്വയം പ്രയോഗിച്ചു നമ്മുടെ സ്ഥിതിയെ കഷ്ടതരമാക്കാതെ
യോഗ്യൻമാരെന്ന് ഒരു വിധം ജനസമ്മതമുള്ളവർക്ക് അവരുടെ വാസ്തവ
യോഗ്യതയെ പരീക്ഷിച്ചുനോക്കാൻ അവസരം കൊടുക്കുകയും വിജയികളാ
യാൽ അവരുടെ ദൃഷ്ടാന്തത്തെ അഭിമാനത്തോടെ പിന്തുടർന്നു നമ്മുടെ
സ്ഥിതിയെ നന്നാക്കുകയും അപ്രകാരം മേല്പറഞ്ഞ അപവാദത്തെ തുടച്ചു
കളകയും ചെയ്യുന്നതിൽ നാം ഓരോരുത്തരും ശ്രദ്ധിക്കേണ്ടതാകുന്നു.
ഇങ്ങനെയുള്ള ദൃഷ്ടാന്തങ്ങളെക്കൊണ്ടല്ലാതെ അതു സാധ്യമാകുന്നതുമല്ല.
മിസ്റ്റർ രാമൻമേനോൻ തന്റെ കൃത്യത്തെ വളരെത്രാണിയോടും നിഷ്കള
ങ്കമായും നിർവഹിച്ചു വലിയ തമ്പുരാൻ തിരുമനസ്സിലെ തിരുവുള
ത്തിനും അവിടന്നു പുത്ര നിർവിശേഷം സ്നേഹിച്ചു ഭരിച്ചുപോരുന്ന
നാനാജാതിമതക്കാരായ പ്രജകളുടെ ഒന്നുപോലെയുള്ള സ്നേഹ ബഹുമാന
ങ്ങൾക്കും പാത്രമായിത്തീരുമെന്നു ഞങ്ങൾ വിശ്വസിക്കയും അദ്ദേഹ
ത്തിനു സർവ വിജയങ്ങളേയും ആശംസിക്കയും ചെയ്യുന്നു.

വിവേ: 1087 മിഥുനം, കർക്കിടകം

കൃതജ്ഞതാ പ്രകടനം

കഴിഞ്ഞ ഞായറാഴ്ച കൊല്ലമായി ശ്രീമൂലം പ്രജാസഭയിൽ ഈഴവ പ്രതി
നിധികളുടെ സങ്കടങ്ങളുടെ ഇടയിൽ ഒഴിയാതെ സ്ഥലം പിടിച്ചുനിന്നിരു
ന്ന ഒരു വിഷയമാണ് സ്ഥലം ആയുർവേദ പാഠശാലയിൽ ഈഴവരേയും
മറ്റു പിന്നോക്കം നില്ക്കുന്ന ജാതിക്കാരേയും പ്രവേശിപ്പിക്കാത്തതിനെപ്പ
റ്റിയുള്ള പരാതി. കഴിഞ്ഞ രണ്ടു കൊല്ലങ്ങളായി ഈ എഴുതുന്ന ആളും മറ്റ്
ഈഴവ മെംബർമാരും പ്രജാസഭയിൽ ഈ സംഗതിയെ പ്രധാനമായി പിടി
ച്ചു നിവേദനം ചെയ്കയും പ്രവേശനം നൽകാത്തതിന്റെ അനൗചിത്യത്തെ
പ്പറ്റി ആർക്കും ബോദ്ധ്യമാകത്തക്കവണ്ണം പ്രസ്താവിക്കയും, കഴിയുന്ന
വേഗത്തിൽ പ്രവേശനം നൽകാൻ ഗവൺമെൻറിനോടുപ്രാർത്ഥിക്കയും ചെ
യ്തിരുന്നു. ഇതിന്റെ ഫലമായി ഈ അക്ടോബർ 16-ാം തീയതിയിലെ
ഇ. 3199-ാം നംബർ ആർഡർ പ്രകാരം കരുണാനിധിയായ മഹാരാജാവു
തിരുമനസ്സിലെ ഗവർമെൻറ് സർക്കാർ ആയുർവേദ പാഠശാലയിൽ സകല

Digitized By Kerala Sahitya Akademi

വർഗ്ഗക്കാർക്കും പ്രവേശനം അനുവദിച്ചിരിക്കുന്ന വിവരം ഞങ്ങൾ കൃതാർത്ഥതയോടെ പ്രസ്താവിക്കയും ഗവർമെൻറിന്റെ ഈ സദയമായ പ്രവൃത്തിക്കു ഹൃദയപൂർവം നന്ദിപറയുകയും ചെയ്യുന്നു.

വിവേ: 1090 തുലാം

മിതവാദിയിലെ ലേഖനവും തിരുവിതാംകൂറിലെ ഈഴവരും

മിതവാദിയുടെ നവംബർ മാസത്തെ പ്രതിയിൽ 'കെ. എസ്.' എന്നൊരു ലേഖകൻ ഇപ്പോഴത്തെ ദിവാൻജി തിരുവിതാംകൂറിൽ ഈഴവരെ ഉദ്യോഗദാന വിഷയത്തിൽ തീരെ അധൈര്യപ്പെടുത്തുകയും മാറിപ്പോയ ദിവാൻ രാജഗോപാലാചാരി അവർകളുടെ നയത്തിനു വിരുദ്ധമായ ഒരു നയം സ്വീകരിക്കയും ചെയ്തിരിക്കുന്നു എന്നർത്ഥമാകത്തക്ക ഒരു ലേഖനം എഴുതിയിരിക്കുന്നു. ആ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ചില ഉദ്യോഗ നിയമനങ്ങളെപ്പറ്റി ലേഖകൻ നിഷ്പക്ഷമായിട്ടല്ല ചിന്തനം ചെയ്തിരിക്കുന്നതെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. നിയമന വിഷയത്തിൽ കൃഷ്ണൻനായർ അവർകൾ സാധാരണ ഉപയോഗിക്കാറുള്ള നിഷ്പക്ഷനയത്തേയും ഔചിത്യത്തേയും ലേഖകൻ പറയുന്ന നിയമനങ്ങളിലും ഞങ്ങൾ കാണുന്നു. അതിൽ പറയുന്ന ഒരു ഈഴവനായ പോലീസ് ഉദ്യോഗസ്ഥനു പ്രമോഷൻ കിട്ടീട്ടില്ലെന്നുള്ള സങ്കടം ലേഖകൻ സൂചിപ്പിക്കുന്നത്ര ഗൗരവമുള്ളതാണെന്നു ഞങ്ങൾക്കു തോന്നുന്നില്ല. ഹജൂർ ഡിപ്പാർട്ടുമെൻറിൽ ഈഴവർക്കുദ്യോഗം നൽകുന്നില്ലെന്ന സങ്കടം സമുദായത്തിനു പൊതുവിലുള്ള ഒരു സങ്കടം തന്നെ. അതിനെപ്പറ്റി പ്രജാസഭയിൽതന്നെ കഴിഞ്ഞ തവണ നല്ലവണ്ണം നിവേദനം ചെയ്തിട്ടുണ്ട്. എന്നാൽ ഒരു അപേക്ഷകനോടു കീഴ് നടപ്പില്ലെന്നു ദിവാൻജി മറുപടി പറഞ്ഞതിനെപ്പറ്റി ലേഖകൻ കഠിനമായി ആക്ഷേപിക്കുന്നു. ഹജൂരാഫീസിൽ ഈഴവർക്ക് ഉദ്യോഗം നൽകുന്ന വിഷയത്തിൽ കീഴ് നടപ്പില്ലെന്നു പക്ഷേ ദിവാൻജി പറഞ്ഞിരിക്കും. അതുകൊണ്ടു കീഴ് നടപ്പിനെ താൻ അശേഷം ലംഘിക്കുന്നതല്ലെന്നു അദ്ദേഹം ശഠിച്ചിരിക്കയില്ല, നിശ്ചയമാണ്. ഇതിൽ അപേക്ഷകൻ പ്രദർശിപ്പിച്ചിരിക്കാവുന്ന ക്ഷമകേടും ദിവാൻജിക്കുണ്ടായിരിക്കാവുന്ന താത്കാലികമായ വല്ല അസൗകര്യവും തടസ്സവും ഒക്കെക്കൂടി ഓർക്കേണ്ടതാണ്. തന്റെ ആവശ്യത്തെ മാത്രം പ്രമാണമാക്കി അധികൃതൻമാരോടു സൗകര്യം നോക്കാതെ ഉദ്യോഗാവകാശ വഴക്കും കൊണ്ടു ചെല്ലുന്നതു തങ്ങൾക്കും സമുദായത്തിനും ഗുണകരമല്ലെന്നു ലേഖകൻ വിചാരിക്കാത്തതിനു ഞങ്ങൾ വ്യസനിക്കുന്നു. കൃഷ്ണൻ നായർ ആവർകൾ ഈഴവർക്കുതന്റെ ഈ അല്പമായ കാലത്തിനുള്ളിൽതന്നെ സാരമായ പല ഗുണങ്ങൾ ചെയ്തിട്ടുണ്ട്. ഉദ്യോഗദാന വിഷയത്തിൽ തന്നെ അദ്ദേഹത്തിന്റെ അനുകമ്പാപൂർവമായ ദൃഷ്ടി സ്ഥിരമായി അവരുടെ മേൽ പതിഞ്ഞു കൊണ്ടാണിരിക്കുന്നതെന്നു ഞങ്ങൾക്കറിയാം. അദ്ദേഹത്തെപ്പോലെ യഥാർത്ഥ

Digitized By Kerala Sahitya Akademi

മഹാമനസ്കനായ ഒരാളുടെഹൃദയത്തിൽ ക്ഷമയ്ക്കിരിപ്പാൻ ധാരാളം ഇടമുണ്ടാകുമെങ്കിലും ഈ മാതിരി ദോഷാരോപണ പ്രസക്തിയും കൃതഘ്നതയും നമുക്കു തീരെ അനുചിതമായിട്ടുള്ളതാകുന്നു.

വേ: 1091 വൃശ്ചികം

യോഗം പ്രതിനിധികൾ കൊച്ചിയിലെ ദിവാൻജി അവർകളെ സന്ദർശിച്ചത്

കഴിഞ്ഞ പൊതുയോഗത്തിലെ നിശ്ചയപ്രകാരം കൊച്ചിയിലെ ജനങ്ങളുടെ സങ്കടങ്ങളെപ്പറ്റി അവിടത്തെ ദിവാൻജി അവർകളെ നമ്മുടെ പ്രതിനിധിസംഘം (Deputation) ജൂലൈ 1-ാനു തൃശ്ശിവപേരൂർ അദ്ദേഹം ആഫീസിട്ടിരുന്ന റസിഡൻസി ബംഗ്ലാവിൽ ചെന്നു സന്ദർശിക്കുകയും വിവരങ്ങളും അറിവിക്കയും ചെയ്തു. പ്രതിനിധികളും അഞ്ചുപേരും ഹാജരുണ്ടായിരുന്നു. ദിവാൻജി അവരെ സന്തോഷപൂർവം സ്വീകരിച്ച് നിവേദനങ്ങൾക്കു ശരിയായും അനുകമ്പാപൂർവമായും മറുപടി പറഞ്ഞു. പ്രതിനിധികളും നിവേദനം ചെയ്ത സങ്കടങ്ങളുടെ സാരം താഴെ പറയുന്നതാണ്.

കൊച്ചിയിൽ ഈഴവർ സംഖ്യകൊണ്ടു മറ്റെല്ലാ ഹിന്ദുക്കളെക്കാളും മുകളിലാണ്. വിദ്യാഭ്യാസ വിഷയത്തിൽ അവരുടെ നില വളരെ താഴെയാണ്. നൂറിനു എട്ടുകണ്ടു മാത്രമേ അവരിൽ എഴുതാനും വായിക്കാനും അറിയാവുന്നവരുള്ളു. ഇതിനു കാരണം അവരെ ഇന്നും പല സ്കൂളുകളിലും പ്രവേശിക്കാൻ അനുവദിക്കാത്തതും അവരിൽ യോഗ്യതയുള്ളവർക്ക് ഉദ്യോഗങ്ങളും കൊടുത്തും മറ്റും പ്രോത്സാഹിപ്പിക്കാത്തതുമാണ്. സർക്കാരിലേക്ക് അധികം നികുതികൊടുക്കുന്ന വർഗ്ഗക്കാർ അവരാണ്. അബ്കാരിനികുതി അവരിൽനിന്ന് പ്രത്യേകം വസൂലാക്കുന്ന വലിയസംഖ്യയാണ്. എന്നാൽ പല ഡിപ്പാർട്ടുമെൻറിലും അവരെ ഉദ്യോഗത്തിൽ പ്രവേശിപ്പിക്കുന്നില്ല. പ്രവേശിപ്പിച്ചിട്ടുള്ളവർക്കു ശരിയായ കയറ്റവും മറ്റും കിട്ടുന്നുമില്ല. ടൗൺ കൗൺസിലുകളും തന്നെ അവരുടെ സുഖസൗകര്യങ്ങൾക്കായിയാതൊന്നും ചെയ്തുകൊടുക്കുന്നില്ല. പല പബ്ളിക് റോഡുകളിലും അവർക്ക് ഇപ്പോഴും ഉയർന്നജാതിക്കാരുടെ ശല്യത്താൽ ഗതാഗതം ചെയ്വാൻ പാടില്ല. ചില റോഡുകളിൽ ഗവൺമെൻറിൽ നിന്നുതന്നെ ബോഡുകളും എഴുതിവച്ച് അവരുടെ സഞ്ചാരസൗകര്യത്തെ തടയുന്നു. ഒട്ടേറെ ധനവാൻമാരും വിദ്വാൻമാരും യോഗ്യൻമാരുമുള്ള ഈവലിയ സമുദായത്തോടു ഗവൺമെൻറു കാണിക്കുന്ന നിർദ്ദയമായ ഉപേക്ഷ ഏറ്റവും വ്യസനകരമായിട്ടുള്ളതാണ്. ഈ വസ്തുതകളെ പ്രതിനിധികളും ദൃഷ്ടാന്തസഹിതം ചൂണ്ടികാണിക്കയും നിവാരണമുണ്ടാക്കാൻ അപേക്ഷിക്കുകയും ചെയ്തു. പ്രതിനിധികളിൽ തന്റെ വാർദ്ധക്യത്തേയും യാത്രാക്ലേശത്തേയും ഒന്നും വകവയ്ക്കാതെ സമു

Digitized By Kerala Sahitya Akademi

ായ സ്നേഹത്താൽ പ്രേരിതനായി തൃശ്ശിവപേരൂർ വന്ന് ഡപ്യൂട്ടേ
ഷന്റെ നേതൃത്വം വഹിച്ച ശ്രീമാൻ കൊറ്റ്യത്തു രാമുണ്ണി (വക്കീൽ) അവർ
കൾക്കും പല അനുകരണീയമായ ഉദാരകൃത്യങ്ങളാൽ സമുദായത്തിന്റെ നി
ത്യകൃതജ്ഞതയെ അർഹിക്കുന്ന മിതവാദി പത്രാധിപരും മദ്രാസ് ഹൈ
ക്കോർട്ടു വക്കീലുമായ സി. കൃഷ്ണൻ (ബി. എ. ബി. എൽ.) അവർകൾ
ക്കും പ്രത്യേകം വന്ദനം പറയേണ്ടിയിരിക്കുന്നു. പ്രതിനിധികളുടെ വസതി
ക്കും സഭാകൃത്യത്തിനും വേണ്ട സകല ഒത്താശകളും സ്വന്ത ചെലവിൽ ചെയ്തു
കൊടുത്ത കൊച്ചി ഈഴവ സമാജം പ്രവർത്തകൻമാരോടും യോഗം കൃത
ജ്ഞരായിരിക്കേണ്ടതാകുന്നു.

ചിവേ: 1091 മിഥുനം.

സമുദായരംഗം

I

കാർത്തികപ്പള്ളി ഈഴവസമാജം

പത്രം മുഖേനയും മറ്റും വായനക്കാർ അറിഞ്ഞിരിപ്പാൻ ഇടയുള്ള ഈ
സമാജത്തിന്റെ ഒരു ജനറൽ മീറ്റിംഗ് മുൻകൂട്ടി നിശ്ചയം ചെയ്തിരുന്ന
തനുസരിച്ചു സമാജത്തിന്റെ സ്ഥിരാദ്ധ്യക്ഷനും പ്രസിദ്ധജൻമിയുമായ
ആലുംമൂട്ടിൽ മ രാ രാ— കൊച്ചുകുഞ്ഞു ചാന്നാരവർകളുടെ ഭവനത്തിൽ
വച്ച് ഈ മാസം 20—ാം നു അതികേമമായി നടന്നിരിക്കുന്നു. ക്ഷണപ്രകാരം
തെക്കും വടക്കരുമായി സമുദായ സ്നേഹികളായ അനേക യോഗ്യൻമാർ
വാജരുണ്ടായിരുന്നതായും പ്രത്യേകം കെട്ടപ്പെട്ടിരുന്ന അതിവിശാലമായപന്ത
ലിൽ മ രാ രാ മേനാത്തേരിൽ നാരായണപ്പണിക്കർ അവർകൾകടമ്പാട്ടു കൊച്ചു
കൃഷ്ണൻ ചാന്നാർ അവർകൾ മുതലായി മൂവായിരത്തിൽപരം മാന്യജന
ങ്ങൾ ആസനപരിഗ്രഹം ചെയ്തു സന്ദർഭത്തെ ശോഭിപ്പിച്ചതായും അറിയു
ന്നു. ഇവരെയെല്ലാം ഭക്ഷ്യപേയാദികളെക്കൊണ്ടും മറ്റും ഭംഗിയായും സുഭി
ക്ഷമായും സൽക്കരിക്കുന്നതിൽ ഉദ്യോഗബുദ്ധിയായ ചാന്നാരവർകൾക്കു
യാതൊരു പ്രയാസമോ കുഴപ്പമോ ഉണ്ടായിരുന്നില്ലെന്നുള്ളത് അദ്ദേഹ
ത്തിന്റെ സ്ഥിതിക്ക് അദ്ഭുതമല്ലല്ലോ. ബ്രഹ്മശ്രീ നാരായണഗുരുസ്വാമി
അവർകൾ ഡാക്ടർ പി. പല്പു അവർകൾ വക്കീൽ മ രാ രാ, എം. ഗോവിന്ദൻ
ബി.എ.ബി.എൽ.അവർകൾ ഇവരെ അഗ്രാസനരായിരിപ്പാൻ മുൻകൂട്ടി അപേ
ക്ഷിച്ചിരുന്നു എങ്കിലും അവർ അസന്നിഹിതൻമാരായിരുന്നതായറിയുന്ന

Digitized By Kerala Sahitya Akademi

തിൽ വ്യസനിക്കുന്നു. ആ സ്ഥാനത്തെ തൽക്കാലം പൂരിപ്പിച്ചത് ശ്രീ-നാ-ധ-പ-യോഗം സെക്രട്ടറി മ രാ രാ-എൻ. കുമാരനാശാനവർകളും സുജനാനന്ദിനി' ഉടമസ്ഥൻ പരവൂർ മ രാ രാ-വി. കേശവനാശാൻ അവർകളും ആയിരുന്നു. സെക്രട്ടറി അവർകളുടെ റിപ്പോർട്ടിൽ നിന്നും പന്ത്രണ്ടു ഉപസമാജങ്ങളോടുകൂടിയ പ്രസ്തുത സമാജം കഴിഞ്ഞ ഏതാനും മാസങ്ങൾക്കുള്ളിൽ സമുദായത്തിന്റെ നൻമയ്ക്കായി ശ്രമിച്ചതിന്റെ ദൃഷ്ടന്തങ്ങളിൽ ഏറ്റവും സ്തുത്യർഹമായി കാണുന്നത് അരിപ്പാട്ടു സർക്കാർ സ്കൂളുകളിൽ ഈഴവക്കുട്ടികൾക്ക് പ്രവേശനം അനുവദിപ്പിച്ചതും വേറൊരു പള്ളിക്കൂടം സ്ഥാപിച്ചതും മറ്റും ആകുന്നു. മ രാ രാ-കെ. സി. കുഞ്ഞൻ വൈദ്യരർകളും, മ രാ രാ-വിളയത്തു സി. കൃഷ്ണനാശാനവർകളും, മ രാ രാ സി. വി. കുഞ്ഞുരാമൻ അവർകളും, മ രാ രാ വാരണപ്പള്ളിൽ ഗോവിന്ദൻ പണിക്കർ അവർകളും ആചാരപരിഷ്കരണത്തെയു മറ്റും പറ്റി സരസങ്ങളും സാരഗർഭങ്ങളുമായ ഉപന്യാസങ്ങളെഴുതി വായിക്കുകയും മെസ്സേർസ് കെ. കേശവൻ, കെ. എൻ. കേശവൻ ഇവർ സഭോദ്ദേശ്യങ്ങളെപ്പറ്റിയും, പ്രസിദ്ധ ഹിന്ദുമതപ്രസംഗിയായ മ-രാ-രാ- എം. കൃഷ്ണനാശാനവർകൾ സമുദായത്തിലുള്ള സാധുക്കളെ ഉയർത്തിക്കൊണ്ടുവരുന്നതിന്റെ ആവശ്യകതയെപ്പറ്റിയും, മ-രാ-രാ- തിനവിള വി. രാമൻ അവർകൾ വിദ്യാഭ്യാസത്തെപ്പറ്റിയും മറ്റും ഗൗരവാവഹമായ ഓരോ വാച്യപ്രസംഗങ്ങൾ ചെയ്കയും, പരവൂർ മണിയംകുളം സാങ്കേതിക വിദ്യാശാലാ മാനേജർ മ-രാ-രാ-കെ. സി. ഗോവിന്ദൻ അവർകൾ പരിശ്രമത്തെപ്പറ്റി വളരെ സാരവത്തായ ഒരു ദീർഘപ്രസംഗം ചെയ്കയും ഉണ്ടായി. അഗ്രാസനർ മ-രാ-രാ- വി. കേശവനാശാനവർകൾ ഭൂരിപക്ഷാഭിപ്രായാനുസാരം സമാജനിയമം പാസ്സാക്കിയശേഷം ഇംഗ്ലീഷ് വിദ്യാഭ്യാസത്തെപ്പറ്റി സാമാന്യം ദീർഘമായി ഉപന്യസിച്ചു. അനാവശ്യങ്ങളായ പൂർവാചാരങ്ങളെ നിറുത്തൽ ചെയ്യുന്നതിനെപ്പറ്റി മേൽപറയപ്പെട്ട എല്ലാ പ്രസംഗങ്ങളെക്കൊണ്ടും സഭ്യൻമാർ ആകപ്പാടെ ഹൃതചിത്തൻമാരായിരിക്കുമ്പോൾ മിസ്റ്റർ എൻ. കുമാരനാശാൻ ബഹ്മശ്രീ സ്വാമി അവർകളിൽ നിന്നും കൊണ്ടുവന്നിട്ടുള്ള പൂജാർഹമായ സന്ദേശത്തെ പ്രസ്താവിക്കുകയും അതനുസരിച്ചു കാർത്തികപ്പള്ളിത്താലൂക്കിൽ കെട്ടുകല്യാണം മുതലായ അനാവശ്യ അടിയന്തിരങ്ങളെ നിറുത്തൽ ചെയ്യുന്നതിനും സാധുക്കളെ ഉയർത്തിക്കൊണ്ടുവരുന്നതിൽ കഴിയുന്നതും യത്നിക്കുന്നതിനും ഉൽകൃഷ്ടവിദ്യാഭ്യാസത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനും മഹാമാന്യനായ ചാന്നാരവർകളെ മുൻനിറുത്തി എല്ലാവരും സമ്മതിച്ചു തീർച്ചയാക്കുകയും ചാന്നാരവർകൾ പൂജ്യനായ സ്വാമി അവർകളുടെ പ്രാതിനിദ്ധ്യം വഹിച്ച മ-രാ-രാ- എൻ. കുമാരനാശാൻ അവർകളുടെ കണ്ഠത്തിൽ ഒരു സ്വർണ്ണമാല സമർപ്പിക്കുകയും കാർത്തികപ്പള്ളി ഈഴവ സമാജത്തെ അ-ശ്രീ-നാ-ധ-പ- യോഗത്തോട് അനുബന്ധിക്കുന്നതിനു സമാജത്തിൽ നിശ്ചയിച്ചു പ്രസ്താവിക്കുകയും ചെയ്തു. അടുത്തകാലത്ത് ഈ വിഷയത്തിൽ ഇത്ര വലുതായ ഒരു മഹാജന യോഗം ഉണ്ടായിട്ടില്ലെന്നു പറയുന്നതുപോലെ തന്നെ ഇത്ര ഫലവത്തായ ഒരു യോഗവും ഉണ്ടായിട്ടില്ലെന്നു പറയുന്നതിൽ ഞങ്ങൾക്ക് അശേഷം മടിതോന്നുന്നില്ല.

Digitized By Kerala Sahitya Akademi

കെട്ടുകല്യാണം മുതലായ അനാവശ്യാചാരങ്ങളെ ലഘൂകരിക്കുകയോ ഭേദപ്പെടുത്തുകയോ അല്ല കേവലം അവയെ അവസാനിപ്പിക്കതന്നെ ചെയ്തു കളഞ്ഞ ചാന്നാരവർകൾ മുതലായ മാന്യമഹാജനങ്ങളുടെ ഈ ഉചിതജ്ഞതയേയും പരിഷ്കാര ബുദ്ധിയേയും ഇതാസമുദായങ്ങൾകൂടി നിസ്സംശയം അഭിനന്ദിക്കുന്നതാണെന്നു ഞങ്ങൾ സധൈര്യം വിശ്വസിക്കുന്നു. ഒ-രാ-രാ-കൊച്ചുകുഞ്ഞു ചാന്നാരവർകളുടെ സ്ഥാനാരോഹണത്തോടുകൂടി അദ്ദേഹത്തിന്റെ കുടുംബത്തിനും സമുദായത്തിനും അഭൂതപൂർവമായ അഭ്യുദയവും പ്രകാശവും ഉണ്ടാവാൻപോകുന്നു എന്നുള്ളതിനു കേവംവിയേക്കാം പ്രബലങ്ങളായ കാരണങ്ങൾ പലതും കാണുന്നുണ്ട്. പ്രസ്തുത സമാജത്തിന്റെ സ്ഥിരാദ്ധ്യക്ഷനും സർവഥാ യോഗ്യനുമായ ചാന്നാരവർകളെ അരുവിപ്പുറം ശ്രീ—നാ—ധ—പ—യോഗത്തിൽ മാന്യനായ ചാവർകോട്ടു വൈദ്യരവർകളുടെ വിയോഗത്തോടുകൂടി ഇപ്പോൾ ഒഴിവു വന്നിരിക്കുന്ന ഉപാദ്ധ്യക്ഷ സ്ഥാനത്തിൽ അദ്ദേഹത്തിന്റെ സമ്മതത്തെ അപേക്ഷിച്ചു നിയമിക്കുന്നതായാൽ ഏറ്റവും ഉചിതമായിരിക്കുമെന്നു ഞങ്ങൾക്കു തോന്നുന്നു. ആ കാര്യത്തിൽ ഞങ്ങൾ ബലമായി യോഗത്തോടു ശുപാർശ ചെയ്കയും ഈ അസുലഭമായ സന്ദർഭത്തെ യോഗം വിസ്മരിക്കയില്ലെന്നു വിശ്വസിക്കുകയും അദ്ദേഹത്തെ ടി സമാജത്തിന്റെ സ്ഥിരാദ്ധ്യക്ഷതയും ടി സമാജത്തിന്റെ ഉപാദ്ധ്യക്ഷതയും ആകുന്ന ഉഭയപദവികളോടുകൂടി ശോഭിച്ചു കാണ്മാൻ ആശംസിച്ചുകൊള്ളുകയും ചെയ്യുന്നു. കാർത്തികപ്പള്ളി സമാജത്തേയും അതിന്റെ ഈ മാന്യനായ അദ്ധ്യക്ഷനേയും പറ്റി ഞങ്ങൾക്ക് ഇനിയും പലതും പറവാനുണ്ടെങ്കിലും തൽക്കാലം അദ്ദേഹത്തേയും സെക്രട്ടറി മ-രാ-രാ-കോമത്തുകുഞ്ഞുപണിക്കർ അവർകളും, കടമ്പാട്ടു മ-രാ-രാ-കൊച്ചുകൃഷ്ണൻ ചാന്നാരവർകളും, ആലുംമൂട്ടിൽ ഇളമീന്ന് മാ-രാ-രാ-ഉമ്മിണിക്കുഞ്ഞു ചാന്നാരവർകളും, ആനന്തരവൻ മ-രാ-രാ-ഗോവിന്ദൻ ചാന്നാരവർകളും മുതലായ മാന്യൻമാരേയും അത്യന്തം അഭിനന്ദിച്ചുകൊണ്ടു വിസ്തരഭയത്താൽ വിരമിക്കേണ്ടിയിരിക്കുന്നു.

വിവേ: 1080 ചിങ്ങം

ഒരു പരസ്യക്കത്ത്

ഫെബ്രുവരി 1—ാംനു- നമ്മുടെ മാന്യ ഇംഗ്ലീഷ് സഹജീവിയായ മലബാർ മെയിലിൽ ഒരു 'ഉദാരഹൃദയനായ ബ്രാഹ്മണൻ' ഈഴവ സമുദായത്തിനു ഒരു പരസ്യക്കത്ത് എഴുതിയിരിക്കുന്നു. അതിൽ ഇക്കഴിഞ്ഞ നമ്മുടെ പ്രദർശനത്തിന്റെ വിജയത്തെ അനുമോദിച്ചും നമ്മുടെ സ്വഭാവഗുണത്തെ ശ്ലാഘിച്ചും വിദ്യാഭ്യാസ വിഷയമായും ഗവൺമെന്റുദ്യോഗ വിഷയമായും നമുക്കിതുവരെ തീർന്നിട്ടില്ലാത്ത തടസ്ഥങ്ങളെ അനുശോചിച്ചും അവയുടെ നിവൃത്തി അടുത്ത ഭാവിയിൽ ഏത്തീട്ടുണ്ടെന്നു ആശംസിച്ചും, ബ്രാഹ്മണർക്കു നമ്മോടുള്ള പൂർവാധികമായ മമതയേയും സ്നേഹത്തേയും പ്രദർ

Digitized By Kerala Sahitya Akademi

ശിപ്പിച്ചും ഇരിക്കുന്നതായി കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. സാംബന്റെ മുസലം പോലെ അനർത്ഥകരമായ ജാതിവഴക്കുകൊണ്ടു നമ്മുടെ ഉൽകൃഷ്ടമായ മതവും രാജ്യവും സ്വയം നശിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ആ കത്ത് ഏതാനും നല്ല വിചാരങ്ങളുടെ ഫലമായും അർത്ഥവത്തായും തന്നെ ഇരിക്കാമെന്നു വിചാരിക്കുന്നു.

വിവേ: 1080 മകരം

യോഗം പ്രാസംഗികൻമാർ

താഴെ കാണുന്ന മാന്യൻമാരെ സ്വാമി അവർകൾ അവരുടെ അപേക്ഷ അനുസരിച്ചു താഴെക്കാണുന്ന സ്ഥലങ്ങളിലേക്ക് ശ്രീ–നാ–ധ–പ യോഗം വക പ്രാസംഗികൻമാരായി നിയമിച്ചിരിക്കുന്നു.

1. കൊല്ലം ൗണ്യം അടുത്ത പ്രദേശങ്ങളും
   —മ.രാ.രാ. കൊച്ചുലകൻ വൈദ്യൻ അവർകൾ

2. നെയ്യാറിൻകര, നേമം, ബാലരാമപുരം, കോട്ടുകാൽ, പെരുങ്കടവിള മുതലായ സ്ഥലങ്ങൾ.
   —വൈദ്യൻ എ. സി. കൃഷ്ണപ്പണിക്കർ

3. കരുനാഗപ്പള്ളിയിൽ പന്മന, ചവറ, തഴവാ, പുതുപ്പള്ളി മുതലായ പ്രവൃത്തികൾ
   —മ. രാ. രാ. കരിങ്ങാട്ടു ജി. നാണു ആശാൻ അവർകൾ

4. വർക്കല, ചിലക്കൂർ, കുരയ്ക്കണ്ണി മുതലായ സ്ഥലങ്ങൾ
   —മുണ്ടയിൽ മ. രാ. രാ. ഗോവിന്ദൻ ആശാൻ അവർകൾ

5. തിരുവനന്തപുരം വടക്ക്
   —മ. രാ. രാ. ചെമ്പഴന്തിയിൽ സി. വേലു വൈദ്യൻ അവർകൾ

6. മുരുക്കുംപുഴ, ആഴൂർ, പെരുങ്ങുഴി മുതലായ സ്ഥലങ്ങൾ
   —മ. രാ. രാ, വി. കൃഷ്ണനാശാൻ

7. ചിറയിൻകീഴ്, കൂന്തള്ളൂർ മുതലായ സ്ഥലങ്ങൾ
   —ചിറയിൻകീഴ് പനവഞ്ചേരി മ. രാ. രാ. കൊച്ചു ശങ്കരൻ ജ്യോത്സ്യർ അവർകൾ

പ്രാസംഗികൻമാരെ സംബന്ധിച്ച നിയമങ്ങൾ

[യോഗം പ്രാസംഗികൻമാർ അറിഞ്ഞു നടക്കേണ്ടതിലേക്കായി അദ്ധ്യക്ഷൻ ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി അവർകൾ താഴെപ്പറയുന്ന വ്യവസ്ഥകൾ ഏർപ്പെടുത്തിയിരിക്കുന്നു.]

Digitized By Kerala Sahitya Akademi

പ്രാസംഗികൻമാർ വിഹിത മെന്നു തോന്നുന്ന എല്ലാ സ്ഥലങ്ങളിലും അവരവരുടെ അതിർത്തി സ്ഥലങ്ങളിൽ വിശേഷിച്ചും, മാസത്തിൽ ഒരു തവണയെങ്കിലും ജനങ്ങളെ വിളിച്ചു വരുത്തിയോ സാധാരണ അടിയന്തിരങ്ങൾക്കും മറ്റുമായി ജനങ്ങൾ സ്വയമേവ കൂടുന്ന സന്ദർഭങ്ങളിലോ രണ്ടു വിധത്തിലുമോ സൗകര്യം പോലെ സമുദായത്തിനു പൊതുവിൽ ഗുണപ്രദങ്ങളായ താഴെക്കാണുന്ന വിഷയങ്ങളെപ്പറ്റി പ്രസംഗങ്ങൾ ചെയ്യേണ്ടതാകുന്നു.

വിഷയങ്ങൾ

(1) മതം (2) സദാചാരം (3) വിദ്യാഭ്യാസം (4) വ്യവസായം—ചുരുക്കത്തിൽ ഇവയാകുന്നു.

2. വിവരണം

മതം (എ) അന്ധവിശ്വാസങ്ങളേയും പ്രാണിഹിംസ മുതലായ അമംഗളാചാരങ്ങളോടുകൂടി അനുഷ്ഠിക്കപ്പെടുന്ന ദുർദേവതാരാധനകളേയും നിരാകരിക്കുക (ബി) ഉത്തമ രീതിയിൽ ചെയ്യപ്പെടുന്ന ഈശ്വരാരാധനയുടെ മാഹാത്മ്യത്തേയും ശുദ്ധ ഹിന്ദുമതത്തിന്റെ സഗുണ നിർഗുണതത്ത്വങ്ങളേയും പറഞ്ഞ് പ്രസംഗിക്കുക. (സി) ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ ക്ഷേത്രങ്ങളോ മഠങ്ങളോ നിർമ്മിക്കുന്നതിൽ ജനങ്ങളെ ബുദ്ധിപൂർവം പ്രേരിപ്പിക്കുക.

(നോട്ട്) ഗർഹ്യമോ ക്ഷോഭ ജനകമോ ആയ വിധത്തിൽ പരമതദൂഷണം ചെയ്വാൻ പാടില്ലാത്തതാകുന്നു.

3. സദാചാരം (എ) സത്യം, ശുചിത്വം, അധർമ്മഭയം, ആസ്തിക്യം ഐകമത്യം മുതലായവയേയും (ബി) അർത്ഥശൂന്യങ്ങളും അനർത്ഥകരങ്ങളും ആയ 'മാമൂലു'കളെ പാടുള്ളിടത്തോളം വർജ്ജിച്ചു കാലാനുരൂപവും ഉത്തമവും ആയ ആചാര നടപടികളെ (സ്വാമി അവർകൾ കല്പിച്ചിട്ടുള്ളതും കല്പിക്കുന്നതും അനുസരിച്ച്) നടപ്പാക്കുന്നതിനേയുംപറ്റി ബലമായി പ്രസംഗിക്കുകയും ജനങ്ങളെ ആ വഴിയിൽ തിരിച്ചു കൊണ്ടുവരികയും ചെയ്യുക.

(ഉദാഹരണം: താലികെട്ടു കല്യാണം അർത്ഥശൂന്യവും അനർത്ഥകരവും ആണെന്നു കാണുകയാൽ പരവൂർ മുതലായ സ്ഥലങ്ങളിലെ ഈഴവ മാന്യൻമാർ അതിനെ ഉപേക്ഷിച്ചു സ്വാമി അവർകളുടെ കല്പന പ്രകാരമുള്ള പുതിയ വിവാഹ രീതിയെ സ്വീകരിച്ചു തുടങ്ങിയിരിക്കുന്നു.)

4. വിദ്യാഭ്യാസം: (എ) ഇതിന്റെ അസാമാന്യമായ ഗുണത്തേയും ഇതിന്റെ അഭാവത്താൽ ഉള്ള ദോഷത്തേയും പ്രതിപാദിക്കുകയും ഈഴവ

Digitized By Kerala Sahitya Akademi

സ്ത്രീ പുരുഷന്മാരിൽ പ്രാഥമിക വിദ്യാഭ്യാസം എങ്കിലും ഇല്ലാത്തവർ മേലാൽ ഉണ്ടായിരിക്കരുതെന്ന് അത്ര അഭിമാനവും അഭിരുചിയും തോന്നത്തക്കവണ്ണം അവരെ ഉത്സാഹിപ്പിക്കുകയും ചെയ്യുക.

5. വ്യവസായം:—(എ) കൃഷി, കച്ചവടം, കൈത്തൊഴിൽ ഇവയെ ഉത്തമരീതിയിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനേയും മിതവ്യയത്തേയും പറ്റി പ്രസംഗങ്ങൾ ചെയ്യുകയും മടിയായിരുന്ന് ഉപജീവിക്കുന്ന സമ്പ്രദായം സമുദായ നിയമ വിരുദ്ധമായ ഒരു അകൃത്യമാണെന്നു സ്ത്രീ പുരുഷന്മാരിൽ ഓരോരുത്തർക്കും തോന്നത്തക്കവണ്ണം സമുദായത്തിന്റെ സ്വഭാവം അത്ര ഉത്സാഹഭരിതമാക്കുകയും ചെയ്യുക.

(ബി) ആവശ്യമുള്ള ദിക്കുകളിൽ വ്യവസായ ശാലകൾ ഏർപ്പെടുത്തുക, ശാസ്ത്രീയരീതിയിൽ വ്യവസായങ്ങളെ പഠിക്കുക, പ്രചാരപ്പെടുത്തുക മുതലായ കാര്യങ്ങളിൽ ജനങ്ങളെ പ്രേരിപ്പിക്കുക.

6. മേൽപ്പറഞ്ഞ കൃത്യങ്ങളിൽ ഒന്നോ, അധികമോ എല്ലാവുമോ ഉപദേശിക്കുന്നതിനു പ്രാപ്തിയുള്ളവരും ജന സമ്മതൻമാരും ആയ എല്ലാ സമുദായാംഗങ്ങൾക്കും പ്രാസംഗികൻമാരായിരിക്കാവുന്നതും തനിക്കു സന്ദേഹമുള്ള വിഷയങ്ങളെപ്പറ്റി ഒരു പ്രാസംഗികനും യാതൊന്നും ജനങ്ങളെ ധരിപ്പിച്ചു കൂടാത്തതും, ആചാരനടപടികളിലോ ശാസ്ത്രീയമായോ ഉള്ള എല്ലാ പ്രധാന സംശയങ്ങളേയും യോഗം സിക്രട്ടറി മുഖേന അപ്പോളപ്പോൾ സ്വാമി അവർകളെ ബോധിപ്പിച്ചു നിവൃത്തി വരുത്തിക്കൊള്ളേണ്ടതും ആകുന്നു.

7. പ്രസംഗങ്ങൾ യാതൊരു പ്രകാരത്തിലും താഴ്ന്നതായി വിചാരിക്കപ്പെടുന്ന ജാതികൾക്ക് ഉപദ്രവമോ ഉയർന്നരായി വിചാരിക്കപ്പെടുന്ന ജാതികൾക്ക് ക്ഷോഭമോ ഉണ്ടാകത്തക്കവിധത്തിലോ സ്വരത്തിലോ ആയിരുന്നു കൂടാത്തതാകുന്നു. കഴിയുന്നത്ര താഴ്ന്ന ജാതിക്കാരുടെ അഭിവൃദ്ധിയിൽ ജനങ്ങൾക്കു താല്പര്യം ജനിപ്പിക്കേണ്ടതുമാണ്.

8. പ്രാസംഗികൻമാർ തങ്ങളുടെ കൃത്യങ്ങളോടു സംബന്ധവും പ്രാധാന്യവും ഉള്ളതായി അതാതു സ്ഥലങ്ങളിൽ നടക്കുന്നതും തങ്ങൾ നടത്തുന്നതുമായ സംഗതികളെ കഴിയുന്നത്ര അപ്പോളപ്പോൾ യോഗം ആഫീസിലേക്കു റിപ്പോർട്ടു ചെയ്യുന്നതുകൂടാതെ മാസാന്ത്യങ്ങളിൽ തങ്ങൾ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ ഒരു ചുരുക്കം വിവേകോദയത്തിൽ പ്രസിദ്ധപ്പെടുത്തത്തക്കവണ്ണം സിക്രട്ടറിയുടെ പേർക്കു നിയമേനയും എഴുതി അയച്ചുകൊടുക്കേണ്ടതാകുന്നു.

9. മേൽ പ്രകാരം ഉള്ള റിപ്പോർട്ടുകൾ (വേണ്ടിവന്നാൽ) കൂലിതീരാതെ അയച്ചാൽ യോഗം ആഫീസിൽ സ്വീകരിക്കുന്നതും അങ്ങനെ അയയ്ക്കപ്പെ

Digitized By Kerala Sahitya Akademi

ടുന്ന എഴുത്തുകളുടെ മേൽ വിലാസത്തിനു താഴെ അയയ്ക്കുന്ന പ്രാസംഗികന്റെ പേർ എഴുതിയിരിക്കേണ്ടതും ആകുന്നു.

10. പ്രാസംഗികൻമാർ ഈ നിയമങ്ങളേയും സ്വാമി അവർകളിൽ നിന്നും അപ്പോളപ്പോൾ പുറപ്പെടുന്ന ഉത്തരവുകളേയും അനുസരിക്കേണ്ടതും പുതുതായോ പകരമായോ പ്രാസംഗികൻമാരെ ഏർപ്പെടുത്തുകയോ നീക്കുകയോ ചെയ്യുന്നതിനു സ്വാമി അവർകൾക്ക് എപ്പോഴും സ്വാതന്ത്ര്യം ഉള്ളതും ആകുന്നു.

ഉത്തരവിൻ പ്രകാരം
യോഗം സിക്രട്ടറി എൻ. കുമാരൻ ആശാൻ

വിവേ: 1080 മേടം

ബ്രഹ്മ നിഷ്ഠാമഠം ചിത്സഭകളുടെ 3-ാമതു വാർഷിക പൊതുയോഗം

ഇതു കഴിഞ്ഞ 7-ം 8-ം 9-ം തീയതികളിലായി സ്ഥലം നേറവിപ് ഹൈസ്കുളിനോടു ചേർന്ന കെട്ടിടത്തിൽ വച്ചു മംഗളമായി കഴിഞ്ഞിരിക്കുന്നു. ബ്രഹ്മശ്രീ സദാനന്ദ സ്വാമി അവർകളുടെ അശ്രാന്തമായ ശ്രമത്തിൽ നായർ സമുദായത്തിൽ ഉൾപ്പെട്ട പല യോഗ്യൻമാർക്കും പ്രതിപത്തി വർദ്ധിച്ചുവരുന്നതായി കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. സമുദായാഭിവൃദ്ധിയേയും മതത്തേയും പററി ഗണ്യങ്ങളായ പല ഉപന്യാസങ്ങളും വാചാപ്രസംഗങ്ങളും നടന്നിരുന്നു ചിത്സഭകളെ ഉറപ്പിക്കുന്നതിലേക്കായി ധനസംബന്ധമായ വ്യവസ്ഥകളെപ്പററി പറയുന്ന പതനത്തിൽ ചില മാന്യൻമാർ നമ്മുടെ ശ്രീ. നാ. ധ. പ. യോഗത്തെ ഒരു ജീവദൃഷ്ടാന്തമായി ഉദാഹരിച്ചു കാണുന്നതിൽ നമുക്ക് അല്പം ചാരിതാർത്ഥ്യത്തിനു വകയുണ്ട്.

പരപ്രശംസയ്ക്കു വിഷയമാകുമ്പോഴാണ് സ്വകൃത്യത്തിന്റെ ഉത്തരവാദിത്വം ഗുരുതരമായി തോന്നുന്നത്. അതുകൊണ്ട് അന്യൻമാരുടെ ഇപ്രകാരമുള്ള പ്രശംസകൾക്കു യോഗം നിത്യപാത്രമായിത്തീരത്തക്കവണ്ണം അതിന്റെ നടത്തിപ്പിൽ സവിശേഷമായ ശ്രദ്ധ ഓരോരുത്തർക്കും ഉണ്ടായിരിക്കണമെന്നു നമ്മുടെ ജനങ്ങളെ ഓർമ്മപ്പെടുത്തുന്നതിനും ആ അവസരത്തെ ഞങ്ങൾ ഇവിടെ ഉപയോഗിച്ചുകൊള്ളുന്നു.

താഴ്ന്ന ജാതികളെ ഉദ്ധരിക്കുന്നതിനെയും സമസൃഷ്ടി സ്നേഹത്തെയും മററും പററി ചെയ്ത ഉപന്യാസങ്ങൾ ഉത്തമങ്ങളാണ്. എന്നാൽ തദനുസരണങ്ങളായ പ്രവൃത്തികൾ അത്യുത്തമങ്ങളാകയാൽ ഞങ്ങൾ അവയെ

Digitized By Kerala Sahitya Akademi

കാണ്മാനാണ് അധികമായ മമതയോടുകൂടി പ്രതീക്ഷിക്കുന്നത്. ചിത്സഭകളിൽ നിന്നും വിശിഷ്യ മഹാനായ സദാനന്ദസ്വാമികളിൽ നിന്നും, ഈഴവസമുദായത്തിന് അനേക സംഗതികളും ആശിക്കേണ്ടതായുണ്ട്. അവയെ ഞങ്ങൾ മറെറാരു അവസരത്തിൽ പ്രസ്താവിക്കുന്നതാണ്. ചിത്സഭകൾക്കു സകല വിജയത്തെയും ആശംസിക്കുന്നു.

വിവേ: 1080 മേടം

വിവാഹ രജിസ്ററർ

"പുതിയ വിവാഹ രീതി"യെ ഏർപ്പെടുത്തിയപ്പോൾ നമ്മുടെ ഇടയിയുള്ള വിവാഹങ്ങളെ രേഖപ്പെടുത്തണം എന്നുള്ളതു കൂടി സ്വാമി അവർകളുടെ ഉദ്ദേശ്യത്തിൽ അന്തർഭവിച്ചിരുന്നു. അതിനെ സംബന്ധിച്ച് ഇതിനു മുമ്പിൽ തന്നെ ഞങ്ങൾ പ്രസ്താവിച്ചിട്ടുണ്ട്. കെട്ടു കല്യാണത്തിന്റെ ത്യാഗവും പുതിയ രീതി വിവാഹത്തിന്റെ സ്വീകാരവും തിരുവിതാംകൂറിൽ ഇപ്പോൾ ദിവസേന വ്യാപിച്ചുവരികയാകുന്നു. ഇത്ര അല്പ കാലത്തിനുള്ളിൽ ഈ പരിഷ്കരണത്തിനു സിദ്ധിച്ച ഈ പ്രചാരം നമ്മുടെ ജനങ്ങൾക്കു സ്വാമി അവർകളുടെ നേരേയുള്ള ഭക്തി ബഹുമാനങ്ങളെയും സമുദായ ഗുണങ്ങത്തെ ഉദ്ദേശിച്ചുള്ള ഇത്തരം പ്രവൃത്തികളിൽ അവർക്കുള്ള താല്പര്യത്തേയും നല്ലവണ്ണം തെളിയിക്കുന്നുണ്ട്. ഇപ്പോൾ പുതിയ വിവാഹങ്ങളെ എല്ലാം റിക്കാർഡു ചെയ്യത്തക്കവണ്ണം സ്വാമി അവർകളുടെ ആജ്ഞാനുസാരം കഴിഞ്ഞ മേടമാസം മുതൽ യോഗം ആഫീസിൽ രജിസ്ററർ പ്രത്യേകം വയ്ക്കുകയും അറിയിക്കപ്പെടുന്ന വിവാഹങ്ങളെ രേഖപ്പെടുത്തുകയും ചെയ്തുവരികയാകുന്നു. അതുകൊണ്ട് സമുദായാംഗങ്ങളായ എല്ലാ മാന്യൻമാരും അപ്രകാരമുള്ള വിവാഹങ്ങളിൽ ദമ്പതിമാരുടെയും രക്ഷകർത്താക്കൻമാരുടെയും പേരും വിവരവും വിവാഹം നടന്നതീയതിയും മററും കാണിച്ച് ഓരോ അറിവിപ്പുകളും രക്ഷകർത്താക്കൻമാരിൽ ആരെങ്കിലും സയിൻചെയ്തു യോഗം ആഫീസിലേക്ക് അയച്ചു കൊടുത്ത് ആ സ്തുത്യർഹമായ ഏർപ്പാടിനെ കഴിയുന്ന വേഗത്തിൽ പ്രചാരപ്പെടുത്തുന്നതിൽ ശ്രദ്ധയുള്ളവരായിരിക്കണം എന്നു ഞങ്ങൾ താൽപ്പര്യപൂർവ്വം അറിവിച്ചുകൊള്ളുന്നു. വിവാഹ രജിസ്റററിനെ സംബന്ധിച്ച് അടുത്ത ഒരു പൊതുയോഗത്തിൽ വേണ്ടവണ്ണം പര്യാലോചിച്ചു കൃത്യമായ വ്യവസ്ഥകളും ഏർപ്പെടുത്തുന്നതുവരെ ഇപ്രകാരം എങ്കിലും അതിന് ഒരു രേഖയുണ്ടായിരിക്കുന്നത് ഏററവും നല്ലതാണെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു. വിവാഹം അറിവിപ്പിന്റെ ഫാറം യോഗം ആഫീസിൽ നിന്നും ഉടനേ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുന്നതും മാനേജിംഗ് കമ്മിററി മെമ്പറൻമാർ, ഏജൻറൻമാർ, പ്രാസംഗികൻമാർ മുതലായവരിൽ നിന്നോ യോഗം ആഫീസിൽ നിന്നു നേരിട്ടോ ആവശ്യപ്പെടുന്നവർക്ക് അവ കിട്ടത്തക്കവണ്ണം ഏർപ്പാടു ചെയ്യുന്നതുമാകുന്നു.

വിവേ: 1080 ഇടവം

Digitized By Kerala Sahitya Akademi

കേരളീയ നായർ സമാജം വക 1080 ലെ വാർഷിക റിപ്പോർട്ട്

ഇതിന്റെ ഒരു പ്രതി സമാജം സെക്രട്ടറി അവർകൾ ഞങ്ങൾക്ക് അയച്ചുതന്നതിനെ നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. രണ്ടുകൊല്ലങ്ങൾക്കു മുമ്പ് അല്ലെങ്കിൽ ശ്രീനാരായണധർമ്മപരിപാലനയോഗം രജിസ്റ്റർ ചെയ്തു ആറുമാസം കഴിഞ്ഞശേഷം തിരുവനന്തപുരത്തു വച്ച് ആദ്യമായാരംഭിച്ച 'തിരുവിതാംകൂർ നായർസമാജം' ആണ് ഇപ്പോൾ സാർത്ഥകമായ കേരളീയനായർ സമാജം ആയിത്തീർന്നിരിക്കുന്നത്. അല്പകാലം കൊണ്ടു ള്ള ഈ സമാജത്തിന്റെ പ്രത്യക്ഷവും അപ്രത്യക്ഷവുമായ ശ്രമങ്ങളുടെ ഫലമായി നായർ സമുദായത്തിനു ഗണ്യമായ പല ഗുണങ്ങളും സിദ്ധിച്ചിരിക്കുന്നതായും സിദ്ധിച്ചുവരുന്നതായും കാണുന്നതിൽ ഏറ്റവും സന്തോഷിക്കുന്നു. ആചാരപരിഷ്കരണത്തിലും സ്കൂളുകളെ സ്ഥാപിക്കുന്നതിലും സമാജ മന്ദിരങ്ങൾ കെട്ടിക്കുന്നതിലും വിദ്യാർത്ഥികൾക്കു സാഹായികധനം കൊടുക്കുക, കച്ചവടക്കമ്പിനികൾ സ്ഥാപിക്കുക മുതലായ സമുദായക്ഷേമകരങ്ങളായ എല്ലാനല്ല വിഷയങ്ങളിലും സമാജത്തിന്റെ ദൃഷ്ടിയും പ്രവൃത്തിയും ഒന്നുപോലെ ഇത്ര വേഗത്തിൽ എത്തിക്കാണുന്നതു പ്രവർത്തകൻമാരുടെ യോഗ്യതയും പ്രസ്തുത സമുദായത്തിന്റെ സ്ഥിതിയും ഓർക്കുമ്പോൾ അത്ഭുതമല്ലെങ്കിലും സ്തുത്യർഹമാകുന്നു.

1080-മാണ്ട് അവസാനത്തിൽ 328 അംഗങ്ങൾ മാത്രമുണ്ടായിരുന്ന ഈ സമാജത്തിൽ ഇപ്പോൾ ആയിരത്തിൽപരം അംഗങ്ങൾ ഉണ്ടെന്നറിയുന്നത് ഏറ്റവും ഉത്സാഹജനകമായിരിക്കുന്നു. ഈ അവസരത്തിൽ വലിയ അമാന്തക്കാരായ നമ്മുടെ യോഗം ഏജൻറൻമാരുടേയും, 'പ്രസംഗകൻ'മാരുടേയും മറുകാര്യപ്രവർത്തകൻമാടേയും ഉപേക്ഷയെ ഓർത്തു ഞങ്ങൾ കഠിനമായി അനുതപിക്കുന്നു. സമാജത്തിന്റെ വകയായി അവർക്ക് ഇപ്പോൾ കൈവശം ഉള്ളതു അറുനൂറിൽചിലപം ഉറുപ്പികമാത്രമാണെങ്കിലും അതിൽ ഉൾപ്പെട്ടിട്ടുള്ള ആളുകളിൽ അധികം പേരുടേയും അസാമാന്യയോഗ്യതയേത്തന്നെ ഏറ്റവും വിലയേറിയധനമായി വിചാരിക്കാവുന്നതാകുന്നു. ഒരു വാസ്തവദേശാഭിമാനിയെന്നു വിളിക്കപ്പെടാവുന്ന യോഗ്യനായ സമാജം സെക്രട്ടറി സി. കൃഷ്ണപിള്ളബി ഏ അവർകളുടെ ദീർഘാലോചനയുടെ ഫലവും കാലോചിതവുമായഈ സ്ഥാപനം. നായർ സമുദായത്തിന്റെ യോഗക്ഷേമത്തെ നിലനിർത്തുന്നതിൽ എത്ര ഉപയുക്തമായും ഇതിന്റെ ഭാവി എത്ര പ്രാധാന്യമേറിയ സംഗതികൾക്കെല്ലാം നിദാനമായും തീരാവുന്നതാണെന്ന് അല്പം വിചാരിച്ചാൽ ആർക്കും അറിയാവുന്നതാണ്. അദ്ദേഹത്താൽതന്നെ പറയപ്പെടുന്നതുപോലെ ''സഹോദരങ്ങളും എല്ലാവിഷയങ്ങളിലും അന്യോന്യം സംക്രമിക്കപ്പെട്ടിരിക്കുന്നവരുമായ നമ്മുടെ സമുദായത്തിന്റെ വകയായ ശ്രീനാരായണ ധർമ്മപരിപാലനയോഗത്തിനും തൽപ്രവർത്തകൻമാർക്കും സപ്രവൃർത്തികളിൽ ടി സ്ഥാപനം വർദ്ധമാനമായ ഉത്സാഹത്തേയും പ്രതിപത്തിയേയും നാൾക്കുനാൾ നൽകിക്കൊണ്ടു നിൽക്കുന്ന ഒരു മുഖ്യ

Digitized By Kerala Sahitya Akademi

പ്രേരകമായിത്തീർന്നിരിക്കുന്നതിനാൽ ഇതിന്റെ അഭിവൃദ്ധിയിൽ ഈ സഹോദരങ്ങളേക്കാളും അഭിനന്ദിക്കുന്ന സമുദായാന്തരം ഉണ്ടായിരിക്കയില്ലെന്നു ഞങ്ങൾക്കു ഉറപ്പായി പറയാവുന്നതാകുന്നു.

വിവേ: 1081 മേടം

ശ്രീ നാരായണ ധർമ്മ പരിപാലന യോഗം

ഇതു മഹാനുഭാവനായ ബ്രഹ്മശ്രീ നാരായണഗുരുസ്വാമി അവർകളുടെ അദ്ധ്യക്ഷതയിൽ കേരളത്തിലെ തീയർ അല്ലെങ്കിൽ ഈഴവർ എന്നു ജാതിക്കാരുടെ ഇടയിൽ മദ്യം, വിദ്യാഭ്യാസം, വ്യവസായം, ആചാരനടപടികളും മുതലായ വിഷയങ്ങളിൽ കാലോചിതമായ പരിഷ്കാരാഭിവൃദ്ധികളെ ഉണ്ടാക്കാൻ ശ്രമിക്കുന്നതിലേക്കായി ഇൻഡ്യൻ കമ്പനി ആക്ററ് അനുസരിച്ചു രജിസ്ററർ ചെയ്തു 1079—ാമാണ്ടു മുതൽ സ്ഥാപിച്ചു നടത്തപ്പെട്ടുവരുന്ന ഒരു മഹാസംഘമാകുന്നു. ഈ നാലു കൊല്ലങ്ങളായി പ്രസ്തുത യോഗം സമുദായ ശ്രേയസ്സിനെ ഉദ്ദേശിച്ചു ചെയ്തിട്ടുള്ള സ്തുത്യർഹങ്ങളുടെ പ്രവൃത്തികളും പ്രസിദ്ധങ്ങളാണ്. യോഗത്തിന്റെ ഭാവികർത്തവ്യങ്ങളും അസംഖ്യങ്ങളാകുന്നു. ഇതു തിരുവിതാംകൂറിന്റെ ഏററവും തെക്കേ അതിർത്തി മുതൽ വടക്കേ മലയാളം വരെ സമുദായത്തിലുള്ള എല്ലാ പ്രമാണികളുടേയും പ്രത്യക്ഷവും പരോക്ഷവുമായ ദൃഷ്ടിയിൻമേൽ സൂക്ഷിക്കപ്പെട്ടു വരുന്നതും കേരളം മുഴുവനും ആയി ക. 25;50: 75;100;500 ഈ ക്രമം അനുസരിച്ച് ഓഹരി ചേർന്നിട്ടുള്ളവരായ 800—ൽപരം അംഗങ്ങളും (ഇന്നുവരെ) ഉള്ളതും കൊല്ലംതോറും സ്തുത്യർഹമായ വിധത്തിൽ പല പ്രധാന പട്ടണങ്ങളിലും കൂടപ്പെട്ടു വരുന്ന മഹായോഗങ്ങളിൽ വച്ചു തിരഞ്ഞെടുക്കപ്പെടുന്ന കേരളത്തിന്റെ പല ഭാഗങ്ങളിലുമുള്ള മാനം പുരുഷൻമാരടങ്ങിയ ഒരു കമ്മിററിയാൽ തൃപ്തികരമാംവണ്ണം ഭരിക്കപ്പെട്ടുവരുന്നതുമാകുന്നു. സമുദായ സ്നേഹമുള്ള ആരും അംഗങ്ങളായി ചേർന്നും മററു പ്രകാരേണയും ഈ യോഗത്തെയും അതിന്റെ ഉദ്ദേശ്യങ്ങളേയും സഫലീകരിക്കുന്നതിൽ സന്തോഷമുള്ളവരും ആ സന്തോഷത്തെ പ്രവൃത്തിമൂലം കാണിപ്പാൻ തയാറുള്ളവരും ആയിരിക്കുമെന്നു ആശിക്കപ്പെട്ടിരിക്കുന്നു. അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവർക്ക് അപേക്ഷാഫാറാങ്ങളോ യോഗ നിബന്ധനാ പുസ്തകങ്ങളോ ആവശ്യപ്പെട്ടാൽ അയച്ചുകൊടുക്കുന്നതും ഏതൻ സംബന്ധമായ ഏതു കത്തുകൾക്കും സിക്രട്ടറി ഉടനടി മറുപടി കൊടുപ്പാൻ എപ്പോഴും തയാറുള്ളതും ആകുന്നു. ധന സംബന്ധമായും മററുമുള്ള ഇതിന്റെ തൃപ്തികരമായ ഭരണരീതിക്കു വേ

Digitized By Kerala Sahitya Akademi

ണ്ട ദൃഷ്ടാന്തങ്ങൾ ഈ മാസിക തന്നെ വിളിച്ചു പറയുന്നതാകുന്നു. സമുദായത്തിലുള്ള വലിയവരും എളിയവരുമായ എല്ലാ ജനങ്ങളുടേയും ശ്രദ്ധയെ ഈ വിഷയത്തിലേക്ക് എപ്പോഴും സബഹുമാനം ക്ഷണിച്ചുകൊള്ളുന്നു.

സിക്രട്ടറി
ശ്രീ. നാ. ധ. പ. യോഗം ആഫീസ്
പുത്തൻചന്ത, തിരുവനന്തപുരം

വിവേ: 1081 ഇടവം, കർക്കിടകം

നമ്മുടെ കൃഷിവ്യവസായ പ്രദർശനം

കണ്ണൂരിൽവച്ചു ശ്രീ. നാ-ധ-പ- യോഗത്തിന്റെ ഈ വരുന്നനാലാമതു വാർഷിക യോഗത്തോടൊന്നിച്ചു നടത്തപ്പെടാൻ പോകുന്ന പ്രസ്തുത പ്രദർശനത്തെപ്പറ്റി കഴിഞ്ഞകുറി ഞങ്ങൾ ചിലതെല്ലാം പറഞ്ഞിരുന്നുവല്ലോ. ഇപ്പോൾ അതിനെക്കുറിച്ചുള്ള ഖണ്ഡിതമായ അറിവുകൾ ഞങ്ങൾക്കു കിട്ടിയിരിക്കുന്നു. പ്രദർശനത്തിന്റെ റൂൾസ് മുതലായ വിവരങ്ങൾ എല്ലാം വേറൊരു ദിക്കിൽ ചേർത്തിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. പ്രദർശനം ഫെബ്രുവരി 1–ാം നു- ക്കു മകരം 19–ാം നു- തുറക്കപ്പെടുന്നതാകുന്നു. മദ്രാസ് ഗവർണരുടെ ആലോചനാസഭയിൽ മെമ്പറായ ബഹുമാനപ്പെട്ട സ്റ്റുവർട്ട് സായ്പ് അവർകൾ ഇതിനെ തുറക്കുന്നതിനും മലബാർ കലക്ടർ എ. ആർ. നായ്പ് സായ്പവർകൾ മുതലായവർ രക്ഷാധികാരികളായിരിക്കുന്നതിനും സമ്മതിച്ചിരിക്കുന്നതായറിയുന്നതിൽ ഞങ്ങൾ വളരെ സന്തോഷിക്കുകയും അവരോടു നന്ദിയുള്ളവരായിരിക്കയും ചെയ്യുന്നു. കോഴിക്കോട്ടെ പ്രസിദ്ധ ജൻമിയും പരിഷ്കൃതബുദ്ധിയുമായ സി. എം. രാരിച്ചൻ മൂപ്പനവർകൾ പ്രദർശനക്കമ്മറ്റിയുടെ പ്രസിഡണ്ടും കൊറിയത്തു രാമുണ്ണിവക്കീൽ അവർകൾ ജനറൽ സെക്രട്ടറിയും പെൻഷൻ തഹസീൽദാർ കണ്ണൂർ സി. കരുണാകരൻ അവർകൾ ഹൈക്കോർട്ടു വക്കീൽ കോഴിക്കോട്ടു സി. കൃഷ്ണൻ ബി. എ. ബി. എൽ. അവർകൾ, ഹൈക്കോർട്ടു വക്കീൽ തലശ്ശേരികെ. കൃഷ്ണൻ ബി.എ.ബി.എൽ. അവർകൾ ഈ യോഗ്യൻമാർ ജോയിൻറു സെക്രട്ടറിമാരും ആ നടത്തപ്പെടുന്ന പ്രസ്തുത പ്രദർശനം ഏറ്റവും വിജയപൂർണ്ണമായി പാർയവസാനിക്കുമെന്നു ള്ളതിൽ ഞങ്ങൾക്കു പക്ഷാന്തരമില്ല. നാനാദിക്കുകളിൽ നിന്നും പ്രദർശനപദാർത്ഥങ്ങൾ അയച്ചും അയപ്പിച്ചും മറ്റു പല പ്രകാരേണയും നമ്മുടെ സമുദായാംഗങ്ങളിൽ ഓരോരുത്തരും ഇതിന്റെ വിജയത്തിലേക്കായി കമ്മിറ്റിക്കാരെ സഹായിക്കേണ്ടതു് ഈ അവസരത്തിൽ അവരുടെ കർത്തവ്യകർമ്മങ്ങളിൽ പ്രധാനമായ ഒന്നായി വിചാരിക്കുമെന്നു ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു. സകല ജാതിമതസ്ഥരായ കേരളീയർക്കും അഭേദമായി തുറക്കപ്പെടുന്ന ഈ പ്രദർശനത്തെ എല്ലാ സ്വദേശ സ്നേഹികളും വേണ്ട ഒത്താശകൾ

Digitized By Kerala Sahitya Akademi

ചെയ്തുകൊടുത്തു കേരളത്തിനു മുഴുവൻ യശസ്കരമായ വിധത്തിൽ അവസാനിക്കത്തക്കവണ്ണം നോക്കാതിരിക്കയില്ലെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ധനസഹായം ചെയ്യുന്നതിന് ഒരുക്കമുള്ള മാന്യൻമാരുടെ സൗജന്യത്തിനു കമ്മിറ്റി എപ്പോഴും കടപ്പെട്ടിരിക്കുന്നതും സംഭാവനയായി അയച്ചു കൊടുക്കുന്നതുകയെ എത്ര നിസ്സാരമായിരുന്നാലും നന്ദിപൂർവം കമ്മിറ്റി സ്വീകരിച്ചു കൊള്ളുന്നതുമാകുന്നു.

കൃത്യബാഹുല്യത്താൽ ഇക്കുറി സാഹിത്യ പരീക്ഷയെ വിട്ടുകളഞ്ഞിരിക്കുന്നത് ഉചിതമായി എന്നു ഞങ്ങൾ വിചാരിക്കുന്നു.

വിവേ: 1082 തുലാം

നമ്മുടെ പ്രദർശനവും പൊതുയോഗവും

കണ്ണൂർ റയിൽവേ സ്റ്റേഷന് ഏറ്റവും അടുത്തുള്ള മൈതാനത്തിൽ പ്രത്യേകം ഏർപ്പെടുത്തപ്പെട്ട കെട്ടിടങ്ങളിൽ ഇതു മാർച്ച് 27–ാം നു (മീനം 14–ാം നു) പ്രദർശനം തുറക്കപ്പെടുന്നതും അതിനടുത്ത രണ്ടു ദിവസങ്ങളിൽ പൊതുയോഗം കൂടുന്നതുമാകുന്നു. സ്വജനക്ഷേമ തല്പരൻമാരും സ്വവർഗാഭിമാനികളുമായ 'എല്ലാ ഈഴവ സഹോദരങ്ങളും അ അവസരത്തിൽ സന്നിഹിതരായിരിക്കേണ്ടത് അത്യന്താപേക്ഷിതമാകുന്നു.

ഒരു പ്രദർശനത്തിന്റെ സാമാന്യമായ പ്രയോജനങ്ങളെക്കുറിച്ച് ഞങ്ങൾ ഇനി പ്രസംഗിച്ചിട്ട് ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പ്രദർശനത്തിന്റെ ഉദ്ദിഷ്ടഫലങ്ങൾ പൂർണ്ണമായി പ്രകാശിക്കുന്നതിന് അതിനെ സന്ദർശിക്കയും അതിൽ നിന്നും ഗ്രഹിക്കാനുള്ള തത്ത്വങ്ങളേയും നവീന സമ്പ്രദായങ്ങളേയും വഴിയാകുംവണ്ണം മനസ്സിലാക്കുകയും ചെയ്യേണ്ടത് ഒഴിച്ചുകൂടാത്തതാകുന്നു. ഒരു വലിയ സംഖ്യയെ ചെലവാക്കി നടത്തപ്പെടുന്ന ഈ മഹത്തായ കാര്യത്തെ നാം വേണ്ടതുപോലെ വില വയ്ക്കുന്നു എന്നു കാണിക്കേണ്ടത് നാം അവയിൽ നിന്നും ലഭിക്കേണ്ടതായ അറിവിനെ സമഗ്രമായി സമ്പാദിച്ചിട്ടാകുന്നു. ഈ ഉദ്ദേശ സാധ്യത്തിന് ഏറ്റവും സുഗമവും ഉത്തമവുമായ മാർഗം പ്രദർശനത്തെ ചെന്നു കാണുകയും അവിടെ പ്രദർശിപ്പിക്കപ്പെടുന്ന സാധനങ്ങളുടെ മാഹാത്മ്യങ്ങളേയും നിർമ്മാണ സമ്പ്രദായങ്ങളേയും മനസ്സിലാക്കുകയുമാകുന്നു. പ്രദർശനത്തെ കേവലം വിലപിടിച്ച ഒരു ഉത്സവമായിട്ടോ കൂത്തായിട്ടോ പരിഗണിക്കാതെ നമ്മുടെ കൃഷി വ്യവസായങ്ങളെ പരിഷ്കരിക്കേണ്ട മാർഗ്ഗങ്ങളെ അനായാസേന കാണിച്ചു തരുന്ന ഒരു മാർഗ്ഗദർശിയായി കരുതേണ്ടതാകുന്നു. പ്രദർശനത്തിനായി അയയ്ക്കപ്പെടുന്ന സാധനങ്ങളെ ഒരു സ്ഥലത്തു നരിത്തിവച്ചതുകൊണ്ടു മാത്രം ഒരു പ്രയോജനവും ഉണ്ടാകുന്നതല്ല. . പ്രത്യേകിച്ചും കൈത്തൊഴിൽ പരിശീലിക്കുന്നവർക്ക് ഈ സാധനങ്ങളെ നോക്കി താരതമ്യ

Digitized By Kerala Sahitya Akademi

പ്പെടുത്തുന്നതിനും ഓരോന്നിനും ഉള്ള വിശേഷഗുണങ്ങളുടെയും നിർമ്മാണ സൗകര്യങ്ങളുടെയും മറ്റും മാഹാത്മ്യത്തെ ഗ്രഹിക്കുന്നതിനും, നവീനങ്ങളായ മാതൃകകളെ പകർത്തിക്കൊള്ളുന്നതിനും ഈ സന്ദർശനം അത്യന്തം ഉപകരിക്കുന്നതാകുന്നു.

ഇതിനും പുറമേ നമ്മുടെ വാർഷിക പൊതുയോഗത്തിനും സന്നിഹിതരായിരിക്കാവുന്നതും ഇരിക്കേണ്ടതുമാകുന്നു. പല കാര്യങ്ങളുടേയും സമ്മേളനം കൊണ്ടും ഈ പൊതുയോഗം ഏറ്റവും പ്രാധാന്യമേറിയതായിരിക്കും. നമ്മുടെ സമുദായത്തെ പൊതുവേയും തിരുവിതാംകോട്ടേ ഈഴവരെ പ്രത്യേകമായും സംബന്ധിക്കുന്ന പല വലിയ കാര്യങ്ങളെ ആലോചിച്ചു തീർച്ചപ്പെടുത്തുവാൻ പോകുന്ന ഈ അവസരത്തിൽ സമുദായത്തിന്റെ ഉന്നമനത്തിൽ ഔത്സുക്യമുള്ള ഏവരും സന്നിഹിതരായിരിക്കേണ്ടതാണെന്നു ഞങ്ങൾ വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

കണ്ണൂർ മിക്കവാറും കേരളത്തിന്റെ വടക്കേ അറ്റമായതുകൊണ്ടു തിരുവിതാംകൂറിലെ നമ്മുടെ സഹോദരങ്ങൾ പോകാൻ മടിക്കുമെന്നു ഞങ്ങൾക്കു ശങ്കയില്ലെന്നില്ല. ഇതു യാത്രയിലുള്ള സൗകര്യക്കേടു കൊണ്ടുമാത്രമാണെന്നാണു ഞങ്ങൾ വിചാരിക്കുന്നത്. അങ്ങനെ ആണെങ്കിൽ അത് ഇപ്പോൾ യാത്രയിൽ ഉള്ള സൗകര്യത്തെക്കുറിച്ച് അവർക്കു തീരെ അറിവില്ലാഞ്ഞിട്ടായിരിക്കും. കൊല്ലം മുതൽ എറണാകുളം വരെ തീബോട്ടും കണ്ണൂർ വരെ തീവണ്ടിയും ഉള്ള സ്ഥിതിക്കു യാത്രയ്ക്ക് ഒരു അസൗകര്യവും വരാനില്ല. ഇതിനും പുറമേ പ്രദർനത്തിനു സാമാനം അയയ്ക്കുന്നതിനും സന്ദർശനാർത്ഥം പോകുന്നവർക്കും എറണാകുളം മുതൽ തീവണ്ടിച്ചാർജ് പ്രത്യേക ഉത്തരവിൻമേൽ കുറവു ചെയ്തിരിക്കുന്നതും എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. ആളിന്നും പ്രദർശന സാമാനങ്ങൾക്കും ഇങ്ങനെ സാധാരണ നിരക്കിൽ നിന്നു വളരെ താഴ്ത്തി ചാർജു നിശ്ചയിച്ചിരിക്കുന്നതുകൊണ്ടും തിരുവിതാംകോട്ടു നിന്നും വളരെ സഹോദരങ്ങൾ പോകുമെന്നു ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു.

കേരളം മുഴുവൻ വ്യാപിച്ചു കിടക്കുന്ന നമ്മുടെ സമുദായത്തിനു അവശ്യം ഉണ്ടായിരിക്കേണ്ട ഐക്യതയുടെ അഭാവം, നമ്മിൽ ഓരോ പ്രത്യേക ദേശക്കാർക്കും ഉണ്ടായിരിക്കുന്ന സ്പൃഹണീയമല്ലാത്ത ജാത്യഭിമാനവും, സജാതീയരെങ്കിലും അന്യദേശീയരോടുള്ള സമാഗമത്തിൽ നിരന്തരമായി പ്രകാശിപ്പിക്കുന്ന വൈമുഖ്യവും കൊണ്ട് ഉണ്ടായിട്ടുള്ളതാണെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. പരസ്പര മൈത്രിയേയും വിശ്വാസത്തേയും പൊതു നൻമയിൽ താല്പര്യത്തേയും ജനിപ്പിക്കുന്നതിന് ഇപ്രകാരം എല്ലാ സ്ഥലങ്ങളിലേയും സമുദായസ്നേഹികൾ ഒരു സ്ഥലത്തു ചേർന്നു സമുദായത്തിന്റെ അഭിവൃദ്ധിയെ മാത്രം മുൻനിർത്തി പ്രവൃത്തിക്കുന്നതു പക്ഷം പ്രയാസം ഒട്ടും ഉണ്ടായിരിക്കുന്നതല്ല. കഴിഞ്ഞ കൊല്ലത്തിൽ

Digitized By Kerala Sahitya Akademi

കൊച്ചിയിലും ബ്രിട്ടീഷ് മലബാറിലും ഉള്ള നമ്മുടെ സഹോദരങ്ങ— തന്നെ ഇദംപ്രഥമമായി ഇങ്ങനെ പ്രവർത്തിച്ചിരിക്കുന്നതുകൊണ്ടും തിരുവിതാം കോട്ടുക്കാർക്കും ഉടനേതന്നെ സൗകര്യം സിദ്ധിച്ചിരിക്കുന്നതുകൊണ്ടും അവർ ഈ അവസരത്തെ സന്തോഷപൂർവം ഉപയോഗിക്കുമെന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

നമ്മുടെ പ്രദർശനാവസരത്തിൽ ഇൻഡ്യൻ സംഗീതത്തിൽ വൈദഗ്ധ്യം ആർക്കെന്ന സംഗതികൂടി പരീക്ഷിക്കപ്പെടുന്നതും സ്വർണ്ണം കൊണ്ടും വെള്ളികൊണ്ടും രണ്ടുമുദ്രകൾ സമ്മാനിക്കപ്പെടുന്നതും ആണെന്നു സിക്രെ ട്ടറി ഞങ്ങളെ അറിയിച്ചിരിക്കുന്നു. എല്ലാ സംഗീത സാമഗ്രികളും അനുവദി ക്കപ്പെടുന്നതാണ്. ഇതിൽ ചേരുന്നതിന് സംഗീതവിദ്യയിൽ നൈപുണ്യ മുള്ള എല്ലവരേയും ക്ഷണിച്ചുകൊള്ളുന്നു. പ്രദർശനത്തോടുകൂടി ഗോഷ്ഠി മുതലായി ഏതാനും കളികൾ നടത്തുവാൻ കണ്ണൂരിലെ പട്ടാള അധികാര സ്ഥൻമാർ വേണ്ടപ്പെട്ട ചട്ടങ്ങൾ ചെയ്തിരിക്കുന്നു. പ്രദർശനം വകയ്ക്ക് മിസ്റ്റർ രാരിച്ചൻമുപ്പൻ 250 ക. യും ലഫ്റ്റനൻറ് കർണ്ണൽകിങ്ങ് 50 ക. യും, മെസ്സേഴ്സ് സി. റ്റി. കുഞ്ഞിരാമൻ നായർ, ജെ. എസ്. വിൽ സൻ ഇവർ 25 ക. വീതവും, മെസ്സേഴ്സ്സി. കൃഷ്ണൻ (ബാരിസ്റ്റർ) കുടാളി താഴത്തുവീട്ടിൽ കുഞ്ഞിരാമൻനമ്പ്യാർ ഇവരിൽ ഓരോ ആളും 15 ക. യും, മെസ്സേഴ്സ് കോശവൻ മരക്കാർ, എ. ചാത്തു, എസ്. രഘു നാഥയ്യർ ഇവർ 10 ക. വീതവും, മെസ്സേഴ്സ് ഒസ്മാൻസേട്ട്, മാളിക യ്ക്കൽ മമ്മദ്, ടി.വി. നാരായണൻ നായർ, നരിക്കോട്ടു നാരായണൻ നമ്പൂ തിരി ഇവർ 5 ക. വീതവും കൊടുത്തിരിക്കുന്നു. തെക്കേ മലയാളം, കൊച്ചി, തിരുവനന്തപുരം മുതലായ സ്ഥലങ്ങളിൽ എജൻറൻമാർ മുഖേന പിരിയുന്ന സംഖ്യകളുടെ വിവരം വഴിയേ അറിയിക്കപ്പെടുമെന്നു ജനറൽ സിക്രട്ടറി ഞങ്ങളെ അറിയിച്ചിരിക്കുന്നു.

പ്രദർശനത്തിന്റെ വിശേഷങ്ങളിൽ ഒന്ന് ഒരു വായനശാല ഉണ്ടായിരി ക്കുന്നതാണ്. പത്രാധിപൻമാരെ തങ്ങളുടെ പത്രങ്ങളുടെ പ്രതികളെ പ്രദർ ശിപ്പിക്കുതിനു ക്ഷണിച്ചുകൊള്ളുകയും സിക്രട്ടറിയെ വിവരം മുൻകൂട്ടി അറിയിക്കണമെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നതായി സിക്രട്ടറി ഞങ്ങ ളെ അറിവിക്കുന്നു.

വിവേ: 1082 ധനു മകരം

നമ്മുടെ പ്രദർശനം

നാലാമതു വാർഷിക യോഗത്തോടൊന്നിച്ചു കണ്ണൂർ വച്ചു നടത്താൻ ഏർപ്പാടു ചെയ്തുവന്ന യോഗം വക രണ്ടാമത്തെ പ്രദർശനം നിശ്ചയ പ്രകാരം മാർച്ച് 27—ാം നു ആരംഭിച്ച് ഇപ്പോൾ മംഗളമായും പൂർണ്ണവിജയ

Digitized By Kerala Sahitya Akademi

ത്തോടുകൂടിയും അവസാനിച്ചിരിക്കുന്നു. വിചാരങ്ങളുടെ ആധിക്യത്താൽ വാക്കുകളുടെ പ്രസരിപ്പു ചുരുങ്ങിപ്പോകുന്നതു സ്വാഭാവികമാണല്ലോ. അതുകൊണ്ടുമാത്രമല്ല വിവേകോദയത്തിന്റെ ഇക്കുറിയുള്ള സ്ഥലച്ചുരുക്കത്താലും പ്രദർശനത്തിന്റെ വിവരണങ്ങളിൽ സവിസ്തരം പ്രവേശിപ്പാൻ സാധിക്കാത്തതിൽ ഞങ്ങൾ വ്യസനിക്കുന്നു. പ്രദർശനക്കമ്മിറ്റി അദ്ധ്യക്ഷൻ അവർകളുടേയും പ്രദർശനത്തെ തുറന്ന സ്റ്റുവേർട്ട് സായ്പ് അവർകളുടേയും പ്രസംഗങ്ങളുടെ മുഴുവൻ തർജ്ജിമ ഞങ്ങൾ വേറൊരിടത്തു ചേർത്തിട്ടുണ്ട്. ആരംഭം മുതൽ അതിന്റെ ബാഹ്യവും ആന്തരവുമായ സകല നടപടികളേയും സംബന്ധിച്ചുള്ള സ്ഥലം ലേഖകന്റെ പ്രത്യേക റിപ്പോർട്ടും ഇതോടെ ചേർക്കുന്നുണ്ട്. കണ്ടുതന്നെ അറിയേണ്ടവയായ ഈ കൃഷിവ്യവസായ പ്രദർശനത്തിന്റെ സ്വഭാവത്തേയും വലിപ്പത്തേയും അതിനെ നടത്തുന്നതിൽ കമ്മിറ്റിക്കാർ ചെയ്തിരിക്കുന്ന തൃപ്തികരങ്ങളും സ്തുത്യർഹങ്ങളുമായ ഏർപ്പാടുകളേയും ഓരോ വകുപ്പുകളിലും സ്വരാജ്യത്തിലും വെളിയിലും നിന്നു വന്നിരുന്ന കാഴ്ചസാധനങ്ങളുടെ ആശ്ചര്യകരമായ ബാഹുല്യത്തേയും, അവയിൽ നിറയ്ക്കപ്പെട്ടതും "ആപാദചൂഡം നയനാഭിരാമമാംവണ്ണം" അലങ്കരിക്കപ്പെട്ടതുമായ പ്രദർശനഭൂമിയേയും, നാട്ടുകാരും യൂറോപ്യൻമാരുമായ ഏറ്റവും വലിയ ഉദ്യോഗസ്ഥൻമാരുടേയും പ്രഭുക്കൻമാരുടേയും സഹകരണങ്ങളേയും, യോഗ്യരായ പ്രധാന പ്രവർത്തകൻമാരുടെ അവിശ്രാന്തമായ ഉത്സാഹത്തേയും, മാന്യരായ നായകൻമാരുടെ കീഴിൽ നയിക്കപ്പെട്ട വാളൻറീയർ സംഘത്തിന്റെ കൃത്യനിഷ്ഠയേയും, പ്രസംഗശാല, പ്രാമാണികരായ മാന്യൻമാരുടെ വിലയേറിയ പ്രസംഗങ്ങൾ, പല പ്രകാരത്തിൻ ഉല്ലാസപ്രദങ്ങളായ വിനോദങ്ങൾ ഇവയേയും, കാഴ്ചക്കാരായ മാന്യ സ്ത്രീ പുരുഷൻമാരുടെ അഹോരാത്രമുള്ള തിക്കിത്തിരക്കലിനേയും മറ്റും പറ്റി പറഞ്ഞറിയിക്കാൻ പ്രയാസമായിട്ടുള്ളതാകുന്നു. ജനങ്ങൾക്കു ജ്ഞാനസമ്പാദനത്തിനും ജീവിതമത്സരത്തിൽ വിജയത്തിനും സുഗമമായ മാർഗ്ഗദർശകവും പ്രശസ്തവും ഉല്ലാസപ്രദവുമായ ഇപ്രകാരമുള്ള പ്രദർശനങ്ങളുടെ ഗുണങ്ങളെപ്പറ്റി തെറ്റിദ്ധരിക്കുന്നവർ ഉണ്ടെങ്കിൽ നിശ്ചയമായും അവരെക്കുറിച്ചു ദയതോന്നേണ്ടതാണ്. ചുരുക്കത്തിൽ ഈ പ്രദർശനം കേരളത്തിനു പൊതുവായും നമ്മുടെ സമുദായത്തിനും യോഗത്തിനും പ്രത്യേകമായും ഏറ്റവും അഭിമാനപ്രദവും, സമുദായസ്നേഹികളും, സമുദായ നേതാക്കളുമായ കൊറ്റ്യത്തു രാമുണ്ണിവക്കീൽ അവർകൾ,സി. എം. രാരിച്ചൻ മൂപ്പനവർകൾ, ഡാക്ടർ പല്പു അവർകൾ തുടങ്ങിയ യോഗ്യരായ പ്രധാന പ്രവർത്തകൻമാർക്ക് ഏറ്റവും ചാരിതാർത്ഥ്യജനകമായും ശുഭമായും, അവസാനിച്ചു എന്നു പ്രസ്താവിക്കുന്നതിൽ ഞങ്ങൾക്കുള്ള കൃതാർത്ഥതയും സന്തോഷവും ഏറ്റവും വലുതായിട്ടുള്ളതാകുന്നു.

വിവേ: 1082 കുംഭം, മീനം

Digitized By Kerala Sahitya Akademi

സ്റ്റേറർ മാനുവലും ഈഴവരും

സീനിയർ ദിവാൻ പേഷ്കാർ മിസ്റ്റർ നാഗമയ്യരാൽ എഴുതപ്പെട്ടിട്ടുള്ള ഈ വലിയ ഗ്രന്ഥത്തിന്റെ പ്രതികൂ തിരുവിതാംകൂറിലെ നാട്ടുഭാഷാ പത്രങ്ങൾക്കു ഗവൺമെൻറിൽ നിന്നും അയച്ചുകൊടുക്കാതിരുന്നതിനെ പല പത്രങ്ങളും സകാരണം ആക്ഷേപിച്ചിട്ടുള്ളതാണല്ലോ. ഗവൺമെൻറിന്റെ ഈ അനുചിതമായ പ്രവൃത്തി ആക്ഷേപയോഗ്യമാണെന്നു തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. ഇനി ഈ വിഷയത്തെപ്പറ്റി ആക്ഷേപം ചെയ്യുന്നതുകൊണ്ട് യാതൊരു പ്രയോജനവുമുണ്ടെന്നു ഞങ്ങൾക്കു തോന്നുന്നില്ല.

ഈ പുസ്തകത്തിന്റെ ഉദ്ഭവത്തേയും സ്വഭാവത്തേയും കുറിച്ചു സ്വല്പം പറഞ്ഞിട്ട് ഈഴവരെ സംബന്ധിച്ച് മിസ്റ്റർ നാഗമയ്യർ പുറപ്പെടുവിച്ചിരിക്കുന്നഅഭിപ്രായങ്ങളെ ഒന്നു പരിശോധിക്കാനാണ് ഞങ്ങൾ വിചാരിക്കുന്നത്. 1891–ാമാണ്ടിൽ ആണ് മിസ്റ്റർ നാഗമയ്യരോട് ഈ പുസ്തകരചനയ്ക്ക് അന്നത്തെ ദിവാൻ രാമരായർ അവർകൾ ആവശ്യപ്പെട്ടത്. അക്കാലത്തു മിസ്റ്റർ നാഗമയ്യർ 91–ലെ ജനസംഖ്യാറിപ്പോർട്ടെഴുതുന്നതിനു നിയുക്തനായിരുന്നു. ഈ ഭാരമേറിയ കൃത്യങ്ങൾ വഹിക്കേണ്ടിയിരുന്നതു തന്റെ ഉദ്യോഗസംബന്ധമായ ജോലികൾക്കു പുറമേയായിരുന്നു. മഹാരാജാവു തിരുമനസ്സിലെ അനുമതി ആ ആണ്ടവസാനത്തിൽതന്നെ ലഭിച്ചു എങ്കിലും മിസ്റ്റർ രാമരായർ ഉടനേതന്നെ ദിവാൻ പദത്തിൽനിന്നു ഒഴിഞ്ഞതുകൊണ്ടും അദ്ദേഹത്തിന്റെ പിൻഗാമിയായി വന്ന മിസ്റ്റർ ശങ്കരസുബ്ബയ്യർക്ക് ഇതിൽ താല്പര്യം അശേഷം ഇല്ലായിരുന്നതു കൊണ്ടും മിസ്റ്റർ കൃഷ്ണസ്വാമിരായരുടെ ഭരണം വരെ ഈ കാര്യത്തിൽ ഒന്നുംതന്നെ ചെയ്തിട്ടില്ലായിരുന്നു. ഇങ്ങനെ രണ്ടാമത് ഈ ഗ്രന്ഥത്തിന്റെ നിർമ്മാണ വിഷയം ആലോചനയ്ക്കു പാത്രീഭവിച്ചത് 1901–ൽ ആയിരുന്നു. അന്നു മുതൽ മിസ്റ്റർ നാഗമയ്യർ ഇതിൽ പ്രവർത്തിച്ചുതുടങ്ങി. 1904 ഡിസംബർ മുതൽ അദ്ദേഹം ഇതിൽ പ്രത്യേകം നിയോഗിക്കപ്പെടുകയും അനന്തരം 9 മാസങ്ങൾക്കകം ഗ്രന്ഥം എഴുതിത്തീർക്കുകയും ചെയ്തു. പിന്നീട് 1906 ന്റെ മദ്ധ്യത്തിൽ മൂന്നു വലിയ വാല്യങ്ങളായി പ്രസിദ്ധപ്പെടുത്തപ്പെട്ട ഈ ഗ്രന്ഥത്തിന്റെ രചനയിൽ തനിക്ക് അനുവദിച്ച ചുരുങ്ങിയ സമയത്തിനും വലിപ്പത്തിനും അനുസരണമായി തന്നാൽ കഴിയുന്ന ശ്രദ്ധയുംവിവേചനശക്തിയും ഗ്രന്ഥകർത്താവ് ഉപയോഗിച്ചിട്ടുണ്ടെന്ന് ഇതിന്റെ എല്ലാ ഭാഗങ്ങളും സാക്ഷീകരിക്കുന്നുണ്ട്.

ഈ പുസ്തകത്തിന്റെ വിഷയം ഏറ്റവും വിസ്തൃതമായ ഒന്നാണെന്നു നിസ്സംശയമാണല്ലോ. വിദേശീയനായ ഒരാൾക്ക് തിരുവിതാംകൂറിനെ സംബന്ധിച്ച് അറിയേണ്ടിയുള്ള രസകരങ്ങളും പ്രധാനങ്ങളുമായ എല്ലാ വിഷയങ്ങളെക്കുറിച്ചും സമഷ്ടിയായും പൂർത്തിയായും ഇതിൽ വിവരിക്കണമെന്നായിരുന്നു ഗ്രന്ഥകർത്താവിന്റെ ഉദ്ദേശം.

Digitized By Kerala Sahitya Akademi

തിരുവിതാംകൂറിന്റെ ഭൂപ്രകൃതി, ഉദ്ഭവം, ചരിത്രം, ഭരണസമ്പ്രദായം വനങ്ങൾ, അവയിൽ ഉള്ള മൃഗങ്ങൾ, സഞ്ചാരത്തിനും വാസത്തിനും ഇവിടെയുള്ള സൗകര്യങ്ങൾ, കൃഷി കച്ചവടം കൈത്തൊഴിൽ മുതലായവയിൽ ഇവിടെയുള്ള ജനങ്ങളുടെ നില, ജനങ്ങൾ ആചരിക്കുന്ന വിവിധ മതങ്ങൾ, ജാതിവിഭാഗങ്ങൾ, അവരുടെ സാമൂഹ്യാവസ്ഥ, വിദ്യാഭ്യാസം, സാഹിത്യം തുടങ്ങിയുള്ള അനേകം വിഷയങ്ങളാണ് ഈ മൂന്നു വാല്യങ്ങളിലായി പ്രതിപാദിതങ്ങളായിരിക്കുന്നത്. ഗവൺമെൻറിന്റെ ആജ്ഞയിൻ കീഴും അഭിപ്രായം പോലെയും രചിക്കപ്പെട്ടിരിക്കുന്ന ഈ ഗ്രന്ഥം ഭാവികാലത്തിലെ ചരിത്രകാരന്റെ ദൃഷ്ടിയിൽ അത്യന്തം പ്രധാനപ്പെട്ട ഒന്നായിതോന്നുന്നതിന് ഇടയുള്ളതാണല്ലോ. ഇതിൽ പറയുന്ന അഭിപ്രായങ്ങളും കൊടുക്കുന്ന തെളിവുകളും ആക്ഷേപരഹിതങ്ങളെന്ന് ഗണിക്കപ്പെടുവാൻ സംഗതിയുള്ളതാണ്. ഈ ഗ്രന്ഥകർത്താവിനും ഈ സംഗതികൾ ബോദ്ധ്യപ്പെട്ടിട്ടുണ്ടായിരിക്കണം. തന്റെ ഹൃദയപൂർവമായ പ്രയത്നത്തിന്റേയും ശാന്തമായ ആലോചനയുടെയും ശ്രദ്ധാപൂർവമായ അന്വേഷങ്ങളുടേയും ഫലങ്ങളാണ് ഈ പുസ്തകത്തിൽ അടങ്ങിയിട്ടുള്ളത്. തിരുവിതാംകൂറിലെ ഒന്നിലധികം ജനസംഖ്യാ റിപ്പോട്ടുകൾ എഴുതുന്നതിൽ നിയുക്തനായിരുന്നിട്ടുള്ള പ്രസ്തുത ഗ്രന്ഥകർത്താവ് ഈ പ്രവൃത്തിക്ക് എന്തുകൊണ്ടും യോഗ്യനാണെന്ന് ഗവൺമെൻറിൽനിന്നും അനുമാനിച്ചതും യുക്തമായിരിക്കുന്നു. എങ്കിലും മിസ്റ്റർ നാഗമയ്യർ ഈഴവരെ സംബന്ധിച്ചു കൊടുത്തിട്ടുള്ള വിവരണം പല കാരണങ്ങളാലും ഞങ്ങളെ ഇച്ഛാഭംഗപ്പെടുത്തിയിരിക്കുന്നു എന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു.

മിസ്റ്റർ നാഗമയ്യരുടെ ഈ വിവരണത്തെപ്പറ്റിയുള്ള ഞങ്ങളുടെ അഭിപ്രായം പറയുന്നതിനുമുമ്പ് ദീർഘമല്ലാത്ത ആ വിവരണത്തിന്റെ മുഴുവൻ തർജ്ജിമയും ചേർക്കുന്നത് ഉചിതമായിരിക്കുമെന്നു വിചാരിക്കുന്നതിനാൽ അതിനെ താഴെ ചേർത്തുകൊള്ളുന്നു.

ഈഴവർ—ഉദ്ഭവം, സംഖ്യ, വ്യാപ്തി

ചോവൻ അല്ലെങ്കിൽ ചോകൻ എന്നുള്ള പേരിനു സേവിക്കുന്നവൻ എന്ന് അർത്ഥമാകുന്നു. ഇതു സേവകൻ എന്നുള്ള സംസ്കൃത പദത്തിൽനിന്നു ദുഷിച്ചുണ്ടായിട്ടുള്ളതാണെന്നു പറയപ്പെടുന്നു. ഈ പേര് ഇവരുടെ സാമുദായിക സ്ഥിതിയെ കാണിക്കുന്നു. മലബാറിലെ ചില പഴയ വള്ളപ്പാട്ടിൽ ഈ വാക്ക് അധികം ദുഷിച്ചിട്ടില്ലാത്ത ഒരു രൂപത്തിൽ "ചേവകാ" എന്നു കാണുന്നുണ്ട്. ഇതും ഈവാക്ക് സേവകാ എന്ന പദത്തിൽ നിന്നു ഉദ്ഭവിച്ചിരിക്കാം എന്നുള്ളതിനെ കാണിക്കുന്നു. ഈഴവൻ എന്നുള്ളപേര് 'സിംഹള' (സിലോൺ) പദത്തിന്റെ തത്ഭവമായ ഈഴം എന്ന പദത്തിൽ നിന്നും ദുഷിച്ചുണ്ടായിട്ടുള്ളതാണെന്ന് വിചാരിക്കപ്പെട്ടിരിക്കുന്നു. ഐതിഹ്യം ഇവരുടെ പ്രഥമവാസസ്ഥാനം സിംഹള ദ്വീപാണെന്നു പറയുന്നു. മലബാറിൽ തെങ്ങുകൃഷി കൊണ്ടുവന്നിട്ടുള്ളതും ഇവരാ

Digitized By Kerala Sahitya Akademi

ണെന്നു പറയപ്പെട്ടിരിക്കുന്നു. ദക്ഷിണേന്ത്യയിലെ 'ചാന്നാൻമാരെ' സംബന്ധിച്ച കാര്യങ്ങളിൽ വളരെ അറിവുള്ള ഡാക്ടർ കാൽഡ്വൽ ഇപ്രകാരം പറയുന്നു:- "തിരുവിതാംകൂറിൽ തെങ്ങുകൃഷി നടത്തിവരുന്ന ഈഴവരും തീയൻമാരും കൂലിവേലയ്ക്കായി സിംഹളദ്വീപിൽനിന്നും കൊണ്ടുവന്നിട്ടുള്ള ചാന്നാൽമാരുടെ സന്താനങ്ങളാകുന്നു."

സംഖ്യകൊണ്ടു നോക്കുന്നതായാൽ രാജ്യത്തിലെ ജനസംഖ്യയിൽ ഒരുയർന്ന സ്ഥാനത്തിന് ഇവർ അർഹൻമാരാകുന്നു. കഴിഞ്ഞ കാനേഷുമാരിക്കണക്കിൻ പ്രകാരം തിരുവിതാംകൂറിലുള്ള ഈഴവരുടെ ആകത്തുക 491774 ആകുന്നു. ഈ രാജ്യത്തിലെ ആകെയുള്ള ജനസംഖ്യയിൽ നൂറിനു പതിനേഴു വീതം ഈഴവർ ആകുന്നു. തിരുവിതാംകൂറിലെ എല്ലാ താലൂക്കുകളിലും ഇവർ ഉണ്ട്. എന്നാൽ വടക്കൻ താലൂക്കുകളിലാണ് ഇവരുടെ സംഖ്യ അധികമായിട്ടുള്ളത്. മദ്ധ്യതിരുവിതാംകൂറിലും ഉത്തര തിരുവിതാംകൂറിലും ഇവർ ചോവൻമാർ അല്ലെങ്കിൽ ചോഗൻമാർ എന്നു വിളിക്കപ്പെടുന്നു.

അവാന്തര വിഭാഗങ്ങൾ

ഈഴവർ, പാണ്ടി ഈഴവർ, കൊല്ലത്തീഴവർ, പാച്ചിലി ഈഴവർ ഇങ്ങനെ ഇവരിൽത്തന്നെ നാല് അവാന്തര വിഭാഗങ്ങളുണ്ട്.

ഈ അവാന്തര വിഭാഗങ്ങളുടെ സാമുദായികാവസ്ഥ മേൽക്കാണിച്ച മുറയ്ക്കാകുന്നു. ഇവർ തമ്മിൽ വിവാഹം ഒരിക്കലും ചെയ്വാൻ പാടില്ല. ഈ വിഭാഗത്തിനുപുറമേ കൊല്ലത്തും അതിനുതെക്കുമുള്ള ഒരു വിഭാഗം കൂടിയുണ്ട്. ഈ വിഭാഗങ്ങൾ മൂട്ടില്ലം, മയ്യനാട്ടില്ലം, മാടാമ്പിഇല്ലം, ചൊട്ടില്ലം ഇങ്ങനെ ആകുന്നു.

ഈ വിഭാഗങ്ങളുടെ വാസ്തവതത്വം സ്പഷ്ടമാകുന്നില്ല. ആദ്യത്തെ രണ്ടില്ലങ്ങളിലാണ് അധികം ഈഴവരുള്ളത്. ഇവർക്കു പ്രാബല്യവും അധികമുണ്ട്. ഒരേ ഇല്ലത്തിൽപ്പെട്ടവർക്കു തമ്മിൽ വിവാഹം പാടില്ല. മറ്റില്ലങ്ങളുമായി വിവാഹം സാധാരണമാണ്.

മതവും അടിയന്തിരങ്ങളും

ഹിന്ദുമതമാകുന്നു ഇവരുടെ മതം. ഇവരിൽ ശൈവൻമാരും വൈഷ്ണവൻമാരും ഉണ്ട്. ഇവരുടെ ഏറ്റവും പ്രധാനമായ ദേവത ഭദ്രകാളിയാകുന്നു, എന്നാൽ ശാസ്താവ്, വീരഭദ്രൻ, മാടൻ ഇവരെ സേവിക്കുന്നതിനും അധികം ആളുകൾ ഉണ്ട്. ഇവരുടെ ജാതിയിൽത്തന്നെയുള്ള ഒരാളും, സംസ്കൃത വിദ്വാനും, ഭക്തനും, മതപരിഷ്കാരിയും ആയ നാണു

Digitized By Kerala Sahitya Akademi

ആശാൻ എന്നൊരാൾ ഭദ്രകാളിക്കു ജീവ ജന്തുക്കളെ ബലികൊടുക്കുന്നതി നെകണ്ടു വെറുത്ത് ആ ദേവതയുടെ സ്ഥാനത്ത് ദേവസേനയുടെ നായക നും ശിവന്റെ പുത്രനുമായ സുബ്രഹ്മണ്യനെ കല്പിച്ചു. മദ്ധ്യ തിരു വിതാംകൂറിലും ദക്ഷിണ തിരുവിതാംകൂറിലുമുള്ള ഈഴവരുടെ ഇടയിൽ ഈ ദേവന് ഇപ്പോൾ വളരെ പ്രാധാന്യം കല്പിച്ചുപോരുന്നു. ഇവർ തങ്ങ ളേക്കാൾ ഉയർന്നജാതിക്കാരുടെ ക്ഷേത്രങ്ങളിലും പോയി ആരാധിക്കാറുണ്ട്. എങ്കിലും ഈ ക്ഷേത്രങ്ങളെ ഇവർക്ക് ഇത്രത്തോളമേ സമീപിയ്ക്കാവൂ എന്ന നിബന്ധനയുണ്ട്. അതിനപ്പുറം ഒരിക്കലും കടന്നുകൂടാ. അടിയന്തിരാ ദികളിൽ ഇവർക്കും നായൻമാർക്കും തമ്മിൽ അധികം വ്യത്യാസമില്ല. താലി കെട്ടും പുടവകൊടയും ആകുന്നു ഇവരുടെ ഏറ്റവും പ്രധാനമായ മുഹൂർത്തങ്ങൾ. ഋതുവാകുന്നതിനുമുമ്പു താലികെട്ടു കഴിച്ചില്ലെങ്കിൽ ഭ്രഷ്ടു കല്പിക്കപ്പെടും. എന്നാൽ സാക്ഷാൽ വിവാഹമാകുന്ന പുടവകൊട ഋതുകാലം കഴിഞ്ഞതിനുശേഷം മാത്രമേ ഉണ്ടാകുന്നുള്ളൂ. വിവാഹം നട ക്കുന്നതിനുമുമ്പേ മുറിയിലെ പ്രധാനിയും ദമ്പതികളാകാൻ പോകുന്നവ രുടെ ബന്ധുക്കളിൽ ചിലരും കന്യകയുടെ വീട്ടിൽകൂടി വിവാഹസംബ ന്ധമായ കാര്യങ്ങളെ തീർച്ചപ്പെടുത്തുകയും വിവാഹം നിശ്ചയിക്കുകയും ചെയ്യുന്നു. വരന്റെ ഏതാനും ബന്ധുക്കൾ, അയാളുടെ സഹോദരിയോ അല്ലെങ്കിൽ ബന്ധുവർഗ്ഗത്തിൽപ്പെട്ട വേറൊരു സ്ത്രീയോ ഒരുമിച്ചു വധുവിന്റെ വീട്ടിലേക്കു പുറപ്പെടുന്നു. അവിടെ അവർ വധുവിന്റെ ആളുകളാൽ സ്വീകരിക്കപ്പെടുന്നു. വരന്റെ കുടുംബത്തിലുള്ള ഒരു പുരുഷൻ അയാളുടെ ഏറ്റവും അടുത്ത മിത്രത്തിന്റെ നിലയിൽ വിവാഹ പൂർത്തിക്കായി അവിടെ കൂടിയിരിക്കുന്ന ആളുകളോടു സമ്മതം ചോദി ക്കുന്നു. വധുവിന് കൊടുക്കുന്നതിനു പുടവയും കൊണ്ടു വന്നവളായ വരന്റെ സഹോദരി, ''ഞാൻ വധുവിനു പുടവ കൊടുക്കട്ടയോ'' എന്ന് അവിടെ കൂടിയിരിക്കുന്ന പ്രധാനികളോട് സമ്മതം ചോദിക്കുന്നു. ഈ അപേക്ഷയെ മൂന്നുപ്രാവശ്യം ആവർത്തിക്കുന്നു. പ്രധാനികൾ അനുമതി കൊടുക്കുകയും അതിന്റെ ശേഷം പുടവ കൊടുക്കപ്പെടുകയും ചെയ്യുന്നു. ഇതിന്റെ ശേഷം ഉണ്ടാകുന്ന ഒരു സദ്യയോടുകൂടി വിവാഹം പൂർത്തിയാ കുന്നു. വരന്റെ അവസ്ഥപോലെ വധുവിനു പണം സമ്മാനം കൊടുക്കു കയും പതിവുണ്ട്. ഈമാതിരി വിവാഹത്തിന്റെ ഒരു പ്രത്യേകത വിവാഹ സമയത്തു വരൻ ഇല്ലാതെ ഇരിക്കുന്നതാകുന്നു. വരൻ തന്നെ പുടവകൊടു ക്കുന്ന സമ്പ്രദായവും ഇപ്പോൾ നടന്നുവരുന്നുണ്ട്.

തിരണ്ടുകുളി, പുളികുടി മുതലായ വേറെയും ചില അടിയന്തിരങ്ങൾ ഇവരുടെ ഇടയിലുണ്ട്. എന്നാൽ അവയെ ഇപ്പോൾ എല്ലാ സ്ഥലങ്ങളിലും, വിശേഷിച്ചും തെക്ക്, ആചരിച്ചുവരുന്നില്ല. ഈ അടിയന്തിരങ്ങളിൽ ക്രിയ കൾ നടത്തുന്ന പുരോഹിതൻമാർ വാത്തികളാകുന്നു. വാത്തിയെന്നുള്ള പദം ഉപാദ്ധ്യായൻ അല്ലെങ്കിൽ പുരോഹിതൻ എന്നർത്ഥമാകുന്ന ''വാദ്ധ്യാർ''

Digitized By Kerala Sahitya Akademi

എന്ന തമിഴ് വാക്കിൽ നിന്നും ദുഷിച്ചുവന്നിട്ടുള്ളതായിരിക്കാം. ഈ ജാതിക്കാർക്ക് പുരോഹിത കർമ്മവും ക്ഷൗരകർമ്മവും ഈ വാത്തികനെ തന്നെ നടത്തുന്നതിൽ ആശ്ചര്യപ്പെടേണ്ടിയിരിക്കുന്നു.

മറ്റ് ആചാരങ്ങളും മുറകളും

സാധാരണ ഇവരുടെ ഇടയിൽ നടപ്പുള്ള അവകാശക്രമം മരുമക്കത്തായമാകുന്നു. എന്നാൽ കൊല്ലംമുതൽ തെക്കോട്ടുള്ളവരുടെ ക്രമത്തിന് കുറെ വ്യത്യാസമുണ്ട്. ഇവരുടെ സമ്പ്രദായപ്രകാരം പിതാവിന്റെ സ്വയാർജ്ജിതമായ സ്വത്തിൽ പകുതി മക്കൾക്കുപോകുന്നു. ഈഴവരുടെ ഇടയിൽ ബഹുഭാര്യാത്വവും ബഹുഭർതൃത്വവും നടപ്പുണ്ട്. എന്നാൽ ഇവയിൽ ആദ്യം പറഞ്ഞത് ഒരുവിധംകൊള്ളാവുന്നവരുടെ ഇടയിൽ നടപ്പില്ല. മറ്റുള്ളവരുടെ ഇടയിലും അതു നാമാവശേഷമായിത്തന്നെ വന്നുകൊണ്ടിരിക്കുന്നു. ഒരു സ്ത്രീക്ക് ഒന്നിലധികം ഭർത്താക്കൻമാരെ സ്വീകരിക്കണമെന്നുണ്ടെങ്കിൽ അവൾക്കു ഭർത്താവിന്റെ സഹോദരൻമാരെയോ ആ കുടുംബത്തിൽ തന്നെ ചേർന്നവരെയോ അല്ലാതെ വേറെ ആരെയും എടുക്കുവാൻ നിവൃത്തിയില്ല. വിധവയ്ക്കു പുനർവിവാഹം അനുവദിച്ചിട്ടുണ്ട്. അവർ മരിച്ചുപോയ ഭർത്താവിന്റെ ഒരു സഹോദരനെ ഭർത്താവായി എടുക്കുകയാണെങ്കിൽ വേറെ അടിയന്തിരങ്ങൾ ഒന്നും ആവശ്യമില്ല. വിവാഹമോചനം വളരെ സാധാരണവും എളുപ്പത്തിൽ ചെയ്യാവുന്നതുമാണ്.

മരിച്ചവരെ അടക്കം ചെയ്യുന്നതിൽ കുഴിച്ചിടുകയും ദഹിപ്പിക്കുകയും നടപ്പുണ്ട്. എന്നാൽ ഇതു പുരയിടത്തിൽത്തന്നെ തെക്കുവശത്തു വേണം. പുല പതിനാറുദിവസം കൊള്ളുന്നു.

സാമുദായിക വ്യവസ്ഥകൾ

മറ്റു പല ജാതിക്കാരുടെ ഇടയിൽ ഉള്ളതുപോലെ ഈഴവരുടെ ഇടയിലും സമുദായപ്രമാണികൻ ഉണ്ട്. ഇവരെ ചാന്നാൻമാർ, മുതൽപറുകാർ പിൻപുകാർ എന്നുപായുന്നു. ഏതാനും കരകളും മുറികളും അടങ്ങിയിട്ടുള്ള ഓരോദേശത്തും ഇപ്രകാരമുള്ള അഞ്ചാറു പ്രധാനികൻ ഉണ്ടായിരിക്കും. ഇവരുടെ ജോലി സമുദായ വഴക്കുകളെപ്പറ്റി വിചാരണ നടത്തുക, അപ്രകാരമുള്ള തർക്കങ്ങളെ തീർക്കുന്നതിനുവേണ്ടി സഭകൻ വിളിച്ചുകൂട്ടുക മുതലായവയാകുന്നു.

വിവാഹം മുതലായ പ്രധാന അടിയന്തിരങ്ങൾ ഈ പ്രധാനികളുടെ അറിവോ വാുതിയോ കൂടാതെ നടത്തപ്പെടുന്നതായാൽ, അവ ജാതിക്രമം അനുസരിച്ചു നടത്തേണ്ട വിധത്തിലും ശരിയായിട്ടും നടത്തിയതായി ഗണിക്കപ്പെടുന്നതല്ല. ആകയാൽ അവയ്ക്കു ബലവും ഇല്ല. മരിച്ചുപോയ ഒരുത്തന്റെ വസ്തുക്കളെ അയാളുടെ അവകാശികൻക്കു വീതിച്ചുകൊടുക്കേണ്ട ചുമതലയും ഇവരുടേതാണ്. ഇപ്രകാരമുള്ള ഭാഗപത്രങ്ങളിൽ ഇവരും

Digitized By Kerala Sahitya Akademi

സാക്ഷിനിൽക്കണം. ഇവർക്ക് ആചാരക്രമങ്ങളെ ഭേദപ്പെടുത്തുന്നതിനും ജാതിമര്യാദയെ ലംഘിക്കുന്നവനെ ജാതിയിൽ നിന്നും ഭ്രഷ്ടു കല്പിച്ചു പുറത്താക്കുന്നതിനും പുറത്താക്കിയവനെ ന്യായമായ പ്രായശ്ചിത്തം ചെയ്യിച്ചു തിരിയെ എടുക്കുന്നതിനും അധികാരമുണ്ട്. ചില സ്ഥലങ്ങളിൽ പ്രമാണികം മാസംതോറും സഭകൂടുന്നു. മറ്റുസ്ഥലങ്ങളിൽ അടിയന്തിരദിവസങ്ങളിൽ ഇവർ ഒന്നിച്ചുകൂടുന്നു. ഗ്രാമത്തിലുള്ള ക്ഷേത്രങ്ങളുടേയും സ്ഥാപനങ്ങളുടേയും ഭരണകർതൃത്വം ഇവർക്കാകുന്നു.

വസ്ത്രം, ആഭരണം മുതലായവ

പുരുഷൻമാർക്കു വസ്ത്രധാരണത്തിലും കുടുമ വയ്ക്കുന്നതിലും നായൻമാരുമായി യാതൊരു വ്യത്യാസവുമില്ല. എന്നാൽ ഈഴവ സ്ത്രീകളും നായർ സ്ത്രീകളും തമ്മിൽ വ്യത്യാസം ഉണ്ട്. ഈഴവസ്ത്രീകൾ പിത്തള, വെള്ളി ഇവകൊണ്ടുണ്ടാക്കിയിട്ടുള്ള വളകൾ ധരിക്കുന്നു. നായൻമാരുടെ തോടയ്ക്കുപകരം പാമ്പടം എന്ന ഒരുമാതിരി കർണ്ണാഭരണം ഉപയോഗിക്കുന്നു. എന്നാൽ അടുത്തകാലത്ത് നായൻമാരെ അനുകരിച്ചു വസ്ത്രത്തിലും ആഭരണത്തിലും ഇവർ വളരെ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. മുടികെട്ടിവയ്ക്കുന്നതിലും ഇവർ തമ്മിൽ വ്യത്യാസം ഉണ്ട്. ശൂദ്രസ്ത്രീകൾ മുടികെട്ടി തലയുടെ ഇടതുഭാഗത്തേക്കു തള്ളിവയ്ക്കുന്നു. ഈഴവ സ്ത്രീകൾ മുടി തലയുടെ മദ്ധ്യഭാഗത്തു കെട്ടിവയ്ക്കുന്നു. ഈ വ്യത്യാസംപോലും ഇപ്പോൾ കുറഞ്ഞുവരികയാണ്. തെക്കുള്ള ഈഴവസ്ത്രീകളുടെ ഇടയിൽ പച്ചകുത്തു നടപ്പുണ്ട്. നായൻമാരേക്കാൾ ഈഴവസ്ത്രീകളും പുരുഷൻമാരും സാധാരണ വൃത്തിയും യോഗ്യതയും കുറഞ്ഞവരാണെന്നു പറയാം.

ഈഴവർ മത്സ്യമാംസങ്ങൾ ഭക്ഷിക്കുന്നു. എന്നാൽ ഗോമാംസം ഇവർ ഭക്ഷിക്കുകയില്ല. കള്ള്, ചാരായം മുതലായ ലഹരിപദാർത്ഥങ്ങൾ ഉപയോഗിച്ചു കൂടെന്നു വിരോധിക്കപ്പെട്ടിട്ടില്ല.

തൊഴിൽ

ഈഴവർ അധികമായും തെങ്ങുകൃഷിയിലും അതിന്റെ ഫലംകൊണ്ടുള്ള കൈത്തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നു. ഇവരുടെ സ്ത്രീകൾ ചകിരി എടുക്കുന്നതിലും അതിസമർത്ഥകളാണ്. ഇവരിൽ വളരെ ആളുകൾ കൃഷിക്കാരാകുന്നു. ഈഴവരുടെ വേറൊരു മുഖ്യപ്രവൃത്തി കള്ളെടുക്കലാകുന്നു. ഏതാനും ചിലർ വള്ളക്കാരും നെയ്ത്തുകാരുമാണ്. കായികശക്തി ആവശ്യപ്പെടുന്ന എല്ലാവിധ പ്രവൃത്തികളിലും ഇവർ അധികമായി ചേർന്നിട്ടുണ്ട്. ഇവരിൽ ജ്യോത്സ്യൻമാരായും മന്ത്രവാദികളായും വൈദ്യൻമാരായും കുറെ ആളുകൾ ഉണ്ട്. ഈ ഒടുക്കം പറഞ്ഞവരുടെ കൂട്ടത്തിൽ വാസ്തവത്തിൽ യോഗ്യൻമാരായ വളരെ ആളുകൾ ഉണ്ട്.

Digitized By Kerala Sahitya Akademi

ഭാഷയും വിദ്യാഭ്യാസവും

1901–ലെ സെൻസസ് കണക്കിൻ പ്രകാരം ഇവരിൽ ആയിരത്തിനു് എഴുപത്തിമൂന്നു പേരുമേ വിദ്യാഭ്യാസം ചെയ്തിട്ടുള്ളവരായി കാണുന്നുള്ളൂ. ഇവരിൽ ഏതാനും ചിലർ സർവകലാശാലാപരീക്ഷാവിജയകളായും ഉണ്ടു്. സംസ്കൃത വിദ്യാഭ്യാസം നല്ലവണ്ണം ലഭിച്ചിട്ടുള്ളവർ ഇവരുടെ കൂട്ടത്തിൽ ധാരാളമുണ്ടു്. ഇവരുടെ വകയായി ഒരു സംസ്കൃതപാഠശാലയും നടത്തിവരുന്നുണ്ടു്. പാണ്ടി ഈഴവർ തമിഴ് സംസാരിച്ചുവരുന്നുണ്ടെങ്കിലും മലയാളമാണു് ഇവരുടെ മാതൃഭാഷ. ഇവർ വളരെ വ്യവസായശീലൻമാരും ബുദ്ധിസാമർത്ഥ്യമുള്ളവരും ആണു്.

വിവേ: 1082 കർക്കിടകം, 1083, ചിങ്ങം, കന്നി

ആചാര പരിഷ്കരണം

ആചാരപരിഷ്കരണത്തെ സംബന്ധിച്ചു് ഇപ്പോഴും വല്ലതും പറയുക എന്നുവച്ചാൽ അതു പിഷ്ടപേഷണമായിട്ടല്ലാതെ പരിണമിക്കുവാൻ ഇടയില്ല എങ്കിലും ഈ അവസരത്തിൽ പ്രസ്തുത വിഷയത്തെപ്പറ്റി ഞങ്ങൾക്കു രണ്ടുവാക്കു പറയാതെ നിവൃത്തിയില്ല. ദിവ്യമന്ത്രങ്ങൾക്കു തന്നെയും ഫലസിദ്ധി ഉണ്ടാവണമെങ്കിൽ അനേകായിരം ആവൃത്തി ഉച്ചരിക്കേണ്ടതാണല്ലോ. നമ്മുടെ സമുദായത്തിന്റെ അഭിവൃദ്ധിക്കു ഹാനികരങ്ങളായി തീർന്നിട്ടുള്ള ആചാരങ്ങളിൽ പലതിനേയും പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയേയും അതിനുള്ള മാർഗ്ഗങ്ങളേയും പറഞ്ഞു പലരും പ്രസംഗിക്കയും ഈ പംക്തികളിൽ തന്നെ പലപ്പോഴും പ്രസ്താവിക്കയും ചെയ്തിട്ടുള്ളതിനാൽ ഇപ്പോൾ ഞങ്ങൾ അതിനായി ഒരുമ്പെടുന്നില്ല.

നമ്മുടെ സമുദായം ഒരു പരിശുദ്ധമായ സദാചാര പദ്ധതിയെ അവലംബിച്ചിരിക്കണമെന്നു നമ്മുടെ പൂജ്യപാദരായ സ്വാമി അവർകൾ എപ്പോഴും നിർബന്ധിക്കുന്ന വിഷയമാണു്. അദ്ദേഹത്തിന്റെ പാവനങ്ങളായ ആജ്ഞകളെ ഭക്തിപൂർവം അനുവർത്തിക്കുന്നതിൽ നമ്മുടെ സജ്ജനങ്ങൾക്കു് അസാമാന്യമായ ആസക്തിയുണ്ടെന്നും ഞങ്ങൾക്കറിയാം. എങ്കിലും ആചാരപരിഷ്കരണ വിഷയത്തിൽ സജ്ജനങ്ങൾക്കു് ഒന്നു രണ്ടു കൊല്ലങ്ങൾക്കു മുമ്പുണ്ടായിരുന്നിടത്തോളം ഭ്രമമോ താൽപ്പര്യമോ ഇപ്പോൾ കാണുന്നില്ലെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. മലയാളികൾക്കു സഹജമാണെന്നു പരക്കെ ആക്ഷേപിക്കപ്പെട്ടു വരുന്ന ആരംഭശൂരത്വം പ്രാധാന്യമേറിയതെങ്കിലും പ്രയാസം കുറഞ്ഞ ഈ സംഗതിയേയും ഇത്ര വേഗത്തിൽ ബാധിക്കുവാൻ ഇടവരുത്തിയതു വലിയ കഷ്ടമായിപ്പോയി. ആചാരപരിഷ്കരണത്തിനും മറ്റുമായി അവിടവിടെ ഏർപ്പെടുത്തപ്പെട്ടിരുന്ന മിക്ക സമാജങ്ങളും ഇപ്പോൾ ആലസ്യാബ്ധിയിൽ നിമഗ്നങ്ങളായി കിടക്കുന്ന

Digitized By Kerala Sahitya Akademi

പ്രകാരം തോന്നുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾക്കായി യോഗത്തിൽനിന്നും ഏതാനും പ്രാസംഗികൻമാരെ നിയമിച്ചിട്ടുള്ള വിവരം പ്രസിദ്ധമാണല്ലോ. എന്നാൽ അവരിൽ അധികം പേരുടേയും താൽക്കാലികാവസ്ഥ മേൽപ്പറഞ്ഞ സമാജങ്ങളുടേതിനേക്കാൾ ദയനീയമായിത്തീർന്നിരിക്കുന്നു. അപൂർവം ചില സ്ഥലങ്ങളിൽ ഒരുവിധം തൃപ്തികരമായ വിധത്തിൽ നടത്തപ്പെട്ടുവരുന്ന സമാജങ്ങളുടേയും സമുദായ സ്നേഹത്തെ മുൻനിർത്തി അസ്വാർത്ഥമായി വേല ചെയ്യുന്ന മാന്യൻമാരുടേയും സ്തുത്യർഹങ്ങളായ ശ്രമങ്ങളെ ഞങ്ങൾ വിസ്മരിക്കുന്നില്ല. ഒരു വലിയ സമുദായത്തിൽ ഏതാനും ചില പ്രദേശങ്ങളിൽ മാത്രം പരിഷ്കൃതാചാരങ്ങളെ സ്വീകരിച്ചു എന്നു വരുത്തിയതുകൊണ്ട് സമുദായ പരിഷ്കാരം സഫലമായി എന്നു വിചാരിക്കുവാൻ പാടില്ല. പരിഷ്കാരം സമുദായത്തിൽ സാർവത്രികമായി വ്യാപിക്കണം. കഴിയുന്നത്ര ആചാരങ്ങൾക്ക് ഒരു ഏകജാതിയത്വത്തിന്നു ആവശ്യമുള്ളിടത്തോളം ഐകരൂപ്യം ഉണ്ടാവണം.

നമ്മുടെ സാൻമാർഗ്ഗിക ജീവിതത്തിന്റെ ഉൽക്കർഷം പ്രധാനമായി ആശ്രയിച്ചിരിക്കുന്നത് ശ്രേഷ്ഠാചാരങ്ങളെയാകുന്നു. അനേകകാലമായി ആചരിക്കപ്പെട്ടുവരുന്ന ആചാരങ്ങൾ എത്രതന്നെ നികൃഷ്ടങ്ങളായിരുന്നാലും അവയെ പൊടുന്നനവെ ഉപേക്ഷിക്കുന്നതിൽ ജനസാമാന്യത്തിന് ഏറക്കുറെ വൈമനസ്യം ഉണ്ടാവുക സാധാരണയാകുന്നു. എന്നാൽ പ്രസ്തുത ആചാരങ്ങളുടെ അർത്ഥശൂന്യതയും അവമൂലം ഉണ്ടാവുന്ന അനർത്ഥങ്ങളും സൂക്ഷ്മമായി മനസ്സിലായതിൽ പിന്നീടും അവയെ കൈവെടിയാതിരിക്കുന്നതു കേവലം മൗഢ്യമാകുന്നു. നമ്മുടെ സമുദായത്തിന്റെ ഏതൽ കാലാവസ്ഥയെ സംബന്ധിച്ചിടത്തോളം ആചാരപരിഷ്കരണത്തെപ്പോലെ അത്ര സുഖസാദ്ധ്യമായി മറെറാരു സംഗതിയുമില്ല. ധനാപേക്ഷ കൂടാതെ നമുക്കു സാധിക്കാവുന്ന ഒരു പരിഷ്കാരവും ഇതു തന്നെയാകുന്നു. പരിഷ്കാരങ്ങൾ കാലക്രമേണ സമുദായത്തിൽ സ്വഭാവേന തന്നെ വന്നുകൊള്ളുമെന്നുള്ള മന്ദസിദ്ധാന്തത്തെ നമുക്ക് ആശ്ലേഷിക്കുവാൻ പാടില്ല. നമ്മുടെ അഭ്യുന്നതിക്കു നാം ഐദമ്പര്യമായി പരിശ്രമിക്കതന്നെ വേണം. അതിനാൽ പരിഷ്കാരകാംക്ഷികളായ മാന്യൻമാർ പൂർവാധികം ഔത്സുക്യത്തോടുകൂടി ഈ വിഷയത്തിൽ ഏർപ്പെടേണ്ടിയിരിക്കുന്നു. നമ്മുടെ സമാജ ഭാരവാഹികളും പ്രാസംഗികൻമാരും തങ്ങളുടെ ആക്ഷേപാർഹമായ ആലസ്യത്തിൽ നിന്നും പ്രബുദ്ധരായി സ്വധർമ്മത്തെ യഥാവിധി അനുഷ്ഠിക്കേണ്ടകാലം അത്യന്തം വൈകിയിരിക്കുന്നു.

പുതിയ യോഗനിബന്ധനയും അംഗങ്ങളും

നമ്മുടെ അഭിവൃദ്ധിയെ സംബന്ധിച്ച എല്ലാ ആശകൾക്കും ആസ്പദമായ എസ്. എൻ. ഡി. പി. യോഗം തുടങ്ങീട്ട് ഇപ്പോൾ 6-ാമത്തെ

Digitized By Kerala Sahitya Akademi

കൊല്ലമാകുന്നു. ഇതിനിടയിൽ ആയിരത്തോളം അംഗങ്ങൾ മാത്രമേ അതിന്റെ രജിസ്റ്ററിൽ കാണുന്നുള്ളു എന്നുള്ളത് തീയരുടെ സമുദായത്തിനു പൊതുവിൽ അയശസ്കരമാണ്. അതിരിക്കട്ടെ, ഇപ്പോൾ ഞങ്ങൾ അംഗങ്ങൾ പണമടയ്ക്കുന്നതിൽ കാണിക്കുന്ന അമാന്തത്തെപ്പറ്റിയാണ് രണ്ടുവാക്കു പറയണമെന്നു വിചാരിക്കുന്നത്. കഴിഞ്ഞകൊല്ലത്തെ സെക്രട്ടറിയുടെ റിപ്പോർട്ടുകൊണ്ട് 7000ക. യോളം മാത്രമേ ഇതുവരെ യോഗാംഗങ്ങളിൽ നിന്നു പിരിഞ്ഞുകിട്ടീട്ടുള്ളു എന്നും 30000-ൽപരം ക. കുടിശ്ശികയാണെന്നും എല്ലായോഗാംഗങ്ങളും ധരിച്ചിട്ടുള്ളതാണ്. പണം കിട്ടിയെങ്കിലല്ലാതെ ഒരു യോഗത്തിനും യാതൊന്നും പ്രവർത്തിപ്പാൻ കഴികയില്ലെന്ന് ആർക്കും അറിയാമല്ലോ. സമുദായത്തിനുവേണ്ടി തങ്ങൾ കൊടുപ്പാൻ കടപ്പെട്ട സംഖ്യകളെ കഴിയുന്ന വേഗത്തിൽ കൊടുത്തു തീർക്കാത്തതു സമുദായ സ്നേഹമുള്ള മാന്യൻമാരുടെ മുറയായിരിക്കയില്ല. ഞങ്ങളുടെ അറിവിൽ സമുദായാഭിമാനികളായ ചില വലിയ ഗൃഹസ്ഥൻമാർ യോഗത്തിൽ വലിയ ഓഹരികൾ എടുത്തിട്ട് മൂന്നും നാലും കൊല്ലങ്ങൾ കഴിഞ്ഞിട്ടും യാതൊരു പണവും കൊടുത്തിട്ടില്ലാത്ത പലരും ഉണ്ട്. ഇതെത്ര ശോചനീയമായ സംഗതിയാണ്. കൊല്ലംതോറും പൊതുയോഗത്തിന്റെ ക്ഷണത്തോടൊന്നിച്ച് എല്ലാവരേയും പണം അടയ്ക്കേണ്ട വിഷയത്തിൽ ഓർമ്മപ്പെടുത്തുന്നുണ്ട്. വിവേകോദയത്തിലെ പരസ്യം മൂലമായും പലപ്പോഴും ആ വിവരം തെര്യപ്പെടുത്തുന്നുണ്ട്. എന്നിട്ടു കുടിശ്ശികക്കാർ പണമടപ്പാൻ വിചാരിക്കാത്തത് എത്ര കഷ്ടമാണ്.

പുതിയ നിബന്ധനയിൽ പണമടയ്ക്കുന്നതിന്റെ ക്രമത്തെ കഴിയുന്നത്ര ലഘൂകരിച്ചിട്ടുണ്ട്. ഓഹരി ഒന്നിനു രണ്ടര ഉറുപ്പിക കണ്ട് അടയ്ക്കുന്നവർ ആദ്യനിബന്ധനപ്രകാരം 20 കൊല്ലം അടയ്ക്കണമായിരുന്നു. അപ്പോൾ 25 ക. യ്ക്കുപകരം 50 ക. അവർ കൊടുക്കേണ്ടിയിരുന്നു. ഇപ്പോൾ അതു 10 കൊല്ലം കൊടുത്താൽമതിയെന്നും വച്ചിരിക്കുന്നു. അതു യോഗത്തിന്റെ വരവിൽ ഒന്നുപാതിയെ കുറച്ചിരിക്കുന്നു. എങ്കിലും അപ്രകാരം നിബന്ധന ചെയ്തത് അംഗങ്ങൾക്ക് ഭാരം കുറയ്ക്കുന്നതിനായാണ്. തന്നെയല്ല മൂന്നുകൊല്ലം വരെ തുടർന്നുകൊണ്ടു കുടിശ്ശിക ഉണ്ടായാലും നിബന്ധനപ്രകാരം കൊടുക്കാനുള്ള പണങ്ങളെ അംഗങ്ങളിൽ നിന്നു കോടതി മുഖേന ഈടാക്കാൻ യോഗം നോക്കുന്നതല്ലെന്നു പുതിയ നിബന്ധനകൊണ്ടു കാണുന്നു. അതും അംഗങ്ങൾക്കു വലിയ സൗകര്യം കൊടുക്കുന്ന ഏർപ്പാടാണ്. അതിനുമേൽ കുടിശ്ശിക ഉണ്ടായാൽ കുടിശ്ശിക സംഖ്യയ്ക്ക് പ്രതിമാസം നൂറിന് ഒന്നു കണ്ടു പലിശ ചുമത്തുന്നതിനും കൊടുക്കേണ്ട സംഖ്യ മുഴുവൻ ഒന്നായി വസൂൽ ചെയ്യുന്നതിനും പുതിയ നിബന്ധന യോഗത്തെ നിർബന്ധിക്കുന്നു എന്നുള്ളതും പ്രസ്താവയോഗ്യമാകുന്നു. അതുകൂടാതെ കഴിയാത്തതാണല്ലോ.

എന്നാൽ ഇങ്ങനെയുള്ള കാര്യങ്ങളിൽ രുചിപ്രദമല്ലാത്ത ഇത്തരം നടപടിക്രമത്തിന് ഇടകൊടുക്കുന്ന അംഗങ്ങളോട് സമുദായത്തിന്റെ നൻമയെ ഓർത്തു

Digitized By Kerala Sahitya Akademi

ഞങ്ങൾ സ്നേഹപൂർവം ഉപദേശിക്കുന്നതെന്തെന്നാൽ എസ്.എൻ.ഡി.പി. യോഗം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനി ആകയാൽ അതിനു അതിന്റെ നില നില്പിനേയും വളർച്ചയേയും ഉദ്ദേശിച്ച് ഓഹരികളെ ഈടാക്കാതെയിരിപ്പാനോ നിയമദൃഷ്ട്യാ വിചാരിച്ചാൽ അംഗങ്ങൾക്ക് അതു കൊടുത്തു തീർക്കാതിരിപ്പാനോ പാടുള്ളതല്ലെന്നും അതുകൊണ്ട് ഈ നീരസമായ സംഗതിയിൽ യോഗത്തെ പ്രേരിപ്പിക്കാതിരിപ്പാൻ ഈ അവസരത്തിലെങ്കിലും അവർദയ ചെയ്തു വിചാരിക്കണം എന്നുമാകുന്നു ഞങ്ങൾ ഇത്രയും പറഞ്ഞത് ഈ തവണ ഇതു സഹിതം പ്രസിദ്ധപ്പെടുത്താൻ ഞങ്ങൾക്കു കിട്ടിയിട്ടുള്ള യോഗം ബോർഡുവക പ്രൊസീഡിംഗ്സിൽ കുടിശ്ശികകളെ ഈടാക്കുന്നതിനെപ്പറ്റി ഇപ്രകാരമുള്ള ഒരു നിശ്ചയത്തെ കണ്ടിട്ടാകുന്നു. അതുകൊണ്ട് ആ പ്രൊസീഡിംഗ്സിലേക്ക് ഞങ്ങൾ അപ്രകാരമുള്ള അംഗങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുകയും ചെയ്യുന്നു.

വിവേ: 1084 തുലാം, വൃശ്ചികം.

"കേരളീയ നായർ സമാജം"

ഇതിന്റെ മൂന്നാമതു വാർഷിക യോഗത്തിന്റെ സമ്മേളനം കൊല്ലം മലയാളി ഹാളിൽ വച്ചു റിട്ടയേർഡ് ഹൈക്കോർട്ടു ജഡ്ജി, എ. ഗോവിന്ദപ്പിള്ള ബി. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ മീനം 28–ാം തീയതി മുതൽ ആരംഭിച്ചിരിക്കുന്നു. മരുമക്കത്തായ പരിഷ്കാരത്തെ സംബന്ധിച്ച്, സംഗതിവശാൽ ഈ മഹാ യോഗത്തിൽ ഒരു പര്യാലോചനയും നടത്തപ്പെടുന്നതല്ലെന്നും എന്നാൽ ഒരു പ്രത്യേകയോഗത്തിൽ അതിനെപ്പറ്റിയും വാദപ്രതിവാദങ്ങളും നടക്കുന്നതാണെന്നും അറിയുന്നു. നായർ സമാജത്തിന്റെ വിജയം എപ്പോഴും ഞങ്ങൾക്ക് ആശിക്കത്തക്കതാണ്. അനുകരണ ബുദ്ധിയുള്ള ഈഴവർക്ക് അതു വലുതായ 'ഉൻമേഷത്തെയും പല ഗുണങ്ങളെയും ഉണ്ടാക്കുമെന്നുള്ളതാകുന്നു. ഈ വാർഷികയോഗത്തിനു ഞങ്ങൾ സർവജയത്തേയും ആശംസിക്കുന്നു. ഈ യോഗത്തിന്റെ ആലോചനയ്ക്കും തീർച്ചയ്ക്കും വിഷയമാകുന്നതു താഴെ പറയുന്ന സ്തുത്യർഹങ്ങളായ സംഗതികളാണ്:–

1. കായോഗങ്ങൾ ഉള്ളിടത്ത് അവയെ പരിഷ്കരിക്കുകയും ഇല്ലാത്തിടത്തു സ്ഥാപിക്കുകയും ചെയ്യുക.

2. നായൻമാരുടെ ഇടയിൽ സാങ്കേതിക വിദ്യാഭ്യാസം പ്രചാരപ്പെടുത്തുക.

3. കച്ചവടത്തിലും കൈത്തൊഴിലിലും നായൻമാരുടെ ശ്രദ്ധയെ ആകർഷിക്കുക.

Digitized By Kerala Sahitya Akademi

4. നായൻമാരുടെ ഇടയിലുള്ള അവാന്തര വിഭാഗങ്ങളുടെ ഏകീകരണം.

5. കേരളീയ നായർ സമാജത്തിന്റെ ഘടന.

വിവേ: 1084 കുംഭം, മീനം

കാനേഷുമാരിക്കണക്കും ഈഴവരും

കേരളത്തിലെ ജനസംഖ്യയിൽ ഒന്നാമത്തെ ജാതിക്കാർ ഈഴവർ, അല്ലെങ്കിൽ തീയരാണ്. കഴിഞ്ഞ സെൻസസ് പ്രകാരം മലബാറിൽ 6,60608-ം, കൊച്ചിയിൽ 1,85466-ം തിരുവിതാംകൂറിൽ 4,91774-ം ഇങ്ങിനെ 13,37348 തീയർ കേരളത്തിൽ ഉണ്ട്. ഇതു കേരളത്തിലെ ആകെയുള്ള ജനസംഖ്യയിൽ നൂറിനു ഇരുപതരയോളം ആയിരിക്കുന്നു. നായൻമാരും ക്രിസ്ത്യാനികളും നൂറിനു പതിനഞ്ചേമുക്കാലോളം മാത്രമേയുള്ളു. എന്നാൽ തീയർക്കു തങ്ങളുടെ ഈ ഉഗ്രമായ സംഖ്യയ്ക്കു തക്കതായി പറയത്തക്ക മറ്റൊന്നെങ്കിലും പ്രാധാന്യം സാമുദായികമായി ഇതുവരെ ഉണ്ടായിട്ടില്ലെന്ന് അവർ ഓരോരുത്തരും, അവരുടെ സമുദായനേതാക്കൾ വിശേഷിച്ചും ഓർക്കേണ്ടതാകുന്നു.

ഒരു സംശയം—ഞങ്ങൾ മേൽകാണിച്ച കണക്കുകൊണ്ട് തിരുവിതാംകൂറിൽ തീയരുടെ സംഖ്യ മലബാറിനേയും കൊച്ചിയേയും അപേക്ഷിച്ചു കുറവാണെന്നു കാണുന്നു. അതെന്തുകൊണ്ടു സംഭവിച്ചതായിരിക്കാം? വാസ്തവത്തിൽ തിരുവിതാംകൂറിൽ തീയർ കുറവാണോ? അനുഭവംകൊണ്ടുഞങ്ങൾക്കുതോന്നുന്നതു മറിച്ചാണ്, തിരുവിതാംകൂറിന്റെ ഏതുഭാഗത്തും തീയർ സമൃദ്ധിയായി പാർത്തുവരുന്നുണ്ട്. എന്നാൽ ജനസംഖ്യ എടുത്തതിൽ പറ്റിയ വല്ല പിശകുമായിരിക്കുമോ? അങ്ങിനെ പറവാൻ തരമുണ്ടോ? ഈഴവർ വിദ്യാഹീനൻമാരും മൂഢവിശ്വാസികളും അധികമുള്ള ഒരു സമുദായമാകയാൽ കണക്കെടുത്ത ഉദ്യോഗസ്ഥൻമാരോടു തങ്ങളുടെസംഖ്യ കുറച്ചുപറകയോ ചിലർ പറയാതെ കഴിക്കയോ ചെയ്തതായിരിക്കുമോ? അഥവാ ആ ഉദ്യോഗസ്ഥൻമാർ തന്നെ അറിഞ്ഞുകൊണ്ടോ അറിയാതെയോ വല്ല പിശകും വരുത്തിക്കൂട്ടിയെന്നു വരുമോ? നായൻമാരുടെ സംഖ്യതന്നെ തിരുവിതാംകൂറിൽ വാസ്തവത്തിലുണ്ടായിരിക്കാവുന്നതിൽ കുറവായിട്ടാണ് തിരുവിതാംകൂറിലെ കാനേഷുമാരിക്കണക്കുകൊണ്ടു കാണുന്നത് എന്നും ഈഴവരുടെ സംഖ്യയിലും ഈ അബദ്ധം പറ്റിയിരിക്കുന്നതായി വിചാരിപ്പാൻ വകയുണ്ടെന്നുമർത്ഥമാകത്തക്കവണ്ണം നമ്മുടെ നായർ സഹജീവിനിയായ 'സുഭാഷിണി' ഒരിക്കൽ സന്ദർഭവശാൽ സൂചിപ്പിച്ചിരിക്കുന്നതായി ഓർക്കുന്നു. അതിൽ എന്തോ വാസ്തവമുണ്ടായിരിക്കുമെന്നു ഞങ്ങൾ ബലമായി ശങ്കിക്കുന്നു. ഏതായാലും ഈ അടുത്തിരിക്കുന്ന ജനസംഖ്യയിൽ ഈ സംശയത്തിന് അടിസ്ഥാനമുണ്ടോ എന്നു നോക്കാൻ സെൻസസ് കമ്മീഷ

Digitized By Kerala Sahitya Akademi

ണർ അവർകൾ ദയചെയ്തു ദൃഷ്ടിവെക്കണമെന്നപേക്ഷിക്കുകയും ഈഴവർ പ്രത്യേകിച്ചും തങ്ങളുടെ സംഖ്യയെ യഥാർത്ഥമായി ധരിപ്പിക്കാൻ നോക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

വിവേ: 1086 തുലാം 7

യോഗങ്ങൾ

കേരളീയ നായർ സമാജത്തിന്റെ ഈ കൊല്ലത്തെ പൊതുയോഗം ധനു 13-ം 14-ം തീയതികളിൽ റിട്ടയാർഡ് ജഡ്ജ് ഏ. ഗോവിന്ദപ്പിള്ള ബി. ഏ. ബി.എൽ അവർകളുടെ അദ്ധ്യക്ഷതയിൽ ചേർത്തല ഏരാനല്ലൂർ എന്ന സ്ഥലത്തു കൂടാൻ നിശ്ചയിച്ചിരിക്കുന്നു. യോഗ്യരായ അദ്ധ്യക്ഷൻ ഏ. ഗോവിന്ദപ്പിള്ള അവർകളുടെയും സെക്രട്ടറി സി. കൃഷ്ണപിള്ള അവർകളുടെയും സമുദായോന്നതിക്കായിട്ടുള്ള സ്വാർത്ഥരഹിതവും അശ്രാന്തവുമായ ശ്രമങ്ങളെ ശ്ലാഘിക്കാത്തവർ ആ സമുദായത്തിൽ മാത്രമല്ല ജനങ്ങളുടെ പൊതുക്ഷേമാഭിവൃദ്ധിയിൽ തൃഷ്ണയുള്ള മറെറാരു സമുദായത്തിലും ആരും ഉണ്ടായിരിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. യോഗത്തിനു ഞങ്ങളുടെ സർവ വിജയവും ആശംസിച്ചുകൊള്ളുന്നു.

ആര്യവൈദ്യ സമാജത്തിന്റെ 9-ാമത്തെ വാർഷികയോഗം തെക്കേ മലയാളം കോട്ടയ്ക്കൽ ആര്യവൈദ്യശാല ഹാളിൽവെച്ചു ധനു 24-ം 25-ം തീയതികളിൽകുടുന്നതും അതോടുകൂടി ഒരു ഔഷധ പ്രദർശനം നടത്തപ്പെടുന്നതു മാകുന്നു. പ്രദർശനം 24-ാംനു തുറക്കപ്പെടുന്നതും ഒരു ആഴ്ചവട്ടംവരെ ഉണ്ടായിരിക്കുന്നതുമാണ്. ഈ സമാജം നമ്മുടെ നാട്ടിൽ വൈദ്യവിദ്യ സംബന്ധമായി ചെയ്യുന്ന ശ്രമങ്ങളും വരുത്തുന്ന പരിഷ്കാരങ്ങളും എല്ലാവരാലും ഒന്നുപോലെ അഭിനന്ദിക്കത്തക്കവയാകുന്നു. സമാജശ്രമങ്ങൾക്കു സാധാരണ കണ്ടുവരുന്ന അരിഷ്ടതകൾ ഒന്നും കൂടാതെ തന്നെ ആര്യവൈദ്യസമാജം ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിച്ചുകാണുന്നതിൽ ഞങ്ങൾ നിർവ്യാജം സന്തോഷിക്കുന്നു. ഇതു വളരെക്കാലം നിലനിന്നു വൈദ്യവിദ്യയ്ക്കും വൈദ്യൻമാർക്കും മാത്രമല്ല കേരളീയർക്കും പൊതുവിൽ അനശ്വരമായ ഗുണങ്ങളേയും അഭിമാനത്തേയും ഉണ്ടാക്കിത്തീർക്കുവാൻ ഈശ്വരൻ അനുഗ്രഹിക്കട്ടെ. വാർഷികയോഗവും പ്രദർശനവും വിജയപൂർണ്ണമായവസാനിപ്പാൻ ഞങ്ങൾ ഹൃദയപൂർവം ആശംസിച്ചുകൊള്ളുന്നു.

വിവേ: 1087 തുലാം.

Digitized By Kerala Sahitya Akademi

നോട്ടീസ്

തിരുവിതാംകൂറിലെ ഈഴവ പ്രമാണികൾ എല്ലാവരും ശ്രദ്ധിപ്പാൻ

മാന്യരേ,

നായർ റെഗുലേഷൻ നടപ്പിൽവന്നിരിക്കുന്നതും അതുകൊണ്ടും വെറും മരുമക്കത്തായം അനുസരിച്ചും ദാമ്പത്യബന്ധത്തിനു പറയത്തക്ക സ്ഥിരതയൊന്നുമില്ലാതേയും ഇതുവരെ ഇരുന്ന നായർ സമുദായത്തിനു വരാൻപോകുന്ന നൻമയും അഭിവൃദ്ധിയും എത്രമാത്രമാണെന്നു നിങ്ങൾ ആലോചിക്കുന്നുണ്ടായിരിക്കുമല്ലോ. ഈഴവർ മുഖ്യമായി കരുനാഗപ്പള്ളിക്കു തെക്കു മിശ്രവഴിക്കാരും വടക്കു കേവലം മരുമക്കത്തായക്കാരും കുന്നത്തുനാട് ആലങ്ങാട് മൂവാറ്റുപുഴ ഇങ്ങനെ രണ്ടുമൂന്നു വടക്കൻ താലൂക്കുകളിലും തെക്കു ചില തമിഴ് താലൂക്കുകളിലും മക്കത്തായക്കാരുമാകുന്നു. അതുകൊണ്ട് എല്ലാവരേയും വ്യാപിക്കുന്ന ഒരു നിയമം അവരുടെ അവകാശക്രമത്തേയും വിവാഹത്തേയും ക്രമപ്പെടുത്താൻ ഉണ്ടാകുന്നതു പ്രയാസമാണ്. എന്നാൽ കേവലം മരുമക്കത്തായക്കാർക്കും മിശ്രവഴിക്കാർക്കും നായർ റെഗുലേഷനിൽ അടങ്ങിയ തത്ത്വങ്ങളെ ആസ്പദമാക്കി ആവശ്യമുള്ള ഭേദഗതികളോടുകൂടിയ ഒരു റെഗുലേഷൻ ഉണ്ടാകുന്നതു അവരുടെ ക്ഷേമത്തിന് അത്യാവശ്യമാണെന്നു വിചാരിക്കുന്നു. ഈ വിഷയത്തിൽ സമുദായത്തിൽപല മാന്യൻമാർക്കും ഇപ്പോൾ തൃഷ്ണയുള്ളതായും അറിയുന്നു അതുകൊണ്ടു മാന്യൻമാർ അതാതു സ്ഥലങ്ങളിൽ യോഗംകൂടിയോ മറ്റു പ്രകാരത്തിലോ ഈ ആവശ്യകതയെപ്പറ്റി ഗാഢമായി വിചാരിച്ച് അഭിപ്രായങ്ങൾ ഇവിടെ അറിവിച്ചുതരാൻ അപേക്ഷ. അടുത്ത പ്രജാസഭയ്ക്കുമുമ്പ് ജനങ്ങളുടെ അഭിപ്രായങ്ങൾ അറിഞ്ഞാൽ വിവരം ഗവൺമെൻറിനെ ധരിപ്പിച്ചു സംഗതി നടപ്പിൽ കൊണ്ടുവരാൻ ശ്രമിക്കാവുന്നതാണ്.

വിധേയൻ, എൻ. കുമാരൻ ആശാൻ
ജനറൽ സിക്രട്ടറി,
എസ്. എൻ. ഡി. പി. യോഗം.

വിവേ: 1088 വൃശ്ചികം

തിരുവിതാംകൂർ സെൻസസ് റിപ്പോർട്ട് (തുടർച്ച)

ഈഴവരുടെ വിദ്യാഭ്യാസം

വിദ്യാഭ്യാസവിഷയത്തിൽ ഈ ദശാബ്ദത്തിൽ ഈഴവർ മുൻതവണ അപേക്ഷിച്ചു വളരെ അഭിവൃദ്ധിയിൽ വന്നിട്ടുണ്ട്. എഴുത്തറിയുന്നവരുടെ സംഖ്യ 1091 ലെ കണക്കുപ്രകാരം നൂറിന് 7 ആയിരുന്നത് ഇപ്പോൾ നൂറിന് 10 വരെ ആയി വർദ്ധിച്ചിരിക്കുന്നു. പുരുഷൻമാരിൽ മാത്രം

Digitized By Kerala Sahitya Akademi

നൂറിനു 18 വീതവും സ്ത്രീകളിൽ 1 വീതവും എഴുത്തറിയുന്നവരുണ്ട്. ഇംഗ്ലീഷ് പഠിച്ചിട്ടുള്ളവർ സ്ത്രീ പുരുഷൻമാർ 10000-ത്തിനു 10 കൊല്ലങ്ങൾക്കുമുമ്പു 4 പേരുണ്ടായിരുന്നത് ഇപ്പോൾ വർദ്ധിച്ചു 26 പേരായിതീർന്നിരിക്കുന്നു. പുരുഷൻമാർ മാത്രം 1901 ൽ 7 ആയിരുന്നത് ഇപ്പോൾ 50 ആയി വർദ്ധിച്ചുകാണുന്നു. ഇംഗ്ലീഷറിയുന്ന സ്ത്രീകൾ ആകെ 82-ം പുരുഷൻമാർ 1359-ം കാണുന്നു. ഈ അവസരത്തിൽ തിരുവിതാംകൂറിലും കൊച്ചിയിലും ബ്രിട്ടീഷ് മലബാറിലും ഉള്ള സ്വജനങ്ങളുടെ വിദ്യാഭ്യാസ വർദ്ധനയെ താരതമ്യപ്പെടുത്തി നോക്കുന്നതു യുക്തമായിരിക്കും. താഴെ കാണുന്ന പട്ടികയിൽനിന്നും സംഖ്യാഭേദം അറിയാം.

തീയർ	ആയിരം എഴുത്തറിയുന്നവരിൽ			പതിനായിരം ഇംഗ്ലീഷറിയുന്ന ജനങ്ങളിൽ വച്ച്		
	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ
മലബാർ	99	176	23	51	92	12
കൊച്ചി	82	154	12	14	27	1
തിരുവിതാം കൂർ	101	186	17	22	50	3

ഇതിൽ നിന്നും വിദ്യാഭ്യാസ വിഷയത്തിൽ ഈഴവരെ സംബന്ധിച്ചിടത്തോളം ഒന്നാമതു തിരുവിതാംകൂറും രണ്ടാമതു മലബാറും മൂന്നാമതു കൊച്ചിയുമാണെന്നു കാണാവുന്നതാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ മലബാർ ഒന്നാമതും തിരുവിതാംകൂർ രണ്ടാമതും കൊച്ചി മൂന്നാമതുമായി തീർന്നിരിക്കുന്നു. ഈ വർദ്ധന നമ്മുടെ യോഗം മൂലം കഴിഞ്ഞ 10 കൊല്ലങ്ങൾക്കുള്ളിൽ സമുദായത്തിലുണ്ടായിട്ടുള്ള ഉണർച്ചയുടെയും ഈഴവർക്കു സർക്കാരുദ്യോഗങ്ങൾ കൊടുത്തുതുടങ്ങിയതിന്റെറയും അവർക്കു മിക്ക സ്കൂകളുകളിലും പ്രവേശനം അനുവദിച്ചതിന്റെറയും ഫലമാകുന്നുവെന്നുള്ളതു തീർച്ചയാകുന്നു. എങ്കിലും കൊങ്ങിണികൾ നൂറിനു 73 വീതവും ബ്രാഹ്മണരും കണിശൻമാരും 62 വീതവും നായൻമാർ 46 വീതവും അമ്പലവാസി 45 വീതവും വെള്ളാളർ 44-ം ക്രിസ്ത്യാനികൾ 81-ം വീതവും പാപ്പിള്ളവരുണ്ടായിരിക്കുന്നതിനാൽ ഈഴവരുടെ ഇപ്പോഴത്തെ വിദ്യാഭ്യാസ വർദ്ധനതീരെ തൃപ്തികരമല്ലെന്നു വ്യസനപൂർവം പറയേണ്ടിവന്നിരിക്കുന്നു. ഈ വിഷയത്തിൽ സ്വജനങ്ങൾ സോൽകണ്ഠമായ പ്രയത്നങ്ങൾ ഉടനെ ചെയ്തു തുടങ്ങുന്നില്ലെങ്കിൽ ഈ രാജ്യത്തിൽ അവരുടെ ശക്തിക്കടുത്ത 10 കൊല്ലങ്ങൾക്കുള്ളിൽതന്നെ വളരെ ക്ഷയിച്ചുപോകാനിടയുള്ളതാകുന്നു. ആകപ്പാടെ ഇന്നും ഈഴവരിൽ 4,91,073 ജനങ്ങൾ അക്ഷരാഭ്യാസം പോലുമില്ലാത്തവരാണെന്നു

Digitized By Kerala Sahitya Akademi

സമുദായാഭിമാനികൻ ലജ്ജയോടെ സമ്മതിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഈ സ്ഥിതിയിൽ നിന്നു സംഗതികളെ നന്നാക്കുന്നതിനു ഗവൺമെൻറിന്റെ സഹായം ഒഴിച്ചുകൂടാത്തതാകുന്നു. ഈഴവർക്കു മിക്ക പെൺപള്ളിക്കൂടങ്ങളിലും പ്രവേശനം അനുവദിക്കാതിരിക്കുന്നതുമൂലം ഈഴവരുടെ ഇടയിൽ സ്ത്രീ വിദ്യാഭ്യാസത്തിനു പറയത്തക്ക യാതൊരു വർദ്ധനയും ഉണ്ടായിട്ടില്ല. ഇംഗ്ലീഷു വിദ്യാഭ്യാസത്തിൽ ഗവൺമെൻറു പ്രതിബന്ധമില്ലാത്തതിൽ ബ്രിട്ടീഷ് മലബാറിലെ സ്ത്രീകളിൽവച്ചു തീയർ ഒന്നാമതായിരിക്കുന്നത് ഈ സന്ദർഭത്തിൽ പ്രത്യേകം ഓർക്കേണ്ടതാണ്. ഈ പ്രതിബന്ധംകൂടി നീക്കുന്നതിൽ ദിവാൻജി അവർകൾ പ്രത്യേകം ദൃഷ്ടിവയ്ക്കേണ്ടതാണെന്നു ഞങ്ങൾ ഈ അവസരത്തിൽ അപേക്ഷിച്ചുകൊള്ളുന്നു.

തൊഴിലുകൾ

ആയിരം പുരുഷൻമാരായ അദ്ധ്യാനികളിൽവച്ച് (1) കൈത്തൊഴിലുകളിൽ 214-ം (2) നിലങ്ങളിൽ വേലക്കാർ 166-ം (3) കൃഷിക്കാരും ജൻമികളും 163-ം (4) കൂലിപ്പണിയിൽ 163-ം (5) കച്ചവടത്തിൽ 128-ം (6) ചെത്തുജോലിയിൽ 110-ം (7) മറ്റു പ്രവൃത്തികളിൽ 20-ം (8) സർക്കാരുദ്യോഗങ്ങളിൽ 8-ം ഉള്ളതായി കാണുന്നു. അതിനാൽ ''പ്രധാന തൊഴിൽ'' ചെത്താണെന്നു റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് അബദ്ധമാണ്. അദ്ധ്യാനികളായി 100 പുരുഷൻമാരുണ്ടെങ്കിൽ 55 സ്ത്രീകളിലും ഉണ്ടായിരിക്കുന്നു.

വിവേ: 1088 വൃശ്ചികം

തി; വി; മഹാസഭ

ഈ മഹാസഭ അതിന്റെ സെക്രട്ടറിയായ ഹൈക്കോർട്ടുവക്കീൽ മള്ളൂർ ഗോവിന്ദപ്പിള്ള അവർകളുടെ ഉത്സാഹത്തിൽ തിരുനാളിന്റെ തലേന്നാൾ കറിക്കുവെട്ടു സംബന്ധിച്ചു ജൂബിലി ഠൗൺഹാളിൽവച്ചു പതിവായികൂടാറുള്ളതാണല്ലോ. ഇക്കുറി അതിന്റെ ആദ്ധ്യക്ഷ്യം വഹിച്ചത് ദിവാൻ ബഹദൂർ ഏ. ഗോവിന്ദപ്പിള്ള ബി.ഏ.ബി.എൽ അവർകൾ ആയിരുന്നു. പ്രാസംഗികൻമാരിൽ ഉള്ളൂർ എസ്. പരമേശ്വരയ്യർ എം.എ.ബി.എൽ. അവർകൾ കവികളേയും കവിതയേയും സംബന്ധിച്ച് ഏറ്റവും സരസമായ ഒരു ഉപന്യാസംചെയ്തിരുന്നു. മറ്റൊരു പ്രാസംഗികൻ കൃഷിഡയറക്ടർ ഡാക്ടർ കുഞ്ഞൻപിള്ള ആവർകൾ ആയിരുന്നു. ഇന്ത്യയിലും യൂറോപ്പിലുമുള്ള സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ ക്രമങ്ങളെ സംബന്ധിച്ച് ഒരു സാരവത്തായ നിരൂപണമായിരുന്നു അദ്ദേഹത്തിന്റെ പ്രമേയം. രണ്ടു സ്ഥലത്തെയും വിദ്യാഭ്യാസരീതിയിലും അതുകൊണ്ടു വിദ്യാർത്ഥികളിൽ കാണുന്ന ഗുണങ്ങളിലുമുള്ള താരതമ്യം ഏറ്റവും വിശദമായി അദ്ദേഹം ചൂണ്ടിക്കാണിച്ചു. നമ്മുടെ സർവകലാശാലകളുടെ സ്പൃഹണീയമല്ലാത്ത

Digitized By Kerala Sahitya Akademi

നിലയെ നമുക്കുപെട്ടെന്നു മാറ്റുവാൻ കഴിഞ്ഞില്ലെങ്കിലും നമ്മാൽ കഴിയുന്നത്ര നമ്മെ നന്നാക്കാൻ നാം നോക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. സർവകലാശാലവക പരീക്ഷകൾ എല്ലാം പാസ്സായി ബിരുദങ്ങൾ എല്ലാം ലഭിച്ച് മഹാ യോഗ്യൻമാരും വലിയ ഉത്തരവാദവും പൊതുജനത്തിൻറെമേൽ അധികാരവുമുള്ള ഉദ്യോഗങ്ങൾ ഭരിക്കുന്ന മഹാൻമാരിൽ പോലും ഇവിടെ കണ്ടുവരുന്ന നീചമായ സ്വാർത്ഥപരതയും സ്വവർഗ പക്ഷപാതവും സങ്കുചിത ബുദ്ധിത്വവും അദ്ദേഹത്തെ വിസ്മയിപ്പിക്കുന്നു. ഇങ്ങിനെയാണെങ്കിൽ വിദ്യാഭ്യാസം അതിൻറെ ഫലത്തെ അശേഷം നൽകുന്നില്ലെന്ന് അദ്ദേഹം അനുശോചിച്ചു. വിദ്യാഭ്യാസം സിദ്ധിച്ച ഓരോരുത്തരോടും ആ വിദ്യാഭ്യാസത്തിനനുരൂപമായ വിധത്തിലെങ്കിലും സ്വാർത്ഥതവെടിഞ്ഞു പൊതുജനക്ഷേമ തൽപരരായും, നിഷ്പക്ഷപാതരായും, ഗുണവാൻമാരുമായിരിക്കുവാൻ അദ്ദേഹം സൂചിപ്പിച്ചു. ഇങ്ങനെയുള്ള പ്രസംഗങ്ങൾകൊണ്ടു വാസ്തവത്തിൽ വളരെ ഗുണമുണ്ട്.

വിവേ: 1089 ചിങ്ങം, കന്നി

വി. വി. മഹാസഭ

വിദ്യാഭിവർദ്ധിനി മഹാസഭയുടെ കഴിഞ്ഞ തവണത്തെ വാർഷിക യോഗത്തിൽ വച്ചു മിസ്റ്റർ പി. ജി. ഗോവിന്ദപ്പിള്ള ബി. എ. ബി. എൽ. ചെയ്ത പ്രസംഗത്തിൽ ഈഴവർക്കും ക്രിസ്ത്യാനികൾക്കും ഇപ്പോഴുള്ളു ഐശ്വര്യം നായൻമാർക്കില്ലാത്തതിനെപ്പറ്റി പരിതപിക്കുകയും അതിൻറെ കാരണത്തെ അന്വേഷണം ചെയ്കയും ചെയ്തതായി കാണുന്നു. എന്നാൽ ഇതുകൊണ്ടു ഈഴവരും മറ്റും സാമുഹ്യാവസ്ഥയിൽ നായർ സമുദായത്തേക്കാൾ ഉയർന്ന പദത്തെ പ്രാപിച്ചിരിക്കുന്നെന്നോ ആ സമുദായത്തിൻറെ നിലയിലെങ്കിലും എത്തീട്ടുണ്ടെന്നോ പ്രസംഗകർത്താവുദ്ദേശിച്ചിട്ടുള്ളതായി വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ അതു തെറ്റാകുന്നു. നായർ സമുദായത്തിൻറെ ഉന്നതിയെ കാംക്ഷിക്കുന്ന പ്രസംഗകർത്താവിനെപ്പോലുള്ള യോഗ്യൻമാർ ഏറ്റവും പരിഷ്കൃതിയെ പ്രാപിച്ചിരിക്കുന്ന ഒരു ജനസമുദായത്തിൻറെ ഇടയിൽ വ്യവസായങ്ങളിലും മറ്റും പൂർവാധികം അഭിരുചി ജനിക്കുന്നതിനു മാത്രമാകുന്നു ഇപ്രകാരം താരതമ്യം ചെയ്യുന്നത്. കഴിഞ്ഞുപോയ മിസ്റ്റർ താണുപിള്ളയും ഇതുപോലെ ഒരവസരത്തിൽ അഭിപ്രായം പറഞ്ഞിട്ടുള്ളതായി ഓർക്കുന്നു. അതിൻറേയും ഉദ്ദേശം മേൽപ്പറഞ്ഞപ്രകാരം ആയിരിക്കാനേ ഇടയുള്ളു. അതുകൊണ്ട് ഐശ്വര്യവാൻമാരെന്നു പറയപ്പെടുന്ന സമുദായക്കാർ തൃപ്തൻമാരായിരിക്കാനുള്ള കാലം അടുത്തിട്ടില്ലെന്നു ഓർത്തുകൊള്ളേണ്ടതാണ്.

വിവേ: 1089 തുലാം

Digitized By Kerala Sahitya Akademi

കേരളീയ നായർ സമാജം

ബഹുമാനപ്പെട്ട ജസ്റ്റിസ് സി. ശങ്കരൻ നായർ അവർകളുടെ അദ്ധ്യക്ഷതയിൽ ഇവിടെ വച്ചു കഴിഞ്ഞ ഇടവം ഒന്നും രണ്ടും തീയതികളിൽ കൂടി ഏറ്റവും ഭംഗിയായി കഴിഞ്ഞ കേരളീയ നായർ സമാജത്തിന്റെ നാലാമതു പൊതുയോഗത്തിൽ ചെയ്ത തീർച്ചകളിൽ തീരെ ചുരുക്കി ചിലതു ഒഴിച്ചുള്ള എല്ലാം ആ മാന്യ സമുദായത്തിന്റെ ലൗകികമായ അഭിവൃദ്ധിക്ക് അത്യന്താപേക്ഷിതങ്ങളാകുന്നു. താലികെട്ടു കല്ല്യാണം നിറുത്തൽ ചെയ്ക, വിവാഹത്തെ സ്ഥിരീകരിക്ക, ദായക്രമത്തിൽ കാലാനുരൂപമായ മാറ്റങ്ങൾ വരുത്തുക, വിദ്യാഭ്യാസ സംബന്ധമായി ഒരു ഫണ്ടു സ്ഥാപിക്കുക, കരയോഗങ്ങളെ ഉറപ്പിക്കുക ഇവയായിരുന്നു നിശ്ചയങ്ങളിൽ പ്രധാന വിഷയങ്ങൾ. യോഗം കഴിഞ്ഞ ഈ അല്പ ദിവസങ്ങൾക്കുള്ളിൽ തന്നെ കരയോഗങ്ങളുടെ വിഷയത്തിൽ പല സ്ഥലങ്ങളിലും ഉത്സാഹപൂർവം പ്രവൃത്തികൾ നടന്നു വരുന്നതായും ചില പുതിയ കരയോഗങ്ങൾ കൂടി ഏർപ്പെടുത്തികഴിഞ്ഞിരിക്കുന്നതായും അറിയുന്നതിൽ ഞങ്ങൾ നിർവ്യാജം സന്തോഷിക്കുന്നു. കരയോഗങ്ങൾ മൂലമാണ് സാരമായ ഗുണങ്ങൾ സമുദായത്തിനുണ്ടാകേണ്ടത്.

വിവേ: 1085 മിഥുനം

പരിഷ്കൃതമായ വിവാഹവിധി

നമ്മുടെയിടയിൽ പുതിയരീതി വിവാഹം ആരംഭിച്ചിട്ട് ഇപ്പോൾ പത്തുകൊല്ലത്തിൽകുറയാത്ത കാലമാകും. എസ്. എൻ. ഡി. പി. യോഗത്തിന്റെ ഉദ്ദേശങ്ങളിൽ ആചാരപരിഷ്കരണ വകുപ്പിൽപ്പെട്ട സംഗതികളിൽ ഒന്നാണ് പുതിയ വിവാഹരീതി. നിരർത്ഥവും നാശകരവുമായ താലികെട്ടു നിർത്തൽ ചെയ്വാനുള്ള ബ്രഹ്മശ്രീ നാരായണഗുരുസ്വാമി തൃപ്പാദങ്ങളുടെ ഉപദേശത്തെ സാജനങ്ങൾ ഭക്തിപൂർവം കൈക്കൊണ്ടു തുടങ്ങിയപ്പോളാണ് വിവാഹരീതിയെ പരിഷ്കരിക്കേണ്ട ആവശ്യകത നേരിട്ടത്. അപ്പോൾ യോഗത്തിന്റെ കീഴിലോ നമ്മുടെ മംഗളിലോ പുരോഹിത കർമ്മങ്ങൾ യഥാക്രമം അഭ്യസിച്ച ആളുകളുടെ സംഖ്യ തീരെ ചുരുക്കമായിരുന്നതിനാൽ അങ്ങിനെയുള്ള വൈദികൻമാരെ കൂടാതെ തന്നെ സാമുദായികമായ ആ ആവശ്യം തൽക്കാലം നിറവേറണം എന്ന ഉദ്ദേശത്തിൽ സ്വാമി തൃപ്പാദങ്ങൾ പുതിയ രീതി വിവാഹത്തിന്റെ ഒരു സ്ഥൂല രൂപം ജനങ്ങൾക്ക് ഉപദേശിച്ചു. അതു 1080 ഇടവത്തിലെ 'വിവേകോദയ'ത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. അതിനെ പിന്തുടർന്നു പുതിയ രീതി വിവാഹം ഇപ്പോൾ കേരളത്തിൽ അധികം ഭാഗങ്ങളിൽ നടപ്പായിരിക്കുന്നു. എന്നാൽ അതിന്റെ ചടങ്ങുകൾക്കു വേണ്ടിടത്തോളം ഐകരൂപ്യം ഉണ്ടാകുന്നില്ലെന്നുതന്നെയല്ല പുരോഹിതൻമാരുടെ ജ്ഞാനക്കുറവു നിമി

Digitized By Kerala Sahitya Akademi

ത്തം ചിലപ്പോൾ പല കുഴപ്പങ്ങളും ഉണ്ടാകുന്നതായി സ്വാമി തൃപ്പാദങ്ങൾ ക്കും യോഗത്തിനും കൂടക്കൂടെ അറിവാൻ സംഗതിയായിട്ടുള്ളതുമാകുന്നു. അതുകൊണ്ടു സമുദായത്തിന്റെ വർദ്ധമാനമായ പരിഷ്കാരത്തെ അനുസരിച്ചു നമ്മുടെ വിവാഹവിധിയെ പൂർണ്ണതരവും കുറേക്കൂടി പരിഷ്കൃതവുമാക്കേണ്ട ആവശ്യകത ഇപ്പോൾ ഒഴിച്ചുകൂടാത്തതായിരിക്കുന്നതിനാൽ സ്വാമി തൃപ്പാദങ്ങൾ സമുദായത്തിന്റെ വൈദികമായ അഭിവൃദ്ധിക്കും പരിശുദ്ധമായ വിവാഹ കർമ്മത്തിന്റെ ഗൗരവത്തിനും അനുകൂലമാകുമാറ് വിവാഹ വിധിയെ താഴെ കാണുംപ്രകാരം പരിഷ്കരിക്കയും സജ്ജനങ്ങളുടെ അറിവിനായി അതിനെ പ്രസിദ്ധപ്പെടുത്താൻ ആജ്ഞാപിക്കുകയും ചെയ്തിരിക്കുന്നു.

എൻ. കുമാരൻ ആശാൻ
യോഗം ജനറൽ സ്ക്രട്ടറി

ബ്രഹ്മശ്രീ നാരായണഗുരു സ്വാമി തൃപ്പാദങ്ങളുടെ പരിഷ്കൃത വിവാഹവിധി

ഓം ശ്രീശാരാദംബായൈ നമ:

1. വിവാഹവേദിയുടെ വലത്തു ഭാഗത്തു വിളക്കും നിറനാഴിയും വെക്കുക. അല്പം ഇടത്തുമാറി മുൻവശത്ത് ഇലയിട്ടു നെല്ലും പച്ചരിയും പൂവും നിറച്ച്, അതിൽ ദർഭപ്പുല്ലു വിരിച്ച്, അതിൻമേൽ കലശം കമിഴ്ത്തുക.

2. ഹോമത്തോടുകൂടിയോ കൂടാതെയോ ഗണപതിപൂജയും പീഠപൂജയും കഴിച്ചു, കലശം മലർത്തി ശുദ്ധീകരിച്ചു, ഗന്ധജലം നിറച്ചു, പുഷ്പാക്ഷതങ്ങളിട്ടു, മുകളിൽ വെറ്റിലവെച്ചു നാളികേരം കൊണ്ട് അടച്ചുവെക്കുക.

3. പിന്നെ പുഷ്പാക്ഷതങ്ങൾ എടുത്തു (പുരോഹിതൻ) ലക്ഷ്മീനാരായണൻമാരെ സങ്കല്പിച്ച് ആവാ ആവാഹിച്ചു, നാളികേരത്തിൻമേൽ അർപ്പിച്ചു ലിപിന്യാസവും അംഗന്യാസവും ചെയ്തു പൂജിക്കുക.

4. അനന്തരം ത്രിമധുരം നിവേദിച്ചു പ്രസന്ന പൂജ കഴിച്ചു മൂലമന്ത്രം കൊണ്ടു പുഷ്പാഞ്ജലി ചെയ്തു ദേവതാ പ്രസാദം വരുത്തുക.

5. പിന്നെ വധൂവരൻമാർ കുളിച്ചു, വസ്ത്രാലങ്കാരങ്ങൾ ധരിച്ചു, വേദിയുടെ മുമ്പിൽ വന്നു, ദേവതകളേയും ഗുരുജനങ്ങളേയും സഭയേയും വന്ദിച്ചുകൊണ്ട്, ഇടത്തുഭാഗത്തു (പ്രത്യേകം പീഠമിട്ടു കോടിവിരിച്ചിട്ടുള്ള സ്ഥാനങ്ങളിൽ) പുരോഹിതന്റെ ആജ്ഞപ്രകാരം, യഥാക്രമം ഇടവും വലവുമായി ഇരിക്കുക.

Digitized By Kerala Sahitya Akademi

6. അപ്പോഴ വധുവിന്റെ പിതാവോ പിതൃസ്ഥാനീയനോ കുളിച്ചു ശുഭ്രവസ്ത്രം ധരിച്ചു വന്നു വധുവിന്റെ വലത്തേ കൈപിടിച്ച്,

"ശുഭേതിഥൗ ധർമ്മപ്രജാസമ്പത്തയേ ഏക വിംശ കുലോത്താരണായ വരസ്യ പിതൃ ഋണമോചനായ ച കന്യകാദാനമഹം കരിഷ്യേ" എന്നു സങ്കല്പം പറഞ്ഞ്,

കന്യാം കനക സമ്പന്നാം
സർവാഭരണ ഭൂഷിതാം
ദാസ്യാമി വിഷ്ണവേ തുഭ്യം
ബ്രഹ്മലോക ചികീർഷയാ
വിശ്വംഭരാ സർവഭൂതാ
സാക്ഷിണ്യഃ സർവദേവതാഃ
ഇമാം കന്യാം പ്രദാസ്യാമി
പിതൃണാം താരണായ ച

ഈ മന്ത്രം ചൊല്ലി വരന്റെ വലത്തേ കൈയിൽ സമർപ്പിക്കുക.

7. വരൻ "ശുഭേ തിഥൗ ധർമ്മ പ്രജാസമ്പത്യർത്ഥം സ്ത്രിയമുദ്വഹേ" എന്നുപറഞ്ഞു സ്വീകരിക്കുക.

8. പിന്നെ, വധു പുരോഹിതനു ദക്ഷിണകൊടുത്തു പുഷ്പമാല വാങ്ങി വരന്റെ കണ്ഠത്തിൽ ഇടുക. വരൻ ദക്ഷിണകൊടുത്തു മംഗല്യ സൂത്രം വാങ്ങി

"മംഗല്യ തന്തുനാനേന
മമ ജീവന ഹേതുനാ
കണ്ഠേ ബധ്നാമി സുഭഗേ
ത്വം ജീവ ശരദാം ശതം."

എന്ന മന്ത്രം ചൊല്ലി വധുവിന്റെ കണ്ഠത്തിൽ ബന്ധിക്കുക.

9. അനന്തരം വധൂവരൻമാർ അന്യോന്യം കൈപിടിച്ചുകൊണ്ടു മൂന്നു പ്രാവശ്യം വേദികയെ പ്രദക്ഷിണംചെയ്യുക. അപ്പോഴ സദസ്യർ അരിയും പൂവും ദമ്പതിമാരുടെ ശിരസ്സിലിട്ട് ആശിസ്സു പറയുക.

10. വധൂ വരൻമാർ പൂർവസ്ഥാനത്തിൽ വന്നുനിന്നു സഭയെ വന്ദിച്ചുകൊണ്ടു ഗൃഹത്തിലേക്കുപോവുക.

ആശിസ്സ്

അവ്യയൻ ശിവനും, മാദിദേവിയും,
ദിവ്യനാം ഗുരു, മനുക്കളം, ദേവരും,
ഭവ്യമേകുക കനിഞ്ഞു നിത്യമീ
നവ്യദമ്പതികളം മേലനാകുല.

Digitized By Kerala Sahitya Akademi

രമ്യമാം മിഥുനമേ വിവാഹമാം
ധർമ്മപാശമിതു നിത്യമോർക്കുവിൻ
തമ്മിലുൾമയൊടു നിങ്ങളൊപ്പമായ്
ശർമ്മ പീഡകം പകുത്തു വാഴ്കുവിൻ

കാണികൻമഷവുമെന്നി സൗഹൃദം
പേണുവിൻ ധരയിൽ നൃവത്സരം
പ്രാണനും തനുവുമെന്നപോലവേ
വാണു നിങ്ങൾ പുരുഷാർത്ഥ മേലുവിൻ.

വിവേ: 1089 മേടം, ഇടവം

ഞങ്ങളുടെ യോഗത്തിന്റെയും സമുദായത്തിന്റെയും സവിശേഷമായ ശ്രദ്ധക്ക്

നാട്ടിൽ പൊതുവിലുള്ള ക്ഷാമം നിമിത്തവും മറ്റു പലകാരണങ്ങളാലും യോഗത്തിന്റെ പ്രവൃത്തികൾ ഈയിടെ ഏതാണ്ടു മന്ദഗതിയെ പ്രാപിച്ചിരിക്കുന്ന വിവരം ഒരു പ്രകാരത്തിൽ അല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ എല്ലാവരും അറിഞ്ഞിരിപ്പാൻ ഇടയുള്ളതാണല്ലോ. ക്ഷാമത്തെ ഒഴിച്ചുള്ള കാരണങ്ങൾ ഉടനേ പരിഹരിക്കപ്പെടേണ്ടവയാകയാൽ അതിനെപ്പറ്റി എല്ലാവരും പ്രത്യേകം ശ്രദ്ധവയ്ക്കേണ്ടിയിരിക്കുന്നു. പ്രതിബന്ധങ്ങളുടെ കൂട്ടത്തിൽ കാലവിളംബം അനുവദിപ്പാൻ പാടില്ലാത്ത ദോഷങ്ങളും ഉണ്ടായി എന്നുവന്നേക്കാം. ഈ സംഗതി ഉത്തരവാദികളായ പലരുടേയും ചിന്തയ്ക്കു ഇപ്പോൾതന്നെ വിഷയമായിത്തീർന്നിട്ടുണ്ടെന്നു ഞങ്ങൾക്കറിയാം. എന്നാൽ ഒരോരുത്തർ ഓരോദിക്കിലിരുന്നുകൊണ്ട് പ്രത്യേകം എത്രതന്നെ ചിന്തിച്ചാലും പ്രാധാന്യമുള്ള തലകൾ എല്ലാം ഒന്നിച്ചുകൂടിമുട്ടിയെങ്കിലല്ലാതെ സാരമായ യാതൊരു സംഗതിയും നടക്കുന്നതല്ലെന്നു തീർച്ചയാണ്. രണ്ടാമത് അടുത്ത ചിങ്ങത്തിലാണ് സ്വാമിതൃപ്പാദങ്ങളുടെ അറുപതാമത്തെ തിരുനാൾ വരുന്നത്. അവിടത്തെ ഷഷ്ടിപൂർത്തി മഹോത്സവം കൊണ്ടാടേണ്ടതിനെപ്പറ്റി പല മാന്യൻമാർക്കും മുമ്പുതന്നെ പല അഭിപ്രായങ്ങളും ഉണ്ടായിട്ടുള്ളതാണ്. ആ അപൂർവവും ചിരപ്രതിഷ്ഠിതവുമായ മംഗളാവസരത്തെ എവിടെയെല്ലാം വച്ച് എന്തെല്ലാം പ്രകാരം ഏതെല്ലാം പ്രയോജനങ്ങളെ ലക്ഷ്യമാക്കി ഘോഷിക്കണമെന്നുള്ളതിനെപ്പറ്റിയും കാലേ കൂട്ടി വേണ്ടതെല്ലാം ചിന്തിച്ചു തീർച്ചയാക്കേണ്ടതാകുന്നു. ഇതിനും പുറമേ എസ്.എൻ.ഡി.പി. യോഗത്തിന്റെ നിബന്ധനകൾ പരിഷ്കരിച്ചു രജിസ്റ്ററർ ചെയ്തിട്ട് ഇപ്പോൾ ഏതാണ്ട് എട്ടു കൊല്ലം കഴിഞ്ഞിരിക്കുന്നു. അതിനുശേഷം സംഗതികൾക്കു പലമാറ്റവും സംഭവിച്ചിട്ടുണ്ട്. അതുകൊണ്ട് നിബന്ധനകളിൽ പല ആവശ്യങ്ങളും പൂരിപ്പിക്കേണ്ടതായും ചില ന്യൂനതകൾ പരിഹരിക്കേണ്ടതായും നേരിട്ടിട്ടുണ്ടെന്നു ഭാരവാഹിക

Digitized By Kerala Sahitya Akademi

ളിൽ പലർക്കും അറിവുള്ളതാണ്. ഈ ആവശ്യത്തിലേക്കായി മാത്രം ഒരു വിശേഷാൽ പൊതുയോഗം കൂടുന്നതിനെപ്പറ്റി മുമ്പു പല അവസരങ്ങളിലും ശ്രമിച്ചിട്ടുമുണ്ട്. എല്ലാം കൊണ്ടും ഇനി കാലതാമസമെന്നിയേ അങ്ങിനെ ഒരു വിശേഷാൽ പൊതുയോഗം വിളിച്ചുകൂട്ടി സംഗതികളെപ്പറ്റി ഗാഢമായി പര്യാലോചിച്ച് എല്ലാറ്റിനും നീക്കുപോക്കുണ്ടാക്കി യോഗത്തിന്റെ പുരോഗതിയെ ത്വരിപ്പിക്കേണ്ടതു് യോഗഭാരവാഹികളുടേയും സമുദായക്ഷേമകാംക്ഷികളിൽ ഓരോരുത്തരുടേയും ഒഴിച്ചുകൂടാത്ത കർത്തവ്യമാണെന്നു ഞങ്ങൾ ഓർമ്മപ്പെടുത്തുന്നു. അടുത്ത വാർഷിക പൊതുയോഗം തന്നെ മേടമാസംവരെ കാത്തിരിക്കാതെ കുറേ കാലേകൂട്ടി തക്കതായ ഒരു സ്ഥലത്തുവച്ചു നടത്തുന്നതായാൽ ചെലവും സമയവും ലഘൂകരിക്കപ്പെടാവുന്നതും പല അസൗകര്യങ്ങളേയും കുറയ്ക്കാവുന്നതും എല്ലാ സംഗതികളും തീർച്ചപ്പെടുത്തുന്നതിന് സാധിക്കുന്നതുമായാൽ അങ്ങനെ ചെയ്യുന്നതും നല്ലതാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇതിനെപ്പറ്റി ഉത്തരവാദികളായ മാന്യൻമാർ അവരവർക്കു പറവാനുള്ളത് ഞങ്ങളുടെ പ്രിയ സഹജീവികളായ ദേശാഭിമാനി മിതവാദി ഇവകളം വഴിയായോ നേരിട്ടോ ഞങ്ങളെ അറിവിപ്പാൻ അപേക്ഷ.

വിവേ: 1091 തുലാം

ഈഴവരുടെ ദാമ്പത്യവും മുതലവകാശവും

തിരുവിതാംകൂറിൽ ജനസംഖ്യകൊണ്ടും ധനസംബന്ധമായ പ്രാധാന്യംകൊണ്ടും മുന്നണിയിൽ നിൽക്കുന്ന സമുദായങ്ങളിൽ ഒന്നാണ് ഈഴവർ. അവരുടെ ദാമ്പത്യത്തേയും ദായക്രമത്തേയും വ്യവസ്ഥാപിക്കുന്ന ഒരു നിയമമുണ്ടാക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്ന വസ്തുത ഈ പംക്തികളിൽ പല തവണയും പ്രസ്താവ വിഷയമായിട്ടുള്ളതാണ്. നായർ റെഗുലേഷൻ പാസായകാലം മുതൽ അവർ പ്രജാസഭ മൂലമായും അല്ലാതെയും ആ വിഷയത്തിൽ ഗവൺമെൻറിന്റെ ദയാപൂർവമായ പര്യാലോചനയെ പ്രാർത്ഥിച്ചുകൊണ്ടു പല നിവേദനങ്ങളും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. എസ്. എൻ. ഡി. പി. യോഗത്തിലും ഇതിനെപ്പറ്റി നിശ്ചയങ്ങളം പാസ്സാക്കിയിട്ടുണ്ട്. ഈ വരുന്ന പ്രജാസഭയിൽ ഈഴവ പ്രതിനിധികളിൽ ചിലർ ഈ വിഷയം നിവേദനം ചെയ്യുവാൻ വിചാരിക്കുന്നതായറിയുന്നതിൽ ഞങ്ങളം സന്തോഷിക്കുന്നു. ഈമാതിരി വിഷയങ്ങളിൽ പ്രജകളുടെ സങ്കടത്തിന്റെ ഗൗരവം ഗവൺമെൻറിനു വേണ്ടവണ്ണം ബോധ്യമായെങ്കിലല്ലാതെ പരിഹാരമാർഗത്തെപ്പറ്റി ഗണ്യമായി ചിന്തിച്ചു തുടങ്ങുന്നതല്ലെന്നുള്ളതു സ്വാഭാവികമാണ്. അതുകൊണ്ടു നമ്മുടെ മാന്യ പ്രതിനിധികളം ഇക്കൊല്ലവും ഗവൺമെൻറിന്റെ ദയാദൃഷ്ടിയെ സഫലമാംവണ്ണം ഈ വിഷയത്തിലേക്ക് ആകർഷിച്ചു വേണ്ടതുടനേ പ്രവർത്തിപ്പാൻ ഇടയാകുമെന്ന് ആശംസിക്കുന്നു. പ്രസ്തുത സങ്കടം ഈഴവരുടെ ഇടയിൽ സംസ്ഥാ

Digitized By Kerala Sahitya Akademi

നമൊട്ടുക്ക് എവിടെയും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഒന്നുപോലെ അനുഭവപ്പെട്ടു കൊണ്ടിരിക്കയാണെന്നുള്ള വസ്തുത ഞങ്ങൾക്കു പല വിധത്തിൽ അറിവാൻ ഇടവന്നിട്ടുള്ളതാകുന്നു.

ഈഴവരുടെതായ ക്രമത്തിൽ നാലാൾമാരുടെ ക്രമത്തിനുണ്ടായിരുന്ന ഐകരൂപ്യമില്ലെന്നും അതുകൊണ്ട് ഈ വിഷയം അത്ര സുഗമമല്ലെന്നും പക്ഷേ ഗവൺമെൻറിനു തോന്നാൻ മതി. അങ്ങനെ തോന്നിയാലും സങ്കടത്തിൻെറ ഗൗരവം ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ കാരുണ്യനിധിയായ മഹാരാജാവു തിരുമനസ്സിലെ ഗവൺമെൻറു പരിഹാരമാർഗ്ഗമുണ്ടാക്കുകതന്നെ ചെയ്യുമെന്നു ഞങ്ങൾക്കു വിശ്വാസമുണ്ട്. എന്നാൽ സുഗമമല്ലാത്ത സംഗതികളിൽ പെട്ടെന്നു പ്രവേശിപ്പാൻ അധികൃതർക്ക് ഉത്സാഹം തോന്നാതെവരാം. അതുകൊണ്ടു സങ്കടനിവൃത്തിക്കു കാലവിളംബവും ഉണ്ടായേക്കും. അതു പ്രസ്തുത വിഷയത്തിൽ അസഹ്യമാണെന്നു പറഞ്ഞേതീരൂ. അതുകൊണ്ട് ആ തോന്നലിനെപ്പറ്റി ഒരുവാക്കു പറയേണ്ടതാവശ്യമാകുന്നു. ഈഴവരുടെ ദായക്രമം മക്കത്തായം, മരുമക്കത്തായം, മിശ്രം ഇങ്ങനെ മൂന്നായിതിയിൽ കാണപ്പെടുന്നു എങ്കിലും ഇന്നത്തെ അവരുടെ സമുദായസ്ഥിതിയും ആശംസകളും അനുസരിച്ചുനോക്കിയാൽ നിയമകർത്താക്കൻമാർക്ക് അതിനെ ഒരു സുഗമമായ മാർഗത്തിൽ കൊണ്ടുവരാൻ വളരെ എളുപ്പമാണ്. കറുനാഗപ്പള്ളി മുതൽ പറവൂർ വരെ മരുമക്കത്തായമാണു നടപ്പ്. അതുകൊണ്ടു സംഖ്യയിൽ അധികം ശുദ്ധമരുമക്കത്തായക്കാരാണ്. മുവാറ്റുപുഴ, തൊടുപുഴ, മീനച്ചൽ, കുന്നത്തുനാട് ഈ താലൂക്കുകളിലാണ് മക്കത്തായക്കാർ ഈഴവരുള്ളത്. അവരുടെ സംഖ്യ ചുരുക്കവുമാണ്. കറുനാഗപ്പള്ളി മുതൽ വിളവംകോടു താലൂക്കിൻെറ തെക്കുകിഴക്കേ അതിർത്തിവരെ മിശ്രവഴിക്കാരാണ്. നാഞ്ചിനാട്ട് തമിഴ് സംസാരിക്കുന്ന ഈഴവരുടെ ഇടയിൽ വെറും മക്കത്തായവും വെറും മരുമക്കത്തായവും അനുസരിച്ചു വരുന്നരണ്ടു പിരിവുണ്ട്. അവരുടെയും സംഖ്യ ആകപ്പാടെ വളരെ ചെറുതാണ്. ചുരുക്കത്തിൽ കേവലം മക്കത്തായക്കാരുടെ എണ്ണം നോക്കിയാൽ വടക്കും തെക്കുമായി ഒരു പതിനായിരം ആളുകൾ ഉണ്ടായിരിക്കുമോ എന്നു സംശയമാണ്. ദായക്രമത്തെ സംബന്ധിച്ചിടത്തോളം നായർ റഗുലേഷനെ അങ്ങനെതന്നെ പകർത്തുന്ന ഒരു നിയമം കേവലമരുമക്കത്തായക്കാരും ഭൂരിപക്ഷവുമായ ഈഴവർ ഉൽക്കണ്ഠയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കയാണെന്നു ഞങ്ങൾ അന്വേഷിച്ചറിഞ്ഞിട്ടുള്ളതാണ്. മിശ്രവഴിക്കാരായ ഈഴവർക്കു അവർ എത്രയോ തലമുറകളായി അനുസരിച്ചു നടന്നുവരുന്ന ഒരു ദായക്രമമാണ് നായർ റെഗുലേഷൻ സ്വീകരിച്ചിരിക്കുന്നതെന്നുള്ള വസ്തുത വിചാരിച്ചാൽ അതിനെ ചട്ടമായി സ്വീകരിക്കുന്നതിൽ സന്തോഷമല്ലാതെ ഉണ്ടാവാൻ തരമില്ലാത്തതുമാകുന്നു. മലയാള ഈഴവർക്കു നായർ റഗുലേഷനിലെ തത്വമനുസരിച്ചുള്ള മിശ്രവഴി നിയമമായി സ്വീകരിച്ചാൽ അതിനെ മരുമക്കത്തായക്കാരായ നാഞ്ചനാട്ടീഴവർ സന്തോഷപൂർവം പിൻതുടരാൻ കാത്തിരിക്കുന്നതായും ഞങ്ങൾക്കറിയാം. അതുകൊണ്ടു ചട്ടത്തിൽ

Digitized By Kerala Sahitya Akademi

മക്കത്തായക്കാരെപ്പോലെ ഒരു വ്യത്യാസംമാത്രം ചേർക്കുകയും ശേഷമെല്ലാം മിശ്രാവകാശ തത്വമനുസരിച്ചു വ്യവസ്ഥ ചെയ്യുകയും ചെയ്വാൻ എളുപ്പമാകയാലാണു പ്രഥമ ദൃഷ്ടിയിൽ കുഴപ്പമുള്ളതായി തോന്നിയാലും ഈഴവരുടെ ദായക്രമം വാസ്തവത്തിൽ സുഗമമാണെന്നു ഞങ്ങൾ പറയുന്നത്. ദാമ്പത്യത്തെ സംബന്ധിച്ചു നായർ റെഗുലേഷനിലെ തത്വങ്ങളെ അങ്ങനെതന്നെ ഈഴവർക്കു പകർത്താൻ പാടുള്ളതല്ല. ആ വിഷയത്തിൽ ചില ഭേദഗതികൾ അവർ ആവശ്യപ്പെടും. അതിൽ അത്രവലിയ വാദപ്രതിവാദങ്ങളെ ഭയപ്പെടേണ്ടി വരുന്നതുമല്ല.

കുഴപ്പമേറിയ ക്രിസ്ത്യൻ കമ്മിഷന്റെ പ്രവൃത്തികൾ മിക്കവാറും അവസാനിച്ചിരിക്കുന്നതിനാൽ ഈ അവസരത്തിൽ ഗവൺമെന്റ് ഈഴവരുടെ ഈ പൊതുസങ്കടത്തിൽ ദയാപൂർവം ദൃഷ്ടിവച്ചു വേണ്ട വ്യവസ്ഥ ചെയ്തുവാൻ നോക്കണമെന്നുള്ള അവരുടെ അപേക്ഷ സമയോചിതമായിരിക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

വിവേ: 1091 മകരം

കൊച്ചി ഈഴവ സമാജം

കൊച്ചിയിലെ ഈഴവ സഹോദരങ്ങൾ ആ രാജ്യത്ത് അവരുടെ സമുദായികമായ ശ്രേയസ്സിനുവേണ്ടി യത്നിപ്പാൻ പ്രത്യേകം ഒരു സമാജം ഏർപ്പെടുത്തുന്നതിനുള്ള എല്ലാ ഒരുക്കങ്ങളും ചെയ്തിരിക്കുന്നതായും ഈ വരുന്ന മേടം 2-ാം നു തൃശ്ശിവ പേരൂർ വച്ച് അതിന്റെ ആദ്യത്തെ യോഗം ഡാക്ടർ പല്പു എൽ.എം.എസ്.ഡി.പി. എച്ച് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുവാൻ തീർച്ചയാക്കിയിരിക്കുന്നതായും അറിയുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. എസ്. എൻ. ഡി. പി. യോഗത്തിന്റെ ശാഖയായിത്തന്നെ കൊച്ചിയിൽ പ്രത്യേകം ഒരു സംഘം രജിസ്റ്റർ ചെയ്യേണമെന്നുള്ള ആലോചന രണ്ടുമൂന്നു കൊല്ലങ്ങൾക്കു മുമ്പുതന്നെ നടന്നു കൊണ്ടിരിക്കുന്നതാണ്. ഇപ്പോൾ ഏതെങ്കിലും പ്രകാരത്തിൽ ഒരു സമാജം ആ സംസ്ഥാനം അടക്കമുള്ള ഈഴവരുടെ വകയായി സ്ഥാപിപ്പാൻ അവർ തന്നെ ശ്രമിക്കുന്നതായറിയുന്നതു സമുദായത്തിന്റെ പൊതുക്ഷേമകാംക്ഷികളായ യോഗം പ്രവർത്തകൻമാർക്കു വലിയ ആശ്വാസകരമായിരിക്കുന്നതുമാണല്ലോ. സമുദായ ശക്തിയെപ്പറ്റി ഗാഢമായ ജ്ഞാനവും സാമുദായിക കാര്യങ്ങളിൽ ആത്മാർത്ഥമായ പ്രതിപത്തിയും മൂർത്തീകരിച്ച സാക്ഷാൽ സമുദായ നേതാവായ ഡാക്ടർ പല്പു അവർകളെ ഈ സമാജത്തിന്റെ ആദ്യയോഗത്തിൽ അദ്ധ്യക്ഷനായി ക്ഷണിച്ചതിൽ പ്രവർത്തകൻമാർ പ്രദർശിപ്പിച്ച ഉചിതജ്ഞതയെ ഞങ്ങൾ പ്രത്യേകം ശ്ലാഘിക്കുന്നു. തിരുവിതാംകൂറിലും മലബാറിലും നിന്ന് എല്ലാ സമുദായ സ്നേഹികളായ മാന്യൻമാരും

Digitized By Kerala Sahitya Akademi

ഈ സമാജ യോഗങ്ങളിൽ സംബന്ധിച്ചു തങ്ങളുടെ കൊച്ചിയിലെ സഹോദരങ്ങളെ പ്രോൽസാഹിപ്പിക്കാൻ പ്രത്യേകം ദൃഷ്ടിവയ്ക്കേണമെന്നു ഞങ്ങൾ എല്ലാവരോടും താത്പര്യമായി അപേക്ഷിക്കയും യോഗത്തിനു സർവ വിജയങ്ങളും ആശംസിക്കയും ചെയ്യുന്നു. സമാജത്തിന്റെ ഉദ്ദേശങ്ങളേയും ഘടനയേയും പറഞ്ഞ ചുരുങ്ങിയ വിവരം താഴെ ചേർക്കുന്നു:-

യോഗത്തിന്റെ പൊതുവായ ഉദ്ദേശ്യം

1. സമുദായത്തിൽ ദൈവികവും ലൗകികവുമായ വിദ്യാഭ്യാസത്തെയും വ്യവസായത്തെയും അഭിവൃദ്ധിപ്പെടുത്തുന്നതിനും അവയെ പ്രചരിപ്പിക്കുന്നതിനും ക്ഷേത്രങ്ങൾ, സന്യാസിമഠങ്ങൾ, സ്കൂളുകൾ, വായനശാലകൾ മുതലായവ വില്ലേജുകളിൽ ഏർപ്പെടുത്തുക.

2. ചുരുങ്ങിയ ധനശേഖരം ചെയ്തു സ്വജനങ്ങളെ പരസ്പരം തങ്ങളുടെ കഷ്ടാവസ്ഥകളിൽനിന്ന് രക്ഷിക്കുന്നതിന് യഥാശക്തി അവിടവിടെ സഹായഫണ്ടുകൾ ഏർപ്പെടുത്തുക.

3. സാംക്രമിക രോഗകാലങ്ങളിൽ സമാജത്തിന്റെ കീഴിൽ സ്വജനങ്ങൾക്കുവേണ്ട ഒത്താശകൾ ചെയ്യുക.

സാമാന്യഭരണം

1. കൊച്ചി ഈഴവ മഹായോഗത്തിന്റെ ഉപസമാജങ്ങൾ എല്ലാ താലൂക്കുകളിലും പ്രധാന പട്ടണങ്ങളായ കൊച്ചി, എറണാകുളം, കൊടുങ്ങല്ലൂർ. ഇരിങ്ങാലക്കുട, തൃശ്ശിവപേരൂർ, വടക്കാഞ്ചേരി, ചിറ്റൂർ, നെന്മാറ എന്നീ പട്ടണങ്ങളിൽ സ്ഥാപിച്ച് അവിടെ സ്ഥിരമായി ആപ്പീസുകൾ ഏർപ്പെടുത്തുക.

2. താലൂക്കുകളുടെ കീഴിൽ വില്ലേജുകളിലും ദേശങ്ങളിലും സമാജങ്ങൾ ഏർപ്പെടുത്തുക.

3. കൊല്ലംതോറും തിരഞ്ഞെടുക്കപ്പെടുന്ന വില്ലേജ് സമാജങ്ങളിലെ പ്രതിനിധികൾ കൂടി താലൂക്കു സമാജം ഭരിക്കുക.

4. താലൂക്കു സമാജങ്ങളിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്ന ഉദ്ദേശം 28 പ്രതിനിധികൾ ഡയറക്ടർമാരായി കൊച്ചി ഈഴവ മഹായോഗം ഭരിക്കുക.

5. മഹായോഗം ആറാറുമാസം കൂടുമ്പോൾ താലൂക്കുകളിലെ പ്രധാന പട്ടണങ്ങളിൽ വച്ചു കൂടുക.

ഇങ്ങനെ ഒരു ഏർപ്പാടു ചെയ്യുന്നതായാൽ ആയതു സമുദായത്തിന് ഒരു വലുതായ ഗുണമായി പരിണമിക്കുമെന്നു മാത്രമല്ല, ഈ രാജ്യത്തുള്ള

Digitized By Kerala Sahitya Akademi

അപരിഷ്കൃത സമുദായങ്ങൾക്കു പൊതുവിലും ആയതു വളരെ ശ്രേയസ്കരമായിത്തീരുവാൻ ഇടയുണ്ടെന്നു പല മഹാൻമാരും അഭിപ്രായപ്പെടുകയും നമ്മെ പ്രോൽസാഹിപ്പിച്ചു വരികയും ചെയ്യുന്നുണ്ട്. ഒരു സമുദായത്തിന്റെ അഭിവൃദ്ധിക്കായി ആ സമുദായത്തിൽപ്പെട്ട സർവരും പ്രയത്നിക്കേണ്ടത് അവരവരുടെ ഉചിത കൃത്യമായിരിക്കും. സാമൂഹ്യഗുണകാംക്ഷികളായ മഹാൻമാർക്കു തങ്ങളുടെ മനോരഥങ്ങളെ നിർവഹിക്കുവാൻ ഇതാ നല്ലൊരു അവസരം ലഭിച്ചിരിക്കുന്നു.

അതുകൊണ്ടു സമുദായ ഗുണകാംക്ഷികളും സജാതീയൻമാരുമായ മഹത്തുക്കൾ ഈ യോഗത്തെപ്പറ്റി തദ്ദേശങ്ങളിലുള്ള സജ്ജനങ്ങളോടു വേണ്ടതുപോലെ ഉപദേശിക്കുവാനും തൃശ്ശിവപേരൂർ വച്ചു കൂടുവാൻ പോകുന്ന പൊതുയോഗത്തിൽ വില്ലേജ് പ്രതിനിധികളായി വന്നു ചേരുവാനും ഇക്കാര്യത്തിൽ വേണ്ട ഏർപ്പാടുകൾ ചെയ്തു യോഗം നിർവഹിക്കുവാനും സവിനയം അപേക്ഷിച്ചു കൊള്ളുന്നു.

വിവേ: 1091 കുംഭം

നിയമനം

ക്ഷമയോടു കൂടിയ ദീർഘകാലത്തെ പരിശ്രമങ്ങൾ ഏതു വിഷയത്തിലായാലും ഫലവത്താകാതെ പോകുന്നതല്ല. നായർ റെഗുലേഷനുണ്ടാകുന്നതിനെപ്പറ്റി ആലോചന തുടങ്ങിയ കാലം മുതൽക്കുതന്നെ ഈഴവരും ആ മാതിരി നിബന്ധനയുടെ ആവശ്യകതയെ നല്ലവണ്ണം ഗ്രഹിക്കയും അതിനായി ആഗ്രഹിക്കുകയും ചെയ്തിരുന്നു. കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി അവർ അതിനെപ്പറ്റി പ്രജാസഭയിൽ നിവേദനങ്ങൾ ചെയ്തും മറ്റു പ്രകാരത്തിലും ഗവൺമെൻറിന്റെ ശ്രദ്ധയെ നിരന്തരം ക്ഷണിച്ചുകൊണ്ടിരുന്നു. ഞങ്ങൾ തന്നെ ഈ പംക്തികളിൽ പലപ്പോഴും ഇതിനെപ്പറ്റി വിമർശിച്ചിട്ടുണ്ട്. ഇപ്പോൾ ഇതാ ആ ശ്രമം ഫലോൻമുഖമായിരിക്കുന്നു. കഴിഞ്ഞ പ്രജാസഭയിൽ ദീവാൻജി അവർകൾ പ്രസ്താവിച്ചതനുസരിച്ച് ഈഴവരുടെ പിന്തുടർച്ചയേയും വിവാഹത്തേയും പറ്റി അന്വേഷണങ്ങൾ ചെയ്തു ഒരുബിൽ എഴുതിയുണ്ടാക്കാൻ മഹാരാജാവു തിരുമനസ്സിലെ ഗവൺമെൻറിൽ നിന്നും ഒരു കമ്മിറ്റിയെ നിയമിച്ചു കഴിഞ്ഞിരിക്കുന്നു. അതിലേക്കായി യോഗത്തിന്റെയും സമുദായത്തിന്റെയും പേരിൽ ഞങ്ങൾ ഏറ്റവും കൃതാർത്ഥതയോടുകൂടി ഗവൺമെൻറിനു നന്ദി പറഞ്ഞുകൊള്ളുന്നു.

കമ്മിറ്റി

ഈ കമ്മിറ്റിയിൽ ശ്രീമാൻമാർ എം. ഗോവിന്ദൻ (ബി.എ.ബി.എൽ., അടൂർമുൻസിപ്പ്), എസ്. പത്മനാഭപ്പണിക്കർ (ബി.എ.ബി.എൽ., തിരു

Digitized By Kerala Sahitya Akademi

വല്ലാ സ്‌റ്റേഷനറി മജിസ്‌ട്രേട്ട്), എൻ. കുമാരൻ (ബി.ഏ.ബി.എൽ., വക്കീൽ കൊല്ലം), എൻ. കുമാരൻ ആശാൻ ഇവർ അംഗങ്ങളും അഡീഷണൽ പൊലീസ് സർക്കാർ വക്കീൽ വി. സുബ്ബയ്യർ (ബി.എ.ബി.എൽ) അവർകളും അദ്ധ്യക്ഷനുമാണ്. ഈ നിയമത്തിന്റെ ഔചിത്യത്തെ ഞങ്ങൾ പൊതുവിൽ സ്വാഗതം ചെയ്യുന്നു. എന്നാൽ കേവലം മറുമക്കത്തായികളായ ഈഴവരുടെ ഇടയിൽനിന്ന് അധികം അംഗങ്ങൾ കമ്മിറ്റിയിലില്ലെന്ന് ഇതിനെപ്പറ്റി ഒരാക്ഷേപം പറവാനുണ്ട്. അതിനെ പരിഹരിപ്പാൻ ഗവൺമെന്റ് ദയവു ചെയ്തു ദൃഷ്ടിവയ്ക്കുമെന്നു വിശ്വസിക്കുന്നു. ഇനി ഒരു വാക്കു പറയുവാനുള്ളത് ഈ കമ്മിറ്റിയുടെ പ്രവൃത്തിയെപ്പറ്റിയാണ്. അതിന്റെ സ്വഭാവം മാറു കമ്മീഷന്റെ പ്രവൃത്തിയിൽ നിന്നും കുറെ ഭേദിച്ചിട്ടാകുന്നു. ഈഴവപ്രമുഖ്യം കമ്മിറ്റി തെളിവുശേഖരിക്കുന്നതിനായി അവിടവിടെ സഞ്ചരിക്കുന്നതല്ലേ. കമ്മിറ്റി തിരുവനന്തപുരത്തുകൂടി വേണ്ട ആലോചനകളും കഴിച്ച് ഒരു നക്കൽ ബിൽ തയ്യാറാക്കി ഗസറ്റിൽ പരസ്യപ്പെടുത്തുകയും അതിൻമേൽ ജനങ്ങളുടെ അഭിപ്രായഗതികളെ അറിഞ്ഞ് ഒടുവിൽ വേണ്ട ഭേദഗതികളും വരുത്തി പരിഷ്കരിച്ച് നിയമനിർമ്മാണസഭയിൽ സമർപ്പിക്കയും മാത്രമാകുന്നു. അതുകൊണ്ട് ഉത്തരവാദിത്വമുള്ള ഈഴവർ എല്ലാം തങ്ങളുടെ അഭിപ്രായങ്ങളെ കമ്മിറ്റിയെ അറിവിപ്പാൻ ശ്രദ്ധവച്ചു കൊണ്ടിരിക്കണമെന്നും എന്നാൽ അനാവശ്യ വാദങ്ങൾ പുറപ്പെടുവിച്ചു കമ്മിറ്റിയുടെ സമയത്തെ വൃഥാ വ്യയം ചെയ്കയോ സമുദായത്തിന് ഈ അനുഗ്രഹഫലത്തെ അനുഭവിക്കുന്നതിൽ പ്രതിബന്ധമായിത്തീരുകയോ ചെയ്യരുതെന്നും പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

വിവേ: 1091 മീനം

1917 ഡിസംബർ 30-ാം ന് എറണാകുളത്തുവച്ചു നടന്ന കൊച്ചി ഈഴവ സമാജത്തിന്റെ അർദ്ധവാർഷിക യോഗത്തിൽ എൻ. കുമാരൻ ആശാൻ അവർകൾ ചെയ്ത പ്രസംഗം

"നാം—ഈഴവർ അല്ലെങ്കിൽ തീയർ കേരളത്തിലെ ഏറ്റവും ജനസംഖ്യയുള്ള വർഗ്ഗക്കാരാകുന്നു. ഹിന്തുക്കളിൽ ഒരു വർഗ്ഗക്കാരും സംഖ്യയിൽ നമ്മോടൊത്തില്ല. 1911—ലെ സെൻസസ് കണക്കുപ്രകാരം നാം 16 ലക്ഷം ജനങ്ങളുണ്ട്. കൊച്ചി സംസ്ഥാനത്തിൽ ആകെയുള്ള ജനസംഖ്യ 9 ലക്ഷത്തിൽ ചിലപ്രാനം മാത്രമാകുന്നു. തിരുവിതാംകൂറിൽ ആകെ 34 ലക്ഷം ജനങ്ങളാണുള്ളത്. നോക്കുക. നാം കൊച്ചിയിലെ ആകെയുള്ള ജനങ്ങളേക്കാൾ ഏതാണ്ടു രണ്ടുമടങ്ങ് അധികമാണ്. തിരുവിതാംകൂറിലെ ആകെയുള്ള ജനങ്ങളുടെ ഒന്നുപകുതിയോളം സംഖ്യാബലം നമുക്കുണ്ട്. ഇനി നമ്മുടെ സാമുദായികനില എന്തെന്നാലോചിക്കുക. നാം ഇവിടത്തെ അധഃകൃത വർഗ്ഗക്കാരുടെ മുന്നണിയിൽ, ഉയർന്നതും താണതുമായ ജനവി

Digitized By Kerala Sahitya Akademi

ഭാഗങ്ങളെ വേർതിരിക്കുന്ന അതിർത്തിയിൽ, ഭാരതത്തിന്റെ ഇതരഭാഗങ്ങളിൽ നിന്നു മലയാളത്തെ വേർതിരിക്കുന്ന വമ്പിച്ച സഹ്യപർവതം പോലെ, ഉയർന്നു നില്ക്കുകയാകുന്നു. അതുകൊണ്ട് ഉയർന്നവർഗ്ഗക്കാരുടെ നിർദ്ദയമായ ചവിട്ടും കുത്തുമെല്ലാം നമ്മുടെ തലയിലാണ് ആദ്യമായും അധികമായും ഏല്ക്കുന്നത്. നാം ഈ ചവിട്ടുകൊ എത്രയോ തലമുറയായി ഏറ്റുകൊണ്ടു നില്ക്കയാകുന്നു. എന്നിട്ടും നാം നശിച്ചു പോകുന്നില്ല. പിന്നോട്ടു പോകയും ചെയ്യുന്നില്ലെന്നാണ് എന്റെ വിശ്വാസം. ഇതു ശരിയാണെങ്കിൽ അതൊരു പ്രശസ്തമായ ഭൂതകാലത്തെ കാണിക്കുന്ന വസ്തുതയാകുന്നു. അതായതു നമ്മുടെ ഇന്നത്തെ നിലതന്നെ കഴിഞ്ഞു പോയ ചില ഉൽക്കർഷങ്ങളുടെ അനുമാനത്തിനു ലിംഗമായി നില്ക്കുന്നു. **Survival of the fittest** അതിയോഗ്യമായതു ജീവിച്ചിരിക്കുന്നു എന്നുള്ള പരിണാമവാദതത്ത്വം ഈ അനുമാനത്തെ അനുകൂലിക്കുന്നു. ഏറിയ ശതവർഷകാലമായി നടന്നുകൊണ്ടിരിക്കുന്ന കിടമത്സരങ്ങളെ എല്ലാം സഹിച്ചുകൊണ്ട് ഇന്നു നാം ഈ നിലയിൽ ജീവിക്കേണമെങ്കിൽ അതിനാവശ്യമായ വീര്യവിഭാവാദികളെല്ലാം നമ്മുടെ സമുദായ ശരീരത്തിലുണ്ടായിരിക്കണം. വീരപുരുഷൻമാർ, വിദ്വാൻമാർ, വസ്തു ഉടമസ്ഥൻമാർ, വലിയ ഈശ്വര ഭക്തൻമാർ ഇവരെല്ലാം അതാതു തലമുറകളിലെ സ്ഥിതിയനുസരിച്ചു നമ്മുടെ വർഗ്ഗത്തിലുണ്ടായിരുന്നു. ഇന്നും ആ അവസ്ഥ തുടർന്നു കൊണ്ടുതന്നെ ഇരിക്കുന്നു. നമ്മുടെ ഉൽക്കർഷത്തെ തടഞ്ഞു നില്ക്കുന്ന ദുഷ്കാലശക്തി ഇപ്പോൾ എന്തുകൊണ്ട് ആരംഭിച്ചു എന്നു നിർവചിപ്പാൻ കഴികയില്ലെങ്കിലും അതു മദ്ധ്യകാലത്തു വല്ല രാഷ്ട്രീയ വിപ്ലവങ്ങളാലും വന്നതാണെന്ന് ഊഹിപ്പാൻ കഴിയും. തെങ്ങുകൃഷിയും മദ്യവ്യാപാരവും കൊണ്ടാണ് നമ്മെ മറ്റു വർഗ്ഗങ്ങളിൽനിന്നു സാധാരണ ചിന്തകൻമാർ വ്യാവർത്തിച്ചുവന്നത്. ദക്ഷിണ ഇന്ത്യയിൽ ഞങ്ങിനെയുള്ള വർഗ്ഗത്തിൽ പല നാടുവാഴികളും രാജാക്കൻമാരും ഉണ്ടായിരുന്നതായി ചരിത്രകാരൻമാർ നിഷ്പക്ഷമായി അന്വേഷിച്ചാൽ അറിയാവുന്നതാണ്. ആര്യൻമാർ ദക്ഷിണ ഇന്ത്യയിലേക്കുകടന്നതോടുകൂടി ദ്രാവിഡൻമാരുടെ സ്ഥിതികൾക്കുണ്ടായ മാറ്റങ്ങൾ നാനാമുഖങ്ങളായിരുന്നു. അതിനെത്തുടർന്നുണ്ടായ രാജ്യവിപ്ലവങ്ങളാൽ അധികം ശക്തിയും നാഗരികവുമുള്ള വർഗ്ഗക്കാർ നമ്മുടെ പൂർവൻമാരെ കീഴടക്കുകയും അവരോടു നിർദ്ദയമായി പെരുമാറുകയും ചെയ്തതായിരിക്കണം. അടുത്ത ശതവർഷങ്ങളിൽതന്നെ കേരളത്തിൽ പുലയരിലും കുറവരിലും കൂടി നാടുവാഴികളും രാജാക്കൻമാരുമുണ്ടായിരുന്ന വസ്തുത അപലപിപ്പാൻ പാടില്ലാത്തതാണല്ലോ. വിശേഷിച്ചു മദ്യവിക്രയം സംബന്ധിച്ചാണു ഹിന്തുക്കൾ നമ്മെ വെറുത്തതെന്നു പറഞ്ഞുകൂടുന്നതല്ല. മദ്യം ഹിന്തുശാസ്ത്രങ്ങളിൽ അതിനിഷിദ്ധമല്ല. മറിച്ചു കൌളതന്ത്രത്തിലും മറ്റും അത് ഒരു പരിശുദ്ധവസ്തുവും ആകുന്നു. ബുദ്ധമതത്തിലാണ് "മദ്യവിക്രയ സന്ധാനദാനപാനാദികൾ" കഠിനമായി നിഷേധിക്കപ്പെട്ടിരിക്കുന്നത്. ആ മതത്തെ ഇന്ത്യയിൽനിന്ന് ആട്ടിഓടിച്ച ഹിന്തുക്കൾക്ക് അതിലെ നിഷിദ്ധകർമ്മ

Digitized By Kerala Sahitya Akademi

ത്തോടു അത്രകഠിനമായ വെറുപ്പുതോന്നാൻ വകയില്ലാത്തതാണ്. നമ്മുടെ ഇന്നത്തെ അനുഭവവും അതിനു സാക്ഷിയാകുന്നു. ഇന്ന് ഈഴവനെ മേൽ ജാതിക്കാർ വെറുക്കുന്നുണ്ടെങ്കിൽ അത് അവന്റെ മദ്യവ്യാപാരം കൊണ്ടാണോ? നിശ്ചയമായും അല്ല. അപ്പോൾ ഈ വെറുപ്പു നിശ്ചയമായും സാത്ത്വികമായ ഒരു പാപഭയത്തിൽ നിന്നുണ്ടായതല്ല, രാജസവും ക്രൂരവുമായ മത്സരബുദ്ധിയിൽനിന്നും പരാജിതൻമാരോടു സഹജമായുള്ള അവജ്ഞയിൽനിന്നും ഉണ്ടായിട്ടുള്ളതാകുന്നു. ബോവർമാരുടെ നേരെ നമുക്ക് ഇടക്കാലത്തുണ്ടായ അവജ്ഞ നോക്കുക. ജർമ്മൻകാരോടു നമുക്ക് ഇപ്പോളുള്ള മനോഭാവത്തെപ്പററി ആലോചിക്കുക. ഇതുപോലെ അജ്ഞാതമായ ഒരു കാലത്ത് ഉണ്ടായി വേരുറച്ച ഒരു വൈരസ്യം ആ കാലങ്ങളും കാരണങ്ങളും പ്രകൃതിയുടെ യന്ത്രത്തിരിച്ചിലിൽപ്പെട്ടു മറഞ്ഞുപോയ ഇക്കാലത്തും ജനങ്ങൾ വെറുതേ വച്ചുകൊണ്ടിരിക്കുന്നു എന്നല്ലാതെ എന്തുപറവാൻ കഴിയും. ഇപ്പോൾ ലോകത്തിന്റെ ചരിത്രം നാം അറിയുന്നു. ഭൂഗോളത്തിന്റെ ഏതൊരു ഭാഗത്തെങ്കിലും പട്ടിക്കും പൂച്ചയ്ക്കും നടക്കാവുന്ന വഴിയിൽ കൂടി സഞ്ചരിപ്പാൻ മനുഷ്യനെ മനുഷ്യൻ അനുവദിക്കാത്ത ദിക്കുണ്ടോ? മനുഷ്യനെ തൊട്ടാൽ മനുഷ്യൻ കുളിക്കാറുണ്ടോ? മനുഷ്യനെ തീണ്ടിയാൽ പുണ്യാഹം കഴിക്കാറുണ്ടോ? മനുഷ്യനെ കാണുന്നതു പാപമായി വിചാരിക്കാറുണ്ടോ? പരിശുദ്ധമായ ഹിന്തുമതമേ! നിന്റെ പേരിൽ എത്ര മഹാപാപമാണ് ഈ വൈദികം മനുഷ്യൻമാർ ചെയ്യുന്നത്. ഹിന്തു പണ്ഡിതൻമാർ എത്ര കാലമാണ് ഈ പുണ്ണിനെ പൊതിഞ്ഞുവയ്ക്കാൻ ആശിക്കുന്നത്? ഈ ഭയങ്കരവ്യാധിയെ അശേഷം ചിന്തിക്കാതെ ഭാരതമാതാവിന്റെ സ്വയംഭരണ പ്രാപ്തിക്കളായ തന്ത്രജ്ഞൻമാർ എന്താണു മോഹിക്കുന്നത്?

ഹാ! ബ്രിട്ടീഷ് ഭരണം, എത്ര വിശാലമായ നയം, എത്ര സ്പൃഹണീയമായ ക്രമം, എത്ര ഉൽകൃഷ്ടമായ ഉദ്ദേശം; അതിന്റെ അനുഗ്രഹ ഫലത്തെ പൂർണ്ണമായി അനുഭവിച്ചറിവാൻ ജനസാമാന്യത്തിന് അധ:കൃതരായ ഭൂരിഭാഗക്കാർക്ക് അവസരം കൊടുക്കാതെ സ്വയം ഭരണത്തിനു ബദ്ധപ്പെടുന്ന തന്ത്രനിപുണൻമാർ അവരുടെ ക്ഷേമകാംക്ഷികളാണോ?

ഏതായാലും നമ്മുടെ നില നാം അറിയുന്നുവല്ലോ. നാം അധികപേരും സാധുക്കളും കൂലിവേലക്കാരുമാണ്. നമ്മിൽ നൂറിനു 10–ൽ കവിഞ്ഞു വിദ്യാഭ്യാസമുള്ളവരില്ലെന്നാണ് കണക്കുകൾ കൊണ്ടുകാണുന്നത്. സ്ത്രീകളിൽ വിദ്യാഭ്യാസമുള്ളവരുടെ സംഖ്യ നൂററിന് ഒന്നോരണ്ടോ മാത്രമേ ആകുന്നുള്ളു. ബ്രിട്ടീഷ് ഭരണത്തിന്റെ കീഴിൽ സുഖസ്വാതന്ത്ര്യങ്ങൾ സമ്പാദിപ്പാൻ വിദ്യാഭ്യാസം വ്യവസായം മുതലായ മാർഗ്ഗങ്ങൾ ആർക്കും തുറന്നു കൊടുത്തിരിക്കയാണ്. നമ്മുടെ പൂർവൻമാർക്കു ലഭിച്ചിട്ടില്ലാത്ത ഒരു അനുഗ്രഹ വിശേഷമാണിത്. അതുകൊണ്ടു നമ്മെ ഈ മാർഗ്ഗങ്ങളിലൂടെ നാംതന്നെ ഉയർത്തിക്കൊണ്ടുപോകേണ്ടിയിരിക്കുന്നു "ഉദ്ധരേ ദാത്മദാത്മാനം" എന്നാണ് ഭഗവാൻ പറയുന്നത്. (Work out

Digitized By Kerala Sahitya Akademi

your own salvation) നിങ്ങളുടെ മോക്ഷം നിങ്ങൾതന്നെ ഉണ്ടാക്കിക്കൊൾവിൻ എന്നാണ് ബുദ്ധ മഹർഷി പറയുന്നത്. അതെല്ലാം ശരിയായ പ്രമാണങ്ങളാകുന്നു.

എസ്. എൻ. ഡി. പി. യോഗം സ്ഥാപിച്ചിട്ട് ഇപ്പോൾ 14 കൊല്ലമായിരിക്കുന്നു. അതിന്നുമുമ്പുണ്ടായിരുന്ന സ്ഥിതിയിൽ നിന്ന് ഇപ്പോൾ നമ്മുടെ സ്ഥിതിക്ക് എന്തെങ്കിലും മാറ്റം കാണുന്നുണ്ടോ? നിശ്ചയമായും ഉണ്ടെന്നു നിങ്ങൾ എല്ലാവരും പറയുമെന്നാണ് എന്റെ വിശ്വാസം. ആ ഗുണകരമായ മാറ്റങ്ങളെ എണ്ണിപ്പറയേണ്ട ആവശ്യമില്ല. അതിനു സമയവുമില്ല. കന്യാകുമാരി മുതൽ മംഗലപുരം വരെയുള്ള നമ്മുടെ വർഗ്ഗക്കാർ പരസ്പരം അറിയാതെ കിടന്നിരുന്ന 16 ലക്ഷം ആത്മാക്കൾ ഇപ്പോൾ പരസ്പരം അറിഞ്ഞും സ്നേഹിച്ചും കഴിഞ്ഞിരിക്കുന്നു. നമ്മുടെ വകയായി അനേകം ക്ഷേത്രങ്ങളും പ്രസംഗശാലകളും വിദ്യാലയങ്ങളും ഉണ്ടായിവരുന്നു. നമ്മൾ ഒന്നായിച്ചേർന്നു സഭകൂടം നടത്തുന്നു. നമ്മുടെ കാര്യങ്ങളെ ഏകസ്വരത്തിൽ പ്രതിപാദിക്കുന്ന പത്രങ്ങളും മാസികകളും പ്രതിനിധികളും നമുക്കുണ്ടായിക്കൊണ്ടിരിക്കുന്നു. എന്നാൽ ഇതൊക്കെ ഒരു ആരംഭമാത്രമേ ആയിട്ടുള്ളു. ഒരു വലിയ സമുദായത്തിന്റെ ശാശ്വതമായ അഭ്യുദയം മഹത്തായ അസ്ഥിവാരങ്ങളിൻമേൽ സുഘടിതമായ ക്രമങ്ങളനുസരിച്ചു സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ നമുക്കു പല സമാജങ്ങളും കേരളത്തിന്റെ നാനാ ഭാഗങ്ങളിലായുണ്ട്. എല്ലാറ്റിന്റെയും ഉദ്ദേശം നമ്മുടെ മതസംബന്ധവും ലൗകികവുമായ അഭ്യുദയങ്ങളും തന്നെയാണ്. പല സമാജങ്ങളും ഫലപ്രദമായ പ്രവൃത്തികളും ചെയ്തുകൊണ്ടിരിക്കുന്നുമുണ്ട്. എന്നാൽ നമ്മുടെ എല്ലാം മമതയും ശ്രമവും വേണ്ടവിധത്തിലും നിരന്തരമായും അവയിൽ പതിയുന്നില്ലെന്നുള്ളതു തീർച്ചയാണ്. മറിച്ചായിരുന്നുവെങ്കിൽ ഇപ്പോൾ ഇതിനേക്കാളും അദ്ഭുതകരങ്ങളായ ഫലങ്ങളും കാണാമായിരുന്നു. നമുക്കു പരസ്പര വിശ്വാസവും പരസ്പര സ്നേഹവും ഇതുവരെ വേണ്ടവണ്ണം ഉണ്ടായിട്ടില്ല. അതാണു പ്രധാനമായി ഉണ്ടാകേണ്ടത്. അതിന്നായി നാം ഓരോരുത്തരും ദൃഷ്ടിവച്ചു യത്നിക്കേണ്ടതാണ്. അജ്ഞാനവും അന്യഥാജ്ഞാനവുമാണ് അവിശ്വാസത്തിന് ഹേതുവായിരിക്കുന്നത്. സമുദായാഭിവൃദ്ധി വിഷയത്തിൽ യത്നിപ്പാൻ ഓരോരുത്തരും പ്രത്യേകം ഒരുക്കമായിരിക്കണം. അങ്ങിനെ ഒരുങ്ങുന്നവർ തമ്മിൽ കൂടക്കൂടെ ഇടപെട്ട് ഹൃദയപൂർവം സംസാരിക്കയും സംഗതികളെ ഗ്രഹിക്കയും ഗ്രഹിപ്പിക്കയും വേണം. അത് അന്യഥാജ്ഞാനങ്ങളെ ദൂരീകരിക്കയും പരസ്പര സ്നേഹത്തെയും മമതയെയും ദൃഢപ്പെടുത്തുകയും ചെയ്യും. ദോഷൈകദർശനം വലിയ ദോഷമാണ്. ആ സ്വഭാവത്തെ സമുദായത്തിൽ നിന്നു ദൂരീകരിപ്പാൻ ഓരോ സമുദായസ്നേഹിയും ബദ്ധശ്രദ്ധനായിരിക്കണം. സമുദായഗുണത്തെ ഉദ്ദേശിച്ചുള്ള പ്രവൃത്തികളെ അഭിനന്ദിക്കയും ബഹുമാനിക്കയും ചെയ്വാനുള്ള വാസനയെ ജനിപ്പിക്കയും വർദ്ധിപ്പിക്കയും വേണം. സമാജങ്ങളെ നാം നമ്മുടെ കുടുംബങ്ങളെ

Digitized By Kerala Sahitya Akademi

പ്പോലെയും അതിലെ അംഗങ്ങളെ സഹോദരങ്ങളെപ്പോലെയും സ്നേഹിക്കയും വിലവയ്ക്കയും ചെയ്യണം. അപ്പോൾ സമാജങ്ങൾക്കു സ്ഥിരതയും വ്യാപ്തിയുമുണ്ടാകും. സമാജങ്ങൾ മുഖേനവേണം മറ്റു സകല അഭ്യുദയങ്ങളുമുണ്ടാവാൻ. വിദ്യയുടെയും ധനത്തിന്റെയും സമ്പാദനമാണ് ചുരുക്കത്തിൽ ലൗകിക അഭ്യുദയം എന്നു പറയുന്നത്. നാഗരികതയും സ്വാതന്ത്ര്യവും സുഖജീവിതവും എല്ലാം അതിന്റെ ഫലങ്ങളാകുന്നു.

വിദ്യാഭ്യാസത്തിന് ഇപ്പോൾ നമുക്കു ഗവൺമെന്റിൽ നിന്നുതന്നെ സൗകര്യങ്ങൾ നൽകുന്നുണ്ട്. സ്കൂളുകൾ നാം പ്രത്യേകം ഉണ്ടാക്കേണ്ട ആവശ്യകത തൽക്കാലം അധികമില്ല. ഉള്ള സ്കൂളുകളിൽ കുട്ടികളെ അയച്ചുപഠിപ്പിക്കുന്ന വിഷയത്തിൽ എല്ലാ സമാജങ്ങളും പ്രത്യേകം ശ്രദ്ധവെയ്ക്കണം. പ്രൈമറി പാഠശാലകൾ ഇല്ലാത്ത ദിക്കിൽ നാം ഉണ്ടാക്കണം. ഉയർന്നതരം വിദ്യാഭ്യാസമുള്ളവരുടെ സംഖ്യ സമുദായത്തിൽ തീരെ കുറവാകയാൽ കഴിയുന്ന പ്രകാരമെല്ലാം അതിനെ പ്രോത്സാഹിപ്പിക്കണം. തിരുവിതാംകൂറിലും, കൊച്ചിയിലും, മലബാറിലും കാളേജുകൾ ഉണ്ട്. നമ്മുടെ കുട്ടികൾ താമസിച്ചുപഠിക്കാനും ആഹാരത്തിനുമുള്ള സൗകര്യങ്ങൾ അത്യാവശ്യങ്ങളാണ്. അതിനു വിദ്യാർത്ഥി സത്രങ്ങൾ സ്ഥാപിച്ചുകൊടുക്കണം. എസ്. എൻ. ഡി. പി യോഗം വകയായി തിരുവനന്തപുരത്തും മദ്ധ്യതിരുവിതാംകൂറിലെ നമ്മുടെ വർഗ്ഗക്കാരുടെ വകയായി മാവേലിക്കരയും ഓരോ വിദ്യാർത്ഥി സദനങ്ങൾ സ്ഥാപിപ്പാൻ ശ്രമങ്ങൾ നടന്നു വരുന്നുണ്ട്. ഇങ്ങിനെയുള്ള ശ്രമങ്ങൾ ആവശ്യമായ മറ്റു സ്ഥലങ്ങളിലുമുണ്ടായിരിക്കണം. വിദ്യാർത്ഥികൾക്കു ധനസഹായം ചെയ്വാൻ ഫണ്ടുശേഖരിക്കുന്നതു നല്ലതും അത്യാവശ്യവുംതന്നെ. വടക്കേ മലബാറിൽ ജ്ഞാനോദയയോഗം വകയായി ഇങ്ങിനെയൊരു ശ്രമം നടക്കാൻപോകുന്നതായി അറിയുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു. ഇതിനെല്ലാത്തിനും ധനം ആവശ്യമാണ്. സമാജങ്ങൾ എല്ലാദിക്കിലും സ്ഥാപിച്ചു ശരിയായി നടത്തുകയും ജനങ്ങൾക്കു പരസ്പരവിശ്വാസവും ഐക്യമത്യവും വർദ്ധിക്കുകയും ചെയ്താൽ പണം വഴിയേ വരുന്നതാണ്. 16 ലക്ഷം ജനങ്ങൾ ഒരുകാര്യത്തിന്നായി ഒത്തൊരുമിച്ച് ഓരോ അണ കൊടുത്താൽ ലക്ഷം ഉറുപ്പികയായി. 4 ലക്ഷം ആയാൽതന്നെ 25000 ക ആയി. ഇതൊക്കെ മനോരാജ്യമാണെന്നു തോന്നുമായിരിക്കാം. ഇല്ല, നിശ്ചയമായും തമ്മിൽ ഐക്യമത്യം വർദ്ധിക്കുന്തോറും അതു വെറും യഥാർത്ഥകഥനം മാത്രമായിത്തീരുമെന്നുള്ളതു നിശ്ചയമാണ്.

വ്യവസായ ശീലത്തിനു നാം പ്രസിദ്ധരാണ്. നമ്മുടെ വ്യവസായവാസനയെ ശരിയായ മാർഗ്ഗങ്ങളിൽകൂടി നടത്തിയാൽ അതു നമ്മുടെ ധനാഭിവൃദ്ധിയെ അദ്ഭുതകരമാം വണ്ണം സഹായിക്കും. പരസ്പരവിശ്വാസവും സ്നേഹവും ഐക്യവുമാണ് അതിൽ അപേക്ഷിതമായിരിക്കുന്നത്.

Digitized By Kerala Sahitya Akademi

ഇതെല്ലാം ഉണ്ടായിക്കഴിഞ്ഞാൽ നമ്മുടെ അഭ്യുദയം ആയി. പിന്നെ നമ്മെ ക്കുറിച്ചു നാം വ്യസനിക്കേണ്ടതില്ല. മറെറാരാൾക്കു നമ്മെതടഞ്ഞു നിർ ത്താൻ സാധിക്കയുമില്ല. അതുകൊണ്ട് ഒന്നാമതായി നാം ഇനി പരസ്പരം അധികം സ്നേഹിക്കയും വിശ്വസിക്കയും ചെയ്യുക. അങ്ങിനെ നാം ഒത്തൊരുമിച്ച് അവിടവിടെ ദേശസഭകളെയും താലൂക്കു സഭകളെയും സംസ്ഥാന സഭകളെയും ബുദ്ധിപൂർവമായ വ്യവസ്ഥകൾ അനുസരിച്ചു സ്ഥാപിക്കുക. കേരളത്തെ മുഴുവൻ വ്യാപിക്കുന്ന ഒരു മഹായോഗവും വ്യവസ്ഥപ്പെടുത്തി നടത്തുക. നാം ഒന്നായി നില്ക്കുക, ചിതറിക്കിട ക്കുന്ന പൂഴിയെ സ്നേഹ പ്രവാഹം കൊണ്ടു നനച്ചു പരസ്പരം കൂട്ടിച്ചേർ ക്കുക, എന്നിട്ട് ആയതിനെ പാകപ്പെടുത്തി സമാജങ്ങളാകുന്ന മതിലുക ളെയും ഗൃഹങ്ങളെയും നിർമ്മിച്ച് ഉറപ്പിക്കുക. ഗർഭഗൃഹത്തിൽ ഈശ്വര ഭക്തിയെ പ്രതിഷ്ടിക്കുക, ജ്ഞാനദീപങ്ങളാൽ ആരാധിക്കുക. സത്യം, സമസൃഷ്ടിസ്നേഹം, എന്നുവേണ്ടാ സകല സദാചാരങ്ങളുമാകുന്ന പുഷ്പങ്ങളേയും നിവേദ്യങ്ങളേയും കൊണ്ട് നിത്യം വഴിപാടു നടത്തുക. അപ്പോൾ നമ്മുടെ സമുദായ മന്ദിരം പരിശുദ്ധമാകും. നാം കൃതാർത്ഥ രാകും. സകല മനുഷ്യരും ദേവൻമാരും നമ്മെ സഹായിക്കും. നമ്മുടെ അഭ്യുദയം സിദ്ധമാകയും ചെയ്യും.

വിവേ: 1092 വൃശ്ചികം, ധന്യ

ഈഴവരുടെ മതസംബന്ധമായ അസംതൃപ്തി

സമുദായാഭിവൃദ്ധിക്കായി ഈഴവർ മതം മാറുന്നതു നന്നാണെന്നുള്ള അഭിപ്രായം പത്രങ്ങൾ വഴിയായി എങ്ങും പരന്നുകഴിഞ്ഞിരിക്കുന്നു. "ജാതിസങ്കടം" എന്ന തലവാചകത്തിൽ ഞങ്ങൾതന്നെ ഈ അഭിപ്രായത്തി ന്റെ ഛായയിൽ ഒരു ലേഖനം കഴിഞ്ഞലക്കത്തിൽ പ്രസിദ്ധീകരിച്ചി രുന്നു. ഈഴവർ ബുദ്ധമതക്കാരാകണം, ആര്യസമാജക്കാരാകണം, ബ്രഹ്മ സമാജക്കാരാകണം, ക്രിസ്തുമതത്തിൽ ചേരണം എന്നൊക്കെ ഓരോ യോഗ്യ ൻമാർ അവരവരുടെ യുക്തിക്കും ജ്ഞാനത്തിനും സമുദായാഭിമാന ത്തിനും അനുഗുണമായി അഭിപ്രായങ്ങൾ പുറപ്പെടുവിക്കുകയും ചുരു ക്കം ചിലർ തങ്ങളുടെ അഭിപ്രായങ്ങളിൽ വാശിയോടെ പിടിച്ചുനിൽക്കു കയും ചെയ്യുന്നുണ്ട്. ക്രിസ്ത്യാനികളുടേയും മഹമ്മദീയരുടേയും പ്രാതി നിധ്യം വഹിക്കുന്ന ചില പത്രങ്ങൾ ഈഴവരെ തങ്ങളുടെ മതത്തിലേക്കു ക്ഷണിക്കുകയും ഹിന്തുപത്രങ്ങൾ പാടില്ലെന്നു തടുത്തുപറകയും ചെയ്തു കൊണ്ടിരിക്കുന്നു. ഈ വിഷയത്തിൽ പൊതുയോഗം പ്രസിഡൻറിന്റെ നിലയിൽ ശ്രീമാൻ പി. ശങ്കുണ്ണി അവർകൾ തന്റെ പ്രസംഗത്തിൽ സൂചി പ്പിച്ച അഭിപ്രായങ്ങൾ നമ്മുടെ സമുദായത്തിന്റെ ശ്രദ്ധയെ സവിശേഷം ആകർഷിക്കേണ്ടതാണ്. എസ്. എൻ. ഡി. പി. യോഗത്തിന്റെ ഉദ്ദേശം സമുദായത്തിന്റെ മതാചാരനടപടികളെ പരിഷ്കരിക്കുക മാത്രമാകുന്നു,

Digitized By Kerala Sahitya Akademi

വലിച്ചെറിയുകയല്ല. അതുകൊണ്ടു യോഗത്തിന്റെ കീഴിൽ സമുദായോദ്ധാരണത്തിനായി ശ്രമിക്കുന്നവർ തങ്ങളുടെ സ്വാതന്ത്ര്യാഭിമാനങ്ങളെ പുലർത്തത്തക്ക നിലയിൽ ഹിന്തുമതത്തിന്റെ പരിഷ്കൃത പദ്ധതിയിലൂടെ നടപ്പാൻ നോക്കേണ്ടതാണെന്നേ സംഗതിയോർക്കുമ്പോൾ ഞങ്ങൾക്കു പറവാൻ തരമുള്ളു. വിശേഷിച്ചു യോഗത്തിന്റെ സ്ഥിരാദ്ധ്യക്ഷനായ നമ്മുടെ സ്വാമി തൃപ്പാദങ്ങൾ പ്രതിഷ്ഠിതപ്രജ്ഞനായ ഒരു ഹിന്തുയോഗിവര്യനാകുന്നു. ആ മഹാത്മാവിന്റെ ഹിതത്തിനും ഉപദേശങ്ങൾക്കും വിരുദ്ധമായി എന്തെങ്കിലും അഭിപ്രായം ഗൗരവമേറിയ ഈ വിഷയത്തിൽ പ്രസ്താവിക്കുന്നതു ഒന്നുകൊണ്ടും വിഹിതമായിരിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. ഈ വിഷയത്തിൽ വിശേഷിച്ചു ഞങ്ങൾക്കു പറയുവാനുള്ളതു വേറൊരവസരത്തിലേക്കു മാറ്റിവയ്ക്കുന്നു.

വിവേ: 1092 മേടം ഇടവം

ഒരു അപേക്ഷ

സമുദായ സ്നേഹികളും ഉദാരബുദ്ധികളുമായ മാന്യജനങ്ങളേ,

ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി തൃപ്പാദങ്ങളുടെ ഷഷ്ടിപൂർത്തി സ്മാരകമായി എസ്. എൻ. ഡി. പി. യോഗത്തിൽ നിന്നു തിരുവനന്തപുരത്തു കൈതമുക്കിൽ സ്ഥാപിച്ചിരിക്കുന്ന വിദ്യാർത്ഥി സദനത്തിന്റെ പടം ഷഷ്ടിപൂർത്തി റിപ്പോർട്ടിന്റെ ആദ്യഭാഗത്തു ചേർത്തിട്ടുണ്ട്. ഇതിൽ ഇനിയും പല പണികളും പൂർത്തിയാകാനുണ്ടെന്നും, ഇതു സംബന്ധമായി യോഗത്തിനു മൂന്നിൽ ചിലവാനം കൊല്ലം കൊണ്ടവസാനിക്കുന്ന ഒരു ചിട്ടി കെട്ടിത്തീർക്കേണ്ടിയുണ്ടെന്നും മറ്റുമുള്ള വിവരങ്ങൾ റിപ്പോർട്ടിൽ നിന്നറിയാം. ഇതിനു പുറമേ വിദ്യാർത്ഥികളെ സദനത്തിൽ താമസിപ്പിച്ചു തൃപ്തികരമായ നിലയിൽ സദനം നടത്തിക്കൊണ്ടു പോകുന്നതിന് ഇനിയും പലതും ചെയ്യേണ്ടിയിരിക്കുന്നു. സദനം സ്ഥാപിച്ചിരിക്കുന്നതു തന്നെ 22 സെൻറു മാത്രമുള്ള ഒരു കഷണം ഭൂമിയിലാകുന്നു. അടുത്ത കുറേ സ്ഥലം കൂടി വാങ്ങിച്ചേർത്താലല്ലാതെ ഉദ്ദേശം പൂർത്തിയാകുന്നതല്ല. അധികം കെട്ടിടങ്ങൾകൂടി കെട്ടിച്ചേർത്തു സദനത്തെ വലുതാക്കേണ്ടതായുമുണ്ട്. ആ ചിലവുകൾ എല്ലാം യോഗത്തിൽനിന്നു ചെയ്യുന്നതിന് അതിന്റെ തൽക്കാല ധനസ്ഥിതി അനുവദിക്കയില്ലെന്നുള്ള വസ്തുത പറയേണ്ടതില്ലല്ലോ. അതുകൊണ്ടു സദനത്തിന്റെ അഭിവൃദ്ധിക്കായി പ്രത്യേകം യോഗത്തിൽനിന്ന് ഏർപ്പെടുത്തിയിരിക്കുന്ന ഫണ്ടിൽ നിങ്ങളാൽ കഴിയുന്ന സഹായം ഉടനേ ചെയ്യുന്നതു കൂടാതെ മേലാൽ സൗകര്യം പോലെ ചെയ്തു കൊണ്ടിരിക്കേണമെന്നും അപേക്ഷ കാളേജുതുറക്കുന്നതോടുകൂടി സദനത്തിൽ വിദ്യാർത്ഥികളെ ചേർത്തു തുടങ്ങാൻ ശ്രമിച്ചുവരികയുമാണ്. നിങ്ങൾ അയയ്ക്കയോ അയപ്പിക്കയോ ചെയ്യുന്ന സംഭാവന

Digitized By Kerala Sahitya Akademi

കയ്യം വിദ്യാർത്ഥി സദനം വക എന്നു വിവരം പറഞ്ഞു യോഗം ജനറൽ സിക്രട്ടറിക്ക് അയച്ചാൽമതി. സംഭാവന എത്ര ചുരുങ്ങിയ സംഖ്യയായാലും കൈപ്പറ്റി ഫണ്ടുവക രസീതു കൊടുക്കുന്നതാണ്.

എന്നു വിധേയൻ

എൻ. കുമാരൻ ആശാൻ

1 ജൂൺ 1917 ജനറൽ സിക്രട്ടറി, എസ്. എൻ. ഡി. പി. യോഗം

മിതവാദി 1917 ജൂലൈ പുസ്തകം 5 ലക്കം 7

ഈഴവർ അറിവാൻ

സമുദായത്തിന്റെ എല്ലാവിധ അഭിവൃദ്ധിക്കും നിദാനവും അപേക്ഷിതവുമായുള്ളതു വിദ്യാഭ്യാസ പ്രചാരമാണെന്നു പറയേണ്ടതില്ലല്ലോ. നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഗവൺമെൻറ് പ്രജകളിൽ എല്ലാ വർഗ്ഗക്കാരുടേയും-വിശേഷിച്ചും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളുടെ വിദ്യാഭ്യാസ വിഷയത്തിൽ ഇപ്പോഴും സവിശേഷം ദൃഷ്ടിവച്ചു വരികയാകുന്നു. അതിന്റെ ഫലമായി നമ്മുടെ വർഗ്ഗക്കാർക്കു പ്രവേശനമില്ലാതിരുന്ന പള്ളിക്കൂടങ്ങളുടെ സംഖ്യ മിക്കവാറും പൂജ്യമായിത്തീർന്നിരിക്കുന്നു. പുലയർക്കും പറയർക്കുംകൂടി എല്ലാസർക്കാർ പള്ളിക്കൂടങ്ങളിലും സഹായം ലഭിക്കുന്ന പള്ളിക്കൂടങ്ങളിലും പ്രവേശം അനുവദിച്ച് ആജ്ഞാപനകയ്യം പുറപ്പെടുവിക്കയും അവരെ പ്രവേശിപ്പിക്കുന്ന വിഷയത്തിൽ നിർബന്ധിച്ചുതുടങ്ങുകയും ചെയ്തിരിക്കുന്നു. പഠിക്കുന്ന പ്രായത്തിലുള്ള കുട്ടികയ്യം ജാതിമതഭേദമെന്നിയേ എല്ലാവരും പഠിക്കണമെന്നുള്ളതാണ് ഗവൺമെൻറിന്റെ ആഗ്രഹം. അതിന്നായാണ് ഗവൺമെൻറ് ഇപ്പോഴും ശ്രമിക്കുന്നത്. കഴിഞ്ഞ ഒന്നുരണ്ടു കൊല്ലമായി പുലയർ, പറയർ മുതലായ വർഗ്ഗക്കാരിൽ സ്കൂളിൽ പഠിക്കുന്നവരുടെ സംഖ്യ എത്രമാത്രം വർദ്ധിച്ചിരിക്കുന്നു എന്ന് ഭരണ റിപ്പോർട്ടുനോക്കിയാൽ അറിയാം. ഈഴവരിൽ വിദ്യാഭ്യാസം ചിലതാലൂക്കുകളിൽ ഇപ്പോഴംതന്നെ വളരെ വർദ്ധിക്കുകയും പഠിക്കുന്ന കുട്ടികളുടെ സംഖ്യ നൂറിനു നൂറു ശതമാനത്തോടു അടുത്തുതുടങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ അധികം സ്ഥലങ്ങളിലും വിദ്യാഭ്യാസ സ്ഥിതി ഇപ്പോഴും അത്യപ്തികരമായാണിരിക്കുന്നത്. ഈ ന്യൂനതയെ പരിഹരിപ്പാനും ഗവൺമെൻറിന്റെ വ്യവസ്ഥയനുസരിച്ച് വിദ്യാർത്ഥികളുടെ ശതമാനം നൂറിനു നൂറാക്കാനും നമ്മുടെ സമുദായത്തെ സംബന്ധിച്ചിടത്തോളം നാം ഉടനെ ഒത്തൊരുമിച്ചു ശ്രമിക്കേണ്ടതാണ്.

എസ്. എൻ. ഡി. പി. യോഗത്തിന്റെ കഴിഞ്ഞ വാർഷിക പൊതുയോഗത്തോടൊന്നിച്ച് ഒരു "തിരുവിതാംകൂർ ഈഴവ വിദ്യാഭ്യാസ മഹാ

Digitized By Kerala Sahitya Akademi

സഭ'' കൂടിയിരുന്നത് അറിയമല്ലോ. അതിന്റെ പ്രവൃത്തികളെ ഊർജ്ജിതമായ വിധത്തിൽ തുടർന്നു കൊണ്ടിരിപ്പാൻ ഡിപ്പാർട്ടുമെന്റു സംബന്ധമായ ചില അസൗകര്യങ്ങളാൽ സാധിക്കാഞ്ഞതാണ്. എന്നാൽ ഇക്കൊല്ലം ഗവൺമെന്റ് വിദ്യാഭ്യാസ വകുപ്പിലെ ചിലവുകൾക്കു കൂടുതൽ സംഖ്യ അനുവദിക്കുകയും മാറ് ആനുകൂല്യങ്ങളും പലതും ചെയ്തു പ്രാഥമിക വിദ്യാഭ്യാത്തിന്റെ ശതമാനം വർദ്ധിപ്പാൻ പ്രത്യേകം ദൃഷ്ടിവയ്ക്കയും ചെയ്തിരിക്കുന്നതിനാൽ നമ്മുടെ ''മഹാസഭ''യ്ക്കു ഫലപ്രദമായ പ്രവൃത്തികളും നടത്താൻ ഇപ്പോളും സാധിക്കുന്നതാണ്. ഈ വിവരം ഡിപ്പാർട്ടുമെന്റിൽ നിന്നും രേഖാമൂലം അറിയിച്ചിട്ടുള്ള വസ്തുതയും സന്തോഷപൂർവം പ്രസ്താവിച്ചുകൊള്ളുന്നു. ഇനി നാം ചെയ്യേണ്ടത് (1) വേനൽ ഒഴിവു കഴിഞ്ഞു സ്കൂളുകൾ തുറക്കുമ്പോൾ സ്കൂളുള്ള ദിക്കുകളിലെല്ലാം പഠിക്കുന്ന പ്രായത്തിൽ ബാക്കിയുള്ള കുട്ടികളെയൊക്കെ സ്കൂളിൽ ചേർപ്പാൻ യത്നിക്കുക (2) സ്കൂളില്ലാത്ത ദിക്കുകളിൽ പ്രൈവറ് സ്കൂളുകൾ സ്ഥാപിച്ചു കുട്ടികളെ പ്രവേശിപ്പിക്കുക ഇവയാകുന്നു. 1–ാമത്തെ സംഗതിയിൽ വേണ്ടസൗകര്യാനുകൂല്യങ്ങൾ എല്ലാം നമുക്കു ചെയ്തുതരാൻ ഡിപ്പാർട്ടുമെന്റിൽ നിന്ന് അസിസ്റ്റന്റ് ഇൻസ്പെക്ടർമാർക്കും മറ്റും പ്രത്യേകം ആജ്ഞാപനകൾ കൊടുത്തിട്ടുണ്ട്. 2–ാമത്തെ സംഗതിയിൽ കെട്ടിടം മുതലായതുണ്ടാക്കുന്ന കാര്യത്തിൽ ലഘുവായ വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. ഇതിനു പുറമേ അത്തരം സ്കൂളുകൾക്ക് ഉടനേ ഗ്രാന്റു പതിച്ചുകൊടുപ്പാൻ ഗവൺമെന്റു പ്രത്യേകം ഏർപ്പാടു ചെയ്തിട്ടുമുണ്ട്. അതുകൊണ്ടു നമ്മിൽ അവിടവിടെയുള്ള സമുദായ നേതാക്കൻമാരും സമാജപ്രതിനിധികളായ സമുദായാഭിമാനികളും പൊതുപ്രവർത്തകർ കൂടിയും ഈ വിഷയത്തിൽ കഴിയുന്നതെല്ലാം ചെയ്ത് ഈ മലയാള വർഷാവസാനത്തിൽ നമ്മുടെ വിദ്യാഭ്യാസ ശതമാനം നൂറാക്കി അതുകൊണ്ടുള്ള അഭൂതപൂർവും അത്യന്താശാസ്പദവുമായ അഭിമാനത്തിനു പാത്രമായിത്തീരാൻ സർവാത്മനാ ദൃഷ്ടിവയ്ക്കണമെന്നു സ്നേഹ ബഹുമാനപൂർവം അപേക്ഷിച്ചുകൊള്ളുന്നു. ഈ സംഗതിയെ സംബന്ധിച്ച് അധിക വിവരങ്ങൾ ഈ കാളങ്ങളിൽ ഞാൻ തുടർന്നെഴുതിക്കൊണ്ടിരിക്കുന്നതാണ്. അതാതു സ്ഥലത്തുള്ള അസിസ്റ്റന്റ് ഇൻസ്പെക്ടർമാരോട് ആവശ്യപ്പെട്ടാൽ വിവരങ്ങൾ അവർ അറിവിച്ചുകൊടുക്കുന്നതുമാണ്. ഡെപ്യൂട്ടി ഡയറക്ടർ തന്നെ ഈ വിഷയത്തിൽ വേണ്ട ഉപദേശങ്ങളും സഹായങ്ങളും ജനങ്ങൾക്കു ചെയ്തുകൊടുപ്പാൻ എപ്പോഴും ഒരുക്കവുമാണ്. നമ്മുടെ ജനങ്ങൾ ഈ വിഷയത്തിൽ ഏറ്റവും ജാഗരൂകരായിരിക്കുമെന്ന് ആശിച്ചുകൊണ്ട് തല്കാലം വിരമിക്കുന്നു.

എൻ. കുമാരൻ ആശാൻ
ജനറൽ സിക്രട്ടറി
എസ്. എൻ. ഡി. പി. യോഗം
(ദേശാഭിമാനി)

മിതവാദി 1918 ഏപ്രിൽ; പുസ്തകം 6 ലക്കം 4

Digitized By Kerala Sahitya Akademi

കൊച്ചിനായർ റെഗുലേഷൻ

കുറേക്കാലമായി ആലോചനയിൽ ഇരുന്ന നായർ ബിൽ കൊച്ചിഗവണ മെൻറു പാസ്സാക്കി നടപ്പിൽ വരുത്തിയിരിക്കുന്നു. ഈ നിയമം തിര, വിതാംകൂർ നായർറെഗുലേഷനെ അപേക്ഷിച്ച് ചില സംഗതികളിര അധികം തൃപ്തികരമായിട്ടുണ്ട്. ഏകകാലത്തിൽ ഒന്നിലധികം ഭാര്യയേ ഭർത്താവോ ഉണ്ടായിരിക്കുന്നതു ശിക്ഷാർഹമായ കൃത്യമായി ഗണിച്ചിര ക്കുന്നതു സ്തുത്യർഹമാണ്. കാരണവൻ തറവാട്ടുവസ്തുക്കളുടെ എഴിള കൊണ്ട് സമ്പാദിക്കുന്ന സ്വത്തിലും ഒരംശം മക്കൾക്കും ഭാര്യയ്ക്കും ലഭിക്ക ണം എന്നുള്ള വ്യവസ്ഥയും നല്ലതാണ്. പുരുഷന്റെ സ്വയാർജിര സ്വത്തിൽ ഒന്നുപകുതി ഭാര്യയ്ക്കും കുട്ടികൾക്കും കിട്ടുമെന്നുള്ളതു തിര, വിതാംകൂർ റെഗുലേഷനിലും തുല്യമാണെങ്കിലും സ്വത്തിന്റെ കൈവശാവ കാശം അല്ലെങ്കിൽ അനന്തരവർക്കു പകുത്തു കൊടുക്കേണ്ട ഭാരംകൂടി ഭാര്യാ പുത്രൻമാരുടെ ഭാഗത്തുതന്നെ സമർപ്പിച്ചിരിക്കുന്നത് മക്കത്തായ തത്വത്തി ലേക്കു കുറേക്കൂടി ഉന്തിനിൽക്കുന്ന ഒരുനയമാണ്. ദാമ്പത്യബന്ധത്തെ ഒരുവിധം ദൃഢീകരിച്ചിരിക്കുന്ന സ്ഥിതിക്ക് അതു യുക്തവുമാണ്. തറവാട്ടിൽ താവഴി വിഭാഗം അനുവദിക്കുന്നുണ്ട്. നായർസ്ത്രീയെ ഭാര്യയാക്കുന്ന ഏതു വർഗ്ഗത്തിൽപെട്ട പുരുഷനും വ്യത്യസ്തത കൂടാ തെ തന്റെ ഒന്നുപകുതി സ്വത്തിനു ഭാര്യയേയും അവളിൽ തനിക്കുണ്ടാ കുന്ന കുട്ടികളേയും നിയമദൃഷ്ട്യാ അവകാശികളാക്കുന്നു. കാരണവൻ വരവുചെലവു കണക്കുകൾ സൂക്ഷിക്കേണ്ട സംഗതിയിൽ ഉള്ള നിഷ്കർഷങ്ങൾ നിയമം വിവക്ഷിക്കുന്നതുപോലെ തന്നെ പ്രയോഗക്ഷമ മായി വരുമോ എന്നുള്ളത് മേലാൽ അനുഭവം കൊണ്ടു തീർച്ചയാക്കേണ്ട സംഗതിയാണ്. ആകപ്പാടെ റെഗുലേഷൻ കൊച്ചിയിലെ നായർസമുദായ ത്തിന് ഒരു പരമാനുഗ്രഹമായിത്തീർന്നിട്ടുണ്ട്. സമുദായ നടപടികൾ എത്ര പഴയതായാലും സമുദായശരീരത്തിന്റെ ഏത് ഉള്ളിലത്തെ ധാതുക്ക ളിൽ ലയിച്ചു കിടക്കുന്നതായാലും അവയ്ക്കു കാലോചിതമായ ഭേദഗ തികൾ ചെയ്യുന്നതു ശക്യമാണെന്ന് ഇത്തരം പുതിയ രാജകീയ നിബന്ധ നകൾ വിളിച്ചു പറകയാണു ചെയ്യുന്നത്.

നായർ സമുദായത്തിന്റെ രക്ഷയ്ക്കായി കെട്ടപ്പെട്ട ഈ പുതിയ കോട്ട യുടെമൂലക്കല്ലുകളിലും ചുവരുകളിലും അടിച്ചു സുഖനിദ്രയ്ക്കായി അല ഞ്ഞുതിരിയുന്ന ഉറക്കം തൂങ്ങിനമ്പുതിരിമാർ ചെകിടും തലയും പൊട്ടിക്കു മെന്നുള്ളതു സംഭവ്യമാണ്. യജ്ഞപത്നിയുടേയും ഔരസപുത്രന്റേയും സ്ഥാനത്ത് ഒരു ബ്രാഹ്മണനു സ്വത്തവകാശികളായി നായർ റഗുലേഷ നിൽ പറയുന്ന ഒരു വകക്കാരുകൂടി ഉണ്ടാകുമെന്നോ ഒരു ഹിന്തുരാജാവി ന്റെ കീഴിൽ ഇപ്രകാരമൊരു റെഗുലേഷനു ധർമ്മശാസ്ത്രസാധാരണമായ പ്രമാണമുണ്ടാകുമെന്നോ സ്മൃതി കർത്താക്കൻമാരായ പുരാതന മഹർഷി മാരും ദീർഘദർശനം മാത്രമല്ല സ്വപ്നം കാണുകകൂടി ചെയ്തിരിക്കി

Digitized By Kerala Sahitya Akademi

ല്ലെന്നാണുവിചാരിക്കേണ്ടതു്. കലാശക്തിയുടെഗർഭത്തിൽ ഇനി എന്തെല്ലാം മാറ്റങ്ങളാണിരിക്കുന്നതെന്നാർക്കറിയാം ? കൊച്ചിയെ സംബന്ധിച്ചിടത്തോളം ടി നിയമം നായർ ഗൃഹങ്ങളിൽ നമ്പൂതിരിമാർക്കുള്ള സ്വച്ഛന്ദവിഹാര നാടകത്തിന്റെ ''ഭരതവാക്യം'' തന്നെയാണു്. തിരശ്ശീല ഇങ്ങനെ പെട്ടെന്നു വീണു്. ചിലർ വൈമനസ്യപ്പെടുകയും ചിലർ ശബ്ദംകേട്ടു ഞെട്ടി ഉണരുകയും ചിലർ അണഞ്ഞു ഉറങ്ങിക്കിടക്കുന്നവരെ വീട്ടിലേക്കു പോവാൻ വിളിച്ചുണർത്തുകയും ചെയ്യുന്ന തിരക്കു് ആരംഭിച്ചിരിക്കുന്നു. ഈ റെഗുലേഷൻ (95 ലെ 13–70 റെഗുലേഷൻ) പാസസ്സായതു് ഈയാണ്ടു് 23-നാണു്. അന്നുമുതൽ ആറുമാസത്തിനുള്ളിൽ അതാതു ഡിസ്ത്രിക്ടു് കോടതിയിൽ ഹർജികൊടുത്തു് ഒരു കൽപ്പനവാങ്ങിക്കൊണ്ടായാൽ ഇപ്പോഴത്തെ നായർ സ്ത്രീയുമായി ബാന്ധവം നടന്നു വരുന്ന വരെ നായർ സ്ത്രീ സന്താനങ്ങൾക്കുള്ള സ്വത്തവകാശ ബാദ്ധ്യതയിൽനിന്നു വിടുതൽ ചെയ്വാൻ റെഗുലേഷന്റെ 54–ാം വകുപ്പിൻ പ്രകാരം അനുവാദമുണ്ടു്. ഈ അനുവാദത്തെ സ്വാർത്ഥപരമായി ഉപയോഗിച്ചാൽ വിജാതീയ ബാന്ധവക്കാർ തിടുക്കംകൂട്ടുന്നതിൽ കുറെ അനൗചിത്യമുണ്ടെങ്കിലും അതുകൊണ്ടു് എതിർകക്ഷികൾക്കു ദോഷമൊന്നും വരാനില്ല. അപ്രതീക്ഷിതമായ ഒരു ഗുണം വരാതെ പോകുന്നു എന്നേയുള്ളു.

പ്രതിഭ 1095 കർക്കടകം

II

എസ്. എൻ. ഡി. പി. ഒന്നാം വാർഷികയോഗം

1079 മകരം 30–ം കുംഭം 1–ം തീയതികളിൽ യോഗത്തിന്റെ രജിസ്റ്റർ ചെയ്യപ്പെട്ട ആഫീസായ നെയ്യാറ്റുങ്കര 'അരുവിപ്പുറം' ശിവക്ഷേത്രത്തിൽ വച്ചു കൂടിയ 'അരുവിപ്പുറം ശ്രീനാരായണ ധർമ്മപരിപാലന യോഗ'ത്തിന്റെ സാധാരണ (1–ാമതു വാർഷിക) പൊതുയോഗത്തിലെ

പ്രൊസീഡിംഗ്സ്

മകരം 30–ാംനു 2 മണിക്കു വടക്കേ മഠം ഹാളിൽ വച്ചു യോഗം ആരംഭിച്ചു. അംഗങ്ങളായും പ്രതിനിധികളായും വിശേഷാൽ ക്ഷണിക്കപ്പെട്ട മാന്യന്മാരായും മറും 400–ഓളം ആളുകളും ബാംഗ്ലൂർ ഹെൽത്തു് ആപ്സരും വൈസ് പ്രസിഡൻറും ആയ മ. രാ. രാ. പി. പല്പു അവർകളും ഹാജരുണ്ടായിരുന്നു.

സ്ഥിരാദ്ധ്യക്ഷനായ ബ്രഹ്മശ്രീ നാരായണഗുരുസ്വാമി അവർകളുടെ ആജ്ഞാനുസരണം അദ്ദേഹത്തിനുപകരം യോഗാംഗമായ മട്ടാഞ്ചേരി

Digitized By Kerala Sahitya Akademi

ഗോവിന്ദൻ വൈദ്യൻ അവർകൾ അഗ്രാസനം വഹിച്ചു. സിക്രട്ടറി അരു വിപ്പുറം ക്ഷേത്രത്തിന്റെയും മഠത്തിന്റെയും ആരംഭം മുതല്ക്കുള്ള സകല സംഗതികളുടെയും സംക്ഷിപ്തമായ വിവരണത്തോടുകൂടിയ ഒരു റിപ്പോർ ട്ടുവായിക്കുകയും അതിൽ ശ്രീനാരായണ ധർമ്മപരിപാലന യോഗത്തിന്റെ ഉദ്ഭവം വരെയുള്ള ഭാഗങ്ങൾ കഴിഞ്ഞു ശേഷം ഭാഗങ്ങൾ അടുത്ത ദിവസം കൂടി ഹാജരാകാൻ കഴിയുന്ന എല്ലാ യോഗാംഗങ്ങളും കേട്ടിരിക്കേണ്ടതിലേ ക്കായി അടുത്ത ദിവസത്തെ യോഗത്തിൽ വായിക്കുന്നതിനു യോഗ സമ്മത പ്രകാരം മാറ്റിവയ്ക്കയും ചെയ്തു. അതിന്നുശേഷം പൊതു അഭിപ്രാ ള പ്രകാരം മുൻകൂട്ടി നിശ്ചയം ചെയ്തിരുന്നതനുസരിച്ചു യോഗ നിബ ന്ധനകളിൽ ആവശ്യപ്പെട്ട ഭേദഗതികളെ ചെയ്കയും വിശേഷനിയമങ്ങളെ ഏർപ്പെടുത്തുകയും ചെയ്യുന്നതിലേക്കായി നിയമങ്ങളെ മുഴുവൻ വായിച്ച് അഭിപ്രായ ഭേദങ്ങളെ കുറിച്ചുവയ്ക്കുകയും ഭേദഗതികളേയും വിശേഷ നിയമങ്ങളേയും ഒരിക്കൽ കൂടി പര്യാലോചിച്ച് അടുത്ത ദിവസത്തെ യോഗ ത്തിലെ നിശ്ചത്തിൻമേൽ വ്യവസ്ഥ ചെയ്യാൻ തീർച്ചയാക്കുകയും ചെ യ്തു. $5\frac{1}{2}$ മണിക്കു യോഗം പിരിഞ്ഞു.

കുംഭം 1—ാം നു- കാലത്തു 9 മണിക്ക് വീണ്ടും യോഗം ആരംഭിച്ചു. മുമ്പിലത്തേതും അധികവും അഗംങ്ങൾ ഹാജരുണ്ടായിരുന്നു. യോഗാ ദ്ധ്യക്ഷനായ സ്വാമി അവർകളുടെ ആജ്ഞാനുസരണം മ. രാ. രാ. ചാവർ കോട്ടു കൊച്ചുചെറുക്കൻ വൈദ്യരവർകൾ അഗ്രാസനം വഹിച്ചു. സിക്രെ ട്ടറി റിപ്പോർട്ടിന്റെ ശേഷം ഭാഗം വായിച്ചു. റിപ്പോർട്ട് അച്ചിട്ട് എല്ലാ. യോഗാംഗങ്ങൾക്കും അയച്ചുകൊടുക്കേണ്ടതാണെന്നു നിശ്ചയിച്ചു.

അതിനുശേഷം യോഗത്തിന്റെ ഉദ്ദേശ്യങ്ങളെയും സമുദായത്തിലുള്ള എല്ലാവരും ഈ യോഗത്തെ അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതിലേക്കായി ശ്രമിക്കേണ്ട ആവശ്യകതയേയും അതിന്റെ ഉപയോഗത്തേയും മറ്റും കുറിച്ച് ഡാക്ടർ പി. പല്പു എഴുതിയ സംക്ഷിപ്തവും സാരഗർഭവുമായ ഒരു ഉപന്യാസത്തെ സിക്രട്ടറി അദ്ദേഹത്തിന്റെ ആജ്ഞാനുസരണം വായിച്ചു. $11\frac{1}{2}$ മണിക്കു യോഗം പിരിഞ്ഞു.

2 മണിക്കു വീണ്ടും യോഗം ആരംഭിച്ചു. മേൽപ്പറഞ്ഞ എല്ലാവരെയും കൂടാതെ വളരെ അംഗങ്ങൾ ഹാജരുണ്ടായിരുന്നു. സ്വാമി അവർകളുടെ ആജ്ഞാനുസരണം വീണ്ടും മ. രാ. രാ. ചാവർകോട്ടു കൊച്ചുചെറുക്കൻ വൈദ്യരവർകൾ തന്നെ അഗ്രാസനം വഹിച്ചു. യോഗത്തിന്റെ കൂട്ടുയാഭാ സ്തിലും കൂട്ടുനിബന്ധനകളിലും താഴെക്കാണുന്ന ഭേദഗതികളും വിശേ ഷാൽ നിമയങ്ങളും നിശ്ചയിച്ചു. (കൂട്ടുനിബന്ധനകളിൽ വരുത്തിയ രണ്ടു ഭേദഗതികൾ മാത്രം താഴെക്കൊടുക്കുന്നു—എഡിറ്റർ)

6. 4—ാമതു വകുപ്പിന്റെ 'എ' ഖണ്ഡത്തെ മാറ്റി താഴെകാണും പ്രകാരം എഴുതേണ്ടതാകുന്നു:

Digitized By Kerala Sahitya Akademi

"എ (1) ഈ യോഗത്തിൽ ഒന്നിൽ കുറഞ്ഞ ഓഹരി ഉണ്ടായിരിക്കാൻ പാടില്ലാത്തതും പഴയ നിയമത്തെ അനുസരിച്ചുള്ള കാൽ, അര, മുക്കാൽ എന്ന ഓഹരികളെ യഥാക്രമം 1, 2, 3 ഇങ്ങനെ മാറ്റിയിരിക്കുന്നതും അതനുസരിച്ച് 25 (ഇരുപത്തഞ്ചു) ബ്രിട്ടീഷ് രൂപ ഒരു മുഴുവൻ ഓഹരിയുടെ സംഖ്യയായി വിചാരിക്കപ്പെടേണ്ടതും ഒന്നു മുതൽ മൂന്നു വരെ ഓഹരിയുള്ള അംഗങ്ങൾക്ക് "സഹായികൾ" എന്നും, നാലോ അധികമോ ഓഹരിയുള്ളവർക്ക് "സാമാജികൻമാർ" എന്നും ഇരുപതിൽ കുറയാതെ ഓഹരിയുള്ളവർക്ക് "പ്രധാനികൾ" എന്നും സംജ്ഞയായിരിക്കുന്നതും;

(2) സഹായികൾക്കു വോട്ടില്ലാത്തതും സാമാജികൻമാർക്കും സഹായികളിൽ മൂന്നിൽകുറയാതെ ഓഹരിക്കാർ ചേർന്നു അധികാരപ്പെടുത്തുന്ന അംഗങ്ങൾക്കും വോട്ട് ഉണ്ടായിരിക്കുന്നതും;

(3) സാമാജികൻമാർക്കു വിശേഷിച്ച് മാനേജിംഗ് കമ്മിറ്റി മെമ്പറൻമാരായി തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള അർഹതയും കൂടി ഉണ്ടായിരിക്കുന്നതും യോഗ സംബന്ധമായി ആവശ്യപ്പെടുന്ന കാര്യങ്ങളിൽ അവരുടെ സാക്ഷ്യപത്രം സ്വീകാര്യയോഗ്യമായി വിചാരിക്കപ്പെടുന്നതും ക്രിപ്തസമയങ്ങളിലെല്ലാം യോഗം വക ആഫീസിൽ അവർക്കു പ്രവേശനം അനുവദിച്ചിരിക്കുന്നതും;

(4) പ്രധാനികൾക്ക് സാമാജികൻമാർക്കുള്ള സകല അവകാശങ്ങൾക്കും പുറമേ ഈ യോഗത്തിലും ഈയോഗത്തോട് അനുബന്ധപ്പെടുന്ന മറ്റ് ഏതു ശാഖായോഗങ്ങളിലും ഉള്ള ഏത് ഉന്നത സ്ഥാനങ്ങളേയും വഹിക്കുന്നതിനും യോഗംവക സകല ആഫീസുകളേയും റിക്കാർഡുകളേയും നടപടികളേയും പരിശോധിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതുമാകുന്നു."

18. പതിനാറാമതു വകുപ്പിനെ മാറ്റി താഴെക്കാണുന്ന പ്രകാരം എഴുതേണ്ടതാകുന്നു:—

"ക്ഷേത്രം, സന്ന്യാസിമഠം മുതലായ മതസംബന്ധമായ കാര്യാലയങ്ങളേയും കാര്യങ്ങളേയും അതിനെ സംബന്ധിച്ചുള്ള സ്വത്തുക്കളേയും പ്രത്യേകം ഒരു വിഭാഗമാക്കി അദ്ധ്യക്ഷനായ നാരായണഗുരുസ്വാമി അവർകളുടെ അധീനതയിൽവച്ച് വേണ്ട വ്യവസ്ഥകളെ അദ്ദേഹം സ്വയമേവ ഏർപ്പെടുത്തി ഭരിച്ചുകൊള്ളുകയും അദ്ദേഹത്തിന്റെ കാലശേഷം അദ്ദേഹം മുൻകൂട്ടി ശിഷ്യൻമാരിൽ ഒരാളെ നിശ്ചയം ചെയ്തിട്ടില്ലാത്തപക്ഷം ഏറ്റവും യോഗ്യനായിട്ടുള്ള ഒരു സന്യാസിയെ തിരഞ്ഞെടുത്ത് യോഗത്തിൽനിന്ന് ആ സ്ഥാനത്തിൽ നിയമിക്കയും, ഇപ്രകാരം പരമ്പരയായി നടക്കുകയും ചെയ്യേണ്ടതും മതസംബന്ധമായ എല്ലാ ധർമ്മകാര്യങ്ങൾക്കും അരുവിപ്പുറം മഠംതന്നെ തലസ്ഥാനമായിരിക്കുന്നതും ആവക എല്ലാ വരവു

Digitized By Kerala Sahitya Akademi

ചെലവുകളേയും വ്യവസ്ഥകളേയും യോഗത്തിൽ അറിയിക്കേണ്ടതും യോഗത്തിന് എപ്പോഴും അതിന്റെ മേൽനോട്ടം ഉണ്ടായിരിക്കേണ്ടതും മേൽ പറഞ്ഞ കാര്യങ്ങൾക്ക് തൃപ്തികരമായ ഏർപ്പാട് ഉണ്ടാകുന്നതുവരെ ടി കാര്യങ്ങളെ വിഘ്നം കൂടാതെ യോഗത്തിൽനിന്നും തന്നെ വഹിച്ചു നടത്തിക്കൊള്ളേണ്ടതുമാകുന്നു.''

ഉപാദ്ധ്യക്ഷനേയും മാനേജിംഗ് കമ്മിറ്റി മെമ്പർന്മാരെയും തിരഞ്ഞെടുക്കുക മുതലായ കാര്യങ്ങൾക്കായി വീണ്ടും രാത്രി 7 മണിക്കുയോഗം കൂടേണ്ടതാണെന്നു തീർച്ചയാക്കി $5\frac{1}{2}$ മണിക്കു യോഗം പിരിഞ്ഞു.

വീണ്ടും രാത്രി 7 മണിക്കു യോഗംകൂടി. സ്വാമി അവർകളുടെ കൽപ്പന പ്രകാരം മട്ടാഞ്ചേരി ഗോവിന്ദൻ വൈദ്യൻ അവർകൾ അദ്ധ്യാസനം വഹിച്ചു. തിരഞ്ഞെടുപ്പു മുതലായവ കഴിഞ്ഞ് രാത്രി $9\frac{1}{2}$ മണിക്കു യോഗം പിരിഞ്ഞു.

യോഗം അദ്ധ്യക്ഷൻ, ബ്രഹ്മശ്രീ നാരായണഗുരുസ്വാമി (ഒപ്പ്)
മ. രാ. രാ. ചാവർകോട്ടു കൊച്ചുചെറുക്കൻ വൈദ്യർ (ഒപ്പ്)
,, മട്ടാഞ്ചേരി ഗോവിന്ദൻ വൈദ്യർ (ഒപ്പ്)
,, പി. മാധവൻ വൈദ്യർ (ഒപ്പ്)
സിക്രട്ടറി എൻ. കുമാരൻ ആശാൻ (ഒപ്പ്)

79 കുംഭം 1-ാം തീയതി.

വിവേ: 1079 മേടം

എസ്. എൻ. ഡി. പി. രണ്ടാം വാർഷിക യോഗം
യോഗ നടപടികൾ

പൊതുയോഗവും പ്രദർശനവും കഴിഞ്ഞതോടുകൂടിയുണ്ടായ പല ജോലിത്തിരക്കുകൾകൊണ്ട് ഈ തവണത്തെ വിവേകോദയം മകരമാസം 30-ാംനു വരെ നിർത്തിവയ്ക്കേണ്ടിവന്നതിൽ വ്യസനിക്കുന്നു. ധനു 24-ം 25-ം തീയതികളിൽ വളരെ ഭംഗിയായി കൊല്ലത്തു കഴിഞ്ഞുകൂടിയ നമ്മുടെ പ്രദർശനത്തെയും പൊതുയോഗത്തേയും പറ്റി പല ഇംഗ്ലീഷ് മലയാളപത്രങ്ങൾ മൂലമായും മറ്റും എല്ലാവരും ഇതിനിടയിൽ അറിഞ്ഞിരിപ്പാൻ ഇടയുള്ളതുകൊണ്ടും ഇത്തവണത്തെ വിവേകോദയം മുഴുവൻ അവയുടെ റിപ്പോർട്ടുകൾ മുതലായ വിവരങ്ങളെക്കൊണ്ടു തന്നെ നിറഞ്ഞിരിക്കുന്നതിനാലും ഞങ്ങൾ ആവശ്യ വിഷയത്തെപ്പറ്റി വിസ്തരിപ്പാൻ വിചാരിക്കുന്നില്ല. പ്രദർശനം തുറന്നതു ദിവാൻ മി. വി. പി. മാധവരായർക്കുപകരം ബോർഡിയൻ സായ്പവർകൾ ആയിരുന്നു. തത്സമയം കിട്ടിയതായ ദിവാൻജി അവർകൾ മുതലായവരുടെ അനുമോദനക്കമ്പികൾ ജനങ്ങൾക്കു

Digitized By Kerala Sahitya Akademi

വളരെ ഉത്സാഹത്തെ ജനിച്ചിട്ടുണ്ട്. മൂവായിരത്തിൽപരം ജനങ്ങൾക്കു സുഖമായിരിക്കത്തക്കവണ്ണം ആസനങ്ങളിട്ടു ഗംഭീരമായും ഭംഗിയായും നിർമ്മിക്കപ്പെട്ടിരുന്ന പന്തലുകളിൽ പ്രദർശനത്തോടുകൂടി ഉണ്ടായിരുന്ന വലിയ ജനബാഹുല്യത്തിന്റെ തിരക്കുകൊണ്ട് അശേഷം സൗകര്യമുണ്ടാകാത്തതിനാൽ കാര്യപരിപാടി അനുസരിച്ച് 24–ാംനു വൈകിട്ടുകൂടേണ്ടിയിരുന്ന പൊതുയോഗം അടുത്ത തീയതി കാലത്തേക്കു മാറ്റി വയ്ക്കുകയാണുണ്ടായത്. യോഗത്തിൽ അദ്ധ്യക്ഷനായ സ്വാമി അവർകളുടെ അനുവാദപ്രകാരം ഡാക്ടർ പല്പു അവർകൾ അഗ്രാസനം വഹിച്ചു. നിയമങ്ങളെ പരിഷ്കരിക്കുന്നതിന് ഒരു സെലക്ടു കമ്മിറ്റി ഏർപ്പെടുത്തി. യോഗം വക പ്രവൃത്തികളുടെ പ്രചാരത്തിനും കാര്യങ്ങളെ നടത്തുന്നതിന്റെ സൗകര്യത്തിനുമായി താലൂക്കുതോറും ഏജൻറൻമാരെ തിരഞ്ഞെടുത്തു നിയമിച്ചു. ഈ നിയമനം വളരെ ഉപയുക്തമായിട്ടുള്ളതാകുന്നു. യോഗം ആഫീസിൽ 10 രൂപാ ശമ്പളത്തിൽ ഒരു ക്ലാർക്കിനെ നിയമിപ്പാൻ തീർച്ചയാക്കി. ഉപാദ്ധ്യക്ഷനായി മാ. രാ. രാ. ആലുംമൂട്ടിൽ കൊച്ചുകുഞ്ഞു ചാന്നാരവർകളെ നിശ്ചയിച്ചു. അടുത്ത യോഗം തിരുവനന്തപുരത്തുവച്ചു കൂടുന്നതിനും അപ്പോഴും പ്രദർശനം നടത്തപ്പെടണമെന്നും അതിൽ കൃഷിവകുപ്പുകൂടി ഉൾപ്പെടുത്തണമെന്നും തീരുമാനിച്ചു. വിവേകോദയത്തെ മാസികയാക്കുന്നതിനുകൂടി യോഗം തീർച്ചയാക്കിയിരിക്കയാകുന്നു. എന്നാൽ അതിന്റെ ഒരു വാല്യം അടുത്ത നമ്പരോടുകൂടി പൂർത്തിയാകുന്നതാകയാൽ മേടമാസം മുതൽ മാത്രമേ മാസംതോറും പുറപ്പെടാൻ സൗകര്യം കാണുന്നുള്ളു. സ്വാമി അവർകളെ സിവിൽ കോടതികളിൽ ഹാജരാക്കുന്നതിൽ നിന്നും വിടുതൽ ചെയ്തതിലേക്കു നന്ദിസൂചകമായി ഗവൺമെൻറിനു യോഗത്തിൽ നിന്നും ഒരു കമ്പി അയച്ചു. ശേഷം അനേകകാര്യങ്ങളും നടത്തേണ്ടിയുള്ളതിനു തൽക്കാലം സമയം ഉണ്ടാകയില്ലെന്നു കണ്ടു അടുത്ത ശിവരാത്രിയോടുകൂടി അരുവിപ്പുറത്തു ഒരു വിശേഷാൽ പൊതുയോഗം കൂടുന്നതിനു തീർച്ചയാക്കുകയും പ്രദർശനത്തിനും മറ്റുമായി ധനസംബന്ധമായും അല്ലാതേയും പല സഹായങ്ങളും ചെയ്ത മഹാരാജക്കൻമാർ മുതലായ എല്ലാ മഹാന്മാർക്കും സ്വാഗതസംഘക്കമ്മിറ്റിക്കാർക്കും വന്ദനം പറഞ്ഞു യോഗം പിരിയുകയും ചെയ്തു. സാമുദായിക വിഷയമായ പ്രസംഗങ്ങൾ അന്നു വൈകിട്ടായിരുന്നു. സ്വാമി അവർകൾ തന്നെ അഗ്രാസനം വഹിച്ചു. വ്യവസായത്തേയും മറ്റും പറ്റി സ്തുത്യർഹമായ പ്രസംഗങ്ങൾ ഓരോരുത്തർ ചെയ്തു സദസ്യരെ രസിപ്പിച്ചു. ഒടുവിൽ സാഹിത്യപരീക്ഷയിൽ വിജയികൾക്കു സ്വാമി അവർകൾ സമ്മാനങ്ങൾ കൊടുത്തു. വിജയികളുടെ ലിസ്റ്റു വേറൊരിടത്തു ചേർത്തിട്ടുണ്ട്. അവസാനം യോഗം സിക്രട്ടറിയുടെ ഉപസംഹാരപ്രസംഗത്തോടുകൂടി ഒരു പൂർത്തിയായ സംഗീതസമാജം വഞ്ചീശമംഗളം ആരംഭിച്ചു. സദിരുകാർ അശേഷം ഈഴവരായിരുന്നു.

മഹാരാജാവു തിരുമനസ്സിലേക്കും മറ്റും ചിയേഴ്സ് വിളിച്ചു 25-ാം നു വൈകിട്ട് $5\frac{1}{2}$ മണിക്ക് അപരിമിതമായ സന്തോഷത്തോടു കൂടി

Digitized By Kerala Sahitya Akademi

എല്ലാവരും പിരിഞ്ഞു. ശ്രീനാരായണ ധർമ്മപരിപാലന യോഗത്തിൻറ രണ്ടാമത്തെ വാർഷികയോഗം ഇപ്രകാരം ആനന്ദകരമായവസാനിച്ചു.

വിവേ. 1080 മകരം

ശ്രീ. നാ. ധ. പ. യോഗത്തിൻറ മൂന്നാമതു വാർഷിക മഹായോഗം.

ആലപ്പുഴവച്ചു ധനു 14, 15, 16 (ഡിസംബർ 28, 29, 30) ഈ തീയതികളിൽ പ്രസ്തുതമഹായോഗം ഏറ്റവും മംഗളകരമായി കഴിഞ്ഞിരിക്കുന്നു എന്ന വസ്തുതയെ പ്രസ്താവിക്കുന്നതിൽ ഞങ്ങൾക്കു വലുതായ ചാരിതാർത്ഥ്യം ഉണ്ട്. തിരുവിതാംകൂർ കൊച്ചി ഈ രാജ്യങ്ങളുടെ നാനാഭാഗങ്ങളിൽ നിന്നും മലബാറിൽനിന്നും വന്നവരായി അനേകായിരം മാന്യൻമാരും പതിവുപോലെ ഡാക്ടർ പല്പു അവർകളും ഹാജരുണ്ടായിരുന്നു. ഇക്കുറി അദ്ധ്യാസനം വഹിച്ചതു മലബാറിലെ ഒരു പ്രസിദ്ധവക്കീലും വലിയ സമുദായ സ്നേഹിയുമായ കൊറ്റത്തു രാമുണ്ണി അവർകൾ ആയിരുന്നു. മഹാനായ കഴിഞ്ഞുപോയ സർ. ടി. മാധവരായർ അവർകൾ ഒരിക്കൽ ഭാരതമഹാജനസഭയുടെ (The Indian National Congress) ആദ്ധ്യക്ഷ്യം വഹിച്ച അവസരത്തിൽ അതിനെക്കുറിച്ചു ഒരു മഹാരാജ്യത്തിൻറ പല ഭാഗങ്ങളിലും പാർക്കുന്ന ജനങ്ങൾക്കു തമ്മിൽ ഏതാദൃശമായ ഒരു സമാഗമം ഉണ്ടാകണമെന്നു തോന്നിയതുതന്നെ അതിൻറ ആവശ്യകതയേയും രാജ്യത്തിനു വരാൻ പോകുന്ന ഗണ്യമായ ഗുണത്തേയും ദ്യോതിപ്പിക്കുന്നതാണെന്നും ഇന്ത്യയുടെ ചരിത്രത്തിൽ അത് അഭൂതപൂർവമായ ഒരു സംഭവമാണെന്നും പ്രശംസിച്ചു പറഞ്ഞിട്ടുണ്ട്. തിരുവിതാംകൂറിലെ ശ്രീമൂലം പ്രജാസഭ ഇദംപ്രഥമായി കൂടിയ അവസരത്തിൽ നമ്മുടെ ദിവാൻ വി. പി. മാധവരായർ അവർകൾ അതിനെക്കുറിച്ചും പറഞ്ഞിട്ടുള്ള അഭിപ്രായം മിക്കവാറും ഇതുതന്നെ ആകുന്നു. ഭിന്നജാതി മതസ്ഥൻമാരടങ്ങിയ ഓരോ മഹാജനയോഗത്തെക്കുറിച്ചാണ് ഈ മഹാൻമാർ ഇപ്രകാരം അഭിപ്രായപ്പെടുന്നത്. അപ്പോൾ പ്രകൃത്യാ തുല്യയോഗക്ഷേമത്തെ ആഗ്രഹിക്കുന്ന അനേകലക്ഷം അംഗങ്ങൾ അടങ്ങിയ ഒരു സമുദായത്തിന് അല്ലെങ്കിൽ നമ്മുടെ സമുദായത്തിന് ഇപ്രകാരം വ്യവസ്ഥിതമായ ഒരു യോഗത്തിൻകീഴിൽ കൊല്ലംതോറും ഉണ്ടാകാറുള്ള ഈ മഹാസമ്മേളനം കൊണ്ടുമാത്രംതന്നെ സംഭവിക്കാവുന്ന അളവറ്റ ഗുണങ്ങളെപ്പറ്റി ഞങ്ങൾ വിസ്തരിക്കേണ്ട ആവശ്യകതയില്ലല്ലോ. ഒന്നാമത്തേതിനെക്കാൾ രണ്ടാമത്തേയും അതിനേക്കാൾ മൂന്നാമത്തേയും വാർഷിക മഹായോഗങ്ങൾ അധികമധികം കേമവും തൃപ്തികരവും കാര്യപൂർണ്ണവുമായി നടത്തപ്പെട്ടുകാണുന്നത് യോഗത്തിൻറ വലുതായ ഉദ്ദേശങ്ങൾക്കു അനുരൂപവും പ്രവർത്തകൻമാരുടെ കൃത്യനിഷ്ഠ, സ്വാർത്ഥത്യാഗം, സ്ഥിരപരിശ്രമശീലം ഇവയെ വിശ്വാസമാംവണ്ണം വെളിപ്പെടുത്തുന്നതും സമുദായത്തിനു പൊതുവിൽ ആശാജനകവും ആയി

Digitized By Kerala Sahitya Akademi

രിക്കുന്നു. വിദ്യാഭ്യാസ ധനശേഖരത്തെ (The S.N.D.P. Education Fund) ആരംഭിച്ചതും അടുത്ത വാർഷികയോഗം തലശ്ശേരിയിൽവച്ചു നടത്താൻ തീർച്ചയാക്കിയതും ശ്ലാഘിക്കത്തക്ക സംഗതികളാകുന്നു. യോഗത്തിൽ ഒരു ക്ഷിപ്ത സമയത്തിൽ എങ്കിലും അന്യസമുദായത്തിലെ മാന്യൻമാരെക്കൂടി ക്ഷണിച്ചിരുന്നതും അവരുടെ ശ്രദ്ധയ്ക്ക് എന്നുമാത്രമല്ല, പ്രത്യക്ഷമായ ധനസഹായത്തിനു കൂടിയും യോഗത്തെ പാത്രീഭവിപ്പിച്ചു കാണുന്നതും സ്തുത്യർഹമായിരിക്കുന്നു. ഈ മൂന്നാമതു യോഗത്തെ സംബന്ധിച്ച ഒരു പ്രത്യേക വിവരണം ഞങ്ങൾ പ്രസിദ്ധപ്പെടുത്താൻ വിചാരിക്കുന്നതിനാലും ഇതിനെ സംബന്ധിച്ച ഓരോ പ്രത്യേക സംഗതികളെക്കൊണ്ടുതന്നെ ഈ തവണത്തെ വിവേകോദയം മുഴുവൻ വ്യാപിക്കപ്പെട്ടിരിക്കുകയാലും ചുരുക്കത്തിനായി അടുത്ത വാർഷിക യോഗത്തിനു അതിന്റെ സാധാരണമായ വിജയത്തേയും മംഗളത്തേയും ആശംസിച്ചുകൊണ്ടു മാത്രം ഇപ്പോൾ വിരമിക്കേണ്ടിയിരിക്കുന്നു.

വിവേ: 1081 ധനു

ശ്രീ.നാ.ധ.പ. യോഗത്തിന്റെ അടുത്ത വാർഷിക പൊതുയോഗം

അടുത്ത വാർഷികയോഗം തലശ്ശേരിയിൽവച്ചു നടത്തുവാൻ കഴിഞ്ഞ വാർഷികപൊതുയോഗത്തിൽവച്ച് തീർച്ചപ്പെടുത്തിയിട്ടുള്ള വിവരം എല്ലാവരും അറിഞ്ഞിട്ടുള്ളതാണല്ലോ. എന്നാൽ ഈയിടെ തലശ്ശേരിയെ ബാധിച്ചിരിക്കുന്ന പ്ലേഗ് (മഹാമാരി) നിമിത്തം പ്രസ്തുത യോഗം കണ്ണൂരിൽവച്ചു നടത്തുവാൻ അവിടത്തെ യോഗം പ്രവർത്തകൻമാരും സമുദായ സ്നേഹികളായ മറ്റു മാന്യൻമാരും നിശ്ചയിച്ചിരിക്കുന്ന പ്രകാരം അറിയുന്നു. ദൂരംകൊണ്ടും മാറ്റും തിരുവിതാംകൂർ കാരായ എല്ലായോഗാംഗങ്ങൾക്കും കണ്ണൂരിൽ ചെന്നു യോഗത്തിനു ഹാജരാകുവാൻ സാധിച്ചെന്നുവരുന്നതല്ല. എങ്കിലും ബ്രിട്ടീഷ് മലബാറിലുള്ള നമ്മുടെ സഹോദരങ്ങളുമായുള്ള സമ്മേളനത്തിനു അഭൂതപൂർവമായി സിദ്ധിച്ചിരിക്കുന്ന ആ വിലയേറിയ അവസരത്തിൽ തിരുവിതാംകൂർ കൊച്ചി, തെക്കേമലയാളം മുതലായ സ്ഥലങ്ങളിലുള്ള യോഗാംങ്ങളിൽ ഭൂരിപക്ഷവും സന്നിഹിതരായിരിക്കുമെന്നു തന്നെ ഞങ്ങൾ വിശ്വസിക്കുന്നു.

ബ്രിട്ടീഷ് മലബാറിലുള്ള സജ്ജനങ്ങളുടെ വിദ്യാഭിവൃദ്ധിയേയും തത്സംബന്ധങ്ങളായ പരിഷ്കാരങ്ങളേയും സാമുദായിക സ്ഥിതികളേയും കുറിച്ച് ചിലതെല്ലാം കേട്ടറിഞ്ഞിട്ടുണ്ടെന്നല്ലാതെ കണ്ടറിഞ്ഞിട്ടുള്ളവർ തിരുവിതാംകൂറിലും കൊച്ചിയിലും മാറ്റും വളരെ ചുരുക്കമാണല്ലോ? കേരളത്തിന്റെ നാനാഭാഗങ്ങളിലുമായി ചിന്നിച്ചിതറിക്കിടക്കുന്ന നമ്മുടെ സഹോദരങ്ങളെയെല്ലാം തമ്മിലടുപ്പിക്കുക അവരുടെ ഭാവി ശ്രേയസ്സിനു

Digitized By Kerala Sahitya Akademi

അത്യന്താപേക്ഷിതമായി തീരത്തക്കവണ്ണം അവർക്ക് അന്യോന്യമുള്ള വിശ്വാസത്തേയും മൈത്രിയേയും ദൃഢീകരിക്കുക മുതലായവ ശ്രീനാരായണ ധർമ്മപരിപാലന യോഗത്തിന്റെ ഉദ്ദേശ്യങ്ങളിൽ പെട്ടവയാണല്ലോ. എന്നു മാത്രമല്ല തിരുവിതാംകുർ, കൊച്ചി, ബ്രിട്ടീഷ് മലബാർ എന്നീ സ്ഥലങ്ങളിലുള്ള സഹോദരങ്ങൾ തമ്മിലുള്ള സഹവാസവും സഹകരണവും യോഗത്തിനു പ്രത്യക്ഷമായും സമുദായത്തിനു പൊതുവായും അനവധി ഗുണങ്ങളെ ഉണ്ടാക്കുമെന്നുള്ളതിൽ സന്ദേഹമില്ല. അതിനാൽ തലശ്ശേരിയിൽ അല്ലെങ്കിൽ കണ്ണൂരിൽ വച്ചു നടക്കുവാൻ പോകുന്ന അടുത്തവാർഷിക പൊതുയോഗത്തിൽ ഹാജരാകുവാൻ തിരുവിതാംകൂർ കൊച്ചി മുതലായ സ്ഥലങ്ങളിലുള്ള ഈഴവ മാന്യൻമാർക്കെല്ലാം പ്രത്യേകം ശ്രദ്ധ ഉണ്ടായിരിക്കണമെന്നു ഞങ്ങൾ താല്പര്യപ്പെട്ടുകൊള്ളുന്നു. യോഗത്തോട് എത്ര തന്നെ മമത ഉണ്ടായിരുന്നാലും പ്രത്യേകം നേരിടാനിടയുള്ള അസൗകര്യങ്ങളാൽ പല യോഗാംഗങ്ങൾക്കും ഹാജരാവാൻ സാധിക്കാതെ വരാവുന്നതാണ്. അങ്ങനെ ഉള്ളവർക്ക് പ്രത്യേകം പ്രതിനിധികളെ അയയ്ക്കയോ അതു സുകരമല്ലെന്നുണ്ടെങ്കിൽ ഒരു സ്ഥലത്തുള്ള അധികം പേർ ചേർന്ന് ഓരോ ആളുകളെ അധികാരപ്പെടുത്തി അയയ്ക്കയോ ചെയ്യാവുന്നതാണ്. വിശിഷ്യ, സമാജങ്ങളെല്ലാം അതതിന്റെ പ്രതിനിധികളെ അയയ്ക്കുവാൻ ഇക്കൊല്ലത്തിലെങ്കിലും വേണ്ട ഏർപ്പാടുകളെല്ലാം കാലേകൂട്ടി ചെയ്യുന്നത് ഉത്തമമായിരിക്കും. ഏതായാലും ഈയാണ്ടത്തെ യോഗത്തെ വിജയ പൂർണ്ണമായി പര്യവസാനിപ്പിക്കുന്നതിൽ സമുദായക്ഷേമകാംക്ഷികളായ സകലരും പൂർവാധികമായ ഔത്സുക്യത്തോടുകൂടി പരിശ്രമിക്കാതിരിക്കയില്ലെന്നു ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു.

നമ്മുടെ അടുത്ത വാർഷികമഹായോഗത്തിന്റെ പ്രാരംഭയോഗം

ഈ യോഗം തലശ്ശേരിയിൽ സ്വജനങ്ങളുടെ വകയായി പണിചെയ്തുവരുന്ന അമ്പലത്തിന്റെ നടയിൽ (സെപ്റ്റംബർ 30) കന്നി 14 നു കൂടപ്പെട്ടു. തിരുവനന്തപുരത്തുനിന്നു യോഗം സെക്രട്ടറിയും, ബാംഗ്ലൂർനിന്നു ഡാക്ടർ പല്പു അവർകളും കോഴിക്കോട്ടുനിന്നു രാരിച്ചൻ മൂപ്പർ അവർകളും ഹാജരുണ്ടായിരുന്നു. തലശ്ശേരി, കണ്ണൂർ, മയ്യഴി, ധർമ്മടം ഈ സ്ഥലങ്ങളിലുള്ള ഉദ്യോഗസ്ഥൻമാർ, വക്കീലൻമാർ, ജൻമികൾ കച്ചവടക്കാർ മുതലായി സമുദായത്തിലെ മിക്ക പ്രമാണികളും ഈ യോഗത്തിൽ സംബന്ധിച്ചിരുന്നു. യോഗം സെക്രട്ടറി യോഗത്തിന്റെ സ്വഭാവത്തേയും ഉദ്ദേശത്തേയും പ്രവൃത്തികളേയും തൽക്കാലസ്ഥിതിയേയും സഭാവാസികളെ ധരിപ്പിച്ചു. ഡാക്ടർ പല്പു അവർകൾ സമുദായം ഐക്യത്തോടുകൂടി പ്രവർത്തിച്ചു മതം, വിദ്യാഭ്യാസം, വ്യവസായം ഇവയെ സംബന്ധിച്ചുള്ള സാമുദായികമായ പരിഷ്കാരാഭിവൃദ്ധിയെ പ്രാപിക്കേണ്ട മാർഗങ്ങളെപ്പറ്റി വളരെ സാരവത്തായ ഒരു പ്രസംഗംചെയ്തു. ഈ യോഗത്തെ സംബന്ധിച്ച തലശ്ശേരി ലേഖകന്റെ റിപ്പോർട്ട് ഞങ്ങൾ മറ്റൊരു ദിക്കിൽ ചേർക്കുന്നുണ്ട്.

Digitized By Kerala Sahitya Akademi

നമ്മുടെ വാർഷികയോഗം പല സൗകര്യങ്ങളെയും ആലോചിച്ചാൽ തല ശ്ശേരിക്കടുത്ത കണ്ണൂരിൽ വച്ചു കൂടുന്നതു നന്നായിരിക്കുമെന്നു മിസ്റ്റർ കൊറ്റ്യത്തു രാമുണ്ണിവക്കീൽ അഭിപ്രായപ്പെടുകയും എല്ലാവരും അതി നെ സമ്മതിക്കുകയും ചെയ്തു. യോഗംവകയ്ക്കുവേണ്ട ഒരുക്കങ്ങളെ ചെയ്യുകയും തൽസംബന്ധമായ സകല കാര്യങ്ങളേയും ആലോചിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നതിലേക്കായി, ഹാജരായിരുന്ന മാന്യൻമാരിൽ 24 പേരെ അധികം അംഗങ്ങളെ ചേർത്തുകൊള്ളുന്നതിനുള്ള അധികാര ത്തോടുകൂടി ഒരു കമ്മറിയായി നിയമിച്ചു. ഈ തവണത്തെ യോഗം എല്ലാംകൊണ്ടും ഏറെവും ഭംഗിയായിരിക്കുമെന്നു വിചാരിപ്പാൻ ന്യായ മുണ്ട്. ഇതിനോടു ചേർന്ന് ഒരു കൃഷിവ്യാപാര പ്രദർശനവും, സാഹി ത്യ പരീക്ഷയും കൂടി നടത്താൻ കമ്മറിക്കാർ ആലോചിച്ചു വരുന്നതായി അറിയുന്നതാണ് ഏറ്റവും സ്തുത്യർഹമായിരിക്കുന്നത്.

വിവേ: 1082 കന്നി

നാലാമതു വാർഷികമഹായോഗം

''നിങ്ങൾ ഒരുമിച്ചു ചേരുവിൻ, അന്യോന്യം സംഭാഷണം ചെയ്യുവിൻ, നിങ്ങളുടെ മനസ്സുകൾ കാര്യങ്ങളെ ഒന്നുപോലെ ഗ്രഹിക്കട്ടെ! നിങ്ങളു ടെ പ്രാർത്ഥന ഒന്നായിരിക്കട്ടെ! നിങ്ങളുടെ സംഘത്തിന്റെ ഉദ്ദേശ്യവും, നോട്ടവും ഒന്നായിരിക്കട്ടെ! നിങ്ങളുടെ ആന്തരം തുല്യമായിരിക്കട്ടെ! നിങ്ങ ളുടെ ആലോചനകൾ ഒന്നായിരിക്കട്ടെ! നിങ്ങൾക്കു ഒരു പൊതു 'നിഷ്ഠ' യുണ്ടായിരിക്കണമെന്നു ഉപദേശിച്ചുകൊള്ളുന്നു. നിങ്ങളുടെ ആഗ്രഹങ്ങൾ ഒന്നായിരിക്കട്ടെ, നിങ്ങളുടെ ഹൃദയങ്ങൾ പരസ്പരം യോജിക്കട്ടെ, നിങ്ങ ളുടെ ആശയം ഒന്നാകട്ടെ, ഇങ്ങനെ നിങ്ങളുടെ ഇടയിൽ സാർവത്രികമായ ഐകമത്യം വ്യാപിക്കുമാറാകട്ടെ!'' മാന്യസ്വജനങ്ങളേ! ഈ പ്രാർത്ഥന പരി ശുദ്ധമായ ഋഗ്വേദത്തിലുള്ള ഒരു സാമാജിക സ്തുതിയുടെ തർജ്ജിമ യാണ്. നാലഞ്ചു സഹസ്ര വർഷങ്ങൾക്കുമുൻപ് ആര്യൻമാരാൽ പാടപ്പെട്ട ഈ സ്തോത്രം ഇന്നും എത്ര ഹൃദയംഗമമായിരിക്കുന്നു. ഐകമത്യ ത്തിന്റെ മാഹാത്മ്യത്തെ അറിഞ്ഞവർ അവർതന്നെ. ആ ഐകമത്യം ആകുന്നു അവരെ മനുഷ്യവർഗ്ഗത്തിന്റെ നായകൻമാരാക്കിയത്. ഈവരുന്ന ശ്രീ. നാ. ധ. പ. യോഗത്തിന്റെ നാലാമതു വാർഷികയോഗം തിരുവിതാംകൂർ കൊച്ചി, തെക്കേമലയാളം, വടക്കേമലയാളം ഈ സ്ഥലങ്ങളിൽ ഉള്ള നമ്മെ എല്ലാം നമ്മുടെ സാമുദായികമായ ശ്രേയസ്സിലേക്കായി ഒരുമിച്ചു സംഗമി പ്പിപ്പാൻ പോകയാകുന്നു. ആദിവസം കേരളം മുഴുവൻ നമുക്കൊരു വിശേഷ ദിവസമാണെന്നു വിചാരിക്കുവിൻ. ബ്രഹ്മശ്രീ നാരാണഗുരുസ്വാമി അവർകളുടെ പവിത്രനാമത്തിലും അദ്ധ്യക്ഷതയിലും സ്ഥാപിക്കപ്പെട്ട് ഉത്തരോത്തരം ആശാജനകമായ അഭിവൃദ്ധിയെ പ്രാപിച്ചുവരുന്ന ഈ യോഗം നമ്മുടെ ഐഹികവും പാരത്രികവുമായ ക്ഷേമാഭിവൃദ്ധിക്കു

Digitized By Kerala Sahitya Akademi

നിയാമകമായി നിൽക്കുകയാകുന്നു. നമ്മുടെ സമുദായത്തിലെ സ്വാ
ഗ്ഗ സ്നേഹികളായ സകല നായകൻമാരും ഇതിന്റെ പ്രധാന പ്രവർത്ത
കൻമാരായിരിക്കുന്നു. നമ്മുടെ സാമുദായികമായ വിജയം ഇതിന്റെ
തൃപ്തികരമായ വളർച്ചയിലും ഇതിന്റെ വളർച്ച നമ്മുടെ ഐകമത്യത്തി
ലും സ്ഥിതിചെയ്കയാകുന്നു. ക്ഷുദ്രമായ അഭിമാനങ്ങളേയും സ്വാർത്ഥ
ചിന്തകളേയും ഈ പൊതുകാര്യത്തിൽ വിസ്മരിച്ചു സഹോദര സ്നേഹ
ത്തോടുകൂടി നാം ആബാലവൃദ്ധം കായവാങ്മാനസങ്ങളെക്കൊണ്ടു
ശ്രമിക്കുക. മേൽപ്പറഞ്ഞ വേദവാക്യത്തെ നാം ഓരോരുത്തരും ഉരുവിട്ടു
കൊള്ളുക. ആ ഈശ്വരവാക്യത്തിന്റെ അർത്ഥങ്ങളെ നല്ലവണ്ണം അറിഞ്ഞു
നാം പ്രവർത്തിക്കുക. അതു നമുക്ക് അഭൂതപൂർവമായ ശക്തിയേയും വിജ
യത്തേയും നൽകുന്നതാണ്. നമ്മുടെ പൊതുയോഗം മകരം 20-ം 21-ം തീയ
തികളിൽ കണ്ണൂരിൽ കൂടപ്പെടുന്നതാകുന്നു.

വിവേ: 1082 തുലാം

നമ്മുടെ നാലാമത്തെ വാർഷികയോഗം

കേരളത്തിന്റെ തെക്കേ അറ്റത്ത് ആരംഭിച്ചു വർദ്ധിച്ചുവരുന്ന ശ്രീനാ
രായണ ധർമ്മപരിപാലന യോഗത്തിന്റെ 4-ാമത്തെ വാർഷിക പൊതു
യോഗം അതിന്റെ വടക്കേഅറ്റമായ കണ്ണൂർവച്ച് ഈവരുന്ന മാർച്ച് 27-ാംന്
(മീനം 14) മലയാളത്തിൽ ഇതിനുമുമ്പു കണ്ടിട്ടില്ലാത്ത വിധം കേമ
മായി നടത്തപ്പെടുന്ന ഒരുകൃഷി വ്യവസായ പ്രദർശനത്തോടും മറ്റു പല
രസകരങ്ങളും ഗുണപ്രദങ്ങളുമായ കാര്യങ്ങളോടും കൂടി ആരംഭിക്കുന്നതാ
ണെന്നുള്ള സന്തോഷവാർത്ത ഇപ്പോൾ നമ്മുടെ ജനങ്ങളെ ഒരറ്റംമുതൽ
മറ്റേ അറ്റംവരെ ഇളക്കി മറിച്ചിരിപ്പാൻ ഇടയുണ്ട്. ദൂരംകൊണ്ടും മറ്റു
പല അസൗകര്യങ്ങളെക്കൊണ്ടും ഈ പ്രദർശനത്തിലും മഹായോഗത്തിലും
ചെന്നുചേർന്നു സമുദായക്ഷേമത്തെ ഉദ്ദേശിച്ചുള്ള ഈ വലിയ പ്രവൃത്തി
കളിൽ കഴിയുന്നതും സഹകരിക്കുകയും തജ്ജന്യമായ ആനന്ദത്തെ പങ്കു
കൊള്ളുകയും സമുദായത്തിലെ പ്രസിദ്ധ പുരുഷൻമാരുടെ ഏകോപിച്ചു
ള്ള ഉത്സാഹപ്രദമായ പരിചയത്തിനും അനുമോദനത്തിനും പാത്രമാകു
കയും ചെയ്വാൻ സാധിക്കയില്ലെന്നുകണ്ടു വളരെപ്പേർ വ്യസനിക്കുന്നുണ്ടെ
ന്നു ഞങ്ങൾക്കറിയാം. എങ്കിലും തീവണ്ടി തീബ്ബോട്ട് മുതലായ സൗക
ര്യങ്ങൾ ഉള്ളതുകൊണ്ട് വിചാരിച്ചുനോക്കുന്നവർക്കു ദൂരം നിസ്സാരമായി
ട്ടുള്ളതും അപൂർവമായ ഈ സന്ദർഭത്തിന്റെ വിലയെ വാസ്തവമറിയുന്ന
സാധുക്കൾക്കുതന്നെയും വഴിച്ചിലവു മുതലായവ ഒരു ഭാരമേറിയ ചില
വായിത്തോന്നാൻ പാടില്ലാത്തതുമാകുന്നു. വിദ്യാഭ്യാസം, നാഗരികത്വം,
സമുദായ പരിഷ്കരണം, സ്വാഭിമാനം, കൃഷി, കച്ചവടം, കൈത്തൊഴിൽ
മുതലായ വിഷയങ്ങളെപ്പറ്റി സാധാരണ ജനങ്ങളോട് ഒരു ഇരുപതുകൊ

Digitized By Kerala Sahitya Akademi

ളും മുടങ്ങാതെ വാചാപ്രസംഗം ചെയ്യുന്നതിന്റെ ഫലം അവർക്ക് ഈ മഹായോഗത്തിൽ ഹാജരായിരിക്കുന്നതുകൊണ്ടു മാത്രം സിദ്ധിക്കുമെന്നുള്ളതു നിരാക്ഷേപമാകുന്നു. അതുകൊണ്ടു യോഗാംഗങ്ങളും അല്ലാത്തവരുമായ നമ്മുടെ എല്ലാ മാന്യജനങ്ങളും നമ്മുടെ സമാജങ്ങളിൽ നിന്നും പ്രതിനിധികളും വ്യവസായ പ്രവർത്തകൻമാർ കൈവേലക്കാർ മുതലായവർ എല്ലാം ഈ സന്ദർഭത്തിൽ ഒന്നിച്ചുകൂടി പ്രസ്തുതകാര്യത്തെ ഏറ്റവും വലിയ വിജയമാക്കിത്തീർക്കാൻ ഞങ്ങൾ സ്നേഹപൂർവം അപേക്ഷിക്കുകയും ക്ഷണിക്കുകയും ചെയ്തുകൊള്ളുന്നു.

വിവേ: 1082 ധനു, മകരം

നമ്മുടെ നാലാമത്തെ വാർഷിക പൊതുയോഗം

കണ്ണൂർ മുൻസിപ്പൽ ഹൈസ്കൂൾ കെട്ടിടത്തിൽവച്ചു മാർച്ച് 29-ം 30-ം തീയതികളിൽ കല്ലിങ്ങൽ മഠത്തിൽ രാരിച്ചൻ മൂപ്പനവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ നമ്മുടെ പൊതുയോഗത്തിന്റെ പ്രൊസീഡിംഗ്സ് ഞങ്ങൾ ഇതിന്റെ വേറൊരുഭാഗത്തു ചേർത്തിട്ടുണ്ട്. ദക്ഷിണ തിരുവിതാംകൂറിൽ ഉദ്ഭവിച്ചു കേരളത്തിന്റെ വടക്കേ അറ്റംവരെ എത്തിയിരിക്കുന്ന നമ്മുടെ യോഗം ക്രമികമായ അഭിവൃദ്ധിയെ പ്രാപിച്ചു വരുന്നു എന്നു പറയുന്നതിൽ ഒട്ടും അതിശയോക്തി ഉണ്ടെന്നു സമബുദ്ധികൾക്ക് ഒരിക്കലും തോന്നുന്നതല്ല. തിരുവിതാംകൂറിലും പുറമേയുള്ള സജ്ജനങ്ങളുടെ സമുദായ സ്നേഹത്തിന്റെയും ഉന്നമനാസക്തിയുടേയും ഒരു മാനദണ്ഡമായി വിചാരിക്കപ്പെടേണ്ടവയായ നമ്മുടെ യോഗത്തിന്റെ സ്ഥാപനവും വളർച്ചയും, അവയുടെ വർദ്ധമാനമായ തൈക്ഷ്ണ്യത്തോടുകൂടി പ്രദർശിപ്പിക്കുന്നതായി അനുമാനിക്കാവുന്നതാണ്.

മദ്ധ്യ തിരുവിതാംകൂർ തുടങ്ങിയ വടക്കോട്ടുള്ള യോഗാംഗങ്ങളിൽ, അനേകർ ഹാജരുണ്ടായിരുന്നതായിക്കാണുന്നു. വടക്കേമലയാളത്തിലും തെക്കേമലയാളത്തിലും ഉള്ള യോഗാംഗങ്ങളും മറ്റു പല മാന്യൻമാരും യോഗത്തിനു സന്നിഹിതരായിരുന്നു. രാരിച്ചൻ മൂപ്പനവർകൾ തുടങ്ങി സമുദായനേതാക്കൻമാരായ പലരും യോഗത്തിന്റെ പ്രവൃത്തിയിൽ നിഷ്കളങ്കമായ മമതയോടുകൂടി ഉത്സാഹിച്ചു കാണുന്നതു ശുഭസൂചകമത്രെ. മൂപ്പനവർകൾ അദ്ധ്യക്ഷന്റെ നിലയിൽ ചെയ്ത സാരവത്തായ പ്രസംഗത്തെ ഞങ്ങൾ വേറൊരിടത്തു ചേർത്തിട്ടുണ്ട്.

ഒന്നാമതായി കൊല്ലത്തുവച്ചു പ്രദർശനത്തോടുകൂടി നടത്തിയിരുന്ന രണ്ടാമത്തെ പൊതുയോഗം പ്രദർശനത്തിന്റെ തിരക്കുകൊണ്ട് (യോഗകാര്യങ്ങളെ സംബന്ധിച്ചിടത്തോളം) വേണ്ടപോലെ തൃപ്തികരമായി നടന്നില്ലെന്നു വായനക്കാർക്ക് അറിയാമല്ലോ. അതുപോലെതന്നെ ഏറക്കുറെ കണ്ണൂർവച്ചു നടത്തിയ പൊതുയോഗത്തിലും സംഭവിച്ചതായിക്കാണുന്നു.

Digitized By Kerala Sahitya Akademi

ആനന്ദകരങ്ങളായ ഓരോതരം വിനോദങ്ങളിലും, കാഴ്ചകളിലും ഉല്ലസിക്കുവാൻ സൗകര്യമുള്ളപ്പോഴും എത്രതന്നെ കാര്യമാത്രപ്രസക്തന്മാർ ആയിരിക്കുന്നവർ കൂടിയും, ആ വക വിനോദങ്ങളിൽ ഏർപ്പെട്ടു ഗൗരവയുക്തങ്ങളായ മറുകാര്യങ്ങളെ താൽക്കാലികമായിട്ടെങ്കിലും വിസ്മരിച്ചുപോകുന്നതു കേവലം മാനുഷിക സ്വഭാവത്തിന് അനുസരണമാണെന്നു പറയേണ്ടതില്ലല്ലോ. കണ്ണൂർപ്രദർശനം കൊല്ലത്തെ പ്രദർശനത്തെക്കാളും എത്രയോമടങ്ങു കേമവും, ആഡംബര വിനോദങ്ങളാൽ സമ്പന്നിതവും ആയിരുന്നതിനാൽ ആ സമയം തന്നെ കൂടിയിരുന്ന പൊതുയോഗത്തിനു വേണ്ടുവോളം യോഗാംഗങ്ങളും ഹാജരില്ലാതെ വന്നത് അത്ര ആശ്ചര്യകരമല്ലല്ലോ. ഒന്നാംദിവസത്തെ യോഗം അത്ര തൃപ്തികരമാകുവാൻ അംഗങ്ങളും ഹാജരില്ലായിരുന്നു എങ്കിലും രണ്ടാംദിവസത്തെ യോഗം വളരെ ഭംഗിയായും, ഗൗരവപൂർവമായും നടന്നിരിക്കുന്നതായിക്കാണുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു.

പ്രൊസീഡിംഗ്സിൽ പ്രത്യേകമായി ഞങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുന്നത് ഈ പ്രാവശ്യം ഒന്നാമതായി അനുവദിക്കപ്പെട്ട ബഡ്ജറാകുന്നു. ഈ കൃത്യം എറ്റവും ഉചിതവും അപേക്ഷിതവും തന്നെ. പ്രസ്തുതവർഷത്തെ ചിലവിന് ഒരു ഗണ്യമായതുക അനുവദിച്ചുകാണുന്നതിൽ പലർക്കും ദുശ്ശങ്കയ്ക്കു വകയുണ്ടായിരിക്കും. ഇതു കേവലം അസ്ഥാനത്തിലായിരിക്കുമെന്ന് അടുത്തറിപ്പോർട്ടും ബാക്കിപ്പത്രവുംകൊണ്ടേ മനസ്സിലാക്കുവാൻ നിവൃത്തിയുള്ളു. ഏതാനും ഇനങ്ങളിലെ തുകകൾ കൂടിയതായി തോന്നുന്നതു പ്രസ്തുത കൊല്ലത്തിൽ ആഫീസിൽ ജോലിക്കാരുടേയും മറ്റും എണ്ണം അധികരിച്ചതുകൊണ്ടാണ്. യോഗംപ്രവർത്തകൻമാരുടെ ചെലവുകളും മറ്റും ഒട്ടുംതന്നെ അനാവശ്യമോ ക്രമാതീതമോ ആയിരുന്നില്ലെന്നു റിപ്പോർട്ടുകൊണ്ടു മനസ്സിലാക്കാവുന്നതാണ്.

യോഗത്തിന്റെ നിബന്ധനകളെ നവീകരിച്ചു വേണ്ടതായ ഭേദഗതികൾ ചെയ്യുന്നതിന് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും അവരുടെ അഭിപ്രായപ്രകാരമുള്ള ഭേദഗതികളെ ആലോചിച്ച് അംഗീകരിക്കുവാൻ ഒരു വിശേഷാൽ പൊതുയോഗം കൂടുന്നതിനു നിശ്ചയിക്കുകയും ചെയ്തിട്ടുള്ളത് ഏറ്റവും സ്തുത്യർഹമായിരിക്കുന്നു. ഇതോടുകൂടി യോഗത്തിന് ഒരു പുതിയ ജീവൻ വീഴുന്നതാണെന്നു നിസ്സംശയമായും പറയാവുന്നതാണ്.

യോഗത്തിന്റെ ധനസംബന്ധമായ വർദ്ധനവും ബാലൻസ്ഷീറ്റും റിപ്പോർട്ടുകളുംകൊണ്ടു കാണാവുന്നതാണ്. രാരിച്ചൻ മൂപ്പൻ അവർകൾ മുതലായ സമുദായ പ്രമാണികളുടെ നിരന്തരമായ പ്രോൽസാഹനവും, യോഗകാര്യങ്ങളിൽ പലതിലും അദ്ദേഹവും മറ്റും മമതാപൂർവം തലയിടുന്നതിനാലുള്ള വലുതായ ഗുണഫലങ്ങളുംകൊണ്ടു യോഗം ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിക്കുന്നതാണ്. എന്തുകൊണ്ടും യോഗത്തിന്റെ

Digitized By Kerala Sahitya Akademi

ഭാവി പ്രകാശമാനമായിക്കാണുന്നതിൽ എല്ലാ സമുദായസ്നേഹികൾക്കും സന്തോഷത്തിനു വകയുണ്ടല്ലോ. എല്ലാവിധത്തിലും ജയകരമായ ഒരു പ്രദർശനത്തോടുകൂടി ഈ പൊതുയോഗവും മംഗളകരമായി പര്യവസാനിച്ചത് ഈശ്വരകാരുണ്യത്തിന്റെയും വന്ദ്യനായ നമ്മുടെ നാരായണ ഗുരുസ്വാമി അവർകളുടെ അനുഗ്രഹത്തിന്റെയും ഫലമാണെന്നുവേണം വിശ്വസിക്കേണ്ടത്. എങ്കിലും ഇവയെ ഇത്ര തൃപ്തികരമായ വിധത്തിൽ നടത്തുവാൻ വേണ്ട പരിശ്രമങ്ങൾ ഒക്കെ ചെയ്തിരുന്ന സമുദായ നേതാക്കളെ ഞങ്ങൾ സർവാത്മനാ അഭിനന്ദിക്കുകയും ചെയ്യുന്നു.

വിവേ: 1082 കുംഭം, മീനം

വിശേഷാൽ പൊതുയോഗം

കഴിഞ്ഞ തവണ ഞങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്ന വാർഷിക പൊതുയോഗത്തിലെ പ്രൊസീഡിംഗ്സിലെ 18–ാം നിശ്ചയപ്രകാരം അടുത്ത നവരാത്രി സംബന്ധിച്ചു കോഴിക്കോട്ടുവച്ചു കൂടുവാനിരിക്കുന്ന വിശേഷാൽ പൊതുയോഗം യോഗത്തിന്റെ ഭാവിയെ സർവപ്രകാരേണയും സംബന്ധിക്കുന്നതാകയാൽ കഴിവുള്ളിടത്തോളം അംഗങ്ങൾ ആ സന്ദർഭത്തിൽ ഹാജരാകാൻ ശ്രമിക്കണമെന്നു ഞങ്ങൾ പ്രത്യേകം ശുപാർശ ചെയ്യുന്നു. നിബന്ധനകളെ പരിഷ്കരിച്ചു വേണ്ടഭേദഗതികളോടുകൂടി അംഗീകരിക്കയാകുന്നു ഈ വിശേഷാൽ പൊതുയോഗത്തിന്റെ പ്രധാനമായ കൃത്യം. നിബന്ധനകളെ ഗുണദോഷ നിരൂപണം ചെയ്തു യോഗത്തിന്റെ ശാശ്വതവും നിർബാധവുമായ നിലനില്പിന് അപേക്ഷിതങ്ങളായ നവീകരണങ്ങളെ ചെയ്യുന്നതിനു നിയമിക്കപ്പെട്ടിട്ടുള്ള കമ്മിറ്റി അംഗങ്ങൾ അവരുടെ ഈ ഭാരമേറിയ ചുമതലയെ വളരെ കരുതലോടുകൂടി നിർവഹിക്കുവാൻ ഉദ്യമിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. കാലാനുസരണമായ മാറ്റങ്ങൾ എല്ലാ സമുദായങ്ങളിലുമെന്നപോലെ നമ്മുടെ സമുദായത്തിലും വന്നുകൊണ്ടിരിക്കുന്നതും അങ്ങനെ വരുന്ന സ്ഥിതിഭേദങ്ങളെ നമ്മുടെ അഭിവൃദ്ധിക്ക് ആവശ്യമുള്ളിടത്തോളം സ്വീകരിക്കുന്നതിന് എന്നും ബാധകമുണ്ടാകാത്ത വിധത്തിൽ നിബന്ധനകൾക്കു വ്യാപകത്വം ഉണ്ടായിരിക്കേണ്ടതും ആകുന്നു. ഇപ്പോൾ ഏർപ്പെടുത്തുവാൻ പോകുന്ന പുതിയ നിബന്ധനകൾ യോഗത്തിന്റെ വർദ്ധിച്ചു വരുന്ന പ്രാധാന്യതയേയും ഉത്തരവാദിത്വത്തേയും സർവോപരി യോഗത്തോടു സമുദായത്തിനുള്ള ബന്ധത്തേയും പൂർവാധികം ബലവത്താക്കിത്തീർക്കുന്നതിനുവേണ്ട പ്രേരണാശക്തി ഉള്ളവയായിരിക്കേണ്ടതാകുന്നു. ഈ സംഗതികളിൽ കമ്മിറ്റി അംഗങ്ങളുടെ ഗാഢമായ ശ്രദ്ധപതിയുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

പരിഷ്കരിക്കപ്പെടുന്ന നിബന്ധനകളെ അംഗീകരിച്ചു കഴിയുന്നതുമുതൽ യോഗത്തിന്റെ സകല നടപടികളിലും അതിന്റെ ഔർജ്ജിത്യം

Digitized By Kerala Sahitya Akademi

പ്രത്യേക്ഷപ്പെടുന്നതാണല്ലോ. ആ ഔർജ്ജിത്യത്തിൻമേൽ യോഗത്തിന്റെ ഭാവിശ്രേയസ്സും ഏറക്കുറെ സ്ഥിതിചെയ്യുന്നതാകുന്നു. സമുദായോന്നതിയിൽ തല്പരൻമാരായ എല്ലാ മാന്യൻമാരും ഈ സന്ദർഭത്തെ പ്രയോജനകരമാക്കിത്തീർക്കുമെന്നു ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു.

വിവേ: 1082 മേട., ഇടവം

നമ്മുടെ വിശേഷാൽ പൊതുയോഗം

(മാനേജിംഗ് കമ്മിറ്റിയുടെ ശ്രദ്ധയ്ക്ക്)

യോഗ നിബന്ധനകളിൽ ആവശ്യപ്പെട്ട പരിഷ്കരണങ്ങൾ ചെയ്യുന്നതിലേക്കായി ഈ വരുന്ന നവരാത്രി സംബന്ധിച്ച് കോഴിക്കോട്ടുവച്ച് പ്രസ്തുത യോഗം കൂടാൻ തീർച്ചയാക്കിയിരിക്കയാണല്ലോ. യോഗത്തിന്റെ പ്രാരംഭകാലത്തിൽ എങ്ങിനെ എങ്കിലും തൽക്കാലോപയോഗത്തിനായി മാത്രം എഴുതി രജിസ്റ്റർ ആക്കിയ നമ്മുടെ ഇപ്പോഴത്തെ നിബന്ധയെ പരിഷ്കരിക്കുകയും കഴിയുന്നത്ര പൂർണ്ണമാക്കുകയും ചെയ്യേണ്ട ആവശ്യകത ഒഴിച്ചുകൂടാത്തവണ്ണം നേരിട്ടിരിക്കുന്നു എന്നു സമ്മതിച്ചേ തീരൂ. കഴിഞ്ഞ രണ്ടു മൂന്നു കൊല്ലങ്ങളായി യോഗം ഇതിനെപ്പറ്റി ആലോചിച്ചു വരികയും ആകുന്നു. ഇപ്പോൾ നിബന്ധനയെ പരിഷ്കരിച്ചെഴുതി വിശേഷാൽ പൊതുയോഗത്തിൽ കൊണ്ടുവരുന്നതിലേക്കായി ഒരു കമ്മറ്റിയെ നിശ്ചയിക്കുകയും അതിനെ പാസ്സാക്കുന്നതിലേക്കായി ഈ വിശേഷാൽ പൊതുയോഗം കൂടാൻ തീർച്ചയാക്കുകയും ചെയ്തിട്ടുള്ളതാണ്. മലബാറിൽ യോഗാംഗങ്ങളുടെ സംഖ്യ കുറവാണെങ്കിലും യോഗത്തിന്റെയും സമുദായത്തിന്റെയും ഭാവിയായ അഭിവൃദ്ധിയിൽ തൽപ്പരനായ രാരിച്ചൻമൂപ്പൻ അവർകളുടെ പ്രേരണയാലാണ് ഇതു കോഴിക്കോട്ടുവച്ചു നടത്താൻ നിശ്ചയിച്ചത്. അദ്ദേഹത്തിന്റെ സാക്ഷാൽ ഭാരവാഹിത്വത്തിൽ നടത്തപ്പെടാൻ പോകുന്ന ഈ യോഗത്തിന് എറവും തൃപ്തികരമായ വിജയമുണ്ടാകുമെന്നുള്ളതും നിസ്സംശയം തന്നെ. എന്നാൽ വിശേഷാൽ പൊതുയോഗത്തിന്റെ സമയ നിർണ്ണയത്തെപ്പറ്റി ഞങ്ങൾക്ക് ഈ അവസരത്തിൽ രണ്ടു വാക്കു പറയാനുണ്ട്. ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള നവരാത്രി ദിവസങ്ങൾ ഒക്ടോബർ മദ്ധ്യം കഴിഞ്ഞാണു വരുന്നത്. വിശേഷാൽ പൊതുയോഗത്തിന്റെ പാസ്സാക്കുന്ന നിശ്ചയങ്ങളെ 15 ദിവസങ്ങൾക്കു ശേഷവും മുപ്പതു ദിവസങ്ങൾക്കു മുമ്പിലും അതുപോലെ വിളിച്ചു കൂട്ടപ്പെടുന്ന മറ്റൊരു വിശേഷാൽ പൊതുയോഗത്തിൽ സ്ഥിരീകരിക്കേണ്ടതാണെന്നു കമ്പനി ആക്ട് നിർബന്ധിക്കുന്നുണ്ട്. അങ്ങിനെ ചെയ്തശേഷമേ ആ നിബന്ധന സാധുവാകയുള്ളു. അതുകൊണ്ടു നവംബർ മാസത്തിൽ വേറെ ഒരു പൊതുയോഗം കൂടി എവിടെയെങ്കിലും കൂടേണ്ടതു നിർബന്ധിതമായി. വാർഷിക പൊതുയോഗം ഡിസംബർ അവസാനത്തിലാണു നിയമപ്രകാരം അതിനെ മാറ്റി വയ്പാൻ പാടില്ലാത്തതാകുന്നു. ഇപ്രകാരമായാൽ അടുത്ത

Digitized By Kerala Sahitya Akademi

മൂന്നു മാസങ്ങളിലായി മൂന്നു പൊതുയോഗങ്ങൾ വിളിച്ചു കൂട്ടേണ്ടഭാരം ഏതാണ്ട് അപ്രതീക്ഷിതമെന്നപോലെ കമ്മിറ്റിയുടെ തലയിൽ എത്തിയിരി ക്കുന്നു. കൊല്ലത്തിൽ ഒരിക്കൽ ശ്രീനാരായണ ധർമ്മ പരിപാലന യോഗ ത്തിന്റെ ഒരു പൊതുയോഗം വിളിച്ചു കൂട്ടുന്ന കാര്യം തന്നെ എത്ര ഭാരവും ക്ലേശവും ചിലവും ഉള്ള സംഗതിയാണെന്നു പറയേണ്ടതില്ലല്ലോ. ആ സ്ഥി തിക്ക് ഇടുങ്ങിയ ഈ മൂന്നുമാസങ്ങൾക്കുള്ളിൽ മൂന്നു പൊതുയോഗങ്ങൾ വിളിച്ചുകൂട്ടുകയും ആവശ്യപ്പെട്ട സംഗതികളെ തൃപ്തികരമായി നടത്തു കയും ചെയ്യുന്ന കാര്യം മിക്കവാറും അസാദ്ധ്യമാണെന്നുതന്നെ തോന്നി പ്പോകുന്നു എന്നു പറയേണ്ടി വരുന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു. ഭാര വാഹികൾക്ക് അസാമാന്യമായ ക്ലേശത്തിനും അനാവശ്യമായ ചിലവിനും കാരണമാകുന്നതു കൂടാതെ ഈ ഏർപ്പാടു നാനാസ്ഥലങ്ങളിൽ നിന്നു യോഗത്തിൽ ഹാജരാകേണ്ട അനേക അംഗങ്ങൾക്കും വളരെ ബുദ്ധിമുട്ടി നും അസൗകര്യങ്ങൾക്കും ഇടയാക്കുന്നതാകുന്നു. കണ്ണൂരിലെ പൊതുയോ ഗത്തിൽ വച്ചു ഈ സംഗതികളെപ്പറ്റി വേണ്ടപോലെ ആലോചിച്ചു തീർച്ച ചെയ്വാൻ സംഗതിയാകാഞ്ഞതിൽ വ്യസനിക്കയേ നിവൃത്തിയുള്ളു.

ഈ വാസ്തവമായ ബുദ്ധിമുട്ടിനെ പരിഹരിപ്പാൻ ഞങ്ങൾ ഒരു മാർഗ്ഗമേ കണുന്നുള്ളു. നിബന്ധനയെ പരിഷ്കരിക്കുന്നതിനു വിശേ ഷാൽ പൊതുയോഗം കൂടാതെ കഴികയില്ല. അതും നിനമനിർബന്ധമാ ണ്. എന്നാൽ ഒക്ടോബറിൽ (നവരാത്രി സംബന്ധിച്ചു) കൂടുവാൻ തീർച്ചയാക്കിയ പൊതുയോഗത്തെ നവംബർ അവസാനത്തിലേക്കു മാറ്റി യാൽ സ്ഥിരീകരണത്തിനായി (15 ദിവസം കഴിഞ്ഞും 30 ദിവസത്തിനു ള്ളിലും) കൂടേണ്ട അടുത്ത വിശേഷാൽ പൊതുയോഗത്തെ ഡിസംബർ അവ സാനത്തിൽ കൂടേണ്ട അഞ്ചാമതു വാർഷിക പൊതുയോഗത്തോടു കൂട്ടി ച്ചേർത്തു ഒന്നാക്കിക്കളയാവുന്നതും സംഗതികളെ എത്രതന്നെ തൃപ്തി കരമായി നടത്തുന്നതിനും അതു മതിയാകുന്നതുമാകുന്നു. അങ്ങിനെ ചെയ്യുന്നതുകൊണ്ട് അടുത്ത പൊതുയോഗത്തെപ്പറ്റിയും സാവധാനമായി ആലോചിച്ചു വേണ്ട ഏർപ്പാടുകളും മുൻകൂട്ടി ചെയ്തു കൊള്ളുന്നതിനു കമ്മിറ്റിക്കു സൗകര്യം കിട്ടുന്നതും പൊതുയോഗത്തിന് ഒരുമാസം മുമ്പു വരുന്ന പ്രസ്തുത വിശേഷാൽ പൊതുയോഗം കാര്യഗൗരവം കൊണ്ടു ഭാര മേറിയതാണെങ്കിലും വർഷംതോറും സാധാരണ കൂടാറുള്ള ഒരു പ്രാരംഭ യോഗത്തിന്റെ നിലയോട് ഏതാണ്ടു തുല്യമായിത്തീരുന്നതും ആണ്. ഈ വിഷയത്തിൽ യോഗം മാനേജിംഗ് കമ്മിറ്റിയും വിശേഷിച്ചു മൂപ്പൻ അവർകളും ഗൗരവപൂർവം ആലോചിച്ച് ഉടനേ വേണ്ട വ്യവസ്ഥ ചെയ്യണ മെന്നു ബലമായി ശുപാർശ ചെയ്യുകയും യോഗത്തിന്റെ നൻമയെ ഉദ്ദേ ശിച്ച് അപ്രകാരം ചെയ്യുമെന്നു ഞങ്ങൾ വിശ്വസിക്കുകയും ചെയ്യുന്നു.

വിവേ: 1083 ചിങ്ങം .

Digitized By Kerala Sahitya Akademi

പൊതുയോഗം

എസ്. എൻ. ഡി. പി. യോഗത്തിന്റെ 5-ാമത്തെ വാർഷിക പൊതുയോഗം തിരുവനന്തപുരത്തു ജൂബിലി ഠൗൺ ഹാളിൽ വച്ച് ഈ മേടം 5-ം 6-ം തീയതികളിലായി അതിഭംഗിയായി കഴിഞ്ഞു കൂടിയിരിക്കുന്നു. കണ്ണൂരിലും കൊല്ലത്തും വച്ചു നടന്നമാതിരി പ്രദർശനങ്ങളോ ആലപ്പുഴയിലെ ആഡംബരമോ ഒന്നും ഇയാണ്ടത്തെ പൊതുയോഗത്തിനുണ്ടായിരുന്നില്ലെങ്കിലും യോഗകാര്യങ്ങൾ ഇത്ര തൃപ്തികരമാംവണ്ണം നിർവഹിച്ചിട്ടുള്ള പൊതുയോഗങ്ങൾ ഇതിനു കീഴിൽ ഉണ്ടായിട്ടില്ലെന്നു തന്നെ പറയാം. യോഗനിബന്ധനകളെ പുതുക്കിയതാണ് ഇയാണ്ടത്തെ പൊതുയോഗത്തിൽ നടന്ന ഏത്രയും പ്രധാനപ്പെട്ട കാര്യം. യോഗനിബന്ധനകൾ പുതുക്കേണ്ട ആവശ്യകതയെക്കുറിച്ചു കൊല്ലത്തു വച്ചു നടന്ന 2-ാമത്തെ പൊതുയോഗത്തിൽ തന്നെ ആലോചനകൾ നടന്നിരുന്നു എങ്കിലും പല കാരണങ്ങളാൽ ആയാവശ്യം ഈ അഞ്ചാമത്തെ പൊതുയോഗത്തിൽ വച്ചേ നിർവഹിക്കപ്പെടുവാൻ കഴിഞ്ഞിട്ടുള്ളൂ. ഈ കാലതാമസത്തെക്കുറിച്ച് ഒട്ടും വ്യസനിച്ചിട്ടു കാര്യമില്ലാത്തവണ്ണം ഇപ്പോൾ പാസ്സായിട്ടുള്ള നിബന്ധനകൾ അത്രമാത്രം ദോഷരഹിതങ്ങളായിട്ടുണ്ടെന്നു നിസ്സംശയം പറയാവുന്നതാണ്. വലിയ വാദപ്രതിവാദങ്ങൾക്കും ഭേദഗതികൾക്കും ഇടവരാത്തവണ്ണം അത്ര ആലോചനയോടും ക്ഷമയോടും സൂക്ഷ്മഗ്രാഹിതയോടും കൂടി യോഗത്തിനുവേണ്ടി ഈ നിബന്ധനകളെ എഴുതി തയ്യാറാക്കിയ സെലക്ട് കമ്മിറ്റിക്കാരോടു യോഗാംഗങ്ങൾ എന്നും കൃതജ്ഞൻമാരായിരിക്കേണ്ടതാകുന്നു. പ്രത്യക്ഷപ്രവൃത്തികളെകൊണ്ടു യോഗോദ്ദേശ്യങ്ങളെ തൃപ്തികരമായി നിർവഹിച്ചു കാണിക്കാൻ തക്ക ധനസ്ഥിതി ഇനിയും യോഗത്തിനുണ്ടായിട്ടില്ലെങ്കിലും വിദ്യാർത്ഥികൾക്കു സ്കാളർഷിപ്പു കൊടുക്കാനായി ഇരുനൂറു രൂപാ ഈയാണ്ടത്തെ യോഗത്തിൽ അനുവദിച്ചത് ഏത്രയും സമുചിതമായി എന്നു ഞങ്ങൾ വിചാരിക്കുന്നു. സഹായധനത്തെ ആവശ്യപ്പെടുന്നവരും അതിലേക്കു സർവഥാ അർഹൻമാരും ആയ വിദ്യാർത്ഥികൾ നമ്മുടെ സമുദായത്തിൽ പലരും ഉണ്ട്. യോഗം വകയായി ആരംഭിച്ചിട്ടുള്ള വിദ്യാഭ്യാസ ധനശേഖരംകൊണ്ടു വിദ്യാർത്ഥികളെ സഹായിച്ചു തുടങ്ങാൻ ഇനിയും കാലമായിട്ടില്ല. അങ്ങനെ ഒരു കാലം വരാൻ തക്കവണ്ണം അതിനെ ആക്കിത്തീർക്കുന്നതിന് ഈയാണ്ടിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള യോഗ്യൻമാരായ ഏജൻറൻമാർ മന:പൂർവമായ ഉത്സാഹം ചെയ്യുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈയാണ്ടത്തെ പൊതുയോഗത്തിൽ ഡാക്ടർ പല്പു അവർകളുടെയും അദ്ധ്യക്ഷന്റെയും ഓരോ പ്രസംഗങ്ങൾ ഉണ്ടായതല്ലാതെ വേറെ വലിയ പ്രസംഗങ്ങളോ വളരെ പേരുടെ പ്രസംഗങ്ങളോ ഒന്നും നടന്നില്ല. ഇത് ഒരു ന്യൂനതയായി വിചാരിക്കുന്നവരുണ്ടെങ്കിൽ അവരോടു ഞങ്ങൾക്കു പറയാനുള്ളത് നമുക്കു പ്രസംഗത്തിന്റെ അല്ല പ്രവൃത്തിയുടെ ആവശ്യമാണ് ഇപ്പോൾ അധികം നേരിട്ടിരിക്കുന്നത് എന്നു മാത്രമാകുന്നു. അദ്ധ്യക്ഷന്റെ "അതി വിശിഷ്ടമായ പ്രസംഗം" വേറൊരു ഭാഗത്തു തർജ്ജിമ

Digitized By Kerala Sahitya Akademi

ചെയ്തു ചേർത്തിരുക്കുന്നതു നമ്മുടെ ''സമുദായത്തിന്റെ ഇടയിൽ പ്രചാരപ്പെടുമ്പോൾ'' ദിവാൻ രാജഗോപാലാചാരി അവർകളുടെ പ്രതീക്ഷപോലെയുള്ള ഫലം തന്നെ അതിനുണ്ടാകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. പ്രസംഗത്തിൽ മത വിശ്വാസത്തെയും സ്ത്രീ വിദ്യാഭ്യാസത്തെയും പറ്റി പ്രതിപാദിക്കുന്ന ഹൃദയംഗമങ്ങളായ ഭാഗങ്ങളിലേക്കു നമ്മുടെ സമുദായക്കാരുടെ സവിശേഷമായ ശ്രദ്ധയെ ഞങ്ങൾ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

വിവേ: 1083 മേടം, ഇടവം

ശ്രീ. നാ. ധ. പ. യോഗത്തിന്റെ ആറാമതു വാർഷിക പൊതുയോഗം.

മ. രാ. രാ. ഒ. കൃഷ്ണൻ ബി. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ ഈ യോഗം ഈ ഇടവം രണ്ടും മൂന്നും തീയതികളിൽ എറണാകുളം കാളേജിൽ വച്ച് ഏറ്റവും മംഗളമായി കഴിഞ്ഞുകൂടിയിരിക്കുന്നു. ഇതിനെ ഇത്ര മംഗിയാക്കുന്നതിൽ കൊച്ചിയിലെ സബ് കമ്മിറ്റിക്കാർ ചെയ്ത ശ്രമം യോഗം നന്ദിപൂർവം സ്മരിക്കത്തക്കതാകുന്നു. മൂവായിരത്തിൽപരം ജനങ്ങൾ ഒന്നായ് കൂടി നടന്ന ഈ യോഗത്തിൽ യാതൊരു കുഴപ്പവും ക്രമക്കേടും ഉണ്ടാകാതെ സൂക്ഷിക്കുകയും അദ്ധ്യക്ഷനും മറ്റു മാന്യ പ്രതിനിധികൾക്കും തന്നെയല്ല അന്യദേശങ്ങളിൽനിന്നും എത്തിയ സകല അംഗങ്ങൾക്കും ആവശ്യപ്പെട്ട കാര്യങ്ങൾ ഉടനുടൻ ചെയ്തു കൊടുപ്പാൻ സന്നദ്ധരായിരിക്കയും ചെയ്തു യോഗത്തെ സഹായിച്ച വാളൻറീയർ സംഘക്കാർക്കും യോഗം വളരെ കടപ്പെട്ടിരിക്കുന്നു. ഈ വാളൻറീയർ സംഘം കൊച്ചിയിൽ 'ഹിന്ദു യുവജന സമാജ'ത്തിലെ അംഗങ്ങളായ ചെറുപ്പക്കാർ ചേർന്ന് ഏർപ്പെടുത്തിയതായിരുന്നു. ജനങ്ങൾക്കു ഭക്ഷണത്തിനും വസതിക്കുമായി ഏർപ്പെടുത്തിയിരുന്ന സ്ഥലവും ഏർപ്പാടുകളും എല്ലാം ഏറ്റവും തൃപ്തികരമായിരുന്നു. ഈ സംഗതിയിൽ സബ് കമ്മിറ്റിക്കാർക്കു പുറമേ എറണാകുളത്തെ സ്വജനങ്ങളിൽ അതിന്റെ ഭാരവാഹികളായിരുന്ന മാന്യൻമാരേയും അഭിനന്ദിക്കേണ്ടതാണ്. യോഗത്തിൽ ഹാജരാകുകയും കഴിയുന്ന ഒത്താശകൾ ചെയ്കയും ചെയ്ത മാന്യൻമാരുടെ പേരുകൾ ഏതാനുമെങ്കിലും ഇവിടെ പ്രസ്താവിപ്പാൻ സ്ഥലമനുവദിക്കാത്തതിൽ വ്യസനിക്കുന്നു. എങ്കിലും യോഗത്തിന്റെ അപേക്ഷ അനുസരിച്ചു വളരെ ദൂരെനിന്നും നഷ്ടങ്ങളും ക്ലേശവും സഹിച്ചു വഴിയാത്ര ചെയ്തുവന്ന് അദ്ധ്യക്ഷസ്ഥാനം വഹിച്ച് യോഗത്തിന്റെ ബഹുമതിയെ പുലർത്തിയിരിക്കുന്ന ഹൈക്കോർട്ടു വക്കീൽ ഒ. കൃഷ്ണൻ ബി. എ. ബി. എൽ. അവർകളുടേയും, ഡാക്ടർ പി. പല്പു അവർകൾ, വക്കീൽ കെ. രാമുണ്ണി അവർകൾ, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കുഞ്ഞുരാമൻ ബി. എ. എൽ. ടി. അവർകൾ, മൂർക്കോത്തു കുമാരൻ അവർ

Digitized By Kerala Sahitya Akademi

കം മൃതലായ മറ്റു അനേകം മാന്യൻമാരുടേയും സമുദായ സ്നേഹത്തെ യോഗം പ്രത്യേകം സ്മരിക്കേണ്ടതാണെന്നു ഞങ്ങൾ പറഞ്ഞുകൊള്ളുന്നു. യോഗം നടത്താൻ കാളേജുഹാൾ അനുവദിച്ചുതന്നതുകൂടാതെ യോഗത്തിന്റെ അപേക്ഷ പ്രകാരം സർക്കാർലായത്തിൽ നിന്ന് അദ്ധ്യക്ഷന്റെ ഉപയോഗത്തിനായി നാലു ദിവസത്തേക്ക് ഒരു ഒന്നാംതരം വണ്ടിയും രണ്ടു കുതിരകളും അനുവദിച്ചുകൊടുത്തു യോഗത്തെ ബഹുമാനിച്ച കരുണയേറിയ കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ ഗവൺമെൻറിനെയും ദിവാൻ മിസ്റ്റർ ബാനർജി അവർകളുടെയും നേരേ യോഗത്തിന് എപ്പോഴും നന്ദിയുണ്ടായിരിക്കും എന്നുള്ളതും സർവോപരി പ്രസ്താവ യോഗ്യമാകുന്നു.

ഈ തവണത്തെ വിവേകോദയം പൊതുയോഗ സംബന്ധമായ സംഗതികളെക്കൊണ്ടുമാത്രം നിറഞ്ഞിരിക്കയാൽ അതിനെപ്പറ്റിയ ദീർഘമായ വിവരണം (ആവശ്യമാണെങ്കിൽ തന്നെയും) സ്ഥലച്ചുരുക്കത്താൽ പ്രസിദ്ധപ്പെടുത്താൻ തരമില്ലാതെ വന്നിരിക്കുന്നു. പാസ്സാക്കിയ നിശ്ചയങ്ങളേയോ അദ്ധ്യക്ഷൻ അവർകളുമുതലായ മാന്യൻമാരുടെ വളരെ സാരവത്തുകളായ പ്രസംഗങ്ങളേയോ പറ്റിയും എന്തെങ്കിലും ഞങ്ങൾക്കു പൊതുജനങ്ങളോടുപദേശിപ്പാനുള്ളതും മേൽപ്പറഞ്ഞ കാരണങ്ങളാൽ മറ്റൊരവസരത്തിലേക്കു മാറ്റിവയ്ക്കേണ്ടിവന്നിരിക്കുന്നു. എന്നാൽ ആചാരപരിഷ്കാരത്തേയും വിദ്യാഭ്യാസ സംബന്ധമായ സഹായങ്ങളേയും പറ്റിയുള്ള സംഗതികളാകുന്നു ഈ പൊതുയോഗത്തിന്റെ പര്യാലോചയ്ക്ക് അധികം വിഷയമായിരിക്കുന്നത്. ആ സംഗതികളിൽ നമ്മുടെ നേതൃസ്ഥാനം വഹിക്കുന്ന മാന്യൻമാർ എല്ലാം പ്രത്യേകം പ്രത്യേകം അവരുടെ പ്രസംഗങ്ങളിൽ പറഞ്ഞിരിക്കുന്ന അഭിപ്രായങ്ങളുടെ ഐകരൂപ്യത്തിൽ നിന്ന് ഈ അവസരത്തിൽ അവയുടെ പ്രാധാന്യവും ആവശ്യകതയും വെളിപ്പെടുന്നു. സജ്ജനങ്ങൾ അവയെപ്പറ്റിപ്പറയുന്ന ഭാഗങ്ങൾ പ്രത്യേകം ശ്രദ്ധവച്ചു വായിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു.

വിവേ: 1084 മേടം, ഇടവം

നമ്മുടെ അടുത്ത വാർഷിക പൊതുയോഗം

എസ്. എൻ. ഡി. പി. യോഗത്തിന്റെ ഏഴാമത്തെ വാർഷിക പൊതുയോഗം സമീപിച്ചുവരുന്നു. ഈ കൊല്ലം എവിടെവച്ചാണു യോഗം കൂടുന്നതെന്നും എന്തെല്ലാം കാര്യങ്ങളാണ് വിശേഷാൽ നടത്തപ്പെടാൻ വിചാരിക്കുന്നതെന്നും മറ്റും അറിവാൻ ഇപ്പോൾ പലർക്കും താൽപ്പര്യമുണ്ടാകും എന്നുള്ളതു സ്വാഭാവികമാണ്. എറണാകുളത്തു വച്ചു കഴിഞ്ഞ പൊതുയോഗാനന്തരം അടുത്ത യോഗം കോഴിക്കോട്ടു കൂടുന്നതിനെപ്പറ്റി പ്രവർത്തകൻമാരുടെ ഇടയിൽ ഒരു സ്വകാര്യാലോചനയുണ്ടായിരുന്നു. തെക്കേ മലയാളത്തുവച്ച് ഇതുവരെയും യോഗം കൂടീട്ടില്ലാത്തതു

Digitized By Kerala Sahitya Akademi

കണ്ണൂരത്തെ യോഗത്തിൽവച്ചു രാരിച്ചൻ മൂപ്പൻ അവർകളുടെ താത്പര്യ പ്രകാരം അടുത്ത യോഗം കോഴിക്കോട്ടുവച്ചു നടത്താൻ തീർച്ചയാക്കി എങ്കിലും ചില സംഗതിവശാൽ അപ്പോളതു സാധിക്കാതെ വന്നതും മറ്റുമാണ് അങ്ങിനെ ആലോചിപ്പാനുള്ള പ്രധാനകാരണം. എന്നാൽ ഇപ്പോഴും കോഴിക്കോട്ടുവച്ചു യോഗം നടപ്പാൻ സൗകര്യപ്പെടുന്നതല്ലെന്നു പ്രസ്താവിക്കേണ്ടി വന്നിരിക്കുന്നു. കാരണം, കോഴിക്കോട്ടു തീയരുടെ വകയായി പണിനടന്നുവരുന്ന ക്ഷേത്രത്തിന്റെ പ്രതിഷ്ഠാകലശം കഴിഞ്ഞെങ്കിലല്ലാതെ അവിടത്തുകാർക്ക് ഈ കാര്യത്തിൽ വേണ്ടവണ്ണം ശ്രമിച്ചു യോഗം ഭംഗിയാക്കാൻ പ്രയാസമെന്നു കാണുന്നു. അവരുടെ ശ്രദ്ധ മുഴുവനും വളരെ ധനവ്യയ സാദ്ധ്യമായ ടി ക്ഷേത്ര നിർമ്മാണത്തിൽ ആകർഷിക്കപ്പെട്ടുപോയിരിക്കുന്നു. അതുകൊണ്ടു രാരിച്ചൻ മൂപ്പൻ മുതലായ മാന്യൻമാരുടെ ആലോചനപ്രകാരം ഇക്കുറി യോഗം മയ്യഴി (മാഹി) യിൽ വച്ചു നടത്താനാണ് ഇടയുള്ളത്. പരന്തീസ് ഗവൺമെൻറുവകയായ ആ സ്ഥലത്തെ മേയർ പുന്നരാമോട്ടി അവർകളും അവിടത്തെ പ്രധാന കുടുംബികളും മാന്യൻമാരുമായ കക്കാട്ടു കുങ്കർ വൈദ്യർ, കെ. പത്മനാഭൻ വക്കീൽ മുതലായ യോഗ്യൻമാരും ഇതിന്നു ഭാരവാഹികളായിരിക്കുന്നതും മൂപ്പൻ അവർകളും, കൊറ്റത്തു രാമുണ്ണി വക്കീൽ അവർകളും, ഹൈക്കോടതി വക്കീൽ ഒയിറ്റി കൃഷ്ണൻ അവർകളും മുതലായി കോഴിക്കോട്ട്, തലശ്ശേരി, കണ്ണൂർ മുതലായ സമീപപ്രദേശങ്ങളിലെ എല്ലാ സമുദായ നേതാക്കളുടേയും ഉത്സാഹവും മേൽനോട്ടവും ഇതിൽ എപ്പോഴുമുണ്ടായിരിക്കുന്നതുമാണ്. ഇതിനെ സംബന്ധിച്ചു മയ്യഴിയിൽ ഉടനേ ഒരു പ്രാരംഭയോഗം കൂടാൻ ആലോചിച്ചു വരുന്നു; സംഗതികളെല്ലാം അതിൽ വച്ചു തീർച്ചയാക്കുന്നതാണ്. ശേഷം വിവരങ്ങൾ അടുത്തതിൽ.

വിവേ: 1085 വൃശ്ചികം, ധനു

ശ്രീനാരായണ ധർമ്മ പരിപാലന യോഗത്തിന്റെ 7-ാമതു വാർഷിക പൊതുയോഗം

ഇതിനെ സംബന്ധിച്ചു മീനം 21-ാം നു- മയ്യഴിയിൽ കൂടിയ ഒരു പ്രാരംഭയോഗത്തിന്റെ പ്രൊസീഡിംഗ്സ് ഞങ്ങൾ മറ്റൊരു ദിക്കിൽ ചേർത്തിട്ടുണ്ട്. അതിൽ കാണുന്ന പ്രകാരം ഈ മേടം 27–ം 28–ം തീയതികളിൽ ഈ മഹാ യോഗം കൂടുന്നതിനു വേണ്ട ഒരുക്കങ്ങൾ മയ്യഴിയിൽ ഉത്സാഹപൂർവം നടന്നുവരികയാകുന്നു. യോഗത്തിൽ പതിവുപോലെ യോഗത്തിന്റെ ഭാരണസംബന്ധമായ കാര്യങ്ങൾക്കു പുറമേ സമുദായത്തിന്റെ പൊതുവിലുള്ള അഭിവൃദ്ധിമാർഗ്ഗങ്ങളെപ്പറ്റിയ പര്യാലോചനകളും പല മാന്യൻമാരുടേയും പ്രസംഗങ്ങളും മറ്റും ഉണ്ടായിരിക്കുന്നതാണ്. ഇക്കുറി യോഗത്തിന്റെ അദ്ധ്യക്ഷസ്ഥാനം കോഴിക്കോട്ട് എം. ആർ. കേളപ്പൻ അവർകൾ നിർവഹി

Digitized By Kerala Sahitya Akademi

ക്കുന്നതാകുന്നു. ഇദ്ദേഹത്തിന്റെ പേർ മലബാറിൽ പ്രസിദ്ധമാണെങ്കിലും കൊച്ചിയിലുംതിരുവിതാംകൂറിലുമുള്ള സജ്ജനങ്ങളിൽ അധികം പേർ ഇദ്ദേഹത്തെപ്പറ്റി അറിഞ്ഞിരിപ്പാൻ ഇടയില്ലെന്നു വിചാരിക്കുന്നു. ഇദ്ദേഹം കോഴിക്കോട്ട് ഒരു മാന്യ തീയ്യകുടുംബത്തിലെ കാരണവരും വളരെക്കാലം ഒരുഡിസ്ട്രിക്ട് കോർട്ട് ശിരസ്തദാരായും ഡിസ്ട്രിക്ട് മുൻസിഫായും ഇരുന്നു ഗവൺമെൻറിനും പ്രജകൾക്കും ഏറ്റവും തൃപ്തികരമാംവണ്ണം ജോലി നോക്കി പത്തുകൊല്ലങ്ങൾക്കുമുമ്പ് പെൻഷൻ വാങ്ങിയിട്ടുള്ള ഒരുദ്യോഗസ്ഥനും ആകുന്നു. ഇദ്ദേഹത്തിനിപ്പോൾ 65 വയസ്സുണ്ട്. താനിപ്പോഴും കോഴിക്കോട്ട് ഒരു ബഞ്ചുമജിസ്ത്രേട്ടും താലൂക്കു ബോർഡിലും ഡിസ്ട്രിക്ട് ബോർഡിലും ഒരു മെമ്പറുമാണ്. ഇദ്ദേഹത്തിന്റെ അനുകരണീയമായ കൃത്യനിഷ്ഠ സത്യസന്ധത മുതലായ ഗുണങ്ങൾ ഉയർന്നതും താണതുമായ എല്ലാത്തരം ജനങ്ങളുടേയും ഇടയിൽ പ്രസിദ്ധമാകുന്നു. ഇതിനുപുറമേ ഒരു നല്ല സ്വജാതിസ്നേഹിയും സ്വമതസ്നേഹിയും കൂടി ആയ ഇദ്ദേഹത്തെ നമ്മുടെ യോഗത്തിന്റെ ഈ തവണത്തെ പ്രസിഡൻറായി തിരഞ്ഞെടുത്തത് ഒന്നുകൊണ്ടും ആക്ഷേപയോഗ്യമാണെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. മിസ്റ്റർ കേളപ്പൻ തന്റെ പരിഷ്കൃതമായ മനോഗുണങ്ങളേയും വളരെക്കാലത്തെ ലോകപരിചയത്താൽ പരിപക്വമായ ബുദ്ധിശക്തിയേയും സ്വജനങ്ങളുടെ നൻമയെ ഉദ്ദേശിച്ചു വിനിയോഗിപ്പാൻ തനിക്കു കിട്ടിയിരിക്കുന്ന ഈ സന്ദർഭത്തെ വേണ്ടവണ്ണം ഉപയോഗിക്കുമെന്നും യോഗത്താൽ നൽകപ്പെട്ടിരിക്കുന്ന ഈ മാന്യസ്ഥാനത്തിൽ തന്റെ കൃത്യങ്ങളെ തനിക്കും സമുദായത്തിനും അഭിമാനകരമാംവണ്ണം ഭംഗിയായി നിർവഹിക്കുമെന്നും ഞങ്ങൾ നിസ്സംശയം വിശ്വസിക്കുന്നു.

വിവേ: 1085 മീനം

നമ്മുടെ ഏഴാമതു പൊതുയോഗം

ഞങ്ങളുടെ അധീനതയിലുള്ള സ്ഥലം മുഴുവനും ഇക്കുറി പൊതുയോഗസംബന്ധമായ റിക്കാർഡുകൾകൊണ്ടു തന്നെ നിറഞ്ഞു കഴിഞ്ഞിരിക്കുന്നു. കാര്യഗൗരവം കൊണ്ടും അനുരൂപമായ ആഡംബരങ്ങൾ കൊണ്ടും ഏറ്റവുംക്ഷേമമായ വിധത്തിൽ കലാശിച്ച ഈ പൊതുയോഗത്തെപ്പറ്റി ഞങ്ങൾക്കു പലതും പറവാനുണ്ടായിരുന്നു. അതിനു സ്ഥലച്ചുരുക്കത്താൽ തരമില്ലാതെ വന്നതിൽ വ്യസനിക്കുന്നു. എങ്കിലും ഹാളിലും അതിന്റെ പരിസരങ്ങളിലും ചെയ്തിരുന്ന മനോഹരമായ അലങ്കാരങ്ങളും ഒരുതരം രമ്യമായ പട്ടകളും യൂണിഫാറവും ധരിച്ചുള്ള നാൽപ്പതിൽപ്പരം വാളൻറിയർമാരുടെ കവാത്തുകളും ഉത്സാഹങ്ങളും, രാത്രി വിനോദാർത്ഥം മൂർക്കോത്തു കുമാരൻ അവർകളുടെ "ആദ്യവസാന"ത്തിൽ നടത്തപ്പെട്ടിരുന്ന അതിരസകരമായ "ഇന്ദുലേഖാ" നാടകവും• സ്പോർട്സും മറ്റും ഒഴികെ വേറെയു

Digitized By Kerala Sahitya Akademi

ള്ള എല്ലാ പ്രധാന സംഗതികളും ആ റിക്കാർഡുകളിൽനിന്നു വായനക്കാർക്കു മനസ്സിലാക്കാവുന്നതാകുന്നു. പൊതുയോഗം സമുദായത്തിനു പൊതുവിലും പാന്ത്രീസ് ഗവൺമെൻറിൻെറ പ്രജകളായ മയ്യഴിയിലെ സഹോദരങ്ങൾക്കു പ്രത്യേകിച്ചും അഭിമാനകരമാംവണ്ണം അവസാനിച്ചിരിക്കുന്നു എന്നറിയുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു.

വിവേ: 1085 മേടം, ഇടവം

പ്രതിഷ്ഠയും വാർഷിക പൊതുയോഗവും

ശാരദാപ്രതിഷ്ഠയും വാർഷിക പൊതുയോഗവും ചിങ്ങത്തിൽ നടത്താൻ ആലോചിക്കേണമെന്നാണല്ലോ ഞങ്ങൾ കഴിഞ്ഞകുറി പ്രസ്താവിച്ചിരുന്നത്. അതിനുശേഷമുള്ള ഞങ്ങളുടെ അനുഭവത്തിൽ യോഗവും പ്രതിഷ്ഠയും ഓണം സംബന്ധിച്ചു നടത്തുന്നതിൽ പലർക്കും ബലമായ അഭിപ്രായഭേദങ്ങൾ ഉള്ളതായി കാണുന്നു. ഓണത്തിന് അവരവരുടെ വീടുകൾവിട്ടു ജനങ്ങൾ വന്നുചേരാൻ വളരെ മടിക്കുമെന്നും, വേലചെയ്വാൻ കൂടി ആളുകൾ കിട്ടാൻ ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നും, വിചാരിച്ചപോലെ ഒന്നും ഭംഗിയാകാൻ ഇടവരികയില്ലെന്നും, അതുകൊണ്ട് ആ സമയത്തിൽനിന്നും കുറെക്കൂടി നീട്ടി അധികം സൗകര്യമുള്ള മറെറാരു സമയത്താക്കേണമെന്നും ഒരു ശക്തിയുള്ള കക്ഷി പ്രബലമായി വാദിക്കുന്നുണ്ട്. അവരുടെ വാദത്തിൽ ന്യായമില്ലാതെയും ഇരിക്കുന്നില്ല. പ്രതിഷ്ഠ എപ്പോൾ ആയാലും വിരോധമില്ല; യോഗം ഒരു ക്ലിപ്ത സമയത്തുനടത്തേണ്ടത് ആവശ്യമാണ്. ഇപ്പോൾതന്നെ പൊതുയോഗം കൂടേണ്ടകാലം അതിക്രമിച്ചു പോയിരിക്കുന്നു. ചിങ്ങത്തിൽ കൂടുന്നതുതന്നെ വളരെസമയം അതിക്രമിച്ചിട്ടാണ്. പിന്നെ അതിനെക്കാൾ ദീർഘമായ ഒരു കാലത്തേക്ക് നീട്ടിവയ്ക്കേണ്ടിവന്നാൽ ഡയറക്ടർമാർക്കു നിശ്ചയമായും അസാധാരണമായ ബുദ്ധിമുട്ടുകൾക്കിടയുള്ളതാണ്. ഇനി നിരാക്ഷേപമായ ഒരു നല്ലസമയം ക്രിസ്തുമസ് ഒഴിവുകാലമാണല്ലോ. അതുകൊണ്ടു ഡിസംബർ അവസാനത്തിലേക്കു നീക്കിവയ്ക്കേണ്ടതായാണു കലാശിക്കുന്നത്. ഇങ്ങിനെ കൊല്ലത്തിൻെറ ആദ്യത്തിൽ കൂടേണ്ട യോഗം അവസാനത്തിൽ കൂടാനേ തരമുള്ളു എന്നുവരുന്നു. അതുനിമിത്തം യോഗത്തിൻെറ ഭരണത്തിൽ ഉണ്ടാവാൻ ഇടയുള്ള പ്രയാസങ്ങൾ ഡയറക്ടർമാർക്കുതന്നെ ഉള്ളപോലെ അറിഞ്ഞുകൂടു. അദ്ധ്യക്ഷൻ അവർകളും ഡയറക്ടർമാരും ഏതായാലും ഉടനെ ഇതിനെപ്പററി ഗൗരവപൂർവം ആലോചിച്ച് ഒരു നിശ്ചയം പ്രസിദ്ധപ്പെടുത്തുമെന്നു വിശ്വസിക്കുന്നു.

വിവേ: 1086 മീനം

Digitized By Kerala Sahitya Akademi

വാർഷിക പൊതുയോഗം

എസ്. എൻ. ഡി. പി. യോഗത്തിന്റെ 1910–ലെ (കണക്ക്) ബാക്കി പ്പത്രം ഗവൺമെന്റിനു് അയച്ചുകൊടുക്കേണ്ട കാലം അതിക്രമിച്ചിരിക്കയാണു്. പൊതുയോഗത്തിൽ പാസ്സായല്ലാതെ ഈ കണക്കു ഗവൺമെന്റിനു സമർപ്പിക്കാൻ പാടില്ലാത്തതാണു്. അതിലേക്കായി ഉടനെ ഒരു പൊതുയോഗം കൂടേണ്ടതു് ഒഴിച്ചുകൂടാത്ത കൃത്യമാകുന്നു. ബഡ്ജറ്റു പാസ്സാക്കുക, ഡയറക്ടർമാരെ തെരഞ്ഞെടുക്കുക ഈ കൃത്യങ്ങളും അതുപോലെതന്നെ പ്രാധാന്യമുള്ളവയാകുന്നു. അതിനും ഒരു പൊതുയോഗം കൂടേണ്ടതു് അപേക്ഷിതമാണു്. അതുകൊണ്ടു് ശാരദാ പ്രതിഷ്ഠ പലകാരണങ്ങളാൽ നീട്ടിവയ്ക്കേണ്ടിവന്നിരിക്കുന്നു എങ്കിലും പൊതുയോഗം നീട്ടിവയ്ക്കുന്നതു തീരെ വിഹിതമല്ലെന്നു തീർച്ചയാകുന്നു. യോഗം ഒരു രജിസ്റ്റർചെയ്യപ്പെട്ട കമ്പനിയാണു്. അതിന്റെ വാർഷികയോഗത്തെ ഐച്ഛികമായി മാറ്റിവയ്ക്കുകയോ കണക്കുകൾ പാസ്സാക്കി ക്ലിപ്തകാലങ്ങളിൽ ഗവൺമെന്റിൽ സമർപ്പിക്കുന്നതിനു വീഴ്ച വരുത്തുകയോ ചെയ്താൽ അതു നിയമപ്രകാരം ശിക്ഷാർഹമാകുന്നു. അതുകൊണ്ടു് പതിവുപോലെ ആഘോഷത്തോടുകൂടി അല്ലെങ്കിലും കാര്യസാദ്ധ്യത്തിനായി ഒരു പൊതുയോഗം ഉടനേ വിളിച്ചുകൂട്ടുന്നതു നല്ലതായിരിക്കും. അതു മുൻപു് ആലോചിച്ചപോലെ ചിങ്ങത്തിൽ, സ്വാമി തൃപ്പാദങ്ങളുടെ ജൻമ നക്ഷത്ര മഹോത്സവം സംബന്ധിച്ചു് ശിവഗിരിയിൽവച്ചുതന്നെ നടത്തുന്നതു് എല്ലാംകൊണ്ടും നല്ലതാണു്. ശാരദാപ്രതിഷ്ഠയോടൊന്നിച്ചു കേമമായനിലയിൽ നടത്താൻ ഉദ്ദേശിച്ചിരിക്കുന്ന മഹായോഗത്തിനു് ഈ വാർഷികയോഗം ഒരുപ്രാരംഭയോഗത്തിന്റെ നിലയിൽ ഉപയോഗപ്പെടുന്നതുമാകുന്നു. ആ മഹായോഗത്തിന്റെ നടത്തിപ്പിനെയും മറ്റും സംബന്ധിച്ചു വേണ്ട ആലോചനകളും പ്രാരംഭ വ്യവസ്ഥകളും എല്ലാം പ്രസ്തുത പൊതുയോഗത്തിൽ വച്ചു പര്യാലോചിച്ചു ചെയ്യാവുന്നതുമാണു്. യോഗം ഡയറക്ടർമാരുടെ ശ്രദ്ധ ഉടനേ ഈ വിഷയത്തിൽ പതിയുമെന്നു വിശ്വസിക്കുന്നു.

വിവേ: 1086 മേടം, ഇടവം

പ്രതിയോഗവും പ്രദർശനവും

ശിവഗിരിയിൽ ശാരദാ പ്രതിഷ്ഠയോടുകൂടി ഉണ്ടാകാനിരിക്കുന്ന മഹായോഗം ഒരു കൃഷിവ്യവസായ പ്രദർശനത്താൽ അലംകൃതമാക്കിയാൽ കൊള്ളാമെന്നു് ഒരു മാന്യൻ കേരളകൗമുദിയിൽ അഭിപ്രായപ്പെടുന്നതും മറ്റു ചിലർ അതിനെ വിസമ്മതിക്കുന്നതും ഞങ്ങൾ കാണുന്നു. ഇതിൽ ഞങ്ങളുടെ അഭിപ്രായം ഒടുവിലത്തെ കക്ഷിയെ താങ്ങിയാണു നിൽക്കുന്നതെ

Digitized By Kerala Sahitya Akademi

ന്നു പറയേണ്ടി വരുന്നതിൽ വ്യസനിക്കുന്നു. ശാരദാ പ്രതിഷ്ഠയും അതു സംബന്ധമായ ഉത്സവവും പൊതുയോഗവും തന്നെ നടത്തുന്നതു ഭാരവാഹികൾക്കു വളരെ ചുമതലയുള്ള സംഗതികളാണ്. ശിവഗിരിമഠത്തിന്റെ ഭാവിയെപ്പറ്റി വേണ്ടതു് എല്ലാം പരിചിന്തിച്ചു വ്യവസ്ഥ ചെയ്യേണമെന്നുള്ള സ്വാമി അവർകളുടെ ആജ്ഞയെ അടിസ്ഥാനമാക്കിയാണു് ഒരു പൊതുയോഗം കൂടി പ്രതിഷ്ഠയോടൊന്നിച്ചു ഘടിപ്പിക്കുന്നതു്. ആ സന്ദർഭത്തെ നാം കഴിയുന്ന വിധത്തിലെല്ലാം ഭംഗിപിടിപ്പിക്കുന്നതു നല്ലതും ആവശ്യവും തന്നെ. എന്നാൽ വല്ല ക്ഷണികമായ ഉല്ലാസത്തിനും വേണ്ടി വ്യയംചെയ്യുന്ന പ്രവർത്തകൻമാരുടെ സമയവും ശക്തിയും സ്ഥിരഫലമായ ഏതെങ്കിലും വിഷയത്തിൽ വിനിയോഗിപ്പാൻ കഴിയുമെങ്കിൽ അതാണു് നമുക്കു് ഈ സന്ദർഭത്തിൽ ആശാസ്യതരം. ഇങ്ങിനെ പറയുന്നതുകൊണ്ടു കൃഷിവ്യവസായ പ്രദർശനങ്ങൾ കേവലം "തമാശകൾ" മാത്രമാണെന്നു് അർത്ഥമാക്കുകയല്ല. പ്രദർശനങ്ങൾ അവയുടെ ന്യായമായ സ്ഥിതിയിൽ നടത്തിയാൽ ഏറ്റവും പ്രയോജനകരമായ ഏർപ്പാടുകളാണു്, സംശയമില്ല. എന്നാൽ അങ്ങിനെ നടത്തുന്നതു അഭിപ്രായപ്പെടുന്ന മാന്യൻ വിചാരിക്കുന്ന അത്ര സുഖകരമാണോ എന്നാണു സംശയം. വേണ്ടിടത്തോളം സമയവും ധനവും പ്രയത്നിപ്പാൻ ആളുകളും ഇല്ലാതെ "ചെന്നതിൻ കോലേ പതിനാറായി" ഒരു പ്രദർശനം നടത്തുന്നതു് എസ്. എൻ. ഡി. പി. യോഗത്തിന്റെ ഇന്നത്തെ സ്ഥിതിക്കു് അനുചിതമാകുന്നു. അതുകൊണ്ടു് ആ ആലോചനയിൽ നിന്നു തൽക്കാലം വിരമിച്ചു് ജനങ്ങളെ കൌമുദി പ്രസ്താവിക്കുന്ന പ്രകാരത്തിൽ ശിവഗിരിയിൽ ഒരു ബോർഡിംഗു് സ്കൂൾ സ്ഥാപിക്കുന്ന വിഷയത്തിൽ ഉത്സാഹിപ്പിപ്പാൻ കഴിയുമെങ്കിൽ അതാണു് സമയോചിതമായ കൃത്യമെന്നാണു് ഞങ്ങളുടെ അഭിപ്രായം.

വിവേ: 1086 മേടം, ഇടവം

വാർഷിക പൊതുയോഗം

നമ്മുടെ യോഗത്തിന്റെ എട്ടാമതു വാർഷിക പൊതുയോഗം വിചാരിച്ചിരുന്നപോലുള്ള ആഘോഷങ്ങളോടു കൂടാതെ ആണെങ്കിലും കാര്യഗൗരവത്തിനു കുറവു കൂടാതെ ശിവഗിരി മഠത്തിൽ വച്ചു് ഈ കന്നി 21–ാം നു- നടത്താൻ തീർച്ചയാക്കിയിരിക്കുന്ന വിവരം നോട്ടീസു മൂലമായും മറ്റും യോഗാംഗങ്ങളും [അല്ലാതെയുമുള്ള സമുദായാംഗങ്ങളും അറിഞ്ഞിരിക്കുമല്ലോ. ഈ യോഗത്തിൽ കഴിഞ്ഞ 1910–ലെ കണക്കുകൾ പാസ്സാക്കുക മുതലായ യോഗത്തിന്റെ ആഭ്യന്തര കാര്യങ്ങളാണു് മുഖ്യമായി നടത്തപ്പെടാൻ വിചാരിക്കുന്നതെങ്കിലും യോഗത്തിന്റേയും ശിവഗിരി മഠത്തിന്റേയും അഭിവൃദ്ധിയെപ്പറ്റിയും മറ്റുമുള്ള പൊതുകാര്യങ്ങളും അവശ്യമായി പര്യാലോചിക്കപ്പെടുന്നതാണ്". ശാരദാ പ്രതിഷ്ഠയോടൊന്നിച്ചു് അടുത്ത പൊതുയോഗം

Digitized By Kerala Sahitya Akademi

ആഘോഷസഹിതം ശിവഗിരിയിൽ വച്ചുതന്നെ കൂടാൻ ഇടയുള്ളതിനാൽ ആ യോഗത്തിനു പ്രസ്തുത യോഗം ഒരു പ്രാരംഭ യോഗത്തിന്റെ നിലയിൽ ഉപയോഗപ്പെടുമെന്നുള്ളതുമാകുന്നു. ഡാക്ടർ പി. പല്പു അവർകൾ ഈ പൊതുയോഗത്തിന് അദ്ധ്യക്ഷനായിരിക്കാമെന്ന് സമ്മതിച്ചിട്ടുള്ള വിവരവും വായനക്കാരുടെ ശ്രദ്ധയെ പ്രത്യേകം അർഹിക്കുന്നതാണല്ലോ. യോഗാംഗങ്ങളും അല്ലാത്തവരുമായി സമുദായസ്നേഹമുള്ള എല്ലാമാന്യന്മാരും പ്രസ്തുത യോഗത്തിൽ ഹാജരായി യോഗത്തിന്റെ ഗൗരവത്തേയും ഉപയോഗത്തേയും വർദ്ധിപ്പിക്കാൻ നോക്കേണമെന്ന് ഞങ്ങൾ യോഗത്തിനു വേണ്ടി താല്പര്യപൂർവം ക്ഷണിച്ചുകൊള്ളുന്നു.

വിവേ: 1087 ചിങ്ങം

8—ാമതു വാർഷീകപൊതുയോഗം

കഴിഞ്ഞ തവണ പ്രസ്താവിച്ചപ്രകാരം എസ്. എൻ. ഡി. പി. യോഗത്തിന്റെ 8-ാമതു വാർഷിക പൊതുയോഗം കന്നി 21-ാംനു ശിവഗിരിയിൽ കൂടി വിചാരിച്ചതിലധികം ഭംഗിയായി കഴിഞ്ഞിരിക്കുന്നു. നോട്ടീസിൽ വിവരിച്ചപ്രകാരം ഡാക്ടർ പല്പു അവർകൾക്കു വന്നുചേരുകയും ആദ്ധ്യക്ഷ്യം വഹിക്കുകയും ചെയ്വാൻ ഇടയാകാതിരുന്നത്, ഇച്ചാഭംഗത്തിനും ചില കുഴപ്പത്തിനും, അസൗകര്യത്തിനും ഇടയാക്കി എങ്കിലും നാഗർകോവിൽ മുൻസിഫ് എം. ഗോവിന്ദൻ ബി. എ. ബി. എൽ. അവർകൾ ഗവൺമെൻറ് അനുവാദപൂർവം ആ സ്ഥാനം വഹിപ്പാൻ സമ്മതിച്ചതിൽ എല്ലാവർക്കും സന്തോഷവും കൃതാർത്ഥതയും ഉണ്ടായി. യോഗാംഗങ്ങൾ 20-ാംനു മുതൽ ശിവഗിരിയിൽ വന്നുചേർന്നു തുടങ്ങി. 21-ാംനു വൈകുന്നേരം 3 മണിയായപ്പോഴേക്കും വിശാലമായ അഗ്രശാലാഹാളിൽ ആളുകൾ തിങ്ങി വരാന്തയിലും വെളിയിലുമായിവഴിഞ്ഞ് തിക്കും തിരക്കുമായി. യോഗത്തിന്റെ ആഭ്യന്തരകാര്യങ്ങളെ മാത്രം പര്യാലോചിപ്പാനായി ധൃതഗതിയിൽ വിളിച്ചുകൂട്ടിയ ഈ യോഗത്തിൽ ഇത്ര വളരെ ആളുകൾ ഹാജരാകുമെന്നു ഭാരവാഹികൾ അശേഷം വിചാരിച്ചിരുന്നില്ല. ജനബാഹുല്യം കൊണ്ടു യോഗ നടപടികൾ നടത്താൻതന്നെ വിഷമമായിരുന്നു. ശാരദാമഠത്തിനു മുൻവശത്തുനിന്ന് ശിവപ്രസാദസ്വാമിചെയ്ത വിശിഷ്ടമായ മതപ്രസംഗം യോഗാംഗങ്ങളല്ലാത്ത ജനങ്ങളെ ആദിക്കിലേക്ക് ആകർഷിച്ച് ശേഷമാണ് നടപടികൾ ആരംഭിക്കാൻ തരമുണ്ടായത്. ശേഷം വിവരങ്ങൾ ഇത്തവണ ഞങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള യോഗനടപടികളിൽ നിന്നു ഗ്രഹിക്കാവുന്നതാണ്. സമയച്ചുരുക്കത്താൽ യോഗത്തിലേക്കു കിട്ടിയിട്ടുള്ള ചില അപേക്ഷകളും എഴുത്തുകളും വായിക്കുന്നതിനോ അവയെപ്പറ്റി വേണ്ടവണ്ണം പര്യാലോചിച്ചു തീർച്ചചെയ്യുന്നതിനോ ഇടയാകാതെ

Digitized By Kerala Sahitya Akademi

വന്നുപോയിട്ടുണ്ട്. ഇത് അടുത്ത മേടത്തിൽത്തന്നെ സൗകര്യമായി പൊതുയോഗം കൂടുന്നതാകയാൽ അപ്പോഴേ നിവർത്തിക്കപ്പെടുന്നതാണെന്നുവച്ച് ക്ഷമിക്കേണ്ടതാകുന്നു. പൊതുയോഗത്തിന്റെ ആലോചന കൂടാതെ കഴിക്കാവുന്ന അപേക്ഷകൾ ഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക് ഉടനെ വിഷയമാകുന്നതും അവയെപ്പറ്റി അവർ യഥായോഗ്യം പ്രവർത്തിക്കുന്നതുമാകുന്നു.

വിവേ: 1087 കന്നി, തുലാം

9-ാമതു വാർഷിക പൊതുയോഗം

എസ്. എൻ. ഡി. പി. യോഗം അതിന്റെ 9-ാമത്തെ വാർഷിക സമ്മേളനമാണ് ഇപ്പോൾ നടത്താൻ പോകുന്നതെങ്കിലും അത് ആരംഭിച്ചിട്ടു പത്താമത്തെ കൊല്ലമാകുന്നു. ഈ പത്തു കൊല്ലത്തിനിടയിൽ ഇതു സമുദായത്തിന്റെ ഉൽക്കർഷത്തിന്ന് അനുകൂലമായ പല ഗൗരവമേറിയ സംഗതികളും ചെയ്തിട്ടുണ്ടെന്നും വാസ്തവത്തിൽ സമുദായം അതുകൊണ്ടു വളരെഗുണപ്പെട്ടിട്ടുമുണ്ടെന്നുമുള്ളത് നിഷേധിപ്പാൻ പാടില്ലാത്ത വസ്തുതകളാകുന്നു. കേരളത്തിന്റെ തെക്കേ അറ്റം മുതൽ ദക്ഷിണ കർണ്ണാടകം വരെ വ്യാപിച്ചുകിടക്കുന്ന നമ്മുടെ ഭയങ്കരമാംവണ്ണം വലിയ സമുദായം എസ്. എൻ. ഡി. പി. യോഗത്തിന്റെ ആവിർഭാവത്തിനു മുമ്പ് ഇരുന്ന സ്ഥിതിയിലല്ല ഇന്നിരിക്കുന്നത്. ഏറ്റവും വടക്കും ഏറ്റവും തെക്കും മദ്ധ്യപ്രദേശങ്ങളിലുമുള്ള നമ്മുടെ ജനങ്ങൾ തമ്മിൽ ഇപ്പോൾ എത്ര സഹോദരബുദ്ധിയോടും പരസ്പര സ്നേഹത്തോടും ബഹുമാനത്തോടും കൂടിയാണ് വർത്തിക്കുന്നത്. കേവലം പല വർഗ്ഗക്കാരെപ്പോലെ വേർതിരിഞ്ഞും പരിചയത്തിനും സാഹചര്യത്തിനും കാരണവും സൗകര്യവുമില്ലാതെയും ഭിന്ന ഗവൺമെൻറുകളുടെ ഭരണത്തിൻ കീഴിൽ ഉദാസീനരായി വർത്തിച്ചുവന്ന നമ്മുടെ വർഗ്ഗക്കാർക്കു പരസ്പരം ഇന്നുണ്ടായിരിക്കുന്നതും വർദ്ധിച്ച് എന്നേക്കും നമ്മുടെ ഗുണാഭിവൃദ്ധിക്കും ക്ഷേമത്തിനും ഉതകേണ്ടതും ഉതകുന്നതുമായ ജാത്യഭിമാനപൂർവമായ ഈ മമതാബന്ധത്തെ ഉദ്ബോധിപ്പിക്കയും വ്യാപിപ്പിക്കുകയും ചെയ്തത് ഏതാണ്? നിശ്ചയമായും എസ്. എൻ. ഡി. പി. യോഗം തന്നെ. മഹാത്മാവായ നമ്മുടെ സ്വാമിതൃപ്പാദങ്ങൾക്കു തന്നാലാരംഭിക്കപ്പെട്ട ഈ മഹാസ്ഥാപനത്തെപ്പറ്റി അതിന്റെ മേലത്തെ സ്ഥിതി ഏതു തന്നെ ആയിരുന്നാലും ഇന്നു നിശ്ചയമായും കൃതാർത്ഥത തോന്നാവുന്നതാകുന്നു. പല സ്ഥലങ്ങളിൽ പല വിധത്തിൽ സമാജങ്ങളും ക്ഷേത്രങ്ങളും സ്ഥാപിച്ചു ജനങ്ങളെ മതസംബന്ധമായും ലൗകികമായും ഉയർന്ന സ്ഥിതിയിൽ കൊണ്ടുവരുന്നതിലും വിജയ പൂർണ്ണമായ മഹായോഗങ്ങളും പ്രദർശനങ്ങളും മറും നടത്തി മഹാജനങ്ങളുടെയും ഗവൺമെൻറുകളുടെയും ബഹുമാനപൂർവമായ ശ്രദ്ധയെ ആകർഷിക്കുന്നതിലും എസ്. എൻ. ഡി. പി. യോഗം ഏത്ര ഉപയുക്തമായിത്തീർന്നിട്ടുണ്ടെന്നുള്ളത് പ്രസ്താവിച്ചേ

Digitized By Kerala Sahitya Akademi

തീരുമെന്നില്ലാത്ത സംഗതി ആകുന്നു. യോഗം ആരംഭിച്ചതും അതിന്റെ ആദ്യത്തെ പൊതുയോഗങ്ങൾ കൂടിയതും അരുവിപ്പുറത്താണെന്നുള്ള വസ്തുത ഇപ്പോൾ ആരും മറന്നിരിക്കയില്ല. അന്നു ശിവഗിരിയുടെ സംജ്ഞപോലും ഉണ്ടായിരുന്നില്ല. ഇന്നു നാം നമ്മുടെ മതസംബന്ധമായ പ്രവൃത്തികളുടെ തലസ്ഥാനമെന്നുള്ള അഭിമാനത്തോടുകൂടി ഈ 9-ാമതു വാർഷിക പൊതുയോഗം ഇത്ര കേമമായ വിധത്തിൽ ഇവിടെവച്ചു കൂടാൻ ഇടയായതു നിശ്ചയമായും സ്വാമിതൃപ്പാദങ്ങളുടെ അനുഗ്രഹത്തിന്റെ ഫലം ഒന്നുതന്നെയാകുന്നു. യോഗത്തെ സംബന്ധിച്ച വിശേഷവിവരണങ്ങളിൽ പ്രവേശിപ്പാൻ ഞങ്ങൾ ഇപ്പോൾ വിചാരിക്കുന്നില്ല. എന്നാൽ കഴിഞ്ഞതവണ കാര്യവശാൽ ശിവഗിരിയിൽ കൂടിയ 8–ാമതു പൊതുയോഗത്തിൽ അദ്ധ്യക്ഷൻ എം. ഗോവിന്ദൻ ബി. എ. ബി. എൽ. അവർകൾ ചെയ്ത പ്രസംഗത്തെ ഇക്കുറി ഞങ്ങൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നുണ്ട്. അതിൽ അടങ്ങിയ ഗൗരവമേറിയ പല സംഗതികളിലും വായനക്കാരുടെ ശ്രദ്ധയെ ക്ഷണിക്കുകയും യോഗത്തിൽ അംഗങ്ങളായിച്ചേർന്നും പണമടച്ചും അതിന്റെ പ്രവൃത്തിയെ വേഗത്തിൽ സഹായിച്ച് അഭിവൃദ്ധിപ്പെടുത്തുന്നതിനേക്കാൾ സമുദായത്തിന്റെ ശീഘ്രതരമായ ഉദ്ഗതിക്കുതകുന്ന മറ്റൊരു മാർഗ്ഗം സുലഭമല്ലെന്ന് ഈ സന്ദർഭത്തിൽ ഞങ്ങൾ ഉറപ്പു പറഞ്ഞുകൊള്ളുകയും ചെയ്യുന്നു.

ഞങ്ങൾ മറ്റൊരു ദിക്കിൽ ചേർത്തിരിക്കുന്ന സാമാന്യ കാര്യപരിപാടി അനുസരിച്ചു യോഗം, പ്രതിഷ്ഠയുടെ അടുത്ത ദിവസമായ മേടം 19–ാം തീയതി (മേയ് 1–ാംനു-) വൈകുന്നേരം 3 മണിയോടെ ആരംഭിക്കുന്നതും 21–ാം തീയതി (മേയ് 3-ാം തീയതി) 5 മണിയോടുകൂടി അവസാനിക്കുന്നതു മാകുന്നു. യോഗത്തിന്റെ ലൗകികവും മതസംബന്ധവുമായ കാര്യങ്ങളുടെ മേൽനടപ്പിനെ സംബന്ധിച്ചു ഗൗരവമേറിയ എല്ലാ സംഗതികളും യോഗത്തിൽ ആലോചിച്ചു തീരുമാനിക്കുന്നതായിരിക്കും. അദ്ധ്യക്ഷന്റെയും വിശേഷാൽ ക്ഷണിക്കപ്പെടുന്ന ഇതര സമുദായത്തിലെ മാന്യൻമാർ മുതലായവരുടെയും സാരമായ പ്രസംഗങ്ങൾ ഒടുവിലത്തെ ദിവസം അവസാന സിറ്റിങ്ങിൽ ആയിരിക്കും.

വിവേ: 1087 മകരം, കുംഭം, മീനം

ശിവഗിരിയുടെ പ്രകൃതം മാറി

വിജനവും ശാന്തവുമായിരുന്ന ശിവഗിരിയിൽ ഇപ്പോൾ കാണുന്ന ജനസഞ്ചാരവും ഉർജ്ജിതവും തിക്കും തിരക്കും ആർക്കും ഉത്സാഹത്തെ ഉണ്ടാക്കുന്ന ഒന്നാണ്. ആശാരിമാർ, കല്പൻമാർ, തട്ടാൻമാർ, കൊല്പൻമാർ, പന്തൽ വേലക്കാർ ഇവർ ഒരു ഭാഗം. ഇഞ്ചിനീയർമാർ മേസ്ത്രിമാർ കണ്ടറാക്ടർമാർ, ഒട്ടനവധികൂലിപ്പണിക്കാർ ഇവർ മറ്റൊരു ഭാഗം. എഴുത്തുകാർ, പണ

Digitized By Kerala Sahitya Akademi

പ്പിരുവുകാർ, കമ്മാറിക്കാർ ഇവർ വേറൊരു ഭാഗം. വൈദികൻമാർ, ക്ഷേത്രാ
നേഷണക്കാർ, നേർച്ചക്കാർ, വഴിപാടുകാർ ഇവർ മറെറാരുഭാഗം. അതിഥി
മാർ, സദ്യക്കാർ, പാചകാരകൻമാർ വേറൊരുഭാഗം. കച്ചവടക്കാർ, കാഴ്ച
ക്കാർ ഉത്സവഭരണക്കാർ ഇനി ഒരുഭാഗം. എന്നുവേണ്ട ദിവസംപ്രതി
വർദ്ധിച്ചുവരുന്ന ഈ ബഹളം കണ്ടുതന്നെ അറിയേണ്ടതാണ്. വർക്കല
യ്നൊലിൽ ശിവഗിരി മഠത്തിനു നേർപടിഞ്ഞാറായി രണ്ടുവള്ളപ്പാടു നീള
മുള്ള ഒരു കടവും കടവിൽനിന്നു പൊക്കമേറിയ കരയിലേക്കു കൽപ്പട
കളും കരയുടെ ചരിവുകളിൽനിന്നു പൊട്ടിപ്പായുന്ന സ്ഫടികവർണ്ണ
മായ ഉറവുകളെ തടുത്തു കുഴലുകൾവച്ചു ധാരമുറിയാതെ പായുന്ന
ജലങ്ങൾകൊണ്ടു മനോഹരമായ മൂന്നു കുളിമുറികളും ധൃതഗതിയായി
പണിതുവരുന്നു ഈ ജോലികൾ കുറെ കാലത്തിനകം തീർത്തുകൊടുക്കു
ന്നതിനു ഗവൺമെൻറിൽ നിന്നു പ്രത്യേകം ആഡർ ചെയ്തിരിക്കുന്നു.
മഠത്തിൻെറ പടിഞ്ഞാറുവശമുള്ള തോട്ടിൽ ഒരു പാലം കെട്ടുകയും പാല
മുതൽ കടവുവരെ ഒരു റോഡുണ്ടാക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു.
റോഡിനുവേണ്ടി കനാലിൻെറ കിഴക്കുവശത്തു ശിവഗിരിയുടെ ദർശനത്തെ
ആകപ്പാടെ മറച്ചു നീണ്ടു കിടന്നിരുന്ന ഉന്നതമായ മൺതിട്ട വെട്ടിത്തു
റന്നിരിക്കുന്നത് ഒരു വലിയ വേലയും എന്നാൽ ഏറെവും ഉപയോഗവും
ആവശ്യവും ഭംഗിയുമുള്ള ഒരു പ്രവൃത്തിയുമാകുന്നു. വേടം 18-ാം നൂ-
മുതൽ 21-ാംനൂ- വരെ അവിടെ വന്നുകൂടുന്ന വലിയ പുരുഷാരങ്ങൾക്കു
സ്നാനപാനാദികൾക്ക് ഉപയോഗമാകത്തക്കവണ്ണം തോട്ടിൽ പല സ്ഥല
ത്തും ചീപ്പുവച്ചു കുളങ്ങളും കരയ്ക്കു 20-ൽ പരം കിണറുകളും കുഴി
ക്കാൻ കമ്മാറി ഏർപ്പാടുകൾ ചെയ്തിരിക്കുന്നു. കുന്നിൻെറ മുകളിൽ
കിഴക്കുപടിഞ്ഞാറും തെക്കുവടക്കുമായി തൊണ്ണൂറടിനീളം ഇരുപതടി
വീതി ഇങ്ങനെയുള്ള രണ്ടുപന്തലുകൾ തമ്മിൽ കൂട്ടിയിണക്കി ഉണ്ടാക്കി
ട്ടുള്ള ഉന്നതവും വിശാലവുമായ ഒരു ഹാളാണ് യോഗംകൂടാൻ ഒരുക്കി
വരുന്നത്. അതിൻെറ ഒരുവശത്തായിട്ടു കുന്നിൻെറ സാക്ഷാൽ മദ്ധ്യ
ത്താണ് ശിവാലയത്തിനും പ്രതിഷ്ഠയ്ക്കും ഉള്ള ഒരുക്കങ്ങൾ. കച്ചവട
ക്കാരുടെ തെരുവുകളും ഹോട്ടലുകളും ചായ പലഹാരം മുതലായവയു
ടെ പീടികകളും എല്ലാം മഠത്തിനു വടക്കുവശമുള്ള വയലിൽ മടപ്പള്ളി
യുടെ കിഴക്കേ അതിർത്തി പിടിച്ചു കിഴക്കോട്ടുള്ള സ്ഥലങ്ങളിലും കാ
യിലും യഥാസ്ഥാനം സ്ഥാപിക്കപ്പെട്ടിരിക്കും. അതിനു പടിഞ്ഞാറു
പുറംവയലിൽ ഉത്സവമണ്ഡപംകെട്ടി ശാരദാംബയേയും മഹാദേവരേയും
കുന്നിൻെറ ചരിവുകളിൽ സങ്കേതങ്ങൾ നിർമ്മിക്കുന്നതായിരിക്കും.
മൈതാനത്തും മറും അടുത്തുള്ള മുസാവരി ബംഗ്ലാവുകൾ എല്ലാം കമ്മ
റിയുടെ ഉപയോഗത്തിനായി ഗവൺമെൻറ് അനുവദിച്ചു വിട്ടിരിക്കുന്നു.
ഉത്സവാദി കാര്യങ്ങൾക്കായി സമീപമുള്ള പുറംപോക്കുകൾ എല്ലാം ഉപ
യോഗിച്ചുകൊള്ളാനും ഗവൺമെൻറനുവാദമുണ്ട്. ഇതോടുകൂടി നടന്ന
പ്പെടുന്ന സ്പോർട്സ് വയലിനു വടക്കുവശമുള്ള കുന്നിൻെറ മേലുള്ള

Digitized By Kerala Sahitya Akademi

വിസ്താരമേറിയ മൈതാനത്തിൽ വച്ചായിരിക്കും. അവിടെ ബയസ്കോപ്പുകാഴ്ചകളും, സർക്കസ്സുകളും മൃതലായവയും ഉണ്ടായിരിക്കുന്നതാണ്. ആറാട്ട് 21-ാംനു 4½ മണിക്ക് ആരംഭിക്കും. അതികേമമായിരിക്കും. ചില ക്കൂർ കടവിനു സമീപ്പം തെക്കുപടിഞ്ഞാറായി ചെന്ന് സമുദ്രത്തിലായിരിക്കും ആറാടാൻ ഉദ്ദേശിച്ചിട്ടുള്ളത്. സ്വാമിതൃപ്പാദങ്ങളുടെ കീഴിലുള്ള അനേക ദേവാലയങ്ങളിലെ മൂർത്തികളും ഘോഷയാത്രയിൽ ഉൾപ്പെടുന്നതും അതുനിമിത്തം അനേകം ആനകളും അനുസാരികളും ചേർന്ന് ആറാട്ട് ഏററവും ആഡംബരയുക്തമായിരിക്കുന്നതുമാണ്. ഈ ആഘോഷത്തിനെല്ലാം സമുദായത്തിന്റെ ഐക്യമെന്നും ഐകമത്യമെന്നും ഗുരുസേവ എന്നും ഈശ്വരഭക്തി എന്നും അർത്ഥമാകുന്നു. അവയെ ഓർമ്മിക്കുവിൻ! എല്ലാവരും ഉണരുവിൻ! ഒത്തൊരുമിച്ചു സമുദായത്തിന്റെ നൻമയ്ക്കായി പ്രവർത്തിക്കുവിൻ! നമ്മെ ശാരദാംബ കടാക്ഷിക്കും. സ്വാമി അനുഗ്രഹിക്കും! ഈശ്വരൻ രക്ഷിക്കും! സഹോദരരേ! ഉണരുവിൻ! യത്നിക്കുവിൻ!

വിവേ: 1087 മകരം, കുംഭം, മീനം

11—ാമതു വാർഷിക പൊതുയോഗം

ആലുവായിൽവച്ച് ഈ മേടം 25—ം 26—ം തീയതികളിൽ നമ്മുടെ യോഗത്തിന്റെ 11—ാമതു വാർഷിക സമ്മേളനം ഏററവും ഭംഗിയായി കഴിഞ്ഞുകൂടിയിരിക്കുന്നു. യോഗത്തിന്റെ പ്രൊസീഡിംഗ്സും പ്രസംഗങ്ങളും മററും വേറൊരു ദിക്കിൽ ചേർത്തിട്ടുണ്ട്. അദ്വൈതാശ്രമത്തോടു ചേർന്നു റോഡിൽ തൊട്ടുകിടക്കുന്ന ഒരു പറമ്പിൽ 15 കോൽ വീതി 45 കോൽ നീളത്തിൽ ഭംഗിയുള്ള ഒരു പന്തൽ കെട്ടി വൃത്തിയായി അലങ്കരിച്ച് അതിലായിരുന്നു യോഗം നടത്തപ്പെട്ടിരുന്നത്. ഈ വിശാലമായ പന്തൽ കെട്ടിയുണ്ടാക്കുന്നതിലും മററ് ഒരുക്കങ്ങളും ചെയ്യുന്നതിലും നിർവാഹക സംഘക്കാരിൽ പലരും ചെയ്ത ശ്രമങ്ങളും ശ്ലാഘനീയമാണ്. ദൂരസ്ഥൻമാരായ യോഗത്തിന്റെ പ്രധാന പ്രവർത്തകൻമാർ 23—ാം നു മുതൽ ഹാജരായിത്തുടങ്ങി. പ്രസിഡണ്ട് ഡോക്ടർ പല്പു അവർകളും ബാംഗ്ലൂരിൽ നിന്ന് 24—ാംനു ആലുവായിൽ എത്തി. 25—ാം നു വൈകുന്നേരം 3 മണിക്കു പ്രോഗ്രാം അനുസരിച്ചു യോഗം ആരംഭിച്ചു. കാളറായുടെ ഭയവും ധാരാളം മഴയും ഉണ്ടായിരിന്നിട്ടും ഇത്രയധികം യോഗാംഗങ്ങളും ഹാജരായിട്ടുള്ള ഒരു പൊതുയോഗം അടുത്ത കാലത്തുണ്ടായിട്ടില്ലെന്നുള്ള വസ്തുതകൊണ്ട് അംഗങ്ങൾക്കുയോഗത്തോടുള്ള മമത നല്ലവണ്ണം വെളിപ്പെടുന്നു. യോഗാംഗങ്ങളല്ലാതുള്ള വളരെയധികം സമുദായ സ്നേഹികളും ഹാജരായിരുന്നു. കമ്മിററിയിൽ നിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന പൊതു ക്ഷണനത്തിൽ പിശകിൻമേൽ തീയതി തെററിപ്പോയതുകൊണ്ട് 26—ാം നു യും 27—ാം നു യും ആയിരുന്നു അധികം ആളുകളും വന്നുചേർന്നു കൊണ്ടിരുന്നത്.

Digitized By Kerala Sahitya Akademi

26-ാംനു- കാലത്തുനടന്ന മീറ്റിംഗിൽ വച്ചു "മലബാർ എക്കണമിക് യൂണിയൻ" എന്നപേരിൽ യോഗം പ്രവർത്തകൻമാരുടെ ഉത്സാഹത്തിൽ സ്ഥാപിച്ച ഒരു കമ്പനിയുടെ ഏജൻറൻമാരിൽ ഒരാൾ (മിസ്റ്റർ നാരായണൻ ബി. എ.) തെങ്ങായെണ്ണയിൽ നിന്നു പെണ്ണയെടുക്കുന്നതിനും മറ്റും ഉദ്ദേശിച്ചു സ്ഥാപിച്ച പ്രസ്തുത കമ്പനികൊണ്ടുണ്ടാകാവുന്ന ഗുണങ്ങളെപ്പറ്റി സാരമേറിയ ഒരു പ്രസംഗം ചെയ്തിരുന്നു. വൈകുന്നേരത്തെ മീറ്റിംഗിൽവച്ച് ദിവാൻ രാജഗോപാലാചാരി അവർകൾക്കു യോഗംവക യായ മംഗളപത്രം സമർപ്പിക്കുകയുണ്ടായി. ആ അവസരത്തിൽ ആളുകളുടെ തിരക്കുകൊ വളരെ കലശലായിരുന്നു. വിശാലമായ പന്തലിൽ നിറഞ്ഞു വെളിക്കു രണ്ടുവശത്തോട്ടും പുരുഷാരം തിങ്ങിനിന്നിരുന്നു. പന്തലും ആസനങ്ങളും പൂർവാധികം കേമമായും മനോഹരമായും അലങ്കരിച്ചിരുന്നു. പന്തലിൻെറ മുൻവശത്തു റോഡോടുചേർത്തു ഭംഗിയായി പച്ചിലകൊണ്ടു കെട്ടിയുണ്ടാക്കിയ ആർച്ചുവാതിൽ മുതൽ പന്തലിൻെറ മുഖം വരെ യൂണിഫാറം ധരിച്ചു വാളൻറിയർമാർ രണ്ടണിയായിനിരന്നു നിന്നു. ബാൻഡു വാദ്യക്കാർ മദ്ധ്യേ മദ്ധ്യേ കർണ്ണാനന്ദകരമായ സേവിച്ചുകൊണ്ടിരുന്നു. ദിവാൻ പേഷ്കാരൻമാർ, സിക്രട്ടറിമാർ, ജഡ്ജിമാർ മുതലായ പല വലിയ ഉദ്യോഗസ്ഥൻമാരും, വക്കീലൻമാർ കച്ചവടക്കാർ, ജൻമിമാർ മുതലായി അന്യസമുദായങ്ങളിലുള്ള പല മാന്യൻമാരും കൃത്യം മൂന്നുമണിക്കു ഹാജരായിരുന്നു. മദ്രാസ് മെയിൽ, ഹിന്ദു മുതലായ പ്രതിദിന ഇംഗ്ലീഷ് പത്രങ്ങളുടെയും ഇംഗ്ലീഷിലും മലയാളത്തിലുമുള്ള മറ്റു പല പത്രങ്ങളുടെയും പ്രതിനിധികളും ഹാജരായിരുന്നു. അദ്ധ്യക്ഷൻ, ജനറൽ സിക്രട്ടറി, സ്വാഗത സംഘം പ്രസിഡണ്ട് മുതലായ മാന്യൻമാർ ദിവാൻജിയുടെ വരവു പ്രതീക്ഷിച്ചു ഗേറ്റോളം ചെന്ന ഉടൻ (3-5 സമയത്ത്) ദിവാൻജി അവർകൾ മോട്ടോർ വണ്ടിയിൽ ഗേറ്റിൽ എത്തുകയും ഉപചാരപൂർവം അദ്ദേഹത്തെ എതിരേറ്റുകൊണ്ടു പോയി പന്തലിൽ പ്രത്യേകം ഒരുക്കിയിരുന്ന ആസനത്തിൽ ഇരുത്തുകയും ചെയ്തു. ജനങ്ങൾ സന്തോഷ സൂചകമായി ഹസ്തതാഡനം ചെയ്തു നിർത്തികഴിഞ്ഞപ്പോൾ സ്വാഗതസംഘം പ്രസിഡണ്ട് ഇ.കെ. അയ്യാക്കുട്ടി അവർകൾ ഒരു ചെറിയ ഇംഗ്ലീഷ് പ്രസംഗംചെയ്തു പ്രധാന അതിഥിയായ ദിവാൻ ബഹദൂർ രാജഗോപാലാചാരി അവർകൾക്കും മറ്റു സദസ്യർക്കും സ്വാഗതംപറഞ്ഞു. പിന്നെ ഉണ്ടായതു പതിവുപോലെ പ്രസിഡണ്ട് ഡാക്ടർ പല്പു അവർകളുടെ പ്രസംഗമായിരുന്നു. അതു കഴിഞ്ഞ ഉടൻ മനോഹരമായ ഒരുപെട്ടിയിൽ സ്വർണ്ണമഷികൊണ്ടു ഭംഗിയായി അച്ചടിച്ചിട്ടുള്ള മംഗളപത്രം മൈസൂർ ഗവൺമെൻറ് കരകൗശല ശാലയിൽ വിചിത്രമായ കൊത്തുവേലകം ചെയ്ത് ഉണ്ടാക്കിയിട്ടുള്ള ചന്ദനപ്പെട്ടിയിൽ വച്ചു പ്രസിഡണ്ടു ദിവാൻജി അവർകൾക്കു സമർപ്പിക്കുകയും അതിൻെറ ഒരു പ്രതിസഭാസമക്ഷം വായിക്കുകയും ചെയ്തു. മംഗളപത്രത്തിൻെറ മലയാള തർജ്ജിമ എൻ. കുമാരൻ ആശാൻ അവർകൾ വായിച്ചു. ദിവാൻജി അവർകൾ ഹാർദ്ദമായ ഒരു മറുപടി പറഞ്ഞു. അതെല്ലാം വേറെ ദിക്കിൽ

Digitized By Kerala Sahitya Akademi

ചേർത്തിട്ടുണ്ട്. അതിനുശേഷം വക്കീൽ കൊറ്റ്യത്തു രാമുണ്ണി അവർകൾ അപരിമിതമായ സന്തോഷവും കൃതജ്ഞതയും സൂചിപ്പിക്കുന്ന സ്വരത്തിൽ ഒരു ചെറിയ ഇംഗ്ലീഷ് വാചാ പ്രസംഗം കൊണ്ട് എല്ലാ സദസ്യർക്കും നന്ദിപറഞ്ഞു. സ്വാഗതസംഘം അധ്യക്ഷൻ ദിവാൻ രാജഗോപാലാചാരി അവർകൾക്കും പ്രസിഡണ്ടിനും പുഷ്പമാല ധരിപ്പിക്കുകയും മറ്റുള്ള മാന്യാതിഥികൾക്കും പുഷ്പവും നാരങ്ങയും മറ്റും കൊടുക്കുകയും ചെയ്തു.

അനന്തരം തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലേക്കും കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലേക്കും ചക്രവർത്തി തിരുമനസ്സിലക്കേും, ദിവാൻജി അവർകൾക്കും, പ്രസിഡണ്ടിനും, ബ്രഹ്മശ്രീ നാരായണഗുരുസ്വാമി തൃപ്പാദങ്ങളിലേക്കും യഥായോഗ്യം ചീയേഴ്സ് പറഞ്ഞു 4½ മണിക്കു യോഗം പിരിഞ്ഞു. ഉടൻ മുൻകൂട്ടി ഹാജരായിരുന്ന "മലബാർ ഫോട്ടോവർക്സ്" ഉടമസ്ഥൻ മിസ്റ്റർ കുഞ്ഞുരാമൻ എല്ലാവരുടേയും ഒരു ഗ്രൂപ്പുഫോട്ടോ എടുക്കുകയും തദനന്തരം വാളന്റിയർമാരുടെ രാകമ്പടിയോടും ബാൻഡുവാദ്യത്തോടും കൂടി പ്രധാന പ്രവർത്തകൻമാർ ഗോറുവരെ പോയി ദിവാൻജി അവർകളെ 5 മണിക്കു യാത്ര അയയ്ക്കുകയും ചെയ്തു.

ഈ യോഗം ഇത്ര ഭംഗിയായും കേമമായും അവസാനിക്കുന്നതിനു ധനം കൊണ്ടും• ശരീരം കൊണ്ടും അല്ലാതെയും അധ്വാനിച്ചിട്ടുള്ള കമ്മിറ്റി അംഗങ്ങളിൽ പലർക്കും, പുറമേയുള്ള പല സമുദായ സ്നേഹികൾക്കും യോഗം നന്ദി പറയേണ്ടതാകുന്നു.

വിവേ: 1089 മേടം, ഇടവം

ശിവഗിരിയിലെ വാർഷികോത്സവം

ശിവഗിരിയിലെ വാർഷികോത്സവം ഈ മാസം 9–ാം തീയതി കൊടിയേറി 18–ാം തീയതി അതികേമമായി കഴിഞ്ഞുകൂടിയിരിക്കുന്നു. ബ്രഹ്മശ്രീ നാരായണഗുരുസ്വാമി തൃപ്പാദങ്ങൾ ആറാട്ടിനു മൂന്നു ദിവസങ്ങൾക്കു മുൻപ് ശിവഗിരിയിൽ സന്നിഹിതരാകുയും ഉത്സവാവസാനം വരെ അവിടെത്തന്നെ വിശ്രമിക്കുകയും ചെയ്തു. കൊടിയേറ്റു മുതൽ പത്തു ദിവസവും വിശേഷാൽ ക്ഷേത്രാരാധനകൾക്കു പുറമേ കാലത്തു ഗീതാപാരായണവും വൈകുന്നേരം ഭജനം സദിർ മുതലായതും ഉണ്ടായിരുന്നു. പടിഞ്ഞാക്കാരായ കായികാഭ്യാസികളുടെ അദ്ഭുതകരമായ വാൾപയറ്റ്, ചാട്ടം, മറിച്ചിൽ മുതലായ വിനോദങ്ങൾ ദിവസേന നടന്നിരുന്നു. 5-ാം ഉത്സവം മുതൽ ആനപ്പുറത്തെഴുന്നെള്ളത്തും ശീവേലിയും ഭംഗിയായി നടന്നുകൊണ്ടിരുന്നു. 9-ാം ഉത്സവ ദിവസത്തെ പള്ളിവേട്ടയും വൈകുന്നേരത്തെ ആറാട്ടും

Digitized By Kerala Sahitya Akademi

പതിവില്ലാധികം കേമമായിരുന്നു. 10-ാം ദിവസം കാലത്തു കാവടി അഭിഷേകവും, 3 മണിക്കു മതം, വിദ്യാഭ്യാസം, ആരോഗ്യം, ഐകമത്യം, ഇത്യാദി വിഷയങ്ങളെപ്പറ്റി യോഗം ജനറൽ സെക്രട്ടറിയും ആചാരപരിഷ്കരണത്തെയും മറ്റും പറ്റി പരവൂർ കെ. സി. ഗോവിന്ദൻ അവർകളും ജനമദ്ധ്യത്തിൽ വാചാപ്രസംഗങ്ങൾ ചെയ്തിരുന്നു. രാത്രി കഥകളി മുതലായ പലവിനോദങ്ങളും കമ്പവും ഉണ്ടായിരുന്നു. ഉത്സവത്തിനു വന്നു കൂടിയ സ്ത്രീപുരുഷൻമാരായ ജനങ്ങൾക്കു കണക്കില്ലായിരുന്നു. മലവെള്ളം പോലെയുള്ള ജനപ്രവാഹം കൊണ്ടു ശിവഗിരിയും അടുത്ത പ്രദേശങ്ങളും എല്ലാം തിങ്ങി നിറഞ്ഞിരുന്നു എന്നു പറഞ്ഞാൽ കഴിഞ്ഞു.

മേൽപ്പറഞ്ഞ വലിയ പുരുഷാരത്തോടുകൂടി ശിവഗിരിയിൽ നിന്ന് 3 മൈൽ അകലെ സമുദ്രത്തിൽ ആറാടാൻ പോവുകയും മടങ്ങിവരികയും ചെയ്തതിനിടയിലാകട്ടെ മടങ്ങിഎത്തി ശിവഗിരിൽ ഉണ്ടായ ഭയങ്കരമായ തിരക്കിലാകട്ടെ ജനങ്ങളുടെ ഇടയിൽ യാതൊരുവക സമാധാന ഭംഗവും മര്യാദാ ലംഘനവും ഉണ്ടായിട്ടില്ലെന്നു കാണുന്നതിൽ ഞങ്ങൾ സജ്ജനങ്ങളുടെ ഗുരുഭക്തിയേയും ഐകമത്യത്തേയും കൃതാർത്ഥതയോടെ അഭിനന്ദിച്ചുകൊള്ളുന്നു. പോലീസ് അധികൃതൻമാർക്കു പതിവുപോലെ അറിവുകൊടുക്കുകയും അവരുടെ സഹായത്തെ അപേക്ഷിക്കയും ചെയ്തിരുന്നിട്ടും ആ ഡിപ്പാർട്ടുമെൻറിൽ നിന്ന് ഒരു ഒറ കോൺസ്റ്റബിളിനെപ്പോലും ഇക്കാര്യം അയച്ചിട്ടില്ലെന്നു കാണുന്നതിൽ ഡിപ്പാർട്ടുമെൻറിന്റെ ഈ അനുചിതമായ ഉപേക്ഷയെ ആക്ഷേപിക്കേണ്ടിയിരിക്കുന്നു. പോലീസ് ഡിപ്പാർട്ടുമെൻറിന്റെ തിരെ തൃപ്തികരമല്ലാത്ത ഇപ്പോഴത്തെ നിലയിൽ ഇതിനെപ്പറ്റി ഞങ്ങൾ ആശ്ചര്യപ്പെടുന്നില്ല.

ഇക്കൊല്ലം ഓഫീസ് ഉറുപ്പികയ്ക്കുള്ള സ്ഥിരവരിയോലകൾ പ്രസിദ്ധപ്പെടുത്തിയാണല്ലോ ഉത്സവം വകയ്ക്കു പണം പിരിച്ചുട്ടുള്ളത്. കാലേകൂട്ടി പണം പിരിക്കുന്നതിനു ശ്രമം ചെയ്യാൻ വേണ്ട ആളുകൾ കിട്ടാഞ്ഞിട്ടും, പൊതുവിലുള്ള ക്ഷാമം നിമിത്തവും ചെലവിന്റെ എസ്റ്റിമേറനുസരിച്ചുള്ള സംഖ്യ പിരിഞ്ഞു കിട്ടീട്ടില്ലെന്നു ദേവസ്വം സെക്രട്ടറി മുഖേന അറിയുന്നതിനാൽ ഞങ്ങൾ വ്യസനിക്കുന്നു. എസ്റ്റിമേറു ചെയ്തിട്ടുള്ളത് 836. ക. ആയിരുന്നു. 500-ഓളം ക. മാത്രമേ വരിയായി പിരിഞ്ഞു കിട്ടീട്ടുള്ളു എന്നും എന്നാൽ ഇനിയും ഒരു നൂറാമ്പതു വരിക്കാർകൂടി ഓഫീസ് രൂപ വീതം കൊടുക്കുന്ന പക്ഷം ദേവസ്വം മുതലിൽ നിന്നോ ഉത്സവം വക നടവരവിൽ നിന്നോ ഒന്നും എടുക്കാതെ തന്നെ ഉത്സവച്ചെലവു മുഴുവൻ കഴിയുന്നതായിരിക്കുമെന്നും ദേവസ്വം സെക്രട്ടറി അറിയിച്ചിരിക്കുന്നു. വിവരമായ കണക്ക് അടുത്ത വിവേകോദയത്തിൽ പരസ്യപ്പെടുത്തുന്നതാണ്. ഉത്സവ റിപ്പോർട്ടും പതിവുപോലെ കാലതാമസമെന്നിയേ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു. മിതമായ ചെലവിൽ ഉത്സവം എത്രയും

Digitized By Kerala Sahitya Akademi

കേമമായും തൃപ്തികരമായും നടത്തുന്നതിൽ ദേവസ്വം സെക്രട്ടറിയും മറ്റ് ഉത്സവഭാരവാഹികളും ചെയ്ത ശ്രമം അഭിനന്ദനീയമാകുന്നു

വിവേ: 1090 മകരം

നമ്മുടെ 12–ാമതു വാർഷിക പൊതുയോഗം

ശ്രീ നാരായണ ധർമ്മ പരിപാലന യോഗത്തിന്റെ 12–ാമതു വാർഷിക പൊതുയോഗം ഈ മേടം 29–ം 30–ം തീയതികളിൽ സ്ഥലം വിക്ടോറിയാ ജൂബിലി ടൗൺ ഹാളിൽവച്ചു ബോംബയിലെ കോമേർസ് ആൻറ് കോപ്പറേഷൻ എന്ന ഇംഗ്ലീഷ് പ്രതിവാര പത്രത്തിന്റെ അധിപരും വ്യവസായ സംബന്ധമായ വിഷയങ്ങളിൽ ഒരു പ്രമാണിയുമായ മ. രാ. രാ. പി. വി. രാമുണ്ണി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്നതാകുന്നു. മിസ്റ്റർ പി. വി. രാമുണ്ണിയുടെ ജീവചരിത്ര സംക്ഷേപവും ഒരു ഛായാ പടവും ഇക്കുറി പ്രസിദ്ധപ്പെടുത്തണമെന്നുള്ള മോഹത്താൽ ഞങ്ങൾ കാത്തിരുന്നു എങ്കിലും ഉടനേ സാധിക്കാതെ വന്നതിൽ വ്യസനിക്കുന്നു. അടുത്ത അവസരത്തിൽ അവ പ്രസിദ്ധപ്പെടുത്താൻ നോക്കുന്നതാകുന്നു. മിസ്റ്റർ രാമുണ്ണിയുടെ ജീവിതം ദൃഷ്ടാന്തയോഗ്യമായ സംഭവങ്ങളാൽ പ്രശോഭിതവും സ്വതന്ത്ര ബുദ്ധിയെ ഉദ്ദീപിപ്പിക്കുന്നതുമായ ഒന്നാകുന്നു. കച്ചവടം പരസ്പരസഹകരണം മുതലായ വ്യാവസായിക വിഷയങ്ങളിൽ അദ്ദേഹത്തിനുള്ള അഗാധമായ ജ്ഞാനം ബ്രിട്ടീഷ് ഭരണാധികൃതൻമാരിൽ ഏറ്റവും ഉന്നത സ്ഥാനത്തെ അലങ്കരിക്കുന്ന യോഗ്യൻമാരാൽ കൂടി സമ്മതിക്കപ്പെട്ടിട്ടുള്ളതാകുന്നു. സമയ വ്യയവും ധന നഷ്ടവും യാത്രാക്ലേശവും ഒന്നും കൂട്ടാക്കാതെ ബോംബയിൽ നിന്നു തിരുവനന്തപുരത്തു യോഗത്തിനു ഹാജരായി അദ്ധ്യാസനം വഹിപ്പാൻ സമ്മതിച്ച അദ്ദേഹത്തിന്റെ സ്വവർഗ്ഗ സ്നേഹത്തേയും മഹാമനസ്കതയേയും പാറി വേണ്ട വിധം വർണ്ണിപ്പാൻ വാക്കുകിട്ടുന്നില്ല. മിസ്റ്റർ രാമുണ്ണിയുടെ വിലയേറിയ ഉപദേശങ്ങൾ തന്റെ സഹോദരങ്ങളുടെ സഹജമായ വ്യവസായതൽപ്പരതയ്ക്കു സമയോചിതമായ ഉണർച്ചയുണ്ടാക്കി അവരുടേയും നാട്ടിന്റെയും അഭിവൃദ്ധിയെ സാരമായ വിധത്തിൽ സഹായിക്കുമെന്നു വിശ്വസിക്കുന്നു. യോഗഭാരവാഹികളുടെ ഈ ഉചിതമായ തിരഞ്ഞെടുപ്പിനെ ഞങ്ങൾ അഭിനന്ദിക്കുന്നു.

വിവേ: കുംഭം, മീനം

പൊതുയോഗത്തിന്റെ ഒരുക്കങ്ങൾ

പൊതുയോഗത്തെ സംബന്ധിച്ച് എം. ഗോവിന്ദൻ ബി. എ. ബി. എൽ. അവർകളുടെ ആദ്ധ്യക്ഷ്യത്തിൽ ഒരു കമ്മിറ്റി ഏർപ്പെടുത്തി പ്രവൃ

Digitized By Kerala Sahitya Akademi

ത്തികൾ ധൃതഗതിയായി നടത്തിവരുന്നു. ബ്രീട്ടിഷ് മലബാർ മുതലായ സ്ഥലങ്ങളിലുള്ള പ്രധാന ഭാരവാഹികൾക്കെല്ലാം പ്രത്യേകം ക്ഷണനങ്ങൾ ഉള്ളതും അവരുടെ യാത്രാ സൗകര്യങ്ങളേയും മറ്റും പറ്റി കമ്മിറ്റി പ്രത്യേകം ഏർപ്പാടുചെയ്യാൻ വിചാരിക്കുന്നതുമാകുന്നു. യോഗം കൂടുന്നതിലേക്കായി ഗവൺമെൻറിൽ നിന്നും ടൗൺഹാൾ വാടക കൂടാതെ നൽകാൻ സമ്മതിച്ചിട്ടുള്ളതും പ്രതിനിധികളുടെ വസതിക്കും മറ്റുമായി ഉപയോഗിച്ചുകൊൾവാൻ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ നിന്ന് സൗകര്യമുള്ള പല കെട്ടിടങ്ങളും അനുവദിച്ചിട്ടുള്ളതും ആകുന്നു. ഗവൺമെൻറിൽ നിന്നു ചെയ്യുന്ന ഈ വക സഹായങ്ങൾക്കായി ഞങ്ങൾ കൃതജ്ഞതാപൂർവം നന്ദി പറഞ്ഞുകൊള്ളുന്നു. നമ്മുടെ ദിവാൻ മ. രാ. രാ. എം. കൃഷ്ണൻനായർ അവർകൾ മുതലായി നാട്ടുകാരും യോഗ്യൻമാരുമായ മിക്ക ഉയർന്ന ഉദ്യോഗസ്ഥൻമാരും മറ്റു മാന്യൻമാരും യോഗത്തിൽ സന്നിഹിതരായിരിക്കുന്നതാകുന്നു. യോഗത്തോടൊന്നിച്ച് ഒരു സ്ത്രീ സമാജയോഗം കൂടി ഉണ്ടായിരിക്കേണ്ടതാണ്. അതിൻെറ അദ്ധ്യക്ഷയായിരിപ്പാൻ ശ്രീമതി സി. കൗസല്യഅമ്മ ബി. എ. എൽ. റ്റി. അവർകളെ ക്ഷണിക്കുന്നതാണ്. കൗസല്യഅമ്മയ്ക്ക് അവരുടെ ഉന്നത പരീക്ഷാവിജയത്തെ അനുമോദിച്ച് ഈ അവസരത്തിൽ ഒരു സ്വർണ്ണ മെഡൽ സമ്മാനം കൊടുപ്പാനും ആലോചനയുണ്ട് രാത്രി വിവിധ വിനോദാഭിനയമോ നാടകമോ ഉണ്ടായിരിക്കുന്നതാണ്. ഇതിനും പുറമേ ഒരു കായികാഭ്യാസ വിനോദം കൂടി നടത്താൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. വിവരങ്ങൾ മറ്റു ഭാഗങ്ങളിൽ ചേർത്തിട്ടുള്ളതിനാൽ യോഗത്തിനു സന്നിഹിതരായിരുന്നു സമുദായത്തിൻെറയും ഭാഗത്തിൻെറയും അഭിവൃദ്ധിയെ സംബന്ധിച്ചുള്ള ആലോചനകളിൽ പങ്കുകൊള്ളുന്ന വിഷയത്തിൽ എല്ലാ യോഗാംഗങ്ങളുടേയും സമുദായക്ഷേമകാംക്ഷികളായ മറ്റു മാന്യൻമാരുടേയും സവിശേഷമായ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു വിരമിക്കുന്നു.

വിവേ: 1090 കുംഭം, മീനം.

എസ്. എൻ. ഡി. പി. യോഗത്തിൻെറ 12—ാമതു വാർഷിക പൊതുയോഗം

മേടം 29—ം 30—ം തീയതികളിൽ എസ്. എൻ. ഡി. പി. യോഗത്തിൻെറ 12—ാമതു വാർഷിക പൊതുയോഗം സ്ഥലം വിക്ടോറിയാ ജൂബിലി ടൗൺ ഹാളിൽ കൂടി ഭംഗിയായി കഴിഞ്ഞിരിക്കുന്നു. യോഗത്തിൽ നടന്ന പ്രവൃത്തികളെപ്പറ്റി മറെറാരു ദിക്കിൽ ചേർത്തിരിക്കുന്ന പ്രൊസീഡിംഗ്സിൽ നിന്നും അറിയാവുന്നുതാണ്. യോഗത്തിൻെറ മുൻ കൊല്ലത്തെ ഭരണത്തെയും ധനസ്ഥിതി മുതലായ വിവരങ്ങളെയും പറ്റി അനുബന്ധമായി ഇതോടു ചേർത്തു പ്രസിദ്ധപ്പെടുത്തുന്ന ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിൽ നിന്നും അറിയാവുന്നതാകുന്നു. പ്രസിഡണ്ടിൻെറ

Digitized By Kerala Sahitya Akademi

യും സ്വാഗത സംഘം പ്രസിഡണ്ടിന്റെയും ഇംഗ്ലീഷ് പ്രസംഗങ്ങ സ്ഥലച്ചുരുക്കത്താൽ അടുത്ത ലക്കത്തിലേക്കു നീക്കിവച്ചിരിക്കുന്നു. ആകപ്പാടെ പൊതുയോഗം ഏറ്റവും തൃപ്തികരമായും കേമമായും കഴി ഞ്ഞുകൂടി എന്നു പ്രസ്താവിക്കുന്നതിൽ ഞങ്ങൾക്കു വലുതായ ചാരി താർത്ഥ്യമുണ്ട്. സമുദായത്തിൽ പ്രമാണികളായവർ ഒക്കെ യോഗസംബ ന്ധമായ കാര്യങ്ങളിൽ തൃഷ്ണ കാണിക്കുന്നു എന്നുള്ളത് ഈ പൊതു യോഗത്തിൽ ദൂരദേശങ്ങളിൽ നിന്നുവന്നിരുന്ന പല മാന്യൻമാരുടെയും സ്ഥിതിയും സംഖ്യയും കൊണ്ട് ഊഹിക്കാവുന്നതാണ്. യോഗത്തോ ടൊന്നിച്ചു നടത്തപ്പെട്ടിരുന്ന സ്ത്രീസമാജവും വളരെ ഭംഗിയായിട്ടുണ്ട്. അതിന്റെ പ്രൊസീഡിംഗ്സ് സ്ഥലച്ചുരുക്കത്താൽ അടുത്ത അവസര ത്തിലേക്കു മാറ്റിവച്ചിരിക്കുന്നു. യോഗം സംബന്ധിച്ചു 30–ാം തീയതി വൈകുന്നേരം നാലരമണിക്ക് ഒരു പബ്ളിക് മീറ്റിംഗ് ഉണ്ടായിരുന്നു. അതിൽ കമ്മിറ്റിയുടെ ക്ഷണം അനുസരിച്ച് ഹാജരുണ്ടായിരുന്ന ടൗണി ലെ യൂറോപ്യൻമാരും നാട്ടുകാരുമായ എല്ലാ വലിയ ഉദ്യോഗസ്ഥൻ മാർക്കും വക്കീലൻമാർക്കും മറ്റു മാന്യൻമാർക്കും ഞങ്ങൾ പ്രത്യേകം വന്ദനം പറഞ്ഞുകൊള്ളുന്നു. ഹാളിലെ സ്ഥലച്ചുരുക്കത്താലും മറ്റു ചില കാരണങ്ങളാലും അനേകം മാന്യൻമാരെ കമ്മിറ്റിക്കു ക്ഷണിക്കാൻ കഴിയാതെ വരികയും ചിലരെ ക്ഷണിക്കാൻ വിട്ടുപോകയും ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള മാന്യൻമാർ അതിനെ സദയം ക്ഷമിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. പബ്ളിക്ക് മീറ്റിംഗിൽ നമ്മുടെ ദിവാൻ കൃഷ്ണൻനായർ അവർകൾ സന്നിഹിതരാകുമെന്നു പ്രതീക്ഷിച്ചിരുന്നു വെങ്കിലും അദ്ദേഹം സമയം കഴിഞ്ഞു യോഗത്തിന്റെ ശേഷിച്ച നടപ ടികൾ നടന്നുകൊണ്ടിരിക്കുന്ന മധ്യേയാണ് സർക്കീട്ടിൽ നിന്നു വന്നെ ത്തിയത്. ദിവാൻജി സമയത്തിനു വന്നുചേരാത്തതിനെപ്പറ്റിയുണ്ടായ ഇച്ഛാഭംഗത്തേക്കാൾ എത്രയോ വലുതായിരുന്നു അദ്ദേഹം സമയം തെറ്റിയെങ്കിലും യോഗത്തിൽ വന്നുചേർന്നതിനെപ്പറ്റി യോഗം പ്രവർത്തകൻ മാർക്കും സദ്വാസികൾക്കും ഉണ്ടായ സന്തോഷം. യോഗത്തിൽ ദിവാൻജി ചെയ്ത ഒരു ചെറിയ മലയാള പ്രസംഗം മറ്റൊരു ദിക്കിൽ ചേർത്തിരി ക്കുന്നു. അതിൽ അദ്ദേഹം സൂചിപ്പിച്ചിരുന്ന സ്നേഹത്തേയും അനുകമ്പ യേയും മുൻനിർത്തിയുള്ള അഭിപ്രായങ്ങൾക്കും വാഗ്ദാനങ്ങൾക്കും ഞങ്ങൾ യോഗത്തിന്റെയും സമുദായത്തിന്റെയും പേരിൽ ഹൃദയപൂർവം വന്ദനം പറയുകയും ഗുണവാനായ ദിവാൻജി അവർകൾക്കു സകല നൻമ കളും ആശംസിക്കയും ചെയ്യുന്നു. പൊതുയോഗത്തിന്റെ നടത്തിപ്പിൽ സ്ഥലം നിർവാഹക സംഘക്കാർ ചെയ്ത സഫലമായ ശ്രമത്തെ സർവഥാ അഭിനന്ദിക്കുകയും അവർക്കു വന്ദനം പറയുകയും ചെയ്തുകൊണ്ടു തൽക്കാലം വിരമിക്കുന്നു. യോഗം നടപടികളെയും മറ്റുമായി പറവാ നുള്ളതു അടുത്ത സന്ദർഭത്തിൽ പറയുന്നതാണ്.

വിവേ: 1090 മേടം

Digitized By Kerala Sahitya Akademi

എസ്. എൻ. ഡി. പി. യോഗത്തിന്റെ 13-ാമതു വാർഷിക പൊതുയോഗം

കൊല്ലത്തെ നിർവാഹക സംഘക്കാരുടെ പ്രത്യേക പരിശ്രമത്തിൽ നമ്മുടെ 13-ാമതു വാർഷിക പൊതുയോഗം രാമവർമ്മ ക്ലബ് ഹാളിൽ വച്ച് മേയ് 11-ം 12-ം തീയതികളിൽ ഭംഗിയായി കഴിഞ്ഞുകൂടിയിരിക്കുന്നു. ഇക്കുറി ആദ്ധ്യക്ഷ്യംവഹിച്ചത് ഡാക്ടർ പി. പൽപ്പു (എം. ബി. സി. എം) അവർകളായിരുന്നു. യോഗത്തിന്റെയും സമുദായത്തിന്റെയും അഭിവൃദ്ധിയിൽ അത്യുൽസുകനായ അദ്ദേഹത്തിന്റെ ഇംഗ്ലീഷ് പ്രസംഗം തർജ്ജിമചെയ്തു മറ്റൊരു ദിക്കിൽ ചേർത്തിട്ടുള്ളതിൽനിന്ന് ഏറ്റവും വിലയേറിയ പല സംഗതികളും നമുക്കു പഠിക്കാനുണ്ട്. അതിൽ നമ്മുടെ ഗൃഹജീവിതത്തെ സംബന്ധിച്ചു പറഞ്ഞിട്ടുള്ള ഭാഗങ്ങൾ വളരെ സാധാരണങ്ങളാണെങ്കിലും ഏറ്റവും പ്രയോജനകരങ്ങളാണ്. ദേശയോഗങ്ങൾ സ്ഥാപിക്കുന്ന വിഷയത്തിൽ അദ്ദേഹം ചെയ്യുന്ന ഉപദേശങ്ങളും അവശ്യം നാം അനുസരിച്ചു പ്രവർത്തിക്കേണ്ടവയാണ്. ആമാതിരി ദേശയോഗങ്ങൾ ദിവ്യശ്രീ ബോധാനന്ദസ്വാമി മുതലായ യോഗ്യൻമാരുടെ ശ്രമത്താൽ കൊച്ചിയിൽ പല സ്ഥലങ്ങളിലും ഇപ്പോൾ സ്ഥാപിച്ചുതുടങ്ങീട്ടുണ്ടെന്നറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. പൊതുയോഗത്തിൽ നടന്ന മറ്റു സംഗതികളുടെ ചുരുക്കം മറ്റൊരുഭാഗത്തു ചേർത്തിട്ടുള്ള നടപടികളിൽ നിന്നു ഗ്രഹിക്കാവുന്നതാണ്. ഈ പൊതുയോഗം സംബന്ധിച്ചു ടി ഹാളിൽ വച്ചുതന്നെ എസ്. എൻ. ഡി. പി. യോഗം സ്ത്രീ സമാജത്തിന്റെ 3-ാമതു വാർഷികയോഗംകൂടി നിർവാഹക സംഘക്കാരുടെ ശ്രമത്തിൽ നടത്തപ്പെടുകയും അത് ഏറ്റവും സ്തുത്യർഹമായ വിധത്തിൽ ഭംഗിയായി കഴിഞ്ഞുകൂടുകയും ചെയ്തു. നായർ സമുദായത്തിലും മറ്റുമുള്ള അനേകം മാന്യ സ്ത്രീകൾ ഇതിൽ പങ്കു കൊണ്ടിരുന്നു എന്നുള്ളതും പ്രസ്താവയോഗ്യമാണ്. ആദ്ധ്യക്ഷ്യം വഹിച്ച ശ്രീമതി ഇക്കാവമ്മ അവർകളുടെ അതിസരസമായ പ്രസംഗം വേറൊരു ദിക്കിൽ ചേർത്തിട്ടുണ്ട്..

വിവേ: 1091 മേടം, ഇടവം

നമ്മുടെ 14-ാമതു വാർഷിക പൊതുയോഗം (I)

എസ്. എൻ. ഡി. പി. യോഗത്തിന്റെ ഈ വരുന്ന 14-ാമതു വാർഷിക പൊതുയോഗം തിരുവനന്തപുരത്തു യോഗം വകയായി കൈതമുക്കിലുള്ള മന്ദിരത്തിൽ വച്ച് നടത്തേണ്ടതാണെന്നു പലർക്കും അഭിപ്രായമുള്ളതായറിയുന്നു. ഈ അഭിപ്രായത്തിൽ വളരെ ഔചിത്യമടങ്ങീട്ടുണ്ടെന്നു വിചാരിക്കുന്നു. വാർഷികയോഗം സംബന്ധിച്ച യോഗഭാരവാഹികളുടെ വിശേഷാൽ ശ്രമങ്ങൾ തിരുവനന്തപുരത്തു ടി. മന്ദിരത്തിൽ വച്ചുതന്നെ

Digitized By Kerala Sahitya Akademi

നടത്തപ്പെടുന്നപക്ഷം മന്ദിരത്തിന്റെ ബാക്കിയുള്ള ചില്ലറപ്പണികളും അതോടൊന്നിച്ചു പൂർത്തിയാക്കാമെന്നുള്ളതും, വേനൽ ഒഴിവുകഴിഞ്ഞു കാളേജു തുറക്കുന്നതോടുകൂടി മന്ദിരത്തിൽ വിദ്യാർത്ഥികളെ താമസിപ്പിപ്പാൻ വേണ്ട ഏർപ്പാടുകളും എല്ലാം ചെയ്വാൻ അധികം സൗകര്യമുണ്ടാകുന്നതുമാകുന്നു. എന്നുതന്നെയല്ല യോഗത്തിന്റെ തലസ്ഥാനത്തു സ്ഥാപിച്ചിരിക്കുന്ന ഷഷ്ടിപൂർത്തി സ്മാരക മന്ദിരത്തെ സന്ദർശിക്കുന്നതിനും, അതിൽ യോഗത്തിൽനിന്ന് ഉദ്ദേശിക്കുന്നമാതിരി ഒരു വിദ്യാർത്ഥിസദനം നടത്തുന്നതിന്റെ ഔചിത്യത്തെയും, ആ സംഗതികളെ തൃപ്തികരമായി നിറവേറണ്ടതിന്റെ ആവശ്യകതയേയും മറും പററി അറിയുന്നതിനും, മന്ദിരത്തിന്റെ അഭിവൃദ്ധിക്ക് ആവശ്യമായ അധികം വ്യവസ്ഥകളെപ്പററി ആലോചിക്കുന്നതിൽ പങ്കുകൊള്ളുന്നതിനും ദൂരവസ്ഥൻമാരായ സമുദായസ്നേഹികൾക്ക് എല്ലാം ഇത് അവസരം കൊടുക്കുമെന്നുള്ളതാകുന്നു. ഈ കൊല്ലത്തെ യോഗത്തിൽ പ്രധാനമായ പല സംഗതികളും ആലോചിച്ചു തീർച്ചയാക്കേണ്ടതായുണ്ടാകും. അവയിൽ ഏററവും പ്രധാനമായ ഒന്ന് തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ അടുത്തു വരുന്ന ഷഷ്ടിപൂർത്തി മഹം പ്രമാണിച്ചു യോഗത്തിൽ നിന്നു പ്രവർത്തിക്കേണ്ടതെന്താണെന്നുള്ളതായിരിക്കും. കരുണാനിധിയായ ശ്രീമൂലം തിരുനാൾ തിരുമേനിയുടെ വാഴ്ചക്കാലത്താണ് ഈഴവർക്കു തിരുവിതാംകൂറിൽ അഭൂതപൂർവമായ പല സ്വാതന്ത്ര്യങ്ങളും അഭിവൃദ്ധിയുമുണ്ടായിട്ടുള്ളതെന്ന് ആ വർഗ്ഗക്കാർ ഓർക്കേണ്ടതു ഈ അവസരത്തിലാകുന്നു. ആതുകൊണ്ട് ഇത്തവണത്തെ പൊതുയോഗത്തിന്റെ ഗാഢമായ ശ്രദ്ധ ആ വിഷയത്തിൽ പതിയേണ്ടതും നമ്മുടെ അഗാധമായ രാജഭക്തിക്കും കൃതജ്ഞതയ്ക്കും അനുരൂപമായ വിധത്തിൽ യോഗം തിരുമേനിയുടെ ഷഷ്ടിപൂർത്തി മഹോത്സവം ആഘോഷിക്കയും തത്സംബന്ധമായി വേണ്ട സകല കൃത്യങ്ങളും സഹജമായ ഉത്സാഹത്തോടു കൂടി അനുഷ്ഠിക്കയും ചെയ്യേണ്ടതുമാകുന്നു.

ഈഴവരുടെ ഇടയിൽ പള്ളിക്കുടത്തിൽ പോകുന്ന പ്രായത്തിലുള്ള കുട്ടികളെ ഒന്നൊഴിയാതെ വിദ്യാഭ്യാസമുള്ളവരാക്കിത്തീർക്കുന്നതിനെ സംബന്ധിച്ചു ഗവൺമെൻറ് സഹായത്തോടുകൂടി ഒരു "തിരുവിതാംകൂർ നിഖില ഈഴവ വിദ്യാഭ്യാസ മഹാസഭ" (All Ezhava Education Conference) കൂടി പൊതുയോഗത്തോടൊന്നിച്ചു നടത്താൻ ആലോചിച്ചുവരുന്നുണ്ട്. ഈഴവക്കുട്ടികളെ ഇപ്പോഴുള്ള എല്ലാ എലിമെണ്ടറി ആൺപള്ളിക്കൂടങ്ങളിലും പെൺപള്ളിക്കൂടങ്ങളിലും പ്രവേശിപ്പിക്കുക, പള്ളിക്കൂടം ഇല്ലാത്ത ദിക്കുകളിൽ പള്ളിക്കുടങ്ങൾ പുത്തനായി സ്ഥാപിക്കുക മുതലായ കൃത്യങ്ങളായിരിക്കും ആ സഭയ്ക്കുള്ളത്. ഉള്ള സ്കൂളുകളിൽ ഈഴവർക്കു പ്രവേശനം നൽകുകയും പുത്തനായി സ്ഥാപിക്കുന്ന സ്കൂളുകൾക്കു ഗ്രാൻറു കൊടുക്കയും മറും ചെയ്യുന്ന വിഷയത്തിൽ ഗവൺമെൻറ് പൂർവാധികം ശ്രദ്ധിക്കുന്നതാണ്. വിദ്യാഭ്യാസ സംബ

Digitized By Kerala Sahitya Akademi

ന്ധമായ ആവശ്യങ്ങളെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിലേക്ക് നേരിട്ട റിവിക്കയും സഹായങ്ങളെ നേരിട്ടു സ്വീകരിച്ച് അതാതു സ്ഥലങ്ങളിൽ ഇഴവരുടെ ഇടയിൽ പ്രാഥമിക വിദ്യാഭ്യാസം പരത്തുകയും ചെയ്യുന്നതി നായി എല്ലാ താലൂക്കുകളിലും ദേശങ്ങളിലും ചില പ്രമാണികൾ ഉണ്ടാ യിരിക്കണം. ആ ഉദ്ദേശത്തോടുകൂടിയാണ് ടി മഹാസഭ നടത്താൻ ആലോ ചിക്കുന്നത്. ആ സഭയിൽ വന്നുചേരാൻ ഈഴവരുടെ വിദ്യാഭ്യാസാഭി വൃദ്ധിയിൽ ഉൽകണ്ഠയുള്ള എല്ലാ സമുദായ സ്നേഹികളും പ്രത്യേകം ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു. 14 കൊല്ലങ്ങൾക്കു മുമ്പ് എസ്. എൻ. ഡി. പി. യോഗം സ്ഥാപിച്ചകാലത്ത് അരുവിപ്പുറത്തുവച്ചു കൂടിയ പൊതുയോഗത്തിൽ ഈഴവ സ്ത്രീപുരുഷൻമാർ എല്ലാം വിദ്യാ ഭ്യാസമുള്ളവരായിരിക്കേണ്ടതിനെപ്പറ്റി പ്രസംഗങ്ങൾ നടന്നിട്ടുള്ളതു ഞങ്ങൾ ഓർക്കുന്നു. പിന്നീടുണ്ടായ പലയോഗങ്ങളിലും ആ സംഗതിയെ തുടന്നു പറഞ്ഞിട്ടും ഉണ്ട്. മേൽപ്പറഞ്ഞ മഹാസഭ മുഖേന ഒരുകൊല്ല ത്തിനുള്ളിൽ വലിയ ശ്രമമൊന്നും കൂടാതെ തന്നെ തിരുവിതാംകൂറിൽ ഗവൺമെൻറു സഹായത്തോടുകൂടി ആ വലിയ അഭിലാഷം നമുക്കു സാധിക്കാനിടവരുമെന്നാണിരിക്കുന്നത്. അതുകൊണ്ട് ആ വിഷയം എല്ലാവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാവശ്യമാകുന്നു. പൊതുയോഗം പതിവുപോലെ മേടം അവസാനത്തിലോ ഇടവം ആദ്യമോ നടക്കുന്നതാ യിരിക്കും. സ്ത്രീസമാജം ഉണ്ടായിരിക്കുന്നതാണ്. ശേഷം വിവരങ്ങൾ വഴിയേ.

വിവേ: 1092 മകരം, കുംഭം

നമ്മുടെ 14–ാമതു വാർഷിക പൊതുയോഗം: (2)

1092 ഇടവം 1–ം 2–ം (1917 മേയ് 14–ം 15–ം) തീയതികളിൽ നമ്മുടെ യോഗത്തിൻെറ 14–ാമതു വാർഷിക സമ്മേളനം പാലക്കാട്ടു വിക്ടോറിയാ കാളേജ് പ്രിൻസിപ്പാൾ പി. ശങ്കുണ്ണി എം. എ. എൽ. റ്റി. അവർകളുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം കൈതമുക്കി ലുള്ള ശ്രീ നാരായണ ഷഷ്ടിപൂർത്തി സ്മാരകമന്ദിരത്തിൽവച്ച് ഏറെ വും ഭംഗിയായി കഴിഞ്ഞുകൂടിയിരിക്കുന്നു. 1–ാം തീയതി കാലത്തു 9 മണിക്കു പൊതുയോഗം ആരംഭിച്ചു. യോഗാംഗങ്ങളും സമുദായത്തി ലുള്ള മറ്റുമാന്യൻമാരുമായി 800–ൽപരം ജനങ്ങൾ ഹാജരായിരുന്നു. യോഗത്തിൻെറ പ്രൊസീഡിംഗ്സ് പതിവുപോലെ ഇത്തവണ പ്രസിദ്ധ പ്പെടുത്താൻ സാധിക്കാതെ വന്നതിൽ വ്യസനിക്കുന്നു. അദ്ധ്യക്ഷൻ വർകൾ തൻെറ ജോലിത്തിരക്കുകളാൽ അതിനെ പരിശോധിച്ച് ഒപ്പു വച്ചുതരാൻ താമസിക്കുന്നതിനാലാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളത്. എങ്ങ നെയെങ്കിലും അടുത്ത ലക്കത്തിൽ അതു പ്രസിദ്ധപ്പെടുത്തുന്നതും പാസ്സായ നിശ്ചയങ്ങളേയും മറ്റും പറ്റി അപ്പോൾ വിമർശനം

Digitized By Kerala Sahitya Akademi

ചെയ്യുന്നതുമാകുന്നു. രണ്ടാമത്തെ സമ്മേളനം 2 മണി മുതൽ 4½ മണി വരെ ആയിരുന്നു. അതിൽ വച്ചു ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്, ബാലൻസ് ഷീറ്റ്, നടപ്പു കൊല്ലത്തിലേക്കുള്ള ബഡ്ജറ്റ് ഇവകളും മറ്റു നിശ്ചയങ്ങളും പാസ്സാക്കുകയും ഷഷ്ടിപൂർത്തി കമ്മിറ്റി വകകണക്കും റിപ്പോർട്ടും അംഗീകരിക്കയും ഡയറക്ടർമാരെയും ജനറൽ സിക്രട്ടറിയേയും തിരഞ്ഞെടുക്കുകയും 40 ക. മാസപ്പടിയിൽ സഞ്ചാര സിക്രട്ടറിയായി ടി. കെ. നാരായണൻ അവർകളെ നിയമിപ്പാൻ തീർച്ച യാക്കുകയും ചെയ്തു.

തിരുവിതാംകൂർ നിഖില ഈഴവ വിദ്യാഭ്യാസ മഹാസഭ.

2–ാം തീയതി കാലത്തു 8 മണിക്കു എഡ്യൂക്കേഷൻ ഡിപ്യൂട്ടി ഡയറക്ടർ പി. രാമസ്വാമിഅയ്യർ അവർകളുടെ അദ്ധ്യക്ഷതയിൽ തിരുവിതാംകൂർ ഈഴവ വിദ്യാഭ്യാസ കാര്യാലോചനസഭ കൂടിയിരുന്നു. തിരുവിതാംകൂറിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും ഹാജരായ ഈഴവ പ്രതിധികൾക്കുപുറമേ യോഗപ്രവർത്തകൻമാരും സമുദായത്തിലുള്ള മറ്റു ശ്രോതാക്കളും ആയി ആയിരത്തിൽപരം ഈഴവരും ഒന്നിച്ചു റേഞ്ച് ഇൻസ്പെക്ടർ എസ്. സുബ്രഹ്മണ്യ ശാസ്ത്രികൾ എം. എ. അവർകൾ, അസിസ്റ്റന്റ് ഇൻസ്പെക്ടർ കേശവപിള്ള (ബി. എ) അവർകൾ മുതലായ ഡിപ്പാർട്ടുമെണ്ടു് ഉദ്യോഗസ്ഥൻമാരും ഉണ്ടായിരുന്നു. ഈഴവരുടെ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ താൽകാലികാവസ്ഥയേയും അതിനെ വർദ്ധിപ്പിക്കുന്നതിൽ മഹാരാജാവു തിരുമനസ്സിലെ ഗവൺമെൻറിനുള്ള താല്പര്യത്തേയും ആ വിഷയത്തിൽ ഈഴവർ ചെയ്യേണ്ട ശ്രമങ്ങളേയും മറ്റും പറ്റി ജ്ഞാനപ്രദവും ഉത്സാഹ ജനകവും സാരസവുമായ ഒരു പ്രസംഗംകൊണ്ടു് അദ്ധ്യക്ഷൻ രാമസ്വാമിഅയ്യരവർകൾ മഹാസഭയുടെ ഹൃദയത്തെ ആവർജ്ജിക്കയും സർവസമ്മത പ്രകാരം സ്വന്തം അദ്ധ്യക്ഷതയിലും എൻ. കുമാരൻ ആശാൻ അവർവളുടെ കാര്യദർശിത്വത്തിലും ഈഴവരുടെ പ്രാഥമിക വിദ്യാഭ്യാസത്തെ മേൽനോട്ടം ചെയ്വാൻ ഒരു കമ്മിറ്റി ഏർപ്പെടുത്താൻ തീർച്ചയാക്കുകയും ചെയ്തു. യോഗം ജനറൽ സിക്രട്ടറി എൻ. കുമാരൻ ആശാൻ അവർകൾ മഹാരാജാവു തിരുമനസ്സിലെ ഗവൺമെൻറിൽ നിന്നു പ്രാഥമിക വിദ്യാഭ്യാസ വിഷയത്തിൽ അടുത്ത ഏതാനും കൊല്ലങ്ങളായി ഈഴവർക്കു ലഭിച്ചുവരുന്ന ആനുകൂല്യങ്ങളെപ്പറ്റി പൊതുവായും ഡിപ്യൂട്ടി ഡയറക്ടർ അവർകളിൽ നിന്നും സമുദായത്തിനു ലഭിച്ചിട്ടുള്ളതും ലഭിച്ചു വരുന്നതുമായ സഹായങ്ങളെപ്പറ്റി പ്രത്യേകമായും വിമർശിച്ച് ഒരു ചെറിയ പ്രസംഗമുഖേന കൃതജ്ഞതാപ്രകടനം ചെയ്കയും മഹാരാജാവു തിരുമനസ്സിലേക്കും മറ്റും വിജയാശംസ ചെയ്തു 11 മണിയോടുകൂടി മഹാസഭ

Digitized By Kerala Sahitya Akademi

പിരിയുകയും ചെയ്തു. മഹാസഭയിൽ രാമസ്വാമിഅയ്യർ അവർകൾ ചെയ്ത പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്ന പ്രകാരം ഈഴവരിൽ വിദ്യാഭ്യാസമുള്ളവരുടെ ശതമാനത്തെ സൂചിപ്പിക്കുന്ന ഒരു കണക്ക് മറെറാരു ദിക്കിൽ കൊടുത്തിട്ടുണ്ട്. ഈ കണക്കിൽ ഈഴവാത്തികളുടെ കണക്കു കൂടി അന്തർഭവിച്ചിരിക്കയാണെന്നു കാണുന്നു. വാത്തികളുടെ സംഖ്യ കഴിഞ്ഞ ജനസംഖ്യാ റിപ്പോർട്ടുപ്രകാരം 6671 ആണ്. ഈഴവർ ആകെ 446265 പേരും ആകുന്നു. ഇങ്ങനെയാണ് ആ പട്ടികയിൽ 552936 ഈഴവർ എന്നു ചേർത്തുകാണുന്നത്. പട്ടികയിൽ 15-ൽ ഒന്ന് എന്നു കാണുന്നത് ആകെയുള്ള ജനസംഖ്യയിൽ| പള്ളിക്കുടത്തിൽ പോകുന്ന പ്രായത്തിലുള്ളവരുടെ സംഖ്യയാണ്. അതിന്റെ ആകത്തുക 82920-ം പഠിച്ചുവരുന്ന ഈഴവക്കുട്ടികളുടെ ആകത്തുക 37708-ം മാത്രമാണ്. അതു നൂറിനു 45 മാത്രമാകുന്നു. അതുകൊണ്ടു നൂറിനു 55 വീതം ഈഴവക്കുട്ടികൾ ഇനിയും വിദ്യാലയം കണ്ടിട്ടില്ല. മഹാസഭവഴിയായി ഈഴവർക്ക് ഇപ്പോൾ പ്രവേശനമില്ലാത്ത എല്ലാ സ്കൂളുകളിലും പ്രവേശനം കിട്ടുന്നതിനും ആവശ്യമുള്ള സ്ഥലങ്ങളിൽ ഗ്രാൻറു സ്കൂളുകളും വ്യവസായ പാഠശാലകളും മററും സ്ഥാപിച്ചുകിട്ടുന്നതിനും അപ്രകാരം വിദ്യാഭ്യാസമുള്ളവരുടെ സംഖ്യ ശീഘ്രത്തിൽ വർദ്ധിപ്പിക്കുന്നതിനും സാധുക്കളുടെ ഇടയിൽ കൈത്തൊഴിലിൽ വാസനയും ജ്ഞാനവും പരത്തുന്നതിനുംവേണ്ടതെല്ലാം ചെയ്യാൻ സൗകര്യമുണ്ടാകുന്നതാണ്. യോഗത്തിന്റെ കീഴിൽ ഇത്ര വിജയപൂർവമായി കഴിഞ്ഞുകൂടിയ ഈ മഹാസഭയെ സംബന്ധിച്ച് പ്രവർത്തകൻമാർക്കു വലുതായ ചാരിതാർത്ഥ്യത്തിന് അവകാശമുള്ളതാകുന്നു.

സ്ത്രീസമാജം

സ്ത്രീ സമാജം 2–ാം നം-2 മണിക്കുകൂടി. കൊല്ലം, തിരുവനന്തപുരം, നെയ്യാററിൻകര, ചെങ്ങന്നൂർ മുതലായ പല താലൂക്കുകളിൽനിന്നും പല മാന്യസ്ത്രീകളും ഹാജരായിരുന്നു. സദാചാരം, ബാലപരിചരണം, ഗൃഹവ്യവസായം, വിദ്യാഭ്യാസം, സമുദായ പരിഷ്കരണ വിഷയത്തിൽ സ്ത്രീകളുടെ ഭാഗം ഇത്യാദി വിഷയങ്ങളിൽ നല്ലനല്ല പ്രസംഗങ്ങൾ ഓരോ മാന്യകൾ എഴുതിവായിച്ചിരുന്നു. ഈ പ്രസംഗങ്ങൾ യഥാവസരം പ്രസിദ്ധപ്പെടുത്തുന്നതാണ്. അദ്ധ്യക്ഷ ശ്രീമതി ഗൗരിഅമ്മ അവർകളുടെ പ്രൗഢ സരസമായ പ്രസംഗം വേറൊരുദിക്കിൽ ചേർത്തിട്ടുണ്ട്. ഇത്തവണ സ്ത്രീ സമാജത്തിൽ പറയത്തക്ക നിശ്ചയങ്ങൾ ഒന്നും പാസ്സാക്കീട്ടില്ലെങ്കിലും അദ്ധ്യക്ഷയുടേയും പ്രസംഗകർത്രികളിൽ പലരുടേയും സാരമേറിയ ഉപദേശങ്ങളിൽ നിന്നു നമ്മുടെ സ്ത്രീലോകത്തിനു പലതും പഠിക്കയും അനുഷ്ഠിക്കയും ചെയ്വാൻ അവസരപെടിച്ചിട്ടുണ്ടെന്നു വിശ്വസിക്കുന്നു. തിരുവിതാംകൂറിൽ ഒന്നാമതായി ബി. എ. പരീക്ഷ ജയിച്ച ഒരു വിദുഷിയുടെ അദ്ധ്യക്ഷതയിൽ എസ്. എൻ. ഡി. പി. യോഗം സ്ത്രീ സമാജം നടന്നത് ഇപ്പോഴാണെന്നുള്ള വസ്തുത വിശേഷിച്ചും പ്രസ്താവയോഗ്യമാണ്.

Digitized By Kerala Sahitya Akademi

പൊതുജനയോഗം

2-ാം നു- വൈകുന്നേരം $4\frac{1}{2}$ മണിക്കു പതിവുപോലുള്ള പബ"ളിക് മീററിങ്ങു കൂടി. പന്തലും അടുത്ത പ്രദേശങ്ങളും വിശേഷാൽ അലങ്കരിച്ചിരുന്നു. നാനാജാതി മതസ്ഥരായി ആയിരത്തോളം മാന്യൻമാരും മാന്യസ്ത്രീകളും ഹാളിൽ തിക്കിത്തിരക്കി ആസനസ്ഥരായിരിക്കയും പലരും സ്ഥലചുരുക്കത്താൽ അവിടവിടെയായി തിങ്ങി ഒതുങ്ങി നിൽക്കുകയും ചെയ്തിരുന്നു. ദിവാൻ കൃഷ്ണൻനായർ മുതലായി സ്ഥലത്തുള്ള മിക്ക വലിയ ഉദ്യോഗസ്ഥൻമാരും, ദിവാൻ ബഹദ്ദൂർ എ. ഗോവിന്ദപ്പിള്ള തുടങ്ങിയ പെൻഷൻ ഉദ്യോഗസ്ഥൻമാരും, അരുമന ശ്രീ നാരായണൻ തമ്പി അവർകളും തുടങ്ങിയുള്ള പൗരപ്രധാനികളും, ഒട്ടുവളരെ വക്കീലൻമാരും ടൗണിലുള്ള മറ്റുപല യോഗ്യൻമാരും അവരുടെ വിലയേറിയ സാന്നിദ്ധ്യം കൊണ്ടു യോഗത്തെ അലങ്കരിച്ചിരുന്നു. ഡാക്ടർ പി. പല്പു (എം. ബി. സി. എം) ഇംഗ്ലീഷിൽ ഒരു ചെറിയ സ്വാഗതപ്രസംഗം ചെയ്തു. അതിൽ യോഗത്തിന്റെ സ്ഥിതിയേയും പൊതുയോഗത്തിൽനടന്ന സംഗതികളേയും മറ്റും പറഞ്ഞു വിവരിക്കയും അദ്ധ്യക്ഷനെ സദസ്യർക്കു പരിചയപ്പെടുത്തുകയും സ്ത്രീ സമാജം അദ്ധ്യക്ഷയായ ശ്രീമതി ഗൗരിഅമ്മ ഈഴവസ്ത്രീകളിൽ ഒന്നാമതായി ബി. എ. പരീക്ഷ ജയിച്ചതിനെ അനുമോദിച്ചു സ്ത്രീ സമാജക്കാരുടെ വകയായി യോഗത്തിൽനിന്ന് അവർക്ക് ഒരു സ്വർണ്ണമുദ്ര സമ്മാനിപ്പാൻ പോകുന്ന വസ്തുതയെ പ്രസ്താവിക്കുകയും ചെയ്തിരുന്നു. ആ പ്രസംഗവും തർജ്ജിമയും വേറൊരു സ്ഥലത്തു ചേർത്തിട്ടുണ്ട്. അനന്തരം അദ്ധ്യക്ഷൻ ചെയ്ത പ്രൗഢമായ പ്രസംഗത്തിന്റെ തർജ്ജിമയും ഇതിൽ മറെറാരുദിക്കിൽ ചേർത്തിരിക്കുന്നു. ഒടുവിൽ അദ്ധ്യക്ഷൻ അവർകളും ശ്രീമതി ഗൗരിയമ്മയ്ക്ക് മെഡൽ സമ്മാനിപ്പാൻ ദിവാൻജി അവർകളോട് അപേക്ഷിക്കുകയും അദ്ദേഹം സരളമായ ഒരു മലയാള പ്രസംഗത്തോടുകൂടി ഗൗരിഅമ്മയ്ക്ക് മെഡൽ സമ്മാനിക്കുകയും ഗൗരിഅമ്മ മെഡൽ വാങ്ങി കൃതജ്ഞത പ്രദർശിപ്പിക്കുന്നതായി ഇംഗ്ലീഷിൽ ഏതാനും വാക്കിൽ സന്ദർഭോചിതവും മധുരവുമായ ഒരു മറുപടിപറയുകയും ചെയ്തു. ആ മറുപടിയും അതിന്റെ തർജ്ജിമയും ഇതിൽ വേറൊരിടത്തു ചേർത്തിട്ടുണ്ട്. 6 മണിയോടുകൂടി മാല്യധാരണം, വിജയാശംസ മുതലായ നിർവഹണ മംഗളങ്ങൾ കഴിഞ്ഞു യോഗം അവസാനിച്ചു. കാര്യസമ്പൂർണ്ണതകൊണ്ടും ബഹുജന പ്രാതിനിധ്യം കൊണ്ടും ഇത്രകേമമായ ഒരു വാർഷികപൊതുയോഗം നടന്നിട്ടുണ്ടോ എന്നു സംശയമാണ്. പൊതുയോഗം അദ്ധ്യക്ഷൻ ശ്രീമാൻ ശങ്കുണ്ണി എം.എ.എൽ.ററി.അവർകളും സ്ത്രീ സമാജം അദ്ധ്യക്ഷ ശ്രീമതി ഗൗരിഅമ്മ ബി. എ. അവർകളും തങ്ങളുടെ കൃത്യങ്ങളെ ഏററവും സ്തുത്യർഹമാം വണ്ണം നിറവേററീട്ടുണ്ടെന്നു പറഞ്ഞേതീരൂ.

വിവേ: 1092 മേടം, ഇടവം

Digitized By Kerala Sahitya Akademi

പലവക

കൈത്തൊഴിൽ

തിരുവിതാംകൂറിലുള്ള അനേകം പ്രധാന കൈത്തൊഴിലുകളും ഇന്നും പ്രായേണ ഈഴവ സമുദായത്തിന്റെ പ്രത്യേക കൈത്തൊഴിലുകളായിട്ടാണ് ഇരിക്കുന്നതെങ്കിലും വിദ്യാഭിവൃദ്ധികൊണ്ടു ക്രമേണ ഇതര സമുദായക്കാർക്ക് അവയിൽ പ്രവേശിക്കുന്നതിനുള്ള വൈമുഖ്യം കുറഞ്ഞു തുടങ്ങിയിരിക്കുന്നു. ഇത് അനുശോചിക്കേണ്ട ഒരു സംഗതിയായി ആരും വിചാരിക്കയില്ല. എന്നാൽ മുണ്ടുനെയ്ത്ത്, കയറുപിരിപ്പ് മുതലായ തൊഴിലുകളിൽ ഈഴവരോടു മത്സരിക്കുന്നതിനു പ്രബലന്മാരായ എതിരാളികളും താമസിയാതെ ഉണ്ടാകുന്നതാണ്. ഈ മത്സരത്തിൽ ഈഴവരെ സഹായിക്കുന്നതിനു പരമ്പരയായി ഏതെങ്കിലും തൊഴിൽ നടത്തിപ്പോരുന്ന ജാതിക്കാർക്ക് അതിൽ സിദ്ധിക്കാവുന്ന വിശേഷസാമർത്ഥ്യം ഒന്നുമാത്രമേ ഉള്ളു. തിരുവിതാംകൂർ സർക്കാരിനെപ്പോലുള്ള ഒരു പരിഷ്കൃത ഗവൺമെൻറ് വ്യവസായങ്ങൾക്ക് എല്ലാ സമുദായക്കാരുടെ ഇടയിലും ഒന്നുപോലെ പ്രചാരം വരുത്തുന്നതിനു ത്സാഹിക്കയല്ലാതെ ഒരു സമുദായത്തിന്റെ പ്രത്യേക സ്വത്തായി ജാതിത്തൊഴിലുകളെ വച്ചുപരിപാലിച്ചുകൊള്ളുന്നതിനുത്സാഹിക്കുമെന്നു വിചാരിക്കാൻ മാർഗ്ഗമില്ല. അതുകൊണ്ടു നമ്മുടെ തൊഴിലുകളിൽ നമുക്കു പണ്ടുപണ്ടേയുള്ള വാസനയെ വർദ്ധിപ്പിക്കുന്നതിനും അവയെ പരിഷ്കൃത രീതിയിൽ നടത്തുന്നതിനും നാം ശ്രദ്ധാലുക്കളായിരുന്നെങ്കിൽ മാത്രമേ നാം ഉണ്ടാക്കുന്ന സാധനങ്ങളുടെ ഗുണംകൊണ്ടും വിലയുടെ കുറവുകൊണ്ടും നമുക്ക് ഇതരവർഗ്ഗക്കാരോട് ഒത്തു നില്ക്കുന്നതിനു സാധിക്കയുള്ളു.

നെയ്ത്ത്

നമ്മുടെ തുണിത്തരങ്ങൾ നെയ്തുണ്ടാക്കുന്നരീതി ഉത്തമമെന്നു പറയാറായിട്ടില്ല. കസവുണ്ടാക്കുന്നതിനു നാം ഇതേവരെ പഠിച്ചിട്ടില്ലാത്തതു വളരെ ശോചനീയമാകുന്നു. ഒന്നാംതരം കിഴക്കൻ ചുവപ്പിന്റെയും കാവുപ്പിന്റെയും ചായം മുക്ക് നാം ഇനിയും പഠിക്കേണ്ടതായിരിക്കുന്നതേ

Digitized By Kerala Sahitya Akademi

യുള്ളൂ പരിശ്രമശീലനായ മിസ്റ്റർ പനമൂട്ടിൽ ഗോവിന്ദൻ ഒരാളെ ബാംബെയിൽ അയച്ച് അലക്കിയാൽ മായാത്ത നൂറിൽപരം ചായങ്ങൾ മുക്കുവാൻ പഠിപ്പിച്ചു വരുത്തിയിട്ടുള്ളത് അഭിനന്ദനീയമാകുന്നു. പ്രയോജനകരമായ ഈ വിദ്യ അനേകം ഈഴവബാലൻമാർ അഭ്യസിക്കേണ്ടതാണ്.

കയറുപിരിപ്പ്

കയറുപിരിപ്പാനുള്ള സമ്പ്രദായവും വളരെ ഭേദപ്പെടുത്തേണ്ടതുണ്ട്. ആറുമാസക്കാലം വരെ തൊണ്ടു വേറിൽ താഴ്ത്തി അഴുക്കിനാറി നിറം കൊടുക്കാതെ പച്ചത്തൊണ്ടു തല്ലി ചകരി എടുക്കുന്നതിന് ഒരു യന്ത്രം വരുത്തുന്ന കാര്യം അത്രപ്രയാസമുള്ളതല്ല. ഇങ്ങനെ ചെയ്യുന്നതായാൽ കയറിനു കൂടുതൽ വില കിട്ടുന്നതും അഴുക്കുതൊണ്ടിന്റെ ദുസ്സഹമായ ദുർഗ്ഗന്ധത്തെ ഒഴിക്കാവുന്നതും ആണ്.

പുൽതൈലം

പുൽതൈലം വാറുന്ന തൊഴിൽ ഏറിയകാലമായി മദ്ധ്യതിരുവിതാംകൂറിൽ ഈഴവർതന്നെ നടത്തിപ്പോന്നിരുന്നു. അന്നു മലയിൽ വാറുചെമ്പില്ലാത്ത വീട്ടുകാർ ചുരുക്കമായിരുന്നു. ഇപ്പോഴോ ഈ തൈലത്തിൽ നിന്നും ജർമ്മനിയിൽ ഒരു വക വിലയേറിയ സുഗന്ധദ്രവ്യം എടുത്തുവരുന്നതിനാൽ തൈലത്തിനു പണ്ടത്തേക്കാളും വളരെ അധികം വിലകിട്ടുമെന്നുള്ളതുകൊണ്ടു നമ്മുടെ മലകളിൽ യുറോപ്യൻമാർ തൈലം വാറാൻ തുടങ്ങിയിരിക്കുന്നു. കടയ്ക്കാട്ടു പുല്ലിന് ഒരു ചെറിയ വിലയും കൊടുക്കേണ്ടതായി വന്നിട്ടുണ്ട്. ഇതു നിമിത്തം നമ്മുടെ തൈലം വാറുകാരിൽ പലരും അടങ്ങിക്കളഞ്ഞു. ഇനി ഈ തൊഴിലിൽ നിന്നുള്ള ആദായം അധികവും വിദേശീയർ തന്നെ കൊണ്ടുപോകുമെന്നാണു കാണുന്നത്.

കല്പണി

ഇതിൽ ഈഴവർ ഇപ്പോഴും സ്തുത്യർഹമായ സാമർത്ഥ്യം കാണിച്ചുവരുന്നു. തിരുവനന്തപുരം. ചിറയിൻകീഴ് മുതലായ താലൂക്കുകളിലുള്ള ഒന്നാംതരം കല്പണിക്കാർ അധികവും ഈഴവരാണ്. കല്ലാശാരിമാരുടെ ഈ പ്രത്യേക തൊഴിലിനെ ഇവർ കവർന്നു കഴിഞ്ഞിരിക്കുന്നു. മൈസൂറിലുള്ള കല്പണിക്കാർ കരിങ്കല്ലിനെ നേർത്ത പലകകളായി പിളർന്നെടുക്കുകയും അവയെ ചുടുകല്ലിന്റെ ആകൃതിയിൽ മുറിച്ചുചുവരുകൾ കെട്ടുന്നതിനുപയോഗിക്കയും ചെയ്യുന്നു. ഈ സമ്പ്രദായം നമ്മുടെ കല്പണിക്കാർ ആ ദേശത്തുപോയി പഠിച്ചുകൊണ്ടു വരേണ്ടതാണ്.

Digitized By Kerala Sahitya Akademi

മരപ്പണിയും ഇരുമ്പുവേലയും

ആദായമുള്ള തൊഴിലുകളാണെങ്കിലും. ഈഴവർ ഇവയിൽ വേണ്ടും വണ്ണം പ്രവേശിച്ചു കാണുന്നില്ല. നമ്മുടെ വീടുകൾ നമുക്കാവശ്യമുള്ള മേശകൾ, കസേരകൾ, കട്ടിലുകൾ, അലമാരികൾ മുതലായവ പണി ചെയ്യുന്നതിന് ഈഴവ ആശാരിമാർ ഉണ്ടായിരിക്കേണ്ടതാണ്.

ഈഴവരുടെ സൗകര്യങ്ങൾ

ഏതു തൊഴിലും ചെയ്യുന്നതിനു ദുരഭിമാനം കൊണ്ടുള്ള തടസ്സം അന്യവർഗ്ഗക്കാരെ അപേക്ഷിച്ചു നമുക്കു വളരെ കുറവാണ്. സർക്കാരുദ്യോഗങ്ങൾ സമ്പാദിച്ചുകൊള്ളുന്നതിനുള്ള ശ്രമം തുടങ്ങിവരുന്നതേയുള്ളു. എല്ലാമാതിരി തൊഴിലുകളിൽ പ്രവേശിക്കുന്നതിനുവേണ്ട ജനസംഖ്യയും നമ്മിൽ ഉണ്ട്. ഇതുവരെ ചെയ്തുവന്നിരുന്ന ജോലികളിൽ കാലോചിതങ്ങളായ പരിഷ്കാരങ്ങൾ വരുത്തുകയും ഓരോ നൂതന തൊഴിലുകളിൽ പ്രവേശിക്കയും ചെയ്യുന്നതിനുള്ള സൗകര്യം നമ്മെപ്പോലെ വേറെ ആർക്കുമില്ല. നമ്മുടെ സമുദായത്തിന്റെ മേലാലുള്ള അഭിവൃദ്ധി ഈ സൗകര്യങ്ങളെ നാം യഥാക്രമം ഉപയോഗിക്കുന്നതിനെ മാത്രം ആശ്രയിച്ചിരിക്കുന്നു.

വിവേ: 1080 തുലാം

ശ്രീ നാരായണ ധർമ്മ പരിപാലനയോഗം വക സാഹിത്യ പരീക്ഷയും ഫലവും

ഓരോ വകുപ്പിലും അനേകം പ്രബന്ധങ്ങൾ അയച്ചുതരപ്പെട്ടിരുന്നവയിൽ താഴെക്കാണുന്നവമാത്രം സമ്മാനാർഹങ്ങളായിരുന്നു. ഇവയെ തൃപ്തികരമാംവണ്ണം പരിശോധിച്ചുതന്നു ഞങ്ങളെ സഹായിച്ച സൗജന്യനിധികളായ മ. രാ. രാ. ജസ്റ്റിസ്. എ. ഗോവിന്ദപ്പിള്ള ബി. എ. ബി. എൽ, എഫ്. എം. യു. അവർകൾക്കും മഹാമഹിമശ്രീ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്കും ഞങ്ങൾ ഏറ്റവും നന്ദിപറഞ്ഞുകൊള്ളുന്നു.

പ്രബന്ധങ്ങൾ

പദ്യം

1. ഒരുപ്രഭാതവർണ്ണന—മ. രാ.രാ. കോമത്തു കുഞ്ഞുപണിക്കർ അവർകൾ.
1-ാമതു സമ്മാനം. ഒരുപവൻ

Digitized By Kerala Sahitya Akademi

2. ടി. വേറൊന്ന്. സൗഭാഗ്യവതി വി. കൊച്ചിക്കാവമ്മ, മിഡ്‌വൈഫ്, ചിറയിൻകീഴ്. വിശേഷാൽ സമ്മാനം രൂപ 10

3. ഒരു സ്തോത്രകാവ്യം—മ. രാ. രാ എസ്. പത്മനാഭപ്പണിക്കർ അവർകൾ സമ്മാനം രൂപ. 8

4. ടി. വേറൊന്ന്—മ. രാ. രാ. കുഞ്ഞുപണിക്കർ അവർകൾ, വാരണപ്പള്ളി സമ്മാനം രൂപ. 7

ഗദ്യം

5. ഈഴവ കുടുംബ സ്ഥിതിയെ പ്രതിപാദിക്കുന്ന ഒരു ചെറിയകഥ
മ. രാ. രാ. കോമത്തു കുഞ്ഞുപണിക്കർ അവർകൾ
സമ്മാനം രൂപ 10

പഴയകൃതി

6. ഭഗവദ്ഗീത കിളിപ്പാട്ട്—കുഞ്ഞുവാപ്പു ഗുരുക്കൾ, തലശ്ശേരി
സമ്മാനം രൂപ 20

ഈ ഒടുവിൽകാണുന്ന കൃതി 40 സംവത്സരത്തിനു മുമ്പു ഉണ്ടാക്കപ്പെട്ടതും കിളിപ്പാട്ടു രൂപത്തിലുള്ളതുമായ ഭഗവദ്ഗീതയുടെ ഒരു തർജ്ജിമ ആകുന്നു. അതിന്റെ ആസ്വാദ്യതയെപ്പറ്റി എല്ലാ പരിശോധകന്മാരും ഒന്നുപോലെ സമ്മതിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ അസാധാരണമായ ഗുണത്തേയും പ്രയോജനത്തേയും വിചാരിച്ച് അതിന്റെ പ്രസാധകനെ പ്രോത്സാഹിപ്പിക്കുന്നതിനായി കൂടുതൽ സമ്മാനം കൊടുക്കപ്പെട്ടതാകുന്നു.

സമ്മാനം നൽകപ്പെട്ട മേൽക്കാണുന്ന പ്രബന്ധങ്ങളെ സൗകര്യംപോലെ വിവേകോദയത്തിൽ അടുത്ത നമ്പർ മുതൽ ഓരോന്നായി പ്രസിദ്ധപ്പെടുത്തുന്നതാണ്. അല്പദിവസത്തെ മുന്നറിവു മാത്രമേ ഉണ്ടായിരുന്നുള്ളു എങ്കിലും സാഹിത്യപരീക്ഷയുടെ ഫലം തൃപ്തികരമായിരിക്കുന്നു എന്നു കാണുന്നതിൽ കമ്മിറ്റി സന്തോഷിക്കുകയും അടുത്ത പരീക്ഷ ഇതിലും തൃപ്തികരമായിരിക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

കമ്മിറ്റിക്കുവേണ്ടി, എൻ. കുമാരൻ ആശാൻ

വില: 1080 മകരം

Digitized By Kerala Sahitya Akademi

പ്രാണിഹിംസാ നിഷേധം

ബ്രഹ്മശ്രീ നാരായണഗുരുസ്വാമി അവർകൾക്കു പ്രാണിദയ, ജ്ഞാനം ഭക്തി മുതലായവ പോലെ തന്നെ പ്രിയതമമായ വിഷയമാകുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും സ്വജാതിക്കാരുടെ മാത്രമല്ല, ഇതര ജാതിക്കാരുടെ കൂടിയും ഒട്ടധികം ഭഗവതീ ക്ഷേത്രങ്ങളിൽ പ്രാചീനകാലം മുതൽ നടന്നു വന്നിരുന്ന ആടു കോഴി മുതലായ പ്രാണികളുടെ ഹിംസയെ ഈ മഹാനുഭാവൻ നാമാവശേഷമാക്കീട്ടുണ്ട്. ഹിംസയെ തടുക്കുന്നതിന്നായി അനേക ഭഗവതീ ക്ഷേത്രങ്ങളും ശിവക്ഷേത്രങ്ങളും സുബ്രഹ്മണ്യ ക്ഷേത്രങ്ങളുമായി മാറിട്ടുണ്ട്. ഇന്നും അദ്ദേഹം ഇതിൽ ബദ്ധശ്രദ്ധനാകുന്നു. ശിഷ്യൻമാരെ അദ്ദേഹം പ്രാണിദയയുള്ളവരായിരിപ്പാനും പ്രാണിഹിംസയെ കഴിയുന്നേടത്തെല്ലാം നിരോധിപ്പാനും പ്രത്യേകം ഉപദേശിക്കുന്നു. അതുകൊണ്ടു നമ്മുടെ പ്രാസംഗികൻമാരുടെ ശ്രദ്ധ സ്വജാതീയരുടെ ഇടയിൽ ക്ഷേത്രങ്ങളിലും മറ്റുമുള്ള പ്രാണിഹിംസാശീലത്തെ മാറ്റുന്ന വിഷയത്തിലും പതിയേണ്ടതും അതിന്റെ വിജയം മതസംബന്ധമായിട്ടുള്ള നമ്മുടെ പരിഷ്കരണത്തിന്റെ ഒരു പ്രധാന ഭാഗമായി ഗണിക്കപ്പെട്ടിരിക്കുന്നതും ആകുന്നു.

പ്രാണിദയ

കഠിനഹൃദയ നീ കടന്നിവണ്ണം
തുടരുവതെങ്ങിനെ തൻഹിതത്തിനായി?
വടിവെഴുമൊരു ജന്തുവെത്തുടിപ്പി—
ച്ചിടുവതിതെന്തിനതെന്തു ചെയ്തുനിന്നെ?

കരുണയുടയൊരീശ സൃഷ്ടിയാണീ—
യുരുവുകളൊക്കെയതോർത്തതില്ലയോ നീ?
അറിയുമവനിതൊക്കെ യോർക്കമേൽ നി—
ന്നറിയുക, കേഴുമിവറ കേണിടുമ്പോൾ.

കരവതവനറിഞ്ഞുനോക്കുമേ നിൻ
കരമിതു ചോരയണിഞ്ഞ കത്തിയോടും
കരുതുകയതു സാധു ചേതനത്തിൽ
പരമലിവേലുക, പോക, കൊന്നിടായ്ക!

ഇതിനെയുമിഹ നിന്നെയും ചമച്ചാ
വിധിയൊരുപോലവനോർക്ക വിശ്വകർത്താ
മതിയിലിയലുകൻപു നിൻ വിധാതാ—
വധിക ദയാപരനെന്നതോർത്തു നീയും.

ഹിംസകനെ ചൂണ്ടിപ്പറയുന്ന ഈ പദ്യങ്ങൾ നമ്മുടെ പ്രാസംഗികൻമാർക്കു ഉപയോഗപ്പെടുമെന്നു വിശ്വസിക്കുന്നു.

വിവേ: 1081 ഇടവം, മിഥുനം, കർക്കടകം

Digitized By Kerala Sahitya Akademi

മിസ്സ്റർ പി. പല്പു എം. ബി. സി. എം.

കഴിഞ്ഞ തവണത്തെ എം. ബി. സി. എം. എന്ന ഉൽകൃഷ്ട വൈദ്യ പരീക്ഷയിൽ പാസ്സായിരിക്കുന്ന ഈ മിസ്റ്റർ പല്പു നമ്മുടെ സമുദായ നേതാവായ ഡാക്ടർ പല്പുവിന്റെ പുത്രനാണെന്ന് ആരും സംശയിക്കില്ലെന്നു വിശ്വസിക്കുന്നു. ഞങ്ങളുടെ ഇന്നത്തെ ഈ കുറിപ്പിനു വിഷയീഭവിച്ചിരിക്കുന്ന മിസ്റ്റർ പല്പു ഡാക്ടർ പല്പു അവർകളുടെ ഒരു അടുത്ത സംബന്ധിയാകുന്നു. ഇദ്ദേഹം തിരുവിതാംകൂർ ഗവൺമെൻറിനോട് ഇംഗ്ലണ്ടിൽപോയി വൈദ്യപരീക്ഷയ്ക്കു പഠിക്കുവാൻ ഒരു സ്കോളർഷിപ്പിന് അപേക്ഷിച്ചിരുന്നതായി ഞങ്ങൾ മുമ്പ് ഒരു അവസരത്തിൽ പ്രസ്താവിച്ചിരുന്നതു വായനക്കാർ ഓർക്കുന്നുണ്ടായിരിക്കുമല്ലൊ. ആ അപേക്ഷയെ തിരുവിതാംകൂർ ഗവൺമെൻറു നിർദ്ദയം നിരസിക്കുകയാൽ ഇദ്ദേഹം നിശ്ശേഷം ഭഗ്നാശയനാകാതെ എം. ബി. സി. എം. പരീക്ഷയ്ക്കു തുടർന്നു പഠിക്കുകയും ഇപ്പോൾ പാസ്സാകുകയും ചെയ്തിരിക്കുന്നു. സമുദായത്തിനു പൊതുവേ അഭിമാനകരമായ മിസ്റ്റർ പല്പുവിന്റെ ഈ വിജയത്തിൽ അദ്ദേഹത്തെ ഞങ്ങൾ അഭിനന്ദിക്കുകയും അദ്ദേഹത്തിന്റെ ഭാവിജീവിതം അദ്ദേഹത്തിനും സ്വസമുദായത്തിനും ഒരുപോലെ ശ്രേയസ്കരമായിത്തീരുവാൻ ജഗദീശ്വരനെ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

തിരുവിതാംകൂർ ഗവൺമെൻറ് ഈഴവർക്ക് ഉദ്യോഗം കൊടുക്കാതിരിക്കുന്നതിനു പറയുന്ന ഒഴികഴിവുകളിൽ ഒന്ന് അവരിൽ ഉൽകൃഷ്ട വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ കുറവാകുന്നു. ഈശ്വരാനുകൂല്യം കൊണ്ട് ആ കുറവു ക്രമേണ നീങ്ങിവരുന്നുണ്ട്. മിസ്റ്റർ പല്പുവിനെ ഒരു സ്കോളർഷിപ്പിന് അപേക്ഷിച്ചതിൽ ഭഗ്നാശയനാക്കിയ ഗവൺമെൻറ് അദ്ദേഹത്തിന്റെ കാര്യത്തിൽ ഇനി എന്താണു പ്രവർത്തിക്കുന്നതെന്ന് അറിവാൻ ഞങ്ങൾ കാത്തിരിക്കുന്നു.

വിവേ: 1082 മേടം, ഇടവം

കുവരകു കൃഷി

കൊല്ലം പരവൂർ സാങ്കേതിക വിദ്യാശാലയുടെ ഉടമസ്ഥനും മാന്യരുമായ മിസ്സ്റർ കെ. സി. ഗോവിന്ദൻ 'കുവരകു കൃഷി'യെക്കുറിച്ച് എഴുതിയിട്ടുള്ള ഒരു ചെറിയ പ്രസംഗത്തിന്റെ ഒരു പ്രതി ഗ്രന്ഥകർത്താവു സദയം അയച്ചുതന്നതിനെ ഞങ്ങൾ നന്ദിപൂർവം കൈപ്പററിയിരിക്കുന്നു. മിസ്സ്റർ ഗോവിന്ദനെക്കുറിച്ചു വായനക്കാരിൽ അധികം പേരും കേട്ടിരിക്കുമല്ലോ.

Digitized By Kerala Sahitya Akademi

ദേശഭേദംകൊണ്ടു കൂവരകു്, പഞ്ഞപ്പുല്ലു്, റാഗി, റവകേപ്പ, നഷ്ണു, മുത്താരി, കൊടപ്പുല്ലു് എന്നിങ്ങിനെ പല പേരുകളും പറഞ്ഞു വരുന്ന ഈ ധാന്യത്തെ കൃഷി ചെയ്യുന്നതിൽ ജനങ്ങൾ അവശ്യം അറിഞ്ഞിരിക്കേണ്ട അനേകം വിഷയങ്ങളെക്കുറിച്ചു മിസ്റ്റർ ഗോവിന്ദൻ പ്രതിപാദിച്ചുകാണുന്നു. ഈ ധാന്യത്തെ കൃഷി ചെയ്യുന്ന സമ്പ്രദായം, അതിലേക്കു തക്കതായ താകം, വളങ്ങൾ, ചെലവുകഴിച്ചുള്ള ആദായം, അതുകൊണ്ടു് ഉണ്ടാക്കപ്പെടാവുന്ന പലവിധ ഭക്ഷണപദാർത്ഥങ്ങൾ ഇവയുടെ വിവരണങ്ങൾ ആണു് പ്രസംഗത്തിലെ വിഷയം. ഒരു ഇടങ്ങഴി കൂവരകു ശരിയായ വിധത്തിൽ കൃഷി ചെയ്യുന്നതിനുള്ള ചെലവിനും അതിൽ നിന്നും കിട്ടുന്ന ആദായത്തിനും ഒരു പട്ടികയും കൊടുത്തിട്ടുണ്ടു്. ഇടങ്ങഴി കൂവരകു കൃഷി ചെയ്താൽ 20 മുതൽ 100 വരെ പറ ധാന്യം കിട്ടുമെന്നും 30 പറ കിട്ടിയിരുന്നാൽ തന്നെയും 15 ക. 3 രൂപ അതിൽ നിന്നും ആദായമുണ്ടാകുമെന്നും മിസ്റ്റർ ഗോവിന്ദൻ പറയുന്നു. ഈ കണക്കു നമ്മുടെ കർഷകൻമാരിൽ ആശ്ചര്യത്തെ ജനിപ്പിക്കാതിരിക്കയില്ല. ഈ കൃഷി വാസ്തവത്തിൽ ഇത്ര ആദായകരമാണെങ്കിൽ നമ്മുടെ നാട്ടിൽ ഇതിനെ പൂർവാധികം വർദ്ധിപ്പിക്കുന്നതു ഗുണപ്രദമായിരിക്കും. വളരെ പോഷക ശക്തിയുള്ള ഈ ധാന്യത്തെ സാധുക്കൾക്കു് ഇപ്പോഴത്തേതിലും അധികമായി ഭക്ഷണപദാർത്ഥമായി ഉപയോഗിക്കാവുന്നതുമാകുന്നു. പ്രതിദനം ജനസംഖ്യകൂടി വരുന്ന ഈ കാലത്തു നെല്ലരിക്കു പ്രായേണ വില വർദ്ധിച്ചു വരുന്നതു സഹജമാണല്ലോ. തന്നിമിത്തം നെല്ലരിക്കുപകരം ഉപയോഗിക്കാവുന്ന ധാന്യങ്ങളെ പൂർവാധികം വിളയിപ്പിക്കാതെ ഇരുന്നാൽ സാധുകൾക്കു വലുതായ ബുദ്ധിമുട്ടിനു് ഇടവരുന്നതാണു്. കൂവരകു് ഒരു സാധാരണ ഭക്ഷണപദാർത്ഥമായി സ്വീകരിക്കപ്പെടുന്നതിനു വിരോധമുണ്ടെന്നു തോന്നുന്നില്ല.

കൂവരകു കൃഷിയിൽ പ്രവൃത്തിക്കുന്നവർ മിസ്റ്റർ ഗോവിന്ദന്റെ പുസ്തകത്തിൽ പറയുന്ന പലേ സംഗതികളേയും ഗ്രഹിച്ചിരിക്കേണ്ടതാകുന്നു. ഗ്രന്ഥകർത്താവിന്റെ ഈ ശ്രമത്തെ ഞങ്ങൾ നിർവ്യാജമായി അഭിനന്ദിക്കുന്നു.

വിവേ: 1032 മിഥുനം

ദിവാൻ ബഹദൂർ ഈ. കെ. കൃഷ്ണൻ അവർകളുടെ സ്മാരകം

പെൻഷൻഡ് സബ് ജഡ്ജിയും സർവ്വസമ്മതനും യോഗ്യനും ആയിരുന്ന കഴിഞ്ഞുപോയ ദിവാൻ ബഹദൂർ ഈ. കെ. കൃഷ്ണൻ അവർകളുടെ ഒരു സ്മാരകം ഏർപ്പെടുത്താൻ ചിലർ ആലോചിച്ചുവരുന്നതായി കാണായ്കയിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. മലയാളികളിൽ

Digitized By Kerala Sahitya Akademi

ഒന്നാമതായി ദിവാൻ ബഹദൂർ എന്ന സ്ഥാനത്തെ സമ്പാദിച്ചതും ഇദ്ദേഹമാണല്ലോ. ഇദ്ദേഹത്തിന്റെ എല്ലാ യോഗ്യതകളേയും ആലോചിച്ചാൽ ഇദ്ദേഹത്തിന്റെ ഓർമ്മയെ നിലനിർത്തുന്നതിന് എന്തെങ്കിലും ചെയ്യേണ്ടത് ആവശ്യമാണെന്നുള്ളതിനു സംശയമില്ല. ഇതിനുമുമ്പ് ചില മഹാൻമാരുടെ സ്മാരകങ്ങളെ ഏർപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി മലയാളികളിൽ പലരും സഭകൂടി പ്രസംഗിക്കയും ആലോചിക്കയും ചെയ്തിട്ടുള്ളതായും അവരുടെ ആലോചനകളെല്ലാം നിഷ്ഫലമായി കേവലം അന്തരീക്ഷത്തിൽ ലയിച്ചു പോയിട്ടുള്ളതായും ഞങ്ങൾ അറിയുന്നുണ്ട്. അതിനാൽ ഇങ്ങനെയുള്ള കാര്യങ്ങളുടെ ഫലപ്രാപ്തി പൊതുജനങ്ങളുടെ ഔദാര്യത്തേയും സഹായത്തേയുമാണ് ആശ്രയിച്ചിരിക്കുന്നതെന്നും അതിലേക്കു ക്ഷമയോടും സ്ഥിരോത്സാഹത്തോടും കൂടി ഹൃദയപൂർവമായി യത്നിക്കേണ്ടതാണെന്നും പ്രവർത്തകൻമാർ ഓർക്കേണ്ടതാകുന്നു. ഇങ്ങനെ ഉത്സാഹിക്കുവാൻ വല്ലവരുമുണ്ടെങ്കിൽ ദിവാൻ ബഹദൂർ ഈ. കെ. കൃഷ്ണൻ അവർകളുടെ സ്മാരകം വളരെ വേഗത്തിൽ സഫലമായിത്തീരുമെന്നു നിശ്ചയമാകുന്നു. ഏതായാലും യോഗ്യനായ ഇദ്ദേഹത്തിന്റെ ഒരു സ്മാരകം എർപ്പെട്ടുകാണണമെന്നുള്ള ആശാബന്ധത്തോടും അതിന് ഈശ്വരാനുഗ്രഹമുണ്ടാകട്ടെ എന്നുള്ള ആശംസയോടും കൂടി ഞങ്ങൾ തൽക്കാലം വിരമിക്കുന്നു.

വിവേ: 1083 തുലാം

മിതവാദി

തലശ്ശേരിയിൽ നമ്മുടെ സജ്ജനങ്ങളുടെ വകയായി പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന മിതവാദി എന്ന പ്രതിവാരപ്പത്രത്തിന്റെ ഒന്നും രണ്ടും മൂന്നും ലക്കങ്ങൾ ഞങ്ങൾക്കു കിട്ടിയിരിക്കുന്നു. ഞങ്ങൾ പ്രതീക്ഷിച്ചിരുന്ന പ്രകാരം മിതവാദിയുടെ ആകൃതിയും പ്രകൃതിയും ഒരു പോലെ വിശേഷമായി കാണുന്നതിൽ ഞങ്ങൾക്കു വളരെ ചാരിതാർത്ഥ്യമുണ്ട്. അവശ്യം വായിച്ചറിയേണ്ട നാനാ പ്രകാരത്തിലുള്ള വർത്തമാനങ്ങളും ലേഖനങ്ങളുംകൊണ്ട് മിതവാദി സവിശേഷം അലംകൃതമായിരിക്കുന്നു. ലേഖനങ്ങളെ ക്രമീകരിച്ചിരിക്കുന്ന സമ്പ്രദായവും വളരെ ശ്ലാഘനീയമായിരിക്കുന്നു. കേരളത്തിൽ ഇപ്പോൾ നടത്തപ്പെട്ടുവരുന്ന വൃത്താന്തപത്രങ്ങളുടെ കൂട്ടത്തിൽ മിതവാദി ഏറ്റവും ഉയർന്നതായ ഒരു സ്ഥാനത്തെ അർഹിക്കുന്നുണ്ടെന്നുള്ളതിന് ആക്ഷേപമില്ല. മിതവാദിയുടെ പ്രവർത്തകൻമാരുടെ യോഗ്യതകളെ ആലോചിച്ചാൽ അതിന്റെ ഭാവിയും വളരെ പ്രകാശമാനമായിരിക്കുമെന്നു ധാരാളം വിശ്വസിക്കാം. അതിന്റെ പത്രാധിപർ മൂർക്കോത്തു കുമാരൻ അവർകൾ ഒരു നല്ല ഭാഷാഭിമാനിയും മലയാളികളുടെ കൂട്ടത്തിൽ ഒരു ഒന്നാംതരം ഗദ്യമെഴുത്തുകാരനുമാണെന്നു പ്രസിദ്ധമാകയാൽ ഞങ്ങൾ അദ്ദേഹത്തെക്കുറിച്ച്

Digitized By Kerala Sahitya Akademi

ഇവിടെ ഒന്നും പറയേണ്ട ആവശ്യകതയില്ലല്ലോ. സജ്ജനങ്ങളുടെ വക യായി ഉത്തമരീതിയിൽ നടത്തപ്പെട്ടുവരുന്ന ഒരു വർത്തമാനപ്പത്രം ഇല്ലെ ന്നുള്ള ന്യൂനതയും ഇപ്പോൾ പരിഹരിക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം പ്രശസ്തമായ നിലയിൽ നടത്തപ്പെട്ടുവരുന്ന ഒരു പത്രം നമ്മുടെ സമുദായത്തിന്നു പ്രത്യേകമായും രാജ്യത്തിന്നു പൊതുവായും അഭിമാന ഹേതുകമാണെന്നു പറയണമെന്നില്ലല്ലോ. മിതവാദിക്കു പല നല്ല ഉദ്ദേശ ങ്ങളും സാധിക്കേണ്ടതായിട്ടുണ്ടെന്നു പ്രസ്താവിച്ചു കാണുന്നു. അതെല്ലാം സഫലമാകുന്നതിനു കേരളീയർ കഴിയുന്നത്ര സഹായിക്കുമെന്നും ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. ഡെമ്മി പന്ത്രണ്ടു പേജുകളുള്ള ഈ പ്രതിവാരപത്രത്തിന് നിശ്ചയിച്ചിട്ടുള്ള വരിസംഖ്യ ആണ്ടടക്കം മുൻകൂ മൂന്നു രൂപാ 12 ണ. മാത്രമാകുന്നു. ഈ ചുരുങ്ങിയ സംഖ്യ കഴിയുന്നതും മുൻകൂറായിത്തന്നെ കൊടുത്തു മിതവാദി വാങ്ങി വായിക്കണമെന്ന് ഞങ്ങൾ സജ്ജനങ്ങളോടു പ്രത്യേകം അഭ്യർത്ഥന ചെയ്തുകൊള്ളുന്നു. ഈ പുതിയ സഹജീവിക്കു ഞങ്ങൾ സർവ്വ വിജയത്തേയും ആശംസി ക്കുന്നു.

വിവേ: 1083 തുലാം

മിതവാദിയും മിസ്റ്റർ മൂർക്കോത്തു കുമാരനും

ഞങ്ങളുടെ തലശ്ശേരിയിലെ സഹജീവിയായ മിതവാദിയുടെ പത്രാ ധിപത്യം മിസ്റ്റർ മൂർക്കോത്തു കുമാരൻ ഒഴിഞ്ഞിരിക്കുന്നു. ആരംഭം മുതലേ മിതവാദിയുടെ പത്രാധിപരായിരുന്ന് ഏറെറവും ഉത്തമമായ ഒരു നിലയിൽ ആ പത്രത്തെ നടത്തിക്കൊണ്ടു വരവേ ഇപ്പോൾ മിസ്റ്റർ കുമാരൻ അതിൽ നിന്നും ഒഴിയുന്നതിനു സംഗതിയായതിനാൽ ഞങ്ങൾ അത്യന്തം വ്യസനിക്കുന്നു. വർത്തമാനപത്രങ്ങൾ നടത്തുന്നതിനു മിസ്റ്റർ കുമാരനു ചെറുപ്പം മുതലേ പരിചയവും സാധാരണ വർത്തമാനപ്പത്ര വായനക്കാർക്കു രുചിപ്രദമായ ഒരു ഗദ്യരീതി സ്വായത്തവും ആയി രുന്നു. മംഗലാപുരം കോളേജിലെ സഹായ പണ്ഡിതനായിട്ടു മിസ്റ്റർ കുമാരനെ നിയമിച്ചിരിക്കുന്നതായി അറിയുന്നു. അതിലും അദ്ദേഹം ശോഭിച്ചു കാൺമാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇതിനെ സംബന്ധിച്ചു കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് താഴെ വരുന്ന പ്രകാരം മലയാള മനോരമയ്ക്ക് എഴുതിയിരിക്കുന്നു.

"മിതവാദി ഉദ്ഭവിച്ചതു മുതൽ മിസ്റ്റർ മൂർക്കോത്തു കുമാരൻ അതിന്റെ പത്രാധിപത്യം അസാധാരണമായ സാമർത്ഥ്യത്തോടു കൂടി യാണു നടത്തീട്ടുള്ളത്. അദ്ദേഹം ആ പത്രാധിപത്യം ഒഴിയുന്നതിൽ വച്ചു മിതവാദിയുടെ വായനക്കാരിൽ ഗുണദോഷ വിവേചത്തിനു ശക്തി യുള്ള മലയാളികളോരോരുത്തരും വ്യസനിക്കാതിരിക്കയില്ല. ഗവൺ

Digitized By Kerala Sahitya Akademi

നെൻറിനെക്കുറിച്ചുള്ള പ്രതിപത്തിയെ വേണ്ടവണ്ണം പ്രകാശിപ്പിച്ചും ന്യായമാർഗ്ഗത്തിൽ നിന്നും തെറ്റിനടക്കുന്ന ഏതാനും ചില അധികാരിമാരുടെ തെറ്റുകളെ മുഖം നോക്കാതെ നിർദ്ദാക്ഷിണ്യമായി ആക്ഷേപിച്ചും, സാമുദായികങ്ങളായുള്ള കാര്യങ്ങളിൽ വേണ്ടുന്ന പരിഷ്കാരങ്ങളെ ഏർപ്പെടുത്തുന്നതിനുവേണ്ടി ഐദംപര്യേണ പരിശ്രമിച്ചും, സരസഫലിതലളിതങ്ങളായ ഉപന്യാസങ്ങളെക്കൊണ്ട് സഹൃദയൻമാരെ ആനന്ദിപ്പിച്ചും മിതവാദി ഏതൽക്കാലപര്യന്തം സമ്പാദിച്ചിട്ടുള്ള വിജയം മിസ്റ്റർ കുമാരൻ ഒറ്റാളുടെ പ്രയത്നത്തെ മാത്രം അവലംബിച്ചുണ്ടായതാണെന്നുള്ളതിനു സംശയമില്ല. മിസ്റ്റർ കുമാരനു ടീച്ചറായും മലയാള പണ്ഡിതരായും ഉള്ള നിലയിലും ഇതുപോലെ തന്നെയുള്ള വിജയം സിദ്ധിക്കുമെന്നാണെൻറ വിശ്വാസം".

വിവേ: 1084 മീനം

കൃഷിവിഷയം: കളപറിക്കൽ

കൃഷിക്കാരൻറെ ചിലവിൽ കളപറിക്കുന്നതിനെക്കൂടി പ്രധാനമായ ഒരിനമായി കരുതണം. കളപറിക്കുന്നതിൽ മടികാണിക്കുന്ന കൃഷിക്കാരന് അതിനുവേണ്ടിവരുന്ന ചിലവിനേക്കാൾ എത്രയോ മടങ്ങധികം വിലയ്ക്കുള്ള വിളവു ദോഷപ്പെട്ടു പോകുന്നു. 'കരിവ്', 'വെള്ളക്കേട്', എന്നു രണ്ടു വൈകൃതമായ ദോഷങ്ങൾ കഴിഞ്ഞാൽ കൃഷിക്കു നമ്മുടെ നാട്ടിൽ വിശേഷിച്ചുള്ള പ്രധാന ദോഷം കളപറിക്കുന്നതിൽ കാണിക്കുന്ന അമാന്തമാകുന്നു. നീർ നിലങ്ങളിൽ ആണ് ഇതിനെപ്പറ്റി വിശേഷിച്ചും ശ്രദ്ധിക്കേണ്ടത്. പറിച്ചുനടുന്ന നിലങ്ങളിലേക്കാൾ വിതയ്ക്കുന്ന നിലങ്ങളിലാണ് കളകൾ സാധാരണമായി അധികം കാണപ്പെടുന്നത്. നടുന്നതും നന്നുങ്ങൾ നല്ലവണ്ണം ഉഴുതൊരുക്കീട്ടല്ലെങ്കിൽ ആ നിലങ്ങളിലും കളകൾ ധാരാളമായി കണ്ടുവരുന്നുണ്ട്. അതുകൊണ്ടു നിലമൊരുക്കുന്നതിൽ നല്ലവണ്ണം ദൃഷ്ടിവച്ചാൽ കളകളുടെ അക്രമമായ വളർച്ചയ്ക്കു പറയത്തക്ക ശമനമുണ്ടാകുന്നതാണ്.

എന്നാൽ നിലം തൃപ്തികരമാംവണ്ണം ഒരുക്കുകയും, പറിച്ചുനടുകയും ചെയ്യുന്നതായാൽ കൂടിയും നെല്ലുകളിൽ നിന്നു വേർതിരിച്ചറിയാൻ പാടില്ലാത്ത വിധത്തിൽ പലപ്പോഴും കളകൾ വളർന്നു വിളവിനെ ദോഷപ്പെടുത്താറുണ്ട്. ഈ കളകൾ പറിച്ചുനടുന്ന ഞാറിൽകൂടി കലർന്നിരിക്കയും പറിച്ചുനടുമ്പോൾ അവയോടൊന്നിച്ചു നെൽച്ചെടിപോലെതന്നെ വളർന്നുവരികയും ആകുന്നു. ഇതിനെ തടുപ്പാനുള്ള ഉത്തമമായ ഉപായം വിത്തിനായി ഉപയോഗിക്കുന്ന നെൽക്കതിരുകളെ 'കള'ത്തിൻറെ ഒരു ഭാഗം പ്രത്യേകം വെടിപ്പാക്കി അവിടെയിട്ടു സൂക്ഷിച്ച് അടിച്ചു പാറിയുണക്കി എടുത്തു പ്രത്യേകം വച്ചുകൊള്ളുന്നതാകുന്നു. അങ്ങിനെ ചെയ്യുന്നതുകൊണ്ട് കളയുടെ വിത്തുകൾ അതിൽ കലർന്നു ഞാറു

Digitized By Kerala Sahitya Akademi

പാകുമ്പോൾ അവയോടൊന്നിച്ചു മുളച്ചുവരാതെ ഇരിക്കും. കൂടാതെയും അങ്ങിനെയുള്ള വിത്തുകളിൽ നിന്ന് നല്ല ഞാറുകൾ ഉണ്ടാകുന്നതും അതിൽ നിന്നു നല്ല വിളവുകിട്ടുന്നതുമാകുന്നു. നല്ലവണ്ണം ഒരുക്കീട്ടുള്ള നിലങ്ങളിൽ സാധാരണമായി ചെയ്തുവരുന്നതുപോലെ അധികം ഞാറുകൾ ഒന്നായിച്ചേർത്തു നടുന്നതിനുപകരം ഓരോ ഞാറുകൾ മാത്രം ഓരോകുഴികളിൽ നടുന്നതും നല്ല വിളവുകിട്ടാൻ വളരെ പ്രധാനമായിട്ടുള്ള ഒരു മുൻകരുതലാണെന്നു ഗവൺമെൻറ് കൃഷി ഡിപ്പാർട്ടുമെൻറുകാർ പരിശോധിച്ചറിഞ്ഞിട്ടുള്ളതാകുന്നു.

വിതയ്ക്കുന്ന നീർ നിലങ്ങളിൽ പറിച്ചുനടുന്ന നിലങ്ങളിലേക്കാൾ അധികം കളകൾ ഉണ്ടാകുന്നതിന്റെ മുഖ്യകാരണം കളകൾ സാധാരണമായി നെൽച്ചെടികളെക്കാൾ വേഗത്തിൽ വളരുന്നവയാണെന്നതാകുന്നു. അങ്ങിനെ അവ വളർന്നു നെല്ലിന്റെ വളർച്ചയെ തടുക്കുകയും അതുകളുടെ വളർച്ച ഒന്നിനാലും തടുക്കപ്പെടാതെ വർദ്ധിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അവയെ പറിച്ചുകളയുന്ന വിഷയത്തിൽ കൃഷിക്കാർ എപ്പോഴും ദൃഷ്ടിവയ്ക്കേണ്ടതാകുന്നു.

പൊടി നിലങ്ങളിൽ വെള്ളമില്ലാത്തദിക്കുകളിൽ കുളങ്ങളിൽ വെള്ളം നിറയുന്നതുവരെ ആദ്യത്തെ രണ്ടുമൂന്നു മാസങ്ങൾക്കുള്ളിൽ കളപറിക്കുന്നതിനുവേറൊരു സൗകര്യം കണ്ടുവരുന്നു. അതായതു വിത്തുകൾ ഉഴവുചാലിന്റെ വരികളിൽ സൂക്ഷിച്ചു തൂറുകയും അതുകൊണ്ടു നെല്ലുകൾ എല്ലാം വരിവരിയായി വളർന്നുവരികയും ചെയ്യുന്നു. അങ്ങിനെയുള്ള ദിക്കുകളിൽ കളപറിക്കുന്നത് എളുപ്പമാകുന്നു. ഈ സമ്പ്രദായം മറ്റു ദിക്കുകളിലും നടപ്പാക്കുന്നതു നല്ലതാണ്. ഒരാൾ, ഒരുക്കിയ നിലത്തിൽ ഒരുചാൽ ഉഴുതുകൊണ്ടു മുമ്പേ പോകുകയും മറെറാരാൾ ആ ചാലിൽ വിത്തിട്ടുകൊണ്ടു ചെല്ലുകയുമാണ് ഇതിനുവേണ്ടത്. ഒരുചാൺ അകലത്തിനുള്ളിൽ മൂന്നോ നാലോ വിത്തുകൾമാത്രം ഓരോന്നായി വീഴത്തക്കവണ്ണം പ്രത്യേകം സൂക്ഷിച്ചു വിതയ്ക്കുന്നത് കളപറിക്കുന്നതിന് ഏറെവുമധികം സൗകര്യം കൊടുക്കുന്നതും വളരെ നല്ലതുമാകുന്നു. ഇങ്ങനെ ചെയ്യുന്നതിനു വിത്തുകളെ ചെറിയ ചരലുകളിലോ മണ്ണിലോ ചേർത്തു വിരകി ഓരോ പിടിയായി വാരിവിതയ്ക്കുന്നത് സൗകര്യപ്രദമായിരിക്കും. അങ്ങിനെയായാൽ ആവശ്യത്തിലധികം വിത്തുകൾ ഒരു സ്ഥലത്തുവീണു കൂട്ടമായിച്ചേർന്നു വളരുന്നതിന് ഇടയാകയില്ല. കൃഷിക്കാരൻ ഈ വിഷയങ്ങളെ എല്ലാം പ്രത്യേകം സൂക്ഷിച്ചാൽ അയാൾക്ക് അല്പനിലങ്ങളിൽനിന്നു സൂക്ഷ്മമില്ലാത്ത ഒരുവനു അധികനിലങ്ങളിൽനിന്നു കിട്ടുന്ന വിളവുകൾ കിട്ടുന്നതും കൃഷിയിൽ താത്പര്യവും അഭിവൃദ്ധിയും ഉണ്ടാകുന്നതുമാകുന്നു.

വിവേ: 1084 മിഥുനം

Digitized By Kerala Sahitya Akademi

സ്വന്തകാര്യം

വിവേകോദയത്തിന്റെ ഏഴാം വാല്യം ഈ പ്രത്യേയോടുകൂടി അവസാനിച്ചിരിക്കുന്നു. ഈ ഏഴുവർഷക്കാലമായി പലവിധ അരിഷ്ടതകളോടുകൂടി ആണെങ്കിലും ഈ മാസിക അതിന്റെ ഉദ്ദേശങ്ങളെ നിറവേറ്റുന്നതിൽ ഏതാണ്ടെല്ലാം പ്രവർത്തിച്ചിട്ടുണ്ടെന്നു വായനക്കാർ സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. എന്നാൽ ഇതു നിലനിന്നുപോരുന്നതു കേവലം എസ്. എൻ. ഡി. പി. യോഗത്തിന്റെ സഹായം കൊണ്ടല്ലാതെ വായനക്കാരുടെ ഔദാര്യംകൊണ്ടല്ലെന്നു പറയേണ്ടിവരുന്നതിൽ ഞങ്ങൾ വ്യസനിക്കമാത്രമല്ല ലജ്ജിക്കയും ചെയ്യുന്നു. ഞങ്ങളുടെ മലബാർ സഹജിയായ കേരളസഞ്ചാരി ഇയ്യിടെ വിവേകോദയത്തെപ്പറ്റി ഇങ്ങിനെ എഴുതിയിരിക്കുന്നു: "തീയസംഘത്തിന്റെ പ്രത്യേക നൻമയ്ക്കുവേണ്ടി അവതരിച്ച ഈ മാസികയ്ക്ക് ഇപ്പോൾ ഏഴുകൊല്ലം പൂർത്തിയാകാറായിരിക്കുന്നു....എങ്കിലും ഈ പഴക്കത്തിനനുസരിച്ച സഹായം ഇതിന് ആ സംഘത്തിൽ നിന്നു വേണ്ടുവോളം ഉണ്ടായിക്കാണപ്പെടുന്നില്ലെന്നു പറയേണ്ടിവന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു." ഇതു ഞങ്ങൾക്കു തീരെ അഭിമാനകരമായ ഒരു അഭിപ്രായമല്ലെങ്കിലും ഏറ്റവും വാസ്തവമായിട്ടുള്ളതാണെന്നു പറയാതെ കഴികയില്ല. വായനക്കാർ ഇനിയെങ്കിലും ഇതിനെ സഹായിപ്പാൻ വിചാരിച്ചാൽ അടുത്ത വാല്യം മുതൽ ഇതിനെ ഇതിലും പ്രശസ്തമായ നിലയിൽ നടത്തിക്കൊണ്ടു പോവാൻ യോഗത്തിനു സാധിക്കുന്നതാണ്.

വായനക്കാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്: പലരും വിവേകോദയം സമയത്തിനു കിട്ടുന്നില്ലെന്നും കേവലം കിട്ടുകതന്നെ ചെയ്യുന്നില്ലെന്നും, വരിപിരിക്കാൻ ചെല്ലുന്നവരോടും മാറും പറയുന്നതായി ഞങ്ങൾ കേൾക്കുന്നുണ്ടു. ചില അസൗകര്യങ്ങൾ നിമിത്തം ഞങ്ങൾ ചിലപ്പോൾ രണ്ടു മാസത്തെ പ്രതികൾ ഒന്നായി പ്രസിദ്ധപ്പെടുത്തി വരുമാറുണ്ട്. ഇത്രയുമല്ലാതെ ഞങ്ങളുടെ പേരിൽ യാതൊരു വീഴ്ചയും വായനക്കാർക്കു ന്യായമായി ആരോപിപ്പാൻ പാടില്ലാത്തതാണ്. അഞ്ചൽ ശിപായിമാരുടെ അലസതയും വേണ്ടാതനവും കൊണ്ടാണ് അധികം സങ്കടങ്ങളും ഉണ്ടാകുന്നത്. പല പ്രാവശ്യവും പത്രങ്ങൾ മേൽവിലാസം ഉടമസ്ഥൻമാർക്കു കൊടുക്കാതെയും വല്ലപ്പോഴുമൊരിക്കൽ ഇഷ്ടംപോലെ കൊണ്ടുചെന്നു കൊടുത്തും കഴിക്കുന്ന അഞ്ചൽ ശിപായിമാർ ധാരാളമാണ്. ഈ പരാതികളും പുറപ്പെടുവിക്കാത്ത പത്രങ്ങളും മാസികകളും തിരുവിതാംകൂറിൽ ചുരുക്കമുമാകുന്നു. എന്നാൽ ഇതു വായനക്കാർ തന്നെ ശ്രമിച്ചാൽ ഒരു വിധമൊക്കെ പരിഹരിക്കപ്പെടാവുന്ന ഒരു വീഴ്ചയാണ്. അതിനെ ഓർക്കാതെ അതുതന്നെ വരിപ്പണം കൊടുക്കുന്നതിന് ഒരു നല്ല ഒഴികഴിവായി പിടിച്ചുവാദിച്ചു പിരിവുകാരെ "നാലുപിച്ചയയ"ക്കുന്ന വരിക്കാരെപ്പറ്റി

Digitized By Kerala Sahitya Akademi

എന്തുപറയേണ്ടൂ എന്നു ഞങ്ങൾ അറിയുന്നില്ല. വരിക്കാർ പണം അതാതു സമയങ്ങളിൽ ന്യായമായി അടയ്ക്കാത്തതുകൊണ്ടാണ് പിരിവുകാരെ അയയ്ക്കുന്നത്. അവർ പലപ്പോഴും വളരെ ദൂരം നടന്നും, വള്ളം കേറിയും, വണ്ടികേറിയും ചിലപ്പോൾ തീവണ്ടിക്കു വളരെദൂരം ടിക്കറുമേടിച്ചുമാണ് വരിക്കാരുടെ അടുക്കൽ ചെല്ലുന്നത്. അങ്ങനെചെല്ലുന്നതു നിസ്സാരമായ സംഖ്യകൊ പിരിപ്പാനുമാണ്. ആ സ്ഥിതിക്കു യുക്തിവാദങ്ങൾ വളച്ചുകെട്ടി സംസാരിച്ചുപത്രം കിട്ടാറില്ലെന്നും മറും പറഞ്ഞ് അവരെ മടക്കി അയയ്ക്കാൻ ഉഷ്ടപ്പെടുന്ന വരിക്കാരിൽ നിന്ന് വിവേകോദയത്തിനോ യോഗത്തിനു തന്നെയോ എന്താണാശിക്കാവുന്നത് ?

ഈ സന്ദർഭത്തിൽ ന്യായമായി വരിപ്പണം അടച്ചു ഞങ്ങളെ പ്രോത്സാഹിപ്പിക്കുന്ന മാന്യൻമാരെക്കുറിച്ചുള്ള കൃതജ്ഞതയും ഞങ്ങൾ പ്രസ്താവിച്ചു കൊള്ളുന്നു. ഇടുത്ത ലക്കം, അതായത് 8–ാമതു പുസ്തകത്തിന്റെ ആദ്യലക്കം, ഞങ്ങൾ കുടിശ്ശികക്കാർക്കു വി.പി. അയപ്പാൻ നിശ്ചയിച്ചിരിക്കയാകുന്നു. അതുകൊണ്ടു കുടിശ്ശികയുള്ള എല്ലാ മാന്യൻമാരും അവരവർ അടയ്ക്കേണ്ടിയുള്ള സംഖ്യ മുഴുവനുമോ അതിൽ ഗണ്യമായ ഒരു ഭാഗമോ ഉടനെ അയച്ചു തരികയോ അല്ലാത്തപക്ഷം വി.പി. കൈപ്പറ്റി പണം അയച്ചു തരികയോ ചെയ്യുമെന്നു ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു.

വിവേ: 1086. മീനം

ലോകഗതി

ഒരു നിബന്ധന

ജനക്ഷേമത്തിനായി അവസരോചിതമായ എല്ലാം ആലോചിച്ചു ചെയ്വാൻ വ്രതം നോറ്റിരിക്കുന്ന മഹാരാജാക്കൻമാരിൽ ഒന്നാമത്തെ ദേഹമാണ് ബറോഡായിലെ ഗേക്കുവാർ തിരുമേനി എന്നു പറയേണ്ടതില്ലല്ലോ. നിർബന്ധിത വിദ്യാഭ്യാസം, ബാലവിവാഹ നിരോധനം മുതലായതിനു പട്ടങ്ങളുണ്ടാക്കി നടപ്പാക്കിയതുപോലെ തന്നെ അവിടന്നിപ്പോൾ ഒരു പുതിയ നിബന്ധനകൂടി ബറോഡാ ഗവൺമെൻറ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും നടപ്പാക്കാൻ ആജ്ഞാപിക്കയും ചെയ്തിരിക്കുന്നു. അതു പുകവലിയേയും മദ്യപാനത്തേയും പറ്റിയാണ്. ഈ നിബന്ധന പ്രകാരം 16 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്കു പുകയിലയോ ചുരുട്ടോ സിഗറെറോ ബീഡിയോ അവരുടെ സ്വന്താവശ്യത്തിനായോ അല്ലാതേയോ വല്ലവരും കൊടുക്കുകയോ വിലക്കുകയോ ചെയ്താൽ അങ്ങനെ ചെയ്യുന്നവർക്കു 'സമരി' വിചാരണയിൻമേൽ പത്തുറുപ്പിക യിൽ കവിയാത്ത പിഴ നിശ്ചയിക്കുന്നതാകുന്നു. അങ്ങിനെ വിലക്കപ്പെടുന്ന സാമാനങ്ങളെ കണ്ടു കെട്ടി ഗവൺമെൻറിലേക്കു മുതൽ കൂട്ടുന്നതാണ്. ഒരു കുട്ടി പുകവലിക്കുന്നതായിക്കണ്ടാൽ യൂണിഫാറം

Digitized By Kerala Sahitya Akademi

ധരിച്ച ഏതു പോലീസ് ഉദ്യോഗസ്ഥനും ആ കുട്ടിയുടെ കയ്യിൽ നിന്ന് ആ സാധനത്തെ തട്ടിപ്പറിക്കേണ്ടതും അതിനായി സംശയിക്കപ്പെട്ടാൽ ആവശ്യമുള്ള പക്ഷം കുട്ടിയുടെ ശരീരത്തിൻമേൽ അന്വേഷണം നടത്തുന്നതും. എന്നാൽ ഒരു പെൺകുട്ടിയായിരുന്നാൽ ഈ ഒടുവിൽ പറഞ്ഞ സംഗതി ചെയ്വാൻ പാടില്ലാത്തതുമാകുന്നു. ലൈസൻസ് പിടിച്ചിട്ടുള്ള ഒരു മദ്യഷാപ്പുകാരനും കുട്ടികൾക്കു ഏതെങ്കിലും ലഹരിയുള്ള പേയങ്ങൾ അവരുടെ ആവശ്യത്തിനോ അല്ലാതെയോ കൊടുക്കുകയോ വില്പ്പക്കുകയോ കുട്ടികളെ ഷാപ്പിന്റെ മുറികളിൽ എങ്ങാനും കയറ്റുക കൂടിയോ ചെയ്വാൻ പാടില്ലെന്നു ടി നിബന്ധന നിരോധിക്കുന്നു. അതിനെ ലംഘിച്ചാൽ 20 ക. യിൽ കവിയാത്ത പിഴ കല്പിക്കുന്നതുമാണ് ഇതിനു പുറമേ 9 വയസ്സിനുള്ളിൽ പ്രായമുള്ള കുട്ടികളെ യാതൊരു കൂലിപ്പണിക്കും നിയോഗിച്ചു കൂടാ എന്നും ഒരു നിബന്ധന നടപ്പാക്കിയിട്ടുണ്ട്. അതിനെ ലംഘിക്കുന്നവർക്കു 50 ക. പിഴ കല്പിക്കുന്നതുമാണ ത്രേ. എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം സിദ്ധിക്കുന്നതിനും അവരുടെ ശരീരത്തിനും ബുദ്ധിക്കും കേടുപറ്റാതെ അവരെ നല്ല പൗരൻമാരായി വളർത്തിക്കൊണ്ടുപോരുന്നതിനും ഉദ്ദേശിച്ചുള്ള ഗവർമ്മെന്റു വാർ തിരുമനസ്സിലെ ഈ പ്രയത്നങ്ങളെ ആർ അനുമോദിക്കയില്ല ?

വിവേ: 1086 മീനം

എവിടെയും ക്ഷോഭം

മനുഷ്യന്റെ വിചാരങ്ങളും പ്രവൃത്തികളും എല്ലാം സാംക്രമികങ്ങളാണ്. ചില സമയങ്ങളിൽ ഈ തത്ത്വം അധികം സ്പഷ്ടമായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. യൂറോപ്പിലെ ഭയങ്കരയുദ്ധം ഇപ്പോഴും ലോകത്തെ മുഴുവൻ ഇളക്കിമറിക്കുന്നു. നമ്മുടെ മഹാരാജ്യത്തിന്റെ അതിർത്തികളിലും ബംഗാൾ മുതലായ പ്രദേശങ്ങളിലും രാജദ്രോഹികൾ വീണ്ടും തലപൊക്കിയിരിക്കുന്നു. കുറേക്കൂടി അടുത്തു നോക്കുമ്പോൾ മലബാറിൽ മാപ്പിളമാർ വീണ്ടും ലഹളയ്ക്കു ഭാവിക്കുന്നതായി കാണുന്നു. തിരുവിതാംകൂറിൽ സാധുക്കളായ പുലയരുടെ നേരേയുള്ള ഉയർന്ന ജാതിക്കാരുടെ പോരാട്ടവും കൂടക്കൂടെ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇതിനുപുറമേ സാമുദായിക സംഘങ്ങളിൽ തന്നെ ഐകമത്യഭംഗവും അന്തഃഛിദ്രങ്ങളും അധികപ്പെട്ടുകാണുന്നു. ക്രിസ്ത്യൻ കാൺഗ്രസ്സിൽ കാത്തോലിക്കർ വഴിപ്പെടാതെ ശഠിച്ചു നില്ക്കുന്നു. കേരളീയ നായർസമാജത്തിന്റെ ഈയിടെ കഴിഞ്ഞ ബിസിനസ്സ് മീറ്റിംഗിൽ പ്രവർത്തകൻമാർ തമ്മിൽ ക്ഷോഭിച്ചു പിരിഞ്ഞിരിക്കുന്നു. എസ്.എൻ.ഡി.പി. യോഗത്തിന്റെ ശരീരത്തിലും രോഗബീജങ്ങൾ കുത്തിവച്ചു ക്ഷോഭമുണ്ടാക്കാൻ ചിലർ ശ്രമിക്കാതിരിക്കുന്നില്ല. സാധുജന പരിപാലന സംഘത്തിലും പ്രവർത്തകൻമാരുടെ ഇടയിൽ

Digitized By Kerala Sahitya Akademi

നിസ്സാരമായിട്ടെങ്കിലും സ്വരച്ചേർച്ചകേട് ആരംഭിച്ചിട്ടുണ്ടെന്നു കാണുന്നു. എന്നാൽ ക്ഷോഭങ്ങൾ സമാധാനത്തിന്റെ ആസ്വാദ്യതയെ വർദ്ധിപ്പിച്ചു ലോകത്തിന്റെ പുരോഗതിയെ പരോക്ഷമായി സഹായിക്കുന്ന സഹകാരികൾ എന്നാണ് ഞങ്ങളുടെ വിശ്വാസം. എല്ലാ ക്ഷോഭങ്ങളും സമാധാനത്തിൽ അവസാനിക്കുമാറാകട്ടെ.

വിവേ: 1091 തുലാം

നമ്മുടെ മാറിപ്പോയ ദിവാൻ രാജഗോപാലാചാരി അവർകൾ കപ്പലപകടത്തിൽനിന്നു രക്ഷപ്പെട്ടു.

മദ്ധ്യധരണിക്കടലിൽ പോർട്ടുസേഡിന്നടുത്ത്യവച്ചു കഴിഞ്ഞ ഡിസംബർ 21-ാംനു യസകമാദ് എന്ന ജപ്പാൻകാരുടെ വക കപ്പൽ ജർമ്മൻകാർ മുക്കിയ വിവരം ആ കപ്പലിൽ രാജഗോപാലാചാരി അവർകൾകൂടി ഒരു യാത്രക്കാരനായിരുന്നു എന്നുള്ള സംഗതിയാൽ ഞങ്ങൾക്കു പ്രത്യേകിച്ചും വളരെ വ്യാകുലതയുണ്ടാക്കിയിരുന്നു. അദ്ദേഹം അപകടത്തിൽ നിന്നു രക്ഷപെട്ടു സുഖമായി മദ്രാസിൽ തിരിച്ചെത്തി പഴയ ജുഡീഷ്യൽ സെക്രട്ടറി ഉദ്യോഗത്തിൽ പ്രവേശിച്ചിരിക്കുന്നതായറിയുന്നത് വലിയ ആശ്വാസത്തിനും സന്തോഷത്തിനും വകയായിരിക്കുന്നു. യുദ്ധം ആരംഭിച്ച അവസരത്തിൽ അദ്ദേഹം തന്റെ ആദ്യത്തെ സഞ്ചാരത്തിൽ ഫ്രാൻസിലോ മറോ അകപ്പെട്ടു കുറെ സങ്കടമനുഭവിച്ചു എന്നു പല വർത്തമാനപത്രങ്ങളും പ്രസ്താവിച്ചിരുന്നു. അതെല്ലാം വെറുതെയാണെന്നും ആ അവസരത്തിൽ യാതൊരുപദ്രവവും കൂടാതെ യുദ്ധാരംഭത്തിനു അല്പം മുൻകൂട്ടിത്തന്നെ അപകടസ്ഥലങ്ങൾ എല്ലാം കഴിഞ്ഞ് ഇന്ത്യയിലേക്കു പുറപ്പെട്ടുപോന്നു എന്നുമാണു ഞങ്ങൾ അറിഞ്ഞിരുന്നത്. എന്നാൽ കടലിലും കരയിലും ആകാശത്തും സ്വസ്ഥതയില്ലാത്ത ഈ ഭയങ്കര യുദ്ധമദ്ധ്യത്തിൽ തന്നെ യൂറോപ്പു രണ്ടാമതും ഒന്നു സന്ദർശിച്ചു പോരുവാൻ അദ്ദേഹത്തിനു തോന്നിയ തോന്നൽ നിശ്ചയമായും സഹജമായ ധീരതയെ സ്ഫുരിപ്പിക്കുന്ന ഒന്നാണ്. യുദ്ധത്തിന്റെ ഭയങ്കരഫലങ്ങൾ അവിടെത്തന്നെ ചെന്നുകാണുവാൻ അദ്ദേഹത്തിനു വീരോചിതമായ കൗതുകവും താല്പര്യവും തോന്നിയിരിക്കണം. അദ്ദേഹം യാത്രചെയ്യുന്ന കപ്പൽ ശത്രുക്കൾ ടാർപ്പീഡോ പ്രയോഗിച്ചു തകർക്കുന്നതും, യാത്രക്കാർ പരിഭ്രമിക്കുന്നതും, സ്ത്രീകളും കുട്ടികളും നിലവിളിക്കുന്നതും, ഏതാനും നിമിഷത്തിനുള്ളിൽ താൻ അപാരമായ സമുദ്രത്തിൽ ഒരു ചെറു ബോട്ടിനുള്ളിൽ ഒഴുകിത്തിരിയാറാകുന്നതും, ക്ഷണംതോറും ശത്രുക്കളേയും തിരമാലകളേയും ഭയന്നു വ്യാകുലതയോടുകൂടി ജീവിതത്തിന്റെയും മരണത്തിന്റെയും മദ്ധ്യത്തിൽ എട്ടുപത്തു മണിക്കൂറുകൾ കഴിച്ചുകൂട്ടുന്നതും, പിന്നെ രക്ഷിക്കാൻ വരുന്ന കപ്പലിനെ കാണുന്നതും, രക്ഷലഭിക്കുന്നതും മാറും വാചാമഗോചരമായ ചിലമനോഭാവങ്ങളെ

Digitized By Kerala Sahitya Akademi

അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒന്നാമതായി ഉളവാക്കിയിരിക്കണം. ചുരുക്കത്തിൽ ജീവിതത്തിന്റെ നിലയും വിലയും അദ്ദേഹത്തിന് ഇപ്രതീക്ഷിതമായ ഈ അനുഭവങ്ങളാൽ പൂർവാധികം മനസ്സിലായിരിക്കണം. ജനക്ഷേമ തത്പരനായ ഈ മഹാപുരുഷൻ മേലാൽ ഈ വക ആപത്തുകളൊന്നും കൂടാതെ വളരെക്കാലം സുഖമായി ജീവിച്ചിരിക്കുമാറാകട്ടെ.

വിവേ: 1091 മകരം

സരസ്വതീരംഗം

''മനുഷ്യവർഗ്ഗത്തിന് ഇന്നുവരെയുള്ള സമ്പാദ്യങ്ങളിൽ ഏറ്റവും വിലയേറിയത് അതിന്റെ സാഹിത്യമാണ്. സാഹിത്യമില്ലായിരുന്നു എങ്കിൽ ജീവിതം എത്ര നീരസവും നിഷ്പ്രയോജനവും ദുസ്സഹവുമായിരിക്കുമെന്നു അല്പം വിചാരിച്ചാൽ ആർക്കും അറിയാം. മനുഷ്യന്— ബുദ്ധിമാനും സഹൃദയനുമായ മനുഷ്യന്— ഏതുകാലഘട്ടത്തിലും സാഹിത്യത്തിലുള്ള ആദരവും അനുരാഗവും കുറവാൻ തരമില്ല. അന്ത്യകരണമുള്ള കാലംവരെ സാഹിത്യം അവനെ ആനന്ദിപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യാതിരിക്കുന്നതുമല്ല.

''കാവ്യശാസ്ത്ര വിനോദേന
കാലോ ഗച്ഛതി ധീമതാം.''

എന്ന പ്രാചീനവചനം അക്ഷരംപ്രതി അർത്ഥമുള്ളതാണ്. ഇത്ര മുഖ്യമായ ആ സാഹിത്യനിധിയെ സൂക്ഷിക്കയും പോഷിപ്പിക്കയും ചെയ്യേണ്ട ഭാരം അതാതു ദേശത്തിൽ അതാതു കാലത്തിൽ ജീവിച്ചിരിക്കുന്ന ലബ്ധവർണ്ണന്മാരുടെ ചുമലിലിരിക്കുന്നു. തന്റെ സഹജീവികൾക്ക് ഉത്തമ സാഹിത്യത്തിൽ അഭിരുചി വർദ്ധിക്കുന്നതായുള്ള ഒരുവന്റെ ഏതുശ്രമവും ഒരുപ്രകാരത്തിലല്ലെങ്കിൽ മറ്റൊരുപ്രകാരത്തിൽ ആ ഭാരത്തെ ഏറക്കുറെ നിർവഹിക്കുമെന്നുള്ളതു നിശ്ചയമാണ്. സരസവും വ്യുൽപാദകവുമായ രീതിയിൽ മുഖംനോക്കാതെയുള്ള ഗ്രന്ഥനിരൂപണത്തെക്കാളും കാര്യക്ഷമമായി പത്രങ്ങൾക്കും മാസികകൾക്കും ഈ വിഷയത്തിൽ ഏതു ശ്രമമാണ് ചെയ്യാൻ കഴിയുന്നത്? അതുകൊണ്ട് ഈ പംക്തികളിൽ യഥാവസരം പഴയതോ പുതിയതോ ആയ ഗ്രന്ഥങ്ങളെ വിമർശിച്ച് അഭിപ്രായം പറവാൻ ഞങ്ങൾ പ്രതിജ്ഞചെയ്യുന്നു.

പ്രതീ: 1095 വൃശ്ചികം, ധനു

Digitized By Kerala Sahitya Akademi

കത്തുകൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

I

ജഡ്ജി എം. ഗോവിന്ദന്റെ അനുജൻ പത്മനാഭൻ വാധ്യാർക്കയച്ച ഒരു കത്ത്

ശിവമയം

ബാംഗ്ലൂർ, 96 സെപ്റ്റംബർ 1

സ്നേഹമുള്ള വയസ്യരേ!

നിങ്ങടം അയച്ചുതന്ന പുസ്തകവും എഴുത്തും കിട്ടി. നിങ്ങടംക്കു ഞാൻ ഇതുവരെ ഒരെഴുത്തും അയക്കാതിരുന്നതിന്ന് തല്ക്കാലം മാപ്പു ചോദിക്കയല്ലാതെ നിവൃത്തിയില്ല. നിങ്ങടംക്കെന്നുമാത്രമല്ല. കാക്കക്കുഴിയിലെ മറേറ സ്നേഹിതനും ഞാൻ ഒരെഴുത്തുപോലും അയയ്ക്കാതെ ഇന്നും അപരാധിയായിരിക്കയാണ്. ചാന്നാൻ വിളാകം മുതലായ എല്ലാ സ്നേഹിതൻമാരും ആ കാലങ്ങളും തന്റെ മനസ്സിൽ ചിലപ്പോളെല്ലാം തോന്നാറുണ്ട്. കഷ്ടം, കേവലം മോഹരൂപമായ ഈ ലോകത്തിൽ എന്തെല്ലാം അവസ്ഥാ ഭേദങ്ങളാണു കാണുന്നത്. നാം ഒന്നിച്ച് ആനന്ദിച്ച് കളിച്ചു നടന്നതും, അതിനും അപ്പുറത്തുള്ള ആ കുട്ടിക്കാലവും എത്രയോ വേഗം നമ്മെ ഇട്ടേച്ചു ഓടിക്കളഞ്ഞു. ഇപ്പോഴത്തേതു ഈ വിരഹാവസ്ഥ. അതിരിക്കട്ടേ—ഇതാ ഇനിവരാൻ കാത്തോണ്ടിരിക്കുന്ന കാലത്തെ നോക്കുവിൻ! അതിന്റെ കയ്യിൽ പലതും ഇരിക്കുന്നു—നമുക്കു തരാനായിട്ടാണ്—നരച്ചമീശ, ഉണങ്ങിയ കൊരിട്ടാ, വലിഞ്ഞ തൊലി ഇതെല്ലാം കാണുന്നു. പിന്നെ അപ്പുറത്തും ഒരു മൂപ്പരു നോക്കിക്കൊണ്ടു നില്ക്കുന്നു. അതു കറുത്ത വാവിന്റെ തന്തയാണ്. അതിനെപ്പററി എനിക്ക' ഒന്നും അറിയാൻ വഹ്യാ. പോട്ടേ! സ്നേഹിതൻമാരേ, ഇതിനിടയിൽ നമുക്കു പലപ്പോഴും സംയോഗ വിയോഗങ്ങളെല്ലാം വന്നോണ്ടിരിക്കും. അതു വല്ലപാടും ആകട്ടെ.

ഞാൻ ഇവിടത്തെ സംസ്കൃതപാഠശാലയിൽ ചേർന്നു പഠിക്കയാണ്. ബ്രാഹ്മണരല്ലാത്ത ഇതരവർണ്ണി ഞാൻ ഒരുത്തൻ തന്നെ പാഠശാലയിൽ ഉള്ളൂ. പലർക്കും ഞാൻ പഠിക്കുന്നതിൽ വിരോധം ഉണ്ടായിരുന്നു. കാലക്രമേണ അതെല്ലാം കുറഞ്ഞുതന്നേ കാണുന്നു. ഇപ്പോഴ എനിക്ക് ഒരു രൂപാ സ്കോളർഷിപ്പു കിട്ടുന്നുണ്ട്. പഠിക്കുന്നത് ഇപ്പോഴ നീല

Digitized By Kerala Sahitya Akademi

കണ്ഠീയമാണ്. പ്രത്യക്ഷപരിചയഭേദം ഇന്നുവരേ കഴിഞ്ഞിരിക്കുന്നു. എനിക്കും ഇവിടെ മാറുള്ളവർക്കും സാമാന്യം സുഖം തന്നെയാണ്. എന്റെ സുഖസ്ഥിതിയെ മറ്റുള്ള സ്നേഹിതൻമാരെയും നിങ്ങൾ ഉടൻ ചെയ്തു അറിവിക്കുമെന്നു വിശ്വസിക്കുന്നു. എല്ലാവർക്കും പ്രത്യേകം പ്രത്യേകം കത്തുകൾ അയയ്ക്കുന്നതിന് എനിക്കു മനസ്സുണ്ട്. പാഠത്തം കൊണ്ടുള്ള സമയച്ചുരുക്കവും ഒരു മടിയുമാണ് സമ്മതിക്കാത്തത്.

ഓ! ശ്ലോകങ്ങൾ എഴുതുന്നതിന്നും എനിക്കു പഠിത്തത്തിന്റെ തിരക്കു കൊണ്ടു നല്ല സൗകര്യം കിട്ടുന്നില്ല. എങ്കിലും എഴുതിയതായി സംസ്കൃതത്തിലും മലയാളത്തിലും ചുരുക്കമായി ഇവിടേ ഇരിപ്പുണ്ട്. തല്ക്കാലം എഴുതി അയയ്ക്കുന്നതിനും ബുദ്ധിമുട്ടാണെന്ന് ഞാൻ നിങ്ങളോട് എങ്ങിനെ പറയും! എങ്കിലും അടുക്കൽ ആകട്ടെ.

എല്ലാവരിടേയും സുഖത്തിനു ഞാൻ ഏകാധിപതിയെ പ്രാർത്ഥിക്കുന്നു.

എന്നു നിങ്ങളുടെ
കുമാരഃ (നാഗരലിപി)

II

സരസകവി മുലൂർ എസ്. പത്മനാഭപ്പണിക്കർക്കയച്ച ചില കത്തുകൾ

(1)

ബാംഗ്ലൂർ നിന്നും
1 സെപ്റ്റംബർ 900

പ്രിയപ്പെട്ട പണിക്കർ അവർകൾക്ക്:—

ഞങ്ങൾ ഇവിടേ എത്തീട്ടു എട്ടുപത്തു ദിവസത്തോളം ആയി. ട്രേഗ് ഇവിടേ ഇപ്പോഴും ആരംഭിച്ചിരിക്കുന്നു. ഇവിടേ എല്ലാവർക്കും സുഖം തന്നേ. നിങ്ങൾക്കും അപ്രകാരം തന്നേ എന്നു വിശ്വസിക്കുന്നു. 'സരസ്വതി'യിൽ ആ 'നാടകം അയച്ചു തുടങ്ങിയോ? ഏതെങ്കിലും തക്കതായ ഒരു പത്രം ഉണ്ടെങ്കിൽ തത്വജ്ഞാനത്തേയും മതത്തേയും സംബന്ധിച്ചു ഇംഗ്ലീഷിൽ നിന്നും മറ്റും ഭാഷാന്തരീകരിച്ചു ഗദ്യവും പദ്യവും എഴുതി കൊണ്ടു ഇരിക്കാമെന്നുണ്ട്. എല്ലാറ്റിന്നും നിങ്ങൾ ഇതിന്റെ മറുവടിയിൽ സൗകര്യം കാണിക്കണം.

ശേഷം വഴിയേ
എന്നു നിങ്ങളുടെ
കേ. ആശാൻ

മേൽവിലാസം
Chinnaswami
C/o. Dr. P. Palpu
Bangalore City

Digitized By Kerala Sahitya Akademi

(2)

അരുവിപ്പുറം
76 കുംഭം 28

പ്രിയപ്പെട്ട പണിക്കർ അവർകൾക്ക്

ഇടക്കു കുറേ ദിവസം പിന്നെയും ബംഗ്ലൂരിൽ പോകേണ്ടിവന്നിരുന്നതിനാൽ നിങ്ങൾക്കു എഴുതാനും മറ്റും സംഗതി ആയില്ല. ഇപ്പോൾ തിരിയേയും ഇവിടെ ഉണ്ട്. അരുവിപ്പുറത്തു തന്നെ താമസിക്കുന്നു. ഇനി എഴുത്തുകൾ സൗകര്യം പോലെ എഴുതാം—മേഘസന്ദേശവും അതിൽ പിന്നെ കുറേക്കൂടി എഴുതി. നാടകവും കുറച്ചു അധികം എഴുതി. ശിവസ്തോത്രമാല എന്ന പുസ്തകം ഒരു തൊണ്ണൂറു ശ്ലോകം ഉള്ളതു കൂടി ഇപ്പോൾ തൽകാലം എഴുതീട്ടുണ്ടു. ചന്ദ്രികയിൽ പ്രബോധ ചന്ദ്രോദയം ചേർത്തുകാണുന്നു. പേരുവച്ചിട്ടില്ല. അക്ഷരത്തെറ്റുകൾ കുറേ അധികമായി കാണുന്നു. ചന്ദ്രികയ്ക്കു മംഗള ശ്ലോകം ഒന്നു ഇന്നു എഴുതി അയയ്ക്കും. ഭാരതിയേ പിന്നേ കാണുന്നേ ഇല്ല.

N. K.

(3)

അരുവിപ്പുറം
14–3–77

കഷ്ടം! കഷ്ടം!! കഷ്ടം!!!

കുഞ്ഞൻ ആശാൻ ജനറൽ ആസ്പത്രിയിൽ വച്ചു മുനഞ്ഞാന്നു രാത്രി 9 മണിക്കു മരിച്ചുപോയി എന്നു ഇന്നലേ വൈകുന്നേരം എഴുത്തുകിട്ടി.

ഇവിടേവച്ചു ദീനം വളരേ മൂർച്ഛിച്ചു എങ്കിലും അല്പം ആശ്വാസം തോന്നിയപ്പോൾ അധികം ശരീരസുഖത്തിനുവേണ്ടി തക്ക ആളുകൾ വശം അയാളെ അവിടേ അയച്ചതാണു. വിവരം എല്ലാം അയാളുടേ ശിഷ്യനും അനന്തിരവനും പറയുമായിരിക്കും. ജ്വരം മാറി വയറ്റിൽ അജീർണ്ണത്തോടുകൂടി ഒരു നീരും ഒഴിയാത്ത ഇക്കിളും മറ്റുമായിരുന്നു ആയാളുടെ പ്രാണനെ അപഹരിച്ചത

മ. രാ. രാ. എസ്. പത്മനാഭപ്പണിക്കർ അവർകൾക്ക്

(4)

അരുവിപ്പുറം
79 ധനു 11

പ്രിയ സ്നേഹിതരേ!

നിങ്ങളുടെ എഴുത്തു കിട്ടി. അത്യന്തം സന്തോഷിക്കുന്നു. പല ജോലികളുടേയും തിരക്കുകൊണ്ടു എനിക്ക് ഈയിടേ എഴുത്തുകൾ എഴു

Digitized By Kerala Sahitya Akademi

താൻ സാധിക്കാത്തതാണ്. അതു സ്നേഹക്കുറവു നിമിത്തമാണെന്നു നിങ്ങളും അർത്ഥമാകുന്നു എങ്കിൽ അതു വാസ്തവത്തോടു ഒട്ടും ചേരാത്തതാണ്. എന്റെ ഹൃദയത്തിൽ വേരൂന്നിയ സ്നേഹാങ്കുരങ്ങളെ പട്ടുപോയതായി ഇതുവരേ ഞാൻ അറിഞ്ഞിട്ടില്ല. നിങ്ങളോടു എനിക്കുള്ള സ്നേഹം പരമാർത്ഥത്തിൽ ഇന്നും വളർന്നുകൊണ്ടുതന്നേ ഇരിക്കുന്നതാണെന്നു പറഞ്ഞറവിപ്പാൻ സംഗതിയായതിൽ വ്യസനിക്കുന്നു. നിങ്ങളേക്കുറിച്ചു എന്റെ പല മാന്യസ്നേഹിതൻമാരുമായും ഞാൻ സംസാരിക്കാറുണ്ട്. ഇന്നാളൊരിക്കൽ ഞാൻ മി: പരമേശ്വരനുമായുണ്ടാക്കിയ നിങ്ങളേക്കുറിച്ച് അദ്ദേഹത്തിനു വളരെ തൃപ്തിയാണ്.

കേരള സന്താനം പ്രസ്സുകാർക്കു ഞാൻ മറുപടികൊടുത്തു. നിങ്ങളും കൂടി വേണ്ടവണ്ണം ഉത്സാഹിക്കുന്നപക്ഷം നമുക്ക് അതിനേ നടത്താൻ നോക്കാം, വിരോധമില്ല. പക്ഷേ നല്ല ലേഖകൻമാരേക്കാളും നല്ലവായനക്കാരാണ് ഈയിടെ ദുർല്ലഭം. അതുകൊണ്ടു പണം പിരിഞ്ഞുകിട്ടുന്നതിൽ വല്ല തടസ്സവും —— ഉടമസ്ഥൻമാർ ഉടനേ നിർത്തിക്കളവാൻ —— തക്കവണ്ണം ഉള്ള ഒരു പത്രികയുടെ പുറപ്പാടിനെക്കുറിച്ചു നമുക്കു ഒട്ടുവളരെ ഒന്നും വിചാരിപ്പാൻ കഴിയുന്നതല്ലല്ലോ. അതിന്റെ പ്രവർത്തകൻമാരേക്കുറിച്ചു എനിക്കു വേണ്ടിടത്തോളം അറിവില്ല.

യോഗംവക കാര്യത്തിൽ നിങ്ങൾ കുറേക്കൂടി ഊർജ്ജിതമായിരിക്കണമെന്നു അപേക്ഷിക്കുന്നു. യോഗ നിബന്ധനകളും മറ്റും അടങ്ങിയ ഒരു പുസ്തകവും ചേർന്നിട്ടുള്ള അംഗങ്ങളുടെ പേരു വിവരപ്പട്ടികയും യോഗംവകയായി ഈ വരുന്ന ജനറൽമീറ്റിങ്ങിനു അംഗങ്ങൾക്കു അയച്ച നോട്ടീസിന്റെ ഒരു പകർപ്പും ഇതു സഹിതം അയക്കുന്നു. —— യോഗത്തിൽ ചേരുന്നതിനു ആഗ്രഹിക്കുന്നു എന്നു നിങ്ങൾ പറഞ്ഞ ആളിനായി ഒരു അപേക്ഷാപത്രികയുടെ ഫാറംകൂടി അയച്ചുകൊള്ളുന്നു. അതിനെ പൂരിപ്പിച്ചു അയാളെക്കൊണ്ടു ഒപ്പു വയ്പിച്ചു താഴേ രണ്ടു സാക്ഷികളും ഒപ്പുവച്ച് ഒരുരൂപാ പ്രവേശന ഫീസോടുകൂടി ഉടനേ അയച്ചുതരുമെന്നു വിശ്വസിക്കുന്നു.

നിങ്ങളും യോഗത്തിൽ ചേരേണ്ടതാണ്. അത് ഈവരുന്ന ജനറൽ മീറ്റിങ്ങിനുമുമ്പായിരുന്നാൽ നന്ന്. ഈമാതിരി ജാതിയേ മുഴുവൻ സംബന്ധിക്കുന്ന പൊതുക്കാര്യങ്ങളിൽ ക്ഷണിച്ചില്ലെങ്കിലും നിങ്ങൾ വന്നുചേരുമെങ്കിലും —— യോഗദിവസങ്ങളിൽ യോഗ്യൻമാരായ സ്നേഹിതൻമാരോടുകൂടി വന്നുചേരണമെന്നു നിങ്ങളോടു അപേക്ഷിക്കുന്നു.

നമ്മുടെ ഡാക്ടർ അവർകളും കോഴിക്കോടു മുതലായ സ്ഥലങ്ങളിൽ നിന്നും പല യോഗ്യൻമാരും വരുന്നതായിരിക്കും.

നിങ്ങളേ കാൺമാൻ ഉള്ള എന്റെ പ്രത്യേക ആഗ്രഹവും യോഗദിവസം സാധിക്കുമെന്നു വിശ്വസിക്കുന്നു.

Digitized By Kerala Sahitya Akademi

സുജനാനന്ദിനിക്കു യോഗ്യതയുള്ള ഒരു പത്രാധിപർ ഇല്ലാത്തതു വളരേ തരക്കേടായി തീർന്നിട്ടുണ്ട്. ശേഷം വഴിയേ.

സ്വന്തം

എൻ. കെ. ആശാൻ.

ധൃതിയിൽ.

NB: കടലാസു പൊടിഞ്ഞുപോയ ഭാഗങ്ങളിൽ — ഇട്ടിരിക്കുന്നു.

(5)

ശ്രീ

ശാരദാംബായൈ നമ:

തിരുവനന്തപുരം.
മകരം. 87.

ശാരദാ പ്രതിഷ്ഠാക്കമ്മറ്റിയുടെ പ്രഥമയോഗത്തിലെ പ്രൊസീഡിംഗ് സിന്റെ ഒരു പ്രതി ഇതുസഹിതം അയച്ചുകൊള്ളുന്നു. ടി കമ്മറ്റിയുടെ ഒരു യോഗം ഈമാസം 15-ാം തീയതി മൂന്നുമണിക്കു ശിവഗിരിയിൽ കൂടുന്നതാകയാൽ ആ സമയം നിങ്ങൾ ഹാജരായിരിക്കണമെന്നു പ്രത്യേകം താല്പര്യപ്പെടുന്നു. പ്രതിഷ്ഠ സംബന്ധമായും മറ്റും ചെയ്വാനുള്ള സംഗതികളേപ്പറ്റി സകലവ്യവസ്ഥകളും ടി സന്ദർഭത്തിൽ തീർച്ചപ്പെടുത്തുന്നതാകയാൽ നിങ്ങളുടെ ആലോചനകൂടി വിശേഷിച്ചും അപേക്ഷിതമായിരിക്കുന്നു.

അനുവാദപ്രകാരം

എൻ. കുമാരൻ ആശാൻ.
ശാരദാപ്രതിഷ്ഠാക്കമ്മിറ്റി സിക്രട്ടറി.

N.B: കമ്മറ്റിയിൽ ഇനിയും അംഗങ്ങളേച്ചേർക്കേണ്ടിയുള്ളതിനാൽ നിങ്ങളുടെ അറിവിൽപ്പെട്ട യോഗ്യതയുള്ളവരുടെ പേരുകൾകൂടി തരുവാൻ അപേക്ഷ. N.K.A.

The S. N. D. P. Yogam Office
Trivandrum. 8th April 1912

(6)

എസ്. പത്മനാഭപ്പണിക്കർ അവർകൾക്ക്,

എസ്. എൻ. ഡി. പി. യോഗത്തിന്റെ 9-ാമതു പൊതുയോഗവും ഈ മീനം 15-ാം തീയതി അയച്ച അറിവിപ്പിൽ വിവരം പറയുന്ന വിശേഷാൽ പൊതുയോഗത്തിന്റെ രണ്ടാമത്തെ മീറ്റിങ്ങും ഈവരുന്ന മേടം

Digitized By Kerala Sahitya Akademi

19-ാം തീയതിക്കു മേയ് 1-ാം തീയതിയും യുക്തംപോലെ അടുത്ത ദിവസങ്ങളിലും വർക്കല ശിവഗിരിയിൽ കൂടുന്നതാകയാൽ ആ അവസരത്തിൽ നിങ്ങൾ വന്നുചേരണമെന്നു ബഹുമാനപൂർവം ക്ഷണിച്ചുകൊള്ളുന്നു.

എൻ. കുമാരൻ ആശാൻ.
ജനറൽ സിക്രട്ടറി.

ശിവഗിരിയിൽ പ്രതിഷ്ഠ മേടം 18-ാം തീയതി ആകയാൽ അന്നു മുതൽത്തന്നെ ഹാജരായിരിക്കേണമെന്നു പ്രത്യേകം താല്പര്യപ്പെട്ടുകൊള്ളുന്നു. N.K.A

(7)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം–18 ഇടവം 1091

മുലൂർ എസ്. പത്മനാഭപ്പണിക്കർ അവർകൾക്ക്.

മാന്യരേ,

ഈ ടൗണിന്റെ ഒരു പ്രധാന ഭാഗമായ കൈതമുക്കിൽ കമ്പോളത്തോടടുത്തു റോഡരികിൽ രണ്ടു നിലയിൽ, വലിപ്പവും ഭംഗിയും ഉള്ള ഒരു നല്ല കെട്ടിടവും അതോടുചേർന്നു ഒരു ചെറിയ ബംഗ്ലാവും പറമ്പും വളരെ സൗകര്യമായ വിധത്തിൽ വിലയ്ക്കു കിട്ടത്തക്കവണ്ണം ഒത്തുങ്ങിവന്നിരിക്കുന്നു.

ഇതു യോഗത്തിൽ നിന്നു വാങ്ങിയാൽ സ്വാമി തൃപ്പാദങ്ങളുടെ ഷഷ്ടിപൂർത്തി സ്മാരകമന്ദിരമായി അടുത്ത സ്വാമിതിരുനാൾ ദിവസം ആഘോഷപൂർവ്വം തുറക്കുന്നതു സമുചിതമായിരിക്കുമെന്നുള്ളതും ഈ സംഗതി അനേകം യോഗാംഗങ്ങൾക്കു സന്തോഷ പ്രദവും ഉത്സാഹ പ്രദവുമായിരിക്കുമെന്നു അറിവുള്ളതുമാകുന്നു.

അതുകൊണ്ട് ഈ വസ്തുവേ സംബന്ധിച്ചുള്ള സംഗതികൾ മുഴുവൻ തൃപ്തികരമായി അന്വേഷിച്ചറിഞ്ഞു ലീഗൽ അഡ്വൈസരുടെ സമ്മതിയോടുകൂടി വാങ്ങുന്നതിനു കൗൺസിലിനേ ചുമതലപ്പെടുത്തണമെന്നു വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു.

വിധേയൻ
എൻ. കുമാരൻ ആശാൻ
ജനറൽ സെക്രട്ടറി

Digitized By Kerala Sahitya Akademi

(8)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം–13 മിഥുനം 1091

എസ്. പത്മനാഭപ്പണിക്കർ അവർകൾക്ക്

മാന്യരേ!

കൈതമുക്കിൽ വസ്തു എഴുതിവാങ്ങാനുള്ള ഏർപ്പാടുകളെല്ലാം ചെയ്തുകഴിഞ്ഞിരിക്കുന്നു. രണ്ടുദിവസത്തിനകം എഴുതിവാങ്ങി ഉടനേ അറ്റകുറ്റപ്പണികളും പൂർത്തിയാക്കാനുള്ള പണികളും ആരംഭിക്കുന്നതാണ്. ഇന്നു വൈകുന്നേരം ഷഷ്ടിപൂർത്തിക്കമ്മറ്റിയുടെ കീഴിൽ ഒരു പൊതുയോഗം പേട്ടയിൽ സ്കൂളിൽ കൂടുന്നതാണ്. അതിൽവച്ചു ഷഷ്ടിപൂർത്തിയേസംബന്ധിച്ചു വേണ്ട ഏർപ്പാടുകൾക്കെല്ലാം നിശ്ചയങ്ങൾ പാസ്സാക്കുന്നതാണ്. പ്രവൃത്തികൾ ഉടനേ ആരംഭിക്കുകയും ചെയ്യും. യോഗത്തിന്റെ കീഴിലുള്ള ഷഷ്ടിപൂർത്തി ആഘോഷം അവിട്ടം, ചതയം ഈ രണ്ടു ദിവസങ്ങളിലായിരിപ്പാനിടയുള്ളത്. ഈ ദിക്കുകളിൽ അവിടവിടേയുള്ള ആഘോഷങ്ങൾ മിക്കതും ചുരുക്കി യോഗത്തിന്റെ കീഴിലുള്ള ആഘോഷത്തിൽ ഒന്നായി കൂട്ടി നടത്താൻ യത്നങ്ങൾ ചെയ്തുവരുന്നു. താങ്കളും ഈ ആഘോഷത്തെ ഭംഗിയായും പ്രയോജനകരമായും നടത്തുന്നതിനു സഹായങ്ങൾ എല്ലാം പ്രത്യേകിച്ചു ചെയ്യുമെന്നു വിശ്വസിക്കുന്നു. അവിട്ടം നാൾ കാലത്തു ആഘോഷ സംബന്ധമായി ഒരു പൊതുയോഗമുണ്ടായിരിക്കുന്നതും മ-രാ-രാ-ദിവാൻ ബഹദൂർ ദിവാൻ എം. കൃഷ്ണൻ നായർ അവർകൾ ആ സന്ദർഭത്തിൽ സ്വാമി തൃപ്പാദങ്ങളിലെ സ്മാരക മന്ദിര (ശ്രീനാരായണ മെമ്മോറിയൽ ഹാൾ) ത്തിന്റെ ഉൽഘാടന കർമ്മം നടത്തിത്തരാൻ സദയം സമ്മതിച്ചിരിക്കുന്നതുമാകുന്നു. അന്നു ആ മന്ദിരത്തോടുചേർത്തു തന്നെ ഒരു വിദ്യാർത്ഥി സത്രം ആരംഭിക്കുവാൻ വേണ്ട ഒരുക്കങ്ങളും ചെയ്തുവരികയാണ്. അതിന്റെ വിവരങ്ങളെപ്പറ്റി വഴിയേ അറിയിച്ചുകൊള്ളാം.

എന്നു വിധേയൻ
എൻ. കുമാരൻ ആശാൻ
ജനറൽ സെക്രട്ടറി

(9)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം-ജൂൺ 30-1916

മൂലൂർ എസ്. പത്മനാഭപ്പണിക്കർ അവർകൾക്ക്.

മാന്യരേ!

ബ്രഹ്മ ശ്രീ നാരായണ ഗുരുസ്വാമി തൃപ്പാദങ്ങളിലെ ഷഷ്ടിപൂർത്തി ഈവരുന്ന 92 ചിങ്ങം 27-ാം തീയതിയാണെന്നുള്ള വിവരം അറിഞ്ഞിരിക്കുമല്ലോ. ഈ മംഗളാവസരത്തെ നമ്മുടെ സമുദായത്തിന്റെ ഉദ്ധാരകനായ

Digitized By Kerala Sahitya Akademi

സ്വാമി തൃപ്പാദങ്ങളുടെ നേർക്കു നമുക്കുള്ള കൃതജ്ഞതയ്ക്കും ഭക്തി
ക്കും, സ്നേഹത്തിനും ബഹുമാനത്തിനും അനുരൂപമായ വിധത്തിൽ
കൊണ്ടാടുന്നതിനായി കഴിഞ്ഞ 13-ാമതു യോഗത്തിലേ നിശ്ചയപ്രകാരം
നിയമിക്കപ്പെട്ട് കമ്മിറ്റിയുടെ ഒരു പ്രാരംഭയോഗം ഈമാസം 12-ാം
തീയതി ഇവിടെ പേട്ടയിൽ സ്കൂളിൽവച്ചു കൂടിയതിൽ നിങ്ങളെ
അതിന്റെ സ്ഥലം നിർവ്വാഹകസംഘത്തിലെ അംഗമായി തിരഞ്ഞെടു
ത്തിരിക്കുന്ന വിവരം ബഹുമാനപൂർവം അറിയിച്ചുകൊള്ളുന്നു. ഈ
ടൗണിന്റെ ഒരു പ്രധാനസ്ഥലമായ കൈതമുക്കിൽ ഒരു വലിയ കെട്ടിട
യോഗത്തിൽനിന്നു 6000. ക. വിലയ്ക്കു ഉടനേ വാങ്ങുന്നതും യോഗംവക
യായ പ്രസ്തുത ഷഷ്ടിപൂർത്തി ആഘോഷം അതിൽവച്ചു നടത്താൻ
ഏർപ്പാടുകളും ചെയ്തുവരുന്നതും ആകുന്നു. ഈ വലിയ കെട്ടിടത്തിന്റെ
പണിക്കുറകളും തീർക്കുകയും വേറെ ആവശ്യമുള്ള ചെറിയ കെട്ടിടങ്ങളും
പന്തലുകളും മുതലായവയും ഉണ്ടാക്കുകയും ചെയ്യുന്നതാകുന്നു. യോഗം
വക ആഘോഷം അവിട്ടം ചതയം ഈ രണ്ടുദിവസങ്ങളിൽ ഉണ്ടായിരിക്കണ
മെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ കെട്ടിടം സ്വാമിയുടെ ഷഷ്ടി
പൂർത്തിസ്മാരകമായി അവിട്ടം നാൾ കാലത്തു 8 മണിയോടുകൂടി നമ്മുടെ
ദിവാൻ ദിവാൻ ബഹദൂർ എം. കൃഷ്ണൻ നായർ അവർകൾ തുറക്കുന്ന
തിനു ദയാപൂർവം സമ്മതിച്ചിട്ടുള്ളതും അതു സംബന്ധമായി ആ അവ
സരത്തിൽ ഒരു വലിയ പൊതുജനയോഗം കൂടാൻ ഏർപ്പാടുചെയ്യുന്നതു
മാകുന്നു. അതോടുകൂടി ടി മന്ദിരത്തിൽ തന്നെ ഒരു വിദ്യാർത്ഥിസത്രം
കൂടി ആരംഭിക്കുന്നതും അതിന്റെ തൃപ്തികരമായ നടത്തിപ്പിനുവേണ്ട
ഏർപ്പാടുകളും എല്ലാം ചെയ്യുന്നതുമാണ്. ചതയം നാൾ തൃപ്പാദങ്ങളുടെ
ദീർഘ ജീവിതത്തെ ഉദ്ദേശിച്ചു പുണ്യകർമ്മങ്ങളും, പ്രാർത്ഥനകളും,
സാധുക്കൾക്കു സദ്യകളും മുതലായ പല കൃത്യങ്ങളും തൃപ്പാദങ്ങളുടെ
ഛായാപടം എഴുന്നള്ളിച്ചു പട്ടണപ്രവേശം മുതലായ ആഘോഷങ്ങളും
കഴിയുന്നത്ര ഭംഗിയായി നടത്താൻ വേണ്ട ആലോചനകളും നടന്നുവരുന്നതും
ഇതിൽ നിങ്ങളുടെ സർവപ്രകാരേണയുള്ള സഹകരണവും സഹായവും
ഉണ്ടായിരിക്കണമെന്നു സ്നേഹപൂർവം പ്രതീക്ഷിച്ചുകൊള്ളുന്നതുമാ
കുന്നു.

തൃപ്പാദങ്ങളിലെ ഷഷ്ടിപൂർത്തിയോടുകൂടി തിരുവനന്തപുരത്തു
നമ്മുടെ സമുദായം വകയായി ഒരു പൊതുസ്ഥലമില്ലെന്നുള്ള ന്യൂനത
സവിശേഷം പരിഹരിക്കപ്പെടുന്നതും നമ്മുടെ വകയായി നല്ലനിലയിൽ
നടത്തപ്പെടുന്ന ഒരു വിദ്യാർത്ഥിസത്രം ഉണ്ടാകുന്നതുമാകയാൽ ഈ
വിഷയത്തിൽ നിങ്ങൾ പ്രത്യേകം ദൃഷ്ടിവയ്ക്കേണമെന്നപേക്ഷ.

ശേഷം വിവരങ്ങൾ വഴിയേ അറിയിച്ചുകൊള്ളാം.

വിധേയൻ

എൻ. കുമാരൻ ആശാൻ
സെക്രട്ടറി, ഷഷ്ടിപൂർത്തികമ്മിറ്റി

Digitized By Kerala Sahitya Akademi

(10)

Kythamukku.
Trivandrum: 11-7-1916

The Shashtipoorthi Committee
General Section
S. N. D. P. Yogam.

ഏസ്. പത്മനാഭപ്പണിക്കർ അവർകൾക്ക്

മാന്യരേ!

സ്വാമി തൃപ്പാദങ്ങളുടെ ഷഷ്ടിപൂർത്തി സംബന്ധിച്ച ജനറൽകമ്മിറ്റിയിൽ നിങ്ങളെ ഒരു മെമ്പറായി തെരഞ്ഞെടുത്തിട്ടുള്ളവിവരം അറിയിച്ചിട്ടുണ്ടല്ലോ. ഈ കമ്മിറ്റിയിൽ യോഗത്തിന്റെയും നമ്മുടെ സമുദായത്തിന്റെയും അഭിവൃദ്ധിക്കായി താല്പര്യപൂർവം പ്രയത്നിക്കുന്നതായി അറിയപ്പെട്ടിട്ടുള്ളവരും സ്വാമിതൃപ്പാദങ്ങളുടെ പേർക്കു പ്രത്യേകം ഭക്തി ബഹുമാനങ്ങളുള്ളവരും ആയ മാന്യൻമാരെ, അവർ താമസിക്കുന്ന സ്ഥലത്തിന്റെ ദൂരത്തേയോ തലസ്ഥാനമായ ഈ തിരുവനന്തപുരം ടൗണിൽ ഷഷ്ടിപൂർത്തി സംബന്ധമായി നടക്കുന്ന കൃത്യങ്ങളിലും ആഘോഷങ്ങളിലും പങ്കുകൊള്ളുന്നതിനു അവർക്കുള്ള സൗകര്യത്തേയോ വിചാരിക്കാതെ സ്നേഹബഹുമാനപൂർവം മെമ്പറായി തെരഞ്ഞെടുത്തിട്ടുള്ളതാണ്. പ്രവൃത്തികൾ ആരംഭിക്കുവാൻ വൈകിപ്പോയിരിക്കുന്നതിനാൽ ആവശ്യപ്പെട്ട എല്ലാ സംഗതികളും തിടുക്കത്തിൽ നിർവഹിക്കേണ്ടതായി വന്നിരിക്കുന്നു. സ്ഥലം നിർവാഹക സംഘംമൂലം സംഗതികൾ നടത്തുന്നതിനേ സംബന്ധിച്ചു യഥാകാലം ഉപദേശങ്ങൾ കൊടുക്കുക, മുതലായ സംഗതികൾ സ്ഥലത്തിരുന്നു ചെയ്യേണ്ടതാകയാൽ അതിൽ ജനറൽ കമ്മിറ്റിക്കുള്ള അധികാരത്തെ കമ്മിറ്റി അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻമാർ, ജനറൽ സെക്രട്ടറി ഇവർ ചേർന്ന ഒരു സബ്കമ്മിറ്റിക്കു കൊടുക്കേണ്ടതു ആവശ്യമാകകൊണ്ടു വിവരം അറിയിച്ചുകൊള്ളുകയും കാര്യനടത്തിപ്പിനുവേണ്ടി അപ്രകാരം അധികാരം കൊടുപ്പാൻ അപേക്ഷിക്കുകയും ചെയ്യുന്നു.

സബ് കമ്മിറ്റി മെമ്പറൻമാരുടെ പേര് താഴെ ചേർക്കുന്നു. മറ്റു കമ്മിറ്റി മെമ്പറൻമാരുടെ പേരുകളടങ്ങിയ വലിയ ലിസ്റ്റു വഴിയേ അയച്ചുകൊള്ളുന്നതും കമ്മിറ്റിയിൽ നടക്കുന്ന ജോലികളെപ്പറ്റി അപ്പപ്പോഴപ്പോഴും രേഖാമൂലം അറിയിച്ചുകൊള്ളുന്നതുമാണ്. സബ് കമ്മിറ്റി മെമ്പർമാർ (1) മ. രാ. രാ. എം. ഗോവിന്ദൻ അവർകൾ ബി. ഏ. ബി. എൽ. (പ്രസിഡണ്ട്) (2) ഡാക്ടർ പി. പല്പു (എം. ബി. സി. എം) അവർകൾ (3) പി. മാധവൻ വൈദ്യരവർകൾ (ഉപദ്ധ്യക്ഷൻമാർ) (4) എം. കുമാരനാശാനവർകൾ (സെക്രട്ടറി).

വിധേയൻ

എൻ. കുമാരനാശാൻ
ജനറൽ സെക്രട്ടറി

Digitized By Kerala Sahitya Akademi

(11)

എസ്. എൻ. ഡി. പി. യോഗം
ഷഷ്ടിപൂർത്തിക്കമ്മിറ്റി ആഫീസ്

കൈതമുക്ക്
20-12-1091

മാന്യരേ!

ഷഷ്ടിപൂർത്തിക്കമ്മിറ്റിയുടെ പ്രകടനപത്രികയും സംഭാവന ലിസ്റ്റും അയച്ചതു കിട്ടിയിരിക്കുമല്ലോ. നിർവാഹക സംഘത്തിൽ നിന്നു കെട്ടിടങ്ങളുടെ പണികൾ ഊർജ്ജിതമായി നടത്തികൊണ്ടിരിക്കുന്നു.

വിധേയൻ

എൻ. കുമാരൻ ആശാൻ
ജനറൽ കമ്മിറ്റി സെക്രട്ടറി

(12)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം: 12-1-1092

മൂലൂർ, എസ്. പത്മനാഭപ്പണിക്കർ അവർകൾക്ക്

മാന്യരേ!

ഇവിടെനിന്നും സ്വാമിതൃപ്പാദങ്ങളുടെ ഛായാപടത്തേപ്പറ്റിയുള്ള വിജ്ഞാപനവും കത്തും കൈപ്പറ്റിയിരിക്കുമല്ലോ! നിങ്ങൾ മുഖേന ഒട്ടധികം പ്രതികൾ ചിലവാകുമെന്നുള്ളതുകൊണ്ടാണ് അതു നിങ്ങൾക്കും അയച്ചുതന്നിട്ടുള്ളത്. ഈ കത്തുകണ്ടാൽ നിങ്ങൾക്കു ചിലവാക്കാൻ കഴിയുമെന്നുതോന്നുന്ന പ്രതികൾക്ക് ഉടനേ ഒരു കമ്പിമൂലം ആവശ്യപ്പെടുവാൻ അപേക്ഷ. ഇതു വിറ്റുകിട്ടുന്ന ലാഭം ഷഷ്ടിപൂർത്തിക്കമ്മിറ്റി ക്കാണെന്നും മറ്റുമുള്ള വിവരങ്ങൾ ഇതിൽ അടക്കം ചെയ്യുന്ന വിജ്ഞാപനത്തിൽനിന്നും അറിയാവുന്നതാണ്.

വിധേയൻ

എൻ. കുമാരൻ ആശാൻ
ജനറൽ സെക്രട്ടറി

Digitized By Kerala Sahitya Akademi

(3)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം: 17-1-1092

മൂലൂർ എസ്. പത്മനാഭപ്പണിക്കർ അവർകൾക്ക്.

മാന്യരേ!

ഷഷ്ടിപൂർത്തിക്കമ്മിറ്റിയുടെ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. കെട്ടിടങ്ങൾ പൂർത്തിയാക്കുന്നതിനും മറ്റുമായി പണത്തിന്റെ ബുദ്ധിമുട്ട് അത്യധികമായിരിക്കുന്നു. കമ്മിറ്റിയിൽ ഇവിടെയുള്ള ഞങ്ങളിൽ ചിലരെല്ലാം രാപകൽ അതിന്റെ കാര്യങ്ങൾക്കായി അദ്ധ്വാനിക്കുന്നുണ്ട്. വലിയ ഇരുനിലയിലുള്ള കെട്ടിടവും ഗേറ്റും വടക്കേ കെട്ടിടത്തിന്റെ പണികളും ഒരുവിധം പൂർത്തിയായിവരുന്നു. ഇനി സ്മാരകമന്ദിരം തുറപ്പാൻ ഒരാഴ്ചയേ ഉള്ളു എന്നറിയാമല്ലോ. യോഗത്തിൽ അനുവദിച്ച സംഖ്യകവിഞ്ഞു 1000. ക. യോളം കെട്ടിടങ്ങളുടെ പണിക്കുതന്നെ ചെലവു വരുമെന്നിരിക്കുന്നു. ആഘോഷം, സദ്യ, മുതലായവകയ്ക്കുള്ള ചിലവു പുറമേയും വേണ്ടിയിരിക്കുന്നു.

ഷഷ്ടിപൂർത്തി സംബന്ധമായി പലസ്ഥലങ്ങളിലും ആഘോഷങ്ങൾ പ്രത്യേകം, പ്രത്യേകം നടക്കുന്നതുകൊണ്ടും, ആലുവാ അദ്വൈതാശ്രമം വകയായി പ്രത്യേകം പണം പലദിക്കിൽനിന്നും ആവശ്യപ്പെടുന്നതുകൊണ്ടും, യോഗം കമ്മിറ്റിയിൽനിന്നും അപേക്ഷിച്ചിട്ടും പുറത്തുനിന്നു സാരമായ സാഹയങ്ങൾ കിട്ടാതെയാണിരിക്കുന്നത്.

യോഗം ഡയറക്ടർമാർ ഈ സന്ദർഭത്തിൽ ദൃഷ്ടാന്തയോഗ്യമാംവണ്ണം സഹായിക്കേണ്ടതാണെന്നു പറയേണ്ടതില്ലല്ലോ. ഡയറക്ടർമാരിൽ ഡാക്ടർ പല്പു (ബാംഗ്ലൂർ) അവർകൾ, എം. ഗോവിന്ദൻ അവർകൾ (അടൂർ മുൻസിഫ്) എന്നിവർ ന്യായമായ ഒരു സംഖ്യ വരിയിട്ടുകൊണ്ടാൽ തരാമെന്നു എഴുതി അയച്ചിരിക്കുന്നു. മംഗലശ്ശേരി ഗോവിന്ദനാശാനവർകൾ ചിട്ടി സംഭാവനയായി 15 ക. വീതം 4 കൊല്ലം തുടർന്നുകൊണ്ടുതരാൻ സമ്മതിച്ചിട്ടുള്ളതിനുപുറമേ ആഘോഷം വകയ്ക്ക് ഒരു ചെറിയ സംഖ്യയും അയയ്ക്കും എന്ന് എഴുതിയിരിക്കുന്നു. ശങ്കുവൈദ്യരവർകൾ ആഘോഷം വകയായി 15 ക. യും മന്ദിരം ഫണ്ടുവകയ്ക്കു വേറെ ഒരു സംഭാവനയും ചെയ്യാമെന്ന് ഏറ്റിരിക്കുന്നു. നിങ്ങൾ കൊടുപ്പാൻ വിചാരിച്ചിരിക്കുന്ന സംഖ്യയുടെയും വിവരം അറിയിച്ചുതരികയും പണം ഉടനേ അയച്ചുതരികയും ചെയ്യാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു. ശേഷം അടുത്തതിൽ.

എന്നുവിധേയൻ

എൻ. കുമാരൻ ആശാൻ
ജനറൽ സെക്രട്ടറി

Digitized By Kerala Sahitya Akademi

(14)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം: 23-7-1094

മാന്യരേ!

കഴിഞ്ഞകൊല്ലം ആറുവിപ്പുറം ക്ഷേത്രത്തിലെ ശിവരാത്രിമഹോത്സവം സ്വാമി തൃപ്പാങ്ങളുടെ ആജ്ഞാനുസാരം സ്ഥലത്തെ ഒരു കമ്മിറ്റി മുഖേന നടത്തപ്പെട്ട വിവരം അറിഞ്ഞിരിക്കുമല്ലോ. ഇക്കൊല്ലത്തെ ഉത്സവവും അപ്രകാരം നടത്തിയാൽ മതിയെന്നും യോഗത്തിൽനിന്നു നേരിട്ടു നടത്തേണ്ട ആവശ്യമില്ലെന്നും തൃപ്പാദങ്ങൾ അറിയിച്ചിരിക്കുന്നതിനാൽ ആ വിവരം അറിയിച്ചുകൊള്ളുന്നു. ക്ഷേത്രത്തിലേക്ക് ഈ വിവരം മുൻകൂട്ടി അറിയിച്ചിട്ടുണ്ട്.

എന്നുവിധേയൻ

എൻ. കുമാരൻ ആശാൻ
ജനറൽ സെക്രട്ടറി

(15)

Adwaitasramam
Alwaye, 21-2-1095

N. Kumaran Asan
Secretary "Adwaitasramam"
Manager, Adwaitasramam

Sanskrit Patasala
Alwaye

സ്നേഹിതരേ!

ഒരാഴ്ച തൃപ്പാദങ്ങൾക്കു സംഭാവനചെയ്യാൻ ഏറ്റിരുന്ന പണത്തിന്റെ ആവശ്യപ്പെട്ട് ഉടനേ കത്തെഴുതണമെന്നു സലഌപം ദിവസങ്ങൾക്കുമുമ്പു എനിക്ക് എഴുതിയിരുന്നുവല്ലോ. ആ കത്ത് ഇവിടെകാണുന്നില്ല. അയച്ചത് ആരാണെന്നും ഓർക്കുന്നില്ല. ദയചെയ്തു വീണ്ടും ഉടനേ അയച്ചവരുടെ പേരും വിവരവും ഓർമ്മപ്പെടുത്തുവാൻ അപേക്ഷ.

എന്നുസ്വന്തം

എൻ. കുമാരനാശാൻ

Digitized By Kerala Sahitya Akademi

(16)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
കൊല്ലം-6-11-1095

മാന്യരേ!

തിരുവിതാംകൂർ ദിവാൻ എം. കൃഷ്ണൻനായർ അവർകൾക്കു യോഗം വകയായി ഒരു മംഗളപത്രം. 1095 മിഥുനം 10-ാം തീയതി കാലത്തു 9½ മണിക്കു വർക്കല ശിവഗിരിമഠത്തിൽവച്ചു സമർപ്പിക്കുവാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ ആയവസരത്തിൽ താങ്കളുടെ സാന്നിദ്ധ്യംകൂടി ഉണ്ടായിരിക്കണമെന്നപേക്ഷ.

എന്നുവിധേയൻ

എൻ. കുമാരനാശാൻ
ജനറൽ സെക്രട്ടറി.

III

മിതവാദിപ്പത്രാധിപർ സി. കൃഷ്ണനയച്ച ചില കത്തുകൾ

(1)

എസ്. എൻ. ഡി. പി. യോഗം സിക്രട്ടറി കുമാരൻ ആശാൻ അവർകൾ സത്തെമ്പ (സെപ്റ്റംബർ) 3-ാം നു ഞങ്ങൾക്കെഴുതിയ ഒരു കത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു (മിതവാദി പത്രാധിപർ):—

"എന്റെ അസിസ്റ്റാണ്ടായി ഒരാളെ നിശ്ചയിച്ചുകൊള്ളുന്നതിന്നും അയ്യാക്കു കൊല്ലത്തിൽ 150 ക. ഓണറേറിയം കൊടുക്കുന്നതിന്നും യോഗം അനുവദിച്ചിട്ടുള്ളത് അറിയാമല്ലോ. എന്റെ ജോലി പ്രതിദിനം വർദ്ധിച്ചുകൊണ്ടും യോഗത്തിന്റെ സ്ഥിതിയും ഗൗരവവും കാര്യങ്ങളും ദിവസം പ്രതി അഭിവൃദ്ധിപ്പെട്ടുകൊണ്ടും ഇരിക്കുകയാകുന്നു. തക്കതായ സമയം കൂടാതെ എനിക്ക് ഈ ഭാരങ്ങൾ എല്ലാം എന്റെ മനസ്സാക്ഷിക്കു തൃപ്തികരമാകുംവണ്ണം നടത്തിക്കൊണ്ടുപോവാൻ തീരെ അസാധ്യമായിത്തീർന്നിരിക്കുന്നു. അതുകൊണ്ടു മേൽപ്പറഞ്ഞ അല്പമായ പ്രതിഫലത്തിൻമേൽ ജോലി ചെയ്വാൻ മനസ്സും എന്നെ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള സകല ജോലികളിലും റിക്കാർഡുകളുടേയും കണക്കുകളുടെയും മേൽ നോട്ടത്തിലും മറ്റും സഹായിക്കത്തക്ക യോഗ്യതയുള്ള ഒരാളെ നിങ്ങൾ അന്വേഷിച്ചു കഴിയുന്ന വേഗത്തിൽ പേര് അറിയിച്ചുതരുവാൻ

Digitized By Kerala Sahitya Akademi

അപേക്ഷ. ഓണറേറിയം തല്ക്കാലം 150 ഉറുപ്പിക മാത്രമേ ഉള്ളു എങ്കിലും മേലിൽ യോഗ്യതപോലെ വർദ്ധിപ്പിക്കുകയോ കൃത്യമായ ശമ്പളം തന്നെ കൊടുക്കുകയോ ചെയ്യാൻ യോഗത്തിനു കഴിയുമായിരിക്കുമല്ലോ. ഞാൻ ഉടനേ ചില പ്രദേശങ്ങളിൽ സർക്കീട്ടു പോകേണ്ടതായി വന്നിരിക്കുന്നു. മടങ്ങി എത്തുന്നത് എന്നായിരിക്കുമെന്ന് ഇപ്പോഴം അറിയിക്കാൻ തരമില്ല. ഏതാണ്ട് ഒരു മാസത്തോളം താമസം നേരിടുമെന്നു തോന്നുന്നു".

മിതവാദി 1913 ആഗസ്റ്റ്

(2)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം, 2–2–1914

മാന്യരേ,

മംഗലശ്ശേരി ഗോവിന്ദൻ ചാന്നാരവർകളെ ബോർഡിനെ 1914 വക 2–ാം നമ്പ പ്രൊസീഡിംഗ്സ് അനുസരിച്ചു ദേവസ്വം സെക്രട്ടറിയായി നിയമിച്ചിരിക്കുന്നു.

അദ്ദേഹവും ഞാനും ചിറയിൻകീഴ്, കൊല്ലം, കറുനാഗപള്ളി മുതലായ താലൂക്കുകളിലെ പല മാന്യൻമാരും ചേർന്ന് ഈ മകരം 1-ാംന- ഒരു പൊതുയോഗം ശിവഗിരിയിൽ കൂടുകയും സ്വാമി തൃപ്പാദങ്ങളുടെ ആജ്ഞാനുസരണം പൂയം സംബന്ധിച്ചു പത്തുദിവസത്തെ ഉത്സവം ഭംഗിയായി കൊണ്ടാടുന്നതിനു വേണ്ടതാലോചിച്ചു ഏർപ്പാടുചെയ്യുകയും ചെയ്തു. ഉത്സവങ്ങൾക്കായി യോഗംവക പണം ചിലവാക്കുന്നത് അവിവേകമാണെന്നുള്ള പല മാന്യൻമാരുടെയും അഭിപ്രായം അനുസരിച്ചു ശിവഗിരിയിലെ ഉത്സവം ഇപ്പോഴും മേലിലും പലപ്രധാന സ്ഥലങ്ങളിലുമുള്ള സജ്ജനങ്ങൾ ഒത്തുചേർന്നു തങ്ങളുടെ ചിലവിൻമേൽ ആഘോഷിക്കേണമെന്നുമാണ് വിചാരിച്ചു ശ്രമിച്ചുവരുന്നത്. ഈ ആലോചനകളെ കൈക്കൊണ്ടു പല സ്ഥലങ്ങളിലുമുള്ള മാന്യൻമാർ ഉത്സാഹപൂർവം ഉത്സവം നടത്താൻ ഏറ്റിരിക്കുന്ന വിവരവും അറിയിക്കുന്നു. 18-ാംന- കൊടിയേറടിയന്തിരം ഭംഗിയായി നടത്തുകയും ഉത്സവം നടന്നുവരികയും ചെയ്യുന്നു. ദേവസ്വം സെക്രട്ടറി വളരെ ശുഷ്കാന്തിയോടുകൂടെ ശിവഗിരിയിൽതന്നെ താമസിച്ചു വേണ്ടതെല്ലാം ഭരമേറ്റു നടത്തിവരുന്നു.

അരുവിപ്പുറത്തു ശിവരാത്രി മഹാത്സവം 3-ാംന- കൊടിയേറി 12-ാംന- അവസാനിക്കുന്നതാണ്. അതിന്റെ ചിലവിലേക്കു അനുവദി

Digitized By Kerala Sahitya Akademi

ച്ചിട്ടുള്ള പണത്തിൽനിന്ന് പതിവുപോലെ ചിലവുചെയ്ത് ഉത്സവം നടത്തുന്നതിന് അനുവദിപ്പാൻ അപേക്ഷ. ഈ ഉത്സവവും യോഗത്തിനു ഭാരം കൂടാതെ സ്വദേശികളെക്കൊണ്ടു നടത്തുവാൻ കഴിയുമെങ്കിൽ അങ്ങിനെ സാധിപ്പാൻ ശ്രമിച്ചുനോക്കുന്നതാണ്.

എൻ. കുമാരൻ ആശാൻ
യോഗം ജനറൽ സെക്രട്ടറി

മിതവാദി 1914 ഫെബ്രുവരി.

(3)

S. N. D. P. Yogam Office
Trivandrum, 26-3-1914

മ. രാ. രാ. സി. കൃഷ്ണൻ (ബി. എ. ബി. എൽ.) അവർകൾക്ക്,
കോഴിക്കോട്.

ഈ 23–ാംന- ഈ ആഫീസിൽ നിന്ന് അയച്ചകത്തു കിട്ടിയിരിക്കുമല്ലോ. അതിന് ഇപ്പോൾ തന്നെ മറുപടി അയച്ചിരിക്കുമെന്നു വിശ്വസിക്കുന്നു. അതിൽ ഈ വരുന്ന പൊതുയോഗം തിരുവനന്തപുരത്തു കൂടുന്നതിന് അനുവാദം ആവശ്യപ്പെട്ടതു ദിവാൻ രാജഗോപാലാചാരി അവർകൾ ഉദ്യോഗത്തിൽ നിന്നു പിരിഞ്ഞു പോകുന്നതിനെ സംബന്ധിച്ച് അദ്ദേഹത്തിനു നമ്മുടെ കൃതജ്ഞതാസൂചകമായി ഒരു മംഗളപത്രം യോഗത്തിൽ നിന്നു സമർപ്പിക്കയും അതുപോലെ സമുചിതമായ മറ്റു ചില സംഗതികൾ ചെയ്കയും ചെയ്യുന്നതിനുള്ള സൗകര്യത്തെക്കൂടി ഉദ്ദേശിച്ചിട്ടായിരുന്നു. എന്നാൽ ഇന്നലെ കിട്ടിയ അറിവിൽ നിന്ന് ദിവാൻജി അവർകൾ മേടം ആദ്യം തിരുവനന്തപുരം വിടുന്നതാണെന്നു കാണുന്നു. ഇതിനകം പൊതുയോഗം വിളിച്ചു കൂട്ടുന്നത് അശക്യമാണെന്ന് അറിയാമല്ലോ. അതുകൊണ്ട് ആ നിർദ്ദേശത്തെ ഞാൻ പിൻ വലിക്കേണ്ടിവന്നിരിക്കുന്ന വിവരം വ്യസനപൂർവം അറിയിക്കുകയും മേടം അവസാനത്തിൽ ആലുവാവച്ചു പൊതുയോഗം നടത്താൻ അനുവദിക്കണമെന്നു വീണ്ടും അപേക്ഷിക്കയും ചെയ്യുന്നു. ദിവാൻജി അവർകൾ ആ സമയത്ത് ആലുവാ എത്തുന്നതാണെന്നും ചാർജ്ജു വിടുന്നത് അവിടെ വച്ചായിരിക്കുമെന്നും വിശ്വാസയോഗ്യമായി അറിയുന്നതിനാലും മംഗളപത്ര സമർപ്പണത്തിന് അതു നല്ല സൗകര്യമായിരിക്കുമെന്നു വിചാരിപ്പാൻ കാരണമുള്ളതിനാലും ഇങ്ങിനെ ഏർപ്പാടു ചെയ്പാൻ ആവശ്യപ്പെടുന്നതാണ്. മംഗളപത്രം സമർപ്പിക്കുന്നതിനെ സംബന്ധിച്ച ആവശ്യമുള്ള ഒരുക്കങ്ങൾ എല്ലാംകൂടി യഥോചിതം ആലോചിച്ചു ചെയ്തുകൊള്ളാൻ അനുവദിക്കേണ്ടിയിരിക്കുന്നു. വിശേഷിച്ച് ആലുവായിൽ യോഗം കൂടുന്നതിന് ഒരുക്കം ചെയ്യുന്നതു വലിയ ഭാരമേറിയ സംഗതി

Digitized By Kerala Sahitya Akademi

യാണ്. അവിടെ സ്വജനങ്ങളും ആദ്യം തന്നെ അതിന്നുശ്രമിപ്പാനും ചില വുകയും ചെയ്വാനും ഇല്ല. സമീപദേശങ്ങളിലുള്ള യോഗ്യന്മാർ ഒത്തൊരുമിച്ച് ശ്രമിച്ചിട്ടുവേണം എല്ലാം നിറവേറ്റാൻ. അതുകൊണ്ടു നിങ്ങളുടെ ശ്രമത്താൽ അവിടെ നേരിട്ടോ മാറ്റു ജനങ്ങളും മുഖാന്തരമോ എന്തെല്ലാം ചെയ്വാൻ കഴിയുമോ ആ സഹായങ്ങളും ഒക്കെ ചെയ്വാൻ ഉടനേ പ്രത്യേകം ദൃഷ്ടിവച്ചു ശ്രമിക്കുന്നതാണെന്നും വിശ്വസിക്കുന്നു.

നിങ്ങളുടെ എൻ. കുമാരൻ ആശാൻ
യോഗം ജനറൽ സിക്രട്ടറി
മിതവാദി 1914 ഏപ്രിൽ

(4)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം 1091 മിഥുനം 15—ാംനു/
1916 ജൂൺ 28—ാംനു

മ. രാ. രാ. സി. കൃഷ്ണൻ (ബി. എ. ബി. എൽ) അവർകൾക്ക്

മാന്യരേ,

തിരുവനന്തപുരം നഗരത്തിൽ കൈതമുക്കിൽ വസ്തുവാങ്ങുന്നതിനെപ്പറ്റി വേണ്ട സകല ഏർപ്പാടുകളും ചെയ്തു കഴിഞ്ഞിരിക്കുന്നു. ഡയറക്ടർമാരിൽ ഒരാൾ മാത്രം ഇത്ര വലിയ സംഖ്യ ചിലവാക്കി കെട്ടിടം വാങ്ങുന്നതിനെപ്പറ്റി സംശയിച്ചു പറഞ്ഞിരിക്കുന്നു. ശേഷം വലിയ ഭൂരിഭാഗം അനുസരിച്ചു വസ്തുവാങ്ങാൻ തീർച്ചയാക്കുകയും കൗൺസിലിൽ നിന്നും ആ തീർച്ചയെ അനുസരിച്ച് ഉടനേ വസ്തു എഴുതി വാങ്ങാൻ സമ്മതിച്ച് ഏർപ്പാടുചെയ്കയും ചെയ്തിരിക്കുന്നു.

വസ്തുവിന്റെ സാക്ഷാൽ വിലയായി ഖരാറിൽ സമ്മതിച്ചിട്ടുള്ളതു 5950 ഉറുപ്പികയാണ്. ഇതിൽ നൂറ് ഉറുപ്പിക ഖരാറോടുകൂടി അഡ്വാൻസ് കൊടുത്തിട്ടുണ്ട്. 2700 ഉറുപ്പികയോളം ചിട്ടിമുഖേന ഉള്ളത് ഉംപ്പെട്ടെ കടം തീർക്കുകയും കയ്യിൽ റൊക്കം കൊടുക്കുകയും ചെയ്യേണ്ടതായുണ്ട്. കൊല്ലത്തിൽ ഉദ്ദേശം ഇപ്പോൾ 500 ക. യോളം ചിട്ടിയിൽ ആറുതവണകളിലായി വയ്ക്കണം. രണ്ടു കൊല്ലം കഴിഞ്ഞാൽ സ്വല്പം കൂടി കൂട്ടി വയ്ക്കണം. 600 ക. യിൽ അധികം ഒരിക്കലും കവിയുന്നതല്ല.

ചിട്ടിക്കു വയ്ക്കേണ്ട സംഖ്യ മേലാൽ യോഗത്തിന്നു ഭാരമായിത്തോന്നാതിരിക്കത്തക്കവണ്ണം മെമ്മോറിയൽ ഹാൾ വകയ്ക്ക് പ്രത്യേകം ധനസഹായം ചെയ്വാൻ നല്ല സമ്മതമുള്ള 50—ഓ 60—ഓ മാന്യൻമാരോടു കൊല്ലത്തിൽ പത്തുറുപ്പികവീതം നാലുകൊല്ലത്തേക്കു വിശേഷാൽ സംഭാവന

Digitized By Kerala Sahitya Akademi

തരാൻ അപേക്ഷിക്കണമെന്നാണു വിചാരിക്കുന്നത്. ഈ സംഭാവന തരാൻ പല സുഹൃത്തുക്കളും ഒരുക്കമുള്ളതായി അറിയുന്നുണ്ട്. ശേഷം യോഗത്തിൽ നിന്ന് ഇപ്പോൾ മുടക്കുന്ന സംഖ്യയും ഷഷ്ടിപൂർത്തി ആഘോഷം സംബന്ധിച്ച വിശേഷാൽ പിരിവിൽ നിന്നു മിച്ചം വരുത്തി യോഗം ഫണ്ടിലേക്കു തിരെ എടുക്കാൻ കഴിയുന്ന വിധമെല്ലാം യത്നിക്കാവുന്നതാണ്. യോഗം ആഫീസും അച്ചുക്കൂടവും പുതിയ സ്മാരകമന്ദിരത്തിലുള്ള ചില മുറികളിൽ സ്ഥാപിച്ചു നടത്താവുന്നതാകയാൽ അതിന്റെ വാടകയായി ത്തന്നെ ചുരുങ്ങിയാൽ മാസത്തിൽ 15 ക. കിട്ടുന്നതും ഇപ്പോൾ മുടക്കുന്ന പണത്തിന്ന് അരപ്പലിശ അതുകൊണ്ടു തന്നെ നടക്കുന്നതുമാണ്. ഈ കാരണങ്ങളാൽ ഇത് ഏറ്റവും ഗുണകരമായ വിധത്തിലുള്ള ഒരു ഇടപാടാണെന്നു പറയേണ്ടതില്ലല്ലോ.

മേയ് 31-ാം നു- യിലെ കത്തിൽ പ്രസ്താവിച്ച പ്രകാരം എഴുതിവാങ്ങുന്ന വസ്തുവിൽ ഒരു ചെറിയ ബംഗ്ലാവുണ്ടെന്നു പറഞ്ഞിരുന്നത് ഓർക്കുമല്ലോ. ആ ബംഗ്ലാവിനെ വലിയകെട്ടിടത്തിന്റെ നീളത്തോളം നീട്ടുകയും അതിന്റെ താഴത്തെ നിലയിലെ പൊക്കത്തിനനുസരിച്ചുപൊക്കുകയും വരാന്തയിലുള്ള ചെറിയമുറികൾ ഇടിച്ചുകളഞ്ഞു വരാന്ത നെടുനീളത്തിൽ ഹാളിന്റെ വരാന്തയോട് ഒപ്പമായി കാണത്തക്കവണ്ണം തുറസ്സാക്കുകയും മദ്ധ്യേയുള്ള മുറത്ത് ഒരുവലിയ പന്തലിന്റെമാതിരി ഭംഗിയും വലിപ്പവുമുള്ള ഒരു ഹാൾകൂടി തീർക്കുകയും ചെയ്വാനാണ് വിചാരിക്കുന്നത്. അതെല്ലാവും തീർക്കുകയും ഗോദ് അതിനെല്ലാം അനുരൂപമായ വിധത്തിൽ പരിഷ്കരിക്കയും ചെയ്യേണ്ടിയിരിക്കുന്നു. മുറത്തെ ഹാളിന്റെ സ്ഥാനത്തു ഷഷ്ടിപൂർത്തി സംബന്ധമായ സഭ നടത്തുന്നതിനും മാറുമായി ഒരു പന്തൽ മാത്രം തൽക്കാലം കെട്ടുന്നതും അതൊഴിച്ചു ശേഷം മേൽപ്പറഞ്ഞ വേലകൾ എല്ലാം ഉടനേ പൂർത്തിയാക്കുന്നതുമാണ്. ഇതിനെല്ലാം പണം വേണ്ടിയിരിക്കുന്നു. അതിന്നായി ഷഷ്ടിപൂർത്തി സംബന്ധിച്ചു കമ്മിറ്റിയുടെ പ്രവൃത്തികൾ ഉടനേ നടത്താനും സംഭാവനകൾ ശേഖരിപ്പാനും ധൃതിയിൽ ഏർപ്പാടുചെയ്തുവരുന്നു. പല സ്ഥലങ്ങളിലും ഇതുസംബന്ധിച്ച് ഉത്സാഹം ജനിച്ചുവരുന്നുണ്ട്. അതുകൊണ്ട് ക്ഷാമകാലമാണെങ്കിലും കുറേ സംഭാവനകൾ പിരിഞ്ഞുകിട്ടുമെന്ന് ഉറപ്പുതോന്നുന്നുണ്ട്. എല്ലായോഗബന്ധുക്കളും സ്വല്പം മനസ്സിരുത്തിയാൽ എല്ലാം വിജയപൂർവമായി കഴിയുന്നതാണ്.

പ്രധാന ഹാളിന്റെ പണിപൂർത്തിയായിട്ടില്ലെന്നു മുമ്പുതന്നെ അറിവിച്ചിടുണ്ടല്ലോ. അതിന്റെ പൂർത്തിക്കായി 1300 ക. യിൽ കുറയാതെ വേണ്ടിവരുമെന്ന് ഇവിടത്തെ ഒരു പ്രധാന കൺട്രാക്റ്ററും യോഗത്തിന്റെ പഴയ ഡയറക്ടർമാരിൽ ഒരാളുമായ പി. ഗോവിന്ദൻ കൺട്രാക്ടർ അവർകളും ഇന്ന് എല്ലാം കണക്കിട്ടു നോക്കി അഭിപ്രായം പറഞ്ഞിരിക്കുന്നു. ഇത് ഹാളിന്റെ ഏതാനും ഭാഗത്തെ വിദ്യാർത്ഥിമന്ദിര

Digitized By Kerala Sahitya Akademi

മായുപയോഗിക്കുന്നതിനും മററും വേണ്ടവിധം പരിഷ്കരിക്കയും, വരാന്തകളിൽ ഓടു മേയുകയും, ഹാളിന്റെ മുകളിലത്തെ നില മുഴുവൻ തറയോടുപാകുകയും, മേൽത്തട്ടു പലകകൊണ്ടു നിറുത്തുകയും കീഴ് വരാന്തയിലും മററും ഓടുപാകുകയും, കുറവുള്ള കട്ടിള, കതകുകൾ, ജനലുകൾ, വെൻറിലേററർ മുതലായവ ഉണ്ടാക്കുകയും, വരാന്തയുടെ തൂണുകളും മററും പരിഷ്കരിക്കയും, ആഘോഷത്തെ ഉദ്ദേശിച്ചു ചായമടിക്കുക മുതലായ നേർത്ത പണികൾ എല്ലാം നടത്തുകയും, 250 ക. അടങ്കലിൻമേൽ ബലവും ഭംഗിയുമുള്ള ഒരു വളഞ്ഞ കോണിപ്പടി രണ്ടാമത്തെ നിലയിലേക്കു കയറുന്നതിന് ഉണ്ടാക്കുകയും ചെയ്വാൻ കഷ്ടിച്ചുമാത്രം തികയുന്ന സംഖ്യയാണ്. മിസ്റ്റർ ഗോവിന്ദൻ കൺട്രാക്ട്രർ സ്വന്ത ജോലിക്കാരെ നിർത്തി തന്റെ പ്രത്യേക നോട്ടത്തിൽ ഈ വേലകൾ ഇത്ര ചുരുക്കിയും ഭംഗിയായും തീർത്തുതരാമെന്ന് ഏററിരിക്കുന്ന വിവരംകൂടി സന്തോഷപൂർവം അറിയിച്ചുകൊള്ളുന്നു.

ശേഷം മേൽ പ്രസ്താവിച്ച പണികളും ഹാളിന്റെ ഈ അററകുററപ്പണികൾക്ക് ഇതിലധികമായി വല്ല സംഖ്യയും വേണ്ടിവന്നാൽ അതും ഷഷ്ടിപൂർത്തിവക പിരിവിൽനിന്നു കമ്മിററിമുഖേന ചിലവുചെയ്തു പൂർത്തിയാക്കാനാണു വിചാരിക്കുന്നത്. ഷഷ്ടിപൂർത്തികമ്മിററിയിൽനിന്ന് ഇവിടത്തെ പ്രധാന യോഗ്യൻമാരായ എം. കുമാരു അവർകൾ, കൃഷ്ണൻ മാർത്താണ്ഡൻ കൺട്രാക്ടർ അവർകൾ, ഗോവിന്ദൻ കൺട്രാക്ടർ അവർകൾ, മാർത്താണ്ഡൻ കൃഷ്ണൻ കൺട്രാക്ടർ അവർകൾ മുതലായ മാന്യൻമാരെ പ്രത്യേകം ഈ കെട്ടിടംവകകാര്യത്തിൽ ചുമതലപ്പെടുത്തിയിരിക്കുന്നതും അവർ ഉത്സാഹപൂർവം ആ ചുമതല ഏററിട്ടുള്ളതുമാണ്. അതുകൊണ്ടു മേൽപ്പറഞ്ഞ 1300 ക.കൂടി കെട്ടിടത്തിന്റെ പണിപൂർത്തിയാക്കുന്ന ആവശ്യത്തിലേക്കായി ഉടനേ അനുവദിപ്പാൻ അപേക്ഷ. ഈ സംഖ്യ കൗൺസിലിൽനിന്നു മേൽപ്പറഞ്ഞ കമ്മിററിക്കാരുടെ ബില്ലിൻപടി യഥാകാലം കൊടുത്തു വേലപൂർത്തിയാക്കിച്ചുകൊള്ളുന്നതാകുന്നു.

വിദ്യാർത്ഥിസദനം തുറക്കുന്നതിനെയും ഷഷ്ടിപൂർത്തി സംബന്ധമായി നടത്താൻ വിചാരിച്ചിരിക്കുന്ന പുണ്യകർമ്മങ്ങളും, സഭകളും, ആഘോഷങ്ങളും, സദ്യകളും, മുതലായവയേയും സംബന്ധിച്ച വിവരങ്ങൾ വഴിയെ അറിയിച്ചുകൊള്ളാം. ദിവാൻജി അവർകൾ സ്മാരകമന്ദിരം തുറക്കാൻ ദയചെയ്തു സമ്മതിച്ചിട്ടുള്ളവിവരം അറിയിച്ചിട്ടുണ്ടല്ലോ.

എന്നു വിധേയൻ

എൻ. കുമാരനാശാൻ
ജനറൽ സെക്രട്ടറി

മിതവാദി 1916 ജൂലൈ

Digitized By Kerala Sahitya Akademi

(5)

യോഗം ജനറൽ സിക്രട്ടറി കുമാരൻ ആശാൻ അവർകൾ ഞങ്ങൾക്കയച്ച ഒരു കത്ത് എത്രയും സന്തോഷത്തോടുകൂടി താഴെ ചേർക്കുന്നു. (മിതവാദി പത്രാധിപർ):

മാന്യരേ,

ഇക്കഴിഞ്ഞ പൊതുയോഗത്തിൽ വച്ചു തിരഞ്ഞെടുത്തതനുസരിച്ചു ഇന്നലെ ഞാൻ ജനറൽ സിക്രട്ടറിയുടെ ചാർജ് ഏറ്റുവാങ്ങിയിരിക്കുന്നതിനാൽ വിവരം ബഹുമാനപൂർവം അറിയിച്ചുകൊള്ളുന്നു. സമുദായഗുണത്തേയും യോഗത്തിന്റെ അഭിവൃദ്ധിയേയും സർവോപരി സ്വാമിതൃപ്പാദങ്ങളുടെ അനുഗ്രഹത്തേയും മുൻ നിറുത്തി എന്റെ ശക്തിക്കനുസരിച്ചു വീണ്ടും നിങ്ങളുടെ എല്ലാം സഹായത്തോടുകൂടി ഞാൻ എന്റെ കൃത്യ നിർവഹണത്തിൽ സർവാത്മനാ ശ്രമിക്കുന്നതാണ്. പൊതുയോഗത്തിൽ എന്നെ തിരഞ്ഞെടുത്തപ്പോൾ ഹാളിൽ നിറഞ്ഞിരിന്ന അംഗങ്ങൾ മുഴുവൻ പ്രദർശിപ്പിച്ച സ്നേഹപൂർവമായ സന്തോഷാതിശയം എപ്പോഴും ഞാൻ കൃതജ്ഞതാപൂർവം ഓർത്തു പ്രവർത്തിക്കയും അവരുടെ എല്ലാം അധികതരമായ പ്രീതിക്കു പാത്രമായിത്തീരുന്നതു തന്നെ വലിയ ചാരിതാർത്ഥ്യമെന്നു ഗണിക്കയും ചെയ്യുന്നതാണ്. യോഗകാര്യങ്ങളിൽ ഉടനേ ദൃഷ്ടിവയ്ക്കേണ്ട ചില പ്രധാന സംഗതികളെപ്പറ്റി അറിവിക്കേണ്ടിയുണ്ട്. അതിനേപ്പറ്റി വഴിയേ എഴുതികൊള്ളാം.

താങ്കളെ ഇക്കഴിഞ്ഞ പൊതുയോഗത്തിൻ വീണ്ടും ഡയറക്ടറായി തിരഞ്ഞെടുത്തിരിക്കുന്ന വിവരം സന്തോഷപൂർവം ഈ അവസരത്തിൽ അറിവിച്ചുകൊള്ളുകയും ദയചെയ്തു പൂർവാധികമായ മമതയോടും ഉത്സാഹത്തോടും കൂടി താങ്കൾ ആ സ്ഥാനം സ്വീകരിച്ചു യോഗത്തിന്റെ അഭിവൃദ്ധിക്കായി സർവഥാ യത്നിക്കണമെന്നു അപേക്ഷിച്ചുകൊള്ളുകയും ചെയ്യുന്നു.

എന്നു വിധേയൻ. എൻ. കുമാരൻ ആശാൻ

മിതവാദി 1916 ജൂൺ

(6)

No. 206

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം 8 ജനുവരി 1917
25 ധനു 1092

''യോഗം ആഫീസിലെ തൽക്കാല സ്ഥിതിയെ സംബന്ധിച്ചു ചില വിവരങ്ങൾ''

Digitized By Kerala Sahitya Akademi

ഷഷ്ടിപൂർത്തി സംബന്ധിച്ച പ്രവൃത്തികളോടുകൂടി യോഗത്തിന്റെ ഇതുവരെയുള്ള ധനം സംബന്ധമായ നിലയ്ക്കു മാറ്റംതട്ടുകയും, ആപ്പീസിലെ ജോലി അധികപ്പെടുകയും കൂടുതൽ ഉദ്യോഗസ്ഥന്മാരെ വയ്ക്കാൻ ബഡ്ജറ്റ് അനുവാദമില്ലാത്തതിനാലും പൊതുവിലുള്ള ധന ക്കുറവാലും സാധിക്കാതെ വരികയും ചെയ്തിരിക്കയാണ്.

ഷഷ്ടിപൂർത്തി സ്മാരകമന്ദിരം സ്ഥാപിച്ചിരിക്കുന്ന സ്ഥലവും കെട്ടിടവും തീറുവാങ്ങുന്നതിനായി ആധാരത്തീയതി 2800 ക. കൊടുക്കു കയും കെട്ടിടത്തിന്റെ ബാക്കിപണികൾക്കായി 1300 ക. കമ്മിറ്റിയെ ഏല്പിക്കുകയും ചെയ്തതോടുകൂടി 4100 ക. മന്ദിരം വകയ്ക്കു പെട്ടെന്നു ചിലവായിപ്പോകയും അതിലേക്കായി ബാങ്കിലുണ്ടായിരുന്ന സംഖ്യ മിക്കവാറും തിരെ വാങ്ങുകയുമാണുണ്ടായത്.

ഷഷ്ടിപൂർത്തിക്കമ്മിറ്റിയുടെ ഉത്തരവാദമേറിയ പ്രവൃത്തികളിൽ മിക്കവാറും ആപ്പീസിൽനിന്നുതന്നെ ചെയ്യേണ്ടിവന്നതിനാൽ ഉദ്ദേശം രണ്ടുമാസത്തിൽ കുറയാത്തകാലം ആപ്പീസുവക പ്രത്യേകജോലികൾക്ക് ഒരുവിധം മുടക്കംനേരിടുകയും അതുകൊണ്ടും ക്ഷാമംകൊണ്ടും യോഗം വകയും വിവേകോദയം വകയുമായ പിരിവുകൾ കുറഞ്ഞുപോകയും ഏന്നാൽ ബഡ്ജറിൻപ്രകാരമുള്ള ചിലവുകൾ എല്ലാം ചെയ്തുകൊണ്ടു തന്നെ ഇരിക്കേണ്ടിവരികയും ചെയ്തു.

കമ്മിറ്റിവഴിയായുള്ള ശ്രമംകൊണ്ടും, സ്ഥലത്തുനിന്നും പുറത്തു നിന്നും മറ്റുമായി ഉദ്ദേശം 2000 ക. യോളം പിരിഞ്ഞുകിട്ടീട്ടുണ്ട്. എന്നാൽ അതിൽ ഗണ്യമായ ഭാഗം കെട്ടിടങ്ങളുടെ വകയ്ക്കായി ചിലവു ചെയ്കയാണു ചെയ്തത്. കമ്മിറ്റിയുടെ വരവുചിലവുകളെപ്പറ്റിയുള്ള കണക്കുകൾ പൂർണ്ണമായി ഇതുവരെ ഭാരവാഹികൾ ഏല്പിച്ചിട്ടില്ലാത്ത തിനാൽ ഇങ്ങിനെ ഉദ്ദേശ സംഖ്യമാത്രം എഴുതി അറിവിക്കുന്നതാണ്. ഇനി ഒരാഴ്ചയ്ക്കകം കണക്കുകൾ എല്ലാം ആപ്പീസിൽ കിട്ടത്തക്കവണ്ണം ഉത്സാഹിച്ചുവരുന്നുണ്ട്. കെട്ടിടത്തിന്റെ ചിലവുകൾക്കു കൺട്രാക്ടർ മാരുടെയും, വേലകൾ ഭാരമേറ്റുചെയ്ത കമ്മിറ്റി പ്രമാണികളുടേയും പക്കൽനിന്ന് ഓരോ ഇനത്തിലുള്ള എല്ലാവിവരങ്ങളുമടങ്ങിയ കണക്കുകൾ കിട്ടീട്ടില്ലാത്തതിനാലും അവരിൽപലരും പലസ്ഥലങ്ങളിൽ സ്വന്തജോ ലികൾ സംബന്ധിച്ചും മറ്റും താമസിക്കുന്നതിനാലും അസൗകര്യം നേരി ട്ടിട്ടുള്ളതാകുന്നു. കണക്കുകൾ കിട്ടിയ ഉടൻ കമ്മിറ്റിയുടെ റിപ്പോർട്ട് എഴുതി തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

കൈതമുക്കിലെ വസ്തുവിന്റെ ആധാരത്തിൽ വക വച്ചു നിർത്തിയ ചിട്ടിക്കടം ഗണ്യമായ ഒരു വിശേഷാൽ ചിലവാകുന്നു. 3240 ക. $4\frac{1}{2}$ കൊല്ലത്തിനുള്ളിൽ ചിട്ടിയിൽ വയ്ക്കേണ്ടതാണ്. രണ്ടുമാസത്തിനുള്ളിൽ 120 ക. വീതമാണ് വയ്ക്കേണ്ടത്. ഇതിൽ മൂന്നുതവണയ്ക്കു യോഗം

Digitized By Kerala Sahitya Akademi

കയ്യേറ്റശേഷം ഇതുവരെയായി പണം വച്ചിട്ടുമുണ്ട്. ഇനി നാലു കൊല്ലം മാത്രമേ ബാക്കിയുള്ളു ഈ ചിട്ടികെട്ടിത്തീർക്കുന്നതിൽ യോഗത്തെ പ്രത്യേകം സഹായിപ്പാൻ ശേഷിയുള്ള സമുദായ സ്നേഹികളിൽ പല രോടും സംഭാവനകൾ അപേക്ഷിച്ചുവരികയാണ്. അതിനായി ചിട്ടി സംബന്ധിച്ച് രണ്ടാമതൊരു വകുപ്പ് ഏർപ്പെടുത്തി പ്രത്യേകം എഴുത്തു കുത്തു മൂലമായും അല്ലാതെയും കഴിയുന്ന യത്നങ്ങൾ എല്ലാം ചെയ്തു വരികയാണ് ചെയ്യുന്നത്. അതിന്റെ ഫലമായി 40 ക., 50 ക., 60 ക., 150 ക ഇങ്ങിനെ ഈ വകയ്ക്കായി ഓരോ മാന്യൻമാർ സംഭാവന ചെയ്വാൻ ഏറ്റുവരുന്നു. ഇതുവരെ ആകെ ഇരുപതോളം മാന്യൻമാർ സംഭാവന ഏറ്റിട്ടുണ്ട്. ഒരു അൻപതു പേരെക്കൂടി ഇങ്ങിനെ സംഭാവന ചെയ്വാൻ കിട്ടിയാൽ യോഗത്തിന്ന് ആ ഭാരം കുറഞ്ഞു പോകുന്നതും അല്ലാത്ത പക്ഷം ഇപ്പോഴത്തെ യോഗത്തിന്റെ ധനസംബന്ധമായ കഷ്ടതയിൽ നിന്നൊഴിവായി നടത്തി അവസാനിപ്പിക്കാൻ പ്രയാസം നേരിടുന്നതു മാണ്. ഈ കഴിഞ്ഞ മൂന്നു ചിട്ടിത്തവണകൾ അടച്ചിട്ടുള്ള സംഖ്യയിൽ ഗണ്യമായ ഒരു ഭാഗം മേൽപ്രകാരം സംഭാവന ചെയ്വാൻ ഏറ്റ മാന്യൻമാർ തന്നിട്ടുള്ള പണമാണ്. ഇപ്പോഴും ആ വക സംഭാവനകൾ ചെയ്വാൻ യോഗ്യതയുള്ളവരെ കണ്ടു മുഖേനയും മറ്റും പ്രോത്സാഹിപ്പിച്ചുവരി കയാണ്. ഈ പ്രോത്സാഹനം ഫലവത്തായും വരുന്നുണ്ട്. നിങ്ങളും ഈ വിഷയത്തിൽ പ്രത്യേകം ഒത്താശകളും പ്രയത്നങ്ങളും ചെയ്വാൻ അപേക്ഷ.

മന്ദിരത്തിന്റെ പണികളിൽ ചില ചില്ലറ വേലകളും (ചില മുറിക ളിൽ തറയോടുപാകുക, ഗേറ്റിന്റെ മരവേലകൾ മുതലായവ) ഷഷ്ടി പൂർത്തിക്കു ശേഷം നടത്തീട്ടുള്ളതും വിദ്യാർത്ഥിസദനത്തിനാവശ്യമുള്ള മേശ, കസാല, കട്ടിൽ മുതലായവയുടെ പണികൾ ഇപ്പോഴും നടന്നു കൊണ്ടിരിക്കുന്നതുമാകുന്നു. അടുക്കള, മറപ്പുര, മുതലായവ ഒന്നും ഇതുവരെ ഉണ്ടായിട്ടില്ല. അതെല്ലാംകൂടി പൂർത്തിയാകയും പ്രാരംഭച്ചി ലവിലേക്കായി കുറേ പണം കൂടി കരുതുകയും ചെയ്തല്ലാതെ വിദ്യാർ ത്ഥികളെ മന്ദിരത്തിൽ താമസിപ്പിപ്പാൻ പ്രയാസമാണെന്നു പറയേണ്ടതി ല്ലല്ലോ. അതുകൊണ്ട് അടുത്ത വേനൽ ഒഴിവു കഴിഞ്ഞു കാളേജു തുറ ക്കുന്നതോടുകൂടി എല്ലാം തയ്യാറാക്കി, വിദ്യാർത്ഥികളെ മന്ദിരത്തിൽ താമസിപ്പിക്കണമെന്നാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. അതിനുള്ളിൽ ചെയ്തു തീർക്കേണ്ടതായ പ്രവൃത്തികൾ പലതുമുണ്ട്. അവയ്ക്കെല്ലാം പണച്ചിലവുമുണ്ട്. അതിനെ ഒക്കെപ്പറ്റി കമ്മിറ്റിയുടെ റിപ്പോർട്ടിൽ പ്രസ്താവിക്കുന്നതും റിപ്പോർട്ടു പുറപ്പെടുന്നതോടു കൂടി ഒരു ചെറിയ പിരിവു വീണ്ടും ആരംഭിക്കുന്നതുകൊണ്ടു ബാക്കിയുള്ള സംഗതികൾ നിർ വഹിപ്പാൻ നോക്കുന്നതുമാണ്.

ഈ എല്ലാ സംഗതികളും പ്രവർത്തിക്കുന്നതും പ്രവർത്തിക്കേണ്ടതും ആപ്പീസ്മുഖേന ആകയാൽ, ആപ്പീസിൽ ജോലി ഏറ്റെടുക്കുവാൻ

Digitized By Kerala Sahitya Akademi

ച്ചിരിക്കുമെന്ന് ഊഹിക്കാൻ കഴിയുന്നതാണ്. എന്നാൽ ഉദ്യോഗസ്ഥൻമാരിൽ അസിസ്റ്റൻറ് ക്ലർക്ക് മിസ്റ്റർ കെ. ഗോപാലൻകുട്ടി ഇതിനിടെ ഒരാഴ്ചയോളവും, ഹെഡ്ക്ലർക്ക് മിസ്റ്റർ പി. കെ. താണുവൻ മൂന്നാഴ്ചയോളവും ലീവെടുക്കുകയാലും, അസിസ്റ്റൻറ് മിസ്റ്റർ നാരായണനും ഞാനും മാത്രം ആപ്പീസിലെ അടിയന്തിരജോലികളും എല്ലാം മുടക്കം കൂടാതെ ചെയ്തുകൊണ്ടിരിക്കുകയും ചെയ്തതിനാലും മറ്റുമാണ് ബോർഡു സംബന്ധമായ എഴുത്തുകുത്തുകളും ചുരുങ്ങിപ്പോയതെന്ന വസ്തുതകൂടി അറിയിച്ചുകൊള്ളുന്നു.

അസിസ്റ്റൻറ് ക്ലർക്ക് മിസ്റ്റർ നാരായണൻ വളരെക്കാലത്തെ പരിചയമുള്ള ഒരു ഉദ്യോഗസ്ഥനാണ്. റിക്കാർഡുകളും കണക്കുകളും സംബന്ധിച്ച ചാരങ്ങളും, പണമിടപാടുസംബന്ധമായ കാര്യങ്ങടും വളരെ ശുഷ്കാന്തിയോടും വിശ്വാസത്തോടും അയാൾ നോക്കിവരികയാണു ചെയ്തുവരുന്നത്. ശമ്പളത്തിന്റെ കുറവിനാൽ (മിസ്റ്റർ നാരായണനു 12 ക. മാത്രമേയുള്ളു ഇപ്പോഴും ശമ്പളം) വേറെ അധികം ആദായകരമായ പ്രവൃത്തികളിൽ ഏർപ്പെടാൻ അയാൾ തീർച്ചപ്പെടുത്തിയിരിക്കുന്നവിവരം കൂടി വ്യസനപൂർവം അറിയിച്ചുകൊള്ളുന്നു. സ്വന്തഗുണത്തെ സംബന്ധിച്ച നിശ്ചയത്തെ തടയുന്നതു വിഹിതമല്ലാത്തതിനാലും അയാൾക്ക് ആ നിശ്ചയപ്രകാരം ചെയ്താലുണ്ടാകാവുന്ന ധനസംബന്ധമായ ഗുണത്തിന് അനുരൂപമായ കൂടുതൽ ശമ്പളം യോഗത്തിൽനിന്നു ലഭിക്കുന്നത് അടുത്തകാലത്തു ശക്യമല്ലാത്തതിനാലും, അയാൾ ജോലിയിൽനിന്ന് ഉടനെ പിരിഞ്ഞുപോകേണ്ടി വരുമെന്നുള്ളതാകുന്നു.

ഇപ്പോൾ കമ്മിറ്റിയുടെ ജോലികൾക്കുപുറമേ, വർഷാവസാനമാകയാൽ കണക്കുകൾ എഴുതിത്തീർക്കുക, ബാലൻഷീറ്റു തയാറാക്കുക മുതലായ ജോലികൾകൂടി അധികമായുണ്ട്. ആകപ്പാടെ ആപ്പീസിലെ പ്രവൃത്തികളെ വ്യവസ്ഥപ്പെടുത്തി ചില പുതിയ നിർദ്ദേശങ്ങൾ ബോർഡുമുമ്പാകെ കൊണ്ടുവരേണ്ടതായും, തൽക്കാലനിയമങ്ങൾ ചെയ്യേണ്ടതായും മറ്റുമുണ്ട്. അവയെപ്പറ്റി വിശദമായി ഉടനെ എഴുതിക്കൊള്ളാം. അടുത്ത പൊതുയോഗത്തെ സംബന്ധിച്ച് വേണ്ടതു പ്രർത്തിക്കേണ്ടകാലവും അടുത്തിരിക്കയാണ്.

എന്നു വിധേയൻ

എൻ. കുമാരൻ ആശാൻ
ജനറൽ സെക്രട്ടറി

മിതവാദി 1917 ഫെബ്രുവരി (പു: 5 ല: 2)

Digitized By Kerala Sahitya Akademi

(7)

എസ്. എൻ. ഡി പി. യോഗം ആഫീസ്, കൊതമുക്ക്.
1093 ചിങ്ങം 27, 12-9-1917

ബ. രാ. രാ. സി. കൃഷ്ണൻ അവർകൾ ബി. എ. ബി. എൽ.

മാന്യരേ,

യുദ്ധ ക്ഷാമം നിമിത്തം ആപ്പീസിൽ നേരിട്ടുരിക്കുന്ന പണം സംബന്ധമായ ബുദ്ധിമുട്ടുകളെപ്പററി 1917 ആഗസ്റ്റ് 21-ാംനു- ക്കു 1093 ചിങ്ങം 5-ാംനു- എഴുതിയിരിന്നതു ഓർക്കുമല്ലോ. അതിനുശേഷം ദിവസം പ്രതി എന്നപോലെ ആ ബുദ്ധിമുട്ടു വർദ്ധിച്ച് ഇപ്പോൾ തീരെ നിവൃത്തിയില്ലാത്തഘട്ടത്തിൽ എത്തിയിരിക്കുന്നവിവരം വ്യസനപൂർവം അറിവിക്കേണ്ടിവന്നിരിക്കുന്നു. ഇതിനെസംബന്ധിച്ച് എം. ഗോവിന്ദൻ ബി. എ. ബി. എൽ. അവർകൾ അയച്ചുതന്ന ഒരുകത്തിൽ അദ്ദേഹം താഴെ പറയുംപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു. "ജോലി നടത്തിപ്പിനു വിഘ്നംകൂടാതെയും ഉപയുക്തമായ വിധത്തിലും ആപ്പീസിലെ പ്രവൃത്തിയെ ലഘൂകരിക്കാനും ക്രമീകരിക്കാനും സാധിക്കുമെങ്കിൽ എന്തെല്ലാം ഭേദഗതികൾ വരുത്തേണ്ടതുണ്ടെന്നും, ആപ്പീസിലെ റിക്കാർഡുകളും പ്രവൃത്തികളും പരിശോധിച്ചു റിപ്പോർട്ടു ചെയ്യുന്നതിന് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു കമ്മിററിയെ ഏർപ്പെടുത്തുന്നതു നന്നായിരിക്കും.

മെമ്പർമാർ

മിസ്റ്റർ എൻ. കുമാരൻ ആശാൻ, ജനറൽ സിക്രട്ടറി
,, എൻ. കുമാരൻ, ബി. എ. ബി.എൽ.
,, സി. ഒ. മാധവൻ, ബി. എ. ബി. എൽ.
,, എം. ഗോവിന്ദൻ, ബി. എ, ബി. എൽ"

യുദ്ധക്ഷാമസംബന്ധമായ സ്ഥിതിഭേദങ്ങൾക്കു സ്ഥിരമായ മാററം വരുന്നതുവരെ യോഗംവക പ്രവൃത്തികൾ ഏററവും മിതമായ ഒരു തോതിൽമാത്രം നടത്തിക്കൊണ്ടിരിക്കുന്നതിനു വേണ്ട വ്യവസ്ഥ ഉടനേ ചെയ്യാത്തപക്ഷം വളരെ ദോഷമുണ്ടെന്നോണ് എനിക്ക് ഇതിനെപ്പററി വീണ്ടും അറിയിക്കാനുള്ളത്. അതുകൊണ്ടു ശ്രീമാൻ ഗോവിന്ദനവർകൾ അഭിപ്രായപ്പെടുന്ന പ്രകാരം സംഗതികളെ പരിശോധിച്ചു റിപ്പോർട്ടുചെയ്യുന്നതിന് മേല്പറഞ്ഞ കമ്മിററിയെ ഉടനേ നിയമിപ്പാൻ അപേക്ഷ.

എന്നു വിധേയൻ

എൻ. കുമാരൻ ആശാൻ
ജനറൽ സിക്രട്ടറി

മിതവാദി 1917 നവംബർ: പുസ്തകം 5 ലക്കം 11

Digitized By Kerala Sahitya Akademi

(8)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം
1917 ഒക്ടോബർ 10–ാംന- 1093 കന്നി 24–ാംന- ക്ക്

വിഷയം : ആഫീസിലെ തൽക്കാല വ്യവസ്ഥയുംമറ്റും

മ. രാ. രാ. സി. കൃഷ്ണൻ (ബി. എ. ബി. എൽ) അവർകൾക്ക്.

മാന്യരേ,

ക്ഷാമസംബന്ധമായ ഞെരുക്കങ്ങളെപ്പറ്റി 21-8-1917 / 5-1-1093 ഉം 12-9-1917/27-1-1093 ഉം ന- കളിലെ കത്തുകൾവഴി വിവരം അറിയിച്ച ശേഷം 16-9-1917 / 31-1-1093 -ാം തീയതി കൗൺസിലിന്റെ ഒരു മീറ്റിംഗ് കൂടുകയും ആപ്പീസിലെ എഴുത്തുകുത്തു സംബന്ധമായും വിവേകോദയം സംബന്ധിച്ചുമുള്ള ജോലികളെ തൽക്കാലത്തേക്കു കുറയ്ക്കേണമെന്നും അതനുസരിച്ച് ഉദ്യോഗസ്ഥൻമാരിൽ ജനറൽ സിക്രട്ടറിയും ഒരു ക്ലർക്കും ഒരു പ്യൂണും ഒഴിച്ചു ശേഷമുള്ളവർ തല്ക്കാലത്തേക്കു (ശമ്പളം കൊടുക്കാൻ സാധിക്കാത്തതിനാൽ) വേലവിട്ടുനിൽക്കണമെന്നും തീരുമാനിക്കുകയും ചെയ്തു. ആ നിശ്ചയം കൗൺസിലിന്റെ പ്രൊസീഡിംഗ്സിൽ വ്യവസ്ഥചെയ്തിരിക്കുന്ന പ്രകാരം 23-9-17 / 7-2-93 മുതൽ നടപ്പാക്കുകയും ചെയ്തിരിക്കുന്നു.

വേലവിട്ടു നിൽക്കുന്ന ഉദ്യോഗസ്ഥൻമാർ	ശമ്പളം ക–ണ–പ
ശ്രീമാൻ. പി. കെ. താണുവൻ അവർകൾ (ഹെഡ്ക്ലർക്ക്)	15—0—0
,, കെ. ഗോപാലൻകുട്ടി ,, (അസിസ്റ്റൻറ് ക്ലർക്ക്)	10—0—0
,, ടി. കെ. പത്മനാഭൻ ,, ടി വാളൻറിയർ	8—0—0

ക്ഷാമസംബന്ധമായ താൽക്കാലിക വ്യവസ്ഥയായി ടി കൗൺസിൽ നിശ്ചയത്തെ ബോർഡ് അംഗീകരിക്കുകയും വേലവിട്ടുനില്ക്കുന്ന ഉദ്യോഗസ്ഥൻമാരുടെ സേവനത്തെ കൃതജ്ഞതാപൂർവം രേഖപ്പെടുത്തുകയും ചെയ്വാൻ അപേക്ഷ.

എന്നു വിധേയൻ

എൻ. കുമാരൻ ആശാൻ
ജനറൽ സിക്രട്ടറി

Digitized By Kerala Sahitya Akademi

വിശേഷാൽ നോട്ട്:—മന്ദിരം സംബന്ധിച്ച ചിട്ടിയുടെ (കുറിയുടെ) അടുത്ത അവധി തുലാം ൬-ാം തീയതി ആണ്. അവധിക്കു പണംവയ്പാൻ അശേഷം നിവൃത്തികാണാത്തതിൽ വ്യസനിക്കുന്നു. (120) നൂററിഇരു പതു ഉറുപ്പികയാണു ചിട്ടിക്കുവയ്ക്കേണ്ടത്. നിങ്ങളാൽ കഴിയുന്ന എന്തെങ്കിലും സഹായം ഈ അവസരത്തിൽ ചെയ്താൽ നല്ലത്.

മിതവാദി 1917 നവംബർ

(9)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം 14-5-1093 (28-12-1917)

മ. രാ. രാ. സി. കൃഷ്ണൻ (ബി. എ. ബി. എൽ.) അവർകൾക്ക്.

മാന്യരേ,

ആലുവാ അദ്വൈതാശ്രമം വക സംസ്കൃതപാഠശാല വകയ്ക്ക് ഒരു ഫണ്ടു സ്ഥാപിക്കുന്നതിന്റെ ആവശ്യത്തിലേക്കായി സ്വാമിതൃപ്പാദങ്ങൾ (1088 ചിങ്ങം 10-ാം തീയതി) കൃഷ്ണൻ മാർത്താണ്ഡൻ മുതൽ പേരുടെ ദാന പ്രമാണത്തിൻ പടി യോഗത്തിൽ ഏൽപ്പിച്ചിരുന്ന (2499-14-10) രണ്ടായിരത്തി നാനൂററി ത്തൊണ്ണൂറൊൻപത് ഉറുപ്പിക പതിനാലണ പത്തു പൈസയും അതിൻമേൽ തൃപ്പാദങ്ങളുടെ ആജ്ഞപ്രകാരമുള്ള ചിലവുകൾ കഴിച്ചു ബാക്കി സേവിങ്സ് ബാങ്കിലെ നിരക്കിൻ പ്രകാരം കൂടിയിട്ടുള്ള പലിശയും വിട്ടുകൊടുക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. പണം തല്ക്കാലം കെട്ടിയിരിപ്പില്ലാത്തതിനാൽ യോഗം വകയായി ടി സംഖ്യ ഉൾപ്പെടെ ഉറപ്പിൻമേൽ പലിശയ്ക്കു കൊടുത്തിട്ടുള്ള പണങ്ങ ളിലോ പി. സി. രാമൻ വൈദ്യരോടു കെട്ടിവരുന്ന 5000 ഉറുപ്പികയുടെ ചിട്ടിയിലോ സ്ഥാപിച്ചു ടി കണക്കിൻ പടിയുള്ള പണത്തിനു സ്വാമി തൃപ്പാദങ്ങൾക്കു പ്രത്യേകം പ്രമാണം എഴുതിക്കൊടുത്തു ആ ഇടവാട് തൃപ്പാദങ്ങളുടെ ഹിതത്തിനും യോഗം കൗൺസിലിന്റെ തീരുമാനത്തിനും അനുസരിച്ച് ഒതുക്കുന്നതിനായി അനുവദിപ്പാനും യോഗം അദ്ധ്യക്ഷ നായ സ്വാമിതൃപ്പാദങ്ങൾക്ക് അദ്വൈതാശ്രമം സ്ഥാപകരുടെ മാത്രം നില യിൽ ആ പ്രമാണം എഴുതിക്കൊടുത്തു ഇടവാടു തീർക്കുന്നതിന്ന് യോഗം ഉപാദ്ധ്യക്ഷൻ പി. മാധവൻ വൈദ്യൻ അവർകളെ അധികാരപ്പെടുത്താനും അപേക്ഷിക്കുന്നു. ഈ കത്തു തൃപ്പാദങ്ങളുടെ നേരിട്ടുള്ള ആജ്ഞ അനു സരിച്ചും കൗൺസിൽ മെംബർമാരുടെ ആലോചനയോടുകൂടിയും എഴുതു ന്നതാകുന്നു. പ്രസ്തുത ഇടവാടിനെ സംബന്ധിച്ച് എല്ലാ സംഗതി കളും യോഗം ലീഗൽ അഡ്വൈസരുടെ ഉപദേശ പ്രകാരവും കൗൺസി

Digitized By Kerala Sahitya Akademi

ലിൽ നിന്നു ഗാഢമായി ആലോചിച്ചു ചെയ്യുന്ന തീർച്ചയനുസരിച്ചും ഒതുക്കുമെന്നുള്ളതുമാകുന്നു. ഉടനേ മറുപടി തരാൻ പ്രത്യേകം അപേക്ഷ.

എന്നു വിധേയൻ

എൻ. കുമാരൻ ആശാൻ
ജനറൽ സിക്രട്ടറി
മിതവാദി 1918 ജനുവരി, ഫെബ്രുവരി

(10)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം. 4-3-1918 (21-7-1093)

No: 680

മ. രാ. രാ. സി. കൃഷ്ണൻ (ബി. എ. ബി. എൽ) അവർകൾക്ക്,

മാന്യരേ,

അരുവിപ്പുറം ക്ഷേത്രത്തിലെ ഉത്സവം മുതലായ സംഗതികൾ ഒരു പ്രത്യേക കമ്മിറ്റി ഏർപ്പെടുത്തി സ്വാമിതൃപ്പാദങ്ങൾ നേരിട്ടുനടത്താൻ ഏർപ്പാടുചെയ്തിരിക്കുന്നതിനെപ്പറ്റി അയച്ചുതന്നിട്ടുള്ള കത്തിന്റെ പകർപ്പ് താഴ്ന്ന കുറിക്കുന്നു. അതിൽ ആവശ്യപ്പെടും പ്രകാരം പണം അദ്വൈതാശ്രമത്തിൽ മണിആർഡർ ചെയ്തു അയച്ചുകൊടുക്കുന്നതിന്റെ ഔചിത്യത്തെപ്പറ്റി ചിന്തിക്കേണ്ടതാണെങ്കിലും തൽക്കാലം ഇവിടെ അശേഷം പണമില്ലെന്നുള്ള വസ്തുത തൃപ്പാദങ്ങളെ രേഖാമൂലമായി അറിവിച്ചിട്ടുണ്ട്. ഏതായാലും തൃപ്പാദങ്ങൾ ഏർപ്പെടുത്തിയതായി പറയുന്ന കമ്മിറ്റിക്കാർ തൽക്കാലം അടുത്തിരിക്കുന്ന ഉത്സവം മുതലായതു നടത്തുന്നതിന് അനുവദിക്കുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

എന്ന് വിധേയൻ

എൻ. കുമാരൻ ആശാൻ
ജനറൽ സിക്രട്ടറി

Digitized By Kerala Sahitya Akademi

സ്വാമിതൃപ്പാദങ്ങളിലെ കഞ്ഞിന്റെ പകർപ്പ്

അദ്വൈതാശ്രമം.
ആലുവാ 9-6-93

No. 61

ഓം. തത്. സത്.

എസ്. എൻ. ഡി. പി. യോഗം ജനറൽ സിക്രട്ടറി അറിയുന്നതിന്.

അരുവിപ്പുറം ക്ഷേത്രകാര്യങ്ങൾ അന്വേഷിക്കുന്നതിന് ഒരു യോഗം കൂടി ആ യോഗത്തിൽ നിന്നു നിർവാഹകക്കമ്മിറ്റിയെ ഏർപ്പെടുത്തി ഈ കൊല്ലത്തെ ഉത്സവം മുതലായ കാര്യങ്ങൾ നടത്തുന്നതിനു നാം നേരിട്ടുവേണ്ട ഏർപ്പാടുകൾ ചെയ്തിരിക്കുന്നതിനാൽ അതിലേക്കു യോഗത്തിൽ നിന്ന് അനുവദിച്ചിട്ടുള്ള സംഖ്യ നമ്മുടെ പേർക്ക് ആലുവാ അദ്വൈതാശ്രമത്തിലേക്കു മണിയോഡർ ചെയ്തു അയച്ചുകൊള്ളണം.

എന്നാൽ ആ വക കാര്യങ്ങൾ ശരിയായി വഹിക്കുന്നുണ്ടോ എന്നുള്ള അന്വേഷണത്തിനു കമ്മിറ്റി മെമ്പർമാർ മുക്കാൽ ഭാഗവും യോഗാംഗങ്ങളും യോഗം ഡയറക്ടർമാരും ആകയാൽ അവരുടെ അന്വേഷണം പൂർവാധികം ഭംഗിയായി നടക്കുമെന്നും യോഗോദ്ദേശ്യങ്ങളെ അനുകൂലിച്ചുതന്നെ ആയിരിക്കുമെന്നും നാം വിശ്വസിക്കുന്നതിനെ യോഗം ഡയറക്ടർമാരെ അറിയിച്ചുകൊള്ളുകയും വേണം.

നാരായണഗുരു (ഒപ്പ്) മുദ്ര.

മിതവാദി 1918 ഏപ്രിൽ

(11)

No. 121.

വിശേഷാൽ പൊതുയോഗത്തെപ്പറ്റിയുള്ള അപേക്ഷ:- അപേക്ഷകൻമാർ 173 പേർ. അപേക്ഷയിൽ കാണും പ്രകാരം വിശേഷാൽ പൊതുയോഗം വിളിച്ചു കൂട്ടാൻ ഹേതുവായ സംഗതികളുടെ ചുരുക്കം.

1. സ്വാമിതൃപ്പാദങ്ങൾ യോഗത്തെ സർവാത്മനാ ഉപേക്ഷിച്ചിരിക്കുന്നതായി രണ്ടു കൊല്ലം മുമ്പു ഡാക്ടർ പല്പു അവർകൾക്കു (ബാംഗ്ലൂർ) എഴുതിയ കത്തു യോഗത്തെ അറിവിച്ചിട്ട് ആ വിവരം യോഗത്തിൽ നിന്ന് ജനങ്ങളെ അറിവിക്കയോ അതിന്റെ കാരണത്തെപ്പറ്റി അന്വേഷിച്ചു പരിഹാരമുണ്ടാക്കുകയോ ചെയ്തില്ല.

Digitized By Kerala Sahitya Akademi

2, യോഗത്തിന്റെ നടത്തിപ്പിൽ പലവിധമായ ന്യൂനതകളും ഉണ്ടെന്നു പലർക്കും ഡയറക്ടർമാരിൽതന്നെ ചിലർക്കും അഭിപ്രായമുള്ളതായറി യുന്നു. അതുകൊണ്ടു റിക്കാർഡുകളും കണക്കുകളും സ്വത്തുക്കളും ഒക്കെ പരിശോധിച്ചു ഭരണക്രമത്തെ വ്യവസ്ഥപ്പെടുത്തി നിബന്ധനക ളിൽ വേണ്ട ഭേദഗതികളും ചെയ്തു ശരിയാക്കണം.

3, (i) അദ്വൈതാശ്രമത്തിനും യോഗത്തിനും തമ്മിലുള്ള സംബ ന്ധത്തെ നിർണ്ണയിച്ച് ആശ്രമഭരണം തൃപ്തികരമായി നടത്താൻ തൃപ്പാ ദങ്ങളോട് അപേക്ഷിക്കണം. (ii) തൃപ്പാദങ്ങൾ യോഗത്തിൽ ഏല്പിച്ചി രുന്ന പണങ്ങൾ ആവശ്യപ്പെടുമ്പോൾ അവിടത്തേയ്ക്കു തിരിയെകൊടു ക്കാൻ ബോർഡിനു അധികാരമുണ്ടോ എന്നു തീർച്ചയാക്കണം.

അതിൻമേൽ നോട്ട്

1–ാമത്തെ ആക്ഷേപം ശരിയല്ല. നാരായണചൈതന്യം അവർകൾക്കു തൃപ്പാദങ്ങൾ എഴുതിക്കൊടുത്ത മുക്ത്യാർ നാമാവിനെ റദ്ദുചെയ്യുന്ന തിനെപ്പറ്റി കൊല്ലത്തുവച്ചു കൂടിയ 13-ാമതു പൊതുയോഗത്തിൽ പാസ്സാക്കിയ 22-ാമതു നിശ്ചയത്തെ അടിസ്ഥാനമാക്കിയാണ് തൃപ്പാ ദങ്ങൾക്ക് ഉണ്ടെന്നുപറയുന്ന അതൃപ്തി വെളിപ്പെട്ടത്. അതിനെ സംബ ന്ധിച്ച് 14-ാമതു പൊതുയോഗത്തിലെ റിപ്പോർട്ടിൽ ഞാൻ വിശദമായി സൂചിപ്പിച്ചിരുന്ന റിപ്പോർട്ട് അയച്ചിട്ടു പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. (റിപ്പോർട്ടു പുസ്തകം 15–ാമതു പേജിൽ നോക്കുക)

2–ാമത്തെ സംഗതി മറെറാരു പ്രകാരത്തിൽ ശരിയാണ്. യോഗത്തിന്റെ ആദ്യത്തെ അഞ്ചു കൊല്ലത്തെ ഭരണത്തിൽ ഉണ്ടായിരുന്ന ന്യൂനതകളെ പരി ഹരിച്ചു 1908–ൽ നിബന്ധനകളും പരിഷ്കരിച്ചു. അതിനുശേഷം ഇപ്പോൾ പത്തു കൊല്ലമായിരിക്കുന്നു. ഇതിനിടയിൽ പലപ്പോഴും നിബന്ധനകളെ പരിഷ്കരിക്കുന്നതിനും ന്യൂനതകളെ പരിഹരിക്കുന്നതിനും ഞാൻ തന്നെ വാർഷിക റിപ്പോർട്ടുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 1087 മേടം 2–ാം തീയതി അതിനായി ശിവഗിരിയിൽ വച്ചു ഒരു വിശേഷാൽ പൊതുയോഗം വിളിച്ചു കൂട്ടിയുമിരുന്നു. ആ പൊതുയോഗം കോറം തികയാതെ പിരിയുകയാണു ണ്ടായത്. ഒടുവിൽ 1093 മേടത്തിൽ കൂടിയ 13–ാമതു പൊതുയോഗത്തിൽ നിബന്ധനകളും പരിഷ്കരിക്കുന്നതിന് ഒരു കമ്മിറ്റി ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആ കമ്മിറ്റിക്ക് ഇതുവരെ ആ കൃത്യം നിർവഹിപ്പാൻ സാധി ച്ചില്ല. കണക്കുകളും റിക്കാർഡുകളും പരിശോധിച്ചു റിപ്പോർട്ടു ചെയ്യുന്ന തിനു ബോർഡിൽ നിന്ന് ഇപ്പോൾ തന്നെ താഴെപ്പറയുന്ന മെമ്പർമാർ അട ങ്ങിയ ഒരു കമ്മിറ്റി ഏർപ്പെടുത്തിയിട്ടുണ്ട്. മെമ്പർമാർ:– ശ്രീമാൻമാർ എം. ഗോവിന്ദൻ അവർകൾ ബി.എ.ബി.എൽ, എൻ. കുമാരൻ അവർകൾ ബി.എ.ബി.എൽ, സി.ഒ. മാധവൻ അവർകൾ ബി. എ. ബി. എൽ, എൻ.

Digitized By Kerala Sahitya Akademi

കുമാരൻ ആശാൻ. മെമ്പർമാർക്കു സമയവും സൗകര്യവും ലഭിക്കാത്തതിനാൽ മാത്രം ജോലി നടത്താൻ ഇതുവരെ തരമായിട്ടില്ലാത്തതാകുന്നു.

3. ഇതിലെ 1–ാമത്തെ സംഗതി ഇരിക്കട്ടേ. 2–ാമത്തെ സംഗതിയിൽ പറയാനുള്ളത് 1918–ലെ 1–ാമതു നിശ്ചയമനുസരിച്ച് സ്വാമി തൃപ്പാദങ്ങൾക്കു ബോർഡിൻ നിന്നു 2600–ൽ ചിലവാനം ഉറുപ്പിക തിരെ കൊടുത്തതിനെപ്പറ്റിയാകുന്നു. അതു തൃപ്പാദങ്ങൾ നേരിട്ട് ആവശ്യപ്പെടുകയും കൗൺസിൽ ശിപാർശ ചെയ്കയും ചെയ്ത പ്രകാരം ബോർഡിൽ നിന്നു കൊടുത്തിട്ടുള്ളതാണ്. കൗൺസിലിൽ നിയമപരിജ്ഞാനമുള്ള രണ്ടു മെമ്പർമാർ ഉണ്ട്. ഡയറക്ടർമാരിൽ ആരും വിരുദ്ധാഭിപ്രായം പുറപ്പെടുവിച്ചില്ല.

ഈ സംഗതികൾക്കു പുറമേ താഴെപറയുന്ന കാരണങ്ങളാലും വിശേഷാൽ പൊതുയോഗം വിളിച്ചുകൂട്ടേണ്ട ആവശ്യകത ഇല്ലെന്നു തോന്നുന്നു.

കാരണങ്ങൾ:– (എ) അപേക്ഷയിലെ സംഗതികൾക്കു വേണ്ടിവന്നാൽ 'ഒരു സാധാരണ പൊതുയോഗ'ത്തിലെ 'വിശേഷാൽ പ്രവൃത്തി'കളായി സ്വീകരിപ്പാനാവാതെ 'വിശേഷാൽ പൊതുയോഗം' മൂലം നടപടികൾ നടത്താൻ വേണ്ട പ്രധാന്യമില്ല. (ബി) നിബന്ധനകളെ പരിഷ്കരിച്ചാൽ പാസ്സാക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിനു വിശേഷാൽ പൊതുയോഗം ഒഴിച്ചുകൂടാത്തതാണ്. എന്നാൽ നിയമങ്ങളെ പരിഷ്കരിക്കേണ്ടതു കമ്മിറ്റിക്കാരാണ്, വിശേഷാൽ പൊതുയോഗമല്ല. (സി) വാർഷിക പൊതുയോഗം കൂടേണ്ടകാലം വളരെ സമീപിച്ചിരിക്കുന്നു. കൂടാൻ ഏർപ്പാടു നടന്നുവരികയും ചെയ്യുന്നു. (ഡി) അപേക്ഷക്കാരായ 173 പേരിൽ 37 പേരെ ഒഴിച്ച് ശേഷമുള്ളവരിൽ പലരും ഓഹരിവകയിൽ യാതൊന്നും അടച്ചിട്ടില്ലാത്തവരും ശേഷംപേർ പല പ്രകാരത്തിലുള്ള കുടിശ്ശികക്കാരുമാകുന്നു. അതിനാൽ 34-ാം വകുപ്പിൻപ്രകാരമുള്ള ഇവരുടെ അപേക്ഷ സ്വീകാര്യമാണോ എന്നു സംശയിക്കുന്നു. ഇതിനെപ്പറ്റി അപേക്ഷകൻമാരെ അറിവിച്ചതിൽ തൃപ്തികരമായ മറുപടി പറയുന്നില്ല. കുടിശ്ശികക്കാർക്ക് അംഗങ്ങളുടെ നിലയിലുള്ള അവകാശത്തെ ബോർഡിനു തടയാം. (14–ാം വകുപ്പു നോക്കുക) (ഇ) അപേക്ഷക്കാരിൽ തന്നെ ചിലരുടെ എതിരപേക്ഷ ഇവിടെ കിട്ടീട്ടുണ്ട്. അപേക്ഷയിൽ പലരും പ്രേരണയാലും തെറ്റിദ്ധരിച്ചും ഒപ്പിട്ടിട്ടുള്ളതായും പ്രേരകൻമാരിൽ പ്രമാണികൾ ഈ സംഗതിയിൽ സ്വകാര്യവൈരത്തെ മുൻനിർത്തി പ്രവർത്തിച്ചിട്ടുള്ളതായും അറിയാം.

എന്നാൽ അപേക്ഷയെ അടുത്തുകൂടാൻ പോകുന്ന വാർഷികപൊതുയോഗത്തിലെ സബ്ജക്ട് കമ്മിറ്റിയുടെ ആലോചനയ്ക്കു വയ്ക്കാ

Digitized By Kerala Sahitya Akademi

വുന്നതും അതുവഴി പൊതുയോഗത്തിൽ പര്യലോചിക്കയും ആവ
ശ്യമുള്ള നിശ്ചയങ്ങൾ പാസ്സാക്കുകയും ചെയ്യാവുന്നതാണ്.

എന്ന് വിധേയൻ

എൻ. കുമാരൻ ആശാൻ
ജനറൽ സെക്രട്ടറി

മിതവാദി 1918 ഏപ്രിൽ

(12)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം 4-3-1918 (21-7-1093)

No: 126.

വാർഷിക പൊതുയോഗം

മാന്യംര,

പതിനഞ്ചാമത്തെ വാർഷികപൊതുയോഗം കൂടേണ്ടകാലം അടുത്തിരി
ക്കുന്നു. ഇത്തവണ കഴിയുന്ന വേഗത്തിൽ സഭ കൂടേണ്ടതായ പലകാര്യങ്ങ
ളുണ്ടെന്നു പറയേണ്ടതില്ലല്ലോ.

കൊട്ടാരക്കര വച്ചു പൊതുയോഗം കൂടണമെന്ന് അവിടങ്ങളിലുള്ള
പലർക്കും അപേക്ഷയുള്ളതായി സഞ്ചാര സിക്രട്ടറി മൂലൂർ പത്മനാഭപ്പണി
ക്കർ മുതലായ മാന്യൻമാരിൽ നിന്നറിയുന്നു. കൊട്ടാരക്കര, പത്തനാപുരം
കുന്നത്തൂർ, മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ലാ മുതലായ താലൂക്കു
കാർക്ക് എല്ലാം ആ വിഷയത്തിൽ വളരെ താത്പര്യമുള്ളതായും അറിയുന്നു.
കൊട്ടാരക്കര റെയിൽ വഴിയായും മറും ജനങ്ങൾക്കു വന്നു കൂടാനുള്ള
സൗകര്യത്തിനു പുറമേ സഭ കൂടാനുള്ള കെട്ടിടം മുതലായതും സൗകര്യമാ
യുണ്ടെന്നു കാണുന്നു.

അതുകൊണ്ടു സ്ഥലത്തുള്ള പ്രമാണികളുമായി ആലോചിച്ച് അവ
രുടെ ചിലവിലും ചുമതലയിലും പൊതുയോഗം അവിടെവച്ചു നടത്താൻ
വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിന് അനുവദിപ്പാൻ അപേക്ഷ.

എന്ന് വിധേയൻ

എൻ. കുമാരൻ ആശാൻ
ജനറൽ സെക്രട്ടറി

മിതവാദി 1918 ഏപ്രിൽ

Digitized By Kerala Sahitya Akademi

(13)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം. 4-3-1918 (21-7-1093)

No: 180

യോഗത്തിന്റെ തൽക്കാലസ്ഥിതി

മാന്യരേ,

യോഗത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയിൽ സ്വാഭാവികമായി അനുഭവിച്ചിരിക്കാവുന്നതല്ലാതെ ഏതോവിശേഷാൽ ന്യൂനതകളും വന്നുകൂടിയിരിക്കുന്നതായി ഒരു ദുർദ്ധാരണ പലേടത്തും പരന്നിട്ടുണ്ടെന്നു തോന്നുന്നു. അതിനെ പരത്തുന്നവരുടെ ഉദ്ദേശങ്ങൾ എന്തെല്ലാമായിരുന്നാലും എനിക്കതിനെപ്പറ്റി ചുരുക്കത്തിൽ പറയാനുള്ളത് സത്യത്തെ മുൻ നിർത്തി അറിവിച്ചുകൊള്ളുന്നു. യോഗത്തിന്റെ ധനസംബന്ധമായും അല്ലാതെയുമുള്ള സ്ഥിതികൾക്ക് ഇപ്പോൾ പറയത്തക്ക കേടുകളൊന്നും പറ്റീട്ടില്ല. അതിന്റെ തൽക്കാലത്തെ ദുസ്ഥിതി പലിശയോ മുതലോ ഓഹരിയോ സംഭാവനയോ മറ്റോ ആയി യോഗത്തിന്നു പണം തരേണ്ടവരാരും എങ്ങനെയെല്ലാം ആവശ്യപ്പെട്ടിട്ടും ക്ഷാമം നിമിത്തം പണമടയ്ക്കാതെ മുടക്കം വരുത്തിയിരിക്കുന്നതിനാലും യോഗത്തിൽ കെട്ടിയിരിപ്പു പണം ഇല്ലാത്തതിനാലും സംഭവിച്ചതാകുന്നു. അതിനെപ്പറ്റി ഏഴെട്ടു മാസങ്ങൾക്കു മുമ്പിൽ തന്നെ ഞാൻ അറിവിച്ചിട്ടുള്ളതാണല്ലോ. ടി കാരണത്താൽ ആഫീസുദ്യോഗസ്ഥൻമാരിൽ മിക്കപേരെയും പിരിച്ചയയ്ക്കയും ജോലികൾ പലതും മുടക്കുകയും ചെയ്വാൻ നിർബന്ധിക്കപ്പെട്ടിട്ടുള്ളതും അതുകൾ ബോർഡിലെ നിയമം അനുസരിച്ചു ചെയ്തിട്ടുള്ളതുമാകുന്നു. യോഗത്തിന്റെ പ്രമാണികളായി അറിയപ്പെട്ടിട്ടുള്ളവരിൽ തന്നെയും ചിലരൊക്കെ നിസ്സാരമായ ഓഹരി സംഖ്യയിൽ യാതൊന്നുമാച്ചിട്ടില്ലാത്തവരും ദീർഘകാലത്തെ കുടിശ്ശികക്കാരുമാണ്. യോഗത്തിൽ പണമടയ്ക്കുകയോ ധനസ്ഥിതി വർദ്ധിപ്പിപ്പാൻ വേല ചെയ്യുകയോ ചെയ്യുന്നവർ തീരെ ചുരുക്കം. അഭിപ്രായങ്ങൾ പറവാനും ദോഷാരോപണം ചെയ്വാനും ആളുകൾ അധികം. ഈ സ്ഥിതിക്കു മാറ്റം വന്നാലേ അഭിവൃദ്ധിയുണ്ടാകൂ. പണമുണ്ടായാലേ സംഗതികൾ ശരിയായി നടക്കൂ.

എന്ന് വിധേയൻ

എൻ. കുമാരൻ ആശാൻ
ജനറൽ സിക്രട്ടറി.

മിതവാദി 1918 ഏപ്രിൽ

Digitized By Kerala Sahitya Akademi

(14)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം 4-3-1913 (21-7-1093)

No. 186

സിക്രട്ടറി സ്ഥാനത്തിൽ നിന്ന് എന്നെ ഒഴിവാക്കുന്നതിനെപ്പറ്റി.

മാന്യരേ,

ഞാൻ സിക്രട്ടറി വേല വിടാൻ തീർച്ചയാക്കിയ വിവരത്തെപ്പറ്റി 24-6-1093 (6-2-1918) ൽ അയച്ച കത്തുകിട്ടിയിരിക്കുമല്ലോ. അതിൽ ആവശ്യപ്പെട്ട പ്രകാരം എന്നെ ആ സ്ഥാനത്തിൽ നിന്ന് ഒഴിക്കുന്നതിന് ഉടനേ ചെയ്യുന്ന നടപടികളെപ്പറ്റി നിങ്ങൾക്കുള്ള അഭിപ്രായം വിവരമായി ഇനിയും താമസിയാതെ അറിവിച്ചുതരാൻ വീണ്ടും അപേക്ഷിക്കുന്നു. ഈ പ്രധാന സംഗതിയിൽ മൗനം ദീക്ഷിക്കുകയോ അജാഗ്രത പ്രദർശിപ്പിക്കയോ ചെയ്യുന്നതു നിങ്ങളുടെ ഉത്തരവാദിത്വത്തിനും യോഗത്തോടുള്ള മമതയ്ക്കും അനുരൂപമായിരിക്കയില്ലെന്നും സവിനയം അറിവിക്കാൻ ബന്ധപ്പെടുന്ന സാഹസത്തെ സംഗതിയുടെ ഗൗരവമോർത്തു ക്ഷമിക്കണമെന്നും അപേക്ഷ.

എന്നു വിധേയൻ

എൻ. കുമാരൻ ആശാൻ
ജനറൽ സിക്രട്ടറി

മിതവാദി 1918 ഏപ്രിൽ

(15)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം 8-3-1918 (24-7-1093)

No. 216

മ. രാ. രാ. സി. കൃഷ്ണൻ (ബി. എ. ബി. എൽ.) അവർകൾക്ക്

മാന്യരേ,

യോഗം ആഫീസിൽ കഴിഞ്ഞ 6, 7 മാസമായി ഞാനും ഒരു ക്ലർക്കുമാത്രമാണുള്ളത്. പണമില്ലായ്മയാൽ ഞങ്ങളുടെ ശമ്പളത്തിൽ യാതൊന്നും വളരെ മാസങ്ങളായി ഞങ്ങൾ എടുക്കാറില്ല. അതിരിക്കട്ടെ.

Digitized By Kerala Sahitya Akademi

യോഗത്തിന്റെയും സമുദായത്തിന്റെയും ഗുണത്തിനായി ആവശ്യം ചെയ്യേണ്ട സംഗതികളെ സംബന്ധിച്ച എഴുത്തുകുത്തുകൾ നടത്തുക മുതലായ ചില്ലറ ചിലവുകൾക്കുകൂടി പണമില്ലാതെ മുടങ്ങിപ്പോകുന്നത് കണ്ടുകൊണ്ടിരിപ്പാൻ പ്രയാസമായിരിക്കുന്നു. വെറും വാസ്തവം എഴുതുന്നതാണ്.

അടുത്ത പൊതുയോഗം വിളിച്ചുകൂട്ടുന്നതിനു തന്നെ സ്റ്റാമ്പ്, കടലാസ് അച്ചടി മുതലായ ചിലവുകൾക്ക് ഉടനേ പണം വേണ്ടിയിരിക്കുന്നു. ആപ്പീസിൽ ഒരുകാശു വരാറില്ല. അതിനെപ്പറ്റി ഇതിനു മുമ്പു പലപ്പോഴും അറിവിച്ചിട്ടുണ്ടല്ലോ.

അതുകൊണ്ടു തവണ കുടിശ്ശികയുള്ള ഡയറക്ടർമാർ കുടിശ്ശികയിൽ വല്ല ഭാഗവും അല്പാത്തവർ തൽക്കാല സംഭാവനയായി എന്തെങ്കിലും സംഖ്യയും ഈ കത്തു കണ്ടാൽ ഉടനേ അയച്ചുതന്ന് ഈ നിലയിൽ യോഗത്തെ സഹായിക്കുമെന്നു വിശ്വസിക്കയും അതിനായി പ്രത്യേകം വീണ്ടും അപേക്ഷിക്കയും ചെയ്യുന്നു.

എന്ന് വിധേയൻ

എൻ. കുമാരൻ ആശാൻ
ജനറൽ സിക്രട്ടറി

മിതവാദി 1918 ഏപ്രിൽ

(16)

The S. N. D. P. Yogam Office
Trivandrum 6-9-93 (18-4-18)

അറിവിപ്പ്

മാന്യരേ,

ശ്രീനാരായണ ധർമ്മപരിപാലന യോഗത്തിന്റെ 15–ാതു വാർഷിക പൊതുയോഗം ഈ മേടമാസം 25–ം 26–ം തീയതികളിൽ കൊട്ടാരക്കര സർക്കാർ എൽ. ജി. പി. സ്കൂൾ കെട്ടിടത്തിൽവച്ചു കൂടാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ ആ അവസരത്തിൽ നിങ്ങൾ ഹാജരായിരിപ്പാൻ അപേക്ഷിച്ചുകൊള്ളുന്നു.

Digitized By Kerala Sahitya Akademi

യോഗത്തിൽ നടക്കുന്ന സംഗതികൾ:—

(1) 1916—1917 ഈ വർഷങ്ങളിലെ ബാലൻസ്ഷീറ്റു പാസ്സാക്കുക (2) സെക്രട്ടറിയുടെ റിപ്പോർട്ടു പാസ്സാക്കുക. (3) അടുത്തകൊല്ലത്തേക്കു ഡയറക്ടർമാരെയും മറ്റും തിരഞ്ഞെടുക്കുക (4) അടുത്ത കൊല്ലത്തെ ബഡ്ജറ്റുപാസ്സാക്കുക. (5) വിശേഷാൽ ചിറയിൻകീഴ് മുതലായ താലൂക്കുകളിൽനിന്നു ചിലയോഗാംഗങ്ങൾ ഒപ്പിട്ടയച്ചിട്ടുള്ള ഹർജിയെപ്പറ്റി പര്യാലോചിക്കുക. (6) സബ്ജക്ട് കമ്മിറ്റിയിൽ നിന്നും ഹാജരാക്കുന്ന നിശ്ചയങ്ങൾ പാസ്സാക്കുക.

പൊതുയോഗം അദ്ധ്യക്ഷന്റെ പേരും വിവരമായ കാര്യപരിപാടിയും വഴിയേ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

മേടം 15—ാംനു മുതൽ പൊതുയോഗം പ്രമാണിച്ച് യോഗം ആഫീസ് കൊട്ടാരക്കര ആയിരിക്കുന്നതാണ്. ഓഹരിവകയായും മറ്റും കുടിശ്ശികയുള്ള അംഗങ്ങൾ ഈ അവസരത്തിൽ പണമടച്ചു യോഗത്തെ സഹായിക്കണമെന്നു പ്രത്യേകം അപേക്ഷ.

എന്നു വിധേയൻ

എൻ. കുമാരൻ ആശാൻ
ജനറൽ സെക്രട്ടറി
മിതവാദി 1918 മേയ്

(17)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം 10-11-1093 (24-6-1918)

ബ. രാ. രാ. സി. കൃഷ്ണൻ (ബി. എ. ബി. എൽ) അവർകൾക്ക്

മാന്യരേ,

കഴിഞ്ഞ പതിനഞ്ചാമതു പൊതുയോഗത്തിൽ താങ്കളെ യോഗത്തിന്റെ ഒരു ഡയറക്ടരായി വീണ്ടും തിരഞ്ഞെടുത്തിരിക്കുന്ന വിവരം ബഹുമാനപൂർവം അറിവിക്കുന്നു. പൊതുയോഗത്തിൽ ഞാൻ സ്വല്പകാലം കൂടി സിക്രട്ടറിയായിരിക്കേണ്ടതു അത്യവശ്യമാണെന്നു പാസ്സാക്കിയ നിശ്ചയമനുസരിച്ച് വീണ്ടും ഞാൻ ആ സ്ഥാനത്തിൽ തുടരേണ്ടിവന്നിരിക്കുകയാണ്. എന്നാൽ കൊട്ടാരക്കരയിലെ യോഗം കഴിഞ്ഞ ഉടൻ

Digitized By Kerala Sahitya Akademi

ഈഴവക്കമ്മിറ്റി സംബന്ധമായ ജോലികൾക്കായി എനിക്കു സർക്കീട്ടു ചെയ്യേണ്ടവന്നിട്ടുള്ളതും യോഗം വക റിക്കാർഡുകളും മറ്റും കൈവശം ഇല്ലാതിരുന്നതിന്നലും വേറെ സൗകര്യക്കുറവുകളാലും എഴുത്തു കുത്തു സംബന്ധമായും മാറും ആഫീസിൽ ഇരുന്നു ചെയ്യേണ്ട പ്രവൃത്തികളിൽ ചിലതു യഥാകാലം ചെയ്യുവാൻ സാധിച്ചിട്ടില്ലാത്തതുമാകയാൽ ആ സംഗതി വ്യസനപൂർവം അറിവിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ലാക്കമ്മിറ്റിവക സർക്കീട്ട് ഏകദേശം അവസാനിച്ചിരിക്കുന്നതിനാൽ മേലാൽ ആഫീസ് മുഖേന ചെയ്യേണ്ട പ്രവൃത്തികൾ ശരിയായി ചെയ്വാൻ കഴിയുന്നതാണ്.

സഞ്ചാര സിക്രട്ടറി വീണ്ടും ജോലിയിൽ പ്രവേശിച്ചിരിക്കുന്ന വിവരം കൂടി അറിവിച്ചുകൊള്ളുന്നു.

പണമില്ലായ്ക നിമിത്തം കൃത്യങ്ങൾക്കു നേരിട്ടിരിക്കുന്ന അസൗകര്യങ്ങളേയും വീഴ്ചകളേയും പറ്റി അറിഞ്ഞിട്ടുള്ളതാണല്ലോ. ആ ന്യൂനതകളെ പരിഹരിക്കുന്ന വിഷയത്തിൽ നിങ്ങളുടെ സഹകരണം പൂർവാധികം ഉണ്ടാകുമെന്നു പൂർണ്ണമായി വിശ്വസിക്കുന്നു. മറ്റു സകല കാര്യങ്ങളേയും സംബന്ധിച്ചു വിവരമായി അടുത്ത ആഴ്ചയിൽ എഴുതുന്നതാണ്.

എന്നു വിധേയൻ.
എൻ. കുമാരൻ ആശാൻ
ജനറൽ സിക്രട്ടറി

മിതവാദി 1916 ജൂലൈ

(18)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം 15-7-1918 (31-11-1093)

No: 1727

മ. രാ. രാ. സി. കൃഷ്ണൻ (ബി. എ. ബി. എൽ) അവർകൾ
മാന്യരേ,

ഇക്കൊല്ലത്തെ യോഗംവക കൗൺസിൽ മെമ്പർമാരായി താഴെപ്പറയുന്ന ഡയറക്ടർമാരെ തിരഞ്ഞെടുക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. അതിനെപ്പറ്റിയുള്ള താങ്കളുടെ അഭിപ്രായം ഉടനേ അറിവിച്ചുതരാൻ അപേക്ഷ.

Digitized By Kerala Sahitya Akademi

മെമ്പർമാർ

മ. രാ. രാ. എം. ഗോവിന്ദൻ അവർകൾ ബി. എ. ബി. എൽ.
,, എൻ. കുമാരൻ അവർകൾ ബി. എ. ബി എൽ.

എന്നു വിധേയൻ

എൻ. കുമാരൻ ആശാൻ
യോഗം ജനറൽ സെക്രട്ടറി

(19)

No. 1752

എസ്. എൻ. ഡി. പി. യോഗം ആഫീസ്
തിരുവനന്തപുരം 15-7-1918/
31-11-1093

മ. രാ. രാ. സി. കൃഷ്ണൻ (ബി, എ. ബി. എൽ.) അവർകൾക്ക്

മാന്യരേ,

യോഗത്തിൽനിന്നു ശ്രീനാരായണ ഷഷ്ടിപൂർത്തി സ്മാരകമന്ദിരം സംബന്ധിച്ചു കെട്ടിത്തീർക്കേണ്ട ചിട്ടിയിൽ കഴിഞ്ഞ അഞ്ചുതവണകളും മുടങ്ങിപ്പോയിരിക്കുന്നതും ചിട്ടിക്കാരൻ ബാക്കിപണം ഒന്നായി ഈടാക്കാൻ ഉടനേ നമ്പർ പതിക്കുമെന്ന് ഈമാസം 21–ാംനു- നോട്ടീസ് തന്നിരിക്കുന്നതും ആകയാൽ വിവരം അറിവിച്ചുകൊള്ളുന്നു.

ഇതിനെപ്പറ്റി എന്താണു പ്രവർത്തിക്കേണ്ടതെന്നു കൗൺസിൽകൂടി ആലോചിച്ചു തീർച്ചയാക്കേണ്ടിയിരിക്കുന്നു. കൗൺസിൽ മെമ്പർമാരെ തിരഞ്ഞെടുക്കുന്നതിനെപ്പറ്റിയുള്ള മറുപടി ദയചെയ്തു ഒട്ടും താമസിക്കാതെ അയച്ചുതരുമെന്നു വിശ്വസിക്കുന്നു.

വിധേയൻ
എൻ. കുമാരൻ ആശാൻ
ജനറൽ സെക്രട്ടറി

മിതവാദി 1918 ആഗസ്റ്റ്

Digitized By Kerala Sahitya Akademi

(20)

എസ്. എൻ. ഡി. പി. യോഗം ആഫീസ്
21 ചിങ്ങം 1094/6–9–1918

ബ. ഴാ. ര. സി. കൃഷ്ണൻ അവർകൾക്ക്,

മാന്യരേ,

സഞ്ചാര സിക്രട്ടറി ൻറി. കെ. നാരായണൻ അവർകളെ കഴിഞ്ഞ രണ്ടു മൂന്നു മാസമായി പണപ്പിരിവു വിഷയത്തിൽ പ്രത്യേകം ദൃഷ്ടി വച്ചു ശ്രമിപ്പാൻ ചട്ടം കെട്ടിയിരിക്കയായിരുന്നു. അതിനുപുറമേ വല്ല ഭംശേഷി ഗോവിന്ദൻ വൈദ്യർ അവർകളെ ഏജൻറായി നിയമിച്ചും പണപ്പിരിവു വിഷയത്തിൽ ഉത്സാഹിച്ചിരുന്നു. എന്നാൽ ക്ഷാമത്തിൻെറ കാഠിന്യം വർദ്ധിച്ചുവരികയാൽ ഈ ശ്രമങ്ങം എല്ലാം മിക്കവാറും വിഫലമായാണു തീർന്നിരിക്കുന്നത് എന്നു വ്യസനപൂർവം അറിവിക്കേണ്ടിയിരിക്കുന്നു. സഞ്ചാര സിക്രട്ടറിക്കു പ്രതിമാസം (40) നല്പതു ഉറുപ്പിക ശമ്പളം കൊടുക്കേണ്ട ഭാരം കൂടി ഇപ്പോം യോഗത്തിനുള്ളത് അങ്ങനെ വച്ചുകൊണ്ടിരിക്കുന്നത് അനുചിതമാണെന്ന് അദ്ദേഹത്തിനു തന്നെ തോന്നുകയും മേലാൽ പ്രതിഫലം കൂടാതെ തൻെറ ജോലി തുടർന്നു കൊണ്ടിരിക്കാമെന്നു അദ്ദേഹം അറിവിക്കയും ചെയ്തിരിക്കുന്നു. ഇതു പ്രകാരം സ്വീകരിച്ച് അദ്ദേഹത്തിനു നന്ദിപറകയും ഈ സപ്തമ്പ 1–ാംനു മുതൽ ശമ്പളം കൂടാതെ പ്രവൃത്തി തുടർന്നുകൊണ്ടിരിപ്പാൻ അദ്ദേഹത്തെ അനുവദിക്കയും ചെയ്വാൻ അപേക്ഷ.

അങ്ങിനെ ചെയ്യുന്ന പ്രവൃത്തി വെറും ഐച്ഛികമാകയാൽ അത്ര ഫലവത്തായിരിക്കയില്ലെന്നു പറയാമെങ്കിലും തല്ക്കാലം ആ വ്യവസ്ഥ ഗുണകരമായിക്കുന്നതാണ്. എൻെറ അലവൻസും കൂടാതെകഴിക്കാൻ ഞാൻ ഉടനേ നോക്കുന്നതാണ്. അപ്പോം യോഗത്തിന് ഒരു ക്ലർക്കിൻെറ ശമ്പള ച്ചിലവ് ഒഴിച്ച് മറ്റുള്ളചിലവുകം എല്ലാം മിക്കവാറും നിന്നുപോകു ന്നതും അതുകൊണ്ടു പിരിവുള്ളിടത്തോളമുള്ള സംഖ്യ എല്ലാം ബാക്കികി ട്ടുന്നതുമാണ്.

ടി. കെ. നാരായണൻ അവർകളുടെ കത്തിൻെറ ശരിപ്പകർപ്പ് അടക്കം ചെയ്യുന്നു. അദ്ദേഹത്തിനു പണപ്പിരിവു വകയ്ക്കു കൊടുക്കേണ്ട കമ്മിഷൻനിരക്കിനെയും മറ്റും പറ്റി കൗൺസിലുമായി ആലോചിച്ച് ഉടനേ എഴിതിക്കൊള്ളാം.

എന്നു വിധേയൻ

കുമാരൻ ആശാൻ

Digitized By Kerala Sahitya Akademi

കത്തിന്റെ ശരിപ്പകർപ്പ്

ജനറൽ സെക്രട്ടറി അവർകൾക്ക്,

ഞാൻ കഴിയുന്ന പ്രകാരമൊക്കെ ഉത്സാഹിച്ചുനോക്കിയിട്ടും പണപ്പിരിവു തൃപ്തികരമാക്കാൻ സാധിക്കുന്നില്ല, ഓരോരുത്തരുടെ അവധികൾ കേട്ടു കേട്ടു നിവൃത്തിയില്ലാതായി. പണമില്ലാത്തവരെ വീണ്ടും വീണ്ടും ബുദ്ധിമുട്ടിക്കുന്നതുതന്നെ ഒരുവക ഹൃദയശൂന്യമായ പ്രവൃത്തിയാണല്ലോ. ക്ഷാമബാധിതനായ മനുഷ്യനെ പണത്തിനായി ഞെരുക്കുന്നതു പരമാർത്ഥത്തിൽ പട്ടിണികിടന്നു എല്ലും തോലുമായിത്തീർന്നിട്ടുള്ള പശുവിനെ കറന്നു പാലെടുക്കാൻ ശ്രമിക്കുന്നതിനു തുല്യമാകുന്നു. ക്ഷാമം നിമിത്തം ജനങ്ങൾ അത്യധികമായി കഷ്ടപ്പെടുന്ന ഈ ദുർദ്ദശയിൽ കുടിശ്ശികപിരിച്ചോ അംഗങ്ങളെച്ചേർത്തോ പ്രത്യക്ഷത്തിൽ തൃപ്തികരമായ ഫലം കാണിക്കണമെന്നുള്ളതു പ്രയാസംതന്നെ. നിത്യവൃത്തിക്കു നിർവാഹമില്ലാതെ വലയുന്നവർ ധർമ്മദാനങ്ങളിൽ വിമുഖതകാണിക്കുന്നതിൽ വിസ്മയിക്കാനുമില്ലല്ലോ. ഈ അവസ്ഥയിൽ ക്ഷാമനിവാരണത്തിന് ഉപയുക്തമായ വല്ല ഉദ്യമങ്ങളിലും ജനങ്ങളോടു സഹകരിക്കുന്ന വിഷയത്തിൽ കഴിയുന്നത്ര നമ്മുടെ സമയവും ശക്തിയുമെല്ലാം വിനിയോഗിക്കുന്നത് അത്യന്തം ശ്രേയസ്കരമായിരിക്കും.

നാം എത്ര തന്നെ ക്ലേശിച്ചു വേല ചെയ്താലും സാൻമാർഗ്ഗികമായി എന്തെല്ലാം ഗുണ ഫലങ്ങൾ വരുത്തിയാലും പണപ്പിരിവു അതൃപ്തികരമായിരിക്കുന്ന കാലത്തോളം വ്യയസാദ്ധ്യമായ ശ്രമങ്ങൾ ചെയ്തു യോഗത്തിന്റെ ധനസ്ഥിതിയെ പരിതാപകരമാക്കുന്നു എന്നുള്ള അപവാദമായിരിക്കും നമ്മുടെ മേൽ സ്ഥാപിക്കപ്പെടുന്നത്. ഈ അപവാദത്തിന്റെ ന്യായാന്യായതയെപ്പറ്റി ആലോചിച്ചിട്ടാവശ്യമില്ല. നിവൃത്തിയുള്ളിടത്തോളം ഈ അപവാദത്തിൽ നിന്ന് ഒഴിഞ്ഞിരിക്കാനും യോഗത്തിന്റെ ഭാരത്തെ ലഘൂകരിക്കാനും ശ്രമിക്കേണ്ടത് ആവശ്യമാകുന്നു. തൽക്കാലത്തേയ്ക്ക് എന്റെ ഉദ്യോഗത്തെ ശമ്പളം കൂടാതെ തുടർന്നു കൊണ്ടിരിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഞാൻ സൗകര്യംപോലെ എന്റെ കൃത്യത്തെ നിർവഹിച്ചുകൊള്ളാം, അംഗങ്ങളെ ചേർക്കുന്നതിനും പണപ്പിരിവിനും പ്രത്യേകം ഓരോ ചെറിയ കമ്മീഷൻ അനുവദിച്ചുതന്നാൽ മതിയാകും.

യോഗത്തിന്റെ ഭാവിയെക്കുറിച്ചു അധൈര്യത്തിന് അവകാശമില്ല. സമുദായത്തിൽ ജീവനുള്ള കാലംവരെ, സമുദായത്തിൽ ജീവനുള്ള പുരുഷൻമാരും സ്ത്രീകളും ഉണ്ടായിരിക്കുന്ന കാലംവരെ, സ്വാമി തൃപ്പാദങ്ങളുടെ പരിശുദ്ധമായ ജീവിതാദർശം ശാസനം നടത്തുന്ന കാലംവരെ യോഗത്തിന്റെ ജീവനും നിലനില്ക്കതന്നെ ചെയ്യും.

ടി. കെ. നാരായണൻ
സഞ്ചാര സെക്രട്ടറി

മിതവാദി 1918 ഒക്ടോബർ

Digitized By Kerala Sahitya Akademi

(21)

S. N. D. P. Yogam Office
Kythamukku
Trivandrum, 28-11-1918 (12-4-1093)

No: 1889

മ. രാ. രാ. സി. കൃഷ്ണൻ (ബി. എ. ബി. എൽ.) അവർകൾക്ക്

മാന്യരേ,

കൗൺസിലിന്റെ 1918 ലെ 1–ാമതു പ്രൊസീഡിംഗ്സിന്റെ കോപ്പി അറിവിനായി ഇതുസഹിതം അയച്ചുകൊള്ളുന്നു. അതിലെ നിശ്ചയങ്ങൾ അനുസരിച്ച് (1) രാമൻവൈദ്യരുടെ പേരിൽ വ്യവഹാരപ്പെടുന്നതിനും (2) കൈതമുക്കിലുള്ള സദനം വകയ്ക്ക് കെട്ടിത്തീർക്കേണ്ട ചിട്ടിയിൽ മുടങ്ങിയേടത്തോളം സംഖ്യ കെട്ടിത്തീർക്കുക, കടമുറിപ്രകാരം യോഗത്തിനു വരേണ്ട സംഖ്യകൾ നമ്പ പതീച്ച് ഇടാക്കുക മുതലായ ചിലവിലേക്കായി (1500) ആയിരത്തിഅഞ്ഞൂറു റുപ്പിക ടി സദനവും അതു നില്ക്കുന്ന പുരയിടവും ഈടുസ്ഥാപിച്ചു കടം വാങ്ങുന്നതിന് ഉപാദ്ധ്യക്ഷൻ പി. മാധവൻ വൈദ്യർ അവർകൾക്ക് അധികാരം കൊടുപ്പാൻ അപേക്ഷ.

ഇങ്ങനെ കടം വാങ്ങുന്ന പണം കൗൺസിലിന്റെ ചുമതലയിൽ വച്ചു മേൽപ്പറഞ്ഞ അത്യാവശ്യ സംഗതികൾ യഥാസമയം നിർവഹിക്കുന്നതാ കുന്നു. ഈടാകേണ്ട സംഖ്യകളുടേയും മററും കണക്കുകൾ വിവരമായി ചുവടേ ചേർത്തിരിക്കുന്നു.

ടി സംഖ്യ കുറഞ്ഞ പലിശയ്ക്കു ടി ഈടിൻമേൽ യോഗത്തിനു കടം കൊടുത്തു യോഗത്തെ സഹായിപ്പാൻ മനസ്സുള്ള മാന്യൻമാർ ഉണ്ടെ ങ്കിൽ ആ വിവരം കൂടി ഉടനേ അറിവിച്ചുതരാൻ അപേക്ഷ.

എന്നു വിധേയൻ, എൻ. കുമാരൻ ആശാൻ
ജനറൽ സിക്രട്ടറി

Digitized By Kerala Sahitya Akademi

(22)

എസ്. എൻ. ഡി. പി. യോഗം ആഫീസ്,
തിരുവനന്തപുരം: 23-6-94 (5-2-19)

മാന്യരേ,

കഴിഞ്ഞ കൊല്ലം അരുവിപ്പുറം ക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവം സ്വാമി തൃപ്പാദങ്ങളുടെ ആജ്ഞാനുസാരം സ്ഥലത്തെ ഒരു കമ്മിറ്റി മുഖേന നടത്തപ്പെട്ട വിവരം അറിഞ്ഞിരിക്കുമല്ലോ. ഇക്കൊല്ലത്തെ ഉത്സവവും അപ്രകാരം നടത്തിയാൽ മതിയെന്നും യോഗത്തിൽ നിന്നു നേരിട്ടു നടത്തേണ്ട ആവശ്യമില്ലെന്നും തൃപ്പാദങ്ങൾ അറിവിച്ചിരിക്കുന്നതിനാൽ ആ വിവരം അറിവിച്ചുകൊള്ളുന്നു. ക്ഷേത്രത്തിലേക്ക് ഈ വിവരം മുൻ കൂട്ടി അറിയിച്ചിട്ടുണ്ട്.

എന്നു വിധേയൻ, എൻ. കുമാരൻ ആശാൻ
ജനറൽ സിക്രട്ടറി

മിതവാദി 1919 മാർച്ച്.

Digitized By Kerala Sahitya Akademi

റിപ്പോർട്ടുകൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

1080 ധനു 24–ം 25–ം (1905 ജനുവരി 7–ം 8–ം) ന കളിൽ കൊല്ലത്തുവച്ചു കൂടിയ രണ്ടാം എസ്. എൻ. ഡി. പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട്.

മാന്യരേ,

അരുവിപ്പുറം ശ്രീ നാരായണ ധർമ്മ പരിപാലന യോഗത്തിന്റെ രണ്ടാമത്തെ വാർഷിക യോഗമാണ് നാം ഇന്നിവിടെ കൂടിയിരിക്കുന്നത്. 1078 ധനു 23–ാം ന- ജനിച്ച ഈ യോഗത്തിന് ഈ സന്ദർഭം രണ്ടാമത്തെ പിറന്നാളാഘോഷമാണെന്നുകൂടി അറിയുന്നത് നമുക്കു സന്തോഷാവഹമാണല്ലോ. 1079 കുംഭം 1–ാം ന- യോടുകൂടി ഇതിന്റെ പരിശുദ്ധമായ ജൻമഭൂമിയിൽ വച്ച് മംഗളമായിത്തന്നെ കഴിഞ്ഞുകൂടിയ ആദ്യത്തെ വാർഷിക യോഗത്തിൽ നിന്നും ഇതിനു ബാഹ്യദൃഷ്ടിയിൽ കാണപ്പെടുന്ന അന്തരത്തെ ഏറക്കുറെ ഒരു ഗ്രാമ്യനും നാഗരികനും തമ്മിലുള്ള അന്തരത്തോടോ അതിലും വലുതായ വല്ല സംഗതിയോടോറ നിങ്ങൾ തുല്യപ്പെടുത്തുന്നുണ്ടായിക്കാം. എന്നാൽ പറയത്തക്ക പ്രകാരമോ നമ്മുടെ വലുതായ മനോരഥങ്ങൾക്ക് അനുരൂപമായ വിധത്തിലോ ഉള്ള ആഭ്യന്തരമായ വളർച്ച ഇതിനു വന്നിട്ടുണ്ടെന്നു നിങ്ങളെ ധരിപ്പിപ്പാൻ ഇനിയും കാലം വേണമെന്നാണ് എനിക്കു തോന്നുന്നത്. ഇന്നത്തെ യോഗത്തിനു പ്രത്യക്ഷത്തിൽ പൂർവാധികമായ പുഷ്ടിയും പ്രാധാന്യവും നൽകിയിരിക്കുന്നത് ഇതോടൊപ്പം നടത്തപ്പെടുന്ന നമ്മുടെ വ്യവസായ പ്രദർശനവും സാഹിത്യ പരീക്ഷയും ആകുന്നു. ശ്രമവിശേഷത്താൽ അകാലത്തിലുണ്ടായ പുഷ്പം പോലെ നമ്മെ അത് ഏറ്റവും ആനന്ദിപ്പിക്കയും ഭാവിഫലത്തെ വിശ്വസനീയമാംവണ്ണം സൂചിപ്പിക്കയും ചെയ്യുന്നുണ്ട്. എങ്കിലും നമ്മുടെ യോഗം ഇപ്പോഴും ശൈശവാവസ്ഥയിൽ തന്നെ ഇരിക്കയാകുന്നു. വർത്തമാനപ്പത്രങ്ങൾ മുഖമായും മറ്റും ഇതിന്റെ ഒച്ച എങ്ങും പൊങ്ങിക്കഴിഞ്ഞിരിക്കുന്നു എന്നുള്ളതു വാസ്തവം തന്നെ. അതു പക്ഷേ നമുക്ക് അഭിമാന ഹേതുവും തന്നെ എങ്കിലും ബാഹ്യഘോഷങ്ങളെ (കമത്തിലധികം അഭിനന്ദിക്കയും വിശ്വസിക്കയും 'ചെയ്യുന്നതിനെക്കാൾ കാര്യൈക നിരതൻമാരായ നാം അതിനെ കുറഞ്ഞൊന്നു ഭയപ്പെടുകയാണു ചെയ്യേ

Digitized By Kerala Sahitya Akademi

ണ്ടതു്. സമുദായത്തിന്റെ ഐക്യമത്യ ജന്യമായ ശക്തി, സ്വാതന്ത്ര്യം, ഐശ്വര്യം ഇവയുടെ വളർച്ചയെ മാത്രമാണു് യോഗം അതിന്റെ വളർച്ചയായി വിചാരിച്ചിട്ടുള്ളതു്. അതു നാം എപ്പോഴും ഓർമ്മ.കേണ്ടതാകുന്നു. അത്യുത്സാഹപ്രദമായ ഈ അവസരത്തിൽ ഞാനിങ്ങനെ പായുന്നതു് യോഗത്തിന്റെ അഭിവൃദ്ധിയിൽ നമ്മുടെ ശ്രദ്ധ ഇതുവരെ തൃപ്തികരമാകുംവണ്ണം പതിഞ്ഞിട്ടില്ലെന്നും പതിഞ്ഞിരുന്നു എങ്കിൽഇതിനിടയിൽ ഇതിനെക്കാൾ ആശ്ചര്യകരങ്ങളായ വേലകളെ ചെയ്യുന്നതിനു നമുക്കു സാധിക്കുമായിരുന്നു എന്നും ഉള്ള ഉൽകണ്ഠകൊണ്ടുമാത്രമാണു്. അല്ലാതെ യോഗത്തിന്റെ സഹജമായ വളർച്ചയ്ക്കു് ഇപ്പോഴും വലിയ വിഘാതമൊന്നും വന്നിട്ടില്ലെന്നു മാത്രമല്ല അതു വളരുകതന്നെ ചെയ്യുന്നു എന്നും സാമുദായിക കാര്യങ്ങളിൽ നമ്മുക്കു പൂർവാധികമായ ഐകമത്യവും താത്പര്യവും ജനിച്ചിട്ടുണ്ടെന്നുമുള്ളതിനെ സംഭവപൂർണ്ണമായ ഇന്നത്തെ ദിവസം തന്നെ പറയുന്നുണ്ടല്ലോ. നമ്മുടെ നൻമകൾക്കു നിദാനഭൂതനായ സ്വാമി അവർകളിലുള്ള നിർവ്യാജമായ ഭക്തിയാൽ പവിത്രവും ശക്തിമത്തുമായ ഈ സമുദായസ്നേഹത്തിന്റെ പരിണാമം ഇന്നു കൊല്ലം പട്ടണത്തെ മാത്രമല്ല, കന്യാകുമാരി മുതൽ കണ്ണൂർ വരെയുള്ള പതിന്നാലു ലക്ഷം ഹൃദയങ്ങളെക്കൂടി ഏതാണ്ടു് ഇളക്കി മറിച്ചിട്ടുണ്ടു്. ഇപ്രകാരം ബഹുമുഖമായ സമുദായ സ്നേഹത്തിന്റെ ഏകോപിച്ചുള്ള ഈ പ്രവാഹശക്തിയെ ബുദ്ധിപൂർവം ഉപയോഗിച്ചാൽ നമ്മുടെ ഉന്നതിക്കായി നമുക്കു് അദ്ഭുതകരമാംവണ്ണം പ്രവർത്തിക്കാൻ കഴിയുമെന്നുള്ളതു് അസന്ദിഗ്ദ്ധമാണു്. ദൈവഗത്യാ ഇപ്പോഴും നമ്മുടെ വഴിയിൽ വായുവും ഒഴുക്കും അനുകൂലമായിരിക്കുന്നതായ പല ലക്ഷണങ്ങളും കണ്ടു തുടങ്ങുന്നുണ്ടു്. ചുരുക്കത്തിൽ ഈ യോഗം ഉന്നതിയെ പ്രാപിച്ചാൽ നാം ഉന്നതിയെ പ്രാപിച്ചു എന്നും അതു ക്ഷയിച്ചാൽ നാം ക്ഷയിച്ചു എന്നും സമുദായ സ്നേഹവും കൃത്യബോധവുമുള്ളവരുടെ ഹൃദയങ്ങളിലെല്ലാം തോന്നിത്തുടങ്ങിയിട്ടുണ്ടെന്നു വിചാരിക്കുന്നതിലും അബദ്ധമില്ലെന്നു ഞാൻ വിശ്വസിക്കുന്നു. യോഗം ഇപ്പോഴും തന്നെ സമുദായത്തിന്റെ സർവസ്വമായിത്തീർന്നിരിക്കുന്നതും അതു് എന്നെന്നേക്കും അങ്ങനെ തന്നെ ഇരിക്കുന്നതും ഇരിക്കേണ്ടതുമാകുന്നു. അതുകൊണ്ടു നമ്മുടെ സാമുദായിക ജീവിതത്തിനു ചൈതന്യ രൂപമായ യോഗത്തിന്റെ അഭ്യുദയത്തിനായി അതിന്റെ ആഭ്യന്തരകാര്യങ്ങളെ പര്യാലോചിച്ചു പ്രവർത്തിക്കുന്നതിനായി കൂടപ്പെട്ടിരിക്കുന്ന ഇന്നത്തെ പൊതുയോഗത്തിലും എന്റെ സാംവത്സരിക കൃത്യങ്ങളെ ഞാൻ ബഹുമാനപൂർവം നിങ്ങളുടെ മുൻപാകെ അനുഷ്ഠിച്ചുകൊള്ളട്ടെ. ഇതിൽ എന്റെ അപാകമോ അപ്രാപ്തിയോ നിമിത്തമോ സംഗതികളുടെ കിടപ്പുകളെ അനുസരിച്ചു് അവശ്യം ഭാവിയായോ സംഭവിച്ചിരിക്കാവുന്ന സ്ഖലിതങ്ങളേയും ന്യൂനതകളേയും (അങ്ങനെ ഉണ്ടെങ്കിൽ) ദയ ചെയ്തു ക്ഷമിക്കുകയും സ്നേഹ ബുദ്ധ്യാ കഴിയുന്നേടത്തു് പര്യാലോചിച്ചു പരിഹരിക്കയും ചെയ്തുകൊള്ളുമല്ലോ.

Digitized By Kerala Sahitya Akademi

1079 കുംഭം 1–ാംനു- കൂടിയ ആദ്യത്തെ പൊതുയോഗം മുതൽക്കുള്ള യോഗംവക നടപടികൾ വിവേകോദയത്തിൽ അപ്പഴപ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് അവയെപ്പറ്റിയുള്ള വിവരണങ്ങളെ ഈ അവസരത്തിൽ പിഷ്ടപേഷണം ചെയ്യണമെന്നു വിചാരിക്കുന്നില്ല. എങ്കിലും സാമാന്യേന ധരിപ്പിച്ചുകൊള്ളുന്നു.

യോഗനിബന്ധനകൾ

കഴിഞ്ഞ പൊതുയോഗത്തിൽ 21 വകുപ്പുകൾ അടങ്ങിയ ഒരു നിശ്ചയം പാസ്സായിട്ടുണ്ടെന്ന് എല്ലാവരും അറിഞ്ഞിട്ടുള്ളതാണല്ലോ. ആ നിശ്ചയപ്രകാരം പഴയ നിബന്ധനകളിൽ ചെയ്യപ്പെട്ട ഭേദഗതികളും വിശേഷ നിയമങ്ങളും പ്രധാനമായി താഴെപ്പറയുന്നവയാകുന്നു.

(1) യോഗത്തിന്റെ രജിസ്റ്റർ ചെയ്യപ്പെട്ട ആഫീസ് അരുവിപ്പുറത്തു നിന്നും തിരുവനന്തപുരത്തേക്കു മാറ്റുക.

(2) യോഗാംഗങ്ങളിൽ കാൽ, അര, മുക്കാൽ ഈ ഓഹരികളെ 25 ബ്രിട്ടീഷ് രൂപാ വീതമുള്ള 1, 2, 3 ഓഹരികൾ എന്നു മാറ്റുകയും, മൂന്നുവരെ ഓഹരിയുള്ളവരെ സഹായികൾ എന്നും, നാലോ അതിലധികമോ ഉള്ളവരെ സാമാജികൻമാർ എന്നും വിളിക്കുകയും, 20 ഓഹരി അതായതു 500 ഉറുപ്പിക സമ്മതിക്കുന്നവർക്ക് പ്രധാനികൾ എന്ന സംജ്ഞയും തദനുരൂപമായ പ്രാധാന്യവും നൽകുകയും ചെയ്യുക. പ്രാധാന്യം എന്നാൽ ഒരു സാമാജികനുള്ള അവകാശങ്ങൾക്കും അധികാരങ്ങൾക്കും പുറമേ, ഈ യോഗത്തിലും ഇതിനോട് അനുബന്ധിക്കപ്പെടുന്ന മറ്റു സമാജങ്ങളിലുമുള്ള ഏതു ഉന്നത സ്ഥാനത്തെയും വഹിക്കുകയും യോഗം വക സകല ആഫീസുകളെയും റിക്കാർഡുകളെയും നടപടികളെയും പരിശോധിക്കുകയും മറ്റും ചെയ്യുന്നതിനുള്ള അവകാശമാകുന്നു.

(3) അംഗങ്ങൾ എടുത്തിട്ടുള്ള ഓഹരികളെ നാലു സംവത്സരങ്ങൾക്കുള്ളിൽ വത്സരത്തിൽ നാലിലൊന്നിൽ കുറയാതെ അംശങ്ങളായി അടച്ചുതീർക്കുന്നതായാൽ പലിശ വാങ്ങാതിരിക്കുക.

(4) തവണമുടക്കം വരുത്തിയാൽ മുടങ്ങിയതവണയ്ക്കു മാത്രം ആണ്ടിൽ 100 നു 10 പലിശ സഹിതം അടുത്തതവണ അല്ലെങ്കിൽ അടുത്ത ആണ്ടിൽ അടയ്ക്കുക.

(5) ഒന്നിൽ അധികം തവണകൾ ഒന്നായി മുടക്കം വരുത്തിയാൽ അംശമായി അടയ്ക്കുന്നവർ ബാക്കിയുള്ള അംശത്തെയും പലിശയായടയ്ക്കുന്നവർ മുതൽ തുകയേയും ഒന്നായി കൊടുപ്പാൻ ബാദ്ധ്യസ്ഥൻമാരാകുക.

Digitized By Kerala Sahitya Akademi

(6) പലിശയായി ഓഹരി ഒന്നിന് രണ്ടര രൂപാ വീതം അടയ്ക്കുന്ന യോഗാംഗങ്ങൾ 10 തവണ അടച്ചശേഷം മുടക്കം വരുത്തിയാൽ ബാക്കി അടയ്ക്കേണ്ട തവണയെ മാത്രം ഈടാക്കുക. എന്നുവച്ചാൽ മുൻനിശ്ചയത്തെ അനുസരിച്ചു മുഴുവൻ തുകയും ഈടാക്കാതിരിക്കുക.

(7) പണം അടയ്ക്കാൻ വല്ലകാരണവശാലും ശക്തിയില്ലാതെ തീർന്നിരിക്കുന്നതായി ബോദ്ധ്യപ്പെട്ടാൽ അങ്ങിനെയുള്ള അംഗങ്ങളെ നിർബന്ധത്തിൽനിന്നും വിടുതൽ ചെയ്യുക.

(8) ആണ്ടുതോറും ഒരു ഉപാദ്ധ്യക്ഷനെ തിരഞ്ഞെടുത്തു നിയമിക്കുക.

(9) ഖജാൻജിയെ സംബന്ധിച്ച വ്യവസ്ഥകൾ,

(10) ക്ഷേത്രം, മഠം മുതലായവയേയും അവയുടെ പ്രത്യേകസ്വത്തുകളേയും സ്വാമിയുടെ മഠാധിപത്യത്തിൽ പ്രത്യേകം ഭരിക്കയും, യോഗത്തിന് അവയുടെ മേൽനോട്ടമുണ്ടായിരിക്കുകയും ചെയ്യുക.

11. അതാതാണ്ടുകളിൽ പിരിവുള്ള പണത്തിൽ നാലിൽ മൂന്നു ഭാഗത്തിൽ കുറയാതെയുള്ള സംഖ്യയെ ന്യായമായി പലിശ നടത്തി മുതൽ വർദ്ധിപ്പിക്കുകയും സാഹായിക ധനമായോ മറേറാ ചിലവാകുന്ന സംഖ്യ അതാതാണ്ടുകളിൽ കിട്ടിവരുന്ന പലിശയെ ഒരു വിധത്തിലും അതിക്രമിപ്പിക്കാതിരിക്കയും ചെയ്യുക.

12. ഈഴവ സമാജങ്ങളെ അവ ആവശ്യപ്പെട്ടാൽ യോഗത്തോട് അനുബന്ധിപ്പിക്കുക.

13. യോഗം വകയായി ഒരു പത്രഗ്രന്ഥം പുറപ്പെടുവിക്കുകയും വരവു ചിലവു കണക്കുകൾ നടപടികൾ മുതലായവയെ അപ്പഴപ്പോൾ അതിൽ പ്രസ്യപ്പെടുത്തുകയും, യോഗാംഗങ്ങൾക്ക് അതിനെ സാധാരണയിൽ പകുതി വിലയ്ക്കു കൊടുക്കുകയും ചെയ്യുക, ഇവ ആകുന്നു.

ഇതിനുപുറമേ അന്നത്തെ യോഗത്തിൽ വച്ച് ചാവറകോട്ട് മ. രാ. രാ. കൊച്ചുചെറുക്കൻ വൈദ്യരവർകളെ ഉപാദ്ധ്യക്ഷനായും, കാളിവിളാകത്തു വേലു ആശാൻ മുതലായി 10 പേരെ മാനേജിംഗ് കമ്മിറ്റി മെമ്പറൻമാരായും തിരഞ്ഞെടുത്തു നിയമിക്കുകയും പഴയ ഖജാൻജി പി. സി. രാമൻ വൈദ്യർ അവർകളെ യോഗം വകയായി അരുവിപ്പുറത്തു വരുന്ന പണങ്ങളെ കൈപ്പറ്റുക മുതലായ കാര്യങ്ങളിൽ നിയമിക്കുന്നതിനും, തിരുവനന്തപുരം യോഗം ആഫീസിൽ ഖജാൻജിയായി 2000

Digitized By Kerala Sahitya Akademi

ഉറുപ്പികയിൽ കുറയാത്ത ഉറപ്പിൻമേൽ യോഗം സാമാജികൻമാരായ വരമ്പ ശ്ശേരിൽ എം. കൃഷ്ണൻ കുത്തുകക്കാരൻ ആവർകളേയോ വി. ഗോവിന്ദൻ കൺട്രാക്ടർ ആവർകളേയോ സമ്മതാനുസാരം നിയമിക്കുന്നതിനും നിശ്ചയിച്ചു.

കൂടാതേയും സാമാജികൻമാരായ മിസ്റ്റർ എം. കുമാരു, എൻ. കൊച്ചപ്പി ഇവരെ കണക്കു പരിശോധകൻമാരായും, മെസ്സേഴ്സ് എം. ഗോവിന്ദൻ ബി. എ. ബി. എൽ, സി. കൃഷ്ണൻ ബി. എ. ബി. എൽ ഇവരെ നിയമോപദേഷ്ടാക്കളായും സമ്മതം ചോദിച്ചു നിയമിക്കുന്നതിനും നിശ്ചയിച്ചു. ഈ തവണത്തെ യോഗം കൊല്ലത്തുവച്ചു കൂടണമെന്നുള്ളതും അതിലെ നിശ്ചയം തന്നെ ആകുന്നു.

ഇതിനിടയിൽ നടത്തപ്പെട്ട പ്രവൃത്തികൾ

ആഫീസ്

പൊതുയോഗവും ശിവരാത്രിമഹോത്സവവും കഴിഞ്ഞതോടുകൂടി ത്തന്നെ ആഫീസ് തിരുവനന്തപുരത്തേക്കു മാറുകയും ഒന്നരമാസത്തോളം കുന്നുകുഴിയിൽ വയലിൽ ബംഗ്ലാവിൽ സ്ഥാപിച്ചിരുന്നതിനുശേഷം കഴിഞ്ഞ മീനം 11-ാംനു-യോടുകൂടി പുത്തൻചന്തയിൽ ഇപ്പോഴത്തെ ആഫീസുകെട്ടിടം വാടകയ്ക്കുവാങ്ങി അതിൽ സ്ഥാപിക്കുകയും ചെയ്തു.

സംസ്കൃതപാഠശാല

അതോടുകൂടി സ്വാമി അവർകളുടെ ആജ്ഞാനുസാരം അരുവിപ്പുറം സംസ്കൃതപാഠശാലയെ അധികം വിദ്യാർത്ഥികൾക്ക് ഉപയുക്തമായി വരത്തക്കവണ്ണം തിരുവനന്തപുരത്തേക്കുമാറ്റി ആഫീസ് കെട്ടിടത്തിൽ തന്നെ സ്ഥാപിക്കുകയും, ഗവൺമെൻറുപാഠശാലയിലെ പാഠക്രമം അനുസരിച്ചു പഠിത്തം നടത്തുകയും ചെയ്തുവരുന്നു. ഇതിൽ ഇപ്പോൾ 25 മുതൽ 35 വരെ വിദ്യാർത്ഥികൾ ഹാജർ കാണുന്നുണ്ടെങ്കിലും ഒന്നു പകുതിയിൽ പരം അഗതികളാകയാൽ ഫീസില്ലാത്തവരാണ്. ശേഷിയുള്ള വിദ്യാർത്ഥികൾകൂടി അവർക്ക് ഏർപ്പെടുത്തപ്പെട്ടിരിക്കുന്ന അല്പമായ ഫീസിനെ ശരിയായി കൊടുക്കുന്നതിൽ ദുശ്ശാഠ്യമുള്ളവരാണെന്നു കാണുന്ന ദയനീയമായ വാസ്തവം അതിന്റെ തൃപ്തികരമായ നടത്തിപ്പിനു ഹാനികരമായിട്ടുള്ളതാണെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു.

''വിവേകോദയം''

നിബന്ധനയിലെ 19-ാമതു വകുപ്പനുസരിച്ചു 'വിവേകോദയം' എന്ന നാമത്തിൽ യോഗം വകയായി കഴിഞ്ഞ മേടം 31-ാംനു-യോടുകൂടി വക്കീൽ

Digitized By Kerala Sahitya Akademi

മിസ്റ്റർ എം. ഗോവിന്ദൻ ബി. എ. ബി. എൽ. ന്റെ പൗരോധിപത്യത്തിൽ നമ്മുടെ ദ്വിമാസാന്ത പുസ്തകം ആരംഭിക്കുകയും അതിന്റെ മാനേജരായി പി. മാധവൻ വൈദ്യർ അവർകളെ മാനേജിംഗ് കമ്മിറ്റി നിശ്ചയപ്രകാരം നിയമിക്കുകയും ചെയ്തു. വിവേകോദയത്തിനു ആദ്യം 600-ം അടുത്ത രണ്ടുതവണകളിൽ 700-ം ഇപ്പോൾ 1000 വും പ്രതികം പതിക്കുകയും അശേഷം ചിലവാകയും ചെയ്തുകാണുന്നു. 600-ൽ പരം യോഗാംഗങ്ങളും മുന്നൂറോളം വരിക്കാരും ഇപ്പോൾ അതിനു വായനക്കാരായും തീർന്നിട്ടുണ്ട്. ആചാരപരിഷ്കരണവിഷയത്തിലും മറ്റും വിവേകോദയം നമുക്കു സ്തുത്യർഹമായ ഒരു ഉപകരണമായിത്തീർന്നിട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസ സംബന്ധമായ അഭിവൃദ്ധിയിലും മതസംബന്ധമായ ഉൽക്കർഷത്തിലും യോഗത്തിന്റെ പല പ്രകാരേണയുള്ള ഉദ്ദേശ്യങ്ങളിലും അതു നല്ലവണ്ണം പ്രവർത്തിക്കുന്നുണ്ട്. ഇതിനെ യോഗാംഗങ്ങൾക്കു 8 അണയും അല്ലാത്തവർക്ക് ഒരു ഉറുപ്പികയും മാത്രം വിലയ്ക്കു കൊടുത്തു വരുന്നത് അതിന്റെ പ്രചാരത്തെയും അതുനിമിത്തം നമ്മുടെ ഉദ്ദേശ്യ സാദ്ധ്യത്തിനുണ്ടാകുന്ന ലാഘവത്തെയും മാത്രം വിചാരിച്ചിട്ടാണെങ്കിലും അതു യോഗത്തിനു നഷ്ടമായി വരില്ലെന്നു മാത്രമല്ല ക്രമമായി വരിപിരിക്കുകയും വായനക്കാരെ അധികപ്പെടുത്തുകയും ചെയ്താൽ ആദായകരമായും തീരുന്നതാകുന്നു.

നിയമനങ്ങൾ

പൊതുയോഗനിശ്ചയം അനുസരിച്ച് മെസ്സേഴ്സ് എം. ഗോവിന്ദൻ ബി. എ. ബി. എൽ, സി. കൃഷ്ണൻ ബി. എ. ബി. എൽ. ഇവരെ നിയമോപദേഷ്ടാക്കളായിരിപ്പാൻ സമ്മതം ചോദിക്കയും സമ്മതാനുസാരം ആ സ്ഥാനങ്ങളിൽ നിയമിക്കുകയും ചെയ്തു. എന്നാൽ യോഗം ആഫീസ് ഖജാൻജിസ്ഥാനത്തിനു മെസ്സേഴ്സ് എം. കൃഷ്ണൻ, കുത്തകക്കാരൻ ഗോവിന്ദൻ കൺട്രാക്ടർ ഇവർ തങ്ങൾക്ക് ആ സ്ഥാനത്തെ വഹിക്കുന്നതിനു സൗകര്യമില്ലെന്നു യോഗത്തിലേക്കു മറുപടി അയച്ചുതന്നതനുസരിച്ച് ആ വിഷയത്തിൽ ഇതുവരെ തൃപ്തികരമായ ഏർപ്പാട് ഉണ്ടായിട്ടില്ലെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കയും ഏറ്റവും പ്രധാനമായ ഈ വിഷയത്തിൽ യോഗത്തിന്റെ ഗാഢമായ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുകയും ചെയ്യുന്നു.

സ്കോളർഷിപ്പ്

കെ. എൻ. കൊച്ചുകൃഷ്ണൻ, എൻ. കുഞ്ഞുകൃഷ്ണൻ എന്നു രണ്ടു വിദ്യാർത്ഥികൾ അവർക്കു യോഗത്തിൽനിന്നും വിദ്യാഭ്യാസത്തിനു സാഹായികധനം കിട്ടണമെന്ന് അപേക്ഷിക്കുകയും അതിൻമേൽ മാനേജിംഗ് കമ്മിറ്റിയുടെ പലപ്രകാരേണയുള്ള അഭിപ്രായങ്ങളെ താരതമ്യപ്പെടുത്തി തൽക്കാലം എൻ. കുഞ്ഞുകൃഷ്ണൻ എന്ന ഇംഗ്ലീഷ് 5-ാം ക്ലാസ് വിദ്യാർ

Digitized By Kerala Sahitya Akademi

ത്ഥിക്കു കഴിഞ്ഞ ജൂൺ 2-ാംന- മുതൽ ഫീസുകൊടുത്തു തുടങ്ങുകയും ഡിസംബർ അവസാനംവരെ കൊടുക്കുകയും ചെയ്തു.

വ്യവഹാരം

ഇതിനിടയിൽ അരുവിപ്പുറം മഠം വകയായ ധർമ്മസ്വത്തിനെ സംബന്ധിച്ച് നാഗരുകോവിൽ ഡിസ്ത്രിക്റ്റ് കോർട്ടിൽ നടന്ന വ്യവഹാരത്തിൽ സ്വാമിയെ പ്രതികൾ സാക്ഷിയായി വിളിച്ചതനുസരിച്ച് ഹാജരാകാൻ കഴിയാത്തതിനാൽ കേസ് ദോഷമായി ചിലവുസഹിതംതള്ളി വിധിച്ചു. ആവിവരം എല്ലാ മാനേജിംഗ് കമ്മിറ്റി മെമ്പറൻമാരെയും തെര്യപ്പെടുത്തുകയും അതിന്റെ മേൽനടത്തിപ്പിനെ സംബന്ധിച്ച് അവരുടെ അഭിപ്രായങ്ങളെ ചോദിക്കുകയും ചെയ്തു. അധികം പേരും മാറുപടി അയച്ചതായിക്കാണുന്നില്ല.

കോർട്ടുകളിൽ ഹാജരാകുന്നതിൽനിന്നും സ്വാമി അവർകളെ വിടുതൽ ചെയ്തു കിട്ടുന്നതിനായി യോഗത്തിന്റെ പ്രാണയിൽ ഗവൺമെണ്ടിലേക്കു ഹർജി അയയ്ക്കുകയും അതിന് അനുകൂലമല്ലാത്ത വിധത്തിൽ ആദ്യമുണ്ടായ തീരുമാനത്തിൻമേൽ യോഗാംഗങ്ങൾ ചേർന്ന് ആ തീരുമാനത്തെ പുനർ വിചാരണചെയ്യാൻ ഗവർമ്മെണ്ടിനോട് അപേക്ഷിക്കുകയും ഒടുവിൽ കോർട്ടിൽ ഹാജരാകുന്നതിൽ നിന്നും സ്വാമി അവർകളെ വിടുതൽചെയ്തിരിക്കുന്നതായി കഴിഞ്ഞ നവംബർ 22-ാംന- ഉത്തരവുകിട്ടുകയും ചെയ്തു. ഈ ഉചിതമായ പ്രവൃത്തിയെക്കുറിച്ചു പ്രജാവത്സലനായ പൊന്നുതമ്പുരാൻ തിരുമനസ്സോടും യോഗ്യനായ ദിവാൻജി അവർകളോടും നാം എപ്പോഴും കൃതജ്ഞരായിരിക്കേണ്ടതാകുന്നു. യോഗത്തിന് ഇതുനിമിത്തം ഉണ്ടാകാവുന്ന ഗുണം സമുദായത്തിനു സാമാന്യേന ഉണ്ടാ യിരിക്കാവുന്ന ബഹുമാനത്തെയും സന്തോഷത്തെയും കാൾ അധികം വലുതായിട്ടുള്ളതാകുന്നു. ഇനി തിരുവിതാംകൂറിലെ നീതിന്യായക്കോടതികളിൽ സ്വാമിയെ മുൻനിർത്തി വേണ്ടിവരുന്ന വ്യവഹാരങ്ങളിൽ ന്യായമായി നാം ഭയപ്പെടാൻ യാതൊന്നുമില്ലെന്നു കാണുന്നത് യോഗ കാര്യങ്ങളിൽ അധികം പ്രതിപത്തിയുള്ളവർക്ക് ഒരു പരമാശ്വാസമാണെന്നു പറയേണ്ടതില്ലല്ലോ.

ധനസ്ഥിതി തീരെ അപര്യാപ്തമാകയാൽ വിദ്യാഭ്യാസ സംബന്ധമായി സ്വയമേവ യോഗത്തിനു പറയത്തക്ക ഒരു ഗുണവും ഇതുവരെ ചെയ്വാൻ സാധിച്ചിട്ടില്ല. ഒരു 5–ാം ഫാറം ഇംഗ്ലീഷ് വിദ്യാർത്ഥിക്കു സ്കോളർഷിപ്പു കൊടുക്കുകയും, ഒരു സംസ്കൃത പാഠശാല നടത്തുകയും ചെയ്യുന്നുണ്ട്. അത് അത്തരം പ്രവൃത്തികളിൽ യോഗത്തിനുള്ള അഭിനിവേശത്തെ സൂചിപ്പിക്കുന്ന സൂചനകൾ മാത്രമാണെന്നു നാം തൽക്കാലം തൃപ്തിപ്പെടേണ്ടതാകുന്നു.

Digitized By Kerala Sahitya Akademi

ഈ വത്സരത്തിൽ യോഗത്തിനു് അധികം ദ്രവ്യവ്യയം ഉണ്ടായിരിക്കുന്നതു വിവേകോദയത്തിന്റെ നടത്തിപ്പിൽ ആകുന്നു. അതു യോഗാഭിവൃദ്ധിക്കു് അവശ്യം വേണ്ടതാകയാലും മിക്കവാറും വരി പിരിഞ്ഞു വരുന്നതുകൊണ്ടു മുതൽ ഈടാകുമെന്നുള്ളതിനാലും ആക്ഷേപാർഹമായിരിക്കുമെന്നു് അശേഷം വിചാരിപ്പാൻ വകയില്ല.

യോഗത്തിന്റെ അഭിവൃദ്ധി

ഒന്നാമതു ധനത്തേയും രണ്ടാമതു് അംഗങ്ങളുടെ ആധിക്യം ഐകമത്യം ഇവയേയുമാണു് ആശ്രയിച്ചിരിക്കുന്നതു്. അതുകൊണ്ടു നമുക്കു് അതിനെപ്പറ്റി ആലോചിക്കാം. ഇന്നുവരെ യോഗത്തിൽ 621 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ടു്. ഇതിൽ 442 പേർ കഴിഞ്ഞ ആണ്ടു പൊതുയോഗം വരെ ചേർന്നവരും ശേഷം 179 പേർ അതിൽ പിന്നീടു ചേർന്നവരും ആകുന്നു. മേൽപ്പറഞ്ഞ 442 പേർ 25 ബ്രിട്ടീഷു രൂപാ പ്രകാരമുള്ള 750 ഓഹരിയെ എടുത്തിരിക്കുന്നു. അതു യോഗത്തിൽ 18750 ഉറുപ്പിക മുതൽ വരുത്തുന്നതുമാകുന്നു. ശേഷം ഇന്നുവരെയുള്ള 179 പേർ 336 അംശങ്ങൾ എടുത്തിട്ടുള്ളതും അതു മേൽപ്രകാരം യോഗം വകയ്ക്കു 8400 ഉറുപ്പിക മുതൽ കൂട്ടുന്നതുമാകുന്നു. ആകപ്പാടെ യോഗാംഗങ്ങൾ ഇന്നുവരെ 621-ം ആകെ ആ വകയിൽ യോഗം വകയ്ക്കു വരാവുന്ന ധനം ഉറുപ്പിക 27150-ം ആകുന്നു. ഇതിൽ അംഗങ്ങളുടെ കൂടുതൽ കുറവുകളേയും ഓഹരിയുടെ ന്യൂനാധികഭാവത്തെയും ദേശഭേദത്തെ അനുസരിച്ചു് അറിയുന്നതും ആവശ്യമാണല്ലോ.

താലൂക്കു്	അംഗങ്ങളുടെ സംഖ്യ	ഓഹരി
നെയ്യാറ്റിൻകര	144	200
തിരുവനന്തപുരം	88	100
ചിറയിൻകീഴു്	76	126
കൊല്ലം	107	168
കരുനാഗപ്പള്ളി	85	164

തിരുവിതാംകൂറിലെ മറ്റു താലൂക്കുകളിലും കൊച്ചിയിലും ബ്രിട്ടീഷു മലബാറിലും അംഗങ്ങൾ പലരും ഉണ്ടെങ്കിലും മേൽപ്പറഞ്ഞ താലൂക്കുകളിലെപ്പോലെ ഇല്ലാത്തതിനാലും ഇനിയും ആ സ്ഥലങ്ങളിൽ അധികം പേർ ചേരേണ്ടതായിത്തന്നെ ഇരിക്കുന്നതിനാലും അവയെ ഇവിടെ താരതമ്യ വിഭാഗം ചെയ്വാൻ വിചാരിക്കുന്നില്ല.

മേൽപ്പറഞ്ഞ താലൂക്കുകളിൽ സംഖ്യകൊണ്ടു നെയ്യാറ്റിൻകരയും ഓഹരികൊണ്ടു കരുനാഗപ്പള്ളിയും പ്രധാനമായി നില്ക്കുന്നു. ആകപ്പാടെയുള്ള ഓഹരി മാത്രം കൊണ്ടു് നെയ്യാറ്റിൻകര ഒന്നാമതും, കൊല്ലം രണ്ടാമതും, കരുനാഗപ്പള്ളി മൂന്നാമതും, തിരുവനന്തപുരം നാലാമതും, ചിറയിൻകീഴു് അഞ്ചാമതുമാകുന്നു. ഈ താരതമ്യത്തെ അനുസരിച്ചു്

Digitized By Kerala Sahitya Akademi

തന്നെയാണ് ആതാതു താലൂക്കു നിവാസികൾക്കു യോഗത്തോടുള്ള മമത യും അവകാശവും ഇരിക്കുന്നത്. കാർത്തികപ്പള്ളി മാവേലിക്കര മുത ലായ താലൂക്കുകളിൽ ഇതുവരെ നാം അധികം പ്രവേശിച്ചിട്ടില്ലെങ്കിലും കാർത്തികപ്പള്ളിക്കാർക്കു 20 ഓഹരിയുള്ള ഒരാൾ യോഗത്തിലുണ്ടെന്നുള്ള ബഹുമാനത്തിനു മാന്യനായ ആലുമ്മൂട്ടിൽ കൊച്ചു കുഞ്ഞു ചാന്നാർ അവർകൾ ഉള്ളതുകൊണ്ടു വകയുണ്ട്. അനേകം യോഗാംഗങ്ങൾ ആ പ്രദേ ശങ്ങളിൽ അംഗങ്ങളായി ചേരുമെന്നുള്ളതുമാണ്.

അംഗങ്ങളുടെ ദേഹവിയോഗങ്ങൾ

അടിയിൽ കാണുന്ന ലിസ്റ്റിൻ പ്രകാരം ഇതിനിടയിൽ പരേതൻ മാരായ മാന്യൻമാരിൽ മ. രാ. രാ. ചാവർകോട്ടു കൊച്ചുചെറുക്കൻ വൈദ്യർ അവർകളുടെ വിയോഗത്തിൽ ഒരു ഉപാദ്ധ്യക്ഷസ്ഥാനവും, മുട്ടത്തറ മ. രാ. രാ. കൊച്ചുകുട്ടി മുതലാളി അവർകളുടെ വിയോഗത്താടുകൂടി ഒരു മാനേജിംഗ് കമ്മിറ്റി സ്ഥാനവും ഒഴിവായിരിക്കുന്നതു പ്രത്യേകി ച്ചും അപരിഹാര്യമായ നഷ്ടത്തെ ഉണ്ടാക്കിയിരിക്ക ആകുന്നു.

ഇന്നത്തെ ധൃതഗതിയിൽ വൃത്തിയായി ഒരു റിപ്പോർട്ടു തയാറാക്കാൻ എനിക്കു സാധിക്കാത്തതിൽ ഞാൻ നീർവ്യാജമായി വ്യസനിക്കുന്നു. പ്രദർശനത്തെയും സാഹിത്യ പരീക്ഷയേയും അതുകൊണ്ടു നമ്മുടെ യോഗ ത്തിനും സമുദായത്തിനും ഉണ്ടാകുന്ന ഉൽകർഷത്തെയും പററി ഈ സന്ദർഭത്തിൽ ഞാൻ ഏതെങ്കിലും നിങ്ങളെ ധരിപ്പിക്കേണ്ടതുണ്ടെന്നു എനിക്കു തോന്നുന്നില്ല. നമ്മുടെ യോഗത്തോട് ഇപ്പോൾ പൊന്നു തമ്പുരാൻ തിരുമനസ്സു മുതൽ സകല മഹാമനസ്കൻമാർക്കും അനു കമ്പയും ആദരവും തോന്നിത്തുടങ്ങിയിരിക്കയാകുന്നു. സ്വജനങ്ങൾക്കു തന്നെ വലുതായ തൃപ്തിയും വിശ്വാസവും തോന്നിത്തുടങ്ങീട്ടുണ്ടെന്നു ള്ളതും അനുഭവ സിദ്ധമായീട്ടുള്ളതാകുന്നു. മഹാനുഭാവനായ ബ്രഹ്മ ശ്രീ സ്വാമി അവർകളുടെയും ഉദാരഹൃദയനും യോഗ്യനുമായ ഡാക്ടർ പല്പു അവർകളുടേയും നായകത്വം തന്നെ ഇതിന്റെ സുരക്ഷിതത്വത്തെ കുറിക്കുന്ന ഉടമ്പടിയാകുന്നു.

ഈ സന്ദർഭത്തിൽ പ്രത്യേകം യോഗത്തിന്റെ അഭിവൃദ്ധിക്കായി ശ്രമിക്കുന്നതിനുവേണ്ടവണ്ണം ആളുകൾ മാത്രം ഉണ്ടായാൽ യോഗം ഏററവും തൃപ്തികരമായ ഒരു സ്ഥാനത്തെ കാലതാമസമെന്നിയേ പ്രാപിക്കുന്ന താണെന്നും അതിനുവേണ്ട ഏർപ്പാടുകൾ ഉടനടി ചെയ്യുന്നതിനു യോഗം തീർച്ചയാക്കേണ്ടതാണെന്നും അറിവിച്ചുകൊള്ളുന്നു. യോഗ നിബന്ധന കളിൽ ആവശ്യമാണെങ്കിൽ വല്ല ഭേദഗതികളും ചെയ്യുന്നതിനും വേണ്ട ഉദ്യോഗസ്ഥൻമാരെ തിരഞ്ഞെടുക്കുന്നുതിനും മറും ഇക്കുറി നാം വളരെ ശ്രദ്ധവയ്ക്കേണ്ടതും അതിനു സമയം ലഭിക്കേണ്ടതുമാകയാൽ ഈയാണ്ടത്തെ പ്രധാന വരവു ചിലവുകളുടെ ബാക്കിപത്രം അടിയിൽ ചേർത്തുകൊണ്ടു തൽക്കാലം വിരമിച്ചുകൊള്ളുന്നു.

സിക്രട്ടറി, എൻ. കുമാരൻ ആശാൻ

വിവേ: 1080 മകര.

Digitized By Kerala Sahitya Akademi

II

1081 ധനു 14–ം, 15–ം, 16–ം (1906 ഡിസംബർ 28–ം, 29–ം, 30–ാംന്നു കളിൽ ആലപ്പുഴവച്ചുകൂടിയ 3–ാം എസ്.എൻ.ഡി.പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട്

ഇതു ശ്രീ നാരായണ ധർമ്മപരിപാലന യോഗത്തിന്റെ 3–ാമത്തെ വാർഷിക യോഗം ആകുന്നു. രണ്ടാമത്തെ യോഗം കൊല്ലത്തു വച്ചു കഴിഞ്ഞശേഷം ഇപ്പോഴത്തേതു് ആലപ്പുഴ വച്ചു നടത്തപ്പെടുന്നതു് എന്തുകൊണ്ടും യുക്തമായേ ഇരിക്കു. യോഗത്തിന്റെ പ്രവൃത്തികളും തൽഫലങ്ങളും പശ്ചിമതീരനിവാസികളായ 14 ലക്ഷം ജനങ്ങളടങ്ങിയ നമ്മുടെ വലിയ സമുദായത്തെ മുഴുവൻ സംബന്ധിക്കുന്നതും സംബന്ധിക്കേണ്ടതും ആണല്ലോ. അതുകൊണ്ടു നമ്മുടെ പ്രധാന നിവാസ സ്ഥലങ്ങളിലേക്കുള്ള യോഗത്തിന്റെ ഇപ്രകാരമുള്ള പ്രവേശം ആവശ്യകവുമാകുന്നു.

2–ാമത്തെ വാർഷിക യോഗത്തോടൊന്നിച്ചു കൊല്ലത്തുവച്ചു നടത്തപ്പെട്ട കരകൗശല പ്രദർശനവും സാഹിത്യപരീക്ഷയും യോഗം മുഖേന നാം ചെയ്വാൻ വിചാരിക്കുന്നതും നമുക്കു ചെയ്വാൻ കഴിയുന്നതുമായ സമുദായ ക്ഷേമകരങ്ങളായ വലിയ കൃത്യങ്ങളെ ഏതാണ്ടു പ്രകാശിപ്പിക്കുകയും, ആ വാർഷിക യോഗത്തെ സാമാന്യത്തിലധികം ഗൗരവവും ആഡംബരവും പ്രശസ്തിയും ഉള്ളതാക്കിത്തീർക്കുകയും ചെയ്തു. ആ സ്ഥിതിയെ നിലനിർത്താനായി മാത്രമല്ല, അഭിവൃദ്ധി നിദാനമായ വ്യവസായത്തെ ഏറ്റവും പ്രോത്സാഹിപ്പിക്കുന്നതിനായും കൂടി 3–ാമത്തു പൊതുയോഗത്തോടൊന്നിച്ച് ഒരു പ്രദർശനം നടത്തണമെന്ന് ആ യോഗത്തിൽ ഒരു നിശ്ചയം പാസ്സാക്കീട്ടുണ്ടായിരുന്നു. അനേക കാരണങ്ങളാൽ അത് ഇക്കുറി നമുക്കു സാധിക്കാതെ വന്നിരിക്കുന്നു. പ്രദർശനത്തോടു കൂടാതെ ഈയാണ്ടത്തെ യോഗത്തിന് അത്ര പ്രാധാന്യവും കൊഴുപ്പും ഉണ്ടാകുന്നതല്ലെന്നു പലർക്കും തോന്നാം. എന്നാൽ ഇന്നും അടുത്ത ദിവസങ്ങളിലും കൂടാൻ തീർച്ചയാക്കിയിരിക്കുന്ന ഈ യോഗത്തിനു മറെറാരു പ്രകാരത്തിലാണ് പ്രാധാന്യം ഉണ്ടാകേണ്ടത്. യോഗത്തിന്റെ അത്യുന്നതങ്ങളായ ഉദ്ദേശ്യം ഗോപുരങ്ങളിലേക്കു ചാടിക്കയറാൻ ശ്രമിക്കുന്നതിനു മുമ്പ് അവയുടെ അടിസ്ഥാനമായ യോഗത്തിന്റെ നിലയെ ദൃഢപ്പെടുത്തുന്നതിലാണ് നമ്മുടെ ദൃഷ്ടി പതിയേണ്ടത്. അല്ലെങ്കിൽ പ്രയത്നങ്ങളെ പതനഭയം ബലഹീനമാക്കിച്ചെയ്തേക്കും. അതുകൊണ്ടു മഹാത്മാവായ ബ്രഹ്മശ്രീ നാരായണഗുരുസ്വാമി അവർകളുടെ കാരുണ്യത്തിന്റെയും നമ്മുടെ അവിശ്രാന്തമായ പരിശ്രമത്തിന്റെയും ഫലമായി ഒരുവിധം ആശാജനകമായ വിധത്തിൽ സ്വരൂപീകരിക്കപ്പെട്ടിരിക്കുന്ന ഈ മഹായോഗത്തിന്റെ നിലനില്പിനും അഭിവൃദ്ധിക്കുംവേണ്ട പല കാര്യ

Digitized By Kerala Sahitya Akademi

ങ്ങളേയും ആലോചിക്കുകയും തീർച്ചയാക്കുകയും നടപ്പിൽ വരുത്താൻ ശ്രമിക്കുകയും ചെയ്യുന്നത് ഈ പൊതുയോഗത്തിന്റെ മുഖ്യ ഉദ്ദേശ്യമാകയാൽ അത് ഏറ്റവും പ്രാധാന്യമുള്ളതും നമ്മുടെ ശ്രദ്ധയെ ഏറ്റവും ആകർഷിക്കത്തക്കതും ആകുന്നു.

കഴിഞ്ഞ 2–ാമത്തെ വാർഷികപൊതുയോഗം 1080 ധനു 25 ക്ക് 1905 ജനുവരി 8–ാം നു കൂടപ്പെട്ടു. പ്രദർശനത്തോടുകൂടി ആകയാൽ യോഗ സംബന്ധമായ പ്രത്യേക കാര്യങ്ങളെപ്പറ്റി ആലോചിക്കുകയും ആവശ്യ ങ്ങളായ വ്യവസ്ഥകളെ ഏർപ്പെടുത്തുകയും ചെയ്യുന്നതിനായി വേണ്ട പോലെ സൗകര്യം ലഭിച്ചില്ല. ആയോഗത്തിൽ ചെയ്തിട്ടുള്ള ഏറ്റവും പ്രധാനമായ സംഗതി യോഗത്തിന്റെ പ്രവൃത്തികളെ ഊർജ്ജിതമായി നട ത്തുന്നതിനും അംഗങ്ങളുടെ സംഖ്യയെ വർദ്ധിപ്പിക്കുന്നതിനും പണം അടയ്ക്കുന്നതിൽ അപ്പോളപ്പോൾ അംഗങ്ങളെ പ്രേരിപ്പിക്കുന്നതിനും മറ്റു മായി ആദ്യമായി അതാതു സ്ഥലങ്ങളിൽ ഏജൻറൻമാരെ ഏർപ്പെടുത്തിയ താകുന്നു. യോഗത്തിൽ അപ്പോഴംതന്നെ തിരഞ്ഞെടുക്കപ്പെട്ടവരും യോഗ നിശ്ചയങ്ങളം അനുസരിച്ച് ഒടുവിൽ ചേർന്നവരുമായി താഴെക്കാണുന്ന മാന്യൻമാർ എല്ലാം ഏജൻറൻമാരാണ്.

നെയ്യാറ്റുങ്കര

1. കരും കുളം ഉറക്കിണറടിയിൽ കൃഷ്ണൻ വൈദ്യരവർകൾ.
2. മാരായിമുട്ടം കാളിവിളാകത്തു വേലുആശാൻ അവർകൾ.

ചിറയിൻകീഴ്

1. കടയ്ക്കാവൂർ കൊച്ചുപിള്ള മുതലാളി അവർകൾ
2. വക്കം കൊച്ചുപപ്പു തരകൻ അവർകൾ
3. ചാവറകോട്ടു നാരായണൻ വൈദ്യരവർകൾ
4. കായിക്കരെ ഇടക്കുടിയിൽ മാധവൻ വൈദ്യരവർകൾ

കൊല്ലം

1. കരുവാ വിളയത്തു സി. കൃഷ്ണൻ ആശാൻ അവർകൾ
2. പള്ളിത്തോട്ടം കായിക്കരെ കുഞ്ഞിക്കണ്ണനവർകൾ
3. താമരക്കുളം പുത്തൻവീട്ടിൽ പത്മനാഭൻ റൈട്ടർ അവർകൾ

കരുനാഗപ്പള്ളി

1. പത്തിശ്ശേരി കൊച്ചുകുഞ്ഞു ചാന്നാർ അവർകൾ
2. മേനാത്തേരി നാരായണപ്പണിക്കർ അവർകൾ
3. ചിറേത്തു കൊച്ചുമ്മിണി അവർകൾ

Digitized By Kerala Sahitya Akademi

കാർത്തികപ്പള്ളി

1. കോമത്തു കുഞ്ഞുപണിക്കർ അവർകൾ
2. കോട്ടൂർ ഗോവിന്ദൻ ചാന്നാർ അവർകൾ

മാവേലിക്കര

1. ലക്ഷ്മണ കുഞ്ഞുപണിക്കർ അവർകൾ
2. താലൂക്ക് ഈഴവസമാജം സെക്രട്ടറി കൊച്ചുകൃഷ്ണപ്പണിക്കർ അവർകൾ
3. കോമലേഴം അവർകൾ

ചെങ്ങന്നൂർ

1. അയത്തിൽ പി. കുഞ്ഞുശങ്കരൻ അവർകൾ
2. മൂലൂർ എസ്. പത്മനാഭപ്പണിക്കർ അവർകൾ
3. ചെറുകാലി കൊച്ചുനാരായണൻ അവർകൾ
4. കൊച്ചുകളീക്കൽ എ. കെ. പുരുഷോത്തമൻ അവർകൾ

തിരുവല്ല

1. വല്ലഭശ്ശേരി കേശവപ്പണിക്കർ അവർകൾ
2. തിട്ടപ്പള്ളിൽ കൃഷ്ണപ്പണിക്കർ അവർകൾ
3. കണ്ണാറ പപ്പുപ്പണിക്കർ അവർകൾ

അമ്പലപ്പുഴ

ആലപ്പുഴ നെല്ലിക്കാപ്പറമ്പിൽ കൃഷ്ണൻ മുതലാളി അവർകൾ

ചേർത്തല

1. മട്ടാഞ്ചേരിൽ ഗോവിന്ദൻ വൈദ്യരവർകൾ
2. ചീരപ്പൻചിറ കെ. കൃഷ്ണപ്പണിക്കർ അവർകൾ

ചാവക്കാട്

മുല്ലശ്ശേരിൽ ചങ്ങരം കുമരത്തു പാറൻ അവർകൾ

വടപ്പാട്

അടിപ്പറമ്പിൽ ചാത്തുണ്ണി അവർകൾ

Digitized By Kerala Sahitya Akademi

പെരിങ്ങോട്ടുകര

വടക്കേമുറിയിൽ തണ്ടാശ്ശേരിയിൽ ആർ. രാമൻ അവർകൾ

കൊച്ചി

കുതിരപ്പാമ്പിൽ കുഞ്ഞച്ചൻ അവർകൾ

വൈക്കം

വടയാറ് തയ്യിൽ കുമാരത്തണ്ടാൻ അവർകൾ

കുമാരപുരം—അരിപ്പാട്

കന്നുതറയിൽ വെളുത്ത കുഞ്ഞുപണിക്കരവർകൾ

ഇവരിൽ അധികം പേരും ആ സ്ഥാനത്തെ ബഹുമാനസൂചകമായി വച്ചുകൊണ്ടിരിക്കുന്നതല്ലാതെ തങ്ങളുടെ കർത്തവ്യങ്ങളെ വേണ്ടുംവണ്ണം ഈ കൊല്ലത്തിൽ അനുഷ്ഠിച്ചിട്ടില്ലെന്നു പറയേണ്ടിവരുന്നതിൽ വ്യസനിക്കുന്നു. അതുകൊണ്ട് അവർ ചെയ്തിട്ടുള്ള പ്രവൃത്തികളേയും അതിന്റെ ഫലങ്ങളേയും താരതമ്യപ്പെടുത്തി ഒരു വിവരണം എഴുതിയാൽ തൽക്കാലം അധികം രസകരമായിരിപ്പാൻ ഇടയില്ലാത്തതിനാൽ ഞാൻ വിട്ടുകളയുന്നു.

ഇത് ഏജൻറൻമാരുടെ ആദ്യത്തെ കൊല്ലമാകയാൽ പ്രവൃത്തികളുടെ സ്വരൂപം വേണ്ടവണ്ണം മനസ്സിലാകാഞ്ഞിട്ടോ മറേറാ വന്നുപോയ ഉപേക്ഷയാണെന്നു വിചാരിക്കാം. എന്നാൽ അടുത്തകൊല്ലം ഈ വിഷയത്തിൽ യോഗം പ്രത്യേകം ദൃഷ്ടിവയ്ക്കുമെന്നു വിശ്വസിക്കുന്നു. ഏജൻറൻമാരുടെ പ്രവൃത്തിയെ ആണ് യോഗത്തിന്റെ അഭിവൃദ്ധി ഏറവും ആശ്രയിച്ചിരിക്കുന്നത്.

പ്രാസംഗികൻമാർ

ഏജൻറൻമാർക്കു പുറമേ സ്വാമി അവർകൾ പലസ്ഥങ്ങളിലും യോഗം വക പ്രാസംഗികൻമാരെ നിയമിച്ചിട്ടുണ്ട്. അവരുടെ കൃത്യം യോഗത്തിന്റെ ഉദ്ദേശ്യങ്ങളേയും പ്രവൃത്തികളേയും ഗുണങ്ങളേയും ജനങ്ങളെ ധരിപ്പിച്ച് അവർക്ക് അതിൽ അഭിരുചി വർദ്ധിപ്പിക്കുന്നതും മതം സദാചാരം, വിദ്യാഭ്യാസം, വ്യവസായം മുതലായ മാർഗത്തിൽ അവരെ ഉത്സാഹരീതിയിൽ പ്രേരിപ്പിക്കുന്നതുമാണ്. അവരെ സംബന്ധിച്ചു സ്വാമി അവർകൾ വിവേകോദയം 2-ാം വാള്യം 1-ം, 2-ം ലക്കങ്ങളിൽ ഒരു നിബന്ധന പരസ്യപ്പെടുത്തീട്ടുണ്ട്. താഴെക്കാണുന്ന മാന്യൻമാർ ഇന്നുവരെ പ്രാസംഗികൻമാരായി ഏർപ്പെട്ടിരിക്കുന്നു.

Digitized By Kerala Sahitya Akademi

1. കൊല്ലം ൗണും അടുത്തപ്രദേശങ്ങളും — കൊച്ചുലകൻ വൈദ്യൻ അവർകൾ

2. നെയ്യാറ്റിൻകര, നേമം, ബാലരാമപുരം, കോട്ടുകാൽ, പെരുങ്കട വിള മുതലായ സ്ഥലങ്ങളിൽ — വൈദ്യൻ എ. സി. കൃഷ്ണപ്പ ണിക്കർ അവർകൾ

3. കരുനാഗപ്പള്ളിയിൽ പൻമന, ചവറ, തഴവാ, പുതുപ്പള്ളി മുത ലായ സ്ഥലങ്ങളിൽ — കരിങ്ങാട്ടു ജി. നാണു ആശാൻ അവർകൾ

4. വർക്കല, ചിലക്കൂർ, കുരയ്ക്കണ്ണി മുതലായ സ്ഥലങ്ങളിൽ — മുണ്ടയിൽ ഗോവിന്ദൻ ആശാൻ അവർകൾ

5. തിരുവനന്തപുരം വടക്ക് — ചെമ്പഴുന്നിയിൽ വേലുവൈദ്യൻ അവർകൾ

6. മുരുക്കുംപുഴ, പെരുങ്ങുഴി മുതലായസ്ഥലങ്ങളിൽ — വി. കൃഷ്ണൻ ആശാൻ അവർകൾ

7. ചിറയിൻകീഴ്, കൂന്തള്ളൂർ മുതലായ സ്ഥലങ്ങളിൽ — പനവ ഞ്ചേരി കൊച്ചുശങ്കരൻ ജ്യോത്സ്യരവർകൾ

8. കൊച്ചിയിൽ പള്ളിപ്രത്തു ചെറായി മുതലായ സ്ഥലങ്ങളിൽ — കെ. എ. രാമൻ പിള്ള അവർകൾ

9. ബ്രിട്ടീഷ്കൊച്ചിയിലും അതിനടുത്ത സ്ഥലങ്ങളിലും— മുൻഷി മിസ്റ്ററർ എൻ. പി. കുട്ടാപ്പു അവർകൾ

10. വൈക്കം, ചേർത്തല, കണയന്നൂർ മുതലായ സ്ഥലങ്ങളിലേക്ക്

    1. വൈക്കം പള്ളിപ്രം പൂവത്തിൽ നരസി ആശാൻ അവർകൾ
    2. തുറവൂർ കല്ലുവീട്ടിൽ കൃഷ്ണൻ അവർകൾ
    3. കോതമറ കമ്പകററിൽ വേലായുധൻ അവർകൾ

ഇവരിൽ ചില മാന്യൻമാർ ചില സമാജങ്ങളെ സ്ഥാപിക്കുന്നതിൽ ശ്രമിക്കുകയും സഭകളിൽ ആചാരപരിഷ്കരണം മുതലായ വിഷയങ്ങളേയും മററും പററി പ്രസംഗങ്ങൾ ചെയ്തുവരികയും ചെയ്യുന്നുണ്ട്. എന്നാൽ പലരും പേരിനുമാത്രം ആ സ്ഥാനം വഹിക്കുകയാണെന്നും തോന്നുന്നു. ചിലർ പ്രവൃത്തികൾ നടത്തുന്നുണ്ടെങ്കിലും റിപ്പോർട്ടയയ്ക്കാൻ അമാന്തിക്കുന്നതിനാൽ അവരുടെ പ്രവൃത്തിയെപ്പററി വിവരമായിയാതൊന്നും അറിവാൻ തരമായിട്ടില്ല. ആകപ്പാടെ ഒരു നല്ലസ്ഥിതിയിൽ എത്തിയിട്ടില്ലെങ്കിലും ഇവരെക്കൊണ്ടു പ്രയോജനം ഉണ്ടായിത്തുടങ്ങുന്നുണ്ടെന്നു സമ്മതിച്ചേ തീരൂ. മിസ്റ്റർ നരസിംഹനാശാൻ മുതലായവരുടെ പ്രസംഗങ്ങൾ കൊണ്ടു തിരുവിതാംകൂറിന്റെ വടക്കേ അതിർത്തികളിലും കൊച്ചിയിൽ ചില ദിക്കുകളിലും, കൊല്ലത്തു കൊച്ചുലകൻ വൈദ്യൻ അവർകളുടെ പ്രസംഗത്താൽ ആ സ്ഥലങ്ങളിലും ആചാരപരിഷ്കരണ

Digitized By Kerala Sahitya Akademi

സംബന്ധമായി ഗണ്യമായ പ്രവൃത്തികൾ നടക്കുന്നുണ്ട്. ആ വക്രശ്രമം വളരെ ഫലവത്തുകളായും വന്നിട്ടുണ്ട്.

മെഴ്സേഴ്സ് കുഞ്ഞുകൃഷ്ണപ്പണിക്കർ, ഗോവിന്ദൻ ആശാൻ മുതലായവരും പ്രസ്തുത വിഷയത്തിലും സമാജങ്ങളെ സ്ഥാപിക്കുന്ന കാര്യത്തിലും ഗണ്യമായ വിധത്തിൽ ശ്രമിക്കുന്നുണ്ട്.

മാനേജിംഗ് കമ്മിറ്റി

യോഗത്തിന്റെ ഭരണം മുഴുവൻ ഈ കമ്മിറ്റിയിൽ ആണല്ലോ ഇരിക്കുന്നത്. എന്നാൽ ഇതിന്റെ വ്യവസ്ഥ ഒരു അസാധാരണ സമ്പ്രദായത്തിൽ ഉള്ളതാണ്. കമ്മിറ്റിയുടെ അഭിപ്രായമോ നിശ്ചയങ്ങളോ ആവശ്യപ്പെടുമ്പോൾ സിക്രട്ടറി 15 ദിവസങ്ങൾക്കോ അധികമോ മുൻകൂട്ടി കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും എഴുതുന്നു. എഴുത്തുകൾക്കു സാധാരണ ഒരു മറുപടി അയയ്ക്കുന്ന മര്യാദയെക്കൂടി അധികം വകവയ്ക്കാത്തവരും മെംബ്രൻമാരിൽ ഉണ്ട്. കുറേ കാത്തിരുന്നശേഷം കിട്ടിയ മറുപടികളെ അതാതംഗങ്ങളുടെ അഭിപ്രായമായി വിചാരിച്ചു 'കോറം' തികയുന്നപക്ഷം അധികാഭിപ്രായം അനുസരിച്ച് അദ്ധ്യക്ഷൻ സംഗതികളെ തീർച്ചയാക്കുന്നു

പലപ്പോഴും ആഫീസിൽ ഹാജരായി ആവശ്യമുള്ള സംഗതികളെ സൻമുഖമായി പര്യാലോചിച്ചു നിശ്ചയങ്ങൾ പാസ്സാക്കി പ്രവർത്തിക്കേണ്ട വിഷയങ്ങളിൽ ദൂരെ ഇരുന്നുകൊണ്ടു സംഗതികൾ മുഴുവൻ മനസ്സിലാകാതെ എഴുതുന്നവരുടെ എഴുത്തുകൾ എത്ര ഉപകരിക്കുമെന്നുള്ളതു ചിന്തിക്കേണ്ടതാണ്. യോഗം കേരളം മുഴുവൻ ഉള്ള നമ്മുടെ സമുദായത്തിന്റെ വകയും, ആഫീസ് തെക്കേ അറ്റമായ തിരുവനന്തപുരത്തും ആകയാൽ ഓരോ ദേശങ്ങളിലും ഉള്ള പ്രമാണികൾ കമ്മിറ്റിയിൽ സംബന്ധിക്കാതിരുന്നാൽ അവർക്കു മമത കുറഞ്ഞുപോകാനിടയുണ്ടെന്നുള്ള ശങ്കയാണ് നമ്മെ ഈ വ്യവസ്ഥയിലേക്കു നയിച്ചത്. അതുകൊണ്ടു യോഗത്തിന്റെ ഇപ്പോഴത്തെ നിലയ്ക്ക് ഇത് ഒഴിച്ചുകൂടാത്ത ഒരു ഏർപ്പാടാണെങ്കിലും, കുറെ കുഴപ്പമുള്ളതാണ്. ദൃഷ്ടാന്തത്തിന് ഈയിടെയുണ്ടായ ഒരു സംഭവത്തെ പറയാം. യോഗംവകയായി നാഗരുകോവിൽ ഡിസ്ട്രിക്ടിൽ ഉള്ള ഒരു വസ്തുവിനെ ഒഴിപ്പിച്ചെടുക്കുന്ന വകയ്ക്കായി നടന്നുവരുന്ന വ്യവഹാരത്തെപ്പറ്റി അറിഞ്ഞിട്ടുണ്ടല്ലോ. അതിന്റെ ഇക്കഴിഞ്ഞ ഹൈക്കോർട്ട് അപ്പീലിലെ തീർച്ചയിൻമേൽ എതിർ കക്ഷിയുടെ കോടതി ച്ചിലവായി 114 ഉറുപ്പിക ഈ കഴിഞ്ഞ വൃശ്ചികം 14-ാംനു- ക്കകം കോർട്ടിൽ കെട്ടിവയ്ക്കാത്തപക്ഷം ഉടനേ അപ്പീൽ തള്ളി വിധിക്കുന്നതാണെന്ന് നമ്മുടെ വക്കീൽ എന്നെ ടി മാസം 12-ാംനു- അറിവിച്ചു. കമ്മിറ്റിക്കാർക്ക് എഴുതി മറുപടി വരുത്താൻ ദിവസമില്ല. മിണ്ടാതിരുന്നാൽ അന്യുവരെ ച്ചിലവായ 406 ക. 12 അണയും 10000 ഉറുപ്പികയ്ക്കുമേൽ വിലപിടിക്കുന്ന ആ വസ്തുവും നഷ്ടമാവും. അഥവാ, ചെയ്തിട്ടുള്ള ചെലവുക

Digitized By Kerala Sahitya Akademi

ളേയും പെട്ടിട്ടുള്ള കഷ്ടതകളേയും ക്ഷമയോടുകൂടി സഹിച്ച് വീണ്ടും ആദ്യ ത്തെ വ്യവഹാരത്തിനു പുറപ്പെടേണ്ടതായിവരും. ഈ സന്ദർഭത്തിൽ യോഗകാ ര്യങ്ങളിൽ പൂർണ്ണമായ മമതയും, നിയമലംഘനം ചെയ്വാൻ ഭയവുമുള്ള ഒരു ഉത്തരവാദിക്ക് ഉണ്ടാകാവുന്ന ഞെരുക്കം എന്തായിരിക്കുമെന്ന് യോഗം വിചാരിക്കേണ്ടതാണ്. അതുകൊണ്ടു കഴിയുമെങ്കിൽ മാനേജിംഗ് കമ്മിറ്റി യുടെ ഭരണരീതിയെ പരിഷ്കരിക്കേണ്ട കാലം അടുത്തിരിക്ക ആകുന്നു.

സമയക്കുറവിനാൽ കഴിഞ്ഞ വാർഷിക പൊതുയോഗത്തിൽ കമ്മിറ്റി ക്കാരുടെ തിരഞ്ഞെടുപ്പുണ്ടായില്ല. അതു യോഗനിശ്ചയപ്രകാരം ശിവ രാത്രി സംബന്ധിച്ചു കുംഭം 20-ാംനു അരുവിപ്പുറത്തു കൂടിയ വിശേഷാൽ പൊതുയോഗത്തിൽ വച്ചാണു നടത്തപ്പെട്ടത്. ഉപാദ്ധ്യക്ഷനായി ആലുംമൂട്ടിൽ കൊച്ചുകുഞ്ഞു ചാന്നാർ അവർകളെ വാർഷികയോഗത്തിന്റെ നിശ്ചയത്തിൻമേൽ തന്നെ നിയമിച്ചിരുന്നു. വിശേഷാൽ പൊതുയോഗ ത്തിൽവച്ചു തിരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മിറ്റി മെംപ്രൻമാരുടെ ലിസ്റ്റ് താഴെച്ചേർക്കുന്നു.

മാനേജിംഗ് കമ്മിറ്റി മെമ്പ്രൻമാർ

നെയ്യാറ്റുങ്കര

1. മ. രാ. രാ. കാവിഴിഞ്ഞിയിൽ കൊച്ചുവൈദ്യരവർകൾ
2. ,, കുറിച്ചിത്തോട്ടത്തു കുട്ടിഅപ്പി ആശാൻ അവർകൾ

തിരുവനന്തപുരം

3. ,, അരിപ്പാടശ്ശേരിയിൽ എം. കൃഷ്ണൻ കുത്തകക്കാരൻ അവർകൾ
4. ,, പി. മാധവൻ വൈദ്യരവർകൾ

ചിറയിൻകീഴ്

5. ,, കടയ്ക്കാവൂർ മീനാം കുഴിയിൽ കൊച്ചുപിള്ള മുതലാളി അവർകൾ

കൊല്ലം

6. ,, പരവൂർ വി. കേശവൻ ആശാൻ അവർകൾ
7. ,, പെരിനാടു മുരുന്തൻ ചന്ദ്രഴികത്തു തെക്കേവീട്ടിൽ ഗോവിന്ദൻ ആശാൻ അവർകൾ
8. ,, പലകശ്ശേരി ശേഖരൻ മുതലാളി അവർകൾ

Digitized By Kerala Sahitya Akademi

കരുനാഗപ്പള്ളി

9. ,, പത്തിശ്ശേരി കൊച്ചു കുഞ്ഞുചാന്നാരവർകൾ

10. ,, മേനാത്തേരിൽ കേശവപ്പണിക്കരവർകൾ

മാവേലിക്കര

11. ,, ലക്ഷ്മണ കുഞ്ഞുപണിക്കരവർകൾ

ആലപ്പുഴ

12. ,, മട്ടാഞ്ചേരിൽ ഗോവിന്ദൻ വൈദ്യരവർകൾ

തൃശ്ശിവപേരൂർ

13. ,, പെരിങ്ങോട്ടുകര കൊട്ടുപറമ്പിൽ എസ്. കൃഷ്ണൻ അവർകൾ

കമ്മിറ്റിയിൽ നിന്നു നടത്തപ്പെട്ട നടപടികൾ

1080 മേടം 16-ാംനു 1411 മുതലായ നമ്പർ എഴുത്തിൻ പ്രകാരം യോഗം വകയിൽ അപ്പോൾ ഉണ്ടിയൽ കടയിൽ ഉണ്ടായിരുന്ന പണത്തെ ഉയർന്ന പലിശയ്ക്കു കൊടുപ്പാൻ ആവശ്യപ്പെട്ടതനുസരിച്ചു ഭരിപക്ഷം അനുകൂല മായി മറുപടി തന്നു. അതനുസരിച്ചു ലീഗൽ അഡ്വൈസർ എം. ഗോവിന്ദൻ ബി. എ. ബി. എൽ. അവർകളുടെ പരിശോധനയിൽ തൃപ്തികരമാണെ ന്നുകണ്ട ഈടിൻമേൽ കടപ്പത്രം രജിസ്റ്റർ ചെയ്തുവാങ്ങി 1080 മിഥുനം 18-ാം നു 500 ക. വീതം രണ്ടു പ്രമാണത്തിൻപടി 1000 ഉറുപ്പിക ഒരു (100 നു മാസം 1 വീതമുള്ള) പലിശയ്ക്കു കടംകൊടുത്തു.

1080 മേടം 27-ാം നു 1429 മുതലായ നമ്പരിൻപടി എഴുത്തുമൂലം പൊതുയോഗത്തിലെ നിശ്ചയപ്രകാരം ഈ കൊല്ലം നടത്തേണ്ടിയിരുന്ന കൃഷിവ്യവസായ പ്രദർശനത്തെപ്പറ്റി മുൻകൂട്ടി ആലോചിച്ചു വേണ്ടതു പ്രവർത്തിക്കുന്നതിനായി കമ്മിറ്റിയുടെ ഒരു മീറ്റിംഗ് കൂടാൻ അപേ ക്ഷിച്ചു. മറുപടി 'കോറം' തികയത്തക്കവണ്ണം കിട്ടിയില്ല അതുകൊണ്ട് അതിനെ സംബന്ധിച്ചു കമ്മിറ്റിക്കു യാതൊന്നും തീർച്ചയാക്കാൻ തര മായില്ല.

1080 കർക്കടകം 31-ാംനു 1450 നമ്പർ മുതലായ ലറ്റർ പ്രകാരം യോഗത്തിൽനിന്നും ശ്രീമൂലം പ്രജാസഭയിലേക്ക് ഒരു പ്രതിനിധിയെ തിരഞ്ഞെടുത്തയയ്ക്കുന്നതിനായി 81 ചിങ്ങം 12-ാം തീയതി യോഗം

Digitized By Kerala Sahitya Akademi

ആഫീസിൽ ഒരു മീററിംഗ് കൂടുന്നതിനായി ക്ഷണിച്ചു. കമ്മിററി മെമ്പൻമാർക്കു പുറമേ നെയ്യാററുങ്കര, തിരുവനന്തപുരം, ചിറയിൻകീഴ്, കൊല്ലം ഈ താലൂക്കുകളിലുള്ള എല്ലാ സാമാജികൻമാരെയും ഏജൻറൻമാർ സമാജം സിക്രട്ടറിമാർ മുതലായി നൂററിൽപരം ആളുകളേയും ഇതിലേക്കായി പ്രത്യേകമായി ക്ഷണിച്ചിട്ടുണ്ടായിരുന്നു. അതനുസരിച്ചു യോഗം കൂടിപ്പതിവസംതന്നെ കൂടുകയും സിക്രട്ടറിയെ പ്രതിനിധിയായി തിരഞ്ഞെടുക്കുകയും പ്രാതിനിധ്യം വഹിക്കേണ്ട വിഷയങ്ങളെ നിശ്ചയിക്കുകയും ചെയ്തു.

1081 കന്നി 19–ാം തീയതി 3–ാമതു വാർഷിക യോഗം കൂടുന്നതിനെപ്പററി ആലോചിച്ചു തീർച്ചയാക്കാനായി തുലാം 6–ാം നു യോഗം ആഫീസിൽ മീററിംഗ് കൂടാൻ അറിവിച്ചു. ആ ദിവസം അതനുസരിച്ചു യോഗം കൂടുകയും കരപ്പുറം ഈഴവ സമാജക്കാർ അയച്ചിരുന്ന ഒരു അഭ്യർത്ഥനയെ അനുസരിച്ച് അവരുടെ സ്ഥലത്തു വച്ചു വാർഷികയോഗം ധനു 14, 15, 16 (ഡിസംബർ 28, 29, 30) ഈ തീയതികളിൽ കൂടുന്നതിനു തീർച്ചയാക്കുകയും ചെയ്തു. ആ മീററിംഗിൽ തന്നെ ആഡിററർമാർ കണക്കു പരിശോധിച്ചു വാർഷിക യോഗത്തിനു മുൻകൂട്ടി റിപ്പോർട്ടയയ്ക്കത്തക്കവണ്ണം വിവരം അവരെ അറിയിപ്പാൻ സിക്രട്ടറിയോടാവശ്യപ്പെടുകയും വിവേകോദയത്തിന്റെ വരി പിരിഞ്ഞു കിട്ടുന്നതിൽ വളരെ മുടക്കം വരുന്നതായി കാണുകയാൽ 100 നു 25 വരെ കമ്മിഷൻ അനുവദിച്ചു പ്രത്യേകം ആളേർപ്പെടുത്തി പിരിക്കുന്നതിന് വിവേകോദയം മാനേജർ പി. മാധവൻ വൈദ്യർ അവർകൾക്ക് അധികാരം കൊടുക്കുകയും ചെയ്തു. അതനുസരിച്ചു വിവേകോദയത്തിന്റെ വരി ഇപ്പോൾ പിരിച്ചു തുടങ്ങിയിരിക്കുന്നു. ആഡിററർമാർ കണക്കുകളെ പരിശോധിച്ചയച്ച റിപ്പോർട്ട് ഒരു രണ്ടാഴ്ചയ്ക്കു മുമ്പ് ഇവ'ിടെ കിട്ടീട്ടുണ്ട്. അതിനെ ഞാൻ ഇതുസഹിതം യോഗത്തിൽ സമർപ്പിക്കുന്നതാണ്.

റൂംസ്

യോഗം വക റൂംസിൽ പല പരിഷ്കരണങ്ങളും ആവശ്യപ്പെടുകയാൽ അവയെ പരിഷ്കരിക്കുന്നതിനു ഡാക്ടർ പല്പു അവർകൾ മുതലായി 4 മാന്യൻമാരെ ഒരു കമ്മിററിയായി 2–ാമതു വാർഷിക യോഗത്തിൽ തിരഞ്ഞെടുക്കുകയും ആ പരിഷ്കരണങ്ങളെ മുൻകൂട്ടി പത്രങ്ങളിൽ പ്രസ്താവിച്ചു ജനങ്ങളുടെ അഭിപ്രായം അറിഞ്ഞു പൊതു സമ്മതപ്രകാരം പാസ്സാക്കുകയും ചെയ്യണമെന്ന് 2–ാമതു വാർഷിക യോഗത്തിൽ ഒരു നിശ്ചയം പാസ്സാക്കി. അതിനുശേഷം കൂടിയ വിശേഷാൽ പൊതു യോഗത്തിന്റെ ആലോചനയ്ക്കും അതു വിഷയമായിരുന്നു. എന്നാൽ കമ്മിററിക്കാർക്ക് ഇതുവരെയും അതിനെ ചെയ്വാൻ സാധിച്ചിട്ടില്ല. ഇതിനെ ഇന്നത്തെ യോഗം പ്രത്യേകം ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

Digitized By Kerala Sahitya Akademi

ആഫീസ്

മേടം മുതൽ ആഫീസ് പഴയ സ്ഥലത്തുനിന്നും മെയിൻറോഡിൽ തന്നെ കുറഞ്ഞ വാടകയിൽ (5 ക.) ഉള്ള മറെറാരു കെട്ടിടത്തിലേക്കു മാറുകയും, മിഥുനത്തിൽ ആ വാടകയിൽ തന്നെ കുറേക്കൂടി സൗകര്യവും ഉറപ്പുമുള്ള, ജില്ലാകോർട്ടിനു വടക്കുവശം ഇരിക്കുന്ന, ഇപ്പോഴത്തെ കെട്ടിടത്തിലേക്കു മാറുകയും ചെയ്തു.

2-ാമതു വാർഷികയോഗത്തിലെ നിശ്ചയപ്രകാരം ആഫീസിൽ 10 ക. ശമ്പളത്തിൽ ക്ലർക്കിനെ മകരത്തിൽ നിയമിച്ചു. വിശേഷാൽ പൊതുയോഗത്തിൽ നിർച്ചയാക്കി എങ്കിലും 20 ക. ശമ്പളത്തിൽ ഒരു അസിസ്റൻറ് സെക്രട്ടറിയേക്കൂടി നിയമിപ്പാൻ വരവിൻെറ ക്രമം അനുവദിക്കായ്കയാൽ അപ്രകാരം ചെയ്തില്ല. പ്രവൃത്തികളം ചെയ്വാൻ യോഗ്യതയുള്ള ആളുകളം വേണ്ടപോലെ ഉണ്ടായിരിക്കുകയും പ്രവൃത്തികളം ശരിയായി നടന്നുകൊണ്ടിരിക്കുകയും ചെയ്യുമ്പോളം വരവു നിശ്ചയമായും അധികപ്പെടുന്നതാകയാൽ യോഗം ഇപ്പോഴും അതിൽ ശ്രദ്ധവയ്ക്കുമെന്നു വിശ്വസിക്കുന്നു.

വിവേകോദയം

2–ാമതു വാർഷികയോഗത്തിലെ നിശ്ചയപ്രകാരം മുമ്പിൽ ദ്വൈമാസാന്ത പത്രികയായിരുന്ന വിവേകോദയത്തെ 2-ാം വാള്യം തുടങ്ങിയ മേടം 30-ാം നു മുതൽ ഒരു പ്രതിമാസ പത്രിയാക്കി ഫുൾസ്ക്കേപ്പു കടലാസിൽ ഇപ്പോളംകാണുന്ന ആകൃതിയിൽ 4 ഫാറത്തിൽ പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. ഈ മാറത്തോടുകൂടി വരിസംഖ്യയും യോഗാംഗങ്ങളം കു മുക്കാലും മററുള്ളവർക്ക് $1\frac{1}{2}$-ം ക. വീതം ആക്കി. ഈ കുറഞ്ഞ സംഖ്യ ആയിട്ടുകൂടിയും വരി പിരിഞ്ഞുവരവ് അശേഷം തൃപ്തികരമല്ലാത്തതിനാൽ യോഗത്തിൽനിന്നും ഏതെങ്കിലും വിധത്തിൽ നഷ്ടംകൂടാത്ത വ്യവസ്ഥ ഉടനേ ചെയ്യേണ്ടതാകുന്നു. വിവേകോദയം വകയ്ക്ക് ഈ ആണ്ടു തുലാം 30-ാം നു വരെ ഉള്ള ചെലവു ആകെ 510 ക. 2 ണ. 1 പൈയും വരവ് 144 ക. 4 ണ. യും മാത്രമാണ്. ബാക്കി ആകെ 365 ക. 14 ണ. 1 പൈ ഈ 18 മാസങ്ങളംക്കുള്ളിൽ ആ വകയിൽ അധികം ചെലവായിരിക്കുന്നു. 80 തുലാമാസത്തിൽ 1000 കോപ്പി അടിച്ചിരുന്നു. ഇപ്പോളം 1300 വീതം അടിക്കുന്നുണ്ട്. ഇതിൽ 768 ഇന്നുവരെയുള്ള യോഗാംഗങ്ങളംക്കും ശേഷം മററു വരിക്കാർക്കും പോകുക ആകുന്നു. വിവേകോദയം നമ്മുടെ പ്രസിഡൻസിയിലുള്ള എല്ലാ ഇംഗ്ലീഷ് മലയാള പത്രങ്ങളംക്കും ഗവർമ്മെൻറിനും പ്രധാന മഹാൻമാർക്കും കൊളമ്പുമുതലായ സ്ഥലങ്ങളിലും പോകുന്നുണ്ട്.

Digitized By Kerala Sahitya Akademi

യോഗാംഗങ്ങളിൽ പത്രവരി അടച്ചിട്ടുള്ളവർ തീരെ ചുരുക്കമാണ്. മറ്റു വരിക്കാരിലും പണം അടച്ചിട്ടുള്ളവരുടെ സംഖ്യ കുറവാകുന്നു. വരിപിരിക്കുന്നതിനായി യാതൊരു ശ്രമവും ഇതുവരെ ചെയ്തിരുന്നില്ല. ഇപ്പോഴും കമ്മിഷൻകൊടുത്തു പ്രത്യേകം ആൾ നിയമിച്ചു തുടങ്ങുകയും പണം ക്രമേണ പിരിഞ്ഞുവരികയും ചെയ്യുന്നു. കുടിശ്ശികമുഴുവൻ പിരിഞ്ഞുകിട്ടിയാൽ നഷ്ടം അശേഷം തീർന്നുപോകുന്നതു മാത്രമല്ല, യോഗത്തിനു ലാഭമുണ്ടാവാനും ഇടയുണ്ട്. സാമുദായികമായ പ്രവൃത്തികളിൽ യോഗത്തിനു വിവേകോദയത്തിൽ നിന്നു അളവറ്റ സാഹായ്യം ലഭിക്കുന്നുണ്ട്. ഇതു വീണുപോയാൽ യോഗത്തിന് അതിന്റെ ഉദ്ദിഷ്ട സ്ഥാനങ്ങളിലേക്കു പറന്നു പോകാനുള്ളപക്ഷം വീണുപോയി എന്നുകൂടി നാം ഭയപ്പെടേണ്ടതാകുന്നു. ചിലർ ഇതിനെ സംബന്ധിച്ചുള്ള വ്യയത്തെ ദുർവ്യയമാണെന്നു ശങ്കിക്കുകയും, ശഠിക്കയും ചെയ്യുന്നുണ്ട്. ഇതു ചിലപ്പോഴും ക്ലിപ്ത കാലങ്ങളിൽ പുറത്തുവന്നു കാണാത്തത് അച്ചുകൂടസംബന്ധമായ ചില അസ്വാധീനതയും നടത്തുന്നതിനു പ്രത്യേകം ആൾ നിയമിക്കപ്പെടാത്ത ന്യൂനതയും നിമിത്തമാണ്. കടലാസ് വിലയും, അച്ചടിക്കൂലിയും, പോസ്റ്റേജ് ചെലവുമല്ലാതെ വിവേകോദയത്തിനു പറയത്തക്കവേറെ യാതൊരു ചെലവും ഇന്നുവരെ ഉണ്ടായിട്ടില്ല. നടത്തുന്നതിനു പ്രത്യേകം ആൾ വയ്ക്കുകയും, വരി കൃത്യമായും പിരിഞ്ഞു കിട്ടത്തക്കവണ്ണം ഏർപ്പാടു ചെയ്കയും ചെത്താൽ വിവേകോദയത്തിനു നമ്മുടെ മറ്റു പത്രങ്ങളേക്കാൾ പ്രകാശമാനമായ ഭാവിയാണുള്ളതെന്നു വിചാരിപ്പാൻ വളരെ കാരണങ്ങളുണ്ട്.

സംസ്കൃതപാഠശാല

കഴിഞ്ഞ വാർഷിക യോഗത്തിൽ ഞാൻ പ്രസ്താവിച്ച പോലെ തന്നെ തിരുവനന്തപുരത്തു പ്രസ്തുത പാഠശാലയുടെ പ്രചാരത്തിനു കുറവാണുണ്ടായത്. മേടം, ഇടവം, മിഥുനം, കർക്കടകം മുതലായ മാസങ്ങളിൽ ഫീസുകൾ അശേഷം പിരിയാതെ വരികയും എന്റെ സർക്യൂട്ടു സമയത്തു ശാസ്ത്രികൾ ആഫീസു വേലകൂടി നോക്കി വരികയും ആണുചെയ്തത്. അതുകൊണ്ട് ഇതിന്റെ ദയനീയാവസ്ഥയെക്കുറിച്ചു സ്വാമി അവർകളെ ഉണർത്തിക്കയും അവിടത്തെ ഉത്തരവനുസരിച്ചു കന്നിമാസം മുതൽ 5 ക. മാത്രം യോഗത്തിൽ നിന്നു സാഹായ്യമായി കൊടുത്തു വരികയും ആണു ചെയ്യുന്നത്. ഇപ്പോൾ വൃശ്ചികം മുതൽ പാഠശാല വർക്കല ശിവഗിരിമഠത്തിൽ സ്ഥാപിച്ചു നടത്തിവരിക ആകുന്നു. 15 വിദ്യാർത്ഥികളോളം രജിസ്തരിൽ ഉണ്ട്. തർക്ക വ്യാകരണാലങ്കാരങ്ങളും കാവ്യനാടകാദികളും പഠിപ്പിച്ചു വരുന്നു.

ക്ഷേത്രവും മഠങ്ങളും

ഇവയുടെ ഭരണത്തെക്കുറിച്ചു ക്ഷേത്രം ചില വ്യവസ്ഥകൾ ഏർപ്പെടുത്തേണ്ടി ഉണ്ടെന്നു തോന്നുന്നു. അവയുടെ ഉത്തമ രീതിയിലുള്ള ഭരണം

Digitized By Kerala Sahitya Akademi

നമുക്ക് എപ്പോഴും സ്പൃഹണീയമാണ്. ഉത്സവാഡ്യാഡംബരങ്ങൾ ക്ഷേത്രങ്ങളിൽ മിക്കവാറും സ്ഥലനിവാസികളുടെ ഉല്ലാസത്തെ മാത്രം പൂരിപ്പിക്കുന്നതാകയാൽ പൊതുയോഗം വകധനം അതിന്നു ചെലവു ചെയ്യുന്നതിൽ വളരെ പക്ഷാന്തരം ഉണ്ടാകാം. 1080 ലെ അരുവിപ്പുറത്തെ ശിവരാത്രി മഹോത്സവം പതിവുപോലെ ഭംഗിയായി നടത്തപ്പെട്ടു. പൂജ്യരായ സ്വാമിപാദങ്ങളിലെ ഇഷ്ടപ്രകാരം അവിടെ പതിവായി ഉത്സവം സംബന്ധിച്ചു നടന്നു വരുന്ന ധർമ്മങ്ങൾക്കു വിഘ്നം വരുത്താൻ പാടില്ലാത്തതിനാലും ഈ യോഗത്തിന്റെ അടിസ്ഥാനം അവിടെ നിന്നാകയാലും യോഗത്തെ ബാധിക്കാതെ കഴിയത്തക്കവണ്ണമുള്ള ആദായം അടുത്ത ഭാവിയിൽ അവിടെ ഉണ്ടാകാൻ ഇരിക്കയാലും ഇതിനിടയിൽ അവിടത്തെ ഉത്സവാദികർമ്മങ്ങൾക്കുവേണ്ടി വരുന്ന ചെലവിനെ സംബന്ധിച്ച് ആർക്കും ന്യായമായി വിരുദ്ധാഭിപ്രായം ഉണ്ടാവാൻ പാടില്ലാത്തതാണ്. ഉത്സവത്തിന്നു കഴിഞ്ഞ കൊല്ലം 182 ക. 6 ണ. 8 പൈ ചെലവായിട്ടുണ്ട്. ഇതിൽ 80 ഉറുപ്പിക നടവരവുണ്ടായിരുന്നതു സ്വാമി അവർകൾ പ്രത്യേകം ഖജാൻജിയെ ഏൽപ്പിച്ചിരിക്കുന്നു. മുട്ടക്കാട്ടു ക്ഷേത്രത്തിൽ മീനം 5-ാംനു കൊടിയേറി 10-ാംനു ആറാട്ടുത്സവം നടത്തപ്പെട്ട. അതിന്റെ ചെലവുകൾ ദേവസ്വത്തിലെ വരവുകൊണ്ടു നടത്തപ്പെട്ടതാകുന്നു. അരുവിപ്പുറത്തെ നിത്യനിദാനച്ചെലവുകൾ ഇപ്പോഴും അവിടത്തെ വഴിപാടുകളും കാണിക്കകളും കൊണ്ടുതന്നെ മിക്കവാറും നടന്നുവരികയാകുന്നു. പുതിയതായ വർക്കല ശിവഗിരി മഠം സ്വാമി അവർകളുടെ സാന്നിദ്ധ്യത്താൽ ഉത്തരോത്തരം വർദ്ധിച്ചുവരുന്നു. അവിടെ പുതിയതും ഭംഗിയുള്ളതുമായ ഒരു മഠം മിക്കവാറും പൂർത്തിയാകുകയും പല ചെറിയ കെട്ടിടങ്ങളും ഗോശാലകളും മറ്റും പണികഴിച്ചുവരികയും ചെയ്യുന്നുണ്ട്. ഇതെല്ലാം ഇപ്പോൾ സ്വാമിയുടെ സാന്നിദ്ധ്യത്താൽ സ്വയം വർദ്ധിച്ചുവരികയാകുന്നു.

കൊച്ചി പെരിങ്ങോട്ടുകര പ്രവൃത്തിയിൽ 1100 ഉറുപ്പിക വിലയുള്ള ഒരു പറമ്പു കൂടി സ്വാമിയുടെ പേർക്ക് ഇപ്പോൾ ദാനമായി സിദ്ധിച്ചിട്ടുണ്ട്. അവിടെ സ്ഥലനിവാസികളുടെ ശ്രീ നാരായണസ്വാമി സ്മാരക സമാജം വകയായി ഒരു ഭജനശാലയും മഠവും പള്ളിക്കൂടവും ഇപ്പോൾ സ്ഥാപിച്ചു നടത്തിവരുന്നു. മഠങ്ങളോടുകൂടി സ്കൂളുകൾ എവിടെയും ഉണ്ടായിരിക്കേണമെന്നുള്ളത് സ്വാമി അവർകൾ എല്ലാപ്പോഴും ഉപദേശിക്കുന്ന വിഷയമാണ്.

വ്യവഹാരം

യോഗത്തിന് ഇപ്പോൾ ഭാരമേറിയ ഒന്നായ്ത്തീർന്നിരിക്കുന്നത് ഈ വകയ്ക്കുള്ള ചെലവാകുന്നു. ഈ വകയ്ക്ക് തുലാം 30-ാംനു വരെ 406 ഉറുപ്പിക ചെലവായിട്ടുണ്ട് ഈ വ്യവഹാരത്തിൽകൊണ്ട നാഗരുകോവി

Digitized By Kerala Sahitya Akademi

ലിലെ ധർമ്മദാന വസ്തു 10,000 ഉറുപ്പികയ്ക്കു മേൽ വില കാണുന്നതും അതിന്റെ അവകാശം യോഗത്തിന്നു നിരാക്ഷേപമായിട്ടുള്ളതും ചെലവു മിക്കവാറും അവസാനിച്ച നിലയിൽ എത്തിയിരിക്കുന്നതുമാകയാൽ നാം അതിന്റെ ഭാവിയെ ഓർത്ത് ഈ ചെലവിന്റെ കാഠിന്യത്തെ ക്ഷമിക്കേണ്ടിയിരിക്കുന്നു. കക്ഷി ഹാജരാകാത്ത കാരണത്തിൻമേൽ തള്ളിയ കേസാകയാൽ ഹൈക്കോടതിയിൽ നിന്നും പ്രതിയുടെ ചെലവായി 114 ഉറുപ്പിക കൊടുപ്പിച്ചു കേസ് ഇപ്പോഴും റിമാൻഡു ചെയ്തിരിക്കുന്നു.

പ്രദർശനം

2–ാമത്തെ വാർഷിക യോഗസന്ദർഭത്തെ അലങ്കരിച്ചതും വളരെ ഒച്ച പൊങ്ങിച്ചതുമായ പ്രദർശനം യോഗത്തിന്റെ മൂലധനത്തെ സ്പർശിച്ചില്ലെന്നു മാത്രമല്ല ഒരു ചുരുങ്ങിയ സംഖ്യയെ അതിലേക്കു കിട്ടത്തക്കണ്ണം നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

പ്രദർശനം സിക്രട്ടറിയുടെ കണക്കിൻപ്രകാരം ആ വകയിൽ ആകെയുള്ള വരവ് 1769 ക. 5ണ 3 പൈ യും ചെലവ് 1550 ക. 8ണ. 7 പൈ യും ആകുന്നു. കഴിച്ചു 128 ക. 12ണ. 8 പൈ യും 7 ക. വീതം 42 ക. വിലയുള്ള 6 വെള്ളി മെഡലുകളും ബാക്കിയുണ്ട്. ഈ ബാക്കി പ്രദർശനം സിക്രട്ടറിയുടെ പക്കൽ തന്നെ ഇരിക്ക ആകുന്നു. ഈ ഭാരമേറിയ കൃത്യത്തിൽ അധികം യത്നിച്ചവരും ധനസഹായം ചെയ്തവരുമായ കൊല്ലത്തെ സമുദായ സഹോദരങ്ങളോടും വിശിഷ്യ അവിടത്തെ കമ്മിറ്റി ഭാരവാഹികളോടും യോഗം എപ്പോഴും നന്ദിയുള്ളതായിരിക്കേണ്ടതാകുന്നു. 300 ക. കല്പിച്ചു പ്രദർശന ഫണ്ടിലേക്കു സമ്മാനിച്ചു നമ്മെ പ്രോത്സാഹിപ്പിക്കയും പല പ്രകാരേണ നമ്മെ സഹായിക്കുകയും ചെയ്ത പൊന്നുതമ്പുരാൻ തിരുമനസ്സിലേയും അവിടത്തെ ഗുണമേറിയ ഗവൺമെൻറിന്റെയും നേർക്കു നാം എപ്പോഴും കൃതജ്ഞതരായിരിക്കേണ്ടതാണ്. നൂറ് ഉറുപ്പിക വീതം സമ്മാനിച്ചു നമ്മെ പ്രോത്സാഹിപ്പിച്ച, വിശദമായ പ്രജാവാത്സല്യത്തേയും സ്വദേശ സ്നേഹത്തേയും പ്രദർശിപ്പിച്ച, കൊച്ചി, മൈസൂർ ഈ രണ്ടു രാജ്യങ്ങളിലേയും പ്രഖ്യാതൻമാരായ രാജാക്കൻമാർക്കു നാം വളരെ കടപ്പെട്ടിരിക്കുന്നുണ്ട്. മ. രാ. രാ. ദിവാൻ വി. പി. മാധവരായർ അവർകളും മഹാ മഹിമ ശ്രീ വല്യ കോയിതമ്പുരാൻ തിരുമനസ്സുകൊണ്ട് ഈ മഹാമനസ്കൻമാരുടെ വലുതായ സൗജന്യത്തേയും നാം എപ്പോഴും ആദരപൂർവം സ്മരിക്കേണ്ടതാണ്. ഇതിൽ പല സമുദായത്തിലും ഉള്ള മറു പല മാന്യൻമാരും നമ്മെ ഹൃദയപൂർവം സഹായിച്ചിട്ടുണ്ട്. അടുത്ത പ്രദർശനം അധികം പൂർണ്ണതയോടും തൃപ്തികരമാംവണ്ണവും നടത്തി നമ്മോട് അനുകമ്പയുള്ള മേൽപ്പറഞ്ഞ മഹാൻമാരുടെ ഹാർദ്ദമായ അഭിനന്ദനത്തിനു പാത്രമാവാൻ നാം ഇനിയും ശ്രമിക്കേണ്ടതാകുന്നു.

Digitized By Kerala Sahitya Akademi

യോഗം പൊതുവിൽ

യോഗം രജിസ്തരിൽ തുലാമാസാവസാനം വരെ 765 അംഗങ്ങൾ ഉണ്ട്. 25 ക. ക്രമത്തിന്നു ഇവർ അകപ്പാടെ 1326 ഓഹരികൾ എടുത്തിട്ടുണ്ട്. പ്രവേശന ഫീസുംപ്പെടെ അതിന്നു സമ്മതിച്ചിട്ടുള്ളതു (ആഡിറ്റർമാരുടെ കണക്കിൻ പടി) ക. 33687 ആകുന്നു. ഇതിൽ അന്നുവരെ പിരിഞ്ഞു വന്നിട്ടുള്ള സംഖ്യ ക. 4908 ണ. 9 മാത്രമാണ്. 767 അംഗങ്ങളിൽ 621 പേർ മുന്നാണ്ടു പൊതുയോഗ ദിവസം വരെ ചേർന്നവരും ശേഷം 146 പേർ തന്നാണ്ടിൽ ചേർന്നവരും ആകുന്നു. ഈ നൂറിനാൽപ്പത്താറ് അംഗങ്ങൾ (25 ക. ക്രമത്തിന്) 228 ഓഹരികൾ എടുത്തിട്ടുണ്ട്. പ്രവേശന ഫീസ് ഉൾപ്പെടെ അവർ സമ്മതിച്ച തുക ക. 5746 ആണ്. മുന്നാണ്ട് 179 പേർ പുതുതായി ചേർന്നിരുന്നു അവരുടെ ഓഹരി ആകെ 336 വന്നു. സമ്മതിച്ച ക. ആകെ 8579 ആയിരുന്നു. താരതമ്യപ്പെടുത്തുമ്പോൾ ഈ കൊല്ലം 33 അംഗങ്ങളും 108 ഓഹരികളും, 2700 ക. യും കുറവായേ വന്നിട്ടുള്ളു. ഈ കുറവു ജന്മദിവസക്കു യോഗത്തിൽ ഉള്ള പ്രതിപത്തിയുടെ കുറവു കൊണ്ടല്ല, യോഗ കാര്യങ്ങളിൽ പ്രത്യേകം പ്രവർത്തിക്കേണ്ട ജനങ്ങളുടെ അഭാവം കൊണ്ടുണ്ടായതാണെന്നേ വിചാരിപ്പാൻ തരമുള്ളു. പല ചില്ലറ അശുദ്ധങ്ങളും തന്നാണ്ടത്തെ യോഗത്തിന്റെ അഭിവൃദ്ധിയെ കുറഞ്ഞൊന്നു തടഞ്ഞിട്ടും ഉണ്ട്.

വരവുചെലവുകൾ

ആഡിറ്റർമാരുടെ പൊതുബാക്കിപ്പത്രം ഇതുസഹിതം സമർപ്പിക്കുന്നതും അതിൽ വരവുചെലവു വിവരങ്ങൾ എല്ലാം ഉൾപ്പെടുന്നതും ആകയാൽ കഴിഞ്ഞ ഒരു കൊല്ലത്തെ ബാക്കിപ്പത്രം മാത്രം ഇവിടെച്ചേർക്കുന്നു.

1080 വൃശ്ചികം മുതൽ 1081 തുലാം വരെ ഉള്ള
വരവു ചെലവു കണക്കുകൾ

വരവ്

	ക	ണ	പ
മുൻബാക്കി	3	14	4
യോഗാംഗങ്ങളിൽനിന്നും തവണ വകയിൽ	2071	8	,,
വിവേകോദയം വകയിൽ	118	2	0
പലിശവകയിൽ	176	12	5
സംഭാവന	43	12	,,
വിവാഹ സംഭാവന	11	12	4
ക്ഷേത്രം വക	121	7	8

Digitized By Kerala Sahitya Akademi

	ക	ണ	പ
പാഠശാല	38	—	,,
പ്രദർശനം വക	27	,,	,,
അനാമത്ത്	13	4	,,
കടം വാങ്ങി	82	9	5
80 തുലാം അവസാനത്തിൽ കൂടുതൽ വരേണ്ടതുക.	1	,,	,,
ആകെ.	2709	2	2

ചെലവ്

	ക	ണ	പ
അരുവിപ്പുറത്തു വിശേഷാൽ പൊതുയോഗം കൂടുന്നവകയ്ക്ക് നോട്ടീസയച്ചതിനും പന്തലിട്ടതിനും കൂടി ചെലവ്	24	,,	,,
ക്ലർക്കുകൗക്കു ശമ്പളം	97	,,	,,
ആഫീസ് വാടക	60	,,	,,
തൂപ്പുകാർക്കു ശമ്പളം	1	6	6
ക്ഷേത്രവും മഠവുംവക	374	6	10
വ്യവഹാരച്ചെലവ്	201	,,	,,
വിവേകോദയം	392	9	8
സർക്യൂട്ട്	25	8	3
പാഠശാല	169	8	,,
സ്റ്റാമ്പ്, സ്റ്റേഷനറി, പ്രിൻറിംഗ് ചാർജ്, ഫർണിച്ചർ കമ്പിച്ചെലവ്	40	10	4
പ്രദർശനം	10		—
അനാമത്തു തിരെയ്ക്കൊടുത്ത	2	,,	,,
കടം വാങ്ങിയ വകയിൽ തിരെയ്ക്കൊടുത്ത	90	10	11
78 കുംഭത്തിലും 80 മകരത്തിലുംയോഗാംഗങ്ങളിൽ നിന്നുമുള്ളവരവിൽ കൂടുതൽ എഴുതിപ്പോയ വകയിൽ കുറയ്ക്കേണ്ടതാക.	2	11	,,
ആകെ	1541	7	6
ആകെവരവ്	2709	2	2
ആകെ ചെലവ്	1541	7	6
ബാക്കി	1167	10	8
ഇതിൽ പലിശ നടക്കുന്ന	1165	5	3
ബാക്കി	2	4	5

Digitized By Kerala Sahitya Akademi

ഇതിൽ വ്യവഹാരച്ചെലവായിക്കാണുന്ന ക. 201–ം വിവേകോദയം വകയ്ക്കു ചിലവു ക. 392 ണ. 9 പൈ 8–ം ലാഭത്തോടുകൂടി തിരിയെ വരുന്ന സംഖ്യകളാണ്. ഇതിൽ വിവേകോദയം വകയ്ക്കു തന്നാണ്ടിൽ തന്നെ 118 ക. പിരിഞ്ഞു വന്നിട്ടും ഉണ്ട്. പാഠശാല വകയ്ക്കുള്ള ക. 169 ണ. 8–ം പീസുവകയിൽ വരവു 38 ക. യും കഴിച്ചു ബാക്കി ക. 131 ണ. 8–ം ക്ലർക്കിന്റെ ശമ്പളവും ആഫീസ് വാടകയും കൂടി ക. 157–ം കൂടി 288 ക. 8 ണ. ആണ്. ഈ വല്യ തുകകൾ കഴിച്ചാൽ ബാക്കിയുള്ള ചെലവുകൾ നിസ്സാരങ്ങളാണ്. അനേക റിക്കാർഡുകളിലും ദിവസം പ്രതിയും പൊതുയോഗാവസരങ്ങളിൽ പ്രത്യേകിച്ചും ഉള്ള വലുതായ സ്റ്റേഷനറി, പോസ്റ്റേജ്, അഞ്ചൽ, കമ്പി മുതലായ ചെലവുകളും റസീറുകൾ മറ്റു ഫാറങ്ങൾ മുതലായവയുടെ അച്ചടി, കടലാസ്, ബയൻഡിംഗ് ചാർജ് മുതലായതും പലപ്പോഴും ആവശ്യപ്പെടുന്നതും ഒഴിച്ചു കൂടാത്തതും ആകയാൽ അതിന്റെ വകയ്ക്കും സാമാന്യം വലുതായ ഒരു സംഖ്യ ചെലവായിപ്പോകുന്നു. അത് ഒഴിപ്പാൻ പാടില്ലാത്തതും യോഗത്തിന്റെ നിലനില്പും വളർച്ചയും ഏറ്റവും അതിനെ ആശ്രയിച്ചിരിക്കുന്നതും ആകുന്നു.

ക്ഷേത്രവും മഠവും വക ചെലവുകളായി കാണുന്ന വല്യതുക അരുവിപ്പുറത്തു വടക്കേ മഠത്തിന്റെ ചെലവു വകയിൽ ബാക്കികൊടുത്തു തീർപ്പാനുണ്ടായിരുന്ന ചില സംഖ്യകളെ കൊടുത്തു തീർത്തതും ഉത്സവം വകയ്ക്കു ചെലവായതും ആകുന്നു. അതു കോവിൽ വക വരവിൽ നിന്നും കഴിച്ചു നോക്കുമ്പോൾ മിതമായിരിക്കുന്നു. ഇപ്രകാരം കാണപ്പെടുന്ന എല്ലാ ചെലവുകളും യോഗത്തിന്റെ ഒഴിച്ചുകൂടാത്ത ആവശ്യങ്ങളെ സംബന്ധിച്ചവയല്ലാതെ ഇന്നുവരെ മറ്റൊരു പ്രകാരത്തിൽ ആയിട്ടില്ലാത്തതും അവയ്ക്കെല്ലാം വിശദമായും തൃപ്തികരമായും കണക്കുകൾ സൂക്ഷിച്ചിട്ടുള്ളതും ആകുന്നു.

യോഗം ഉത്തരോത്തരം വളർന്നുകൊണ്ടും വളർച്ചയ്ക്കായി എല്ലാവരുടേയും പല പ്രകാരേണയുള്ള സഹായത്തെ നിരന്തരം പ്രതീക്ഷിച്ചുകൊണ്ടും ഇരിക്കുക ആകുന്നു. സമുദായത്തിന്റെ പ്രതിനിധി സ്ഥാനത്തിൽ യോഗം രാജ്യഭരണസംബന്ധമായും സാമുദായികമായും മറ്റും അപ്പോളപ്പോൾ ചെയ്തുവരുന്ന ഗണ്യങ്ങളായ പല പ്രവൃത്തികളും വിവേകോദയം മുഖേന പലരും അറിഞ്ഞിട്ടുള്ളതാകയാൽ അവയെ ഓരോന്നായി എടുത്തു പറഞ്ഞു ദീർഘിപ്പിക്കുവാൻ വിചാരിക്കുന്നില്ല. നമ്മുടെ സമുദായത്തിനു ശ്രീനാരായണ ധർമ്മപരിപാലനയോഗം ഇപ്പോൾ ഒഴിച്ചുകൂടാത്ത ഒരു സാഹായ്യമായി തീർന്നിട്ടുണ്ട്. തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിൽ യോഗത്തിൽ നിന്നും പ്രതിനിധിയെ അയയ്ക്കുകയും വിദ്യാഭ്യാസ സംബന്ധമായും മറ്റും സമുദായത്തിനുള്ള സങ്കടങ്ങളെ സഭയുടെ ഗൗരവമേറിയ ശ്രദ്ധയ്ക്കു വിഷയമാക്കുകയും ചെയ്തിട്ടുണ്ട്. പൂർണ്ണമായ വ്യവസ്ഥയിൽ എത്തീട്ടില്ലെ

Digitized By Kerala Sahitya Akademi

ങ്കിലും പ്രാസംഗികൻമാരേയും ഏജൻറൻമാരേയും ഏർപ്പെടുത്തി പല സ്ഥലങ്ങളിലും സമാജങ്ങളെ ഉറപ്പിച്ചുവരികയും സമാജങ്ങളുടെ കീഴിൽ പ്രൈമറി സ്കൂളുകളെ സ്ഥാപിപ്പാൻ പ്രോത്സാഹിച്ചു വരികയും ചെയ്യുന്നുണ്ട്. തൊഴിലുകളിൽ ജനങ്ങൾക്ക് അഭിരുചിയെ വർദ്ധിപ്പിക്കുകയും അടിയന്ത്രാദികളിലുള്ള അനാവശ്യച്ചെലവുകളെ നിർത്തൽ ചെയ്യുകയും ആചാരനടപടികളെ പരിഷ്കരിച്ചു ഭംഗിയാക്കുകയും ചെയ്യുന്നുണ്ട്. എന്നുവേണ്ട സമുദായത്തിനുവേണ്ടി പൊതുവിൽ ഏതെങ്കിലും പ്രവർത്തിക്കുന്നതിനു യോഗം അതിന്റെ ഇന്നത്തെ നിലയിൽതന്നെ ഉത്തരോത്തരം ബലവത്തരമായി വളർന്നുവരുന്ന ഒരു വല്യസാമഗ്രിയായി തീർന്നിട്ടുണ്ടെന്നു നമുക്കു ന്യായമായും കരുതാവുന്നതാണ്.

കഴിഞ്ഞ ആഗസ്റ്റുമാസം ഇടയ്ക്ക് സിക്രട്ടറിചെയ്ത സർക്യൂട്ടിൽ മലബാറിലുള്ള സ്വജാതീയരായ പല മാന്യൻമാരെയും കാണുകയും, യോഗത്തിന്റെ ഉദ്ദേശ്യങ്ങളെയും പ്രവൃത്തികളേയും പറഞ്ഞറിയിക്കുകയും ചെയ്തു. അതിന്റെ ഫലമായി തലശ്ശേരിയിൽ ഇപ്പോൾ ഒരു 'ശ്രീജ്ഞാനോദയ സമാജം' ഏർപ്പെട്ടു പ്രവൃത്തികൾ നടന്നുവരുന്നു എന്നു മാത്രമല്ല അവിടത്തെപ്രമാണികളായ പല യോഗ്യൻമാരുടെയും സമുദായസ്നേഹജന്യമായ വിലയേറിയ പലസഹകരണങ്ങൾക്കും യോഗം പാത്രീഭവിക്കുകയും ചെയ്യുന്നുണ്ട്. ഈ സഹകരണം യോഗത്തിനു പ്രതീക്ഷിക്കപ്പെട്ടിരുന്നതാണെങ്കിലും ചിലർ വിചാരിക്കുന്നതിനേക്കാൾ അധികം ശക്തിയേയും വിജയത്തേയും ഉണ്ടാക്കുവാൻ നിശ്ചയമായും കാരണമായിത്തീരാവുന്നതാണ്. നമ്മുടെ അപേക്ഷയെ ദയാപൂർവം സ്വീകരിച്ചു പല അസൗകര്യങ്ങളേയും തലശ്ശേരിയിൽനിന്നും ഇതുവരെ ഉള്ള യാത്രാക്ലേശങ്ങളെയും സഹിച്ച് ഇന്നിവിടെ സന്നിഹിതനായി അഗ്രാസനത്തെ അലങ്കരിക്കുന്ന മാന്യനായ മ. രാ. രാ. കൊറ്റയത്തുരാമുണ്ണി വക്കീൽ അവർകളുടേയും, മലബാറിലെ മറ്റു മാന്യൻമാരുടേയും വിലയേറിയ സാന്നിദ്ധ്യംതന്നെ ആ സഹകരണത്തിന്റെ ഒരു ഉത്തമ ദൃഷ്ടാന്തമാണല്ലോ. ഒഴിച്ചുകൂടാത്തതും പരിതാപകരങ്ങളുമായ അനേക പ്രതിബന്ധങ്ങളെ അശേഷം ഗണ്യമാക്കാതെ പ്രതിക്ഷണം വർദ്ധിച്ചു വരുന്ന മമതയോടുകൂടി മൈസൂരിൽ നിന്നും വന്ന് ഇവിടെ സന്നിഹിതനായിരിക്കുന്ന സമുദായക്ഷേമൈകനിരതനായ ഡാക്ടർ പല്പു അവർകളുടെയും, സാന്നിദ്ധ്യം കൊണ്ടില്ലെങ്കിലും ഹൃദയംകൊണ്ട് ഇപ്പോഴും നമ്മെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്ന മഹാത്മാവായ ബ്രഹ്മ ശ്രീ നാരായണഗുരുസ്വാമി അവർകളുടേയും ഈ യത്നം വിഫലമായിപ്പോവാൻ പ്രയാസമായിട്ടുള്ളതാകുന്നു. നമ്മുടെ യോഗത്തെ അധികം ശക്തിമത്തും അധികം പ്രയോജകരവും ആക്കിത്തീർപ്പാൻ ഇനി വളരെ എളുപ്പമുണ്ടെന്നു മാത്രം പറഞ്ഞുകൊണ്ടു തൽക്കാലം ഞാൻ ഈ റിപ്പോർട്ടിനെ കണക്കു പരിശോധകൻമാരുടെ ബാക്കിപ്പത്ര സഹിതം സമർപ്പിക്കുന്നു. ഒഴിച്ചുകൂടാത്ത കാര്യാന്തരവ്യഗ്രതയോ എന്റെ അപ്രാപ്തിയോ നിമിത്തം എനിക്ക് ഈ റിപ്പോർട്ടു തയാറാക്കുന്നതിൽ

Digitized By Kerala Sahitya Akademi

വന്നുപോകാൻ ഇടയുള്ള സംഖലിതങ്ങളേയും അപൂർണ്ണതകളേയും. മാന്യ സ്വജനങ്ങൾ ക്ഷമിക്കണമെന്ന് അപേക്ഷിച്ചു കൊള്ളുന്നു.

സിക്രട്ടറി, എൻ. കുമാരൻ ആശാൻ

വിവേ: 1081 ധനു

III

1082 മീനം 16–ം 17–ം (1907 മാർച്ച് 29–ം 30–ം) നു കളിൽ കണ്ണൂർ മുനിസിപ്പൽ ഹൈസ്കൂളിൽ വച്ചു കൂടിയ 4–ാം എസ്.എൻ.ഡി.പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട്.

മാന്യരേ!

ഈ കൂടിയിരിക്കുന്ന ശ്രീ നാരായണ ധർമ്മപരിപാലന യോഗത്തിന്റെ നാലാമത്തെ വാർഷിക പൊതുയോഗത്തിൽ നിങ്ങളുടെ അനുവാദപ്രകാരം പതിവുപോലെ എന്റെ റിപ്പോർട്ടിനെ സമർപ്പിക്കേണ്ടിയിരിക്കുന്നു. അറിയപ്പെട്ടിട്ടുള്ള പലേ വലിയ സ്ഥാപനങ്ങളുടെ എന്നപോലെ നമ്മളുടെ ഈ മഹാ യോഗത്തിന്റേയും പ്രാരംഭം അതിന്റെ ഉദ്ദേശങ്ങളുടെ ഗൗരവം കൊണ്ടു മാത്രമേ വലുതായിരുന്നുള്ളു. വന്ദ്യരായ ബ്രഹ്മ ശ്രീ നാരായണ ഗുരുസ്വാമി അവർകളുടെ അനുഗ്രഹത്തിലും. സ്ഥിരാദ്ധ്യക്ഷതയിലുമാണ് ഈ യോഗം സ്ഥിതിചെയ്യുന്നതെന്നും അദ്ദേഹത്തിന്റെ പരിശുദ്ധ നാമത്തിൽ തന്നെയാണ് ഇൻഡ്യൻ കമ്പനി ആക്ററ് അനുസരിച്ചു തിരുവിതാംകൂറിൽ ഈ യോഗം രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നും ഉള്ള വസ്തുത പ്രസിദ്ധമാണല്ലൊ. ചെറിയ കുന്നുകളും കാടും മനോഹരമായി ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു നദിയും സ്വാമി അവർകളാൽ 20 കൊല്ലങ്ങൾക്കു മുമ്പ് ആദ്യമായി പ്രതിഷ്ഠിക്കപ്പെട്ട സാന്നിദ്ധ്യമേറിയ ഒരു ദേവാലയവും അല്ലാതെ പറയത്തക്ക പ്രാധാന്യമുള്ള വേറൊന്നുമില്ലാത്ത അരുവിപ്പുറത്ത് (ദക്ഷിണ തിരുവിതാംകൂറിലെ ഒരു ഉൾനാട്ടിൽ) പ്രസ്തുത ക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവം സംബന്ധിച്ചു കൊല്ല വർഷം 1079 മകരം 30, കുംഭം 1 ഈ തീയതികളിൽ ആണ് ഇതിന്റെ ആദ്യ വാർഷിക പൊതുയോഗം കൂടിയത്. രണ്ടാമത്തെ വാർഷിക പൊതുയോഗം തിരുവിതാംകൂറിലെ ഒരു പ്രധാന നഗരവും തുറമുഖവുമായ കൊല്ലത്തു വച്ച് 1080 ധനു 23–ം 24–ം തീയതികളിൽ ഒരു വ്യവസായ പ്രദർശനത്തോടും സാഹിത്യ പരീക്ഷയോടും കൂടി വിജയപൂർണ്ണമാംവണ്ണം നടത്തപ്പെട്ടു. മൂന്നാമത്തെ യോഗം ആലപ്പുഴ നഗരത്തിൽ വച്ചു 1905 ഡിസംബർ 29, 30, 31 ഈ തീയതികളിൽ വളരെ വിജയവത്തായും മംഗളമമായും കഴിഞ്ഞു. ഈ യോഗം മുതലാണ് വടക്കെ മലയാളത്തിലെ സ്വജനങ്ങൾ

Digitized By Kerala Sahitya Akademi

ഇതിനെ സഹകരിപ്പാൻ പുറപ്പെട്ടത്. യോഗത്തിന്റെ പ്രാരംഭം എത്രത്തോളം അപൂർണ്ണമായിരുന്നു എങ്കിലും അതിന്നു കേരളം മുഴുവൻ ഉള്ള വ്യാപ്തി പ്രതീക്ഷിക്കപ്പെട്ടിരുന്നു. പശ്ചിമ തീരത്തിൽ സംഖ്യകൊണ്ടു ഒന്നാമത്തെ ജനസമുദായമായ നമുക്ക് ഐകമത്യ പൂർവമായ സഹകരണം കൊണ്ടു സിദ്ധിക്കാവുന്ന ഐശ്വര്യാഭിവൃദ്ധിയും ഔന്നത്യവും ശക്തിയും ആണ് ഇതിന്റെ പ്രവർത്തകൻമാരുടെ നോട്ടത്തിൽ എപ്പോഴും സ്ഥിതി ചെയ്യുന്നത്. കേരളത്തിന്റെ ഏറ്റവും തെക്കേ അറ്റത്ത് ആരംഭിച്ച് ഈ യോഗം ക്രമേണ വളർന്ന് ഈ അല്പകാലത്തിനുള്ളിൽ വടക്കേ അറ്റത്ത് എത്തുകയും അതിന്റെ നാലാമത്തെ വാർഷികയോഗം ഇത്ര കേമമാംവണ്ണം ഇവിടെ കൂടുകയും ചെയ്വാൻ ഇടയായതു നമ്മുടെ നാട്ടിൽ ഏതാദൃശമായ വേറൊരു സംഘത്തിനും സാധിച്ചിട്ടില്ലാത്ത വിജയമാകയാൽ അതിൻമേൽ നിശ്ചയമായും നമുക്കു നമ്മെ തന്നെ അഭിനന്ദിപ്പാൻ വകയുണ്ട്. ചൊറുതായിരുന്നു എങ്കിലും സ്തുത്യർഹമായി അവസാനിച്ച കൊല്ലത്തെ വ്യവസായ പ്രദർശനം കഴിഞ്ഞശേഷം അതിനേക്കാൾ മഹത്തരമായ ഒരു പ്രദർശനം നടത്താൻ യോഗം ആഗ്രഹിക്കുകയും കഴിഞ്ഞ കൊല്ലത്തിൽ പല അസൗകര്യങ്ങളാൽ സാധിക്കാതെ മാറ്റിവയ്ക്കേണ്ടി വരികയും ചെയ്തിട്ടുണ്ടായിരുന്നു. വിചാരിച്ചിരുന്നതിനേക്കാൾ വലുതായും തൃപ്തികരമായും ഉള്ള വിധത്തിൽ ഇതോടൊന്നിച്ചു തുറക്കപ്പെട്ടിരിക്കുന്ന കൃഷി വ്യവസായ പ്രദർശനം യോഗത്തിന്റെ ആ പ്രതീക്ഷയേയും വേണ്ടവണ്ണം നിറവേറ്റിയിരിക്കുന്നു എന്നു കാണുന്നത് യോഗത്തിനും അതിന്റെ പ്രവർത്തകൻമാർക്കും മാത്രമല്ല നമ്മുടെ 14 ലക്ഷം ഹൃദയങ്ങൾക്കും ഇന്ന് അന്യാദൃശമായ ചാരിതാർത്ഥ്യത്തേയും സന്തോഷത്തേയും ജനിപ്പിക്കുന്ന ഒന്നാണ്. ഇവയെല്ലാം നമ്മുടെ യോഗത്തിൽ സർവദാ മുമ്പിട്ടു നില്ക്കുന്ന ഈശ്വരാനുകൂല്യത്തിന്റെയും മഹാത്മാവായ ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി അവർകളുടെ അനുഗ്രഹ ശക്തിയുടെയും സൽഫലങ്ങളെ വിളിച്ചു പറയുന്നവയും പ്രവർത്തകൻമാർക്ക് ഉത്തരോത്തരം ഉത്സാഹത്തേയും ധൈര്യത്തേയും ജനിപ്പിക്കുന്നവയും ആകുന്നു. തിരുവിതാംകൂർ, കൊച്ചി, വടക്കേ മലയാളം, തെക്കെ മലയാളം ഈ എല്ലാ രാജ്യങ്ങളിലും ഉള്ള നമ്മുടെ അനേകലക്ഷം കുടുംബങ്ങൾ അവയുടെ സാമുദായികമായ യോഗക്ഷേമമാർഗത്തെ പര്യാലോചിപ്പാനായി ഇന്നിവിടെക്കൂടിയിരിക്കുന്ന ഈ യോഗത്തിന്റെ വിജയത്തെ ആശംസയോടുകൂടി പ്രതീക്ഷിക്കുന്നു എന്നുള്ള വസ്തുതയും ഈ അവസരത്തിൽ നാം സസ്നേഹം സ്മരിക്കേണ്ടതാകുന്നു.

വരവു ചെലവുകണക്ക്

കഴിഞ്ഞ കൊല്ലത്തെ പൊതുയോഗത്തിൽ, 1081-തുലാം 30-ാം തീയതി വരെയുള്ള യോഗം വക കണക്കുകൾ പരിശോധിച്ച് എഴുതി തീർത്ത പത്രം പാസ്സാക്കിയിട്ടുണ്ട്. ഈ കൊല്ലത്തെ പ്രദർശനത്തിന്റെ ആവശ്യത്തിലേക്കായി യോഗം നീട്ടിവയ്ക്കേണ്ടതായി വന്നു എങ്കിലും കമ്പനി രജിസ്ട്രാർക്ക് കണക്കയയ്ക്കുന്നതിന്റെയും മറ്റും സൗകര്യത്തെ അനുസ

Digitized By Kerala Sahitya Akademi

രിച്ച് 1906 ഡിസംബർ 31–ാം തീയതി / 1082 ധനു 16–ാം തീയതി വരെ മാത്രമുള്ള 13 മാസത്തെ കണക്കുകൾ പരിശോധിച്ചെഴുതിയ ബാക്കിപ്പത്രമാണ് ഇപ്പോൾ പാസ്സാക്കാൻ തയ്യാറാക്കീട്ടുള്ളത്. ഇത് മുൻ പാസ്സാക്കിയ കണക്കിൻ പ്രകാരം ആഫീസിൽ ബാക്കിയിരിപ്പുണ്ടായിരുന്ന 2 ക. 4 ണ. 5 പൈ. കൊണ്ട് ആരംഭിക്കുകയും ഡിസംബർ അവസാനത്തിൽ മേല്പ്രകാരം ബാക്കികാണുന്ന 5 ക. 2 ണ. 4 പൈ. കൊണ്ട് അവസാനിക്കുകയും ചെയ്യുന്ന 2700 ക. 8 ണ. 4 പൈ.യുടെ വരവും 2697 ക. 10 ണ 5 പൈയുടെ ചെലവും അടങ്ങിയ ഒരു കണക്കാകുന്നു.

യോഗാംഗങ്ങളിൽ നിന്നും പിരിഞ്ഞുള്ള വരവ് മുൻ കൊല്ലത്തിൽ 2051 ക. 8 ണ. ആയിരുന്നു. പ്രസ്തുത കൊല്ലത്തിൽ ഈ വകുപ്പിൽ കാണുന്ന വലുതായ കുറവിന് (1033 ക. 8 ണ. മാത്രമാണു വരവ്) പല കാരണങ്ങൾ ഉണ്ട്. മുൻ കൊല്ലത്തിൽ പ്രദർശനം സംബന്ധിച്ച് യോഗാംഗങ്ങളിൽ മിക്കവാറും പേർ പൊതുയോഗത്തിൽ ഹാജരാകുകയും അപ്രകാരം പണങ്ങൾ കൊണ്ടുവരാൻ അവർ നിർബന്ധിക്കപ്പെടുകയും ചെയ്തു. പ്രസ്തുത കൊല്ലത്തിൽ അപ്രകാരമുള്ള ആകർഷണങ്ങൾ ഒന്നും ഇല്ലായിരുന്നു. വിശേഷിച്ച് ആലപ്പുഴ വച്ചു കഴിഞ്ഞ പൊതുയോഗത്തിൽ ദൂരം നിമിത്തം തെക്കുനിന്ന് അധികം അംഗങ്ങൾ സംബന്ധിച്ചിരുന്നില്ല. ആഫീസിൽ പൂർവ്വാധികമായി വർദ്ധിച്ച ജോലി നിമിത്തം പുറത്തുപോയി അംഗങ്ങളോടു പണം പിരിക്കുകയോ അവരെ പണം അടയ്ക്കുന്ന വിഷയത്തിൽ ഉത്സാഹിപ്പിക്കുകയോ ചെയ്വാൻ സെക്രട്ടറിക്ക് വേണ്ടവണ്ണം ഇടയുണ്ടായുമിരുന്നില്ല. ഇതിന്നു പുറമെ ഈ വക സംഗതികളിൽ ജനങ്ങൾക്കു സഹജമായി കാണുന്ന ഒരു ആലസ്യവും ഈ കുറവിനു കാരണമായിതീർന്നിട്ടുണ്ടെന്നുള്ളതു വിസ്മരിക്കത്തക്കതല്ല. വിവേകോദയം വക വരവ് മുൻ കൊല്ലത്തിൽ 118 ക. 2 ണ. മാത്രമായിരുന്നു. പ്രസ്തുത വർഷത്തിൽ 232–ൽ ചിലവാനം ഉറുപ്പിക പിരിഞ്ഞിരിക്കുന്നു. ഈയിടെ വരിപിരിപ്പാൻ പ്രത്യേകം ഏർപ്പാടുകൾ ചെയ്തിരിക്കുന്നതിനാൽ മേലാൽ ഇതിനേക്കാൾ തൃപ്തികരമായിരിക്കുമെന്നും വിചാരിപ്പാൻ ന്യായമുണ്ട്. പലിശയായി 1063–ൽ ചിലവാനം ഉറുപ്പിക ഇംഗ്ലീഷ് വർഷാവസാനത്തിൽ അതായതു പലിശക്കാരുടെ കണക്കിൽ പറഴുതിയതാകുന്നു.

ചെലവ്–നല്ലപെരുമാൾ സ്വാമിക്ക് ചെലവിനു കൊടുത്തതായി കാണുന്ന 254–ൽ ചിലവാനം ഉറുപ്പിക ഈ കൊല്ലത്തെ കണക്കിൽ ഒരു പുതിയ ഇനമായി തോന്നും. ഇതു കഴിഞ്ഞ തവണകളിലെ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ടായിരുന്നതും മൂന്നു കൊല്ലങ്ങൾക്കു മുൻപു തുടങ്ങി പ്രതിമാസം 7 ഉറുപ്പിക വീതം സ്വാമികല്പന പ്രകാരം ടി സ്വാമിയാർക്ക് കൺട്രാക്റ്റർ മിസ്റ്റർ കൃഷ്ണൻ മാത്താർണ്ഡൻ പലിശയിൽ വക വച്ച് കൊടുത്തു കൊണ്ടിരുന്നതിനെ ഇപ്പോൾ കണക്കിൽ കൊണ്ടു വന്നിട്ടുള്ളതുമാകുന്നു. ഈ സ്വാമിയാരാണ് ഇപ്പോൾ വ്യവഹാരത്തിൽ ഇരിക്കുന്നതും മറ്റുമായി നാഗർകോവിലിലുള്ള 20000–ഉറുപ്പിക

Digitized By Kerala Sahitya Akademi

മോളം വില പിടിക്കുന്ന വസ്തുക്കളെ നമ്മുടെ സ്വാമി അവർകളുടെ പേർക്ക് ധർമ്മമായിട്ടായി കൊടുത്തിട്ടുള്ളത്. വ്യവഹാരച്ചെലവായി കാണുന്ന 136-ൽ ചിലവാനം ഉറുപ്പികയിൽ 114 ഉറുപ്പിക കഴിഞ്ഞ തവണത്തെ റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്ന പ്രകാരം ഹൈക്കോടതിയുടെ ഉത്തരവിൻമേൽ നാഗർകോവിലിലെ ധർമ്മ സത്തിന്റെ ഒറ്റി ഒഴിപ്പിക്കുന്ന വ്യവഹാരത്തിൽ ചെലവ് വകവച്ചു കൊടുത്തിട്ടുള്ളതും ശേഷം കമ്മിഷൻ മുഖേന സ്വാമി അവർകളുടെ മൊഴി വാങ്ങിയതിനേയും മറ്റും സംബന്ധിച്ചുള്ള ചില്ലറ ചെലവുകളുമാകുന്നു. വിവേകോദയം വക ചെലവ് രണ്ടു കൊല്ലങ്ങളിലും തുല്യമായിരിക്കുന്നു. ക്ഷേത്രവും മഠവും വകയായ ചെലവ് മുൻ കൊല്ലത്തിൽ 374-ൽ ചിലവാനം ഉറുപ്പികയും പ്രസ്തുത വർഷത്തിൽ 187-ൽ ചിലവാനം ഉറുപ്പികയും ആകുന്നു. ഈ ചെലവ് ഇത്ര കുറഞ്ഞു കാണുന്നത് കെട്ടിടം വകയായി കൊടുത്തു തീർക്കാനുണ്ടായിരുന്ന പണത്തിന്റെ സംഖ്യ പ്രസ്തുത കൊല്ലത്തിൽ മുൻ കൊല്ലത്തോളം ഇല്ലായിരുന്നതിനാലും ഉത്സവച്ചെലവുകൾക്ക് പ്രത്യേകം ജനങ്ങളിൽ നിന്നു സഹായം ലഭിച്ചതുകൊണ്ടുമാകുന്നു. സംസ്കൃത പാഠശാല വക്ക് മുൻ കൊല്ലത്തിൽ 169 ക. 8 ണ. ചെലവും 38 ക. വരവും പ്രസ്താവ വർഷത്തിൽ 25 ക. 8 ണ. ചെലവു മാത്രവുമായി കാണുന്നു. ഇത് വർക്കല ശിവഗിരി മഠത്തിൽ പാഠശാല സ്ഥാപിച്ചിരുന്നപ്പോൾ സ്വാമി അവർകളുടെ കല്പന പ്രകാരം പ്രതിമാസം 5 ക. വീതം സാഹായിക ധനം മാത്രം കൊടുത്തിരുന്ന വ്യവസ്ഥയനുസരിച്ചുണ്ടായ വ്യത്യാസം ആകുന്നു. കഴിഞ്ഞ മേടം മുതൽ സംസ്കൃത പാഠശാല കൊല്ലത്തിനടുത്ത ചാത്തന്നൂരേക്ക് സ്വാമി അവർകളുടെ ആജ്ഞപ്രകാരം മാറ്റി ഇട്ടിരിക്കുകയും ഇപ്പോൾ അതിന്റെ ചെലവ് വരവുകൊണ്ടു തന്നെ കഴിഞ്ഞു കൂടുകയും ചെയ്യുന്നു.

കഴിഞ്ഞ കൊല്ലത്തിൽ സർക്കീട്ടു ചെലവു ക. 15-ൽ ചിലവാനവും പ്രസ്തുത കൊല്ലത്തിൽ 61-ൽ ചിലവാനവും ആണെന്നു കാണുന്നു. ഇതിൽ ആലപ്പുഴ വച്ചു നടന്ന പൊതുയോഗത്തിൽ ക്ലാർക്കും ഖജാൻജിയും ആഫീസുവക റിക്കാർഡു കൊണ്ടുപോയി താമസിച്ചു മടങ്ങി എത്തിയ വകയിൽ അവരുടെ ലിസ്റ്റിൻപടിയുള്ള ക. 22-ൽ ചിലവാനം കഴിച്ച് 37ക. യിൽ ചിലവാനം സെക്രട്ടറിയുടെ സർക്കീട്ടു ചെലവാകുന്നു. പൊതുയോഗത്തിനായി ആലപ്പുഴ പോയി താമസിച്ചതും ഈ പൊതുയോഗത്തിന്റെ പ്രാരംഭയോഗത്തിനായും മറ്റും രണ്ടുതവണ തലശ്ശേരി വരെയും കൊച്ചി, പള്ളിപ്രം, കാർത്തികപ്പള്ളി മുതലായ സ്ഥലങ്ങളിലും സഞ്ചരിക്കുകയും നെയ്യാറ്റിൻകര, വർക്കല മുതലായ സ്ഥലങ്ങളിൽ വളരെ പ്രാവശ്യം കാര്യവശാൽ പോയി വരികയും മറ്റും ചെയ്തിട്ടുള്ളതിന്റെ വകയ്ക്കുള്ള 13 മാസത്തെ ചെലവുകളും എല്ലാം ഇതിൽ ഉൾപ്പെടുന്നു. ഇതു കൂടാതെ 19 ഉറുപ്പികയിൽ ചിലവാനം സെക്രട്ടറിയുടെ സ്വന്ത ചെലവായി കാണുന്നു. വകയിൽ സെക്രട്ടറി ചെലവാക്കിയിരിക്കുന്ന 57-ൽ ചിലവാനം ഉറുപ്പിക സെക്രട്ടറിയുടെ സ്വമേധയായുള്ള ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള

Digitized By Kerala Sahitya Akademi

100 ഉറുപ്പികയിൽ നിന്നു കഴിച്ചാൽ 42 ഉറുപ്പികയിൽ ചിലവാനം യോഗത്തിനു നീക്കിവച്ചിരിക്കയാകുന്നു. സ്റ്റാമ്പ്, സ്റ്റേഷനറി, അച്ചടിക്കൂലി മുതലായ ഇനത്തിൽ 84 ഉറുപ്പികയോളം ചെലവുകാണുന്നു. ഇത് മുൻ കൊല്ലത്തിലേതിനോടു മിക്കവാറും തുല്യമാകുന്നു.

ആകെ മുൻകൊല്ലത്തിൽ എഴുതിത്തീർത്ത കണക്കിൻപടി പലിശ നടക്കുന്ന ക. 4131–4-0 ആയിരുന്നു. പ്രസ്തുത വർഷത്തിൽ 4860–3–11 മുതലും 416–12–2 പലിശ വരേണ്ടതായി പലിശക്കാരുടെ കണക്കിൽ ചേർത്തതുംപ്പെടെ, 5277–5–1 പലിശ നടക്കേണ്ടതായിരിക്കുണ്ട്. ഈ വകയ്ക്ക് പലിശക്കാർ അദ്ധ്യക്ഷനായ സ്വാമി അവർകളുടെ പേർക്ക് എഴുതിത്തന്നിട്ടുള്ള പ്രമാണങ്ങൾ ഏറ്റവും തൃപ്തികരമായിട്ടുള്ളവയാണ". പ്രസ്തുത വർഷത്തിൽ യോഗാംഗങ്ങളിൽനിന്നു പിരിവ് മുൻകൊല്ലത്തേതിനെ അപേക്ഷിച്ചു വളരെ കുറവായിരുന്നിട്ടും ആഫീസ് പ്രവൃത്തികം പൂർവാധികമായി വർദ്ധിച്ചതോടുകൂടി ആവക ചെലവിൽ കുറേ കൂടുതൽ ഉണ്ടായിരുന്നിട്ടും, ആകപ്പാടെ ചെലവ് മൂലധനത്തെ ബാധിച്ചിട്ടില്ലെന്നു മാത്രമല്ല, മൂലധനത്തിന്റെ വളർച്ചയ്ക്ക് മുൻകൊല്ലത്തെ ക്രമത്തിൽ നിന്നു പറയത്തക്ക ന്യൂനതപോലും സംഭവിച്ചിട്ടില്ലെന്നു കാണുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു. ഈ 5277–ൽ ചിലവാനത്തിനു പുറമെ നാഗരുകോവിലിലെ സ്വത്തിൻമേലുള്ള വ്യവഹാരത്തിനു ചെലവു ചെയ്ത തു• അതിന്റെ ദാതാവായ നല്ല പെരുമാൾ സ്വാമിയാർക്ക് ചെലവിനു കൊടുത്തതുമായി ടി വസ്തുവിൻമേൽ ചുമത്തപ്പെടേണ്ടതായിരിക്കുന്ന ക. 797, ആഫീസ് സാമാനങ്ങളുടെ വില 135 ക. കെട്ടിടം, പാമ്പ്, നിലം മുതലായ സ്ഥാവര സ്വത്തുക്കൾക്കുള്ള ഉദ്ദേശവിലയായി 41177 ക., വിവേകോദയം വരി പിരിഞ്ഞു കിട്ടേണ്ടതായി ക. 2091., ബാക്കി പത്രത്തിൽ കാണിച്ചിട്ടുള്ള മററു ചില്ലറ ഇനങ്ങളുമായി 49487–ൽ ചിലവാനം ഉറുപ്പിക 1906 ഡിസംബർ അവസാനംവരെ ഈ ബാക്കി പത്രത്തിൻപടി യോഗത്തിന്റെ മൂലധനമായി കാണുന്നു. ഇതിന്റെ നിഷ്കൃഷ്ടമായ വിവരങ്ങൾ കണക്കു പരിശോധകൻമാർ പരിശോധിച്ച് സാക്ഷിപ്പെടുത്തി അയച്ചിട്ടുള്ളതും ഞാൻ ഇതു സഹിതം സമർപ്പിക്കുന്നതുമായ വാർഷിക ബാക്കി പത്രത്തിൽ കാണുന്നതുമാണ്. മുൻ കൊല്ലത്തെ കണക്കിൻപടി ആകെയുള്ള സംഖ്യ 45414–ൽ ചിലവാനം ഉറുപ്പിക ആയിരുന്നു. പ്രസ്തുത വർഷത്തിൽ അധികപ്പെട്ടു കാണുന്ന 4073–ൽ ചിലവാനം ക. മുൻകൊല്ലത്തിൽ വിവേകോദയം വക പിരിഞ്ഞു കിട്ടേണ്ടതും പലിശയിൽ പിരിഞ്ഞു വരേണ്ടതുമായ സംഖ്യകളെ പ്രസ്തുത വർഷത്തിൽ കണക്കിൽ കൊണ്ടുവന്നതും പ്രസ്തുത കൊല്ലത്തിൽ ചെലവു കഴിച്ചു ബാക്കി വന്ന സംഖ്യയും ചേർന്നുണ്ടായതാകുന്നു. ഇതിനു പുറമേ സ്ഥാവരസ്വത്തുക്കളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തേണ്ടതായ പെരിങ്ങോട്ടുകര മാപ്പിസ്പിന്റെ വില ഉറുപ്പിക 1100–ം യോഗാംഗങ്ങൾ താൻ സമ്മതിച്ചിട്ടുള്ള ഉറുപ്പിക 35253–ൽ പിരിഞ്ഞു വന്നിട്ടുള്ള 5932–1-0 കഴിച്ച് ബാക്കി പിരി

Digitized By Kerala Sahitya Akademi

യേണ്ട ഉറുപ്പിക 29320–15–0 ഉംപ്പെടെ 79917 ൽ ചിലവാനം ഉറുപ്പിക ആകപ്പാടെ യോഗത്തിന്റെ സ്വത്തായി വിചാരിക്കപ്പെടേണ്ടതാകുന്നു.

1906 ഡിസംബർ അവസാനം വരെ യോഗാംഗങ്ങം ഓഹരിയിനത്തിൽ തരാൻ സമ്മതിച്ചിട്ടുള്ള സംഖ്യയുടെ ആധിക്യത്തെ അനുസരിച്ചു നോക്കിയാൽ തിരുവിതാംകൂറിൽ കൊല്ലം ഒന്നാമതായും നെയ്യാറ്റിൻകര രണ്ടാമതായും കരുനാഗപ്പള്ളി മൂന്നാമതായും ചിറയിൻകീഴ് നാലാമതായും നിൽക്കുന്നു. പിരിഞ്ഞിട്ടുള്ള സംഖ്യയെ നോക്കിയാൻ നെയ്യാറ്റിൻകര ഒന്നാമതായും തിരുവനന്തപുരം രണ്ടാമതായും കൊല്ലം മൂന്നാമതായും ചിറയിൻകീഴ് നാലാമതായും വരുന്നു. നെയ്യാറ്റിൻകര, തിരുവനന്തപുരം ഈ രണ്ടു താലൂക്കുകളും അരുവിപ്പുറം മാവും യോഗം ആഫീസും ഇരിക്കുന്ന ദിക്കുകളാകയാൽ പിരിവു കാര്യത്തിൽ അവ മുന്നണിയിൽ നില്ക്കുന്നതു സ്വാഭാവികമാകുന്നു. കൊല്ലത്തേക്കാം ചിറയിൻകീഴ് താഴ്ന്നു കാണുന്നത് അവിടെ അംഗംങ്ങം കുറവാക കൊണ്ടാകുന്നു. സമ്മതിച്ചിട്ടും പിരിഞ്ഞിട്ടും ഉള്ള സംഖ്യകളെ താരതമ്യപ്പെടുത്തി നോക്കിയാൽ ഇവ മിക്കവാറും തുല്യമായിരിക്കുന്നു. തിരുവിതാംകൂറിലെ ഫലപുഷ്ടിയുള്ള താലൂക്കുകളിൽ ചേർത്തല 25 അംഗങ്ങളും 53 ഓഹരികളും മാത്രമേ കാണുന്നുള്ളൂ. ഇതിൽ 20 ഓഹരി പ്രധാന അംഗമായ സി. കെ. കൃഷ്ണപ്പണിക്കർ അവർകം സ്വീകരിച്ചതാകുന്നു. ഈ താലൂക്കിൽ അധികം അംഗങ്ങളെ ചേർക്കുന്നത് ഈ മാന്യനും മട്ടാഞ്ചേരി ഗോവിന്ദൻ വൈദ്യൻ അവർകളും ദൃഷ്ടിവച്ചാൽ സുലഭമായിട്ടുള്ളതാണ്. എന്നാൽ നമ്മുടെ വിദ്യാഭ്യാസ ഫണ്ടിൽ ചേർത്തല താലൂക്കിൽ വലിയ ഒരു സംഖ്യ വരിയിട്ടിട്ടുണ്ട്. ഇതുപോലെ സമുദായക്കാരുടെ പ്രധാനപ്പെട്ട മറൊരു താലൂക്ക് കാർത്തികപ്പള്ളി ആകുന്നു. അവിടെ അംഗങ്ങം 16–ം സമ്മതിച്ചിട്ടുള്ള ഓഹരി 50–ം മാത്രമായിരിക്കുന്നു. ഇതിൽ 20 ഓഹരിയും ഇപ്പോഴത്തെ ഉപാദ്ധ്യക്ഷനായ ആലുംമൂട്ടിൽ കൊച്ചുകുഞ്ഞു ചാന്നാരവർകം എടുത്തിട്ടുള്ളതാണ്. ഈ താലൂക്കിൽ അംഗങ്ങളുടെ സംഖ്യ ഇത്ര ചുരുക്കം എന്നു മാത്രമല്ല, ഇവിടെ ഇവിടെ നിന്ന് 42 ക. 8 ണ. മാത്രമേ ഇതുവരെ പിരിഞ്ഞിട്ടുള്ളൂ എന്നും കാണുന്നു. ഇത് എത്രയും ദയനീയമായിരിക്കുന്നു. ഈ ന്യൂനതയെ പരിഹരിക്കാൻ സ്ഥലം താലൂക്ക് സമാജം സെക്രട്ടറി കോമത്തു കഞ്ഞുപണിക്കർ അവർകം ദൃഷ്ടിയയ്പാൻ പോകുന്നു എന്നറിയുന്നതിൽ സന്തോഷിക്കേണ്ടതാകുന്നു. കൊച്ചി സംസ്ഥാനത്തിൽ കൊച്ചി, എറണാകുളം, തൃശ്ശിവപേരൂർ ഈ സ്ഥലങ്ങളിലായി 41 അംഗങ്ങളും 81 ഓഹരികളും ഉണ്ട്. ഇവിടത്തെ പിരിവ് ഓഹരിയുടെ താരതമ്യത്തെ അനുസരിച്ച് അതൃപ്തികരമായിരിക്കുന്നില്ല. മാനേജിംഗ് കമ്മിറ്റി മെമ്പറായ മിസ്റ്റർ അയ്യാക്കുട്ടി ബി. ഏ. യുടെ ശ്രമത്തിൽ കറെ അധികം അംഗങ്ങം ഇപ്പോൾ ചേരാൻ തയ്യാറുണ്ടെന്നറിയുന്നു. ബ്രിട്ടീഷുകൊച്ചി, പൊന്നാനി ഈ താലൂക്കുകളിൽ 22 അംഗങ്ങളും 50 ഓഹരികളും ഉണ്ട്. അവിടത്തെ പിരിവ് തൃപ്തികരമായിട്ടുള്ളതാകുന്നു, തെക്കേ മലയാളത്തിന്റെ മറ്റു ഭാഗങ്ങളിൽ അംഗങ്ങം ഇല്ല. അത് അവിടെ അംഗങ്ങളെ ചേർക്കുന്ന വിഷ

Digitized By Kerala Sahitya Akademi

യത്തിൽ ഇതുവരെ യാതൊരു ശ്രമവും ചെയ്യാൻ സാധിക്കാത്തതിനാലാണ്. എന്നാൽ ആദിക്കുകളിലെ പ്രാതിനിദ്ധ്യം യോഗത്തിൽ ഇല്ലെന്നുള്ള ന്യൂനത ഇന്നത്തെ അദ്ധ്യക്ഷൻ അവർകളുടെ സാന്നിദ്ധ്യത്താൽ അശേഷം പരിഹരിക്കിപ്പെടുന്നുണ്ട്. വടക്കേ മലയാളത്തിൽ ഡിസംബർ അവസാനംവരെ 6 അംഗങ്ങൾ മാത്രമേ ഉണ്ടായിരുള്ളൂ. എങ്കിലും ഈ 4–ാമത്തെ വാർഷിക യോഗം അവിടെ വച്ച് ഇപ്രകാരം നടക്കത്തക്കവണ്ണം സാധിച്ചത് ഈ സ്ഥലത്തെ നമ്മുടെ സമുദായക്കാരുടെ സ്ഥിതിയെ നോക്കുമ്പോൾ അസ്വാഭാവിക മായിരിക്കുന്നില്ല. ഇവിടെ നിന്നും ഇപ്പോൾ അധികം അംഗങ്ങൾ ചേരുകയും ചേർന്നു തുടങ്ങുകയും ചെയ്യുന്നുണ്ട്. ആകപ്പാടെ ഡിസംബർ അവസാനം വരെ 803 അംഗങ്ങളും 1379 ഓഹരികളും അതിനു സമ്മതിച്ചിട്ടുള്ളതായ 35253 ക. യും യോഗത്തിനുണ്ട്. ഇതിൽ പിരിഞ്ഞു കിട്ടിയിട്ടുള്ള സംഖ്യ 5932 ക. 1 ണ ആകുന്നു. ഇതുകൊണ്ട് ശരാശരി 100 ന് 16–ൽ ചിലവാനം പിരിഞ്ഞിട്ടുണ്ടെന്നു കാണുന്നു. പിരിവു വിഷയത്തിൽ യോഗത്തിൽ നിന്ന് പ്രത്യേകം പറയത്തക്ക യാതൊരു ശ്രമവും ഇതുവരെ ചെയ്തിട്ടില്ലാത്ത സ്ഥിതിക്ക് ഇതുതീരെ അതൃപ്തികരമാണെന്നു പറയാൻ പാടില്ലെന്നു മാത്രമല്ല, പിരിവിനു വേണ്ട വ്യവസ്ഥകൾ ഏർപ്പെടുത്തിയാൽ ഏറെറവും തൃപ്തികരമായ പിരിവ് ഉണ്ടാകുമെന്നുള്ളതിന് ഇതുപോലെ ഉള്ള മററു സ്ഥാപനങ്ങളോട് ഇതിനെ ഒത്തു നോക്കുമ്പോൾ നാം സമ്മതിക്കേണ്ടി വരുന്നതുമാണ്.

എന്നാൽ ഈമാതിരി സമാധാനം നമ്മുടെ ഉദ്ദേശം സാധിക്കുന്നതിൽ അനുകൂലമായിരിക്കയില്ല. പണങ്ങൾ ശീഘ്രമായി പിരിഞ്ഞു കിട്ടിയാൽ ഉദ്ദേശങ്ങൾ അതുപോലെ സാധിച്ചു തുടങ്ങാം. അതു സാധാരണ ജനങ്ങൾക്ക് യോഗത്തിന്റെ പ്രയോജനത്തെ തെളിവായിക്കാണിക്കും. അതുകൊണ്ടു മേലും അവരുടെ മനഃപൂർവ്വമായ സൗജന്യത്തിനു യോഗം പാത്രമായും തീരും. വിശേഷിച്ചു പിരിവ് എത്രതന്നെ കുറഞ്ഞാലും പ്രവൃത്തികൾക്കു വിഘ്നം വരുത്താൻ പാടില്ലാത്തതിനാൽ പിരിവിന്ന് എത്രതാമസം നേരിടുമോ അത്രമാത്രം വാർഷിക ചെലവുകൾക്ക് വേണ്ടിവരുന്ന പണം പലിശയിൽനിന്നു പോകേണ്ടതിനുപകരം മൂലധനത്തിൽനിന്നു പൊയ്പോകും. അതു കാലാന്തരത്തിൽ അപജയത്തിൽ അവസാനിപ്പാൻ സംഗതിയാകുന്നതും അതുകൊണ്ടു യോഗത്തോടു മമതയുള്ള ആരും തങ്ങളുടെ കുടിശ്ശികയെ അമാന്തംകൊണ്ടുമാത്രം അടച്ചുതീർക്കാതിരിക്കുന്നുവെങ്കിൽ അതു ശരിയല്ലാത്തതുമാകുന്നു.

പിരിവിനെ സംബന്ധിച്ചു യോഗം ഇപ്പോൾ ചെയ്യുന്നത് മാനേജിംഗ് കമ്മിററി മെമ്പറൻമാരെയും ഏജൻറൻമാരെയും കണ്ടുകൊണ്ടുമൂലം ആ വിഷയത്തിൽ ശ്രമിപ്പാൻ കൂടക്കൂടെ ആവശ്യപ്പെടുകയും വിവേകോദയം മുഖേന ഊർജ്ജിതപ്പെടുത്തുകയും ആകുന്നു. കഴിഞ്ഞ പൊതുയോഗത്തിലെ നിശ്ചയപ്രകാരം അംഗങ്ങൾക്കു പ്രത്യേക അറിയിപ്പുകളും പലപ്പോഴും

Digitized By Kerala Sahitya Akademi

ആഫീസിൽനിന്നു രേഖാമൂലം കൊടുത്തുവരുന്നുണ്ട്. ഇതൊന്നും അശേഷം തൃപ്തികരമായ ഫലത്തെ ചെയ്യുന്നില്ലെന്നു കാണുന്നതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഇപ്പോഴത്തെ ഏജൻറൻമാർ കേവലം നാമമാത്രമായി കാണുന്നതിനാൽ ആ ഏർപ്പാടു പ്രയോജനമില്ലാത്തതാകുന്നു. ഇപ്പോഴത്തെ പ്രാസംഗികൻമാരെക്കുറിച്ചും എനിക്കുള്ള അഭിപ്രായം ഇതാകുന്നു. സമുദായത്തിനു വേണ്ടിയുള്ള ഈ കൃത്യങ്ങളെ നിറവേറ്റാൻതക്ക മനസ്സോടും യോഗ്യതയോടുംകൂടിയ മാന്യൻമാർ സ്വയമേവപുറപ്പെടണം; അല്ലെങ്കിൽ യോഗത്തിൽനിന്ന് തക്കതായ പ്രതിഫലം കൊടുത്തു യോഗ്യതയുള്ളവരെ പ്രേരിപ്പിക്കണം. ഈ രണ്ടിലൊരു പ്രകാരമല്ലാത്ത ഏജൻറൻമാരെയോ പ്രാസംഗികൻമാരെയോ മേലാൽ യോഗം വച്ചുകൊണ്ടിരിക്കുന്നു എങ്കിൽ അത് അതിന്റെ ഗൗരവത്തിനും പോരാത്തതാകുന്നു.

പ്രസ്താവ വർഷത്തിലെ മാനേജിംഗ് കമ്മിറ്റി മെമ്പറൻമാരുടെ ഒരു ലിസ്റ്റു താഴെ ചേർക്കുന്നു.

ഉപാദ്ധ്യക്ഷൻ: ആലുംമൂട്ടിൽ കൊച്ചുകുഞ്ഞു ചാന്നാർ അവർകൾ.

അംഗങ്ങൾ

നെയ്യാറ്റിൻകര

1. മ-രാ-രാ- കുറിച്ചിത്തോട്ടത്ത് കുട്ടിയപ്പി ആശാൻ അവർകൾ
2. ,, പുലിവല്ലത്തു പപ്പു വൈദ്യൻ

തിരുവനന്തപുരം

3. ,, പി. മാധവൻ വൈദ്യൻ അവർകൾ
4. ,, അരിപ്പാടശ്ശേരി എം. കൃഷ്ണൻ കൺട്രാക്റ്റർ അവർകൾ.

ചിറയിൻകീഴ്

5. ,, കടയ്ക്കാവൂർ കൊച്ചുപിള്ള മുതലാളി അവർകൾ

കൊല്ലം

6. ,, പരവൂർ വി. കേശവൻ ആശാൻ അവർകൾ
7. ,, പലകശ്ശേരി ശേഖരൻ ചാന്നാർ
8. ,, ചന്ദ്രഴികത്ത് എസ്. ഗോവിന്ദൻ ആശാൻ അവർകൾ

Digitized By Kerala Sahitya Akademi

കരുനാഗപ്പള്ളി

9. ,, പത്തിശ്ശേരി കൊച്ചുകുഞ്ഞു ചാന്നാർ അവർകൾ
10. ,, മേനാത്തേരിൽ നാരായണപ്പണിക്കർ അവർകൾ

മാവേലിക്കര

11. ,, ലക്ഷ്മണ കുഞ്ഞുപണിക്കർ അവർകൾ

ചേർത്തല

12. ,, മട്ടാഞ്ചേരിൽ ഗോവിന്ദൻ വൈദ്യൻ അവർകൾ
13. ,, ചീരപ്പൻചിറ കെ. കൃഷ്ണപ്പണിക്കർ അവർകൾ

കൊച്ചി

14. ,, ഇ. കെ. അയ്യാക്കുട്ടി അവർകൾ ബി. ഏ.
15. ,, കരാട്ടുപറമ്പിൽ എസ്. കൃഷ്ണൻ അവർകൾ

വടക്കേ മലയാളം

16. ,, കൊറ്റ്യത്തു രാമുണ്ണി അവർകൾ
17. ,, ചെറുവാരി ഗോവിന്ദൻ ശിരസ്തദാർ അവർകൾ

ഇവരിൽ പുലീവല്ലത്തു പപ്പു വൈദ്യരവർകൾ യാതൊരു നമപടിയിലും സംബന്ധിച്ചിട്ടില്ല. മറ്റു മെമ്പറൻമാരിലും പലരും പല അത്യാവശ്യ സംഗതികളിൽ കൂടിയും അഭിപ്രായം ചോദിക്കുന്ന കത്തുകൾക്ക് മറുപടി തന്നിട്ടില്ലെന്നുള്ളത് അപ്പോഴപ്പോൾ വിവേകോദയത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കമ്മിറ്റിയുടെ പ്രൊസീഡിംഗ്സിൽ നിന്നും വ്യക്തമാകുന്നതാണ്. പണം സംബന്ധിച്ചും മറ്റുമുള്ള ഗൌരവമേറിയ സംഗതികൾക്ക് യോഗത്തിന്റെ ഉത്തരവാദിത്വം വഹിക്കുന്ന മാനേജിംഗ് കമ്മിറ്റി മെമ്പറൻമാർ തങ്ങളുടെ കൃത്യങ്ങളെ ശരിയായി വഹിക്കാത്തതു ശോചനീയമായിരിക്കുന്നു.

മാനേജിംഗ് കമ്മിറ്റിയുടെ നടപടികൾ

(81 കുംഭം 15-ാം തീയതി) മിസ്റ്റർ കെ. എൻ. ഗോപാലനെ ആഫീസ് മാനേജരായി നിയമിക്കുന്നതിനെപ്പറ്റി അനുവദിച്ചു. (മിസ്റ്റർ ഗോപാലൻ തൽക്കാലം നേരിട്ട അസൌകര്യത്താൽ അപേക്ഷയെ പിൻവലിച്ചു.

അരുവിപ്പുറത്തെ ശിവരാത്രി മഹോൽസവം വക ചെലവിനു പണം അനുവദിച്ചു.

Digitized By Kerala Sahitya Akademi

(81 കർക്കടകം 32) മിസ്റ്റർ വി. കെ. നാണുവിനെ 12 ക. ശമ്പള ത്തിൻമേൻ തൽക്കാലം അഫീസു മാനേജരായി നിയമിക്കുന്നതിനു അനു വദിച്ചു.

(82 ചിങ്ങം 15) വ്യവഹാരച്ചെലവു വകയ്ക്കു അധികമായി 25 ക. കരക്കുടിശ്ശിക വകയ്ക്കു 10 ക., ആഫീസ് സാമാനം വകയ്ക്കു 25 ക., ഖജാൻജിയുടെ കരാറു വകയ്ക്കു മുദ്രവില രജിസ്റ്റർഫീസ് മുതലാ യതിനു 25 ക. ഇങ്ങനെ ആകെ 85 ക. അനുവദിച്ചു. ഇതിൽ വ്യവഹാര ച്ചെലവിനു 5. ക. 13 ണ. 9. പൈയും ആഫീസു സാമാനങ്ങൾക്ക് 10 ക. യും മാത്രമേ ചെലവായിട്ടുള്ളു. ക്ലാർക്കു മിസ്റ്റർ എൻ. കുഞ്ഞുകൃഷ്ണനു പരീക്ഷയ്ക്കു പഠിക്കുന്നതിനു മൂന്നുമാസത്തെ അവധി പകുതി ശമ്പള ത്തോടുകൂടി അനുവദിച്ചു.

(82 ചിങ്ങം 31) ശ്രീമൂലം പ്രജാസഭ നിറുത്തിവച്ചത് താൽക്കാലിക മായിട്ടോ സ്ഥിരമായിട്ടോ എന്നു തിരുവിതാംകൂർ ഗവൺമെൻറിനോട് എഴുതിച്ചോദിക്കാൻ അനുവദിച്ചു.

(82 തുലാം 23) കണ്ണൂരിൽവച്ചു നടത്തുന്നതിനു നിശ്ചയിച്ചിരി ക്കുന്ന പൊതുയോഗത്തോടൊന്നിച്ച് ഒരു കൃഷി വ്യവസായ പ്രദർശനം നട ത്തുക, സമയം ക്ലിപ്തപ്പെടുത്തുക മുതലായവയെ ചെയ്യുന്നതിലേക്കായി കൊറ്റ്യത്തു രാമുണ്ണി വക്കീൽ അവർകൾ മുതലായ മാന്യൻമാരുടെ ഒരു കമ്മിറ്റി തലശ്ശേരിയിൽ ഏർപ്പെടുത്തി, സംഗതികൾ നടത്തുവാൻ അനു വദിച്ചു.

(82 തുലാം 26–ാം നു-) ശ്രീമൂലം പ്രജാസഭയിൽ പ്രതിനിധി യായി മിസ്റ്റർ എം. ഗോവിന്ദൻ ബി. എ. ബി. എൽ. അവർകളെ തെര ഞ്ഞെടുത്തു.

(82 വൃശ്ചികം 10) ആലുംമൂട്ടിൽ ചാന്നാർ യോഗാംഗത്തിന്റെ നില യിൽ അടയ്ക്കേണ്ട പണത്തിനു വേറൊരാളെക്കൊണ്ടു ഉറപ്പിൻമേൻ കടപ്പത്രം എഴുതുന്നതിനു അനുവദിച്ചു. കുടിശ്ശിക അടയ്ക്കാത്ത വരിക്കാർക്കു വിവേകോദയം അയച്ചുകൊടുക്കുന്നതു നിറുത്തൽ ചെയ്യാൻ തീർച്ചയാക്കി. പരവൂർ മാന്നവിള മിസ്റ്റർ നീലകണ്ഠൻ വിവേകോദയം വരിപിരിച്ച വകയിൽ തരുവാനുള്ള ബാക്കിക്ക് അയാളുടെ പേരിൽ നമ്പർ പതി പ്പാൻ തീരുമാനിച്ചു. (വക്കീലിനെ ഏല്പിച്ചിരിക്കുന്നു.) കൊല്ലത്തു മിസ്റ്റർ ഇ. കൊച്ചുകുഞ്ഞിനെ കരാർ എഴുതിവാങ്ങി വിവേകോദയം ബിൽകളക്ടരായി നിയമിക്കാൻ അനുവദിച്ചു. അപ്രകാരം അയാൾ ഏർപ്പെട്ട് ഇപ്പോൾ നടന്നു വരുന്നു.

Digitized By Kerala Sahitya Akademi

ഖജാൻജി 2000 ക. യുടെ ഉറപ്പോടുകൂടി എഴുതിത്തന്നിട്ടുള്ള കരാറിന്റെ ലീഗൽ അഡൈ്വസർ പരിശോധിച്ചയച്ച നക്കലിനെ സമ്മതിച്ചു.

ആകപ്പാടെ പ്രസ്തുത കൊല്ലത്തിൽ മാനേജിംഗ് കമ്മിറ്റിക്കാർ കൃത്യങ്ങളിൽ മുൻകൊല്ലത്തെപ്പോലെ അശ്രദ്ധ കാണിച്ചിട്ടില്ലെന്നു കാണുന്നതു ആശ്വാസകരമാണ്.

ആഫീസും ഉദ്യോഗസ്ഥൻമാരും

മാനേജിംഗ് കമ്മിറ്റി മെമ്പറൻമാരുടെ ആധിക്യവും രേഖാമൂലം അവരോട് ആലോചിച്ചു ചെയ്യേണ്ട പ്രവൃത്തികളുടെ ബാഹുല്യവും പണസംബന്ധമായ ഇടപാടുകളിൽ ബോദ്ധ്യത്തിനുവേണ്ടി കമ്മിറ്റിക്കാർക്കു അയയ്ക്കേണ്ടി വരുന്ന സകല പ്രമാണങ്ങളുടെയും പകർപ്പ് എടുത്തും യോഗാംഗങ്ങൾക്കും വിദ്വൽകോദയം വരിക്കാർക്കും അടിക്കടി അയച്ചുകൊണ്ടിരിക്കുന്ന അനേകം നോട്ടീസുകളും കണക്കു പരിശോധകൻമാരുടെ കഴിഞ്ഞ മുൻകൊല്ലത്തിലെ ഉപദേശപ്രകാരവും ഏറ്റവും തൃപ്തികരമായ വിധത്തിലും വയ്ക്കുന്ന കണക്കുകളുടെ രീതിയെ അനുസരിച്ച് അധികപ്പെട്ട എഴുത്തുകളുപതിവായിട്ടുള്ള വിവേകോദയം വക പ്രവൃത്തികളും നിമിത്തം പ്രസ്തുത കൊല്ലത്തിലെ ആഫീസു ജോലി വളരെ ഭാരമേറിയതായിരുന്നു. ഒരു മാനേജരെക്കൂടി നിശ്ചയിപ്പാൻ യോഗം തീരുമാനിച്ചിരുന്നു എങ്കിലും കഴിഞ്ഞ കന്നി 1–ാം തീയതി മിസ്റ്റർ ടി. കെ. നാണുവിനെ നിശ്ചയിക്കുന്നതുവരെ (അതായത് 4 മാസം മുമ്പുവരെ) ക്ലാർക്കല്ലാതെ വേറെ ഉദ്യോഗസ്ഥൻമാർ ആഫീസിൽ സഹായത്തിനില്ലായിരുന്നു. ഇതിനിടയിൽ സെക്രട്ടറി 81 ഇടവത്തിലും 82 കന്നിയിലും ആയി രണ്ടു പ്രാവശ്യം തലശ്ശേരിവരെ സർക്കീട്ടു ചെയ്യേണ്ടിയും ഉണ്ടായിരുന്നു. യോഗം വക പണത്തിൽ വിവേകോദയത്തിനും മറ്റു ചെലവുകൾക്കുമായി പ്രതിമാസംവേണ്ട സംഖ്യ പ്രത്യേകം കരുതി വയ്ക്കാതെ മുഴുവനും പലിശ നടക്കുന്നതു കൊണ്ടു താൽക്കാലിക ചെലവുകൾക്കുള്ള ബുദ്ധിമുട്ടും ആഫീസു പ്രവൃത്തികളെ ഈ കൊല്ലത്തിൽ അധികം സങ്കടകരമാക്കിച്ചെയ്തിട്ടുണ്ട്. ക്ലാർക്കു മിസ്റ്റർ കുഞ്ഞുകൃഷ്ണന് 1082 ചിങ്ങം 15–ാം തീയതി മുതൽ പരീക്ഷയ്ക്കു പഠിക്കാനായി പകുതി ശമ്പളത്തോടുകൂടി 3 മാസത്തെ അവധി അനുവദിച്ചു എങ്കിലും അയാളുടെ അവധിയിൽ ആഫീസു ജോലി കൂടി അധികം കുടിശ്ശിക വീഴുകയാൽ അയാൾ മുഴുവൻ അവധിയെ ഉപയോഗിക്കാതെ വീണ്ടും പണിയിൽ പ്രവേശിപ്പാൻ നിർബന്ധിക്കപ്പെട്ടു. ക്ലാർക്കു മിസ്റ്റർ കുഞ്ഞുകൃഷ്ണൻ 3 കൊല്ലത്തോളമായി യോഗം ആഫീസിലുള്ള സകല പ്രവൃത്തികളിലും സിദ്ധിച്ചിരിക്കുന്ന പരിചയം കൊണ്ടും കണക്കുകൾ സൂക്ഷിക്കുന്നതിൽ ഉള്ള നിഷ്കർഷയും വിശ്വാസവും കൊണ്ടും ആഫീസിലേക്ക് ഏറ്റവും ഉപയുക്തനായിത്തീർന്നിട്ടുണ്ട്. മിസ്റ്റർ ടി. കെ. നാണു 1082 കന്നി 1–ാം തീയതി വിവേകോദയം മാനേജരും യോഗം ആഫീസു മാനേജരും എന്ന നിലയിൽ ആഫീസു

Digitized By Kerala Sahitya Akademi

ജോലിയിൽ 12 ക. ശമ്പളത്തിൻമേൽ പ്രവേശിച്ചു. ആഫീസു പ്രവൃത്തികളിൽ മിസ്റ്ററർ നാണു പഴകിയിട്ടുള്ള ആളല്ലെങ്കിലും രണ്ടു മൂന്നു മാസത്തെ പരിചയം കൊണ്ട് യോഗവും വിവേകോദയവും സംബന്ധിച്ച കാര്യങ്ങളിൽ സാമാന്യം പരിചയം അയാൾക്കു സിദ്ധിച്ചിട്ടുണ്ട്. മിസ്റ്ററർ നാണു യോഗ സംബന്ധമായ കാര്യങ്ങളിൽ പ്രകൃത്യാ തന്നെ അഭിരുചിയുള്ള ഒരു യുവാവാണെന്നു കാണുന്നു. വിവേകോദയം വക കുടിശ്ശികകളെ പിരിച്ചയക്കുകയും യോഗത്തിനു കഴിയുന്നത്ര അംഗങ്ങളെ അധികം ചേർക്കുകയും യോഗ സംബന്ധമായ കാര്യങ്ങളെ ഉൾനാട്ടുകളിലെ ജനങ്ങളെ വേണ്ടവണ്ണം ധരിപ്പിക്കുകയും വിദ്യാഭ്യാസം വ്യവസായം മുതലായ വിഷയങ്ങളിൽ പ്രസംഗം മുഖേനയും മറും അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നതിനായി മിസ്റ്ററർ നാണുവിനെ ഫെബ്രുവരി അവസാനത്തിൽ ഈ നാലാമതു പൊതുയോഗം സംബന്ധിച്ച് കാര്യങ്ങൾക്കായി ഞാൻ ആഫീസുവിട്ട സന്ദർഭത്തിൽ സ്വാമി അവർകളുടെ ഉത്തരവുപ്രകാരം നിയമിച്ചു പുറത്തയച്ചു. ആ അവസരത്തിൽ ആഫീസു ജോലികളെ നോക്കുന്നതിനായി ബി. ഏ. ക്ലാസു വിദ്യാർത്ഥിയായ മിസ്റ്ററർ എൻ. കുമാരനെ സ്വാമി അവർകളും തന്നെ ആജ്ഞാപ്രകാരം നിയമിച്ചു. മിസ്റ്ററർ നാണുവിനു വിവേകോദയത്തിന്റെ പണം പിരിക്കുന്ന വകയ്ക്ക് ഒരു കമ്മീഷൻ നിരക്കുകൂടി അനുവദിക്കേണ്ടതാകുന്നു. മിസ്റ്ററർ നാണു കരുനാഗപ്പള്ളി താലൂക്കിലെ വിവേകോദയം വക പണം പിരിച്ചു തുടങ്ങിയിരിക്കുന്നു എന്നും പിരിവു തരക്കേടില്ലെന്നും അറിയിക്കുന്നു. മിസ്റ്ററർ കുമാരന്റെ മാസപ്പടി ഈ യോഗത്തിൽ തീരുമാനിക്കേണ്ടതാകുന്നു.

യോഗം ആഫീസിൽ നിന്നും ഡിസ്ട്രിക്റ്റ് കളക്ടർ പി. വേലായുധൻ ബി. എ. അവർകൾക്കു റാവു ബഹദൂർ സ്ഥാനം ലഭിച്ചതിനേയും ബാരിസ്റ്ററർ സി. കൃഷ്ണൻ അവർകൾക്കു സ്മാൾക്കാസു കോർട്ടു ജഡ്ജി ഉദ്യോഗം കിട്ടിയതിനേയും സംബന്ധിച്ച് അനുമോദനക്കമ്പിക അയയ്ക്കുകയും അവർ കൈപ്പറ്റി ഹൃദയപൂർവ്വം നന്ദി പറയുകയും ചെയ്തിട്ടുണ്ട്. മഹാനായ വി. പി. മാധവരായർ അവർകൾ തിരുവിതാംകൂറിൽ നിന്ന് ഉദ്യോഗം ഒഴിഞ്ഞുപോയ അവസരത്തിൽ യോഗാംഗങ്ങൾ സംഘം ചേർന്നു തിരുവനന്തപുരത്തു വച്ച് ഒരു മംഗളപത്രം സമർപ്പിക്കുകയും എറണാകുളം വരെ ആയോഗ്യനായ ദിവാൻജിയെ യോഗം പ്രതിനിധികൾ ആഘോഷപൂർവം അനുഗമിക്കത്തക്ക ഏർപ്പാടു ചെയ്കയും അദ്ദേഹത്തിന്റെ വിലയേറിയ നല്ല അഭിപ്രായത്തിനു നാം പാത്രമായിത്തീരുകയും ചെയ്തിട്ടുണ്ട്. തിരുവിതാംകൂറിലെ ഇപ്പോഴത്തെ ദിവാൻ പി. ഗോപാലാചാരിയുടെ ആഗമനത്തിലും മദ്രാസ് ഗവർണ്ണർ സർ ആർതർ ലാലി അവർകളുടെ ഈ കഴിഞ്ഞ തിരുവിതാംകൂർ സന്ദർശനത്തിലും യോഗത്തിന്റെ സ്വാഗത പത്രങ്ങൾ അയയ്ക്കുകയും അവരുടെ കൃതജ്ഞതാ പൂർവമായ മറുപടികൾ കിട്ടുകയും ചെയ്തിട്ടുണ്ട്.

Digitized By Kerala Sahitya Akademi

വിവേകോദയം

വിവേകോദയത്തിനു മുൻ കൊല്ലത്തിലെ കണക്കും പ്രകാരം ആകെ 510 ക. ചെലവും 144 ക. വരവുമാകുന്നു. ഈ കൊല്ലത്തിൽ ചെലവ് 391 ക. യും വരവ് 232 ക. യും ആണ്. ആകെ ഈ ഇംഗ്ലീഷ് വർഷാവസാനം വരെ ഉള്ള ചെലവു 901 ക. യും വരവു 376 ക. യും മാത്രമാകുന്നു. കഴിച്ചു 325 ക. അധികം ചെലവായിരിക്കുന്നു. ഇതിൽ ഡിസംബർ കഴിഞ്ഞശേഷം ഇതുവരെയുള്ള പിരിവു 200 ക. യോളം ഉള്ളതും പിരിഞ്ഞു കിട്ടേണ്ടതായി 2000–ൽ പരം ക. കണക്കാക്കിയിരിക്കുന്നതുമാകയാൽ ഇപ്പോഴം നടക്കുന്ന സ്ഥിതിക്കുതന്നെ പിരിവു നടന്നുകൊണ്ടിരിക്കുന്നു എങ്കിലും നഷ്ടം ഉടനെ തീരുകയും ലാഭം ഉണ്ടാകുകയും ചെയ്യുന്നതാണ്. വിവേകോദയം നിശ്ചിത സമയങ്ങളിൽ പുറപ്പെടായ്കയാൽ പലർക്കും ആക്ഷേപത്തിനു കാരണമുണ്ട്. സ്വാധീനമായി ഒരു അച്ചടിശാല ഇല്ലാത്തകാലം വരെ ഈ ആക്ഷേപത്തിനു സമാധാനം ഉണ്ടാവാൻ പ്രയാസമാണ്. യോഗം മെമ്പറൻമാരിൽ പലരും പത്രവരി അടയ്ക്കാതെ മുടക്കിയിരിക്കുന്നതായി കാണുന്നു. ആവശ്യമില്ലാത്ത യോഗാംഗങ്ങൾക്കു പത്രം അയച്ചു കൊടുക്കുന്നതു നിശ്ശേഷം നിറുത്തൽ ചെയ്യുന്നതിനോടുകൂടി ചെലവു ഇപ്പോഴത്തേതിൽ നിന്നു കുറഞ്ഞു പോകുന്നതാണ്. യോഗത്തോടും സമുദായത്തോടും സ്നേഹമുള്ള എല്ലാ മാന്യൻമാരും സൗജന്യപൂർവ്വം സഹായിച്ചാൽ പത്രം ഏറ്റവും നല്ല നിലയെ പ്രാപിക്കുന്നതും അതുകൊണ്ടു വളരെ ഗുണങ്ങൾ ഉണ്ടാകുന്നതുമാകുന്നു.

സംസ്കൃത പാഠശാല

ഇതു തൽക്കാലം സ്വാമി അവർകളുടെ ആജ്ഞപ്രകാരം വർക്കല നിന്നും മാറ്റി കൊല്ലം ചാത്തന്നൂർ എന്ന പ്രദേശത്തു സ്ഥാപിച്ചു നടത്തി വരികയാകുന്നു എന്നു പ്രസ്താവിച്ചുവല്ലോ. ഇതിന്ന് പ്രസ്തുത വർഷത്തിൽ 25 ക. ചെവായിരിക്കുന്നത് വർക്കല ശിവഗിരി മഠത്തിൽ സ്ഥാപിച്ചിരുന്നപ്പോൾ കൊടുത്തു വന്നിരുന്ന 5 മാസത്തെ സാഹായിക ധനത്തിന്റെ സംഖ്യ ആകുന്നു. ഈ സംസ്കൃത പാഠശാലയിൽ പഠിച്ച് വ്യുൽപ്പത്തി സമ്പാദിച്ചിട്ടുള്ള നാലഞ്ചു വിദ്യാർത്ഥികൾ ഇപ്പോൾ മദ്രാസിൽ എസ്. കെ. പി. ഡി. ആയുർവ്വേദ കാളേജിൽ വൈദ്യശാസ്ത്രം അഭ്യസിക്കാൻ പോയിട്ടുണ്ട്. വൈദ്യശാസ്ത്രം, മതശാസ്ത്രം മുതലായവ പഠിക്കുന്നതിന് ഉപയോഗപ്പെടത്തക്കവണ്ണം അരുവിപ്പുറം മഠത്തോടും ശിവഗിരി മഠത്തോടും സംബന്ധിച്ച് ഒരു സംസ്കൃത പാഠശാല എപ്പോഴും ഉണ്ടായിരിക്കേണ്ടത് ആവശ്യവും അതു നിസ്സാരമായ ചെലവുകൊണ്ടു തന്നെ സാധിപ്പാൻ കഴിയുന്നതുമാണ്.

ക്ഷേത്രവും മഠങ്ങളും

കഴിഞ്ഞ പൊതുയോഗത്തിനുശേഷം അരുവിപ്പുറത്തു രണ്ടു ശിവരാത്രി മഹോത്സവങ്ങൾ കഴിഞ്ഞിരിക്കുന്നു, രണ്ടിന്നും ഉള്ള ചെലവുകളിൽ

Digitized By Kerala Sahitya Akademi

ഗണനീയമായ ഒരു ഭാഗം സ്ഥലത്തെ ജനങ്ങൾ നേരിട്ടു വഹിച്ചിരിക്കുന്നതിനാൽ യോഗം ധനത്തിന്നു് അധികം ബാധയുണ്ടാകാതെ കഴിഞ്ഞിട്ടുണ്ടു്. മുട്ടയ്ക്കാട്ടു ദേവസ്വത്തിലെ വരവുകൊണ്ടു ചെലവുകളും ഉത്സവവും നടത്തിവരികയും ബാക്കി കൊണ്ടു ക്ഷേത്രത്തിന്റെ അറ്റകുറ്റപ്പണികളും നോക്കുകയും പറമ്പുകളിൽ വേലകളും ചെയ്യിക്കുകയും ചെയ്തു വരികയാകുന്നു. ആ ക്ഷേത്രത്തിൽ ഒരു സംസ്കൃത വാദ്ധ്യാരെ വച്ചു് സ്വദേശത്തുള്ള കുട്ടികളെ പഠിപ്പിച്ചു വരുന്നു. ഒരു മലയാളം സ്കൂൾ അതോടു ചേർത്തു് സ്ഥാപിക്കുന്നതിനും ആലോചിച്ചു വരുന്നു. ശിവഗിരി മഠം സ്വാമിയുടെ നിത്യ സാന്നിദ്ധ്യം കൊണ്ടു് പല പ്രകാരത്തിലും നല്ല സ്ഥിതിയെ പ്രാപിച്ചു വരിക ആകുന്നു. സ്വാമി അവർകളാൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള മിക്ക ക്ഷേത്രങ്ങളേയും സംബന്ധിച്ചു് സ്കൂളുകളും സ്ഥാപിച്ചിട്ടുണ്ടു്. വിദ്യാഭ്യാസത്തെ അഭിവൃദ്ധിപ്പെടുത്തന്നതു സ്വാമി അവർകൾക്കു് എപ്പോഴും ഇഷ്ടതമമായിട്ടുള്ള ഉദ്ദേശമാകുന്നു. ശ്രീനാരായണ ധർമ്മ പരിപാലന യോഗത്തിന്റെ ഇപ്പോഴത്തെ ശൈശവാവസ്ഥയിൽ ഈ ഉദ്ദേശത്തിന്റെ സാദ്ധ്യത്തിലേക്കായി വളരെയൊന്നും ചെയ്വാൻ കഴിഞ്ഞിട്ടില്ലെങ്കിലും ആ മഹാത്മാവിന്റെ ഉദ്ദേശം ഒരിക്കൽ സഫലമാകാതെ പോകയില്ലെന്നു വിശ്വസിക്കുന്നു.

സമാജങ്ങൾ

നമ്മുടെ യോഗത്തിന്റെ ആവിർഭാവത്തോടുകൂടി അതിന്റെ ഉദ്ദേശങ്ങളെ സാധിക്കുന്നതിനായി തിരുവിതാംകൂറിലും കൊച്ചിയിലും അനേക സമാജങ്ങൾ ഉണ്ടായിട്ടുണ്ടു്. അതിൽ കൊല്ലം, പറവൂർ സമാജം 79–ാമാണ്ടു് മേടം 15–ാം നു- ആരംഭിച്ചതും താലികെട്ടിനെ നിരോധിക്ക മുതലായി പല ആചാര പരിഷ്കാരണസംബന്ധമായ പ്രവൃത്തികളും നടത്തി ഫലപ്പെടുത്തിയിട്ടുള്ളതും ഇപ്പോഴും ഒരു ചെറിയ മൂലധനത്തോടുകൂടിയിരിക്കുന്നതുമാകുന്നു. കാർത്തികപ്പള്ളി സമാജം 79 ധനു 1–ാം നു- സ്ഥാപിച്ചു കോമത്തു കുഞ്ഞുപണിക്കർ അവർകളുടെ അത്യുൽസാഹത്താൽ നടത്തിവരുന്ന ഒരു താലൂക്കുസമാജം ആകുന്നു. ഇതിന്റെ കീഴിൽ പത്തു പ്രവൃത്തി സമാജങ്ങൾ സ്ഥാപിച്ചിട്ടുണ്ടു്. രണ്ടു മൂന്നു മലയാളം മിഡിൽ സ്കൂളുകളും ഉണ്ടു്. കൈത്തൊഴിൽ സംബന്ധമായും കച്ചവട സംബന്ധമായും ചിലതെല്ലാം ചെയ്തു വരുന്നതായി അറിയുന്നു. കോട്ടയം സമാജവും ഒരു താലൂക്കു സമാജം ആകുന്നു. അതിന്റെ കീഴിലും പ്രവൃത്തി സമാജങ്ങൾ ഉണ്ടു്. സ്കൂളുകളും മറ്റും സ്ഥാപിക്കുന്നതിൽ ഈ സമാജവും സ്തുത്യർഹമാംവണ്ണം ശ്രമിക്കുന്നുണ്ടു്. ഈ സമാജം 81 ചിങ്ങത്തിലാണു് ആരംഭിച്ചതു്. റാന്നിയിൽ 80 മേടത്തിൽ സ്ഥാപിച്ചതും 200–ൽപരം അംഗങ്ങൾ ഉള്ളതുമായി ഒരു സമാജം നടന്നുവരുന്നു. ഇതിന്റെ വകയായി ഒരു സമാജമണ്ഡപം പണിയിക്കാൻ ഭാരവാഹികൾ ശ്രമിക്കുന്നു. മെഴുവേലി സമാജം 1080–ാമാണ്ടു മകരമാസത്തിൽ ആരംഭിച്ചു. 120–ൽപരം അംഗങ്ങൾ ഉണ്ടു്.

Digitized By Kerala Sahitya Akademi

അമ്പലപ്പുഴ പുളിംകുന്നിൽ ഒരു സമാജം നടന്നു വരുന്നുണ്ട്. ചങ്ങനാശേരി സമാജം 1080 ധനുമാസത്തിൽ ആരംഭിച്ചു. ഇതിൽ 100–ൽപരം അംഗങ്ങൾ ഉണ്ട്. 1200-ൽപരം ക. ചെലവു ചെയ്ത് ഈ സമാജം സ്കൂൾ മുതലായ കെട്ടിടങ്ങൾ തീർപ്പിച്ചിട്ടുണ്ട്. മത സംബന്ധമായും വിദ്യാഭ്യാസ സംബന്ധമായും ഈ സമാജം കഴിയുന്നത്ര ശ്രമം ചെയ്തു വരുന്നു. ഈ സമാജം അതിന്റെ ഉദ്ദേശ്യ സാദ്ധ്യങ്ങൾക്കായി 4800 ക. യുടെ ഒരു കുറി സ്ഥാപിച്ചു തൃപ്തികരമായി നടത്തി വരുന്നു. ഇതിന്റെ നേതാവായ ചേന്നി കുഞ്ഞുതണ്ടാൻ അവർകളുടെ ഈ ശ്രമങ്ങളെ ശ്ലാഘിച്ചേതീരൂ. ചിറയിൻകീഴ് വക്കത്ത് 80 കന്നി 10-ാം നു ഒരു സമാജം സ്ഥാപിച്ച് നടത്തിവരുന്നുണ്ട്. അതിന്റെ നായകനായ മിസ്റ്റർ കൊച്ചുപപ്പു തരകൻ സ്കൂളുകളേയും മറ്റും സ്ഥാപിക്കുന്ന വിഷയത്തിൽ ഫലവത്തായ ശ്രമങ്ങൾ ചെയ്തു വരുന്നുണ്ട്. ചിറയിൻകീഴ് 1080 കന്നി 10-ാം നു സ്ഥാപിച്ച് 30റ-ൽപരം അംഗങ്ങൾ ചേർന്ന ഒരു സമാജം ഉണ്ട്. അതിന്റെ ഇതുവരെയുള്ള മുഖ്യമായ ശ്രമം ആചാരപരിഷ്കരണ വിഷയത്തിലാണ്. തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിലും ഇപ്രകാരം അനേക സമാജങ്ങൾ ഉണ്ട്. കൊച്ചിയിൽ പള്ളുരുത്തി 'ശ്രീധർമ്മ പരിപാലനയോഗം' 1080 കന്നി 5-ാം തീയതി സ്ഥാപിച്ചതാണ്. ഇതിൽ മാസംതോറും യോഗങ്ങൾകൂടി ആചാരപരിഷ്കരണം മുതലായ സംഗതികളെപ്പറ്റി ആലോചിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഇതിൽ 500 ക. പരിവുള്ളതിൽ ചെലവു കഴിച്ച് 200-ൽ ചിലവാനം ക. ബാക്കി ഇരിപ്പുണ്ട്. പരിഷ്കാരചന്ദ്രോദയ സമാജം ബ്രിട്ടീഷ് കൊച്ചിയിൽ 1080 കർക്കടകം 28-ാം നു സ്ഥാപിച്ചതാണ്. 300-ൽപരം അംഗങ്ങൾ ഉണ്ട്. ആചാര പരിഷ്കരണം ഈ സമാജത്തിന്റെ പ്രധാന കൃത്യമായി കാണുന്നു. ഇതിനു 500 ക. യോളം മൂലധനവും ഉണ്ട്. പെരിങ്ങോട്ടുകര ശ്രീ നാരായണ സ്മാരക സമാജം 1078 മകരം 10-ാം നു സ്ഥാപിച്ചതാണ്. ഇപ്പോൾ 74 അംഗങ്ങൾ ഉണ്ട്. ഈ സമാജം പെരിങ്ങോട്ടുകര നമ്മുടെ യോഗംവകയായ പറമ്പിൽ വച്ചാണ് നടത്തപ്പെട്ടുവരുന്നത്. 712 ക. യിൽ ചിലവാനം ഇതുവരെ പിരിഞ്ഞിട്ടുള്ളതിൽ 652 ക. യോളം കെട്ടിടങ്ങൾക്കും മറ്റുമായി ചെലവായിരിക്കുന്നു. മേൽ പറയപ്പെട്ടതും അല്ലാതെയും ഉള്ള എത്രയോ സമാജങ്ങൾ കൊച്ചിയിലും തിരുവിതാംകൂറിലും അവിടവിടെയായി അറിയപ്പെട്ടും അറിയാതെയുംകിടപ്പുണ്ട്. ഇവയെ എല്ലാം വേണ്ടവിധത്തിൽ പരിഷ്കരിക്കുകയും ഉജ്ജീവിപ്പിക്കുകയും ചെയ്താൽ അതുവളരെ ഗുണകരമായിത്തീരുന്നതും യോഗത്തിന്റെ സർവ വിധത്തിലും ഉള്ള ഉദ്ദേശങ്ങൾ അവ മുഖേന സാധിപ്പാൻ വളരെ എളുപ്പമുള്ളതാണ്. യോഗത്തിന്റെ നിബന്ധനകളിൽ ഇപ്പോൾ തന്നെ ആവശ്യപ്പെട്ടിരിക്കുന്ന പരിഷ്കരണങ്ങൾ ചെയ്കയും അനുബന്ധത്തിന്നു നിയമങ്ങൾ ഉണ്ടാകുകയും ചെയ്ത് ഈ സമാജങ്ങളേയും ഇതുപോലെ സ്ഥാപിക്കപ്പെടുന്ന മറ്റു സമാജങ്ങളേയും ഒന്നായി ചേർത്ത് പ്രവർത്തിപ്പിച്ചാൽ നമുക്ക് അൽഭുതകരമാംവണ്ണം പ്രവൃത്തികൾ നടത്താവുന്നതാകുന്നു.

ചുരുക്കത്തിനുവേണ്ടി 3–ാമതു പൊതുയോഗം കഴിഞ്ഞതു മുതൽ ഇന്നുവരെ യോഗസംബന്ധമായി നടന്നിട്ടുള്ള പ്രധാനസംഗതികളിൽ

Digitized By Kerala Sahitya Akademi

സ്മരിക്കത്തക്ക ചിലതിനെ എടുത്തു കാണിച്ചുകൊണ്ട് ഇപ്പോഴും ഞാൻ വിരമിക്കേണ്ടിയിരിക്കുന്നു. പ്രാർത്ഥിച്ചിരുന്നവണ്ണം യോഗത്തിന്റെകീഴിൽ ഒരു വിദ്യാഭ്യാസ ഫണ്ട് ഉണ്ടായതു പ്രസ്തുത കൊല്ലത്തിൽ ആകുന്നു. യോഗം സ്ഥിരാദ്ധ്യക്ഷനായ ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി അവർകളും വടക്കേ മലയാളത്തെ ഇദംപ്രഥമമായി സന്ദർശിച്ചതു് ഈ കൊല്ലത്തിൽ ആകുന്നു. നമ്മുടെ സമുദായത്തിൽ ബ്രഹ്മസമാജം നിമിത്തം സംഭവിച്ചിരുന്ന അനർത്ഥങ്ങൾക്ക് ഉപശമം ഉണ്ടായതു് ഇതിനിടയിൽ ആകുന്നു. തലശ്ശേരിയിൽ സ്വജനങ്ങളുടെ വകയായി ശ്രീ ജ്ഞാനോദയസമാജം മുഖേന ഒരു ശിവാലയം ഉണ്ടാക്കാൻ ആരംഭിച്ചതും ആ ആരംഭം ഏറെറവും ആശാസ്യമാംവണ്ണം പൂർത്തിയെ പ്രാപിക്കുന്നതും ഈ അവസരത്തിലാണ്. സ്വാമി അവർകളും ഉത്തരതിരുവിതാംകൂറിലെ പുരാതന ദേവാലയങ്ങളിൽ പ്രാണിഹിംസ മുതലായവയേയും അവിടത്തെ സ്വജനങ്ങളുടെ ഇടയിൽ ദുർവ്യയപൂർണ്ണവും അനാവശ്യമായ 'താലികെട്ട്' മുതലായ ദുരാചാരങ്ങളേയും നിരോധിച്ചതും ആ സ്ഥലങ്ങളിൽ പുതിയരീതി വിവാഹം മുതലായതിനു് പ്രചാരം സിദ്ധിച്ചതും ഇതിനിടയിലാണ്. തിരുവിതാംകൂറിൽ സ്വജനങ്ങളുടെ ഇടയിൽ ഏറെറവും വലിയ തറവാടായ ആലും മൂട്ടു കുടുംബത്തിൽ ഉണ്ടായ ഭയങ്കരമായ അന്തഃഛിദ്രത്തെ പഞ്ചായത്തു മുഖേന യോഗത്തിൽ നിന്നു് സന്ധിഉണ്ടാക്കിയതും ഈ കാലത്തിൽതന്നെ. വടക്കേ മലയാളത്തിൽ നിന്നു് അംഗങ്ങളെ ലഭിച്ചുതുടങ്ങിയതും വടക്കും തെക്കുമുള്ള സ്വജനങ്ങൾക്കു തമ്മിൽ ചിരപ്രാർത്ഥിതമായ സമ്മേളനത്തിനും പ്രത്യക്ഷമായ സഹകരണത്തിനും സ്നേഹത്തിനും ഇപ്രകാരം സംഗതി ലഭിച്ചതും ഈ കാലത്തിലാണ്. സർവോപരി യോഗത്തിന്റെ കീഴിൽ മദ്രാസ് ഗവൺമെൻറിന്റെയും നാട്ടുരാജാക്കൻമാരുടേയും പ്രഭുക്കൻമാരുടേയും വലുതായ സഹകരണത്തോടുകൂടിയും ജാതിമതഭേദങ്ങളെ ഗണിക്കാതെയും കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത വിധത്തിൽ ഇത്ര വിജയപൂർണ്ണമായി ഒരു കൃഷി വ്യവസായ പ്രദർശനം തുറപ്പാൻ ഇടയായതും ഈ കാലത്തിലാണെന്നു നമുക്കു ന്യായമായി അഭിമാനപൂർവം പറയാവുന്നതാകുന്നു.

ചുരുക്കത്തിൽ ഈ പ്രദർശനത്തെ ഇത്ര പൂർണ്ണവിജയവത്തായും യോഗത്തെ ഇത്ര തൃപ്തികരമായും നടത്തുന്നതിനുസഹായിച്ച മാന്യൻമാരിൽ ഓരോരുത്തർക്കും എല്ലാവർക്കും നമ്മുടെ വലിയ സമുദായത്തിന്റെയും യോഗത്തിന്റെയും നമ്മുടെ ഗുരുവും മഹാനുഭാവനുമായ ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി അവർകളുടേയും പേരിൽ ഹാർദ്ദമായ നന്ദിപറഞ്ഞുകൊണ്ട് ഈ റിപ്പോർട്ടിനെ ഞാൻ സവിനയം സമർപ്പിച്ചുകൊള്ളുന്നു.

എൻ. കുമാരൻ ആശാൻ
സെക്രട്ടറി

വിവേ: 1082 കുംഭം, മീനം

Digitized By Kerala Sahitya Akademi

IV

1083 മേടം 5–ം 6–ം (1908 ഏപ്രിൽ 13–ം 18–ം) നു കളിൽ തിരുവനന്തപുരം വി. ജെ. റൂി. ഹാളിൽകൂടിയ 5–ാം എസ്. എൻ. ഡി. പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട്.

മാന്യരേ,

ഈ അഞ്ചാമത്തെ വാർഷിക പൊതുയോഗത്തിലും യോഗത്തിന്റെ ഇക്ക ഴിഞ്ഞ ഒരു കൊല്ലത്തെ പ്രവൃത്തികളെ സംബന്ധിച്ചുള്ള റിപ്പോർട്ടിനെ പതിവുപോലെ ഞാൻ നിങ്ങളുടെ മുമ്പാകെ വച്ചു കൊള്ളുന്നു. യോഗ സംബന്ധമായ പ്രവൃത്തികളിൽ നാം കൊല്ലമായി ഗണിച്ചു വരുന്നത് ഇംഗ്ലീഷ് വർഷത്തെയാണ്. അതുകൊണ്ടു വത്സരാവസാനത്തിൽ കൂടേണ്ട ഈ പൊതുയോഗം ഡിസംബർ അവസാനത്തിൽ ആയിരുന്നു ക്രമപ്രകാരം നടത്തപ്പെടേണ്ടിയിരുന്നത്. കണ്ണൂർ വച്ചു കൂടിയ 4–ാമതു വാർഷിക പൊതുയോഗത്തിൽ തന്നെ ഇമ ക്രമം തെറ്റീട്ടുണ്ടായിരുന്നു. അത് 1907 മാർച്ച് 29–ം 30–ം തീയതികളിലാണു നടത്തപ്പെട്ടത്. യോഗത്തോടൊ ന്നിച്ചു നടത്തേണ്ടിയിരുന്ന കൃഷി വ്യവസായ പ്രദർശനത്തിനു തൃപ്തികര മാംവണ്ണം ഒരുക്കങ്ങൾ ചെയ്യുന്നതിനു സമയം വേണ്ടി വന്നതിനാലും പ്രദർ ശനത്തിന്റെ പ്രാരംഭ കൃത്യങ്ങൾ നടത്തിത്തരാൻ സമ്മതിച്ചിരുന്ന ബഹുമാ നപ്പെട്ട കസ്റ്റൻ സ്റ്റുവേർട്ട് സ്റ്റുവേർട്ട് സായ്പവർകളുടെ സൗകര്യത്തെ കാക്കേണ്ടിവന്നതിനാലും ആണ് അപ്പോൾ ആ താമസം നേരിട്ടത്. എന്നാൽ ഈ കൊല്ലം നമ്മെ സംബന്ധിച്ചിടത്തോളം അതിനെക്കാൾ ഗൗരവമേറിയ ഒരു കാരണമാണുണ്ടായത്. യോഗത്തിന്റെ സ്ഥിരാദ്ധ്യക്ഷനും സർവാ ത്മനാ അതിന്റെ ജീവനും സർവസ്വവുമായ ബ്രഹ്മശ്രീ നാരായണഗുരു സ്വാമി പാദങ്ങൾക്കു ഡിസംബർ 11–ം തീയതി (തുലാം 26–ാം നു) ആലു വായിൽവച്ചു സംഭവിച്ച ആപൽക്കരമായ സുഖക്കേടിനെപ്പറ്റി അറിഞ്ഞിട്ടി ല്ലാത്തവർ നമ്മുടെ ഇടയിൽ ഉണ്ടായിരിക്കയില്ലല്ലോ. കേരളം ഒട്ടുക്കുള്ള നമ്മുടെ സമുദായത്തിനു പൊതുവിൽ കഠിനമായ വ്യസനത്തേയും നൈരാ ശ്യത്തേയും ഉണ്ടാക്കിയ ആ സംഗതി ആയിരുന്നു മേല്പറഞ്ഞ കാരണം. ഇതിനെപ്പറ്റി ഇപ്പോൾ ചിന്തിക്കുക തന്നെ വ്യസനകരമായിട്ടുള്ള താണെന്നു നമുക്കറിയാമല്ലോ. എന്നാൽ നമ്മുടെ യോഗത്തിനു തന്നെയല്ല സമുദായ സംബന്ധമായ ഗുണത്തെ ഉദ്ദേശിച്ചുള്ള നമ്മുടെ എല്ലാ പ്രവൃത്തി കൾക്കും സ്വാമിപാദങ്ങളോടുള്ള സംബന്ധത്തിന്റെ സ്വഭാവം ഇത്ര വെളി വായറിയാൻ ഇതിനു മുമ്പിൽ ഒരിക്കലും നമുക്കു അവസരമുണ്ടായിരു ന്നില്ല. അതുകൊണ്ട് അവിടത്തെ പരിശുദ്ധമായ ജീവിതത്തെ അടിസ്ഥാ നമാക്കീട്ടുള്ള നമ്മുടെ ഈ പ്രവൃത്തികളിൽ നാം എത്ര ജാഗരൂകൻമാരായി രിക്കണം എന്നുള്ള ഒരു സംഗതി ഈ സംഭവം നമ്മെ ഓർമ്മപ്പെടുത്തീട്ടുണ്ട്.

Digitized By Kerala Sahitya Akademi

നമുക്ക് ഈശ്വരദത്തമായ ഈ അവസരത്തെ യഥാകാലം ഉപയോഗിച്ചു നമ്മുടെ നൻമയ്ക്കായിട്ടുള്ള സകല പ്രവൃത്തികളേയും ഇപ്പോഴേ നാം ബുദ്ധിപൂർവം ഉറപ്പിച്ചുകൊള്ളേണ്ടതാകുന്നു. സ്വാമി അവർകളുടെ മാഹാത്മ്യത്തേയും അവിടത്തെ ജീവിതത്തിൽ നിന്നു നാം പ്രതീക്ഷിക്കുന്ന ഗുണങ്ങളേയും പറഞ്ഞു ഈ അവസരത്തിൽ ഞാൻ നിങ്ങളെ പ്രത്യേകം ഓർമ്മപ്പെടുത്തേണ്ട ആവശ്യകതയില്ലെങ്കിലും ഈയിടെ അവിടത്തേക്കു സമർപ്പിച്ച ഒരു മംഗള പത്രത്തിൽ വിദ്വാൻമാരായ കോഴിക്കോട്ടു തീയാസഫി സംഘക്കാർ സൂചിപ്പിച്ച ഒരു സംഗതി എന്റെ അഭിപ്രായത്തോട് ഏറ്റവും യോജിച്ചിരിക്കുന്നതാകയാൽ അതിനെ അവരുടെ വാക്കിൽതന്നെ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു. സ്വാമിപാദങ്ങളെ അവർ ഇങ്ങനെ വിചാരിക്കുന്നു.

"A soul sent out by the guardians of humanity for the uplifting and redemption of a community of whose spiritual interests those who call themselves high caste have grown so sadly oblivious.

(ആരുടെ മതസംബന്ധമായ സംഗതികളെ ഉയർന്ന ജാതിക്കാർ എന്നു പറയുന്നവർ ഇത്ര ദയനീയമാംവണ്ണം വിസ്മരിച്ചിരിക്കുന്നുവോ അങ്ങിനെയുള്ള ഒരു സമുദായത്തെ ഉദ്ധരിക്കുകയും പൊക്കുകയും ചെയ്യുന്നതിനായി ഈശ്വരൻമാരാലയയ്ക്കപ്പെട്ട ഒരു ആത്മാവാണ് അദ്ദേഹം) എന്ന് ഇതിനേക്കാൾ വാസ്തവമായ ഒരു വർണ്ണന ഉണ്ടായിരിക്കാൻ പാടില്ല. നിശ്ചയമായും ഈശ്വരാനുഗ്രഹത്താൽ തന്നെ നമുക്ക് അദ്ദേഹത്തെ സിദ്ധിച്ചു. മേൽപ്പറഞ്ഞ അപകടത്തിൽ നിന്നും ഈശ്വരാനുഗ്രഹം കൊണ്ടുതന്നെ അവിടത്തെ ജീവിതം ഇപ്പോഴേ തിരികെ കിട്ടുകയും ചെയ്തു. യോഗത്തിന് അതിന്റെ സംശയിക്കപ്പെട്ടിരുന്ന ജീവിതവും, ശക്തിയും മടങ്ങിവന്നു. അതിന്റെ സഹജമായ വളർച്ചയെ ഇപ്പോഴേ അതു പിൻതുടരുകയും ചെയ്യുന്നു.

നമ്മുടെ യോഗത്തിന്റെ തലസ്ഥാനം തിരുവനന്തപുരം ആണെങ്കിലും ഇവിടെവച്ച് നമുക്ക് ഒരു പൊതുയോഗം കൂടാൻ ഇടയായത് ഇപ്പോഴാണ്. യോഗാംഗങ്ങൾ കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലുമായി താമസിക്കുന്നവരാകുന്നു. അന്യരാജ്യങ്ങളിലും പല പ്രധാന അംഗങ്ങളും ഉണ്ട്. ഇവരെ എല്ലാം ക്ഷണിച്ചുവരുത്തി ഒരു പൊതുയോഗം കൂടുന്നതിനുള്ള പ്രയാസവും കഷ്ടതയും അനുഭവിച്ചെങ്കിലേ അറിഞ്ഞുകൂടൂ. വിദ്യാഭ്യാസത്തിനേറയും നാഗരികതയുടേയും കുറവുകൊണ്ടു നമ്മുടെ ജനങ്ങളിൽ മുക്കാലേ അരയ്ക്കാലും ഇപ്രകാരം ഉള്ള മഹായോഗങ്ങളുടെ പ്രാധാന്യത്തെ അറിയാത്തവരും ഈവക വിഷയങ്ങളിൽ തൃഷ്ണ കുറഞ്ഞവരും ആകുന്നു. ശേഷമുള്ള ചുരുക്കം യോഗ്യരിൽതന്നെ പലർക്കും പല അസൗകര്യങ്ങൾ ഉണ്ടാകാവുന്നതാണ്. എല്ലാവരുടേയും സൗകര്യത്തിന് ഒത്തതായ സ്ഥലവും സമയവും തെരഞ്ഞെടുക്കാൻ ആർക്കും സാധിക്കുന്നതുമല്ലല്ലോ. ഇന്നത്തെ ഈ യോഗത്തിൽ പ്രതീക്ഷിക്കപ്പെട്ടിരുന്ന വലിയ യോഗ്യൻമാരിൽ പലരും ഹാജരായിട്ടില്ലെന്നു വ്യസനപൂർവം പ്രസ്താവിക്കേണ്ടിയിരിക്കു

Digitized By Kerala Sahitya Akademi

ന്നു. എങ്കിലും ഉത്തരവാദിത്വമുള്ള ഗവൺമെൻറ് ഉദ്യോഗത്തേയും ദീർഘ
മായ വഴിയാത്രയേയും സംബന്ധിച്ചുള്ള അസൗകര്യങ്ങളും ക്ലേശങ്ങളും
ഗണ്യമാക്കാതെ ഇന്നിവിടെ ഹാജരായി അഗ്രാസനം വഹിക്കുന്ന മാന്യ ദേഹ
ത്തിൻെറയും പതിവുപോലെ മുൻകൂട്ടി ഹാജരായി പൊതുയോഗത്തെ
ഭംഗിയാക്കുന്നതിനു വേണ്ടതെല്ലാം സഹായിച്ചുതന്നു നമ്മെ ഉൽസാഹിപ്പി
ക്കുന്ന ഡാക്ടർ പല്പു അവർകളുടെയും മറും സമുദായ സ്നേഹത്തിൻെറ
മാതൃക നമുക്ക് എപ്പോഴും ഒരു പാഠമായിരിക്കത്തക്കതും ആകുന്നു.

തിരുവനന്തപുരത്തു വച്ച് ഈ പൊതുയോഗം കൂടുന്നതിനെപ്പററി
പതിവുപോലെ വളരെ മുൻകൂട്ടി തീർച്ചയാക്കീട്ടില്ലായിരുന്നു. കണ്ണൂരിൽ
വച്ചുകൂടിയ പൊതുയോഗത്തിൽ യോഗത്തിൻെറ ഇപ്പോഴത്തെ നിബന്ധന
ങ്ങളെ ഒരു സെലക്ററു കമ്മിററി മുഖേന പരിഷ്കരിച്ചെഴുതി പാസ്സാ
ക്കുന്നതിനായി കഴിഞ്ഞ ഒക്ടോബറിൽ (നവരാത്രി സംബന്ധിച്ച്) കോഴി
ക്കോട്ട് ഒരു വിശേഷാൽ പൊതുയോഗം കൂടണമെന്നു നിശ്ചയിച്ചിട്ടുണ്ടാ
യിരുന്നു. നിയമപ്രകാരം ഒരു വിശേഷാൽ പൊതുയോഗത്തിൽ പാസ്സാ
ക്കുന്ന വല്ല നിശ്ചയവും സാധുവാകണമെങ്കിൽ ആ പൊതുയോഗത്തിനു
14 ദിവസങ്ങൾക്കു പിമ്പും 30 ദിവസങ്ങൾക്കു മുമ്പും വേറൊരു വിശേ
ഷാൽ പൊതുയോഗം കൂടി അതിൽ അതിനെ സ്ഥിരീകരിക്കണം എന്നുണ്ട്.
അതുകൊണ്ട് അങ്ങിനെ ആയാൽ നവംബറിലും ഒരു വിശേഷാൽ പൊതു
യോഗം കൂടി വിളിച്ചു കൂട്ടേണ്ടി ഉണ്ടാകുമായിരുന്നു. പിന്നെ ഡിസംബർ
വൽസരാവസാനവുമായി, അപ്പോൾ വാർഷിക യോഗത്തിൻെറയും കാല
മാണ്. അപ്രകാരമായാൽ മാസത്തിൽ ഓരോന്നായി അടുത്തടുത്തു മൂന്നു
പൊതുയോഗങ്ങൾ ഇങ്ങനെ കൂടേണ്ടിവരും. അതിൻെറ ക്ലേശങ്ങളെയും
അസൗകര്യങ്ങളെയും ചെലവിനെയും ഭയപ്പെട്ടു മുൻ നിശ്ചയത്തെ വേണ്ടി
വരികയായാൽ സ്വല്പം ഭേദപ്പെടുത്തി ആദ്യത്തെ വിശേഷാൽ പൊതു
യോഗം നവംബർ അവസാനത്തിലും രണ്ടാമത്തേത് വാർഷിക പൊതുയോഗ
ത്തോടൊന്നിച്ചു ഡിസംബർ അവസാനത്തിലും കൂടത്തക്കവണ്ണം മാനേ
ജിംഗ് കമ്മിററിയിൽ നിന്നു നിശ്ചയിച്ചു. അപ്രകാരം നവമ്പർ 30—ം
ഡിസംബർ 1—ം തീയതികളിൽ വിശേഷാൽ പൊതുയോഗം കോഴിക്കോട്ടു
ടൗൺഹാളിൽ കൂടത്തക്കവണ്ണം ഒക്ടോബർ 27—ാം നു അംഗങ്ങൾക്കു
നോട്ടീസ് കൊടുക്കുകയും. സെലക്ട് കമ്മിററിയിൽ നിന്നു പുതിയ
നിബന്ധന എഴുതി തയ്യാറാക്കുകയും., സകല ഒരുക്കങ്ങളും പൂർത്തിയാ
ക്കുകയും ചെയ്തു. ആ യോഗത്തിൽ അഗ്രാസനം വഹിക്കാൻ സദയം സമ്മ
തിച്ചിരുന്ന ഒയിററി കൃഷ്ണൻ ബി. എ. ബി. എൽ അവർകളോടും ആ
യോഗത്തിൽ ഹാജരാകുന്ന എല്ലാ മാന്യൻമാരെയും തൻെറ അതിഥിയായി
സ്വീകരിപ്പാൻ പ്രത്യേകം പ്രതീക്ഷിച്ചിരുന്ന മഠത്തിൽ മുപ്പൻ അവർക
ളോടും ഇപ്പോഴും നമുക്കു വലുതായ നന്ദിയുണ്ടായിരിക്കേണ്ടതാകുന്നു.
എന്നാൽ രോഗ്യദോഷത്താൽ അപ്പോഴം കാര്യമെല്ലാം മറെറാരു പ്രകാരത്തിൽ
അവസാനിക്കാനാണ് ഇടയായത്. കോഴിക്കോട്ടു സന്നിഹിതരായി ഒരു

Digitized By Kerala Sahitya Akademi

ക്ഷേത്രാരംഭ കൃത്യം നടത്തുന്നതിനുവേണ്ടി യോഗത്തിൽ സംബന്ധിക്കുന്നതിനുമായി ശിഷ്യപരിവാര സമേതം പുറപ്പെട്ടിരുന്ന സ്വാമി പാദങ്ങൾക്ക് ആലുവായിൽ വച്ചു മുൻപ്രസ്താവിച്ച ആപത്തു നേരിടുകയും അതു നിമിത്തം സമയക്ലിപ്തം ഇല്ലാതെ യോഗം മാററിവയ്ക്കേണ്ടി വരികയും ചെയ്തു. അതിനുശേഷം കോഴിക്കോട്ടു ക്ഷേത്രത്തിന്റെ പ്രാരംഭ കൃത്യം, തലശ്ശേരി ക്ഷേത്രത്തിലെ പ്രതിഷ്ഠാകർമ്മം, അരുവിപ്പുറം ക്ഷേത്രത്തിലെ വർഷോത്സവം മുതലായി തുടരെത്തുടരെ വന്നുകൊണ്ടിരുന്ന സംഗതികളിൽ സ്വാമിപാദങ്ങളോടൊന്നിച്ചു സെക്രട്ടറി സംബന്ധിക്കേണ്ടിയിരുന്നതിനാലും, ഇന്നത്തെ അഗ്രാസനൻ അവർകളുടെ സമയത്തെ പ്രതീക്ഷിച്ചും ഇപ്പോഴ ഇവിടെ വച്ച് ഒരു വിധം ധൃതഗതിയിൽ ഉള്ള ഒരുക്കത്തോടുകൂടി ഈ യോഗം കൂടേണ്ടി വന്നിട്ടുള്ളതാണ്. ഈ പൊതുയോഗം ഇവിടെ കൂടുന്നതിനു വേറൊരു കാരണം കൂടിയുണ്ട്. ഇതോടൊന്നിച്ചു വിശേഷാൽ പൊതുയോഗംകൂടി ഉൾപ്പെടുത്തിയിരിക്കയാണെന്നു നോട്ടിസ്മൂലം എല്ലാവരും അറിഞ്ഞിട്ടുണ്ടല്ലോ. യോഗത്തിന് അധികം അംഗങ്ങൾ ഈ പ്രദേശങ്ങളിലാണുള്ളത്. യോഗം ആരംഭിച്ചതും ഇവിടെത്തന്നെ. ഇതിന്റെ ഹെഡ് ആഫീസും ഇവിടെയാകുന്നു. അതുകൊണ്ടു നിബന്ധനകളിൽ വല്ല ഭേദഗതിയും വരുത്താനായിട്ടുള്ള ഒരു പൊതുയോഗം ഇവിടെ വച്ചു കൂടിയാൽ അധികം അംഗങ്ങൾ ഹാജരാകുകയും വരുത്തുന്ന ഭേദഗതികൾ അധികം പേരുടെ അഭിപ്രായത്തോടും അറിവോടും കൂടി ആയിരിക്കുകയും ചെയ്യാൻ ഇടയുള്ളതുകൊണ്ട് കമ്മിറ്റിയിൽ നിന്ന് അപ്രകാരം തീർച്ചയാക്കീട്ടുള്ളതാകുന്നു. അരുവിപ്പുറത്തു കൂടിയ ആദ്യത്തെ പൊതുയോഗം പോലെ ഒരു ഉത്സവമോ കൊല്ലത്തു കൂടിയ യോഗം പോലെ ഒരു സാഹിത്യ പരീക്ഷയും വ്യവസായ പ്രദർശനവുമോ, ആലപ്പുഴ കൂടിയ യോഗം പോലെ വലുതായ ആഡംബരമോ, കണ്ണൂർ കൂടിയകഴിഞ്ഞ പൊതുയോഗം പോലെ കേമമായ ഒരു കൃഷി വ്യവസായ പ്രദർശനമോ ഈ പൊതുയോഗത്തിന്റെ പ്രാധാന്യത്തെ വർദ്ധിപ്പിക്കത്തക്കവണ്ണം ഏർപ്പെടുത്തീട്ടില്ല. ഇന്നത്തേത് യോഗത്തിന്റെ വെറും ആഭ്യന്തര കാര്യങ്ങളെപ്പറ്റി ആലോചിക്കാൻ മാത്രം തല്സ്ഥാനത്തിൽ കൂടീട്ടുള്ള ഒരു പൊതുയോഗം ആകുന്നു.

യോഗത്തിന്റെ കഴിഞ്ഞ കൊല്ലത്തെ ചരിത്രം വളരെ അരിഷ്ടതയുള്ളതാകുന്നു. എങ്കിലും അധികം സംഗതികളും ആ കൊല്ലത്തിൽ നടന്നിട്ടുണ്ട്. അവയുടെ ഇടയിൽ ഒന്നാമതായി നമ്മുടെ ദൃഷ്ടിയിൽ പ്പെടുന്നത് കണ്ണൂർ വച്ചു നടത്തപ്പെട്ട പ്രദർശനം തന്നെയാകുന്നു. ആപത്തുകളുടെ കൂട്ടത്തിൽ സ്വാമിക്കു സംഭവിച്ച സുഖക്കേടു തന്നെ ഈ കൊല്ലത്തെ എപ്പോഴും വ്യസനപൂർവം സ്മരിപ്പിക്കുന്നതാകുന്നു. കോഴിക്കോട്ടു കൂടാൻ തീർച്ചയാക്കിയ വിശേഷാൽ പൊതുയോഗത്തിന്റെ വിഘ്നവും, തൽസംബന്ധമായ കഷ്ടനഷ്ടങ്ങളും നാഗർകോവിൽ ഡിസ്ട്രിക്ട് കോർട്ടിൽ നടന്നു വന്ന വ്യവഹാരത്തിന്റെ തോൽവിയും എല്ലാം പ്രസ്താവ കൊല്ലത്തിൽ യോഗത്തിനു സംഭവിച്ച അരിഷ്ടതകളാ

Digitized By Kerala Sahitya Akademi

കുന്നു. ഒടുവിൽ പറഞ്ഞകേസ് ഇപ്പോഴും ഹൈക്കോടതിയിൽ അപ്പീൽ ചെയ്തിട്ടുണ്ട്.

പ്രസ്തുത വർഷത്തിൽ ആഫീസിൽ ഒരു അസിസ്റ്റന്റ് സെക്രട്ടറിയെക്കൂടി നിശ്ചയിക്കുകയും ക്ലർക്കിന് 2 ക. മാസപ്പടി കൂട്ടിക്കൊടുക്കുകയും, ഒരു പ്യൂണിനെക്കൂടി അനുവദിക്കുകയും മുൻകൊല്ലം ആരംഭം മുതൽ തന്നെ നിയമിച്ചിരുന്ന ആഫീസ് മാനേജരെ വിവേകോദയം വരി പിരിക്കുന്നതിനും ആയി ശമ്പളത്തിനു പുറമേ മാസികയുടെ വരി പിരിപ്പു വകയ്ക്ക് ഒരു കമ്മിഷൻ കൂടി അനുവദിച്ച് പുറത്തയയ്ക്കുകയും ചെയ്തിരുന്നു. സെക്രട്ടറി പണം പിരിവു മുതലായ യോഗം സംബന്ധങ്ങളായ കാര്യങ്ങൾക്കായി അധിക ഭാഗവും സർക്കീട്ടിൽ കഴിച്ചിരിക്കയാകുന്നു, ഇതിന്റെ ഫലമായി യോഗം ഓഹരിവകയിൽ 1578–ൽ ചിലവാനം ഉറുപ്പിക പിരിഞ്ഞു കിട്ടീട്ടുണ്ട്. വിവേകോദയം വകയായും പ്രസ്തുതവർഷത്തിൽ 921–ൽ ചിലവാനം ഉറുപ്പികയും പിരിഞ്ഞിട്ടുണ്ട് പല പ്രവൃത്തികളുടെ കൂട്ടത്തിൽ പണം പിരിവിനായി സെക്രട്ടറിക്ക് രണ്ടു മാസത്തിൽ അധികം ചെലവാക്കാൻ സാധിച്ചിട്ടില്ലെന്നുള്ളത് ഈ സന്ദർഭത്തിൽ ഓർക്കേണ്ടതാണ്. ക്ലർക്കിന് ആഫീസിൽ പൂർവാധികമായി പ്രവൃത്തി ഉണ്ടായിരുന്നു. സാധാരണ പ്രവൃത്തികൾക്കു പുറമേ സർക്കീട്ടിൽ നിന്നു സെക്രട്ടറിയും മാനേജരും പിരിച്ചയയ്ക്കുന്ന പണങ്ങളെ സംബന്ധിച്ചും ആഡിറർമാർ കഴിഞ്ഞ തവണത്തെ റിപ്പോർട്ടിൽ ഉപദേശിച്ച പ്രകാരം വിവേകോദയം വരിക്കാർക്കു പ്രത്യേകം പ്രത്യേകം ലഡ്ജർ പിടിക്കുക മുതലായവയെ സംബന്ധിച്ചും അധികം ഗണ്യമായ വേല ചെയ്തിട്ടുണ്ട്. ഇതിനു പുറമേ ആഫീസിൽ നിന്നു പ്രസ്തുത കൊല്ലത്തിൽ 300-ഓളം കത്തുകൾ അഫിഷ്യലായി അയച്ചിരിക്കുന്നു. ഇതും എഴുത്തു ജോലിയിൽ മുൻ കൊല്ലത്തെ അപേക്ഷിച്ചുണ്ടായ അധികതയെ കാണിക്കുന്നു.

അസിസ്റ്റന്റ് സെക്രട്ടറി ആയിരുന്ന ബി. എ. വിദ്യാർത്ഥി മിസ്റ്റർ എൻ. കുമാരൻ ഡിസംബർ ആദ്യം മുതൽ ഒന്നര മാസത്തെ അവധി എടുത്തിരുന്നു. ഇപ്പോൾ പരീക്ഷയിൽ വിജയിയായിത്തീരുകയാൽ അയാൾ ടയാഗം വക പ്രവൃത്തിയിൽ നിന്നു വിട്ട് തിരുവിതാംകൂർ ഗവൺമെൻറിന്റെ കീഴിൽ ഒരു സബ് രജിസ്ത്രാർ പണി സ്വീകരിച്ചിരിക്കുകയാകുന്നു. മാനേജർ മിസ്റ്റർ, റ്റി. കെ. നാണുവിന്റെ പണം പിരിവു പ്രവൃത്തി ആരംഭത്തിൽ തൃപ്തികരമായിരുന്നു.. എങ്കിലും ഒടുവിൽ മോശമായിവന്നു. പിരിവിൽ നിന്ന് അയാളുടെ ശമ്പളവും കമ്മിഷനും കഴിച്ചാൽ യോഗത്തിന് അതു ഗുണമില്ലാത്ത ഏർപ്പാടായി കണ്ടതിനാൽ മാനേജരുടെ ആ ജോലി തൽക്കാലത്തേക്കു നിറുത്തിവച്ചിരിക്കയാകുന്നു. അസിസ്റ്റന്റ് സെക്രട്ടറിയുടെ അവധികാലത്ത് മാനേജർ പകരം ആഫീസിൽ ജോലി നോക്കിയിട്ടുണ്ട്. അടുത്ത മെട്രിക്കുലേഷൻ പരീക്ഷയ്ക്കു പഠിപ്പനായി അയാൾ ഇപ്പോൾ അവധിക്ക് അപേക്ഷിച്ചു.

Digitized By Kerala Sahitya Akademi

രിക്കുകയാകുന്നു. യോഗം വക കാര്യങ്ങളിൽ പ്രകൃത്യാ അഭിരുചിയുള്ള ഒരു യുവാവായ മിസ്റ്റർ നാണു തന്റെ വിദ്യാഭ്യാസത്തെ പിൻതുടർന്ന് അധികയോഗ്യത സമ്പാദിക്കുന്നത് ആഗ്രഹിക്കത്തക്കതാകുന്നു. പ്രസ്തുത കൊല്ലത്തിൽ ഉദ്യോഗസ്ഥൻമാർ മുൻ കൊല്ലത്തെ അപേക്ഷിച്ച് അധികമായിരുന്നതിനാൽ ശമ്പളച്ചെലവ് പറയത്തക്കവണ്ണം വർദ്ധിച്ചിട്ടുണ്ട്. പുതുതായി വാങ്ങേണ്ടതായിവന്ന അനേക കണക്കു പുസ്തകങ്ങൾ, രസീതു മുതലായ ഫാറങ്ങളുടേയും നോട്ടീസുകളുടേയും അച്ചടിച്ചെലവുകൾ, കണ്ണൂരിൽ വച്ചു നടന്ന പൊതുയോഗത്തേയും വിശേഷാൽ പൊതുയോഗത്തേയും സംബന്ധിച്ച എഴുത്തുകുത്തുകൾക്കുണ്ടായ വലുതായ സ്റ്റാമ്പു ചെലവുകൾ ഈ വക ഇനത്തിലും ഒരു ഗണ്യമായതുക ചെലവായിട്ടുണ്ട്. എങ്കിലും അവ എസ്റ്റാബ്ളിഷ്മെൻറ് ഇനത്തിൽ ബഡ്ജറിൽ അനുവദിച്ചിരുന്ന സംഖ്യയെ അതിക്രമിച്ചിട്ടില്ല.

വരവു ചെലവുകളുടെ പൊതുവിലുള്ള കണക്കുകൾ ബാക്കി പത്രത്തിൽ (Balance sheet) നിന്ന് കാണാവുന്നതാകുന്നു. പ്രസ്തുത കൊല്ലത്തിലെ ചെലവുകൾക്ക് ബഡ്ജറു പാസ്സാക്കിയിട്ടുണ്ടായിരുന്നതിനാൽ ഓരോ ഇനത്തിലുള്ള ചെലവുകളെപ്പറ്റിയും വിശേഷ വിവരങ്ങളൊന്നും ആവശ്യമില്ലെന്നു വിചാരിക്കുന്നു.

വിവേകോദയം

കുടിശ്ശിക പിരിക്കാൻ തുടങ്ങിയതോടുകൂടി വിവേകോദയത്തിനു വരിക്കാരുടെ സംഖ്യ കുറഞ്ഞു വരുന്നുണ്ട്. മലയാളത്തിലുള്ള മിക്കവാറും പത്രങ്ങളുടെ ക്രമം ഇതുതന്നെയാണെന്നു തോന്നുന്നു. എങ്കിലും ഇക്കൊല്ലം ഇതിന്റെ വാർഷിക വകയിൽ 921-ൽ ചിലവാനം ഉറുപ്പിക പിരിഞ്ഞു കിട്ടിയിട്ടുണ്ട്. അത് മാനേജരെക്കൂടി അതിന്റെ പിരിവിലേക്ക് പ്രത്യേകം നിശ്ചയിച്ചതിന്റെ ഫലമാകുന്നു. വിശേഷിച്ചും കഴിഞ്ഞ മൂന്നു കൊല്ലങ്ങളിലെ വലുതായ കുടിശ്ശികയിൽ നിന്നാണ് ഈ സംഖ്യ പിരിഞ്ഞിട്ടുള്ളതും. വിവേകോദയം വകയ്ക്കു പ്രസ്തുത കൊല്ലത്തെ ചെലവ് 468-ൽ ചിലവാനം ക. ആകുന്നു. ബഡ്ജറിൽ അനുവദിച്ചിരുന്ന സംഖ്യയിൽ നിന്ന് ഇത് 18-ൽ ചിലവാനം ക. അധികമാകുന്നു. പത്രം ഇത്രക്രമമായി നടക്കാതിരുന്ന മുൻകൊല്ലത്തെ ചെലവിനോടു താരതമ്യപ്പെടുത്തി ബഡ്ജറിൽ കൊള്ളിച്ച ഉദ്ദിഷ്ട സംഖ്യ കുറഞ്ഞു പോകയാലാണ് ഇങ്ങിനെ സംഭവിച്ചത്. പത്രം ക്രമമായി നടക്കുന്നപക്ഷം, ഇപ്പോൾ തന്നെ കടലാസ്, അച്ചടി, സ്റ്റാമ്പ് ഈ ഇനങ്ങളിൽ മാത്രം പ്രതിമാസം 50 ക. യിൽ കുറയാതെ ചെലവുവേണ്ടി വരുന്നതാകുന്നു. അതുകൊണ്ടു മേലാൽ ഈ ചെലവുകൾക്കായിത്തന്നെ 600 ക. എങ്കിലും അനുവദിക്കേണ്ടതാണ്. പ്രസ്തുത കൊല്ലത്തിലെ ചെലവുതന്നെ ഇതിൽ കുറഞ്ഞിരിക്കുന്നത് ചില മാസങ്ങളിൽ പത്രം മുടങ്ങിപ്പോയതു കൊണ്ടാകുന്നു. മേല്പറഞ്ഞ 468 ക. യ്ക്കു പുറമേ 149-ൽ ചിലവാനം ക. വരി പിരിവിന്റെ കമ്മിഷനായി ചെലവായി

Digitized By Kerala Sahitya Akademi

ട്ടുള്ളതും ഈ ഇനത്തിലുൾപ്പെടുന്നുണ്ട്. ഈ കമ്മിഷൻ സംഖ്യ കമ്മിറ്റി യിൽ നിന്നു അനുവദിച്ച നിരക്കുകൾ അനുസരിച്ച് അപ്പോഴപ്പോൾ പിരിവുകാർക്കു കൊടുത്തിട്ടുള്ളതാകുന്നു. പിരിക്കുന്ന ഉദ്യോഗസ്ഥന്റെ ശമ്പളത്തേയും, ഉയർന്ന കമ്മിഷൻ നിരക്കിനേയും, പത്രത്തിന്റെ കുറഞ്ഞ വരി നിരക്കിനേയും, പിരിഞ്ഞു കിട്ടാൻ പ്രയാസമുള്ള കുടിശ്ശികകൾ ദിവസം പ്രതിയെന്ന പോലെ വർദ്ധിച്ചു വരുന്നതിനേയും ഓർത്താൽ യോഗത്തിനു വിവേകോദയത്തിന്റെ നടത്തിപ്പു വളരെ ഞെരുക്കമുള്ള ഒരു സംഗതിയായിട്ടാണു തീർന്നിരിക്കുന്നത്. ആഫീസിൽ തന്നെ വളരെ ക്ലേശമുള്ള ജോലി വിവേകോദയത്തിന്റെ നടത്തിപ്പാകുന്നു. അതുകൂടാതെ കഴിച്ചാൽ ശമ്പളച്ചെലവിൽ തന്നെ ഒരു ഗണ്യമായ ഭാഗം കുറയ്ക്കാവുന്നതാണ്. എങ്കിലും വിവേകോദയം യോഗത്തിന് ഒഴിപ്പാൻ പാടില്ലാത്ത ഒരു ഉപകരണമായി തീർന്നിട്ടുണ്ടെന്നുള്ള വസ്തുതയെ വിസ്മരിച്ചുകൂടാത്തതാകുന്നു. അതുകൊണ്ട് അതിന്റെ മേലാലത്തെ നടത്തിപ്പിൽ ബുദ്ധിപൂർവമായ എന്തെങ്കിലും ഭേദഗതി ചെയ്യേണ്ടത് ആവശ്യമാകുന്നു. അങ്ങനെ ചെയ്യുന്ന ഭേദഗതി അതിന് ഒരു പുതിയ ഉൻമേഷത്തെ ഉണ്ടാക്കുന്നതും ആയിരിക്കണം.

സംസ്കൃതസ്കൂൾ

പഴയ സംസ്കൃത പാഠശാല ഇപ്പോൾ യോഗത്തിന്റെ കീഴിൽനിന്നു വിട്ടിരിക്കയാകുന്നു. എന്നാൽ പ്രസ്തുത കൊല്ലം മുതൽ അരുവിപ്പുറം മഠത്തിൽ ഒരു സംസ്കൃതസ്കൂൾ സ്ഥാപിച്ചു നടത്തിവരുന്നുണ്ട്. അതിലേക്കു സാഹായികധനമായി പ്രതിമാസം 5. ക. വീതം യോഗത്തിൽനിന്നു കൊടുത്തുവരികയാകുന്നു. ശരാശരി ഇരുപതോളം കുട്ടികൾ അതിൽ ഹാജരായി പഠിച്ചുവരുന്നുണ്ട്.

ക്ഷേത്രങ്ങളും മഠങ്ങളും

ക്ഷേത്രങ്ങളേയും മഠങ്ങളേയും സംബന്ധിച്ച ചെലവുകളിൽ പ്രസ്തുത വർഷത്തിൽ എടുത്തു പറയത്തക്കതായ വിശേഷാൽ ഇനം യാതൊന്നും ഇല്ല. അരുവിപ്പുറം ക്ഷേത്രത്തിന്റെ വകയ്ക്കായി ആവശ്യപ്പെടുന്ന ന്യായമായ ചെലവുകൾ പതിവുപോലെ യോഗത്തിൽ നിന്നു തന്നെ ചെയ്തുവരുന്നു. നമ്മുടെ ഇടയിൽ മതസംബന്ധമായ ഒരു സ്ഥാപനത്തെ ഉറപ്പിക്കുന്നതിലേക്കുള്ള സ്വാമി തൃപ്പാദങ്ങളിലെ പവിത്രമായ ഉദ്ദേശങ്ങളേയും, തൽസംബന്ധമായ ഏർപ്പാടുകളേയും പററി ഈ അവസരത്തിൽ രണ്ടു വാക്കു പറയുന്നത് അസ്ഥാനത്തിലാകയില്ലെന്നു വിശ്വസിക്കുന്നു. സ്വാമിപാദങ്ങൾ ഇപ്പോൾ വിശ്രമിച്ചു വരുന്ന ശിവഗിരി മഠം ഗതാഗത സൗകര്യം കൊണ്ടും അരുവിപ്പുറം പോലെ വളരെ തെക്കേ അറ്റത്തു ഒതുങ്ങിപ്പോയിട്ടില്ലാത്തതിനാലും നമ്മുടെ മതസംബന്ധമായ പ്രവൃത്തി കൾക്ക് അവിടം ഒരു മദ്ധ്യസ്ഥലമാക്കാൻ അവിടന്ന് ആഗ്രഹിക്കു

Digitized By Kerala Sahitya Akademi

ന്നുണ്ട്. അവിടെ ഒരു ദേവ്വോല്യവും, സംസ്കൃത വിദ്യാലയവും സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതിനെപ്പറ്റി ഒരു വിളംബരം വിവേകോദയത്തിൽ നിങ്ങളെ വായിച്ചിട്ടുണ്ടായിരിക്കുമല്ലോ. ഈ സ്ഥാപനത്തോടുകൂടി മത തത്വങ്ങളേയും, ആവശ്യമുള്ളിടത്തോളം വൈദിക തന്ത്രങ്ങളേയും പഠിപ്പിക്കുന്നതിനുവേണ്ട ഏർപ്പാടുകളും ചെയ്യുന്നതിനു പുറമേ വ്യവസായ സംബന്ധമായും, മറ്റും കൂടി ജനങ്ങൾക്കു ഗുണകരമായി വർത്തിച്ചുവരുന്നതിനെ കഴിയുന്നതു സമയോചിതം പോലെ പ്രവർത്തിക്കുന്നതിനും സ്വാമി പാദങ്ങളം ഉദ്ദേശിക്കുന്നുണ്ട്. നമ്മുക്കു വേണ്ടിയുള്ള അദ്ദേഹത്തിന്റെ ഈ ആഗ്രഹങ്ങളും ശ്രമങ്ങളുമെല്ലാം സാധിക്കണമെങ്കിൽ, നമ്മുടെ പല പ്രകാരേണയുള്ള സഹായവും അപേക്ഷിതമാണെന്നു പറയേണ്ടതില്ലല്ലൊ. എന്നാൽ അദ്ദേഹത്തെ ഈ വിഷയത്തിൽ സഹായിക്കാൻ ഒരുക്കമില്ലാത്തവർ നമ്മുടെ ഇടയിൽ ഉണ്ടായിരിക്കയില്ലെന്നു തന്നെ വിശ്വസിക്കാവുന്നതാകുന്നു. മതത്തെ മുൻ നിറുത്തി ചെയ്യുന്ന പ്രവൃത്തികൾക്കു ശക്തിയും മാഹാത്മ്യവും കൂടുമെന്നുള്ളതിനു ദൂരെ നിന്നു ദൃഷ്ടാന്തങ്ങളെ അന്വേഷിക്കേണ്ട ആവശ്യകതയില്ല. നമ്മുടെ തലശ്ശേരിയിലെ "ജ്ഞാനോദയോഗ"ത്തെത്തന്നെ നോക്കിയാൽ മതി. അതിന്റെ സർവ്വസ്വവും അവിടെ സ്വാമി പാദങ്ങളം മുഖേന സ്ഥാപിക്കപ്പെട്ടിരിക്കുന്ന ക്ഷേത്രം തന്നെ ആകുന്നു. ആ ക്ഷേത്രത്തിൽ കാണിക്കയായിത്തന്നെ ചില മാസങ്ങളിൽ 1000 ക. വരെ വരവുണ്ടെന്നു കേൾക്കുന്നതു നമുക്കെല്ലാം ഉത്സാഹപ്രദമായിരിക്കുന്നതാണല്ലൊ. മതവിശ്വാസത്തെ അടിസ്ഥാനമാക്കി നമ്മുടെ ഇടയിൽ നിന്നു വേറേ വഴികളിൽ കൂടി പാഞ്ഞു പോകുന്ന ധനപ്രവാഹത്തെ ഇപ്രകാരം തടുത്തു നിറുത്തി നമ്മുടെ ഐഹികവും പാത്രികവുമായ യോഗക്ഷേമങ്ങൾക്ക് ഉപയുക്തമാകത്തക്കവണ്ണം വിനിയോഗിക്ക എന്നുള്ളത് ഏറ്റവും ബുദ്ധിപൂർവവും പ്രശസ്തവുമായ ധർമ്മമാകുന്നു. അതുകൊണ്ട് അതിനെ നാം സർവാത്മനാ അവലംബിക്കേണ്ടതാണ്. തലശ്ശേരി ക്ഷേത്രത്തിലെ തന്ത്രാവകാശം ജ്ഞാനോദയ യോഗക്കാർ സ്വാമി പാദങ്ങൾക്കു ശിഷ്യപരമ്പരയായി ഇരിക്കത്തക്കവണ്ണം എഴുതിക്കൊടുത്തിരിക്കയാകുന്നു. അതിനായി ശിവഗിരി മഠത്തിലേക്ക് പ്രതിവർഷം തിരുവിതാംകൂറിലെ 1001 പണം കൊടുപ്പാൻ അവർ കരാർ മൂലം സമ്മതിച്ചിരിക്കുന്നു. ഈ ക്ഷേത്രത്തിൽ എന്ന പോലെ സ്വജനങ്ങളുടെ വകയായ മറ്റു ക്ഷേത്രങ്ങളിലും ശിവഗിരി മഠത്തിൽ നിന്ന് അഭ്യസിച്ചിട്ടുള്ള ശാന്തിക്കാരെയും മറ്റും അയച്ച് വൈദിക കർമ്മങ്ങൾ ഉത്തമരീതിയിൽ നടത്തപ്പെടത്തക്കവണ്ണം ഏർപ്പാടുണ്ടാക്കുന്നതിൽ എല്ലാവരും ശ്രദ്ധവയ്ക്കുമെന്നു വിശ്വസിക്കുന്നു.

തെക്കെ മലയാളത്തിലുള്ള സ്വജനങ്ങളുടെ ഉപയോഗത്തിനായി സ്വാമി പാദങ്ങൾ കോഴിക്കോട്ട് ഒരു ക്ഷേത്രത്തിന് കുറിവയ്ക്കുകയും രാരിച്ചൻ മൂപ്പൻ അവർകൾ മുതലായ സ്ഥലത്തെ മാന്യൻമാരുടെ നിരന്തരമായ ഉത്സാഹത്താൽ അതിന്റെ പണി ഭംഗിയായി നടന്നുവരികയും ചെയ്തു

Digitized By Kerala Sahitya Akademi

ന്നുണ്ട്. ഇതുപോലെ കണ്ണൂരിലും ചാവക്കാട്ടും ഓരോ ദേവാലയങ്ങൾ സ്ഥാപിക്കാൻ സ്വാമിതൃപ്പാദങ്ങളിലെ അനുഗ്രഹത്തെ ആശ്രയിച്ചു ജനങ്ങൾ പ്രശ്നം വെച്ചുവരുന്നുണ്ട്. പാലക്കാട്ട് ഒരു ക്ഷേത്രത്തിന് (സ്വാമിപാദങ്ങൾ ചികിത്സയ്ക്കായി അവിടെ ആയിരുന്നപ്പോൾ) കുറിവയ്ക്കുകയും ജനങ്ങൾ ധനശേഖരം ചെയ്തു തുടങ്ങുകയും ചെയ്തിരിക്കുന്നു.

ശിവഗിരി മഠത്തിന്റെ ശാശ്വതമായ നിലനിൽപ്പിനായി പ്രത്യേകം കുറേ സ്വത്തുക്കൾ സമ്പാദിക്കുന്ന വിഷയത്തിലും ഈയിടെ സ്വാമിപാദങ്ങളുടെ ദൃഷ്ടി എത്തിയിട്ടുണ്ട്. ഈ ഉദ്ദേശത്തെ സംബന്ധിച്ചു കഴിഞ്ഞ ആഴ്ചയിൽ കൊല്ലത്തു പ്രാക്കുളത്ത് മംഗലശ്ശേരിയിൽ ഗോവിന്ദൻ ചാന്നാർ അവർകൾ മഠത്തിലേക്ക് 1000- ഉറുപ്പിക സംഭാവനചെയ്ത വസ്തുതയും സന്തോഷപൂർവം ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഇപ്രകാരമുള്ള ജനങ്ങളുടെ ഔദാര്യം കൊണ്ടാണ് നമ്മുടെ ഉദ്ദേശങ്ങൾ എപ്പോഴും പൂർത്തിയാകേണ്ടത്.

പൊതു വിമർശനങ്ങൾ

കഴിഞ്ഞ പൊതുയോഗത്തിൽ പാസ്സായ നിശ്ചയങ്ങളുടെ കൂട്ടത്തിൽ ആ യോഗത്തിലെ അദ്ധ്യക്ഷനായിരുന്ന രാരിച്ചൻ മൂപ്പൻ അവർകളെ അധികാരപ്പെടുത്തിയ കാര്യങ്ങളിൽ കോഴിക്കോട്ടു ജർമ്മൻ മിഷ്യൻ ഹൈസ്ക്കൂളിനെ കാളേജാക്കുന്നതിനെപ്പറ്റി അദ്ദേഹത്തിന്റെ സർവകലാശാലക്കാരോടുള്ള അപേക്ഷയ്ക്ക് ഇതുവരെ തീരുമാനം ഉണ്ടായിട്ടില്ല. ഈ സംഗതി ഇപ്പോഴും ഗവൺമെൻറുമായി എഴുത്തുകുത്തിൽ ഇരിക്ക ആകുന്നു. പെരിങ്ങോട്ടുകാ ക്ഷേത്രത്തെ സംബന്ധിച്ച് കൊച്ചി ഗവൺമെൻറുമായി സ്ഥലത്തെ ശ്രീ. നാ. സ്വാ സ്മാരക സമാജക്കാർക്കുണ്ടായിരുന്ന കേസിനു പ്രയോജനസ്ഥലമായ അവിടത്തെ വലിയതമ്പുരാൻ തിരുമനസ്സിലെ ദയാപൂർവമായ കല്പനയാൽ അനുകൂലമായി തീരുമാനം ഉണ്ടാവുകയും ടി സ്ഥലത്തു ക്ഷേത്രം സ്ഥാപിച്ചുകൊള്ളുന്നതിന് അവർക്ക് അനുവാദം കൊടുക്കുകയും ചെയ്തിരിക്കുന്നു.

വിദ്യാഭ്യാസ ഫണ്ടിനെ സംബന്ധിച്ച സംഗതികളെപ്പറ്റി ഫണ്ടുസെക്രട്ടറി അവർകൾ തന്നെ ഒരു പ്രത്യേക റിപ്പോർട്ടു വായിക്കുമെന്നുള്ളതിനാൽ ഇവിടെ ഒന്നും പറയേണ്ട ആവശ്യം ഇല്ലെന്നു വിചാരിക്കുന്നു.

കണ്ണൂർ വച്ചു നടത്തപ്പെട്ട കൃഷി വ്യവസായ പ്രദർശനത്തെ സംബന്ധിച്ചു റിപ്പോർട്ടു പ്രദർശനം ജനറൽ സെക്രട്ടറി ഇതുവരെ യോഗത്തിൽ സമർപ്പിച്ചിട്ടില്ല. ഗവൺമെൻറിലേക്ക് അയച്ചതായ ഒരു കണക്കിന്റെ ശരിപ്പകർപ്പ് ഇവിടെ അയച്ചു തന്നിരിക്കുന്നതിൽ നിന്ന് പ്രദർശനം വകയ്ക്ക് ആകെ 7921-ൽ ചിലവാനം ഉറുപ്പിക വരവും മിക്കവാറും അത്രയും തന്നെ ചെലവും ആയിരിക്കുന്നതായി കാണുന്നു. വരവിൽ

Digitized By Kerala Sahitya Akademi

3348—ൽ ചിലവാനം ഉറുപ്പിക സംഭാവനയും, 2899 ഉറുപ്പിക ടിക്കാറുകയും വിറവുവരവും 500—ഉറുപ്പിക ഗവൺമെൻറ് ഗ്രാൻറും പ്രധാന ഇനങ്ങളാകുന്നു. ഇതിൽ ഗണ്യമായ ഒരു സംഖ്യ ബാക്കി ഉണ്ടാകുമെന്ന് പലർക്കും ഉണ്ടായിരുന്ന പ്രതീക്ഷ വിഫലമായിപ്പോയതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു. എങ്കിലും ആ ഭാരമേറിയ കൃത്യം ഭംഗിയായി കഴിഞ്ഞുകൂടിയതു യോഗത്തിന് എപ്പോഴും ചാരിതാർത്ഥ്യഹേതുവായിട്ടുള്ളതാണ്.

ശ്രീമൂലം പ്രജാസഭയിൽ പ്രസ്തുത കൊല്ലത്തിലും എം. ഗോവിന്ദൻ ബി. എ. ബി. എൽ. അവർകളും തന്നെ യോഗത്തിൽ നിന്നും പ്രതിനിധിയായി തിരഞ്ഞെടുത്തയയ്ക്കപ്പെട്ടു. ഇപ്പോഴത്തെ പ്രതിപാദ്യ വിഷയവും തിരുവിതാംകൂറിൽ നമ്മുടെ സമുദായത്തിനു വിദ്യാഭ്യാസ സംബന്ധമായും ഗവൺമെൻറ് ഉദ്യോഗസംബന്ധമായും ഉള്ള സങ്കടം തന്നെ ആയിരുന്നു. ഗോവിന്ദൻ അവർകളും പ്രതിനിധിയുടെ നിലയിൽ തൻറെ കൃത്യത്തെ ഏറ്റവും തൃപ്തികരമായി നടത്തിയിട്ടുണ്ടെന്നു സന്തോഷപൂർവം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അതിൻറെ ഫലമായിട്ടു നമ്മുടെ സമുദായത്തിൽ യോഗ്യതയുള്ളവർക്കു ഗവൺമെൻറിൽ നിന്ന് ഇപ്പോഴും ഉയർന്നതരം ഉദ്യോഗങ്ങളും കൊടുത്തു തുടങ്ങിയിരിക്കുന്നു. അതിലേക്കായി പ്രജാവത്സലനായ മഹാരാജാവു തിരുമനസ്സിലേയും അവിടത്തെ യോഗ്യനായ ദിവാൻ പി. രാജഗോപാലാചാരി അവർകളുടേയും നേർക്ക് നാം എപ്പോഴും നന്ദിയുള്ളവരായിരിക്കേണ്ടതാകുന്നു. ഈ സംഗതി ഗവൺമെൻറു മുമ്പാകെയുള്ള നമ്മുടെ ഏറിയ കാലമായി നടന്നുവരുന്ന പരാതികളുടേയും സങ്കടങ്ങളുടേയും പ്രത്യക്ഷമായ നിവാരണമായിരിക്കുന്നതിനാൽ നമ്മുടെ അഭിവൃദ്ധിയുടെ ചരിത്രത്തിൽ ഇതു സവിശേഷം സ്മരിക്കപ്പെടുന്നതാണെന്നു പറയേണ്ട ആവശ്യമില്ലല്ലോ. പ്രജാസഭയിലെ വിദ്യാഭ്യാസ സംബന്ധമായ പ്രാതിനിദ്ധ്യത്തിൽ പെൺപള്ളിക്കൂടങ്ങളും, ആയുർവേദ പാഠശാല, സംസ്കൃത കാളേജ് ഇവയെ സംബന്ധിച്ചു നമുക്ക് നാംകീട്ടുള്ള മറുപടികളും തീരെ തൃപ്തികരമായിട്ടുള്ളവയല്ല. എന്നാൽ അയുർവേദ പരീക്ഷയിൽ നമ്മുടെ വൈദ്യവിദ്യാർത്ഥികളെ സ്വീകരിക്കാൻ അനുവദിച്ചിരിക്കുന്നത് അല്പം ആശ്വാസകരമാണ്. അതുകൊണ്ടും അതുപോലെ ഉള്ള അനേകം കാരണങ്ങളാലും നമ്മുടെ പുതിയ ദിവാൻജി സ്വാമി അവർകളും രാജ്യസ്ഥിതി മുതലായവയെ സ്വാനുഭവം കൊണ്ടു തന്നെ വേണ്ടവണ്ണം അറിഞ്ഞുവരുന്നതോടുകൂടി ഓരോന്നായി നമ്മുടെ ഈ എല്ലാ സങ്കടങ്ങളും ക്രമേണ നിവൃത്തിയുണ്ടാകുന്നതാണെന്ന് ആശിപ്പാൻ നിശ്ചയമായും അവകാശമുണ്ട്.

ഗോവിന്ദൻ അവർകളും ഇപ്പോൾ ഉദ്യോഗം സ്വീകരിച്ചു സ്ഥലം വിട്ടുപോകേണ്ടിയിരിക്കുന്നതുകൊണ്ട് യോഗത്തിനു വൈസ് പ്രസിഡൻറും ഒരു ലീഗൽ അഡ്വൈസരും, അടുത്ത പ്രജാസഭയിലേക്കു പ്രാപ്തനായ ഒരു പ്രതിനിധിയും പൊയ്പ്പോയിരിക്കുന്നു എന്നു വ്യസന

Digitized By Kerala Sahitya Akademi

പൂർവം പറയേണ്ടിയിരിക്കുന്നു. എന്നാൽ തന്റെ ആദായത്തെ ഓർത്താൽ ആശിക്കത്തക്കതല്ലെങ്കിലും, സമുദായത്തിൽ വിദ്യാഭ്യാസം ചെയ്യുന്ന യുവാക്കൻമാർക്ക് ഒരു പ്രകാരത്തിൽ പ്രോത്സാഹനമായിരിക്കുമെന്നുള്ള ഏകോദ്ദേശത്തോടുകൂടി മുൻസിഫ് ഉദ്യോഗം സ്വീകരിച്ച അദ്ദേഹത്തിന്റെ ഉചിതജ്ഞതയെ നാം ഏറ്റവും അഭിനന്ദിക്കേണ്ടതാകുന്നു.

മാനേജിംഗ് കമ്മിറ്റി

പ്രസ്തുത കൊല്ലത്തിൽ മാനേജിംഗ് കമ്മറ്റിയിൽ ഒരു മെമ്പറെ നീക്കുകയും സി. എം. രാരിച്ചൻ മൂപ്പൻ അവർകൾ, എം. ഗോവിന്ദൻ ബി. എ. ബി. എൽ അവർകൾ, ചേർത്തേടത്തു രാമൻ അധികാരി അവർകൾ ഇവരെ അധികം അംഗങ്ങളായി തെരഞ്ഞെടുത്ത് വയ്ക്കുകയു• ചെയ്തിരിക്കുന്നു. കമ്മിറ്റിയിൽനിന്നും 1–ാമതു പ്രൊസീഡിംഗ്സ് പ്രകാരം പോസ്റ്റാഫീസ് സേവിങ്ങ്സ് ബാങ്കിൽ യോഗംവക പണം സൂക്ഷിക്കുന്നതിനും, വിവേകോദയം വക പണം പിരിക്കുന്നതിന് ഏജൻറ് കെ. കൊച്ചുകുഞ്ഞിന് 5. ക. കമ്മിഷൻ കൂടുതൽ കൊടുക്കുന്നതിനും മാനേജർ മിസ്റ്റർ നാണുവിന് ശമ്പളത്തിനു പുറമേ വിവേകോദയം പിരിവു വകയ്ക്കായി 100–ന് 20 ക്രമത്തിനു കമ്മിഷൻ കൊടുക്കുന്നതിനും വിവേകോദയം മാസിക യോഗത്തിന്റെ നൻമയ്ക്കും നയത്തിനും ഹാനി കൂടാതെയും, ചെലവ് അധികപ്പെടാതെയും തലശ്ശേരിയിൽ വച്ച് മിസ്റ്റർ. മൂക്കോർത്തു കുമാരന്റെ പത്രാധിപത്യത്തിൽ നടത്തുന്നതിനും അനുവദിച്ചു. ഒടുവിൽ പറഞ്ഞ സംഗതി തത്സംബന്ധമായ ആ നിശ്ചയങ്ങൾക്ക് അനുകൂലമായി വരാഞ്ഞതിനാൽ സാധിച്ചിട്ടില്ല.

2–ാമതു പ്രൊസീഡിംഗ്സ് പ്രകാരം, ഖജാൻജിയുടെ പക്കൽ കരാറിൻപടി കൈവശം വയ്ക്കാവുന്നതിൽ കവിഞ്ഞുണ്ടായിരുന്ന സംഖ്യയ്ക്ക് അയാളുടെ വക ഏതാനും ഒറ്റി വസ്തുക്കൾ ഒറ്റിക്കു വിലയായി യോഗത്തിൽനിന്നു സ്വീകരിക്കണമെന്നുള്ള അയാളുടെ അപേക്ഷയെ കമ്മിറ്റി നിരസിക്കുകയും, ആ വക പണത്തെ സേവിങ്ങ്സ് ബാങ്കിൽ ഉടനേ അടപ്പാൻ ആജ്ഞാപിക്കുകയും ചെയ്തു. അപ്രകാരം ആ പണം സേവിംങ്ങ്സ് ബാങ്കിൽ അടച്ചിട്ടുണ്ട്. 3–ാമതു പ്രൊസീഡിംഗ്സം പ്രകാരം നാഗരുകോവിൽ ഡിസ്ട്രിക്റ്റ് കോർട്ടിൽ ദോഷമായി തീരുമാനിച്ച ധർമ്മ സ്വത്തുകേസിനെ ഹൈകോർട്ടിൽ അപ്പീൽ ചെയ്യുന്നതിന്റെ ചെലവിലേക്കായി 150 ഉറുപ്പികയിൽ കുറയാത്ത ഒരു സംഖ്യ അനുവദിച്ചു. ഇത് ബഡ്ജറ്റിൽ ഉൾപ്പെടാത്ത ഒരു ചെലാകുന്നു. അവധി കഴിയുന്നതിനു മുൻപ് അപ്പീൽ ചെയ്യേണ്ടത് ആവശ്യമാകയാലും സംഗതിയുടെ ഗൌരവത്തെ ഓർത്തും കമ്മിറ്റി അതിനെ അനുവദിക്കേണ്ടി വന്നിട്ടുള്ളതാണ്. കേസ് അപ്രകാരം ഹൈക്കോർട്ടിൽ അപ്പീൽ ചെയ്തിരിക്കുന്നു. വക്കീൽ കെ. ജി. ശേഷയ്യർ ബി. എ. ബി. എൻ. അവർകളും എം. ഗോവി

Digitized By Kerala Sahitya Akademi

ന്ദൻ ബി. എ. ബി. എൽ. അവർകളുമാണ്. ഒടുവിൽ പറഞ്ഞ മാന്യൻ ഇപ്പോഴ ഉദ്യോഗം സ്വീകരിച്ചിരിക്കുന്നു. കേസ് ഇതുവരെ വിചാരണയ്ക്ക് എടുത്തിട്ടില്ല.

അംഗങ്ങളുടെ രജിസ്റ്ററർ

രജിസ്റ്ററരിൽ മുൻകൊല്ലത്തിൽ 803 അംഗങ്ങം ഉണ്ടായിരുന്നു. പ്രസ്തുത വർഷാവസാനത്തിൽ രജിസ്റ്ററർ നമ്പർ 887 ആയിട്ടുണ്ട്. അതുകൊണ്ട് 84 അംഗങ്ങം അധികമായി ചേർന്നിരിക്കുന്നു. ഇത് മുൻ കൊല്ലത്തിൽ ചേർന്നതിനെ അപേക്ഷിച്ച് അധികമാകുന്നു. ഈ 84 അംഗങ്ങം ആകെ 105 ഓഹരികം എടുത്തിട്ടുണ്ട്. അത് പ്രവേശന ഫീസ് ഉംപ്പെടെ യോഗത്തിന്റെ സ്വത്തിൽ 2709 ഉറുപ്പിക വർധിപ്പിച്ചിരിക്കുന്നു. ഈ 84 അംഗങ്ങളിൽ, 66 പേർ ബ്രിട്ടീഷ് മലബാറിൽ നിന്നാണ്. ശേഷം കൊച്ചി, തിരുവനന്തപുരം, കൊല്ലം, ചേർത്തല, പറവൂർ, കൊട്ടാരക്കര ഈ താലൂക്കുകളിൽ നിന്ന് ഓരോന്നും, ചിറയിൻകീഴ് നിന്നു നാലും, കരുനാഗപ്പള്ളിയിൽ നിന്നു രണ്ടും, കാർത്തികപ്പള്ളിയിൽ നിന്ന് ആറും അംഗങ്ങം പുതുതായി ചേർന്നതാകുന്നു. ആകപ്പാടെ ഈ വർഷാവസാനം (1907 ഡിസംബർ 31) വരെ അംഗങ്ങം എടുത്തിട്ടുള്ള ഓഹരികം 1484 ആണ്. അതിന് സമ്മതിക്കപ്പെട്ട സംഖ്യ ആകെ 37962 ഉറുപ്പിക മാത്രമാകുന്നു. ഇതിൽ മുൻ കൊല്ലം വരെ പിരിഞ്ഞു വന്നിട്ടുള്ള സംഖ്യ 5932 ഉറുപ്പികയും പ്രസ്തുത കൊല്ലത്തിൽ പിരിഞ്ഞു കിട്ടിയ സംഖ്യ 1578 ഉറുപ്പികയും കൂടി ആകെ വർഷാന്തം വരെ പിരിഞ്ഞു വരവ് 7510 ഉറുപ്പിക ആകുന്നു. കഴിച്ച് 30452 ഉറുപ്പിക ബാക്കി പിരിയേണ്ടിയിരിക്കുന്നു. ഈ കണക്കിൻ പടി 100–ന് 20–ൽ കുറയാതെ പിരിഞ്ഞു കിട്ടീട്ടുണ്ട്. പ്രസ്തുത കൊല്ലത്തിൽ പിരിവിന് 100–ന് 10–വീതം കമ്മീഷൻ കൊടുപ്പാൻ അനുവദിച്ചിരുന്നു. എങ്കിലും തൃപ്തികരമായ ഉറപ്പോടുകൂടി പിരിവുകാരായിരിപ്പാൻ ആരും അപേക്ഷിക്കാഞ്ഞതിനാൽ അപ്രകാരം ഏർപ്പാടു ചെയ്വാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ഈ പിരിവിന്റെ മുക്കാലേ അരയ്ക്കാൽ ഭാഗവും സെക്രട്ടറിയുടെ സർക്കീട്ടു മുഖേന ഉണ്ടായിട്ടുള്ളതാകുന്നു. ചിറയിൻകീഴ്, കൊല്ലം, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, കൊച്ചി ഈ പ്രദേശങ്ങളിലാണ് അധികം പിരിവു നടത്തീട്ടുള്ളത്. പല മാന്യയോഗാംഗങ്ങളും അനാവശ്യമായ ക്ലേശത്തിനിടവരുത്താതെ പണമടച്ചും, വേണ്ട സൗകര്യങ്ങം നൽകിയും യാത്രയിൽ സെക്രട്ടറിയെ സഹായിച്ചിട്ടുണ്ട്. അവരെ യോഗം നന്ദിപൂർവം സ്മരിക്കേണ്ടതാകുന്നു. യോഗത്തിന്റെ ധനസ്ഥിതി അതിന്റെ വലുതായ ഉദ്ദേശങ്ങൾക്ക് അനുരൂപമായിരിക്കുന്നില്ലെന്നുള്ളതു രഹസ്യമല്ല. യോഗത്തിന്റെ സ്ഥിതിയെ നിലനിറുത്തുന്നതിനായുള്ള ചെലവുകം മുടക്കാൻ പാടില്ലാത്തവയും ആകുന്നു. അതുകൊണ്ടു കുടിശ്ശികയുള്ള യോഗാംഗങ്ങം കൊടുക്കേണ്ട സംഖ്യകളെ സമയത്തിനു കൊടുത്തു യോഗത്തിന്റെ പ്രവൃത്തികളെ പ്രോത്സാഹിപ്പിപ്പാൻ

Digitized By Kerala Sahitya Akademi

നോക്കേണ്ടതു് സമുദായ സ്നേഹത്തെ മുൻനിറുത്തിയുള്ള അവരുടെ പ്രധാന കടമയാണെന്നു് അവർ ഓർക്കുമെന്നു വിശ്വസിക്കുന്നു.

സമാജങ്ങൾ

യോഗത്തെ അനുകരിച്ചു പല സ്ഥലങ്ങളിലും നമ്മുടെ സമുദായം വകയായി പല സമാജങ്ങൾ പ്രവർത്തിച്ചു തുടങ്ങീട്ടുണ്ടെന്നു് അറിയാമല്ലോ. ചിലപ്പോൾ അവയുടെ ഗതി കുറേ മന്ദമായും ചിലപ്പോൾ ശ്രീഘ്രമായും കാണുന്നതു് സഹജമായിത്തീർന്നിരിക്കുന്നു. സമാജങ്ങൾ അധികമുണ്ടു്. അതുകൊണ്ടു് അവയുടെ പ്രവൃത്തികളേയും സ്ഥിതിയേയും സംബന്ധിച്ചുള്ള വിവരണം സമയക്കുറവിനാൽ ഈ സന്ദർഭത്തിൽ അസാദ്ധ്യമാണെന്നു പറയേണ്ടി വരുന്നതിൽ വ്യസനിക്കുന്നു. ചില സമാജങ്ങൾ ചിലരുടെ ദൃഷ്ടിക്കു വളരെ മോശസ്ഥിതിയിൽ നടത്തപ്പെടുന്നതായി രിക്കാം എങ്കിലും അവയിൽ നിന്നു് പലപ്പോഴും വലിയ ഗുണങ്ങൾ ഉണ്ടാകുന്നുണ്ടെന്നു സൂക്ഷിച്ചാൽ കാണാവുന്നതാകുന്നു. തമ്മിൽ സ്പർദ്ധിച്ചു പിരിവാൻ വിചാരിക്കുന്ന ചില സമാജങ്ങൾ ഒരു കൊല്ലത്തിൽ നൂറിൽപരം സിവിൽ കേസുകളെ പറഞ്ഞു തീർത്തു ജനങ്ങളുടെ യോഗക്ഷേമാഭിവൃദ്ധിക്കു ഏറ്റവും ഉപകരിക്കുന്ന കാർത്തികപ്പള്ളി താലൂക്കു സമാജക്കാരുടെ പ്രവൃത്തികളെ കണ്ടു പഠിക്കുന്നതു വളരെ ഗുണകരമായിരിക്കും. വളരെ ഉപായസ്ഥിതിയിൽ ആരംഭിച്ച കുമരകം സമാജം മൂന്നു പള്ളിക്കൂടങ്ങളേയും ഒരു ക്ഷേത്രത്തേയും ഭരിക്കുന്നതും സ്ഥലനിവാസികളുടെ ജാതി സംബന്ധമായ സകലകാര്യങ്ങളിലും നേതൃത്വം വഹിക്കുന്നതും എത്ര ആശ്ചര്യമായ സംഗതികളാകുന്നു. കോട്ടയം സമാജത്തിന്റെ ചട്ടങ്ങൾ രജിസ്റ്റർ ചെയ്തിരിക്കുന്നു. കൊച്ചിയിലെ പരിഷ്കാര ചന്ദ്രോദയ സമാജം യഥാസ്ഥിതി നടന്നുവരുന്നു. തലശ്ശേരിയിൽ ജ്ഞാനോദയ യോഗം അതിന്റെ പ്രവൃത്തികളെ ക്രമീകരിക്കാനുള്ള റൂൾസ് എഴുതി പാസ്സാക്കുകയും ഡയറക്ടർമാരെ തെരഞ്ഞെടുത്തു നിയമിക്കുകയും ചെയ്തിരിക്കുന്നു. കഴിഞ്ഞ കുംഭം ആദ്യമുണ്ടായ ക്ഷേത്രത്തിന്റെ പ്രതിഷ്ഠാകലശമാണ് അതിന്റെ ഈ കൊല്ലത്തെ ഏറ്റവും പ്രധാനമായ സംഭവം. കോഴിക്കോട്ടു പുതിയ ക്ഷേത്രാരംഭത്തോടുകൂടി അവിടെ ഉണ്ടായിരുന്ന ഒരു സഭ പുനർജ്ജീവിച്ചിരിക്കുന്നു. അവിടെനിന്നു "നല്ലീശ്വര വിലാസം" എന്നു് ഒരു മാസികയും പുറപ്പെട്ടിട്ടുണ്ടു്. കണ്ണൂർ, ചാവക്കാടു്, പാലക്കാടു് ഈ സ്ഥലങ്ങളിലും സമാജങ്ങൾ ഉണ്ടാകത്തക്കവണ്ണം സമുദായം വകയായി ക്ഷേത്ര സ്ഥാപനത്തിനായി ജനങ്ങൾ യത്നം തുടങ്ങിയിരിക്കുന്നു. ഇങ്ങനെ എല്ലാ സ്ഥലങ്ങളിലും സമാജങ്ങൾ ഏർപ്പെട്ടു ശരിയായി നടക്കുകയും അവയെല്ലാം ചില വ്യവസ്ഥകൾ അനുസരിച്ചു യോഗത്തോടുസംബന്ധിക്കുകയും സഹകരിക്കുകയും ചെയ്യുമ്പോളാണു് നമ്മുക്കു വാസ്തവമായ സമുദായ ശക്തി ഉണ്ടാകുന്നതു്. അതിനെയാണു് നമ്മുടെ ശാശ്വതമായ യോഗക്ഷേമം ആശ്രയിച്ചിരിക്കുന്നതു്.

Digitized By Kerala Sahitya Akademi

പുതിയ നിബന്ധനകൾ

കഴിഞ്ഞ പൊതുയോഗത്തിൽ നിന്ന് ഏർപ്പെടുത്തിയ സബ് കമ്മിറ്റിക്കാർ യോഗത്തിന്റെ രൂപസിനെ ഏറ്റവും ബുദ്ധിപൂർവമായി പരിഷ്കരിച്ച് എഴുതി ഇപ്പോൾ തയാറാക്കീട്ടുണ്ട്. അത് ഇതോടൊന്നിച്ചു നോട്ടീസിൽ പ്രസ്താവിച്ച പ്രകാരം നടത്തപ്പെടുന്ന് വിശേഷാൽ പൊതുയോഗത്തിൽ സമർപ്പിക്കുന്നതാണ്. വിവേകോദയത്തിൽ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നതുകൊണ്ട് അതിന്റെ സ്വഭാവത്തെപ്പറ്റി എല്ലാവരും അറിഞ്ഞിരിക്കാൻ ഇടയുള്ളതുമാകുന്നു.

ഇനി ഇപ്പോൾ തന്നെ ദീർഘമായിപ്പോയിരിക്കുന്നു ഈ റിപ്പോർട്ടിനെ ഒരു വാക്കു കൊണ്ടു ഉപസംഹരിക്കേണ്ടിയിരിക്കുന്നു. യോഗത്തിന് ഈ കൊല്ലം പല അപ്രതീക്ഷിതമായ അരിഷ്ടതകളും സംഭവിച്ചിട്ടുണ്ട്. എങ്കിലും പല വലിയ കാര്യങ്ങളും ഈ കൊല്ലത്തിൽ സാധിച്ചിട്ടുമുണ്ട്. യോഗം വക ചെലവ് ഈ കൊല്ലം പൂർവാധികമായി വർദ്ധിച്ചിട്ടുണ്ട്. എങ്കിലും അതിന്റെ ധനസ്ഥിതിയും വർദ്ധിക്കാതിരുന്നിട്ടില്ലെന്നുള്ളത് ഇതുസഹിതം സമർപ്പിക്കുന്ന ബാക്കിപ്പത്രത്തിൽനിന്നു കാണാവുന്നതാണ്.

യോഗത്തിൽ കഴിഞ്ഞ കൊല്ലം അഗ്രാസനം വഹിച്ച മാന്യനും സമുദായത്തിലെ ഒരു പ്രധാന ജൻമിയുമായ മ.രാ.രാ.രാരിച്ചൻ മൂപ്പൻ അവർകൾ ഇന്നത്തെ യോഗത്തെ ഭംഗിയായി നടത്തുന്നതിലേക്കായി മുൻകൂട്ടി തിരുവനന്തപുരത്തെത്തി താമസിക്കുന്നതിനായി വിചാരിക്കുകയും, വാഗ്ദാനം ചെയ്തുകയും കൂടി ചെയ്തിരുന്നു. എങ്കിലും അദ്ദേഹത്തിനു തൽക്കാലം ഹാജരാവാൻ കഴിയാതിരിക്കുത്തക്കവണ്ണം യദൃച്ഛയാ നേരിട്ട പ്രതിബന്ധത്തെക്കുറിച്ചു നാം ഏറ്റവും വ്യസനിക്കേണ്ടിയിരിക്കുന്നു.

സമുദായ സ്നേഹത്തെ മാത്രം മുൻനിറുത്തി നമ്മുടെ അപേക്ഷയെ സ്വീകരിച്ചു പലവിധമുള്ള അസൗകര്യങ്ങളും ക്ലേശങ്ങളും സഹിച്ചു ബോംബയിൽ നിന്നു ദീർഘയാത്ര ചെയ്ത് ഇവിടെ എത്തി ഇന്നു നമ്മളുടെ അഗ്രാസനം വഹിച്ചിരിക്കുന്ന മാന്യദേഹത്തിന്റെ സൗജന്യത്തെ ഓർത്തു വീണ്ടും ഹാർദ്ദമായ നന്ദി പറഞ്ഞുകൊണ്ട് അനുവാദത്തോടുകൂടി ഇതിനെ ഞാൻ യോഗം മുമ്പാകെ സമർപ്പിച്ചു കൊള്ളുന്നു.

തിരുവനന്തപുരം
17 ഏപ്രിൽ 1908

എൻ. കുമാരൻ ആശാൻ
സെക്രട്ടറി

വിവേ: 1083 മിഥുനം, കർക്കടകം

Digitized By Kerala Sahitya Akademi

V

1084 ഇടവം 2–ം 3–ം (1909 മേയ് 15–ം 16–ം) നു കളിൽ എറണാകുളം കാളേജ് ഹാളിൽവച്ചു കൂടിയ 6–ാം എസ്. എൻ. ഡി. പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട്.

മാന്യരേ!

ഇന്ന് ഇവിടെ കൂടിയിരിക്കുന്നത് ശ്രീ നാരായണ ധർമ്മ പരിപാലന യോഗത്തിന്റെ ആറാമത്തെ വാർഷിക പൊതുയോഗമാകുന്നു. ഇതിൽ യോഗത്തിന്റെ കഴിഞ്ഞ കൊല്ലത്തെ ഭരണത്തെപ്പററിയുള്ള റിപ്പോർട്ടു സമർപ്പിക്കുന്നതിനു മുൻപു ഒരു വാക്കു പറയുവാൻ അനുവാദം ചോദിച്ചുകൊള്ളുന്നു. കഴിഞ്ഞ തവണ ഈ യോഗം തിരുവനന്തപുരത്തുകൂടിയിരുന്നപ്പോൾ അതിന്റെ സ്വീകരണക്കമ്മിററിയുടെ അദ്ധ്യക്ഷസ്ഥാനം വഹിച്ചു യോഗത്തെ ബഹുമാനിച്ച ഒരു മാന്യ പുരുഷൻ—ആ ടൌൺഹാളിൽ മുന്നണിയിലെ ഒരു ആസനത്തിൽ സമുദായത്തിന്റെ അഭിവൃദ്ധിയിലേയ്ക്കുള്ള ശ്രമങ്ങളും അതു നിമിത്തം സിദ്ധിച്ചിരിക്കുന്ന ഗണ്യമായ മാററങ്ങളും കണ്ടു കൃതാർത്ഥതയേയും സന്തോഷത്തേയും സൂചിപ്പിക്കുന്ന മുഖഭാവത്തോടുകൂടി യോഗകാര്യങ്ങളെ സശ്രദ്ധം നോക്കിക്കൊണ്ടിരുന്ന് അതിനു ഗൌരവത്തെ വർദ്ധിപ്പിച്ച ഒരു മാന്യ പുരുഷൻ—സമുദായത്തിന്റെ വലുതായ ഭാഗ്യ ദോഷത്താൽ ഇപ്പോൾ നമ്മുടെ ഇടയിൽ നിന്ന് അന്തരിച്ചുപോയിരിക്കുന്നു. കഴിഞ്ഞുപോയ മ.രാ.രാ. റാവു ബഹദൂർ പി. വേലായുധൻ ബി. എ. അവർകളെക്കുറിച്ചാണ് ഞാൻ പറയുന്നത്. തന്റെ ഉദ്യോഗസ്ഥലമായ ഗാഞ്ജാം ജില്ലയിൽ ബെർഹാംപൂർ നഗരത്തിൽ വച്ചു കഴിഞ്ഞ ഏപ്രിൽ 12–ാം നു (മീനം 30–ാം നു) അദ്ദേഹം പരമഗതിയെ പ്രാപിച്ച ദുഃഖ വർത്തമാനം അറിയാത്തവർ ഇന്നിവിടെ കൂടിയിരിക്കുന്നവരിൽ ആരെങ്കിലും ഉണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. അദ്ദേഹത്തിന്റെ യോഗ്യത, ഉദ്യോഗവലുപ്പം, ഇൻഡ്യാ ഗവൺമെൻറിൽ നിന്ന് അദ്ദേഹത്തിനു കിട്ടിയ ബഹുമതി ഇവയെപ്പററിയും അറിയാത്തവർ ഇവിടെ ഉണ്ടായിരിക്കയില്ലെന്ന് എനിക്കറിയാം. മദ്രാസ് സംസ്ഥാനത്തിൽ അദ്ദേഹം മേലാവിന്റെ അസാമാന്യ തൃപ്തിക്ക് പാത്രമാംവണ്ണം ഒടുവിൽ ഭരിച്ചിരുന്ന സെററിൽമെൻറ് അസിസ്ററൻറ് കമ്മീഷണർ ഉദ്യോഗം, ഇവിടത്തെ (കൊച്ചിയിലെ) മാറിപ്പോയ ദിവാനായ എൻ. പട്ടാഭിരാമറാവു അവർകൾക്ക് ആ സംസ്ഥാനത്തുള്ള സ്ഥാനമാണെന്ന് പ്രത്യേകിച്ചു അഭിമാനപൂർവം ഓർക്കയും വ്യസനിക്കുകയും ചെയ്യുന്നവരായിരിക്കും ഇന്നിവിടെ കൂടിയിരിക്കുന്ന സജ്ജനങ്ങളിൽ അധികം പേരും എന്നുള്ള വസ്തുതയും അറിയാത്തതല്ല. എന്നാൽ ഈ സന്ദർഭത്തിൽ എന്റെ വിചാരങ്ങളുടെ മുൻഭാഗത്തിൽ ആ മഹാൻ നിൽക്കുന്നത് ഇവയെക്കാൾ വേറൊരു സംഗതിയാലാകുന്നു. നമ്മുടെ ഇടയിൽ ഉണ്ടായി നശിക്കുന്ന ആരംഭ ശൂര

Digitized By Kerala Sahitya Akademi

ങ്ങളായ സംഘങ്ങളിലും സ്ഥാപനങ്ങളിലും അദ്ദേഹത്തിനു പ്രകൃത്യാ വിരസത ഉണ്ടായിരുന്നു എന്നു പലർക്കും അറിയാം. എന്നാൽ ശ്രീ നാരാ ണ ധർമ്മപരിപാലന യോഗത്തിന്റെ പ്രവൃത്തികളിലും അതിന്റെ ഭാവി യിലും അദ്ദേഹത്തിന് അസാമാന്യമായ വിശ്വാസമാണുണ്ടായിരുന്നത്. തിരുവനന്തപുരത്തു നിന്ന് കഴിഞ്ഞ ഡിസംബർ അവസാനത്തിൽ അവധി കഴിഞ്ഞു പണിയിൽ പ്രവേശിക്കാനായി ബെർഹാംപൂരിലേക്ക് യാത്ര പുറപ്പെടുന്ന സമയം അദ്ദേഹം കുറേനേരം ആലോചിച്ചിരുന്നിട്ട് എന്നോട് ഇങ്ങനെ പറയുകയുണ്ടായി.

"യോഗത്തിന്റെ കൃത്യങ്ങളും വളരെ ഭാരമുള്ളവയും പ്രവർത്തിപ്പാൻ ആളുകളും തീരെ ചുരുക്കവും ആകുന്നു. എനിക്കിപ്പോൾ സൌഖ്യമുണ്ട്. രണ്ടു കൊല്ലം കഴിഞ്ഞു ഞാൻ പെൻഷൻവാങ്ങി മടങ്ങിവരും. പിന്നീ ടുള്ള എന്റെ സമയം മുഴുവൻ യോഗത്തിനുവേണ്ടി ഞാൻ ചെലവുചെയ്യുന്ന തായിരിക്കും".

വൃഥാവാക്കുകളും പറക പതിവില്ലാത്ത അദ്ദേഹത്തെപ്പോലുള്ള ഒരാൾ ഇങ്ങനെ ഒരു വാഗ്ദാനം ചെയ്യണമെങ്കിൽ എത്ര ബലമായ പ്രതിപത്തി ഉണ്ടായിരിക്കണം. ഈ വാഗ്ദാനത്തെ അദ്ദേഹം യാത്ര വഴങ്ങിയ സമയം നമ്മുടെ സ്ഥിരാദ്ധ്യക്ഷനും ഗുരുവുമായ ബ്രഹ്മ ശ്രീ നാരായണ ഗുരുസ്വാമി അവർകളുടെ സന്നിധിയിൽ ആവർത്തിച്ചു പറയുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള ഒരു മഹാൻ ഇത്ര അപ്രതീക്ഷി തമായി കാലഗതിയെ പ്രാപിച്ചു പോയതിൽ നമ്മുടെ സമുദായത്തിനു പൊതുവിലും യോഗത്തിനു പ്രത്യേകിച്ചും നേരിട്ട നഷ്ടം എത്ര വലു തായിട്ടുള്ളതാണെന്ന് പറയുന്നതിനെക്കാളും ഊഹിക്കുന്നതായിരിക്കും എളുപ്പം. യോഗത്തിന് വിചാരിക്കുന്ന അഭിവൃദ്ധിയും ഉൽക്കർഷവും വാസ്തവത്തിൽ ഇദ്ദേഹത്തെപ്പോലെയുള്ള മഹാൻമാരുടെ ഇദ്ദേഹം വിചാരിച്ചതുപോലെയുള്ള സഹായങ്ങളിൽ നിന്നുവേണം ലഭിപ്പാൻ. അതി നുള്ള അദ്യത്തെ അവസരം ഇപ്രകാരം നഷ്ടമായിത്തീർന്നിരിക്കുന്നു. ഇതിനെപ്പറ്റി വ്യസനിക്കുകയല്ലാതെ, നമുക്ക് എന്തു ചെയ്വാൻ കഴിയും? എന്നാൽ നമ്മുടെ അരിഷ്ടതകളും നഷ്ടവും വ്യസനവും എത്ര വലു തായിരുന്നാൽ തന്നെയും സമുദായത്തിന്റെ മുമ്പോട്ടുള്ള ഗതിയെ സംബ ന്ധിച്ച് നമ്മുടെ ഈ പരിശുദ്ധമായ കൃത്യങ്ങളിൽ നമുക്ക് ഒരിക്കലും ഒരാൾ ബാക്കിയുള്ളപ്പോൾ പോലും, ആശാഭംഗമോ അധൈര്യമോ ഉണ്ടാ വാൻ പാടില്ലാത്തതാണല്ലോ.

കൊച്ചിയിൽ യോഗം

2. ഈ പൊതുയോഗം ഇവിടെ കൂടാനുള്ള പ്രത്യേക കാരണങ്ങളിൽ ഒന്ന് അനേകം അംഗങ്ങളുള്ള കൊച്ചി സംസ്ഥാനത്തിൽ ഇതുവരെ ഒരു യോഗം കൂടാൻ ഇടയായിട്ടില്ലെന്നുള്ളതാണ്. സഭ്യ കമ്മറ്റിക്കാർക്ക് ഒരുക്കങ്ങളെ ഇതിനെക്കാളും ഭംഗിയാക്കണമെന്നും ഒരു വിനോദച്ചന്ത മുതലായ

Digitized By Kerala Sahitya Akademi

ഗുണകരവും, ഉത്സാഹപ്രദവുമായ ചില ഏർപ്പാടുകൾ കൂടി ഇതോടു സംബന്ധിച്ച് നടത്തണമെന്നും ആഗ്രഹമുണ്ടായിരുന്നു എങ്കിലും പല കാരണങ്ങളാൽ സാധിക്കാതെ വന്നു പോയിരിക്കുന്നു. സംഗീതത്തിലും സാഹിത്യത്തിലും യോഗ്യത കാണിക്കുന്ന സമുദായാംഗങ്ങൾക്ക് 25 ക. വീതമുള്ള രണ്ടു പെറിയ സമ്മാനങ്ങൾ ഇതോടൊന്നിച്ച് അവർ ഏർപ്പെടുത്തിയിട്ടുണ്ട്.

3. ഈ തവണ പൊതുയോഗം കൂടാൻ പതിവിലധികം വൈകിപ്പോയിരിക്കുന്നു. ഈ സൗകര്യമുള്ള ഹാൾ ഒഴിഞ്ഞുകിട്ടാനും അതിന് ഗവൺമെൻറനുവാദം കിട്ടാനും വേണ്ടിവന്ന താമസം അതിന്റെ മുഖ്യകാരണങ്ങളിൽ ഒന്നാണ്. ഈ ഹാൾ കിട്ടാതിരുന്നു എങ്കിൽ ഇന്നത്തെ യോഗം എറണാകുളത്തുവച്ച് ഇത്ര ഭംഗിയായി കൂടാൻ നിശ്ചയമായും ഇടവരികയില്ലായിരുന്നു. യോഗത്തിന്റെ അപേക്ഷയെ ദയാപൂർവം കൈക്കൊണ്ട് നമുക്ക് ഇതിനെ അനുവദിച്ചുതന്ന ഇവിടത്തെ കരുണാനിധിയായ വലിയ തമ്പുരാൻ തിരുമനസ്സിലെ ഗവൺമെൻറിനേറെയും പ്രത്യേകിച്ചു കാളേജ് പ്രിൻസിപ്പാൾ ഡേവിസ് സായ്പവർകളുടേയും നേർക്ക് നാം ഏറ്റവും നന്ദിയുള്ളവരായിരിക്കേണ്ടതാകുന്നു.

4. തിരുവനന്തപുരം വിക്ടോറിയാ ജൂബിലി ടൌൺ ഹാളിൽ 1908 ഏപ്രിൽ 17—ം 18—ം തീയതികളിൽ കഴിഞ്ഞു കൂടിയ അഞ്ചാമതു വാർഷിക പൊതുയോഗത്തോടൊന്നിച്ച് സെലക്ടു കമ്മിറ്റിയിൽ നിന്ന് പരിഷ്കരിച്ച് എഴുതി ഹാജരാക്കിയ പുതിയ നിബന്ധനയെ പാസ്സാക്കുന്നതിനായുള്ള ഒരു വിശേഷാൽ പൊതുയോഗവും കൂടിയിരുന്നു. പുതിയ നിബന്ധന അതിൽ പാസ്സാക്കുകയും അതിനുശേഷം ആയാണ്ട് മേയ് 10—ാം നു- (83 മേടം 28—ാം നു-) കൊല്ലം മലയാളി ഹാളിൽ കൂടിയ അടുത്ത ഒരു വിശേഷാൽ പൊതുയോഗത്തിൽ ക്രമപ്രകാരം സ്ഥിരീകരിക്കുകയും ചെയ്തു. വിശേഷാൽ നിശ്ചയത്തോടുകൂടി ഈ പുതിയ നിബന്ധന കമ്പനി രജിസ്ത്രാർ ആപ്പീസിൽ വീണ്ടും ഫീസടച്ച് റിക്കാർട്ടു ചെയ്യിച്ചിട്ടുണ്ട്. ഇന്നു ഞാൻ സമർപ്പിക്കുന്നത് ആ നിബന്ധനപ്രകാരം യോഗത്തിന്റെ ഭരണക്രമം നവീകരിച്ചശേഷമുള്ള ആദ്യത്തെ റിപ്പോർട്ടാകുന്നു.

സ്ഥാപനം

5. മുമ്പിലത്തെ മാനേജിംഗ് കമ്മിറ്റിയുടെ സ്ഥാനത്തിൽ ഇപ്പോൾ യോഗത്തെ ചേരിക്കുന്നത് ഒരു ഡയറക്ടർമാരുടെ ബോർഡ് ആണ്. ഇതു കൂടാതെ ബോർഡിൽ തീർച്ചയാക്കുന്ന സംഗതികൾ നടപ്പിൽ കൊണ്ടുവരികയും ബോർഡിനു വേണ്ടി പണം സംബന്ധിച്ച കൈകാര്യങ്ങളും ഇടപാടുകളും നടത്തുകയും ചെയ്യുന്നതിനായി അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, ജനറൽ സെക്രട്ടറി ഇവരും തലസ്ഥാനത്തെ രണ്ടു ഡയക്ടർമാരും ഉൾപ്പെട്ട ഒരു കൌൺസിൽ അധികമായും ഇപ്പോൾ ഉണ്ട്.

Digitized By Kerala Sahitya Akademi

ധനസ്ഥിതി

6. യോഗത്തിന് 1907 ഡിസംബർ അവസാനിച്ച മുൻകൊല്ലത്തിൽ ബാലൻസ് ഷീററു പ്രകാരം ബാക്കി പണമായുണ്ടായിരുന്ന സംഖ്യ കടപ്പത്രങ്ങൾ പ്രകാരവും പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്കിലുമായി പലിശ ഉൾപ്പെടെ ക. 6406–14–6–ം ആഫീസിൽ കൈവശം ഇരിപ്പു ക. 32–9–4–ം ഇങ്ങനെ ക. 6439 ണ. 11 പൈ. 10 ആകുന്നു. ഇതുകൊണ്ടാണ് പ്രസ്താവ കൊല്ലത്തിലെ കണക്ക് ആരംഭിക്കുന്നത്. ബഡ്ജററിൻ പ്രകാരം പ്രസ്തുത കൊല്ലത്തിൽ ചെലവിന് അനുവദിച്ചിരുന്നത് ആകെ 1730 ക. ആകുന്നു. ഇത് മുൻകൊല്ലം അനുവദിച്ചിരുന്നതിനെക്കാൾ 148 ക അധികമാണ്. സ്ററാമ്പ്, സ്റേഷനറി, ശമ്പളം മുതലായ ചെലവുകളിൽ ഗണ്യമായ കുറവു ചെയ്തിരുന്നിട്ടും ബഡ്ജററിൽ കൂടുതൽ കാണുന്നത് വിവേകോദയത്തിന് ഒരു പത്രാധിപർക്കുള്ള ശമ്പളം കൂടി ഉൾപ്പെടുത്തി അതിന്റെ ക്രമമായ പ്രചാരത്തിനു കണക്കാക്കിയപ്പോൾ മുൻകൊല്ലത്തിൽ അനുവദിച്ചിരുന്ന സംഖ്യയിൽ നിന്ന് 270 ക. അധികം അനുവദിക്കേണ്ടിവന്നതിനാലും വിദ്യാഭ്യാസ സംബന്ധമായ സഹായങ്ങൾക്കായി വിശേഷാൽ പ്രസ്തുത കൊല്ലത്തിൽ 200 ക. കൂടുതൽ അനുവദിച്ചതുകൊണ്ടും ആകുന്നു. എന്നാൽ മുൻ കൊല്ലത്തിൽ ചെലവായിട്ടുള്ള സംഖ്യ ആകെ 1470 ക. 15 ണ. 6 പൈ. യും പ്രസ്തുത കൊല്ലത്തിൽ 1335 ക. 6 ണ 5 പൈ യും മാത്രമാണ്. അതുകൊണ്ട് 135 ക. 9 ണ. ഒരു പൈ കുറച്ചേ പ്രസ്തുത കൊല്ലത്തിൽ ചെലവായിട്ടുള്ളൂ.

7. ഇതിനു കാരണങ്ങൾ താഴെ പറയുന്നവയാകുന്നു. i. വിവേകോദയത്തിനു പ്രസ്തുത കൊല്ലത്തിൽ 340 ക. 5 ണ. 9 പൈ മാത്രമേ ചെലവായിട്ടുള്ളു. എന്തുകൊണ്ടെന്നാൽ അച്ചുക്കൂടത്തിലെയും മററും അസൌകര്യം നിമിത്തം ചിലപ്പോൾ രണ്ടു മാസങ്ങളിലെ പ്രതികൾ ഒന്നായി അയച്ചിട്ടുള്ളതിൽ പോസ്റേജിന്റെ ലാഭമുണ്ടായിരുന്നു. പത്രാധിപരുടെ പ്രവൃത്തി കൂടി സെക്രട്ടറി നിർവഹിച്ചിരുന്നതിനാൽ ആ വകയ്ക്കു പ്രത്യേകം ചെലവുണ്ടായിരുന്നില്ല.

ii. വിദ്യാഭ്യാസ സംബന്ധമായുള്ള സാഹായ്യങ്ങൾക്കായി സംസ്കൃത സ്കൂളിനുൾപ്പെടെ 113-ൽ ചിലവാനം ക. മാത്രമേ ചെലവായിട്ടുള്ളു. അത് ഇംഗ്ലീഷ് വിദ്യാർത്ഥികൾക്ക് വിശേഷാൽ സ്കാളർഷിപ്പു കൊടുത്തു തുടങ്ങിയത് മേയ് മാസം മുതൽക്കു മാത്രമാകയാലും കൊല്ലത്ത് ഒരു വിദ്യാർത്ഥി സത്രത്തിന് അനുവദിച്ച ഗ്രാൻറ് ഒടുവിൽ കൌൺസിൽ അതിന്റെ ഭരണം അത്യുപ്തികരമാണെന്നു കണ്ട് നിറുത്തിക്കളഞ്ഞതിനാലും ആണ്.

iii. അരുവിപ്പുറം ക്ഷേത്രം വകയ്ക്കു 200 ക. അനുവദിച്ചു എങ്കിലും 168–ൽ ചിലവാനം ക. മാത്രമേ ചിലവായുള്ളൂ.

Digitized By Kerala Sahitya Akademi

8. എസ്റ്റാബ്ലിഷ്മെൻറ് ചെലവ്. സ്റ്റാമ്പ്, സ്റ്റേഷനറി, ശമ്പളം, ആഫീസ് വാടക ഈ ഇനത്തിൽ ഉള്ള ചെലവിനു് ആകെ അനുവദിച്ചിരുന്ന സംഖ്യ പ്രസ്താവ കൊല്ലത്തിൽ 400 ക. മാത്രമാകുന്നു. മുൻ കൊല്ലത്തിൽ ഈ വകയ്ക്കു് അനുവദിച്ച സംഖ്യ 722 ക. യും ചെലവായതു് 715 ക. യും ആയിരുന്നു. പ്രസ്തുത കൊല്ലത്തിൽ ചെലവായതായി കണക്കാക്കിയിരിക്കുന്ന സംഖ്യ 590 ക. 8 പൈ ആണു്. പ്രസ്തുത കൊല്ലത്തിലെ ബഡ്ജറ് ജനറൽ മീറ്റിംഗ് നടന്നുകൊണ്ടിരിക്കുമ്പോഴേ ചെലവു ചുരുക്കാനായി 15-ം 12-ം ക. ശമ്പളമുണ്ടായിരുന്ന രണ്ടു് ഉദ്യോഗസ്ഥൻമാരെ കുറയ്ക്കുകയും മറ്റും ചെയ്വാൻ ഉണ്ടായ നിശ്ചയത്തെ അനുസരിച്ചു് ധൃതഗതിയിൽ തയാറാക്കീട്ടുള്ളതാണു്. സഭ നടന്നതു് ഏപ്രിൽ മാസത്തിൽ ആകയാൽ അതുവരെ ശമ്പളം കൊടുത്തിരുന്നതും കൊടുക്കേണ്ടിയിരുന്നതുമായ സംഖ്യകളെ അതിൽ ഉൾപ്പെടുത്താൻ വിട്ടുപോയതായി കാണുന്നു. അതുകൊണ്ടു് ആ കൂടുതലിനു കാരണം ബഡ്ജറുണ്ടാക്കിയപ്പോഴേ സംഭവിച്ച പിശകാണെന്നും കാര്യങ്ങളെ വിഘ്നം കൂടാതെ നടത്തേണ്ടതിലേക്കായി ബോർഡിനു് അതു് അനുവദിക്കേണ്ടിവന്നിട്ടുള്ളതാണെന്നും വിശദമാകുന്നു. കൂടാതെയും പ്രസ്തുത കൊല്ലത്തിൽ വാസ്തവത്തിൽ ഈ ഇനത്തിൽ ചെലവായ സംഖ്യ മുൻ കുടിശ്ശിക കൊടുക്കേണ്ടിയിരുന്നതു കൊടുത്തു തീർത്ത ക. 104-ം കൊല്ലാവസാനത്തിൽ ബാക്കി കൊടുക്കേണ്ടതായി ബാദ്ധ്യതയിൽ ഉൾപ്പെടുത്തി എഴുതീട്ടുള്ള ക. 108 ണ 9 പൈ 8-ം കഴിച്ചാൽ 377 ക. 7 ണ മാത്രമാകുന്നു. ഇതിൽ വലുതായ ഒരു ഭാഗം സ്റ്റാമ്പു്, സ്റ്റേഷനറി, അച്ചടി മുതലായ ഇനത്തിലാണു ചെലവായിരിക്കുന്നതു്. എന്നാൽ ആ ഇനത്തിൽ മുൻ കൊല്ലം ചെലവായ 216 ക. യിൽ നിന്നു് പ്രസ്തുത കൊല്ലത്തെ ചെലവു് 167-3-9 ആയി താണിട്ടുണ്ടു്. പ്രസ്തുത കൊല്ലത്തിൽ പുതിയ നിബന്ധന പുസ്തകം അച്ചിട്ടതിന്റെ ചെലവു വകയ്ക്കുള്ള ഒരു ഗണ്യമായ സംഖ്യയും ഇതിൽ ഉൾപ്പെടുന്നു.

9. വ്യവഹാരം. ഇതു കൂടാതെ വ്യവഹാരത്തിനു ചെലവായിക്കാണുന്ന 153-ൽ ചിലവാനം ക. ബഡ്ജറിൽ ഉൾപ്പെടുത്തീട്ടില്ലാത്തതും പതിവനുസരിച്ചു ചെയ്തു വന്നതും ആകുന്നു. അതുകൊണ്ടു സാധാരണ ചെലവുകൾക്കു ബഡ്ജറിൽ അനുവദിച്ചിരുന്ന സംഖ്യയിൽ നിന്നു് 548-ൽ ചിലവാനം ക. കുറവായേ പ്രസ്തുത കൊല്ലത്തിൽ ചെലവായിട്ടുള്ളു എന്നു കാണുന്നതു് പ്രത്യേകം പ്രസ്താവ യോഗ്യമാണു്.

10. വരവു്. പിരിയേണ്ട പലിശ ഉൾപ്പെടെ പ്രസ്തുത കൊല്ലത്തെ പ്രധാന വരവു പല ഇനങ്ങളിലായി 1860-ൽ ചിലവാനം ഉറുപ്പിക ആകുന്നു. ഇതു മുൻകൊല്ലത്തെ വരവിനെക്കാളും മോശമാണു്. പ്രധാന കുറവു സംഭവിച്ചിരിക്കുന്നതു് അംഗങ്ങളുടെ തവണ വകയിലും വിവേകോദയം വകയിലുമാകുന്നു. മുൻകൊല്ലത്തിൽ അംഗങ്ങളിൽനിന്നു് 1578 ക.

Digitized By Kerala Sahitya Akademi

11 ണ. 4 പൈ വരവുണ്ടായിരുന്നു. പ്രസ്തുത കൊല്ലത്തെ വരവ് ആ വകയിൽ 786 ക. 4 ണ. മാത്രമാകുന്നു. ഇതിനുകാരണം പ്രസ്തുത കൊല്ലത്തിൽ പണം പിരിപ്പാൻ പ്രത്യേകം ഏർപ്പാടുകളും ഒന്നും ചെയ്വാൻ ഇടയാകാത്തതും സെക്രട്ടറിക്ക് അസിസ്റ്റന്റു സെക്രട്ടറി, മാനേജർ എന്നീ രണ്ടു ഉദ്യോഗസ്ഥൻമാരെ പിരിച്ചയച്ചതിനാലും മറ്റും വർദ്ധിച്ച ആഫീസ് ജോലികളിലും വിവേകോദയത്തിന്റെ പ്രവൃത്തികളിലും യോഗം വക മറ്റു പ്രവൃത്തികളിലുമായി അധികം സമയം വ്യയം ചെയ്യേണ്ടിവന്നതിനാൽ മുൻകൊല്ലത്തെപ്പോലെ പണം പിരിവിനായി സർക്കീട്ടു ചെയ്വാൻ സൗകര്യം ഉണ്ടാകാഞ്ഞതും ആകുന്നു. മെമ്പർമാർ ഈവരവർ അടയ്ക്കേണ്ട സംഖ്യയെ പ്രേരണ കൂടാതെ തന്നെ അടപ്പാൻ താല്പര്യമുള്ളവരായിരുന്നു എങ്കിൽ ഇങ്ങനെ സംഭവിപ്പാൻ ഇടയില്ലായിരുന്നു എന്നുള്ളതും ഓർക്കേണ്ടതാണ്.

11 വിവേകോദയം വക പിരിവ് പ്രസ്തുത കൊല്ലത്തിൽ തീരെ മോശമാകുന്നു. 191 ക. 14 ണ. 1 പൈ മാത്രമേ ആ ഇനത്തിൽ വരവു കാണുന്നുള്ളൂ. മുൻകൊല്ലം വരവ് 921 ക. 1 ണ. 4 പൈ ആയിരുന്നു. ഈ വലിയ വ്യത്യാസത്തിനു കാരണം പ്രസ്തുത കൊല്ലത്തിൽ ഏജൻറ് പണം പിരിവിനു പുറപ്പെടാതിരുന്നതും മുൻകൊല്ലത്തിൽ ഏജൻറ് മാത്രമല്ല മാനേജർ കൂടി പ്രത്യേകം പണം പിരിവു ജോലിക്കായി പുറപ്പെട്ടിരുന്നതുമാണ്. ഇപ്പോൾ യോഗം ബാദ്ധ്യത വകയും വിവേകോദയം വകയും പണങ്ങൾ പിരിക്കുന്നതിനായി ഒരാളെ ഖരാറിൻമേൽ അധികാരപ്പെടുത്തി അയച്ചിട്ടുണ്ട്. അയാൾ പ്രവൃത്തി കഴിഞ്ഞ മാസത്തിൽ ആരംഭിച്ചതേയുള്ളു

12. എസ്റ്റാബ്ലിഷ്മെൻറിന്റെ ചെലവിനു പുറമേ സെക്രട്ടറിക്ക് സർക്കീട്ടു മുതലായ ചെലവുകൾക്കായി ഒരു സംഖ്യ അനുവദിക്കുക പതിവുണ്ട്. ഉദ്യോഗസ്ഥൻമാരുടെ സംഖ്യ കുറയ്ക്കുകയും വേല വർദ്ധിക്കുകയും ചെയ്തു എങ്കിലും പൊതുവിൽ ചെലവു കുറയ്ക്കാനുള്ള താല്പര്യത്താൽ ആ സംഖ്യ മുൻകൊല്ലത്തിൽ ഉണ്ടായിരുന്ന 200 ക. യിൽ നിന്ന് പ്രസ്തുത കൊല്ലത്തിലെ ബഡ്ജറ്റിൽ 150 ആയി കുറച്ചിരുന്നു. ഈ വകയിൽ സെക്രട്ടറി പറ്റിയതായ 60 ക. 15 ണ. 3 പൈ യും സർക്കീട്ടു ചെലവായി 61 ക. 14 ണ. 5 പൈസയും ഇങ്ങനെ 122 ക. 13 ണ. 8 പൈ. മാത്രം ചെലവായി കാണുന്നു. ഇതിൽ സർക്കീട്ടു ചെലവുതന്നെയും യോഗം വക മറ്റു ഉദ്യോഗസ്ഥൻമാരുടേയും ആ വക ചെലവുകൾ കൂടി ഉൾപ്പെടുത്തി എഴുതീട്ടുള്ളതാകുന്നു. സർക്കീട്ടു ചെലവ് എന്ന ഒരിനത്തിന് റൈട്ടർ തൽക്കാലം കണക്കു വച്ചിരിക്കുന്നത് അങ്ങിനെയാണ്.

13. പണമായി കൈവശമുള്ള 6434. ക. 11 ണ 10 പൈ. കൊണ്ടാണ് പ്രസ്താവ കൊല്ലത്തിലെ കണക്ക് ആരംഭിച്ചിരിക്കുന്നതെന്നു പറഞ്ഞു

Digitized By Kerala Sahitya Akademi

വല്ലോ. അതു കൊല്ലാവസാനത്തിൽ പലിശ ഉൾപ്പെടെ മുതലും ബാക്കി യിരിപ്പുമായി 6610. ക. 12 ണ. 3 പൈ യും എഞ്ജൻറൻമാരിൽ നിന്നു് ബാക്കി വരേണ്ടതായി ക. 70 ണ. 5 പൈ 3–ം ഉൾപ്പെടെ 6571 ക. 1 ണ. 6 പൈ. ആയി വർദ്ധിച്ചിരിക്കുന്നു. ഈ വർദ്ധന തൃപ്തികരമായിട്ടുള്ള തല്ലെങ്കിലും വരവു് അസാധാരണമായി ചുരുങ്ങുകയും ബഡ്ജററനുസരിച്ചു് ഒരു വലിയ സംഖ്യ ചെലവാകേണ്ടിയിരിക്കുകയും ചെയ്തതുകൊണ്ടു് ഇപ്പോഴത്തെ കണക്കു് ഫണ്ടിൻെറ അധോഗതിയെ കാണിക്കുമെന്നു് ഭയപ്പെട്ടിരുന്നതോർക്കുമ്പോൾ ആശ്വാസത്തിനു വകയുണ്ടു്. ഇതു ബുദ്ധിപൂർവം ചെയ്തിട്ടുള്ള മിതവ്യയത്തിൻെറ ഫലമാകയാൽ ബോർഡിനു് അഭിമാനകരമായിട്ടുള്ളതാണെന്നുവേണം പറവാൻ.

14. പ്രസ്തുത വർഷാരംഭത്തിൽ യോഗാംഗങ്ങളുടെ ഓഹരി വക യായി പിരിഞ്ഞു കിട്ടേണ്ട ഉറുപ്പിക 30444 ണ. 11 പൈ. 7 ആയി രുന്നു. അതു വർഷാന്തത്തിൽ 31933 ക. 13 ണ. 7 പൈ. ആയി വർദ്ധിച്ചിരിക്കുന്നു. വിവേകോദയം വക പിരിഞ്ഞുകിട്ടേണ്ട ക. 2826–11–5 പ്രകാരം വർഷാവസാനത്തിൽ 3680 ക. 5 ണ. 9 പൈ. ആയി വർദ്ധിരിക്കുന്നു. ആകെ സ്ഥാവര വസ്തുക്കൾ ഉൾപ്പെടെയുള്ള യോഗം വക ഫണ്ടു് പ്രസ്തുത കൊല്ലാവസാനത്തിൽ 82100 ക. 5 ണ. 5 പൈസ യിൽ നിന്നു് 84789–4–11–ആയി വർദ്ധിച്ചിരിക്കുന്നതു് ആഗ്രഹിക്കുന്ന വേഗത്തിൽ അല്ലെങ്കിലും യോഗത്തിൻെറ മുന്നോട്ടുള്ള ഗതിയെ സൂചി പ്പിക്കുന്നതാണെന്നു സന്തോഷപൂർവം പ്രസ്താവിക്കാവുന്നതാണു്. എന്നാൽ ഈ സ്വത്തുക്കളിൽ യോഗം സ്ഥിരാദ്ധ്യക്ഷൻ അവർകളുടെ പേരിൽ ദാനം കിട്ടിയിരുന്ന നാഗർ കോവിൽ ഡിസ്ത്രിക്ടറിൽ ഉള്ളതും കൈവശം കിട്ടാതിരുന്നതും ആയി ഉദ്ദേശം 2000 ക. വിലപിടിക്കുന്ന ഒരു ഭൂസ്വത്തുകൂടി ഉൾപ്പെടുത്തിയിരുന്നതും അതിനെ കൈവശപ്പെടുത്താ നായി യോഗത്തിൻെറ ആരംഭം മുതൽ ഒരു സിവിൽ വ്യവഹാരം നടത്തിവ ന്നിരുന്നതും അതു തിരുവിതാംകൂർ ഹൈക്കോടതിയിൽ ദോഷമായി അവ സാനിച്ചതും അറിഞ്ഞിട്ടുള്ളതാണല്ലോ. ഇതു നിമിത്തം അടുത്ത തവണത്തെ കണക്കിൽ മേൽപ്പറഞ്ഞ 20000 ക. യും വ്യവഹാരം വകയ്ക്കു യോഗത്തിൽ നിന്നു് ഇതുവരെ ചെലവു ചെയ്തിട്ടുള്ള ക. 1123 ണ. 8. പൈ. 11–ം ഇങ്ങനെ 21123-ൽ ചിലപ്പോൾ ഉറുപ്പിക എഴുതി കുറയ്ക്കേണ്ടിവരുന്നതാണു്. ഈ ഘനമായ സംഖ്യ യുടെ കുറവു് ഒരു സ്വാധീനമായ മൂലധനം പൊയ്പ്പോയതിനാൽ സംഭവിച്ചതല്ലെങ്കിലും യോഗത്തിനു് വ്യസനിക്കത്തക്ക ഒരു നഷ്ടമാണെന്നുള്ളതിൽ സംശയമില്ല.

15. അംഗങ്ങളുടെ സംഖ്യയോഗം രജിസ്ററരിൽ മുൻകൊല്ലത്തിൽ 887 ആയിരുന്നതു് പ്രസ്തുവർഷാവസാനത്തിൽ 960 ആയി വർദ്ധിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

16. ബോർഡിന്റെ പ്രൊസീഡിംഗ്സ്. പുതിയ ഭരണക്രമം അനുസരിച്ച് യോഗം വക ആഭ്യന്തര പ്രവൃത്തികളിൽ ആധികഭാഗവും നിബന്ധനയുടെ 30–ാം വകുപ്പുപ്രകാരം കൗൺസിൽ നടത്തിവരുന്നതാകയാൽ ബോർഡിന്നു പ്രധാനകാര്യങ്ങളെപ്പറ്റി തീർച്ച ചെയ്യേണ്ട ഭാരമേയുള്ളു. അതു പ്രകാരം പുതിയ നിയമം നടപ്പായ 1908 മേയ് 10–ാംന- ക്കു ശേഷം താഴെക്കാണുന്ന സംഗതികളെ ബോർഡ് ആലോചിച്ചു തീർച്ച ചെയ്തിരിക്കുന്നു.

i. തിരുവിതാംകൂർ ഹൈക്കോടതിയിൽ അപ്പീൽ ചെയ്തിരുന്ന വ്യവഹാരത്തിന്റെ ചിലവിലേക്കായി ന്യായമായി വേണ്ടിവരുന്ന സംഖ്യ ചിലവു ചെയ്വാൻ അനുവദിച്ചു.

ii. തിർുവിതാംകൂർ ഹൈക്കോർട്ടു വക്കീൽ മി: കെ. പരമേശ്വരപ്പിള്ളയെ യോഗത്തിന്റെ ഓണററി ലീഗൽ അഡ്വൈസറായി നിയമിപ്പാൻ തീർച്ചയാക്കി.

iii. ശ്രീമൂലം പ്രജാസഭയിൽ പൊതുയോഗം പ്രതിനിധിയായി ജനറൽ സിക്രട്ടറി എൻ. കുമാരൻ ആശാൻ അവർകളെ തിരഞ്ഞെടുത്തു.

iv. പാർവതിലക്ഷ്മി മുതൽ പേർ, കുമാരൻ സുബ്രഹ്മണ്യൻ, പത്മനാഭൻ മാടൻ ഇവരുടെ കടമുറി പ്രകാരമുള്ള പണങ്ങളും രണ്ടു പിരിവ് ഏജൻറൻമാരുടെ പക്കലുള്ള ബാക്കിയും യോഗത്തിനു വേണ്ടി നമ്പർ പതിച്ച് ഈടാക്കുന്നതിന് വൈസ് പ്രസിഡണ്ട്, സിസ്റ്റർ എം. കുമാരുവിനെ അധികാരപ്പെടുത്തുകയും ആ നമ്പർ വകയ്ക്കു വേണ്ടിവരുന്ന പണം ചിലവു ചെയ്വാൻ കൗൺസിലിന് അനുവാദം കൊടുക്കുകയും ചെയ്തു.

v. മൂന്നു വർഷം തുടർന്നുകൊണ്ട് ഓഹരി അടയ്ക്കാത്ത അംഗങ്ങളിൽ നിന്നു നിബന''ധനപ്രകാരം വരേണ്ട പണം സിവിൽ വ്യവഹാരം ചെയ്ത് ഈടാക്കുന്നതിന് എം. കുമാരു അവർകളെ അധികാരപ്പെടുത്തി.

vi. ഓഹരി വക പണം പിരിക്കുന്നതിനു 100നു 10–ം വിവേകോദയം വരിവകയ്ക്ക് 100–നു 15–ം വീതം കമ്മിഷൻ അനുവദിച്ചു ഖാറിൻമേൽ ഏജൻറൻമാരെ ഏർപ്പെടുത്തി ടി പിരിവുകയും നടത്താൻ കൗൺസിലിനു അനുവാദം കൊടുത്തു.

vii. സേവിംഗ്സ് ബാങ്കിൽ കുറഞ്ഞ പലിശയിൽ ഇരിക്കുന്ന പണത്തിൽ നിന്ന് 1000 ക. യിൽ കവിയാത്ത സംഖ്യ 100 നു 1 വീതമുള്ള പലിശയ്ക്കു നിബന്ധന പ്രകാരമുള്ള ഉറപ്പിൻമേൽ പുറത്തു കൊടുപ്പാൻ നിശ്ചയിച്ചു.

Digitized By Kerala Sahitya Akademi

viii. കുമാരൻ സുബ്രഹ്മണ്യന്റെ പേരിൽ പറഞ്ഞ പണം ഒഴിമുറികൊടുക്കുന്നതിന് ഉപാദ്ധ്യക്ഷൻ എം. കുമാരു അവർകളെ അധികാരപ്പെടുത്തി.

മേൽ പറഞ്ഞവയ്ൽ ഒന്നും രണ്ടും സംഗതികൾ കൗൺസിൽ നടത്തിട്ടുണ്ട് ഇതിൽ പ്രതിഫലം കൂടാതെ ലീഗൽ അഡ്വൈസറായിരിപ്പാൻ സമ്മതിച്ച ഹൈക്കോർട്ടുവക്കീൽ കെ. പരമേശ്വരൻപിള്ള അവർകളുടെ സൗജന്യത്തെക്കുറിച്ചു യോഗത്തിനു നന്ദി ഉണ്ടായിരിക്കേണ്ടതാണ്. ഇദ്ദേഹം ആവശ്യപ്പെടുന്ന എല്ലാ സംഗതികളെപ്പറ്റിയും നിയമ സംബന്ധമായ ഉപദേശങ്ങളും അറിവുകളും തരുന്നതിൽ ജാഗരൂകനാണെന്നുള്ള വസ്തുതയും കൃതജ്ഞതാപൂർവം പ്രസ്താവിച്ചു കൊള്ളുന്നു. 3–ാമത്തെ സംഗതിയിൽ പ്രജാസഭയിൽ സിക്രട്ടറിയുടെ പ്രാതിനിദ്ധ്യത്തെയും അതിന്റെ ഫലത്തെയും പറാി വേറൊരു സ്ഥലത്തു പറയുന്നതാണ്.

4–ാമതു സംഗതിയാൽ ഉള്ള വ്യവഹാരങ്ങളെപ്പറ്റി വേണ്ട ഒരുക്കങ്ങൾ ചെയ്തിരിക്കുന്നു. കുമാരൻ സുബ്രഹ്മണ്യന്റെയും പാർവതിലക്ഷ്മിയുടെയും പണം ഉടനെ തിരിയെ തരാൻ തയാറാണെന്നു വക്കീൽ മുഖേനയും മുഖദാവിലും അറിവിച്ചതിൻമേൽ ആ പേരുകളിൽ ഇതുവരെ നമ്പർ പതിപ്പാൻ തരമാകാത്തതാകുന്നു. 5–ാമത്തേതായ യോഗാംഗങ്ങളുടെ കുടി ശ്ശിഖ വ്യവഹാരം മൂലം ഈടാക്കുന്ന സംഗതി കൗൺസിലിന്റെ ആലോചനയിൽ ഇരിക്കുന്നു. ദീർഘകാലത്തെ കുടിശ്ശിഖയുള്ള അംഗങ്ങൾ ഈ നീരസമായ ഏർപ്പാടിന് ഇട കൊടുക്കാതെ തങ്ങളുടെ ബാദ്ധ്യതയിൽ ഒരംശമെങ്കിലും കൊടുത്തു യോഗത്തെ സഹായിപ്പാൻ വിചാരിക്കാത്തതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു. 6–ാമത്തെ നിശ്ചയത്തിൻമേൽ ഓഹരി വകയും വിവേകോദയം വകയുമായ പണം പിരിക്കുന്നതിന് 300 ക. ജാമ്യത്തിൽ ഖരാറെഴുതി ഇപ്പോൾ ഒരു ഏജൻറിനെ ഏർപ്പെടുത്തിയിരിക്കുന്നു. അയാൾ പണം പിരിച്ചു തുടങ്ങീട്ടുണ്ട്. 7–ം 8–ം സംഗതികൾ ഇതുവരെ നടപ്പിൽ വരുത്തിയില്ല. ആദ്യത്തേതു താൽകാലികമായ ഉപ്പിൻമേൽ ഒരു പലിശയ്ക്കു പണം ഇതുവരെ ആരും ആവശ്യപ്പെടാത്തതിനാലും ഒടുവിലത്തേതു കുമാരൻ സുബ്രഹ്മണ്യന്റെ പണം പ്രതീക്ഷിച്ചിരുന്നപോലെ വസൂലായി വരാത്തതിനാലുമാണ്.

17. ബോർഡിൽ അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, ജനറൽ സിക്രട്ടറി ഇവരെക്കൂടാതെ 24 ഡയറക്ടർമാർ ഉണ്ടായിരുന്നു. പുതിയ നിബന്ധന പ്രകാരം അനുവദിക്കപ്പെടാവുന്ന സംഖ്യയിൽ നിന്നു 9 ഡയറക്ടർമാർ ഇതിൽ അധികമാകുന്നു. ബോർഡിന്റെ എല്ലാ പ്രവൃത്തികളിലും അദ്ധ്യക്ഷൻ ഉപാദ്ധ്യക്ഷൻ ഇവരെ കൂടാതെ 10–ൽ കുറയാതെ ഡയറക്ടർമാർ സംബന്ധിച്ചിട്ടുണ്ട്. പുലിവല്ലത്തു പപ്പു വൈദ്യൻ അവർകളും, സി. കെ. കൃഷ്ണപ്പണിക്കർ അവർകളും ഈ രണ്ടു ഡയറക്ടർമാർ പ്രസ്തുത കൊല്ലത്തിൽ ബോർഡുവക ഒരു പ്രവൃത്തിയിലും സംബന്ധിച്ചിട്ടില്ലെന്നു

Digitized By Kerala Sahitya Akademi

ള്ളതിനെ പ്രസ്താവിച്ചു കൊള്ളുന്നു. ഇ. കെ. അയ്യാക്കുട്ടി ബി. എ. അവർകൾ, എം. ഗോവിന്ദൻ അവർകൾ ബി. എ. ബി. എൽ. അവർകൾ ഈ ഡയറക്ടർമാർ തങ്ങളുടെ ഗവൺമെന്റുദ്യോഗ സംബന്ധമായ അസൗകര്യങ്ങളാൽ ഡയറക്ടർ സ്ഥാനത്തിൽ നിന്നു ഒഴിയേണ്ടി വന്നിരിക്കുന്നതായി അറിവിച്ചിട്ടുള്ള വിവരവും അറിവിച്ചു കൊള്ളുന്നു.

18. കൗൺസിലിൽ പ്രസ്തുത കൊല്ലത്തിൽ 7 പ്രൊസീഡിംഗ്സ് പ്രകാരം 8 സംഗതികൾ നടന്നു.

i. കുമാരൻ കൊച്ചന്റെ കടമുറി പ്രകാരമുള്ള 500 ക. യും പലിശയും വാങ്ങി ഒഴിമുറി കൊടുത്തു.

ii. പൊതുയോഗത്തിലെ 4—ാമതു നിശ്ചയം അനുസരിച്ച് ഈഴവർക്കു വിദ്യാഭ്യാസ സംബന്ധമായ വിശേഷാൽ സഹായം അപേക്ഷിച്ചു തിരുവിതാംകൂർ ഗവൺമെൻറിലേക്കു മെമ്മോറിയൽ സമർപ്പിച്ചു.

iii. വ്യവഹാരച്ചിലവിലേക്കു പെട്ടെന്നാവശ്യപ്പെട്ട സംഖ്യയെ ചെലവു ചെയ്യുന്നതിനു കമ്മിറ്റിയുടെ അനുവാദത്തെ പ്രതീക്ഷിച്ചുകൊണ്ടു ചെയ്യുകയും അനുവാദം വാങ്ങുകയും ചെയ്തു.

iv. എഴുത്തു ജോലി ലഘൂകരിക്കുന്നതിനായി 35 ക. വിലയ്ക്ക് ഒരു ന്യൂയോ സൈക്ലോസ്റ്റൈൽ യന്ത്രം വാങ്ങി.

v. തിരുവനന്തപുരം 5—ാം ഫാറം വിദ്യാർത്ഥി ടി. പി. ഗോവിന്ദൻ, കൊല്ലം പരവൂർ 4—ാം ഫാറം വിദ്യാർത്ഥി ഭഗവതി നീലകണ്ഠൻ, ആലപ്പുഴ 5—ാം ഫാറം വിദ്യാർത്ഥി ടി. കെ. വേലു എന്നിവർക്കു സ്കൂൾ ഫീസും, കൊല്ലം സരസ്വതി സത്രത്തിനു പ്രതിമാസം 7 ക. വീതവും ചേർത്തലത്താലൂക്കിൽ ഒരു ഭാരത വിലാസം സ്കൂളിനു കൊല്ലത്തിൽ 25 ക. യും സാഹായിക ധനമായി കൊടുപ്പാൻ നിശ്ചയിച്ചു.

vi ആഫീസ് ശിപായിയുടെ അപ്പേക്ഷയനുസരിച്ചു മാസപ്പടിയിൽ 8 ണ. കൂടുതൽ കൊടുത്തു.

vii പാർവതി ലക്ഷ്മി മുതൽ പേർ, കുമാരൻ സുബ്രഹ്മണ്യൻ, പത്മനാഭൻ മാടൻ ഇവർ പലിശ മുടക്കിയിരിക്കുന്നതിനാൽ അവരുടെ പേരിൽ നമ്പർ പതിക്കുന്നതിനു ബോർഡിന്റെ അനുവാദം വാങ്ങാൻ നിശ്ചയിച്ചു.

viii. ലഗൽ അഡ്വൈസറായി കെ. പരമേശ്വരൻ പിള്ള അവർകളെ നിശ്ചയിപ്പാൻ ബോർഡിനെ ശുപാർശ ചെയ്യുകയും സമ്മതപ്രകാരം നീയമിക്കയും ചെയ്തു.

Digitized By Kerala Sahitya Akademi

19. സാഹായിക ധനം വാങ്ങിവന്ന വിദ്യാർത്ഥികളിൽ ടി. ഗോവിന്ദൻ കഴിഞ്ഞകൊല്ലത്തെ പരീക്ഷയിൽ തോൽക്കുകയും പഠനം വിടുകയും ചെയ്തിരിക്കുന്നതായി അറിയുന്നതിൽ വ്യസനിക്കുന്നു. ഈ വിദ്യാർത്ഥി കഴിഞ്ഞ രണ്ടുകൊല്ലമായി സാഹായികധനം പറ്റിവരിക യായിരുന്നു. ആ സാഹായികധനം വിദ്യാഭ്യാസഫണ്ടുവഴിയായി കൊടുത്തിട്ടുള്ളതുമാകുന്നു. ടി. കെ. വേലു 5–ാം ഫാറം പാസ്സായി ഇപ്പോൾ മെട്രിക്കുലേഷൻ ക്ലാസ്സിലും ഭഗവതി നീലകണ്ഠൻ 4–ാം ഫാറം പാസ്സായി ഇപ്പോൾ 5-ാം ഫാറത്തിലും പഠിച്ചുവരികയാകുന്നു. ഇവരിൽ ടി.കെ. വേലു സാഹായിക ധനത്തെ അനുവർത്തിക്കാമെന്നും ഭഗവതി നീലകണ്ഠൻ അല്ലെങ്കിൽ വി. സി. നീലകണ്ഠൻ സ്കൂൾ ഫീസ് മാത്രം സഹായിച്ചതുകൊണ്ടു പഠിത്തം തുടരാൻ മതിയാകുന്നില്ലെന്നും അത്യാവശ്യച്ചിലവിനുള്ള സംഖ്യയെങ്കിലും കൊടുക്കാൻ ദയയുണ്ടാകണമെന്നും അപേക്ഷിക്കുന്നു.

സരസ്വതി വിദ്യാർത്ഥിസത്രം നിന്നുപോയതായും അതിന്റെ സാഹായികധനം നിറുത്തൽ ചെയ്തതായും മുൻപുപ്രസ്താവിച്ചിട്ടുണ്ടല്ലോ. ചേർത്തല കലവൂർ ഭാരതിവിലാസം സ്കൂൾ തൃപ്തികരമായി നടന്നുവരുന്നു എന്നറിയുന്നു. അതിനായി അനുവദിച്ച സാഹായിക ധനം ഇപ്പോൾ ഒന്നായിക്കൊടുപ്പാൻ മാനേജർ അപേക്ഷിച്ചിട്ടുണ്ട്.

20. ഈ കൊല്ലം വിദ്യാഭ്യാസത്തിനു സഹായത്തെ അപേക്ഷിച്ചു നാലു പുതിയ അപേക്ഷകൂടി കൈപ്പറ്റിയിരിക്കുന്നു. എല്ലാം വിദ്യാർത്ഥികളുടേതാണ്. രണ്ടു കൊല്ലം താലൂക്കിലും, രണ്ടു കോട്ടയം താലൂക്കിലും നിന്നാകുന്നു. കൊല്ലം താലൂക്കിലേത് ഒന്ന് ഒരു 8–ാം ഫാറം വിദ്യാർത്ഥിയുടേതും മറ്റേതു കഴിഞ്ഞ മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി എഫ്. എ. ക്ലാസിൽ ചേരാൻ ആഗ്രഹിക്കുന്ന ഒരു യുവാവിനേറ്റതുമാകുന്നു. ഈ യുവാവ് ഒരു ഈഴവവാത്തിയാണ്. ആ വർഗ്ഗത്തിൽ സർവകലാശാലാ പരീക്ഷ പാസ്സായത് ആദ്യമായിട്ട് ഇന്നാൾ ആകുന്നു. യോഗത്തിൽ നിന്നു സഹായം ലഭിച്ചില്ലെങ്കിൽ തുടർന്നു പഠിത്തം വിട്ടുകളവാൻ നിർബന്ധിക്കപ്പെടുമെന്ന് അറിവിക്കുന്നു.

കോട്ടയത്തെ അപേക്ഷകളിൽ ഒന്നു കഴിഞ്ഞ മെട്രിക്കുലേഷൻ പരീക്ഷയിൽ തോറ്റ ഒരു വിദ്യാർത്ഥിയുടേതും മറ്റൊന്ന് ഒരു 5–ാം ഫാറം വിദ്യാർത്ഥിയുടേതും ആകുന്നു. രണ്ടു പേരും അവരുടെ നടത്തയേയും സ്ഥിതിയേയും ബുദ്ധിശക്തിയേയും പറ്റി തൃപ്തികരമായ സാക്ഷ്യപത്രങ്ങൾ ഹാജരാക്കീട്ടുണ്ട്. വടക്കേ മലയാളത്തിൽ നിന്നു മെട്രിക്കു പാസ്സായ ഒരു വിദ്യാർത്ഥി സാങ്കേതിക വിദ്യ പഠിക്കുന്നതിനായി ഒരു ധനസഹായം അപേക്ഷിച്ചിരുന്നു എങ്കിലും ഇപ്പോൾ അയാൾക്ക് അതിന് ഒരുക്കമില്ലാത്തതിനാൽ അപേക്ഷ പിൻവലിച്ചിരിക്കുന്നു. സ്വീകരിച്ചിട്ടുള്ള എല്ലാ അപേക്ഷകളും യോഗത്തിന്റെ തീർച്ചയ്ക്കായി വയ്ക്കുന്നതാകുന്നു

Digitized By Kerala Sahitya Akademi

21. സമുദായത്തിന്റെ വിദ്യാഭ്യാസ സ്ഥിതി നന്നാക്കുന്നതിൽ യോഗം ചെയ്യുന്ന പൊതു ശ്രമങ്ങളെപ്പറ്റിയും ഒരു വാക്ക് ഈ സന്ദർഭത്തിൽ പറയേണ്ടിയിരിക്കുന്നു. അവക ശ്രമങ്ങളുടെ ഫലങ്ങൾ ഉടനടി പ്രത്യക്ഷമായും സ്ഥൂലമായും കാണപ്പെടുന്നില്ലെങ്കിലും അവ സ്ഥിരവും വ്യാപ്തിമത്തുമായിരിക്കുമെന്നുള്ളതു നിരാക്ഷേപമാകുന്നു. കഴിഞ്ഞ പൊതുയോഗത്തിലെ 4—ാമതു നിശ്ചയമനുസരിച്ച് തിരുവിതാംകൂറിൽ നമ്മുടെ സമുദായത്തിനു മഹമ്മദീയർക്കെന്നപോലെ വിദ്യാഭ്യാസ സംബന്ധമായി ചില പ്രത്യേക സഹായങ്ങൾ ചെയ്തു തരുന്നതിനു കാരണങ്ങൾ കാണിച്ച് ഒരു മെമ്മോറിയൽ സമർപ്പിക്കുകയും യോഗം കൗൺസിൽ മെംബർമാർ ദിവാൻജി അവർകൾ മുഖദാവിൽ എത്തി അതിനെപ്പറ്റി അറിവിക്കയും ചെയ്തു. കഴിഞ്ഞ സെൻസസ് റിപ്പോർട്ടുകൊണ്ടു തിരുവിതാംകൂറിൽ ഈഴവർ മഹമ്മദീയരെക്കാൾ വിദ്യാഭ്യാസം കുറഞ്ഞവരാണെന്നു കാണുന്നു. ഇതു പൊതുവിലുള്ള ധാരണയ്ക്കു വിരുദ്ധമായ ഒരു വസ്തുതയാണ്. ഉത്തരതിരുവിതാംകൂറിൽ ചില താലൂക്കുകളിൽ സജാതിക്കാരുടെ സ്ഥിതി വളരെ മോശമായിക്കാണുന്നതിന്റെ ഫലമാണ് ഇതെന്നുള്ളതു വിശദമത്രേ. മഹമ്മദീയർ മുതലായി വിദ്യാഭ്യാസവിഷയത്തിൽ പിന്നോക്കം നിൽക്കുന്ന ജാതിക്കാർക്കു കിട്ടിവരുന്ന കൂടുതൽ ഗ്രാൻറ് വി. പി. മാധവരായർ അവർകൾ ദിവാൻജി ആകുന്നതിനുമുമ്പ് നമ്മുടെ സമുദായത്തിനു കിട്ടിവന്നിരുന്നതാണ്. അദ്ദേഹമാണ് ഈ വിഷയത്തിൽ തിരുവിതാംകൂറിൽ നമ്മെ ഉയർന്ന ജാതിക്കാരുടെ കൂട്ടത്തിൽ ഗണിക്കുകയും വിശേഷാൽ ഗ്രാൻറ് നിർത്തൽ ചെയ്തുകളകയും ചെയ്തത്. പ്രസ്താവത്തിലെ മെമ്മോറിയലിനു ഗവൺമെൻറുതന്ന മറുപടി അനുകൂലമല്ലെങ്കിലും നമ്മെ പ്രത്യേകം സഹായിക്കാതിരിക്കുന്നതിനും മറ്റും ഗവൺമെൻറു ശരിയായോ തെറ്റായോ കാണുന്ന കാരണങ്ങളെപ്പറ്റി അറിഞ്ഞിരിക്കേണ്ടതാകയാൽ മറുപടിയുടെ തർജ്ജിമ താഴെ ചേർത്തുകൊള്ളുന്നു.

"പാടിച്ചുവരുന്ന ഈഴവക്കുട്ടികളുടെ സംഖ്യ ബ്രാഹ്മണരിലും നായന്മാരിലും അങ്ങിനെ ഉള്ളവരുടെ സംഖ്യയോട് ഒത്തു നോക്കുമ്പോൾ കുറവാണെങ്കിലും ഈഴവ സമുദായം അടുത്ത കഴിഞ്ഞ കാലങ്ങളിൽ അവരുടെ വിദ്യാഭ്യാസ സ്ഥിതിയെ ഉയർത്താൻ നല്ല താല്പര്യം കാണിച്ചു വരുന്നതായറിഞ്ഞു ഗവൺമെൻറു സന്തോഷിക്കുന്നു. സർക്കാർ സ്കൂളുകളിൽ ഈ സമുദായത്തിനു പ്രവേശത്തെ സംബന്ധിച്ചുള്ള പ്രതിബന്ധം ഒട്ടധികം നീക്കപ്പെട്ടിരിക്കുന്നു. ഈഴവർ അവരുടെ അഭിവൃദ്ധിക്കായി സ്വന്തമായി സ്കൂളുകളും ഏർപ്പെടുത്തുന്നതിൽ പ്രദർശിപ്പിക്കുന്ന സ്വാശ്രയബുദ്ധിയെപ്പറ്റി ഗവൺമെൻറു പ്രത്യേകം അഭിനന്ദിക്കുന്നു. എട്ടു കൊല്ലങ്ങൾക്കു മുൻപെടുത്ത കാനേഷുമാരി കണക്കിൻപ്രകാരം അവരിലുള്ള വിദ്യാഭ്യാസമില്ലാത്തവരുടെ സംഖ്യ ഗവൺമെൻറിന്റെ അഭിപ്രായത്തിൽ അവരുടെ ഇപ്പോഴത്തെ സ്ഥിതിയെ ഗ്രഹിപ്പാനുള്ള തോതായി വിചാരിപ്പാൻ പാടില്ലാത്തതാകുന്നു. ഇപ്പോൾ അപേക്ഷിക്കപ്പെട്ടിരിക്കുന്ന പ്രകാരമുള്ള

Digitized By Kerala Sahitya Akademi

പ്രത്യേക ധനസഹായം സാധാരണ അനുവദിച്ചു വരുന്നത് വിദ്യാഭ്യാസ വിഷയത്തിൽ പിന്നോക്കം നിൽക്കുകമാത്രമല്ല ആ വിഷയത്തിൽ തങ്ങളുടെ സ്ഥിതിയെ നന്നാക്കുന്നതിൽ ഏതെങ്കിലും ഒരു താല്പര്യംപോലും കാണിക്കാത്ത സമുദായങ്ങൾക്കുമാത്രമാകുന്നു. അതാണ് മഹമ്മദീയരെ പ്രത്യേകം കരുതിവരുന്നത്. ഈഴവർ അങ്ങിനെയുള്ള വിശേഷാൽ സഹായങ്ങൾ ആവശ്യപ്പെടാവുന്ന ഘട്ടം കഴിഞ്ഞിരിക്കുന്നു എന്നും അതുകൊണ്ട് അവർക്ക് അങ്ങിനെയുള്ള പ്രത്യേക സഹായങ്ങൾ അനുവദിപ്പാൻ ആവശ്യമില്ലെന്നും ഗവൺമെൻറു വിചാരിക്കുന്നു.''.

22. ഇതിനുശേഷം പെൺപള്ളിക്കൂടങ്ങൾ, സംസ്കൃത പാഠശാല, ആയുർവേദപാഠശാല ഇവയിൽ നമ്മുടെ ബാലികാ ബാലൻമാർക്ക് പ്രവേശം കിട്ടുന്നതിനെയും പ്രവേശം അനുവദിപ്പാൻ പാടില്ലാത്ത ദിക്കുകളിൽ പ്രത്യേകം സ്കൂളുകൾ സ്ഥാപിക്കുകയും വിശേഷാൽ ധനസഹായം ചെയ്യുകയും ചെയ്തുതരേണ്ടതിനെയും പറഞ്ഞ യോഗം പ്രതിനിധി ശ്രീമൂലം പ്രജാസഭയിൽ സകാരണം പ്രസ്താവിച്ച സങ്കടങ്ങൾക്കു ഗവൺമെൻറു പറഞ്ഞ മറുപടിയും താഴെ ചേർക്കുന്നു.

തർജ്ജിമ

''ഇംഗ്ലീഷ് പള്ളിക്കൂടം ആയും മലയാളം പള്ളിക്കൂടം ആയും 369 ആൺ പള്ളിക്കൂടങ്ങൾ ഉള്ളതിൽ 326 പള്ളിക്കൂടങ്ങൾ ഇപ്പോൾ ഈഴവർക്കു വേണ്ടി ചേരാവുന്നവയായിരിക്കുന്നു. ഈ പള്ളിക്കൂടങ്ങളിൽ ഈഴവരെ ചേർക്കുന്നതിനു യാതൊരുവിധം തടസ്സവും വരാതിരിക്കുന്നുണ്ടെന്ന് ഇൻസ്പെക്ടർമാർ ബോദ്ധ്യപ്പെട്ടുകൊള്ളണം എന്നു ഖണ്ഡിതമായ ആജ്ഞകൾ അയച്ചിരിക്കുന്നു. ഈ 326 പള്ളിക്കൂടങ്ങളിൽ വല്ലതിലും ഈഴവ ബാലൻമാരെ ചേർക്കാതിരുന്നാൽ ആ വിവരം ഗവൺമെൻറിനെ തെര്യപ്പെടുത്തുന്നതായാൽ ഗവൺമെൻറു നിർബന്ധിച്ച് അതിനെ നടത്തിക്കും. ശേഷമുള്ള 43 പള്ളിക്കൂടങ്ങളേയും ഈഴവൻമാർക്കു പ്രവേശിക്കാവുന്ന സ്ഥലങ്ങളിൽ മാറ്റി ഇടുവിക്കുന്നതിനു നടപടി നടത്തിയിട്ടും ഉണ്ട്. എന്നു വരികിലും ഓരു സംഗതി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ആകെ 43 പള്ളിക്കൂടങ്ങളെ മാറു സ്ഥലങ്ങളിൽ മാറ്റി സ്ഥാപിക്കുന്നതിനു കാലവിളംബം നിശ്ചയമായും വേണ്ടിവരിക തന്നെ ചെയ്യും. ഈപാഠശാലകളിൽ ചിലത് ഈഴവൻമാർക്കു പ്രവേശ്യങ്ങളല്ലാത്ത സ്ഥലങ്ങളിൽ അല്ല വാസ്തവത്തിൽ ഇരിക്കുന്നത് എന്ന് മെമ്പർ പ്രസ്താവിച്ചുവല്ലോ. അങ്ങിനെയുള്ള പള്ളിക്കൂടങ്ങൾക്ക് ഒരു ലിസ്റ്റു മെമ്പർ അയയ്ക്കുന്നതായാൽ അതിനെക്കുറിച്ച് അന്വേഷണങ്ങൾ നടത്താം. മെമ്പർ പ്രസ്താവിച്ചതു ശരി തന്നെ എന്നു കാണുന്നതായാൽ അവയിലും ഈഴവൻമാരെ ചേർക്കാം എന്ന് ആക്കുന്നതിന് നടപടി നടത്തുന്നതുമാകുന്നു.

ഈഴവപ്പെൺകുട്ടികളുടെ കാര്യത്തിൽ കഴിഞ്ഞതവണ നടന്ന സഭായോഗത്തിൽ പറഞ്ഞതിനെ ഞാൻ ആവർത്തിച്ചുപറയാം. പെൺപള്ളിക്കൂ

Digitized By Kerala Sahitya Akademi

ടങ്ങളിൽ അനേകങ്ങളിൽ ഈഴവപ്പെൺകുട്ടികളെ നിർബന്ധമായി ചേർക്കുന്നതുകൊണ്ടുണ്ടാകുന്ന അദ്യത്തെ ഫലം അവയിൽ ബ്രാഹ്മണപ്പെൺകുട്ടികളും നായർ പെൺകുട്ടികളും തീരെ ഇല്ലാതാകും. ഈ മാർഗ്ഗത്തിൽ കാര്യങ്ങളെ കൊണ്ടുവിടുന്നതിന് ഗവൺമെൻറ് ഒരുങ്ങീട്ടില്ല. ബ്രാഹ്മണർ, നായൻമാർ, ഈഴവർ എന്നീവർഗ്ഗങ്ങളിലുള്ള ആൺകുട്ടികളും ഇപ്പോൾ ഒന്നിച്ചിരിക്കുന്നതുപോലെ ആ വർഗ്ഗത്തിലുള്ള പെൺകുട്ടികളും നാട്ടിൻ പുറങ്ങളിൽ ഒന്നിച്ചിരിക്കുന്നതു ശക്യം ആകുന്നതുവരെയുള്ള കാലത്തിനിടയിൽ ജനസമുദായത്തിന്റെ മനോഭാവങ്ങളിൽ മാറ്റം ജനിക്കുന്നതായ ഒരു കാലംവരും എന്ന് ഗവൺമെൻറ് ആശംസിക്കുന്നു. ആ കാലം വരുന്നതുവരെ ഇതിലേക്കുള്ള നിവൃത്തിമാർഗം കഴിഞ്ഞതവണയിലെ സഭായോഗത്തിൽ ഞാൻ നിർദ്ദേശിച്ചതുപോലെ ഈഴവപ്പെൺകുട്ടികളുടെ വകയ്ക്കായി അവർ തന്നെ പാഠശാലകൾ സ്ഥാപിക്കണമെന്നുള്ളതാകുന്നു. അവയ്ക്കു ഗവൺമെൻറ് സന്തോഷപുരസ്സരം ഉദാര ധനസഹായം ചെയ്യുന്നതാകുന്നു. ഈഴവബാലികകൾക്കു പ്രത്യേകമായി സർക്കാർതന്നെ പാഠശാലകൾ സ്ഥാപിക്കുന്നതു ന്യായമായിരിക്കത്തക്കവണ്ണം പള്ളിക്കൂടത്തിൽ ചേർന്ന് പഠിക്കുന്നതിന് ധാരാളം ഈഴവപ്പെൺകുട്ടികൾ ഹാജരാകുന്നതും അവിടെയുള്ള ഈഴവർതന്നെ സ്വയം പാഠശാലകൾ സ്ഥാപിക്കുന്നതിനു ശേഷിയില്ലാത്ത വിധത്തിൽ അവർ അത്ര ദരിദ്രൻമാരും വിദ്യാവിഹീനൻമാരും ആയിരിക്കുന്നതും ആയ സ്ഥലങ്ങളാൽ ആവിധം പാഠശാലകൾ സർക്കാർതന്നെ സ്ഥാപിക്കുന്നതിനും ഒരുക്കമുണ്ട്. ഏതേതു സ്ഥലങ്ങളിൽ ഈഴവൻമാർക്കും അതുപോലെയുള്ള മറ്റു ജാതിക്കാർക്കും പെൺപള്ളിക്കൂടങ്ങൾ ഗവൺമെൻറുതന്നെ സ്ഥാപിക്കണമെന്നു മെംബറുടെ യോഗത്തിൽ നിന്നുവിചാരിക്കുന്നുവോ അവയ്ക്കു ഒരുലിസ്റ്റു യോഗത്തിൽനിന്ന് എനിക്ക് അയച്ചുതന്നാൽ ഗവൺമെൻറ് അതിനെക്കുറിച്ച് അന്വേഷണം നടത്തി ശക്യമായുള്ളതിനെ ചെയ്യുന്നതായിരിക്കും.

സംസ്കൃതകാളേജിന്റേയും ആയുർവേദപാഠശാലയുടേയും കാര്യത്തിൽ ഈ രണ്ടുപാഠശാലകളിലും ഈഴവൻമാരെ ചേർക്കാൻപാടില്ല എന്ന് കഴിഞ്ഞആണ്ടത്തെ സഭായോഗത്തിൽ ഗവൺമെൻറു പറഞ്ഞമാറുപടിതന്നെഗവൺമെൻറു സ്ഥിരമായി അവലംബിക്കുന്നു."

23. ഈ മറുപടി തൃപ്തികരമായിരിക്കുന്നില്ലെങ്കിലും തീരെ അതൃപ്തികരമാണെന്നു പറവാൻ പാടില്ലാത്തതാകുന്നു. നമ്മുടെ പെൺപള്ളിക്കൂടങ്ങൾക്കു പ്രത്യേകം ഉദാരമായ ഗ്രാന്റ് അനുവദിക്കാമെന്നും പ്രവേശമില്ലാത്ത 43 ആൺപള്ളിക്കൂടങ്ങൾ ഉള്ളിടത്തു മാറ്റിസ്ഥാപിക്കാമെന്നും അവയിൽതന്നെ ഇപ്പോൾ ഏതെങ്കിലും പ്രവേശാർഹമാണെന്നു തെളിയിച്ചാൽ ഉടനേ പ്രവേശിപ്പിക്കാമെന്നും ആവശ്യമുള്ള ദിക്കിൽ പ്രത്യേകം സ്കൂളുകൾ സ്ഥാപിച്ചുതരാൻ ശ്രമിക്കാമെന്നും മറ്റുമുള്ള വാഗ്ദാനങ്ങൾ നിശ്ചയമായും സഫലമാകുമെന്നും ഉള്ളതാണ്. നമ്മെ സംബന്ധിച്ച വാഗ്ദാനങ്ങളെ സഫലമാക്കുന്നതിൽ ഗവൺമെൻറു സശ്രദ്ധമായിരിക്കയാണെ

Digitized By Kerala Sahitya Akademi

ന്നുള്ളത് മുൻകൊല്ലത്തിൽ യോഗം പ്രതിനിധിക്കുനൽകിയ മറുപടി അനുസരിച്ചു പലേ സ്കൂളുകളിലും പുതുതായി നമ്മുടെ കുട്ടികൾക്കു പ്രവേശംകൊടുക്കുകയും ആയുർവേദ കാളേജിലും സംസ്കൃത കാളേജിലും പരീക്ഷയിൽ നമ്മുടെ വിദ്യാർത്ഥികളെ സ്വീകരിക്കയും നമ്മിൽ യോഗ്യതയുള്ളവർക്ക് ഉയർന്നതരം ഉദ്യോഗങ്ങൾ കൊടുത്തുതുടങ്ങുകയും ചെയ്തതിൽനിന്നു വെളിവാകുന്നുണ്ട്. ആൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള തടസ്സം ഇപ്പോൾ മിക്കവാറും നാമാവശേഷമായി വരുന്നപോലെ പെൺകുട്ടികളുടെ വിഷയത്തിലും ദൂരമല്ലാത്ത ഭാവിയിൽ തന്നെ നമുക്കു വിദ്യാഭ്യാസസൗകര്യം തിരുവിതാംകൂറിൽ ആശിക്കാമെന്നുള്ളതിനു യാതൊരു അസംഭാവ്യതയും കാണുന്നില്ല. നാം സ്ഥിരമായി യത്നിച്ചാൽ അതു വേഗത്തിൽ സാധിക്കുന്നതാണ്.

24. കണ്ണൂർവച്ചു നടന്ന നാലാമതു പൊതുയോഗത്തിൽ കോഴിക്കോട്ടു ജർമ്മൻ മിഷ്യൻ ഹൈസ്ക്കൂളിനെ ഒരു രണ്ടാംതരം കാളേജാക്കണമെന്ന് മദ്രാസ് ഗവൺമെൻറിനോടും സർവകലാശാലക്കാരോടും അപേക്ഷിപ്പാൻ നിശ്ചയം പാസാക്കിയതിനെയും അതിനെപ്പറ്റി നടന്ന എഴുത്തുകുത്തുകളെയും പറ്റി അറിഞ്ഞിട്ടുള്ളതാണല്ലോ. ഭാഗ്യവശാൽ ആ ഹൈസ്കൂൾ ഇപ്പോൾ കാളേജായിത്തീർന്നിരിക്കുന്നത് അവിടുള്ള നമ്മുടെ വിദ്യാർത്ഥികൾക്ക് വലുതായ ഒരനുഗ്രഹമായി എന്ന് ചാരിതാർത്ഥ്യപൂർവം പ്രസ്താവിക്കാവുന്നതാണ്. തിരുവിതാംകൂർ ഗവൺമെൻറു വകയായ ആലപ്പുഴ ഹൈസ്കൂൾ ഈയിടെ നിറുത്തൽ ചെയ്തശേഷം അവിടത്തെ വിദ്യാർത്ഥികൾക്കു ഗണ്യമായ അസൌകര്യം വിദ്യാഭ്യാസവിഷയത്തിൽ നേരിട്ടിരിക്കുന്നു എന്ന് അറിയുന്നു. സ്ഥലത്തെ സനാതനധർമ്മ വിദ്യാശാലയിൽ നമ്മുടെ വിദ്യാർത്ഥികൾക്കു പ്രവേശം അനുവദിക്കുന്നില്ലത്രേ. അനുവദിക്കത്തക്കവണ്ണം അതിൻെറ ഭാരവാഹികൾ ഏതെങ്കിലും പ്രകാരത്തിൽ പ്രേരിതരായെങ്കിൽ അവിടത്തെ വിദ്യാർത്ഥികൾക്ക് അതു വളരെ ഗുണപ്രദമായിരിക്കുന്നതാണ്.

25. കഴിഞ്ഞ പൊതുയോഗത്തിലെ നാലാമതു നിശ്ചയപ്രകാരം വിദ്യാഭ്യാസസംബന്ധമായ വിശേഷാൽ സഹായങ്ങൾ അപേക്ഷിച്ചു കൊച്ചി ഗവൺമെൻറിലേക്കും യോഗത്തിൽ നിന്ന് മെമ്മോറിയൽ സമർപ്പിക്കേണ്ടിയിരുന്നു എങ്കിലും അന്വേഷണത്തിൽ നമ്മുടെ സമുദായത്തിന്നു പ്രത്യേക സകല സൗകര്യങ്ങളും ഇപ്പോൾ തന്നെ ഇവിടെ അനുവദിച്ചിട്ടുള്ളതിനാലും ആ വിഷയത്തിൽ പറയത്തക്ക സങ്കടം ഒന്നുമുള്ളതായി അറിയാത്തതിനാലും അപ്രകാരം ചെയ്യാഞ്ഞതാണ്. കൊച്ചിയിലെ ഹിന്ദു പ്രജകളിൽ മലബാറിലെ എന്നപോലെ അധികഭാഗവും നാമാകുന്നു. അവിടത്തെ ഗവൺമെൻറു നമ്മുടെ അഭിവൃദ്ധിയിൽ എപ്പോഴും അനുകമ്പ ഉള്ളതായി കാണുന്നതു അവിടത്തെ മഹാരാജാക്കൻമാരോടും രാജകുംബത്തോടുമുള്ള നമ്മുടെ ഭക്തിയേയും സ്നേഹത്തേയും ഏറ്റവും വർദ്ധിപ്പിക്കുന്നതും നമ്മുടെ ഭാഗ്യവുമാകുന്നു.

Digitized By Kerala Sahitya Akademi

26. എത്ര തന്നെ സൗകര്യങ്ങളും ആനുകൂല്യങ്ങളും ഉണ്ടായാലും ഒരു സമുദായം അതിന്റെ വിദ്യാഭ്യാസത്തിനു ഗവൺമെൻറിനേയോ മറ്റു വല്ല ഏർപ്പാടുകളേയോ ശാശ്വതവും വിശ്വാസയോഗ്യവുമായി അവലംബിക്കരുതെന്നുള്ള തത്വത്തെ അടിസ്ഥാനമാക്കീട്ടാണ് നമ്മുടെ യോഗത്തിന്റെ ഉദ്ദേശ്യങ്ങളിൽ വിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധിയെ പ്രധാനമായ ഒന്നായി ഗണിച്ചിരിക്കുന്നത്. യോഗത്തിന്റെ ധനസ്ഥിതി ഉദ്ദേശ്യത്തെ അനുസരിച്ച് ഗണ്യമായ ഏതെങ്കിലും പ്രവർത്തിക്കുന്നതിനു അനുവദിക്കാത്തതിനാലാണ് അതിന്റെ കീഴിൽ ആ വിഷയത്തിൽ പ്രത്യേകം പ്രവർത്തിക്കുന്നതിനായി ഒരു വിദ്യാഭ്യാസ ഫണ്ടും അതിലേക്കായി ഒരു കമ്മിറ്റിയും ഏർപ്പെടുത്തീട്ടുള്ളത്. യോഗത്തിലോ വിദ്യാഭ്യാസ ഫണ്ടിലോ നിന്നു സഹായത്തെ കാത്തിരിക്കുന്നവരുടെ സംഖ്യ വളരെ അധികമാണ്. ഈ വലിയ സമുദായത്തിൽ വിദ്യാഭ്യാസാഭിവൃദ്ധിക്കു തൃപ്തികരമായ ഏതെങ്കിലും പ്രവർത്തിക്കണമെങ്കിൽ എത്ര വലിയ ഫണ്ടു വേണമെന്നുള്ളതു പറയേണ്ടതില്ലല്ലോ. നമ്മുടെ വിദ്യാഭ്യാസ ഫണ്ട് ഏർപ്പെട്ടത് ആലപ്പുഴ കൂടിയ 3–ാമതു പൊതുയോഗത്തിലാണ്. അതിന് ഈ മൂന്നു വത്സരത്തിനുള്ളിൽ എന്തു ചെയ്വാൻ കഴിഞ്ഞു എന്ന് നോക്കുന്നതു വളരെ ഇച്ഛാഭംഗം ഉണ്ടാക്കുന്ന ഒരു സംഗതി ആയിരിക്കും. ഫണ്ടു സെക്രട്ടറിയുടെ കണക്കിൻപ്രകാരം ആകെ സംഭാവന ചെയ്വാൻ സമ്മതിച്ച സംഖ്യ ക. 5732-8 ആണ്. ഇതിൽ പിരിഞ്ഞു വരവ് ക. 190–ം ബോണ്ടുപ്രകാരം പലിശ നടക്കുന്ന 800–ം ഇങ്ങിനെ 990ക. മാത്രമേ ഫണ്ടെന്നു പറവാൻ തൽക്കാലം സ്വാധീനമായിരിക്കുന്നുള്ളു. ഈ സംഗതി സമുദായ സ്നേഹികൾക്കു തീരെ അഭിമാനകരമായിട്ടുള്ളതല്ല. അവരവർ സമ്മതിച്ച സംഖ്യകളെ കൊടുത്തു തീർക്കുകയും മറ്റുള്ളവരെ കൊടുപ്പാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നതിനുപകരം എല്ലാവരും കൊടുത്തുതീർത്താൽ കൊടുപ്പാൻ വിചാരിക്കുന്നവരാണു നമ്മുടെ ഇടയിൽ വളരെ ആളുകൾ എന്നുള്ളതു രഹസ്യമല്ല. ഇതു നിശ്ചയമായും സമുദായ സംബന്ധമായ കർത്തവ്യങ്ങളിൽ നമ്മുടെ സാധാരണ ജനങ്ങൾക്കുള്ള നിഷ്ഠയില്ലായ്മയുടേയും ഇതുമാതിരി ഉൽക്കൃഷ്ടമായ ഉദ്ദേശത്തോടുകൂടിയ പ്രവൃത്തികളിലുള്ള പരിചയക്കുറവിന്റേയും അവിശ്വാസത്തിന്റേയും ഫലമാണെന്നേ വിചാരിപ്പാൻ തരം കാണുന്നുള്ളു. വളരെ ചുമതലയുള്ള ഒരു ഉദ്യോഗത്തിൽ ദൂരദേശത്തിൽ താമസിക്കുന്ന ഫണ്ടു സെക്രട്ടറി ഡാക്ടർ പല്പു അവർകളെ അദ്ദേഹത്തിന്റെ സ്വജാതി സ്നേഹ തൽപരതയെപ്പറ്റി അറിയാവുന്ന ആരും ഈ കാര്യത്തിൽ കുറ്റം പറയുമെന്നു വിചാരിപ്പാൻ തരമില്ല. അദ്ദേഹം രേഖാമൂലം അനേക പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ഫണ്ടുവക പണം കൊടുപ്പാൻ വിചാരിക്കാത്ത ചിലരുടെ നിലയെപ്പറ്റി നമ്മുടെ സമുദായം നിശ്ചയമായും വ്യസനിക്കേണ്ടതാണെന്നു പറയാതെ കഴികയില്ല. കഴിഞ്ഞ കൊല്ലത്തിലും പതിവുപോലെ ഫണ്ടു കമ്മറ്റിയിൽ ഏതാനും മെമ്പർമാരൊക്കൂടിചേർക്കുകയും പ്രവൃത്തിയെ ഊർജ്ജിതപ്പെടുത്തണമെന്ന് നിശ്ചയം പാസ്സാക്കുകയും മറ്റും ചെയ്തിട്ടുണ്ട്. ഇങ്ങിനെ കമ്മറ്റി മെംബർമാരുടെ

Digitized By Kerala Sahitya Akademi

ലിസ്സറിനെ വളർത്തുകയോ ഭംഗിക്കായി നിശ്ചയങ്ങൾ പാസ്സാക്കു കയോചെയ്യുന്നതുകൊണ്ടു ഫണ്ടു വർദ്ധിക്കുന്നതല്ലെന്നും അതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ള സ്തുത്യർഹങ്ങളായ സംഗതികൾ നർവ്വഹിക്കപ്പെടുകയി ല്ലെന്നും പറയേണ്ടതില്ലല്ലോ. ഈ ഫണ്ടിനെ സമുദായത്തിന്റെ ഒരു വലിയ അനുഗ്രഹമാക്കിത്തീർക്കാൻ എല്ലാ സമുദായ സ്നേഹികളായ മാന്യൻ മാരും വേണ്ടത്ര പ്രവൃത്തി മൂലം കാണിക്കേണ്ട കാലം വൈകിയിരിക്കു കയാകുന്നു.

ക്ഷേത്രങ്ങളും മഠങ്ങളും

27. അരുവിപ്പുറം ക്ഷേത്രത്തിലെ ഉത്സവാദികാര്യങ്ങൾ പതിവുപോ ലെ യോഗത്തിൽനിന്നു തന്നെ നടത്തിവരികയാകുന്നു. ആ വകയിൽ യോഗ ത്തിനുള്ള പ്രത്യേക ചെലവ് പ്രസ്താവകൊല്ലത്തിൽ, 168 ക.9 ണ.2 പൈ. മാത്രമാകുന്നു. മുൻകൊല്ലത്തിൽ 183 ഉറുപ്പികയിൽചിലാനം ചെലവായി രുന്നു. ഈ കുറവ് ഉത്സവച്ചെലവുവകയ്ക്ക് നെയ്യാറിൻകര സ്ഥല നിവാസികളിൽ പലരും ധനസഹായം ചെയ്തതുകൊണ്ടുണ്ടായതാണ്.

സംസ്കൃതപാഠശാല

28. അരുവിപ്പുറം മഠത്തിലെ സംസ്കൃത പാഠശാല യഥാക്രമം നടന്നു വരുന്നുണ്ട്. ശരാശരി 15 കുട്ടികൾ അതിൽ രഘുവംശം, മാഘം മുത ലായ കാവ്യങ്ങൾ വായിച്ചുകൊണ്ടിരിക്കുന്നുണ്ട്. അനേക വിദ്യാർത്ഥി കൾക്ക് ഈ സംസ്കൃതപാഠശാല അഷ്ടാംഗ ഹൃദയം മുതലായ വൈദ്യ ശാസ്ത്ര ഗ്രന്ഥങ്ങൾ പഠിക്കുന്നതിൽ ഉപയുക്തമായിത്തീർന്നിട്ടുള്ളതു കൂടാതെ ഇപ്പോഴും ഉപയോഗപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്.

28. ശിവഗിരി മഠത്തിലും ഇപ്രകാരം ഒരു സംസ്കൃത സ്കൂൾ നട ന്നുവരികയാണ്. അതിന്റെ ചെലവും മഠം വക തന്നെയാണ്. ഒരു വലിയ സംസ്കൃത വിദ്യാമന്ദിരം അവിടെ സ്ഥാപിക്കണമെന്നുള്ള സ്വാമി തൃപ്പാദത്തിലെ അഭിപ്രായം ഇപ്പോഴും ഉൗർജ്ജിതത്തിൽ ഇരിക്കുകയാണെ കിലും ജനങ്ങളിൽ നിന്നുള്ള സഹായം തൃപ്തികരമായിരിക്കാത്തതിനാൽ ഇതുവരെ അത് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നുവ്യസനപൂർവം പറയേ ണ്ടിയിരിക്കുന്നു. തിരുവനന്തപുരത്തെ ആയുർവേദകാളേജിലും സംസ്കൃ തകാളേജിലും നമ്മുടെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാത്ത സ്ഥിതി ക്കും എന്നാൽ പരീക്ഷയ്ക്കുചേരാൻ അനുവദിക്കുന്നതുകൊണ്ടും അങ്ങിനെ ഒരു വിദ്യാലയം നമുക്കുണ്ടാകേണ്ടത് അത്യാവശ്യവും അതിനു ശിവഗിരി മഠം തക്കതായ സ്ഥലം ആണെന്നുള്ളത് ആരും സമ്മതിക്കുന്നതുമാണ്. ഇങ്ങനെ ഒരു വിദ്യാലയം ഉണ്ടാകുവാൻ അതിനു ഗവൺമെൻറിൽ നിന്നും ഗണ്യമായ സഹായങ്ങൾ നമുക്കു പ്രതീക്ഷിക്കാമെന്നുള്ളതിനും കാരണ ങ്ങൾ ഉണ്ട്. (സജ്ജനങ്ങൾക്കു ക്ഷേത്രചര്യകൾ, ധർമ്മശാസ്ത്രങ്ങൾ, തത്ത്വ

Digitized By Kerala Sahitya Akademi

ശാസ്ത്രങ്ങളും മുതലായവ പഠിക്കുന്നതിനു ഈ വിദ്യാമന്ദിരം വളരെ ഉപയുക്തമാകുന്നതും ആ വിഷയത്തിൽ അങ്ങനെയുള്ള ഒരു സ്ഥാപനം ശിവഗിരി മഠത്തിനു് അപേക്ഷിതവുമാകുന്നു.) അതുകൊണ്ടു് ആ പ്രസ്ഥാനത്തെ നടപ്പിൽ വരുത്താൻ സ്വദേശീയ സ്നേഹികളും വേണ്ട ഒത്താശകളും ചെയ്തുകൊടുക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടകാലം പ്രത്യേകിയിരിക്കയാകുന്നു.

30. ശിവഗിരിയിൽ ക്ഷേത്രം സ്ഥാപിക്കുന്നതിനെപ്പറ്റിയുള്ള ആലോചനയും പറയത്തക്കവണ്ണം അല്ലെങ്കിൽ ആഗ്രഹിക്കത്തക്ക വേഗത്തിൽ പ്രവൃത്തിയിൽ വരാത്തതു് ധനത്തിന്റെ ന്യൂനത ഒന്നുമാത്രം കൊണ്ടാകുന്നു. മുൻ കൊല്ലത്തേതിനെക്കാളും പ്രസ്താവകൊല്ലത്തിൽ മഠത്തിൽ കെട്ടിടങ്ങളും സംബന്ധമായ പല പണികളും അധികമായി നടന്നിട്ടുണ്ടു്. മഠത്തോടു ചേർത്തു് ഇപ്പോൾ പണി ചെയ്തുവരുന്ന ശാരദാമഠം അഷ്ടകോണാകൃതിയായി വലിപ്പമുള്ളതും മനോഹരവുമായ ഒരു മണ്ഡപമാകുന്നു. ഇതിന്റെ പണികളും പൂർത്തിയായി വരികയാണു്.

31. മഠം വകയായി മഠത്തോടു ചേർന്നുകിടക്കുന്ന കുറേ വയലുകളും സമീപത്തുള്ള മറ്റു ചില വയലുകളും പറമ്പുകളുമായി 2500 ക. യുടെ ഭൂസ്വത്തുക്കളും പണയമായും വിലയായും പ്രസ്താവ കൊല്ലത്തിൽ സ്വാമിതൃപ്പാദത്തിൽ നിന്നു് സമ്പാദിച്ചിരിക്കുന്നു എന്നുള്ള വസ്തുതയും പ്രത്യേകം പ്രസ്താവയോഗ്യമാണു്.

32. പ്രസ്തുത കൊല്ലത്തിൽ ചിറയിൻകീഴു് ചേർന്ന നഗരൂർ എന്ന സ്ഥലത്തു് ഒരു ചെറിയ ശിവക്ഷേത്രവും ഈ കഴിഞ്ഞ മീനത്തിൽ ഈ സംസ്ഥാനത്തിൽ കുമ്പളങ്ങി എന്ന സ്ഥലത്തു് ഒരു അർദ്ധനാരീശ്വര ക്ഷേത്രവും സ്വാമിപാദങ്ങളാൽ പ്രതിഷ്ഠ ചെയ്തിട്ടുണ്ടു്. ഈ രണ്ടു ക്ഷേത്രങ്ങളും പഴയവയും ഇപ്പോൾ നവീകരിച്ചിട്ടുള്ളവയുമാണു്. ഈ ഒടുവിൽ പറഞ്ഞക്ഷേത്രത്തിൽ പ്രാണിഹിംസ മുതലായ പല ദുരാചാരങ്ങളും ഉണ്ടായിരുന്നതിനെ നിറുത്തൽ ചെയ്യുകയും ഉത്തമരീതിയിലുള്ള ആരാധനാക്രമം ഏർപ്പെടുത്തുകയും ചെയ്തതു് ചില മുഢ്ഠാള ജനങ്ങൾക്കു് രുചിച്ചിട്ടില്ലെങ്കിലും അവരുടെ ഭാവി സന്താനങ്ങൾക്കു ശ്രേയസ്കരമായിരിക്കുമെന്നുള്ളതു് നിശ്ചയമാണു്.

33. ഈ കൊല്ലം ജനുവരി മാസത്തിൽ കണ്ണൂർ ഒരു ക്ഷേത്രത്തിനു കുറ്റിവെയ്ക്കുന്ന വകയ്ക്കായി സ്വാമിതൃപ്പാദങ്ങൾ അവിടെ എത്തിയിരുന്ന സമയം മംഗലാപുരം വരെ പോവുകയും അവിടത്തെ തീയർ അല്ലെങ്കിൽ വില്ലവർ തങ്ങൾക്കു് ഒരു ക്ഷേത്രം ഉണ്ടാക്കുന്ന വിഷയത്തിൽ അനുഗ്രഹത്തെ അപേക്ഷിക്കയും ചെയ്തിട്ടുണ്ടു്. ഇപ്പോൾ അവർ പണം പിരിച്ചു് ക്ഷേത്ര നിർമ്മാണത്തിനായി ഒരു പറമ്പു വാങ്ങുകയും വേണ്ട ഒരുക്കങ്ങൾ എല്ലാം ചെയ്തുവരികയും ചെയ്യുന്നതായറിയുന്നു. കണ്ണൂർ ക്ഷേത്രത്തിന്റെ ആരംഭം ക്രമേണ അഭിവൃദ്ധിയെ പ്രാപിച്ചു വരുന്നുണ്ടു്.

Digitized By Kerala Sahitya Akademi

കോഴിക്കോട്ടു ക്ഷേത്രത്തിന്റെ പണി വളരെ ഭാഗമേറിയ ഒരു കൃത്യമാണെങ്കിലും അതു വേഗത്തിൽ അഭിവൃദ്ധിയെ പ്രാപിച്ചു വരുന്നു എന്നുള്ളത് അതിന്റെ ഭാരവാഹികൾക്ക് അഭിമാനകരമായിട്ടുള്ളതാകുന്നു. ചാവക്കാട്ട് ആരംഭിച്ച ക്ഷേത്രത്തിന്റെ പണികൾ വിചാരിച്ച വേഗത്തിൽ മുന്നോട്ടുപോകുന്നില്ലെന്നറിയുന്നതിൽ വ്യസനിക്കുന്നു.

34. നരസിംഹനാശാൻ, കൃഷ്ണനാശാൻ എന്ന ഈ യോഗ്യൻമാർ മതസംബന്ധമായ പ്രസംഗങ്ങളെക്കൊണ്ട് സമുദായത്തിൽ അറിവില്ലാത്തവരായ പലർക്കും പല നൻമയേയും ചെയ്തുവരുന്നുണ്ടെന്നുള്ളതു പ്രസ്താവിക്കേണ്ടതാണ്. തിരുവല്ലാ മുതലായ ഉൾനാടു താലൂക്കുകളിൽ കൃഷ്ണനാശാൻ അവർകളുടെ മതോപദേശങ്ങൾ കൊണ്ടു സിദ്ധിച്ചു വരുന്ന ഗുണങ്ങളെ ആ നാടുകളിൽ നിന്നുള്ള പല യോഗ്യരുടേയും കത്തുകൾ മൂലം അറിയുന്നുണ്ട്. ജനങ്ങളെ ഇപ്രകാരം മതവിഷയത്തിലേക്കു കൊണ്ടു വരുന്നതിനാലുള്ള ഉപയോഗം ഏറ്റവും വലുതായിട്ടുള്ളതാണ്. യോഗം ഇങ്ങനെയുള്ള മതോപദേശികളെ പ്രോൽസാഹിക്കുന്നതിനാൽ അതിന് അനേക ഗുണങ്ങൾ വരാനുണ്ട്.

35. വിവേകോദയം പ്രസ്തുത കൊല്ലത്തിൽ ആദ്യത്തെ ചില മാസങ്ങളിൽ അച്ചടിശാലയുടെ അസൗകര്യത്താൽ നിയമേന പുറപ്പെട്ടിരുന്നില്ലെങ്കിലും കന്നിമാസം മുതൽ പൂർവാധികം തൃപ്തികരമായ വിധത്തിൽ നടന്നു വരുന്നുണ്ട്. കൃഷി, വ്യവസായം, ആചാര പരിഷ്കരണം, മതം ഈ വിഷയങ്ങളിൽ പൊതുജനോപയുക്തമായ പല ലേഖനങ്ങളും അതുവഴിയായി പ്രചരിപ്പിച്ചു ജനങ്ങൾക്ക് അറിവിനേയും സമുദായ പ്രതിപത്തിയേയും വർദ്ധിപ്പിച്ചു വരുന്നുണ്ട്. ഇതിന്ന് ഇപ്പോൾ യോഗാംഗങ്ങളായി 726-ം അല്ലാത്തവരായി 350-ം വായനക്കാരുണ്ട്. ഇപ്പോൾ അതിന്റെ അഞ്ചാമത്തെ വാല്യം അവസാനിച്ചിരിക്കുകയാണ്. അതിനെ സംബന്ധിച്ച വരവു ചെലവുകളെ പറ്റി മുൻ പ്രസ്താവിച്ചതിൽ നിന്ന് പണം ക്രമമായി പിരിഞ്ഞു കിട്ടാത്തതു നിമിത്തം യോഗത്തിനു വലുതായ നഷ്ടം ഉണ്ടെന്ന് അറിയാവുന്നതാണല്ലോ. അതിനെപ്പറ്റി എന്തെങ്കിലും തൃപ്തികരമായ വ്യവസ്ഥ ചെയ്തു യോഗത്തിന്റെ ഭാരത്തെ കുറയ്ക്കാൻ നോക്കേണ്ടതാണെന്ന് കഴിഞ്ഞ തവണ പ്രസ്താവിച്ചതിനെ ഇപ്പോഴും ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. ഡാക്ടർ പൽപ്പു അവർകളുടെ വകയായി ഇപ്പോൾ തിരുവനന്തപുരത്തു സ്ഥാപിച്ചിരിക്കുന്ന ആനന്ദ പ്രസ്സിൽ ഇതിനെ സൗകര്യമായും കുറഞ്ഞ കൂലിക്കും അച്ചടിച്ചു തരുന്നു എന്നുള്ളതും പ്രസ്താവയോഗ്യമാണ്.

സംഘങ്ങൾ

36. യോഗത്തിന്റെ കീഴിലും അല്ലാതെയും ആയി അനേകം സമാജങ്ങൾ അല്ലെങ്കിൽ സംഘങ്ങൾ തിരുവിതാംകൂർ കൊച്ചി മലബാർ ഈ സ്ഥലങ്ങളിൽ സമുദായത്തിന്റെ പല പ്രകാരേണയുള്ള അഭിവൃദ്ധിക്കായി

Digitized By Kerala Sahitya Akademi

ശ്രമിച്ചു വരുന്നുണ്ട്. ഇതിൽ ചിലതെല്ലാം നാമമാത്രമായി കിടക്കുകയാണെങ്കിലും ഊർജ്ജിതത്തിൽ ഇരിക്കുകയും വർദ്ധിച്ചുവരികയും ചെയ്യുന്ന ചിലതിനെപ്പറ്റി സൂചനാമാത്രമായെങ്കിലും പറയേണ്ടതാവശ്യകമാകുന്നു.

1. ചിറയിൻകീഴ് വക്കം ഈഴവസമാജം സ്ഥലത്ത് ഒരാൺ മിഡിൽ സ്ക്കൂളും ഒരു പെൺപള്ളിക്കൂടവും സ്ഥാപിക്കുന്നതിന് ഹേതുവായിത്തീരുകയും ആചാരപരിഷ്കാര വിഷയത്തിലും മറ്റും ശ്രമിച്ചു വരികയും ചെയ്യുന്നുണ്ട്.

2. വർക്കല ചിലക്കൂർ എന്ന സ്ഥലത്തു (ശിവഗിരി മഠത്തിനു സമീപം) "ചിലക്കൂർ ഈഴവ സഭ" എന്ന ഒരു സംഘം ഇപ്പോൾ ഏർപ്പെട്ട് ആചാര നടപടികളെ ക്രമീകരിക്കുകയും വിദ്യാഭ്യാസ സംബന്ധമായും മറ്റും സ്വജനങ്ങൾക്കു കഴിയുന്ന സഹായം ചെയ്വാൻ നോക്കിവരികയും ചെയ്യുന്നു.

3. പൂവൂർ ഈഴവസമാജം അഞ്ചുകൊല്ലങ്ങൾക്കു മുൻപ് ആരംഭിച്ചതാണ്. ഇതിന്റെ കീഴിൽ പല ഉപസമാജങ്ങളും ഉണ്ട്. 4 സ്കൂളുകൾ സമാജം വകയായി ഏർപ്പെടുത്തീട്ടുണ്ട്. അവ നല്ല സ്ഥിതിയിൽ നടന്നുവരുന്നു. ആചാരപരിഷ്കരണത്തിൽ സമാജം പ്രത്യേകം ദൃഷ്ടി വയ്ക്കുന്നു. ഈ സമാജത്തിന്റെ ഒരു പൊതുയോഗത്തിൽ സ്വാമിതൃപ്പാദങ്ങൾ സന്നിഹിതരായിരുന്നു താലികെട്ടു മുതലായ അടിയന്തിരങ്ങൾ നിറുത്തൽ ചെയ്യുകയും വിവാഹം പരിഷ്കൃതരീതിയിൽ ചെയ്വാൻ ആജ്ഞാപിക്കുകയും ചെയ്തു. അതിൽ പിന്നെ സ്വാമിതൃപ്പാദങ്ങൾ തന്നെ പ്രസ്താവിച്ച പ്രകാരത്തിലുള്ള പുതിയ വിവാഹരീതിയാണ് ഇപ്പോൾ മിക്ക പ്രദേശങ്ങളിലും അനുകരിച്ചു വരുന്നത്. അടിയന്തിരങ്ങൾ വകയിൽ നിന്നും മറ്റുമായി കൊല്ലത്തിൽ 500 ക. യോളം ഈ സമാജത്തിനു വരവുണ്ട്. കൈത്തൊഴിൽ, കൃഷി, കച്ചവടം ഈ വകകളിൽ സമാജക്കാർ പ്രത്യേകം ദൃഷ്ടിവയ്ക്കുന്നുണ്ട്. 200-ൽ പരം ജനങ്ങൾ പുതുതായി സമാജം ഏർപ്പെട്ടശേഷം മേൽപ്പറഞ്ഞ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളതായറിയുന്നു. പ്രാഥമിക വിദ്യാഭ്യാസം സ്ത്രീ പുരുഷൻമാർ എല്ലാ പേർക്കും ഉണ്ടായിരിക്കണമെന്ന് സമാജം നിർബന്ധിക്കുന്നു. സ്ഥലത്തെ മലയാളം മിഡിൽ സ്കൂൾ വകയ്ക്കും ഇംഗ്ലീഷ് സ്കൂൾ വകയ്ക്കുമായി 400 ക. കഴിഞ്ഞ കൊല്ലത്തിൽ സമാജം ചെലവാക്കീട്ടുണ്ട്. ഈയ്യിടെ 20-ാം നു- റാവു ബഹദൂർ പി. വേലായുധൻ ബി. എ. അവർകളുടെ ദേഹവിയോഗത്തെപ്പറ്റി അനുതാപം പ്രദർശിപ്പിപ്പാനായി കൂടിയ ഒരു പൊതുയോഗത്തിൽ 2000 പേർ ഹാജരായിരുന്നു. അനുതാപത്തെ സമാജം റിക്കാർഡു ചെയ്തു. ഈ കൊല്ലത്തിൽ ആറു വിശേഷാൽ പൊതുയോഗങ്ങൾ കൂടീട്ടുണ്ട്. പല ഉപസമാജങ്ങളിലുമായി ഇപ്പോൾ ഈ യോഗത്തിൽ 1000 ക. യോളം ചെലവുകഴിച്ചു ബാക്കിയിരിപ്പുണ്ട്.

Digitized By Kerala Sahitya Akademi

4. കാർത്തികപ്പള്ളി ഈഴവ സമാജം പ്രവൃത്തിതോറും ഉപസമാജങ്ങളും ഉള്ള ഒരു താലൂക്കു സമാജമാണ്. ഈ സമാജത്തിന്റെ വകയായി 3 പള്ളിക്കൂടങ്ങളും നടത്തിവരുന്നുണ്ട്. സിവിലും ക്രിമിനലുമായി സ്വജാതിക്കാരുടെ ഇടയിൽ ഉണ്ടാകുന്ന മിക്കകേസുകളും ഈ സമാജം പഞ്ചായത്തുമൂലം പറഞ്ഞുതീർത്തു വരുന്നു. ഒരു കൊല്ലത്തിൽ 100–ൽ പരം കേസുകളും ശരാശരി ഈ സമാജത്തിന്റെ ആലോചനയിൽ വരുന്നുണ്ട്.

5. കോട്ടയം ഈഴവസമാജം 1080–ൽ ആരംഭിച്ചതാണ്. ചെലവു കഴിച്ച് 96–ൽ ചിലപ്പോൾ ഉറുപ്പിക ബാക്കിയിരിപ്പുണ്ട്.

6. കുമരകം സമാജത്തിന്റെ കീഴ്ിൽ ഒരു ക്ഷേത്രവും 4 സ്കൂളുകളുമുണ്ട്. അതിന്റെ ഒരു നിബന്ധന യോഗം സെക്രട്ടറിയുടെ ആലോചനയിൻമേൽ പ്രസ്താവ കൊല്ലത്തിൽ രജിസ്ത്രാക്കിയിട്ടുണ്ട്. പണമായും വസ്തുക്കളായും 3146 ഉറുപ്പിക ഇപ്പോൾ സമാജത്തിനുണ്ട്. ശ്രീ. നാ. ധ. പ. യോഗത്തിന്റെ ഉപദേശങ്ങളെ അനുസരിപ്പാൻ ഈ സമാജം ഖരാർമുഖേന സമ്മതിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി, വൈക്കം, തണ്ണീർമുക്കം ഈ സ്ഥലങ്ങളിൽ ചിലസമാജങ്ങളും ഏർപ്പെട്ടു ഗുണകരങ്ങളായ പ്രവൃത്തികളും ചെയ്തുവരുന്നുണ്ട്.

7. കൊച്ചി പള്ളുരുത്തി ശ്രീധർമ്മ പരിപാലനയോഗം. ആചാരപരിഷ്കരണത്തെപ്പററി യത്നിക്കുന്നുണ്ട്. ഇതിന്റെ വകയായി ഇപ്പോൾ ഒരു ക്ഷേത്രം ആരംഭിച്ചു പണി നടന്നുവരുന്നു.

8. ബ്രിട്ടീഷ് കൊച്ചിയിലെ പരിഷ്കാര ചന്ദ്രോദയ സമാജം മേൽപ്പറഞ്ഞ വിഷയത്തിൽ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു സമാജമാണ്. അതിന് 500 ക. ചെലവു കഴിച്ചു ബാക്കിയിരിപ്പുണ്ട്.

9. പള്ളിപ്പുറം ചെറായിവിജ്ഞാന വർദ്ധിനി സഭ മറെറാരു രൂപത്തിൽ അധിക കാലമായി ആരംഭിച്ചതാണ്. കഴിഞ്ഞ ചിങ്ങം 24–ാം നു അതിന്റെ ഒരു വിശേഷാൽ പൊതുയോഗത്തിൽ റൂംസ് എഴുതി പാസ്സാക്കുകയും അതിനെ നവീകരിച്ചു സ്ത്യുത്യർഹമാംവണ്ണം പ്രവൃത്തി തുടങ്ങുകയും ചെയ്തിരിക്കുന്നു. ഇതിന്റെ ധനാഗമ മാർഗ്ഗങ്ങളെ വളരെ ആഗ്രഹണീയമായ വിധത്തിൽ വർദ്ധിപ്പിപ്പാൻ ഈ കഴിഞ്ഞ മേടം 10–ാം നു കൂടിയ ഒരു സഭയിൽ തീർച്ചയാക്കിയിരിക്കുന്നു. ഈ സഭവക ക്ഷേത്രം അഴിച്ചു പണി കഴിപ്പാൻ വേണ്ട ഏർപ്പാടുകളും ചെയ്തു വരുന്നു. ഈ സഭയെപ്പററി പറയുമ്പോൾ യോഗ്യനായ ടി. കെ. കൃഷ്ണമേനവൻ ബി. എ. അവർകളുടെ പരോപകാര തൽപരതയെപ്പററി ഓർക്കാവരുന്നു. അദ്ദേഹമാണ് ഈ സഭയെ ഇത്ര പ്രശസ്തമാംവണ്ണം നടത്തിപ്പോരുന്നതിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തു കൊടുക്കുന്നത്.

Digitized By Kerala Sahitya Akademi

10. പറവൂർ മൂത്തകുന്നത്തു ഹിന്ദുമത ധർമ്മപരിപാലന സഭവകയായുള്ള ശ്രീനാരായണ മംഗല ക്ഷേത്രം സ്വാമിതൃപ്പാദങ്ങൾ 1078–ൽ പ്രതിഷ്ഠിച്ചതാണ്. അതിന്റെ തൃപ്തികരവും അനുകരണീയവുമായ നടത്തിപ്പിനെ ശ്ലാഘിക്കേണ്ടതാകുന്നു. ഈ സഭയിൽ നിന്ന് ഇപ്പോൾ 15000 ക. യോളം കുറഞ്ഞ പലിശയിൽ കടം കൊടുത്ത് സ്വജനങ്ങളുടെ ഇടയിൽ നഷ്ടപ്പെടുന്ന തറവാടുകളെ സഹായിച്ചു വരുന്നുണ്ട്. 1000–ൽ ചിലവാനം ഫലപുഷ്ടിയുള്ള തെങ്ങുകൾ ഈ സഭവകയ്ക്ക് തീറു കിട്ടീട്ടുള്ള പല പറമ്പുകളിലായുണ്ട്. ഇതിനു പുറമേ നാലുകരക്കാരായി 50 തെങ്ങുകളുടെ അനുഭവങ്ങൾ സഭയ്ക്കായി വിട്ടുകൊടുത്തിരിക്കുന്നു. ഈ ആദായങ്ങളിൽ നിന്ന് 10000 ക. മുതലുള്ള ഒരു കുറി സഭവകയായി നടത്തിവരുന്നുണ്ട്. ഈ കുറിയുടെ പണം സഭയിൽ നിന്ന് എടുത്തിട്ടില്ലാത്തതും കുറി അവസാനിക്കുമ്പോൾ (ഏഴോ എട്ടോ കൊല്ലങ്ങൾക്കുള്ളിൽ, ഏറവും വലിയ ഒരു സംഖ്യ കൂടി സഭയ്ക്കു കിട്ടുന്നതുമാകുന്നു. സഭവകയായുള്ള മുൻപറഞ്ഞ തെങ്ങുകളിൽ ഓരോന്നിന് അവിടത്തെ വിലയ്ക്കു 30 ക. യിൽ കുറയാതെ വില കിട്ടുന്നതാണ്. കൊല്ലംതോറും ചെലവു കഴിച്ചു ബാക്കി വരുന്ന സംഖ്യ സ്വജാതികളിൽ ആവശ്യക്കാർക്കു കുറഞ്ഞ പലിശയ്ക്ക് ഉറപ്പുവാങ്ങി കടം കൊടുക്കുകയോ വസ്തുക്കൾ വാങ്ങുകയോ ചെയ്തു വരുന്നു. 1500 ക. ഉത്സവം വകയ്ക്ക് കൊല്ലംതോറും ചെലവുണ്ട്. ഇതു വരിയിട്ടെടുക്കുകയാണ്. ക്ഷേത്രം വഴിപാടു മുതലായ വകയിൽ ഉള്ള ഗണ്യമായ വരവുകളും ഫണ്ടിൽ കൂട്ടിവരികയാകുന്നു. നിത്യനിദാനം വകയ്ക്കു പ്രത്യേകം പല ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. 15000 ക. യിൽ കുറയാതെ ചെലവു ചെയ്തുണ്ടാക്കിയ എടുപ്പുകളും ഈ സഭയ്ക്കുണ്ട്. ധനസ്ഥിതിയിൽ ഇത്ര ഉയർന്നതും യാതൊരു കുഴപ്പത്തിനും ഇടവരാതെ നടന്നു വരുന്നതുമായ ഈ സഭ മറ്റുള്ളവർക്ക് കണ്ടു പഠിപ്പാൻ നല്ലതും സമുദായത്തിനു പൊതുവിൽ അഭിമാനകരമായിട്ടുള്ളതുമാകുന്നു.

11. പൊരിങ്ങോട്ടുകര "ശ്രീനാരായണസ്വാമി സ്മാരകസമാജ"ത്തിന്റെ പ്രവൃത്തികളും പഴയതുപോലെ നടന്നുവരുന്നുണ്ട്. ഇപ്പോൾ അതിന്റെ ധനവർദ്ധനയെ ഉദ്ദേശിച്ച് 2000 ക. മുതലുള്ള ഒരുകുറി ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ കീഴിൽ ഇപ്പോൾ ഒരു ചെറിയ ക്ഷേത്രവുംഉണ്ട്. സ്വാമി തൃപ്പാദത്തിലെ ശിഷ്യനായ ശിവലിംഗ ദാസ സ്വാമി അവർകൾ അവിടെ താമസിച്ച് ഇതിന്റെ മേലനേഷണങ്ങൾ നടത്തിവരികയാകുന്നു.

തിരുവിതാംകൂറിലും കൊച്ചിയിലും ഇനിയും പല സമാജങ്ങളും സംഘങ്ങളും സമുദായാഭിവൃദ്ധിക്കായി യത്നിക്കുന്നുണ്ട്. അവയുടെ റിപ്പോർട്ടുകൾ സമയത്തിനു കിട്ടായ്കയാലും വിസ്തരഭയംകൊണ്ടും തത്സംബന്ധമായ വിവരണങ്ങൾക്കു സൌകര്യമില്ല.

ബ്രിട്ടീഷ് മലബാറിൽ കോഴിക്കോട്ടേ ക്ഷേത്ര സ്ഥാപന പ്രവൃത്തികളെപ്പറ്റി മുൻ സൂചിപ്പിച്ചിട്ടുണ്ട്. അതിന്റെ കമ്മിറ്റിയുടെ പ്രവൃത്തികൾ ഭംഗിയായും ഉത്സാഹകരമായും നടന്നു വരുന്നുണ്ടെന്നു കാണുന്നു.

Digitized By Kerala Sahitya Akademi

തലശ്ശേരി ജ്ഞാനോദയ യോഗത്തിന്റെ പ്രവൃത്തികളെപ്പറ്റി ചുരുങ്ങിയ വിവരണം അതിന്റെ സെക്രട്ടറി അയച്ചു തന്നിട്ടുള്ളതു തന്നെ ഇതിനോടു ചേർത്തു കൊള്ളുന്നു.

കണ്ണൂർ ക്ഷേത്ര സ്ഥാപനത്തെ സംബന്ധിച്ചും ഒരു സംഘം ഉണ്ടായിട്ടുണ്ട്. അത് വേഗത്തിൽ ഒരു നല്ല സ്ഥിതിയിൽ എത്താനുള്ളതാണെന്നു കാണുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു.

ആകപ്പാടെ സമുദായത്തിന്റെ സ്ഥിതിക്ക് കുറഞ്ഞ കാലത്തിനുള്ളിലുണ്ടായിരിക്കുന്ന ഈ ഉത്സാഹം വളരെ ഗുണകരങ്ങളായ ഫലങ്ങളെ ഉണ്ടാക്കുമെന്ന് നിശ്ചയമായും ആശിക്കാവുന്നതാകുന്നു. കേരളത്തിൽ ജനസംഖ്യകൊണ്ട് ഏറ്റവും വലിയ സമുദായമായ നാം ഈ ഉത്സാഹങ്ങളെക്രമീകരിച്ച് ഒത്തൊരുമിച്ചു യത്നിക്കുന്നതായാൽ നമ്മുടെ ഈ ശ്രമത്തിന്റെ വിജയം നിശ്ചയമായും അടുത്ത ഭാവിയിലാണു സ്ഥിതി ചെയ്യുന്നതെന്നു പറവാൻ ആർക്കും മടി തോന്നുന്നതല്ല. നമ്മുടെ ഇന്നത്തെ അദ്ധ്യക്ഷനെപ്പോലയുള്ള യോഗ്യൻമാരുടെ ഇപ്രകാരം പ്രത്യക്ഷമായുള്ള സഹകരണങ്ങളും ഒത്താശകളും ഉള്ളപ്പോഴും സർവോപരി മഹാനുഭാവനായ ബ്രഹ്മശ്രീ നാരായണഗുരുസ്വാമി അവർകളുടെ അനുഗ്രഹം ഉള്ളപ്പോഴും എസ്. എൻ. ഡി. പി. യോഗത്തിന്റെ ഭാവിയെപ്പറ്റി നമുക്ക് അവിശ്വാസം തോന്നാൻ തരമില്ലാത്തതാകുന്നു. മാ-രാ-രാ- ഒയിറ്റി കൃഷ്ണൻ ബി. എ. ബി. എൽ. അവർകളും നമ്മുടെ ഇന്നത്തെ അദ്ധ്യക്ഷ്യം സ്വീകരിച്ചു നമ്മെ ഉത്സാഹിപ്പിക്കുന്നതിനെപ്പറ്റി അദ്ദേഹത്തിനും ഡാക്ടർ പി. പല്പു അവർകളും, രാമുണ്ണി വക്കീൽ അവർകളും മുതലായ മറ്റു സമുദായ സ്നേഹികളുടെ അസ്വാർത്ഥപരമായ പ്രവർത്തികളെപ്പറ്റി അവർക്കും പ്രത്യേകം പ്രത്യേകം നന്ദിപറഞ്ഞുകൊണ്ട് ഈ റിപ്പോർട്ടിനെ സവിനയം സമർപ്പിച്ചുകൊള്ളുന്നു.

എൻ. കുമാരൻ ആശാൻ
ജനറൽ സെക്രട്ടറി

എറണാകുളം
1084 ഇടവം 2

Digitized By Kerala Sahitya Akademi

VI

1085 മേടം 27–ം 28–ം (1910 മെയ് 9–ം 10–ം) നു കളിൽ മയ്യഴിയിൽ ഫ്രഞ്ചു ഗവൺമെൻറുവക കോൾ ഡിപ്പോ ഹാളിൽ വച്ചു കൂടിയ 7–ാം എസ്. എൻ. ഡി. പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട്.

മാന്യരേ,

ഈ ഏഴാമത്തെ വാർഷിക പൊതുയോഗത്തിലും യോഗത്തിന്റെ ഇക്കഴിഞ്ഞ ഒരു കൊല്ലത്തെ ഭരണത്തെ സംബന്ധിച്ച റിപ്പോർട്ടു ഞാൻ അനുവാദപ്രകാരം സമർപ്പിച്ചു കൊള്ളുന്നു. സംഖ്യകളേയും കണക്കുകളേയും സംബന്ധിച്ച വിവരണത്തേക്കാൾ നീരസമായ ഒരു പ്രബന്ധം വേറെ ഉണ്ടോ എന്നു സംശയമാണ്. എങ്കിലും ലോകത്തിന്റെ ന്യായമായ ഭരണത്തിൽ ഇവയ്ക്കു വലിയ പ്രാധാന്യമാണുള്ളത്. അതുകൊണ്ട് ആദ്യമായി യോഗത്തിന്റെ വരവു ചിലവു കണക്കുകളും വിവരിച്ചു കൊള്ളുന്നു....

യോഗത്തിന്റെ ഭരണം. കഴിഞ്ഞ പൊതുയോഗത്തിലെ നിശ്ചയം അനുസരിച്ചു ഡയറക്ടർമാരുടെ സംഖ്യ മുമ്പിലത്തേതിൽ നിന്നു കുറച്ചു പതിനാറ് ആക്കിയിരിക്കുന്നു. അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, ജനറൽ സെക്രട്ടറി ഇവരും ചേർന്നിട്ടാണ് ഡയറക്ടർമാരുടെ ബോർഡ് ആകുന്നത്. ബോർഡിൽ നിന്ന് ഈ കൊല്ലം ഫെബ്രുവരി 18–ാം നു 5–ാം നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം അനുവദിച്ചിട്ടുള്ള പണം ചെലവു ചെയ്ത് അരുവിപ്പുറം ക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവം നടത്താൻ കൗൺസിലിനെ ഭരമേല്പിച്ചു. മാർച്ച് 11–ാം നു യിലെ 6–ാം നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം (1) 6–ാമത്തെ വാർഷിക യോഗം എറണാകുളത്തുവച്ചു കൂടുവാനും (2) ഹൈക്കോർട്ടു വക്കീൽ ഒയിറ്റി കൃഷ്ണൻ ബി. എ. ബി. എൽ. അവർകളെ ആ യോഗത്തിന്റെ അദ്ധ്യാസനരായിരിപ്പാൻ അപേക്ഷിപ്പാനും തീർച്ചയാക്കി. ജൂൺ 13–ാം നു യിലെ 7–ാം നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം (1) വിവേകോദയം മേലാൽ പുസ്തകമാക്കിയും കുറെക്കൂടി പരിഷ്കരിച്ചും നടത്തുകയും യോഗാംഗങ്ങളല്ലാത്തവർക്ക് വരിസംഖ്യ ഒന്നര ഉറുപ്പികയിൽനിന്നും രണ്ടുറുപ്പിക ആക്കുകയും ചെയ്വാനും (2) വിദ്യാഭ്യാസ സംബന്ധമായ ധനസഹായത്തെപ്പറ്റി പ്രത്യേകം പര്യാലോചിച്ചു വേണ്ട വ്യവസ്ഥകളും ചെയ്ത് അനുവദിച്ചിട്ടുള്ള സംഖ്യയെ കൗൺസിൽ യുക്തംപോലെ വിഭജിച്ചു കൊടുപ്പാനും തീരുമാനിച്ചു. ആഗസ്റ്റു 3–ാം നു 8–ാം നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം പാർവതി ലക്ഷ്മിമുതൽ പേരുടെ കടത്തിനു പലിശകൂടി ഉൾപ്പെടുത്തി തൃപ്തികരമായ അധിക ഉറപ്പിൻമേൽ കച്ചീട്ട് പുതുക്കി എഴുതിവാങ്ങാൻ കൗൺസിലിനോട് ആജ്ഞാപിച്ചു. ആഗസ്റ്റു 4–ാം നു 9–ാം

Digitized By Kerala Sahitya Akademi

നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം നാഗർകോവിൽ വ്യവഹാരത്തിന്റെ കോടതിച്ചെലവു വകയിൽ പ്രതിക്കു കൊടുക്കേണ്ടിയിരുന്ന 249 ക. 2 ണ. 9 പൈ ഉടനേ കൊടുത്ത് ഇടപാടു തീർക്കാൻ കൗൺസിലിന് അനുവാദം കൊടുത്തു. സെപ്റ്റംബർ 24–ാം നു- യിലെ 10–ാം നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം (1) വിവേകോദയത്തിന്റെ വരി, യോഗം വക ഓഹരി ത്തവണ മൂന്നുകൊല്ലം തുടർന്നുകൊണ്ടു കുടിശികയുള്ള യോഗാംഗങ്ങൾക്കു മറ്റുള്ളവരെപ്പോലെ കൊല്ലത്തിൽ രണ്ടു ക. ആക്കുന്നതിനു തീർച്ചയാക്കുകയും (2) കൺട്രാക്റ്റർ കൃഷ്ണൻ മാർത്താണ്ഡൻ അവർകൾ കച്ചീട്ടും പ്രകാരം യോഗത്തിനു കൊടുക്കേണ്ട പണവും പലിശയും പറ്റി ഒഴിമുറി കൊടുപ്പാൻ ഉപാദ്ധ്യക്ഷനെ അധികാരപ്പെടുത്തുകയും ചെയ്തു. സെപ്റ്റംബർ 25–ാം തീയതി 11–ാം നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം ശ്രീമൂലം പ്രജാസഭയിൽ യോഗത്തിന്റെ പ്രതിനിധിയായി വക്കീൽ കെ. കുഞ്ഞു പണിക്കരെ നിശ്ചയിച്ചു. ഓരോ പ്രൊസീഡിംഗ്സിലും ശരാശരി ഡയറക്ടർമാരിൽ പത്തുപേരിൽ കുറയാതെ ആളുകൾ സംബന്ധിച്ചിട്ടുണ്ട്.

കൗൺസിൽ. ഇക്കൊല്ലം കൗൺസിലിൽ ഭേദഗതി ഒന്നും ചെയ്തിട്ടില്ല. ഏപ്രിൽ 19–ാം നു- യിലെ 8–ാമത് പ്രൊസീഡിംഗ്സ് പ്രകാരം പത്മനാഭൻ മാടൻ എന്നവന്റെ പക്കൽ നിന്നു കച്ചീട്ടും പ്രകാരം ഈടാകേണ്ട 250 ക. യും പലിശയും നമ്പർ പതിച്ച് ഈടാക്കുന്നതിൽ ചില പ്രയാസങ്ങൾ കാണുകയാൽ പലിശയിൽ ആറുമാസത്തെ സംഖ്യ ഇളവു ചെയ്തുകൊടുത്ത് ഇടപാടുതീർപ്പാൻ നിശ്ചയിക്കുകയും അപ്രകാരം പണം തിരിയെവാങ്ങി ഇടപാടുതീർക്കയും ചെയ്തു. ജൂൺ 13–ാം നു- യിലെ 9–ാം നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം ബോർഡിന്റെ 4–ാമതു പ്രൊസീഡിംഗ്സിലെ താല്പര്യമനുസരിച്ച് വിവേകോദയം 6–ാം വാല്യം ആദ്യം മുതൽ അതു ഇപ്പോൾ കാണുന്ന ആകൃതിയിലും വലുപ്പത്തിലും സ്വഭാവത്തിലും നടത്താൻ തീർച്ചയാക്കുകയും അപ്രകാരം പ്രവൃത്തിക്കുകയും ചെയ്തു. കൂടാതെ വിദ്യാഭ്യാസ ധനസഹായത്തിനായി കിട്ടിയിരുന്ന അപേക്ഷകളെ പര്യാലോചിക്കുകയും കഴിഞ്ഞ പൊതുയോഗം പ്രസിഡൻറ് ഹൈക്കോർട്ടു വക്കീൽ ഒ. കൃഷ്ണൻ ബി. എ. ബി. എൽ. അവർകൾ തന്റെ പ്രസംഗത്തിൽ തൽക്കാലം ഉയർന്നതരം വിദ്യാർത്ഥികൾക്കു ധനസഹായം ചെയ്യുന്നതായിരിക്കും അധികം ആഗ്രഹിക്കത്തക്കതെന്നു ചെയ്ത സൂചനയെ ഗണ്യമാക്കിയും ധനസഹായം ചെയ്യുന്ന വിഷയത്തിൽ അതിനെ സ്വീകരിക്കുന്നവരുടെ ഉത്തരവാദത്തേയോ യോഗത്തിന്റെ നൻമയേയോ സംബന്ധിച്ച് യാതൊരു വ്യവസ്ഥയും ഇതുവരെ ഏർപ്പെടുത്തീട്ടില്ലാത്തതിനാലും ഏതെങ്കിലും ഒരു തോതനുസരിച്ചു പ്രവർത്തിക്കേണ്ടതു വിഹിതം എന്നു തോന്നുകയാൽ ടി ധനസഹായത്തെ സംബന്ധിച്ചു താഴെക്കാണുന്ന വ്യവസ്ഥ എഴുതി വയ്ക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തു.

Digitized By Kerala Sahitya Akademi

വ്യവസ്ഥകൾ

1. മെട്രിക്കുലേഷനു താഴെയുള്ള ക്ലാസ്സുകളിൽ സഹായം അനുവദിപ്പാൻ പാടില്ല.

2. യോഗത്തിന്റെ തൽക്കാല ധനസ്ഥിതിക്ക് വിദ്യാർത്ഥികൾക്കു നൽകുന്ന സാഹായിക ധനം അവ്യവസ്ഥിതമായ ഒരു ദാനമായിരിക്കാൻ പാടില്ല. അത് ഏതെങ്കിലും ഒരു ക്രമം അനുസരിച്ച് പല്ശ കൂടാതെ യോഗത്തിലേക്കു വീട്ടിത്തീർക്കേണ്ടതും ഒരു കടം (Educational loan) ആയിരിക്കേണ്ടതും അതിന്റെ ഗ്രാഹകൻമാർ അല്ലാത്തപക്ഷം അവരുടെ രക്ഷാധികാരികൾ അതു വീട്ടിത്തീർക്കാൻ രേഖാമൂലം ബദ്ധരായിരിക്കേണ്ടതുമാണ്.

3. സഹായം വാങ്ങുന്ന വിദ്യാർത്ഥികൾ ഇതുവരെ വല്ലസംഖ്യയും പറഞ്ഞിട്ടുണ്ടെങ്കിൽ അതിന്നു ഒന്നായും മേലാൽ പറയുന്ന പണങ്ങൾക്ക് അപ്പോൾ അപ്പോൾ രസീതു തരികയും ആകപ്പാടെ പഠിത്തം വിടുന്നതുവരെ അപ്രകാരം പറഞ്ഞിട്ടുള്ള പണങ്ങൾ മുഴുവനും കണക്കാക്കി വരുന്ന സംഖ്യ മുഴുവൻ പഠിത്തം വിട്ട് വല്ല ഉദ്യോഗത്തിലും പ്രവേശിക്കുമ്പോൾ മുതൽ കിട്ടുന്ന മാസപ്പടിയിൽ എട്ടിൽ ഒന്നിൽ കുറയാതെ കണ്ടു പ്രതിമാസം വിഘ്നം കൂടാതെ യോഗത്തിന്നടച്ച് വീട്ടിത്തീർക്കേണ്ടതുമാണു. പഠിത്തം വിട്ടാൽ മാസപ്പടിയിൻമേലുള്ള ഉദ്യോഗത്തിൽ പ്രവേശിക്കുന്നവൻ 6 മാസം കഴിയുന്നതീയതി മുതൽ പ്രതിമാസം ഒരു ഉറുപ്പികയിൽ കുറയാത്ത സംഖ്യ യോഗത്തിനു മുടങ്ങാതെ കൊടുത്തു പറഞ്ഞിട്ടുള്ള പണം മുഴുവൻ വീട്ടാൻ ബദ്ധരായിരിക്കണം. തൽക്കാലം ഇതിനെക്കാൾ ലഘുവല്ലാത്ത ഏതെങ്കിലും വ്യവസ്ഥയിൻമേൽ തൃപ്തികരമായ കരാറെഴുതി വാങ്ങീട്ടുമാത്രം ഈ വിഷയത്തിൽ വിദ്യാർത്ഥികളെ സഹായിക്കേണ്ടതാണ്. സ്കൂളുകൾതോറും അതുപോലെയുള്ള അധികം പേർക്കുപയുക്തമായ വിഷയങ്ങളിലോ ചെയ്യുന്ന സഹായങ്ങൾക്കു മേൽപ്പറഞ്ഞ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

വിദ്യാഭ്യാസ ധനസഹായത്തിന് ഇക്കൊല്ലം ഏഴു അപേക്ഷകൾ ഉണ്ടായിരുന്നു. മേൽപ്പറഞ്ഞ വ്യവസ്ഥകൾ അനുസരിച്ചു നാലു അപേക്ഷകൾ സ്വീകരിച്ചു സഹായധനം കൊടുക്കുകയും ശേഷം അപേക്ഷകൾ തള്ളുകയും ചെയ്തു.

സഹായധനം കിട്ടിയവരിൽ മിസ്റ്റർ നീലകണ്ഠൻ ഒരു അഞ്ചാം ഫാറം വിദ്യാർത്ഥിയായിരുന്നു എങ്കിലും അയാൾക്ക് മുൻ കൊല്ലം മുതൽ സാഹായികധനം കൊടുത്തു തുടങ്ങിയിരുന്നതുകൊണ്ടും അയാൾ അതിനെ വേണ്ടവണ്ണം അർഹിക്കുന്ന ഉത്സാഹിയും ബുദ്ധിമാനും ആയ ഒരു യുവാവാണെന്നു കാണുകയാലും വ്യവസ്ഥ അനുസരിച്ചു കരാറെഴുതി വാങ്ങി അയാൾക്കു ധനസഹായം ചെയ്യുന്നതാകുന്നു. ഈ ആൾ ഈ

Digitized By Kerala Sahitya Akademi

കൊല്ലം അഞ്ചാം ഫാറം പരീക്ഷ പാസ്സാകുകയും ഇപ്പോൾ മെട്രിക്യു ലേഷൻ ക്ലാസ്സിൽ എത്തുകയും ചെയ്തിരിന്നുന്നു. മിസ്റ്റർ വേലു ഒരു മെട്രിക്യുലേഷൻ വിദ്യാർത്ഥിയാണ്. അയാൾക്ക് മുൻ കൊല്ലം കൊടുത്തുവന്ന സഹായധനത്തെ പിന്തുടരാൻ തീർച്ചയാക്കിയെങ്കിലും അയാളുടെ യോഗ്യതയെപ്പററി ഒടുവിൽ സംശയം തോന്നുകയാലും ഈ കൊല്ലം അയാൾ ക്ലാസ്സു വിട്ടു നിൽക്കുന്നതായി അറിയുകയാലും സഹായ ധനം കൊടുത്തിട്ടില്ല. കെ. ഐ. അയ്യപ്പൻ വളരെ യോഗ്യത യുള്ള ഒരു വിദ്യാർത്ഥിയാണെന്നു പല യോഗ്യൻമാരുടെ സാക്ഷ്യ പത്രങ്ങളിൽ നിന്നും നേരിട്ടു അന്വേഷിച്ചതിലും തൃപ്തികരമായറിക യാലും വിദ്യാഭ്യാസം മുതലായ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന വരായ കോട്ടയം താലൂക്കിലെ സ്വജനങ്ങളിൽ ഒരു വിദ്യാർത്ഥിയെ പ്രോത്സാഹിപ്പിക്കുന്നത് വിഹിതമാണെന്നു തോന്നുകയാലും അയാൾക്കു ധനസഹായം ചെയ്തിട്ടുള്ളതാകുന്നു. ഈയാൾ ഭാഗ്യ ദോഷത്താൽ ഇക്കൊ ല്ലത്തെ പരീക്ഷയിൽ ജയിച്ചിട്ടില്ല. മദ്രാസ് യൂനിവേഴ്സിറ്റിയിലെ ഈ കൊല്ലത്തെ മെട്രിക്യുലേഷൻ പരീക്ഷാഫലത്തെപ്പററി അറിഞ്ഞിട്ടുള്ള വർ സാധുവായ ഈ അയ്യപ്പന്നു മാപ്പു കൊടുക്കാൻ മടിക്കയില്ലെന്നു വിശ്വസിക്കുന്നു. ഇയാൾ വീണ്ടും ക്ലാസ്സിൽ ചേരുകയും ധനസഹാ യത്തിനു വീണ്ടും അപേക്ഷിക്കുകയും ചെയ്തിരിക്കുന്നു. പള്ളേരി അനന്തൻ തലശ്ശേരിയിലെ ഒരു എഫ്. എ. ക്ലാസ്സ് വിദ്യാർത്ഥി യാണ്. ഇയാൾ തന്റെ വിദ്യാഭ്യാസ സംബന്ധമായ ചെലവിലേക്ക് 100 ഉറുപ്പിക കടം കൊടുക്കണമെന്ന് അപേക്ഷിക്കയും അതിനെ പ്രതിമാസം അഞ്ചു ഉറുപ്പിക വീതം വീട്ടിത്തീർത്തുകൊള്ളാമെന്ന് സമ്മ തിക്കയും ചെയ്തതനുസരിച്ച് അയാളുടെ അച്ഛൻ മുഖേന കരാറെഴുതി വാങ്ങി പണം കൊടുത്തിട്ടുള്ളതാകുന്നു. ഈ കരാർ അനുസരിച്ച് മുടക്കം കൂടാതെ ഇയാൾ 5 ക. വീതം പ്രതിമാസം മടക്കത്തന്നുകൊണ്ടിരിക്കുന്നുണ്ട്. മിസ്റ്റർ അനന്തൻ ഇപ്പോൾ ഇൻറർ മീഡിയററു ക്ലാസ്സിൽ പ്രമോഷൻ ലഭിച്ചിരിക്കുന്നതായറിയുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു.

പ്രസ്തുത പൊസീഡിംഗ്സിൽത്തന്നെ യോഗം ക്ലാർക്കു മിസ്റ്റർ കുഞ്ഞുകൃഷ്ണന്റെ മാസപ്പടി ബോർഡിന്റെ അനുവാദത്തെ പ്രതീക്ഷിച്ചു കൊണ്ട് പതിന്നാലു ഉറുപ്പികയിൽ നിന്ന് പതിനേഴ് ഉറുപ്പികയാക്കാനും തീർച്ചയാക്കി.

ജൂലൈ 8-ാം നു യിലെ 10-ാം നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം കുറുമ്പനാണ്ടി എന്നവന്ന് ഉറപ്പിൻമേൽ, 300 ക. ഒരു പലിശയ്ക്കു കടം കൊടുക്കാൻ തീർച്ചയാക്കുകയും അപ്രകാരം ഇടപാടു ചെയ്യുകയും ചെയ്തു. ആഗസ്റ്ററു 7-ാം നു 11-ാം നമ്പർ പ്രൊസീഡിംഗ് സ്സിൽ ബോർഡുവക 7-ാം നമ്പർ പ്രൊസീഡിംഗ്സിൽ വ്യവഹാര ച്ചെലവു കൊടുപ്പാൻ അനുവദിച്ച 249-ൽ ചിലാനം ഉറുപ്പിക കുപ്പു

Digitized By Kerala Sahitya Akademi

സ്വാമിനായിഡു മീനാക്ഷിനായിഡു അവർകൾക്കു കൊടുത്തു ഇടപാടു തീർത്തു. ആഗസ്റ്റു 9–ാം തീയതിയിലെ 12–ാം നമ്പർ പ്രൊസീഡിംഗ് സ് പ്രകാരം കുമാരൻ സുബ്രഹ്മണ്യന്റെ പേരിൽ നമ്പർ പതിപ്പാൻ തീർച്ചയാക്കുകയും ആ വകയ്ക്കു ന്യായമായ ചെലവുകൾ ചെയ്തു കൊള്ളാൻ ജനറൽ സെക്രട്ടറിക്ക് അനുവാദം കൊടുക്കുകയും ചെയ്തു. അതനുസരിച്ച് അയാളുടെ പേരിൽ തിരുവനന്തപുരം ജില്ലാക്കോടതിയിൽ 1084–ാമാണ്ടു വക 210–ാം നമ്പരായി അന്യായം കൊടുക്കുകയും അനുകൂലമായി വിധി സമ്പാദിക്കുകയും ചെയ്തിരിക്കുന്നു. വിധി നടത്തുന്നതിനുവേണ്ട ഏർപ്പാടുകളും ചെയ്തിട്ടുള്ളതും ഈ മദ്ധ്യവേനൽ ഒഴിവു കഴിഞ്ഞ് കോടതിതുറന്ന ഉടനേ വിധി നടത്തി പണം വസൂൽ ചെയ്യുന്നതുമാകുന്നു. സെപ്റ്റംബർ 5–ാം തീയതിയിലെ 13–ാം നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം കൃഷ്ണൻ മാർത്താണ്ഡൻ അവർകളിൽ നിന്ന് മടങ്ങിവന്ന 500 ക. തൽക്കാലം രംഗം ചെട്ടിയാരുടെ ഉണ്ടിയൽക്കടയിൽ പലിശക്ക് ഏല്പിപ്പാൻ തീർച്ചയാക്കി അപ്രകാരം ചെയ്തു. ആ പ്രൊസീഡിംഗ്സ് പ്രകാരം തന്നെ ക്ലർക്കു മിസ്റ്ററർ കുഞ്ഞുകൃഷ്ണൻ പണി വിട്ടു പോകയാൽ പകരം ആളെ അന്വേഷിച്ച് അറിവിപ്പാൻ ജനറൽ സെക്രട്ടറിയെ ഏല്പിക്കുകയും ബോർഡുവക 3–ാം നമ്പർ പ്രൊസീഡിംഗ്സിലെ തീർച്ചയുടെ 2–ാമതു പാരായിലെ താല്പര്യമനുസരിച്ച് വേണ്ട നടപടി നടത്തിയ ശേഷം മൂന്നു കൊല്ലത്തിനു മേൽ തുടർന്നുകൊണ്ടു യോഗം വക തവണ കുടിശ്ശികയുള്ള യോഗാംഗമായ മാടൻ കുട്ടി അവർകളുടെ പേർക്ക് ബാക്കിയുള്ള ഓഹരിത്തുക മുഴുവൻ പലിശ സഹിതം ഈടാക്കുന്നതിന് നമ്പർ പതിപ്പാൻ തീർച്ചയാക്കുകയും അപ്രകാരം ചെയ്കയും ചെയ്തു. പലിശകുറവു ചെയ്യുവാനും കുടിശ്ശികയിൽ ഒരു കൊല്ലത്തെ സംഖ്യ 10 ക. ഉടനേയും ശേഷം വത്സരാവസാനത്തിനു മുൻപിലും തന്നു തീർപ്പാനും മേലാൽ ബാദ്ധ്യത തീരുന്നതുവരെ കൊല്ലം തോറും തവണകൾ മുടങ്ങാതെ അടച്ചുകൊണ്ടിരിപ്പാനും ഇതിനു വിഘ്നം വരുത്തിയാൽ കോടതിച്ചെലവു സഹിതം ബാക്കിയുള്ള മുഴുവൻ സംഖ്യയും വിധി നടത്തി ഒന്നായി വസൂൽ ചെയ്തു കൊള്ളുവാനും പരസ്പരം സമ്മതിച്ച് ഈ നമ്പർ രാജിയായിത്തീർന്നിരിക്കുന്നു. സെപ്റ്റംബർ 19–ാം നു യിലെ 14–ാം നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം മിസ്റ്ററർ വി. പത്മനാഭനെ ക്ലാർക്കായി നിയമിക്കാനും 14 ക. യിൽ കുറയാതെ മാസപ്പടി കൊടുപ്പാനും തീർച്ചയാക്കി. അയാൾ 2 മാസം ജോലിയിൽ ഇരുന്നശേഷം പ്രീഡിഷിപ്പു പരീക്ഷയ്ക്കു ചേരുന്ന ആവശ്യത്തിലേക്കായി പണി വിട്ടുപോയിരിക്കുന്നു. അക്റ്റോബർ 10–ാം തീയതിയിലെ 15–ാം നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം ഹൈക്കോർട്ടു വക്കീൽ എസ്. ഗോവിന്ദപ്പിള്ള അവർകൾക്ക് ഉറപ്പിൻമേൽ 100–ന് ഒന്നു പലിശ സമ്മതിച്ച് 900–ക. കടം കൊടുപ്പാൻ തീർച്ചയാക്കുകയും അപ്രകാരം ചെയ്കയും ചെയ്തു. നവംബർ 16–ാം തീയതിയിലെ 16–ാം നമ്പർ–പ്രൊസീഡിംഗ്സ് പ്രകാരം കൃഷ്ണൻ മാർത്താ

Digitized By Kerala Sahitya Akademi

ണ്ഡൻ അവർകൾക്കു മുഴുവൻപണവും പലിശസഹിതം തീർത്തു പറ
ഒഴികുറി കൊടുക്കാൻ തീർച്ചയാക്കി അപ്രകാരംചെയ്തു. ഡിസംബർ
2-ാം തീയതിയിലെ 17-ാം നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം ആവശ്യം
കഴിച്ചുള്ളപണം കൂടുതൽ പലിശകിട്ടുന്നതും വിശ്വാസയോഗ്യവുമാകയാൽ
ചാലയിൽ കൃഷ്ണസ്വാമി അയ്യരുടെ ഉണ്ടികക്കടയിൽ തൽക്കാലം ഏൽപ്പി
ക്കയും ആ കടയുമായി പറ്റുവരവു ചെയ്കയും ചെയ്വാൻ ജനറൽ
സെക്രട്ടറിക്ക് അനുവാദം നൽകി. ഡിസംബർ 4-ാം തീയതിയിലെ 18-ാം
നമ്പർ പ്രൊസീഡിംഗ്സ് അനുസരിച്ച് മേരി റോസലണ്ട് അബ്കർക്ക്
മദാമ്മ അവർകൾക്ക് ഉറപ്പിൻമേൽ ഒരു പലിശയ്ക്കു 500 ക. കൊടുക്കാൻ
തീർച്ചയാക്കുകയും അപ്രകാരം ചെയ്യുകയും ചെയ്തു.

ഈ ഇടപാടുകൾ എല്ലാം വേണ്ടവണ്ണം പര്യാലോചിച്ചും ഉറപ്പുകളേയും
പ്രമാണങ്ങളേയും തൃപ്തികരമാംവണ്ണം പരിശോധിച്ചും ചെയ്തിട്ടുള്ളതാ
കുന്നു. ഈ സംഗതികളിലും മേൽ പ്രസ്താവിച്ച നമ്പർ സംബന്ധമായും
മറുമുള്ള സകല സംഗതികളിലും നിയമസംബന്ധമായി ആവശ്യപ്പെട്ട
അറിവുകൾ അപ്പോളപ്പോൾ കൊടുത്തു കൌൺസിലിനെ സഹായിച്ചിട്ടുള്ള
യോഗംവക ആണ്ടറി ലീഗൽ അഡ്വൊസറായ ഹൈക്കോർട്ടുവക്കീൽ കെ.
പരമേശ്വരൻ പിള്ള അവർകളോട് യോഗത്തിന് ഏറ്റവും കൃതജ്ഞതയുണ്ടാ
യിരിക്കേണ്ടതാണെന്ന് ഇപ്പോഴും ആവർത്തിച്ചു പറഞ്ഞു കൊള്ളുന്നു.

യോഗത്തിന്റെ പൊതുവിൽ ഉള്ള വർദ്ധന: മേൽപ്രകാരം
പണം സംബന്ധമായി പലപ്പോഴുമുള്ള ഇടപാടുകൾ വ്യവഹാരങ്ങൾ ആദി
യായി ഏറ്റവും ശ്രദ്ധപതിയേണ്ടതും ഉത്തരവാദമുള്ളതുമായ പ്രവൃത്തി
കളാൽ സെക്രട്ടറി മിക്കവാറും ഈ കൊല്ലം ആഫീസിൽത്തന്നെ കഴിച്ചു കൂട്ടേ
ണ്ടതായി വന്നിരിക്കുന്നു. യോഗം വക മാസികയുടെ പത്രാധിപരുടേയും
മാനേജരുടേയും നിലയിലും സെക്രട്ടറിക്കു പൂർവാധികം വേലയുണ്ടായി
രുന്നു. അതിനു പുറമേ യോഗത്തിന്റെ കണക്കുകളേയും റിക്കാർഡുക
ളേയും സംബന്ധിച്ചു നാലഞ്ചു കൊല്ലത്തെ പഴക്കമുണ്ടായിരുന്ന ഹെഡ്
ക്ലർക്ക് പെട്ടെന്നു വേലവിട്ടു പോകയും പുതിയതായി ഏർപ്പെടുത്തിയ
ക്ലർക്ക് അധികം ജോലിത്തിരക്കുള്ള കൊല്ലാവസാനത്തിൽ ജോലി വിടു
കയും ചെയ്തതും സെക്രട്ടറിയുടെ കഷ്ടതയെ ഗണ്യമായ വിധത്തിൽ
വർദ്ധിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് സെക്രട്ടറിക്കു പുറത്തുപോയി
വേലകൾ നടത്താൻ സാധിച്ചിട്ടില്ല. അതിന്റെ ഫലമായി യോഗം വക പണ
പ്പിരിവിലും യോഗാംഗങ്ങളുടെ സംഖ്യയുടെ കൊല്ലംതോറുമുള്ള വർദ്ധന
യിലും പറയത്തക്കവണ്ണം കുറവു നേരിട്ടിരിക്കുന്നു. കഴിഞ്ഞ കൊല്ലം അവ
സാനത്തിൽ ആകെയുള്ള അംഗങ്ങൾ 960 ആയിരുന്നു. ഈ കൊല്ലത്തിൽ
അത് 981 ആയിട്ടേ ഉള്ളു. അതായത് 21 അംഗങ്ങൾ മാത്രമേ അധികമായി
ചേർന്നിട്ടുള്ളു. ഇവരിൽ അധികം പേർ ദൂരദേശങ്ങളിൽ നിന്നു കത്തുമൂ
ലവും അല്ലാതെയും സ്വയമേവ അപേക്ഷിച്ചിട്ടും ചിലർ പിരിവ് ഏജൻറ്
മിസ്റ്റർ കൊച്ചുരാമൻ മുഖേനയും ചേർന്നിട്ടുള്ളതാകുന്നു. പുറത്തു

Digitized By Kerala Sahitya Akademi

പോയി ഉത്സാഹിപ്പാൻ കഴിയുമായിരുന്നു എങ്കിൽ ഈ കൊല്ലം അധികം അംഗങ്ങൾ പുതുതായി ചേരുമായിരുന്നു എന്നു വിശ്വസിക്കാൻ ധാരാളം കാരണങ്ങളുണ്ടായിരുന്നു. കഴിഞ്ഞ കൊല്ലത്തെ അംഗങ്ങളുടെ പട്ടികയിൽ രജിസ്തരിലുള്ള ഒടുവിലത്തെ പേരുകൾ വിട്ടുപോയിരിക്കുന്നതായി കാണുന്നു. അതുംപ്പെടെ ഈ കൊല്ലാവസാനത്തിൽ 98 മെംബർമാർ ആകെ ഉണ്ട്.

വിവേകോദയം യോഗം വക പത്രികയെ പുസ്തകമാക്കിയതു മുതൽ അതിന്റെ ചെലവും അതിനെ സംബന്ധിച്ച വേലയും പൂർവാധികമായിരിക്കുന്നു. ദീർഘകാലത്തെ കുടിശ്ശികക്കാർക്ക് കുടിശ്ശിക വസൂലാകുന്നതുവരെ പത്രം അയയ്ക്കുന്നതു നിറുത്തൽ ചെയ്തിരിക്കുന്നതിനാൽ ഇപ്പോൾ വായനക്കാരുടെ സംഖ്യ കുറഞ്ഞ് എണ്ണൂറിൽ ചിലവാനമായിരിക്കുന്നു. കഴിഞ്ഞ കൊല്ലം ആയിരത്തിഎഴുപത്തഞ്ചു വരെ ഉണ്ടായിരുന്നു. ഇത് മതം, സദാചാരം, ആചാരപരിഷ്കരണം, ആരോഗ്യം, കൃഷി, വ്യവസായം മുതലായ വിഷയങ്ങളിൽ ജനങ്ങൾക്ക് അറിവു വർദ്ധിപ്പാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നതിനു പുറമേ യോഗം വക പ്രത്യേക കാര്യങ്ങളിൽ ഉണർച്ചയുണ്ടാക്കിക്കൊണ്ടും ഇരിക്കുന്നു. ഇതിന്റെ ഇപ്പോഴത്തെ രീതിയെപ്പററി പലമാന്യ പത്രങ്ങളും സ്തുതിച്ചു പറയാറുണ്ട്. പേരു വച്ചും അല്ലാതെയും സമുദായ സ്നേഹികളായ പല യോഗ്യൻമാരും ലേഖനങ്ങൾ അയച്ചുതന്ന് ഇപ്പോൾ പത്രാധിപരെ സഹായിക്കുന്നു. അങ്ങിനെയുള്ള മാന്യൻമാർക്ക് ഈ അവസരത്തിൽ നന്ദി പറയേണ്ടിയിരിക്കുന്നു. വരിപ്പണമടയ്ക്കാതെ ഏജൻറിനോട് അവധിയില്ലാത്ത അവധിപറഞ്ഞും വി. പി. ആയി പത്രം അയച്ചാൽ കൈപ്പറാതെ മടക്കിയും അനേകം സ്വജാതി സ്നേഹികളായ യോഗ്യൻമാർ വിവേകോദയത്തിന്റെ നടത്തിപ്പിനെ സഹായിക്കുന്നുണ്ട്. അങ്ങിനെയുള്ള മാന്യൻമാരിൽ നിന്ന് 4300–ൽ ചിലവാനം ഉറുപ്പിക യോഗത്തിനു വിവേകോദയം വരിവകയായി ഇതുവരെ പിരിഞ്ഞു കിട്ടേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ വിഷയം: വിദ്യാഭ്യാസ സംബന്ധമായി കഴിയുന്ന ധനസഹായം ചെയ്യുന്നതിനു പുറമേ യോഗം ആ വിഷയത്തിൽ സ്വജനങ്ങളെ പൊതുവിൽ പ്രേരിപ്പിക്കുകയും അതിനുള്ള തടസ്സങ്ങളെ നിരാകരിപ്പാൻ എപ്പോഴും ശ്രമിക്കയും ചെയ്തു കൊണ്ടിരിക്കുന്നു. ഈ ഒടുവിൽ പറഞ്ഞ പ്രകാരമുള്ള ശ്രമം കൊണ്ടു തിരുവിതാംകൂറിലെ സ്വജനങ്ങൾക്കു വലുതായ ഗുണം സിദ്ധിച്ചിട്ടുണ്ട്. അവിടെ ഗവൺമെൻറു വകയായ ഒട്ടധികം സ്കൂളുകൾ നമ്മുടെ കുട്ടികൾക്കു പ്രവേശ്യമല്ലായിരുന്നു. യോഗം ആരംഭിച്ചതു മുതൽ ആ സങ്കടങ്ങളെപ്പററി യോഗത്തിൽ നിന്ന് ന്യായമായി ഗവൺമെൻറിനെ ധരിപ്പിച്ചു തുടങ്ങുകയും ഗവൺമെൻറു നമ്മുടെ അപേക്ഷകളെ സശ്രദ്ധം കേട്ടു പരിഹാരം ഉണ്ടാക്കുകയും ചെയ്തു വരുന്നു. 1084 ലെ പ്രജാസഭയിൽ യോഗം പ്രതിനിധിക്ക് ഗവൺമെൻറിൽ നിന്നും കൊടുത്ത മറുപടിയെ അനുസരിച്ച് ഈഴവർക്കു പ്രവേശ്യമല്ലാത്ത സ്കൂളുകളെപ്പററി വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ മുഖേന സവിശേഷമായ അന്വേഷണം നടത്തി

Digitized By Kerala Sahitya Akademi

എഴുതിയ അക്ടോബർ 5–ാം നു- യിലെ ഇ. 2061–ാം നമ്പർ പ്രൊസീ ഡിംഗ്സിന്റെ പകർപ്പ് യോഗം സെക്രട്ടറിക്ക് ഗവൺമെൻറിൽനിന്നും അയച്ചു കൊടുത്തതിൽ ഉടങ്ങിയ ആഡർ താഴെ തർജ്ജിമ ചെയ്യുന്നു.

''സർക്കാർ ആൺപള്ളിക്കൂടങ്ങളിൽ ഈഴവർക്കു പ്രവേശം അനുവദി ക്കുന്ന വിഷയത്തിൽ നടത്തപ്പെട്ടിരിക്കുന്ന നടപടികളെ മഹാരാജാവു തിരു മനസ്സിലെ ഗവൺമെൻറ് നോട്ടു ചെയ്യുന്നു. ഈഴവർക്ക് ഇപ്പോൾ പ്രവേശം ഇല്ലാത്ത എല്ലാ പള്ളിക്കൂടങ്ങളിലും 1085–ാമാണ്ട് അവസാനിക്കു ന്നതിനു മുൻപ് അവർക്ക് പ്രവേശം അനുവദിക്കപ്പെടുമെന്ന് ഗവൺമെൻറു വിശ്വസിക്കുന്നു.

വൈക്കം ഇംഗ്ലീഷ് ഹൈസ്കൂളിൽ ഈഴവരുടെ പ്രവേശത്തെ സംബ ന്ധിച്ച് ഈയിടെ തടസ്സം പുറപ്പെട്ടു തുടങ്ങിയിരിക്കുന്നതായി ഡാക്ടർ മിച്ചൽ അവർകളുടെ റിപ്പോർട്ടിൽ നിന്നു കാണുന്നു. ഈ മാതിരി പുതിയ തടസ്സങ്ങളെ ഗണ്യമാക്കാൻ ഗവൺമെൻറു വിചാരിക്കുന്നില്ല.

വൈക്കം സർക്കാർ ഇംഗ്ലീഷ് സ്കൂളിൽ ഈഴവർക്കു പ്രവേശം അനു വദിച്ചുണ്ടായിട്ടുള്ള 1908 ജൂൺ 6–ാം തീയതിയിലെ ഇ. 2044-ാം നമ്പർ ഗവ ൺമെൻറ് ഉത്തരവിനെ നടപ്പിൽ വരുത്താൻ വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ നോക്കേണ്ടതാകുന്നു.''

ഇതിൽ നിന്ന് നമ്മുടെ ന്യായമായ അപേക്ഷകളെ സ്വീകരിക്കുന്നതിൽ ഗവൺമെൻറിന് എത്രമാത്രം ശ്രദ്ധയുണ്ടെന്നുള്ളതു വെളിവാകുന്നു. പെൺകുട്ടികളുടെ സ്കൂൾ പ്രവേശത്തെപ്പറ്റിയാണ് വലിയ വഴക്കുള്ളത്. ഈ കൊല്ലത്തെ പ്രജാസഭയിൽ യോഗം പ്രതിനിധി മിസ്റ്റർ കുഞ്ഞു പണിക്കർ പ്രത്യേകം പ്രതിപാദിച്ചത് ഇതിനെപ്പറ്റിയായിരുന്നു. എന്നാൽ ഈ കൊല്ലം തിരുവിതാംകൂറിൽ നടപ്പാക്കിയ പുതിയ എഡ്യൂക്കേഷൻ കോഡു കൊണ്ട് വിദ്യാഭ്യാസ സ്ഥിതിക്കു വരാൻ പോകുന്ന വലിയ മാറ ങ്ങളെപ്പറ്റി പ്രജാസഭയിൽ വലുതായ വാദമുണ്ടാകയും അതിനെപ്പറ്റി വിദ്യാഭ്യാസ മേലദ്ധ്യക്ഷനുമായി കണ്ടു സംസാരിപ്പാൻ പ്രതിനിധികളിൽ നിന്ന് ഏതാനും പേരെ ഗവൺമെൻറു തിരഞ്ഞെടുത്തയയ്ക്കയും അതിൽ യോഗം പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. സർക്കാർ അല്ലെങ്കിൽ സർക്കാർ സഹായ ധനം ലഭിക്കുന്ന സ്കൂളിൽ പ്രവേ ശത്തിന് ഒരാളുടെ ജാതിയൊ മതമൊ തടസ്സമായിരിക്കുന്നതല്ലെന്നും എന്നാൽ ഗവൺമെൻറിന്റെ പ്രത്യേക അനുവാദത്തോടുകൂടി ഏതെങ്കിലും പ്രത്യേക സ്കൂളിൽ ആരുടെയെങ്കിലും പ്രവേശത്തെ തടുപ്പാൻ വിദ്യാഭ്യാസ മേലദ്ധ്യക്ഷന് അധികാരമുണ്ടെന്നും ഉള്ള പുതിയ കോഡിലെ ഒരു വകു പ്പിന് നമ്മുടെ പെൺകുട്ടികളെ സംബന്ധിച്ചിടത്തോളം എന്തർത്ഥമാണു കല്പിക്കുന്നതെന്നു പ്രതിനിധി വിദ്യാഭ്യാസ മേലദ്ധ്യക്ഷനോടു ചോദി ക്കുകയും അദ്ദേഹം അവരെ സ്കൂളിൽ ഉടനെ പ്രവേശിച്ചിക്കുന്നതായിരി

Digitized By Kerala Sahitya Akademi

ക്കുമെന്നു മറുപടി പറയുകയും ചെയ്തു. ഇപ്പോഴ നമ്മുടെ പെൺകുട്ടികഴ അവർക്ക് ഇതുവരെ പ്രവേശമില്ലാതിരുന്ന പല പ്രധാന സ്കൂളുകളിലും ചേർന്ന് എല്ലാത്തരം ഉയർന്ന ജാതി പെൺകുട്ടികളോടും ഒന്നിച്ചിരുന്നു പഠിച്ചുവരുന്നു എന്നു കേഴക്കുന്നത് സന്തോഷാവഹമായിരിക്കുമല്ലോ. വിശേഷിച്ച് നമ്മുടെ ശ്രമത്താൽ തിരുവിതാംകൂറിൽ താഴ്ന്ന ജാതിക്കാർക്ക് ഒക്കെക്കുടി വിദ്യാഭ്യാസ വിഷയത്തിൽ ശാപമോചനം വന്നിരിക്കുന്നു എന്നുള്ള വസ്തുതയും നമുക്ക് ചാരിതാർത്ഥ്യ ഹേതുവായിട്ടുള്ളതാണ്. വളരെ പരിശുദ്ധമായി വിചാരിക്കപ്പെട്ടിരുന്ന ആലപ്പുഴ "സനാതന ധർമ്മ ഹൈസ്കൂളിൽ" കൂടിയും ഇപ്പോഴ നമ്മുടെ കുട്ടികഴക്ക് ഭാരവാഹികഴ പ്രവേശം അനുവദിച്ചിരിക്കുന്നെന്ന വിവരം ഈ സന്ദർഭത്തിൽ സന്തോഷപൂർവം പ്രസ്താവിച്ചു കൊള്ളുന്നു. ഇതു കാശിയിലെ മദ്ധ്യഹിന്തു കാളേജിന്റെ കീഴിലുള്ള മലയാളത്തിലെ ഏക വിദ്യാലയമാണ്. ഇവിടെ കുട്ടികളുടെ സാധാരണ പാഠങ്ങഴക്കു പുറമേ മതം, സദാചാരം മുതലായ വിഷയങ്ങളിലും അവരെ പ്രത്യേകം ദൃഷ്ടിവച്ചു പഠിപ്പിച്ചു വരുന്നു. ഇവിടത്തെ പരീക്ഷാഫലം കൊല്ലംതോറും അസാമാന്യമാംവണ്ണം നന്നായിക്കാണുന്നു. ഈ മാതൃകയിലുള്ള ഒരു വിദ്യാലയം നമ്മുടെ അഭിവൃദ്ധിക്ക് ഏറ്റവും ആശിക്കത്തക്ക ഒന്നാണ്. ഇതോടു ചേർത്ത് നമ്മുടെ കുട്ടികഴക്കു കൂടി വിദ്യാർത്ഥിസത്രം തുറപ്പാൻ അതിന്റെ ഭാരവാഹികഴ ആലോചിക്കുന്നതായറിയുന്നതു വാസ്തവമാണെങ്കിൽ നിശ്ചയമായും അത് അഭിനന്ദിക്കത്തക്കതത്രേ. കൊച്ചിയിൽ എല്ലാ വിദ്യാലയങ്ങളിലും തീയർക്കു പ്രവേശം നഴകുക മാത്രമല്ല അവർക്ക് ഫീസുകുറവു ചെയ്കകൂടിയും ചെയ്തിരിക്കുന്നു. മഹാനായ കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ ഗവൺമെൻറിന്റെ നേർക്കുനാം ഏറ്റവും നന്ദിയുള്ളവരായിരിക്കേണ്ടതാകുന്നു. കോഴിക്കോട്ടു സാമുറിൻസ് കാളേജിൽ തീയർക്ക് ഇനിയും പ്രവേശം നൽകീട്ടില്ല. ജർമ്മൻ മിഷ്യൻ ഹൈസ്കൂഴ കാളേജാക്കിയതു കൊണ്ടു നമുക്ക് അവിടെ വിദ്യാഭ്യാസത്തിനുള്ള അസൗകര്യം ഇപ്പോഴ നീങ്ങിയിരിക്കുന്നു എങ്കിലും സാമുറിൻസ് കാളേജധികാതൻമാർക്ക് ഹിന്തുക്കളായ തീയരോടുള്ള വെറുപ്പ് ഇതുവരെ നീങ്ങിക്കാണാത്തത് ആശ്ചര്യമാകുന്നു. ഭാഗ്യം കൊണ്ടു നമ്മുടെ വിദ്യാഭ്യാസ സ്ഥിതി ക്രമേണ നന്നായി വരികയാണെന്നുള്ളതിനു സംശയമില്ല. തിരുവിതാംകൂറിലും കൊച്ചിയിലും തീയർക്കു ഗവൺമെൻറുദ്യോഗം ധാരാളം കൊടുത്തു തുടങ്ങിയതോടുകൂടി കഴിയുന്ന ആളുകളെല്ലാം തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിപ്പാൻ ഒരുങ്ങുന്നുണ്ട്. ഹൈസ്കൂളിലും കാളേജിലുമുള്ള എല്ലാ ക്ലാസ്സുകളിലും അധികം കുട്ടികഴ ചേർന്നു പഠിക്കുന്നുണ്ട്. തിരുവിതാംകൂറിൽ നിന്നു തന്നെ ഈ കൊല്ലം മൂന്നു തീയർ ബി. എ. ജയിച്ചിട്ടുണ്ട്. മലബാറിലെ സ്ഥിതിയെപ്പറ്റി പറയേണ്ടതില്ലല്ലോ. വടക്കേ മലയാളത്തിൽ നമ്മുടെ ഇടയിൽ സ്ത്രീവിദ്യാഭ്യാസത്തിനുള്ള പ്രചാരം സമുദായത്തിനു മുഴുവൻ അഭിമാനകരമാംവണ്ണം വർദ്ധിച്ചു വരിക തന്നെ ആകുന്നു. ഈ സന്ദർഭത്തിൽ തീയരിൽ ആദ്യമായി മദ്രാസ് ഗവൺമെൻറു സക അപ്പാത്തിക്കരി പരീക്ഷയിൽ ഈ കൊല്ലം വിജയിനിയായ ശ്രീമതി

Digitized By Kerala Sahitya Akademi

പോത്തേരി ''പാറുഅമ്മ''യുടെ പേരിനെ സാഭിമാനം സ്മരിക്കാത്ത സമുദാ
യസ്നേഹികൾ ഉണ്ടായിരിക്കയില്ല. ഇവരുടെ വിജയത്തേയും ഇവരുടെ
മാന്യ പിതാവും പ്രസിദ്ധ സമുദായ പരിഷ്കരണ തത്പരനുമായ പോ
ത്തേരി കുഞ്ഞമ്പു അവർകൾക്ക് ഇതിൽ ഉണ്ടായിരിക്കാവുന്ന കൃതാർത്ഥത
യേയും ഈ അവസരത്തിൽ നാം പ്രത്യേകം അനുമോദിക്കേണ്ടതാകുന്നു.

അനേകം യോഗ്യതയുള്ള വിദ്യാർത്ഥികൾ തങ്ങളുടെ വിദ്യാഭ്യാസത്തെ
പൂർത്തിയാക്കാൻ വകയില്ലാതെ കുഴങ്ങുന്നുണ്ട്. അതിനസംബന്ധിച്ച്
പല വിദ്യാർത്ഥികളുടേയും അപേക്ഷകൾ യോഗത്തിൽ വന്നുകൊണ്ടിരി
ക്കുന്നു. മദ്രാസ് മെഡിക്കൽ കാളേജിൽ എം. ബി. സി. എം. ക്ലാസ്സിൽ
മൂന്നുകൊല്ലത്തിനുമേൽ പഠിച്ചശേഷം പഠിത്തം വിടേണ്ടിവന്ന തലശ്ശേ
രിക്കാരൻ ഒരു യോഗ്യനായ വിദ്യാർത്ഥി തനിക്ക് എഡിൻബറോയിൽ
പോയി വൈദ്യപരീക്ഷ പാസായി വരുന്നതിന് ധനസഹായം ചെയ്വാൻ
യോഗത്തോട് ഇപ്പോൾ അപേക്ഷിക്കുന്നുണ്ട്. ഇദ്ദേഹത്തിന്റെ അപേ
ക്ഷയെ സാധിച്ചുകൊടുപ്പാൻ പക്ഷെ യോഗത്തിന് ഇപ്പോൾ കഴിയുമായി
രിക്കുമെങ്കിലും ഇതുപോലെയുള്ള പല വിദ്യാർത്ഥികളുടേയും പ്രത്യാ
ശയ്ക്കു വിഷയമാകത്തക്ക ഒരു ഘനമായ മൂലധനം നമുക്കില്ലാത്തതിനെ
പ്പറ്റി നിശ്ചയമായും വ്യസനിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസഫണ്ട്: യോഗത്തിന്റെ കീഴിൽ പ്രത്യേകം സ്ഥാപി
ച്ചിട്ടുള്ള വിദ്യാഭ്യാസഫണ്ടിനെ സംബന്ധിച്ച് ഈ ഉത്സാഹകരമായ അവ
സരത്തിൽ ഏതെങ്കിലും വിവരിപ്പാൻ മടിതോന്നുന്നു. ആ വകയിൽ
ഫണ്ടുസെക്രട്ടറി വശം ആകെ പിരിഞ്ഞുകിട്ടീട്ടുള്ള ചെറിയ സംഖ്യയിൽ
ചെലവുകഴിച്ചു ബാക്കിയുള്ളത് 196 ക. ആകുന്നു. ഫണ്ടിന്റെ ഈ
കൊല്ലത്തെ വരവുചെലവുകളേയും മറ്റും പറഞ്ഞു ഒരു റിപ്പോർട്ടയപ്പാൻ ഫണ്ടു
സെക്രട്ടറി അവർകളോട് ആവശ്യപ്പെട്ടതിൽ ഈ കൊല്ലം ഫണ്ടിൽ യാതൊ
രുവരവും യാതൊരു ചെലവും ഉണ്ടായിട്ടില്ലെന്നും കഴിഞ്ഞകൊല്ലത്തെ
റിപ്പോർട്ട് അക്ഷരംപ്രതി പകർത്തിക്കൊണ്ടാൽ മതിയെന്നും അദ്ദേഹം
മറുപടി എഴുതിയിരിക്കുന്നു. സമുദായത്തിന്റെ നൻമയ്ക്കുവേണ്ടി
എന്തും ചെയ്വാനുള്ള സഹജമായ ഒരുക്കംകൊണ്ട് തന്നെ ഏൽപ്പിച്ച ഈ
സെക്രട്ടറി സ്ഥാനം വഹിപ്പാൻ താൻ നിർവ്വെന്ധിതനായി എന്നല്ലാതെ
ഭാരമേറിയ ഒരുദ്യോഗം വഹിച്ച് മൈസൂർ സംസ്ഥാനത്ത് താമസിക്കുന്ന
ഇദ്ദേഹത്തെക്കൊണ്ട് ഫണ്ടിന്റെ പ്രവൃത്തി ശരിയായി നടത്താൻ സാധിക്കു
മെന്ന് അശേഷം വിചാരിപ്പാൻ തരമില്ലാത്തതാകുന്നു. പേരിനുമാത്രം
ഒരു സ്ഥാപനം വച്ചുകൊണ്ടിരിക്കുന്നതു തീരെ വിഹിതമല്ലാത്തതാണ്.
അതുകൊണ്ട് ഈ ഫണ്ട് തൃപ്തികരമായ വിധത്തിൽ നടത്താൻ പ്രവർത്ത
കൻമാർക്കു സാധിക്കാത്തപക്ഷം അതിനെ ഉടനെ യോഗത്തോടു ലയിപ്പിച്ചു
കളഞ്ഞാൽ നന്ന്.

Digitized By Kerala Sahitya Akademi

മതം: മംഗളോദയം ക്ഷേത്രങ്ങളേയും സംബന്ധിച്ച പ്രവൃത്തികളും പതിവുപോലെ നടന്നുവരുന്നു. ശിവഗിരിയിൽ ശാരദാമഠത്തിന്റെ പണി പൂർത്തിയായിരിക്കുന്നു. ശാരദാപ്രതിഷ്ഠ താമസിയാതെ ചെയ്യുന്നതിനെപ്പറ്റി സ്വാമിതൃപ്പാദങ്ങളും ആലോചിച്ചു വരുന്നുണ്ട്. മഠത്തിലേക്ക് ഈ കൊല്ലവും ഒരു മാന്യൻ 1000-ക. കരാറിൻപ്രകാരം സംഭാവനചെയ്തിരിക്കുന്നു. മഠത്തിന്റെ വലുതായ ഉദ്ദേശങ്ങളെ എല്ലാം സാധിച്ചുകൊണ്ടുവരുന്നതിനു പണത്തിന്റെ കുറവുകൊണ്ടുണ്ടാകുന്ന കാലതാമസത്തെ ക്ഷമിക്കുകയല്ലാതെ നിവൃത്തിയില്ലല്ലോ. ഈ കഴിഞ്ഞ ജനുവരിമാസാദ്യം ചെയ്ത യാത്രയിൽ സ്വാമിതൃപ്പാദങ്ങളും മംഗലപുരത്ത് ഒരു ക്ഷേത്രത്തിനു കല്ലുറയ്ക്കുകയും ജനങ്ങളുടെ ആരാധനയ്ക്കായി പ്രത്യേകം അവിടെ ഒരു പടംവച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു. അവിടെ ഇപ്പോഴും നേർച്ചയായി പ്രതിമാസം ഒരു നല്ലസംഖ്യ കിട്ടിവരുന്നു എന്നും അവിടത്തെ ക്ഷേത്രാരംഭം വേഗത്തിൽ ഒരു നല്ല സ്ഥിതിയെ പ്രാപിച്ചുകാൺമാൻ ഇടവരുമെന്നും അറിയുന്നതിൽ സന്തോഷിക്കുന്നു. ചാവക്കാടു ക്ഷേത്രത്തിന്റെ ഷഡാധാരപ്രതിഷ്ഠ കഴിഞ്ഞിരിക്കുന്നു. നാളെ നടത്താൻ തീർച്ചയാക്കിയിരിക്കുന്ന കോഴിക്കോട്ടു ക്ഷേത്രത്തിന്റെ പ്രതിഷ്ഠാ കലശമഹോത്സവത്തിന്നായി സ്വാമിതൃപ്പാദങ്ങളും വീണ്ടും ഇവിടെ എത്തിയിരിക്കുകയാകുന്നു. മതസംബന്ധമായ അറിവും പ്രതിപത്തിയും ജനങ്ങളുടെ ഇടയിൽ വർദ്ധിപ്പിക്കുന്നതിനു വിവേകോദയം മൂലമുള്ള ഉപദേശങ്ങളും ക്ഷേത്രസ്ഥാപനങ്ങളും പുറമേ യഥാവസരം മത പ്രസംഗങ്ങളും മൂലവും ശ്രമിച്ചുവരുന്നുണ്ട്. കഴിഞ്ഞ പൊതുയോഗത്തിൽ നല്ല പ്രാസംഗികൻമാർക്ക് പ്രതിഫലം കൊടുപ്പാൻ ഒരു സംഖ്യ ബഡ്ജറ്റിൽ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രതിഫലത്തിന്നായി പ്രസംഗിപ്പാൻ പ്രാസംഗികൻമാരെ കിട്ടിയിരുന്നില്ലെങ്കിലും സ്വാമിപാദത്തിലെ ശിഷ്യനായ ശിവപ്രസാദൻ എന്ന ബ്രഹ്മചാരി മതം, സദാചാരം മുതലായ വിഷയങ്ങളിൽ പ്രശസ്തങ്ങളായ പ്രസംഗങ്ങളും ചെയ്തുകൊണ്ടു കേരളത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റംവരെ സഞ്ചരിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളും പലദിക്കിലും ഫലിച്ചിട്ടുണ്ട്.

ആചാര പരിഷ്കരണ സംബന്ധമായ സ്വാമി പാദങ്ങളിലെ ഉപദേശങ്ങളും പല സ്ഥലങ്ങളിലും പ്രചരിച്ചുവരികയും അവയുടെ ഫലങ്ങളും അനുഭവയോഗ്യമായി വരികയും ചെയ്യുന്നു. താലികെട്ടു മുതലായ അനാവശ്യങ്ങളും അനർത്ഥകരങ്ങളും ആയ അടിയന്തരങ്ങളെ നിർത്തൽ ചെയ്യുന്നതിനെപ്പറ്റിയുള്ള അവിടത്തെ ആദരണീയമായ ഉപദേശങ്ങളെ വേഗത്തിൽ നടപ്പിൽ കൊണ്ടുവരുന്നതിന് ആഗ്രഹിച്ചു കഴിഞ്ഞ പൊതുയോഗത്തിൽ ഒരു നിശ്ചയവും പാസ്സാക്കിയിരുന്നു. എന്നാൽ നമ്മുടെ സമുദായത്തിൽ അധികം വിദ്യാഭ്യാസമുള്ളവരായി ഗണിക്കപ്പെടുന്ന മലബാറിലെ സജ്ജനങ്ങളുടെ ഇടയിൽ സ്വയമേവ ഉണ്ടാകേണ്ട ഈവക പരിഷ്കാരത്തിനു സ്വാമിപാദങ്ങളിലെ ഉപദേശങ്ങളും ഉണ്ടായിട്ടും കാലവിളംബം നേരിടുന്നതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

രാജ്യകാര്യം: നമ്മുടെ യോഗം രാജ്യകാര്യ സംബന്ധമായ ഒരു സ്ഥാപനമല്ലെങ്കിലും നമ്മുടെ സമുദായത്തിന്റെ അഭിവൃദ്ധിക്കുള്ള പ്രതിബന്ധങ്ങളെ നീക്കുന്നതിനും അഭിവൃദ്ധിയെ സഹായിക്കുന്നതിനും നമ്മുടെ ഗവൺമെന്റുകളോടു നമുക്കു വിനയപൂർവം അപേക്ഷിക്കാതിരിപ്പാൻ തരമില്ലാത്തതാകുന്നു. ബ്രിട്ടീഷ് ഇന്ത്യാ രാജ്യഭരണത്തിൽ ഈയിടെ നടപ്പാക്കിയ പരിഷ്കാരമനുസരിച്ചു ഭേദപ്പെടുന്ന മദ്രാസ് നിയമ നിർമ്മാണ സഭയിൽ പിന്നോക്കം നിൽക്കുന്ന ജാതിക്കാരുടെ നന്മയെ ഉദ്ദേശിച്ചു പ്രത്യേക പ്രതിനിധിയെ നിയമിക്കുന്നതിനെപ്പറ്റി കഴിഞ്ഞ പൊതുയോഗത്തിൽ ഒരു നിശ്ചയം പാസ്സാക്കിയിരുന്നു. ആ നിശ്ചയം കയും അപേക്ഷയെ ഗവർണർ അവർകളുടെ ദൃഷ്ടിയിൽ എത്തിച്ചു സഫലമാക്കിത്തരാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അതിനു നമുക്കു മറുപടിതരാൻ ഗവൺമെന്റു താമസിക്കുന്നു എങ്കിലും അതുകൊണ്ടു നമ്മുടെ ആ വിഷയത്തിലുള്ള ആഗ്രഹങ്ങൾ ഗവൺമെന്റിന്റെ ദൃഷ്ടിയിൽ പെട്ടിരിക്കുന്നു എന്നുള്ളതു നിശ്ചയമാണ്. നമ്മുടെ ഇടയിൽ ഉയർന്നതരം ഉദ്യോഗസ്ഥൻമാർ വളരെ ചുരുക്കമാകുന്നു. ഡിപ്യൂട്ടി കലക്ടർ റാവു ബഹദൂർ പി. വേലായുധൻ അവർകളുടെ അകാല ദേഹവിയോഗത്തെപ്പറ്റി കഴിഞ്ഞ പൊതുയോഗത്തിൽ നമ്മുടെ വലുതായ വ്യസനത്തെ നാം രിക്കാർഡു ചെയ്തിരുന്നു. ഭാഗ്യവശാൽ ഈ കൊല്ലം നമുക്കു രണ്ടു ഡിപ്യൂട്ടി കലക്ടർമാർ ഉണ്ടായിരിക്കുന്നു. മിസ്റ്റർ കെ. മന്ദൻ, മിസ്റ്റർ കെ. കുഞ്ഞുരാമൻ ഈ രണ്ടു യോഗ്യരായ ഉദ്യോഗസ്ഥൻമാരുടെ ഇപ്പോഴത്തെപ്പറ്റി അവർ അതിനെ നല്ലവണ്ണം അർഹിക്കുന്ന വരാണെങ്കിലും നമുക്കു ഗവൺമെന്റിന്റെ പേരിൽ നന്ദിയുണ്ടായിരിക്കേണ്ടതാകുന്നു.

സമാജങ്ങൾ: യോഗത്തിന്റെ ആവിർഭാവത്തോടുകൂടി മതം, സദാചാരം, വിദ്യാഭ്യാസം, വ്യവസായം, ആചാരപരിഷ്കാരണം എന്നിങ്ങനെയുള്ള ഉദ്ദേശ്യങ്ങളെ മുൻനിർത്തി ഒട്ടധികം സമാജങ്ങളും സ്ഥാപനങ്ങളും യോഗത്തോടു സംബന്ധിച്ചും സംബന്ധിക്കാതെയും കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉണ്ടാകുകയും അവ ഒരു പ്രകാരം അല്പെങ്കിൽ മറ്റൊരു പ്രകാരം സമുദായത്തിന്റെ അഭിവൃദ്ധിക്കായി ശ്രമിച്ചുകൊണ്ടിരിക്കുക യും ചെയ്യുന്നു. ഇവയിൽ ചിലതിന്റെ കീഴിൽ നല്ലവണ്ണം നടത്തപ്പെടുന്ന വിദ്യാലയങ്ങളും ക്ഷേത്രങ്ങളും മറ്റും ഇപ്പോൾ ഉണ്ട്. ചിലത് ഇങ്ങനെയുള്ള സ്ഥാപനങ്ങൾക്കായി ശ്രമിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. ഈ റിപ്പോർട്ട് ഇപ്പോൾ തന്നെ ദീർഘിച്ചു പോയിരിക്കുന്നതിനാൽ അവയെ സംബന്ധിച്ചു യാതൊരുവിധത്തിലുള്ള വിവരണത്തിനും തരമില്ലാത്തതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

അവസാനം: ചുറുചുറുക്കുള്ളതിൽ ഏറ്റവും വന്ദ്യരായ ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി പാദങ്ങളിലെ ആജ്ഞയെ മുൻനിറുത്തിയും അദ്ധ്യക്ഷതയിൻകീഴിലും അവിടത്തെ പാവനമായ നാമധേയത്തിലും സ്ഥാപിച്ചിരിക്കുന്ന നമ്മുടെ യോഗത്തിന് ഈ ഏഴു കൊല്ലംകൊണ്ടു പ്രത്യക്ഷമായും അപ്രത്യക്ഷമായും അനേകം സംഗതികൾ സാധിപ്പാൻ കഴിഞ്ഞിരിക്കുന്നു. അല്പമാണെങ്കിലും സ്ഥിരമായും നിരന്തരമായുമുള്ള ഇതിന്റെ പ്രവൃത്തികളും ഫലങ്ങളും കണ്ട് ഈ മാതിരി സ്ഥാപനങ്ങളിൽ നമ്മുടെ നാട്ടുകാർക്കു സഹജമായുള്ള അവിശ്വാസവും അശ്രദ്ധയും ക്രമേണ കുറഞ്ഞുതുടങ്ങിയിരിക്കുന്നു. ഇതിന്റെ നടത്തിപ്പിലും നിലനിൽപ്പിലും ശക്തിയിലും നമ്മുടെ ജനങ്ങൾക്ക് അധികമധികം വിശ്വാസം ജനിച്ചു തുടങ്ങിയിരിക്കുന്നു. സമുദായത്തിന്റെ സകലവിധ ഗുണങ്ങൾക്കും ഇത് ആസ്പദമായിത്തീരുമെന്നു പരക്കെ സമ്മതമായിരിക്കുന്നു. യോഗത്തിന്റെ പ്രവൃത്തികളും ഫലങ്ങളും നമ്മിൽ ഓരോരുത്തരുടെ മുമ്പിലും ഗോപുരംപോലെ സ്ഥൂലമായി കാണപ്പെടുന്നില്ലെങ്കിലും അതിന്റെ അദൃശ്യമായ ശക്തി നമ്മുടെ നൻമയ്ക്കുവേണ്ടിയുള്ള യന്ത്രചക്രങ്ങളെ എല്ലാം എപ്പോഴും ചലിപ്പിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു.

ഇന്നത്തെ യോഗത്തെപ്പറ്റി രണ്ടു വാക്കു പറയാതെ ഈ റിപ്പോർട്ടു പൂർണ്ണമാകുന്നതല്ല. മയ്യഴി ഈ കരയിലുള്ള പരന്ത്രീസ് ഗവൺമെൻറിന്റെ രാജ്യമാണ്. കേരളീയ ഹിന്തുക്കളിൽ സംഖ്യകൊണ്ട് ഏറ്റവും വല്യ ജാതിക്കാരായ നാം കേരളം മുഴുവൻ വ്യാപിച്ചു കിടക്കുന്നവരാകുന്നു. തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ് ഈ മൂന്നു ഗവൺമെൻറിന്റെ കീഴിലും നാം ഈ യോഗത്തിന്റെ വാർഷിക പൊതുയോഗങ്ങൾ കൊണ്ടാടുകയും ആ ഗവൺമെൻറുകളുടെ ഭയയ്ക്കും സഹകരണങ്ങൾക്കും പാത്രമായിത്തീരുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടു പരിഷ്കൃതമായ പരന്ത്രീസ് ഗവൺമെൻറിന്റെയും ദയാദൃഷ്ടിയിൽ നമ്മുടെ ശ്രമങ്ങളെ കൊണ്ടു വരേണമെന്നുള്ള നമ്മുടെ ആഗ്രഹമാണ് ഈ ഏഴാമത്തെ പൊതുയോഗം ഈ പെറിയ ഔണിൽ കൂടാൻ കാരണമായിരിക്കുന്നത്. പ്രതീക്ഷിച്ചപോലെതന്നെ നമ്മുടെ അപേക്ഷയെ അനുസരിച്ചു നമുക്ക് ഇവിടെ യോഗം കൂടാൻ അനുവാദം തരികയും ഗവൺമെൻറുവക ഈ ഹാൾ ഉപയോഗത്തിനായി വിട്ടുതരികയും ചെയ്തു നമ്മെ സഹായിച്ചതിനുപുറമേ യോഗം പ്രമാണിച്ചു രണ്ടു ദിവസം ഇവിടെയുള്ള എല്ലാസ്കൂളുകളും പൂട്ടാൻ കൽപ്പനകൊടുത്തു നമ്മെ ബഹുമാനിക്കയും ചെയ്ത പരന്ത്രീസ് ഗവൺമെൻറിനോടു പൊതുവായും പുതുശ്ശേരി ഗവർണർ അവർകളോടും മയ്യഴി അഡ്മിനിസ്ട്രേറ്റർ അവർകളോടും പ്രത്യേകമായും നമുക്ക് ഏറ്റവും കൃതജ്ഞതയും ബഹുമാനവും ഉണ്ടായിരിക്കേണ്ടതാകുന്നു. വളരെക്കാലം ഉത്തരവാദമുള്ള ഉദ്യോഗങ്ങളിലിരുന്നു ഗവൺമെൻറിന്റെ തൃപ്തിക്കും, കൃത്യനിഷ്ഠ, സത്യസന്ധത, സ്വജാതി സ്നേഹം, പരിപക്വമായ ലോക പരിചയം ഇവ കൊണ്ടു ജനങ്ങളുടെ പ്രശംസയ്ക്കും പാത്രമായിത്തീർന്നിട്ടുള്ള

Digitized By Kerala Sahitya Akademi

യോഗ്യനായ മ. രാ. രാ. എം. ആർ. കേളപ്പൻ അവർകൾ നമ്മുടെ അപേക്ഷയെ ദയാപൂർവം സ്വീകരിച്ച് ഇന്നത്തെ അദ്ധ്യാസനം വഹിപ്പാൻ സമ്മതിച്ചതിലേക്ക് അദ്ദേഹത്തിന്നും നാം ഏറ്റവും നന്ദി പറയേണ്ടതാകുന്നു. ഇദ്ദേഹത്തിന്റെ യോഗത്തോടുള്ള ഈ പ്രത്യക്ഷമായ സംബന്ധം യോഗത്തിന്റെ ഭാവി ഗുണങ്ങളെ വർദ്ധിപ്പിക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഡാക്ടർ പല്പു അവർകൾ, കൊറ്റത്തു രാമുണ്ണി അവർകൾ, സി. എം. രാമച്ചൻ മൂപ്പൻ അവർകൾ, ഹൈക്കോർട്ടു വക്കീൽ ഒയിറ്റി കൃഷ്ണൻ ബി. എ. ബി. എൽ. അവർകൾ ഈ യോഗ്യൻമാരുടെ എന്ന പോലെ എം. ആർ. കേളപ്പൻ അവർകളുടേയും പേർ നമ്മുടെ വലിയ സമുദായത്താൽ എങ്ങും സ്നേഹബഹുമാനപൂർവം സ്മരിക്കപ്പെടുമെന്നുള്ളതു നിശ്ചയമത്രേ. ഈ പൊതുയോഗ സംബന്ധമായ സകല ഒരുക്കങ്ങളേയും ഇത്ര തൃപ്തികരമാംവണ്ണവും ഭംഗിയായും ചെയ്തു തങ്ങളുടെ സ്വജാതി സ്നേഹത്തെ ഇങ്ങനെ പ്രദർശിപ്പിച്ച സബ് കമ്മിറ്റിക്കാർക്കും, സ്വാഗതക്കമ്മിറ്റിക്കാർക്കും, സബ്ജക്ടറ് കമ്മിറ്റിക്കാർക്കും ഏറ്റവും കൃത്യനിഷ്ഠയും അനുസരണ ബുദ്ധിയും ഉള്ളവരും ഉത്സാഹികളുമായ വാളൻറ്യയർ സംഘക്കാർക്കും പൊതുവായും പ്രത്യേകമായും നന്ദിപറഞ്ഞുകൊണ്ടു കണക്കു സഹിതം ഈ റിപോർട്ടു സമർപ്പിച്ചുകൊള്ളുന്നു.

എൻ. കുമാരൻ ആശാൻ

വിവേ: 1085 മേടം, ഇടവം

VII

1087 കന്നി 21 (1911 ഒക്ടോബർ 3)–ാം നു വർക്കല ശിവഗിരിയിൽവച്ചു കൂടിയ 8–ാം എസ്. എൻ.ഡി.പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട്.

മാന്യരേ,

ഈ എട്ടാമതു വാർഷിക പൊതുയോഗം വളരെ സമയം അതിക്രമിച്ചു കൂടിയിരിക്കയാണെന്ന് അറിയാമല്ലോ. കഴിഞ്ഞ മേടത്തിൽ ഇവിടെ ശാരദാപ്രതിഷ്ഠ നടത്താൻ സ്വാമിതൃപ്പാദങ്ങൾ വിചാരിക്കയും അതേടത്തെന്നിച്ച് ഈ വാർഷികയോഗവും ഇവിടെ വച്ചു തന്നെ നടത്താൻ ആഗ്രഹിക്കയും ചെയ്തിരുന്നു. ഒരുക്കങ്ങൾ പൂർത്തിയാകാഞ്ഞതിനാൽ ശാരദാ പ്രതിഷ്ഠ അപ്പോൾ നടത്താൻ സാധിച്ചില്ല. അതുകൊണ്ടു യോഗവും നടത്താൻ കഴിഞ്ഞില്ല. പിന്നെ ചിങ്ങത്തിൽ യോഗം മാത്രം ഇവിടെ വച്ചു കൂടുകയും പ്രതിഷ്ഠ അതിനേക്കാൾ സൗകര്യമുള്ള മറെറാരു സമയത്തേക്കു നീട്ടുകയും

Digitized By Kerala Sahitya Akademi

ചെയ്‌വാൻ ആലോചിക്കേണ്ടി വന്നു. അതും തെറ്റി. ഈ യോഗത്തിൽ അഗ്രാസനം വഹിപ്പാൻ സമ്മതിച്ചിരുന്ന ഡാക്ടർ പല്പു അവർകൾക്ക് ആ സമയം തീരെ സൗകര്യപ്രദമല്ലെന്നു കണ്ടിട്ടാണ് ആ അവധി മാറ്റിയത്. അതും നിങ്ങൾ അറിഞ്ഞിരിക്കാം. സർക്കാരുദ്യോഗ സംബന്ധമായ അസ്വാതന്ത്ര്യത്താൽ വിചാരിച്ചിരുന്നതുപോലെ അദ്ദേഹത്തിന് ഇപ്പോഴും വന്നുചേരാൻ സാധിച്ചിട്ടില്ല. അതിനേപ്പറ്റി അദ്ദേഹം അയച്ച കമ്പിയും കത്തും ഇവിടെ വായിച്ചത് ഓർക്കുമല്ലോ. ഇന്നു നമ്മുടെ അഗ്രാസനം വഹിക്കുന്ന ഈ മാന്യദേഹം നോട്ടീസിൽ വിവരിച്ച പോരുടമസ്ഥനല്ലാത്തതിനാൽ ചിലർക്ക് ആശ്ചര്യം തോന്നിയിരിക്കും. എന്നാൽ അങ്ങിനെ സംഭവിപ്പാൻ കാരണം മേല്പറഞ്ഞതാണ്. ഇന്നത്തെ യോഗത്തിൽ പതിവുപോലെയുള്ള യാതൊരു ആഡംബരവും ഇല്ല; പ്രത്യക്ഷത്തിൽ ഏതാണ്ടു ധൃതഗതിയായി കൂടാൻ ഇടയായതാണെന്നും തോന്നാം. അതേ, അതിനു കാരണമുണ്ട്. 1910–ലെ അതായതു കഴിഞ്ഞ കൊല്ലത്തെ വരവു ചിലവു കണക്കുകൾ യോഗത്തിൽ പാസ്സാക്കി ഇതുവരെ ഗവൺമെൻറിൽ സമർപ്പിച്ചിട്ടില്ല. യോഗം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനി ആകയാൽ അതു നിയത കാലങ്ങളിൽ ചെയ്തേ കഴിയൂ. തെറ്റിപ്പാൻ നിയമവും ഗവൺമെൻറും അനുവദിക്കുന്നതല്ല. അതുകൊണ്ട് ഇന്നു കൂടിയ ഈ യോഗത്തിൽ ഒന്നാമതായി നാം കണക്കുകൾ പാസ്സാക്കി അയപ്പാൻ നിർബന്ധിതരായിരുന്നു. (കണക്കുകൾ വിട്ടിരിക്കുന്നു–എഡിറ്റർ)

ഡയറക്ടർ ബോർഡ്

പ്രസ്തുത കൊല്ലത്തിൽ ഡയറക്ടർമാരുടെ ബോർഡിൽ താഴെ പറയുന്ന മാന്യൻമാർ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

മ.രാ.രാ.	അരിപ്പാടശ്ശേരി എം. കൃഷ്ണൻ അവർകൾ	തിരുവനന്തപുരം	
,,	പി. മാധവൻ വൈദ്യൻ	,,	,,
,,	പി. ഗോവിന്ദൻ കൺട്രാക്ടർ	,,	,,
,,	പി. കൊച്ചു പപ്പു തരകൻ	,,	ചിറയിൻകീഴ്
,,	വി കേശവൻ ആശാൻ	,,	കൊല്ലം
,,	പാട്ടത്തിൽ കൊച്ചയ്യൻ ചാന്നാർ	,,	,,
,,	ഈ. കെ. പയ്മനാഭൻ	,,	,,
,,	മേനാത്തേരിൽ നാരായണപ്പണിക്കർ	,,	കരുനാഗപ്പള്ളി
,,	ആലുംമൂട്ടിൽ കൊച്ചുകുഞ്ഞുചാന്നാർ	,,	കാർത്തികപ്പള്ളി
,,	എം. കൃഷ്ണൻ	,,	കൊച്ചി
,,	ചേർത്തെടത്തു രാമൻ	,,	പൊന്നാനി
,,	സി. കൃഷ്ണൻ ബി. എ. ബി. എൽ.	,,	ചാവക്കാട്
,,	സി. എം. രാരിച്ചൻ മൂപ്പൻ	,,	അഴിക്കോട്
,,	പുന്നരാമോട്ടി	,,	മയ്യഴി
,,	കെ. രാമുണ്ണി അവർകൾ	,,	തലശ്ശേരി
,,	എം. കൃഷ്ണൻ ബി.എ.ബി.എൽ.	,,	കണ്ണൂർ

Digitized By Kerala Sahitya Akademi

ബോർഡിൽ നിന്നു താഴെ കാണുന്ന സംഗതികൾ നടത്തിയിരിക്കുന്നു.

(പ്രൊ. ന. 1) മയ്യനാട്ടു മിസ്റ്റർ വി. പത്മനാഭൻ ആഫീസിൽ ജൂർക്കു ജോലിയിൽ നിന്നു പിരിഞ്ഞ ഒഴിവിനു മയ്യഴിയിൽ കെ. കുഞ്ഞിരാമനെ 15 ക. ശമ്പളത്തിൽ സ്ഥിരപ്പെടുത്താൻ കൗൺസിലിന് അനുവാദം കൊടുത്തു.

(പ്രൊ. ന. 2) അരുവിപ്പുറം ക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവം ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള സംഖ്യയിൽ നിന്ന് ആവശ്യമായ ചെലവുകൾ ചെയ്തു പതിവുപോലെ നടത്താൻ കൗൺസിലിന് അനുവാദം നൽകി.

(പ്രൊ. ന. 3) യോഗത്തിന്റെ 7–ാമതു വാർഷികയോഗം മയ്യഴിയിൽ വച്ച് ഒരു കമ്മറിയുടെ കീഴിലും പെൻഷൻ മുൻസിഫ് എം. ആർ. കേളപ്പൻ അവർകളുടെ അദ്ധ്യക്ഷതയിലും മേയ് മാസം 9-ം 10-ം തീയതികളിൽ നടത്താൻ അനുവദിച്ചു.

(പ്രൊ: ന. 4) 1. സാധാരണ വിദ്യാഭ്യാസ ധനസഹായാർത്ഥം ബഡ്ജറ്റിൽ അനുവദിച്ചിരിയ്ക്കുന്ന സംഖ്യയെ സാഹായ്യം പറ്റിവരുന്നവരും പുതിയ അപേക്ഷകരുമായ വിദ്യാർത്ഥികൾക്കായി യഥായോഗ്യം വീതിച്ചു കൊടുപ്പാനും;

2. കുടിശ്ശികക്കാരായ യോഗാംഗങ്ങളുടെ പേരിൽ നമ്പർ പതിച്ചു വ്യവഹാരം നടത്തുന്നതിനും, കുമാരൻ സുബ്രഹ്മണ്യന്റെ ഈടു വസ്തുവിൻമേൽ വിധി നടത്തുന്നതിനും, ആവശ്യമായ ചിലവുകൾ യഥാകാലം ചെയ്തു കൊള്ളുന്നതിനും കൗൺസിലിന് അനുവാദം കൊടുത്തു.

(പ്രൊ: ന. 5) 7-ാമതു പൊതുയോഗത്തിലെ 5-ാമതു നിശ്ചയം അനുസരിച്ചു മിസ്റ്റർ കെ. ഭരതൻ ഇംഗ്ളണ്ടിൽ പോയി വൈദ്യസംബന്ധമായ പരീക്ഷ പാസ്സായി വരുന്നതിന്റെ ചിലവിലേക്കായി 1500 ക. ഉറപ്പിൻമേൽ കടം കൊടുപ്പാൻ അനുവദിച്ചതിനു ഡയറക്ടർമാരായ കൊറ്റത്തു രാമുണ്ണി അവർകളേയും, പുന്നരാമോട്ടി അവർകളേയുംകൊണ്ട് ഉറപ്പു വസ്തുക്കളും പ്രമാണങ്ങളും വേണ്ടവണ്ണം പരിശോധിപ്പിച്ചു തൃപ്തികരമാണെന്നുകണ്ടാൽ യോഗത്തിനു യാതൊരു വിധത്തിലും ദോഷകരവും ഭാരവുമാകാത്ത വ്യവസ്ഥകളിൻമേൽ ഖരാറു എഴുതി വാങ്ങി 100 ക. ഉടനേയും, ശേഷം യഥാകാലം ആവശ്യപ്പെടുമ്പോഴും കൊടുപ്പാൻ കൗൺസിലിനു അനുവാദം നൽകി.

(പ്രൊ. ന. 6) ശ്രീമൂലം പ്രജാസഭയിലേക്കു യോഗത്തിന്റെ പ്രതിനിധിയായി ജനറൽ സെക്രട്ടറിയെ തിരഞ്ഞെടുത്തു.

Digitized By Kerala Sahitya Akademi

(പ്രൊ. ന. 7) മിസ്റ്റർ ഭരതൻ ഉറുപ്പുകൊടുപ്പാൻ വിചാരിച്ച വസ്തുവും പ്രമാണങ്ങളും 5–ാമതു പ്രൊസീഡിംഗ്സിലെ താൽപര്യ പ്രകാരം പ്രത്യേകം എർപ്പെടുത്തിയ ഡയറക്ടർമാരുടെ പരിശോധനയിൽ തൃപ്തികരമല്ലെന്നു കാണുകയാൽ വീണ്ടുമുണ്ടായ നടപടികളിൽ 375-ക. യ്ക്കു ഈടു വസ്തു കിട്ടായ്കയാൽ അത്രയും സംഖ്യയ്ക്കു മാത്രം യോഗ്യൻമാരായ രണ്ടാളുകളുടെ വെറും ജാമ്യത്തിൻമേൽ സ്ഥാപിച്ചും ശേഷത്തിനു സ്ഥാവര വസ്തു ഉറപ്പുവാങ്ങിയും അനുവദിച്ചിരിക്കുന്ന സംഖ്യ (1500) കൊടുക്കുന്നതിനെപ്പറ്റി ഭൂരിപക്ഷം ഡയറക്ടർമാർ അനുകൂലമായി അഭിപ്രായപ്പെടുകയാൽ ഉറപ്പു വസ്തുകളെപ്പറ്റി ഏറ്റവും തൃപ്തികരമായ പരിശോധന നടത്തി പണം കൊടുപ്പാൻ അനുവദിച്ചു.

ഡയറക്ടർമാരിൽ പലരും പലപ്പോഴും അഭിപ്രായം അയച്ചുതരുന്നതിൽ ഉപേക്ഷകം കാണിക്കാതിരുന്നിട്ടില്ല. എന്നാൽ എല്ലാ പ്രൊസീഡിംഗ്സിലും ഒന്നു പകുതിയിൽ കുറയാത്ത ബോർഡു മെംബർമാരുടെ അഭിപ്രായം കിട്ടീട്ടുണ്ട്. യാതൊരു അഭിപ്രായവും അയയ്ക്കാത്തതായി പ്രസ്തുത കൊല്ലത്തെ ഡയറക്ടർമാരിൽ ഒരാളുമല്ല. ദൂരസ്ഥരായ ഡയറക്ടർമാരിൽ മദ്രാസ് ഗവർമെണ്ടു മലയാളം ട്രാൻസ്ലേറ്റർ എം. കൃഷ്ണൻ ബി. എ. ബി. എൽ. അവർകളും അഭിപ്രായം അയച്ചു തരുന്നതിൽ അധികം കൃത്യനിഷ്ഠയെ പ്രദർശിപ്പിച്ചിരിക്കുന്നതും യോഗത്തോടു തനിക്കുള്ള മമതയെ പല പ്രകാരത്തിൽ യഥാവസരം സൂചിപ്പിച്ചിട്ടുള്ളതും പ്രത്യേകം പറയത്തക്കതാണ്. കോഴിക്കോട്ടു ഹൈക്കോർട്ടു വക്കീൽ സി. കൃഷ്ണൻ ബി. എ. ബി. എൽ. അവർകളും, തലശ്ശേരിൽ കൊറ്റ്യത്തു രാമുണ്ണി വക്കീൽ അവർകളും, കൊച്ചിയിൽ എം. കൃഷ്ണൻ അവർകളും അഭിപ്രായം അയച്ചുതരുന്നതിലും മറ്റുപ്രകാരത്തിലും യോഗത്തോട് ഏറ്റവും മമതയെ പ്രദർശിപ്പിക്കുന്നവരാണ്.

കൗൺസിൽ

കൗൺസിൽ താഴെപ്പറയുന്ന സംഗതികം നടത്തിയിരിക്കുന്നു.

(കൗൺസിൽ പ്രൊ: ന. 1) ബോർഡിന്റെ അനുവാദപ്രകാരം, ഉണ്ടിയൽക്കടയിൽ തൽക്കാലത്തേക്കു മുക്കാൽ പലിശയിൽ ഇട്ടിരുന്ന 500 ക. മുഴുപ്പലിശയ്ക്കു തൃപ്തികരമായ സ്ഥാവര വസ്തുക്കളുടെ ഉറപ്പു പരിശോധിച്ചു വാങ്ങി തിരുവനന്തപുരത്തു നെല്ലിമൺ പേരഴികത്തു ഈശ്വരൻ കൃഷ്ണൻ മുതൽ പേർക്കു കച്ചീട്ടിൻ പ്രകാരം കൊടുത്തു.

(കൗ. പ്രൊ: ന. 2) ഹെഡ് ക്ളർക്കിന്റെ ഒഴിവിനു മയ്യഴി കെ. കുഞ്ഞുരാമന്റെ അപേക്ഷയെ സ്വീകരിച്ചു ജോലി മുടക്കം കൂടാതെ നടത്താൻവേണ്ടി ബോർഡിന്റെ തീർച്ചയെ പ്രതീക്ഷിച്ചുകൊണ്ട് അയാളെ നിയമിച്ചു.

(കൗ. പ്രൊ. ന. 3) ബോർഡിന്റെ 1-ാം നമ്പർ പ്രൊസീഡിംഗ്സ് അനുസരിച്ചു മിസ്റ്റർ കുഞ്ഞുരാമനെ 15 ക. ശമ്പളത്തിൽ ഹെഡ് ക്ളർക്കായി സ്ഥിരീകരിച്ചു.

Digitized By Kerala Sahitya Akademi

(കൗ. പ്രൊ. ന. 4) ബോർഡിന്റെ 2-ാം നമ്പർ പ്രൊസീഡിംഗ്സ് അനുസരിച്ച് അരുവിപ്പുറത്തെ ശിവരാത്രി മഹോത്സവത്തിനു പണം അനുവദിക്കയും നടത്തുകയും ചെയ്തു.

(കൗ. പ്രൊ. ന. 5) അസിസ്റ്റന്റു ക്ലർക്ക് ഏ. പൽപുവിനു ശമ്പളത്തിൽ ഒരുറുപ്പിക കൂടുതൽ കൊടുപ്പാൻ നിശ്ചയിച്ചു.

ബോർഡിന്റെ 4-ാം നമ്പർ പ്രൊസീഡിംഗ്സ് അനുസരിച്ചു വിദ്യാഭ്യാസ ധനസഹായത്തിനായി അനുവദിച്ച സംഖ്യയെ യോഗ്യതയെ സ്പഷ്ടമാക്കേണ്ട അന്വേഷണം നടത്തി താഴെ പറയും പ്രകാരം വിഭാഗിച്ചു കൊടുത്തു.

ഭഗവതി നീലകണ്ഠൻ: സ്കൂൾ ഫൈനൽ ക്ലാസ്, മഹാരാജാസ് ഹൈസ്കൂൾ, തിരുവനന്തപുരം പ്രതിവർഷം 36 ക.

കെ. ഐ. അയ്യപ്പൻ: സ്കൂൾ ഫൈനൽ ക്ലാസ്, സി. എം. എസ്. കാളേജ്, കോട്ടയം. പ്രതിവർഷം 36 ക.

എം. കെ. രാമൻ: ഇൻറർ മീഡിയറ് ക്ലാസ്, എറണാകുളം കാളേജ് പ്രതിവർഷം 40 ക.

ഒടുവിൽ പറഞ്ഞ വിദ്യാർത്ഥി ബുദ്ധിസാമർത്ഥ്യവും ശുഷ്കാന്തിയും മുള്ളവനാണെന്നും സാഹായ്യത്തെ നല്ലവണ്ണം അർഹിക്കുന്നുണ്ടെന്നും അറിയുന്നു. അയാൾ ധനസംബന്ധമായി തീരെ ദരിദ്രനാകയാൽ തല്ക്കാലം അനുവദിച്ചിരിക്കുന്ന 40 ക. കൊണ്ടു പഠിത്തം അനുവർത്തിക്കുന്നതിനു കഴിയാതെ കാളേജു വിടേണ്ടിവരുമെന്നും എന്തെങ്കിലും കൂടുതൽ അനുവദിപ്പാൻ ദയയുണ്ടാകണമെന്നും വിണ്ടും അപേക്ഷിച്ചു കൊണ്ടിരിക്കയുമാകുന്നു. അയാൾക്കു കഴിഞ്ഞ കൊല്ലത്തെ പരീക്ഷയിൽ പ്രമോഷൻ ലഭിച്ചിരിക്കുന്നു എന്നും അറിയുന്നു. ഭഗവതി നീലകണ്ഠനും, എം. കെ. രാമനും പറയുന്ന പണങ്ങൾക്കു നടപ്പിലിരിക്കുന്ന വ്യവസ്ഥയനുസരിച്ച് ഉടമ്പടികൾ എഴുതിത്തന്നിട്ടുണ്ട്. കേ. ഐ. അയ്യപ്പൻ മൈനോറിട്ടി കഴിഞ്ഞ ഉടൻ ഉടമ്പടി എഴുതിത്തരാൻ ഏറ്റിട്ടുമുണ്ട്.

(കൗ. പ്രൊ. ന. 7) ബോർഡിന്റെ 8-ാം നമ്പർ പ്രൊസീഡിംഗ്സ് അനുസരിച്ച് കുടിശ്ശികക്കാരായ യോഗാംഗങ്ങളുടെ പേരിൽ വ്യവഹാരം നടത്തി പണം ഈടാക്കുന്നതിനും കുമാരൻ സുബ്രഹ്മണ്യന്റെ കേസിലേ വിധി നടത്തു വകയ്ക്കുവേണ്ട ചിലവുകൾ യഥാകാലം ചെയ്തു കൊള്ളുന്നതിനും ജനറൽ സിക്രട്ടറിയെ ചുമതലപ്പെടുത്തി.

(കൗ. പ്രൊ: ന. 8) വിദ്യാഭ്യാസ ഫണ്ട് യോഗം ജനറൽ ഫണ്ടിനോടു ലയിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള പൊതുയോഗ നിശ്ചയമനുസരിച്ചു

Digitized By Kerala Sahitya Akademi

രിച്ചു ടി ഫണ്ടു സിക്രട്ടറി ആയിരുന്ന ഡാക്ടർ പൽപു അവർകളെ ഫണ്ടു വകയിൽ പിരിഞ്ഞിട്ടുള്ളതിൽ ചിലവു കഴിച്ചു ബാക്കിയുള്ള 205 ക. യോഗത്തിലേക്ക് അയച്ചുതന്നതു യോഗം ഫണ്ടിൽ ചേർത്തു പോസ്റ്റാഫീസു സേവിംഗ്സ് ബാങ്കിൽ അടപ്പാൻ തീർച്ചയാക്കി.

(കൗ. പ്രൊ: ന. 9) ഹെഡ് ക്ലർക്കു മിസ്റ്റർ കുഞ്ഞുരാമൻ പെട്ടെന്നു സുഖക്കേടായി സ്വദേശത്തേക്കു പോകയും സെപ്റ്റംബർ 18–ാം നു മുതൽ ഒരു മാസത്തെ അവധിക്ക് അപേക്ഷിക്കയും ചെയ്തതനുസരിച്ച് അവധി അനുവദിച്ചു.

(കൗ. പ്രൊ: ന. 10) മിസ്റ്റർ കുഞ്ഞുരാമനു അവധി കാലത്തേക്കു പകുതി ശമ്പളം അനുവദിക്കുകയും, പിടുത്തമുള്ള സംഖ്യയിൽ മൂന്നിലൊന്നു അസിസ്റ്റൻറ് ക്ലർക്കു പൽപുവിനു കുഞ്ഞുരാമന്റെ അവധി കാലത്തു കൂടുതൽ കൊടുപ്പാൻ തീർച്ചയാക്കുകയും ചെയ്തു.

കൗൺസിൽ മെംബർമാർ അവരുടെ ചുമതലകളെ വീഴ്ച കൂടാതെ നടത്തുകയും എല്ലാ കൗൺസിൽ മീറ്റിങ്ങുകളിലും ഹാജരാകയും എല്ലാ നടപടികളിലും സമുദായ സ്നേഹപൂർവം ഏറ്റവും ശ്രദ്ധിച്ചും ഉത്തരവാദ ബുദ്ധിയോടു കൂടിയും പ്രവൃത്തികം നടത്തുകയും ചെയ്തിരിക്കുന്നു. ഉപാദ്ധ്യക്ഷൻ എം. കുമാരു അവർകളെ പ്രസ്തുത കൊല്ലത്തിൽ കുടിശ്ശികക്കാരുടെ പേരിൽ 66–ൽ പരം നംബർ പതിച്ചിട്ടുള്ളതിനെ സംബന്ധിച്ചും യോഗ സംബന്ധമായ മറ്റു കാര്യങ്ങൾക്കായും പലപ്പോഴും കോടതിയിൽ ഹാജരാകുക മുതലായ പ്രത്യേക ശ്രമങ്ങൾ ചെയ്തിട്ടുള്ളതു വിശേഷിച്ചും പ്രസ്താവ യോഗ്യമാകുന്നു. ജനറൽ സിക്രട്ടറിക്ക് ആഫീസ് ജോലിയിൽ പ്രസ്തുത കൊല്ലം പൂർവാധികമായി മുങ്ങിക്കിടക്കേണ്ടി വന്നിരുന്നു. സാധാരണ ആഫീസ് ജോലി തന്നെ വർദ്ധിച്ചു വരുന്നതിനു പുറമേ വ്യവഹാരങ്ങൾ നടത്തുകയും അവയെപ്പറ്റി യാതൊരു വക നഷ്ടത്തിനും കുഴപ്പത്തിനും ഇടയാകാതെ യഥാകാലം ശ്രദ്ധിച്ചുകൊണ്ടിരിക്കയും ചെയ്യേണ്ടി വരികയാൽ പുറത്തുപോയി വേല ചെയ്യാൻ പതിവുപോലെ സാധിച്ചിട്ടില്ല. എങ്കിലും മലബാറുവരെ രണ്ടു തവണ സർക്കീട്ടു ചെയ്കയും ഒരു മാസത്തിനുമേൽ അവിടങ്ങളിൽ താമസിച്ചു മയ്യഴിയിൽ വച്ചു കഴിഞ്ഞ പൊതുയോഗം അത്ര വിജയപൂർവമായി നടപ്പാൻ വേണ്ട ശ്രമങ്ങൾ ചെയ്കയും പല യോഗ്യൻമാർക്കും യോഗത്തോടു പൂർവാധികമായ ആദരവും മമതയും തോന്നത്തക്കവണ്ണം കഴിയുന്നതൊക്കെ പ്രവർത്തിക്കയും ഏതാനും അംഗങ്ങളെ പുതുതായി ചേർക്കയും ചെയ്തിരുന്നു.

പൊതുയോഗ നിശ്ചയങ്ങൾ

കഴിഞ്ഞ പൊതുയോഗത്തിലെ ആദ്യത്തെ നിശ്ചയം അനുസരിച്ചു എഡ്വർഡ് ചക്രവർത്തി തിരുമനസ്സിലെ ദേഹവിയോഗത്തെ അനുശോചി

Digitized By Kerala Sahitya Akademi

ച്ചു സമുദായത്തിന്റെ പ്രതിനിധ്യത്തിൽ യോഗത്തിൽനിന്നു മദ്രാസ് ഗവർണർ അവർകൾക്ക് അനുതാപക്കമ്പി കൊടുക്കുകയും ഗവർണർ അവർകൾ അതിനു യോഗത്തിനു നന്ദി പറഞ്ഞു ബ്രിട്ടീഷ് റസിഡണ്ടു മുഖേന മറുപടി തരികയും ചെയ്തിരിക്കുന്നു.

4—ാമതു നിശ്ചയം അനുസരിച്ചു മിസ്റ്റർ കെ. ഭരതനു കൊടുപ്പാൻ അനുവദിച്ച വിദ്യാഭ്യാസ ലോൺ കൊടുക്കുന്നതിനെ സംബന്ധിച്ചു ദീർഘമായും സൂക്ഷ്മമായും നടത്തിയ അന്വേഷണങ്ങൾ പ്രസ്തുത കൊല്ലത്തിൽ അവസാനിച്ചിട്ടില്ലെങ്കിലും മിസ്റ്റർ ഭരതൻ ഇപ്പോൾ യോഗത്തിൽനിന്നു ഉറപ്പിനു പ്രകാരം 600 ക. വിദ്യാഭ്യാസ ലോൺ ആയി പറഞ്ഞു മദ്രാസ് മെഡിക്കൽകാളേജിലെ എം. ബി. സി. എം. അവസാന പരീക്ഷയ്ക്കു പഠിക്കയാകുന്നു.

9—ാമതു നിശ്ചയം അനുസരിച്ചു വിദ്യാഭ്യാസ ഫണ്ട് സിക്രട്ടറി ആ ഫണ്ടു വകയിൽ പിരിഞ്ഞിട്ടുണ്ടായിരുന്ന പണവും (205 ക. മാത്രം) റിക്കാർഡുകളും യോഗത്തിൽ ഏല്പിച്ചിരിക്കുന്നു. യോഗത്തിൽ നിന്ന് ആ ഫണ്ടിൽ സംഭാവന വാഗ്ദാനം ചെയ്തിട്ടുള്ള എല്ലാ മാന്യൻമാർക്കും മെമ്മോകം അയയ്ക്കയും വിവേകോദയം മുഖേന പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ഞാൻ പലരേയും മുഖദാവിൽ കണ്ടു തന്നെ ചോദിക്കയും ചെയ്തിട്ടും മൗനം ദീക്ഷിക്കയും അവധി പറകയും ചെയ്യുന്നതല്ലാതെ പണം അടച്ചു കാണുന്നില്ല. വാഗ്ദാനം ചെയ്തവരിൽ പല മാന്യൻമാരും മരിച്ചുകൊണ്ടുവരികയും ചെയ്യുന്നു. ബാക്കിയുള്ളവർ ഇനിയെങ്കിലും തങ്ങളുടെ ധർമ്മ വിഷയത്തിലുള്ള വാഗ്ദാനത്തെ നിറവേറ്റി ആത്മാക്കൾക്കു ഋണമോചനം വരുത്താൻ നോക്കുമെന്നു വിശ്വസിക്കുന്നു

10—ാമതു നിശ്ചയമനുസരിച്ചു പിന്നോക്കം നിൽക്കുന്ന ജാതിക്കാരുടെ പ്രതിനിധിയായി മദ്രാസ് നിയമ നിർമ്മാണസഭയിൽ ഒരു പ്രത്യേക മെംബറെ നിയമിക്കുന്നതിനെപ്പറ്റി ടി ഗവൺമെൻറുമായി എഴുത്തുകുത്തു കൾ ചെയ്കയും നമ്മുടെ സമുദായത്തിന്നു പ്രത്യേകം ഒരു മെംബറെ അനുവദിക്കണമെന്നുള്ള അപേക്ഷയെ സ്വീകരിപ്പാൻ കഴിയാത്തതിൽ വ്യസനിക്കുന്നു എന്നു ഗവർണർ അവർകൾ മറുപടി തരികയും ചെയ്തിരിക്കുന്നു. നമ്മുടെ അപേക്ഷയ്ക്ക് അനുകൂലമായി പ്രവർത്തിച്ചാൽ മറ്റു സമുദായങ്ങളും ഇതുപോലെ അപേക്ഷിക്കുകയും ഭരണകർത്താക്കൻമാർക്കു അതു പല അസൗകര്യത്തിനും കുഴപ്പത്തിനും ഇടയായിത്തീരുകയും ചെയ്യുമെന്നു കരുതിയായിരിക്കണം ഗവൺമെൻറിൽ നിന്നിങ്ങിനെ മറുപടി തന്നത്. എന്നാൽ അതുകൊണ്ടു നമ്മുടെ അവകാശത്തെയും ആവശ്യത്തെയും സംബന്ധിച്ചു ഗവർമെൻറിനു അധികമായിപ്പാടുണ്ടെന്നുള്ളത് നിശ്ചയമാണ്. അത് അതിനുശേഷം നമ്മുടെ

Digitized By Kerala Sahitya Akademi

നേരേയുള്ള ഗവർമെൻറിന്റെ അനുഭാവപൂർവമായ നിലയിൽ നിന്ന് എളുപ്പത്തിൽ ഊഹിക്കാവുന്നതുമാണ്.

ബഹുമാനപ്പെട്ട എം. കൃഷ്ണൻ നായർ അവർകളുടെ വിഭാഗ ബില്ലിനെ തീയ്യരിൽ മരുമക്കത്തായികം പിന്താങ്ങുന്നു എന്നുള്ള യോഗത്തിന്റെ 11–ാമതു നിശ്ചയത്തേപ്പറ്റി അദ്ദേഹത്തിന് എഴുതുകയും ഭൂതിനേപ്പറ്റിയും യോഗത്തിന്റെ നിലയെപ്പറ്റിയും ശ്ലാഘിച്ചു അദ്ദേഹം മറുപടി തരികയും ചെയ്തു.

12–മതു നിശ്ചയം അനുസരിച്ച് അപ്പാത്തിക്കരി പരീക്ഷ പാസ്സായ ശ്രീമതി പി. പാറു അമ്മയ്ക്ക് ഒരു സ്വർണ്ണമുദ്ര കൊടുപ്പാൻ തീർച്ചയാക്കിയതു മറ്റൊരാളുടെ മെഡൽ കൈമാറി പൊതുയോഗത്തിൽ വച്ചുതന്നെ ചെയ്തിരുന്നു. പകരം യോഗത്തിൽനിന്നു നല്ല മാതൃകയിൽ ഒരു സ്വർണ്ണമുദ്ര ഉണ്ടാക്കി അയച്ചുകൊടുത്തിരിക്കുന്നു.

13–ാമതു നിശ്ചയം അനുസരിച്ചു യോഗത്തിന്റെ കീഴിൽ ഒരു ശാശ്വത നിധി സ്ഥാപിച്ചുനടത്തുന്നതിനായി ആവശ്യമുള്ള നിബന്ധനകളും മറ്റും വളരെ സൂക്ഷിച്ച് എഴുതി തയ്യാറാക്കി വച്ചിരിക്കുന്നു. എങ്കിലും ആ ഭാരവും ഉത്തരവാദവുമേറിയ ഏർപ്പാടു നടപ്പിൽ കൊണ്ടു വരുന്നതിനായി പല കാരണങ്ങളാലും അസൗകര്യങ്ങളാലും ഇതുവരെ സാധിച്ചിട്ടില്ലെന്നു പറയേണ്ടി വരുന്നതിൽ വ്യസനിയ്ക്കുന്നു.

14–ാമതു നിശ്ചയമനുസരിച്ചു യോഗത്തിനുവേണ്ടി പരന്തീസു ഗവൺമെൻറു വകയായ മയ്യഴിയിൽവച്ച് ഒരു ഷോഡതി നടത്തുന്ന കാര്യത്തെപ്പറ്റി അതിന്നായി പ്രത്യേകം ഏർപ്പെടുത്തിയ കമ്മിറ്റി മെമ്പർമാരുമായി എഴുത്തുകുത്തുകം നടത്തുകയും മയ്യഴിയിലെ മേയർ മുഖേന പുതുശ്ശേരിയിൽ അന്വേഷണങ്ങം നടത്തുകയും ചെയ്തിരുന്നു. ഒരു പെറിയ പരന്തീസുദേശമായ മയ്യഴിയിൽവച്ചു ആവശ്യപ്പെട്ടപോലെ സാമാന്യം വലുതായ ഷോഡതി നടത്തുന്നതിൽ ഗവൺമെൻറനുവാദമുണ്ടാവാൻ പ്രയാസമാണെന്ന് അന്വേഷണത്തിൽ നിന്നറിയുന്നു; എങ്കിലും ഇനിയും അത് അസാദ്ധ്യമാണെന്നു തീർച്ച പറയാറായിട്ടില്ല.

പലവക

കരുണാനിധിയായ നമ്മുടെ മഹാരാജാവു തിരുമനസ്സിലെ രജതജൂബിലി പ്രമാണിച്ചു നമ്മുടെ കീഴിലുള്ള സകല ക്ഷേത്രങ്ങളിലും സമാജങ്ങളിലും ചിങ്ങം 3–ാം നു നമ്മുടെ സഹജമായ രാജഭക്തിക്കനുരൂപമായ വിധത്തിൽ ആഘോഷങ്ങളും പ്രാർത്ഥനകളും നടത്തുന്നതിനായി തിരുവിതാംകൂറിലും പുറത്തും സ്വാമിത്വപ്പാദങ്ങളിലേ ആജ്ഞാനുസാരം എഴുത്തു

Digitized By Kerala Sahitya Akademi

കുത്തു മുഖേന ഉർജ്ജിതമായ ഏർപ്പാടുകൾ ചെയ്കയും സമുദായ
ക്കാരാൽ അധിവസിക്കപ്പെടുന്ന എല്ലാ സ്ഥലങ്ങളിലും അതികേമമായ
ആഘോഷങ്ങൾ നടത്തിക്കയും ചെയ്തു. മഹാരാജാവു തിരുമനസ്സി
ലേക്കു തത്സംബന്ധമായി അന്നേ ദിവസം യോഗത്തിൽ നിന്നു ഒരു
മംഗളപത്രം സമർപ്പിച്ചതിന്നു തിരുമനസ്സുകൊണ്ടു ദിവാൻജി മുഖേന
നന്ദിപറഞ്ഞു മറുപടി തന്നിരിക്കുന്നു. യോഗത്തിന്റെ കീഴിൽ ഒരു
ബോർഡിംഗ് സ്കൂൾ സ്ഥാപിക്കുന്നതിന്റെ ഉപയോഗത്തിനായി മാവേ
ലിക്കര താമരക്കുളം പകുതിയിൽ കൃഷിയോഗ്യവും വിസ്തീർണ്ണവുമായ
ഒരു ചിറ യോഗത്തിന്റെ പേരിൽ പതിച്ചു തരുന്നതിനു മാർച്ച് 23-ാംനു-
ഗവൺമെന്റിനോട് അപേക്ഷിക്കയും അതിനുവേണ്ടി പല പ്രകാരത്തിൽ
വളരെ ശ്രമിക്കയും ചെയ്തു. ഒടുവിൽ ആവശ്യപ്പെട്ട ചിറ പതിച്ചു
തന്നാൽ അടുത്തുള്ള വലിയ പുഞ്ച നിലങ്ങൾക്കെല്ലാം അപരിഹാര്യമായ
ദോഷം നേരിടുമെന്നു കാണുകയാൽ പതിച്ചുതരാൻ തരമില്ലെന്നു മാ-
പടി കിട്ടുകയാണു ചെയ്തതെന്നു പറയേണ്ടിവരുന്നതിൽ വ്യസനി
ക്കുന്നു. എന്നാൽ ആ പുതുവൽ മേല്പറഞ്ഞ ദോഷം ഇല്ലായിരുന്നു
എങ്കിൽ യോഗത്തിനു പതിച്ചു തരുന്നതിനു മഹാരാജാവു തിരുമനസ്സി
ലെ ഗവൺമെന്റിന് അനുകമ്പാപൂർവമായ താല്പര്യമുണ്ടായിരുന്നു
എന്നു നിസ്സംശയം പറവാൻ കാരണങ്ങളുണ്ട്. അതുകൊണ്ടു മേല്പറഞ്ഞ
വക ദോഷങ്ങൾ യാതൊന്നുമില്ലാത്ത നല്ല പുതുവലുകളെപ്പറ്റി വിവര
മായ അറിവുതരാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ വീണ്ടും ആ വിഷയ
ത്തിൽ ശ്രമിക്കാവുന്നതാണ്. ശ്രീമൂലം പ്രജാസഭയുടെ നിയമങ്ങ-ള
പരിഷ്കരിച്ചതനുസരിച്ചു യോഗത്തിന്നു പതിവുപോലെ പ്രതിനിധിയെ
അനുവദിക്കണമെന്നപേക്ഷിക്കേണ്ടിവരികയും ഗവൺമെന്റിൽ നിന്ന് അനു
വദിക്കയും ചെയ്തു. ഈ കൊല്ലം പ്രതിനിധിയായി യോഗത്തിൽ നിന്നു
ജനറൽ സിക്രട്ടറിയെ തിരഞ്ഞെടുത്തു. വ്യവസായ സംബന്ധമായി നമു
ക്കുള്ള സ്വാഭാവിക വാസനയെ അടിസ്ഥാനമാക്കി തത്സംബന്ധമായ
വിദ്യാഭ്യാസങ്ങളിൽ ഗവൺമെന്റിൽനിന്നു സാഹായികധനം മൂലമായും
മറ്റും പ്രത്യേകം പ്രോത്സാഹിപ്പിക്കുന്നതിനേയും നമ്മുടെ യുവാക്കൾ
മാരിൽ യോഗ്യതയുള്ളവർക്കു മറ്റു സമുദായത്തിലുള്ളവർക്ക് എന്നപോലെ
യൂറോപ്പിലോ മറ്റോ പോയി ഉയർന്നതരം സാങ്കേതിക വിദ്യകൾ പഠിച്ചു
വരുന്നതിനു സ്കാളർഷിപ്പ് അനുവദിക്കേണ്ട ആവശ്യകതയേയും പറ-
പ്രതിനിധി പ്രതിപാദിച്ചതിന്, 'ശ്രദ്ധിക്കുന്നതാണെ'ന്നു ഗവൺമെന്റു
മറുപടി പറഞ്ഞിരിക്കുന്നു. മേല്പറഞ്ഞവ യോഗത്തിൽ പ്രസ്തുത കൊല്ല
ത്തിൽ നടന്നിട്ടുള്ള ചില പ്രധാന സംഗതികൾ മാത്രമാകുന്നു. സമാജങ്ങ
ളേയും ക്ഷേത്രങ്ങളേയും സംബന്ധിച്ചു സാധാരണ റിപ്പോർട്ടിൽ ചേർക്കാ
നുള്ള ഒരു വിവരണം വെറും യോഗംവക ആഭ്യന്തര കാര്യങ്ങളെ മാത്രം പ്രധാ
നമാക്കി കൂടിയിരിക്കുന്ന ഈ പൊതുയോഗത്തിൽ ആവശ്യമില്ലെന്നു വിചാ
രിക്കുന്നു. യോഗത്തിൽ ഈ ആദ്യത്തെ ഒമ്പതു കൊല്ലങ്ങൾ കൊണ്ടു സ്വാമി
തൃപ്പാദങ്ങളുടെ കാരുണ്യത്താൽ സിദ്ധിച്ചിരിക്കുന്ന വ്യാപ്തിയേയും
ശക്തിയേയും ഗൗരവത്തേയും പറ്റിയും ഇതിനുള്ളിൽ അതിനു ചെയ്വാൻ

Digitized By Kerala Sahitya Akademi

സാധിച്ചിട്ടുള്ള സാക്ഷാൽ സമുദായാഭിവൃദ്ധികരങ്ങളായ അനവധി സംഗതികളെപ്പറ്റിയും. ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യകതയുണ്ടെന്നു തോന്നുന്നില്ല. യോഗത്തിന്റെ ധനസംബന്ധമായ സ്ഥിതി ആഗ്രഹിക്കുന്നത്ര വേഗത്തിൽ വർദ്ധിക്കുന്നില്ലെങ്കിലും നിശ്ചയമായും അഭിവൃദ്ധിയിലിരിക്കയാണെന്നുള്ളതു മേൽ പ്രസ്താവിച്ച കണക്കുകളിൽ നിന്നു വെളിവാകുന്നുണ്ടല്ലോ. എന്നാൽ യോഗത്തിന്റെ സ്ഥിതിക്കും ഗൗരവത്തിനും ഉന്നതങ്ങളും ബഹുമുഖങ്ങളുമായ ഉദ്ദേശ്യങ്ങൾക്കും അതിന്റെ ഇപ്പോഴത്തെ വാസ്തവമായ ധനസ്ഥിതി ഏതെങ്കിലും പ്രകാരത്തിൽ അനുരൂപമായിരിക്കുന്നു എന്നു വിചാരിച്ചു കൂടുന്നതല്ല. യോഗത്തിന്റെ വെറും ജീവധാരണം തന്നെ സമുദായത്തിന് അളവറ്റ ഗുണങ്ങൾക്കു ഹേതുഭൂതമായിത്തീരുന്നതാണെന്ന് അല്പം ആലോചിച്ചാൽ ആർക്കും അറിയാവുന്നതാണ്. ധനമില്ലാത്ത ഒരു സ്ഥാപനത്തെപ്പറ്റി ഒന്നും തന്നെ ആശിപ്പാൻ തരമില്ല. അതു നിർജ്ജീവവും നിസ്സാരവുമാകുന്നു. അതുകൊണ്ടു യോഗത്തിന്റെ അധീനതയിൽ ഇപ്പോളുള്ള അതിപരിമിതമായ ധനത്തെ സ്പർശിക്കുന്ന ഏതു സംഗതിയിലും നാം ഏറ്റവും ആലോചനാപൂർവമായി മാത്രം പ്രവർത്തിക്കേണ്ടതാണെന്നു പറഞ്ഞുകൊള്ളുന്നു. യോഗത്തിന്റെ നിലനിൽപിന്നായിത്തന്നെ സാരമായ ഒരു ക്ഷതം സംഭവ്യതയെ ശേഖരിച്ചു വച്ചു ബാക്കി വരവുകളെക്കൊണ്ട് ഉചിതമായ മാർഗ്ഗങ്ങളിൽ സമുദായത്തിന്റെ ലൗകിക വൈദികമായ അഭിവൃദ്ധികളെ സഹായിക്കുന്ന വല്ല വിശേഷാൽ പ്രവൃത്തികളും ഏർപ്പാടുകളും കൈയ്ക്കുന്നതു മാത്രമേ ബുദ്ധിപൂർവ്വകമായിരിക്കൂ എന്നും പറഞ്ഞു കൊള്ളുന്നു. അഭിവൃദ്ധിയിലുള്ള അസംതൃപ്തിയും അക്ഷമയും കൊണ്ടു നമുക്കു നിത്യോപകാരകമായിരിക്കേണ്ട യോഗത്തിന്റെ സ്വല്പമായ ജീവിതത്തിൽ നാം കൈവയ്ക്കരുത്. ഒരു ദിവസം കൊണ്ടു കുബേരനായിക്കളവാനുള്ള ദുർമ്മോഹത്താൽ പൊൻമുട്ടയിടുന്ന താറാവിനെ ഹിംസിക്കരുത്. ഇതു സംഗതിവശാൽ പറയേണ്ടി വന്നതാകുന്നു.

യോഗത്തിന്റെയും മഠത്തിന്റെയും നിലനിൽപിനേയും അഭിവൃദ്ധിയേയും സംബന്ധിച്ചു സ്വാമിതൃപ്പാദങ്ങളും യോഗത്തിന്റെ പ്രധാന പ്രവർത്തകൻമാരിൽ പലരും പല ഉപായങ്ങളും ആലോചിച്ചു വരുന്നുണ്ട്. ആ വിഷയത്തിയുള്ള നിർദ്ദേശങ്ങളെക്കൊണ്ടു റിപ്പോർട്ടു നീട്ടാൻ വിചാരിക്കുന്നില്ല. ഒരു വാക്കുകൂടി പറഞ്ഞ് ഇതിനെ അവസാനിപ്പിച്ചു കൊള്ളുന്നു. ഇന്നത്തെ യോഗത്തിന്റെ ധൃതഗതിയായ ഏർപ്പാടിൽ യോഗത്തോടും നമ്മോടുമുള്ള നിർവ്യാജമായ സ്നേഹത്താൽ ഉത്തരവാദമുള്ള ഉദ്യോഗസംബന്ധമായ ജോലികളേയും കായ ക്ലേശത്തേയും ഗണിക്കാതെ നാഗരുകോവിലിൽ നിന്ന് ഇവിടെ എത്തി അഗ്രാസനം വഹിച്ചു നമ്മേ പ്രോത്സാഹിപ്പിക്കുന്ന മ. രാ. രാ. എം. ഗോവിന്ദൻ ബി. ഏ. ബി. എൽ. അവർകളോട് നമുക്കുള്ള വലുതായ കൃതജ്ഞതയെ പ്രസ്താവിക്കാതിരിപ്പാൻ തരമില്ലാത്തതാകുന്നു. വിശേഷിച്ചു യോഗത്തിന്റേയും നമ്മുടേയും അഭിവൃ

Digitized By Kerala Sahitya Akademi

ദ്ധിയിലുള്ള സഹജമായ തൃഷ്ണയാലും അനുഭാവത്താലും പ്രേരിതമായി ഇന്നത്തെ യോഗത്തിൽ അധ്യാസനം വഹിപ്പാൻ സന്തോഷപൂർവം അനുവാദം നൽകി നമ്മെ സഹായിച്ച കാരുണ്യനിധിയായ തിരുവിതാംകൂർ ഗവൺമെൻറിനു നാം എപ്പോഴും കടപ്പെട്ടിരിക്കുന്നതും ആകുന്നു. ഈ റിപ്പോർട്ടും ബാക്കി പ്പത്രവും വിനയപൂർവം സമർപ്പിച്ചു കൊള്ളുന്നു.

എൻ. കുമാരൻ ആശാൻ

വിവേ: 1087 കന്നി, തുലാം

VIII

1087 മേടം 19–ം 20–ം 21–ം (1912 മേയ് 1–ം 2–ം 3–ം)നു കളിൽ വർക്കല ശിവഗിരിയിൽ വച്ചു കൂടിയ 9–ാം എസ്. എൻ. ഡി. പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട്.

മാന്യരേ,

ഡയറക്ടർ ബോർഡ്

ഈ കൊല്ലത്തിലെ ബോർഡിൽ താഴെ കാണുന്ന ഡയറക്ടർമാർ തിര ഞ്ഞെടുക്കപ്പെട്ടിരുന്നു.

മെ: 1. അരിപ്പാടശ്ശേരി എം. കൃഷ്ണൻ 2. പി. മാധവൻ വൈദ്യൻ 3. കൃഷ്ണൻ മാർത്താണ്ഡൻ 4. വി. കൊച്ചുപപ്പു തരകൻ 5. പലക ശ്ശേരി ശേഖരൻ ചാന്നാർ 6. വി. കേശവൻ ആശൻ 7. ഈ. കെ. പത്മനാഭൻ 8. പാട്ടത്തിൽ കൊച്ചയ്യൻ ചാന്നാർ 9. മേനാത്തേരിൽ നാരായണപ്പണിക്കർ 10. കൊച്ചുകുഞ്ഞു ചാന്നാർ (ആലും മൂട്ടിൽ) 11. എം. കൃഷ്ണൻ 12. എസ്. കൃഷ്ണൻ 13 സി. എം. രാമചന്ദ്രൻ മൂപ്പൻ 14. പുന്ന രാമോട്ടി 15. കെ. രാമുണ്ണി 16. എം. കൃഷ്ണൻ ബി. എ. ബി. എൽ. 17. സി. കൃഷ്ണൻ ബി. എ. ബി. എൽ.

ബോർഡിൽ നിന്നു നടത്തിയ പ്രവൃത്തികൾ

(പ്രൊ. ന. 1). (1) അരുവിപ്പുറം, ശിവഗിരി ഈ മഠങ്ങളുടെ ഉപയോഗത്തിന്നായി ഒരു വസ്തു വാങ്ങിപ്പാൻ 1000 ക. സ്വാമി ആവശ്യപ്പെടു മ്പോൾ കൊടുപ്പാനും (2) മിസ്റ്റർ ഭരതന്നു എം. ബി. സി. എം. ക്ലാസ്സിലെ പഠിത്തം പൂർത്തിയാക്കുന്നതിനായി ഉറപ്പിൻമേൽ ഖാറെ ഴുതി വാങ്ങി 600 ക. ലോൺ കൊടുപ്പാനും കൗൺസിലിന്ന് അനുവാദം നൽകി.

(പ്രൊ. ന. 2). പേഴികത്ത് ഈശ്വരൻ കൃഷ്ണൻ മുതൽ പേരു ടെ പണവും പലിശയും ഉപാദ്ധ്യക്ഷനെക്കൊണ്ടു ഒഴിമുറി കൊടുപ്പിച്ചു മടക്കിവാങ്ങാൻ കൗൺസിലിന്ന് അനുവാദം കൊടുത്തു.

Digitized By Kerala Sahitya Akademi

(പ്രൊ. ന. 3). (1) അരുവിപ്പുറം ക്ഷേത്രത്തിലെ ഉത്സവാദികാര്യം ബഡ്ജറ്റിൽ അനുവദിച്ച സംഖ്യ യുക്തംപോലെ ചിലവു ചെയ്തു നടത്തുന്നതിനു കൗൺസിലിന്നു അനുവാദം കൊടുക്കയും (2) കുമാരൻ സുബ്രഹ്മണ്യന്റെ ഈടു വസ്തു യോഗത്തിന്നുവേണ്ടി തന്റെ പേർക്കു ലേലം പിടിപ്പാൻ ഉപാദ്ധ്യക്ഷൻ മിസ്റ്റർ എം കുമാരുവെ അധികാരപ്പെടുത്തുകയും ചെയ്തു.

(പ്രൊ. ന. 4). ഏഴാമതു വാർഷിക പൊതുയോഗത്തിലെ നിശ്ചയമനുസരിച്ചു മിസ് പാറവിന്നു കൊടുക്കാൻ തീർച്ചയാക്കിയ മെഡൽ വിദ്യാഭ്യാസ ധനസഹായം വകയിൽ നിന്നു 35 ക. യിൽ കവിയാത്ത സംഖ്യ ചെലവു ചെയ്ത് ഉണ്ടാക്കി അയച്ചു കൊടുപ്പാൻ കൗൺസിലിനെ ചുമതലപ്പെടുത്തി.

(പ്രൊ. ന. 5). സ്വാമി ആവശ്യപ്പെട്ടതനുസരിച്ച് അരുവിപ്പുറം സംസ്കൃത പാഠശാലയ്ക്കു കൊടുത്തുവന്നിരുന്ന ഗ്രാൻറ് പാഠശാലയുടെ നടത്തിപ്പിൽ വീഴ്ച കാണുകയാൽ നിർത്തൽ ചെയ്വാനും ശിവഗിരി പാഠശാലയ്ക്കു 1086 ഇടവം 1–ാം നു മുതൽ പ്രതിമാസം 5 ക. കൊടുക്കാനും കൗൺസിലിന് അനുവാദം കൊടുത്തു.

(പ്രൊ. ന. 6). അരുവിപ്പുറത്തോ ശിവഗിരിയിലോ വച്ചു 8–ാമതു വാർഷിക പൊതുയോഗം കൂടുന്നതിന്ന് ഏർപ്പാടു ചെയ്വാൻ കൗൺസിലിന് അനുവാദം കൊടുത്തു.

(പ്രൊ. ന. 7). കന്നിമാസത്തിൽ നവരാത്രി സംബന്ധിച്ചു പൊതുയോഗം നടത്തുന്നതിനും മിസ്സിസ് അബ്ക്കർക്കിന്നു ഈടു കട മുറി പരിശോധിച്ചു രജിസ്റ്റർ ചെയ്തു വാങ്ങി വീണ്ടും 500 ക. ഒരു പലിശയ്ക്കു കൊടുക്കുന്നതിനും കൗൺസിലിന് അധികാരം കൊടുത്തു.

(പ്രൊ. ന. 8). (1) യോഗത്തിന്നുവേണ്ടി വ്യവഹാരം നടത്തുന്ന സ്ഥാനത്തിൽ നിന്ന് ഉപാദ്ധ്യക്ഷൻ എം. കുമാരു അവർകളെ ഒഴിക്കുകയും പി. മാധവൻ വൈദ്യർ അവർകളെ അധികാരപ്പെടുത്തുകയും കൗൺസിൽ മെംബർമാരായി പി. മാധവൻ വൈദ്യർ അവർകളേയും എം. കൃഷ്ണൻ കുണ്ടോക്റ്റർ അവർകളേയും വീണ്ടും തിരഞ്ഞെടുക്കുകയും (2) എസ്. ഗോവിന്ദപ്പിള്ള അവർകളുടെ പലിശ കുടിശ്ശിക തീർത്തു മുതലിൽ 600 ക. രസീതുംപടി പറ്റുന്നതിന്ന് അനുവദിക്കയും ചെയ്തു.

(പ്രൊ. ന. 9). (1) ബഡ്ജറ്റിലെ സംഖ്യ വിദ്യാർത്ഥികൾക്കു യഥായോഗ്യം വിഭജിച്ചു കൊടുപ്പാനും (2) അഹമ്മതുപിള്ള അമീൻപിള്ള അവർകൾക്ക് ഉറപ്പുപ്രമാണം പരിശോധിച്ചു വാങ്ങി 700 ക. ഒരു പലിശയ്ക്കു കടം കൊടുപ്പാനും കൗൺസിലിന് അനുവാദം കൊടുത്തു.

Digitized By Kerala Sahitya Akademi

(പ്രൊ. ന. 10). ശ്രീമൂലം പ്രജാസഭയിൽ പ്രതിനിധിയായി ജനറൽ സിക്രട്ടറി എൻ. കുമാരൻ ആശാൻ അവർകളെ തിരഞ്ഞെടുത്തു.

(പ്രൊ. ന. 11). കെ. നാരായണനെ അസിസ്റ്റന്റാ ക്ലർക്കായി മാസത്തിൽ 7 ക. ശമ്പളത്തിൽ സ്ഥിരപ്പെടുത്തുകയും. ആഫീസിൽ ചില്ലറ കൊടുക്കൽ വാങ്ങൽ സംബന്ധിച്ച് 200 ക.യിൽ കുറയാത്ത സംഖ്യയ്ക്ക് ഉറപ്പു സഹിതം കരാറെഴുതി വാങ്ങി അയാളെ ഖജാൻജിയായിക്കൂടി നിയമിക്കയും അതിന്നായി രണ്ട് ഉറുപ്പിക പ്രതിമാസം കൂടുതൽ കൊടുക്കയും ചെയ്വാൻ തീർച്ചയാക്കി.

ഇവയിൽ 3, 8, 10, 11 ഈ പ്രൊസീഡിംഗ്സുകളിലെ രണ്ടാമത്തെ സംഗതികം നടത്തീട്ടില്ല. ഡയറക്ടർമാർ അഭിപ്രായങ്ങം അയച്ചു തരുന്നതിൽ ദൃഷ്ടിവയ്ക്കുന്നുണ്ട്. പ്രൊസീഡിംഗ്സിൽ 6 മുതൽ 11 വരെ ഡയറക്ടർമാർ സംബന്ധിച്ചിരിക്കുന്നു. അപൂർവം ചിലർ കേവലം മൗനമായിരിക്കയും ചെയ്തിട്ടില്ലെന്നില്ല.

കൗൺസിൽ

ബ്രഹ്മശ്രീ നാരായണഗുരു സ്വാമിതൃപ്പാദങ്ങം		അദ്ധ്യക്ഷൻ
മ. രാ. രാ. എം. കുമാരു	അവർകം	ഉപാദ്ധ്യക്ഷൻ
,, പി. മാധവൻ വൈദ്യൻ	,,	മെംബർ
,, എം കൃഷ്ണൻ കൺട്രാക്ടർ		,,
,, എൻ. കുമാരൻ ആശാൻ		സിക്രട്ടറി

കൗൺസിൽ പ്രൊസീഡിംഗ്സ്

(നംബർ 1). ബോ. വക 1–ാം നമ്പർ പ്രൊ. അനുസരിച്ചു മിസ്റ്റർ ഭരതനു 600 ക. വിദ്യാഭ്യാസ ലോൺ ഖരാറും ഉറപ്പും വാങ്ങി കൊടുത്തു.

(നംബർ 2). ബോ. വക 2–ാം നമ്പർ പ്രൊ. അനുസരിച്ച് ഈശ്വരൻ കൃഷ്ണൻ മുതൽ പേരുടെ ലോൺ ഒഴിമുറി കൊടുത്തു തിരിയെ വാങ്ങി.

(നംബർ 3). ബോ: വക 3–ാം നമ്പർ പ്രൊ. അനുസരിച്ച് അരുവിപ്പുറത്തു ശിവരാത്രി മഹോത്സവം നടത്തി.

(നംബർ 4). മിസ്സ് പാറുവിനു ബോ. വക 4–ാം ന. പ്രൊ. അനുസരിച്ചു സ്വർണ്ണമുദ്ര ഉണ്ടാക്കി അയച്ചു.

(നംബർ 5). ബോ. വക 5–ാമതു പ്രൊ. അനുസരിച്ച് അരുവിപ്പുറം സംസ്കൃത പാഠശാലയുടെ ഗ്രാന്റു നിറുത്തുകയും. ശിവഗിരി പാഠശാലയ്ക്കു ഗ്രാന്റു കൊടുപ്പാൻ ഏർപ്പാടുചെയ്കയും ചെയ്തു.

(നംബർ 6). കഴിഞ്ഞ കൊല്ലത്തെ ബാലൻസ് ഷീററയപ്പാൻ താമസിച്ചു പോയതിനാൽ കമ്പിനി റജിസ്ട്രാർ അയച്ച നോട്ടീസിനെപ്പററി പര്യാ

Digitized By Kerala Sahitya Akademi

ലോചിക്കയും ജനറൽ സിക്രട്ടറി റജിസ്ട്രാരെ കണ്ടു വിവരങ്ങളും മുഖദാവിൽ ധരിപ്പിച്ചു വേണ്ടതു ചെയ്വാൻ തീർച്ചയാക്കുകയും ചെയ്തു.

(നംബർ 7). 7–ാമതു പൊതുയോഗം ശിവഗിരിയിൽ വച്ച് ഓണം സംബന്ധിച്ചു കൂടാൻ ബോർഡിനോടു സമ്മതം ചോദിപ്പാൻ തീർച്ചയാക്കി.

(നംബർ 8). ചിങ്ങത്തിൽ ഓണം സംബന്ധിച്ചു പൊതുയോഗം കൂടുന്നതായാൽ ദൂരസ്ഥരായ അംഗങ്ങൾക്കു വന്നു ചേരാൻ അസൗകര്യമാണെന്നും മറ്റുമുള്ള കാരണങ്ങളാൽ യോഗം കന്നിയിൽ നടത്താൻ തീർച്ചയാക്കുകയും വിവരം ബോർഡിൽ ബോധിപ്പിച്ച് അപ്രകാരം ചെയ്വാൻ നിശ്ചയിക്കയും ചെയ്തു.

(നംബർ 9). മിസ്സിസ് അബ്ക്കർക്കു മുതൽപേർക്കു പ്രമാണവും സ്ഥാവര വസ്തുവും പരിശോധിച്ചു നോക്കി 500 ക. കൂടി ഒരു പലിശയ്ക്കു കടം കൊടുപ്പാൻ അനുവാദത്തിനു ബോർഡിനു എഴുതാൻ തീർച്ചയാക്കി.

(നംബർ 10). എസ്. ഗോവിന്ദപ്പിള്ളയുടെ പലിശയും മുതലിൽ ഏതാനും ഭഗവും പറ്റി രസീതുകൊടുക്കുന്നതിനെപ്പറ്റി ആലോചിക്കയും ബോർഡിന്റെ അനുവാദം വാങ്ങാൻ തീർച്ചയാക്കുകയും ചെയ്തു.

(നംബർ 11). മിസ്റ്റർ ഗോവിന്ദപ്പിള്ളയ്ക്കു മുതലിൽ 500 ക. തികച്ചുതരാൻ സാധിക്കയില്ലെന്നറിയിച്ചതിൻമേൽ പലിശ കുടിശ്ശിക മാത്രം തീർത്തുപറ്റി രസീതു കൊടുക്കാൻ തീർച്ചയാക്കി.

(നംബർ 12). ബൊ. വക 11–ാം നമ്പർ പ്രൊ. അനുസരിച്ചു വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള സാഹായിക ധനം വിഭജിച്ചു കൊടുക്കുന്നതിനെപറ്റി ആലോചിച്ചു.

കോട്ടയം വിദ്യാർത്ഥി മിസ്റ്റർ കെ. ഐ. അയ്യപ്പൻ താൻ കഴിഞ്ഞ പരീക്ഷയിൽ കൂടി തോറ്റു പോകയാൽ സ്കൂൾ ഫൈനൽ ഏതു പ്രകാരത്തിലെങ്കിലും സാഹ്രമത്താൽ പാസ്സായശേഷം തന്റെ സാഹായിക ധനത്തെ പിന്തുടർന്നാൽ മതിയെന്നു തന്നത്താൻ അപേക്ഷിച്ചതനുസരിച്ച് അയാളുടെ സാഹായിക ധനം തൽക്കാലം നിർത്തൽ ചെയ്തു.

തിരുവനന്തപുരം വിദ്യാർത്ഥി ഭഗവതി നീലകണ്ഠൻ തിരഞ്ഞെടുപ്പു പരീക്ഷയിൽ വീണ്ടും തോറ്റു പോകയാൽ സാഹായിക ധനത്തിൽ പന്ത്രണ്ടു ക. കുറവു ചെയ്തു.

ഏറണാകുളം കാളേജു വിദ്യാർത്ഥി മിസ്റ്റർ എം. കെ. രാമനു കൊല്ലത്തിൽ 10 ക. കൂടുതലാക്കി 50 ക. കൊടുപ്പാൻ അനുവദിച്ചു.

Digitized By Kerala Sahitya Akademi

(നംബർ 13). പ്രമാണങ്ങളും ഉറപ്പു വസ്തുവും പരിശോധിച്ചു മിസ്സിസ് അബ്ക്കർക്കിനു 500 ക. കൂടി ഒരു പലിശയ്ക്കു കടമായി കൊടുത്തു.

(നംബർ 14). ഡൽഹി കാറണേഷൻ സംബന്ധിച്ചു യോഗം ആഫീസിലും അരുവിപ്പുറം, ശിവഗിരി ഈ മഠങ്ങളിലും ആഘോഷം നടത്തുന്നതിന് ആലോചിക്കയും തത്സംബന്ധമായ ചിലവുകൾക്കു പണം അനുവദിക്കയും ചെയ്തു.

പൊതുയോഗ നിശ്ചയങ്ങൾ

കഴിഞ്ഞ പൊതുയോഗത്തിലെ നിശ്ചയങ്ങളിൽ ഏറ്റവും പ്രധാനമായ ഒന്ന് ശിവഗിരി മഠത്തിൽ ശാരദാ പ്രതിഷ്ഠ നടത്തുന്നതിന് ഒരു കമ്മിറ്റിയെ നിയമിച്ചതാണ്. കമ്മിറ്റിയുടെ ഘടനയിൽ ചില ഭേദഗതികൾ വരുത്തേണ്ടിവന്നു. ആ ഭേദഗതികൾ എത്ര ആവശ്യവും ഉപയുക്തവുമായിരുന്നു എന്നും, ഭേദപ്പെടുത്തിയ ആ കമ്മിറ്റി എത്ര കൃത്യനിഷ്ഠയോടും ശുഷ്കാന്തിയോടും കൂടി ആ വലുതായ ചുമതലയെ നിർവഹിച്ചിരിക്കുന്നു എന്നുമുള്ളതിനെപ്പറ്റി യാതൊന്നും ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യകതയില്ലല്ലോ. ഇന്നിവിടെ കാണുന്ന ആശ്ചര്യകരങ്ങളായ മാറ്റങ്ങൾ എല്ലാം സ്വാമിയുടെ അനുഗ്രഹത്തെക്കഴിഞ്ഞാൽ ആ കമ്മിറ്റിയുടെ ഉത്സാഹത്തിന്റെ ഫലമാകുന്നു. കമ്മിറ്റി അതിന്റെ കൃത്യം അത്യന്തം പ്രശസ്തമാംവണ്ണം നിറവേറ്റിയിരിക്കുന്നതിൽ യോഗത്തിന് അപരിമിതമായ ചാരിതാർത്ഥ്യത്തിനു വകയുണ്ട്.

ശ്രീമൂലം പ്രജാസഭയിൽ യോഗത്തിൽ നിന്നു കൊല്ലം തോറും ഒരുപ്രതിനിധിയെ നിയമേന തിരഞ്ഞെടുക്കത്തക്കവണ്ണം വ്യവസ്ഥ ചെയ്വാൻഗവൺമെൻറിനോട് അപേക്ഷിക്കണമെന്നുള്ളതായിരുന്നു മറെറാരു നിശ്ചയം. ഇതിനെപ്പറ്റി യോഗത്തിൽ നിന്നു ഗവൺമെൻറിനോടു രേഖാമൂലമായും മറ്റു പ്രകാരത്തിലും ആവശ്യപ്പെടുകയും അതിന്റെ ആവശ്യകതയേയും ന്യായ്യതയേയും ഗവർമെൻറിനെ വേണ്ടും വണ്ണം മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി ഇക്കഴിഞ്ഞ പ്രജാസഭയുടെ തിരഞ്ഞെടുപ്പിൽ തന്നെ ഗവർമെൻറു വേണ്ടവണ്ണം പ്രവർത്തിച്ചിട്ടുണ്ട്.

വേറൊരു നിശ്ചയം പുലയർ മുതലായ പിന്നോക്കം നിൽക്കുന്ന ജാതിക്കാരുടെ ഉന്നമനശ്രമങ്ങളിൽ നമുക്ക് അനുകമ്പയും താല്പര്യവുമുണ്ടാകേണമെന്നും അതിന്നായി പൊതു ജനങ്ങളെ പ്രസംഗം മൂലമായും മറ്റും പ്രോത്സാഹിപ്പിക്കേണമെന്നും ഉള്ളതാകുന്നു. ഈ ഈ സംഗതിയിലും യോഗം കഴിയുന്നത്ര ദൃഷ്ടിവച്ചു വരുന്നുണ്ട്. അതു ക്രമേണ സാധിക്കേണ്ട സംഗതിയാകയാൽ ആ വക ശ്രമത്തിൽ വളരെ തൃപ്തികരമായ ഫലം ഉടനടി കാണുന്നതു സംഭാവ്യമല്ലല്ലോ. ഈ നിശ്ചയത്തെ

Digitized By Kerala Sahitya Akademi

നടപ്പിൽ കൊണ്ടുവരുന്ന വിഷയത്തിൽ എല്ലാ യോഗാംഗങ്ങളുടെയും സഹകരണത്തെ യോഗം മനഃപൂർവം പ്രതീക്ഷിച്ചിരിക്കയാണെന്ന് ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

ഡൽഹിയിൽ കിരീടധാരണം സംബന്ധിച്ചു കേരളം ഒട്ടുക്കു നമ്മുടെ സമുദായത്തിൽ നിന്നു പ്രത്യേകം ആഘോഷങ്ങളാം നടത്തേണമെന്നുള്ളതായിരുന്നു ഒടുവിലത്തെ ഏററവും പ്രധാനമായ നിശ്ചയം. അതിനെ തൃപ്തികരമായ വിധത്തിൽ നിറവേററുന്നതിനു യോഗം ഏറെവും ശ്രദ്ധാപൂർവം ശ്രമിക്കുകയും ശ്രമം ശ്ലാഘ്യമാംവണ്ണം ഫലപൂർണ്ണമാകയും ചെയ്തിരിക്കുന്നു. കേരളമടക്കം യോഗത്തിന്റെയും സമുദായത്തിന്റെയും കീഴിലുള്ള എല്ലാ ക്ഷേത്രങ്ങളിലും വിശേഷാൽ പൂജകളും ആരാധനകളും നടത്തുകയും സാധുക്കൾക്കു ഭക്ഷണം കൊടുക്കുകയും സംഘങ്ങൾകൂടി രാജഭക്തിയെ ഉദ്ദീപിപ്പിക്കുന്ന പ്രസംഗങ്ങൾ ചെയ്യുകയും, ചക്രവർത്തിതിരുമനസ്സിലേയും ചക്രവർത്തിനി തിരുമനസ്സിലേയും പേരിൽ പല സ്ഥാപനങ്ങൾ ഏർപ്പെടുത്തുകയും മററും ചെയ്തിരിക്കുന്നു. തിരുമേനികൾക്കു സമുദായത്തിന്റെ പേരിൽ യോഗത്തിൽ നിന്നു ഡർബാർ ദിവസം മംഗളമാശംസിച്ചു കമ്പി കൊടുക്കുകയും തിരുമേനി വന്ദനം പറഞ്ഞു മറുപടി തരികയും ചെയ്തു. സകല വിവരവുമടങ്ങിയതും തിരുമേനികളുടെ ജീവചരിത്രങ്ങളും ഭംഗിയേറിയ ഛായാപടവും കൊടുത്തിട്ടുള്ളതുമായി വിവേകോദയത്തിന്റെ ഒരു വിശേഷാൽ പ്രതി യോഗത്തിൽ നിന്നു പുറപ്പെടുവിക്കയും ചെയ്തിട്ടുണ്ട്. നിശ്ചയമായും ഇന്ത്യയിലുള്ള മറെറാരു സമുദായവും ഈ അവസരത്തിൽ നമ്മെക്കാൾ രാജഭക്തിയെ പ്രകടിപ്പിച്ചിട്ടുള്ളതായി വിചാരിപ്പാൻ താമില്ല.

കഴിഞ്ഞ പൊതുയോഗത്തിൽ അദ്ധ്യക്ഷൻ അവർകൾ മുമ്പുണ്ടായ രണ്ടു പൊതുയോഗ നിശ്ചയങ്ങളെ നടപ്പിൽ വരുത്താത്തിനെപ്പററി പറകയും ശ്രമിച്ചു നടപ്പിൽ കൊണ്ടുവരേണ്ടതാണെന്ന് ഊർജ്ജിതപ്പെടുത്തുകയും ചെയ്തിരുന്നു. അതിൽ ഒന്ന് മയ്യഴിയിൽ വച്ച് ഒരു ഷോഡതി നടത്തുന്നതിനുണ്ടായ നിശ്ചയമാണ്. അതിനെപ്പററി വീണ്ടും ചെയ്ത എഴുത്തുകുത്തിൽ നിന്നു പറയത്തക്ക ഫലമൊന്നും ഉണ്ടായില്ല. സ്ഥലത്തെ കമ്മിററിക്കാർ ഈ വിഷയത്തിൽ തൃപ്തികരമാംവണ്ണം യത്നിച്ചിട്ടുണ്ടെന്നു പറവാൻ കഴികയില്ല. രണ്ടാമത്തേത് ഒരു ശാശ്വത നിധി സ്ഥാപിക്കുന്ന സംഗതിയാണ്. ഇതിന്നു വേണ്ടി ശ്രമം ചെയ്വാൻ മനസ്സും യോഗ്യതയുമുള്ള ഒന്നു രണ്ട് ആളുകൾ എങ്കിലും ഉണ്ടെങ്കിൽ അതു നടത്താൻ പ്രയാസമില്ല.

യോഗം സമുദായസംബന്ധമായി പൊതുവിൽ ചെയ്യുന്ന പ്രവൃത്തികളിൽ ഈ കൊല്ലം ഏറെവും ഗണ്യമായ ഒന്നു പ്രജാസഭയിൽ ചെയ്ത പ്രാതിനിധ്യമാണ്. നമ്മുടെ ജാതിക്കാരുടെ സംഖ്യാബലത്തെ അടിസ്ഥാ

Digitized By Kerala Sahitya Akademi

നമാക്കി നമ്മിൽനിന്നു കൊല്ലംതോറും ഏതാനും അംഗങ്ങളെ തിരഞ്ഞെടുക്കണമെന്നുള്ള യോഗം പ്രതിനിധിയുടെ അപേക്ഷയ്ക്കു തിരുവിതാംകൂർ ഗവൺമെൻറ് അനുകൂലമായ മറുപടി പറഞ്ഞിട്ടുണ്ട്. ആ മറുപടി അനുസരിച്ചു ഗവൺമെൻറു പ്രവർത്തിച്ചുതുടങ്ങുന്നോ ഓം സമുദായത്തിന് അത് എത്ര ഗുണകരമായ സംഗതി ആയിരിക്കുമെന്ന് ഇവിടെ പ്രസ്താവിക്കുന്നതിനേക്കാൾ ഊഹിച്ചുകൊള്ളുന്നതായിരിക്കും എളുപ്പം. നമ്മിൽ യോഗ്യതയുള്ളവർക്കു ഗവൺമെൻറുദ്യോഗം കൊടുക്കുന്ന വിഷയത്തിൽ ഇപ്പോഴുമുള്ള ചില്ലറ സങ്കടങ്ങളെപ്പറ്റി ആയിരുന്നു ഈ കൊല്ലത്തെ വേറൊരു നിവേദനം. അതിനെയും ഗവൺമെൻറു ഗൗനിച്ചിട്ടുണ്ട്.

ആകപ്പാടെ ഈ കൊല്ലത്തിൽ യോഗത്തിൽ നിന്നു പതിവുപോലെ സമുദായാഭ്യുദയകരമായ പല കൃത്യങ്ങളും ചെയ്തിട്ടുണ്ട്. പ്രവൃത്തികൾ വർദ്ധിച്ചുവരുന്നതിനാൽ ഉദ്യോഗസ്ഥൻമാർക്കുള്ള ക്ലേശം സാമാന്യത്തിലധികമായിരിക്കുന്നു. വ്യവഹാര കാര്യങ്ങളുടെ വർദ്ധനയാണ് അതിദുർഘടം. വിവേകോദയം വകയിൽ പ്രസ്തുത കൊല്ലത്തിൽ പിരിവു കഴിഞ്ഞകൊല്ലത്തേപ്പോലെതന്നെ കുറവായിരുന്നു; എങ്കിലും യോഗം വക പിരിവു മുമ്പില്ലാത്തവണ്ണം അധികമായിരുന്നു. ചിലവുകൾ വർദ്ധിച്ചുവരുന്നു എങ്കിലും മൂലധനവും ക്രമമായി വർദ്ധിക്കാതിരിക്കുന്നില്ല. എന്നാൽ മൂലധനത്തിൻെറ വർദ്ധന നമ്മുടെ ആശംസകൾക്ക് അൽപ്പമെങ്കിലും അനുഗുണമായിരിക്കുന്നു എന്നു പറവാൻ തരമില്ല. യോഗം ഈ പത്തുകൊല്ലം കൊണ്ടു സമുദായത്തിൻെറ അഭ്യുദയത്തിനായി ചെയ്തിട്ടുള്ള അനവധി കൃത്യങ്ങളെപ്പറ്റി ഇപ്പോഴും ആവർത്തിച്ചുപറഞ്ഞിട്ട് ആവശ്യമില്ലല്ലോ. യോഗംമൂലം നമ്മുടെ സമുദായത്തിനുണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ അനവധി ഗുണങ്ങളെപ്പറ്റി അറിയാത്തവരോ സംശയിക്കുന്നവരോ ആയി ഇന്നിവിടെ ആരെങ്കിലും ഉണ്ടാകുമെന്നും വിചാരിക്കുന്നില്ല.

ക്ഷണമനുസരിച്ച് ഇന്നിവിടെ ഹാജരായി അധ്യാസനം വഹിക്കുന്ന മ. രാ. രാ. സി. കൃഷ്ണൻ ബി. എ. ബി. എൽ. അവർകൾക്കു പ്രത്യേകമായും, നമ്മുടെ ഒരു പഴയ പ്രസിഡൻറും സമുദായ സ്നേഹിയുമായ മ. രാ. രാ. പി. സി. ഗോവിന്ദൻ അവർകൾ മുതലായ മറ്റു മാന്യ സഭാവാസികൾക്കും വന്ദനംപറഞ്ഞുകൊണ്ട് ഈ റിപ്പോർട്ടു ബാക്കിപ്പത്രസഹിതം സമർപ്പിച്ചുകൊള്ളുന്നു.

1087 മേടം 19
1912 മെയ് 1

എൻ. കുമാരൻ ആശാൻ

വിവേ: 1087 മേടം, ഇടവം

Digitized By Kerala Sahitya Akademi

IX

1088 ഇടവം 6-ം 7-ം (1913 മേയ് 19-ം 20-ം) നു കള്ളിൽ കോഴിക്കോട്ട് കമേർഷ്യൽ സ്കൂൾ ഹാളിൽ വച്ചു കൂടിയ 10-ാം എസ്. എൻ. ഡി. പി. വാർഷിക പൊതുയോഗത്തിങ്കൽ സമർപ്പിച്ച റിപ്പോർട്ട്.

മാന്യരേ,

1912 ലെ യോഗം വക വരവു ചിലവു കണക്കു മുൻ കൊല്ലത്തിലെ ബാക്കി ഇരിപ്പായ 73 ക. 15 ണ. 4 പൈ. കൊണ്ടു് ആരംഭിക്കുന്നു. യോഗാംഗങ്ങളിൽ നിന്നു് ബാദ്ധ്യത വകയിൽ പിരിഞ്ഞ വരവു് 1548 ക. 12 ണ. 3 പൈ. മാത്രമാണു്. ഇതു് അടുത്ത മുൻ കൊല്ലത്തെ പിരിവിനെ അപേക്ഷിച്ചു് 500 ക. യിൽ ചിലപ്പോൾ ക. കുറവാകുന്നു. എന്നാൽ അതിനു മുമ്പിൽ ഒരിക്കലും പിരിവു് ഇതിൽ കവിഞ്ഞിട്ടില്ല. പ്രസ്തുത കൊല്ലത്തിൽ താൽക്കാലികമായ പ്രതിഷ്ഠക്കമ്മിറ്റി വക വലിയ പിരിവു കൂടി ഉണ്ടായിരുന്നു. അംഗങ്ങളിൽ പലർക്കും അതു യോഗം വക തവണ അടയ്ക്കുന്നതിൽ ഭാരം നിമിത്തം പ്രതിബന്ധമായിത്തീർന്നിരിക്കും. വിവേകോദയം വകയിൽ 534 ക. 10 ണ. 1 പൈ. പിരിഞ്ഞിരിക്കുന്നു. ഇതു മുൻ കൊല്ലത്തെ പിരിവിനെ അപേക്ഷിച്ചു് 271 ക. 6 ണ. അധികമാകുന്നു. എങ്കിലും കുടിശ്ശിക വകയിൽ ഒരു വലിയ സംഖ്യ ഈടാക്കേണ്ടിയിരിക്കുന്ന സ്ഥിതിക്കു് ഈ പിരിവു തൃപ്തികരമാണെന്നു പറവാൻ പാടില്ല. പലിശ വകയിൽ 308 ക. 11 പൈ. മാത്രമേ പിരിഞ്ഞിട്ടുള്ളു. ഇതു മുൻ കൊല്ലത്തേതിനേക്കാൾ 160 ക. യോളം കുറവാണു്. എന്നാൽ അതിനു മുൻ കൊല്ലത്തെ പിരിവിൽ നിന്നു് ഇതു 100 ക. യോളം അധികമാകുന്നു. പലിശ പിരിവിൽ ഇങ്ങിനെ കൂടുതൽ കുറവു വരുന്നതു സാധാരണയത്രേ.

ബില്ലിൻ പടികൊടുക്കേണ്ടതായി വരവു കാളത്തിൽ കാണുന്ന 380 ക. 1 ണ. 7 പൈ. യിൽ 27 ഉറുപ്പിക ആഫീസ് വാടക വകയിലും, 119 ക. 8 ണ. 9 പൈ. വിവേകോദയം മുതലായവയുടെ അച്ചടിക്കൂലി വകയിലും, 54 ക. 2 ണ. 6 പൈ. മാസ്പടി മുതലായ വകയിലും, 179 ക. 6 ണ. 4 പൈ. വക്കീൽ ഫീസു വകയിലും വർഷാവസാനത്തിൽ ബാക്കി കൊടുക്കേണ്ടിയിരുന്നതാകുന്നു. ദേവസ്വം വകയിൽ വരവായി എഴുതിയിരിക്കുന്ന 3213 ക. 2 ണ. 10 പൈ യിൽ 3000 ക. സ്വാമി തൃപ്പാദങ്ങൾ കൈവഴിദാനാധാരപ്രകാരം തിരുവനന്തപുരം പേട്ടയിൽ ആല്ലുംമൂട്ടു വസ്തുവിന്റെ അർത്ഥം വകയിൽ വരവും 140 ക. ദേവസ്വം വകയിൽ നിന്നു കെട്ടിവരുന്ന ഒരു 5000 ക. ചിട്ടിയിൽ വയ്പാൻ ശിവഗിരി മഠത്തിൽ

Digitized By Kerala Sahitya Akademi

നിന്നു പ്രത്യേകം വരവും ശേഷം 73 ക. 2 ണ. 10 പൈ. ആയുവിപ്പുറം, ശിവഗിരി ഈ ക്ഷേത്രങ്ങൾ വകയായി യോഗം ആഫീസിൽ വന്നിട്ടുള്ളതു മാകുന്നു.

വരവുകാളത്തിൽ മുതൽ തിരിയെവന്നതായി പറയുന്ന 1000 ക. മിസ്സിസ് അബ്കർക്കു മുതൽപേരുടെ ഈടുകടമുറികൾപ്രകാരം 500 ക. വീതമുള്ള രണ്ടുസംഖ്യകൾ തിരിയെ വന്നതാകുന്നു. ആ പണം പോസ്റ്റാ ഫീസ് സേവിംഗ്സ്ബാങ്കിൽ അടച്ചിരിക്കുന്നു. ബാക്കിപ്പത്രത്തിൽ കാണുന്ന മറ്റു വരവുകളെ സംബന്ധിച്ചു വിവരണം ആവശ്യമാണെന്നു തോന്നുന്നില്ല.

ചിലവുകൾ. എസ്റ്റാബ്ളിഷ്മെൻറ്(അതായത് ആഫീസ്വക) ചിലവ് ആകെ 591ക. 6ണ. 10പൈ. ആയിരിക്കുന്നു. ഇതിൽ സ്റ്റാമ്പ്, കടലാസു മുതലായവ, അച്ചടി, ആഫീസ് വാടക ഈവകയ്ക്കായി 286ക. 6ണ. 10പൈ. യും ശേഷം 305 ക. ടൈപ്പർമാരുടെയും മറ്റും ശമ്പളച്ചില വും ആകുന്നു. സ്റ്റാഫിനു 82 ക. 4ണ. 5പൈയും സ്റ്റേഷനറിക്ക് 74 ക. 1ണ. 5 പൈയും അച്ചടിവകയ്ക്ക് 19 ക. 1ണ. 6 പൈയും ആഫീസ് വാടകവകയ്ക്ക് 78 ക. യും ചിലവായിട്ടുണ്ട്. ആഫീസിൽ എഴുത്തു കുത്തു സംബന്ധമായ പ്രവൃത്തി അധികമധികം വർദ്ധിച്ചുകൊണ്ടു പോകുന്നതിനാൽ സ്റ്റാമ്പ് സ്റ്റേഷനറി ഇനത്തിലുള്ള ചിലവു വർദ്ധിക്കു ന്നതിനെപ്പറ്റി വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ആഫീസിൽ ഇപ്പോൾ രണ്ടു ടൈപ്പർമാരും ഒരു പ്യൂണും മാത്രമാണുള്ളത്. പ്യൂണിനെ സ്ഥിര മാക്കീട്ടില്ല. ഹെഡ്ടൈപ്പർക്ക് കഴിഞ്ഞ ആഗസ്റ്റുമാസം മുതൽ 18–ം രൂപ ശമ്പളം നിശ്ചയിച്ചിട്ടുണ്ട്. കഴിഞ്ഞകൊല്ലത്തെ അസിസ്റ്റൻറ് ടൈപ്പർക്ക് 9–ം ക. മാസപ്പടിയാണ്. എസ്റ്റാബ്ളിഷ്മെൻറുവക ചിലവ് 458–ൽ ചിലാനം ക. മാത്രമായിരുന്നു. ഈ കൊല്ലം 123 ക യോളം അധികപ്പെട്ടിരിക്കുന്നു. ഇതിൽ ഏറിയഭാഗവും സ്റ്റാമ്പ് സ്റ്റേഷനറി ഇനത്തിൽ ചിലവായതാണ്. ആകെ എസ്റ്റാബ്ളിഷ് മെൻറുവകയ്ക്ക് അനുവദിച്ച സംഖ്യ 600 ക. ആയിരുന്നു. 8 ക. യിൽ ചിലാനം ബാക്കിയുണ്ട്. ടൈപ്പർമാർക്കു മാസപ്പടി സ്വല്പം കൂട്ടിയിരി ക്കുന്നതിനാൽ അടുത്ത ബഡ്ജറ്റിൽ കൂടുതൽ സംഖ്യ അനുവദിക്കേണ്ടി വരും.

വിശേഷാൽ ചിലവായി കാണുന്ന 31 ക. 12 ണ. 7 പൈ. ബോർഡിൽ നിന്നു കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ ഷഷ്ടിപൂർത്തി പ്രമാണിച്ചു യോഗം വകയായി ഒരു മംഗളപത്രം സമർപ്പിക്കുന്നതിന്റെ ചിലവിലേക്കായി തൽക്കാലം അനുവദിച്ച പ്രകാരം ചിലവു ചെയ്തിട്ടുള്ളതാകുന്നു. അപ്രതീക്ഷിതമായ അത്യാവശ്യ ചിലവുകൾക്കായി ബോർഡിനു കൊല്ലം തോറും ഒരു പരിമിതമായ സംഖ്യ അനുവദിക്കാമെന്നു നിബന്ധനയുണ്ടായിരിക്കുന്നതു നല്ലതാണ്.

Digitized By Kerala Sahitya Akademi

ദേവസ്വം വകയിൽ 387 ക. 9 ണ. 9 പൈ ചിലവായി കാണുന്നു. അതിൽ 140 ക. ശിവഗിരി വകയായി നെയ്യാറുകര പി. സി. രാമൻ വൈദ്യൻ അവർകളുടെ ചിട്ടിയിൽ വച്ചിട്ടുള്ളതാകുന്നു. ഈ ചിട്ടിയിൽ 1000 ക. യോളം ഇതുവരെ അടച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു തവണത്തെ പണം അടച്ചിട്ടില്ല. ആ വിവരവും ഉടനേ പണം അടയ്ക്കാത്തപക്ഷം പകരം ആളേർപ്പെടുത്തി നടത്തുവാൻ നിർബന്ധിക്കപ്പെട്ടിരിക്കുന്നതായും ചിട്ടിക്കാരൻ എഴുതി അറിവിച്ചിരിക്കുന്നു. ചിട്ടിമുടക്കുന്നതു നഷ്ടമാണ്. ഇനി 7 കൊല്ലം കൂടി മുടങ്ങാതെ കെട്ടിയാൽ 5000 ക. മുതൽ വരുന്നതാകുന്നു. വിശ്വാസ യോഗ്യമായ ഏർപ്പാടാണ്. യോഗത്തിൽ നിന്നു മേലാൽ ചിട്ടികെട്ടി നടത്താൻ തീർച്ചയാക്കുന്നതു നന്നായിരിക്കും. അങ്ങിനെയാണെങ്കിൽ കൊല്ലത്തിൽ എതാണ്ടു 250 ക. രണ്ടു തവണകളിലായി ചിട്ടിക്കു വയ്ക്കേണ്ടിയുള്ളതുകൂടി ബഡ്ജററിൽ ഉൾപ്പെടുത്തേണ്ടതാണ്. ദേവസ്വം ചിലവിൽ ബാക്കിയുള്ള 247 ക. 9 ണ. 9 പൈ യിൽ 210 ക. 11 ണ. 10 പൈ അരുവിപ്പുറം ക്ഷേത്രത്തിലെ വകയ്ക്കും ശേഷം 36 ക. 13 ണ. 11 പൈ ദേവസ്വം വകയായ മററു ഇനങ്ങളിലും ചിലവായിട്ടുള്ളതാണ്. യോഗത്തിന്റെ സാക്ഷാൽ ഭരണത്തിൽ ഇരിക്കുന്നത് ഇപ്പോൾ അരുവിപ്പുറം ശിവഗിരി ഈ രണ്ടു സ്ഥാപനങ്ങളാകുന്നു. ഇവയുടെ മേലാലുള്ള നടത്തിപ്പിനെ സംബന്ധിച്ച് അധികം തൃപ്തികരമായ വ്യവസ്ഥകൾ ആവശ്യമാണ്.

സംസ്കൃത പാഠശാലയ്ക്കു ഗ്രാൻറ് എന്ന ഇനത്തിൽ ചിലവായിരിക്കുന്നു 111 ക. 2 ണ. 4 പൈ ശിവഗിരി സംസ്കൃത പാഠശാല വകയ്ക്ക് ചിലവായിട്ടുള്ളതാണ്. 120 ക. ആണ് അനുവദിച്ചിരിക്കുന്നത്.

വിവേകോദയം വകയ്ക്ക് 480 ക. 10 ണ. 11 പൈ ചിലവായിരിക്കുന്നു. അനുവദിച്ചിരുന്നത് 600 ക. ആകുന്നു. ഇപ്പോൾ വായനക്കാരുടെ സംഖ്യ അധികം കുറഞ്ഞിട്ടുണ്ട്. വരിപ്പണം അടയ്ക്കാത്തവർക്കു പത്രം അയച്ചു കൊടുക്കാത്തതാണുകാരണം. അതു നിശ്ചയമായും സ്റ്റാമ്പിലും കടലാസിലും കുറേ ലാഭം വരുത്തുന്നതാണ്

വിദ്യാഭ്യാസ ധനസഹായം (Educational Loan) വകയ്ക്ക് 111ക. 12ണ. ചിലവായിരിക്കുന്നതായി കാണുന്നു. ഇതു പതിവുപോലെ ഇംഗ്ലീഷ് വിദ്യാർത്ഥികൾക്കു ചെയ്യുന്ന ധനസഹായമാണ്. ഇതിന് ഈകൊല്ലത്തിൽ 200ക. അനുവദിച്ചിരിക്കുന്നു. കൗൺസിലിൽനിന്ന് ഇതിനെ മെസേഴ്സ് ബി. നീലകണ്ഠൻ, എം.കെ. രാമൻ, കെ. ഐ. അയ്യപ്പൻ ഈ വിദ്യാർത്ഥികൾക്കുതന്നെ തുടർന്നുകൊണ്ടു കൊടുപ്പാൻ തീർച്ചയാക്കി. മിസ്റ്റർ നീലകണ്ഠനു 50–ം മിസ്റ്റർ രാമന് 84–ം മിസ്റ്റർ അയ്യപ്പന് 50–ം ഇങ്ങിനെ 184 ക. യാണു വിഭജിച്ചിട്ടുള്ളത്. കൊല്ലാവസാനംവരെ കൊടുത്തു 111–ൽ ചിലവാനം ക.കഴിച്ചു ബാക്കിയുള്ളത് അവർ ഒടുവിൽ പറഞ്ഞിട്ടുണ്ട്. ഇവ

Digitized By Kerala Sahitya Akademi

രിൽ മിസ്റ്റർ നീലകണ്ഠൻ ഇപ്പോൾ മധുരയിൽ അമേരിക്കൻ കാളേജിൽ Intermediate Class-ലും, മിസ്റ്റർ രാമൻ മദ്രാസിൽ പ്രസിഡൻസി കാളേജിൽ ബി. എ. Ist year class ലും, മിസ്റ്റർ അയ്യപ്പൻ തിരുവനന്തപുരം ലാകാ ളേജിൽ പ്രീഡർഷിപ്പ് ക്ലാസ്സിലും പഠിക്കയാകുന്നു. ഈ ഒടുവിൽ പറഞ്ഞ വിദ്യാർത്ഥിക്കു മേലാൽ സാഹായ്യം ആവശ്യപ്പെടുന്നതല്ല. ഇങ്ങ നെയുള്ള സഹായങ്ങൾക്കായി പല വിദ്യാർത്ഥികളുടേയും വിദ്യാർത്ഥിനി കളുടേയും അപേക്ഷകൾ കിട്ടിക്കൊണ്ടിരിക്കുന്നു.

പ്രസംഗികൻമാരുടെ അലവൻസു വകയ്ക്കു 9 ക. 13 ണ. 4 പൈ. മാത്രം ചിലവായിരിക്കുന്നു. പ്രാസംഗിക കൃത്യം ഈ കൊല്ലത്തിൽ ശിവ പ്രസാദ സ്വാമി മുഖേന പൂർവാധികം തൃപ്തികരമായി നടന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ സഞ്ചാരച്ചിലവുകളും മറ്റും മിക്കവാറും അതാതു സ്ഥലങ്ങളിലെ ജനങ്ങൾ തന്നെ ചെയ്തുകൊള്ളുന്നതിനാലും അലവൻസോ പ്രതിഫലമോ കൊടുക്കത്തക്ക യോഗ്യതയുള്ള മറ്റു പ്രാസംഗികൻമാരെ കിട്ടാഞ്ഞിട്ടുമാണ് ഈ ചിലവ് ഇത്ര കുറഞ്ഞുപോയിരിക്കുന്നത്. എങ്കി ലും ഇപ്പോൾ ഉൾനാടുകളിൽ തന്നെ പല സ്ഥലങ്ങളിലും സമാജങ്ങളും ക്ഷേത്രങ്ങളും മറ്റും ഏർപ്പെട്ടു വരുന്നതുകൊണ്ടും പ്രസംഗം മുഖേന ജനങ്ങൾക്കുണ്ടാകേണ്ട ഉണർച്ച മുമ്പിലത്തേക്കാൾ വന്നുകൊണ്ടു തന്നെ ഇരിക്കുന്നു. ഇതിനെ വർദ്ധിപ്പിപ്പാൻ യോഗ്യതയുള്ള പ്രാസംഗികൻ മാരുടെ ആവശ്യകത അധികമുണ്ട്. പ്രാസംഗികൻമാരുടെ ചിലവിനായി അനുവദിച്ചിരുന്നത് 150 ക. ആണ്. ഇതിൽ 50 ക. ലഘു ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന്റെ ചിലവിലേക്കു കൂടി ആയിരുന്നു.

ബഡ്ജറ്റിൽ പെട്ട ഇനങ്ങളിൽ ഈ കൊല്ലത്തെ ആകെ ചിലവു താഴെ കുറിക്കുന്നു.

	ക.	ണ.	പൈ.
എസ്റ്റാബ്ലിഷ്മെൻറ്	591	6	10
ദേവസ്വം	387	9	9
സിക്രട്ടറി	200	,,	,,
സംസ്കൃതപാഠശാല	111	2	4
വിവേകോദയം	480	10	11
എഡ്യൂക്കേഷനൽ ലോൺ	111	12	0
പ്രാസംഗികൻമാർ	9	13	4
	1892	7	2

ഈ സംഖ്യയിൽ വിദ്യാർത്ഥികൾക്കു കൊല്ലാവസാനത്തിൽ ശേഷം ലോൺ വകയിൽ കൊടുത്തുതീർത്തിട്ടുള്ള 72 ക. കൂടി ചേർക്കേണ്ടതാണ്. അപ്പോൾ ആകെ 1964 ക. 7ണ. 2 പൈ. ചിലവായിരിക്കും. ഇതിൽ ചിട്ടി

Digitized By Kerala Sahitya Akademi

ക്കുവച്ച 140 ക. കഴിച്ചാൽ ബാക്കിയുള്ള 1824 ക. 7ണ. 2പൈക്കു് ആണു് ആകെ ബഡ്ജററു് ഇനങ്ങളിലുള്ള സാക്ഷാൽ ചിലവു്. മുൻ കൊല്ലത്തെ ചിലവു് 1542–ൽ ചിലാനം ക. ആയിരുന്നു. 282ക. 7ണ. 2പൈ. ഇപ്പോഴധികമായിരിക്കുന്നു. ഇതിൽ വലിയഭാഗം സംസ്കൃതപാഠശാല, ദേവസ്വം ഈ വകയ്ക്കും എസ്റ്റാബ്ളിഷ്മെൻറുവകയ്ക്കും ചിലവായിട്ടുള്ളതാണു്.ആകെ അനുവദിച്ചിരിക്കുന്ന സംഖ്യ 2380 ക. ആണു്. 545-ൽ ചിലവാനം ക. ബാക്കിയുണ്ടു്. ഇതിനുപുറമേ യോഗാംഗങ്ങളുടെ പേരിൽ ബാധ്യത വസൂലാക്കാൻ നമ്പർ പതിച്ച വകയിൽ 421 ക. 15ണ. 3പൈ. ഈ കൊല്ലത്തിലും ചിലവായിരിക്കുന്നു. കഴിഞ്ഞ കൊല്ലം ഈ ഇനത്തിൽ 986-ൽ ചിലവാനം ക. ചിലവായിരുന്നു.

ഈ കൊല്ലത്തിൽ 65 അംഗങ്ങളുടെ പേരിൽ പുതുതായി നമ്പർ പതിക്കേണ്ടിവന്നു. ഇതിൽ 60 നമ്പർ വിധിയായിരിക്കുന്നു. ആകെ ഇതുവരെ 247 അംഗങ്ങളുടെ പേരിൽ നമ്പർ പതിക്കയും 234 ഡിക്രികൂം സമ്പാദിക്കയും ചെയ്തിട്ടുണ്ടു്. 531–ാം നമ്പർ അംഗമായ കുഞ്ഞൻ കണ്ട അവർകൂം വിധിയിൻമേൽ ഡിസ്ത്രിക്ററു് കോടതിയിൽ അപ്പീൽ കൊടുക്കുകയും അവിടെയും യോഗത്തിന്നു് അനുകൂലമായി വിധികിട്ടുകയും ചെയ്തിരിക്കുന്നു. യോഗാംഗങ്ങളുടെ പേരിലുള്ള നമ്പർ വകയ്ക്കു് ഈ കൊല്ലാവസാനംവരെ ആകെ 1817 ക. 9 ണ. ചിലവായിട്ടുണ്ടു്. ഈ അനാവശ്യച്ചിലവിനെപ്പററി എത്ര തന്നെ അനുതപിച്ചിട്ടും കുടിശ്ശികക്കാർക്കു് എത്രതന്നെ മുന്നറിവു കൊടുക്കയും അവരുടെ ഔദാര്യത്തെയും അനുകമ്പയേയും എത്ര തന്നെ പ്രതീക്ഷിക്കയും ചെയ്തിട്ടും നമ്പർ കൂടാതെ പ്രവൃത്തി നടക്കുകയില്ലെന്നു കാണുന്നതു ദയനീയമായിരിക്കുന്നു. മേൽപ്പറഞ്ഞ 1817 ക. 9 ണ. യിൽ 584 ക. 14 ണ. 8 പൈ വക്കീൽ ഫീസു വകയിൽ ഉള്ള ചിലവാകുന്നു. ഇതിന്റെ മൂന്നിലൊന്നു യോഗത്തിന്റെ ലീഗൽ അഡ്വൈസരും വക്കീലുമായ ഹൈക്കോർട്ടു വക്കീൽ പി. പരമേശ്വരൻ പിള്ള ബി. എ. ബി. എൽ. അവർകൂം വിടുതൽ ചെയ്തിരിക്കുന്ന വിവരം ഈ അവസരത്തിൽ പ്രസ്താവിച്ചു കൊള്ളുന്നു. യോഗം അദ്ദേഹത്തിന്റെ ഈ ദയയ്ക്കായി നന്ദിപറയേണ്ടതാണു്. ഈ വകയിൽ കുറവു ചെയ്ത 194 ക. 15 ണ. 7 പൈ അടുത്ത കൊല്ലത്തെ കണക്കിൽ വരവു വച്ചിരിക്കും.

മേൽപ്പറഞ്ഞ 234 ഡിക്രിയകളിൽ ഏറിയഭാഗവും നടക്കുന്ന കൊല്ലത്തിൽ വിധിനടത്തേണ്ടിയിരിക്കുന്നു. അതിനു് ഉദ്ദേശം 1000 ക യോളം വേണ്ടിവരുന്നതാണു്. വിധിനടത്തു തുടങ്ങുമ്പോഴം നിശ്ചയമായും പിരിവു വർദ്ധിക്കും എന്നുള്ളതാകുന്നു. ഇതുവരെ വിധിയായ കേസുകളിൽനിന്നു പിരിയേണ്ട സംഖ്യ താഴെ കുറിക്കുന്നു.

Digitized By Kerala Sahitya Akademi

	ക.	ണ.	പൈ
അസൽ തുക	9648	8	7
പലിശ	3472	14	6
കോടതിച്ചിലവ്	1817	9	0
ആകെ	14939	0	1

ഈ സംഖ്യ മുഴുവൻ വിധിനടത്തി ഈടാക്കുന്നതു വലിയ ശ്രമസാദ്ധ്യമായ സംഗതിയാണെന്നു പറയേണ്ടതില്ലല്ലോ. വിധിനടത്തിയോ അല്ലാതെയോ ഡിക്രിത്തുകകൾ ഈടാക്കുന്നതിൽ പലപ്പോഴും ഔചിത്യം ഉപയോഗിക്കേണ്ടിവരുന്നതാണ്. അതിന്നും ഏജൻറുമാർ മുഖേന നടത്തേണ്ടിവരുന്ന വിധികൾക്കു ന്യായമായ കമ്മിഷൻ കൊടുക്കുന്നതിനും ഈ യോഗത്തിൽ വേണ്ട വ്യവസ്ഥ ആലോചിച്ചു ചെയ്യേണ്ടതാകുന്നു.

നടപ്പു കൊല്ലത്തിൽതന്നെ തവണപിരിവു ന്യായമായി നടക്കാത്തപക്ഷം ഉദ്ദേശം 150 അംഗങ്ങളുടെ പേരിൽ പുതുതായും നമ്പർ പതിക്കേണ്ടിവരും. ഇതിനു ഉദ്ദേശം 775 ക. യോളം ചിലവുണ്ടാകും. അംഗങ്ങൾ ഇനിയെങ്കിലും ദയചെയ്തു ക്രമമായി തവണ അടയ്ക്കാൻ നോക്കുന്ന പക്ഷം ഈ കഷ്ടനഷ്ടങ്ങൾക്കു കുറവുവരുന്നതാണ്. എങ്കിലും മേൽപ്പറഞ്ഞ ചിലവിനു പണം പ്രത്യേകം കരുതിയിരിക്കേണ്ടതുമാകുന്നു.

മറ്റു വ്യവഹാരച്ചിലവായി 33ക. 5ണ. 11പൈ കാണുന്നതിൽ പ്രധാനാംശം കുമാരൻ സുബ്രഹ്മണ്യൻ എന്ന ആളിൻെറ പേരിൽ സമ്പാദിച്ച വിധി നടത്തുന്നതിനുവേണ്ടിവന്ന ചിലവാകുന്നു. ഈ വിധിപ്രകാരം ഈടാക്കേണ്ട 1700 ൽ ചിലവാനം ക. യിൽ ഈടുവസ്തു ലേലംചെയ്തു 831 ക. 2ണ. 6പൈ വസൂലാക്കിയിരിക്കുന്നു. ബാക്കി സംഖ്യയ്ക്കു ടിയാരുടെ പേരിലുള്ള മറ്റു വസ്തുക്കൾ ജപ്തിചെയ്വാനും മറ്റും വേണ്ട ഏർപ്പാടുകൾ നടന്നുകൊണ്ടിരിക്കുന്നു.

മേൽ പറഞ്ഞ ചിലവുകൾക്കു പുറമേ ഈ കൊല്ലത്തിൽ 264 ക. 11 ണ. 6 പൈ മുൻ കൊല്ലം ബില്ലിൻ പടി കൊടുക്കേണ്ടിയിരുന്ന സംഖ്യയിൽ കൊടുത്തു വീടുകയും ചെയ്തിട്ടുണ്ട്.

ഫോട്ടോ വകയ്ക്കു ചിലവായിക്കാണുന്ന സംഖ്യ യോഗത്തിൻെറ കാപ്പിറൈറ്റിൽ ഉള്ള സ്വാമി തൃപ്പാദങ്ങളുടെ ഫോട്ടോകൾ എടുത്തു തരുന്ന ഫോട്ടോഗ്രാഫർക്കു കൊടുക്കുന്ന പ്രതിഫലം ആകുന്നു. ഈ ഫോട്ടോകളെ പ്രചാരപ്പെടുത്തുന്നതുകൊണ്ടു സജ്ജനങ്ങൾക്കു സ്വാമിതൃപ്പാദങ്ങളിൽ അവശ്യം വേണ്ട സ്നേഹാദരങ്ങൾ വർദ്ധിക്കുന്നതിനും പുറമേ യോഗത്തിന് ഒരു ചെറിയ ആദായം ലഭിക്കുന്നതുമാകുന്നു.

ഏജൻറിൻെറ വശം ഇരിപ്പായി കാണുന്ന 78 ക. 14 ണ. 8 പൈ ഏജൻറ് മിസ്റ്റർ എം. കൊച്ചുരാമൻ കൊല്ലാവസാനത്തിൽ പിരിവു വകയിൽ തന്നു തീർക്കേണ്ടിയിരുന്ന സംഖ്യയാകുന്നു. ഈ ഏജൻറ് ആദ്യം വളരെ സത്യനിഷ്ഠയോടെ പ്രവൃത്തി നടത്തിവന്നു എങ്കിലും ഒടുവിൽ ഖരാറിനും

Digitized By Kerala Sahitya Akademi

വിശ്വാസത്തിനും വിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ളതായിക്കാണുകയാൽ അയാളെ പ്രവൃത്തിയിൽനിന്നു വിടർത്തിയിരിക്കുന്നു. കഴിഞ്ഞ വൃശ്ചികമാസത്തെ വിവേകോദയത്തിൽ ഇതിനെപ്പറ്റി നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതുമുതൽ ആ നോട്ടീസ് പിന്തുടർന്നുകൊണ്ടിരിക്കയും ചെയ്യുന്നു. ഖരാറുലംഘനത്തിനും കുടിശ്ശികയുള്ള പണത്തിനും അയാളുടെ പേരിൽ നടപടി നടത്താൻ ബോർഡിൽനിന്നു തീരുമാനിച്ചിരിക്കയാണ്. അതിനുവേണ്ടത് ആലോചിച്ചുവരികയും ചെയ്യുന്നുണ്ട്.

യോഗത്തിന്റെ സ്വത്തുക്കളും കടങ്ങളും

കൊല്ലാവസാനത്തിൽ യോഗത്തിനുള്ള സ്വത്തുക്കളുടെ വിവരം താഴെ കുറിക്കുന്നു.

എ. പണം.	ക.	ണ.	പൈ
പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്കിൽ	5591	15	9
സ്ഥാവര വസ്തു ഉറപ്പിൻമേൽ	4466	6	11
പലിശ പിരിയേണ്ടത്	1070	8	5
വിദ്യാഭ്യാസലോൺ തിരിയെ വരേണ്ടത്	946	4	0
ഡിക്രിയിൽസ്ഥാപിച്ച കോടതിച്ചിലവുകം	1817	0	9
ഏജൻറുമാരിൽ നിന്നു പിരിയേണ്ടത്	203	0	4
ഖജാൻജിവശം ചിട്ടിപ്പാ ബാക്കി	5	2	0
ഫോട്ടോ (സ്റ്റാക്ക്)	17	6	0
ആഫീസിൽ പണമായിരിപ്പ്	13	4	9
ആകെ	14131	0	11

ഇതിൽ 10058 ക. 5 ണ. 8 പൈ ക്കുമാത്രം പലിശ നടന്നു വരുന്നു. അതിലും പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്കിലുള്ള പണത്തിന്റെ പലിശ തീരെ നിസ്സാരമാകുന്നു. പലിശ വകയിൽ പിരിഞ്ഞു കിട്ടേണ്ടതായിക്കാണുന്ന 1070-ൽ ചിലപ്പാനം ക. യിൽ പാതിയോളം നടപ്പു കൊല്ലത്തിൽ വസൂലായിട്ടുണ്ട്.

വിദ്യാഭ്യാസ ലോൺ വകയിൽ മിസ്റ്റർ ഭാതൻ ഖരാറു പ്രകാരം ഇപ്പോൾ പ്രതിമാസം 20 ക. വീതം തിരിയെ തന്നു കൊണ്ടിരിക്കുന്നു, ഏജൻറുമാരിൽനിന്നു പിരിയേണ്ട 203 ൽ ചിലപ്പാനം ക. യിൽ മാന്നവിള നീലകണ്ഠൻ എ. സി. കൃഷ്ണപ്പണിക്കർ ഇവരുടെ പക്കൽനിന്നു വരേണ്ട 48 ക. 13 ണ. 3 പൈ കാലദൈർഘ്യത്താൽ എഴുതിക്കുറയ്ക്കേണ്ടതായി വന്നേക്കും.

Digitized By Kerala Sahitya Akademi

ചന്ദ്രഴീകത്തു പത്മനാഭനോശാന്റെ പക്കലുള്ള 18 ക. 8ണ. യ്ക്കു നമ്പർ പതിച്ചു വിധിയായിരിക്കുന്നു. ശേഷം ഏജന്റ് മിസ്റ്റർ എം. കൊച്ചുരാമന്റെ പക്കലുള്ളതാകുന്നു. അതിനെപ്പറ്റി നടപടി നടത്താൻ ആലോചിച്ചു വരുന്ന വിവരം പ്രസ്താവിച്ചിട്ടുണ്ടല്ലോ.

ഇതിനുപുറമേ ധനമായി പിരിഞ്ഞുകിട്ടേണ്ട സംഖ്യകൾ താഴെ കുറിക്കുന്നു:

	ക.	ണ	പൈ
ബി. പണം, യോഗാംഗങ്ങളിൽ നിന്നു ബാധ്യത	32059	7	3
വിവേകോദയം വരി	6145	8	3
ആകെ	38204	15	6

ഈ സംഖ്യയിൽ ചുരുക്കം ചില അംഗങ്ങളുടെ ബാദ്ധ്യതയും പത്രവരിയും, വസൂലാക്കുന്നതിൽ നിയമദൃഷ്ട്യാ കാലഹരണ തടസ്സം വന്നേക്കാം. എന്നാൽ ബാദ്ധ്യതക്കാർ സ്വജനങ്ങളും, ഫണ്ടു സമുദായത്തിന്റെ പൊതുസ്വത്തും ആകയാൽ കാലഹരണം വകവയ്ക്കാതെ കുടിശ്ശിക തന്നുതീർക്കുന്ന മാന്യന്മാരുണ്ടാകും. അങ്ങിനെയുള്ള ദൃഷ്ടാന്തങ്ങളും അനുഭവത്തിൽ വരാതിരുന്നിട്ടില്ല. അതുകൊണ്ടു നിയമതടസ്സത്തെ ആധാരമാക്കി അങ്ങിനെയുള്ള സംഖ്യകളെ എഴുതിക്കുറച്ചുകളയേണ്ട ആവശ്യകത ഇല്ലെന്നു തോന്നുന്നു.

യോഗത്തിനുള്ള സ്ഥാവര ജംഗമ സ്വത്തുക്കൾ താഴെ കുറിക്കുന്നു.

	ക	ണ	പൈ
സ്ഥാവര വസ്തുക്കൾ	21000	,,	,,
ഫർണിച്ചറും മറ്റും	417	12	11
ആകെ	21417	12	11

ഇവയിൽ 21000 ക. അരുവിപ്പുറം, കുന്നുംപാറ ഈ ക്ഷേത്രങ്ങൾക്കും അതോടുചേർന്നു സ്വത്തുക്കൾക്കും മറ്റും ആദ്യംമുതൽ ഉദ്ദേശവിലവച്ച് എഴുതീട്ടുള്ള സംഖ്യയാകുന്നു.

	ക	ണ	പൈ
സ്വത്തുക്കൾ ആകെ	14131	,,	11
പണം എ	38204	15	6
,, ബി	21417	12	11
സ്ഥാവര ജംഗമങ്ങൾ ആകെ	73753	13	4

Digitized By Kerala Sahitya Akademi

ഈ സംഖ്യയിൽ ബാക്കിപ്പത്രത്തിൽ ബില്ലിൻപടിയും മാറും കൊടുക്കേണ്ടതായി വിവരംപറയുന്ന 472 ക. 13ണ. 11പൈ. കഴിച്ചു ബാക്കിയുള്ള 73280 ക. 15ണ 5 പൈ. യോഗത്തിന്റെ ധനമാകുന്നു. മുൻകൊല്ലത്തിൽ ആകെ സ്വത്ത് 66810 ക. യിൽ ചില്വാനം ആയിരുന്നു. ഇപ്പോഴ് 6470-ൽ ചില്വാനം ക. അധികപ്പെട്ടിരിക്കുന്നതായി അറിയുന്നതു യോഗാംഗങ്ങൾക്കു സന്തോഷകരമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഈ വർദ്ധന പ്രധാനമായും 123 അംഗങ്ങൾ ഈ കൊല്ലത്തിൽ അധികമായി ചേർന്നിട്ടുള്ളതുകൊണ്ടും സ്വാമി തൃപ്പാദങ്ങളുടെ പ്രമാണപ്രകാരമുള്ള 3000ക. യോഗം ഫണ്ടിൽ ചേർന്നിട്ടുള്ളതുകൊണ്ടും ഉണ്ടായതാകുന്നു.

ഇതിന്നു പുറമേ യോഗാംഗങ്ങളിൽനിന്നു ഡിക്രിപ്രകാരം പലിശയിൽ വസൂൽ ചെയ്യാവുന്ന 3472 ക. 14 ണ. 6 പൈയും ഉദ്ദേശം പതിനായിരം ഉറുപ്പികയ്ക്കു മേൽ വിലപിടിക്കുന്ന ശിവഗിരിമഠവും ക്ഷേത്രങ്ങളും അവയോടു ചേർന്ന ദാനപ്രമാണങ്ങൾ വഴിയായും മറ്റുമുള്ള 5600 ൽ ചില്വാനം ഉറുപ്പികയുടെ സ്ഥാവര വസ്തുക്കളും പ്രോനോട്ടും മറ്റുമായി 3150 ൽ ചില്വാനം ഉറുപ്പികയുടെ അവകാശവും സ്വാമിതൃപ്പാദങ്ങൾ യോഗത്തിന്റെ അധീനതയിൽ ചേർത്തിരിക്കുന്നതും ഉൾപ്പെടേണ്ടതാകുന്നു. ഇതുകൂടാതെയും യോഗത്തിന്റെ കീഴിൽ നടത്തപ്പെട്ട പ്രതിഷ്ഠാ കമ്മിറ്റിയുടെ വരവിൽ ചിലവു കഴിച്ചു ബാക്കി കാണപ്പെടാവുന്ന 3000 ത്തിൽപരം ക. കൂടി ഇതിൽ ഉൾപ്പെടേണ്ടിയിരിക്കുന്നു. ഇപ്രകാരം.

	ക	ണ	പൈ
ഡിക്രിപ്രകാരം പലിശ	3472	14	6
ബാലൻസ്ഷീററിൻപടി	73280	15	5
ശിവഗിരിമഠം	18754	,,	,,
കമ്മിറ്റി	3000		
ആകെ	98507	13	11

ഈ സംഖ്യ വാസ്തവത്തിൽ ഇപ്പോഴ് ആകെയുള്ള സ്വത്തായിരിക്കുന്നതാണ്.

ശിവഗിരിമഠം മുതലായ സ്വാമിതൃപ്പാദങ്ങളെ സംബന്ധിച്ച സ്വത്തുക്കളെ തിട്ടപ്പെടുത്താനും മറ്റും കഴിഞ്ഞ പൊതുയോഗത്തിൽ നിയമിച്ച കമ്മിറ്റിക്ക് ആ പ്രവൃത്തി ഇതുവരെ നടത്താൻ സാധിച്ചിട്ടില്ല. ആവക സ്വത്തുക്കളെ സംബന്ധിച്ചു മേൽകാണിച്ച സംഖ്യ യോഗം ആഫീസിൽ ഉള്ള രേഖകളേയും അറിവിനേയും ആസ്പദമാക്കി എഴുതീട്ടുള്ള ഏകദേശ സംഖ്യ മാത്രമാകുന്നു. പ്രതിഷ്ഠാകമ്മിറ്റിയുടെ ബാക്കിയും ഉദ്ദേശം മേൽപ്പറഞ്ഞ സംഖ്യയായിരിക്കുമെന്നുമാത്രം വിചാരിക്കേണ്ടതാകുന്നു.

Digitized By Kerala Sahitya Akademi

പ്രതിഷ്ഠാക്കമ്മിറ്റിയുടെ കണക്കു പൂർത്തിയായി പ്രസിദ്ധപ്പെടുത്താൻ ഇതുവരെ സാധിക്കാഞ്ഞതു പ്രതിഷ്ഠാസംബന്ധിച്ചു ശിവഗിരിയിൽ നടത്തിയ മരാമത്തുകളുടെ വകയിൽ തിരുവിതാംകൂർ പബ്ലിക് വർക്സ് ഡിപ്പാർട്ടുമെൻറിൽനിന്ന് ചില കണക്കു തീർത്തുകിട്ടുന്നതിലും മാറും നേരിട്ട താമസം നിമിത്തമാകുന്നു. ആ കണക്കുതീർത്തു കിട്ടിയത് ഈ കഴിഞ്ഞ ഏപ്രിൽ മാസം 7–ാംനു മാത്രമാകുന്നു. കമ്മിറ്റി ഉദ്ദേശിച്ച പ്രകാരം വിസ്തരമായ ഒരുറിപ്പോർട്ടു പ്രസിദ്ധപ്പെടുത്തുന്നതു പ്രത്യേകം സമയവും ശ്രമവും ആവശ്യപ്പെടുന്ന സംഗതിയാണെന്നുള്ള വസ്തുതയും പ്രസ്താവയോഗ്യമാണ്. ഇപ്പോഴത്തെ വേണ്ടവണ്ണം ജോലിയുള്ള യോഗം സിക്രട്ടറിക്കു വിചാരിക്കുന്ന വേഗത്തിൽ ആ വിശേഷാൽ വേലകൂടി ചെയ്തുതീർപ്പാൻ വിഷമമുണ്ട്. എങ്കിലും ഒരുവിധം തൃപ്തികരമായ ഒരുറിപ്പോർട്ടു കഴിയുന്ന വേഗത്തിൽ പുറത്താക്കാൻ വേണ്ട ഒരുക്കങ്ങൾ ചെയ്തുവരുന്നുണ്ട്.

മേൽപ്പറഞ്ഞ കണക്കുകൾകൊണ്ട് യോഗത്തിന്റെ നാനാമുഖമായ ധനസ്ഥിതിതന്നെ ആശാസമായിരിക്കുന്നു എന്ന് ഊഹിക്കാവുന്നതാണ്. സ്വജനങ്ങൾ കുറേക്കൂടി മമതയും താൽപര്യവും പ്രദർശിപ്പിച്ചാൽ അത് ഇതിനേക്കാൾ സാരമായ വിധത്തിൽ വർദ്ധിക്കുന്നതും, യോഗത്തിന്റെ ഉദ്ദേശ്യങ്ങളിൽ ഓരോന്ന് ഇതിനേക്കാൾ അനുഭവയോഗ്യമാംവണ്ണം നിറവേറുന്നതും ആണെന്നു പറയേണ്ടതില്ലല്ലോ. യോഗം ആരംഭിച്ചിട്ടു പത്തുകൊല്ലം കഴിഞ്ഞിരിക്കുന്നു. ഇതിനിടയിൽ ആകെ ചേർന്നിട്ടുള്ള അംഗങ്ങളുടെയും അവർ അടച്ചിട്ടുള്ളതും അടയ്ക്കേണ്ടതും ആയ പണത്തിന്റെയും വിവരം താലൂക്കു പ്രതി താഴെ കാണിക്കുന്നു:

Digitized By Kerala Sahitya Akademi

ദ്യോഗത്തിന്റെ പൊതു വർദ്ധനയെ കാണിക്കുന്ന പട്ടിക

(1912)

താലൂക്ക് വിവരം	അംഗങ്ങളം	ഓഹരി	നാളു വരയ്ക്ക് അടച്ച			ബാക്കി അടയ്ക്കേണ്ട		
			ക.	ണ.	പ.	ക.	ണ.	പ.
നെയ്യാറ്റിൻകര	157	219	2117	15	5	3503	—	7
തിരുവനന്തപുരം	127	216	2364	—	—	3150	—	—
വിളവംകോട്	26	27	258	14	3	442	1	9
കൽക്കുളം	4	4	22	12	—	81	4	—
ഇരണിയൽ	3	3	65	8	—	12	8	—
തോവാള	1	1	1	—	—	25	—	—
ചിറയിൻകീഴ്	179	250	1668	11	2	4760	4	10
കൊല്ലം	171	271	2502	3	11	4443	12	1
നെടുമങ്ങാട്	6	6	51	4	—	104	12	—
പത്തനാപുരം	6	13	58	8	—	272	8	—
കൊട്ടാരക്കര	17	23	33	—	—	559	—	—
ചങ്ങനാശേരി	8	8	17	—	—	194	—	—
ഏറ്റുമാനൂർ	2	2	11	—	—	41	—	—
തിരുവല്ല	6	10	100	—	—	156	—	—
അമ്പലപുഴ	11	7	127	8	—	308	8	—
കുന്നത്തൂർ	3	3	28	—	—	50	—	—
തൊടുപുഴ	2	5	22	—	—	105	—	—
ചെങ്ങന്നൂർ	9	9	42	8	—	191	8	—
കുന്നത്തുനാട്	1	2	51	—	—	—	—	—
മൂവാറ്റുപുഴ	1	1	3	8	—	22	8	—
മാവേലിക്കര	6	10	55	—	—	201	—	—
കോട്ടയം	7	9	37	—	—	196	—	—
വൈക്കം	10	17	171	8	—	263	8	—
കൊടുങ്ങല്ലൂർ	1	4	101	—	—	—	—	—
പറവൂർ	17	22	177	8	—	389	8	—
കരുനാഗപ്പള്ളി	116	225	1194	12	—	4543	4	—
കാർത്തികപ്പള്ളി	25	63	530	8	—	1072	—	—
ചേർത്തല	50	81	363	4	—	1711	12	—
കൊച്ചി	74	125	1351	4	—	1847	12	—
മലബാർ	114	154	551	—	—	3412	—	—
	1160	1800	14079	—	9	32059	7	3

Digitized By Kerala Sahitya Akademi

ഈ പട്ടികപ്രകാരം 1160 അംഗങ്ങളാണ് ഇപ്പോൾ രജിസ്റ്ററിൽ ഉള്ളത്. കഴിഞ്ഞകൊല്ലത്തിൽ 1037 മാത്രമായിരുന്നു. 123 അംഗങ്ങൾ ഈ കൊല്ലം വർദ്ധിച്ചിരിക്കുന്നു. അംഗങ്ങളെ ചേർക്കുന്നതിനുള്ള പ്രത്യേകശ്രമം യാതൊന്നും ചെയ്വാൻ യോഗത്തിനു കഴിഞ്ഞില്ലെന്നു മാത്രമല്ല ഈയിടെ കുടിശ്ശികക്കാരുടെപേരിൽ മുഖംനോക്കാതെ നമ്പർ പതിക്കുന്നതുകൊണ്ടു ജനങ്ങൾക്കു കലശലായ അതൃപ്തിക്കു കാരണമായിരിക്കുന്നു എന്നുള്ള ഒരു അപവാദംകൂടി പരന്നിട്ടും കഴിഞ്ഞ ഏതാനും കൊല്ലങ്ങളേക്കാൾ അധികം അംഗങ്ങൾ ഈ കൊല്ലത്തിൽ ചേർന്നിരിക്കുന്നു എന്നു കാണുന്നതു സ്വജനങ്ങൾക്കു യോഗത്തോടു മമതയും അതിന്റെ വാസ്തവമായ പ്രയോജനത്തിൽ വിശ്വാസവും വർദ്ധിക്കുന്നു എന്നുള്ളതിന്നു നിരാക്ഷേപമായ ദൃഷ്ടാന്തമാകുന്നു. എന്നാൽ അതുകൊണ്ട് ഈ വർദ്ധന തൃപ്തികരമാണെന്ന് ഇവിടെ അർത്ഥമാക്കുന്നില്ല. നാം 16 ലക്ഷത്തിൽപരം ആളുകളുണ്ട്. 1160 പേർ മാത്രമേ യോഗത്തിൻ അംഗങ്ങൾ ആയിട്ടുള്ളു. അതും ഈ പത്തു കൊല്ലം കൊണ്ട്. സമുദായത്തിൽ ആയിരത്തിൽ ഒരാൾ വീതമെങ്കിലും ഇതുവരെ അംഗമായിട്ടില്ല. ഇതുനിശ്ചയമായും ദയനീയമായ ഒരു വസ്തുതയത്രേ.

ഈ കൊല്ലത്തിൽ അധികമായി ചേർന്ന 123 അംഗങ്ങൾ എടുത്ത ഓഹരി 139 ആണ്. അതിന്റെ ബാദ്ധ്യത 3598 ക. ആകുന്നു. മുൻകൊല്ലത്തിൽ അധികം ചേർന്ന അംഗങ്ങളുടെ സംഖ്യ 22-ം ഓഹരി 23-ം ബാദ്ധ്യത 597 ക. യും മാത്രമായിരുന്നു. ആകെ ഇതുവരെയുള്ള ഓഹരികൾ 1800 ആണ്. ബാദ്ധ്യത ആകെ 56136 ഉറുപ്പിക ആകുന്നു. ഇതിൽ പിരിഞ്ഞു കിട്ടിയിട്ടുള്ളത് ആകെ 14079 ക, 9 പൈ. ആണ്. അതായതു നൂറിനു 31 കണ്ട്. അംഗങ്ങളിൽ കൊച്ചിയിൽ 74-ം മലബാറിൽ 114-ം പേർ മാത്രമേയുള്ളു. ശേഷം മുഴുവൻ തിരുവിതാംകൂർ കാരാണ്.

ഭരണം

ഈ കൊല്ലത്തിൽ ബോർഡിൽ താഴെ കാണുന്ന ഡയറക്ടർമാർ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

ദ. രാ. രാ.	ഇ. കെ. അയ്യാക്കുട്ടി ബി. എ.	അവർകൾ
,,	എം. കൃഷ്ണൻ (തിരുവനന്തപുരം)	,,
,,	തേവലശ്ശേരി കൊച്ചുകൃഷ്ണൻ	,,
,,	എം. ഗോവിന്ദൻ ബി. എ. ബി. എൽ.	,,
,,	പുന്നരാമോട്ടി	,,
,,	കൊറ്റത്തു രാമുണ്ണി	,,
,,	മൂക്കോർത്തു കുമാരൻ	,,
,,	കൃഷ്ണൻ മാർത്താണ്ഡൻ	,,
,,	പി. മാധവൻ വൈദ്യൻ	

Digitized By Kerala Sahitya Akademi

മ. രാ. രാ.	ആർ. കൃഷ്ണൻ വൈദ്യൻ	അവർകൾ
,,	കുട്ടി അപ്പി ആശാൻ	,,
,,	സി, കൃഷ്ണൻ ബി. എ. ബി. എൽ	,,
,,	വി. കേശവൻ ആശാൻ	,,
,,	ആർ. ഗോവിന്ദൻ ചാന്നാർ	,,
,,	എൻ. കുമാരൻ ബി. എ.	,,
,,	പി. പപ്പു എം. ബി. സി. എം.	,,
,,	കൊച്ചു പല്പുതരകൻ	,,
,,	ശങ്കരൻ കൊച്ചുകുഞ്ഞു ചാന്നാർ	,,

ബോർഡിൽ നിന്നു നടത്തിയ പ്രവൃത്തികൾ

(പ്രൊ: ന. 1). 641–ാമതു അംഗമായ മാതേവൻ കേശവൻ എന്ന ആളുടെ 567–ാമതു നമ്പരിലെ ഓഹരി ഈടാക്കാൻ യോഗത്തിൻ നിന്നു കൊടുത്ത വ്യവഹാരം പിൻവലിക്കാനും 642–ാം നമ്പർ അംഗത്തിന്റെ 566–ാം നമ്പരിലെ ബാധ്യത ഇളവു ചെയ്തു കൊടുക്കാനും ഈ രണ്ടു അംഗങ്ങളും വാദവിഷയമായ ഓഹരിയിൻമേൽ അടച്ചിട്ടുള്ള തുക അവർ സഹിക്കേണ്ടതാണെന്നും തീർച്ചപ്പെടുത്തി.

(പ്രൊ: ന. 2). പതിവുപോലെയുള്ള ചിലവു യഥായോഗ്യം ചെയ്തു അരുവിപ്പുറം ശിവരാത്രി മഹോത്സവം ആഘോഷിപ്പാൻ കൗൺസിലിനെ അധികാരപ്പെടുത്തി.

(പൊ. ന. 3). ശിവഗിരിയിൽ വച്ചു ഈ വർഷം മേടത്തിൽ ശാരദാപ്രതിഷ്ഠാക്കർമ്മിനിർവ്വഹണത്തിന്റെ ഭാരവാഹിത്വത്തിൽ സൗകര്യംപോലെ ദിവസം നിശ്ചയിച്ചു യോഗത്തിന്റെ 9–ാമതു വാർഷിക പൊതുയോഗംകൂടാനും വാർഷിക പൊതുയോഗത്തിനു രണ്ടോമൂന്നോ ആഴ്ചകൾക്കു മുമ്പായി നിബന്ധനകളിൽ അത്യാവശ്യമായ ചിലഭേദഗതികൾ ചെയ്യേണ്ടതിന്നായുള്ള ഒരു വിശേഷാൽ പൊതുയോഗം ശിവഗിരിയിൽ വച്ചുതന്നെ കൂടാനും തീർച്ചപ്പെടുത്തി. (ഈ വിശേഷാൽ പൊതുയോഗം കൂടാൻ തരമായില്ല).

(പ്രൊ: ന. 4). ശിവഗിരിയിൽവച്ചു മേടത്തിൽ കൂടാൻ തീർച്ചയാക്കിയ 9–ാമതു വാർഷിക പൊതുയോഗത്തിൽ അദ്ധ്യാസനരായി മ. രാ. രാ. സി. കൃഷ്ണൻ ബി. എ. ബി. എൽ അവർകളെ ക്ഷണിക്കാൻ തീർച്ചയാക്കി.

(പ്രൊ. ന. 5). കൗൺസിൽ മെമ്പർമാരായി പി. മാധവൻ വൈദ്യരവർകളെയും എൻ. കുമാരൻ ബി. എ. അവർകളെയും തിരഞ്ഞെടുത്തു.

(പ്രൊ: ന. 6). വിദ്യാഭ്യാസ ധനസഹായത്തിനായി ബഡ്ജറിൽ അനുവദിച്ചിട്ടുള്ള സംഖ്യ യഥായോഗ്യം അർഹരായ വിദ്യാർത്ഥികൾക്കു

Digitized By Kerala Sahitya Akademi

വിജ്ഞാപിച്ചുകൊടുപ്പാൻ കൗൺസിലിന് അനുവാദം കൊടുക്കയും, മിസ്സിസ് എം. ആർ. അബ്ദുൽകർക്കിന്റെ ആദ്യകടമുറി പ്രകാരമുള്ള അഞ്ഞൂറ് ഉറുപ്പികയും അതിൻമേലുള്ള പലിശബാക്കിയും പറ്റി യോഗത്തിനുവേണ്ടി ഒഴിമുറികൊടുപ്പാൻ ഡയറക്ടർ പി. മാധവൻ വൈദ്യരവർകളെ അധികാരപ്പെടുത്തുകയും ബഡ്ജറ്റിൽ സംഗതിയുടെ സ്വഭാവംകൊണ്ടു സംബന്ധമുള്ള ഏതെങ്കിലും ഇനത്തിലോ ഇനങ്ങളിലോ ബാക്കിപണം ഉണ്ടാകുമെന്നുള്ള പക്ഷം നൂറ് ഉറുപ്പികയിൽ കവിയാത്ത ഒരു സംഖ്യക്ക് ഒരു ഇരുമ്പുപെട്ടിവാങ്ങി ആഫീസിൽ വയ്ക്കുന്നതിനും കൗൺസിനെ അധികാരപ്പെടുത്തുകയും ചെയ്തു.

(പ്രൊ. ന. 7). മിസ്സിസ് എം. ആർ. അബ്ദുൽകർക്കിന്റെ ഇടപാടിൽ ബാക്കിയുള്ള അഞ്ഞൂറു (500). ഉറുപ്പികയും പലിശയും കണക്കുതീർത്തു പറ്റി ഒഴിമുറികൊടുപ്പാൻ ഡയറക്ടർ പി. മാധവൻ വൈദ്യരവർകളെ അധികാരപ്പെടുത്തി.

(പ്രൊ. ന. 8). കുമാരൻ സുബ്രഹ്മണ്യന്റെ ഈടു വസ്തു യോഗത്തിനുവേണ്ടി പതിനാറായിരത്തിനാനൂറ്റി ഇരുപതു പണത്തിൽ കവിയാത്ത സംഖ്യയ്ക്കു ലേലത്തിൽ പിടിപ്പാൻ ഡയറക്ടർ പി. മാധവൻ വൈദ്യർ അവർകളെ അധികാരപ്പെടുത്തി. ഈ വസ്തു യോഗത്തിൽ നിന്നു ലേലത്തിൽ പിടിച്ചിട്ടില്ല.

(പ്രൊ. ന. 9). കാളിയമ്പി കൊച്ചുപ്പി മുതൽ പേർക്ക് ഇരുനൂറു (200) ക. ഒരു കൊല്ലത്തേക്കും, കാസബർ ഗൊമേസിന്ന് മൂന്നുറു (300) ഉറുപ്പിക ആറു മാസത്തേക്കും ഒരു പലിശയ്ക്ക് ഈടുവസ്തുക്കളും പ്രമാണങ്ങളും ഏറ്റവും തൃപ്തികരമായിരിക്കുന്നപക്ഷം കൊടുത്തു ഇടപാടു ചെയ്വാൻ കൗൺസിലിനെ അധികാരപ്പെടുത്തി. (ഈ രണ്ടാമത്തെ ഇടപാടു നടന്നില്ല).

(പ്രൊ. ന. 10). യോഗം വക പണം ഉറപ്പിൻമേൽ കടം കൊടുക്കുന്നതിൽ ആയിരം ഉറുപ്പിക വരെയുള്ള സംഖ്യയ്ക്കു മാസത്തിൽ നൂറിന്ന് ഒന്നും ആയിരം മുതൽ രണ്ടായിരം വരെ സംഖ്യകൾക്കു നൂറിനു മുക്കാലേ അരയ്ക്കാലും രണ്ടായിരം മുതൽ മേൽപ്പോട്ടുള്ള സംഖ്യകൾക്കു മുക്കാലും നിരക്കു പലിശ തീർച്ചപ്പെടുത്തി.

(പ്രൊ. ന. 11). ഹെഡ്ക്ലർക്ക് മിസ്റ്റർ കുഞ്ഞിരാമനു ഈ ആഗസ്റ്റ് 1-ാം നു മുതൽ 3 ക. കൂടുതൽ അനുവദിച്ചു പ്രതിമാസം 18 ക. ശമ്പളം കൊടുപ്പാനും അസിസ്റ്റന്റ് ക്ലർക്ക് മിസ്റ്റർ കെ. നാരായണന്നു 2 ക. കൂടുതൽ അനുവദിച്ചു പ്രതിമാസം 9ക . ശമ്പളം കൊടുപ്പാനും തീർച്ചപ്പെടുത്തി.

(പ്രൊ. ന. 12). വരുന്ന ശ്രീമൂലം പ്രജാസഭയിൽ ഗവൺമെൻറിൽ നിന്ന് പതിവുപോലെ യോഗത്തിന് ഒരു പ്രതിനിധിയെ അനുവദിക്കുന്ന

Digitized By Kerala Sahitya Akademi

പക്ഷം ജനറൽ സിക്രട്ടറി എൻ. കുമാരൻ ആശാൻ അവർകളെ ആസ്ഥാനത്തിൽ തിരഞ്ഞെടുപ്പാനും കുറുമ്പ നാണിഅമ്മ യോഗത്തിലേക്കു കടമുറി പ്രകാരം തരാനുള്ള മുന്നൂറു (300) ഉറുപ്പികയും പലിശ കുടിശ്ശികയും കണക്കു തീർത്തു വാങ്ങി യോഗത്തിനുവേണ്ടി പി. മാധവൻ വൈദ്യരവർകൾ ഒഴിമുറി കൊടുപ്പാനും തീർച്ചയാക്കി. (ഈ ഇടപാടുതീർന്നില്ല,

(പ്രൊ: ന. 13). കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലേക്ക് അവിടത്തെ ഷഷ്ടിപൂർത്തി പ്രമാണിച്ചു യോഗത്തിന്റെ വകയായി യഥായോഗ്യം ഒരു മംഗളപത്രം സമർപ്പിക്കുന്നതിനും അതിലേക്കായി 35 ക. യിൽ കവിയാത്ത സംഖ്യ ചിലവുചെയ്തു കൊള്ളാനും ജനറൽ സിക്രട്ടറിയെ ചുമതലപ്പെടുത്തി.

(പ്രൊ. ന. 14). മെസേഴ്സ് കൃഷ്ണൻ മാർത്താണ്ഡൻ, മാർത്താണ്ഡൻ കൃഷ്ണൻ, പെരുമാൾ രാമൻ ഇവർ അരുവിപ്പുറം ക്ഷേത്രയോഗത്തിൽ അംഗങ്ങളായിരുന്നപ്പോൾ അടച്ചിട്ടുള്ളപണം ശ്രീനാരായണ ധർമ്മ പരിപാലനയോഗത്തിൽ വകവച്ചുകിട്ടണമെന്നുള്ള അപേക്ഷയെ വേണ്ട പോലെ ആലോചിച്ചു തീരുമാനിച്ചു. തീരുമാനം ഹർജിക്കാർക്കു ഗുണകരമല്ലായിരുന്നു. (അതിന്റെ മുഴുവൻ പ്രൊസീഡിംഗ്സും 9-ാം വാല്യം 8-ം 9-ം നമ്പർ വിവേകോദയത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്). ആ പ്രൊസീഡിംഗ്സിൽ ഉപാദ്ധ്യക്ഷൻ അവർകൾ ഈ തീർച്ച സാക്ഷാൽ യോഗത്തിനല്ലാതെ അതിന്റെ ഉദ്ദേശ്യങ്ങളിൽ ഏതെങ്കിലും ഒന്നോ അധികമോ സംഗതികൾക്കായി വല്ലവരും പ്രത്യേക ധനസഹായം ചെയ്വാൻ വിചാരിക്കുന്നെങ്കിൽ അങ്ങിനെയുള്ളവർക്കു തീരെ പ്രോത്സാഹനമായിരിക്കാൻ ഇടയില്ലെന്നും, അതുകൊണ്ടും യോഗത്തിന്റെ മേലാലുള്ള അഭിവൃദ്ധിക്കു തടസ്സമുണ്ടായേക്കാമെന്നും വിചാരിക്കുന്ന അംഗങ്ങൾ ഉണ്ടാവാമെന്നും അതുകൊണ്ടും മേലാൽ ആമാതിരി സഹായങ്ങൾ ചെയ്യുന്നവർക്കു പ്രത്യേകം അപേക്ഷയുള്ളപക്ഷം പ്രത്യേക സഹായങ്ങളേയും അവയുടെ പൊതുവിലുള്ള ഉപയോഗത്തെയും ആലോചിച്ചു പൊതുയോഗത്തിലെ (General Meeting) പ്രത്യേക നിശ്ചയത്തിൻമേൽ അങ്ങിനെ ചിലവു ചെയ്തിട്ടുള്ളതുകയെ അംഗങ്ങൾ എടുത്തിട്ടുള്ള ഓഹരിത്തുകയ്ക്കു പുറമേ അധികം ഓഹരിയായി വകവച്ചു അംഗത്തിന്റെ അവകാശങ്ങളെ അധികപ്പെടുത്തുന്നതിനുപയുക്തമാക്കാമോ എന്നുള്ള വിഷയം അടുത്ത പൊതുയോഗത്തിന്റെ തീരുമാനത്തിനായി വയ്ക്കുന്നതു നന്നായിരിക്കുമെന്നു പ്രസ്താവിച്ചിരിക്കുന്നു.

കൗൺസിൽ

താഴെ കാണുന്നവർ കൗൺസിലിൽ അംഗങ്ങളായിരുന്നു.

ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി തൃപ്പാദങ്ങൾ അദ്ധ്യക്ഷൻ
മ. രാ. രാ. ഡോക്ടർ പി. പല്പു അവർകൾ ഉപാദ്ധ്യക്ഷൻ

Digitized By Kerala Sahitya Akademi

മ. രാ. രാ. എൻ. കുമാരൻ ബി. എ. അവർകൾ
,, പി. മാധവൻ വൈദ്യൻ ,,
,, എൻ. കുമാരൻ ആശാൻ ,, ജനറൽ സിക്രട്ടറി

കൗൺസിലിൽനിന്നു ബോർഡ്യുക 2–ാമതു പ്രൊസീഡിംഗ്സിൽ ആവശ്യപ്പെട്ട സംഗതിയെ യഥാകാലം നടത്തുകയും 6–ാമതു പ്രൊസീഡിംഗ്സിൽ ആവശ്യപ്പെട്ടപ്രകാരം വിദ്യാർത്ഥികൾക്കു സഹായധനം യഥായോഗ്യം വിഭജിച്ചുകൊടുക്കുകയും ചെയ്തു. ഇതിനുപുറമേ യോഗത്തിന്റെ കാര്യനിർവഹണത്തിൽ കൗൺസിൽ പൊതുവായി മേൽനോട്ടം ചെയ്തതല്ലാതെ പ്രത്യേകം എടുത്തു പറയത്തക്കവണ്ണം യാതൊന്നും ഈ കൊല്ലം പ്രവർത്തിച്ചിട്ടില്ല.

പൊതുയോഗ നിശ്ചയങ്ങളിൻമേലുള്ള പ്രവൃത്തികൾ

കഴിഞ്ഞ പൊതുയോഗത്തിലെ നിശ്ചയങ്ങളിൽ പ്രധാനമായ ഒന്ന് സ്വാമി തൃപ്പാദങ്ങളുടെ പേരിലുള്ള പണത്തിന്റെയും സ്ഥാവരസ്വത്തുക്കളുടേയും കണക്കുകൾ തിട്ടപ്പെടുത്തി യോഗത്തിന്റെ കീഴിൽ അവയുടെ ഉത്തമമായ ഭരണത്തിനു നിയമസംബന്ധമായ വ്യവസ്ഥകൾ ചെയ്വാൻ അധികാരപ്പെടുത്തി ഒരു കമ്മിറ്റിയെ നിയമിച്ചതാകുന്നു. ഈ കമ്മിറ്റിയിൽ താഴെപ്പറയുന്ന മാന്യൻമാർ അധികംപേരെ ചേർത്തുകൊള്ളുന്നതിനുള്ള അധികാരത്തോടുകൂടി അംഗങ്ങളായി തിരഞ്ഞെടുത്തു നിയമിക്കപ്പെട്ടു.

മ. രാ. രാ. ഡാക്ടർ പല്പു അവർകൾ (എൽ. എം. എസ്. ഡി. പി. എച്ച്)
,, എം. ഗോവിന്ദൻ ബി. എ. ബി. എൽ. അവർകൾ
,, സി. കൃഷ്ണൻ ,, ,,

ഈ കമ്മിറ്റി മെംബർമാർക്കു നിശ്ചയത്തിലെ താൽപര്യപ്രകാരം പ്രവൃത്തി നടത്തേണ്ട ആവശ്യകതയെപ്പറ്റി യോഗത്തിൽനിന്ന് എഴുതുകയും ഓർമ്മപ്പെടുത്തുകയും ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ കമ്മിറ്റിക്ക് അതു സംബന്ധമായി ഇതുവരെ ഒന്നും ചെയ്വാൻ സാധിച്ചിട്ടില്ല. കാരണം, ഈ മാന്യൻമാർ ഉദ്യോഗസംബന്ധമായും മറും തങ്ങൾക്കുള്ള ഗുരുതരമായ ഭാരങ്ങളോടുകൂടി വളരെ ദൂരഭാഗങ്ങളിൽ താമസിക്കയും സംഗതി നടത്തേണ്ടതു മറെറാരു ദിക്കിലായിരിക്കയും ചെയ്തതിനാൽ ആകുന്നു. കമ്മിറ്റിയെ ചുമതലപ്പെടുത്തിയ സംഗതി ഏറവും പ്രധാനമായുള്ളതാകയാൽ അധികം സൗകര്യവും പ്രസ്തുത വിഷയത്തിൽ അധികം വിവരവുമുള്ള ഏതാനും യോഗ്യൻമാരെക്കൂടി കൂടുതൽ അംഗങ്ങളായി തിരഞ്ഞെടുത്തു നിയമിച്ചു പ്രവൃത്തി കഴിയുന്ന വേഗത്തിൽ നിറവേറാൻ ആവശ്യപ്പെടുന്നതു നന്നായിരിക്കും.

Digitized By Kerala Sahitya Akademi

ശിവപ്രസാദസ്വാമിയെ ആദ്യമായി ബോർഡിന്റെ ദേവസ്വം സിക്രട്ടറിയായി നിയമിച്ചതാണു മറ്റൊരു നിശ്ചയം. ദേവസ്വം വസ്തുക്കളേയും സ്ഥാപനങ്ങളേയും കണ്ടിററി തിട്ടപ്പെടുത്തി വ്യവസ്ഥയുണ്ടാക്കുന്നതുവരെ ദേവസ്വം സിക്രട്ടറിക്കു തന്റെ പ്രവൃത്തിയെപ്പറ്റി ഖണ്ഡിതമായ ഒരു വിവരവും ഉണ്ടാവാൻ തരമില്ലാത്തതിനാൽ പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നപോലെ തൃപ്തികരമായി ദേവസ്വം വകുപ്പിൽ വേലചെയ്വാൻ അദ്ദേഹത്തിനു സാധിച്ചിട്ടില്ല. എങ്കിലും ശിവഗിരിമഠത്തിലെ നിത്യകൃത്യങ്ങൾ സംബന്ധിച്ചും മറ്റും പൂർത്തിയായിട്ടല്ലെങ്കിലും തൽക്കാലത്തേക്ക് അവ സ്ഥാനുരൂപമായ ചില വ്യവസ്ഥകൾ വരുത്തുകയും മഠംസംബന്ധമായും ക്ഷേത്രസംബന്ധമായുമുള്ള സംഗതികളെ മേൽനോട്ടം ചെയ്യുകയും മഠത്തിലെ നിത്യച്ചിലവുകയ്ക്ക് ഒരു പ്രത്യേക ധനാർജ്ജനം ചെയ്വാൻ ഉദ്ദേശിച്ച് ചിലതെല്ലാം പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ പ്രസംഗങ്ങൾ ചെയ്തും ഗ്രന്ഥപാരായണം മുതലായവയിൽ പ്രേരിപ്പിച്ചും ജനങ്ങളുടെ ഇടയിൽ മതസംബന്ധമായ ഉൻമേഷം വർദ്ധിപ്പിച്ചിട്ടുണ്ട്. കേരളത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റംവരെ സഞ്ചരിച്ച് ഈ കൊല്ലത്തിൽ അദ്ദേഹം നൂറിൽപരം പ്രസംഗങ്ങൾ നടത്തുകയും പല ഉൽനാടു പ്രദേശങ്ങളേയും സന്ദർശിച്ച് അനേകം ഭജനമാങ്ങൾ, സമാജങ്ങൾ, ഇവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവയെ സംബന്ധിച്ച് അപ്പോളപ്പോൾ വിവേകോദയത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ ആരംഭങ്ങൾ തുടർന്നുകൊണ്ടിരുന്നാൽ വലിയ ഗുണകരമായ മാറ്റങ്ങൾ ജനങ്ങളുടെ ഇടയിൽ വേഗത്തിൽ വരാൻ ഇടയുള്ളതാണ്.

മറ്റൊരു നിശ്ചയം മതം സദാചാരം മുതലായ വിഷയങ്ങളിൽ ലഘുലേഖനങ്ങളും ഗ്രന്ഥങ്ങളും നിർമ്മിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനായി യോഗത്തിന്റെ കീഴിൽ ഒരു ട്രാക്ട് കമ്മിറ്റി ഏർപ്പെടുത്തിയതാകുന്നു. കമ്മിറ്റി അതിന്റെ പ്രവൃത്തിയെ ഇതുവരെ ആരംഭിച്ചില്ല. എന്നാൽ യോഗത്തിൽനിന്നു മേൽപ്പറഞ്ഞ ഉദ്ദേശങ്ങളെ വിവേകോദയം മൂലമായും മറ്റും ഒരുവിധം നിർവഹിച്ചുകൊണ്ടിരിക്കതന്നെ ആകുന്നു. കമ്മിറ്റിയുടെ പ്രവൃത്തിയും കഴിയുന്ന വേഗത്തിൽ ആരംഭിക്കുമെന്നു വിശ്വസിക്കുന്നു.

മറ്റൊരു നിശ്ചയം ശിവഗിരിയിൽ ഉത്തമ രീതിയിൽ ഒരു സ്കൂൾ സ്ഥാപിക്കുകയും അതിനെ വലിയ സ്ഥിതിയിൽ കൊണ്ടുവരാൻ ശ്രമിക്കയും ചെയ്യണം എന്നുള്ളതാകുന്നു. ഇതിന്റെ ഭാരം തൽക്കാലം പ്രതിഷ്ഠാകമ്മിറ്റിയിൽ സമർപ്പിച്ചിരിക്കയാകുന്നു. ഈ അസ്ഥിരമായ കമ്മിറ്റിക്കു സ്ഥിരപ്രയത്ന സാദ്ധ്യമായ ഈ വലിയ കൃത്യത്തെ നിർവഹിക്കുന്നതിൽ സാധ്യമായി എന്തെങ്കിലും ചെയ്വാൻ കഴിയുമെന്നു തോന്നുന്നില്ല. ശിവഗിരിയിലെ സംസ്കൃത പാഠശാല ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു.

Digitized By Kerala Sahitya Akademi

വേറൊരു നിശ്ചയം ഓച്ചിറ കൃഷി വ്യവസായ പ്രദർശനം സിക്രട്ടറി എൻ. പത്മനാഭപിള്ള അവർകൾക്ക് ടി പ്രദർശന ശ്രമത്തിന്റെ അനുമോദന മായി യോഗത്തിൽ നിന്ന് ഒരു സ്വർണ്ണമുദ്ര നൽകാൻ തീർച്ചയാക്കിയതാ കുന്നു. ഈ സ്വർണ്ണമുദ്രയ്ക്കുള്ള ചിലവു തെന്മൂർ ഗോവിന്ദൻ ചാന്നാർ മുതൽ പേർ യോഗത്തെ ഏല്പിക്കയും യോഗത്തിൽ നിന്നു സ്വർണ്ണമുദ്ര കഴിഞ്ഞ കുറി ടി പ്രദർശനം തുറന്ന അവസരത്തിൽ തിരുവിതാംകൂർ ദിവാൻ മ. രാ. രാ. ദിവാൻ ബഹദൂർ പി. രാജഗോപാലാചാരി സി. ഐ. ഇ. അവർ കൾ മുഖേന സമ്മാനിക്കയും ചെയ്തിരിക്കുന്നു. സമ്മാനാവസരത്തിൽ യോഗം ജനറൽ സിക്രട്ടറി യോഗത്തിൽ നിന്ന് ഇങ്ങനെ ഒരു സമ്മാനം നൽ കുന്നതിന്റെ ഉദ്ദേശ്യത്തെപ്പററി പ്രസംഗിക്കയും രാജഗോപാലാചാരിഅവർ കൾ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ യോഗത്തിന്റെ ഈ ഉചിത കൃത്യത്തെ പ്പററി അഭിനന്ദിച്ചു പ്രസ്താവിക്കയും സമ്മാനത്തിന്റെ ഗൃഹീതാവായ പ്രദർശനം സിക്രട്ടറി പത്മനാഭപിള്ള അവർകൾ യോഗത്തിനു വളരെ നന്ദി പറഞ്ഞു തന്റെ റിപ്പോർട്ടിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഇതിനു പുറമേ സമുദായത്തിന്റെയും യോഗത്തിന്റെയും ക്ഷേമാഭി വൃദ്ധിക്കും അഭിമാനത്തിനും അവശ്യം വേണ്ട പല കൃത്യങ്ങളും യോഗ ത്തിൽ നിന്ന് യഥാകാലം ചെയ്തിട്ടുണ്ട്. കഴിഞ്ഞ 8–ാമതു ശ്രീമൂലം പ്രജാസഭയിൽ നമ്മുടെ സമുദായത്തിൽ നിന്നു കൊല്ലംതോറും ഏതാനും പ്രതിനിധികളെ അംഗങ്ങളായി ഗവൺമെന്റിൽ നിന്നു നിയമിക്കുന്നതിനെ പ്പററി യോഗം പ്രതിനിധി സകാരണം വാദിക്കുകയും അതിന്റെഫലമായി ടി ഗവൺമെന്റിൽ നിന്ന് ഇപ്പോഴ 6 പ്രതിനിധികളെ മേൽപ്രകാരം കൊല്ലം തോറും നിയമിപ്പാൻ തീരുമാനിക്കയും ചെയ്തിരിക്കുന്നു ഇതു ഭാവിയിൽ ഏത്ര ഗുണകരമായ സംഗതിയായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഈ ഉത്തരവനുസരിച്ചു നടപ്പു കൊല്ലത്തിൽ 6 പ്രതിനിധികളും നിയമിക്കപ്പെ ട്ടിരിക്കുന്നു. അവരിൽ ചിലർ ഇപ്പോഴ നമ്മുടെ വർഗ്ഗക്കാർക്കു പ്രവേശ മില്ലാത്ത അപൂർവം ചില വിദ്യാലയങ്ങളിൽ കൂടി പ്രവേശം അനുവദിക്കേ ണ്ടതിനേയും ഗവൺമെൻറുദ്യോഗ സംബന്ധമായി ഇപ്പോഴുള്ള പല പ്രതി കൂലാവസ്ഥകളേയും മററും പറാി ചെയ്ത പ്രാതിനിദ്ധ്യങ്ങഠം വളരെ ഗുണകരമായിത്തീരാൻ ഇടയുള്ളവയാണ്.

സമുദായത്തിന്റെ വിദ്യാഭ്യാസ സംബന്ധമായും ഉദ്യോഗ സംബന്ധ മായും മററും ഗവൺമെൻറിനോടു പൊതുവായും പ്രത്യേകമായും എഴുത്തു കുത്തുകഠം നടത്തിക്കൊണ്ടിരിക്കുന്നതുതന്നെ യോഗം ആഫീസിൽ ഇപ്പോഴ മിക്കവാറും നിത്യകൃത്യങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെട്ടു പോയിരിക്കുന്നു. നമ്മുടെ ന്യായമായ അപേക്ഷകളിൽ മഹാരാജാവു തിരുമനസിലെ ഗവൺമെൻഠ് പ്രദർശിപ്പിച്ചുവരുന്ന അനുകമ്പാപൂർവമായ ശ്രദ്ധയെപ്പാറി യോഗത്തിന് എപ്പോഴും കൃതജ്ഞത ഉണ്ടായിരിക്കേണ്ടതാണ്.

യോഗത്തിൽനിന്നു കഷ്ടിററി മുഖേന കഴിഞ്ഞ മേയ് മാസത്തിൽ നട ത്തിയ ശിവഗിരിപ്രതിഷ്ഠതന്നെ ഏറാവും സ്മരണീയമായ ഒരു കൃത്യ

Digitized By Kerala Sahitya Akademi

മാകുന്നു. അതിനെപ്പറ്റി കഴിഞ്ഞ യോഗം അദ്ധ്യക്ഷൻ അവർകളും പറഞ്ഞിരിക്കുന്നതു വാസ്തവമതേ. "ഈ അസ്ഥിരാവസ്ഥയല്ലേ ഇപ്പോഴും ഉള്ള ക്ഷേത്രങ്ങളെ മാത്രമല്ല, മേലാൽ നാം നിർമ്മിക്കാനിരിക്കുന്ന ക്ഷേത്രങ്ങളെപ്പോലും ഒന്നിച്ചു സംയോജിപ്പിച്ചു സ്ഥിരപ്പെടുത്തിക്കൊണ്ടു പോകുന്നതാണ്. മേലാൽ ഈ ഏർപ്പാട് നമ്മളുടെ ഭാവിശ്രേയസ്സിനുള്ള ശൃംഗേരിയായും ഇവിടെയും എവിടെയുമുള്ള നമ്മുടെ സമുദായത്തിനും ജ്ഞാനത്തിനും പരസ്പര സ്നേഹത്തിനും ആവശ്യമായ വിവിധ വൃത്തികൾക്കു വേണ്ടുന്ന ഈശ്വരാനുഗ്രഹത്തിന്നായി ഉൽക്കണ്ഠയോടുകൂടി അന്വേഷിച്ചെത്തുന്ന വിശുദ്ധഗിരിയായും ഭവിക്കുന്നതാണ്." പെരുംവിജനമായിരുന്ന ശിവഗിരി പ്രതിഷ്ഠാകാലത്ത് ഒരു പട്ടണമായിത്തീർന്നിരുന്നു. അതുസംബന്ധമായി ഉണ്ടാക്കിയ പുതിയ കടവ്സ്നാനഘട്ടങ്ങളും. റോഡുകളും, പാലം മുതലായ സ്ഥിരമായമരാമത്തുകളും ഇപ്പോഴും ശിവഗിരിയുടെ ആവാസയോഗ്യതയെ വർദ്ധിപ്പിപ്പിച്ചുകൊണ്ടു നിൽക്കുന്നു. ഇതിലേക്കുവേണ്ടിവന്ന് ഗണ്യമായ ചിലവിന്റെ ഒന്നുപകുതി യോഗത്തിന്റെ അപേക്ഷപ്രകാരം ഗവൺമെൻറു സഹിച്ചതിന് യോഗം നന്ദിപറയേണ്ടതാകുന്നു.

യോഗത്തിൽനിന്നു ചെയ്തു വരുന്ന വിദ്യാഭ്യാസ സംബന്ധമായ ഉദ്യമങ്ങൾക്കുതകത്തക്കവണ്ണം ഏതാനും കൃഷിയോഗ്യമായ പുതുവൽ ഭൂമികളെ യോഗത്തിന്റെ പേരിൽ പതിക്കുന്നതിനായി ഒട്ടുകാലമായി തുടങ്ങിയിരിക്കുന്ന ശ്രമങ്ങളിലും ഈ കൊല്ലം യോഗത്തിൽനിന്നു വളരെ ഔൽജ്ജിത്യം വരുത്തീട്ടുണ്ട്. പല വനപ്രദേശങ്ങളിലും അപ്രകാരമുള്ള ഭൂമികളെ സംബന്ധിച്ച് സ്വയമേവ അന്വേഷണങ്ങൾ നടത്തി ചില സ്ഥലങ്ങളെപ്പറ്റി വീണ്ടും ഗവൺമെൻറിനോട് അപേക്ഷിച്ച് എഴുത്തുകുത്തു നടത്തി വരികയാണ്. തിരുവിതാംകൂർ പൊന്നുതമ്പുരാൻ തിരുമനസ്സിലെ കഴിഞ്ഞ തിരുനാൾ സംബന്ധിച്ചു പതിവുപോലെ യോഗത്തിന്റെ അനുമോദനവും ആശംസയും സമർപ്പിക്കയും കരുണാനിധിയായ തിരുമനസ്സുകൊണ്ടു കല്പിച്ചു യോഗത്തിനു നന്ദി പറഞ്ഞു മറുപടി തരികയും ചെയ്തു.

കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ ഈ കഴിഞ്ഞ ഷഷ്ടിപൂർത്തി മഹോത്സവം സംബന്ധിച്ചു പലക്ഷേത്രങ്ങളിലും വിശേഷാൽ പൂജ, പ്രാർത്ഥന മുതലായവ നടത്തുകയും തിരുമനസിലെ കല്പന വാങ്ങി അവിടുത്തേക്കു മനോഹരമായ ഒരു ക്രാസ്കറിൽ ഒരു മംഗളപത്രം സമർപ്പിക്കുകയും ചെയ്തു. അതിനു മഹാമനസ്കനായ ആ തിരുമനസ്സുകൊണ്ടു കല്പിച്ചു തൃക്കൈയാൽ തുല്യം ചാർത്തി താഴെക്കാണുന്ന മറുപടി തന്നിരിക്കുന്നു.

Digitized By Kerala Sahitya Akademi

Hill Benglow, Tripunitura
18th January 1913.

The Member of the
Sri Narayana Dharma Paripalana Yogam,
Trivandrum.

Gentlemen,

It has given me much pleasure to receive your address presented on my 60th birthday and thank you for all you have said about me and my administration.

The Ezhava portion of my subjects was backward in education before, but I am glad to see that they have now understood the benefit of education and are doing all that are necessary to improve themselves in that direction. Their attempt to unite into a body with the main object of improving their social and material condition is an unmistakable sign of the future prosperity of the community and I shall always watch their progress with interest and wish them all success.

I remain

Gentlemen,

Yours sincerely

(Sd/-) Rama Varma

തർജ്ജിമ

ഹിൽ ബങ്ക്ളാവ്
തൃപ്പൂണിത്തുറ
13 ജനുവരി 1913

ശ്രീനാരായണ ധർമ്മപരിപാലന യോഗം മെംബർമാർക്ക്,

തിരുവനന്തപുരം.

Digitized By Kerala Sahitya Akademi

മാന്യൻമാരേ,

നിങ്ങൾ എന്റെ അറുപതാമത്തെ ജന്മനക്ഷത്രാവസരത്തിൽ സമർപ്പിച്ച മംഗളപത്രം എനിക്കുവളരെ സന്തോഷത്തെ നൽകിയിരിക്കുന്നു. എന്നെയും എന്റെ ഭരണത്തെയും പാറി അതിൽ പ്രസ്താവിച്ചിരിക്കുന്ന എല്ലാറ്റിനും ഞാൻ നിങ്ങൾക്കു നന്ദിപറയുന്നു.

എന്റെ പ്രജാവിഭാഗത്തിൽ ഈഴവർ മുമ്പു വിദ്യാഭ്യാസവിഷയത്തിൽ പിന്നോക്കമായിരുന്നു. എന്നാൽ ഇപ്പോൾ അവർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ഗുണം മനസ്സിലാവുകയും ആ വിഷയത്തിൽ അവരുടെ സ്ഥിതിയെ നന്നാക്കുന്നതിന് ആവശ്യമുള്ളതെല്ലാം ചെയ്തുവരികയും ചെയ്യുന്നു എന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. സാമുദായികവും ലൗകികവുമായ സ്ഥിതികളെ നന്നാക്കാനുള്ള മുഖ്യോദ്ദേശത്തോടുകൂടി ഒരു യോഗമായി ചേരാനുള്ള ശ്രമംതന്നെ ഈ സമുദായക്കാരുടെ ഭാവിശ്രേയസ്സിന്റെ അസന്ദിഗ്ധമായ ലക്ഷണമാണ്. ഞാൻ അവരുടെ അഭിവൃദ്ധിയെ എപ്പോഴും മനസാ പൂർവം സൂക്ഷിച്ചുകൊണ്ടിരിക്കയും അവർക്കു സർവവിജയവും ആശംസിക്കുകയും ചെയ്യുന്നു.

നിങ്ങളുടെ അവ്യാജസുഹൃത്ത്

രാമവർമ്മ (ഒപ്പ്)

ആചാര പരിഷ്കരണ സംബന്ധമായ വിഷയങ്ങളിൽ താലികെട്ടു നിർത്തൽ ചെയ്ക, പുതിയ രീതി വിവാഹം ഇവയ്ക്കു ഈ കൊല്ലം പൂർവാധികം പ്രചാരം വരുത്താൻ തിരുവിതാംകൂർ യോഗത്തിൽ നിന്നു പൊതുവായും യോഗ്യരായ യോഗാംഗങ്ങളിൽ പലരും പ്രത്യേകമായും ശ്രമിക്കയും അതിന്റെ ഫലങ്ങൾ പൗരെ വ്യാപിച്ചു തുടങ്ങുകയും ചെയ്തിരിക്കുന്നു. മത സംബന്ധമായ ശ്രമങ്ങളിൽ ഈ കൊല്ലം തിരുവിതാംകൂർ പുഞ്ചാറാടവകയിലെ സജനങ്ങളിൽ അനേകം കുടുംബങ്ങൾ ഒന്നായി കൃസ്തീയ മതം സ്വീകരിപ്പാൻ ഒരുമ്പെട്ടിരുന്നതിനെ പ്രാസംഗികൻമാർ മുഖേനയും മറ്റും തടുത്ത് അവർക്കു സമാധാനമുണ്ടാക്കിയതു പ്രത്യേകം സ്മരിക്കത്തക്ക സംഗതിയാണ്.

മേൽ സൂചിപ്പിച്ചതെല്ലാം ഇക്കൊല്ലം യോഗത്തിൽ നിന്നു നേരേ ചെയ്തിട്ടുള്ള സംഗതികളാകുന്നു. സ്വാമിതൃപ്പാദങ്ങൾ ഈ കൊല്ലം ശിവഗിരിയിലെ പ്രതിഷ്ഠാകർമ്മത്തിനുപുറമേ മംഗലപുരത്തും കൊച്ചി പള്ളിപ്പുറത്തും ആയി രണ്ടു വലിയ ക്ഷേത്രങ്ങൾകൂടി പ്രതിഷ്ഠ നടത്തിയിരിക്കുന്നു. ആലുവായിലെ ആരംഭങ്ങൾ കൂടി തൃപ്പാദങ്ങൾ ഈ കൊല്ലത്തിൽ തുടങ്ങിയതാകുന്നു.

Digitized By Kerala Sahitya Akademi

യോഗത്തിന്റെ പ്രവൃത്തികളെ ശരിയായ മാർഗ്ഗത്തിൽ സഹകരിച്ചും അതിന്റെ ഉദ്ദേശങ്ങളെ മുൻനിർത്തിയും പുറമേ ഈകൊല്ലം പലസ്ഥലങ്ങളിലും ഉണ്ടായിട്ടുള്ള ആരംഭങ്ങളിൽ ഏറ്റവും പ്രസ്താവയോഗ്യമായ ഒന്ന് ഈ കോഴിക്കോട്ടു നഗരത്തിൽ ഹൈക്കോർട്ടുവക്കീൽ മ. രാ. രാ. സി. കൃഷ്ണൻ അവർകൾ (ബി. എ. ബി. എൽ) സ്ഥാപിച്ചു നല്ലനിലയിൽ നടത്തിവരുന്ന എസ്. എൻ. ഡി. പി. ക്ലബ്ബും വായനശാലയും ആകുന്നു. പരോപകാരപ്രദവും ഉദാരവുമായ ഈവക കൃത്യങ്ങളെ ധനവാൻമാരായ മറ്റു യോഗ്യൻമാരും പിന്തുടരുന്നതായാൽ നമ്മുടെ ഭാവി എത്ര സമൃദ്ധിമത്തായിരിക്കുമെന്ന് ഊഹിച്ചുകൊള്ളാവുന്നതാണ്.

യോഗം ആരംഭിച്ചിട്ട് ഇപ്പോൾ പത്തു കൊല്ലം കഴിഞ്ഞിരിക്കുന്നു. ഇതിനിടയിൽ യോഗത്തിൽ സാക്ഷാൽ ചെയ്വാൻ സാധിച്ചിട്ടുള്ള സംഗതികൾക്കു പുറമേ ഇതുകൊണ്ടു സമുദായത്തിന്ന് ഉണ്ടായ ഉണർച്ചയുടെയും ഉത്സാഹത്തിന്റെയും ഒരുമിപ്പിന്റെയും ഫലമായി ഇപ്പോൾ വിസ്താരമേറിയ കേരളത്തിന്റെ പ്രധാനവും അപ്രധാനവുമായ എല്ലാ ഭാഗങ്ങളിലും ഏർപ്പെട്ടിട്ടുള്ള വലുതും ചെറുതുമായ അനേക സ്ഥാപനങ്ങളേയും അവയിൽ നടന്നു കൊണ്ടിരിക്കുന്ന പല പ്രവൃത്തികളേയും പറഞ്ഞു പറഞ്ഞിക്കുന്നത് ഇതിന്റെ സ്ഥാപകന്മാരായ സ്വാമിതൃപ്പാദങ്ങൾക്കു മാത്രമല്ല മറ്റു പ്രവർത്തകൻമാർക്കും അംഗങ്ങൾക്കും ഒന്നുപോലെ ചാരിതാർത്ഥ്യജനകവും ഉത്സാഹകരവുമായിരിക്കുമെന്നുള്ളതിനു സംശയമില്ല. എന്നാൽ ഇതെല്ലാം ആരംഭം മാത്രമേ ആയിട്ടുള്ളു. യോഗത്തിന്റെ സാരമായ പ്രവൃത്തികളും കാര്യസിദ്ധികളും ഭാവിയിലാണു സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് ഇന്നത്തെ പൊതുയോഗത്തിന്റെ ദൃഷ്ടിക്കു യോഗത്തിന്റെ മേലിലുള്ള നടത്തിപ്പിനെപ്പറ്റിയ സംഗതികൾ സവിശേഷം വിഷയമാകുമെന്നു വിശ്വസിക്കുന്നു. കഴിഞ്ഞ പൊതുയോഗം അദ്ധ്യക്ഷൻ അവർകൾ തന്റെ പ്രസംഗത്തിൽ മേലാൽ യോഗം ഉപസഭകൾ സ്ഥാപിച്ചു പ്രധാന സ്ഥലങ്ങളിൽ പ്രത്യേകം പ്രവൃത്തികൾ നടത്തുന്നതായാൽ ഉണ്ടാകാവുന്ന ഗുണത്തേയും അങ്ങനെ ചെയ്യുന്നതിന്റെ ആവശ്യകതയേയും സകാരണം സൂചിപ്പിച്ചിരുന്നു. ഈ സൂചനകൾ നിശ്ചയമായും യുക്തിയുക്തവും സമയോചിതവും ആയിട്ടുള്ളതാകുന്നു.

ഇന്നത്തെ പൊതുയോഗം ഇത്ര തൃപ്തികരമായി നടപ്പാൻ വേണ്ട യത്നങ്ങൾ ചെയ്ത നിർവാഹക സംഘക്കാർക്കും സ്വാഗത സംഘക്കാർക്കും ഈ യോഗത്തിൽ അദ്ധ്യക്ഷ സ്ഥാനം വഹിച്ച് പ്രവർത്തകൻമാരെ പ്രോത്സാഹിപ്പിക്കുന്ന മ. രാ. രാ. റാവുസാഹിബ് പി. രാമൻ അവർകൾക്കും ബോർഡിന്റെ പേരിൽ പ്രത്യേകം വന്ദനം പറഞ്ഞുകൊണ്ട് ഈ റിപ്പോർട്ടു യോഗം മുമ്പാകെ വച്ചു കൊള്ളുന്നു.

എൻ. കുമാരൻ ആശാൻ
ജനറൽ സിക്രട്ടറി

9–5–1913

വിവേ: 1088 മേടം, ഇടവം

Digitized By Kerala Sahitya Akademi

X

1089 മേടം 25–ം 26–ം (1914 മേയ് 7–ം 8–ം)നു കളിൽ ആലുവാ അദ്വൈതാശ്രമത്തിൽ വച്ചു കൂടിയ 11–ാം എസ്. എൻ. ഡി. പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട്.

മാന്യരേ,

മുൻകൊല്ലത്തെ ബാക്കിയിരിപ്പായ 13 ക. 4ണ. 9പൈ. കൊണ്ടാണ് 1913 ലെ കണക്ക് ആരംഭിക്കുന്നത്. ഓഹരിവകയിൽ യോഗാംഗങ്ങളിൽ നിന്നു നടപ്പു കൊല്ലത്തിൽ ആകെ പിരിഞ്ഞു വരവ് 907 ക 15 ണ. 11പൈ. ആണ്. ഇത് മുൻകൊല്ലത്തെ പിരിവിനെ അപേക്ഷിച്ച് 640–ൽ ചിലപ്പോൾ ഉറുപ്പിക കുറവാണ്. കാരണം പിരിവിനു നടപ്പുകൊല്ലത്തിൽ പ്രത്യേകം ഏജൻറ് ഇല്ലാതിരുന്നതും, അറിയിപ്പുകളും നോട്ടീസുകളും അയയ്ക്കുകയല്ലാതെ കുടിശ്ശികക്കാരുടെ അടുക്കൽ പോയി പണംപിരിക്കാൻ മറ്റുജോലികളുടെ ആധിക്യത്താൽ സാധിക്കാഞ്ഞതും ആകുന്നു. വിവേകോദയംവകയിൽ ആകെ പിരിവ് 300ക. 8ണ. 7പൈ. ആണ്. ഇതും മുൻകൊല്ലത്തെ പിരിവിനെക്കാൾ 224 ൽ പിലപ്പോൾ കുറവാണ്. ഇതിനു മേൽപറഞ്ഞ കാരണത്തിനുപുറമേ വി. പി. ആയി പുസ്തകം അയയ്ക്കുമ്പോൾ അധികം വരിക്കാർ കൈപ്പറ്റാതെ മടക്കിഅയക്കുന്നതും കാരണമാണ്. കടംവാങ്ങി വരവായി കാണുന്ന 167 ക. യിൽ, 151 ക. പ്രതിഷ്ഠാകമ്മിറ്റി വക ബാക്കി വകയിൽനിന്ന് അത്യാവശ്യ ചെലവിലേക്കു വായ്പയായി എടുത്ത് ഉപയോഗിച്ചിട്ടുള്ള സംഖ്യയാണ്. വ്യവഹാരവകയിൽ വരവായിക്കാണുന്ന 276 ക. 4ണ. 11പൈ യിൽ, 238 ക. 10ണ. 3പൈ. കുമാരൻ സുബ്രഹ്മണ്യന്റെ ഈടുവസ്തു ലേലത്തിൽ വിറ്റവകയിൽ ആദ്യം ഈടായ പണത്തിൽ നിന്ന് വ്യവഹാരച്ചെലവു വകയിൽ വകവച്ച് എടുത്തിട്ടുള്ള സംഖ്യയും ശേഷം 37 ക. 10 ണ. 8 പൈ. യോഗാംഗങ്ങളുടെ പേരിലുള്ള വ്യവഹാരക്കണക്കിൻപടി ചെലവു വകയിൽ ഈടായിട്ടുള്ള സംഖ്യയാണ്. വിദ്യാഭ്യാസ ലോൺ വകയിൽ തിരികെ വരവായി എഴുതിയിരിക്കുന്ന സംഖ്യ നടപ്പുകൊല്ലത്തിൽ മിസ്റ്റർ ഭരതൻ തിരികെ അടച്ചതാണ്. സംഭാവനയായി കാണുന്ന 88 ക. 1 പൈ. കോഴഞ്ചേരി കോട്ടയം ഈ സ്ഥലങ്ങളിലെ സമാജങ്ങളിലും ആനന്ദഭൂതേശ്വര ക്ഷേത്രത്തിലും നിന്ന് യോഗത്തിനു സംഭാവന അയച്ചിട്ടുള്ള സംഖ്യയും മറ്റു ചില മാന്യൻമാരുടെ ചില്ലറ സംഭാവനകളും ചില വിവാഹ സംഭാവനകളുമാണ്. വരവു കാളത്തിലുള്ള മറ്റു ഇനങ്ങൾക്കു വിവരണം ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ദേവസ്വം വക ചെലവായികാണുന്ന 320 ക. 7 ണ. 7 പൈ യിൽ 204 ക. യിൽ ചിലപ്പോൾ അരുവിപ്പുറം ക്ഷേത്രം വകയ്ക്കും ശേഷം ശിവഗിരി ദേവസ്വത്തിലേക്കും പല ഇനങ്ങളിലായി യോഗത്തിൽ നിന്നു പ്രത്യേകം ചെലവായിട്ടുള്ളതാകുന്നു. ഈ ചെലവ് ബഡ്ജറ്റിൽ അനു

Digitized By Kerala Sahitya Akademi

വദിച്ചിട്ടുള്ളതിൽ നിന്ന് 20-ൽ ചിലപ്പാനം ക. അധികമാകുന്നു. കാരണം അരുവിപ്പുറത്തെ ഉത്സവം വകയിൽ നടപ്പുകൊല്ലത്തിൽ സ്വല്പം അധികച്ചെലവു ചെയ്യേണ്ടിവന്നതാകുന്നു. ചിട്ടിവകയ്ക്ക് 430 ക. 7 ണ. 6 പൈ. ചെലവായിരുന്നു. അനുവദിച്ചിരുന്നത് 300 ക. യാണ്. അധികച്ചെലവു മുൻ കുടിശ്ശിക വകയിൽ ചിട്ടിമുൻപന്റെ കണക്കുംപടി കൊടുക്കേണ്ടിയിരുന്ന പണം നടപ്പുകൊല്ലത്തിൽ കൊടുത്തു തീർത്തതാകുന്നു. വിശേഷാൽ ഫർണിച്ചർ ഇനത്തിൽ ചെലവായിക്കാണുന്ന 70 ക. ബോർഡിന്റെ അനുവാദപ്രകാരം ആഫീസിലെ ഉപയോഗത്തിനായി ഒരു ഇരുമ്പുപെട്ടി വാങ്ങിയതാകുന്നു. യോഗാംഗങ്ങളുടെ പേരിലുള്ള വ്യവഹാരം വകയ്ക്ക് 520 ക. 14 ണ. 8 പൈ. ചെലവായിരിക്കുന്നു. ഇതിൽ തന്നാണ്ടത്തെ 70 പുതിയ കേസുകൾക്ക് കോർട്ടുഫീസു മുതലായ വകയ്ക്ക് 205 ക. 7 ണ. 4 പൈയും 91 കേസുകളുടെ വിധി നടത്തു സംബന്ധമായ ചെലവുകൾക്കായി 186 ക. 6 ണ. 11 പൈയും 129 ക. വക്കീൽ ഫീസും ആകുന്നു. ഏജൻറു മിസ്റ്റർ എം. കൊച്ചു രാമന്റെ പറ്റായി കാണുന്ന 148 ക. 10 ണ പിരിവു വകയിൽ അയാളുടെ പക്കൽനിന്ന് ഈടാകേണ്ട സംഖ്യയാണ്. ഈയാളിൽ നിന്ന് ആകെ ഈടാകേണ്ട 279 ക. 8 പൈയ്ക്ക് ഇപ്പോൾ നമ്പർ പതിച്ചിരിക്കുകയാകുന്നു.

മുൻ കൊല്ലത്തെ ആകെച്ചെലവ് 1892 ക. 7 ണ. 2 പൈ. ആയിരുന്നു. ഈ കൊല്ലം 356 ക. 13 ണ. 6 പൈ. അധികം ചെലവായിരിക്കുന്നു. ഇതു ചിട്ടിക്ക് അടച്ചിട്ടുള്ള ക. 430-ം ഇരുമ്പുപെട്ടി വാങ്ങിയ. ക. 70-ം ഇങ്ങനെ സ്വന്തായുള്ള 500 ക. കൂടി ഉൾപ്പെടുത്തീട്ടുള്ള സംഖ്യയാകുന്നു. അതുകൊണ്ട് ആ സംഖ്യ കഴിച്ചാൽ വാസ്തവമായ ചെലവ് 1749 ക. 4ണ. 8 പൈ മാത്രമായിരിക്കും. അതു മുൻകൊല്ലത്തെ ചെലവിനേക്കാൾ 143. ക. 2 ണ. 6 പൈ. കുറവാണ്.

ബോർഡിൽനിന്നു നടത്തിയ പ്രവൃത്തികൾ

(പ്രൊ. ന. 1). 10-ാമതു പൊതുയോഗം മുൻ പൊതുയോഗത്തിലെ നിശ്ചയമനുസരിച്ചു കോഴിക്കോട്ടുവച്ചു നടത്തുന്നതിനും അതിലേക്കു സ്ഥലത്ത് ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഏർപ്പെടുത്തി ജോലി നടത്തുന്നതിനും തീർച്ചപ്പെടുത്തി.

(പ്രൊ. ന. 2). പാർവതി ലക്ഷ്മിഅമ്മ മുതൽപേരുടെ പണവും പലിശയും ഈടാക്കുന്നതിനു നമ്പർ പതിപ്പാൻ ഡയറക്ടർ മാധവൻ വൈദ്യരവർകളെ അധികാരപ്പെടുത്തുകയും ടി വ്യവഹാരത്തിലേക്കാവശ്യമായ ന്യായമായ ചിലവു ചെയ്യുന്നതിനു പണം അനുവദിക്കുകയും ചെയ്തു.

(പ്രൊ. ന. 3). ഏജൻറ് എം. കൊച്ചുരാമന്റെ പേരിൽ സംശയം ജനിക്കയാൽ അയാളെ ജോലിയിൽനിന്നു നീക്കുന്നതിനും അയാളുടെ മേൽ കുടി

Digitized By Kerala Sahitya Akademi

ശ്ശികയ്ക്കു സിവിലായും മാറും ലീഗൽ അഡ്വൈസരുമായി ആലോചിച്ചു വ്യവഹാരം കൊടുക്കുന്നതിനും തീർച്ചപ്പെടുത്തി.

(പ്രൊ. ന. 4). അരുവിപ്പുറത്തു ശിവരാത്രി മഹോത്സവം സംബന്ധിച്ചു കൊടിയേറ്റു മുതൽ ആറാട്ടുവരെയുള്ള ഉടിയന്ത്രങ്ങാം പതിവുപോലെ ബഡ്ജറിൽ അനുവദിച്ച സംഖ്യയിൽനിന്നു യഥായോഗ്യം ചിലവു ചെയ്തു നടത്തുന്നതിനു നിശ്ചയിച്ചു.

(പ്രൊ. ന. 5). നെയ്യാറ്റിൻകര ആയയിൽ മുതുതോട്ടത്തു കൊച്ചുപ്പി വൈദ്യൻ അവർകാംക്ക് ഈടു കടമുറി പ്രകാരം മുക്കാലേ അരയ്ക്കാൽ പലിശയ്ക്കു 1080 ക. കടം കൊടുക്കുന്നതിനു തീർച്ചപ്പെടുത്തി. പണം കിട്ടാൻ താമസം നേരിടുകയാൽ അപേക്ഷക്കാരൻ പിൻവലിച്ചു.

(പ്രൊ. ന. 6). രണ്ടായിരം ഉറുപ്പികയിൽ അധികപ്പെടാത്ത സംഖ്യ എപ്പോഴും ശരിയായ അപേക്ഷകിട്ടുമ്പോം പതിവുപോലെ പരിശോധനകാം നടത്തി ബോർഡിന്റെ അറിവോടും അനുവാദത്തോടും കടം കൊടുക്കത്തക്കവണ്ണം കൗൺസിലിന്റെ അധീനതയിൽ വച്ചിരിക്കേണ്ടതാണെന്നു നിശ്ചയിച്ചു.

(പ്രൊ. ന. 7). ചിറയിൻകീഴുകാരനായ മിസ്റ്റർ ഡേവിഡ് ലോപ്പസിനു് ഈടുവസ്തുക്കളിൽ സ്ഥാപിച്ചു 4000 ക. പലിശയ്ക്കു കടം കൊടുപ്പാൻ തീർച്ചപ്പെടുത്തി. കാലതാമസം നേരിട്ടതിനാൽ മിസ്റ്റർ ലോപ്പസ് പിൻവലിക്കേണ്ടിവന്നു.

(പ്രൊ. ന. 8). മെസ്സേഴ്സ് എൻ. കുമാരൻ ബി. എ. ബി. എൽ, പി. പല്പു എം. ബി. സി. എം. ഇവരെ കൗൺസിൽ മെമ്പർമാരായി തിരഞ്ഞെടുക്കുകയും വിദ്യാഭ്യാസ സഹായത്തിനായി ബഡ്ജറിൽ അനുവദിച്ചിട്ടുള്ള സംഖ്യ യഥായോഗ്യം അർഹരായ വിദ്യാർത്ഥികാംക്കു വിഭജിച്ചു കൊടുപ്പാൻ കൗൺസിലിനു് അനുവാദം കൊടുക്കുകയും ചെയ്തു.

വിദ്യാർത്ഥികാം

മലബാർ	മൂത്തോർകുട്ടി	കോഴിക്കോടു്
	ശങ്കരൻ (Special)	ചാവക്കാടു്
കൊച്ചി	എം. കെ. രാമൻ	തൃശ്ശിവപേരൂർ
കൊല്ലം	ബി. നീലകണ്ഠൻ	
	കെ. നാരായണൻ	
	കെ. കുഞ്ഞമ്മ (Special)	

(പ്രൊ. ന. 9). തിരുവനന്തപുരം മണക്കാട്ടുവിളാകത്തു. മാതേവൻ കൃഷ്ണൻ, പട്ടത്തു നെടുമ്പുരത്തു മേലാറ്റുപുരത്തു് ഈശ്വരൻ കൊച്ചൻ

Digitized By Kerala Sahitya Akademi

എന്നിവർക്ക് 500 ക. വീതം ക്രമപ്പലിശയ്ക്കു കടം കൊടുക്കുന്നതിനു തീർച്ചപ്പെടുത്തി. ഈ രണ്ട് ഇടപാടും ചില സംഗതിവശാൽ നടന്നില്ല.

(പ്രൊ. ന. 10). പാർവതി ലക്ഷ്മിഅമ്മ മുതൽ പേരുടെ ഈടുകട മുറി പ്രകാരമുള്ള പണവും പലിശയും പറ്റി ഒഴിമുറി കൊടുപ്പാൻ പി. മാധവൻ വൈദ്യരവർകളെ അധികാരപ്പെടുത്തുകയും കൗൺസിലിന് ആവ ശ്യമാണെന്നു തോന്നുന്ന പക്ഷം പലിശയിൽ 60 ക. യിൽ കവിയാത്ത സംഖ്യ വിടുതൽ ചെയ്തു കൊടുക്കുന്നതിന് അനുവദിക്കയും ചെയ്തു.

(പ്രൊ. ന. 11). നെയ്യാറിൻകര കരുംകുളത്തു ഉറക്കിണറടിയിൽ രാമൻ കൃഷ്ണൻ അവർകളെ യോഗത്തിൽ അടയ്ക്കാനുള്ള ബാദ്ധ്യത ടി യാൻ സ്വാമി തൃപ്പാദങ്ങളിലേക്കു ദാനം ചെയ്ത 7000 പണത്തിന്റെ നാളതു വരെയുള്ള ആദായത്തിൽ വകവച്ചു നിറുത്തി, ടി ബാദ്ധ്യതയ്ക്കു ടി യാ ന്റെ പേരിൽ പറിച്ചിട്ടുള്ള നമ്പർ പിൻവലിക്കുന്നതിനും മേലാലത്തെ ആദായത്തിൽ 25 ക. യും ടി യോഗാംഗത്തിന്റെ കുടുംബത്തിൽനിന്ന് 5ക. കൂടി വാങ്ങിയും 30 ക. ചിലവുചെയ്തു ടിയാൻ കൊല്ലംതോറും അരുവി പ്പുറം ക്ഷേത്രത്തിൽ സ്വാമി തൃപ്പാദങ്ങളിലെ പേരിൽ നടത്തിവരുന്ന 7-ാം ഉത്സവത്തിലെ സദ്യ യോഗത്തിൽ നിന്നു നടത്തുന്നതിനും നിശ്ചയിച്ചു.

(പ്രൊ. ന. 12). യോഗാംഗങ്ങളുടെ പേരിൽ സമ്പാദിച്ചിട്ടുള്ള ഡിക്രി കളെ വിധിനടത്തിൽ പലമാതിരി ചിലവുകൾക്കു വേണ്ടിവന്നാൽ നൂറിനു പത്തും വിശേഷാൽ സംഗതികളിൽ നൂറിനു പതിനഞ്ചും നിര ക്കിൽ കവിയാത്ത സംഖ്യ വിധിനടത്തിൽ അധികൃനായ ഉദ്യോഗസ്ഥൻ കൗൺസിലിന്റെ അനുവാദപ്രകാരം ചിലവുചെയ്തുകൊള്ളുന്നതിന് അനുവദിക്കയും, ഗതിയില്ലാത്ത അംഗങ്ങളുടേയോ അവരുടെ അവകാശിക ളുടേയോ പേരിൽ നടത്തേണ്ടിവരുന്ന വിധികളിൽ വേണ്ടിവന്നാൽ ഔചിത്യം പോലെ കിട്ടുന്നിടത്തോളം വസൂലാക്കി ബാദ്ധ്യത വിടുതൽ ചെയ്തു കൊടുക്കുക മുതലായ ന്യായമായ സൗജന്യങ്ങൾ ചെയ്യുന്നതിനും കൗൺ സിലിനെ അധികാരപ്പെടുത്തുകയും ചെയ്തു.

(പ്രൊ. ന. 13). മദ്രാസിൽ ഗവൺമെൻറ് മെഡിക്കൽ സ്കൂൾ വിദ്യാർ ത്ഥിയായ മിസ്റ്റർ ശങ്കരനു 60 ക. യും തിരുവനന്തപുരം രാജകീയ ഗവൺ സ്കൂളിൽ 5–ാം ഫാറം വിദ്യാർത്ഥിനിയായ കെ. കുഞ്ഞമ്മയ്ക്കു 36 ക. യും വിശേഷാൽ വിദ്യാഭ്യാസ ലോണായി കൊടുക്കുന്നതിനു നിശ്ചയിച്ചു.

(പ്രൊ. ന. 14). തിരുവനന്തപുരം വട്ടിയൂർക്കാവ് പുത്തൻവിളാകം കിഴക്കും മുറിയിൽ കുറുമ്പ നാണിയമ്മ വശം ഈടുകടമുറി പ്രകാരമുള്ള പണവും പലിശയും പറ്റി ഒഴിമുറി കൊടുക്കുന്നതിന് അധികാരപ്പെ ടുത്തി.

Digitized By Kerala Sahitya Akademi

(പ്രൊ. ന. 15). ജനറൽ സിക്രട്ടറിക്കു് ഒരു അസിസ്റ്റന്റിനെ നിയമിക്കുന്ന വിഷയത്തിൽ തൽക്കാലം ദേവസ്വം സിക്രട്ടറിയുടെ കൃത്യങ്ങളെ വിഘ്നം കൂടാതെ നോക്കുന്നതിനു മംഗലശ്ശേരി ആർ. ഗോവിന്ദൻ ആശാൻ അവർകളെ ചുമതലപ്പെടുത്തുകയും ശിവപ്രസാദസ്വാമി അവർകളെ യോഗം ജനറൽ സിക്രട്ടറിയുടെ അസിസ്റ്റന്റായി നിയമിപ്പാൻ വ്യവസ്ഥ ചെയ്യുന്നതും നന്നായിരിക്കാമെന്നുള്ളതു കൊണ്ടു് ആ വിഷയത്തിൽ ഡയറക്ടർമാരുടെ അഭിപ്രായം അറിയാൻ ആവശ്യപ്പെട്ടു.

(പ്രൊ. ന. 16). യോഗം വക പ്രവൃത്തികളുടെ നിർവിഘ്നമായ നടപ്പിനായി ദേവസ്വം സിക്രട്ടറിയുടെ ചുമതല തൽക്കാലം മംഗലശ്ശേരി ആർ. ഗോവിന്ദൻ അവർകളെ ഏല്പിച്ചു് ദേവസ്വം സിക്രട്ടറി ശിവപ്രസാദ സ്വാമി അവർകളെ യോഗം ജനറൽ സിക്രട്ടറിയുടെ അസിസ്റ്റന്റായി നിയമിച്ചു് ഏർപ്പാടു ചെയ്യണമെന്നുള്ള സംഗതിയിൽ ഡയറക്ടർമാർ പ്രതികൂലമായി അഭിപ്രായപ്പെട്ടിരിക്കുന്നതിനാൽ ആ നിർദ്ദേശം ഉപേക്ഷിച്ചു.

(പ്രൊ. ന. 17). തിരുവനന്തപുരത്തു അബ്ദൽ കാദർ ഷേക്കു മൊയിതിന്നു തനിക്കു ഔണിൽ മ്യൂസിയത്തിനടുത്തുള്ള വസ്തുക്കളിലും മറ്റും സ്ഥാപിച്ചു 600 ക. പലിശയ്ക്കു കടം കൊടുപ്പാൻ നിശ്ചയിച്ചു.

(പ്രൊ. ന. 18). ചിറയിൻകീഴ് മുത്തൂലയിൽ പത്മനാഭൻ കുഞ്ചുവിനു് ഈടുവസ്തുവിൻമേൽ സ്ഥാപിച്ചു 4000 ക. യും ബാക്കിവരണം കൈവശമുള്ളപക്ഷം ചിറയിൻകീഴ് കിണറുവിളാകത്തു മിസ്റ്റർ നാരായണൻ കൃഷ്ണനു 3000 ക. യും കടം കൊടുക്കുന്നതിനു തീർച്ചയാക്കി.

കൗൺസിൽ

ഡാക്ടർ പി. പല്പു, സി. എം. രാരിച്ചൻ മൂപ്പൻ, ഡാക്ടർ പി പല്പു (എം. ബി. സി. എം.), എൻ. കുമാരൻ ബി. എ. ബി. എൽ. എന്നിവരടങ്ങിയ കൗൺസിലിൽ നിന്നു 1914–ലെ 8–ാം നമ്പർ പ്രൊസീഡിംഗ്സിൻ പ്രകാരം വിദ്യാഭ്യാസ സഹായത്തിനായി ബഡ്ജററിൽ അനുവദിച്ച സംഖ്യ വിദ്യാർത്ഥികൾക്കു യഥായോഗ്യം വിഭജിച്ചുകൊടുത്തു. 13–ാം നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം മദ്രാസ് മെഡിക്കൽ സ്കൂൾ വിദ്യാർത്ഥി മിസ്റ്റർ ശങ്കരനും തിരുവനന്തപുരം രാജകീയ ഗവൺ സ്കൂൾ വിദ്യാർത്ഥിനി കെ. കുഞ്ഞമ്മയ്ക്കും സ്പെഷ്യലായി എഡ്യുക്കേഷൻ ലോൺ കൊടുക്കുന്നതിനു ശുപാർശ ചെയ്യുകയും അനുവാദ പ്രകാരം കൊടുക്കുകയും ചെയ്തു.

ആഫീസിലെ പ്രവൃത്തികൾ

ബോർഡു വകയും കൗൺസിൽ വകയുമായ എഴുത്തുകുത്തുകൾ മുൻകൊല്ലങ്ങളിലേക്കാൾ വർദ്ധിച്ചിരിക്കുന്നു. അതിനുപുറമേ പണം

Digitized By Kerala Sahitya Akademi

പിരിവു വകയ്ക്ക് തക്കതായ ഏജൻറൻമാരെ കിട്ടാത്തകാരണത്താൽ അടിക്കടി കുടിശ്ശികക്കാരെ രേഖാമൂലം അറിവിച്ചു കൊണ്ടിരിക്കുന്നത് എഴുത്തുകുത്തു ജോലിയെ ഗണ്യമായ വിധത്തിൽ വർദ്ധിപ്പിച്ചിരിക്കുന്നു. ഈ എഴുത്തുകുത്തിൻെറ ഫലമായി നടപ്പുകൊല്ലത്തിൽ ഉദ്ദേശം 150 ആളുകളുടെ പേരിൽ നമ്പർ പതിക്കേണ്ടിയിരുന്നത് 70 ആയി കുറഞ്ഞിട്ടുണ്ട്. 80 പേർ നമ്പറിനിടയാക്കാതെ എഴുത്തുകുത്തിൻമേൽ പണമടച്ചിട്ടു. അല്ലാതെയും നടപ്പുകൊല്ലത്തിൽ കാലഹരണതടസ്സം നീക്കീട്ടുണ്ട്. നടപ്പുകൊല്ലത്തിൽ പതിച്ചിട്ടുള്ള 70 കേസുകളിൽ 53 കേസുകൾ വിധിച്ചു കിട്ടുകയും 17 കേസ് നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതിനുപുറമേ 91 കേസുകൾ നടപടി ആരംഭിച്ചും ചുരുക്കം ചില കേസുകൾ വിധി നടന്നു പൂർത്തിയായും ഇരിക്കുന്നു. ആകപ്പാടെ ഇപ്പോൾ തിരുവിതാംകൂറിലും കൊച്ചിയിലും ബ്രിട്ടീഷ് മലബാറിലുമുള്ള പല കോടതിയിലായി 305 കേസുകൾ വിധിനടത്തേണ്ട ഭാരം ആഫീസിലിരിക്കുന്നു. ഈ സംഗതികളെ യഥാകാലം വീഴ്ചകൂടാതെ നടത്തിക്കൊണ്ടിരിക്കുന്നതിന് എത്ര സൂക്ഷ്മവും ശ്രമവും ആവശ്യമാണെന്നുള്ളത് ഊഹിക്കാവുന്നതാണ്. ഇതുകൂടാതെ കണക്കുകൾ, റിക്കാർഡുകൾ ഇവ സൂക്ഷിക്കുക, വിവേകോദയത്തിൻെറ പത്രാധിപത്വം, പ്രസാധകത്വം, മറ്റു പല പ്രകാരത്തിലുള്ള എഴുത്തുകുത്തുകൾ നടത്തുക, സജ്ജനങ്ങളുടെ സങ്കടങ്ങളെ ഗവൺമെൻറിനോടു നേരിട്ടു ഡിപ്പാർട്ടുമെൻറു മുഖേന അപ്പോൾ അപ്പോൾ നിവേദനം ചെയ്തു പരിഹാരമുണ്ടാക്കുക ഇവയും ആഫീസിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളാകുന്നു. ഈ പ്രവൃത്തികളുടെ വർദ്ധനയനുസരിച്ചു ഉദ്യോഗസ്ഥൻമാരെ അധികപ്പെടുത്തീട്ടില്ല എന്നുള്ളത് ഓർക്കേണ്ടതാകുന്നു. ജനറൽ സെക്രട്ടറിക്ക് ഒരു അസിസ്റൻറിനെ നിയമിക്കാൻ കഴിഞ്ഞ പൊതുയോഗത്തിൽ നിന്ന് അനുവദിച്ചിരുന്നുവെങ്കിലും അസിസ്റൻറിൻെറ പ്രവൃത്തിക്കു പ്രതിഫലമായി നിശ്ചയിച്ചിട്ടുള്ള സംഖ്യ കൊല്ലത്തിൽ 150 ക. മാത്രമാകുന്നു. ഈ പ്രതിഫലത്തിൻമേൽ ജനറൽ സെക്രട്ടറിയെ സഹായിക്കത്തക്ക യോഗ്യതയുള്ള ഒരാളെ ലഭിക്കുന്നതു ശക്യമായിത്തോന്നിയില്ല. അസിസ്റൻറ് സെക്രട്ടറിയായിരുന്നവരിൽ ഓരോരുത്തരോടും ആവശ്യപ്പെട്ടതിൽ യോഗ്യനായ ഒരാളെ നിർദ്ദേശിക്കാനോ ശുപാർശ ചെയ്യാനോ ഒരാളെ നിർദ്ദേശിക്കാൻ ഡയറക്ടർമാരിൽ ഓരോരുത്തരോടും ആവശ്യപ്പെട്ടതിൽ യോഗ്യനായ ഒരാളെ നിർദ്ദേശിക്കാനോ ശുപാർശ ചെയ്യാനോ അവർക്കു കഴിയാഞ്ഞത് അതുനിമിത്തമായിരിക്കണം.

പൊതുയോഗനിശ്ചയങ്ങളെ സംബന്ധിച്ച പ്രവൃത്തികൾ

മുന്നാണ്ടത്തെ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ള നിശ്ചയങ്ങളിൽ പ്രധാനമായ പലതിനേയും പറ്റി ഈ കൊല്ലവും യാതൊന്നും ചെയ്യാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ പൊതുയോഗത്തിലെ നിശ്ചയങ്ങളിൽ 13-ാമതു നിശ്ചയം അനുസരിച്ചു കൊച്ചിയിലും മലബാറിലും യോഗങ്ങൾ പ്രത്യേകം രജിസ്റർ ചെയ്യുന്നതിനെ സംബന്ധിച്ചു 14-ാം നമ്പർ നിശ്ചയത്താൽ നിയമിക്കപ്പെട്ട കമ്മറ്റിക്കാരിൽ എല്ലാവരോടും എഴുത്തുകുത്തു നടത്തി

Digitized By Kerala Sahitya Akademi

യതിൽ തൃപ്തികരമായ ഒരു ഫലവും ഉണ്ടായിട്ടില്ല. നിശ്ചയങ്ങളെ പ്പററി പ്രസ്താവിക്കുമ്പോഴം അംഗങ്ങം സഭയിൽ അഭിപ്രായം പറയുന്നതിനു മുന്നറിവു തരേണ്ടതിനെപ്പററിയുള്ള 4-ാമതു നിശ്ചയം ഒരു നിബന്ധനാ രൂപമാകയാൽ വിശേഷാൽ പൊതുയോഗത്തിലെ നിശ്ചയത്തിൻ മേലല്ലാതെ പാസ്സാക്കാൻ പാടുള്ളതല്ലെന്നു ജോയിൻറ് സ്റ്റാക്കുകമ്പനിരജിസ്റ്റാർ നിഷേധിക്കുകയും അതു റദ്ദാക്കണമെന്നു ആവശ്യപ്പെടുകയും ചെയ്തിട്ടുള്ള വിവരംകൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ കൊല്ലത്തെ റിപ്പോർട്ടിൽ പ്രസ്താവിച്ചപ്രകാരം ശാരദാപ്രതിഷ്ഠാക്കമ്മററി യുടെ കണക്കുകളം പൂർത്തിയായി ഇപ്പോഴം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. റിപ്പോർട്ട് ആഫീസിലെ സമയക്കുറവിനാൽ ഇതുവരെ പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചിട്ടില്ലെന്നു വ്യസനപൂർവം പറയേണ്ടിയിരിക്കുന്നു. സംഭാവന ലിസ്റ്റുകളും മററു വിവരങ്ങളും മിക്കവാറും പ്രസ്സിൽ ഏല്പിക്കത്തക്കവണ്ണം തയ്യാറായിരിക്കയാകുന്നു. പ്രകടന പത്രികയിൽ പ്രസ്താവിച്ചപ്രകാരം വിസ്താരമേറിയ റിപ്പോർട്ടുഎഴുതുന്നത് പ്രത്യേകം വ്യവസ്ഥ ചെയ്താലല്ലാതെ സാദ്ധ്യമാകുമെന്നു തോന്നുന്നില്ല. 1088 മീനം 26-ാം നു പ്രസിദ്ധപ്പെടുത്തിയ ബാലൻസ്ഷീററിൻപടി പ്രതിഷ്ഠാക്കമ്മററിയിൽ ചെലവുകഴിച്ചു ബാക്കിയുള്ളതു 3431 ക. 7 ണ. 6 പൈ. ആകുന്നു. ഇത്ര ഗണ്യമായ ബാക്കിയുണ്ടായതു കമ്മിററിക്കു നിശ്ചയമായും അഭിമാനകരമാണ്.

പ്രസ്തുത കൊല്ലാവസാനത്തിനുശേഷം ദേവസ്വം സെക്രട്ടറി ആയിരുന്ന ശ്രീമാൻ ശിവപ്രസാദസ്വാമി അവർകളം അപ്രതീക്ഷിതമായി തീർത്ഥയാത്രയ്ക്കു പോവുകയും ആ ഒഴിവിനു ബോർഡിൽനിന്നു താത്കാലികമായി മംഗലശ്ശേരി ആർ. ഗോവിന്ദൻ ആശാൻ അവർകളെ നിയമിക്കയും ചെയ്തിരിക്കുന്നു. ഈ നിയമനത്തെപ്പററി ആക്ഷേപമുണ്ടാവാൻ തരമില്ലെങ്കിലും ഗോവിന്ദൻ ആശാൻ അവർകൾക്കുള്ള ഭാരമേറിയ ഗൃഹകൃത്യങ്ങളോടുകൂടി ശ്രമസാദ്ധ്യമായ യോഗത്തിന്റെ ദേവസ്വംസെക്രട്ടറി സ്ഥാനം തൃപ്തികരമായി നിർവഹിക്കാൻ അദ്ദേഹത്തിനു കഴിയുമോ എന്നുള്ളതു സംശയമാകുന്നു. ആഫീസു പ്രവൃത്തികളെ സംബന്ധിച്ചു സൂചിച്ചിട്ടുള്ള വിവരങ്ങളിൽ നിന്ന് ഇപ്പോഴുള്ള ഉദ്യോഗസ്ഥൻമാരെക്കൊണ്ടു മാത്രം യോഗത്തിന്റെ ഭാരമേറിയ സംഗതികളം എല്ലാം വീഴ്ച കൂടാതെ നടത്തിക്കൊണ്ടുപോകുന്നതു പ്രയാസമാണെന്നു തെളിയുന്നുണ്ടല്ലോ. ഇതിനു പുറമേ എസ്. എൻ. ഡി. പി. യോഗത്തിന്റെ ഘടന ഒരു പ്രത്യേക രീതിയിലാണെന്നുള്ള വസ്തുതയും ഓർമ്മിക്കേണ്ടതാണ്. ഇതിന്റെ ഡയറക്ടർമാർ എപ്പോഴും ഭിന്ന ദേശങ്ങളിൽ താമസിച്ചുകൊണ്ടിരിക്കുന്നു. കൗൺസിൽ അംഗങ്ങളും ഇപ്പോഴം ദൂരത്തിലാണു താമസിച്ചുകൊണ്ടിരിക്കുന്നത്. ഉപാദ്ധ്യക്ഷൻമാർ വളരെ ദൂരത്തിൽ താമസിക്കുന്നവരാകുന്നു. അദ്ധ്യക്ഷനും കാര്യങ്ങളുടെ നടത്തിപ്പിനുപയുക്തമാകത്തക്കവണ്ണം ഉള്ള നിലയിലും സമീപത്തിലുമല്ല. സംഗതികളൊക്കെയും വ്യവസ്ഥിതികഴം അനുസരിച്ചല്ലാതെ നടപ്പാൻ പാടില്ലാത്തതും ആകുന്നു. ഈ അവസ്ഥയ്ക്കു യോഗ

Digitized By Kerala Sahitya Akademi

ത്തിന്റെ പ്രവൃത്തികൾ നടത്തിപ്പാൻ ചുമതലപ്പെട്ടിരിക്കുന്ന ആഫീസുദ്യോഗസ്ഥന് എത്ര ക്ലേശമാണുള്ളതെന്നു പറയേണ്ടതില്ലല്ലോ. ഇതിന്നുപുറമേ ജോലികളുടെ ദിവസേനയുള്ള ആധിക്യവും യാതൊരു വിശേഷാൽ സഹായവും കൂടാതെ വഹിക്കേണ്ടതായി നേരിട്ടിരിക്കുന്നു. ഇതിനെപ്പറ്റി പുതിയ ആഡിറ്ററായ തിരുവിതാംകൂർ ഗവൺമെൻറ് ആക്ടിംഗ് അസിസ്റ്റൻറ് സെക്രട്ടറി മിസ്റ്റർ എസ്. ജെ. ജ്യോഷ്വാ ബി. എ. കണക്കുകളും റിക്കാർഡുകളും പരിശോധിച്ചു സാക്ഷ്യപ്പെടുത്തുന്നതോടുകൂടി യോഗത്തിനു സമർപ്പിക്കാൻ ഒരു നോട്ട് എഴുതിവച്ചിരുന്നതിൽ ഇങ്ങനെ പ്രസ്താവിച്ചു കാണുന്നു.

"In my examination of the account of income and expenditure of the S. N. D. P. Yogam for 1913, I had the opportunity of getting an idea of the work of the Secretary of the Yogam. The conclusion arrived at by me is that Mr. Kumaran Ashan is one of the most capable officers that I have come across. The work that comes before him is something enormous. His work is varied in nature: financial, official (miniteial), and excecutive. For the satisfactory performance of this work, an Assistant Secretary is very essential. Mr. Kumaran Ashan may do this work without an Assistant. But his successor must find the work to be simply killing. I say this from my practical experience extending to nearly 20 years of the work that is being done by officers of the Travancore Government. I wish to add that even the Sadhu Paripalana Yogam has an Assistant Secretary. I have recorded my opinion in the interest of the Yogam and of Mr. Kumaran Ashan's health.

തർജ്ജിമ

"എസ്. എൻ. ഡി. പി. യോഗത്തിന്റെ 1913–ലെ വരവു ചെലവു കണക്കുകളെ പരിശോധിച്ചതുകൊണ്ടു സെക്രട്ടറിയുടെ പ്രവൃത്തികളെ സംബന്ധിച്ച് എനിക്ക് അറിവാൻ ഇടയായിരിക്കുന്നു. മിസ്റ്റർ കുമാരൻ ആശാൻ എന്റെ അറിവിൽപെട്ടിട്ടുള്ള ഏറ്റവും സാമർത്ഥ്യമുള്ള ഉദ്യോഗസ്ഥൻമാരിൽ ഒരാളാണെന്നാണ് എനിക്ക് ഇതുകൊണ്ടു തോന്നിയിട്ടുള്ളത്. അദ്ദേഹത്തിനുള്ള പ്രവൃത്തികൾ അപരിമിതമാണ്. പ്രവൃത്തികളുടെ സ്വഭാവവും വിഭിന്നമായിരിക്കുന്നു അതായത്, പണസംബന്ധമായവ, ആഫീസു ജോലികൾ, കാര്യനിർവഹണങ്ങൾ എന്നിങ്ങനെ. ഇവയെ എല്ലാം തൃപ്തികരമായി നിറവേറ്റുന്നതിന് ഒരു അസിസ്റ്റൻറ് സെക്രട്ടറി അത്യന്താപേക്ഷിതമാകുന്നു. ഒരു അസിസ്റ്റൻറിനെ കൂടാതെയും ഈ കാര്യങ്ങളെല്ലാം മിസ്റ്റർ കുമാരൻ ആശാൻ ചെയ്തു എന്നുവരാം. എന്നാൽ

Digitized By Kerala Sahitya Akademi

അദ്ദേഹത്തിന്റെ പിൻഗാമിക്ക് അതു പ്രാണാപഹരണമായി തീർന്നേക്കും. ഞാൻ ഇത് എനിക്ക് തിരുവിതാംകൂർ ഗവൺമെൻറിന്റെ കീഴിൽ ഉദ്യോഗസ്ഥൻമാർ നിർവഹിക്കുന്ന പ്രവൃത്തികളിൽ 20 കൊല്ലത്തോളമുള്ള പരിചയംകൊണ്ടു പറയുന്നതാണ്. എന്നുതന്നെയല്ല, "സാധുജന പരിപാലന" യോഗത്തിനു കൂടി ഒരു അസിസ്റ്റൻറ് സെക്രട്ടറി ഉണ്ടെന്നുള്ളതും പ്രസ്താവയോഗ്യമാണ്. ഞാൻ ഈ അഭിപ്രായത്തെ രേഖപ്പെടുത്തുന്നത് യോഗത്തിന്റെ നൻമയ്ക്കും മിസ്റ്റർ കുമാരൻ ആശാന്റെ ആരോഗ്യത്തിനും വേണ്ടി ആകുന്നു."

ഈ അഭിപ്രായം എന്നെക്കുറിച്ച് ആകയാൽ ഞാൻ അതു വായിക്കുന്നത് ഏറ്റവും സങ്കോചത്തോടു കൂടിയാണ്. ഇതിൽ പറയുന്ന അസാമാന്യയോഗ്യതയും ശേഷിയും എനിക്കുണ്ടെന്ന് ഒരിക്കലും ഞാൻ വിശ്വസിക്കുന്നില്ല. പിന്നെ ഇത് ഉദ്ധരിക്കുന്നത് ആഫീസ്ജോലിയുടെ ക്രമത്തെപ്പറ്റി മുൻപ്രസ്താവിച്ച വിവരങ്ങളെ വിശദമാക്കാൻ വേണ്ടി മാത്രമാകുന്നു. വിഗ്ഘാതിച്ചു യോഗത്തിന്റെ ആരംഭംമുതൽ ഇതുവരെ പന്ത്രണ്ടുകൊല്ലമായി മടങ്ങാതെ അദ്ധ്വാനിച്ച് ശരീരത്തിനും മനസ്സിനും എനിക്ക് അധികമായ ശ്രമം നേരിട്ടിരിക്കുന്നുണ്ട്. ഒരു അസിസ്റ്റൻറ് സെക്രട്ടറിയോടുകൂടിത്തന്നെയും മേലാൽ ഈ ഭാരംവഹിക്കുന്നത് എനിക്ക് അസാദ്ധ്യമാണെന്നുള്ള വസ്തുതകൂടി പ്രധാനഭാരവാഹികളിൽ പലരേയും ഞാൻ ഇതിനുമുൻപുതന്നെ സകാര്യമായി അറിയിച്ചിട്ടുണ്ട്. അതുകൊണ്ടു ജനറൽ സെക്രട്ടറിയുടെ സ്ഥാനത്തിൽ അനുവർത്തിക്കുന്നത് എനിക്കു സമ്മതമല്ലെന്നുകൂടി ഈ അവസരത്തിൽ നിശ്ചയമായും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. കോഴിക്കോട്ടു വച്ചു കഴിഞ്ഞ പൊതുയോഗംവക പ്രവൃത്തികളെ ഒരു ഉദ്യാനസൽക്കാരത്തോടുകൂടി കേമമായും ഭംഗിയായും നടത്തുന്നതിൽ അത്യുത്സാഹം ചെയ്ത നിർവാഹക സംഘക്കാരായ മ-രാ-രാ- സി. എം. രാരിച്ചൻ മൂപ്പൻ അവർകൾ, ഹൈക്കോർട്ടുവക്കീൽ ഒയിറ്റി കൃഷ്ണൻ അവർകൾ ബി. എ. ബി. എൽ, സി. കൃഷ്ണൻ അവർകൾ ബി. എ.ബി.എൽ., കെ. എൻ. ഗോപാലൻ അവർകൾ ബി. എ. ബി. എൽ, പി. ടി. രാമൻ അവർകൾ മുതലായ മാന്യൻമാരോടു യോഗത്തിനുള്ള കൃതജ്ഞത പ്രസ്താവയോഗ്യമാണ്.

ദേഹവിയോഗങ്ങൾ:

യോഗത്തിലേക്കു 1000 രൂപ സംഭാവന ചെയ്തിട്ടുള്ള ഒരു മാന്യനും യോഗത്തിന്റേയും അരുവിപ്പുറം സ്ഥാപനത്തിന്റേയും ആദ്യത്തെ പ്രവർത്തകൻമാരിൽ ഒരാളും ഈ നടപ്പു കൊല്ലത്തിലെ ഒർ ഡയറക്ടറുമായിരുന്ന നെയ്യാറ്റിൻകര ഉറക്കിണറടി രാമൻ കൃഷ്ണൻ അവർകൾ കാലധർമ്മം പ്രാപിച്ചുപോയ വിവരം യോഗം വ്യസനപൂർവം രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

കഴിഞ്ഞ പൊതുയോഗത്തിൽവച്ച് അംഗമായിത്തീരുകയും യോഗത്തിന്റെ ഭാവികൃത്യങ്ങളിൽ ഏറ്റവും മമതയോടും ഉത്സാഹത്തോടും പ്രവർത്തിക്കാൻ സന്നദ്ധനായിരിക്കുകയും ചെയ്ത കോയമ്പത്തൂർകാളേജ് വൈസ് പ്രിൻസിപ്പാൾ എം. കണ്ണൻ ബി. എ. എൽ. ടി. അവർകളുടെ അകാല വിയോഗത്താൽ സമുദായത്തിനു സംഭവിച്ച കഠിനവും അപരിഹാര്യവുമായ നഷ്ടത്തെപ്പറ്റി യോഗം അനുതപിക്കേണ്ടിയിരിക്കുന്നു.

അനുമോദനങ്ങൾ

സ്വാമിതൃപ്പാദങ്ങളുടെ ധർമ്മ്യമായ ഉദ്ദേശങ്ങൾക്ക് എന്നേക്കും ഉപയോഗിച്ചുകൊൾവാനായി തന്റെ വകയായ മദ്രാസിലെ 13000 ക. വിലപിടിക്കുന്ന ബംഗ്ലാവിന്റെ ആദായം മുഴുവനും ദാനപത്രപ്രകാരം വിട്ടു കൊടുത്തിരിക്കുന്ന ഔദാര്യനിധിയും യോഗത്തിന്റെ ഒരു പ്രധാന അംഗവുമായ പ്രസിദ്ധ ആലുംമൂടു തറവാട്ടിലെ കാരണവർ കൊച്ചുകുഞ്ഞു ചാന്നാർ അവർകളോടും അദ്ദേഹത്തിന്റെ കുടുംബത്തോടും യോഗത്തിന് എന്നേക്കും കൃതജ്ഞത ഉണ്ടായിരിക്കേണ്ടതാകുന്നു.

ഈ ആലുവായിൽ സ്വാമിതൃപ്പാദങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വിദ്യാലയത്തിന്റെ ഉപയോഗത്തിന്നായി 3500 ക.യ്ക്ക് ഈ പന്തൽ നിൽക്കുന്ന സ്ഥലം തന്റെ പേർക്കു തീറുവാങ്ങിയിട്ടുള്ള മാന്യനും യോഗത്തിന്റെ ആരംഭം മുതൽക്കേ ഒരംഗവുമായ അടിപ്പറമ്പിൽ പാറുക്കുട്ടി അവർകൾക്കും യോഗം നന്ദിപറയേണ്ടതാണ്.

യോഗത്തിന്റെ 7-ാമതു വാർഷികപൊതുയോഗത്തിൽ അദ്ധ്യക്ഷ്യം വഹിച്ച പെൻഷ്യൻ മുൻസിഫ് എം. ആർ. കേളപ്പൻ അവർകൾക്ക് കഴിഞ്ഞ വർഷാരംഭ ബഹുമതികളുടെ കൂട്ടത്തിൽ ചക്രവർത്തി മഹാരാജാവു തിരുമനസ്സിലെ ഗവൺമെൻറിൽനിന്ന് ബഹുമാനസൂചകമായി റാവു സാഹിബ് എന്ന സ്ഥാനം ലഭിച്ചതിനെപ്പറ്റി യോഗം അനുമോദിക്കേണ്ടതാകുന്നു.

കൃതജ്ഞത

കോഴിക്കോട്ട് എസ്. എൻ. ഡി. പി. ക്ലബ്ബിന്റെയും മറ്റും സ്ഥാപകനും യോഗം ഡയറക്ടറുമായ ഹൈക്കോർട്ടു വക്കീൽ സി. കൃഷ്ണൻ ബി. എ. ബി. എൽ. അവർകൾ സമുദായത്തിന്റെ അഭിവൃദ്ധിയെ ഉദ്ദേശിച്ച്, പ്രസിദ്ധപ്പെടുത്തുന്ന "മിതവാദി"യെന്ന മാസികയെപ്പറ്റി അറിയാത്തവർ നമ്മുടെ സമുദായത്തിൽ ഇപ്പോൾ ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. അതുമൂലം സമുദായത്തിനു വരാവുന്ന അനവധി ഗുണങ്ങളെ ഓർത്തു യോഗം അദ്ദേഹത്തിന്റെ ഈ സ്തുത്യർഹമായ പ്രവൃത്തിയെ അനുമോദിക്കുകയും അദ്ദേഹത്തിനു നന്ദിപറയുകയും ചെയ്യേണ്ടതാകുന്നു.

Digitized By Kerala Sahitya Akademi

നടപ്പുകൊല്ലത്തിൽ യോഗത്തിന്റെ തുടർന്നുകൊണ്ടുള്ള നിവേദനങ്ങളെ ഗണ്യമാക്കി തിരുവിതാംകൂർ സമുദായങ്ങളിൽ യോഗ്യതയുള്ള അനേകം യുവാക്കൻമാർക്കു പല ഡിപ്പാർട്ടുമെന്റുകളിലും പല ഉദ്യോഗങ്ങളും നൽകിയും വിശേഷിച്ചു നാട്ടുവൈദ്യ ഡിപ്പാർട്ടുമെന്റിൽ നമ്മുടെ ഒവൈദ്യൻമാരിൽ പലർക്കും ഗ്രാന്റു അനുവദിച്ചുകൊടുത്തും മറ്റു പല പ്രകാരത്തിലും നമ്മെ പൂർവ്വാധികം പ്രോത്സാഹിപ്പിച്ചിട്ടുള്ള കാരുണ്യനിധിയായ മഹാരാജാവു തിരുമനസ്സിലെ ഗവൺമെന്റിനു നാം ഈ അവസരത്തിൽ പ്രത്യേകം നന്ദി പറയേണ്ടതാകുന്നു.

യോഗത്തിന്റെ ആദ്യംമുതൽക്കുള്ള ഒരംഗവും യോഗ്യനും ജനസമ്മതനുമായ കൊട്ടാരം വൈദ്യൻ തോട്ടത്തിൽ ശങ്കുവൈദ്യൻ അവർകൾക്ക് ഈയിടെ കഴിഞ്ഞ അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തി പ്രമാണിച്ചു തൃക്കൈയാൽ ഒരു വീരശൃംഖല കല്പിച്ചുകൊടുത്ത പ്രജാവത്സലനായ പൊന്നുതമ്പുരാൻ തിരുമനസിലെ കാരുണ്യാതിശയത്തെ ഈ അവസരത്തിൽ യോഗം ഏറ്റവും നന്ദിപൂർവം ഗണിക്കേണ്ടതാണ്.

ആറുകൊല്ലങ്ങൾക്കു മേലായി തിരുവിതാംകൂറിലെ മന്ത്രിസ്ഥാനം അഭിനന്ദനീയമാംവണ്ണം വഹിച്ചു നാനാജാതി മതസ്ഥൻമാരായ പ്രജകളുടെ അകൈതവമായ കൃതജ്ഞതയ്ക്കും മഹാരാജാവു തിരുമനസ്സിലെ സ്ഥിരമായ പ്രീതി ബഹുമാനങ്ങൾക്കും പാത്രീഭവിച്ച മഹാനായ നമ്മുടെ ദിവാൻ പി. രാജഗോപാലാചാരി അവർകൾ ഈ അവസരത്തിൽ ഉദ്യോഗം ഒഴിഞ്ഞുപോകുന്നു എന്നുള്ള വസ്തുത നമ്മുടെ സമുദായത്തിനു മുഴുവൻ ഏറ്റവും വ്യസനകരമായ ഒന്നാകുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും നമ്മുടെ വർഗ്ഗക്കാർക്ക് അദ്ദേഹം ഗവൺമെന്റുദ്യോഗം സംബന്ധമായും മറ്റും ചെയ്തിട്ടുള്ള സാരമായ ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും നമുക്ക് ഒരിക്കലും വിസ്മരിച്ചുകൂടാത്തതാകുന്നു. ഈ മീനം 5-ാം നു-ബഹുദ്ദേഹം ശിവഗിരി മഠവും ക്ഷേത്രവും സന്ദർശിച്ച് അവിടെയുള്ള സമുദായങ്ങൾ സമർപ്പിച്ച മംഗളപത്രം സ്വീകരിച്ചും നമ്മുടെ മതസംബന്ധമായ പ്രവൃത്തികളെ അനുമോദിച്ചും നമ്മുടെ സമുദായാഭിവൃദ്ധിക്ക് ഉതകുന്നതായ ഏറ്റവും സാരവും സമയോചിതവുമായ ഉപദേശങ്ങൾ നൽകിയും അവരെ ഉത്സാഹിപ്പിച്ചതിനെപ്പറ്റി യോഗത്തിനു വലുതായ ചാരിതാർത്ഥ്യത്തിനു വകയുള്ളതാകുന്നു. നാളെ ഈ സഭയിൽ ഹാജരായി യോഗത്തിന്റെ ഒരു മംഗളപത്രം സ്വീകരിപ്പാൻ ദയചെയ്തു സമ്മതിച്ചിട്ടുള്ളതിനെപ്പറ്റിയും യോഗത്തിനു അദ്ദേഹത്തോടു നന്ദിയുണ്ടായിരിക്കേണ്ടതാകുന്നു.

സമുദായസ്നേഹത്തെ മാത്രം ആധാരമാക്കി അസൗകര്യങ്ങളേയും യാത്രാക്ലേശത്തേയും ഗണ്യമാക്കാതെ ദൂരദേശങ്ങളിൽ നിന്ന് ഈ സഭയ്ക്കു സന്നിഹിതരായിരിക്കുന്ന എല്ലാ മാന്യൻമാർക്കും. ഇന്നത്തെ യോഗത്തിന്റെ ഒരുക്കങ്ങളെ ഇത്ര തൃപ്തികരമായി നിർവഹിച്ചിട്ടുള്ള സ്ഥലത്തെ കമ്മറ്റിക്കാർ

Digitized By Kerala Sahitya Akademi

ക്കും, പ്രത്യേകിച്ചും ഒഴിച്ചുകൂടാത്ത ഗവൺമെൻറു സംബന്ധമായ പല ഭാരമേറിയ ജോലികൾക്കിടയിലും പതിവുപോലെ ഈ യോഗത്തിൽ ഹാജരാവുകയും ഇന്നത്തെ അദ്ധ്യക്ഷസ്ഥാനം വഹിച്ചു നമ്മെ കൃതാർത്ഥരാക്കുകയും ചെയ്ത ഡാക്ടർ പി. പല്പു അവർകൾക്കും ബോർഡിൻെറ പേരിൽ വന്ദനം പറഞ്ഞുകൊണ്ട് ഈ റിപ്പോർട്ട് ബാക്കിപ്പത്രസഹിതം സമർപ്പിച്ചുകൊള്ളുന്നു.

വിവേ: 1089 മേടം, ഇടവം

XI

1090 മേടം 29–ം 30–ം (1915 മേയ് 12–ം 13–ം) തീയതികളിൽ തിരുവനന്തപുരം വി. ജെ. റ്റി. ഹാളിൽ വച്ചു കൂടിയ 12–ാം എസ്. എൻ. ഡി. പി. വാർഷിക യോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട്.

മാന്യരേ,

വരവു ചെലവുകൾ

1913 ഡിസംബർ അവസാനത്തിൽ കണക്കിൻ പടി ബാക്കി ഇരിപ്പ് 1567 ക. 9 ണ. 4 പൈ ആയിരുന്നു. നടപ്പു കൊല്ലത്തിൽ യോഗാംഗങ്ങളിൽ നിന്നു പിരിഞ്ഞു വരവ് 1847 ക. 10 ണ. 9 പൈ യാണ്. ഈ ഇനത്തിൽ മുൻ കൊല്ലത്തെ വരവു 907 ക. 15 ണ. 11 പൈ മാത്രമായിരുന്നു. അതിനോടൊത്തു നോക്കുമ്പോൾ പിരിവ് ഇരട്ടിയായിട്ടുണ്ടെന്നു കാണാം. യുദ്ധ സംബന്ധമായ ക്ഷാമം നിമിത്തം സാജനങ്ങൾ വളരെ കഷ്ടപ്പെടുന്ന ഈ അവസരത്തിൽ പണം പിരിക്കുന്നതിന് ഏജൻറുമാർ ഇല്ലാതിരുന്നിട്ടും ഓഹരി വകയിൽ പിരിവു വർദ്ധിച്ചതു പ്രത്യേകം പ്രസ്താവ യോഗ്യമാണ്. എന്നാൽ ഈ വരവു നടപ്പു കൊല്ലത്തിൻെറ ആദ്യകാലത്തുണ്ടായിട്ടുള്ളതാണെന്നും, അതിനുശേഷം കൊപ്രാ, കയർ മുതലായ ചരക്കുകൾക്കു വില ഇടിഞ്ഞു പോകയും കച്ചവടം നിന്നു പോകയും ചെയ്തതിനാൽ അശേഷം പണപ്പിരിവില്ലാതെ പ്രവൃത്തികൾക്കു പലേ ബുദ്ധിമുട്ടുകളും നേരിട്ടു കൊണ്ടിരുന്നു. ഇപ്പോഴും ആ ബുദ്ധിമുട്ടുകൾക്കു പറയത്തക്ക ഭേദം ഉണ്ടായിട്ടില്ല. അപ്രതീക്ഷിതമായ ഈ കലാപം സംഭവിച്ചില്ലായിരുന്നുപെങ്കിൽ ഈ കൊല്ലത്തെ പിരിവു മുൻ കൊല്ലങ്ങളെയൊക്ക അപേക്ഷിച്ചു ഗണ്യമായവണ്ണം അധികപ്പെടുമായിരുന്നുപെന്നു നിശ്ചയമായും ഊഹിക്കാവുന്നതാണ്.

Digitized By Kerala Sahitya Akademi

വിവേകോദയം

വിവേകോദയം വക പിരിവു നടപ്പുകൊല്ലത്തിൽ 358 ക. 10ണ. 8 പൈ യാണ്. ഈ ഇനത്തിൽ മുൻകൊല്ലത്തെ പിരിവായ 300 ക. 8 ണ. 7 പൈയിൽ നിന്ന് ഇതു 58 ക. 2ണ. 1 പൈ. കൂടുതലാണ്. കടംവാങ്ങി വരവായി പറയുന്ന 200 ക. യുദ്ധസംബന്ധമായുണ്ടായ പണത്തിന്റെ ക്ഷാമകാലത്ത് ഒഴിച്ചുകൂടാത്ത ചെലവുകൾക്കായി സെക്രട്ടറി സ്വന്തം കൈയിൽനിന്നു വച്ച 100ക. യും സ്വാമിതൃപ്പാദങ്ങളിൽ വിവരം അറിയിച്ച് അപേക്ഷിച്ചതനുസരിച്ച് ആലുവായിൽനിന്നും കടമായി അയച്ചുതന്ന 100 ക. യുമാകുന്നു.

പ്രതിഷ്ഠാ കമ്മിറ്റിയിൽ നിന്നു വരവായി വിവരം പറയുന്ന സംഖ്യകളിൽ 287ക. 2ണ. 3പൈ. മുൻകൊല്ലത്തിലെ കണക്കിൽ കടംവാങ്ങി വരവായി ചേർത്തിരുന്ന 151 ക. യ്ക്കു പുറമേ കഴിഞ്ഞ പൊതുയോഗത്തിലെ 2–ാമതു നിശ്ചയമനുസരിച്ചു നടപ്പു കൊല്ലത്തിൽ തന്റെ .പക്കൽ കമ്മിറ്റി വക കണക്കിൻപടി ബാക്കി ഉണ്ടായിരുന്ന സംഖ്യയിൽ നിന്നു സെക്രട്ടറി യോഗം ഫണ്ടിൽ ചേർത്തതാകുന്നു.

ഖജാൻജിയിൽ നിന്നു വരവായിക്കാണുന്ന 574 ക. ശിവഗിരിയിലെ ഉപയോഗത്തിനായി യോഗത്തിന്റെ പേരിൽ എഴുതി വാങ്ങിയ നിലത്തിനു ഖജാൻജിയുടെ പക്കൽ കമ്മറ്റി വകയിൽ ബാക്കി നിന്നിരുന്ന പണത്തിൽ നിന്നു കൊടുത്തിട്ടുള്ളതാകുന്നു. വരവു കോളത്തിലെ മറ്റിനങ്ങൾക്കുവിവാണം ആവശ്യമില്ലെന്നു വിചാരിക്കുന്നു.

ചെലവ്. എസ്റ്റാബ്ളിഷ്മെൻറ് ഇനത്തിൽ നടപ്പു കൊല്ലത്തിൽ 671 ക. 6 ണ. 7 പൈ ചെലവായിരിക്കുന്നു. ഇതു മുൻകൊല്ലത്തെ ചെലവിൽ നിന്നു 118 ക. 15 ണ. 11 പൈ അധികമാണ്. അസിസ്റ്റൻറു ക്ലാർക്കിനു മൂന്നുറുപ്പിക ശമ്പളക്കൂടുതൽ അനുവദിച്ചതും ജോലിയുടെ ആധിക്യത്താൽ ഒരു മാസത്തേക്ക് ഒരു വിശേഷ ക്ലാർക്കിനേയും അതിനെ പിന്തുടർന്നു ബോർഡിൽ നിന്നും 10 ക. ശമ്പളത്തിൽ ഒരു അസിസ്റ്റൻറ് ക്ലാർക്കിനേയും നിയമിക്കയും ശമ്പളം വകയിൽ മുൻകൊല്ലത്തെ ബില്ലിൻപടി ബാക്കി കൊടുത്തു തീർക്കേണ്ടിയിരുന്ന സംഖ്യ കൊടുക്കയും ആഫീസിലെ ഉപയോഗത്തിന്നായി ചില സാമാനങ്ങളും ഉപകരണങ്ങളും സ്റ്റേഷനറിയും എസ്റ്റാബ്ളിഷ്മെൻറു വക കണക്കിൽ ചെലവെഴുതി വാങ്ങുകയും ചെയ്തതിനാൽ ഉണ്ടായിട്ടുള്ളതാകുന്നു. ഈ ഇനത്തിൽ ചെലവു ചെയ്യാൻ അനുവദിച്ചിരുന്നത് 700 ക. യാണ്.

സർക്കീട്ടു ചെലവു നടപ്പു കൊല്ലത്തിൽ 117 ക. 10 ണ. 10 പൈ ആയിരിക്കുന്നു. മുൻകൊല്ലം 65 ക. 5 ണ. 11 പൈ മാത്രമായിരുന്നു. കൂടുതൽ ചെലവിനുള്ള പ്രധാന കാരണം ആലുവായിൽ വച്ചു നടന്ന വാർഷിക

Digitized By Kerala Sahitya Akademi

യോഗം സംബന്ധിച്ചുള്ള സർക്കീട്ടിൽ സെക്രട്ടറിക്കു പല ദൂര സ്ഥലങ്ങളിലും പല പ്രാവശ്യം തീവണ്ടി യാത്ര ചെയ്യേണ്ടിവരികയും അതു സംബന്ധമായി അധിക ദിവസം ആഫീസോടുകൂടി ആലുവായിൽ താമസിക്കേണ്ടിവരികയും ചെയ്തതാകുന്നു. ഈ കണക്കിൽ സർക്കീട്ടിൽ സ്റ്റാമ്പ്, കമ്പി മുതലായ ഇനത്തിലുണ്ടായിട്ടുള്ള ഗണ്യമായ ചെലവുകളും ഉൾപ്പെട്ടിരിക്കുന്നു. സർക്കീട്ടിനും മറ്റു വിശേഷാൽ ചെലവുകൾക്കും ആയി അനുവദിച്ചിരുന്ന 300 ക. യിൽ നിന്നാണ് ഈ സംഖ്യ ചെലവാക്കീട്ടുള്ളത്. സംസ്കൃത പാഠശാല വക ചെലവിൽ, ഫീസു പിരിഞ്ഞുവരവു കഴിച്ചുള്ള സംഖ്യയാണ് ബാക്കിപ്പത്രത്തിൽ കൊടുത്തിട്ടുള്ളത്.

ദേവസ്വം വക ചെലവായ 269 ക. 9 ണ. 8 പൈയിൽ 218 ക. അരുവിപ്പുറം ക്ഷേത്രത്തിലെ നിത്യപൂജ, വർഷോത്സവം മുതലായ വകയ്ക്കും ശേഷം ശിവഗിരിമഠം സംബന്ധിച്ചും മറ്റുമുള്ള ദേവസ്വം വക കണക്കിൻ പടിയും ചെലവായിട്ടുള്ളതാകുന്നു. ഈ ഇനത്തിൽ അനുവദിച്ചിരുന്നതു 300 ക. ആയിരുന്നു.

കടം വീട്ടിയതായി കാണുന്ന 100 ക. വരവു കോളത്തിൽ ആ ഇനത്തിലുള്ള 200 ക. യിൽ ജനറൽ സെക്രട്ടറി വശം കടമായി വന്ന സംഖ്യ തിരിയെ കൊടുത്തതാകുന്നു.

മറ്റു വ്യവഹാരച്ചെലവായി കാണുന്ന 37 ക. 18 ണ. 6 പൈ യിൽ പ്രധാനമായ ഭാഗം മ. രാ. രാ. കുമാരൽ സുബ്രഹ്മണ്യൻ അവർകളുടെ വസ്തുക്കളെ ജപ്തി ചെയ്യുന്നതിനും മറ്റും ചെലവായ സംഖ്യയാകുന്നു.

സ്ഥാവര വസ്തു തീറു വാങ്ങിയതായി കാണുന്ന 574 ക. ഇതിനു മുമ്പു വിവരിച്ചിട്ടുള്ള പ്രകാരം പ്രതിഷ്ഠാക്കമ്മിറ്റി കൈവഴി ശിവഗിരി ആവശ്യത്തിലേക്കായി വാങ്ങിയ ഒരു നിലത്തിന്റെ വിലയാകുന്നു.

വിശേഷാൽ ചെലവു ഡയറക്ടർമാരുടെ 5–ാമതു പ്രൊസീഡിംഗ് സിൻപടി കഴിഞ്ഞ പൊതുയോഗം സംബന്ധിച്ചനുവദിച്ച സംഖ്യയിൽ നിന്നു ചെലവായതാകുന്നു.

സംഭാവനക്കണക്കിൽ നിന്ന് ഓഹരിയിലേക്കു മാറ്റിയതായി കാണുന്നത് 12–ാമതു പ്രൊസീഡിംഗ്സനുസരിച്ചു കണക്കു ശരിപ്പെടുത്തിയതാകുന്നു.

11–ാമതു പൊതുയോഗത്തിലെ നിശ്ചയങ്ങളും അവയുടെ നിർവഹണവും

11–ാമതു യോഗത്തിലെ 2–ാമതു നിശ്ചയമനുസരിച്ചു ശാരദാ പ്രതിഷ്ഠാക്കമ്മിറ്റി വക കണക്കിൻ പ്രകാരമുള്ള ബാക്കി സംഖ്യ യോഗം പൊതുമുതലിൽ ചേർക്കേണ്ടതിനെപ്പറ്റി കമ്മിറ്റി പ്രസിഡൻറിനും ഖജാൻജിക്കും എഴുതുകയും അവർ അതിനെ സമ്മതിക്കുകയും ചെയ്തു. അതനുസരിച്ചു പ്രതിഷ്ഠാക്കമ്മിറ്റി സെക്രട്ടറിയിൽ നിന്നും ഖജാൻജിയിൽ നിന്നും

Digitized By Kerala Sahitya Akademi

ബാലൻസു ഷീററിൽ പറയുന്ന 861 ക. 2 ണ. 8 പൈ യോഗത്തിൽ ചേർക്കുകയും ബാക്കി സംഖ്യയിൽ പ്രതിഷ്ഠാക്കമ്മിററി റിപ്പോർട്ടിൽ വിവരം പറഞ്ഞിരിക്കുന്ന പ്രകാരം 848 ക. 5 ണ. ഖജാൻജി കൈവശം നില്പും, 1600 ക. സ്വാമിതൃപ്പാദങ്ങളുടെ ആജ്ഞപ്രകാരം ആലുവാ അദ്വൈതാശ്രമം നില്ക്കുന്ന വടാരത്തു പറമ്പു വാങ്ങുന്നതിനു ഖജാൻജി കൈവഴി ചിലവായിട്ടുള്ളതും എന്നാൽ അതിന്റെ പ്രമാണങ്ങൾ യോഗത്തിൽ ഏല്പിച്ചിട്ടില്ലാത്തതിനാൽ അതിനെ യോഗം പൊതു സ്വത്തിൽ ചേർത്തു കണക്കുവയ്ക്കാൻ കഴിയാഞ്ഞതും ആകുന്നു.

3–ാമതു നിശ്ചയാനുസരിച്ച് ഏജൻറുമാരെ നിയമിക്കുന്നതിനെപ്പററി ഡയറക്ടർമാർക്ക് എഴുതിയതിൽ തൃപ്തികരമായ ഏർപ്പാടുകൾ ഒന്നും ചെയ്വാൻ സാധിച്ചിട്ടില്ല.

ആഫീസും ഉദ്യോഗസ്ഥൻമാരും

ജനറൽ സെക്രട്ടറി ജനുവരി മാസത്തിൽ ആദ്യത്തെ ഏതാനും ദിവസം ശിവഗിരിയിൽ പ്രതിഷ്ഠാനന്തരം നടന്ന ഒന്നാമത്തെ ഉത്സവത്തെപ്പററി പൊതുജനങ്ങളുടെ ഒരു യോഗം വിളിച്ചുകൂട്ടി മുൻകൂട്ടി വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനെ സംബന്ധിച്ച് അവിടെയും സമീപസ്ഥലങ്ങളിലും സഞ്ചരിച്ചു, അതിനുശേഷം, ആലപ്പുഴ, കോട്ടയം, ചങ്ങനാശേരി ഈ താലൂക്കുകളിൽ സർക്കീട്ടുചെയ്തു. ഒടുവിൽ ശിവഗിരിയിൽ ഉത്സവം സംബന്ധിച്ച് സ്വാമിതൃപ്പാദങ്ങളെ കൂട്ടിക്കൊണ്ടു വരാനായി ആലുവായിലേക്കു പോവുകയും മടങ്ങിവന്നു മാസാവസാനംവരെ ആഫീസ് സഹിതം ശിവഗിരിയിൽതാമസിച്ച് ഉത്സവം വകയും യോഗംവകയുമായ കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തു

ഏപ്രിൽ ആദ്യം വാർഷിക പൊതുയോഗം സംബന്ധിച്ച കാര്യങ്ങൾക്കായി ആലുവായ്ക്കു പോയി രണ്ടാഴ്ചവരെ അവിടെയും സമീപപ്രദേശങ്ങളിലും സഞ്ചരിച്ച് ഒരു നിർവാഹക സംഘം ഏർപ്പെടുത്തി പൊതുയോഗം നടത്താനുള്ള ഏർപ്പാടുകൾ ചെയ്തു. അതുകഴിഞ്ഞ് മാറിപ്പോയ ദിവാൻജി അവർകൾക്കു ശിവഗിരിയിൽവച്ചു സജ്ജനങ്ങളുടെ വകയായി ഒരു മംഗളപത്രം സമർപ്പിക്കുന്നതിൽ സംബന്ധിക്കാനായി അവിടെ എത്തുകയും വീണ്ടും ആലുവായ്ക്കു മടങ്ങുകയും ചെയ്തു. അതിനുശേഷം പൊതുയോഗം സംബന്ധിച്ച സംഗതികൾക്കായി കൊച്ചിയിലും മലബാറിലും ഉള്ള പല പ്രധാന സ്ഥലങ്ങളിലും സഞ്ചരിക്കയും ആലുവായിൽ താമസിച്ചു പൊതുയോഗംവക കാര്യങ്ങൾ നിർവഹിക്കുകയും ചെയ്തു.

മേയ്മാസം ആദ്യം പൊതുയോഗം കഴിഞ്ഞ് ആലുവായിൽനിന്ന് ആലപ്പുഴ എത്തി യോഗംവക പിരിവു മുതലായ കാര്യങ്ങൾക്കായി സ്വല്പ ദിവസം അവിടെ താമസിക്കുകയും അതിനുശേഷം കോട്ടയത്തേക്കുപോവുകയും ചെയ്തു. കോട്ടയം ആ ചന്ദ്രതാര പ്രശോഭിനിസഭ വക കാര്യങ്ങളെപ്പറ്റി

Digitized By Kerala Sahitya Akademi

അന്വേഷിച്ച് പ്രവർത്തകൻമാരെ പ്രോത്സാഹിപ്പിക്കുകയും, ആ സഭയുടെ ഒരു പൊതുയോഗത്തിൽ അദ്ധ്യക്ഷനം വഹിച്ച് സംഘടനകളുടെ നടത്തിപ്പിൽ വേണ്ട ഉപദേശങ്ങൾ നല്കുകയും ചെയ്തു. ഈ സർക്കീട്ടിൽ കോട്ടയത്തുനിന്ന് ഏതാനും പുതിയ അംഗങ്ങളെ യോഗത്തിൽ ചെർത്തിട്ടുണ്ട്.

മടക്കത്തിൽ ആലപ്പുഴയും സമീപപ്രദേശങ്ങളിലും സ്വല്പദിവസം സഞ്ചരിക്കുകയും ശ്രീനാരായണ വിജയ സമാജക്കാരുടെ പ്രവൃത്തികളെ പ്രോത്സാഹിപ്പിക്കുകയും പട്ടണക്കാട്ട് ഒരു യുവജനസഭയുടെ വാർഷികയോഗത്തിൽ അദ്ധ്യക്ഷനം വഹിക്കുകയും ചില അംഗങ്ങളെ യോഗത്തിൽ ചേർക്കുകയും ചില കുടിശ്ശികകൾ പിരിക്കുകയുംചെയ്തു. മേയ് അവസാനത്തിൽ ആഫീസിൽ മടങ്ങിയെത്തി.

ജൂലായി ആരംഭത്തിൽ നെയ്യാറിൻകര താലൂക്കിൽ കുടിശ്ശിക പിരിക്കുന്നതിനും മറ്റുമായി സ്വല്പദിവസം സഞ്ചരിച്ചു. ആഗസ്റ്റ് 15–ാംനുമുതൽ അവസാനംവരെയും ആ താലൂക്കിൽ ഓരോ പ്രധാനസ്ഥലങ്ങളിലും സഞ്ചരിച്ചുകൊണ്ടിരുന്നു. പിരിവു തൃപ്തികരമായിരുന്നില്ലെങ്കിലും കുടിശ്ശിക ഈടാക്കാൻ വ്യവഹരിപ്പെട്ടതും വ്യവഹരപ്പെടേണ്ടതുമായ അനേക സംഗതികളിൽ അവയെ സംബന്ധിച്ച് സ്വയമേവ അന്വേഷണം നടത്തി യോഗത്തിന്നും അംഗങ്ങൾക്കും അനാവശ്യച്ചെലവും കഷ്ടതയും കൂടാതെ കഴിയത്തക്കവണ്ണം കഴിയുന്നതെല്ലാം ചെയ്കയും അതുവരെ അംഗങ്ങളായി ചേരാതിരുന്ന ചില പ്രധാന മാന്യൻമാരെ അംഗങ്ങളായി ചേർക്കുയയും ചെയ്തിട്ടുണ്ട്.

അതിന്നുശേഷം പണംപിരിവിന്നു ക്ഷാമം നിമിത്തം തീരെ നിവൃത്തിയില്ലെന്നു പല സ്ഥലങ്ങളിൽനിന്നും വിശ്വസ്തൻമാർ മുഖേന അറിയുകയാലും പുതിയ ഹെഡ് ക്ലർക്കിന് ആഫീസ് പ്രവൃത്തികളിൽ പരിചയമുണ്ടാകുന്നതുവരെ സെക്രട്ടറി കൂടിയിരുന്നു ജോലിചെയ്യേണ്ടതു് അപേക്ഷിതമായിരുന്നതിനാലും നവംബർ അവസാനംവരെ പായത്തക്കവണ്ണം സർക്കീട്ടു ചെയ്തിട്ടില്ല.

ഡിസംബർ ആദ്യം ചിറയിൻകീഴ് താലൂക്കിൽ ചില സ്ഥലങ്ങളിൽ സഞ്ചരിക്കുകയും ശിവഗിരിയിലെ ഇക്കഴിഞ്ഞ വാർഷികോത്സവം ദേവസ്വത്തിന്നു നഷ്ടം കൂടാതെ ആഘോഷിക്കുന്നതിന്ന് ദേവസ്വം സെക്രട്ടറിയുടെ സഹകരണത്തോടുകൂടി കൊല്ലം ചിറയിൻകീഴ് മുതലായ സ്ഥലങ്ങളിലുള്ള സ്വജനങ്ങളെ പ്രേരിപ്പിച്ചു വേണ്ട ഏർപ്പാടുകളും ചെയ്കയും അതിനുശേഷം അവിടെ നിന്നു കൊല്ലം, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി മുതലായ താലൂക്കുകളിൽ സഞ്ചരിക്കുകയും ചെയ്തു. ഈ യാത്രയിൽ കൊല്ലം താലൂക്കിന്റെ പ്രധാനമായ പല ഭാഗങ്ങളും കരുനാഗപ്പള്ളി താലൂക്കു മുഴുവനും, കാർത്തികപ്പള്ളിയിൽ യോഗാംഗങ്ങളും ഉള്ള

Digitized By Kerala Sahitya Akademi

സ്ഥലങ്ങളും മിക്കതും മാവേലിക്കരത്താലൂക്കിൽ ചില സ്ഥലങ്ങളും സഞ്ചരിച്ചു കുറേ കുടിശ്ശിക വസൂലാക്കുകയും എതാനും പുതിയ അംഗങ്ങളെ ചേർക്കുകയും ജനുവരിയോടുകൂടി മടങ്ങി ആഫീസിൽ വന്നു ചേരുകയും ചെയ്തു. ക്ഷാമമില്ലാതിരുന്നു എങ്കിൽ ഗണ്യമായ ഒരു സംഖ്യ ഈ യാത്രയിൽ പിരിഞ്ഞു കിട്ടുമായിരുന്നു.

ഹെഡ് ക്ലാർക്ക് മിസ്റ്റർ. കുഞ്ഞിരാമൻ മുൻകൂട്ടി രാജിഹർജി അയയ്ക്കുകയും അതിനെ സ്വീകരിക്കണമെന്ന് നിർബന്ധിക്കുകയും ചെയ്തുകയാൽ ആ ഹർജി സ്വീകരിച്ച് ജൂലായി 13–ാം നു മിസ്റ്റർ കുഞ്ഞിരാമനു പകരം പുതിയ ഹെഡ് ക്ലർക്കായ മിസ്റ്റർ എൻ. കൃഷ്ണനെ നിയമിച്ചു.

ആഫീസ്

യോഗത്തിൽ ഏറ്റവും പ്രധാനങ്ങളായ സംഭവങ്ങളും പ്രവൃത്തികളും നടന്നുകൊണ്ടിരുന്ന നാലിൻചിലാനം കൊല്ലത്തോളം ഹെഡ്ക്ലർക്കിന്റെ ചുമതലയേറിയ ജോലിയെ തൃപ്തികരമാംവണ്ണം നടത്തി പരിചയം സമ്പാദിച്ച മിസ്റ്റർ കുഞ്ഞിരാമന്റെ വേർപാടു യോഗത്തിനു ഗണ്യമായ ഒരു നഷ്ടമായിരുന്നു. ബോർഡിൽ നിന്ന് മിസ്റ്റർ കുഞ്ഞിരാമന്റെ സേവനത്തെ അഭിനന്ദിച്ചും വേർപാടിനെപ്പറ്റി വ്യസനിച്ചും പ്രൊസീഡിംഗ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മിസ്റ്റർ കുഞ്ഞിരാമൻ ഇപ്പോൾ സ്റ്റോറു സെററിൽമെൻറിൽ ഒരു വലിയ എസ്റ്റേറിന്റെ മാനേജരുടെ വിശ്വസ്തനായ ഹെഡ് ക്ലർക്കാണ്. ആ വിവരവും അയാൾക്ക് ആ ഉത്തരവാദിത്വമുള്ള ജോലി കിട്ടുന്നതിൽ ജനറൽ സെക്രട്ടറി മേൽപ്പറഞ്ഞ അയാളുടെ സത്യസന്ധത മുതലായ ഗുണങ്ങളെ അഭിനന്ദിച്ചു നൽകിയ ഒരു സർട്ടിഫിക്കറ് സാരമായി സഹായിച്ചിട്ടുള്ള വസ്തുതയും ആ ഗുണവാനായ യുവാവു കൃതജ്ഞതാപൂർവം അറിവിച്ചിരുന്നു. അയാൾക്ക് ഇപ്പോൾ അവിടെ ഒരു നല്ല പേരും ഇരുനൂറുറുപ്പിക ശമ്പളവും ഉണ്ട്. ശമ്പളം വേഗത്തിൽ വർദ്ധിക്കുന്നതുമാണ്. ഇതിനൊക്കെ കാരണം അയാളുടെ വിദ്യാഭ്യാസ യോഗ്യതയേക്കാൾ അയാൾക്കു സ്വാഭാവികമായുള്ള കൃത്യനിഷ്ഠയും സത്യസന്ധതയുമാകുന്നു. ആ വസ്തുത മിസ്റ്റർ കുഞ്ഞിരാമൻ നല്ലവണ്ണം മനസ്സിലാക്കീട്ടുണ്ട്. ആ ഉൽകൃഷ്ട ഗുണങ്ങൾ യോഗം ആഫീസിലെ പരിചയത്തിൽനിന്ന് അയാൾക്കു സിദ്ധിച്ചിട്ടുള്ള സംസ്കാരത്തിന്റെ ഫലമാണെന്ന് അയാൾ അഭിമാനിക്കുന്ന വിവരം അറിയുന്നത് യോഗത്തിനു ചാരിതാർത്ഥ്യജനകമായിരിക്കുമെന്നു വിശ്വസിക്കുന്നു.

മിസ്റർ കൃഷ്ണനും ഈ ഗുണങ്ങൾ വേണ്ടവണ്ണം ഉണ്ട്. വിദ്യാഭ്യാസ യോഗ്യതയും സാമാന്യജ്ഞാനവും അയാൾക്ക് വിശേഷിച്ചും അധികമാണ്. ഇപ്പോൾ അയാൾക്ക് യോഗം അനുവദിച്ചിട്ടുള്ള അലവൻസിൽ ഇരട്ടി ശമ്പളമുള്ള ഒരുദ്യോഗത്തിനു കിട്ടിയ ഗവൺമെൻറ് ആർഡർ ഉപേക്ഷിച്ച് സമുദായത്തിനുവേണ്ടി വേല ചെയ്യാനുള്ള ഉൽക്കൃഷ്ടമായ ആഗ്രഹ

Digitized By Kerala Sahitya Akademi

ത്താൽ പ്രോത്സാഹനമായിട്ടാണ് മിസ്റ്റർ കൃഷ്ണൻ യോഗം ഹെഡ്ക്ലാർക്കിന്റെ സ്ഥാനം സ്വീകരിച്ചതെന്നുള്ള വസ്തുതയെ പ്രസ്താവിക്കാതിരിക്കാൻ തരമില്ല.

മിസ്റ്റർ. കുഞ്ഞിരാമന്റെ ഒഴിവോടുകൂടി അസിസ്റ്റന്റ് ക്ലാർക്ക് കെ. നാരായണനു ബോർഡിൽ നിന്നു ശമ്പളം കൂട്ടിക്കൊടുത്തു. അതുവരെ നാരായണന്റെ പ്രധാന ജോലി വ്യവഹാരം സംബന്ധിച്ചു കോടതികളിൽ ഹാജരാവുകയും കുടിശ്ശികക്കാരുമായുള്ള എഴുത്തുകുത്തുകളും നടത്തുകയും തത്സംബന്ധമായ റിക്കാർഡുകളും സൂക്ഷിക്കുകയും ചുമതല വഹിക്കുകയുമായിരുന്നു. എന്നാൽ അയാൾക്ക് ആഫീസിൽ നാലുകൊല്ലത്തിലധികം പഴക്കമുള്ളതുകൊണ്ട് ആഫിസു റിക്കാർഡുകളും സംബന്ധിച്ച ഒരു സാമാന്യ പരിചയവും സിദ്ധിച്ചിരുന്നു. അതുകൊണ്ടും തന്നെ ഏല്പിക്കുന്ന ജോലി തൃപ്തികരമായി ചെയ്യുന്നതിൽ ഈ ചെറുപ്പക്കാരൻ ഗണ്യമായ കൃത്യനിഷ്ഠ പ്രദർശിപ്പിക്കാറുള്ളതുകൊണ്ടും ഹെഡ്ക്ലാർക്കിന്റെ ഭാരം ലഘൂകരിച്ചുകൊണ്ടും കണക്കു വയ്ക്കുന്ന ജോലി കൂടി ഇപ്പോൾ അയാളുടെ ചുമതലയിൽ വച്ചിരിക്കുകയാകുന്നു.

ആഫീസിൽ ജോലിയുടെ ഒരു പ്രധാനഭാഗം എഴുത്തുകുത്തുകളാണ്. ഇംഗ്ലീഷിലും മലയാളത്തിലുമായി ഒട്ടുവളരെ എഴുത്തുകളും ഒരുകൊല്ലത്തിൽ നടക്കേണ്ടതായുണ്ട്. ഈ കൊല്ലത്തിൽ ഒഫീഷ്യൽ ആയിതന്നെ മൂവായിരത്തോളം കത്തുകളും ആഫീസിൽ നിന്നു പോയിട്ടുണ്ട്. ഇതിനുപുറമേ ഒട്ടധികം കത്തുകളും ഡെമ്മി ഒഫിഷ്യലായും പ്രൈവറായും തന്നെആഫീസിൽ നിന്ന് എഴുതേണ്ട ആവശ്യകതയുണ്ട്. ഈ എഴുത്തുകുത്തുകളും ദിവസംപ്രതി എന്നപോലെ വർദ്ധിച്ചുകൊണ്ടിരിക്കുന്നതും വർദ്ധിച്ചുകൊണ്ടിരിക്കുമെന്നുള്ളതും ആകുന്നു. ആഫീസിലുള്ള മറ്റൊരു ഗണ്യമായ ജോലി വിവേകോദയം സംബന്ധിച്ചുള്ളതാകുന്നു. മാസിക, നടപ്പുകൊല്ലത്തിൽ മുൻകൊല്ലങ്ങളെ ഒക്കെ അപേക്ഷിച്ചു ശരിയായും കൃത്യമായും പുറപ്പെടുവിക്കാൻ സാധിച്ചിട്ടുണ്ട്. എഴുത്തുകുത്തു സംബന്ധമായും വിവേകോദയം സംബന്ധിച്ചും ഉള്ള ജോലികളിൽ മിസ്റ്റർ കൃഷ്ണൻ എന്നെ സാരമായി സഹായിച്ചിട്ടുണ്ട്. അതുകൊണ്ടും പിരിവുകുറകയാൽ ധനസ്ഥിതി തൽക്കാലം തൃപ്തികരമല്ലാതിരുന്നതുകൊണ്ടുമാണ് ഒരു അസിസ്റ്റന്റ് സെക്രട്ടറിയെ നിയമിക്കാൻ അനുവദിച്ചിരുന്നു എങ്കിലും അതിനെപ്പറ്റി ബോർഡിൽ ശുപാർശചെയ്യാതിരുന്നത്. എങ്കിലും എഴുത്തുജോലിയുടെ ആധിക്യത്താൽ സാമാന്യം നല്ല കൈയക്ഷരം ഉള്ള ഒരു ക്ലാർക്കിനെക്കൂടി പത്തുറുപ്പിക ശമ്പളത്തിൽ നിയമിക്കേണ്ട ആവശ്യകതയെപ്പറ്റി ബോർഡിനെ ധരിപ്പിക്കുകയും ബോർഡ് അതിനെ അനുവദിക്കുകയും ചെയ്തു.

ഒക്ടോബർമാസം മുതൽ കെ. ഗോപാലനെ ആഫീസിൽ ഒരു അസിസ്റ്റന്റ് ക്ലാർക്കായി നിയമിച്ചു. വിവേകോദയം വാരിക്കാർക്കു മെമ്മോ അയയ്ക്കുക, വി. പി അയയ്ക്കുക, തത്സംബന്ധമായ എഴുത്തു

Digitized By Kerala Sahitya Akademi

കുത്തുകമ്മം ചെയ്ക ഇവയും, ഇവയ്ക്കുപുറമേ പൊതു എഴുത്തുകുത്തുകളുടെ ഡിസ്പാച്ചു ബുക്കു സൂക്ഷിക്കുക, ആവശ്യപ്പെടുന്ന കത്തുകളും രേഖകളും പകർത്തെഴുതുക ഇവയും ഈ അസിസ്റ്റന്റ് ക്ലാർക്കിന്റെ പ്രധാന പ്രവൃത്തിയാകുന്നു. വിവേകോദയം വരി പിരിക്കുന്നതിന് തൽക്കാലം ഏജന്റുമാരെ ഏർപ്പെടുത്തീട്ടില്ലാത്തതിനാൽ വി. പി. വഴി പണം വസൂലാക്കുന്നതിനെ സംബന്ധിച്ച് ഈ ക്ലാർക്കിന് ഒട്ടധികം എഴുത്തുകുത്തു ജോലികളുണ്ട്. ആഫീസിലെ എല്ലാ സിൽബന്ധികളും ശമ്പളത്തെക്കാൾ സമുദായാഭിവൃദ്ധിയെ അധികം കാംക്ഷിച്ച് ഐകമത്യത്തോടും ഉത്സാഹത്തോടും പരസ്പരവിശ്വാസത്തോടും വേലചെയ്യുകയാണെന്നുള്ള വസ്തുതയും സന്തോഷപൂർവം ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. നമ്മുടെ ആഫീസിൽ സിൽബന്ധികൾ പ്രായേണ ഞായറാഴ്ച ദിവസത്തെയും ഒഴിവുദിവസമായി ഗണിക്കാറില്ല. പ്രായേണ അവർ അവധി എടുക്കാറുമില്ല. ഈ കൊല്ലത്തിൽ ആഫീസിൽ ശിപായിയെ നിയമിച്ചില്ല. എന്നാൽ ആ പ്രവൃത്തി വീഴ്ചകൂടാതെ ഒരാളെക്കൊണ്ടു നടത്തിച്ചിരുന്നു. അതിലേക്കായി 75 ക-യിൽകുറയാതെ ചിലവായിട്ടുണ്ട്. അത് എന്റെ അലവൻസിൽനിന്നു ഞാൻ കൊടുക്കുകയാണു ചെയ്തിട്ടുള്ളത്.

മതസംബന്ധമായ സ്ഥാപനങ്ങൾ

അരുവിപ്പുറം ക്ഷേത്രത്തിലെ നിത്യ പൂജയും വാർഷികോത്സവവും പതിവുപോലെ നടത്തീട്ടുണ്ട്. ദിവ്യശ്രീ ശിവലിംഗ സ്വാമി അവർകൾ നടപ്പുംകൊല്ലം മുഴുവൻ അവിടെ താമസിച്ചിരുന്നതിനാലും സ്വാമിതൃപ്പാദങ്ങൾ അവിടെ പലപ്രാവശ്യവും എഴുന്നള്ളിയിരുന്നതിനാലും അവിടത്തെ സംഗതികൾക്ക് ഒരു പ്രത്യേക ഉണർച്ച ഉണ്ടായിരുന്നു. ദീർഘകാലമായി ദേഹോപദ്രവങ്ങളും രോഗങ്ങളും പിടിപെട്ടിരുന്ന പലരും സ്വാമിതൃപ്പാദങ്ങളുടെ ആജ്ഞയനുസരിച്ചു ക്ഷേത്രത്തിൽ ഭജനം പാർക്കുകയും രോഗ ശാന്തിവന്നു തിരിച്ചുപോകയും ചെയ്തിട്ടുണ്ട്. കൽക്കുളം, വിളംകോട് ഈതാലൂക്കുകളിൽ ഉള്ള ചില മാന്യ നായർ തറവാട്ടിലെ സ്ത്രീപുരുഷൻമാർക്ക് ഈവിധമുള്ള അനുഭവങ്ങളുണ്ടാകയാൽ പതിവായി അവർ കാവടികെട്ടി വന്നഭിഷേകം ചെയ്കയും ഉത്സവകാലങ്ങളിൽ ഭജനം പാർക്കുകയും സദ്യകഴിക്കുകയും ചെയ്തുവരുന്നുണ്ട്. അരുവിപ്പുറത്ത് ഇപ്പോഴും നീലകണ്ഠൻ ആശാൻഅവർകളുടെ അദ്ധ്യാപകതയിൽ ഒരു സംസ്കൃത പാഠശാല നടന്നുകൊണ്ടിരിക്കയും അതിൽ സമീപവാസികളായ ഏതാനും കുട്ടികൾ സംസ്കൃതം അഭ്യസിക്കയും ചെയ്തുവരുന്നുണ്ട്. ക്ഷേത്രം നിൽക്കുന്ന പറമ്പിന്റെ അതൃത്തി തിരിപ്പിച്ച് കല്ലിടീക്കയും സമീപമുള്ളതും കൈവശമിരിക്കുന്നതും ആയ ആറുപുറമ്പോക്ക് ക്ഷേത്രത്തിന്റെ ഉപയോഗത്തിനായി പതിച്ചുകിട്ടുവാൻ അപേക്ഷ കൊടുക്കുകയും ചെയ്തിട്ടുണ്ട്.

Digitized By Kerala Sahitya Akademi

നടപ്പു കൊല്ലം മുഴുവൻ ശിവഗിരിമഠത്തിൽ മേൽ നോട്ടം ചെയ്തിരുന്നതു ശാന്തലിംഗ സ്വാമി അവർകൾ ആയിരുന്നു. നടപ്പുകൊല്ലം മഠത്തിൽ കുറേ മരാമത്തുകൾ ചെയ്തിട്ടുണ്ട്. ദേവസ്വം ചെലവിൻമേൽ രണ്ടു ബ്രഹ്മചാരികളെക്കൂടി എടുത്തു തന്ത്രവിധികൾ പഠിപ്പിപ്പാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. ദേവസ്വം സെക്രട്ടറി ആർ. ഗോവിന്ദൻ ആശാൻ അവർകൾ ദേവസ്വം വരവു ചെലവുകളെപ്പറ്റി മേൽനോട്ടം ചെയ്യുകയും കഴിവുള്ള അവസരങ്ങളിലൊക്കെയും അവിടെ വന്നു താമസിച്ചു കാര്യങ്ങൾ നിർവഹിക്കയും എല്ലാറിനും കണക്കുകൾ വയ്ക്കയും ചെയ്യുന്നുണ്ട്. സ്വാമിതൃപ്പാദങ്ങളുടെ തിരുനാൾ സംബന്ധിച്ച് പതിവുപോലെ മഠത്തിൽ അന്ന വസ്ത്രദാനങ്ങളും വിശേഷാൽ പൂജയും ഭജനവും നടത്തപ്പെട്ടിരുന്നു ഇവയിൽഅന്ന വസ്ത്രദാനങ്ങളുടെ ചെലവ് പതിവുപോലെ ദേവസ്വം സെക്രട്ടറി സ്വന്തം കൈയിൽ നിന്നാണ് ചെയ്തിട്ടുള്ളത്. വിജയദശമി സംബന്ധിച്ച് ശാരദാമഠത്തിൽ ഭജനവും ഉത്സവവും നടത്തിയിരുന്നു. ഈ ചെലവിന്റെ പ്രധാനഭാഗം ചെയ്തിട്ടുള്ളത് സ്വദേശികളായ സ്വജനങ്ങളാണ്. ശിവരാത്രി സംബന്ധിച്ചും ഒരു ദിവസത്തെ ഉത്സവം ശിവഗിരിയിൽ നടത്തപ്പെട്ടിരുന്നു. അതിന്റെ ചെലവും മിക്കവാറും സ്വദേശികളാണ് ചെയ്തിട്ടുള്ളത്. ചിങ്ങമാസത്തിൽ ശിവഗിരിയിലും അരുവിപ്പുറത്തും സ്വാമിതൃപ്പാദങ്ങളുടെ ആജ്ഞയിൻ കീഴിൽ നടക്കുന്ന മറ്റു സകല മതസംബന്ധമായ സ്ഥാപനങ്ങളിലും നമ്മുടെ കരുണാനിധിയായ ജോർജ്ജു ചക്രവർത്തി തിരുമനസ്സിലേക്കും ബന്ധുകോയ്മകൾക്കും അവർ ഏർപ്പെട്ടിരിക്കുന്ന ധർമ്മയുദ്ധത്തിൽ ശീഘ്രമായ വിജയം സിദ്ധിപ്പാനായി പ്രത്യേകം പൂജകളും ആരാധനകളും നടത്തപ്പെട്ടിരിക്കുന്നു.

പ്രതിഷ്ഠ കഴിഞ്ഞശേഷം ആദ്യത്തെ പ്രധാന ഉത്സവം നടത്തിയതു നടപ്പുകൊല്ലം മകര മാസത്തിലാണ്. ആ ഉത്സവത്തെ സംബന്ധിച്ച വിവരങ്ങളേയും വരവ് ചെലവുകളേയും കാണിക്കുന്ന ഒരു റിപ്പോർട്ട് പുസ്തകമായി അച്ചടിച്ച് ദേവസ്വം സെക്രട്ടറി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഉത്സവം വരിപിരിച്ചാണു നടത്തിയതെങ്കിലും ദേസ്വത്തിൽ നിന്നുകൂടി കുറേ ധനസഹായം ചെയ്തു പൂർത്തിയാക്കേണ്ടിവന്നിരുന്നു. ആ വിവരം റിപ്പോർട്ടിൽ നിന്നു കാണാവുന്നതാണ്.

നമ്മുടെ ക്ഷേത്രങ്ങളിൽ ചെലവുകൾ അവയിലെ വരവു കൊണ്ടു തന്നെ നടന്നുകൊണ്ടിരിക്കുകയാകുന്നു. അതാതു സമയം അതാതു സ്ഥലങ്ങളിൽ ഇരിക്കുന്ന വിശ്വസ്തൻമാരായ സത്യാസിമാരെയോ ശാന്തിമാരെയോ ആണ് വരവു ചെലവുകൾ നോക്കി കൃത്യങ്ങൾ നിർവഹിക്കാൻ ഏർപ്പാടു ചെയ്തുവരാറ്. അങ്ങിനെ ചെയ്യുന്നത് തൽക്കാല സ്ഥിതിക്ക് സൌകര്യമുള്ള ഒരു ഏർപ്പാടാകുന്നു. ഇതിനെ ഭേദപ്പെടുത്തി ഇതിനെക്കാൾ തൃപ്തികരമായ വ്യവസ്ഥ ചെയ്യേണ്ടതാണ്. ദേവസ്വം സംബന്ധിച്ച സംഗതികളേപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടു ചെയ്വാൻ ഒരു കമ്മിറ്റി ഏർപ്പെടുത്തേണ്ട ആവശ്യകതയെപ്പറ്റി മുൻ സൂചിപ്പിച്ചിട്ടുള്ളത് ഈ സംഗതിയിൽ

Digitized By Kerala Sahitya Akademi

ആ കമ്മിറ്റിയുടെ റിപ്പോർട്ടിനുശേഷം എന്തെങ്കിലും ചെയ്യുന്നതു വിഹിതമായിരിക്കുമെന്നുകൂടി വിചാരിച്ചിട്ടാണ്. ശിവഗിരി മഠത്തിനുള്ള സ്വത്തുക്കളുടെ മേൽനോട്ടം ഇപ്പോഴും ദേവസ്വം സെക്രട്ടറിയുടെ ചുമതലയിൽ തന്നെ ഇരിക്കുകയാകുന്നു.

ആചാര പരിഷ്കരണം

ആചാരപരിഷ്കരണ സംബന്ധമായി നടപ്പുകൊല്ലത്തിൽ തിരുവിതാംകൂറിന്റെ പല ഭാഗത്തും സജ്ജനങ്ങൾക്ക് ഉൽമേഷം വർദ്ധിച്ചിരുന്നു. പുതിയരീതി വിവാഹത്തിനു വിവരമുള്ള സജ്ജനങ്ങളുടെ ഇടയിൽ വലിയ പ്രചാരം സിദ്ധിക്കയും ചടങ്ങുകളെ ഐകരൂപ്യപ്പെടുത്താനായി കൊല്ലത്തിനു മുൻപ് പ്രസിദ്ധപ്പെടുത്തിയിരുന്ന തത്സംബന്ധമായ വിധികളെ വീണ്ടും പരിഷ്കരിച്ച് പ്രസിദ്ധപ്പെടുത്തേണ്ട ആവശ്യകത നേരിടുകയും ചെയ്തു. സ്വാമിതൃപ്പാദങ്ങളുടെ ആജ്ഞാനുസരണം വിവേകോദയം 11-ാം പുസ്തകത്തിന്റെ ഒന്നാം ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന വിവാഹവിധി അങ്ങിനെ ഉണ്ടായതാകുന്നു. ഈ വിവാഹ വിധിയെ പല പത്രങ്ങളും പകർത്തുകയും പല യോഗ്യൻമാരും ഇതിനെപ്പറ്റി ശ്ലാഘിച്ച് പറയുകയും ചെയ്തിട്ടുണ്ട്. അപരക്രിയയെ സംബന്ധിച്ചും ഇപ്രകാരം ഒരുവിധി സ്വാമിതൃപ്പാദങ്ങൾ താമസിയാതെ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും. ഇവയെ നടത്തുന്നതിനു കുറേ പഠിപ്പും അനുഷ്ഠാനവും ഉള്ള പുരോഹിതൻമാർ ആവശ്യമാണ്. അതുകൊണ്ടു പൗരോഹിത്യം അഭ്യസിക്കുന്നതിനു ശിവഗിരി മഠത്തിൽവേണ്ട ഏർപ്പാടു ചെയ്കയും സമുദായ പ്രമാണികളോ സമാജങ്ങളോ തിരഞ്ഞെടുത്തയയ്ക്കുന്ന സദ്വൃത്തൻമാരായ യുവാക്കൻമാരെഫീസുകൂടാതെ പഠിപ്പിച്ചയയ്ക്കുന്നതാണെന്നു വിവേകോദയം വഴിയായി ജനങ്ങളെ അറിയിക്കുകയും ചെയ്തിരുന്നു. ചിലർ അപ്രകാരം ശിവഗിരിയിൽവന്നു പഠിക്കുന്നുണ്ട്.

വിദ്യാഭ്യാസം

ഉത്തരതിരുവിതാംകൂറിൽ ഉള്ളപലേ സ്കൂളുകളിലും നമ്മുടെ വർഗ്ഗക്കാർക്ക് ഇപ്പോഴും പ്രവേശനം നൽകാത്തതിനെപ്പറ്റി പ്രജാസഭയിൽ നിവേദനം ചെയ്തും എഴുത്തുകുത്തു മൂലമായും ഡിപ്പാർട്ടുമെൻറു മേലധികാരികളേയും ദിവാൻജിയേയും കണ്ടു മുഖദാവിൽ കാര്യങ്ങൾ ബോധിപ്പിച്ചും സങ്കടത്തിനു നിവൃത്തിയുണ്ടാക്കാൻ ശ്രമിക്കയും അതിന്റെ ഫലമായി അമ്പലപ്പുഴ, ചങ്ങനാശേരി ഈ സ്ഥലങ്ങളിൽ പല എലിമെൻററി സ്കൂളുകളിലും പ്രത്യേകമായി പ്രവേശനം ലഭിക്കയും ചെയ്തു. സെക്രട്ടറി സർക്കീട്ടു കാലങ്ങളിൽ വിദ്യാഭ്യാസത്തിൽ സജ്ജനങ്ങൾക്കു അഭിരുചി ഉണ്ടാകത്തക്കവണ്ണംവേണ്ട ഉപദേശങ്ങൾ ചെയ്തുകൊണ്ടിരുന്നു. എലിമെൻററി സ്കൂളുകളിലും സെക്കൻഡറി സ്കൂളുകളിലും ഈഴവരെ സംബന്ധിച്ചിടത്തോളം

Digitized By Kerala Sahitya Akademi

പരീക്ഷാ ഫലങ്ങളെ തിരിച്ചറിവാനായി ഗവൺമെൻറിനോടപേക്ഷിച്ച് എല്ലാ സ്കൂളുകളിൽനിന്നും ഈഴവക്കുട്ടികളുടെ പരീക്ഷാഫലം വരുത്തി നോക്കിയിരുന്നു. അതിൽനിന്നു മനസ്സിലായത് തിരുവിതാംകൂറിൽ ഏതാനും താലൂക്കുകളിൽ മാത്രമേ ഈഴവരുടെ വിദ്യാഭ്യാസം ഒരുവിധം തൃപ്തികരമായിരിക്കുന്നുള്ളൂഎന്നും അധികം താലൂക്കുകളിലും അവർ ദയനീയമാംവണ്ണം പിന്നോക്കമാണെന്നുമാകുന്നു. കഴിഞ്ഞ സെൻസസ് പ്രകാരം തിരുവിതാംകൂറിൽ നമ്മുടെ സ്ത്രീപുരുഷൻമാരിൽ വിദ്യാഭ്യാസം ചെയ്തിട്ടുള്ളവരുടെ സംഖ്യ നൂറിനു പത്തുമാത്രമാണെന്നുള്ളതു നാം എപ്പോഴും ഓർക്കേണ്ട ഒരു സംഗതിയാണ്.

സംസ്കൃതപാഠശാല

ശിവഗിരി സംസ്കൃത പാഠശാലയിൽ ഇപ്പോഴും 25 കുട്ടികളോളം പഠിച്ചു വരുന്നുണ്ട്. ഈ സംഖ്യ പലപ്പോഴും കൂടുകയും ചിലപ്പോഴും കുറച്ചു കുറയുകയും ചെയ്യാറുണ്ട്. അദ്ധ്യാപകൻ എ. ഗോവിന്ദനാശാൻ അവർകളും ശ്രദ്ധവച്ചു പഠിപ്പിക്കുന്നുണ്ട്. ആകെ നാലു ക്ലാസ്സുകളാണുള്ളത്. താഴ്ന്ന ക്ലാസ്സുകളിൽ ഉയർന്ന ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളാണു പഠിപ്പിക്കുന്നത്. 4–ാം ക്ലാസ്സിൽ പാസ്സായ പല വിദ്യാർത്ഥികളെ സാധാരണ പട്ടാമ്പി സംസ്കൃത കോളേജിൽ 5–ാം ക്ലാസ്സിൽ എടുക്കുന്നുണ്ട്. നമ്മുടെ സംസ്കൃത സ്കൂളിൽ നാനാവർഗ്ഗക്കാരും പഠിക്കുന്നുണ്ട്. അവിടെനിന്നു 4–ാം ക്ലാസ്സിൽ പാസ്സായ ഒരു മുഹമ്മദീയ വിദ്യാർത്ഥി തിരുവനന്തപുരം ആയുർവേദ പാഠശാലയിൽ ഇക്കൊല്ലം ചേരാൻ ആഗ്രഹിക്കുന്നുണ്ട്.

വിദ്യാഭ്യാസ സാഹായികധനം

യോഗത്തിൽനിന്ന് ഈ കൊല്ലം കൊടുക്കാൻ അനുവദിച്ചിരുന്ന സാഹായികധനം കൗൺസിലിൽ നിന്നു താഴെ പറയും പ്രകാരം വിഭജിച്ചു കൊടുത്തു.

എം. കെ. രാമൻ, ബി. എ. ഓണേർഡ്	100
കെ. നാരായണൻ, ജൂനിയർ ബി. എ.	84
ബി. നീലകണ്ഠൻ, എഫ്. എ.	60
പി. ശങ്കരൻ, മെഡിക്കൽ സ്കൂൾ 2-ാം വർഷം	60
മിസ്സ്. കെ. കുഞ്ഞമ്മ, VI ഫാറം	36
മിസ്സ്. സി. കുഞ്ഞുലക്ഷ്മി, V ഫാറം	24
ആകെ	364

Digitized By Kerala Sahitya Akademi

ഈ ധനസഹായം (ലോൺ) ഉയർന്നതരം ഇംഗ്ലീസ് വിദ്യാഭ്യാസത്തെ സഹായിപ്പാനായി ഏർപ്പെടുത്തീട്ടുള്ളതാണ്. അതുകൊണ്ട് കോളേജു ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് നിയമേന കൊടുത്തു വരുന്നത്. പട്ടികയിൽ ഒടുവിൽ കാണുന്ന രണ്ടു വിദ്യാർത്ഥികളിൽ കെ. കുഞ്ഞമ്മ VI—ാം ഫാറത്തിലും സി. കുഞ്ഞുലക്ഷ്മി V—ാം ഫാറത്തിലും പഠിക്കുകയാകുന്നു. ഈ ക്ലാസ്സുകളിലാണെങ്കിലും അവർ സ്ത്രീകളാകയാലും അവരുടെ ധനസ്ഥിതി മോശമാകയാലും സെക്കൻറാി സ്കൂളുകളിൽ ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന നമ്മുടെ പെൺകുട്ടികളുടെ സംഖ്യ ഇവിടെ വളരെ ചുരുക്കമാകയാലും അവർക്കു ചെറിയ ധനസഹായം വിശേഷാൽ അനുവദിച്ചതാകുന്നു. വിദ്യാർത്ഥികളിൽ മിസ്റ്ററർ രാമൻ ഈ കഴിഞ്ഞ ബി. എ. ഓണേഴ്സ് പരീക്ഷയിൽ പാസ്സായിരിക്കുന്ന വിവരം സന്തോഷപൂർവം പ്രസ്താവിച്ചുകൊള്ളുന്നു. മിസ്റ്ററർ രാമന്റെ സ്വദേശം തൃശ്ശിവപേരൂരാണ്. അയാൾക്കു മെട്രിക്കുലേഷൻ പരീക്ഷ പാസ്സായതു മുതൽ യോഗത്തിൽ നിന്നു ധനസഹായം ചെയ്തുകൊണ്ടിരിക്കയാകുന്നു. ഒരിക്കലും മിസ്റ്റർ രാമൻ പരീക്ഷയിൽ തോറ്റിട്ടില്ല. മിസ്റ്റർ രാമൻ നമ്മുടെ വർഗ്ഗത്തിൽ കൊച്ചിയിലെ മൂന്നാമത്തെ ഗ്രാഡ്യുവേറ്റാണ്. യോഗത്തിന്ന് അയാളെ സഹായിച്ചതിൽ നിശ്ചയമായും കൃതകൃത്യതയുണ്ടാവാം.

മിസ്റ്ററർ. കെ. നാരായണൻ ഇതുവരെ ഒരു പരീക്ഷയിലും തോറ്റിട്ടില്ലാത്ത ഒരു വിദ്യാർത്ഥിയായിരുന്നു. എന്നാൽ ഈ കൊല്ലത്തെ പരീക്ഷയിൽ അയാൾക്കു പ്രമോഷൻ ലഭിച്ചില്ലെന്നുള്ള സംഗതി വ്യസനപൂർവം പ്രസ്താവിച്ചുകൊള്ളുന്നു.

മിസ്റ്ററർ ബി. നീലകണ്ഠൻ ഈ കൊല്ലവും തെരഞ്ഞെടുപ്പു പരീക്ഷയിൽ തോറ്റുപോയിരിക്കുന്നു.

മിസ്റ്റർ പി. ശങ്കരൻ സബ് അസിസ്റ്റൻറ് സർജ്ജൻ ക്ലാസ്സിലെ രണ്ടാം കൊല്ലത്തെ പരീക്ഷയിലും ജയിച്ചിരിക്കുന്നു.

മിസ്സ്. കെ. കുഞ്ഞമ്മ ഇക്കൊല്ലം പരീക്ഷയിൽ ചേർന്നില്ല. ഒരു കൊല്ലം കൂടി ആ ക്ലാസ്സിൽ പഠിച്ചിട്ട് പരീക്ഷയ്ക്കു ചേരാൻ നിശ്ചയിച്ചിരിക്കുന്നു. മിസ്സ്. സി. കുഞ്ഞുലക്ഷ്മി ക്ലാസ്സു പരീക്ഷയിൽ തോറ്റു പോയിരിക്കുന്നു.

വിദ്യാഭ്യാസ ധനസഹായത്തിനായി പല അപേക്ഷകളും കിട്ടിക്കൊണ്ടിരിക്കുന്നു. അധികം അപേക്ഷക്കാരും ഇംഗ്ലീഷ് സ്കൂളുകളിലെ താഴ്ന്ന ക്ലാസ്സുകളിലും മലയാളം പള്ളിക്കൂടങ്ങളിലും പഠിക്കുന്നവരാണ്. സ്കൂൾ ഫൈനലിനു താഴെയുള്ള ക്ലാസ്സുകളിൽ ധനസഹായം ചെയ്യാൻ യോഗം അനുവദിച്ചിട്ടില്ലെന്നുള്ള വസ്തുത കാണിച്ചു അവർക്കൊക്കെ മറുപടി കൊടുക്കുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്. കോളേജു വിദ്യാർത്ഥികളിൽ നിന്നു തന്നെയും സാധാരണ

Digitized By Kerala Sahitya Akademi

ലോണിനും സ്പെഷ്യൽ ലോണിനും അപേക്ഷകൾ വരുന്നുണ്ട്. അപേക്ഷകൻമാരുടെ നേരേ എത്രതന്നെ അനുകമ്പയുണ്ടായിരുന്നിട്ടും യോഗത്തിന്റെ ഇപ്പോഴത്തെ ധനസ്ഥിതി വിചാരിച്ചാൽ തൽക്കാലം അനുവദിച്ചിരുന്ന സഹായങ്ങൾ തന്നെ തുടർന്നുകൊണ്ടു നൽകാൻ അസാമാന്യമായ ഞെരുക്കമുണ്ടെന്നുള്ള വസ്തുതയെ ഈ സന്ദർഭത്തിൽ പ്രസ്താവിക്കാതിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് യുദ്ധം അവസാനിക്കുകയും കച്ചവടം പൂർവസ്ഥിതിയെ പ്രാപിക്കുകയും ചെയ്യുന്നതുവരെ വിശേഷാൽ ധനാഗമമാർഗ്ഗങ്ങൾ ഏതെങ്കിലും ഉണ്ടാകാത്ത പക്ഷം ഈ ധനസഹായത്തെ അനുവദിക്കുന്നതിൽ യോഗത്തിനു വലിയ ഔദാര്യം ഒന്നും പ്രദർശിപ്പിപ്പാൻ തരമില്ലെന്നുള്ള വസ്തുതയെ സൂചിപ്പിച്ചുകൊള്ളുന്നു.

മെഡിക്കൽ വിദ്യാഭ്യാസത്തിനു വിശേഷാൽ ലോൺ വാങ്ങിയിരുന്ന മിസ്റ്റർ. ഭരതൻ നടപ്പുകൊല്ലത്തിൽ ഒരു തവണയും പതിവുപോലെ പണം മടക്കിത്തന്നിട്ടില്ല. കാരണം മിസ്റ്റർ ഭരതൻ വീണ്ടും പരീക്ഷയിൽ ചേരുന്നതിനായി മദിരാശിയിൽ പോയി താമസിച്ചു പഠിക്കയും അതുകൊണ്ട് പണം ഉണ്ടാക്കി അയയ്ക്കാൻ സാധിക്കാതിരിക്കയും ചെയ്തിട്ടുള്ളതാകുന്നു. പരീക്ഷയിൽ വിജയിയായില്ലെങ്കിലും ഇപ്പോൾ മിസ്റ്റർ. ഭരതനു സെക്കന്ദ്രബാദിൽ ഒരു സബ് അസിസ്റ്റൻറ് സർജൻ ഉദ്യോഗം ലഭിച്ചിരിക്കുന്നു. അതുമുതൽ വീണ്ടും പണം അയച്ചുകൊണ്ടിരിക്കുന്നുണ്ട്.

കെ. അയ്യപ്പൻ ത്രീഡർഷിപ്പു പരീക്ഷ പാസ്സായി സന്നതുവാങ്ങി ഇപ്പോൾ ചേർത്തല മുൻസിഫ് കോർട്ടിൽ പ്രാക്ടീസ് ചെയ്തുവരുന്നു. അയാൾക്കു കൊടുത്തിട്ടുള്ള ലോൺ ഉടനേ മടക്കിത്തന്നു തുടങ്ങുന്നതാണ്.

വിവേകോദയം

വിവേകോദയം യോഗത്തെ സംബന്ധിച്ചുള്ള വിവരങ്ങൾക്കു പുറമേ സ്വജനങ്ങൾക്കും പൊതുജനത്തിനും മതം, സദാചാരം, വ്യവസായം ഈ പ്രത്യേക വിഷയങ്ങളിലും മറ്റു പൊതു വിഷയങ്ങളിലും അറിവുകൾ നൽകുന്നതിനുപയുക്തമാകത്തക്കവണ്ണം അതിന്റെ നടത്തിപ്പിൽ കഴിയുന്ന ശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അചാര പരിഷ്കരണ വിഷയത്തിൽ അപ്പോൾ അപ്പോൾ ആവശ്യപ്പെടുന്ന സംഗതികൾ സ്വജനങ്ങളെ ധരിപ്പിക്കുന്നതിലും നടപ്പിൽവരുത്തുന്നതിലും വിവേകോദയം വളരെ ഉപയുക്തമായിത്തീരുന്നുണ്ട്.

സമുദായത്തിന്റെ രാജ്യകാര്യ സംബന്ധമായ ആശംസകളെയും അപേക്ഷകളെയും ഗവൺമെൻറിനെ അറിയിക്കുന്ന വിഷയത്തിലും വിവേകോദയം സഫലമാംവണ്ണം യോഗത്തിന്റെ സന്ദേശങ്ങളെ വഹിക്കുന്നുണ്ട്. അതിന്റെ പ്രചാരത്തെ വർദ്ധിപ്പിക്കാൻ കഴിയുന്നതെല്ലാം യത്നിക്കുന്നുണ്ട്. പല മലയാളപത്രങ്ങളിലും ഇതിനെപ്പറ്റി സ്ഥിരമായ പരസ്യങ്ങൾ പ്രസി

Digitized By Kerala Sahitya Akademi

ദ്ധപ്പെടുത്തിവരുന്നുണ്ട്. എങ്കിലും അതിന്റെ 500 പ്രതി മാത്രമേ ഇപ്പോഴും ചെലവാകുന്നുള്ളു. ഇതിൽ 340 പ്രതികളും യോഗാംഗങ്ങൾക്കു പകുതി വരിസംഖ്യയ്ക്കും 130 മറ്റു വരിക്കാർക്കും ശേഷം മാറ്റത്തിനും അയച്ചുവരുന്നു. യോഗാംഗങ്ങളും അല്ലാത്തവരിക്കാരും ക്രമമായി പണമടച്ചും അല്ലെങ്കിൽ വി. പി. കൈപ്പറ്റിയും അതിന്റെ നടത്തിപ്പിനെ സഹായിക്കുകയും സമുദായ സ്നേഹികളും അധികം വരിക്കാരെ ചേർത്ത് അതിന്റെ പ്രചാരത്തെ വർദ്ധിപ്പിക്കാൻ ശ്രമിക്കയും ചെയ്താൽ അതുകൊണ്ട് ഒരിക്കലും നഷ്ടമുണ്ടാകയില്ലെന്നു മാത്രമല്ല അതിന്റെ വാവു കൊണ്ടുമാത്രം ആഫീസ് ചെലവുകളും നടന്നുപോകുന്നതുമാണ്.

സമാജങ്ങൾ

യോഗത്തിന്റെ ഉദ്ദേശ നിർവഹണത്തിനായി കേരളത്തിന്റെ നാനാഭാഗങ്ങളിലും സമാജങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ പലതും വളരെ നല്ല നിലയിൽ എത്തീട്ടുണ്ട്. അവയിൽ (ഉത്തര തിരുവിതാംകൂറിൽ) ഏതാനും സഭകൾ യോഗത്തിൽ പ്രാതിനിധ്യം വഹിക്കത്തക്കവണ്ണം യോഗത്തോടു സംബന്ധിക്കപ്പെട്ടിട്ടും ഉണ്ട്. സ്വാമിതൃപ്പാദങ്ങളുടെ ഉദ്ദേശത്താൽ ഇപ്പോൾ സ്ഥാപിച്ചുവരുന്ന ദേശസഭകൾ എങ്ങും നടപ്പായാൽ യോഗത്തിന്റെ ഉദ്ദേശനിർവഹണം സുകരമാവുന്നതുമാണ്.

യോഗത്തിന്റെ പ്രവൃത്തികളിൽ ഒന്നു സമുദായ സ്ഥിതിയിൽ നമ്മെക്കാൾ പിന്നോക്കം നില്ക്കുന്ന വർഗ്ഗക്കാരുടെ ഉന്നതിക്കായി കഴിവുള്ളപ്പോഴൊക്കെ സഹായിക്കുക, ആകുന്നു. നടപ്പുകൊല്ലത്തിൽ തിരുവിതാംകൂറിൽ ചില സ്ഥലങ്ങളിൽ പുലയർക്കുണ്ടായ ഉപദ്രവങ്ങളിൽ അവർക്കു വേണ്ടി കഴിയുന്നതെല്ലാം യോഗത്തിൽ നിന്നു പ്രവർത്തിച്ചിട്ടുണ്ട്. ജനറൽ സെക്രട്ടറിയും സ്ഥിരാദ്ധ്യക്ഷനായ ബ്രഹ്മ ശ്രീ നാരായണ ഗുരുസ്വാമിതൃപ്പാദങ്ങളും തന്നെയും ഈ വിഷയത്തിൽ ഓരോ സ്ഥലങ്ങളിലും പോയി പ്രത്യേകം യത്നിച്ചിട്ടുണ്ട്.

പൊതുകൃത്യങ്ങൾ

ഇവയെല്ലാറിനും പുറമേ പതിവനുസരിച്ചും സമയോചിതമായും ചെയ്യേണ്ട എല്ലാ പൊതുകൃത്യങ്ങളും വീഴ്ച കൂടാതെ അപ്പോഴപ്പോൾ ചെയ്തിട്ടുണ്ട്. ഈ വക പൊതുകൃത്യങ്ങളിൽ ഏറ്റവും പ്രധാനമായ ഒന്ന് കഴിഞ്ഞ പൊതുയോഗാവസരത്തിൽ മാറിപ്പോയ ദിവാൻ മ. രാ. രാ. ദിവാൻ ബഹദൂർ പി. രാജഗോപാലാചാരി അവർകൾക്ക് ഒരു മംഗളപത്രം സമർപ്പിച്ചതാകുന്നു. കൊച്ചിയിലും തിരുവിതാംകൂറിലും നമ്മുടെ വർഗ്ഗക്കാർക്കു സർക്കാർ ഉദ്യോഗം, സ്കൂൾ പ്രവേശനം മുതലായ വിഷയങ്ങളിൽ ഉണ്ടായിരുന്ന തടസ്സങ്ങളെ നീക്കി സമുദായ സ്ഥിതിയെ നന്നാക്കുന്നതിൽ സ്വാഭാവികമായ ധൈര്യത്തോടും അനുകമ്പയോടും കൂടി കഴി

Digitized By Kerala Sahitya Akademi

യുന്നതെല്ലാം പ്രവർത്തിച്ച വിശാല ഹൃദയനായ ആ രാജ്യഭരണ തന്ത്രജ്ഞ നോടു നമുക്കുള്ള കൃതജ്ഞത ഈ മംഗളപത്രസമർപ്പണത്തോടുകൂടി അവസാനിക്കുന്നതല്ലെന്നും കൃതജ്ഞതയ്ക്കു കേന്ദ്രവിപ്പെട്ട നമ്മുടെ സമു ദായം അതിന്റെ ഭാവിചരിത്രത്തിൽ സമുദായത്തെ ഉദ്ധരിക്കാൻ യത്നിച്ച മഹാന്മാരുടെ ഇടയിൽ ഏറ്റവും പ്രധാനമായ ഒരു സ്ഥാനം അദ്ദേഹ ത്തിനു നല്കുന്നതാണെന്നും ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു.

ഈ റിപ്പോർട്ടിനെ അവസാനിപ്പിക്കുന്നതിനു മുമ്പു ജനറൽ സെക്രട്ടറി യുടെ നിലയിൽ എനിക്കുള്ള 13 കൊല്ലത്തെ അനുഭവത്തെ ആസ്പദമാക്കി ഇതിന്റെ ഭാവി നടത്തിപ്പിൽ പ്രവർത്തകൻമാർ പ്രത്യേകം ദൃഷ്ടിവയ്ക്കേണ്ട ഒന്നു രണ്ടു സംഗതികളെപ്പറ്റി ചില സൂചനകളും നൽകുന്നതു ആവശ്യമാ ണെന്നു തോന്നുന്നു. എന്റെ ജീവിതത്തിന്റെ പ്രധാനഭാഗം ഞാൻ ഈ യത്നത്തിൽ ചിലവാക്കിയിരിക്കുന്നു. ജനറൽ സെക്രട്ടറി സ്ഥാനത്തിൽ ഞാൻ ഇനി അനുവർത്തിക്കുന്നത് എന്റെ ആരോഗ്യത്തിനും സുഖത്തിനും തീരെ ആശാസ്യമല്ലെന്നു തോന്നുന്നതിനാൽ ഈ സ്ഥാനത്തിൽ നിന്നു ഒഴി യുന്നതിനു ഞാൻ അവസാനമായി തീർച്ചയാക്കീട്ടുള്ളതും അതുകൊണ്ടു മേല്പറഞ്ഞ ആവശ്യകത ഒഴിച്ചു കൂടാത്തതും ആകുന്നു.

എസ്. എൻ. ഡി. പി. യോഗം ആദ്ധ്യാത്മികമായ ശാന്തതയുടെയും പവിത്രതയുടെയും ഇരിപ്പിടമായ ഒരു മഹാത്മാവിന്റെ ഹൃദയത്തിൽ നിന്നു ജനിച്ചിട്ടുള്ളതാകുന്നു. അതിന്റെ ഇന്നുവരെയുള്ള പ്രവൃത്തി കളിൽ ആ ഗുണങ്ങൾ പകർന്നുകൊണ്ടിരിക്കുന്നുണ്ടെന്നാണ് എന്റെ ദൃഢ മായ വിശ്വാസം. അതിന് ഇന്നുവരെ സിദ്ധിച്ചിട്ടുള്ള വിജയങ്ങൾക്കെല്ലാം കാരണം പൊതുവേ അതാണെന്നു ഞാൻ വിശ്വസിക്കുന്നു. കൃത്യനിഷ്ഠ യോടുകൂടി പ്രവർത്തിക്കുന്ന മദ്ധ്യേ ഒരുവന്നു പല അനർത്ഥങ്ങളും നേരി ട്ടുകൊണ്ടിരിക്കും. അവയുടെ രൂപങ്ങൾ പലപ്പോഴും വളരെ ഭയാനകങ്ങ ളായി തോന്നും. മാർഗ്ഗം ചിലപ്പോൾ ദുഷ്ടസത്വങ്ങൾ നിറഞ്ഞ ഒരു മഹാവനം പോലെ ദുർഗ്ഗമമായിരിക്കും. അതുകൊണ്ടു ഭയപ്പെടുകയോ പിൻമാറുയോ ചെയ്യുന്നവരാൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്നു സംശയമാണ്. നമ്മുടെ സമുദായം അസംഖ്യം ജനങ്ങൾ അടങ്ങിയ ഒന്നാണ്. മനുഷ്യനു സഹജമായ ദുർഗ്ഗുണങ്ങൾ ഏതു സമുദായത്തിലുമുള്ള ജന ങ്ങളിൽ ഉണ്ടായിരിക്കതന്നെ ചെയ്യും. നമ്മുടെ സമുദായത്തിൽ ഇപ്പോൾ ആപ്രകാരമുള്ളവരുടെ സംഖ്യ മറ്റു സമുദായങ്ങളോടു താരതമ്യപ്പെടുത്തി യാൽ കുറവാണെന്നേ ഉള്ളൂ. അതുകൊണ്ട് ആ ദുർഗ്ഗമവനത്തിൽ യോഗ ത്തിന്റെ പ്രവർത്തകൻ ജിതേന്ദ്രിയനും കൃതബുദ്ധിയുമായ മുനിയെ പ്പോലെ സഞ്ചരിക്കേണ്ടതാകുന്നു. അങ്ങനെയായാൽ ആ ദുഷ്ടസത്വങ്ങൾ തന്നെ ആശ്രമ മൃഗങ്ങളായിത്തീരുകയും അയാൾക്കു തന്റെ പവിത്രവും ഉൽ കൃഷ്ടവുമായ ഉദ്ദേശങ്ങൾ സാദ്ധ്യമാവുകയും ചെയ്യും. യോഗം സ്വസ മുദായത്തോടു മാത്രമല്ല അന്യസമുദായങ്ങളോടും ഗവൺമെന്റുകളോടും

Digitized By Kerala Sahitya Akademi

അതിന്റെ കാര്യസാദ്ധ്യതകയ്ക്കായി പലപ്പോഴും അടുത്തും അകന്നും നിന്നു പ്രവർത്തിക്കേണ്ടിവരും. അപ്രതീക്ഷിതമായ വ്യാകുലതകളും ക്ഷോഭങ്ങളും സങ്കടങ്ങളും അയാളുടെ മനസ്സിനെ ഇടവിടാതെ പീഡിപ്പിച്ചുകൊണ്ടിരിക്കും. നിരന്തരമായ പരഗുണകാംക്ഷയും അപ്രതികാരപരതയും ക്ഷമയും സമസൃഷ്ടി സ്നേഹവും ആ സങ്കടങ്ങളിൽ നിന്ന് അയാളെ പരിത്രാണനം ചെയ്യുന്ന ദേവതകളായിരിക്കും. എല്ലാവരിനും മേലായി ഒരു സംഗതി വിശേഷിച്ചും സൂചിപ്പിക്കേണ്ടതുണ്ട്. നമ്മുടെ ഉന്നമനത്തിനായുള്ള ഉൽക്കണ്ഠം നമ്മുടെ വിവേകത്തിന്റെ ദൃഷ്ടിയെ ഒരിക്കലും മറച്ചുകൂടാ. ആ മാർഗ്ഗത്തിൽ കൂടി നാം ബദ്ധപ്പെട്ട് ഓടാനും പാടില്ല. ഒരു മിതമായ പദവിന്യാസക്രമം സ്വീകരിക്കുകയും അതിനെ നിരന്തരമായി അനുവർത്തിച്ചു കൊള്ളുകയും വേണം.

ബാംബെയിൽ നിന്ന് ഭാരമേറിയ തന്റെ സ്വന്ത പ്രവൃത്തികളെയും ദീർഘമായ വഴിയാത്രയേയും ഗണ്യമാക്കാതെ സമുദായ സ്നേഹത്താൽ പ്രേരിതനായി ഇന്നിവിടെ എത്തി യോഗത്തിന്റെ അഗ്രാസനം വഹിച്ച് നമ്മെ പ്രോത്സാഹിപ്പിക്കുന്ന മഹാമനസ്കനായ മ.രാ.രാ. പി. വി. രാമുണ്ണി അവർകൾക്കു യോഗത്തിന്റെ പേരിൽ ഞാൻ ഹൃദയപൂർവം വന്ദനം പറയുന്നു. ഈ ഹാളിൽ ഏഴു കൊല്ലങ്ങൾക്കു മുൻപു കൂടിയിരുന്ന നമ്മുടെ വാർഷിക യോഗത്തിൽ അഗ്രാസനം വഹിക്കുകയും തന്റെ പേരിനെ അകൈതവമായ സമുദായ സ്നേഹത്തോടും ബഹുമാനത്തോടുംകൂടി സമുദായത്തിൽ ഉള്ള കുട്ടികൾ പോലും പറയത്തക്കവണ്ണം സമ്മതി സമ്പാദിക്കുകയും അതിനുശേഷം ശിവഗിരിയിൽ കൂടിയ മഹായോഗത്തിലും ഇപ്പോഴത്തെ പ്രദർശിപ്പിക്കുന്ന കൃത്യവാർ ഡെപ്യൂട്ടി പൊളിറ്റിക്കൽ ഏജന്റ് മ.രാ.രാ. പി. സി. ഗോവിന്ദൻ അവർകൾക്കും ഞാൻ യോഗത്തിന്റെ പേരിൽ ഹൃദയപൂർവം നന്ദി പറഞ്ഞു കൊള്ളുന്നു. ദൂരദേശങ്ങളിൽ നിന്ന് യാത്രാക്ലേശം സഹിച്ച് ഈ യോഗത്തിൽ സംബന്ധിച്ചിരിക്കുന്ന മറ്റു സകല മാന്യൻമാർക്കും അതുപോലെതന്നെ ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു.

ഈ യോഗം കൂടുന്നതിന്നായി ഈ ഹാൾ വാടക കൂടാതെ അനുവദിച്ചുതരികയും തത്സംബന്ധമായ മറ്റു പല സൌകര്യങ്ങൾ നൽകുകയും ചെയ്ത ഗുണവാനായ നമ്മുടെ ദിവാൻ, മ-രാ-രാ- എം. കൃഷ്ണൻ നായർ അവർകൾക്കും വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറുവക ചില കെട്ടിടങ്ങളെ അതിഥികളുടെ താമസത്തിനായി ഉപയോഗിക്കാൻ അനുവദിച്ചുതന്ന എഡ്യൂക്കേഷൻ ഡയറക്ടർ ബിഷപ്പ് സായ്പ് അവർകൾക്കും യോഗത്തെ ഇത്രഭംഗിയാംവണ്ണം നടത്തുന്നതിനു സകല ശ്രമവും ചെയ്ത സ്ഥലം നിർവാഹക സംഘക്കാർക്കും കൂടി ഈ അവസരത്തിൽ യോഗത്തിന്റെ പേരിൽ വന്ദനം പറഞ്ഞുകൊണ്ട് ഈ റിപ്പോർട്ടിനെ കണക്കു സഹിതം സമർപ്പിക്കുന്നു.

തിരുവനന്തപുരം
12–5–1915
29–9–1090

എൻ. കുമാരൻ ആശാൻ,
ജനറൽസെക്രട്ടറി

വിവേ: 1090 മേടം,

Digitized By Kerala Sahitya Akademi

XII

ശ്രീനാരായണ ഗുരുസ്വാമി തൃപ്പാദങ്ങളുടെ ഷഷ്ടിപൂർത്തി മഹം സംബന്ധിച്ച് എസ്. എൻ. ഡി. പി. യോഗം ആഘോഷ ക്കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട്.

1092 ചിങ്ങം 27-ാം നു (1916 സെപ്തംബർ 11) ദക്ഷിണ ഇന്ത്യയിൽ വിശേഷിച്ചു കേരളത്തിൽ അസാധാരണമായ ഒരു ദിവസമായിരുന്നു. മഹാത്മാവായ ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമി തൃപ്പാദങ്ങളുടെ 60-ാമത്തെ തിരുവയസ്സു പൂർത്തിയായത് അന്നേ ദിവസമായിരുന്നു. തൃപ്പാദങ്ങളുടെ പേരിൽ ഭക്തിബഹുമാനങ്ങളുള്ള സകല ജാതിമതസ്ഥരായ ജനങ്ങളും കേരളത്തിൽ മാത്രമല്ല പുറത്തും ഈ സുദിനത്തെ ഒരു പ്രകാരത്തിൽ അല്ലെങ്കിൽ മറ്റൊരുപ്രകാരത്തിൽ അനുമോദിക്കയും കൊണ്ടാടുകയും ചെയ്തിരിക്കുന്നതായി കാണുന്നത് ഏറ്റവും സന്തോഷജനകമായ സംഗതിയാകുന്നു. ഈ മഹാത്മാവിന്റെ വർഗ്ഗീയരാണെന്നഭിമാനിപ്പാൻ ഭാഗ്യമുണ്ടായ തീയ്യർ ഈ ദുർല്ലഭസന്ദർഭത്തെ എവിടെയെല്ലാം എങ്ങനെയൊക്കെയാണ് കൊണ്ടാടിയിരിക്കുന്നതെന്നു ഖണ്ഡിച്ചു പറവാൻ പ്രയാസം. കേരളത്തിന്റെ എല്ലാഭാഗത്തും ഇന്ത്യയുടെ മറ്റു പല ഭാഗങ്ങളിലും ലങ്ക മുതലായ ദ്വീപാന്തരങ്ങളിൽ പോലും പല വിധത്തിൽ അവർ നടത്തീട്ടുള്ള ആഘോഷങ്ങളിൽ ഏതാനും ചിലതിനെപ്പറ്റി ചില മാന്യൻമാർ യോഗം ആഫീസിൽ അയച്ചുതന്ന റിപ്പോർട്ടുകളിലും വർത്തമാനപ്പത്രങ്ങളിലും നിന്നു സാരസംഗ്രഹംചെയ്ത് "എ" അനുബന്ധത്തിൽ ചേർത്തിരിക്കുന്ന വിവരണം ആഘോഷത്തിന്റെ വ്യാപ്തിയേയും നാനാത്വത്തേയും ഈ സന്ദർഭത്തിനു പ്രസ്തുത സമുദായക്കാർ നൽകിയിരിക്കുന്ന പ്രാധാന്യത്തേയും പറ്റി ഒരു സ്ഥൂലജ്ഞാനം നൽകുന്നതാണ്.

സമുദായത്തിന്റെ പൊതുവിലുള്ള സ്വച്ഛന്ദമായ ഈ ആഘോഷബഹളങ്ങളെ ക്രമീകരിച്ചു വ്യവസ്ഥപ്പെടുത്തിയിരുന്നെങ്കിൽ വലിയ പ്രയോജനമുണ്ടാകുമായിരുന്നു എങ്കിലും അങ്ങനെ ചെയ്യുന്നത് കേവലം സാദ്ധ്യമല്ലായിരുന്നു. തൃപ്പാദങ്ങളുടെ നാമത്തിലും ആജ്ഞയിലും അദ്ധ്യക്ഷതയിലും സ്ഥാപിച്ചു നടത്തിവരുന്ന ശ്രീനാരായണധർമ്മ പരിപാലനയോഗത്തിൽ നിന്ന് പ്രത്യേകം നിയമിച്ച കമ്മിറ്റിക്കാർ തിരുവനന്തപുരം പട്ടണത്തിൽ വച്ചു നടത്തിയ ഷഷ്ടിപൂർത്തി സ്മാരകസംബന്ധമായും ആഘോഷവിഷയമായുള്ള ശ്രമങ്ങളും തൽഫലങ്ങളും മാത്രമാണ് ഇവിടെ പ്രകൃതം. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വെറും ശുഷ്കമായ കാര്യമാത്ര പ്രസക്തി ജനങ്ങൾക്കുണ്ടാകുകയെന്നുള്ളത് അസ്വാഭാവികമാകുന്നു. എന്നുതന്നെയല്ല, ഒരു മഹാത്മാവിന്റെ നാമത്തിൽ നടത്തപ്പെടുന്ന ഉത്സവങ്ങളും ആഘോഷങ്ങളും അദ്ദേഹത്തിന്റെ നേരേ ജനങ്ങൾക്കുള്ള സ്നേഹബഹുമാനാദികളുടെ കാര്യങ്ങളായും കാരണങ്ങളായുമിരിക്കുന്നു. അതു

Digitized By Kerala Sahitya Akademi

മനസ്സിൽ ആരോഗ്യകരമായ ഒരു ഉൻമേഷാനിശയത്തെ ഉണ്ടാക്കുന്നതിനു പുറമേ സ്നേഹം, ഭക്തി, അനുസരണം, കൃതജ്ഞത മുതലായ ഉൽകൃഷ്ട ഗുണങ്ങളെ ജനസാമാന്യത്തിൽ വർദ്ധിപ്പിക്കുകയും ദൃഢപ്പെടുത്തുകയും കൂടി ചെയ്യുന്നു. ചിങ്ങം 27-ാംനു രാത്രി കമ്മിറ്റി വകയായി കൈതമുക്കിൽ വലിയ ആഘോഷങ്ങളാം നടന്നുകൊണ്ടിരിക്കുമ്പോഴാം നാട്ടുംപുറത്തുകാരായ രണ്ടു കൃഷിക്കാർ (നായൻമാരാണ്) അതുവഴി തമ്മിൽ താഴെക്കാണുംപ്രകാരം സംസാരിച്ചുകൊണ്ട് റോഡിൽകൂടി വടക്കോട്ടേയ്ക്കു വേഗത്തിൽ നടന്നുപോകയായിരുന്നു.

ഒന്നാമൻ :— ഈ തിരുവനന്തപുരം പട്ടണത്തിൽ ഇതുപോലെ ഒരു ഉത്സവം നിങ്ങളം കണ്ടിട്ടുണ്ടോ? ആറാട്ട്, പൂജയെടുപ്പ്, പള്ളിക്കെട്ട് അതൊക്കെ സർക്കാർ വക ആടിയന്തങ്ങളാണ്. കണക്കുകൂട്ടേണ്ട.

രണ്ടാമൻ :— ഇവിടെ മാത്രമാണോ? പേരൂർക്കട, മണ്ണന്തല, ചെമ്പഴന്തി, കുളത്തൂർ, പള്ളിപ്പുറം എന്നുവേണ്ട തിരുവിതാംകൂർ സംസ്ഥാനം അല്ല, മലയാളരാജ്യം ഒട്ടുക്ക് ഇന്ന് ഏതാണ്ട് ഈമാതിരി തന്നെയാണ്.

ഒന്നാമൻ :— അദ്ദേഹം ഒരു മഹാഭാഗ്യവാൻതന്നെ സംശയമില്ല. നാണു ആശാൻ—നാരായണ ഗുരുസ്വാമി.

രണ്ടാമൻ :— ഭാഗ്യവാനെന്നു പറഞ്ഞാൽ മതിയോ! മഹാത്മാവല്ലേ അദ്ദേഹം. മഹാരാജാക്കൻമാർക്ക് ഇമ്മാതിരി ഭാഗ്യമുണ്ടോ?

ഒന്നാമൻ:— അതേ, മഹാരാജക്കൻമാർ—അതുവേറേ തന്നെ. അവർ അങ്ങനെതന്നെ ജനിക്കയല്ലേ? ഇതു നമ്മെപ്പോലെ വെറും ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു വളർന്ന ആളം. ചെമ്പഴന്തിയിൽ എങ്ങാണ്ടല്ലേ വീടായിരുന്നത് ?

രണ്ടാമൻ:— അദ്ദേഹത്തെ ജനങ്ങളം ഒരു ദിവ്യപുരുഷനാണെന്നു പറയുന്നതിൽ ഒരു അതിസ്തുതിയുമില്ല. ഇത്രത്തോളമെല്ലാം ജനങ്ങളം പൂജിക്കയും ബഹുമാനിക്കയും ചെയ്യുന്നതുതന്നെ സാധാരണ വല്ലവർക്കും സിദ്ധിക്കുന്ന ഭാഗ്യമാണോ? എല്ലാം ഈശ്വരപ്രസാദത്തിന്റെ ഫലം തന്നെ. ഇത്ര തപശ്ശക്തിയും ഈശ്വരാനുഗ്രഹവും തികഞ്ഞിട്ടൊരാളം ഭൂലോകത്ത് ഇപ്പോളം ഉണ്ടോ എന്നു സംശയമാണ്. "ജാതിനാമാദികളം ക്കല്ലെ ഗുണഗണ—" (എന്നുപാടുന്നു.)

ഈ പാട്ടു സാവേരിരാഗത്തിൽ പാടിക്കൊണ്ട് അവർ വേഗത്തിൽ നടന്നു പോകയാൽ സംഭാഷണത്തിന്റെ ശേഷംഭാഗം ഇതെഴുതുന്ന ആളംക്കു കേൾപ്പാൻ സാധിച്ചില്ല. എങ്കിലും ഇതിൽനിന്നു സ്വാമിതൃപ്പാദങ്ങളുടെ ജീവിതത്തെപ്പറ്റി പൊതുജനങ്ങളുടെ ഇടയിലുള്ള അഭിപ്രായ ഗതി എന്താണെന്ന്

Digitized By Kerala Sahitya Akademi

ഏതാണ്ടു് ഊഹിക്കാം. അന്യാദൃശമായ മതഭക്തി, അഗാധമായ അദ്വൈത ശാസ്ത്രപാണ്ഡിത്യം, സഹജമായ ആദ്ധ്യാത്മാനുഭൂതി, അവ്യാഹതമായ സദാചാര നിഷ്ഠ, അതിതീവ്രമായ വിഷയവൈരാഗ്യം, അപാരമായ ജീവകാരുണ്യം, അകൃത്രിമമായ ലോകാനുഗ്രഹതൽപരത മുതലായ പരിശുദ്ധ ഗുണങ്ങളാണ് സ്വാമിതൃപ്പാദങ്ങളെ സാധാരണ ജനങ്ങളിൽനിന്നു വേർതിരിക്കയും അവിടത്തേയ്ക്ക് ഇന്നു ലഭിച്ചിരിക്കുന്ന ഈ അതിപൂജ്യ സ്ഥാനത്ത് അവിടത്തെ എത്തിക്കയും ചെയ്തിട്ടുള്ളത്. താഴ്ത്തപ്പെട്ട തായി ഗണിച്ചുവരുന്ന തീയ്യരുടെ വർഗ്ഗത്തിൽ സാധാരണ ഒരു പാമ്പന്താവസ്ഥയിൽ ജനിച്ചുവളർന്ന് വെളിയിൽ നിന്നു യാതൊരു പ്രേരണാബലവും കൂടാതെ സ്വന്ത സാത്വികമായ ജീവിതവും ശാന്തപ്രായമായ പ്രവൃത്തികളും കൊണ്ട് ഇത്ര വലിയ ഒരു സ്ഥാനത്തെ പ്രാപിച്ചിരിക്കുന്ന മഹാത്മാവിനെ ലൗകികവും ആദ്ധ്യാത്മികവുമായ അഭിവൃദ്ധിയെ കാംക്ഷിക്കുന്ന ഏവരും എന്നും അനുസ്മരിക്കുന്നതു ഗുണപ്രദമായിരിക്കുമെന്നുള്ളതിനു തർക്കമില്ല. പൂജ്യനായ ഒരു പരമഹംസന്റെയോ വിശാലഹൃദയനായ ഒരു സമുദായ നേതാവിന്റെയോ ആരുടെ നിലയിലാണ് സ്വാമിതൃപ്പാദങ്ങൾക്ക് അധികം ഉൽക്കർഷമെന്നു ഖണ്ഡിച്ചു പറവാൻ പ്രയാസം. ഈ സംഗതികളെ അവിടത്തെ ജീവചരിത്രം എഴുതുവാൻ വിചാരിക്കുന്ന പണ്ഡിതൻമാരുടെ ചിന്തയ്ക്കു വിട്ടിട്ട് ശ്രീ നാരായണ ധർമ്മ പരിപാലന യോഗത്തിൽ നിന്ന് അതിന്റെ അദ്ധ്യക്ഷനായ സ്വാമിതൃപ്പാദങ്ങളുടെ ഷഷ്ടിപൂർത്തിമഹോത്സവം ആഘോഷിപ്പാൻ ഏർപ്പെടുത്തിയ കമ്മറ്റിവക പ്രവൃത്തികളുടെ ക്ലിപ്തമായ പരിധിയിൽ നിന്നുകൊണ്ടും ഇങ്ങനെ ആ മഹാത്മാവിന്റെ നേർക്കുള്ള അഗാധമായ ഭക്തിസ്നേഹ ബഹുമാനങ്ങളെ സൂചിപ്പിക്കുന്ന ഒന്നുരണ്ടു വാക്കുകൾ പറവാൻ മാത്രമേ ഇവിടെ തരമുള്ളു. ഒരു മതഗുരുവിന്റെ നിലയിൽ സ്വാമി സകലജാതി മതസ്ഥൻമാരാലും ബഹുമാനിക്കപ്പെട്ടുവരുന്ന ഒരു മഹാ പരിശുദ്ധ പുരുഷനാണ്. അദ്ദേഹത്തെക്കാൾ ആ വിഷയത്തിൽ അധികം ആരാധ്യനായി തെക്കേ ഇന്ത്യയിൽ എന്നുവേണ്ട ഇന്ത്യ മുഴുവൻ ഇന്നു മറെറാരു മഹാത്മാവു ജീവിക്കുന്നുണ്ടോ എന്നു സംശയമാകുന്നു. സമുദായ നേതാവിന്റെ നിലയിലാകട്ടെ അവിടന്നു തീയ്യരാൽ മാത്രമാണ് ആരാധിക്കപ്പെട്ടുവരുന്നത്. അതുകൊണ്ടു അവർക്ക് സിദ്ധിച്ചിരിക്കുന്ന ഗുണങ്ങൾ ഇത്രമാത്രമാണെന്നു ചൂണ്ടിക്കാണിപ്പാൻ പ്രയാസം. തൃപ്പാദങ്ങളുടെ ജീവചരിത്ര സംബന്ധമായി അതിസംക്ഷിപ്തമായ ചില സൂചനകൾ കമ്മിറ്റിവക സ്മാരകമന്ദിരത്തിന്റെ ഉൽഘാടന കർമ്മം പ്രമാണിച്ചു കൂടിയ സഭയിൽ കമ്മിറ്റി ജനറൽ സെക്രട്ടറി വായിച്ച ഉപന്യാസത്തിൽ കൊടുത്തിട്ടുണ്ട്. ആ ഉപന്യാസം പേറൊരു ഭാഗത്തു ചേർത്തിരിക്കുന്നു. ശ്രീനാരായണ ധർമ്മപരിപാലനയോഗം അദ്ദേഹത്തിന്റെ പേരിലും അദ്ധ്യക്ഷതയിലും ആജ്ഞയിലും സ്ഥാപിച്ച് കഴിഞ്ഞ 14 കൊല്ലമായി നടത്തിവരുന്ന ഒരു മഹാ സംഘമാകുന്നു. തീയ്യരുടെ മതം, വിദ്യാഭ്യാസം, വ്യവസായം, സമുദായനടപടി ഇവയെ പരിഷ്കരിച്ച് അവർക്ക് ഐഹികവും പാരത്രികവുമായ ഉൽക്കർഷമുണ്ടാക്കാൻ യത്നിക്കു

Digitized By Kerala Sahitya Akademi

ന്നതിനാണ് ഈ മഹാ യോഗം സ്ഥാപിച്ചിട്ടുള്ളത്. ഈ യോഗത്തിനായി തൃപ്പാദങ്ങൾ തന്റെ വകയായ അരുവിപ്പുറം ക്ഷേത്രം മുതലായ മതസംബന്ധമായ സ്ഥാപനങ്ങളും സഭകളും വിട്ടുകൊടുത്തിരിക്കുന്നു എന്നുള്ളതും പ്രസ്താവയോഗ്യമാണ് കേരളം അടക്കം തീയ്യർ സമുദായത്തെ പൊതുവിൽ ഷംബന്ധിക്കുന്ന സംഗതികളിൽ ഒരു നിലയായി നില്പാൻ തുടങ്ങിയതും തങ്ങൾ കേരളത്തിലെ ഹിന്തുക്കളിൽ 16 ലക്ഷം ജനങ്ങളുള്ള ഏറവും വമ്പിച്ച ഒരു സമുദായമാണെന്ന് അഭിമാനിപ്പാറായതും പ്രസ്തുത യോഗത്തിന്റെ ശക്തിമത്തായ ശ്രമങ്ങൾക്കു ശേഷമാകുന്നു. ഈ യോഗത്തിന്റെ പ്രവർത്തികളെ പിന്തുടർന്ന് അനവധി സമാജങ്ങളും, ക്ഷേത്രങ്ങളും, വിദ്യാലയങ്ങളും മറും പ്രസ്തുത സമുദായക്കാരുടെ വകയായി കേരളത്തിന്റെ നാനാഭാഗങ്ങളിലുമുണ്ടാകയും ഉണ്ടായി വരികയും ചെയ്തുണ്ട്. സമുദായത്തിന്റെ വകയായി ഉത്തമരീതിയിൽ നടത്തപ്പെട്ടുന്ന ചില വിദ്യാർത്ഥിസദനങ്ങൾ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പല മാന്യൻമാരും അഭിപ്രായങ്ങൾ പുറപ്പെടുവിക്കയും യോഗത്തിൽ നിശ്ചയങ്ങൾ പാസ്സാക്കുകയും ചെയ്തുതുടങ്ങീട്ട് കാലം അധികമായി. സ്വാമി തൃപ്പാദങ്ങളുടെ ഷഷ്ടിപൂർത്തി മഹോത്സവം പ്രമാണിച്ചും അതിന്റെ സ്മാരകമായും, യോഗത്തിന്റെയും തിരുവിതാംകൂർ സംസ്ഥാനത്തിന്റെയും തലസ്ഥാനമായ തിരുവനന്തപുരത്ത് അങ്ങനെ ഒരു സ്ഥാപനമുണ്ടാക്കുന്ന വിഷയത്തിൽ കമ്മിറ്റിപ്രവർത്തകൻമാരെ പ്രേരിപ്പിച്ചത് ആ വസ്തുതയാകുന്നു.

കമ്മിറ്റിയുടെ ഘടനകളും പ്രവൃത്തികളും

1091 മേടം 29-ം 30-ം തീയതികളിക്ക് 1916 മേയ് 11-ം 12-ം തീയതികളിൽ കൊല്ലത്തുവച്ചു കൂടിയ 13-ാമതു വാർഷിക പൊതുയോഗത്തിലെ 25-ാമതു നിശ്ചയമനുസരിച്ച് യോഗം ജനറൽ സിക്രട്ടറി, ഡപ്യൂട്ടി സിക്രട്ടറി, സഞ്ചാര സിക്രട്ടറി ഇവരെ അധികം അംഗങ്ങളെ ചേർത്തുകൊള്ളുന്നതിനുള്ള അധികാരത്തോടുകൂടി സ്വാമിതൃപ്പാദങ്ങളുടെ ഷഷ്ടിപൂർത്തി മഹോത്സവം ആഘോഷിക്കുന്നതിനുള്ള കമ്മിറ്റിയായി നിയമിച്ചു. ആ നിശ്ചയം (സി-1) അനുബന്ധമായി ചേർത്തിരിക്കുന്നു. അതിനുശേഷം 1091 മിഥുനം 12-ാം നു- ടി കമ്മിറ്റിയുടെ ഒരു യോഗം തിരുവനന്തപുരം പേട്ടയിൽ എലിമെൻറി സ്കൂളിൽ കൂടുകയും പല സ്ഥലത്തുനിന്നും ജനറൽ കമ്മിറ്റിയിൽ അധികം അംഗങ്ങളെ ചേർത്തുകൊള്ളാനുള്ള അധികാരത്തോടുകൂടി തിരഞ്ഞെടുത്തു നിയമിക്കുകയും ചെയ്തു. ആ യോഗത്തിന്റെ നടപടികൾ (സി-3) അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതിനുമുമ്പുതന്നെ യോഗത്തിൽനിന്നു തിരുവനന്തപുരത്തു കൈതമുക്കിൽ ഒരു സ്ഥലവും കെട്ടിടവും വാങ്ങാൻ ബോർഡിൽ ആലോചനകൾ നടന്നുവന്നു. ബോർഡിന്റെ പ്രൊസീഡിംഗ്സ് (സി-2) അനുബന്ധമായി ചേർത്തിരിക്കുന്നു. അതിൽ നിന്നു കമ്മിറ്റിയുടെ സാക്ഷാൽ പ്രവൃത്തികൾ ആരംഭിക്കയും രൂപപ്പെടുകയും ചെയ്തി

Digitized By Kerala Sahitya Akademi

ട്ടുള്ളതെങ്ങനെയാണെന്നു വെളിവാകുന്നതാണ്; കർക്കടകം 1–ാം ന- സബ് കമ്മിറ്റിയുടെ ഒരു യോഗം കൂടുകയും ആഘോഷത്തെപ്പറ്റി വിവരമായി വ്യവസ്ഥകം ചെയ്കയും ചെയ്തു. ആ കമ്മിറ്റിയിൽ ചെയ്ത നിശ്ചയങ്ങളെ സംക്ഷിപ്തമായി ജനറൽ കമ്മിറ്റിയിൽ നിന്നു കർക്കടകം 15–ാന- പ്രസിദ്ധപ്പെടുത്തിയ പ്രകടനപത്രികയിൽ പ്രസ്താവിച്ചിട്ടുള്ള തിനാൽ അതിന്റെ പ്രൊസീഡിംഗ്സ് പ്രത്യേകം അനുബന്ധത്തിൽ കൊടുത്തിട്ടില്ല പ്രകടനപത്രിക (സി–4) അനുബന്ധമായി ചേർത്തിരിക്കുന്നു. കമ്മിറ്റിയുടെ ശേഷം പ്രവൃത്തികളും മിക്കവാറും പ്രകടനപത്രികയിൽ പ്രസ്താവിച്ച പ്രകാരം തന്നെയായിരുന്നതിനാൽ അവയെ ഇവിടെ ആവർത്തിച്ചു പറഞ്ഞിട്ടാവശ്യമില്ലെന്നു വിചാരിക്കുന്നു. സബ് കമ്മിറ്റിയിൽ അധികം അംഗങ്ങളും അടങ്ങിയിരിക്കുന്നു എങ്കിലും അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷൻമാരും സിക്രട്ടറിമാരും സ്ഥലത്തുള്ള മറ്റു ചില മാന്യൻമാരും മാത്രമാണ് കൂടക്കൂടെ കൂടിയ മീറ്റിംഗുകളിൽ സംബന്ധിക്കയും തലയിട്ടുനിന്നു സംഗതികളും നിർവഹിക്കുകയും ചെയ്തിട്ടുള്ളത്. സബ് കമ്മിറ്റിക്കാർ കാലേകൂട്ടി സദ്യവകയ്ക്കായി അടുത്ത പ്രദേശങ്ങളിൽ നിന്നു സ്ത്രീകളുടെ സംഭാവനയായി അരികളും പിരിച്ചു കൂട്ടുന്നതിനു കുടങ്ങളും വാങ്ങി ഓരോ പ്രദേശങ്ങളിൽ ഏല്പിക്കുകയും ചുറ്റുമുള്ള പല ദേശങ്ങളിലും സഭകളുംകൂടി പണം പിരിപ്പാൻ ഏർപ്പാടുകളും ചെയ്കയും പ്രമാണികളും പലരും ഓരോ സംഘമായി ചേർന്നു കൂടക്കൂടെ സമീപസ്ഥലങ്ങളിൻ പോയി പണപ്പിരിവുകളും നടത്തുകയും ചെയ്തു. അങ്ങനെ പിരിഞ്ഞിട്ടുള്ള പണങ്ങളും സബ്കമ്മിറ്റിയുടെ പ്രത്യേക കണക്കിൽ വരവുവയ്ക്കുകയും അരി മുതലായ സാമാനങ്ങളും സദ്യ നടത്തുന്ന വകയ്ക്കു പ്രത്യേകം ഏർപ്പെടുത്തിയ ഒരു കമ്മറ്റി മൂലം ശേഖരിച്ചു കണക്കുവച്ചു ചിലവാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ചിങ്ങം 5–ാം ന- കൂടിയ കമ്മിറ്റിയുടെ ഒരു മീറ്റിങ്ങിൽ സദ്യ നടത്തുന്നതിനും ഘോഷയാത്ര നടത്തുന്നതിനും സഭ നടത്തുന്നതിനും പ്രത്യേകം പ്രത്യേകം സബ്കമ്മിറ്റികളും ഏർപ്പെടുത്തുകയും ആ കമ്മിറ്റികളും 10–ാം ന- വീണ്ടും കൂടി നടത്തേണ്ട സംഗതികളെ നിഷ്കർഷിച്ചു വ്യവസ്ഥപ്പെടുത്തുകയും ചെയ്തു. ആ മീറ്റിങ്ങുകളുടെ പ്രൊസീഡിംഗ്സ് (സി–6-7) അനുബന്ധമായി ചേർത്തിരിക്കുന്നു.

മരാമത്തുകളം, സഭ, സദ്യ, ഘോഷയാത്ര മുതലായവ

കെട്ടിടങ്ങളുടെ പണികളിൽ പലതും ഓരോ ഭാഗങ്ങളായി വിഭജിച്ചു പ്രത്യേകം അടങ്കൽ കൊടുത്തു ചെയ്യിച്ചിട്ടുള്ളതാകുന്നു. അവയിൽ മാളികയുടെ പണികളും മിക്കവാറും സബ് കമ്മിറ്റി അദ്ധ്യക്ഷൻ എം. കുമാരു അവർകളുടെ പ്രത്യേക ഭാരവാഹിത്വത്തിലും വടക്കേ കെട്ടിടം, മതിൽ, ഗേറ്റ് മുതലായവ ഉപാദ്ധ്യക്ഷൻമാരിൽ ഒരാളായ ഏ. ഗോവിന്ദൻ കണ്ടറാക്ടർ അവർകളുടെ ഭാരവാഹിത്വത്തിലും നടത്തിയിട്ടുള്ളതാകുന്നു.

Digitized By Kerala Sahitya Akademi

എന്നാൽ സംഗതികളെല്ലാം ഒടുവിൽ ബദ്ധപ്പെട്ടു തീർക്കേണ്ടിവന്നതിനാൽ മേൽനോട്ടത്തിന്റെയും പണച്ചിലവുകളുടേയും വ്യവസ്ഥകളിൽ വരാവുന്ന നിസ്സാരമായ വ്യതിയാനത്തെ കണക്കാക്കാതെ ഭാരവാഹികളെ സംഗതികളെ പരസ്പരം തലയിട്ടു സഹായിച്ചു നിർവഹിക്കേണ്ടതായും വന്നിട്ടുണ്ട്. ഷഷ്ടിപൂർത്തി ദിവസത്തോടുകൂടി കെട്ടിടത്തിന്റെ പണികളെല്ലാം ഒരുവിധം പൂർത്തിയായി എന്നു പറയാറായിരുന്നു. എങ്കിലും സാരമായ പല ചില്ലറപ്പണികളും അതിന്നുശേഷം ചെയ്തുതീർക്കേണ്ടിയിരുന്നതാണ്. കമ്മിറ്റി പ്രമാണികളെല്ലാം ആഘോഷം കഴിഞ്ഞതോടുകൂടി പിരിഞ്ഞുപോകയാൽ അങ്ങനെയുള്ള ചില്ലറ വേലകളെല്ലാം ജനറൽ കമ്മിറ്റിയിൽ നിന്നു നേരിട്ടു നടത്തുകയാണുണ്ടായത്. കെട്ടിടങ്ങളിൽ പലഭാഗത്തും തറയോടു പാകുക, ഗേറ്റിന്റെ കതകു പണിയുക മുതലായവ അങ്ങിനെയുള്ളതിൽ ചിലതാണ്. ആ വക ചില്ലറ പണികളിൽ ഇനിയും ചിലതെല്ലാം ചെയ്തു തീർക്കേണ്ടതായുമുണ്ട്.

മന്ദിരം തുറക്കുന്നതിനെ സംബന്ധിച്ച് അവിട്ടം നാൾ കാലത്തു തിരുവിതാംകൂർ ദിവാൻ, ദിവാൻബഹദൂർ, എം. കൃഷ്ണൻനായർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ സഭയുടെ ഒരു പ്രത്യേക വിവരണം വിവേകോദയത്തിൽ ഉണ്ടായിരുന്നത് (ക-2) അനുബന്ധമായി ചേർത്തിരിക്കുന്നു. സഭ വിചാരിച്ചിരുന്നതിൽ വളരെ അധികം ഭംഗിയായും മംഗളമായും കഴിഞ്ഞുകൂടി എന്നു കാണുന്നതു നിശ്ചയമായും ചാരിതാർത്ഥ്യജനകമായ സംഗതിയാകുന്നു. സ്വാമി തൃപ്പാദങ്ങളുടെ ഒരു വലിയ പടം കമ്മിറ്റിയിൽ മുൻകൂട്ടി ചെയ്ത നിശ്ചയമനുസരിച്ച് ഉപാദ്ധ്യക്ഷൻ കൃഷ്ണൻ മാർത്താണ്ഡൻ അവർകളുടെ വസതിയിൽ വച്ചു 41 ദിവസം ആരാധന കഴിക്കയും ഷഷ്ടിപൂർത്തി ദിവസം അതിനെ അവിടെ നിന്ന് എഴുന്നള്ളിച്ചു മന്ദിരത്തിൽ കൊണ്ടുവന്നു വച്ചു വിശേഷാൽ പൂജകളും ഭജനങ്ങളും മുതലായവ നടത്തുകയും ചെയ്തു. സദ്യ ചതയം നാൾ രാവിലെ 9 മണിക്ക് ആരംഭിച്ച് ഏകദേശം $4\frac{1}{2}$ മണിവരെ നടന്നുകൊണ്ടിരുന്നു. കമ്മിറ്റിവക സദ്യയ്ക്കു പുറമേ ഔണിൽ തന്നെ തോട്ടം, പേരൂർക്കട, മുട്ടത്തറ മുതലായി പല സ്ഥലങ്ങളിൽ വേറെയും സദ്യകളുണ്ടായിരുന്നു. കമ്മിറ്റിവക സദ്യയിൽ ചോറിനും വിഭവങ്ങൾക്കും വൈകുന്നേരം വരെയാതൊരു ലോഭവുമുണ്ടായില്ല. ഈ പട്ടണത്തിൽ അടുത്ത കാലത്തെങ്ങും അഗതികളെ ഇത്ര കേമമായ ഒരു സദ്യയുണ്ടിട്ടില്ലെന്നുള്ളതു സർവസമ്മതമാകുന്നു. ചതയം നാൾ അതിരാവിലേ ഹോമം മുതലായ പുണ്യകർമ്മങ്ങൾ നടത്തപ്പെട്ടു. വൈകുന്നേരം ശിവപ്രസാദസ്വാമി അവർകളുടെ മതപ്രസംഗവും സ്വാമി തൃപ്പാദങ്ങളുടെ ജീവിത മാഹാത്മ്യത്തേയുംമറ്റും സംബന്ധിച്ച സദുപദേശങ്ങളും നടന്നുകൊണ്ടിരുന്നു. വൈകുന്നേരം 7 മണിക്ക് ആരംഭിച്ചു 12 മണി കഴിഞ്ഞ് അവസാനിച്ച അതികേമമായ ഘോഷയാത്രയെ സംബന്ധിച്ച് (ക-2) അനുബന്ധത്തിൽ വിവരിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

Digitized By Kerala Sahitya Akademi

പണപ്പിരിവ്

ഇനി വരവു ചിലവു കണക്കുകളെ വിവരിക്കുന്നതിനു മുമ്പ് പണപ്പിരിവു സംബന്ധമായ പ്രവൃത്തികളെപ്പറ്റി പ്രത്യേകം ഒന്നു രണ്ടു വാക്കുകൾ പറയേണ്ടിയിരിക്കുന്നു. ഷഷ്ടിപൂർത്തി മഹോത്സവം സമുചിതമായ വിധത്തിൽ കൊണ്ടാടുന്നതിനു യോഗത്തിൽ നിന്നു നിശ്ചയം പാസ്സാക്കുകയും ജനറൽ സിക്രട്ടറിയേയും സഞ്ചാര സിക്രട്ടറിയേയും, ദേവസ്വം സിക്രട്ടറിയേയും, അതിലേക്കായി ഒരു കമ്മിറ്റിയായി അധികം അംഗങ്ങളെ ചേർത്തുകൊള്ളുന്നതിനുള്ള അധികാരത്തോടുകൂടി നിശ്ചയിക്കയും ചെയ്തു എന്നല്ലാതെ ആഘോഷം എങ്ങനെയെല്ലാം ആയിരിക്കേണമെന്നോ അതിലേക്കായി എത്ര പണം ചിലവാക്കേണമെന്നോ വ്യവസ്ഥപ്പെടുത്തിയിരുന്നില്ലെന്നു മാത്രമല്ല ബഡ്ജറ്റിൽ ആ ചിലവിലേക്കായി യാതൊരു സംഖ്യയും അനുവദിച്ചിരുന്നുമില്ല. പൊതുയോഗത്തിൽ നിന്ന് ഇങ്ങനെ ചെയ്തത് ഈ വലിയ കാര്യത്തിന്നായി വേണ്ടി വരുന്ന ഭാരപ്പെട്ട ചിലവുകൾ ചെയ്യുന്നതിനുള്ള യോഗത്തിന്റെ തല്ക്കാല കോശസ്ഥിതി അത്ര തൃപ്തികരമല്ലാത്തതിനാൽ ഷഷ്ടിപൂർത്തി മഹോത്സവം ഘോഷിക്കുന്നതിനു വേണ്ടിവരുന്ന സംഖ്യ കമ്മിറ്റി ജനങ്ങളിൽ നിന്നു പിരിച്ചെടുക്കേണ്ടതാണെന്നുദ്ദേശിച്ചിട്ടും ജനങ്ങൾ ആ സംഗതിക്കായി കഴിയുന്ന സംഭാവനകൾ ചെയ്വാൻ പ്രത്യേകം ഉത്സുകൻമാരായിരിക്കുമെന്നു വിചാരിച്ചിട്ടും അങ്ങനെ പിരിഞ്ഞുകിട്ടുന്ന സംഖ്യയുടെ വലിപ്പത്തിന്നനുസരിച്ച് ഉചിതമായ വിധത്തിൽ യോഗം വക കമ്മിറ്റിക്കാർ ആഘോഷം നടത്തുമെന്നു വിശ്വസിച്ചിട്ടുമാണെന്നുള്ളതിൽ തർക്കമില്ല. എന്നാൽ യോഗം സംബന്ധിച്ചുള്ള കൃത്യങ്ങൾക്കായി പ്രായേണ പത്രം സംഭാവന ചെയ്യാറുള്ളത് തിരുവനന്തപുരം മുതൽ വടക്കോട്ട് കായലോരം സംബന്ധിച്ച താലൂക്കുകളിലെ സജ്ജനങ്ങൾ ആകുന്നു. അവർ ഭയങ്കരമായ യുദ്ധക്ഷാമം പടിപ്പെട്ടു ക്ഷണിക്കുന്ന അവസരത്തിലാണ് ഭാഗ്യദോഷത്താൽ തൃപ്പാദങ്ങളുടെ ഷഷ്ടിപൂർത്തി നടന്നിരിക്കുന്നത്. അതിനും പുറമെ തൃപ്പാദങ്ങളുടെ ഷഷ്ടിപൂർത്തി ഓരോരോ ഗ്രാമങ്ങളിലും ഭവനങ്ങളിലും കൂടി യഥാശക്തി പ്രത്യേകം പ്രത്യേകം ആഘോഷിപ്പാൻ ജനങ്ങൾ എത്രയോ മുൻകൂട്ടി വിചാരിച്ച് ഉറപ്പിച്ചു കഴിഞ്ഞശേഷമാണ് നമ്മുടെ കമ്മിറ്റിയും അതിന്റെ പ്രവൃത്തികളും ആരംഭിച്ചിരിക്കുന്നത്. അതുകൊണ്ടു കമ്മിറ്റിക്കു നേരിട്ടു ധനസഹായം ചെയ്വാൻ ജനങ്ങൾക്ക് അത്രം കൂടി പ്രതിബന്ധമായിത്തീർന്നു. പിന്നെ മദ്ധ്യതിരുവിതാംകൂറിൽ മാവേലിക്കര ഷഷ്ടിപൂർത്തി സ്മാരകമായി ഒരു വിദ്യാർത്ഥിസദനം പണികഴിപ്പാനുള്ള ശ്രമം ഈ അവസരത്തിൽ തന്നെ ആരംഭിച്ച വിവരം പ്രസിദ്ധമാണല്ലോ. അതു നിമിത്തം കരുനാഗപ്പള്ളി മുതൽ വടക്കും കിഴക്കുമുള്ള അനേകം താലൂക്കുകളിൽ നിന്നു യാതൊരു സംഭാവനയും കമ്മിറ്റിക്കു കിട്ടാൻ തരമില്ലാതായി. കമ്മിറ്റിവക ആഘോഷം തൃപ്തികരമായ വിധത്തിൽ നിർവഹിപ്പാൻ എന്തും ചെയ്യുമെന്നു പ്രതീക്ഷിച്ചിരുന്ന പല മാന്യൻമാർ കൂടി ആ സംഗതി നിമിത്തം കമ്മിറ്റിക്കു

Digitized By Kerala Sahitya Akademi

വേണ്ടി എന്തെങ്കിലും പ്രവർത്തിപ്പാനും ഏതെങ്കിലും സംഭാവന ചെയ്വാനും നിവൃത്തിയില്ലാഞ്ഞവരെന്നപോലെ ആയിത്തീർന്നു. എങ്കിലും മദ്ധ്യതിരുവിതാംകൂറിൽ ഒരു വിദ്യാർത്ഥി സദനം സ്ഥാപിപ്പാൻ അവർ ഏറ്റ ഭാരം എത്രയോ ശ്ലാഘ്യമായിട്ടുള്ളതാകയാൽ കമ്മിറ്റിക്ക് അതിനെ പ്പറ്റി കൃതാർത്ഥതയ്ക്കല്ലാതെ വൈമനസ്യത്തിന്ന് ഒരിക്കലും അവകാശമില്ലെന്നുള്ള വസ്തുത കമ്മിറ്റിക്കാർ വിസ്മരിക്കുന്നില്ല. എന്നാൽ കമ്മിറ്റിക്കാർ തന്നെ അനേക കാളേജുകളും ഉള്ളതും അനേക പ്രകാരത്തിൽ പ്രാധാന്യമേറിയതുമായ തിരുവനപുരം നഗരത്തിൽ സ്വാമി തൃപ്പാദങ്ങളുടെ സ്മാരകമായി ഒരു വിദ്യാർത്ഥിസദനം നടത്താനാണ് സർവ്വോപരി ശ്രമിക്കുന്നതെന്നും അതു സംസ്ഥാനം ഒട്ടുക്കുമാത്രമല്ല കൊച്ചിയിലും മലബാറിലുമുള്ള നമ്മുടെ കാളേജു വിദ്യാർത്ഥികൾക്കുകൂടി അത്യന്തമുപയുക്തവും അപേക്ഷിതവുമായ ഒരു സ്ഥാപനമായിരിക്കുമെന്നും അതിന്നായി കഴിയുന്ന ധനസഹായവും അല്ലാതുള്ള സഹായങ്ങളും ചെയ്തുകൊടുക്കേണ്ട ചുമതല മറെറല്ലാ ചുമതലകളുടേയും മേലായി എവിടേയുമുള്ള ഏതു സമുദായ സ്നേഹിക്കുമൊഴിച്ചുകൂടാത്തതാണെന്നുള്ള സംഗതി നമ്മുടെ സമുദായ പ്രമാണികളിൽ വല്ലവരും വിസ്മരിച്ചിട്ടുണ്ടെങ്കിൽ അതു വ്യസനകരമായിട്ടുള്ളതാകുന്നു. വലിയ ധനവാൻമാരായ പ്രമാണികളും അവരുടെ സ്ത്രീകൾക്ക് എത്രയോ നിസ്സാരമായ വല്ല സംഖ്യയും വല്ല പ്രത്യേക സ്ഥലത്തേക്കും സംഭാവന ചെയ്കയോ ചെയ്വാൻ വാഗ്ദാനം ചെയ്കയോ ചെയ്തു എന്നുള്ള കാരണത്തിൻമേൽ കമ്മിറ്റിയുടെ തുടർന്നുകൊണ്ടുള്ള അപേക്ഷകളെ നിരസിച്ചിട്ടുണ്ടെങ്കിൽ അതും വ്യസനകരമായിട്ടുള്ളതാകുന്നു.

പിന്നെ കമ്മിറ്റിക്കാർ സാരമായ സഹായവും സഹകരണവും ലഭിക്കുമെന്നു വിശ്വാസപൂർവം പ്രതീക്ഷിച്ചിരുന്നതു കൊല്ലം താലൂക്കിൽ നിന്നാണ്. ആ താലൂക്കുകാർ ചിറയൻകീഴ്, തിരുവനന്തപുരം, നെയ്യാറ്റിൻകര എന്നീ താലൂക്കുകളിലെപ്പോലെ തന്നെ യോഗം സംബന്ധിച്ച കൃത്യങ്ങളിൽ സർവാത്മനാ പങ്കുകൊള്ളുന്നവരാകുന്നു. എന്നാൽ ഈ സന്ദർഭത്തിൽ അവിടെയും ഒരു വിദ്യാർത്ഥിസദനശ്രമം ആരംഭിപ്പാൻ ചില പ്രമാണികളും അഭിപ്രായം പുറപ്പെടുവികയും അതു നിമിത്തം കമ്മിറ്റിയുടെ പണപ്പിരിവു സംബന്ധിച്ചുള്ള പ്രതീക്ഷ വിഫലമാകയുമാണ് ചെയ്തതെന്നു വ്യസനപൂർവ്വം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. നെയ്യാറ്റിൻകര താലൂക്കിൽ നിന്ന് അവിടത്തെ ദേശസഭാപ്രമാണികളിൽ ഗണ്യമായ ഒരു സംഖ്യ പിരിച്ച് അയച്ചുതരാൻ ഏറ്റിരുന്നത് ഇതുവരെ കമ്മിറ്റിക്കു കിട്ടീട്ടില്ലെന്നുള്ള വസ്തുതയും പ്രസ്താവിക്കാതിരിക്കാൻ നിവൃത്തിയില്ല. കമ്മിറ്റി ധനസംബന്ധമായി പ്രതീക്ഷിച്ചിരുന്ന വേറൊരു മാർഗ്ഗം നമ്മുടെ പ്രധാന സമാജങ്ങളും ദേവസ്വങ്ങളും മറ്റുമായിരുന്നു. എന്നാൽ സ്വാമിതൃപ്പാദങ്ങളുടെ സാക്ഷാൽ ആജ്ഞാപനപ്രകാരം എന്നു പറഞ്ഞുകൊണ്ട് ആലുവാ അദ്വൈതാശ്രമത്തിൽ നിന്നു മിക്ക സമാജങ്ങളിലേക്കും ദേവസ്വങ്ങളിലേക്കും മറ്റും ഷഷ്ടിപൂർത്തി സംബന്ധമായ

Digitized By Kerala Sahitya Akademi

സംഭാവനയ്ക്കുള്ള പ്രത്യേക അപേക്ഷകൾ ചെന്നുകൊണ്ടിരുന്നതിനാൽ അവിടെ പണമയച്ചുകൊടുത്തില്ലെങ്കിൽ പ്രസാദക്കുറവുവന്നെങ്കിലോ എന്നു പേടിച്ചു പല സമാജക്കാരും ദേവസ്വക്കാരും പല പ്രമാണികളും അവിടത്തേക്കു സംഭാവന ചെയ്വാൻ വിചാരിക്കയും യോഗം കമ്മിറ്റിയുടെ അപേക്ഷകളെ ആ ഒഴികഴിവു പറഞ്ഞ് ഉപേക്ഷിക്കയും ചെയ്തു. ഈ കാരണങ്ങളാൽ കമ്മിറ്റിക്കു പ്രതീക്ഷിച്ചപോലെ ഗണ്യമായ ഒരു സംഖ്യ പിരിച്ചെടുത്ത് ഏതെങ്കിലും സ്ഥാപനം ഏർപ്പെടുത്തുന്നതു് അശക്യമായി തീർന്നു. അങ്ങനെ അപ്പായിരുന്നു എങ്കിൽ ഈ സന്ദർഭത്തിൽ യോഗത്തിൽ നിന്നു യാതൊരു ധനസഹായവും ആവശ്യപ്പെടാതെ തന്നെ നമ്മുടെ സ്മാരകമന്ദിര സ്ഥാപനം സദ്ധ്യമാകുമായിരുന്നു എന്നു പറഞ്ഞാൽ പോരാ, ഇതിനേക്കാൾ എത്രയോ കേമമായ വിധത്തിൽ ഒരു സ്മാരക സ്ഥാപനം തന്നെയും സാദ്ധ്യമാകുമായിരുന്നു എന്നുള്ളതു നിശ്ചയമാണ്. കമ്മിറ്റിക്ക് പണപ്പിരിവു വിഷയമായുണ്ടായ അസൗകര്യങ്ങളേയും കഷ്ടതകളേയും ഇച്ഛാഭംഗങ്ങളേയും കാണിപ്പാനാണ് ഇത്രയും പ്രസ്താവിക്കേണ്ടിവന്നത്. ഇങ്ങനെ എല്ലാം ആയിരുന്നു എങ്കിലും ഒരു നിസ്സാരമല്ലാത്ത സംഖ്യ കമ്മിറ്റി പല മാർഗ്ഗങ്ങളിലായി ഈ അവസരത്തിൽ വസൂലാക്കിയിട്ടുണ്ടെന്നു താഴെ വിവരിക്കുന്ന കണക്കുകൾ കൊണ്ടു കാണാവുന്നതുമാണ്.

കണക്കുകൾ

1917–മാർച്ച് 30–ാം നു വരെയുള്ള കമ്മിറ്റിയുടെ (Balance Sheet) ബാക്കിപ്പത്രം "ബി" അനുബന്ധമായി ചേർത്തിരിക്കുന്നു. അതിൽനിന്ന് യോഗംവക ബോർഡിൽ നിന്നു കെട്ടിടത്തിന്റെ പണിവകയ്ക്കു കമ്മിറ്റിയെ ഏൽപ്പിച്ച 1300 ക. ഉൾപ്പെടെ 3592 ക. 12 ണ. 8 പൈ കമ്മിറ്റിയുടെ വരവായി കാണുന്നു. ഇതിൽ ടി 1300 ക. കഴിച്ചാൽ ബാക്കിയുള്ള 2292 ക. 12 ണ. 8 പൈ. കമ്മിറ്റിയുടെ സ്വന്തശ്രമത്താൽ വസൂലായിട്ടുള്ള സംഖ്യയാണ്. പിരിവിനങ്ങളിൽ പ്രധാനമായത് കമ്മിറ്റിയിൽ നിന്നു പ്രസിദ്ധപ്പെടുത്തിയ സംഭാവനപത്രികമൂലമുള്ള വരവുകളാകുന്നു. അതുതന്നെ രണ്ടിനങ്ങളിലായി സ്ഥലത്തെ സബ് കമ്മിറ്റിവഴി പിരിച്ചത്, ജനറൽ കമ്മിറ്റി നേരിട്ടു പുറത്തുനിന്നു എഴുത്തുകുത്തുകൾ വഴിയായും മാറ്റും പിരിച്ചത്. ഇതിൽ ആദ്യത്തേ ഇനത്തിലുള്ള പിരിവ് ആകെ 622 ക. 2ണ 2 പൈ. ആണ്. 2–ാമത്തെ ഇനത്തിൽ 1010 ക. 14 ണ. 11 പൈ. പിരിഞ്ഞിരിക്കുന്നു. ഇങ്ങനെ ആകെ സംഭാവനപത്രിക വഴിയായി 1633 ക. 1 ണ. 1 പൈ. പിരിഞ്ഞുവന്നിട്ടുണ്ട്. പിരിവു ലിസ്റ്റുകൾ "ഡി" അനുബന്ധമായി ചേർത്തിരിക്കുന്നു. കമ്മിറ്റി മെമ്പർമാരിൽ നിന്നു 275 ക. പ്രത്യേകം പിരിഞ്ഞു വരവായിക്കാണുന്നത് മറാമത്തു ചിലവുകൾക്കു പണം മുട്ടിപ്പോയപ്പോൾ ചിങ്ങം 19–ാം നു പെട്ടെന്നു കമ്മിറ്റിയുടെ ഒരു യോഗം വിളിച്ചുകൂട്ടി അതിലെ നിശ്ചയപ്രകാരം ഉടനെ 20 മെമ്പർമാർ 25 ക. വീതം 500 ക. സംഭാവന ചെയ്വാൻ സമ്മതിച്ച വകയിൽ പിരി

Digitized By Kerala Sahitya Akademi

ഞ്ഞുകിട്ടീട്ടുള്ള സംഖ്യയാകുന്നു. ചെറുതാണെങ്കിലും ഈ സംഖ്യ അപ്പോഴേ കിട്ടിയിരുന്നില്ലെങ്കിൽ സമയത്തിനു കെട്ടിടം പണിതീർത്ത് ആഘോഷം നടത്താൻ സാധിക്കാതെ വരികയും പൊതുവേ വലുതായ ഇച്ഛാഭംഗത്തിനും മനഃക്ലേശങ്ങൾക്കാമിടവരികയും ചെയ്യുമായിരുന്നു. ഈ സംഭാവനയുടെ വിവരം ഡി. അനുബന്ധത്തിൽ 1–ാമതു പട്ടികയിൽ ചേർത്തിരിക്കുന്നു ചിട്ടി സംഭാവന എന്നു വിവരംപറഞ്ഞുകാണുന്ന 140 ക. കൈതമുക്കിലെ വസന്തവിന്റെ തീരാധാരത്തിൽ ചിട്ടിയിലടപ്പാൻ വകവച്ചു നിർത്തിയ 3240 ക. ഒരു പ്രത്യേക ഫണ്ട് ഏർപ്പെടുത്തി നാലിൽ ചിലവാനും കൊല്ലംകൊണ്ട് ബാടച്ചുതീർപ്പാൻ വ്യവസ്ഥ ചെയ്ത വകയിൽ പിരിഞ്ഞുകിട്ടീട്ടുള്ള സംഖ്യയാകുന്നു. ഈ വ്യവസ്ഥയെപ്പറ്റി പ്രകടന പത്രികയിൽ 7–ം 8–ം ഖണ്ഡികകളിൽ വിവരിച്ചിട്ടുണ്ട്. ഈ വ്യവസ്ഥപ്രകാരം ആകെ ഇതുവരെ സംഭാവന ചെയ്വാൻ ഏറ്റിട്ടുള്ളവരുടെ പട്ടിക (ഡി–2) അനുബന്ധമായി ചേർത്തിരിക്കുന്നു. ഷഷ്ടിപൂർത്തി സ്മാരകചിത്രംവക എന്നു വിവരം പറഞ്ഞു വരവു കാണുന്ന 222 ക. 11 ണ. 5 പൈ. ചിത്രകാരൻ മിസ്റ്റർ വി. ഈശോ മുഖേന ടി–യാരുടെ സ്വന്തചിലവിൽ ഷഷ്ടിപൂർത്തി സ്മാരകമായി കൽക്കട്ടായിൽനിന്ന് അടിപ്പിച്ചു വരുത്തിയ സ്വാമി തൃപ്പാദങ്ങളുടെ 3000 ത്രിവർണ്ണ ചിത്രങ്ങളിൽ 439 പ്രതികൾ കമ്മിറ്റിയിൽനിന്നു വിറ്റ വകയിൽ പ്രതി ഒന്നിനു 6ണ. നിരക്കുവച്ചു ടി യാൾക്കു വിലകൊടുത്തതും മറ്റു സകല ചിലവുകളും കഴിച്ചു ബാക്കിയുണ്ടായ ലാഭമാകുന്നു. ഏതാനും പ്രതികൾ പുറത്തു വിട്ടിട്ടുള്ളതിന്റെ കണക്കുകൾ തീർത്തിട്ടില്ല. ബാക്കിയുള്ള പ്രതികൾ മുഴുവൻ മിസ്റ്റർ ഈശോ ആവശ്യപ്പെട്ടതനുസരിച്ച് ഇപ്പോൾ മടക്കിക്കൊടുത്തിരിക്കുന്നു. മന്ദിരം വകയ്ക്കുള്ള സംഭാവന എന്നുപറഞ്ഞു 22 ക. വരവു കാണുന്നതു സ്മാരകമന്ദിരത്തിന്റെയും വിദ്യാർത്ഥി സദനത്തിന്റെയും അഭിവൃദ്ധിയിൽ പ്രത്യേക താൽപര്യമുള്ള സമുദായസ്നേഹികളിൽ നിന്നു ചെറുതായോ വലുതായോ ആ വകയ്ക്കായി ലഭിക്കുന്ന സംഭാവനകൾ ഒരു പ്രത്യേക ഫണ്ടായി സൂക്ഷിക്കുന്നതു വിഹിതമെന്നു തോന്നുകയാൽ അപ്രകാരം ആരംഭിച്ചിരിക്കുന്ന ഒരു ഫണ്ടിൽ ചില്ലറയായി പല മാന്യൻമാരും സംഭാവന ചെയ്തിട്ടുള്ള സംഖ്യയാകുന്നു. ഇതെല്ലാം ഷഷ്ടിപൂർത്തിക്കമ്മിറ്റിയുടെ പ്രത്യേക ആഭിമുഖ്യത്തിൽ ആരംഭിച്ച സംഗതികളാകയാൽ എല്ലാ കണക്കുകളും കമ്മിറ്റിയുടെ കണക്കിൽ ഉൾപ്പെടുത്തീട്ടുള്ളതാണ്. എന്നാൽ ഒടുവിൽ പറഞ്ഞ ചിട്ടിഫണ്ട് ചിട്ടി വട്ടമറുതികാലം വരെയും (44 മാസം) മന്ദിരഫണ്ട് ശാശ്വതമായും നിലനിൽക്കേണ്ടതാകയാൽ അതിനു വേണ്ട വ്യവസ്ഥകൾ തുടർന്നുകൊണ്ട് യോഗം ചെയ്തുകൊള്ളേണ്ടതുമാകുന്നു.

ചിലവുകൾ

ചിലവുകാളത്തിൽ പ്രധാനമായി കാണുന്നത് രണ്ടിനങ്ങളാണ്. 1–ാമത്തേത് മരാമത്തു ചിലവുകൾ–അതായതു കെട്ടിടത്തിന്റെ ചിലവു

Digitized By Kerala Sahitya Akademi

കയ്യം. അതു 2413 ക. 15 ണ. 1 പൈ ആണ്. ഈ ചിലവ് യോഗത്തിന്റെ സ്ഥാവരസ്വത്തായി മാറിയിരിക്കയൊണ്ം 2–ാമത്തേത് ആഘോഷ സംബന്ധമായ ചിലവുകളാണ്. ആ ഇനത്തിൽ ആകെ 703 ക. 6 ണ. ചിലവായിരിക്കുന്നു. ഇത്രമാത്രമാണ് വാസ്തവത്തിലുള്ള ചിലവ്. വേറൊരു ഇനമായിക്കാണുന്ന 475 ക. 7 ണ. 7 പൈ. യിൽ ചിട്ടിയിൽ വച്ചതായി വിവരം പറയുന്ന 198 ക. 15 ണ. 7 പൈയും ബാക്കിയിരിപ്പായ 238 ക. 14 ണ. യും ഇങ്ങനെ 437 ക. 13 ണ. 7 പൈ ചിലവു കഴിച്ചു ബാക്കിയുള്ള പണം തന്നെയാണല്ലോ. തൃപ്പാദങ്ങളുടെ എണ്ണച്ചായപ്പടത്തിനു അഡ്വാൻസ് കൊടുത്ത 10 ക. മന്ദിരത്തിന്റെയും തൃപ്പാദങ്ങളുടെയും ഫോട്ടോകളും ബ്ലോക്കുകളും വകയ്ക്കു ചിലവായ 27 ക. 10 ണ. ഇങ്ങനെ 35ക. 10 ണ. സ്റ്റാക്കായിട്ടുള്ള ഇരിപ്പാകുന്നു. പ്രസ്തുത എണ്ണച്ചായപ്പടം മന്ദിരത്തിൽ വച്ചിരിക്കയൊണ്. ബ്ലോക്കുകൾ റിപ്പോർട്ടിന്റെ ഉപയോഗത്തിലേക്കായി ഉണ്ടാക്കീട്ടുള്ളതുമാകുന്നു. അതുകൊണ്ടു കമ്മിറ്റിയുടെ വരവു ചിലവു കണക്കിന്റെ ചുരുക്കം ഇങ്ങനെ ആണ്:—

	ക.	ണ.	പ.
ആകെ വരവ്	3592	12	8
ആഘോഷാദി സകല ഇനങ്ങളിലുമായി ചിലവ്	703	6	0
ബാക്കി	2889	6	8
	2413	15	1
ഇതിൽ കെട്ടിടം	37	10	0
സ്റ്റാക്ക്	437	13	7
പണം (ചിട്ടിയിൽ വച്ചതും യോഗത്തിലിരിപ്പും)	2889	6	8
ആകെ			

ഈ സംഖ്യയിൽ യോഗത്തിൽ നിന്നു കമ്മിറ്റിക്കു കൊടുത്ത 1300 ക. കഴിച്ചു നോക്കിയാൽ 1589 ക. 6 ണ. 8 പൈ സകല ചിലവുകളും നീക്കി യോഗത്തിന് ആദായമുണ്ടായിരിക്കയാകുന്നു. വേറൊരു പ്രകാരത്തിൽ പറഞ്ഞാൽ കമ്മിറ്റി വകയായി ആകെ 2292 ക. 12 ണ. 8 പൈ പിരിഞ്ഞു. ആഘോഷം, സദ്യ മുതലായ സകല ചിലവുകൾക്കുമായി 703 ക. 6 ണ. ചിലവായി. ബാക്കി 1589 ക. 6 ണ. 8 പൈ. യോഗത്തിന് ആദായമുണ്ട്.

കെട്ടിടം മുതലായവയ്ക്കു ചിലവായ 2413 ക. 15 ണ. 1 പൈയുടെ വിവരം താഴെ കാണിക്കുന്നു.

		ക.	ണ.	പ.
1.	തെക്കേ മാളികക്കെട്ടിടത്തിന്	1393	13	11
2.	വടക്കേ കെട്ടിടത്തിന്	572	8	0
3.	ഗോറിന്	253	0	0
4.	ടി കതകിന്	79	10	0
5.	ചില്ലറ വേലകൾക്കു	45	11	4
6.	ഓല, മുള, മുതലായ സാമാനങ്ങളും മറ്റു ചില്ലറ ചിലവുകളും	31	5	8
	ആകെ	2376	0	1

Digitized By Kerala Sahitya Akademi

ഈ സംഖ്യ നടത്തീട്ടുള്ള വേലകൊംക്ക് സബ് കമ്മിറ്റി കൈവഴി ബില്ലിൻപടി ചിലവായിട്ടുള്ളതാണ്. മേൽ കാണിച്ച 2413–ൽ ചിലവാനം ക. ടി കമ്മിറ്റി മരാമത്തു വകയ്ക്കായി അപ്പപ്പോം ആവശ്യാനുസാരി പറീട്ടുള്ള സംഖ്യയാണ്. പറിയ സംഖ്യയിൽ നിന്ന് ചിലവു സംഖ്യ 37 ക. 14 ണ. 2 പൈ. കുറവാണെന്നു കാണുന്നു. പല പല ചില്ലറ യാവശ്യങ്ങൊക്കായി ഒടുവിലത്തേ ദിവസങ്ങളിൽ പല സബ് കമ്മിറ്റികളിലുമുള്ള പല പലയാളുകം മുഖേന പറിയും ചിലവെഴുതിയും കാണുന്ന കണക്കുകളിൽ നിന്ന് ഈ വ്യത്യാസത്തിന്റെ കാരണം കണ്ടു പിടിപ്പാൻ പ്രയാസമായിത്തീർന്നിരിക്കുന്നു. പല കമ്മിറ്റിപ്രമാണികൊം ചില്ലറയായി പണം കുടികളിൽ നിന്നു പിരിച്ചുകൊണ്ടുവന്നു ചിലവാക്കുകയും ഒടുവിൽ വരവിനും ചലിവിനും കണക്കുകൊടുക്കയും അങ്ങനെയൊക്കെ കണക്കു ശരിപ്പെടുത്തുകയും ചെയ്തതായും പല ഇനങ്ങളെല്ലാമുണ്ട്. അവയിൽ വല്ലവയിലും വന്നിരിക്കാവുന്ന വല്ല പിശകുകളുമൊക്കെയായിരിക്കും ഈ ചില്ലറ വ്യത്യാസത്തിനു കാരണമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. മരാമത്തുവക ചിലവുകണക്കു പ്രത്യേകം ഒരു സബ്കമ്മിറ്റി പരിശോധിച്ചു സാക്ഷ്യപ്പെടുത്തീട്ടുള്ളതാണ്. ആ കമ്മിറ്റിയുടെ പ്രൊസീഡിംഗ്സ് (സി–7) അനുബന്ധമായി ചേർത്തിട്ടുണ്ട്.

സദ്യയുടെ സ്വഭാവത്തെപ്പറ്റി സദ്യക്കമ്മറ്റിയുടെ മിനുട്ടിൽ (സ–8) അനുബന്ധത്തിൽ കൊടുത്തിട്ടുള്ള ചാർത്തിൽ നിന്നും ഊഹിക്കാം. ആ ചാർത്തിൽ അല്പം ചില ഭേദഗതികം മാത്രമേ ചെയ്തിട്ടുള്ളു. ആറാമുഴുവൻ അരിക്കുടം ഏർപ്പാട്ടിൽ നിന്നു പിരിഞ്ഞുകിട്ടീട്ടുള്ളതായിരുന്നു. 6 ചാക്ക് അരിയോളം വിറ്റു മുതൽകൂട്ടി വേറെ ചിലവുകൊംക്ക് ഉപയോഗിച്ചിട്ടുമുണ്ട്. ഏതാനും വാഴക്കുലയും കുറേ നാളികേരവും കൂടി സംഭാവനയായി കിട്ടീട്ടുണ്ട്. 234 ക. 2 ണ. 9 പൈ. സദ്യയ്ക്കു ചിലവായിക്കാണുന്നത് അതു കഴിച്ചുള്ള ചിലവുസംഖ്യയാണ്. നെടുമ്പുരകം കെട്ടുക, പാത്രങ്ങം മുതലായവ ഇരവൽ വാങ്ങിക്കൊണ്ടുവന്നു തിരിയെ ഏംപ്പിക്കുക, സദ്യയ്ക്കുള്ള സ്ഥലങ്ങം വൃത്തിയാക്കുക മുതലായ പല ചിലവുകം ചാർത്തിൽ ഉംപ്പെടാത്തതായി ഈ ഇനത്തിൽ കാണ്മിട്ടുണ്ട്. സമീപത്തു സ്വജാതിക്കാരുടെ ഭവനങ്ങളോ സ്ഥലങ്ങളോം ഇല്ലാതിരുന്നതുകൊണ്ടുള്ള അസൗകര്യം സദ്യച്ചിലവിനെ കുറെ വർദ്ധിപ്പിച്ചിട്ടുണ്ട്.

മീററിങ്ങിന്റെ ചിലവെന്നു കാണുന്നതു മന്ദിരത്തിന്റെ ഉൽഘാടന കർമ്മത്തിനായി 26–ാംനു ദിവാൻജി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ സഭയുടെ ചിലവുകളാണ്. കസാലകം, ബെഞ്ചുകം മുതലായവയ്ക്കുള്ള വാടക, കൂലിച്ചിലവുകം, കൊടിക്കുകൊടുത്ത വാടക, ആ വകയിൽ ഉണ്ടായ ചില്ലറ നഷ്ടങ്ങം വക വച്ചുകൊടുത്തത്, ഹാരം, ചെണ്ട്, നാരങ്ങ ഇത്യാദി പല ഇനങ്ങളാണ് ഈ സംഖ്യയിൽ ഉംപ്പെട്ടിരിക്കുന്നത്.

Digitized By Kerala Sahitya Akademi

സ്റ്റേഷനറി മുതലായ ഇനത്തിൽ ചിലവായ 120 ക. 13 ണ. 7 പൈ. യിൽ ജനറൽ കമ്മിറ്റിയിൽ ടി ഇനത്തിൽ ചിലവായ 59 ക. 2ണ. 7 പൈ യും, സബ്കമ്മിറ്റിയിൽ ചിലവായ 61 ക. 11 ണയും ഉൾപ്പെട്ടിരിക്കുന്നു. കടലാസിന്റെ വില മുമ്പിലത്തേതിൽ മൂന്നുമടങ്ങിൽ അധികമാകയാൽ ഈ സംഖ്യ ഇത്ര അധികപ്പെട്ടിട്ടുള്ളതാണ്. ആഘോഷച്ചിലവായ 157 ക. 8ണ. 9പൈയിൽ 3 ആനകൾ, അവയുടെ തലേക്കെട്ട്, മുത്തുക്കുട മുതലായ അനുസാരികൾ, ഇരുപതിൽപരം ഗ്യാസ്ലൈറ്റുകൾ, ചപ്രങ്ങൾ മുത ലായ വകയ്ക്കു വാടകയായും, കൂലിയായും ചെന്നിട്ടുള്ള സംഖ്യകളും, വാദ്യക്കാർ, ബാൻറുകാർ, ഭജനക്കാർ, മുതലായവരുടെ ചാർജ്ജുകളും, ഹോമം, പൂജ മുതലായവ നടത്തിയ ചിലവുകളും ഉൾപ്പെടുന്നു. കുർക്കു മാരുടെ ശമ്പളം മുതലായത് എന്നുപറഞ്ഞ് 59 ക. 14 ണ. 1 പൈ. ചിലവായിരിക്കുന്നത് മിഥുനമാസം മുതൽ മൂന്നുമാസക്കാലത്തോളം ജന റൽ കമ്മിറ്റിയിലും സബ്കമ്മിറ്റിയിലും നടന്ന എഴുത്തുകുത്തു ജോലികൾ വകയ്ക്കു പ്രത്യേകം നിയമിച്ചവർക്കു കൊടുത്തിട്ടുള്ള ചില്ലറ പ്രതിഫലങ്ങളും ഒരു പ്യൂണിനേയും വാച്ചറുടേയും ശമ്പളങ്ങളും മറ്റും ആകുന്നു. ചില്ലറ പലവക എന്ന ഇനത്തിൽ 21ക. 9ണ. 8 പൈ ചില വായിരിക്കുന്നത് വാളൻറ്യർമാരുടെ ലഘുഭക്ഷണങ്ങൾ മീറ്റിംഗ്കൂടിയ ദിവസങ്ങളിലെ മുറുക്കാൻ മുതലായ ചില്ലറ ചിലവുകൾ, മൂന്നുമാസ ത്തോളമുള്ള വിളക്കുവയ്പു മുതലായ വകയ്ക്കാകുന്നു. യാത്രച്ചിലവായ 55 ക. 8ണ. 6പൈ. ശിവപ്രസാദസ്വാമിയുടെ വഴിയാത്രച്ചിലവുകൾ കൊടുത്തതും, കമ്മിറ്റിക്കാർ പിരിവാവശ്യവും മാറു കമ്മിറ്റിവക ആവ ശ്യങ്ങളും പ്രമാണിച്ചു ചെയ്ത സഞ്ചാരങ്ങളുടെ വണ്ടിവാടക മുതലായ ചിലവുകളും ആകുന്നു.

ഷഷ്ടിപൂർത്തി സ്മാരക മന്ദിരത്തിന്നു പാമ്പുംപ്പെടെ നാളതു വരെ എന്തു വിലയായിട്ടുണ്ടെന്നും ആ വകയിൽ യോഗത്തിന്ന് ഇന്ന് എന്തു കടമുണ്ടെന്നും അറിവാൻ ചിലർ ആഗ്രഹിച്ചു എന്നുവരാം. അതു കൊണ്ട് കമ്മിറ്റിയുടെ കണക്കുകളോടു സാക്ഷാൽ സംബന്ധമുള്ളത ല്ലെങ്കിലും അതുകൂടി താഴെ ചേർത്തു വരവു ചിലവുകളുടെ വിവരണം അവസാനിപ്പിച്ചുകൊള്ളുന്നു.

പറമ്പിനും കെട്ടിടത്തിനും തീറാധാര		
ത്തിൽ വിവരം പാഞ്ഞ പ്രകാര		
മൊക്കം കൊടുത്തു തീർത്തത്	2709–8–0	ക. ണ. പ.
മുദ്രവിലയും രജിസ്റ്റർഫീസും മറ്റും	90–0–2	2799–8–2
അതിനുശേഷം യോഗത്തിൽനിന്നു		
ചിട്ടിത്തവണകളിൽ അടച്ചത്	215–14–1	
കമ്മിറ്റിയിൽനിന്നു ചിട്ടിക്കടച്ചത്	189–15–7	
യോഗത്തിൽ നിന്നു കെട്ടിടത്തിൽ		
ചിലവാക്കിയത്	1300–0–0	
അതിനുപുറമേ കമ്മിറ്റിയിൽ		
നിന്നു ടി വകച്ചിലവ്	1113–15–1	2819–12–9
വക രണ്ടിൽ ആകെ		5619–4–11

Digitized By Kerala Sahitya Akademi

ഈ സംഖ്യയാണ് ഇപ്പോഴത്തെവരെ (1917 മാർച്ച് അവസാനംവരെ) മന്ദിരത്തിന്നു പറമ്പുംപ്പെടെ വിലയായിരിക്കുന്നത്. ആധാരത്തിൻ പടിയുള്ള ചിട്ടിക്കടം വകയിൽ ഇനി അടച്ചുതീർക്കേണ്ട ചിട്ടി 23 ആണ്. അതിന്നു ചിട്ടി ഒന്നിനു 120 ക. വീതം 2760 ക. അടച്ചുതീർക്കേണ്ടതായുണ്ട്. അതു കൊണ്ട് ആ സംഖ്യ ഇതിൻമേലുള്ള കടമാകുന്നു. ഇത് ഇനി നാല്പത്തൊരു മാസങ്ങൾ കൊണ്ടാണടച്ചുതീർക്കേണ്ടത്. ചിട്ടി രണ്ടു മാസത്തിൽ ഒരിക്കലാണ്. ചിട്ടിക്കടം അടച്ചുതീർക്കുന്നതിനാണ് ചിട്ടിഫണ്ട് ഏർപ്പെടുത്തിയിരിക്കുന്നത്. ഈ ഫണ്ടിൽ ഇതുവരെ 19 മാന്യൻമാർ സംഭാവന ചെയ്യാൻ ഏറ്റിട്ടുണ്ട്. അവർ ഏറ്റിട്ടുള്ള സംഖ്യ 980 ക. ആണ്. ശേഷം സംഖ്യയ്ക്കുകൂടി ആളെ ഏർപ്പെടുത്തുകയും ഏറ്റിട്ടുള്ളവർ ശരിയായ അവധികളിൽ പണമടയ്ക്കുകയും ചെയ്താൽ ഈ കടം യോഗത്തെ ബാധിക്കാതെ തീർന്നുപോകുന്നതാകുന്നു. ചിട്ടി ഫണ്ടിൽ സംഭാവന ചെയ്വാൻ ഏറ്റിട്ടുള്ളവരുടെ പട്ടിക ഡി. അനുബന്ധത്തിന്റെ ഒടുവിൽ ചേർത്തിരിക്കുന്നു.

സംഭാവന പത്രികകളം

കമ്മിറ്റിയിൽ നിന്നു പണം പിരിവു വകയ്ക്ക് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ സംഭാവനപത്രികകളം ആകെ 549 പ്രതികളായിരുന്നു. ജനറൽ കമ്മിറ്റിയിലും സബ്കമ്മിറ്റിയിലും പ്രത്യേക അടയാളങ്ങൾ കൊടുത്ത് ഈ പ്രതികളം തന്നെയാണുപയോഗിച്ചിരുന്നത്. ഇവയിൽ സംഭാവന സഹിതമായും അല്ലാതെയും മടങ്ങി കിട്ടീട്ടുള്ളത് 201 പ്രതികളം മാത്രമാകുന്നു. 345 പ്രതികളം ഇനിയും മടങ്ങികിട്ടേണ്ടതായാണിരിക്കുന്നത്. ഇതിന്നായി രണ്ടിലധികം പ്രാവശ്യം പത്രിക കൈപ്പറ്റിയവർക്കു വിജ്ഞാപനങ്ങളം തുടർന്നു കൊണ്ടയച്ചിട്ടും വലിയ പ്രയോജനമുണ്ടായിട്ടില്ല. ഈ അനുഭവം ഇത്തരം കാര്യങ്ങളിൽ മുന്നവസരങ്ങളിലുണ്ടായിട്ടുള്ളതാണ്. ഇക്കുറി പത്രിക മടക്കിയയച്ചുതരുന്നതു നിർബന്ധമാണെന്നു മുൻകൂട്ടി അറിവുകൊടുത്തിരുന്നിട്ടും വിശേഷ പ്രയോജനമുണ്ടായിട്ടില്ലെന്നു കാണുന്നതു ദയനീയം തന്നെ. കടലാസു കൈമോശം വന്നുപോയി എന്നും മറ്റും ഇപ്പോഴും പലരും ഒഴികഴിവുകളം പറഞ്ഞു മുടിചടി തന്നിട്ടുണ്ട്. സംഭാവന പത്രികകളം വഴി വന്നിട്ടുള്ള പണങ്ങളുടെ വിവരം ഡി. അനുബന്ധം നമ്പർ കാണിച്ചുകൊടുത്തിട്ടുണ്ട്. പത്രികാ മാർഗ്ഗമായി ആകെ 1277 ക. 6 പൈ. പിരിഞ്ഞുവന്നിട്ടുണ്ട് പത്രികകളിൽ ചിലതിൽ പൂർണ്ണമായ വിവരങ്ങളില്ലാതെ മടങ്ങിവന്നിട്ടുണ്ട്. ചില പത്രികകളം വഴി പിരിഞ്ഞ പണങ്ങളം സംഭാവന ചെയ്ത പ്രത്യേക ആളുകളുടെ വിവരം കൂടാതെ കിട്ടീട്ടുണ്ട്. അങ്ങനെയുള്ള സംഖ്യകളം ആരുടെ കൈവഴി കമ്മിറ്റിയിൽ കിട്ടിയോ അവരുടെ പേർ മാത്രമേ കൊടുപ്പാൻ സാധിച്ചിട്ടുള്ളൂ. സംഭാവനയുടെ പട്ടികകളം തയ്യാറാക്കുന്ന വിഷയത്തിൽ മേല്പറഞ്ഞ കാരണങ്ങളാലും മറ്റു പല ചില്ലറ പിശകുകളാലും വലിയ ക്ലേശം നേരിട്ടിട്ടുണ്ട്. എങ്കിലും കഴിയുന്നത്ര തൃപ്തികരമായ വിധത്തി

Digitized By Kerala Sahitya Akademi

ലാണ് അവയെ ക്രമപ്പെടുത്തി ചേർത്തിട്ടുള്ളത്. സംഖ്യയിലോ മറോ വല്ല ചില്ലറ പ്രമാദങ്ങളും വന്നുപോയിട്ടുണ്ടെങ്കിൽ അതു ക്ഷന്തവ്യമായിരിക്കുമെന്നു വിശ്വസിക്കുന്നു.

അധികം പണം പിരിഞ്ഞിട്ടുള്ളതു തിരുവനന്തപുരം താലൂക്കിനെ കഴിഞ്ഞാൽ ചിറയൻകീഴ് നിന്നാണ്". ചുരുക്കം ചില ലിസ്റ്റുകളിൽ അന്യ മതക്കാരും അന്യസമുദായക്കാരും ഒന്നു മാന്യജനങ്ങൾകൂടി സംഭാവന ചെയ്തിരിക്കുന്നതായി കാണുന്നുണ്ട്. പത്രികകളിൽ 65, 71, 77, 83, 118, 122, 289, 324 ഈ നമ്പർകൾ നോക്കുക. സ്വാമിതൃപ്പാദങ്ങളുടെ പേരിൽ നടത്തുന്ന സംഗതികളിൽ ജനസാമാന്യത്തിന് അത്ര ബഹുമാനമാണുള്ളത്. ഓരോരുത്തരും സംഭാവന ചെയ്തിട്ടുള്ള സംഖ്യകളുടെ ഏറക്കുറച്ചിൽ പട്ടികയിൽ നിന്നു കാണാവുന്നതാണ്.

താഴെ പേർ പറയുന്ന സംഘങ്ങൾ ഓരോ സംഖ്യ കമ്മിറ്റിക്കു സംഭാവന ചെയ്വാൻ ഏറ്റിട്ടുള്ളത് ഇതുവരെ അയച്ചുതന്നിട്ടില്ല. അതുകൊണ്ടു പ്പറ്റി അവയുടെ പ്രവർത്തകൻമാരോട് ഇനിയും ആവശ്യപ്പെടാവുന്നതും ആ സംഭാവനകൾ മന്ദിരഫണ്ടിൽ രാഗ്ദാനം ചെയ്ത സംഭാവനകളായി വിചാരിക്കപ്പെടാവുന്നതുമാണ്. അങ്ങനെയുള്ള സംഘങ്ങളിൽ ചിലത്, കൊച്ചി വൈ. എം. എച്ച്. എ., മാവേലിക്കര ശ്രീനാരായണ ഷഷ്ടിപൂർത്തി സ്മാരകസംഘം, നെയ്യാറ്റിൻകര ശ്രേയസഭ ഇവയാണ്.

കൃതജ്ഞതാപ്രകടനം.

കമ്മിറ്റിയുടെ പ്രവൃത്തികൾ ഇത്ര തൃപ്തികരമായി നടന്നിരിക്കുന്നതു മുഖ്യമായും പണം സംഭാവനചെയ്ത മാന്യൻമാരുടെ ഔദാര്യം കൊണ്ടാകുന്നു. അതിനാൽ ഒന്നാമതായി അങ്ങനെയുള്ള ഔദാര്യനിധികളുടെ നേർക്കു കമ്മിറ്റിക്കുള്ള കൃതജ്ഞതയെ പ്രസ്താവിച്ചുകൊള്ളുന്നു. മൈസൂർ സർവീസിൽ ഇരിക്കുന്ന ഡാക്ടർ പല്പു അവർകൾ 100 ക. യും ഗ്വാളിയർ സംസ്ഥാനത്തിലെ കൂട്ടുനാണയ സംഘം രജിസ്ത്രാർ ശ്രീമാൻ പി. വി. രാമുണ്ണി അവർകൾ 50 ക. യും സംഭാവന ചെയ്തിരിക്കുന്നു. ഇതുപോലെ 25 ക. വീതം സംഭാവന ചെയ്തിട്ടുള്ളതായി പട്ടികയിൽ കാണുന്ന സമുദായ സ്നേഹികളും പ്രത്യേകം കമ്മിറ്റിയുടെ കൃതജ്ഞതയെ അർഹിക്കുന്നവരാണ്. ചിട്ടിഫണ്ടിൽ നാലുകൊല്ലംകൊണ്ടു 40 ക., 50 ക., 60 ക. ഇങ്ങനെ ഓരോ സംഖ്യ സംഭാവന ചെയ്വാൻ ഏറ്റിട്ടുള്ള മാന്യൻമാർക്കു കമ്മിറ്റി ഏറ്റവും കടപ്പെട്ടിരിക്കയാകുന്നു. സ്വദേശങ്ങളിലും വിദേശങ്ങളിലും പല ദിക്കിലും നിന്നു ചില്ലറ സംഖ്യകൾ പിരിച്ചയച്ച പല മാന്യൻമാരുടേയും പേരുകൾ പട്ടികയിൽ കൊടുത്തിട്ടുണ്ട്. ആ മാന്യൻമാരിൽ ഓരോരുത്തർക്കും വന്ദനം പറഞ്ഞുകൊള്ളുന്നു. കമ്മിറ്റി പ്രവർത്തകൻമാരിൽ പലരുടെയും സ്വാർത്ഥരഹിതമായ പലവിധ പ്രവൃത്തികൾക്കും, ദേഹാദ്ധ്വാനങ്ങൾക്കും,

Digitized By Kerala Sahitya Akademi

ക്ലേശങ്ങളകറ്റുകയും അനുരൂപമായ വിധത്തിൽ നന്ദിപ്രകാശിപ്പാൻ സാധിക്കുന്നതല്ല. ജനറൽ കമ്മിറ്റി ഉപാദ്ധ്യക്ഷൻ ഡാക്ടർ പല്പു (എം. ബി. സി. എം.), സബ് കമ്മിറ്റി അദ്ധ്യക്ഷൻ എം കുമാരു അവർകളും, ഉപാദ്ധ്യക്ഷൻ പി. ഗോവിന്ദൻ കൺട്രക്ടർ അവർകളും, ഉപാദ്ധ്യക്ഷൻ കൃഷ്ണൻ മാർത്താണ്ഡൻ അവർകളും, കമ്മിറ്റി സെക്രട്ടറിമാർ മാർത്താണ്ഡൻ കൃഷ്ണൻ അവർകളും, എം. കെ. രാമൻ (ബി. ഏ. ഓണേഴ്സ്) അവർകളും, വി. കെ. കേശവൻ അവർകളും ഇവർ യഥാക്രമം കമ്മിറ്റിയുടെ ഗാഢമായ കൃതജ്ഞതയെ അർഹിക്കുന്നവരാകുന്നു. കമ്മിറ്റി മെംബർമാരുടെ കൂട്ടത്തിൽ പ്രത്യേകം നന്ദിപ്രകാശിപ്പാനുള്ള മറ്റു മാന്യന്മാർ തോട്ടത്തിൽ ശങ്കുവൈദ്യർ അവർകളും, പൊട്ടക്കുഴിയിൽ എൻ. കൃഷ്ണൻ കൺട്രാക്ടർ അവർകളും, കുര്യാത്തി മാതുവൈദ്യർ അവർകളും, മേടയിൽ പരമു മുതലാളി അവർകളും, ആനപ്പാതിയിൽ പപ്പു മുതലാളി അവർകളും, മുളയ്ക്കൽ പരമേശ്വരൻ അവർകളും, വയ്യാമൂല ശങ്കരൻ മുതലാളി അവർകളും, പപ്പുമുതലാളി അവർകളും, വേലു മുതലാളി അവർകളും, പപ്പുക്കുട്ടി അവർകളും, വേളിയിൽ മാധവൻ കൺട്രാക്ടർ അവർകളും, അറപ്പുര അച്ചുതൻ അവർകളും, ശങ്കരൻ ഓവർസീയർ അവർകളും, മുട്ടത്തറ എം. വേലായുധൻ അവർകളും, പി. കെ. പത്മനാഭൻ അവർകളും, ആനയറ കെ. കേശവൻ അവർകളും മുതലായവരാകുന്നു കമ്മിറ്റി മെംബറൻമാരല്ലാതെ തന്നെ പല മാന്യന്മാരും പണം പിരിക്കുക, അരികൾ ശേഖരിക്കുക, കമ്മിറ്റിവക മറ്റ് ഓരോ പ്രവൃത്തികളേയും അന്വേഷിക്കുക മുതലായ പല സാരമായ സഹായങ്ങളും കമ്മിറ്റിക്കു ചെയ്തുകൊടുത്തിട്ടുള്ളതായുണ്ട്. വിസ്തരഭയത്താൽ അവരുടെയെല്ലാം പേരുകളും എടുത്തുപറവാൻ സാധിക്കാത്തതിനെ അവർ സ്നേഹപൂർവ്വം ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. ജനറൽ കമ്മിറ്റിവക കണക്കുവയ്ക്കുന്നതിലും മറ്റു ആഫീസു ജോലികളിലും സാരമായി സഹായിച്ചിട്ടുള്ള മാങ്കീഴ് എസ്. പത്മനാഭൻ അവർകൾക്കും കമലാലയം കെ. സദാശിവൻ അവർകൾക്കും, തച്ചക്കുടിയിൽ റവി. എൻ. ശിവശങ്കരൻ അവർകൾക്കും, മരാമത്തു കണക്കുകളും മറ്റും ചെക്കു ചെയ്യുന്നതിനേർപ്പെടുത്തിയ സബ് കമ്മിറ്റിയുടെ പ്രവൃത്തികൾ തൃപ്തികരമായി നിർവഹിക്കുന്നതിൽ ഗണ്യമായ സഹായം ചെയ്തിട്ടുള്ള കുന്നുകുഴിയിൽ എം. പത്മനാഭൻ കൺട്രാക്ടർ അവർകൾക്കും പ്രത്യേകം നന്ദി പറയേണ്ടതാകുന്നു. മന്ദിരത്തിന്റെ ഉൽഘാടനകർമ്മം പ്രമാണിച്ചു കൂടിയ മഹാജനയോഗത്തിലും പിറേദിവസത്തെ ഘോഷയാത്രയിലും മറ്റും അസാമാന്യമായ ശ്രമങ്ങൾ ചെയ്തു കമ്മിറ്റിയെ സഹായിച്ച വാളൻറീയർ സംഘത്തിനും ആ സംഘത്തിന്റെ ഘടനയിൽ പ്രത്യേകം ദൃഷ്ടിവച്ചിട്ടുള്ള എല്ലാ യുവാക്കൻമാർക്കും പ്രത്യേകം പ്രത്യേകം നന്ദി പറഞ്ഞുകൊള്ളുന്നു

മഹാമനസ്കനായ തിരുവിതാംകൂർ ദിവാൻ, ദിവാൻ ബഹദൂർ എം. കൃഷ്ണൻ നായർ അവർകളാണല്ലോ നമ്മുടെ ഷഷ്ടിപൂർത്തി സ്മാരകമന്ദിരത്തിന്റെ ഉൽഘാടന കർമ്മകർത്താവ്. ആ മഹാപുരുഷന്റെ നാമം ഈ മന്ദിരം സ്ഥിതിചെയ്യുന്ന കാലംവരെ നമ്മുടെ സന്താനങ്ങളാൽ കീർത്ത

Digitized By Kerala Sahitya Akademi

ജ്ഞതാപൂർവം സ്മരിക്കപ്പെടുമെന്നുള്ളതു നിരാക്ഷേപമാകുന്നു. ഉൽഘാടനാവസരത്തിൽ സഭയെ സാന്നിദ്ധ്യം കൊണ്ട് അലങ്കരിക്കയും സാരവത്തായ പ്രസംഗംകൊണ്ടു നമ്മെ പ്രോത്സാഹിപ്പിക്കയും ചെയ്ത പണ്ഡിത ചക്രവർത്തിയും, നമ്മുടെ വർഗ്ഗക്കാർ സവിശേഷം കടപ്പെട്ടിട്ടുള്ള ഭരനന്തപുരത്തു കൊട്ടാരത്തിലെ അദ്യതനരത്നദീപവുമായ മഹാമഹിമശ്രീ ഏ. ആർ. രാജരാജവർമ്മ തമ്പുരാൻ (എം. എ.) തിരുമനസ്സിലേക്കും, അതിവിശിഷ്ടങ്ങളായ ഓരോ പ്രസംഗങ്ങളെക്കൊണ്ട് ആ സന്ദർഭത്തിന്റെ ഗൗരവത്തെ വർദ്ധിപ്പിച്ച ഡിസ്ട്രിക്ട് ജഡ്ജി പി. രാമൻതമ്പി (ബി. എ. എം. എൽ) അവർകൾക്കും, എസ്. പരമേശ്വരയ്യർ (എം. ഏ., ബി. എൽ.) അവർകൾക്കും ഹൃദയപൂർവം വന്ദനങ്ങൾ പറഞ്ഞുകൊള്ളുന്നു. ക്ഷണം സ്വീകരിച്ചു ടി സന്ദർഭത്തിൽ ദയാപൂർവം സാന്നിദ്ധ്യം കൊണ്ടു കമ്മിറ്റിക്കാരെ പ്രോത്സാഹിപ്പിച്ച പെൻഷൻ ഹൈക്കോർട്ടു ജഡ്ജി ദിവാൻ ബഹദൂർ ഏ. ഗോവിന്ദപ്പിള്ള (ബി. എ., ബി. എൽ.) അവർകൾക്കും, സീനിയർ ദിവാൻപേഷ്ക്കാർ എൻ. സുബ്രഹ്മണ്യർ (എം. ഏ) അവർകൾക്കും, ഗവൺമെന്റ് ചീഫ് സിക്രട്ടറി ഏ. ജെ. വിയാ (ബി. ഏ.) അവർകൾക്കും, ഹെഡ് സർക്കാർ വക്കീൽ ഏ. അനന്തറാവു (ബി. ഏ., ബി. എൽ.) അവർകൾക്കും, (അനുബന്ധത്തിൽ വിവരിച്ചിട്ടുള്ള) മറെറല്ലാ ഉദ്യോഗസ്ഥൻമാരും വക്കീൽമാരും പൌരപ്രമാണികളുമായ മാന്യൻമാർക്കും ഹാർദ്ദമായ വന്ദനങ്ങൾ പറഞ്ഞുകൊള്ളുന്നു.

അവസാനമായി കമ്മിറ്റിയുടെ ഉദ്ദേശങ്ങളെ അഭിനന്ദിച്ചുകൊണ്ടു ജനറൽ സിക്രട്ടറി ആവശ്യപ്പെട്ട പ്രകാരം കൈതമുക്കിൽ മന്ദിരസ്ഥാപനത്തിന്നായി കെട്ടിടങ്ങളും ഭൂമിയും തീറുവാങ്ങാൻ യോഗത്തിൽ നിന്നു ഗണ്യമായ ഒരു സംഖ്യ അനുവദിച്ചതിനുപുറമേ കെട്ടിടത്തിന്റെ അധികവേലകൾക്കായി 1300 ക. കമ്മിറ്റിയെ ഏൽപ്പിക്കയും ചെയ്ത യോഗം ഡയറക്ടർമാരുടെ ഉചിതജ്ഞതയ്ക്കായും, ദൂരസ്ഥനാണെങ്കിലും ജനറൽ കമ്മിറ്റിയുടെ അദ്ധ്യക്ഷ സ്ഥാനത്തിൽ തന്റെ വിലയേറിയ നാമത്തെ ഉപയോഗിച്ചു കൊൾവാൻ സദയം അനുവദിച്ചു കമ്മിറ്റിയുടെ കൃത്യനിഷ്ഠയിലും കാര്യക്ഷമതയിലും സവിശേഷമായ വിശ്വാസത്തെ പ്രദർശിപ്പിച്ച സമുദായ നേതാവായ ഡാക്ടർ പല്പു എൽ. എം. എസ്., ഡി. പി. എച്ച്. അവർകളുടെ മഹാമനസ്കതയ്ക്കും കമ്മിറ്റി അത്യന്തം കടപ്പെട്ടിരിക്കുന്ന വസ്തുതയെക്കൂടി പ്രസ്താവിച്ചുകൊണ്ട് ഈ റിപ്പോർട്ടിനെ ഉപസംഹരിക്കേണ്ടിയിരിക്കുന്നു. മറു സഭകളുടേയും മറു സ്ഥലങ്ങളിലേയും ആഘോഷങ്ങളെ സംബന്ധിച്ചു വിവരണമായ ഏ. അനുബന്ധത്തിന്നു മുമ്പു ഷഷ്ടിപൂർത്തി സംബന്ധിച്ചു മഹാത്മാവായ സ്വാമിതൃപ്പാദങ്ങൾക്കു മംഗളമാശംസിച്ചും അവിടത്തോടുള്ള ഭക്തി ബഹുമാനങ്ങളെ പ്രദർശിപ്പിച്ചും പല മാന്യകവികളും എഴുതീട്ടുള്ള പദ്യങ്ങളും ഗാനങ്ങളും അടിയിൽ ചേർത്തുകൊള്ളുന്നു. മംഗളാശംസകളിൽ പലതും തൃപ്പാദങ്ങളിൽ ഓരോ സമാജങ്ങളും മറ്റും സമർപ്പിച്ചിട്ടുള്ള പല മംഗളപത്രങ്ങളിൽ

Digitized By Kerala Sahitya Akademi

നിന്നു തിരഞ്ഞെടുത്തിട്ടുള്ളവയും ചിലതൊക്കെ ഇവിടെ നേരിട്ട് അയച്ചു തന്നിട്ടുള്ളവയുമാകുന്നു. മഹാത്മാവായ സ്വാമിതൃപ്പാദങ്ങളുടെ സ്ഥിരമായ അരോഗദൃഢഗാത്രതയോടും വർദ്ധമാനമായ മാഹാത്മ്യാതിശയത്തോടും വിശ്വജനീനമായ ആത്മശക്തിയോടും പാവനമായ യശോവ്യാപ്തിയോടും പുരുഷായുസ്സിനെ ലംഘിച്ചു ജീവിച്ചിരുന്ന് ഈയുള്ളവരുടെ സർവതോമുഖമായ അഭിവൃദ്ധിയെ സഹായിപ്പാൻ സാവശക്തൻ കടാക്ഷവർഷം പൊഴിയുമാറാകട്ടെ. (ഇതിൽ സൂചിപ്പിച്ചിട്ടുള്ള അനുബന്ധങ്ങൾ വിട്ടിരിക്കയാണ് അവ കാണണമെന്നു താത്പര്യമുള്ള ജിജ്ഞാസുക്കൾ സ്വാമിതൃപ്പാദങ്ങളുടെ ഷഷ്ടിപൂർത്തി ആഘോഷം കഴിഞ്ഞു കുമാരനാശാൻ പ്രസിദ്ധീകരിച്ചതും 1983 ഡിസംബറിൽ തോന്നയ്ക്കൽ ശ്രീ എം. കെ. വിദ്യാധരൻ പുനഃപ്രകാശനം ചെയ്തതുമായ "ബ്രഹ്മശ്രീ നാരായണ ഗുരുസ്വാമിതൃപ്പാദങ്ങളുടെ ഷഷ്ടിപൂർത്തി" എന്ന ഗ്രന്ഥം നോക്കുക—എഡിറ്റർ)

1917 മാർച്ച് 30—ാം നു
തിരുവനന്തപുരം

എൻ. കുമാരൻ ആശാൻ
ജനറൽ കമ്മിറ്റി സിക്രട്ടറി

XIII

1092 ഇടവം 1—ം 2—ം (1917 മേയ് 14—ം 15—ം) നു കളിൽ കൈതമുക്കു ശ്രീനാരായണ ഷഷ്ടിപൂർത്തി സ്മാരക മന്ദിരത്തിൽ വച്ചു കൂടിയ 14—ാം എസ്. എൻ. ഡി. പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട്.

മാന്യരേ,

1916—ാമാണ്ടത്തെ വരവു ചിലവു കണക്കുകളുടെ അച്ചടിച്ചപ്രതി പ്രസിദ്ധപ്പെടുത്തീട്ടുള്ളതു നിങ്ങൾ കണ്ടിരിക്കുമല്ലോ. ഷഷ്ടിപൂർത്തി കമ്മിറ്റി യുടെ ബാക്കിപ്പത്രം പ്രസിദ്ധപ്പെടുത്തീട്ടുള്ളതും നിങ്ങൾ കണ്ടിരിക്കുമെന്നു വിശ്വസിക്കുന്നു. അവയിൽ രണ്ടിലും നിന്ന് ഈ ഒരു കൊല്ലത്തിലെ യോഗത്തിന്റെ ധനസംബന്ധമായ പ്രവൃത്തികളേയും സ്ഥിതിയേയും അഭിവൃദ്ധിയേയും പറ്റി സാമാന്യേന മനസ്സിലാക്കാവുന്നതാണ്. സ്വാമിതൃപ്പാദങ്ങളുടെ ഷഷ്ടിപൂർത്തിമഹം കൊണ്ടു സവിശേഷം സ്മരണീയമായ ഈ കൊല്ലം യോഗത്തിന്റെ ചരിത്രത്തിൽ ഏറ്റവും പ്രധാന്യമേറിയ ഒന്നാണ്. പ്രതികൂലമായ കാലദേശാവസ്ഥകളാൽ ഇക്കൊല്ലത്തെ ധനാഗമ മാർഗ്ഗങ്ങൾ ഗണ്യമാംവണ്ണം തടയപ്പെട്ടിരിക്കയായിരുന്നു. എന്നിട്ടും യോഗത്തിന്റെ കോശസ്ഥിതി ഈ കൊല്ലത്തിന്റെ പ്രാധാന്യത്തിന് അനുരൂപമാംവണ്ണമല്ലെങ്കിലും ഗണ്യമാംവണ്ണം വർദ്ധിച്ചിട്ടുണ്ടെന്ന് മേൽപ്പറഞ്ഞ കണക്കുകൾ തന്നെ വിളിച്ചു പറയും. ഇതു ചരിതാർത്ഥ്യജനകമായ സംഗതിയാകുന്നു.

Digitized By Kerala Sahitya Akademi

ഡയറക്ടർ ബോർഡ്

പ്രസ്താവ കൊല്ലത്തിൽ ഡയറക്ടർമാരായിരുന്നവരുടെ പട്ടിക താഴെ ചേർക്കുന്നു.

(1) ഡോക്ടർ പല്പു ഡി. പി. എച്ച്. (2) എം. ഗോവിന്ദൻ ബി. എ. ബി. എൽ. (3) ഡോക്ടർ പി. പല്പു എം. ബി. സി. എം. (4) എൻ. കുമാരൻ ബി. എ. ബി. എൽ. (5) സി. വി. കുഞ്ഞുരാമൻ (6) ഇ. കെ. അയ്യാക്കുട്ടി ബി. എ. (7) എ. കെ. പുരുഷോത്തമൻ (8) എസ്. കൃഷ്ണൻ (9) എസ്. പദ്മനാഭപ്പണിക്കർ ബി. എ. ബി. എൽ. (10) കൊറ്റത്തു രാമുണ്ണി (11) ചാവർകോട്ടു കുഞ്ഞുശങ്കരൻ വൈദ്യർ (12) സി. കൃഷ്ണൻ ബി. എ. ബി. എൽ. (13) മൂർക്കോത്തു കുമാരൻ (14) പി. മാധവൻ വൈദ്യർ (ഉപാദ്ധ്യക്ഷൻ) (15) കൊച്ചുപപ്പു തരകൻ (16) എ. കെ. ഗോവിന്ദൻ ചാന്നാർ (17) മുലൂർ എസ്. പദ്മനാഭപ്പണിക്കർ (18) സി. ഒ. മാധവൻ ബി. എ. ബി. എൽ. (19) കുന്നത്തുവിളാകത്തു കുഞ്ഞൻ (20) എം. കുമാരു (21) പുളിനിന്നതിൽ ശങ്കരൻ മുതലാളി (22) മംഗലശ്ശേരി ആർ. ഗോവിന്ദൻ ആശാൻ (ദേവസ്വം സിക്രട്ടറി) (23) കാമനാട്ടു കൃഷ്ണനാശാൻ (24) എൻ. കുമാരനാശാൻ.

ബോർഡിൽ താഴെ പറയുന്ന സംഗതികളും നടത്തിയിരിക്കുന്നു.

(പ്രൊ. നമ്പർ 1). 25–7–91/8–8–16 ഷേക്ക് മൈതീൻ സാഹിബിന്റെ കടമുറി പ്രകാരമുള്ള സംഖ്യയിൽ നിന്ന് 250 ക. മടങ്ങി വന്നതിനെ ആക്ടിങ്ങ് സിക്രട്ടറി വാങ്ങികൊണ്ട് അതിനെ സാധൂകരിപ്പാൻ കാരണം കാണിച്ചപേക്ഷിച്ചതനുസരിച്ച് അപ്രകാരം ചെയ്വാൻ തീർച്ചയാക്കി.

(പ്രൊ. നമ്പർ 2). 19–8–1091/31–3–16 13–ാമതു വാർഷിക പൊതുയോഗം കൊല്ലത്തുവച്ചു കൂടാൻ അനുവദിച്ചു.

(പ്രൊ. നമ്പർ 3). 18–8–1091/31–3–16 ആക്ടറിംഗ് ഹെഡ് ക്ലർക്ക് പി. കെ. താണുവൻ അവർകളെ ആ ജോലിയിൽ സ്ഥിരപ്പെടുത്തി.

(പ്രൊ. നമ്പർ 4). 13–9–91/25–4–16 മുലൂർ എസ്. പദ്മനാഭപ്പണിക്കർ അവർകൾക്കു യോഗം വകയായി ഒരു സേവാകീർത്തിമുദ്ര കൊടുപ്പാൻ അനുവദിച്ചു.

(പ്രൊ. നമ്പർ 5). 20–9–91/2–5–16 ചിറയിൻകീഴ് മുഞ്ഞൂലയിൽ കുഞ്ഞു അവർകളുടെ കടമുറി പ്രകാരമുള്ള പണത്തിൽ 2000 ക. തിരിയെ വാങ്ങാൻ അനുവദിച്ചു.

(പ്രൊ. നമ്പർ 6). 24–9–91/6–5–16 യോഗം അസിസ്റ്റൻറ് ക്ലർക്ക് നാരായണൻ അവർകൾക്കു ജോലി വിട്ടു പോകുന്ന അവസരത്തിൽ അയാളുടെ കൃത്യനിഷ്ഠയേയും സാമർത്ഥ്യത്തേയും പറ്റി ഒരു സാക്ഷ്യപത്രം കൊടുക്കേണമെന്നു തീർച്ചയാക്കി.

Digitized By Kerala Sahitya Akademi

(പ്രൊ. നമ്പർ 7). 16–10-91 / 29–6–16 ഡാക്ടർ പല്പു (എം. ബി. സി. എം.) അവർകളെയും സി. ഒ. മാധവൻ (ബി. എ. ബി. എൽ.) ഹൈക്കോർട്ടു വക്കീൽ) അവർകളെയും യോഗം കൗൺസിൽ മെംബർമാരായി തിരഞ്ഞെടുത്തു.

(പ്രൊ. നമ്പർ. 8). 13–10–91 / 31–5–16 കൈതമുക്കിലെ വസ്തു 6000 ക. വിലയ്ക്കു തീറുവാങ്ങാൻ അനുവദിച്ചു.

(പ്രൊ. നമ്പർ 9). 15–11–91 / 28–7–16 കൈതമുക്കിലെ കെട്ടിടം നന്നാക്കാൻ 1300 ക. അനുവദിച്ചു.

(പ്രൊ. നമ്പർ 10). 24–12–91/8–8–16 പുലയ വിദ്യാർത്ഥികൾക്കു സാഹായിക ധനം കൊടുപ്പാൻ അനുവദിച്ച 25 ക. ടി നാരായണൻ എന്ന വിദ്യാർത്ഥിക്കു കൊടുപ്പാൻ അനുവദിച്ചു.

(പ്രൊ. നമ്പർ 11). 22–1–92/6–9–16 ഷേക്ക് മൈതീൻ സാഹിബിന്റെ കടമുറി പ്രകാരമുള്ള ബാക്കി പണം പലിശസഹിതം മടക്കി വാങ്ങി രസീതു കൊടുപ്പാൻ ഉപാധ്യക്ഷൻ പി. മാധവൻ വൈദ്യർ അവർകളെ അധികാരപ്പെടുത്തി.

(പ്രൊ. നമ്പർ 12). 6–4–1092/20–12–16 വിദ്യാഭ്യാസ ലോൺ വിഭജിച്ചു കൊടുക്കുന്നതിനു കൗൺസിലിന് അധികാരം കൊടുത്തു.

കൗൺസിൽ

താഴെ കാണുന്ന മാന്യൻമാർ കൗൺസിൽ അംഗങ്ങളായിരുന്നു.

പി. മാധവൻ വൈദ്യർ (ഉപാദ്ധ്യക്ഷൻ)
ഡാക്ടർ പി. പല്പു, (എം. ബി. സി. എം.)
സി. ഒ. മാധവൻ ബി. എ. ബി. എൽ.
എൻ. കുമാരൻ ആശാൻ (ജനറൽ സിക്രട്ടറി)

കൗൺസിലിൽ നിന്നു നടത്തിയ സംഗതികൾ

(പ്രൊ. നമ്പർ 1). കൈതമുക്കിലെ വസ്തു പ്രമാണങ്ങളും മറ്റും പരിശോധിച്ചു തൃപ്തിപ്പെട്ട ശേഷം ബോർഡിൽ നിന്നനുവദിച്ച സംഖ്യയിൽ നിന്നു പണം കൊടുത്ത് ആധാരം എഴുതി വാങ്ങാൻ ജനറൽ സിക്രട്ടറിക്ക് അനുവാദം കൊടുത്തു.

(പ്രൊ. നമ്പർ 2). കെട്ടിടം നന്നാക്കുന്ന വകയ്ക്കും മറ്റുമനുവദിച്ച 1300 ക. ഷഷ്ടിപൂർത്തിക്കമ്മിറ്റിയെ ഏല്പിപ്പാൻ ജനറൽ സിക്രട്ടറിക്ക് അനുവാദം നൽകി.

Digitized By Kerala Sahitya Akademi

(പ്രൊ. നമ്പർ 3) വിദ്യാഭ്യാസ ലോൺ വകയ്ക്ക് അനുവദിച്ച സംഖ്യ ബോർഡിൽ നിന്നനുവദിച്ച പ്രകാരം താഴെ കാണുന്ന വിദ്യാർത്ഥികൾക്കു വിതരിച്ചുകൊടുത്തു.

ശ്രീമാൻ പി. ശങ്കരൻ, മെഡിക്കൽ വിദ്യാർത്ഥി-ക. 60
,, കെ. കെ. നാരായണൻ, സീനിയർ ബി. എ. വിദ്യാർത്ഥി-ക. 72
ശ്രീമതി ബി. എൻ. മീനാക്ഷി, ഇൻറർ മിഡിറർ വിദ്യാർത്ഥി-ക. 60

വിദ്യാഭ്യാസ ലോൺ വകയ്ക്ക് അനുവദിച്ചിരുന്നത് 500 ക. ആയിരുന്നു. കൈതമുക്കിലെ വസ്തുസംബന്ധമായും മറ്റും പണത്തിനുണ്ടായ അസാധാരണ ഞെരുക്കം നിമിത്തം പുതിയ അപേക്ഷകരെ സ്വീകരിപ്പാനും പഴയവിദ്യാർത്ഥികൾക്കു കൂടുതൽ സംഖ്യ കൊടുപ്പാനും സാധിച്ചിട്ടില്ല. ലോൺ വാങ്ങുന്നവരിൽ ശ്രീമാൻ നാരായണൻ പരീക്ഷയിൽ ചേർന്നിരിക്കുന്നു. ഫലം പുറത്തായിട്ടില്ല. ശ്രീമതി മീനാക്ഷി അമ്മയ്ക്ക് പരീക്ഷകഴിഞ്ഞു സീനിയർ ക്ലാസ്സിലേക്കു കയറാം കിട്ടിയിരിക്കുന്നു. ശ്രീമാൻ പി. ശങ്കരൻ ഇപ്പോൾ സൈന്യവകുപ്പിലെ ആജ്ഞാപനമനുസരിച്ച് ഒരു സബ്അസിസ്റ്റൻറ് സർജനായി പോർക്കളത്തിലേക്കു പോയിരിക്കുന്ന വിവരം അറിവിച്ചിരിക്കുന്നു. ധീരനും യോഗ്യനുമായ ഈ യുവാവു മടങ്ങിവന്നു സമുദായത്തിൽ ഒരു ഉന്നതനിലയെ പ്രാപിച്ചുകാണ്മാൻ ഈശ്വരൻ അനുഗ്രഹിക്കട്ടെ.

ആഫീസും ഉദ്യോഗസ്ഥൻമാരും

ആഫീസിലെ സ്ഥിതികൾ മിക്കവാറും മുൻകൊല്ലത്തെ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെതന്നെ അനുവർത്തിച്ചിരിക്കുന്നു. കത്തിടപാടുകൾ സംബന്ധിച്ച ജോലികൾ വളരെ വർദ്ധിച്ചു വരികയാകുന്നു. 4631 കത്തുകൾ ആഫീസ് നമ്പരിട്ട് പുറത്തയച്ചിട്ടുണ്ട്. 1355 കത്തുകൾ ആഫീസിൽ പ്രവൃത്തി സംബന്ധമായി സ്വീകരിച്ചു രജിസ്റ്ററരിൽ ചേർത്തിട്ടുണ്ട്. ഇതിനു പുറമേ സ്വകാര്യമായും മറ്റും ഒട്ടധികം കത്തുകൾ വരികയും പോകയും ചെയ്തിരിക്കുന്നു. ഷഷ്ടിപൂർത്തിക്കമ്മിറ്റി സംബന്ധമായ എഴുത്തുകൾ മേൽപ്പറഞ്ഞ കണക്കിൽ ഉൾപ്പെട്ടിട്ടില്ല. അതിലും ഒരു ഗണ്യമായ ഭാഗം കത്തിടപാടുകൾ നടത്തിട്ടുള്ളതു യോഗ്യ

Digitized By Kerala Sahitya Akademi

ആഫീസു മുഖേനയാകുന്നു. കമ്മിറിയുടെ റിക്കാർഡുകളും പ്രത്യേകം വച്ചിരിക്കയാൽ ഇതിൽ അതിനെ ഉൾപ്പെടുത്തീട്ടില്ല. ഇതിനു പുറമേ വിവേകോദയം വകയായി 334 വി. പി. ഉടുപ്പടികളും യോഗം ഓഹരി വകയ്ക്കായി 349 രസീതു വി. പി. കളും ആഫീസിൽ നിന്നു പോയിട്ടുണ്ട്. ഇവയിൽ വിവേകോദയം വകയും യോഗം ഓഹരിവകയും 327 വി. പി. കയ്കൈപ്പറ്റുകയും ശേഷം മടങ്ങിവരികയും ചെയ്തിരിക്കുന്നു. 1 മുതൽ 611 വരെ ആകെ രസീതുകളും എഴുതിക്കൊടുത്തിട്ടുണ്ട്. ഷഷ്ടിപൂർത്തി ക്കമ്മിറ്റി വക രസീതുകളും ഇതിനു പുറമേയാകുന്നു. പ്രവൃത്തികളിൽ കത്തുകളും സ്വീകരിച്ചു തിരിഞ്ഞു ഫയിൽ ചെയ്കയും പുറത്തേക്കുള്ള കത്തുകളും പരിശോധിച്ചു നമ്പർ ചെയ്കയും ചെയ്യുന്നതിൽ ഹെഡ്ക്ലർക്കു ശ്രീമാൻ പി. കെ. താണുവനും, പണങ്ങളും കൈപ്പറ്റി സൂക്ഷിക്കുകയും രസീതുകളും എഴുതുകയും കണക്കു വയ്ക്കയും ചെയ്യുന്നതിൽ അസിസ്റ്റന്റ് ക്ലർക്ക് ശ്രീമാൻ കെ. നാരായണനും, കത്തുകളും ഡിസ്പാച്ചു ചെയ്ക, വി. പി കളും മെമ്മോകളും ഇവ യഥാകാലം അയയ്ക്കുക ഈ കൃത്യങ്ങളിൽ ശ്രീ. കെ. ഗോപാലനും മുഖ്യമായി ചുമതല വഹിച്ചു വരികയാകുന്നു. ശ്രീമാൻ കെ. നാരായണനു മേൽപ്പറഞ്ഞ ജോലികൾക്കുപുറമേ വ്യവഹാര സംബന്ധമായ കാര്യങ്ങളിൽ കൂടി ചുമതലയുള്ളതും പ്രത്യേകം എടുത്തു പറയത്തക്കതാണ്. അതുപോലെ ഹെഡ്ക്ലർക്കിനു വിവേകോദയത്തിന്റെ പ്രസിദ്ധീകരണം സംബന്ധിച്ച ജോലികളും ഉണ്ട്. ഈ പ്രദ്യോഗസ്ഥൻമാരുടെ ശമ്പളം അവരുടെ പ്രയത്നത്തിനനുരൂപമായ പ്രതിഫലമാകുന്നില്ലെന്നുള്ള വസ്തുത മുൻകൊല്ലത്തെ റിപ്പോർട്ടിൽതന്നെ പസ്താവിച്ചിരുന്നു. ഇക്കൊല്ലത്തിൽ അവരുടെ പ്രയത്നം ഇത്രമാത്രം അധികപ്പെട്ടിട്ടും ശമ്പളക്കൂടുതലിനു ശുപാർശചെയ്വാൻ പലപ്രകാരത്തിലുള്ള പണത്തിന്റെ ബുദ്ധിമുട്ടുകളും നിമിത്തം ഒരുമ്പെടാത്തതാണ്. അതുകൊണ്ട് ഇപ്പോഴും ഹെഡ്ക്ലർക്കിനു 15-ം അസിസ്റ്റന്റുകളും രണ്ടുപേർക്കും യഥാക്രമം 12-ം 10-ം മാത്രമാണു ശമ്പളം. വർഷാവസാനത്തോടുകൂടി ശ്രീമാൻ നാരായണൻ ജോലിവിട്ടു പോകുന്നതായി അറിവുണ്ടായിരുന്നതിനാലും എഴുത്തുകുത്തുകളും മറ്റും വളരെ വർദ്ധിച്ചു വരികയാലും തുലാമാസത്തിൽ ക്ലർക്കു പണി പഠിപ്പിക്കുന്നതിനു വാളന്റിയർമാരെ ആവശ്യമുള്ളവിവരം പരസ്യപ്പെടുത്തുകയും അപേക്ഷകൻമാരിൽ ടി. കെ. പത്മനാഭനെ വാളന്റിയറായി 92 തുലാം 28-ാം നു- മുതൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ആക്ടിംഗ് ജനറൽ സിക്രട്ടറി കഴിഞ്ഞ പൊതുയോഗം സംബന്ധിച്ച് ഒരുമാസംവരെ കൊല്ലത്തുതാമസിച്ചു ശ്രമങ്ങൾ ചെയ്തുകൊണ്ടിരുന്നു. പൊതുയോഗത്തിൽ നിന്നുവീണ്ടും തിരഞ്ഞെടുത്തതിനെ ഞാൻ സമ്മതിക്കേണ്ടിവരികയും 91 ഇടവമാസം 13-ാം നു- ജനറൽ സിക്രട്ടറിയുടെ ചാർജ് തിരികെ ഏല്പിക്കുകയും ചെയ്തു. ജനറൽസെക്രട്ടറിയുടെ സാധാരണ ജോലികൾക്കു പുറമേ ഷഷ്ടിപൂർത്തിക്കമ്മിറ്റിയുടെ ഏറ്റവും ഭാരമേ

Digitized By Kerala Sahitya Akademi

റിയ ജനറൽ കമ്മിററി സിക്രെട്ടറിസ്ഥാനവും ഞാൻ തന്നെ ഏൽക്കേണ്ടതായി വന്നു. വിവേകോദയത്തിന്റെ പത്രാധിപത്യം കൂടി വീണ്ടും ജനറൽ സിക്രെട്ടറിയുടെ ചുമതലകളിൽ ഉൾപ്പെട്ടു.

പൊതുയോഗത്തിലെ നിശ്ചയങ്ങളും നിർവഹണവും

25–ൽ അധികം നിശ്ചയങ്ങൾ കഴിഞ്ഞ പൊതുയോഗത്തിൽ പാസ്സാക്കിയിരുന്നു. അവയിൽ പ്രധാനമായ ചിലതെല്ലാം നിർവഹിച്ചിട്ടുണ്ടെന്നു സന്തോഷപൂർവം പ്രസ്താവിക്കുന്നതാണ്. കൊച്ചിയിലെ ഈഴവരുടെ കഷ്ടസ്ഥിതിയെപ്പററി അവിടത്തെ ദിവാന്റെ മുമ്പാകെ യോഗത്തിൽ നിന്ന് ഒരു ഡിപ്യൂട്ടേഷൻ പോയി സങ്കടം പായുന്നതിനെ സംബന്ധിച്ചുള്ള നിശ്ചയം അനുസരിച്ചു വേണ്ട ഏർപ്പാടുകൾ ചെയ്കയും അനുവാദം വാങ്ങി കഴിഞ്ഞ 1916 ജൂലൈ 1–ാംന- മററു പ്രതിനിധികളോടുകൂടി ജനറൽ സിക്രെട്ടറി തൃശ്ശൂരിൽവച്ചു ദിവാൻ മിസ്റ്റർ ഭോറിനെ സന്ദർശിച്ചു സങ്കടങ്ങൾ ധരിപ്പിക്കുകയും ചെയ്തു. അദ്ദേഹം അനുകമ്പാപൂർവമായും അനുകൂലമായും മറുപടികൾ പറകയും ചെയ്തു. എന്നു തന്നെയല്ല ഈഴവർക്കു പ്രവേശമില്ലാതിരുന്ന പലതുറകളിലും അവർക്കു ചില ഉദ്യോഗങ്ങൾ പിന്നീടു നൽകുകയും, അവരിൽ യോഗ്യതയുള്ളവരെ വിശേഷാൽ ഗണിച്ചു ഉദ്യോഗങ്ങൾ കൊടുക്കുന്നതിനു സർക്യുലർ പുറപ്പെടുവിക്കയും, ഠൗൺ കൗൺസിലിലും വില്ലേജ് പഞ്ചായത്തു കോർട്ടിലും മററും അവരുടെ പ്രതിനിധികളെ നിയമിക്കയും മാറും ചെയ്തിരിക്കുന്നു. വേറൊരു നിശ്ചയം തൃപ്പാങ്ങോട്ടുടെ ഷഷ്ടിപൂർത്തി ആഘോഷം സംബന്ധിച്ചുള്ളതാണ്. ഷഷ്ടിപൂർത്തിക്കമ്മാറിയുടെ റിപ്പോർട്ടിൻനിന്നും സാധാരണ പ്രതീക്ഷിച്ചിരിക്കാവുന്നതിൽ എത്ര അധികം തൃപ്തികരമായിട്ടാണ് ആ നിശ്ചയത്തെ നിർവഹിച്ചിട്ടുള്ളതെന്നു കാണാം. 6–ാമതു നിശ്ചയം ആവശ്യമുള്ള സ്ഥലങ്ങളിൽ നമ്മുടെ വകയായി വിദ്യാർത്ഥിസത്രം സ്ഥാപിപ്പാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും യോഗം കഴിയുന്ന സഹായം ചെയ്കയും വേണമെന്നുള്ളതാണ്. ഈ ഷഷ്ടിപൂർത്തി സ്മാരക വിദ്യാർത്ഥിസദനത്തിന്റെ നിർമ്മാണവും അതിനെ മേലാൽ സ്ഥിരമായും തൃപ്തികരമായും നടത്താനുള്ള നമ്മുടെ ഉദ്യമവും, ആ നിശ്ചയത്തിന്റെ നിർവഹണം തന്നെയാണല്ലോ. നമ്മുടെ ഇടയിൽ വിദ്യാഭ്യാസമുള്ളവരുടെ സംഖ്യ വർദ്ധിപ്പിപ്പാൻ ശ്രമിക്കേണമെന്നുള്ള 5–ാമതു നിശ്ചയത്തെ സംബന്ധിച്ചുള്ള പ്രവൃത്തിയുടെ ഫലമായാണ് നാളെ രാവിലെ എഡ്യൂക്കേഷൻ ഡിപ്യൂട്ടി ഡയറക്ടരുടെ അദ്ധ്യക്ഷതയിൽ ഇവിടെ സംസ്ഥാനം ഒട്ടുക്കുള്ള ഈഴവ പ്രതിനിധികളുടെ ഒരു മഹാസഭ കൂടാൻ പോകുന്നത്. ആ സഭമൂലമായി തിരുവിതാംകൂറിലെ ഈഴവരുടെ പ്രാഥമിക വിദ്യാഭ്യാസ സ്ഥിതി വേഗത്തിൽ ഒരാശാസ്യമായ നിലയിൽ എത്തുമെന്നുള്ളതു നിരാക്ഷേപമാണ്. യോഗ നിബന്ധനകളെ പരിഷ്കരിക്കയും അവയിൽ ആവശ്യമുള്ള ഭേദഗതികൾ വരുത്തുകയും ചെയ്യുന്നതിനും

Digitized By Kerala Sahitya Akademi

തിനായി ഏർപ്പെടുത്തിയ കമ്മിറ്റിയുടെ പ്രവൃത്തികൾ പല അസൗകര്യങ്ങളാൽ ഇതുവരെ നിർവഹിച്ചിട്ടില്ല. നടത്തേണ്ട കാലം അതിക്രമിക്കുന്നു എന്നുള്ളതു വിശേഷിച്ചും ശ്രദ്ധിക്കേണ്ട സംഗതിയാണ്. സ്വാമിതൃപ്പാദങ്ങൾ ചൈതന്യ സ്വാമി അവർകൾക്ക് എഴുതിക്കൊടുത്ത മുക്ത്യാർ നാമാവ് റദ്ദു ചെയ്യേണ്ട ആവശ്യകതയേയും മറ്റും പറ്റിയുള്ള 22–ാമത്തെ നിശ്ചയത്തെ അന്യഥാവ്യാഖ്യാനിച്ചും മറ്റും അവിടത്തെ പാർശ്വവർത്തികൾ അവിടത്തെ ഹൃദയത്തിൽ അതൃപ്തി ജനിപ്പിക്കയാണു ചെയ്തത്. എങ്കിലും തത്സംബന്ധമായി കഴിഞ്ഞ മിഥുനത്തിൽ തൃപ്പാദങ്ങൾ കുറ്റാലത്തു വിശ്രമിക്കുന്ന അവസരത്തിൽ ഞാനും വേലായുധൻ സിക്രട്ടറിയും ചെന്നു സന്ദർശിക്കയും സംഗതികളുടെ വാസ്തവം ഉണർത്തിക്കയും ചെയ്തു. അതിനുശേഷം ഷഷ്ടിപൂർത്തി സ്മാരക ശ്രമങ്ങളെ അഭിനന്ദിച്ചു കർക്കടകാവസാനത്തിൽ തൃപ്പാദങ്ങൾ ഇവിടെ വരികയും മന്ദിരത്തിന്റെ പണികളും മറ്റും കണ്ടു തൃപ്തിപ്പെടുകയും വേണ്ട ഉപദേശങ്ങൾ ആ വിഷയത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അദ്ധ്യക്ഷന്റെ നിലയിൽ അവിടത്തേക്ക് ആലുവായിൽ അയയ്ക്കുന്ന കത്തുകളും മാറും അദ്വൈതാശ്രമാധികൃതൻമാർ വാങ്ങി നിഷേധിച്ചു എന്നും മാറും എഴുതി മടക്കി അയയ്ക്ക പതിവാകയാൽ കത്തുമൂലം പതിവുപോലെ സംഗതികൾ ഉണർത്തിപ്പാൻ അസൗകര്യം നേരിട്ടിരിക്കുന്ന വിവരം കൂടി വ്യസനപൂർവം ഇവിടെ സൂചിപ്പിക്കേണ്ടിയിരിക്കുന്നു.

സർക്യൂട്ട്

ഡിപ്യൂട്ടേഷൻ സംബന്ധിച്ച് തൃശ്ശൂരും സ്വാമിതൃപ്പാദങ്ങളെ സന്ദർശിപ്പാൻ കുറ്റാലത്തും പോയിട്ടുള്ളതിനു പുറമേ സഭകൾ സംബന്ധിച്ചും മാറും ഒരിക്കൽ കോട്ടാർ വരെയും ഒരിക്കൽ എറണാകുളം വരെയും യോഗാംഗങ്ങളെ ചേർക്കുന്നതിനും മറ്റുമായി കൊട്ടാരക്കര കുന്നത്തുനാട് ഈ താലൂക്കുകളിലും ഞാൻ പ്രസ്താവ കൊല്ലത്തിൽ സഞ്ചരിച്ചിട്ടുണ്ട്. ഭാരവും ഉത്തരവാദവുമേറിയ പല ജോലികളാൽ ആഫീസുവിട്ടുപോവാൻ തരമാകാത്തതിനാൽ സഞ്ചാരത്തിന് ഇതിലധികം സമയവും ലഭിച്ചിട്ടില്ല. വിശേഷിച്ചു സഞ്ചാരത്തിനു സിക്രട്ടറിയായി ശിവപ്രസാദസ്വാമി അവർകളെ പ്രത്യേകം നിശ്ചയിച്ചിരിക്കുന്നതിനാൽ ജനറൽ സിക്രട്ടറിയുടെ സഞ്ചാരം ഇക്കൊല്ലം പ്രതീക്ഷിതമായുമിരുന്നില്ല.

സഞ്ചാര സിക്രട്ടറി

ശിവപ്രസാദ സ്വാമികൾ, കൊട്ടാർ, കാർത്തികപ്പള്ളി, മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ലാ, മുതലായ സ്ഥലങ്ങളിലും കൊച്ചിയിലും മല

Digitized By Kerala Sahitya Akademi

ബാറിലും സഞ്ചരിക്കയും പ്രസംഗങ്ങൾ ചെയ്കയും ചെയ്തിട്ടുണ്ട്. എന്നാൽ സഞ്ചാര സിക്രട്ടറിയുടെ നിലയിൽ യോഗത്തിൽ അധിക മെംബർ മാരെ ചേർക്കുക മുതലായ സംഗതികളിൽ പ്രതീക്ഷിച്ചിരുന്ന പോലെ ഒന്നും അദ്ദേഹത്തിനു ചെയ്വാൻ പല കാരണങ്ങളാൽ സാധിച്ചിട്ടില്ല. ഷഷ്ടിപൂർത്തി സംബന്ധിച്ച് അദ്ദേഹം കുറെ സംഭാവനകൾ പിരിച്ച് ഏൽപ്പിച്ചിട്ടുണ്ട്. മദ്ധ്യ തിരുവിതാംകൂർ ഷഷ്ടിപൂർത്തി സ്മാരക വിദ്യാർത്ഥി മന്ദിരത്തിന്റെ പ്രവൃത്തികളിലും മററും അദ്ദേഹം ഗണ്യമായ യത്നം ചെയ്തിട്ടുണ്ട്.

ക്ഷേത്രങ്ങൾ

അരുവിപ്പുറം, ശിവഗിരി ഈ രണ്ടു ക്ഷേത്രങ്ങളുമാണ് യോഗത്തിന്റെ സാക്ഷാൽ അധീനതയിലുള്ളത്. ദേവസ്വം സിക്രട്ടറി മംഗലശ്ശേരി ഗോവിന്ദൻ ആശാൻ അവർകൾ ശിവഗിരി ദേവസ്വം വക കാര്യങ്ങൾ മാത്രമാണു മേൽനോട്ടം ചെയ്യാറുള്ളത്. പ്രസ്താവ കൊല്ലത്തിൽ ക്ഷേത്ര സംബന്ധമായി പറയത്തക്ക യാതൊന്നും നടന്നിട്ടില്ല. ശിവഗിരിയിലെ പൂയം ഉത്സവം മുടങ്ങിയിരുന്നു എന്നുള്ളതു കൂടി പ്രസ്താവ യോഗ്യമത്രെ. എന്നാൽ ഇപ്പോൾ വീണ്ടും ശിവഗിരിയിൽ ഇക്കൊല്ലം പതിവു പോലെ ജനങ്ങളിൽ നിന്നു വരിപിരിച്ചു ഉത്സവം നടത്തപ്പെട്ടിരിക്കുന്നു. അരുവിപ്പുറം ശിവരാത്രി മഹോത്സവം സംബന്ധിച്ചും ചില സാരമായ ഏർപ്പാടുകൾ ചെയ്തു തുടങ്ങിയിരിക്കുന്നു. ഇവ വത്സരം കഴിഞ്ഞുള്ള സംഭവങ്ങളാകയാൽ ഇവിടെ വിവരിക്കുന്നില്ല. അരുവിപ്പുറത്തെ നിത്യനിദാനങ്ങൾ ഇപ്പോഴും അവിടത്തെ വരുമാനം കൊണ്ടുതന്നെ നടന്നു പോകയാകുന്നു. ശിവഗിരിയിലെ കഴിഞ്ഞ വത്സരത്തെ വരവു ചിലവു കണക്കുകളുടെ ചുരുക്കം അടിയിൽ ചേർക്കുന്നു. ദേവസ്വം വക പണവും കണക്കും ദേവസ്വം സിക്രട്ടറിയുടെ അധീനതയിൽ വച്ചിരിക്കയാകുന്നു.

91 മുതൽ 92 അവസാനം വരെ

വരവ്	രൂ. ച. കാ.	ചിലവ്	രൂ. ച. കാ.
ഭണ്ഡാരത്തിൽനിന്നും	272–3–6	അടിച്ചുതളിവകയ്ക്ക്	21–9–12
പാട്ടം നെല്ലു മുതലായതു വിററുവരവ്	197–7–0	ഊൺമുതലായ വകയ്ക്ക്	134–6–15
അമാവാസി	7–0–0	മരാമത്ത് ,,	123–22–12
ചില്ലറ വരവ്	8–0–0	പൂജവകയ്ക്ക്	113–3–4
സദ്യ വകയ്ക്ക്	24–0–0	വിശേഷാൽയാത്രച്ചിലവ് ധർമ്മം മുതലായത്	53–22–4
		സ്റ്റേഷനറി	9–10–4
		തൈപ്പൂയം	7–27–8
		കരം	18–13–3
		ബാക്കിയിരിപ്പ്	40–8–8
സംഭാവന	14–0–0		
ആകെ	522–10–6	ആകെ	522–10–6

Digitized By Kerala Sahitya Akademi

മേലാൽ ഈ കണക്കുകൾ യോഗം വക കണക്കുകളോടു ചേർത്തു ബാലൻസ് ഷീറ്റിൽ കൊള്ളിപ്പാൻ സൗകര്യമുണ്ട്. ദേവസ്വം സിക്രട്ടറി സ്ഥലത്തില്ലാത്തിനാൽ ശിവഗിരി വക കാര്യങ്ങൾ വേണ്ടത്ര തൃപ്തികരമായി നടക്കുകയില്ലെന്നു പറഞ്ഞതിരുന്നു.

സംസ്കൃത പാഠശാല

ശിവഗിരി പാഠശാല മാത്രമാണ് യോഗത്തിന്റെ നേരേ ഭരണത്തിലും ചിലവിലും ഇരിക്കുന്നത്. പ്രധാനാദ്ധ്യാപകൻ ഗോവിന്ദനാശാൻ അവർകളുടെ ശമ്പളം മുഴുവൻ യോഗത്തിൽ നിന്നു പതിവുപോലെ കൊടുത്തുവരികയും ഫീസു പിരിവു സംബ്യയിൽ നിന്നു വേറൊരു അദ്ധ്യാപകനു ശമ്പളം കൊടുക്കയുമാണ് ഇപ്പോഴും ചെയ്തു വരുന്നത്. പഠിത്ത ക്രമങ്ങളും മുമ്പിലത്തേതു തന്നെ. കുട്ടികളുടെ സംഖ്യ ചിലപ്പോൾ വർദ്ധിച്ചു വരുന്നുണ്ട്. രജിസ്റ്ററിൽ ഇപ്പോൾ ആകെ 26 കുട്ടികളാണുള്ളത്. ശരാശരി ഹാജർ കുറവില്ല. പാഠശാലയെ പരിഷ്കരിച്ച് അഭിവൃദ്ധിപ്പെടുത്തേണ്ടതാവശ്യമായിരിക്കുന്നു.

വിവേകോദയം

യോഗം വക ഈ മാസിക പതിവുപോലെ നടന്നു വരുന്നു. ഇക്കുറി 12-നമ്പർ പുറപ്പെടുവിച്ചിട്ടുണ്ട്. ക്രിപ്തകാലങ്ങളിൽ പുറപ്പെടാതിരിക്കുന്നത് ആഫീസിലെ പല ജോലിത്തിരക്കുകളാൽ മാത്രമാണ്. അധികം ജോലിക്കാരെ വച്ചു തത്സംബന്ധമായ കാര്യങ്ങൾ പ്രത്യേകം നടത്തത്തക്കവണ്ണം ഇപ്പോഴത്തെ വ്യവസ്ഥയും ധനസ്ഥിതിയും അനുവദിക്കുന്നില്ല. ഇപ്പോഴത്തെ നിലയിൽ അതു ധനസംബന്ധമായി നോക്കിയാൽ യോഗത്തിനു നഷ്ടമായാണു കാണുന്നത്. കടലാസിന്റെ വിലകൂടുതലും യോഗാംഗങ്ങൾക്ക് ഒരു കരുതിൽ കൊടുക്കുന്ന വ്യവസ്ഥയും ആണു നഷ്ട കാരണങ്ങൾ. എന്നാൽ ആ കാരണങ്ങളാൽ ഇതു കൂടാതെ കഴിക്കാൻ നോക്കുന്നതു വിവേകമായിരിക്കയില്ല. നേരേമറിച്ച് തൃപ്തികരമായ വല്ല വ്യവസ്ഥയിൻമേലും ഇതിനെ ഒരു പ്രതിവാരപത്രമോ മറ്റോ ആക്കി നടത്തുന്നത് അധികം ഗുണപ്രദമായിരിക്കും.

സമാജങ്ങൾ

ദേശം തോറും സഭകൾ സ്ഥാപിച്ചു നടത്തുന്നതിനെപ്പറ്റി ഇപ്പോഴും യോഗത്തിൽനിന്നു കലശലായ തൃഷ്ണ വച്ചുകൊണ്ടിരിക്കുന്നുണ്ട്. ജനങ്ങൾ സമുദായാഭിവൃദ്ധികരമായ സംഗതികളിൽ ഏതിനെയെങ്കിലും മുൻനിർത്തി നടത്താറുള്ള സഭകൾക്ക് അവസരമുള്ളപ്പോഴൊക്കെ കഴിയുന്ന സഹായങ്ങളും യോഗം ചെയ്യാറുണ്ട്. എന്നാൽ ഈ സഭകളെ എല്ലാം കൂട്ടിച്ചേർത്തു ഒരു വ്യവസ്ഥയിൽ നടത്തി അന്യോന്യമായും പൊതുവായും

Digitized By Kerala Sahitya Akademi

അവയുടെ ഉപയോഗത്തേയും കാര്യക്ഷമതയേയും വർദ്ധിപ്പിച്ച് ഉദ്ദേശങ്ങളെ തൃപ്തികരമായും സ്ഥിരമായും നിറവേറ്റത്തക്ക നിലയിലെത്തിപ്പാൻ ഇതുവരെ സാധിച്ചിട്ടില്ല. സഭകൾ സ്ഥാപിച്ചു നടത്താനുള്ള താൽപര്യവും ആവശ്യകതയും ഇപ്പോൾ ജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവർദ്ധിച്ചുതന്നെ വരികയുമാകുന്നു. മദ്ധ്യതിരുവിതാംകൂറിൽ പലഭാഗങ്ങളിലായി അനേകസഭകൾ ഉണ്ട്. പുത്തനായി പലസഭകളും ഉണ്ടായിവരികയും ചെയ്യുന്നുണ്ട്. ഒട്ടുവളരെ സഭകൾ നാമമാത്രമായി യോഗത്തോടു ഘടിപ്പിക്കപ്പെട്ടുമിരിക്കുന്നു. യോഗത്തിൽ അംഗങ്ങളെപ്പോലെ ഓഹരികൾ എടുത്തു ചേർന്നിട്ടുള്ളതായും ചിലസമാജങ്ങളെല്ലാമുണ്ട്. എന്നാൽ ഇവയുടെ എല്ലാം സ്വഭാവങ്ങളേയും പ്രവൃത്തികളേയും ശക്തിയേയും പറഞ്ഞു വിവരമായി അറിയാനും ഏതെങ്കിലും വ്യവസ്ഥയനുസരിച്ചു പെരുമാറാനും ഇപ്പോഴത്തെ സ്ഥിതിയിൽ സാദ്ധ്യമാകുന്നില്ല. സമാജങ്ങളെപ്പറ്റി ആവശ്യമുള്ള മേല്പ്പറഞ്ഞ വിവരങ്ങൾ എല്ലാം അറിവിച്ചുതരാൻ ആവശ്യപ്പെട്ടുകൊണ്ട് ഈയിടെ വിജ്ഞാപനങ്ങൾ പ്രസിദ്ധപ്പെടുത്തി നോക്കി. അതിനു പറയത്തക്ക ഫലമൊന്നുമുണ്ടായിട്ടില്ല. എന്നാൽ പലസ്ഥലങ്ങളിലുമായി അനവധി സമാജങ്ങൾ തിരുവിതാംകൂറിലും കൊച്ചിയിലുമുണ്ട്. അവയുടെ കീഴിൽ പലസംഗതികൾ നടക്കുന്നുണ്ട്. അവയിൽ ചിലതെല്ലാം വളരെ ശക്തിയോടുകൂടി വർദ്ധിച്ചുവരുന്നുമുണ്ട്. കൊച്ചി സംസ്ഥാനത്തെ മുഴുവൻ വ്യാപിക്കുന്ന ഒരു മഹാസഭ കൊച്ചി ഈഴവസമാജം എന്നപേരിൽ രണ്ടുകൊല്ലമായി ആരംഭിച്ചു പ്രശസ്തമായ വിധത്തിൽ നടത്തപ്പെട്ടുവരുന്നുണ്ട്. മലബാറിൽ തലശ്ശേരിയിലെ ജ്ഞാനോദയയോഗമല്ലാതെ സാമുദായികമായ മറ്റുസമാജങ്ങൾ നമുക്കുള്ളതായറിയുന്നില്ല. ആചാരപരിഷ്കരണ സംബന്ധമായും. വിദ്യാഭ്യാസ സംബന്ധമായും മതസംബന്ധമായും മറ്റുമുള്ള പ്രവൃത്തികൾ തൃപ്തികരമായ വിധത്തിൽ നടത്തുന്നതിന് ഈ സഭകളെപ്പോലെ അത്ര ഉപയുക്തമായിട്ടു മറ്റൊന്നും തന്നെ ഉണ്ടാകയില്ല. അതുകൊണ്ട് ഉള്ളസഭകളുടെ സ്ഥിതികളെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടു ചെയ്കയും ആവശ്യമുള്ള സ്ഥലങ്ങളിൽ അധികം സഭകൾ സ്ഥാപിക്കയും അവയുടെ ഉദ്ദേശ്യങ്ങൾക്കും പ്രവൃത്തികൾക്കും ചില സാമാന്യതത്വങ്ങളെ അടിസ്ഥാനമാക്കി ഐകരൂപ്യം വരുത്തുകയും നിർദ്ദോഷവും അന്യോന്യം ഗുണപ്രദവുമായ വല്ലവ്യവസ്ഥയേയും അനുസരിച്ച് അവ യോഗത്തോടു ഘടിപ്പിക്കുകയും ചെയ്യുന്നതിനുള്ള പ്രത്യേക ചുമതലയോടും അധികാരത്തോടും കൂടി ശേഷിയും യോഗ്യതയുമുള്ള ഒന്നോരണ്ടോ ഉദ്ദ്യോഗസ്ഥൻമാരെ എങ്കിലും യോഗത്തിൽനിന്നു നിയമിക്കേണ്ടകാലം വൈകിയിരിക്കുന്നു. ഈ സംഗതിയെപ്പറ്റി അധികവിവരം മുൻകൊല്ലത്തെ റിപ്പോർട്ടുകളിൽ കൊടുത്തിട്ടുണ്ട്.

പൊതുവിമർശനങ്ങൾ

ആചാര പരിഷ്കരണ സംബന്ധമായ ശ്രമങ്ങൾ പലരൂപത്തിലും പല സ്ഥലങ്ങളിലും നടന്നു വരുന്നുണ്ട്. താലികെട്ടടിയന്തരം മിക്ക

Digitized By Kerala Sahitya Akademi

വാറും നാമമാത്രമായിത്തീർന്നിരിക്കുന്നു. ബുദ്ധിയും കാര്യ വിവരവും പൊതുഗുണ കാങ്ക്ഷയുമുള്ള യാതൊരീഴവനും ഇപ്പോഴും ഈ അർത്ഥ ശൂനവും അനർത്ഥ ബഹുളവുമായ ദുരാചാരത്തെ അഭിനന്ദിക്കുന്നില്ല തന്നെ. പുതിയ രീതി വിവാഹം വളരെ പ്രചരിച്ചുവരുന്നു. എന്നാൽ അതിലെ ചടങ്ങുകൾക്ക് ഇനിയും അധികം ഐകരൂപം വരേണ്ടതായുണ്ട്. തിരുവിതാംകൂറിൽ ഈഴവർക്ക് അടുത്തകാലത്ത് ഒരു നിയമം നടപ്പിൽ വരാനിടയുള്ളതുകൊണ്ട് വിവാഹത്തിനും മറ്റും സർവസമ്മതമായ ഒരു ഐകരൂപ്യവും വ്യവസ്ഥയും വരുത്തേണ്ടതിന്റെ ആവശ്യകത സാമാന്യ ത്തിലധികമായി ഇപ്പോഴും സമുദായത്തെ ഞെരുക്കുന്നുണ്ട്. വിവാഹത്തോ ചനത്തെപ്പറ്റിയും മറ്റും സമാജങ്ങളിൽ നിന്ന് ചിലപ്പോഴും അഭിപ്രായം ചോദിക്ക പതിവായിരിക്കുന്നു. അതിനെ അനുവദിച്ചോ നിഷേധിച്ചോ ഖണ്ഡിതമായ മറുപടി കൊടുപ്പാൻ പാടില്ലാത്ത സ്ഥിതിയിലാണല്ലോ തൽക്കാലാവസ്ഥ.

വിദ്യാഭ്യാസ സംബന്ധമായ സ്ഥിതിയും പ്രതീക്ഷിക്കുന്നത്ര വേഗ ത്തിലല്ലെങ്കിലും അഭിവൃദ്ധിയെ പ്രാപിച്ചുവരികയാണെന്നുള്ളത് നിഃ ക്ഷേപമാണ്. തിരുവിതാംകൂറിലെ കഴിഞ്ഞ സെൻസസിന്നു ശേഷം നമ്മിൽ വിദ്യാഭ്യാസമുള്ളവരുടെ ശതമാനം വളരെ വർദ്ധിച്ചിട്ടുണ്ട്. ഈ വർദ്ധന മറ്റു സ്ഥലങ്ങളിലും തുല്യശക്തിയോടുകൂടിയല്ലെങ്കിലും വ്യാപിച്ചിരിപ്പാനിടയുള്ളതാണ്. തിരുവിതാംകൂറിലും കൊച്ചിയിലും നമ്മുടെ കുട്ടികൾക്കു പ്രവേശനമില്ലാത്ത സ്ക്കൂളുകളുടെ സംഖ്യ ഇപ്പോഴും വളരെ കുറഞ്ഞുപോയിട്ടുണ്ട്. തിരുവിതാംകൂറിലെ നമ്മുടെ പ്രാഥമിക വിദ്യാഭ്യാസ സംബന്ധമായ സ്ഥിതിയെപ്പറ്റി നാളെ രാവിലെ ഡിപ്യൂട്ടി ഡയറക്ടർ അവർകളുടെ അദ്ധ്യക്ഷതയിൽ ഈ പന്തലിൽ കൂടുന്ന എഡ്യൂ ക്കേഷനൽ കോൺഫറൻസിൽ നിന്ന് സവിശേഷമായ വിവരങ്ങളും അറി വാൻ നമുക്ക് ഇടവരുന്നതാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലും നമ്മുടെ ഗതി മുന്നോട്ടുതന്നെയാണ്. എല്ലാ സെക്കൻറി സ്ക്കൂളുകളിലും എല്ലാ കാളേജുകളിലും നമ്മുടെ വിദ്യാർത്ഥികളുടെ സംഖ്യ വർദ്ധിച്ചുകൊണ്ടു തന്നെ വരുന്നുണ്ട്. ഇവിടത്തെ രാജകീയ കാളേജിൽ തന്നെ പത്തു പതി നഞ്ചു വിദ്യാർത്ഥികളും ഇൻറർ മീർഡിയറും, ബി. എ. ഇ ക്ലാസ്സു കളിൽ ഇപ്പോഴും പഠിച്ചു വരുന്നു. ഈ സംഖ്യ ഇതിനുമുമ്പ് ഒരിക്കലു മുണ്ടായിട്ടുള്ളതല്ല. ഈ വരുന്ന കൊല്ലത്തിൽ നിശ്ചയമായും ഇതുഗണ്യ മായ വിധത്തിൽ വർദ്ധിക്കുന്നതുമാണ്. ഈ കാളേജിൽ നിന്നുതന്നെ ഇക്കൊല്ലം മൂന്നു വിദ്യാർത്ഥികളും ബി. എ. പരീക്ഷയിൽ ചേർന്നിട്ടുണ്ട്. ഇതിന്നുമുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത ആശാസ്യമായ സംഭവമാണ്. യുവാക്കൻമാരെപോലെ തന്നെ നമ്മുടെ യുവതികളും കാളേജുകളിൽ ക്രമേണ പ്രവേശിച്ചു തുടങ്ങിയിരിക്കുന്നു. ഇൻറർ മീഡിയറും ബി. എ. യും പരീക്ഷകൾക്ക് തിരുവിതാംകൂറിലും കൊച്ചിയിലും നിന്നു തന്നെ നമ്മുടെ യുവതികളിൽ ചിലരെല്ലാം ഇക്കുറി ചേർന്നിട്ടുമുണ്ട്. ഇന്നു വൈകുന്നേരം ഇവിടെ കൂടുന്ന സ്ത്രീ സാമാന്യത്തിലെ അദ്ധ്യക്ഷയും

Digitized By Kerala Sahitya Akademi

സ്വീകരിച്ചിരിക്കുന്ന ശ്രീമതി കെ. ഗൗരിയമ്മ ഇക്കൊല്ലത്തെ പരീക്ഷയിൽ ചേർന്നു ബി. എ. ബിരുദു സമ്പാദിച്ച ദേഹമാണ്. ഇവരുടെ സാന്നിദ്ധ്യത്താൽ പ്രോത്സാഹിതകളായി അനേക ബാലികകളും അടുത്ത ഭാവിയിൽ ഈ മാതിരി ഉയർന്ന പരീക്ഷകളും ജയിച്ചു സമുദായത്തിന്നലംകാരഭൂതകളായിത്തീരുമെന്നു നമുക്കാശിക്കാം.

വ്യവസായ സംബന്ധമായ നമ്മുടെ അഭിവൃദ്ധിക്കു യുദ്ധാരംഭത്തിൽ നേരിട്ട ഭയങ്കരമായ പരുക്കു് ഇതുവരെ ശമിച്ചിട്ടില്ല. തത്സംബന്ധമായി മുന്നവസരങ്ങളിൽ പ്രസ്താവിച്ചിച്ചിട്ടുള്ളതിൽ നിന്നു് അധികമായി ഇവിടെ ഒന്നും പറയേണ്ടതായിട്ടില്ല. മലബാർ എക്കണോമിക് യൂണിയൻ വകയായ പ്രവൃത്തികളും ഇപ്പോളും ആശാസ്യമായ നിലയിൽ ഇരിക്കുന്നതായി പറയാൻ തരമില്ല.

മത സംബന്ധമായ നമ്മുടെ അഭിവൃദ്ധിയെപ്പറ്റിയും വിശേഷിച്ചൊന്നും ഇപ്പോളും പ്രസ്തുവിപ്പാനില്ല. ദേവാലയങ്ങളും പലതും നല്ല നിലയിൽ നടന്നു വരികയും പുതിയ ദേവാലയങ്ങളും ഉണ്ടാവുകയും ചെയ്യുന്നുണ്ടു്. എന്നാൽ സമുദായത്തിൽ പുതിയ വിദ്യാഭ്യാസത്തോടുകൂടി വർദ്ധിച്ചുവരുന്ന സ്വതന്ത്ര രുചിക്കും സ്വാഭിമാനത്തിനും അശേഷം യോജിക്കാത്ത ജാതി ശല്യം നിമിത്തം ബ്രാഹ്മണമതത്തോടു് ഉത്പതിഷ്ണുക്കളായ പലർക്കും ഉള്ളിൽ ഒരു അതൃപ്തി തോന്നിത്തുടങ്ങിട്ടുണ്ടെന്നുള്ള വസ്തുത അപലപിക്കാവുന്നതല്ല.

സമുദായ പ്രതിനിദ്ധ്യത്തെ മുൻനിർത്തിയുള്ള കൃത്യങ്ങളും എല്ലാം യോഗം യഥാവസരം പതിവുപോലെ അനുഷ്ഠിച്ചുവരുന്നുണ്ടു്. കൊച്ചി ദിവാൻജിയുടെ അടുക്കൽ ഡിപ്യൂട്ടേഷൻ പോയ സംഗതി മറൊരുദിക്കിൽ പ്രസ്താവിച്ചിട്ടുണ്ടു്. തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ കഴിഞ്ഞ 59-ാമതു തിരുവയസ്സു സംബന്ധിച്ചു പതിവുപോലെ മംഗളാശംസ സമർപ്പിക്കുകയും തിരുമനസ്സുകൊണ്ടു കൃതജ്ഞതാ സൂചകമായി കല്പിച്ചു മറുപടി അയയ്ക്കുകയും ചെയ്തിട്ടുണ്ടു്. ബഹുമാനപ്പെട്ട ദിവാൻ ബഹദൂർ പി. രാജഗോപാലാചാരി അവർകൾക്കു് മദ്രാസ് ഗവർണ്ണരുടെ എക്സിക്യൂട്ടീവ് കൗൺസിലിൽ മെംബർസ്ഥാനം ലഭിച്ചതിനെ അനുമോദിച്ചയച്ച സന്ദേശത്തിനു് അദ്ദേഹവും സ്നേഹപൂർവം നന്ദിപറഞ്ഞു മറുപടി അയച്ചുതന്നിട്ടുണ്ടു്. യോഗംവകയായി ഒരു സേവാ കീർത്തിമുദ്ര ശ്രീമാൻ മൂലൂർ എസ്. പത്മനാഭപ്പണിക്കർ അവർകൾക്കു് കഴിഞ്ഞ പൊതുയോഗത്തിൽവച്ചു സമ്മാനിച്ചു. ശ്രീമതി കൗസല്യയമ്മ ബി. എ. എൽ. റ്റി. അവർകൾക്കു സമ്മാനിപ്പാൻ അനുവദിച്ച സ്വർണ്ണമുദ്ര തലശ്ശേരിയിൽ ഒരു പൊതുജന യോഗം കൂടി അതിൽവച്ചു പരസ്യമായി നൽകാൻ ആലോചിച്ചു വരുന്നു. ശ്രീമതി ഗൗരിയമ്മ ബി. എ. അവർകൾക്കു സ്ത്രീസമാജം വകയായ ഒരു സ്വർണ്ണ

Digitized By Kerala Sahitya Akademi

കീർത്തിമുദ്ര നാളെ സംബന്ധിക്കുന്ന പബ്ലിക് മീറ്റിംഗിൽ ദിവാൻജി അവർകൾ സമ്മാനിപ്പാൻ സദയം സമ്മതിച്ചിരിക്കുന്നു.

നിർദ്ദേശങ്ങൾ

യോഗത്തിന്റെയും സമുദായത്തിന്റെയും അഭിവൃദ്ധിയെ ഉദ്ദേശിച്ച് അനേക ഉപദേശങ്ങളും നിർദ്ദേശങ്ങളും നിശ്ചയങ്ങളും യോഗം വക രേഖകളിൽ കാൺമാനുണ്ട്. അവയിൽ പലതും വളരെ നല്ലവയും പ്രായോഗികമായുള്ളവയുമാണ്. അവയെ എല്ലാം ആവർത്തിച്ചു പറയേണ്ട ആവശ്യകതയില്ല. വഹിപ്പാൻ വേണ്ട ശക്തിയും സൗകര്യവും ഉണ്ടാകുമ്പോൾ യോഗം അവയെ നിർവഹിക്കുന്നതായിരിക്കും. ശക്തിയും സൗകര്യവും യോഗത്തിനു നൽകേണ്ടതു നമ്മിൽ ഓരോരുത്തരുടെയും ചുമതലയാണ്. അതുകൊണ്ട് ഉടനേ ചെയ്യേണ്ടതും അത്യന്താപേക്ഷിതവുമായ ചില സംഗതികളെ മാത്രം താഴെ നിർദ്ദേശിക്കുന്നു.

(1) സമാജങ്ങളെ എല്ലാ സ്ഥലങ്ങളിലും സ്ഥാപിക്കയും യോഗത്തോടു ഘടിപ്പിക്കയും ചെയ്യുന്നതിനുവേണ്ട ഒന്നോ അധികമോ പ്രത്യേക ഉദ്യോഗസ്ഥൻമാരെ നിയമിക്കണം.

(2) ഷഷ്ടിപൂർത്തി വിദ്യാഭ്യാസ സദനത്തെ തൃപ്തികരമായി നടത്താൻ വേണ്ട സകല വ്യവസ്ഥയും ചെയ്യണം.

(3) അംഗങ്ങളുടെ സംഖ്യയെ വർദ്ധിപ്പിപ്പാൻ അധികം കാര്യക്ഷമമായ ഏതെങ്കിലും ഏർപ്പാടുചെയ്യണം. കുടിശ്ശികയുള്ള അംഗങ്ങളിൽ നിന്നു പണം വസൂലാക്കുന്നതിനെപ്പറ്റി തൃപ്തികരവും ഖണ്ഡിതവുമായ വ്യവസ്ഥകൾ നിർദ്ദേശിപ്പാൻ ഒരു കമ്മിറ്റിയെ അധികാരപ്പെടുത്തുകയും ആ കമ്മിറ്റിയുടെ നിർദ്ദേശങ്ങളെ അനുസരിച്ചു പ്രവൃത്തിപ്പാൻ ബോർഡിന് അനുവാദം നൽകുകയും വേണം.

(4) ദേവസ്വം കമ്മിറ്റിയെ നവീകരിക്കയും അതിന്റെ കൃത്യങ്ങളെ തൃപ്തികരമായി ഉടനേ നിറവേറ്റാൻ വേണ്ടതു ചെയ്കയും വേണം.

(5) യോഗ നിബന്ധനകളെ പരിഷ്കരിപ്പാൻ ഏർപ്പെടുത്തിയ കമ്മിറ്റിയെ ത്വരിപ്പിച്ചു നിബന്ധനകളിൽ അപേക്ഷിതമായ പരിഷ്കാരങ്ങളും ഭേദഗതികളും ഉടനേ വരുത്തണം.

(6) കരുണാനിധിയായ തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ അടുത്തു വരുന്ന ഷഷ്ടിപൂർത്തി മംഗളാവസരത്തെ യോഗം എങ്ങനെ കൊണ്ടാടണമെന്നുള്ളതിനെപ്പറ്റി ഇപ്പോഴേ ആലോചിച്ചു സമുചിതമായ ഏർപ്പാടുകൾ ചെയ്യണം.

Digitized By Kerala Sahitya Akademi

അനുശോചനം

സമുദായത്തിൽ ഏറ്റവും ഗണ്യമായ സ്ഥാനത്തിൽ നിന്നിരുന്ന മൂന്നു യോഗ്യൻമാരുടെ അടുത്തടുത്തുണ്ടായ അകാലമരണത്തെ അഗാധമായ വ്യവസനത്തോടുകൂടി നാം അനുശോചിക്കേണ്ടിവന്നിരിക്കുന്നു. ശ്രീമാൻ എ. കെ. പുരുഷോത്തമൻ അവർകൾ, വി. കേശവൻ ആശാൻ അവർകൾ, തിരുവല്ലാ മജിസ്ത്രേട്ടായിരുന്ന വാരണപ്പള്ളിൽ എസ്. പത്മനാഭപ്പണിക്കർ ബി. എ. ബി. എൽ. അവർകൾ ഈ പുരുഷ രത്നങ്ങളെയാണു സൂചിപ്പിക്കുന്നതെന്നു പറയേണ്ടതില്ലല്ലോ. സമുദായ സ്നേഹിയും ധനവാനും വ്യവസായിയും ആയിരുന്ന പുരുഷോത്തമൻ അവർകളുടേയും വലിയ സംസ്കൃത വിദ്വാനും ഒരു കവിയും ഗുണവാനും സമുദായ നേതാക്കൻമാരിൽ ഒരാളുമായ വി. കേശവൻ ആശാൻ അവർകളുടേയും അപരിഹാര്യമായ നഷ്ടം സഹിച്ചു വേദന മാറുന്നതിനു മുമ്പിൽ മർമ്മഭേദകമായ പത്മനാഭപ്പണിക്കരുടെ മരണ വൃത്താന്തശല്യം നമ്മെ ഇങ്ങനെ പീഡിപ്പിക്കുമാറായതു കഠിനമായ ദുർവിധി വിപാകഫലം തന്നെ ആകുന്നു. പണിക്കർ യോഗത്തിന്റെ ഒരു ഉറ്റ ബന്ധുവും കൃത്യനിഷ്ഠ, സത്യസന്ധത, ദീനാനുകമ്പ മുതലായ ഉൽകൃഷ്ട ഗുണങ്ങളുടെ വിളനിലവും നമ്മുടെ വർഗ്ഗത്തിൽ ഉയർന്നതരം പരീക്ഷകൾ പാസ്സായവരിൽ ഒരാളും ഒരു മാതൃകാ ഉദ്യോഗസ്ഥനും, യുവാവുമായിരുന്നു. അദ്ദേഹത്തിന്റെ പരിതാപകരമായ മരണത്തിനു ഹേതുവായ സംഗതികൾ അന്യാദൃശങ്ങളും അഭിമാനികൾക്കു കേവലം അസഹനീയങ്ങളുമായിരിക്കുന്നു. മഹാരാജാവു തിരുമനസ്സിലെ കരുണയേറിയ ഗവൺമെൻറ് അതിനെപ്പറ്റി അന്വേഷിപ്പാൻ ഊർജ്ജിതമായ ഏർപ്പാടുകൾ ചെയ്യുന്നുണ്ട്. ജാതി നിമിത്തമായ സങ്കടങ്ങളിൽ പെട്ടുഴലുന്ന തന്റെ സമുദായത്തെ ജീവിതത്തേക്കാൾ മരണം കൊണ്ടനുഗ്രഹിപ്പാനായിരിക്കാം ധർമ്മ ശൂരനും സമുദായ സ്നേഹിയുമായ ഈ പുരുഷ കേസരി ജീവിച്ചത്. വിധി വൈചിത്ര്യമാർക്കറിയാം. കേശവൻ ആശാൻ അവർകളുടെ സ്മാരകമായി ഏറ്റവും അർഹതയുള്ള സംസ്കൃത വിദ്യാർത്ഥികൾക്കു യോഗം ജനറൽ മീറ്റിംഗിൽവച്ചു കൊല്ലം തോറും ഓരോ കീർത്തിമുദ്ര സമ്മാനിക്കേണ്ട സംഗതിയെപ്പറ്റി ഇംഗ്ലണ്ടിൽ പഠിച്ചു താമസിക്കുന്ന ശ്രീമാൻ നാണുപ്പണിക്കരവർകളും ശ്രീമാൻ പല്പു ആശാൻ അവർകളും കത്തുമൂലം അഭിപ്രായപ്പെടുന്ന വിവരം കൂടി ഈ അവസരത്തിൽ പ്രസ്താവിച്ചു കൊള്ളുന്നു.

ഉപസംഹാരം

ആകപ്പാടെ നോക്കിയാൽ യോഗത്തിന്റെയും സമുദായത്തിന്റെയും സ്ഥിതി കാലസ്ഥിതിക്കനുരൂപമായി വർദ്ധിച്ചു വരുന്നുണ്ടെന്ന് ആർക്കും കാണാവുന്നതാണ്. യോഗത്തിന്റെ ധനസ്ഥിതി നിശ്ചയമായും വർദ്ധിച്ചുവരികയാണെന്ന് ധനസ്ഥിതി വിവരപ്പട്ടികയിൽ

Digitized By Kerala Sahitya Akademi

(Statement of Assets and Liabilities) നിന്നു കാണാം. ഷഷ്ടിപൂർത്തി ക്കമ്മിറിയുടെ ചിലവു കഴിച്ചുള്ള ബാക്കി യോഗംസ്വത്തോട് ഇപ്പോഴും ചേർത്തിട്ടില്ല. അതുകൂടി ചേരുമ്പോൾ യോഗംവക സ്വത്തിൽ 1600-ൽ ചിലവാനം ക. കൂടി അധികപ്പെടുന്നതും അപ്പോൾ യോഗംവക സ്വത്ത് ആകെ 81500-ൽ ചിലവാനത്തിൽ നിന്നു 83000-ൽ ചിലവാനം ആയിത്തീരു ന്നതുമാണ്. യോഗത്തിന്റെ ഭാവി എല്ലാംകൊണ്ടും പ്രകാശമാനമായിട്ടുള്ള താകുന്നു. യുദ്ധ സംബന്ധമായ ക്ഷാമംകഴിഞ്ഞു വ്യവസായങ്ങൾ പൂർവസ്ഥിതിയെ പ്രാപിച്ചാൽ നിശ്ചയമായും ഗുണകരങ്ങളായ പല മാർഗ്ഗങ്ങളിൽ യോഗത്തിന്റെ ധനസ്ഥിതിയെ വേഗത്തിൽ വർദ്ധിപ്പി ക്കാവുന്നതാണ്. ജർമ്മനിയുടെ ആസുരമായ യുദ്ധാഭിനിവേശത്തിന്റെ യും രാക്ഷസ നയങ്ങളുടേയും ഫലമായി ഇന്നു ഭൂലോകം മുഴുവൻ അനു ഭവിച്ചുവരുന്ന അവാച്യങ്ങളായ നാനാവിധ കഷ്ടതകൾക്ക് അചിരേണ ആന്ത്യന്തികമായ ശമനമുണ്ടാക്കാൻ നീതിയുടേയും കാരുണ്യത്തിന്റെയും വിളനിലമായ ഇംഗ്ലണ്ടിനേയും ബന്ധുരാജ്യങ്ങളേയും ധർമ്മസ്ഥാപന പ്രവൃത്തമായ ഈശ്വര ശക്തി സവിശേഷമനുഗ്രഹിക്കുമാറാകട്ടെ.

തൽക്കാലം പറയാനുള്ളതു പറഞ്ഞു കഴിഞ്ഞു. ഈ 14–ാമതു പൊതു യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിപ്പാൻ സമ്മതിച്ച സമുദായ സ്നേഹത്തെ മുൻ നിർത്തി അനേക കൃത്യാന്തരങ്ങളേയും ദീർഘമായ യാത്രാക്ലേശത്തെയും ഗണ്യമാക്കാതെ തലശ്ശേരിയിൽ നിന്നും ഇവിടെ എത്തി ഈ അഗ്രാസനം അലങ്കരിച്ചിരിക്കുന്ന പാലക്കാട്ടു വിക്ടോറിയാ കാളേജു പ്രിൻസിപ്പാൾ ശ്രീമാൻ പി. ശങ്കുണ്ണി എം. എ. എൽ. ടി. അവർകൾക്കു യോഗത്തിന്നു വേണ്ടി ഒന്നാമതായി ഹൃദയപൂർവം വന്ദനം പറഞ്ഞുകൊള്ളുന്നു. ഈ യോഗ ത്തെ ഇത്ര തൃപ്തികരമായി നടത്താൻ സർവാത്മനാ ശ്രമം ചെയ്തിട്ടുള്ള കമ്മിറ്റി മെംബർമാർക്കും സിക്രട്ടറിമാർക്കും വാളൻറിയർമാർക്കും മറെറല്ലാ യോഗ്യൻമാർക്കും പൊതുവായും പ്രത്യേകമായും വന്ദനം പറഞ്ഞുകൊള്ളു ന്നു. യോഗം കൂടുന്നതിനായി ഇക്കുറി ഭംഗിയും സൗകര്യവുമുള്ള ഈ സ്ഥലം ലഭിച്ചതിനെപ്പററി നമ്മുടെ സ്വാമി തൃപ്പാദങ്ങളുടെ സ്മരണീയ മായ ഷഷ്ടിപൂർത്തിക്കല്ലാതെ മറെറാർക്കും നാം നന്ദി പറയേണ്ടതില്ലെന്നുള്ള വസ്തുത കൂടി അസാമാന്യമായ ചാരിതാർത്ഥ്യത്തോടെ പ്രസ്താവിച്ചു കൊണ്ട് ബാലൻസ്ഷീററു സഹിതം ഈ റിപ്പോർട്ടു സമർപ്പിച്ചു കൊള്ളുന്നു.

തിരുവനന്തപുരം
14–5–1917

എൻ. കുമാരൻ ആശാൻ
ജനറൽ സിക്രട്ടറി

വിവേ: 1092 മേടം, ഇടവം

Digitized By Kerala Sahitya Akademi

1094 മേടം 28–ം 29–ം (1919 മേയ് 11–ം 12–ം)നു കളിൽ കായം കുളം ഹയർ ഗ്രേഡ് വെർണാക്കുലർ സ്കൂൾ ഹാളിൽ വച്ചു കൂടിയ 16–ാം എസ്. എൻ. ഡി. പി. വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച റിപ്പോർട്ട്.

ഡയറക്ടർ ബോർഡും കൗൺസിലും

ബോർഡിൽ നിന്നും 10 പ്രൊസീഡിംഗ്സ് പാസ്സാക്കിയിട്ടുണ്ട്. (1) തൃപ്പാദങ്ങൾക്കു പണം മടക്കിക്കൊടുക്കുക. (2) ഭഗവതിയമ്മയുടെ പേരിൽ നമ്പർ പതിക്കുക. (3) ജനറൽ സെക്രട്ടറി സ്ഥാനത്തിൽ നിന്നു ഞാൻ ഒഴിയുന്ന സംഗതി പൊതുയോഗത്തിൽ തീർച്ചയാക്കുക. (4) അരു വിപ്പുറത്തെ ശിവരാത്രി മാഹോത്സവം സ്വാമിതൃപ്പാദങ്ങൾ തൽക്കാലം നിശ്ചയിച്ച കമ്മിറ്റിയുടെ ചുമതലയിൽ നടത്തുക. (5) വിശേഷാൽ പൊതുയോഗം കൂടുന്നതിനെപ്പറ്റിയുള്ള ഏതാനും പേരുടെ അപേക്ഷയെ വിസമ്മതിക്കുക. (6) 15–ാമതു വാർഷിക യോഗം കൊട്ടാരക്കര വച്ചു നട ത്തുക (7) കൗൺസിൽ മെംബർമാരായി എം. ഗോവിന്ദൻ ബി. എ. ബി. എൽ. അവർകളും, എൻ. കുമാരൻ ബി. എ. ബി. എൽ അവർകളും ഇവരെ തിരഞ്ഞെടുക്കുക. (8) സഞ്ചാര സെക്രട്ടറിയുടെ അപേക്ഷാനുസാരം അദ്ദേ ഹത്തെ പ്രതിഫലം കൂടാതെ ആ വേല തുടർന്നുകൊണ്ടിരിപ്പാൻ അനുവ ദിക്കുക. (9) കൊച്ചിയിലെ സജ്ജനങ്ങളുടെ സങ്കടങ്ങളും സംബന്ധിച്ചു കോഴിക്കോട്ടുകൂടിയ തീയർ മഹായോഗത്തിൽ പ്രതിനിധികളെ അയയ്ക്കു ക്കുക. (10) മുടങ്ങിയ ചിട്ടിയിൽ വയ്ക്കുന്നതിനും നമ്പർ ചേലവുകൾക്കും മാറുമായി 1500 ക. കടം വാങ്ങുക ഇവയാണ്. ഈ പ്രൊസീഡിംഗ്സിൽ മുഖ്യമായ പലരും കൗൺസിലിന്റെ ഗാഢമായ ആലോചനയ്ക്കുശേഷം ബോർഡിൽ പാസ്സായിട്ടുള്ളതാണ്. ഓരോ പ്രമേയങ്ങളിലും ശരാശരി 12 ഡയറക്ടർമാരിൽ കുറയാതെ അഭിപ്രായങ്ങളും എത്തിച്ചു തന്നിട്ടുണ്ട്.

കഴിഞ്ഞ പൊതുയോഗത്തിലെ നിശ്ചയങ്ങളിൽ എഴുത്തുകുത്തു മുഖേന സാധിക്കേണ്ടവ മിക്കവാറും സാധിച്ചിട്ടുണ്ട്. പൊട്ടക്കുഴിയിൽ എൻ. കൃഷ്ണൻ അവർകളെ ജഡ്ജാൻജിയായി നിയമിക്കുന്ന വിഷയത്തിൽ ഇതുവരെ ഒന്നും പ്രവർത്തിച്ചിട്ടില്ല. കാരണം ജഡ്ജാൻജിയുടെ പക്കൽ ഏൽപ്പിക്കാൻ തൽക്കാലം ആഫീസിൽ അശേഷം പണമില്ലാത്തതാണ്. വല്ല ശ്ശേരി ഗോവിന്ദൻ വൈദ്യരവർകളെ പൊതുയോഗ നിശ്ചയ പ്രകാരം ഉടനേ തന്നെ ഏജൻറായി നിയമിക്കയും അദ്ദേഹം ജോലിയിൽ പ്രവേ ശിക്കയും ചെയ്തിട്ടുണ്ട്. ഉൾനാടുകളിൽ പല ദിക്കിലും സഞ്ചരിച്ച് അദ്ദേഹം പ്രസംഗങ്ങൾ ചെയ്കയും ഏതാനും അംഗങ്ങളെ ചേർത്തു പ്രവേശനഫീസുകൾ അയച്ചുതരികയും ചെയ്തിട്ടുണ്ട്. തന്റെ പ്രവൃ ത്തി പ്രതീക്ഷിച്ചപോലെ ഫലപ്രദമാകുന്നില്ലെന്നും താൻ വളരെ ക്ലേശങ്ങൾ അനുഭവിക്കുന്നുണ്ടെന്നും അദ്ദേഹം കൂടക്കൂടെ സങ്കടങ്ങൾ പറഞ്ഞു

Digitized By Kerala Sahitya Akademi

റിപ്പോർട്ടുകളയയ്ക്കാറുണ്ട്. അതിൽ വളരെ വാസ്തവ മുണ്ടായിരി
ക്കണം. ദിവാൻ ബഹദൂർ എം. കൃഷ്ണൻനായരുടെ പേരിൽ യോഗം വക
യായി ഒരു ഉയർന്നസ്ഥാനം മലയാള വിദ്യാർത്ഥിക്കു പ്രതിമാസം 5 ക.
സ്കോളർഷിപ്പുകൊടുക്കുന്നതിനും ആവശ്യപ്പെടുന്ന ഒരു സംഖ്യ ഞാൻ
ദാനമായി കൊടുക്കുന്നതിനെ സംബന്ധിച്ചുള്ള പൊതുയോഗ നിശ്ചയ
ത്തെ അടിസ്ഥാനമാക്കി അതിനുവേണ്ട വ്യവസ്ഥകളും ഗവൺമെന്റുമായി
ആലോചിച്ചു ചെയ്വാൻ ഡയറക്ടർ മുഖേന എഴുത്തുകുത്തുകളും നടന്നു
വരുന്നുണ്ട്. ഈ വരുന്ന സ്കൂൾ വർഷാരംഭം മുതൽ സ്കോളർഷിപ്പു
കൊടുക്കാൻ സാധിക്കുമെന്നു വിശ്വസിക്കുന്നു.

യോഗത്തിന്റെ ഘടനയെ സ്വാമിതൃപ്പാദങ്ങളുടെ അഭിലാഷവും മറ്റും
അറിഞ്ഞു നവീകരിപ്പാൻ ഏർപ്പെടുത്തിയ കമ്മിറ്റിക്ക് ആ വിഷയത്തിൽ
ഒന്നും പ്രവർത്തിപ്പാൻ സാധിച്ചിട്ടില്ല. കാരണം പ്രധാനമായും ഡാക്ടർ
പല്പു (ഡി. പി. എച്ച്.) അവർകൾക്ക് യഥാകാലം കമ്മിറ്റിയിൽ സം
ബന്ധിപ്പാൻ തരമില്ലാതെ വന്നതാണ്.

ഈ കാരണത്താലും വേറൊരാളെ ഇതുവരെ മറ്റാരും നിർദ്ദേശിക്കാ
ത്തതിനാലും സെക്രട്ടറി സ്ഥാനമൊഴിയുന്നതിനെ സംബന്ധിച്ചുള്ള
നിശ്ചയവും നടപ്പിൽ വരുത്താൻ സാധിച്ചിട്ടില്ല. പലിയ വ്യവഹാ
ങ്ങളും ഉത്തരവാദമുള്ള മറ്റു പല കൃത്യങ്ങളും നടത്തേണ്ടതായി നേരിടു
കയും അതെല്ലാം ശ്രേഷ്ഠിയുള്ള ഒരു കൈയിൽ ഏല്പിക്കാതെ സെക്രട്ടറി
സ്ഥാനം ഒഴിഞ്ഞുപോകുന്നത് ദുർധർമ്മവും അവിവേകവുമാണെന്നു കരുതി
മാത്രം ഈ പൊതുയോഗം വരെ ഞാൻ അനുവർത്തിപ്പാൻ ഇടയായിട്ടുള്ളതു
മാണ്.

വിവേകോദയം തുടർന്നു നടത്തുന്നതിനായി ബഡ്ജറ്റിൽ പണം അനു
വദിച്ചിരുന്നു എങ്കിലും കൈവശം പണം അശേഷമില്ലാതിരുന്നതിനാലും
ആഫീസിൽ ഒരു ക്ലർക്കല്ലാതെ ശമ്പളക്കാർ വേറെ ആരും ഇല്ലാത്തതിനാലും
അതു തുടർന്നു നടത്താൻ കഴിഞ്ഞില്ല.

വിദ്യാഭ്യാസധനസഹായത്തിനു ഫണ്ടില്ലാത്തതിനാൽ യാതൊന്നും
അനുവദിച്ചിരുന്നില്ല. എന്നാൽ ധനസഹായം സ്വീകരിച്ചു വിദ്യാഭ്യാസം
പൂർത്തിയാക്കി ഉദ്യോഗങ്ങളിൽ പ്രവേശിച്ച യോഗ്യൻമാർ അവർ വ്യവ
സ്ഥയനുസരിച്ചു തിരിയെ അടയ്ക്കേണ്ട സംഖ്യയ്ക്ക് എത്രതന്നെ ആവ
ശ്യപ്പെട്ടെഴുതിക്കൊണ്ടിരുന്നിട്ടും നമ്പർ പതിച്ചെകിലല്ലാതെ ഇടപാടു
തീരില്ലെന്നു തോന്നത്തക്കവണ്ണമുള്ള അവരുടെ പെരുമാറ്റം ആ ധനസ
ഹായം മാറുള്ളവർക്കു തുടർന്നുകൊണ്ടിരിക്കുന്ന വിഷയത്തിൽ യോഗത്തെ
എത്രമാത്രം അധൈര്യപ്പെടുത്തുന്നുണ്ടെന്നു കൂടി വിചാരിക്കാത്തത്
ആശ്ചര്യമായിരിക്കുന്നു.

ശിവഗിരി സംസ്കൃത പാഠശാലയിലെ ഗ്രാന്റ് പണക്കുറവുനിമിത്തം
യോഗം തൽക്കാലം നിർത്തൽ ചെയ്യേണ്ടിവന്നിരിക്കുന്നു.

Digitized By Kerala Sahitya Akademi

(ദേവസ്വം സംബന്ധിച്ചു ശിവഗിരിയിലെ വരവു ചിലവുകളെ ല്ലാം സ്വാമിതൃപ്പാദങ്ങളുടെ അഭിലാഷമനുസരിച്ച് ഒരു താൽക്കാലിക വ്യവസ്ഥയിൽ നടന്നുവരുന്നു. മഠം വകയായി മുമ്പുള്ളതും യോഗത്തിൽ നിന്നു സമ്പാദിച്ചിട്ടുള്ളതുമായ വസ്തുക്കളുടെ ആദായങ്ങളും ആ വ്യവസ്ഥയനുസരിച്ച് ഇപ്പോൾ ചിലവായിക്കൊണ്ടിരിക്കയാണ്. തൃപ്പാദങ്ങളുടെ അത്യാഹിതമായ മനോഗതികളും യോഗത്തിന്റെ ചട്ടവും മുറയുമനുസരിച്ചുള്ള നടപടികളും തമ്മിൽ യോജിച്ചു പോകാൻ പ്രയാസമാകയാൽ ഇപ്പോഴത്തെ സ്ഥിതിയിൽ ദേവസ്വം ഭരണം നേരിട്ടു നടത്തുന്നതു യോഗത്തിനു തീരെ സുഖകരമല്ലെന്നാണ് എന്റെ താഴ്മയായ അഭിപ്രായം.)

തിരുവനന്തപുരത്തെ ഷഷ്ടിപൂർത്തി സ്മാരക വിദ്യാർത്ഥി സദനത്തിന്റെ അനാഥാവസ്ഥ അങ്ങനെ തന്നെ ഇരിക്കുന്നു. എന്നാൽ ഇപ്പോഴത്തെ ആ സദനം ദൂരസ്ഥരായ വിദ്യാർത്ഥികളെക്കൊണ്ട് അനദ്ധ്യായ കാലമൊഴിച്ചുള്ള സമയങ്ങളിൽ എപ്പോഴും നിബിഡമായിരിക്കയാണ്. ശരാശരി മുപ്പതും നാല്പതും വിദ്യാർത്ഥികളിൽ കുറയാതെ അതിൽ താമസിക്കയും അവരവരുടെ പ്രത്യേക ഏർപ്പാടിൽ തന്നെ അരി വച്ചു ഭക്ഷിക്കയും ചെയ്തു വരികയാണ്. നമ്മുടെ വർഗ്ഗക്കാർക്ക് ഇത്ര സൗകര്യമായ ഒരു പൊതുസ്ഥലം തിരുവനന്തപുരത്തു വേറെ ഇല്ലാത്തതിനാലും ഒരു വിധം കഷ്ടിച്ചു കഴിച്ചു വിദ്യാഭ്യാസം ചെയ്യുന്ന കൂട്ടർക്കു വാടക വീടുകളിൽ താമസിപ്പാൻ നിവൃത്തി പോരാത്തതിനാലും അങ്ങനെയുള്ളവർക്കു മിക്കവാറും അത് ഒരു ധർമ്മ സത്രമായി തീർന്നിരിക്കുകയാകുന്നു. അതിനെ ഉദ്ദേശാനുസരണം ഒരു വിദ്യാർത്ഥി സത്രമായിത്തന്നെ നടത്തുന്നതിലോ അതിന്റെ മേലുള്ള ചിട്ടിക്കടം നികഴ്ത്തുന്നതിലോ സധൃഢായ പ്രമാണികളുടെ ദൃഷ്ടി ഇനിയും പതിഞ്ഞു കാണാത്തത് എത്ര ദയനീയമാണ്.

ആഫീസിൽ എഴുത്തുകുത്ത്, കണക്ക് ഇതുസംബന്ധമായ ജോലികൾ എല്ലാം നടത്തുകയും കോടതികളിൽ യഥാകാലം ഹാജരായി കേസുകളെപ്പറ്റി അന്വേഷിക്കുകയും ഒക്കെ ചെയ്യുന്നതിന് ഒരു ക്ലർക്കുമാത്രമാണിപ്പോൾ ഉള്ളതെന്നു പറയേണ്ടതില്ലല്ലോ. എങ്കിലും സമുദായാഭിവൃദ്ധി സംബന്ധമായി അവശ്യം നടത്തേണ്ട എഴുത്തുകുത്തുകൾക്കും മറ്റും ഇതുവരെ പറയത്തക്ക വിഘ്നം വരുത്തീട്ടില്ല. ജാതിവഴക്കു സംബന്ധിച്ചു കൂടക്കൂടെ പലദിക്കിലും ഉണ്ടാകാറുള്ള ചില്ലറ സങ്കടങ്ങളെപ്പറ്റി അറിവു കിട്ടുമ്പോളെല്ലാം ഗവൺമെൻറ് അധികൃതൻമാർക്കു രേഖാമൂലമായി അറിവുകൊടുത്തും മറ്റുപ്രകാരത്തിലും സമുദായത്തിനു കഴിയുന്ന ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. ഗവൺമെൻറുദ്യോഗ സംബന്ധമായും സ്കൂൾ പ്രവേശന സംബന്ധമായുമുള്ള സംഗതികളിൽ അധികൃതൻമാരോടു രേഖാമൂലവും മുഖദാവിലും ഇപ്പോഴും നേരിടുന്ന സങ്കടങ്ങൾ ധരിപ്പിച്ചുകൊണ്ടിരിക്കയും കഴിയുന്നത്ര പരിഹാരങ്ങൾ ലഭിച്ചുകൊണ്ടിരിക്കയും ചെയ്യുന്നുണ്ട്. എഡ്യുക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ അവർകളുടെ അനുകമ്പാപൂർവമായ ഉത്സാഹത്താൽ കഴിഞ്ഞകൊല്ലം തിരു

Digitized By Kerala Sahitya Akademi

വിതാംകൂറിൽ അധികതാലൂക്കുകളിലും സ്കൂംപ്രായത്തിലുള്ള നഷ്ടുടെ ആൺകുട്ടികളിൽ നൂറിനു നൂറുശതമാനം വിദ്യാഭ്യാസമുള്ളവരായിത്തീർന്നിട്ടുണ്ട്. പെൺകുട്ടികളുടെയും ശതമാനം ഇത്ര ദ്രുതഗതിയിൽ അല്ലെങ്കിലും വേഗത്തിൽ വർദ്ധിച്ചുതന്നെ വരുന്നുണ്ട്. തിരുവനന്തപുരത്തു തെക്കേ തെരുവിലുള്ള ജാതി ബാലികാപാഠശാലയുടെ ഒരു ശാഖ എല്ലാ വർഗ്ഗക്കാർക്കും പ്രവേശ്യമായ ഒരു കെട്ടിടത്തിൽ സ്ഥാപിപ്പാൻ ഇപ്പോഴുണ്ടായിരിക്കുന്ന ഗവൺമെൻറുത്തരവ് യോഗത്തിന്റെ അപേക്ഷയനുസരിച്ചുണ്ടായിട്ടുള്ളതാണ്. രാജകീയ സംസ്കൃതകാളേജ് ഇക്കൊല്ലം ആദ്യം മുതൽ എല്ലാവർഗ്ഗക്കാർക്കും പ്രവേശ്യമായ ഒരു കെട്ടിടത്തിൽ മാറ്റിസ്ഥാപിടാൻ തീർച്ചയാക്കിയതിലും യോഗത്തിന്റെ പ്രേരണ വേണ്ടപോലെ ഫലിച്ചിട്ടുണ്ട്. യോഗത്തിന്റെ തലസ്ഥാനം തിരുവനന്തപുരത്താകയാലും യോഗം തിരുവിതാംകൂറിൽ മാത്രം രജിസ്റ്റർ ചെയ്തിട്ടുള്ളതാകയാലും അതിന്റെ ഇത്തരം ശ്രമങ്ങൾ കൊച്ചിയിലും മലബാറിലും• ഇത്ര തൃപ്തികരമായും നിയതമായും ഫലവത്താകുന്നില്ലെന്നുള്ളതു സ്വാഭാവികമാണ്.

സഞ്ചാര സെക്രട്ടറി മിസ്റ്റർ ടി. കെ. നാരായണൻ കഴിഞ്ഞ സെപ്റ്റംബർ മാസം മുതൽ പ്രതിഫലം കൂടാതെ വേല തുടർന്നു കൊണ്ടിരിക്കാൻ ഏർപ്പാടു ചെയ്തിരിക്കയാണ്. എന്നാൽ ഫലത്തിൽ അദ്ദേഹത്തിന് അതു മുതൽ യോഗത്തിനുവേണ്ടി പറയത്തക്കയാതൊന്നും ചെയ്വാൻ കഴിഞ്ഞിട്ടില്ലെന്നാണു കാണുന്നത്. അദ്ദേഹം ഇപ്പോൾ സമുദായത്തിന്റെ ധനസംബന്ധമായ അഭിവൃദ്ധിയെ ഉദ്ദേശിച്ച് മലയാളം വ്യവസായക്കമ്പനി എന്നപേരിൽ ഒരു ലിമിറഡ് കമ്പനി സ്ഥാപിച്ചു നടത്തിവരികയാണ്. അതിന്റെ ഭാരമേറിയ ജോലികൾക്കിടയിൽ യോഗത്തിന്റെ പ്രവൃത്തികൾക്കു സമയമുണ്ടാകുമെന്നു വിചാരിക്കുന്നതു തന്നെ വെറുതെയാണ്.

ക്ലർക്കു മിസ്റ്റർ നാരായണന്റെ ശമ്പളം കൂട്ടിക്കൊടുക്കണമെന്ന് അനുവദിച്ചിട്ടു വളരെ കൊല്ലങ്ങളായി. പണമില്ലാത്തതുകൊണ്ട് ഇതുവരെ കൂട്ടിക്കൊടുക്കാൻ സാധിച്ചിട്ടില്ല. കൃത്യനിഷ്ഠയും ഉത്സാഹവും ജോലികളിൽ തഴക്കവുമുള്ള ഈ പഴയ ക്ലർക്കു വിട്ടു പോകയാണെങ്കിൽ ഇപ്പോഴത്തെ നിലയ്ക്കു സംഗതികൾ വളരെ കുഴങ്ങിപ്പോകാൻ ഇടയുള്ളതാണ്. ഇപ്പോഴത്തെ ആഡിറ്റർ മിസ്റ്റർ നാരായണന്റെ ഉപയോഗത്തെയും അയാൾക്കു ശമ്പളക്കൂടുതൽ അനുവദിച്ചുകൊടുക്കേണ്ട ആവശ്യകതയേയും പറ്റി പ്രത്യേകം എനിക്ക് എഴുതി അയച്ചിരിക്കയും ചെയ്യുന്നു. എന്നാൽ ഇപ്പോഴുള്ള ശമ്പളം തന്നെ ദീർഘകാലം കുടിശ്ശികയിടാതെ കൊടുക്കാൻ സാധിക്കുന്നില്ലെന്നു കാണുന്നതു കഷ്ടമാണ്.

ധനസംബന്ധമായ ഇത്തരം ബുദ്ധിമുട്ടുകളുടെ ഇടയിൽ സെക്രട്ടറിക്കു പ്രവൃത്തിയേക്കാൾ എപ്പോൾ ഏതു പ്രധാന സംഗതി വീഴ്ചപ്പെട്ടു

Digitized By Kerala Sahitya Akademi

പോകുമോ എന്നുള്ള വ്യാകുലതയാണുള്ളത്. അതുകൊണ്ട് ഈ സ്ഥിതി ക്കുമാറ്റം വരുത്താൻ വേണ്ടത് ഉടനേ ചെയ്യേണ്ടത് അപേക്ഷിതമാണ്. ഗവൺമെന്റ് നിയമിച്ചയച്ച പുതിയ ആഡിറ്റർ മിസ്റ്റർ എ. എസ്. നാരായണയ്യർ പ്രതിഫലം കൂടാതെ കണക്കുകൾ പരിശോധിച്ചു സാക്ഷ്യ പ്പെടുത്താൻ സമ്മതിച്ച ഔദാര്യത്തിനായി യോഗം അദ്ദേഹത്തിനു നന്ദി പറയേണ്ടതാണ്.

യോഗത്തിന്റെ ധനസ്ഥിതി സൂക്ഷിച്ചു നോക്കിയാൽ ഇപ്പോഴും പാ യത്തക്ക ഉടവൊന്നും തട്ടീട്ടില്ലാത്തതും ചില്ലറക്കടങ്ങളും ചിട്ടിക്കുടിശ്ശിക യും കൊടുത്തു തീർക്കത്തക്കവണ്ണം കുറേ പണം കൈവശമിരുന്നാൽ പൂർവാ ധികം തൃപ്തികരമായി സംഗതികൾ നടപ്പാൻ ഇടയുള്ളതുമാണ് ഏതായാ ലും ഈ ഉദ്ദേശത്തിലാണ് 1500 ക. ഉറപ്പിൻമേൽ കടം വാങ്ങാൻ ഇപ്പോൾ ഡയറക്ടർമാർ തീർച്ചയാക്കീട്ടുള്ളത്. എന്നാൽ അതിൻ പ്രകാരം നമ്പർ പതി ക്കുന്നതിനുള്ള അത്യാവശ്യച്ചിലവിലേക്കായി ഒരു പ്രോനോട്ടിൻപടി 250 ക. മാത്രമേ ഇപ്പോൾ കടം വാങ്ങീട്ടുള്ളു.

യോഗത്തിന്റെ ഇന്നത്തെ നില ഈ വിവരണങ്ങളിലും ബാലൻസ് ഷീ റിലും നിന്ന് ഒരു വിധം നല്ലപോലെ മനസ്സിലാകുന്നതാണ്. എന്നാൽ എന്റെ രുചിക്കും തൽക്കാല സൗകര്യങ്ങൾക്കും ഇത്ര ശ്രദ്ധയും സമയവുമൊക്കെ ആവശ്യപ്പെടുന്ന ഒരു പ്രവൃത്തി വച്ചു കൊണ്ടിരിക്കുന്നതു തീരെ യുക്തമല്ലെന്ന് എനിക്ക് തീർച്ചയായും തോന്നുന്നതിനാൽ വേറെ തക്കതായ ഒരാളെ ഇന്നു തന്നെ സെക്രട്ടറിയായി തിരഞ്ഞെടുത്ത് എന്റെ ചുമതല കഴിയുന്ന വേഗത്തിൽ ഒഴിക്കാൻ വേണ്ട വ്യവസ്ഥ ചെയ്യണമെന്നു സവിനയമായി അപേക്ഷിച്ചു കൊണ്ട് ഈ റിപ്പോർട്ട് ബാലൻസ് ഷീറ്റു സഹിതം സമർപ്പിച്ചു കൊള്ളുന്നു.

എൻ. കുമാരൻ ആശാൻ

കായംകുളം
28–10–1094

ദേശാഭിമാനി 1094 ഇടവം/1919 മേയ് 24

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മുഖവുരകൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

(i) സൗന്ദര്യലഹരി (അവതരണിക)

സൗന്ദര്യലഹരി ലോക ഗുരുവായ ശങ്കരാചാര്യ സ്വാമികളുടെ കൃതികളിൽ വച്ച് അശേഷം അപ്രധാനമല്ലാത്ത ഒരു ഗ്രന്ഥവും, കൗളസിദ്ധാന്തികർക്കു വിശേഷിച്ചും ആരാധനീയമായ ഒരു പ്രമാണവും ആകുന്നു. മാന്ത്രിക താന്ത്രികങ്ങളായ വിഷയങ്ങളെ പ്രായേണ അന്തർ വഹിച്ചിട്ടാണെങ്കിലും കർണ്ണാനന്ദകരങ്ങളായ സ്തോത്രങ്ങളായി ഗ്രഥിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ഈ പ്രബന്ധത്തോളം പ്രചാരത്തിൽ വ്യാപകത്വം ആചാര്യ സ്വാമികളുടെ വേദാന്ത വിഷയങ്ങളായ ഇതരഗ്രന്ഥങ്ങൾക്കുപോലും ഇല്ലെന്നുള്ള വാസ്തവവും ഇതിനെ വിശേഷിപ്പിക്കുന്നുണ്ട്.

ആസേതുഹിമാചലം സംസ്കൃതഭാഷയിൽ ഈഷൽജ്ഞാനം ഉള്ള ഒരുവനും സൗന്ദര്യലഹരിയിൽ പരിശേഷാൽ കുപദ്യമെങ്കിലും വശമായിരിക്കും. ഭാഷാജ്ഞാനം ലേശം ഇല്ലാത്തർപോലും ചിലപ്പോൾ അതിന്റെ പദാനുപൂർവിയുടെ അതിമോഹനമായ പരിപാടിയാൽ ആ കൃഷ്ടൻമാരോ എന്നു തോന്നുമാറ് അപഭ്രംശമായിട്ടെങ്കിലും അതിലെ പദ്യങ്ങളെ ഗാനം ചെയ്ത് ആനന്ദമഗ്നൻമാരായിരിക്കുന്നതും നാം കാണുന്നു. സംസ്കൃതത്തിൽ ബഹുക്കളായ സ്തോത്ര പ്രബന്ധങ്ങളിൽ നിന്നും ഇതിന്നുള്ള ഗുണവിശേഷത്തിന്ന് ഇവ സ്ഥൂല നിദർശനങ്ങളാകുന്നു.

ആർത്ഥികമായും ശാബ്ദികമായും ഉള്ള മാധുര്യങ്ങളും അല്ലെങ്കിൽ സൗന്ദര്യങ്ങളും സർവത്ര അഭിന്നമായി ഒഴുകിക്കൊണ്ടിരിക്കുന്ന ഈ പ്രബന്ധത്തിനു സ്വതസ്സിദ്ധമായ മനോഹരത്വം കൊണ്ടുതന്നെയാണ് പൂജ്യപാദനായ ഗ്രന്ഥകർത്താവിനാൽ "സൗന്ദര്യലഹരി" എന്നു നാമകരണം ചെയ്യപ്പെട്ടു എങ്കിൽ അത് എത്ര സമുചിതമായിരിക്കുന്നു.

സ്വഭാഷയിൽ ഗ്രന്ഥനിർമ്മാണത്തിന്നു സാമാന്യം വാസനയും ശക്തിയുമുള്ള ഒരുവന്ന് ഇതര ഭാഷകളിൽ അത്യന്തം സുഖപ്രദങ്ങളായ ഗ്രന്ഥങ്ങളെ കാണുമ്പോൾ അവയെ സ്വഭാഷയിൽ പരിണമിപ്പിക്കണം എന്നു പ്രായേണ ഒരു മോഹം ഉണ്ടാകുന്നതു സ്വാഭാവികമാണെങ്കിൽ എനിക്കും ഇതിന്റെ ഭാഷാന്തരാനയനത്തിൽ പ്രവർത്തിക്കുന്നതിനു കാരണാന്തരം ഉണ്ടായിരുന്നില്ല.

സൗന്ദര്യലഹരി സമ്പൂർണ്ണം ഭാഷാന്തരം ചെയ്ത് അവസാനിച്ചിട്ട് ഇപ്പോൾ സംവത്സരം നാലിൽ അധികമായിരിക്കും. എന്നാൽ 73–ാമാണ്ടിടയ്ക്ക് ഇതു വിദ്യാവിലാസിനിയിൽ അല്പാല്പമായി പ്രസിദ്ധപ്പെടുത്തിവന്നിരുന്നു. എങ്കിലും ആ മാസിക തൽക്കാലം നിന്നുപോകയാലും എന്റെ ദേശാന്തരവാസം നിമിത്തവും മുഴുവൻ അച്ചടിച്ചു പ്രസിദ്ധപ്പെടുത്താൻ ഇപ്പോഴാണു സാധിച്ചത്.

Digitized By Kerala Sahitya Akademi

മൂലത്തിലെ ഗഹനങ്ങളും വിശാലങ്ങളും ആയ അർത്ഥങ്ങളെ സമുചിതമായ സന്ദർഭ ഭംഗിയോടു കൂടെ ഭാഷയിൽ പ്രതിഫലിപ്പിപ്പാൻ ഞാൻ കഴിയുന്നതും ശ്രമിച്ചിട്ടുണ്ട്. എന്നാൽ ചില പദ്യങ്ങൾക്കു ശ്രവണമാത്രത്തിൽ അർത്ഥബോധം ഉണ്ടാകുന്നില്ല എങ്കിൽ വിഷയ വിശേഷോപാധികമായ ആ വിളംബം മൂലത്തിലും അപ്രകാരം ഉള്ളതാണ്. അപൂർവം ചില സാങ്കേതിക പദങ്ങളെ യഥോക്തമായിത്തന്നെ പ്രയോഗിക്കേണ്ടി വന്നിട്ടുള്ളത് അന്യഥാകരിപ്പാൻ പാടില്ലാത്തവയും ആകുന്നു. ഇതു പണ്ഡിതന്മാരോടു പൂർവനിവേദനം ചെയ്യുന്നതു സാഹസമാണെങ്കിലും മദ്ധ്യമന്മാരെ സംബന്ധിച്ചിടത്തോളം ഇവിടെ പ്രസ്താവിച്ചത് അസന്ദർഭോചിതമായിരിക്കുമെന്നു തോന്നുന്നില്ല.

'ദക്ഷിണം' അല്ലെങ്കിൽ സമയിമതത്തെ അവലംബിക്കുന്ന കേരള കൗളന്മാർക്കും സാധാരണൻമാർക്കും സനാതനിയായ ചിച്ഛക്തിയെ സ്തോത്രം ചെയ്യുന്നതിൽ ഈ ''ഭാഷാ സൗന്ദര്യലഹരി'' അത്യല്പമായിട്ടെങ്കിലും ഉപയുക്തമാകുന്നപക്ഷം ഏതദ്വിഷയകമായ എന്റെ ശ്രമം സഫലമായെന്നു വിചാരിക്കുകയും വക്തവ്യശേഷത്തിന്ന് ഇതിന്റെ തർജ്ജിമ സമാപിച്ച കാലത്തുതന്നെ ഞാൻ എഴുതീട്ടുണ്ടായിരുന്ന ഒരു സംസ്കൃത പദ്യത്തെ താഴെ ചേർത്തും കൊണ്ട് ഈ അവതരണികയെ ഇവിടെ അവസാനിപ്പിച്ചുകൊള്ളുകയും ചെയ്യുന്നു.

വിശുദ്ധാ വാഗ്വേണീ വിഹിതസുകൃതാ ശങ്കരഗുരോർ
ഗഭീരാ ഗൂഢാർത്ഥൈഃർ ഭുവി ഗഗനഗംഗേവ ജയതി
തദീയേയം ഭാഷാ മമ ഭവതു സൗന്ദര്യലഹരീ
യഥാ ദൈവീ മൂർത്തി: പരിണമതി മൃത്സ്നാ പ്രതികൃതി:

ആരുവിപ്പുറം
76 ഇടവം 30

എൻ. കെ. ആശാൻ

(ii) നളിനി

ഞാൻ നളിനി എഴുതാൻ ആരംഭിച്ചിട്ടു മൂന്നു കൊല്ലത്തിനു മേലാകുന്നു. 'മിതവാദി'യിൽനിന്ന് എന്റെ 'വീണപൂവ്' പകർത്തി എഴുതി സി എസ്. സുബ്രഹ്മണ്യൻ പോററി ബി. എ അവർകൾ 'ഭാഷാപോഷിണി'യിൽ പ്രസിദ്ധപ്പെടുത്തിയകാലത്താണ് ഞാൻ ഇതു തുടങ്ങിയത്. പിന്നെ പല അസൗകര്യങ്ങളാലും പൂർത്തിയാകാതെ കിടക്കുന്ന എതാനും ഖണ്ഡകൃതികളും അടങ്ങിയ എന്റെ നോട്ടു പുസ്തക വനത്തിൽ വളരെക്കാലം തപസ്സു ചെയ്തശേഷം ഈ കൃതിയിൽ പ്രത്യേകമുള്ള എന്റെ 'ഒരു സ്നേഹം' കൊണ്ടും 'ബി. വി. ബുക്കു ഡിപ്പോക്കാരുടെ ഉത്സാഹം കൊണ്ടുമാണ് കഴിഞ്ഞ ഇംഗ്ലീഷ് വർഷാവസാനത്തോടുകൂടിയെങ്കിലും 'നളിനി'ക്കു 'ദിവാകര' സ്പർശമുണ്ടാവാൻ ഇടയായത്.

Digitized By Kerala Sahitya Akademi

അവതാരികയിൽ പറയുന്നതുപോലെ ഇത് ഒരു പുതിയ പ്രസ്ഥാനമാണെന്നും, അതുകൊണ്ട് ഇപ്പോഴത്തെ കവിതാഗതി അനുസരിച്ച് ഇതിൽ സാധാരണ വായനക്കാർക്ക് അഭിരുചി തോന്നുമോ എന്നും എനിക്കു സംശയം തോന്നി. ആ സ്ഥിതിക്ക് ഇതിൽ അടങ്ങിയ ആശയങ്ങളെ ഏതാണ്ടു വെളിപ്പെടുത്തി വായനക്കാരുടെ ശ്രദ്ധയെ ആകർഷിക്കത്തക്ക ഒരു അവതാരിക എഴുതിച്ചേർത്താൽ വളരെ പ്രയോജനകരമായിരിക്കുമെന്നു ഞാൻ വിചാരിച്ചു. ആ ഉദ്ദേശം മഹാപണ്ഡിതനും മഹാകവിയുമായ മഹാമഹിമ ശ്രീ. എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സിലെക്കൊണ്ടു നിർവഹിപ്പിക്കേണമെന്ന എന്റെ ആഗ്രഹത്തെ അവിടെ അറിവിക്കയും സൗജന്യനിധിയായ അവിടന്ന് അതു സന്തോഷപുരസ്സരം സമ്മതിക്കയും ചെയ്തു. അവതാരിക സംക്ഷിപ്തമാണെങ്കിലും ഇതിൽ കവിമര്യാദ അനുസരിച്ചു മൂടിവച്ചിരുന്ന മുഖ്യസ്ഥാനങ്ങളിൽ എല്ലാം മർമ്മജ്ഞനായ അവിടത്തെ വിരലുകൾ നൈപുണ്യത്തോടെ പ്രവേശിച്ചിരിക്കുന്നതായി കാണുന്നതിൽ എനിക്കു വലിയ ചാരിതാർത്ഥ്യം തോന്നുന്നു.

ശബ്ദസംബന്ധമായ നിർബന്ധങ്ങളിൽ ചിലത് ഒഴിവാക്കിയിരുന്നെങ്കിൽ മാറുകൂടുമായിരുന്നില്ലേ എന്നു അവതാരികയിൽ ശങ്കിക്കുന്നു. അതുകൊണ്ട് ഈ കവിതയിൽ സർവത്ര കാണുന്ന ദ്വിതീയാക്ഷര പ്രാസ നിർബന്ധത്തിന്റെയോ മറേറാ സന്താനമായി വല്ല അസ്വാരസ്യമോ അർത്ഥ ഗ്രഹ വിളംബമോ ഒക്കെ വല്ല ദിക്കിലും വന്നിട്ടുള്ളതായി തിരുമനസ്സിലേക്കു തോന്നിയിരിക്കണം. ആ ന്യൂനതയെ ഞാൻ സമ്മതിക്കുന്നു.

എന്റെ അപേക്ഷയെ സ്വീകരിച്ചു പുസ്തകം മുഴുവൻ ശ്രദ്ധിച്ചു വായിച്ചുനോക്കി ഈ സരസമായ അവതാരിക എഴുതാൻ ദയയുണ്ടായ തിരുമനസ്സിലെ നേർക്ക് ഞാൻ എന്നും കൃതജ്ഞനാണ്. ബി. വി. ബുക്കുഡിപ്പോക്കാരുടെ നേർക്കും ഇതിന്റെ പ്രസിദ്ധീകരണവിഷയത്തിൽ എനിക്കുള്ള കൃതജ്ഞത ഒട്ടും കുറഞ്ഞതല്ല. ഈ മുഖവുരയോടുകൂടി 'നളിനി'യെ സഹൃദയരായ വായനക്കാരുടെ മുമ്പാകെ അയച്ചുകൊള്ളുന്നു.

എൻ. കുമാരൻ ആശാൻ

തിരുവനന്തപുരം
29–10–1911

(iii) ലീല

'നളിനി' എഴുതി അവസാനിക്കുന്നതിനു മുമ്പുതന്നെ ആ മാതിരി ഒരു പെറിയ കാവ്യം കൂടി എഴുതേണ്ട ആവശ്യകത തോന്നിയിരുന്നു. കാരണം നളിനിയിലെ നായികാ നായകൻമാർ രാജസം മിക്കവാറും വിട്ട്, സാത്വികാ

Digitized By Kerala Sahitya Akademi

വസ്ഥയിൽ എത്തി നില്ക്കുന്ന പുണ്യാത്മാക്കളാണ്. അതിനു മുമ്പള്ള അവസ്ഥകളിലാണല്ലോ ജീവിതത്തിന്റെ കഷ്ടതകളും മാനസ രഹസ്യങ്ങളും അധികം അടങ്ങിയിരിക്കുന്നുത്. അതുകൊണ്ടു നളിനിയിലെ പാത്രങ്ങളുടെ അടുത്ത താണപടിയിൽ എത്തീട്ടുള്ള ജീവിതങ്ങളെപ്പറ്റിയാണ് പിന്നെ എഴുതേണ്ടതായി തോന്നിയത്. അതു മുതൽ അതിനെപ്പറ്റി ഗാഢമായി ചിന്തിക്കയും പല സംഗതികളും സ്വരൂപിച്ചു മനസ്സിൽക്രമപ്പെടുത്തിവയ്ക്കുകയും ചെയ്തു കൊണ്ടിരുന്നു. ഇതിനിടയിൽ ഒരിക്കൽ 'സെൻട്രൽ ഹിന്ദു കോളേജ് മാഗസി'നിൽ ആണെന്നു തോന്നുന്നു. പ്രസിദ്ധനായ ഡാക്ടർ കുമാരസ്വാമി ഒരു ഉപന്യാസത്തോടുകൂടി ഒരു പേർസ്യൻ കഥാനായികയുടെ ചിത്രം പ്രസിദ്ധപ്പെടുത്തിയിരുന്നതായി കണ്ടു. ആ ചിത്രം മേല്പറഞ്ഞ സങ്കല്പത്തെ ഉദ്ദീപിപ്പിച്ചു. എന്നാൽ കഥയെപ്പറ്റി വിസ്തരിച്ചു യാതൊന്നും ഉപന്യാസത്തിൽ ഉണ്ടായിരുന്നതായി ഓർക്കുന്നില്ല. 1911 ജൂലൈ 27–ാം നു- യാണ് 'ലീല' എഴുതിത്തുടങ്ങുയത്. മുൻപറഞ്ഞ ചിത്രം ഒരിക്കൽകൂടി കാണുകയോ ഉപന്യാസം ഒന്നികൂടി വായിച്ചു നോക്കുകയോ ചെയ്താൽ കഥാസൃഷ്ടിയിൽ വല്ല സഹായവും ഉണ്ടാവാൻ മതിയെന്നു തോന്നുകയാൽ അപ്പോഴും അതിനെപ്പറ്റി വീണ്ടും അന്വേഷിച്ചു എങ്കിലും കിട്ടിയില്ല. ചുരുക്കിപ്പറഞ്ഞാൽ, ഈ കാവ്യം പോലെതന്നെ ഇതിന്റെ കഥയും സ്വന്തം ചെറിയ കല്പനാശക്തിക്കൊത്തവണ്ണം സ്വതേ തന്നെ നിർമ്മിക്കയാണു ചെയ്തിട്ടുള്ളത്. അതുകൊണ്ടു 'ലീല' തന്റെ പൂർവജയായ 'നളിനി'യെപ്പോലെ തന്നെ ഒരു കല്പിത കഥയാണ്.

ഈയിടെ പല ആളുകളും അന്യഭാഷകളിൽ നിന്ന് പല പുസ്തകങ്ങളും രൂപാന്തരപ്പെടുത്തി വിവരം പ്രസ്താവിക്കാതെ സ്വകൃതികളായി പ്രസിദ്ധപ്പെടുത്തിവരുന്നുണ്ട്. ഈ ഭംഗിയില്ലാത്ത നടപടി വായനക്കാരുടെ ഇടയിൽ ഒരു വക അവിശ്വാസത്തിനു ഹേതുവായിത്തീർന്നിട്ടുമുണ്ട്. അതുകൊണ്ടു സാമാന്യം നന്നായിട്ടേതെങ്കിലും ഒരു കൃതി കണ്ടാൽ അതു കേവലം ഭാഷാന്തരമോ അനുകരണമോ ആയിരിക്കുമെന്നു തീർച്ചയാക്കിക്കഴിയും. എന്നാൽ അങ്ങനെയുള്ള നല്ല കൃതികൾക്കും തൽകർത്താക്കന്മാർക്കും വാസ്തവത്തിൽ അതുകൊണ്ടു ഹാനി ഒന്നും വരാനില്ലെങ്കിലും ആ വക തെറ്റിദ്ധാരണ ജനങ്ങൾക്ക്, യഥാർത്ഥ കൃതികളുടെ ശരിയായ ഗുണദോഷ നിരൂപണത്തിൽ അനാസ്ഥയുണ്ടാക്കി അവയെ വായിക്കുന്നതിലും അവയുടെ കർത്താക്കൻമാരുടെ പ്രയത്നത്തെ അനുമോദിക്കുന്നതിലും അടങ്ങിയിരിക്കുന്ന നിർദ്ദോഷമായ സുഖത്തിനു ഭംഗം വരുത്തും. ഇത് ഒരു ദയനീയമായ സംഗതിയാകുന്നു. ഒരു കൃതിയിൽ ഉള്ള ദോഷങ്ങൾക്കു തൽകർത്താവ് ഉത്തരവാദിയായിരിക്കുന്നതുപോലെ അതിൽ വല്ല ഗുണോൽക്കർഷവുമുണ്ടെങ്കിൽ അതിനുള്ള ബഹുമതിക്കും അയാൾ തന്നെയാണ് അവകാശി. ഈ ബഹുമതിയെ സമ്മതിച്ചുകൊടുക്കുന്നതിൽ പ്രായേണ ജനങ്ങൾക്കു കാണുന്ന വൈമനസ്യം, പുതിയ കല്പനാസാമർത്ഥ്യങ്ങൾ ഒന്നും നമുക്കുണ്ടാവാൻ പാടില്ലെന്നു നമ്മുടെ നാട്ടുകാർ

Digitized By Kerala Sahitya Akademi

മുൻ കൂട്ടി ധരിച്ചുവച്ചിട്ടുള്ള ദുർദ്ധാരണയുടെ ഫലമാണ്. താഴെ കാണുന്ന കാളിദാസവചനം ഈ സന്ദർഭത്തിൽ സ്മരണീയമായിരിക്കുന്നു:

''സന്തഃ പരീക്ഷ്യാന്യതരദ് ഭജന്തേ
മൂഢഃ പരപ്രത്യയനേയബുദ്ധിഃ''

ഇനി ഒരു കവി മുമ്പെഴുതുന്ന കൃതിയോടു പിമ്പെഴുതുന്നതിനെ താരതമ്യപ്പെടുത്തി അഭിപ്രായം പറയാൻ കാത്തിരിക്കുന്ന വായനക്കാരുണ്ട്; അവർ ഓരോ കൃതിയിലും കവി പിടിച്ചിരിക്കുന്ന പ്രമേയം എന്താണെന്നും, ഓരോന്നിനെപ്പറ്റിയും അയാളുടെ ചുമതല എന്താണെന്നും വേണ്ടവണ്ണം ആലോചിക്കാതെയാണ് ചിലപ്പോഴൊക്കെ അഭിപ്രായങ്ങൾ പുറപ്പെടുവിക്കാറുള്ളത്. അതുകൊണ്ടു പ്രിയ വായനക്കാർ നളിനിയോടു ലീലയെ താരതമ്യപ്പെടുത്തുമ്പോൾ ഈ വസ്തുത ഓർമ്മിക്കേണമെന്നു പ്രത്യേകം അപേക്ഷിക്കുന്നു. ദൃഷ്ടാന്തത്തിനു 'നളിനി' ഒരു താമരപ്പൂവാണെന്നും ലീല ഒരു ചമ്പകപ്പൂവാണെന്നും വിചാരിക്കുക. രണ്ടും പുഷ്പങ്ങളാണ്. രണ്ടിനെയും സൃഷ്ടിക്കുന്നതിൽ സ്രഷ്ടാവു തന്റെ കല്പനാശക്തിയേയും ശില്പസാമർത്ഥ്യത്തേയും ഒന്നുപോലെ ഉപയോഗിച്ചിട്ടും ഉണ്ട്. എങ്കിലും ഒന്ന് ശാന്തമായ സുഗന്ധവും ഉദാരമായ ശോഭയുമുള്ള താമരപ്പൂവ്; മറേറത് പ്രകടമായ സൗരഭ്യവും ഉജ്ജ്വലമായ കാന്തിയുമുള്ള ചമ്പകപ്പൂവ്. വ്യത്യാസത്തിനു കാരണം സ്രഷ്ടാവിന്റെ സങ്കല്പഭേദം മാത്രമായിരിക്കും. അത് ഒഴിച്ചു കൂടാത്തതുമാണ്.

ഭാഷാരീതിയെ സംബന്ധിച്ചു, നളിനിയുടെ അവതാരികയിൽ മഹാമഹിമശ്രീ എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സു കൊണ്ടു കുറയ്ക്കേണ്ടതായി സൂചിപ്പിച്ചിരുന്ന നിർബന്ധങ്ങൾ പാടുള്ളത കുറപ്പാൻ ശ്രമിച്ചിട്ടുണ്ട്. ആ ശ്രമം തൃപ്തികരമാംവണ്ണം സാധിച്ചിട്ടില്ലെന്നു കാണുന്നതിൽ വ്യസനിക്കുന്നു. ചിരപരിചയം കൊണ്ട് ഉറച്ചുപോയ ശൈലി മാറുന്നത് ക്ഷിപ്രസാധ്യമല്ലെങ്കിലും ഇനിയും ശ്രമിച്ചു തിരുമനസ്സിലെ പൂർണ്ണ പ്രസാദത്തിനു പാത്രമാവാൻ നോക്കുന്നതാണ്.

1913 ഡിസംബർ 11-ാം നു 'ലീല' എഴുതിത്തീർന്നു. ക്ലേശകരമായ കൃത്യാന്തരങ്ങളുടെ ഇടയിൽ പ്രായേണ രാത്രിസമയം മാത്രമേ ഇതിനു വിനിയോഗിപ്പാൻ കിട്ടീട്ടുള്ളു. അച്ചടിക്കുന്നതിനു മുമ്പുതന്നെ പണ്ഡിത സ്നേഹിതൻമാരിൽ പലരും ഇതിനെ വായിച്ചുകേൾക്കുകയും പ്രോത്സാഹിപ്പിക്കയും ചെയ്തിട്ടുണ്ട്. ഇവരിൽ നന്ത്യാർവീട്ടിൽ കെ. പരമേശ്വരൻ പിള്ള (എം. എ.; എം. ആർ. എ. എസ്.) അവർകളുടെ പേർ പ്രത്യേകം പറയേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ കർക്കശമെങ്കിലും വ്യുൽപാദകമായ ഗുണദോഷചിന്തനത്തിനു സ്നേഹബഹുമാനപൂർവം നന്ദിപറയുകയും ചെയ്യുന്നു.

Digitized By Kerala Sahitya Akademi

'നളിനി'യെ സ്വീകരിക്കുന്നതിൽ പൊതുജനങ്ങളും വർത്തമാനപ്പത്ര ങ്ങളും ടെക്സ്റ്റ്ബുക്കു കമ്മിറ്റിക്കാരും ഒന്നുപോലെ പ്രദർശിപ്പിച്ച സ്നേഹപൂർവമായ താല്പര്യത്തിനും പ്രോത്സാഹനങ്ങൾക്കുമായി എല്ലാവർക്കും വന്ദനം പറവാൻ ഈ സന്ദർഭത്തെ ഉപയോഗിച്ചുകൊള്ളുന്നു. നളിനിക്കു സരസമായ ഒരു നിരൂപണം പ്രസിദ്ധപ്പെടുത്തി അതിന്റെ പ്രചാരത്തെ വർദ്ധിപ്പിപ്പാൻ ഉത്സാഹിച്ച മാന്യ സ്നേഹിതനായ സ്കൂൾ ഇൻസ്പെക്ടർ ജി. രാമൻ മേനോൻ (എം. എ.) അവർകളോടുള്ള ഹാർദ്ദമായ കൃതജ്ഞതയേയും ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

'ലീല' അച്ചടിച്ചു തീർന്നിട്ടുതന്നെ ആറുമാസത്തിൽ അധികമായെങ്കിലും ഇടയിലുണ്ടായ അസൗകര്യങ്ങളാൽ പ്രസിദ്ധപ്പെടത്താൻ ഇത്ര താമസം നേരിട്ടതാകുന്നു. ഇതിന്റെ പ്രസിദ്ധീകരണത്തിനു വേണ്ടതെല്ലാം ചെയ്തുതന്ന ബി. വി. ബുക്കുഡിപ്പോ ഉടമസ്ഥൻമാർക്കും പുസ്തകം മുഴുവൻ വായിച്ചു നോക്കി സന്ദർഭോചിതമായ ചിത്രങ്ങൾ ദയചെയ്ത് എഴുതിത്തന്ന മ. രാ. രാ. കെ. ആർ. രവിവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സിലേക്കും ഹൃദയപൂർവം നന്ദിപറഞ്ഞുകൊള്ളുന്നു.

എൻ. കുമാരൻ ആശാൻ

തിരുവനന്തപുരം
6–8–1914

(iv) ശ്രീബുദ്ധചരിതം (ഒന്നും രണ്ടും കാണ്ഡങ്ങൾ അടങ്ങിയ ഒന്നാം പുസ്തകത്തിന്റെ മുഖവുര)

പ്രസിദ്ധ ആംഗല കവിയായ സർ എഡ്വിൻ അർനാൾഡിന്റെ കൃതികളിൽ "ഏഷ്യയിലെ ദീപം" (Light of Asia) ഏറവും ശ്രേഷ്ഠമായ ഒരു ഗ്രന്ഥമാണ്. ഇതിനെ ഇപ്പോൾ ലോകത്തുള്ള മിക്ക പ്രധാന ഭാഷകളിലും തർജ്ജമ ചെയ്തിട്ടുണ്ട്. വിഷയ ഗൗരവവും കവിതാ ഗുണവും ഓർത്താൽ ഈ കൃതിക്കു സിദ്ധിച്ചിട്ടുള്ള അസാമാന്യമായ പ്രസിദ്ധിയേയോ പ്രചാരത്തേയോ പററി ആർക്കും അത്ഭുതം തോന്നുന്നതല്ല. ഈ "ശ്രീബുദ്ധചരിതം" കിളിപ്പാട്ട് ആ വിശിഷ്ട കൃതിയുടെ ഭാഷാന്തരമാകുന്നു. ബുദ്ധഭഗവാന്റെ ചരിത്രവും ബുദ്ധമതത്തിന്റെ പ്രധാന മൂലതത്ത്വങ്ങളുമാണ് ഇതിലെ പ്രതിപാദ്യവിഷയം. പൗരാണികൻമാർ മഹാവിഷ്ണുവിന്റെ അവതാരങ്ങളിൽ ഒന്നായി പരിഗണിച്ചുവരുന്ന ഭഗവാൻ ഗൗതമ ബുദ്ധൻ 2500 കൊല്ലങ്ങൾക്കു മുമ്പ് ആര്യാവർത്തത്തിൽ ഉപദേശിച്ച വിലയേറിയ അദ്ധ്യാത്മതത്ത്വങ്ങളും ധർമ്മ രഹസ്യങ്ങളും സ്ഥാപിച്ച സംഘങ്ങളും ഭൂലോകം മുഴുവൻ ഇന്നു മിക്കവാറും എല്ലാ പരിഷ്കൃത മതങ്ങളുടേയും മതസ്ഥാപനങ്ങളുടേയും ഉൽപത്തിസ്ഥിതികളെ ഏതെങ്കിലും

Digitized By Kerala Sahitya Akademi

പ്രകാരത്തിൽ പ്രേരിപ്പിക്കയോ, അല്ലെങ്കിൽ അവയെ പോഷിപ്പിക്കയോ പുലർത്തുകയോ പരിഷ്കരിക്കയോ എന്തെങ്കിലും ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരിപ്പാൻ പാടില്ലാത്തതാകുന്നു. ബുദ്ധമതം ഇന്നും ലോകത്തുള്ള അനേക ശതകോടി മനുഷ്യരിൽ മൂന്നിലൊരു ഭാഗം ആളുക ളുടെ വിശ്വാസാനുഷ്ഠാനങ്ങൾക്ക് ആധാരമായി പ്രചരിച്ചുകൊണ്ടിരിക്ക യുമാകുന്നു. സ'ലോൺ, ബർമ്മാ, നേപ്പാൾ, തിബത്ത്, ചൈനാ, മദ്ധ്യ ഏഷ്യാ, സൈബീരിയാ മുതലായ രാജ്യങ്ങളിലെ ജനങ്ങൾ ഇപ്പോഴും ബുദ്ധമതക്കാരാണ്. ഇന്ത്യയുടെ പല ഭാഗങ്ങളിലും തന്നെ ബുദ്ധ ഭക്തൻമാർ ഇപ്പോഴുമുണ്ട്. ആ മതത്തിലെ അത്യുൽകൃഷ്ടമായ ആദ്ധ്യാ ത്മ തത്ത്വങ്ങളും സദാചാരപദ്ധതികളും മനുഷ്യവർഗ്ഗമുള്ള കാലംവരെ പണ്ഡിതൻമാർക്ക് ആശ്ചര്യാനന്ദങ്ങൾ ജനിപ്പിച്ചുകൊണ്ടും, അനവധി ആത്മാക്കൾക്കു സുഖസമാധാനങ്ങൾ നൽകിക്കൊണ്ടും എന്നേക്കും പ്രകാ ശിക്കുമെന്നുള്ളതുമാകുന്നു.

ഈ പരിഭാഷ ആരംഭിച്ചത് 1903–ാമാണ്ടിടയ്ക്കായിരുന്നു. എട്ടു പുസ്തകങ്ങൾ അല്ലെങ്കിൽ എട്ടു കാണ്ഡങ്ങൾ അടങ്ങിയ ഈ ഗ്രന്ഥ ത്തിന്റെ ഒന്നാം കാണ്ഡം മിക്കവാറും പരിഭാഷപ്പെടുത്തിത്തീർന്നശേഷം, ചില അസൗകര്യങ്ങളാലും മറ്റു കാരണങ്ങളാലും പരിഭാഷ തുടരാൻ സാധി ക്കാതെ വന്നു. 1913–ൽ വീണ്ടും തർജ്ജിമ തുടരുകയും, അപ്പോൾ മുതൽ ''വിവേകോദയം'' മാസികയിൽ അല്പാല്പമായി പ്രസിദ്ധ പ്പെടുത്തിത്തുടങ്ങുകയും ചെയ്തു. ഇപ്പോൾ പുറത്തയയ്ക്കുന്ന ഈ രണ്ടു കാണ്ഡങ്ങൾ അങ്ങനെ പ്രസിദ്ധപ്പെടുത്തിയ ഭാഗങ്ങളെത്തന്നെ സംസ്കരിച്ചു പുസ്തക രൂപത്തിൽ ആക്കീട്ടുള്ളതാകുന്നു. ഇപ്രകാരം ഈരണ്ടു കാണ്ഡങ്ങളായി തുടർന്നുകൊണ്ടു പ്രസിദ്ധപ്പെടുത്തി കാലതാമസ മെന്നിയേ ഗ്രന്ഥം പൂർത്തിയാക്കാനാണു വിചാരിക്കുന്നത്.

ഇതിനിടയിൽ ''ബുദ്ധചരിതം'' എന്ന പേരിൽ ഈ കൃതിയുടെ ഒരു ഗദ്യ തർജ്ജിമ കാൺമാനും, ''ഏഷ്യയിലെ വെളിച്ചം'' അല്ലെങ്കിൽ ''പൗരാ സ്ത്യദീപം'' എന്ന പേരിൽ മറെറാരു പദ്യ തർജ്ജമയെപ്പറ്റി കേൾപ്പാനും സംഗതിയായിട്ടുണ്ട്. എന്നാൽ ഈ കിളിപ്പാട്ടു തർജ്ജിമ മൂലത്തിലെ വൃത്തത്തിനും പ്രമേയത്തിനും ഏറ്റവും യോജിച്ചതാണെന്നു തോന്നുക യാലും, ഈ മാതിരി ഒരു തർജ്ജിമ ഇതുവരെ പുറത്തുവന്നിട്ടില്ലാത്തതി നാലും, ഞാൻ ഇതിനെ പിന്തുടരുന്നതാണ്. തർജ്ജിമയിൽ കിട്ടിപ്പാട്ടിന്റെ സ്വാഭാവികമായ മാധുരത്തിനു ഹാനി വരാതിരിപ്പാൻ വേണ്ടത്ര സ്വാതന്ത്ര്യം സ്വീകരിച്ചിട്ടുണ്ട്. എന്നാൽ അതുകൊണ്ട് അർത്ഥത്തിൽ സാരമായ ഏതെങ്കിലും ഭേദഗതിവരികയോ, മൂലത്തിലെ കവിതാഭംഗിക്കോ രസ ത്തിനോ വൈകല്യം സംഭവിക്കയോ ചെയ്യാതിരിപ്പാൻ പ്രത്യേകം ദൃഷ്ടി വച്ചിട്ടുമുണ്ട്. തൽക്കാലം ഇതിലധികമെന്നും പറവാനില്ല. കവിതാ വിഷയമായ ഉദ്യമങ്ങളിൽ എന്നെ ഹൃദയപൂർവം പ്രോത്സാഹിപ്പിക്കുന്ന

Digitized By Kerala Sahitya Akademi

ഗുണകാംക്ഷികളായ പണ്ഡിത സ്നേഹിതൻമാരോടും പൊതു ജനങ്ങളോടും എനിക്കുള്ള ഹാർദ്ദമായ കൃതജ്ഞതയെ പ്രസ്താവിച്ചുകൊണ്ടും അവരുടെ ദയാപൂർവമായ സ്വീകാരത്തെ ഈ അവസരത്തിലും സവിനയം പ്രതീക്ഷിച്ചുകൊണ്ടും ഈ കൃതിയെ പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

തിരുവനന്തപുരം
1915 സെപ്റ്റംബർ 5

എൻ. കുമാരൻ ആശാൻ

(v) ശ്രീബുദ്ധചരിതം (മൂന്നും നാലും കാണ്ഡങ്ങളടങ്ങിയ രണ്ടാം പുസ്തകത്തിന്റെ മുഖവുര)

ശ്രീബുദ്ധചരിതം കിളിപ്പാട്ടിന്റെ ആദ്യത്തെ രണ്ടു കാണ്ഡങ്ങൾ അടങ്ങിയ ഒന്നാം പുസ്തകം പുറത്തായിട്ട് ഇപ്പോൾ രണ്ടുകൊല്ലം കഴിഞ്ഞിരിക്കുന്നു. ആ പുസ്തകത്തിന്റെ മുഖവുരയിൽ സൂചിപ്പിച്ചിരുന്ന പ്രകാരം മൂന്നും നാലും കാണ്ഡങ്ങളടങ്ങിയ രണ്ടാം പുസ്തകം പ്രസിപ്പെടുത്താൻ ഇത്ര താമസം നേരിട്ടതിൽ വ്യസനമുണ്ട്. എന്നാൽ ഇപ്പോഴെങ്കിലും പ്രതിജ്ഞയെ നിറവേറ്റാൻ സാധിച്ചതിലുള്ള ചെറിയ ചാരിതാർത്ഥ്യത്തോടുകൂടി ഈ രണ്ടാം പുസ്തകവും സഹൃദയരായ വായനക്കാരുടെ മുമ്പാകെ സാദരം സമർപ്പിച്ചുകൊള്ളുന്നു.

ഒരു സംഗതിയാണ് ഇതിൽ പ്രത്യേകം പ്രസ്താവ യോഗ്യമായുള്ളത്. ഈ കിളിപ്പാട്ട് "Liglit of Asia" എന്ന ഇംഗ്ലീഷ് കൃതിയുടെ ഒരു സ്വതന്ത്ര തർജ്ജിമയായിട്ടാണല്ലോ ആരംഭിച്ചിരുന്നത്. എങ്കിലും ഇതിനെ ഒരു സ്വതന്ത്ര കൃതിയായി അവസാനിപ്പിക്കുന്നതു പലതുകൊണ്ടും അധികം നല്ലതായിരിക്കുമെന്ന് ഒടുവിൽ തോന്നുകയാൽ ഈ രണ്ടാം പുസ്തകം മുതൽ ആ അഭിപ്രായത്തിനനുരൂപമായ രീതിയിലാണു ഗ്രന്ഥം നിർമ്മിച്ചിട്ടുള്ളത്. അതുകൊണ്ടു മൂന്നാം കാണ്ഡത്തിൽ പൂർവാധികം സ്വാതന്ത്ര്യമംഗീകരിക്കയും നാലാംകാണ്ഡത്തെ മിക്കവാറും ഒരു സ്വന്ത കൃതിയായിത്തന്നെ പരിണമിപ്പിക്കയും ചെയ്തിരിക്കുന്നു. ഈ വ്യതിയാനം കൊണ്ട് ഗ്രന്ഥത്തിന്റെ ആനുപൂർവിക്കും ആകപ്പാടെയുള്ള ഭംഗിക്കും പ്രൗഢിക്കും ഹാനിതട്ടാതിരിപ്പാൻ ശ്രദ്ധവച്ചിട്ടുമുണ്ട്.

ഇതിവൃത്തത്തിൽ ബുദ്ധ ഭഗവാന്റെ സന്യാസം വരെയുള്ള പൂർവാശ്രമകഥകളും മുഴുവൻ ഈ നാലാം കാണ്ഡത്തോടെ അവസാനിച്ചിരിക്കുതിനാലും ഇത്രയും കൊണ്ടു ഗ്രന്ഥം പകുതി തീർന്നിരിക്കുന്നതിനാലും ഈ രണ്ടു പുസ്തകങ്ങളേയും പൂർവ ഭാഗമായി പരിച്ഛേദിക്കയും ചെയ്തിരിക്കുന്നു.

കൈതമുക്ക്, തിരുവനന്തപുരം
1917 നവംബർ 23

എൻ. കുമാരൻ ആശാൻ

Digitized By Kerala Sahitya Akademi

(vi) വീണപൂവ്, സിംഹപ്രസവം

ഈ പുസ്തകത്തിൽ അടങ്ങിയ രണ്ടു ചെറിയ കൃതികളിൽ 'വീണപൂവ്' 1083 വൃശ്ചികത്തിൽ സംഗതിവശാൽ ഏതാനും ദിവസം ഞാൻ പാലക്കാട്ടു താമസിച്ചിരുന്നപ്പോൾ എഴുതിയതാണ്. അടുത്ത ധനുമാസത്തിൽ തന്നെ മൂർക്കോത്തു കുഞ്ഞാമൻ അവർകൾ തന്റെ പത്രാധിപത്യത്തിൽ തലശ്ശേരിയിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന "മിതവാദി" യിൽ എന്റെ സമ്മതപ്രകാരം അതിനെ പ്രസിദ്ധീകരിച്ചിരുന്നു. ഉദ്ദേശം ഒരു സംവത്സരം കഴിഞ്ഞ്, ശ്രീമാൻ സി. എസ്. സുബ്രഹ്മണ്യൻ പോറ്റി അവർകൾ എം. എ. അതിനെ പകർത്തി ഒരു സ്വന്തമുഖവുരയോടുകൂടി "ഭാഷാപോഷിണി"യിൽ പ്രസിദ്ധപ്പെടുത്തി. അതിനുശേഷം കവിസാർവഭൗമനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് അതിനെ അവിടന്നു പ്രസിദ്ധപ്പെടുത്തിയ "പദ്യപാരാവലി" യിലേക്കു തിരഞ്ഞെടുത്തിരുന്നു. ആ പതിപ്പുകളിൽ ആദ്യമേ കടന്നുകൂടിയ അച്ചടിപ്പിഴകളെ തുടർന്നും മറ്റുപ്രകാരത്തിലും ചില സ്ഖലിതങ്ങളും ന്യൂനതകളും ഉണ്ടായിരുന്നതെല്ലാം ഈ സ്വന്ത പ്രസിദ്ധീകരണത്തിൽ ഞാൻ ദൃഷ്ടിവച്ചു തിരുത്തുകയും നന്നാക്കുകയും ചെയ്തിരിക്കുന്നു.

"സിംഹപ്രസവം" എന്ന രണ്ടാമത്തെ കൃതി 1084 കർക്കടകത്തിൽ തിരുവനന്തപുരം കാഴ്ചബംഗ്ലാവു നോട്ടത്തിലെ മൃഗശാലയിൽ പ്രസവിച്ച സിംഹത്തെപ്പററി കുറേ തിടുക്കത്തിൽ എഴുതി ഭാഷാപോഷിണി പ്രവർത്തകൻമാരുടെ അപേക്ഷപ്രകാരം അയച്ചുകൊടുക്കുകയും ആ മാസികയിൽ 1085 ചിങ്ങം, കന്നി ഈ മാസങ്ങളിലെ ഒന്നായുള്ള പ്രതിയിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ഇതിനേയും വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് "പദ്യപാരാവലി" യിൽ "സിംഹിയും കുട്ടികളും" എന്ന തലവാചകം നൽകി ഉദ്ധരിച്ചിട്ടുണ്ട്. ഈ സ്വന്ത പ്രസിദ്ധീകരണത്തിൽ ഞാൻ അതിനെ അകപ്പാടെ പരിഷ്കരിക്കയും അത്യന്താപേക്ഷിതമല്ലെന്നു തോന്നിയ അവസാനത്തെ ഒന്നുരണ്ടു പദ്യങ്ങളെ എടുത്തുകളകയും ചെയ്തിരിക്കുന്നു.

ഭാഷാ സാഹിത്യലോകത്തിൽ ഇപ്പോഴത്തെ ഒരുവിധം പ്രവേശം സിദ്ധിച്ചിട്ടുള്ള ഈ ചെറിയ കൃതികളെ ഇപ്രകാരം പ്രസിദ്ധീകരിക്കുന്നതിൽ മുഖ്യമായി എന്നെ പ്രേരിപ്പിച്ചത് ഇവയുടെ സമ്പൂർണ്ണവും നിർദ്ദോഷവുമായ ഒരു പ്രത്യേക പതിപ്പിന്റെ ആവശ്യകതയാണ്. താഴ്ന്നതരം വായനക്കാരുടെ ഉപയോഗത്തിനായി സംസ്കൃപദങ്ങളുടേയും മറ്റും അർത്ഥം കാണിക്കുന്ന ഒരു ചെറിയ ടിപ്പണംകൂടി ഇതോടു ചേർത്തിട്ടുണ്ട്. ഭാഷാഭിമാനികളുടെ ദയാപൂർവമായ സ്വീകാരണത്തെ പ്രതീക്ഷിച്ചുകൊണ്ട് ഇതിനെ പുറത്തയച്ചുകൊള്ളുന്നു.

തിരുവനന്തപുരം
1090 കർക്കടകം 20

ഗ്രന്ഥകർത്താ

Digitized By Kerala Sahitya Akademi

(vii) ബാലരാമായണം

ഈ കൃതിയെഴുതുന്നതിൽ രണ്ടു സംഗതികളാണ് പ്രധാന പ്രേരകങ്ങളായിരുന്നിട്ടുള്ളത്. ഒന്ന് ഉൽകൃഷ്ടമായ രാമായണത്തിലെ കഥാസാരം പാടുള്ളത്ര പ്രകൃത്യനുരൂപമായ വിധത്തിൽ ബാലഹൃദയങ്ങളിൽ പ്രതിഫലിപ്പിക്കുക, മറ്റൊന്ന് വലിയ പദ്യകൃതികളും വായിച്ചു രസിപ്പാൻ കുട്ടികളുടെ മനസ്സിൽ കൗതുകം ജനിപ്പിക്കുക. ഈ ഉദ്ദേശങ്ങളെ മുൻനിർത്തി കഥാപാത്രങ്ങളുടെ സ്വഭാവാദികളെ ഒരു വിധം സൂക്ഷിച്ച് ഈ കൃതിയിൽ വെളിപ്പെടുത്തീട്ടുണ്ട്. ബാഹ്യ പ്രകൃതിയേയും മാനസിക ഭാവങ്ങളേയും സംബന്ധിച്ച് അവിടവിടെ പ്രകൃതത്തിനനുസരിച്ച് അല്പാല്പമായ ചില വർണ്ണനകളും ചെയ്തിട്ടുണ്ട്. ഈ രീതിയിൽ രാമായണം മുഴുവൻ എഴുതി പ്രസിദ്ധപ്പെടുത്താനാണു വിചാരിക്കുന്നത്. വാല്മീകി രാമായണത്തിന്റെ ഛായയും രസവും പാടുള്ളത്ര ഈ ചെറിയ കൃതിയിൽ വരുത്താൻ നോക്കുന്നതുമാണ്. മഹാജനങ്ങളുടെ ദയാപൂർവമായ സ്വീകരണത്തെ പ്രതീക്ഷിച്ചുകൊണ്ട് ബാലകാണ്ഡം തൽക്കാലം പ്രസിദ്ധീകരിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
1092 ചിങ്ങം 1—ാംനു

ഗ്രന്ഥകർത്താ
എൻ. കുമാരൻ ആശാൻ

(viii) ഗ്രാമ വൃക്ഷത്തിലെ കുയിൽ

സത്യസന്ധവും ധർമ്മനിരതവുമായ അന്തഃകരണത്തെ കൃത്യമാർഗ്ഗങ്ങളിൽ വിഷമിപ്പിക്കുന്ന ദുശ്ശകുതികളുടെ വർണ്ണനകളാൽ എല്ലാ വർഗ്ഗക്കാരുടെയും സാഹിത്യം ഏറെക്കുറെ നിബിഡമാണ്. അനവധി യോഗ്യന്മാരെ ഇന്നും ആ ദുശ്ശകുതികളും വിഷമിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും സമ്മതിച്ചേതീരൂ. കാല ദേശാവസ്ഥകളനുസരിച്ച് ആ അനുഭവങ്ങൾക്കു നാനാത്വമുണ്ടെന്നുള്ളതു ശരിതന്നെ. എന്നാൽ സാധുവായ 'ഗ്രാമ വൃക്ഷത്തിലെ കുയിലി'ന്റെ അനുഭവവും ആ കോടിയിൽ പെട്ടതാണ്. അതുകൊണ്ട് ഇതിലെ ദേവദൂതന്റെ സാന്ത്വനങ്ങൾ അങ്ങനെയുള്ള ഏതെങ്കിലും അന്തഃകരണങ്ങൾക്ക് അല്പമെങ്കിലും ആശ്വാസം നൽകുമെങ്കിൽ ഈ ചെറിയ കൃതി എഴുതുന്നതിൽ ഞാൻ ചെലവു ചെയ്തസമയം നിഷ്ഫലമായില്ലെന്നു കരുതാവുന്നതാണ്.

93 മകരം ആദ്യമാണു ഞാൻ ഈ കൃതിഎഴുതാൻ ആരംഭിച്ചത്. അടുത്ത ഇടവം 30—ാം തീയതി സഞ്ചാരത്തിൽ വൈക്കത്തു താമസിക്കുമ്പോഴാണ് അവസാനിച്ചത്. വലിയ ആശംസയോടുകൂടിയല്ലെങ്കിലും ഇതിനേയും എന്റെ മറ്റു ചില ഖണ്ഡകൃതികളിടെ കൂട്ടത്തിൽ ഗണിച്ചു പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു. മഹാജനങ്ങൾ യഥാർഹം ഇതിനേയും സ്വീകരിച്ച് പ്രോത്സാഹിപ്പിക്കുമാറാകണമെന്ന് വിനയപൂർവം അപേക്ഷിക്കുന്നു.

കൈതമുക്ക്, തിരുവനന്തപുരം
94 കന്നി 23

എന്ന്, എൻ. കുമാരൻ ആശാൻ

Digitized By Kerala Sahitya Akademi

(ix) പ്രരോദനം

ഏഴുകൊല്ലം മുമ്പു 'നളിനി' എഴുതിത്തീർന്ന കാലത്തു മാത്രമാണ് പ്രഫസ്സർ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ആദ്യമായി മുഖപരിചയമാവാൻ എനിക്കു യോഗമുണ്ടായതു്. ഏതാണ്ടു 20 കൊല്ലങ്ങൾക്കു മുമ്പു് ഞാൻ വിദേശങ്ങളിൽ വിദ്യാഭ്യാസം ചെയ്തു താമസിച്ചിരുന്ന കാലത്തു തന്നെ ഇദ്ദേഹത്തിന്റെ കോമള പാണിനീയത്തേയും മേഘദൂതു തർജ്ജിമയേയും മാറും പറഞ്ഞു കണ്ടും കേട്ടും അറിഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ അന്നവയിൽ ഒക്കെ നേരുപറഞ്ഞാൽ ഔത്സുക്യമായിരുന്നു എനിക്കു തോന്നിയിരുന്നതു്. കാരണം പ്രധാനമായും അദ്ദേഹത്തിന്റെ യോഗ്യതയിൽ അസ്ഥാനം എനിക്കുണ്ടായിരുന്ന വിപ്രതിപത്തിതന്നെ ആയിരിക്കണം. സർവകലാശാലാ മുഖേന സംസ്കൃത ബിരുദങ്ങൾ സമ്പാദിക്കുന്നവരുടെ പാണ്ഡിത്യത്തിന്റെ അപൂർണ്ണതയേയും ഉപരിപ്ലവതയേയും അടിസ്ഥാനമാക്കിയുള്ള ഒരു പുച്ഛരസം "ഗുരുകുല ക്ലിഷ്ട"ൻമാരായ സംസ്കൃത വിദ്വാൻമാരുടെ ഇടയിൽ ഇന്നും സാധാരണമാണെന്നുള്ളതു രഹസ്യമല്ല. സംസർഗ്ഗംകൊണ്ടു് ആ സാംക്രമിക രോഗം ശിഷ്യ പരമ്പരയിലും പടർന്നു പിടിക്കുന്നു. എന്നാൽ ഈ വിധി കേവലം 'ഔത്സർഗ്ഗിക'മാണെന്നും ഇതിന്നു് അപവാദങ്ങൾ ധാരാളമുണ്ടാകുമെന്നുമുള്ള വസ്തുത കൂടി അവർ വിസ്മരിച്ചുകളയുന്നതാണു കഷ്ടം. എന്റെ മേൽ സൂചിപ്പിച്ച അനാസ്ഥയും ഈ ദുർദ്ധാരണയുടെ ഛായാ സംക്രമമല്ലയോ എന്നുകൂടി സംശയിപ്പാൻ കാരണമുണ്ടു്.

ചുരുക്കത്തിൽ 'ആംഗല സാമ്രാജ്യം' ഒരാവൃത്തി യദൃച്ഛയാ വായിച്ചു നോക്കാൻ ഇടയായപ്പോഴാണ് ഒരു കവിയുടെ നിലയിൽ പ്രഫസ്സർ കോയിത്തമ്പുരാൻ തിരുമേനിയുടെ യോഗ്യത എനിക്കു ബോദ്ധ്യമായതു്. പ്രതിപാദ്യമായ ആ നവീന രാജ്യചരിത്രാസ്ഥിശകലങ്ങളെവിടെ! സരളവും രസമസൃണവുമായ ആ കാവ്യതല്ലജമെവിടെ! അപൂർണ്ണവും ഉപരിപ്ലവവുമായ പാണ്ഡിത്യമെവിടെ! അർത്ഥ ശബ്ദങ്ങളുടെ സച്ഛായവും അതല സ്പർശവുമായ ആ മഹാ പ്രവാഹമെവിടെ! എന്തിനേറെപ്പറയുന്നു. കാളിദാസ ശൈലിയിൽ ഒരു സംസ്കൃത മഹാകാവ്യം കാണുന്നതിനു് ആ കവി സാർവഭൗമന്റെ കാലശേഷം ഇത്രയും ശതാബ്ദങ്ങൾ ലോകം കാത്തിരിക്കേണ്ടിവന്നു എന്നുള്ള വസ്തുത നിർമ്മത്സരൻമാരായ സഹൃദയൻമാർ മുക്തകണ്ഠം സമ്മതിക്കുമെന്നാണ് എന്റെ വിശ്വാസം. വിശേഷിച്ചു രഘുവംശാദികളിലെ പുരാണകഥകൾ പ്രകൃത്യാ കാവ്യ ചമൽക്കാരമുള്ളവ. സാമ്രാജ്യത്തിലെ ഇതിവൃത്തം നേരേമറിച്ചുള്ളതു്. അത്യമല്ല അന്നു് സംസ്കൃതത്തിന്റെ ജീവദ്ദശ; ഇപ്പോൾ അതു് ഒരു മൃതഭാഷ. പിന്നെ ആ മഹാകവി ഔത്താനൻ; നമ്മുടെ കവി ദാക്ഷിണാത്യൻ. ദേശഭേദകൃതമായ ആകാരഭേദം സംസ്കൃതഭാഷയ്ക്കുമുണ്ടു്. ദക്ഷിണോത്തരദേശീയരുടെ കൃതികൾ മിക്കവാറും സാധാരണ ശ്രവണ മാത്രത്തിൽ തിരി

Digitized By Kerala Sahitya Akademi

ച്ചറിയാവുന്നവയാണ്. അതുകൊണ്ട് ഈ പ്രാതികൂല്യങ്ങളുടെ വിജയത്തിലുള്ള മെച്ചം ആ 'കവി കുലഗുരു' തന്നെ അവരജനായ രാജരാജ കവിക്കു സമ്മതിച്ചുകൊടുത്തേ തീരൂ. പ്രാചീനമായ അക്ലിഷ്ട ശുദ്ധ രീതിയിൽ ''ആംഗലസാമ്രാജ്യം'' പോലെയുള്ള ഒരു കൃതിയെഴുതാൻ പരിപക്വമായ പാണ്ഡിത്യവും കാലദേശങ്ങളെ അതിശയിച്ച വാസനാ വിശേഷവും കൊണ്ടേ സാദ്ധ്യമാവൂ എന്നുള്ളതു നിരാക്ഷേപ്യമാണ'.

''നളിനി''ക്കു തിരുമേനിയെക്കൊണ്ടു തന്നെ ഒരു അവതാരിക എഴുതിക്കാൻ ഞാനാഗ്രഹിച്ചത് അവിടത്തെ നേർക്ക് ഇങ്ങനെ നിർവ്യാജമായ ബഹുമാനം തോന്നിയതിനുശേഷമാണ്. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ സാഹിത്യ സംബന്ധമായ അഭിപ്രായങ്ങളും അഭിനന്ദനങ്ങളും അതിദാക്ഷിണ്യം നിമിത്തം അവ്യാവർത്തകങ്ങളായി കലാശിച്ചതും അവിടത്തെ പ്രിയഭാഗിനേയനെ അന്വേഷിപ്പാൻ എനിക്കു പ്രോൽകാന്തരമായിത്തീർന്നു എന്ന വസ്തുത കൂടി തുറന്നു പറയുന്നതിനും വിരോധമില്ല. ഒടുവിൽ ഞാൻ പ്രഫസ്സർ തിരുമേനിയുടെ സംസ്കൃതത്തിലും മലയാളത്തിലുമുള്ള പല കൃതികളും ശ്രദ്ധയോടെ വായിക്കുകയും അവിടത്തെ പാണ്ഡിത്യം പ്രതിഭാവിശേഷം കവിത്വം ഇവയിൽ എനിക്കു നാൾക്കു നാൾ ബഹുമാനം വർദ്ധിച്ചു വരികയും ചെയ്തു. ചില സന്ദർഭങ്ങളിൽ തിരുമേനിയെ ഞാൻ വസതിയിൽ ചെന്നു കാണുകയും സംഭാഷണ മദ്ധ്യേ ശാസ്ത്രീയമായ പല അഭിപ്രായ ശകലങ്ങളും ആ പണ്ഡിതവര്യന്റെ മുഖത്തു നിന്നു പുറപ്പെടുന്നതു ശ്രദ്ധിക്കയും ചെയ്തിട്ടുണ്ട്. അതെല്ലാം അദ്ദേഹത്തിന്റെ സർവതോമുഖമായ വൈദുഷ്യത്തെപ്പറ്റി എനിക്ക് അധികമധികം കൗതുകാത്ഭുതങ്ങളെ ജനിപ്പിച്ചു. അദ്ദേഹത്തിന്റെ സഹജമായ ദാക്ഷിണ്യാദി ഗുണങ്ങളും അതിനിടയിൽ എന്റെ ഹൃദയത്തെ അധികമധികം വശീകരിക്കയും ചെയ്തിരുന്നു.

വ്യാകരണം, ഛന്ദസ്സ്, അലങ്കാരം (സാഹിത്യശാസ്ത്രം) ഈ വക്ഷിയങ്ങളിൽ കൂലങ്കഷമായ പരിചിന്തനം ചെയ്ത് പ്രൗഢങ്ങളും പ്രാപ്തങ്ങളുമായ ഗ്രന്ഥങ്ങൾ നിർമ്മിച്ച് നമ്മുടെ ഭാഷയുടെ സ്ഥിതിയെ ഇത്രശോഭനവും സുപ്രതിഷ്ഠിതവുമാക്കിത്തീർത്ത മറ്റൊരു മഹാൻ കേരളഭൂമിയിൽ ഇതുവരെ ജനിച്ചിട്ടില്ലെന്നുള്ളതു നിർവിവാദമാണ്. കവിതാവിഷയത്തിൽ തിരുമേനിയുടെ ഒടുവിലത്തെ നാടക തർജ്ജിമകൾ, വിശേഷിച്ചു 'മാളവികാഗ്നിമിത്രം' 'ചാരുദത്തൻ' ഇവ അത്യുത്തമ രീതിയിലുള്ള മാതൃകകൾ തന്നെയാണ്. എന്നുതന്നെയല്ല, 'ചാരുദത്ത' നാടകം ഭാസശൂദ്രക കവികളുടെ കൃതികളെ കൂട്ടിച്ചേർത്തിട്ടുള്ള ഒരു സ്വതന്ത്ര തർജ്ജിമയാണെങ്കിലും അതിൽ തിരുമേനി അവസരോചിതമായ ത്യാഗയോഗങ്ങൾ ചെയ്തു വരുത്തീട്ടുള്ള പരിഷ്കാരങ്ങളെപ്പറ്റി ചിന്തിച്ചാൽ മിക്കവാറും അത് ഒരുത്തമ സ്വതന്ത്ര കൃതിയുടെ യശസ്സിനു തന്നെ അവിടത്തെ അർഹനാക്കിയിട്ടുണ്ടെന്നു സമ്മതിക്കേണ്ടിവരും. ചുരുക്കിപ്പറഞ്ഞാൽ താമസിയാതെ അടുത്തൂൺ വാങ്ങി സർക്കാർജോലിയിൽ നിന്നു പിരിഞ്ഞു ജീവിത

Digitized By Kerala Sahitya Akademi

ശേഷം മുഴുവൻ മാതൃഭാഷയുടെ ഉൽക്കർഷാതിശയത്തിനായി ഗ്രന്ഥ നിർമ്മാണ മാർഗ്ഗേണ ഇനിയും ശ്രമിച്ചുകൊണ്ടിരിപ്പാൻ ദീക്ഷിച്ചിരുന്ന ആ മഹാനുഭാവന്റെ പൊടുന്നനെ ഉണ്ടായ ഈ ദേഹവിയോഗം കൈരളി യുടെ ഭാഗ്യത്തിന് അശനിപാതമാണെന്നു തന്നെ പറയണം. തിരുമേനി യുടെ കീഴിൽ ഭാഷയ്ക്ക് ഒരു പുതിയ ജീവനും പുഷ്ടിയും ഉണ്ടായി. അവിടത്തെ അധികാരവും അഭിപ്രായവും അല്പകാലത്തിനുള്ളിൽ ഭാഷാ സാമ്രാജ്യം മുഴുവൻ പ്രബലമായിത്തീർന്നു. ഈ സ്ഥിതിയിൽ കുറേ ക്കാലംകൂടി കഴിഞ്ഞു പരിപൂർണ്ണൈശ്വര്യം അനുഭവിപ്പാൻ കൈരളിക്കു ഭാഗ്യമുണ്ടായില്ലല്ലോ.

കഴിഞ്ഞ മിഥുനം ആദ്യം ഞാൻ ഉത്തരതിരുവിതാംകൂറിൽ സഞ്ചരി ക്കുന്ന അവസരത്തിലാണ് ഹൃദയാരുന്തുദമായ ആ ചരമവൃത്താന്തം അറി വാൻ ഇടയായത്. എത്ര അപ്രതീക്ഷിതവും അസഹ്യവുമായ ഒരു പ്രഹര ണമായിരുന്നു അത്.

ഹൃദയം മരവിച്ചുപോയി എന്നു തന്നെ പറയാം. പല പ്രധാന വർത്ത മാനക്കടലാസുകാരും മാസികക്കാരും എല്ലാം മാമൂലനുസരിച്ചു ചരമ പദ്യ ങ്ങൾ ആവശ്യപ്പെട്ടു തുടങ്ങി. അത് അധികം മർമ്മഭേദകമായിട്ടാണു തോന്നി യത്. ഒരക്ഷരം എഴുതാൻ എനിക്കു കഴിഞ്ഞില്ല. കുറേക്കഴിഞ്ഞു പലരും മുഖദാവിലും എഴുത്തുമൂലവും തിരുമേനിയെപ്പറ്റി ചരമ പദ്യമെഴുതാഞ്ഞ തിനെക്കുറിച്ചു ചോദിച്ചു തുടങ്ങി. ഹൃദയത്തിന്റെ താൽക്കാലികമായ അമർത്തലിന് സ്വാഭാവികമായി ക്രമേണ ശൈഥില്യമാരംഭിക്കയും ചെ യ്തു. തിരുമേനിയെക്കുറിച്ചുള്ള സ്മരണകളും ചിന്തകളും ബഹുമുഖ മായി വർദ്ധിച്ചു. അവ തിങ്ങിഞെരുങ്ങി മനസ്സു കേവലം അസ്വസ്ഥ മായിത്തീർന്നു. ഒടുവിൽ ഒരു ചരമകാവ്യമെഴുതി ഈ ഹൃദയഭാരം ലഘൂ കരിക്കാൻ ഞാൻ തീർച്ചയാക്കി.

ഏതാണ്ട് ഒരുമാസം കഴിഞ്ഞ് കർക്കടകം 8-ാം നു- നെയ്യാറ്റുങ്കര വച്ചാണ് പ്രരോദനത്തിലെ ആദ്യത്തെ രണ്ടു മൂന്നു പദ്യങ്ങൾ എഴുതിയത്. പല അസൗകര്യങ്ങളാൽ ഉടനെ തുടർന്നെഴുതാൻ കഴിഞ്ഞില്ല. ഈയാണ്ടു കന്നി അവസാനത്തിലാണെന്നു തോന്നുന്നു ആദ്യത്തെ എട്ടോ പത്തോ പദ്യ ങ്ങൾ ഞാൻ എന്റെ മാന്യ സ്നേഹിതൻ ഏ. ഗോപാലമേനോൻ എം. എ. അവർകളെ വായിച്ചു കേൾപ്പിച്ചത്. ഗുരുവിന്റെയും സഹാദ്ധ്യാപ കന്റേയും ഇഷ്ടമിത്രത്തിന്റേയും നിലയിൽ തനിക്കു എത്രയും സ്നേഹ ബഹുമാനങ്ങളുള്ള തിരുമേനിയുടെ സ്മാരകമായി ആരംഭിച്ച ഈ കൃതി പൂർത്തിയാക്കുന്ന വിഷയത്തിൽ എന്നെ അദ്ദേഹം ആദ്യന്തം ഉത്സാഹിപ്പി ക്കുകയും ധനുമാസം 6-ാം നു- ഈ കാവ്യം എഴുതിത്തീരുന്നതുവരെ ആ നിർബന്ധം തുടർന്നു കൊണ്ടിരിക്കയും ചെയ്തു. അദ്ദേഹം ഇങ്ങനെ ത്വരിപ്പിച്ചിരുന്നില്ലെങ്കിൽ ഈ പരിമിത കാലത്തിനുള്ളിൽ ഇത് എഴുതി ത്തീർപ്പാൻ കഴിയുമായിരുന്നോ എന്ന് എനിക്കു സംശയമാണ്. നിർവ്യാജ

Digitized By Kerala Sahitya Akademi

മായ സ്നേഹ ബഹുമാനാതിശയമുള്ള ഒരു പരിചിതന്റെ സ്ഥാനം മാത്ര മാണ് എനിക്കു തിരുമേനിയെ സംബന്ധിച്ചുണ്ടായിരുന്നത്. ആ സ്ഥാന ത്തിൽ നിന്നു കൊണ്ടാണ് അവിടത്തെ യോഗ്യതകളേയും ഗുണഗണങ്ങളേയും ഞാൻ നോക്കുന്നതും. അതു കൊണ്ട് ജീവ ചരിത്രീയമായ വിവരങ്ങളിൽ പലതിനും ഈ കാവ്യത്തിൽ പ്രസക്തിതന്നെ ഇല്ല. കാവ്യം രസപ്രധാന മാണ്. സംഭവ പ്രധാനമല്ല. അതുകൊണ്ട് ആ വക വിവരണങ്ങളെപ്പറ്റി ഞാൻ നിഷ്കർഷിച്ചന്വേഷിച്ചിട്ടുമില്ല. എങ്കിലും ചരമഗതിയോട് അധി കം സംബന്ധമുള്ള ഗൃഹ്യസംഭവങ്ങളിൽ ചിലതിനെ യഥാസ്ഥാനം സൂചി പ്പിച്ചിട്ടുണ്ട്. ആ സൂചനകളും കൂടാതെ കഴിയുന്നവയുമല്ലല്ലോ.

വിലാപ പ്രമേയത്തിൽ സംസ്കൃതത്തിലും മലയാളത്തിലും കവികൾ "വിയോഗിനി" വൃത്തമാണ് പ്രായേണ തിരഞ്ഞെടുക്കാറുള്ളത്. സംസ്കൃത വൃത്തങ്ങളിൽ ചെറിയ വൃത്തങ്ങളാണ് ഞാൻ എന്റെ മറ്റു കൃതികളിൽ പലതിനും ഉപയോഗിച്ചിട്ടുള്ളതും. എന്നാൽ പ്രരോദന ത്തിനു "ശാർദ്ദൂലവിക്രീഡിതം" അനുഗുണമായിരിക്കുമെന്നു തോന്നാൻ ചിലകാരണങ്ങളുണ്ട്. വർണ്ണനാപ്രചുരമായ കാവ്യങ്ങളിൽ അതാതുല്ലേഖ ങ്ങളോടുകൂടി അന്വയം അതാതു പദ്യങ്ങളിൽ തന്നെ അവസാനിക്കു ന്നത് ശ്രോതാക്കൾക്ക് അധികം സുഖകരമായി തോന്നുന്നതാണ്. അതു കൊണ്ടു വിവക്ഷിതാനുസാരമായി ഈ ദീർഘവൃത്തം സ്വീകരിക്കേണ്ടിവന്ന താകുന്നു. "ഒരു അനുതാപം" എന്നപേരിൽ എന്റെ പ്രിയമാതാവിന്റെ ദേഹവിയോഗം സംബന്ധിച്ച് ഏതാനും കൊല്ലങ്ങൾക്കുമുമ്പ് ഞാൻ ഈ വൃത്തത്തിൽതന്നെ കുറേ പദ്യങ്ങൾ എഴുതിയിരുന്നു. അതിനെ ഇന്നത്തെ ഭാഷാഭിമാനികളിൽ അഗ്രഗണ്യനും പണ്ഡിതകവിവര്യനുമായ ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകൾ (എം. എ. ബി. എൽ.) "പദ്യമഞ്ജരി" ഏഴാം ഭാഗത്തിൽ തിരഞ്ഞെടുത്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ രചനയിലുണ്ടായ അനുഭവവും ഈ വൃത്തത്തിൽ എനിക്കു പക്ഷപാത വിശേഷം ജനിപ്പിക്കാതിരുന്നിട്ടില്ല. 'പ്രരോദന'ത്തിന്റെ ഉത്ഭവത്തെ സംബ ന്ധിച്ച് എനിക്കു പറവാനുള്ളതു ചുരുക്കത്തിൽ ഇങ്ങനെ കഴിഞ്ഞു.

ഇതിന്റെ ഒന്നാംപതിപ്പ് ഏതാനുംപ്രതികൾ മാത്രമായിരുന്നു. ഇതു രണ്ടാംപതിപ്പാണ്. പ്രമേയങ്ങളിലും വർണ്ണനകളിലുമുള്ള ചില സൂച നകൾക്കു വിവരണം അത്യാവശ്യമാണെന്നുകാണുകയാൽ ആ ആവശ്യ ത്തിനു മാത്രമുപകരിക്കാവുന്ന ഒരു ടിപ്പണം കൂടി ഈ പതിപ്പിൽ ചേർത്തി ട്ടുണ്ട്. വാച്യാർത്ഥങ്ങളെ അല്ലാതെ വ്യംഗ്യ വിശേഷങ്ങളേയും മറ്റും ടിപ്പണം സ്പർശിച്ചിട്ടില്ലെന്നുതന്നെ പറയാം.

പ്രഫസ്സർ തിരുമേനിയിൽ ഗാഢ സ്നേഹ ബഹുമാനങ്ങളുള്ള ദേ ഹവും മഹാരാജാസ് കാളേജിൽ അവിടത്തെ ഒഴിവിൽ ഇപ്പോഴും സംസ്കൃത പണ്ഡിത സ്ഥാനം അലങ്കരിച്ചുപോരുന്നു പണ്ഡിതവര്യനും എന്റെ മാന്യ സുഹൃത്തുമായ നന്ത്യാർ വീട്ടിൽ കെ. പരമേശ്വരൻപിള്ള അവർകൾ

Digitized By Kerala Sahitya Akademi

(എം. എ. എം. ആർ. എ. എസ്) ഇതിൽ എഴുതിച്ചേർത്തിട്ടുള്ള സരസമായ അവതാരികയ്ക്കായി ഞാൻ അദ്ദേഹത്തിനു ഹൃദയപൂർവം നന്ദിപറഞ്ഞുകൊള്ളുന്നു. ഈ കൃതി പകർത്തി എഴുതുന്നതിലും പ്രൂഫ് വായിക്കുന്നതിലും മറ്റും എന്നെ സഹായിച്ചിട്ടുള്ള യുവ വിദ്വാൻമാർ പലരാകയാൽ അവരുടെ എല്ലാം പേരുകളും കൊണ്ട് മുഖവുരയെ ദീർഘിപ്പിക്കാൻ മടിക്കുന്നതിനെ അവർ സദയം ക്ഷമിക്കേണ്ടിയിരിക്കുന്നു. പതിവുപോലെയുള്ള അനുഗ്രഹത്തെ പ്രതീക്ഷിച്ചുകൊണ്ട് ഈ കൃതിയേയും ഞാൻ സഹൃദയ സമക്ഷം ഇതാ വിനയപൂർവം അയച്ചുകൊള്ളുന്നു.

തിരുവനന്തപുരം
12–4–19

എൻ. കുമാരൻ ആശാൻ

(x) ചിന്താവിഷ്ടയായ സീത

ഈ കൃതി എഴുതാൻ ആരംഭിച്ചത് 1914 ആഗസ്റ്റ് 10–ാം നു- യാണ്. ആദ്യത്തെ 80 പദ്യങ്ങളും അന്നു മുതൽ പല അവസരങ്ങളിലായി എഴുതീട്ടുള്ളതും. ശേഷം മുഴുവൻ ഈയിടെ ഏതാനും ദിവസങ്ങളും കൊണ്ട് എഴുതീട്ടുള്ളതുമാകുന്നു. സീതാദേവി അന്തർദ്ധാനം ചെയ്യുന്നതിന്റെ തലേന്നാത്രി വാല്മീകിയുടെ ആശ്രമത്തിൽ ഒരു ഏകാന്തസ്ഥലത്തിരുന്നു തന്റെ പൂർവാനുഭവങ്ങളേയും ആസന്നമായ ഭാവിയേയും മറ്റും പറ്റി ചെയ്യുന്ന ചിന്തകളാണ് ഈ കൃതിയുടെ പ്രധാന വിഷയം.

ഗ്രന്ഥകർത്താ

ആലുവാ
8–12–19

(xi) പുഷ്പവാടി

എന്റെ കൃതി ശകലങ്ങളിൽ ചിലതിനെ തിരഞ്ഞെടുത്തു "പുഷ്പവാടി" എന്ന പേരിൽ ഒരു പുസ്തകമായി പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിച്ചിട്ട് ഇപ്പോൾ ഒരു വ്യാഴവട്ടത്തിനു മേലായി. ഏതാണ്ടു പത്തു കൊല്ലം മുമ്പു "വീണപൂവ്" എന്ന ഖണ്ഡകൃതി പ്രത്യേക പുസ്തകമായി പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിന്റെ പുറം കടലാസിൽ ഒരു പരസ്യം വഴിയായി ആ സംഗതി പ്രതിജ്ഞാപിച്ചിരുന്നതായും ഓർക്കുന്നു, അന്നു മുതൽ രേഖാമൂലമായും മുഖദാവിലും 'പുഷ്പവാടി' ആവശ്യപ്പെട്ടുകൊണ്ട് എന്നെയും എന്റെ പുസ്തക വ്യാപാരികളെയും പല സുഹൃത്തുക്കളും ബുദ്ധിമുട്ടിച്ചു വന്നു എന്നുള്ള വസ്തുതയും വിസ്മ

Digitized By Kerala Sahitya Akademi

രിക്കാവുന്നതല്ല. ഈ കാരണങ്ങളാൽ ഇത്ര താമസിച്ചു പുറപ്പെടുന്നതാ
ണെങ്കിലും ഈ പുസ്തകത്തിനു മാറു പ്രകാരത്തിലുള്ള ഔചിത്യത്തെ
പ്പറ്റി അത്രയൊന്നും ചിന്തിക്കാതെ തന്നെ "പുഷ്പവാടി" എന്നു നാമ
കരണം ചെയ്വാൻ ഇടയായിട്ടുള്ളതാണ്. പഴയ പ്രതിജ്ഞയേയും സുഹൃ
ത്തുക്കളുടെ പ്രതീക്ഷയേയും നിറവേറ്റാൻ ഇതു് എത്രകണ്ടും പ്രകാശ
ത്തിൽ പര്യാപ്തമാകുമെങ്കിൽ ഭാഗ്യമായി.

സാർവജനീനമായ ചില ചൊടുകൃതികളാണ് ഇതിൽ തിര
ഞ്ഞെടുത്തു ചേർത്തിട്ടുള്ളത്. അതിൽ ആദ്യമാദ്യം കാണുന്നവ പ്രായേണ
ബാഹ്യപ്രകൃതിയിലുള്ള ഏതാനും മനോഹര വസ്തുക്കളേയും സരസ
സന്ദർഭങ്ങളേയും ഒടുവിലുള്ളവ ഈശ്വരഭക്തി മുതലായ ചില ഉൽകൃഷ്ട
മനോഭാവങ്ങളേയും പരാമർശിച്ചു് എഴുതിയിട്ടുള്ളവയാകുന്നു. ആദ്യഭാഗം
അധികം ബാലൻമാരുടെ അഭിരുചിയെ ലാക്കാക്കിയും ഒടുവിലത്തെ ഭാഗം
പ്രായമായവർക്കുകൂടി രസിക്കത്തക്കവണ്ണവും ഉള്ള ഉദ്ധരണങ്ങളുമാണ്.
ഓരോകൃതിയുടേയും അടിയിൽ അതെഴുതിയ കാലത്തേയോ സന്ദർഭത്തേയോ
സൂചിപ്പിക്കുന്ന കുറിപ്പുകളും കൊടുത്തിട്ടുണ്ട്.

ഇതിനെ പിന്തുടർന്നു മറ്റു പ്രമേയങ്ങളിലുള്ള ചില ലഘുകൃതികളു്
അനുരൂപമായ നാമത്തിൽ പുസ്തകരൂപേണ താമസിയാതെ പുറപ്പെടു
ന്നതാകുന്നു. ഈ പ്രസിദ്ധീകരണത്തിൽ പ്രൂഫ് പരിശോധിച്ചും മറ്റും
ശ്രീമൻമാർ കെ. അയ്യപ്പൻ ബി. എ , കെ. സദാശിവൻ ബി. എ. ഈ
ഭാഷാ പ്രണയികളും ചെയ്തു തന്നിട്ടുള്ള സാഹായ്യത്തെ ഞാൻ സസ്നേഹം
സ്മരിക്കുന്നു.

തിരുവനന്തപുരം
17–4–1922

ഗ്രന്ഥകർത്താ

(xii) ദുരവസ്ഥ

തെക്കേ മലയാം ജില്ലയിൽ 1097 ചിങ്ങത്തിൽ ആരംഭിച്ച മാപ്പിള ലഹള
കേരള ചരിത്രത്തിൽ രക്തരൂഷിതമായ ഒരു അദ്ധ്യായത്തെ രചിച്ചിരിക്ക
യാണല്ലോ. കല്പനാശക്തിയെ തോല്പിക്കുന്ന ഭയങ്കരങ്ങളും പൈശാ
ചികങ്ങളുമായ സംഭവങ്ങളെക്കൊണ്ടു് കേരളത്തെ മാത്രമല്ല ഇൻഡ്യയെ മുഴു
വൻ ഒരു പ്രകാരത്തിൽ അല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ ഇളക്കിമറിച്ചി
രുന്ന ആ കൊടുങ്കാറ്റ് ഭാഗ്യവശാൽ ഇപ്പോഴേക്കും മിക്കവാറും ശമിച്ചു കഴിഞ്ഞി
രിക്കുന്നു. ആപത്തിനെക്കാളും വലിയ അദ്ധ്യാപകൻ ഇല്ലെന്നുള്ളതു ചരി
ത്രവും മതവും ഒന്നുപോലെ സമ്മതിക്കുന്ന വസ്തുതയാകുന്നു. ലഹള
യുടെ വായിൽ നിന്നു് അതിന്റെ നാവിന്റെ പരുപരുപ്പും വീരപ്പല്ലിന്റെ
മൂർച്ചയും നല്ലവണ്ണം അറിഞ്ഞു് ഇപ്പോഴേക്കും വിശകലിതമായി വെളിയിൽ വന്ന

Digitized By Kerala Sahitya Akademi

ക്കപ്പെട്ടിരിക്കുന്ന ഹിന്ദു സമുദായം, പുരാതനമായ ഒരു നാഗരികതയുടെ പ്രാതിനിധ്യം വഹിക്കുന്ന ഒന്നാണെന്നുള്ളതു ശരിതന്നെ. എന്നാൽ നവീനാദർശം അനുസരിച്ചു നോക്കിയാൽ ഈ സമുദായം ഇന്നും ശൈശവാവസ്ഥയിൽ ഇരിക്കയാണെന്നുള്ളതും സമ്മതിച്ചേ തീരൂ. ശൈശവത്തിൽ പഠിക്കുന്ന പാഠങ്ങൾ വേഗം മറന്നു പോകും എന്നുള്ള ഒരു ദോഷമുണ്ട്. എന്നാൽ ഉരുക്കഴിച്ചു പഠിച്ചാൽ ആജീവനാന്തം ഓർമ്മനില്ക്കും എന്നുള്ള ഒരു ഗുണവുമുണ്ട്. ഈ മഹാവിപത്തിനോടെയും ഇതു പഠിപ്പിച്ച പാഠങ്ങളിൽ ചിലതിനോടെയും ഓർമ്മയെ സമുദായത്തിന്റെ പുനഃസംഘടനയ്ക്കു പ്രേരകമാകത്തക്കവണ്ണം നിലനിർത്തണമെന്നുള്ളതാണ് 'ദുരവസ്ഥ' എന്ന പേരിൽ അടിയിൽ കാണുന്ന പാട്ടിന്റെ വിനീതമായ ഉദ്ദേശം.

എന്നാൽ ലഘുതയുടെ അപൂർണ്ണതയും അസ്പഷ്ടവുമായ ഛായയും പാഠങ്ങളിൽ ചിലതിന്റെ മന്ദമായ പ്രതിധ്വനിയും മാത്രമേ ഇതിൽ നിന്നു ഗ്രഹിപ്പാൻ കഴിയൂ. പ്രകൃതത്തിൽ അധികമായ ജിജ്ഞാസ ജനിപ്പിക്കുന്നതിനും ഇത്തരം ഒരു കൃതിയിലെ സാഹിത്യ സംബന്ധമായ ആവശ്യകത നിറവേറുന്നതിനും അതു പര്യാപ്തമാകുമെന്നു വിശ്വസിക്കുന്നു.

'ദുരവസ്ഥ' എന്റെ മറ്റു കൃതികളെ അപേക്ഷിച്ച് വിലക്ഷണ രീതിയിൽ ഉള്ള ഒരു കാവ്യമാണ്. വർത്തമാന കാലജ്ഞനും വായനക്കാരുടെ മുമ്പിലും നടക്കുന്ന സംഭവങ്ങളെ ആധാരമാക്കിയെന്നു മാത്രമല്ല അവയെ കഴിയുന്നത്ര തൻമയത്വത്തോടുകൂടി വർണ്ണിപ്പാൻ ആശിച്ചുകൊണ്ടും രചിക്കപ്പെടുന്ന കഥാരൂപമായ കവിതകളിൽ സാരസ്യം വരുത്താൻ പ്രയാസമാണെന്നു പറയേണ്ടതില്ലല്ലോ. ഭൂതകാലവും പരോക്ഷതയുമാണ് കവിതാചിത്ര നിർമ്മാണത്തിനുപറ്റിയതായി പണ്ടുപണ്ടേ അറിയപ്പെടുന്നതും സ്പൃഹണീയവുമായ ദിങ്മാത്രകൾ. രേഖയുടേയോ വർണ്ണത്തിന്റെയോ പല ന്യൂനതകളും അവ മറച്ചുകളയും; ഗുണങ്ങളെ ഉജ്ജ്വലമാക്കുകയും ചെയ്യും. ആ വക സൗകര്യങ്ങളെ ഒക്കെ വെടിഞ്ഞുള്ള ഒരു സംരംഭമാണിത്. കൂടാതെയും സമുദായ പരിഷ്കരണ വിഷയത്തിൽ പ്രബലമായ അഭിപ്രായ വ്യത്യാസമുള്ള സംഗതികളെ ലാക്കാക്കിയുമാകുന്നു ഈ കൃതി പുറപ്പെടുന്നത്. ഇതിലെ നായികാ നായകൻമാരുടെ ഘടന തന്നെ ഗത്യന്തരമില്ലാത്ത പതനത്തിൽ സംഭവിക്കുന്നതാണെങ്കിലും പൂർവാചാരനിരതമായ മനസ്സിനു അരുചിയും അനൗചിത്യബുദ്ധിയും ജനിപ്പിക്കാമെന്നുള്ളതാകുന്നു. ഇതിനു പുറമേ പ്രബന്ധത്തിന്റെ കീർത്തിക്കും പ്രതിഷ്ഠയ്ക്കും നിയാമകനായി വിചാരിക്കപ്പെടുന്ന നായകന്റെ കുലീനത്വാദി ഗുണങ്ങളുടെ അഭാവത്തേയും താദൃശനായകന്റെ വിഷയത്തിൽ കുലീനയായ നായികയുടെ രതിക്കുള്ള രസാഭാസത്വശങ്കയേയും മറ്റും ആസ്പദമാക്കി ഈ പുതിയ സംരംഭത്തിൽ ശാസ്ത്രീയമായ ആക്ഷേപങ്ങൾ പറവാൻ പുറപ്പെടുന്ന പണ്ഡിതൻമാരും ഉണ്ടായേക്കാം. ശക്തിമത്തായ ഈ പ്രതികൂലാവസ്ഥകൾക്കെല്ലാം എതിരായി അക്ഷുണ്ണമായ മാർഗ്ഗത്തിലൂടെയുള്ള ഈ ഗതി

Digitized By Kerala Sahitya Akademi

വിജയപര്യവസായി ആകുമോ എന്നു ഞാൻ തന്നെ സംശയിക്കാതിരിക്കുന്നില്ല. എങ്കിലും ഉൽകൃഷ്ടമായ ഒരു ധർമ്മാദർശത്തെ പുരസ്കരിച്ചുള്ള കൃത്യബോധത്താൽ പ്രേരിതനായി ഈ സാഹസത്തിന് ഒരുമ്പെട്ടതാകുന്നു. ശക്തിയേറിയ ഒഴുക്കിൽ മുന്നോട്ടു നീന്താനുള്ള ഈ ശ്രമത്തെ സഹൃദയരായ വായനക്കാർ അനുകമ്പാപൂർവം നിരീക്ഷിക്കുമെന്നും ഇതിലെ തോൽവിതന്നെയും ഒരു വക വിജയമായി ഗണിക്കുമെന്നും ആശിച്ചുകൊള്ളുന്നു.

ചെറുശ്ശേരി മട്ടിൽ 1700 ശീലുകളുള്ള ഈ കൃതി ആരംഭിച്ചത് 1097 ഇടവം 12–ാം നു- യാണ്. 98 ചിങ്ങം 14–ാംനു- യാണ് എഴുതിത്തീർന്നത്. സാഹിത്യ സംബന്ധമായ വലിയ ഉൽകർഷമൊന്നുമില്ലെങ്കിലും ഇത് അർഹിക്കുന്ന സ്ഥാനത്തിൽ സഹൃദയലോകം ഇതിനേയും സന്തോഷപൂർവം സ്വീകരിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി പുറത്തയച്ചുകൊള്ളുന്നു.

തോന്നയ്ക്കൽ
22–1–1098

ഗ്രന്ഥകർത്താ

(xiii) ചണ്ഡാല ഭിക്ഷുകി

ഈയാണ്ടു ചിങ്ങത്തിൽ പ്രസിദ്ധീകരിച്ച "ദുരവസ്ഥ"യുടെ സഹോദരിയായി അടിയിൽ കാണുന്ന മറൊരു ഗാന കൃതിയെ ഇത്ര വേഗത്തിൽ വായനക്കാരുടെ മുമ്പാകെ സമർപ്പിപ്പാൻ സാധിക്കുമാറായതിൽ സന്തോഷമുണ്ട്. ബുദ്ധമത സംബന്ധമായ ഒരു പ്രാസംഗിക വൃത്താന്ത ശകലമാകുന്നു ഇതിലെ കഥാ വസ്തു. അതിനെ കാവ്യാനുകൂലമായ വിധത്തിൽ വിസ്തരിക്കുമ്പോഴും ചരിത്ര സംബന്ധമായോ മതതത്വ വിഷയമായോ ഉള്ള പ്രമാദങ്ങളും വരാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. കാവ്യത്തെ മൂല കഥാംശത്തോടു താരതമ്യപ്പെടുത്തി നോക്കാൻ കൗതുകമുള്ള വായനക്കാർ ഉണ്ടായിരിക്കാം. അതുകൊണ്ട് പ്രഫസ്സർ ലക്ഷ്മീ നരസുവിന്റെ 'The Essence of Buddhism എന്ന പുസ്തകത്തിൽ നിന്ന് ആ ഭാഗം മുഴുവൻ ഉദ്ധരിച്ചു ഇതോടു ചേർത്തിരിക്കുന്നു.*

തോന്നയ്ക്കൽ
18–4–'98

ഗ്രന്ഥകർത്താ

*On one occasion, Ananda, one of the oldest disciples of Buddha, passing by a well where a girl of the Matanga caste was drawing water, asked her for some water to drink. She answered: "How dost thou ask water of me, an outcaste who may not touch thee without contamination?" Ananda replied, "My sister, I ask not of thy caste, I ask thee water to drink." The Chandala

Digitized By Kerala Sahitya Akademi

girl was overjoyed and gave Ananda water to drink. Ananda thanked her and went his way, but the girl learning that he was a disciple of the Blessed One repaired to the place where Buddha was. The blessed one understanding her sentiments towards Ananda made use of them to open her eyes to see the truth, and took her among his disciples.

On the admission of this Chandala woman into the order of Bhikshunis King Prasenajit and the Brahmanas and Kshatriyas of Sravasti feeling greatly scandalised came to remonstrate with the Lord on his conduct. The Blessed One demonstrated to them the futility of caste distinctions by the following simple reasoning.

Between ashes and gold there is a marked difference but between Brahmana and a Chandala there is nothing of the kind. A Brahmana is not produced like fire by the friction of dry wood; he does not descend from the sky nor from the wind; nor does he arise piercing the earth.

The Brahmana is brought forth from the womb of a woman in exactly the same way as a Chandala. All human beings have organs exactly alike; there is not the slightest difference in any respect. How can they be regarded as belonging to different species? Nature contradicts the assumptions of any specific inequality among mankind."

Vide P. 126 Chapter on Buddhism and Caste.

(xiv) കരുണ

കഴിഞ്ഞകൊല്ലം ഏതാണ്ട് ഈസമയത്തുതന്നെ പ്രസിദ്ധപ്പെടുത്തിയ "ചണ്ഡാലഭിക്ഷുകി" യെപ്പോലെ "കരുണ" എന്ന ഈ കൃതിയും ഒരു ബുദ്ധമത കഥയെ അടിസ്ഥാനമാക്കിയാണ് എഴുതിയിട്ടുള്ളത്. Dr. Paul Carus എന്ന അമേരിക്കൻ പണ്ഡിതന്റെ "The Gospel of Buddha" എന്ന പുസ്തകത്തിൽ കാണുന്ന പ്രകാരം ആ കഥയെ താഴെ ഉദ്ധരിച്ചിരിക്കുന്നു. കഴിഞ്ഞ കർക്കടകത്തിലാണ് ഇത് എഴുതാൻ ആരംഭിച്ചത്. പല അസൗകര്യങ്ങളാൽ ഇപ്പോഴ്മാത്രമേ പൂർത്തിയാക്കാൻ സാധിച്ചുള്ളു.

ഗ്രന്ഥകർത്താ

തോന്നയ്ക്കൽ
14-4-'99

Digitized By Kerala Sahitya Akademi

The Original Story

There was a courtesan in Mathura named Vasavadatta. She happened to see Upagupta, one of Buddha's disciples, a tall and beautiful youth and fell desperately in love with him. Vasavadatta sent an invitation to the young man but he replied: "The time has not arrived when Upagupta will visit Vasavadatta."

The courtesan was astonished at the reply and she sent again for him saying: Vasavadatta desires love, not gold from Upagupta. But Upagupta made the same enigmatic reply and did not come. A few months later Vasavadatta had a love intrigue with the chief of the artisans and that time a wealthy merchant came to Mathura who fell in iove with Vasavadatta. Seeing his wealth and fearing the jealousy of her other lover she contrived the death of the chief of the artisans and concealed his body under a dunghill.

When the chief of the artisans had disappeared, his relatives and friends searched for him and found his body. Vasavadatta however, was tried by a judge, and condemned to have her ears and nose, her hands and feet cut off and flung into a grave yard.

Vasavadatta had been a passionate girl, but kind to her servants, and one of her maids followed her and out of love for her former mistress ministered unto her in her agonies and chased away the crows.

Now the time had arrived when Upagupta decided to visit Vasavadatta. When he came, the poor woman ordered her maid to collect and hide under a cloth, her severed limbs and he greeted her kindly but she said with petulance: "Once this body was fragrant like the lotus and I offered you my love. In those days I was covered with pearls and fine muslin. Now I am mangled by the executioner and covered with filth and blood."

"Sister" said the young man, "It is not for my pleasure that I approach you. It is to restore to you a nobler beauty than the charm which you have lost.

Digitized By Kerala Sahitya Akademi

"I have seen with mine eyes the Tathagata walking upon earth and teaching men his wonderful doctrine. But you would not have listened to the words of righteousness while surrounded with temptations, while under the spell of passions and yearning for worldly pleasures.

"You would not have listened to the teachings of the Tathagata, for your heart was wayward, and you set your trust in the sham of your transient charms.

"The charms of a lovely form are treachercus and quickly lead into temptations, which have proved too strong for you. But there is a beauty which will not fade and if you will listen to the doctrine of our Lord the Buddha, you will find that peace which you never would have found in the restless world of sinful pleasures.

Vasavadatta became calm and a spiritual happiness soothed the tortures of her bodily pain, for, where there is much suffering there is also great bliss.

Having taken refuge in the Buddha, the Dharma and the Sangha she died in pious submission to the punishment of her crime.

തർജ്ജിമ

ഉത്തര മധുരയിൽ "വാസവദത്ത" എന്ന ശ്രുതിപ്പെട്ട ഒരു വേശ്യയുണ്ടായിരുന്നു. അവൾക്കു ബുദ്ധശിഷ്യനായ ഉപഗുപ്തനെ കണ്ടിട്ടു കലശലായ അനുരാഗം ജനിച്ചു. അദ്ദേഹം ദീർഘകായനും സുന്ദരനും ആയ ഒരു യുവാവായിരുന്നു. വാസവദത്ത അയാളെ ഗൃഹത്തിലേക്കു ക്ഷണിച്ചു. തനിക്കു വാസവദത്തയുടെ അടുക്കലേക്കുപോകാൻ ഇനിയും കാലമായിട്ടില്ലെന്ന് അയാൾ മറുപടി പറഞ്ഞയച്ചു. ഈ മറുപടികേട്ട് അവൾ ആശ്ചര്യപ്പെട്ടു. ഉപഗുപ്തനിൽ നിന്ന് അനുരാഗത്തെ മാത്രമാണ് ധനത്തെ അല്ല താൻ ആഗ്രഹിക്കുന്നതെന്നു പറഞ്ഞു വീണ്ടും അവനെ കൂട്ടിക്കൊണ്ടുവരാൻ അവൾ ആളയച്ചു. എന്നിട്ടും ഉപഗുപ്തന്റെ മറുപടി മുമ്പിലത്തേതു തന്നെ ആയിരുന്നു. അയാൾ പോയതുമില്ല.

ഏതാനും മാസങ്ങൾകഴിഞ്ഞ്, അവിടത്തെ തൊഴിലാളികളുടെ പ്രമാണി അവളെ സ്വാധീനത്തിൽ ആക്കി. അതിനിടയിൽ വിദേശീയനായ ഒരു വർത്ത

Digitized By Kerala Sahitya Akademi

കൻ മധുരയിൽവന്നു. അയാൾക്കു് അവളിൽ വലിയ ഭ്രമമായി. അയാളുടെ ധനസമൃദ്ധികണ്ടിട്ടും മറേറ കാമുകന്റെ അനിഷ്ടത്തെ ഭയന്നിട്ടും വാസവദത്ത ആദ്യത്തെ കാമുകനെ സൂത്രത്തിൽകൊന്നു് അയാളുടെ ശരീരം ചാണകക്കുണ്ടിൽ കുഴിച്ചുമൂടി. തൊഴിലാളികളുടെ പ്രമാണിയെ കാണാതായപ്പോൾ അയാളുടെ ബന്ധുക്കളും സ്നേഹിതൻമാരും അന്വേഷണം തുടങ്ങി; പ്രേതം കണ്ടുകിട്ടുകയും ചെയ്തു. വാസവദത്തയെ ന്യായാധിപതി വിസ്തരിച്ചു; അവളെ ചെവിയും മൂക്കും കരചരണങ്ങളും മുറിച്ചു് ചുടുകാട്ടിൽ തള്ളാൻ വിധികല്പിച്ചു.

വാസവദത്ത ഭോഗലോലുപയായ ഒരു ചെറുപ്പക്കാരിയായിരുന്നു. എന്നാൽ അവൾ തന്റെകീഴിലുള്ളവരെ എല്ലാം വളരെ സ്നേഹിക്കുകയും ചെയ്തിരുന്നു. അവളുടെ പരിചാരികകളിൽ ഒരുത്തി അവളോടുള്ള സ്നേഹം നിമിത്തം ചുടുകാട്ടിൽചെന്നു് അവളെ ശുശ്രൂഷിക്കയും കാക്ക ആട്ടുകയും ചെയ്തുകൊണ്ടിരുന്നു.

ഈ അവസരത്തിൽ ഉപഗുപ്തൻ വാസവദത്തയെ ചെന്നുകാണാൻ തീർച്ചയാക്കി.

അദ്ദേഹം ചെന്നതുകണ്ടു് സാധു വാസവദത്ത തന്റെ വെട്ടിമാററിയിരിക്കുന്ന അംഗങ്ങളെ ഒരു തുണികൊണ്ടുമൂടിക്കളയാൻ പരിചാരികയോടു് ആജ്ഞാപിച്ചു. ഉപഗുപ്തൻ സ്നേഹപൂർവം ഉപചാരവാക്കുകൾ പറഞ്ഞുകൊണ്ടു് അവളുടെ അടുത്തുചെന്നു. അവൾ ചാപല്യത്തോടെ പറഞ്ഞു.- "മുമ്പു് ഈ ശരീരം താമരപ്പൂപോലെ സുരഭിലമായിരുന്നു; അന്നു് എന്റെ അനുരാഗത്തെ ഞാൻ അങ്ങയെ അറിയിക്കയും ചെയ്തിരുന്നു. അക്കാലത്തു ഞാൻ മനോഹരങ്ങളായ ഹാരലതകളാലും മൃദുലങ്ങളായ ദുകൂലങ്ങളാലും അലംകൃതശരീരയും ആയിരുന്നു. ഇപ്പോഴാകട്ടെ എന്നെ 'ആരാച്ചാർ' വെട്ടിമുറിച്ചു് അഴുക്കിലും ചോരയിലും പൂഴ്ത്തിയിട്ടിരിക്കയാകുന്നു.

ആ യുവാവു പറയുന്നു: "സഹോദരീ, ഞാൻ വന്നതു് എന്റെ സുഖത്തെ ഇച്ഛിച്ചല്ല. നിനക്കു് ഇപ്പോൾ നഷ്ടപ്പെട്ടു പോയിരിക്കുന്നതിനേക്കാളും ഉൽകൃഷ്ടതരമായ സൗഭാഗ്യത്തെ ഉണ്ടാക്കിത്തരാൻ ഉദ്ദേശിച്ചിട്ടാകുന്നു. തഥാഗതൻ ഭൂമിയിൽ സഞ്ചരിച്ചു്, മനുഷ്യർക്കു് അദ്ദേഹത്തിന്റെ അത്ഭുതകരമായ ധർമ്മത്തെ ഉപദേശിക്കുന്നതു ഞാൻ എന്റെ ഈ കണ്ണുകൊണ്ടു കണ്ടിരിക്കുന്നു. എന്നാൽ പ്രലോഭനങ്ങളാൽ ആവൃതയായി ലൗകിക സുഖങ്ങളിലെ ആസക്തിയാൽ വ്യാമോഹിയായ നീ ധർമ്മോപദേശത്തിനു യോഗ്യയായിരുന്നില്ല. തഥാഗതന്റെ ഉപദേശങ്ങൾ നീ ശ്രദ്ധിക്കുമായിരുന്നില്ല; നിന്റെ ഹൃദയം ലൗകിക വിഷയങ്ങളുടെ പിന്നാലെ ഓടിനടന്നു; നിന്റെ വിശ്വാസം നീ ക്ഷണഭംഗുരമായ ശരീര സൗന്ദര്യമാകുന്ന കൺകെട്ടു വിദ്യയിൽ ഉറപ്പിച്ചിരുന്നു.

Digitized By Kerala Sahitya Akademi

"ശരീര സൗന്ദര്യം വിശ്വസനീയമല്ല; അതു വിട്ടുപിരിയുവാൻ നിവൃത്തിയില്ലാത്തവിധത്തിലുള്ള പല പ്രലോഭനങ്ങളിലേക്കും വേഗത്തിൽ വഴികാണിക്കയും ചെയ്യുന്നു. എന്നാൽ അനശ്വരമായ വേറൊരു സൗന്ദര്യമുണ്ട്. നമ്മുടെ ഭഗവാൻ ബുദ്ധന്റെ ധർമ്മശാസനത്തെ നീ ശ്രവിക്കുമെങ്കിൽ അവിശ്രാന്തമായ ഈ ലോകത്തിലെ പാപ ഭൂയിഷ്ഠമായ സുഖങ്ങളിൽ ഒന്നിലും കാണാത്ത അനിർവ്വാച്യമായ ഒരു ആശ്വാസം നിനക്ക് അനുഭവമാകും.

വാസവദത്തയുടെ ഹൃദയം ശാന്തമായി. ആദ്ധ്യാത്മികമായ സുഖം അവളുടെ ശാരീരമായ വേദനകളുടെ ദുസ്സഹതയെ ശമിപ്പിച്ചു. എന്നിടെ അധികം ദുഃഖാനുഭവമുണ്ടോ അവിടെ മഹത്തായ ആനന്ദവും ഉണ്ടാകുന്നു.

ബുദ്ധൻ, ധർമ്മം, സംഘം ഈ മൂന്നിൽ ശരണം പ്രാപിച്ചുകൊണ്ട് തന്റെ പാപത്തിന്റെ ശിക്ഷയ്ക്കു ഭക്തിപൂർവം കീഴടങ്ങി ശാന്തമരിച്ചു.

(xv) രാജയോഗം (പൂർവഭാഗം ഒന്നാംപതിപ്പിന്റെ മുഖവുര)

രാജയോഗത്തിന്റെ പൂർവഭാഗം ഇങ്ങനെ ഒരു പുസ്തകരൂപേണ പുറത്തുവിടുന്ന ഈ അവസരത്തിൽ അതിനെപ്പറ്റി രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു. ഈ വിശിഷ്ട ഗ്രന്ഥത്തിന്റെ മൂലം മഹാത്മാവായ വിവേകാനന്ദസ്വാമി ഇംഗ്ലീഷിൽ എഴുതിട്ടുള്ളതാണ്. അതിൽ ഈ പൂർവഭാഗം അദ്ദേഹം 1893-ൽ അമേരിക്കയിൽ ചിക്കാഗോ നഗരത്തിൽ കൂടിയ വിശ്വവിശ്രുതമായ മതപ്രതിനിധി മഹാസഭകഴിഞ്ഞ് അവിടങ്ങളിൽ സഞ്ചരിക്കുമ്പോഴും "രാജയോഗ"ത്തെ സംബന്ധിച്ചു ചെയ്തിട്ടുള്ള എട്ടു പ്രസംഗങ്ങളാകുന്നു. ഇതിന്റെ ഉത്തരഭാഗം അതിനെ പിൻതുടർന്നുതന്നെ പറഞ്ഞ പതഞ്ജലി മഹർഷിയുടെ യോഗസൂത്രങ്ങൾക്ക് ഈ മഹാത്മാവു ചെയ്തിട്ടുള്ള ഒരു അനുപദ തർജ്ജിമയും അതിന്റെ അതിവിശിഷ്ടമായ ഒരു സ്വതന്ത്ര വ്യാഖ്യാനവുമാണ്. ഈ പൂർവഭാഗം പോലെ തന്നെ അതിനേയും ഈ പരിഭാഷകൻ "വിവേകോദയം" വഴിയായി മലയാളത്തിൽ പ്രസിദ്ധപ്പെടുത്താൻ ശ്രമിച്ചുവരുന്നു. സ്വാമി അവർകളുടെ എല്ലാ ഗ്രന്ഥങ്ങളിലും വച്ച്, കർമ്മയോഗം, ഭക്തിയോഗം, രാജയോഗം, ജ്ഞാനയോഗം എന്നീ നാലു പുസ്തകങ്ങളാണ് അതിപ്രസിദ്ധങ്ങൾ ഇവയിൽ കർമ്മയോഗയും ഭക്തിയോഗവും ഇതിന്നു മുമ്പുതന്നെ മലയാളത്തിൽ അച്ചടിപ്പെടുകയും അവയ്ക്ക് അസാമാന്യമായ പ്രചാരം ഉണ്ടാവുകയും ചെയ്തിരിക്കുന്നു. ഈ പരിഭാഷകൻ തന്നെ ആദ്യം ആ രണ്ടു പുസ്തകങ്ങളെയും മലയാളത്തിലാക്കാൻ ശ്രമിച്ചിരുന്നു. എങ്കിലും തർജ്ജിമ മുഴുവനാവുന്നതിനു മുമ്പ് ആ പുസ്തകങ്ങൾ വേറെവഴി പ്രസിദ്ധപ്പെടുത്തിക്കാണുകയാൽ വിരമിക്കേണ്ടിവന്നിരുന്നു. രാജയോഗത്തിന്റെ പരിഭാഷ ഇതു

Digitized By Kerala Sahitya Akademi

വരെയും മറാരും പ്രസിദ്ധപ്പെടുത്തിക്കാണാത്തതുകൊണ്ട് തർജ്ജിമ തരക്കേടില്ലെന്നു മഹാജനങ്ങൾക്കു തോന്നുന്നപക്ഷം ഈ മൂന്നുമാസത്തെ ശ്രമം ഒരുവിധം ഫലിച്ചു എന്നുള്ള ചാരിതാർത്ഥ്യം പരിഭാഷകനുണ്ട്. കർമ്മഭക്തിയോഗങ്ങൾ രണ്ടും സാധാരണ മനസ്സുകൾക്കു സുഗ്രഹമാകത്തക്കവിധത്തിൽ മതസംബന്ധമായ സാധാരണ വിചാരങ്ങളേയും അനുഷ്ഠാനങ്ങളേയും അടിസ്ഥാനമാക്കി എഴുതീട്ടുള്ളതാകുന്നു. രാജയോഗം അങ്ങനെയല്ല. അതു മാനസതത്ത്വശാസ്ത്രത്തെ—അതായത് അദ്ധ്യാത്മശാസ്ത്രത്തെ—ആസ്പദമാക്കി നിർമ്മിച്ചിട്ടുള്ള ഒരു അതിപ്രൗഢഗ്രന്ഥമാണ്. അതുകൊണ്ട് ഇതിന്റെ പരിഭാഷയിൽ തർജ്ജിമക്കാരനു കുറേക്കൂടി ക്ലേശമുണ്ടായിരിക്കും. രാജയോഗം മലയാളത്തിൽ തർജ്ജിമ ചെയ്യുന്നതിന് രാമകൃഷ്ണമിഷ്യനിൽനിന്ന് അനുവാദം ചോദിച്ചതിനു തന്ന മറുപടിയിൽ ബ്രഹ്മശ്രീ രാമകൃഷ്ണാനന്ദസ്വാമി, "Our President is glad to hear that a very competent man has been good enough to translate the most difficult book of Swami Vivekanandaji into Malayalam" (ശ്രീമദ് വിവേകാനന്ദസ്വാമി അവർകളുടെ ഏറ്റവും പ്രയാസമുള്ള പുസ്തകം നല്ല യോഗ്യതയുള്ള ഒരാൾ മലയാളത്തിൽ തർജ്ജിമ ചെയ്വാൻ സന്നദ്ധനായതിനെപ്പറ്റി അറിയുന്നതിൽ ഞങ്ങളുടെ അദ്ധ്യക്ഷൻ വളരെ സന്തോഷിക്കുന്നു) എന്ന് എഴുതിയിരിക്കുന്നു. ഇതിൽ തന്റെ യോഗ്യതയെപ്പറ്റി പറയുന്നതിനെ തർജ്ജിമക്കാരൻ സമ്മതിക്കുന്നില്ലെങ്കിലും രാജയോഗം സ്വാമി അവർകളുടെ പുസ്തകങ്ങളിൽവച്ചു ഏറ്റവും പ്രയാസമുള്ള ഒന്നാണെന്നു യോഗ്യനായ രാമകൃഷ്ണാനന്ദസ്വാമികൂടെ പറയുന്നതിനെ വായനക്കാർ സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. പ്രമേയത്തിലുള്ള സാമാന്യമായ പരിചയംകൊണ്ട് തർജ്ജിമചെയ്തു പ്രസിദ്ധപ്പെടുത്തി എന്നല്ലാതെ തർജ്ജിമയെ അനുസ്യൂതമായി വായിച്ചു പരിഷ്കരിപ്പാൻതന്നെ തൽക്കാലം സൗകര്യമുണ്ടായിട്ടില്ല. അതുകൊണ്ടു മറ്റുപ്രകാരത്തിലും ഇതിൽ സംഭവിച്ചേക്കാവുന്ന വല്ല സ്ഖലിതങ്ങളേയും യോഗ്യരായ വായനക്കാർ സദയം ചൂണ്ടിക്കാണിച്ചുതന്നാൽ അടുത്തപതിപ്പിൽ തിരുത്തിക്കൊള്ളാവുന്നതും ഉത്തരഭാഗത്തിന്റെ തർജ്ജിമ കഴിയുന്നത്ര നന്നാക്കാൻ ഇപ്പോഴേ നോക്കുന്നതുമാണ്.

ഗ്രന്ഥകർത്താവായ ശ്രീ വിവേകാനന്ദസ്വാമി മഹാസമാധിയായിട്ട് ഇപ്പോൾ എട്ടുകൊല്ലം കഴിഞ്ഞിരിക്കുന്നു. അദ്ദേഹം 1863—ൽ ജനിച്ചു, അഥവാ അവതരിച്ചു. 1902—ൽ ശരീരം ത്യജിച്ചു. ഇദ്ദേഹത്തിന്റെ ജൻമഭൂമി കൽക്കട്ടാ നഗരവും മാതാപിതാക്കൻമാർ ബങ്കാളത്തെ കായസ്ഥവർഗ്ഗത്തിൽ പെട്ട "ദത്ത" എന്ന വംശപ്പേരുള്ള ഒരു സാധാരണ കുടുംബത്തിലെ പുണ്യശാലികളായ ദമ്പതിമാരും ആയിരുന്നു. സ്വാമിയുടെ അമ്മ ഇപ്പോഴും ജീവിച്ചിരിക്കുന്നു. അച്ഛൻ കൽക്കട്ടാ ഹൈക്കോടതിയിൽ ഒരു വക്കീലായിരുന്നു. സ്വാമി സന്യസിക്കുന്നതിനു മുമ്പ് അദ്ദേഹം പരമഗതിയെ പ്രാപിച്ചു. സ്വാമിയുടെ അമ്മ വളരെ ഈശ്വര

Digitized By Kerala Sahitya Akademi

ഭക്തിയും ശുദ്ധിയും ഉള്ള സ്ത്രീരത്നമായിരുന്നു. സ്വാമിയെ പ്രസവിക്കുന്നതിനു മുമ്പ് അവർ കാശിയിൽ വ്രതം നോറ്റു താമസിച്ചിരുന്നപ്പോൾ താൻ "വീരേശ്വരാംശ" ഭൂതനായ ഒരു പുത്രന്റെ മാതാവാകുമെന്ന് ആ പരിശുദ്ധയായ അമ്മയ്ക്കു സ്വപ്നദർശനമുണ്ടായത്രേ.

സ്വാമിയിൽ ശൈശവം മുതൽ ദിവ്യത്വം പ്രകാശിച്ചിരുന്നു. രാത്രിയിൽ കൂടെയുള്ള കുട്ടികളെ നേരം പോക്കും കഥകളും പറഞ്ഞു സമയം കഴിച്ചിട്ട് "ഞങ്ങൾക്കുറക്കം വരുന്നില്ലെ"ന്നു സങ്കടം പറയുമ്പോൾ "നിങ്ങൾ ഭ്രൂമദ്ധ്യത്തിലെ മനോഹരമായ തേജസ്സിനെ കാണുന്നില്ലേ? അതിനെ നോക്കുവിൻ. ഉടനേ നിങ്ങൾക്കു വിശ്രമവും ഉറക്കവും ഉണ്ടാകും" എന്നു സ്വാമി കുട്ടികാലത്തു പറഞ്ഞിട്ടുണ്ട്. കുറേക്കൂടി പ്രായമായ ശേഷം ഒരിക്കൽ ഒരു ബ്രാഹ്മണനുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ സ്വാമി അദ്ദേഹത്തോട് "ഈ ബ്രഹ്മസ്വം നിങ്ങൾ പൊട്ടിച്ച് എറിഞ്ഞുകളവിൻ! അല്ലെങ്കിൽ ഊരി എന്റെ തോളിൽ ഇട്ടുതരിൻ! ബ്രഹ്മധ്യാനവും സമാധിയും നിങ്ങൾക്ക് അത്ര അസാദ്ധ്യമായി തോന്നുന്നല്ലോ. എനിക്കതു വളരെ എളുപ്പത്തിൽ വരുന്നുണ്ട്" എന്നു പറഞ്ഞു. സ്വാമി 18-ാമത്തെ വയസ്സിൽ കൽക്കട്ടാ സർവകലാശാലയിൽ നിന്നു ബി. എ. പരീക്ഷയിൽ വിജയിയായി. തത്ത്വശാസ്ത്രത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന വാസനയും ബുദ്ധിവികാസവും അസാധാരണം തന്നെ ആയിരുന്നു. കോളേജു വിടുന്നതിനുമുമ്പ് ഹെർബർട്ട് സ്പെൻസർ എന്ന ലോകവിശ്രുതനായ യൂറോപ്യൻ തത്ത്വശാസ്ത്രപണ്ഡിതന്റെ ഒരു സിദ്ധാന്തത്തെ ഖണ്ഡിച്ച് അദ്ദേഹത്തിനു നേരിട്ടു സ്വാമി (നരേന്ദ്രനാഥ ദത്തൻ—അദ്ദേഹത്തിന്റെ ആദ്യത്തെ പേർ അതായിരുന്നു) എഴുതിയിരുന്നു. കോളേജു വിട്ടശേഷം അച്ഛന്റെ മരണത്താൽ കുടുംബത്തിനുണ്ടായ ധനസംബന്ധമായ ന്യൂനതയെ പരിഹരിപ്പാൻ അദ്ദേഹം "കുലക്രമാഗത" മായ വക്കീൽപ്പണിക്ക് ഒരുങ്ങുകയും വേഗത്തിൽ അതിൽ നിന്നു വിരമിക്കയും ചെയ്തു. സ്വാമി വിവാഹം ചെയ്തില്ല. ഈശ്വരനെപ്പറ്റിയുള്ള യഥാർത്ഥ അറിവും സാക്ഷാൽക്കാരവും സമ്പാദിപ്പാനുള്ള തൃഷ്ണ സ്വാമിക്ക് അധികമധികം വർദ്ധിച്ചു. എല്ലാ മതശാസ്ത്രങ്ങളും അദ്ദേഹം പഠിച്ചു. കുറേക്കാലം ബങ്കാളത്തെ പ്രസിദ്ധമായ ബ്രഹ്മസമാജത്തിലെ നേതാക്കൻമാരുമായി അദ്ദേഹം സഹവസിച്ചു. തന്റെ തീക്ഷ്ണമായ തൃഷ്ണയ്ക്ക് അതിൽ ഉപശമം കാണാത്തതിനാൽ ഒടുവിൽ അതിനെ വിട്ടുകളഞ്ഞു. രാമകൃഷ്ണ പരമഹംസരെപ്പറ്റി അദ്ദേഹം കേട്ടിരുന്നു എങ്കിലും വിദ്യാഹീനനായ ആ ഋഷിയിൽ തനിക്കു വിശ്വാസമുണ്ടായിരുന്നില്ല. "ഹൈ, ശപ്പ്, അയാൾ ദിവ്യത്വം നടിച്ചു ചെണ്ടിനടക്കുന്ന ഒരു കൂട്ടം ആളുകളിൽ ഒരുത്തൻ. ജനങ്ങൾ ആ വകക്കാരുടെ പിന്നാലെ ഓടാറുണ്ട്." എന്നു പരമഹംസരെ പുച്ഛിച്ചു കൂടിയും അദ്ദേഹം പറഞ്ഞിട്ടുണ്ടത്രേ. ലോകത്തു സംഭവിക്കേണ്ട വല്യകാര്യങ്ങളെല്ലാം സംഭവിക്കതന്നെ ചെയ്യണമല്ലോ. അദ്ദേഹം ഒടുവിൽ പരമഹംസരെ

Digitized By Kerala Sahitya Akademi

ചെന്നുകാണാൻ ഇടയായി. പിന്നെ ജീവിതകാലത്തിൽ ആ മഹാത്മാവിനെ ഒരു ദിവസമെങ്കിലും പിരിഞ്ഞിരിക്കുന്നത് അദ്ദേഹത്തിനു ദുസ്സഹമായിരുന്നു. ഒന്നാമതായി "അവിടന്ന് ഈശ്വരനെ കണ്ടിട്ടുണ്ടോ" എന്നു തന്റെ സാധാരണമായ ചോദ്യത്തിന് "നിന്നെ കാണുന്നതുപോലെ തന്നെ ഞാൻ ഈശ്വരനെയും കാണുന്നു" എന്നു പരമഹംസൻ പറഞ്ഞ അസന്ദിഗ്ദ്ധമായ ഉത്തരം വിവേകിയായ അദ്ദേഹത്തിന്റെ ഹൃദയത്തെ നല്ലവണ്ണം ആകർഷിച്ചു. യുവാവായ നരേന്ദ്രനാഥന്നു സംഗീതത്തിലും അസാമാന്യമായ പാണ്ഡിത്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശരീരം അതിമധുരമായിരുന്നു. ഒരു ദിവസം പരമഹംസരുടെ മുമ്പിൽ അദ്ദേഹം ഒരു കീർത്തനം പാടി. അതു കേട്ടവർ എല്ലാം ആനന്ദപരവശരായി ഇരുന്നുപോകയും തന്റെ തന്നെ ഹൃദയദ്രാവകമായ ഗാനത്തിന്റെ ലയത്തിൽ ലീന ചിത്തനായി നരേന്ദ്രനാഥൻ മൂർച്ഛിച്ചു വീണുപോകയും ചെയ്തു. പരമഹംസർ അദ്ദേഹത്തെ ഉടൻ കൈകൊണ്ടുതലോടി. ഒരു അസാധാരണമായ സ്ഫുരണം അദ്ദേഹത്തിന്റെ ശരീരം മുഴുവൻ വ്യാപിച്ചപോലെ തോന്നി. അദ്ദേഹത്തിന് ഉടൻ സമാധിയുണ്ടായി. അദ്ദേഹം ആത്മാവിന്റെ പൂർണ്ണമായ മാഹാത്മ്യത്തെ അനുഭവസാക്ഷിയായറികയും, അഥവാ ഈശ്വരനെത്തന്നെ കാണുകയും ചെയ്തു. അന്നുമുതൽ അദ്ദേഹം പരമഹംസരുടെ പ്രിയശിഷ്യനായി. "വിവേകാനന്ദൻ" എന്ന ജഗൽപ്രസിദ്ധമായ നാമധേയം അദ്ദേഹം സന്യാസദീക്ഷ സ്വീകരിച്ചപ്പോൾ പരമഹംസർ നൽകിയതാണ്. അദ്ദേഹം ഒരിക്കൽ സമാധിയിൽ മഗ്നപ്രായനായി കിടക്കുമ്പോൾ സുഖക്കേടായി മറെറാരു ദിക്കിൽ താമസിച്ചിരുന്ന പരമഹംസരുടെ അടുക്കൽ ജനങ്ങൾ ഓടിയെത്തി വിവരമറിയിച്ചു. "അയാൾ അങ്ങനെ കിടന്നോട്ടെ. കുറേനേരം അങ്ങനെ കിടന്നതുകൊണ്ട് ഒരു ആപത്തും വരാനില്ല." എന്നും "ഇപ്പോൾ അയാളുടെ 'നിർവികല്പസമാധി' കഴിഞ്ഞു. ഇനി ഉള്ളത് ലോകോപകാരമായ പ്രവർത്തിയാണ്." എന്നും പരമഹംസർ പറഞ്ഞുവത്രേ. സ്വാമിയുടെ അത്ഭുതകരമായ ജീവിതത്തെ ഈ ചെറിയ മുഖവുരയിൽ വിസ്തരിപ്പാൻ തരമില്ല. "എന്റെ ഈ ശിഷ്യൻ ബുദ്ധി സാമർത്ഥ്യവും മതനിഷ്ഠയുംകൊണ്ടു ലോകത്തെ ഇളക്കിമറിക്കും" എന്നു പരമഹംസർ ഒരിക്കൽ അരുളിച്ചെയ്തു. അതേ, വിവേകാനന്ദസ്വാമി ലോകത്തെ ഇളക്കിമറിച്ചു, അദ്ദേഹത്തിന്റെ പവിത്രമായ നാമം തന്നെ ഇന്നും ലോകത്തെ ഇളക്കിമറിക്കയും ഇളക്കിമറിപ്പാൻ അധികമധികം ശക്തിയുള്ളതായിത്തീരുകയും ചെയ്യുന്നു.

1886-ൽ പരമഹംസർ മഹാസമാധിയായി. അതിനുശേഷം സ്വാമി ഹിമാലയത്തിൽ കുറേക്കാലം യോഗം ശീലിച്ചുകൊണ്ടു കഴിച്ചു. പിന്നെ അവിടെനിന്നു പുറപ്പെട്ട് ഇന്ത്യ മുഴുവൻ സഞ്ചരിക്കുകയും പലർക്കും മതസംബന്ധമായ ഉപദേശങ്ങളും കൊടുക്കുകയും ചെയ്തു. മദ്രാസിൽ ഇരിക്കുമ്പോഴാണ് അമേരിക്കയിലെ മതപ്രതിനിധിസഭയിൽ സംബന്ധിപ്പാൻ തീർച്ചയാക്കിയത്. അസഹായനായി അമേരിക്കയിൽ എത്തി സഞ്ചരിക്കുമ്പോൾ സ്വാമിക്കു ഹാർവാടു സർവകലാശാലയിലെ ഒരു

Digitized By Kerala Sahitya Akademi

പ്രഥസ്സരുമായി പരിചയപ്പെടാനിടയായി. യോഗ്യനായ ആ പണ്ഡിതൻ സ്വാമിയെ മഹാസഭാ കാലം വരെ സ്നേഹബഹുമാനപൂർവം തന്നോടൊന്നിച്ചു താമസിപ്പിക്കയും ഒടുവിൽ സഭാദ്ധ്യക്ഷനവർകൾക്ക് ഒരു ശുപാർക്കത്തുകൊടുത്ത് അദ്ദേഹത്തെ അയയ്ക്കയും ചെയ്തു. ആ കത്തിൽ ''ഇദ്ദേഹം ഒരു ഹിന്ദു സന്യാസിയും ഒരു വല്യ പണ്ഡിതനുമാണെ''ന്നും ''പക്ഷേ ചിക്കാഗോ നഗരത്തിലുള്ള നമ്മുടെ എല്ലാം പാണ്ഡിത്യം ഒന്നായിക്കൂട്ടിയാൽ അതിനെക്കാൾ പാണ്ഡിത്യം അദ്ദേഹത്തിനുണ്ടെന്നു ഞാൻ വിചാരിക്കുന്നു'' എന്നും എഴുതിയിരുന്നുവത്രേ. സ്വാമിയുടെ അസാധാരണ ബുദ്ധിശക്തിയേയും പാണ്ഡിത്യത്തേയും പറ്റി അദ്ദേഹം പോയിട്ടുള്ള ഏതുരാജ്യത്തുനിന്നും ഇതുപോലെയുള്ള അഭിപ്രായങ്ങൾ തന്നെ പുറപ്പെട്ടിരുന്നു. അവ ഇന്നും എങ്ങും പ്രതിധ്വനിച്ചുകൊണ്ടിരിക്കയും ചെയ്യുന്നുണ്ട്. ലോകത്തുള്ള സകല പ്രധാന മതങ്ങളുടേയും അധികൃതന്മാരായ പ്രതിനിധികളെക്കൊണ്ട് നിറഞ്ഞിരുന്ന ചിക്കാഗോ മഹാസഭയിൽ സ്വാമി തനിക്ക് അനുവദിക്കപ്പെട്ട സമയത്ത് എഴുന്നേറ്റുനിന്നുകൊണ്ടു ''സഹോദരരേ, ലോകത്തിൽവച്ച് ഏറവും പുരാതനമായ സന്യാസി സംഘത്തിന്റെ പേരിലും, എല്ലാമതങ്ങളുടേയും മാതൃസ്ഥാനം വഹിക്കുന്ന മതത്തിന്റെ പേരിലും ഞാൻ നിങ്ങൾക്കു വന്ദനം പറയുന്നു.'' എന്നുതന്റെ പ്രസംഗത്തിന്റെ മംഗളാചരണം തുടങ്ങിയപ്പോഴത്തന്നെ എല്ലാവരുടേയും ദൃഷ്ടികളും ശ്രോത്രങ്ങളും ആ മഹാത്മാവിന്റെ നേരേതിരിഞ്ഞു. അന്നുമുതലാണ് സ്വാമിയുടെപേര് ലോകത്തിൽ മുഴങ്ങിത്തുടങ്ങിയത്. അന്നുമുതലാണ് പശ്ചിമരാജ്യങ്ങളിൽ ഹിന്ദുമതത്തെപ്പറ്റി വിദ്വാൻമാരുടെ ഇടയിൽ അസാധാരണമായ ബഹുമാനമുണ്ടായത്. സഭ കഴിഞ്ഞുകൂടിയപ്പോഴത്തന്നെ സ്വാമി അമേരിക്കയിൽ ഒരു സമ്മതനായിത്തീർന്നു. അനേകം സ്ത്രീപുരുഷൻമാരായ ശിഷ്യൻമാരേയും അനുയായികളേയും സ്വാമി അവിടെ സമ്പാദിച്ചു. അവർ എല്ലാവരും വിദ്വാൻമാരും വിദുഷികളും ആയിരുന്നു. ഇപ്പോഴും അവരിൽ പലരും ലോകത്തിന്റെ നാനാഭാഗങ്ങളിലും സ്വാമിയുടെ ഉപദേശങ്ങളെ ശിരസാവഹിച്ചു മതസംബന്ധമായ സ്ഥാപനങ്ങൾ ഏർപ്പെടുത്തുകയും പ്രസംഗിക്കയും ജനങ്ങളെ കഴിയുന്ന എല്ലാ പ്രകാരത്തിലും സൻമാർഗ്ഗത്തിലേക്കു നയിപ്പാൻ വേണ്ടതു പ്രവർത്തിക്കയും ചെയ്തുകൊണ്ടു സഞ്ചരിക്കുന്നുണ്ട്. ലണ്ടൻ, പാരീസ് മുതലായ യൂറോപ്പിലെ പ്രധാന നഗരങ്ങളിലും സ്വാമിസഞ്ചരിക്കയും അവിടെയെല്ലാം തന്റെ പ്രവൃത്തിയുടെ അടിസ്ഥാനങ്ങളെ ഉറപ്പിക്കയും ചെയ്തശേഷം അദ്ദേഹം ഇന്ത്യയിലേക്കു തിരികെ മടങ്ങി. മഹാനുഭാവനും ദേശാഭിമാനികളിൽ അഗ്രഗണ്യനുമായ സ്വാമി മടങ്ങിയെത്തിയപ്പോൾ കൊളമ്പുമുതൽ ഹിമാലയംവരെ അദ്ദേഹത്തെ എതിരേൽപ്പാനും സൽക്കരിപ്പാനും ജനങ്ങളുടെ ഇടയിൽ ഉണ്ടായ തിക്കുംതിരക്കും എന്തായിരുന്നു എന്നുപറഞ്ഞറിയിക്കേണ്ടതില്ലല്ലോ. സ്വാമിക്ക് ഒരിക്കൽകൂടി പാശ്ചാത്യരാജ്യങ്ങളിൽ സഞ്ചരിക്കേണ്ടിവന്നു. ആ അവസരത്തിൽ അവിടങ്ങളിലുള്ള സുഹൃത്തുക്കളിൽ പലരോടും അദ്ദേഹം തന്റെ ആസന്നമായ മഹാസമാധിയെപ്പറ്റി സൂചിപ്പിച്ചിട്ടുള്ളതായി പലരേഖകളുംഉണ്ട്.

Digitized By Kerala Sahitya Akademi

തിരിയെ മടങ്ങിയതോടുകൂടി ബല്ലൂർ മഠം സ്ഥാപിക്കയും അതിന്റെ കീഴിൽ "രാമകൃഷ്ണമിഷൻ" പ്രവൃത്തികൾക്കു പലസ്ഥലങ്ങളിലും സ്ഥാപനങ്ങൾ ഉറപ്പിക്കയും ചെയ്തു. അതിനുശേഷം തന്റെ ലോകകൃത്യം കഴിഞ്ഞിരിക്കുന്നു എന്നും താൻ ശരീരംവിടാൻ ഒരുങ്ങിയിരിക്കുന്നു എന്നും സ്വാമി പ്രത്യക്ഷമായി സംസാരിച്ചു. ശരീരത്തിന് ആരോഗ്യം കുറഞ്ഞുതുടങ്ങി. ദിവസങ്ങളിൽ അധികഭാഗവും പ്രവൃത്തികളിൽനിന്ന് എല്ലാം വിരമിച്ച് നിഷ്ഠയിലും സമാധിയിലും തന്നെ കഴിപ്പാൻ തുടങ്ങി. തന്റെ ദിവ്യമായ വാങ്മാധുര്യംകൊണ്ട് ലോകംമുഴുവൻ ഇളക്കിമറിച്ചുകൊണ്ടിരുന്ന മഹാത്മാവായ സ്വാമി വിവേകാനന്ദൻ ആകാശത്തിൽസഞ്ചരിച്ചു പാടിത്തളർന്ന ഒരു പക്ഷി താഴെയുള്ള കൂട്ടിലെന്നപോലെ ബല്ലൂർ മഠത്തിൽ ഒതുങ്ങി വിശ്രമിച്ചു. 1902–ജൂലൈ 4–ാംനു സന്ധ്യകഴിഞ്ഞാ യാതൊരു സുഖക്കേടും കൂടാതെ ആ മഹാതേജസ്സ് ഇഹലോകത്തിൽ നിന്നു മറഞ്ഞു. ഹാ, നിർഭാഗ്യരായ ലോകമേ, നിന്റെ ഈ വലിയനഷ്ടം അടുത്ത ഭാവിയിൽ പരിഹരിക്കപ്പെടുന്നതല്ല! നിശ്ചയംതന്നെ.

രാജയോഗം എന്ന ഈ പുസ്തകം എട്ട് അദ്ധ്യായങ്ങളായി വിഭജിച്ചിട്ടു; യോഗവിഷയത്തിൽ സ്വാമിക്കു പറയാനുണ്ടായിരുന്നതെല്ലാം തന്റെ അനന്യസാധാരണമായ വാഗ്ധാടിയോടും ബോധന സാമർത്ഥ്യത്തോടും കൂടി അദ്ദേഹം ലളിതമധുരമായ രീതിയിൽ ഇതിൽ സംക്ഷേപിച്ചു പറഞ്ഞു തീർത്തിരിക്കുന്നു. ഇതിന്റെ രണ്ടാംഭാഗമായ പാതഞ്ജലയോഗ സൂത്രങ്ങളിൽനിന്ന് നമുക്കുകിട്ടുന്നതും ഈ വിഷയത്തിലുള്ള ചില വിശേഷ അറിവുകളും "യോഗദർശന"ത്തിന്റെ യഥോക്തമായ ജ്ഞാനവും ആകുന്നു. ചുരുക്കത്തിൽ ഹിന്ദുമതത്തിന്റെ മൂലതത്ത്വങ്ങളേയും, വിശേഷിച്ചു സമാധിയേയും, അതിലും വിശേഷിച്ചു "പ്രാണ"നേയും, "പ്രാണായാമ"ത്തേയും പറഞ്ഞറിയുകയും അനുഷ്ഠിക്കയും ചെയ്യേണ്ട എട്ടുപ്രധാന സംഗതികളേയും ഇത്ര ശാസ്ത്രീയവും സമഞ്ജസവുമായ വിധത്തിൽ പ്രതിപാദിച്ചിട്ടുള്ള മറ്റൊരു പുസ്തകം നമ്മുടെ മതഗ്രന്ഥ സമുദായത്തിൽ ഇപ്പോളില്ലെന്നു തീർത്തുപറവാൻ ഇതിനെ ഒരിക്കൽ വായിച്ചിട്ടുള്ളവർ മടിക്കയില്ലെന്നുള്ളതു നിശ്ചയമാകുന്നു.

ആത്മാവിന്റെ ശ്രേയസ്സിനെ അല്ലെങ്കിൽ മോക്ഷത്തെ കാംക്ഷിക്കുന്ന ഏതാൾക്കും രാജയോഗം ഏതവസ്ഥയിലും അനുഷ്ഠിക്കാം. ജ്ഞാനയോഗത്തിനും മറ്റും എന്നപോലെ രാജയോഗത്തിന് ആചാര്യൻമാർ പ്രത്യേകം അധികാരികളെ നിർദ്ദേശിച്ചിട്ടില്ല. അതുകൊണ്ടുതന്നെ സനത്കുമാരസംഹിതയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു;–

യോഗാധി കാരിണഃ സർവേ
പ്രാണിനഃ സർവദാ യത:
ബാലോ, വൃദ്ധോ, വ്യാധിയുക്തോ,
യുവാ, സ്ത്രീ, ശൂദ്രജൻമഭൃത്.

Digitized By Kerala Sahitya Akademi

അതുകൊണ്ടു പ്രാണായാമത്തെപ്പറ്റിയ ചില പ്രത്യേക അഭ്യാസങ്ങളെപ്പറ്റിച്ചുള്ള രാജയോഗത്തിന്റെ മറ്റെല്ലാഭാഗവും ഈ പുസ്തകത്തിൽ പറയുന്ന വിധത്തിൽതന്നെ അപായശങ്കകൂടാതെ ആർക്കും പരിശീലിക്കാവുന്നതാകുന്നു.

ആധാരചക്രങ്ങളെപ്പറ്റി പറയുന്ന ഭാഗത്തിൽ വായനക്കാർക്ക് അവയുടെ ഒരു സ്ഥൂല ജ്ഞാനമുണ്ടാവാനുപയുക്തമാകത്തക്കവണ്ണം സ്വാമിതന്നെ എഴുതി മൂലത്തോടു ചേർത്തിട്ടുള്ള ഒരു ഷഡ്ചക്രചിത്രം ഈ തർജ്ജിമയിലും അതുപോലെതന്നെ ചേർത്തിരിക്കുന്നു.

പരിഭാഷകൻ

തിരുവനന്തപുരം
20 കുംഭം 1086

(xvi) രാജയോഗം (ഉത്തരഭാഗത്തിന്റെ മുഖവുര)

ഏതാണ്ടു നാലുകൊല്ലംമുമ്പ് രാജയോഗത്തിന്റെ പൂർവഭാഗം മുഴുവൻ പുസ്തകരൂപേണ പുറപ്പെടുവിച്ച അവസരത്തിൽ ഈ ഉത്തരഭാഗവും തർജ്ജിമചെയ്ത് അല്പാല്പമായി "വിവേകോദയം" വഴി പ്രസിദ്ധപ്പെടുത്തുന്നതാണെന്നും, തർജ്ജിമയിൽ പൂർവഭാഗത്തേക്കാൾ ഉത്തരഭാഗത്തിന് അധികം ദുഷ്ടിവയ്ക്കാമെന്നും പ്രതിജ്ഞചെയ്തിട്ടുണ്ടായിരുന്നു. ഇത്ര താമസിച്ചിട്ടാണെങ്കിലും ഈ പ്രതിജ്ഞ ഒരുവിധം പൂർത്തിയായി എന്നുകാണുന്നതിൽ വലിയ ചാരിതാർത്ഥ്യം തോന്നുന്നു.

പൂർവഭാഗം ഒന്നാം പതിപ്പിന്റെ മുഖവുരയിൽ ഗ്രന്ഥകർത്താവിനേയും ഗ്രന്ഥരത്നത്തെയുംപറ്റി ചിലവിവരങ്ങൾ കൊടുത്തിട്ടുള്ളതിനാൽ വീണ്ടും ആ സംഗതികളെ ആവർത്തിക്കുന്നില്ല. എന്നാൽ വിവേകാനന്ദസ്വാമിയുടെ വന്ദ്യയായ മാതാവ് ഇതിനിടയിൽ കാലധർമ്മം പ്രാപിച്ചിരിക്കുകയാൽ ആ മുഖവുരയിൽ അവർ ജീവിച്ചിരിക്കുന്നു എന്നു പറഞ്ഞിട്ടുള്ളത് വായനക്കാർ തെറ്റിദ്ധരിക്കാതെ ഓർത്തുകൊള്ളേണ്ടതാണ്. രാജയോഗം പൂർവഭാഗത്തിന്റെ വേറൊരു തർജ്ജിമ ഈമാസത്തിൽ പുറത്തുവന്നിട്ടുള്ള വിവരംകൂടി ഇവിടെ പറയേണ്ടിയിരിക്കുന്നു. സ്വാമിയുടെ കർമ്മയോഗം, ഭക്തിയോഗം എന്നീ പുസ്തകങ്ങൾ പരിഭാഷപ്പെടുത്തിയ കെ. എം. അവർകളാണ് ഈ പുസ്തകം പുറപ്പെടുവിച്ചിരിക്കുന്നത്. അദ്ദേഹം എന്റെ തർജ്ജിമയെപ്പറ്റി അറിഞ്ഞിട്ടില്ലെന്ന് അറിയുന്നു. ആ തർജ്ജിമയിൽ രണ്ടാംഭാഗം ഇല്ലതാനും. ഏതായാലും രാജയോഗം പൂർവഭാഗത്തിന്റെ ഒന്നാം പതിപ്പ് അശേഷം വിറ്റുതീർന്നതിനാൽ അതിന്റെ പ്രചാരത്തിലുള്ള ചാരിതാർത്ഥ്യത്തോടുകൂടിയും വീണ്ടും വളരെപ്പേർ ആവശ്യപ്പെടുന്നതനുസരിച്ചും ആ ഭാഗത്തിന്റെ രണ്ടാംപതിപ്പും ഉത്തരഭാഗത്തിന്റെ ഒന്നാംപതിപ്പുംകൂടി ഈ വിശിഷ്ടഗ്രന്ഥം മുഴുവൻ പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

Digitized By Kerala Sahitya Akademi

തർജ്ജിമയിൽ മൂലകാരന്റെ ആശയങ്ങളെ ഓജസ്സിനു ഹാനികൂടാതെ തന്നെ ഭാഷയിൽ പ്രതിഫലിപ്പിപ്പാൻ പാടുള്ളത്രയത്നിച്ചിട്ടുമുണ്ട്.

ഉത്തരഭാഗം തർജ്ജിമചെയ്യുന്നതു പൂർവഭാഗത്തേക്കാൾ ശ്രമസാദ്ധ്യമായ ഒന്നാണെന്നുള്ള വസ്തുതകൂടി പറഞ്ഞുകൊള്ളുന്നു. ഉത്തരഭാഗം മുഴുവൻ പാതഞ്ജല സൂത്രങ്ങളുടെ പരിഭാഷയും അവയിൻമേലുള്ള സ്വാമിയുടെ സ്വതന്ത്ര ഭാഷ്യവുമാകുന്നു. സൂത്രങ്ങളെ ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തുന്നതിൽ സ്വാമി അവസരോചിതമായ സ്വാതന്ത്ര്യം ഉപയോഗിച്ചിട്ടുണ്ട്. പാശ്ചാത്യൻമാരുടെ ഉപയോഗത്തിന്നാകയാൽ അപ്രകാരം ചെയ്യേണ്ടിവരുന്നത് സമ്മതിക്കത്തക്കതും സ്വാമിക്കു പ്രകൃതവിഷയത്തിലുള്ള ജ്ഞാനവും അനുഭവവും കൊണ്ട് അതിൽ അന്യഥാ ശങ്കയ്ക്കു ഇടയില്ലാത്തതുമാകുന്നു. എങ്കിലും പാതഞ്ജലദർശനത്തെപ്പറ്റി ഭാരതീയരുടെ ഉപയോഗത്തെമാത്രം ഉദ്ദേശിച്ചു പ്രസിദ്ധപ്പെടുത്തുന്ന ഒരു ഏതദ്ദേശ ഭാഷാഗ്രന്ഥത്തിൽ ഋഷിപ്രണീതമായ മൂലത്തെ അങ്ങനെതന്നെ വച്ചുകൊണ്ട് എന്തെങ്കിലും ഉപന്യസിപ്പാനേ ജനങ്ങൾ സമ്മതിക്കൂ എന്നുള്ളതു പ്രത്യേകം സ്മരണീയമാകുന്നു. അതുകൊണ്ട് ഈ പരിഭാഷയിൽ പ്രാമാണ്യത്തെ ഉദ്ദേശിച്ച് സ്വാമിയുടെ ഇംഗ്ലീഷ് സൂത്രങ്ങളുടെ സ്ഥാനത്ത് അവയുടെ മൂലമായ സംസ്കൃതസൂത്രങ്ങൾതന്നെ ചേർത്തുകൊണ്ട് അവയുടെ പദം പ്രതിയും വാക്യം പ്രതിയുമുള്ള അർത്ഥങ്ങളും മലയാളത്തിൽ കൊടുക്കുകയാണു ചെയ്തിട്ടുള്ളത്. ഇങ്ങനെ ചെയ്യുന്നതിൽ സൂത്രത്തിന്റെ യഥോക്താർത്ഥങ്ങളിൽ വല്ലദിക്കിലും നിസ്സാരമായ വല്ല മാറ്റവും വന്നിട്ടുണ്ടെങ്കിൽ അതിന്റെഫലമായി സ്വാമിയുടെ വ്യാഖ്യാനത്തിൽ പൂർവാപരവാക്യങ്ങൾക്കുതമ്മിൽ അസാംഗത്യം പരാതീക്കത്തക്കവണ്ണം സൂക്ഷിച്ചിട്ടുമുണ്ട്. സൂത്രങ്ങളുടെ അർത്ഥനിർണ്ണയത്തിൽ അധികം ആശ്രയിച്ചിട്ടുള്ളത് വ്യാസ ഭാഷ്യത്തേക്കാൾ ഭോജരാജവൃത്തിയെആകുന്നു. സൂത്രപാഠങ്ങളും ഭോജവൃത്തിയിൽ സ്വീകരിച്ചുട്ടുള്ള പ്രകാരംതന്നെയാണ് ഇതിൽ കൊടുത്തിട്ടുള്ളത്. ചുരുക്കത്തിൽ അത്യുൽകൃഷ്ടവും ദുരവഗാഹവുമായ ഈ രാജയോഗ ശാസ്ത്രത്തിൽ ജിജ്ഞാസുക്കൾക്ക് ഈ പുസ്തകംകൊണ്ട് സാരമായ പ്രയോജനമുണ്ടാകത്തക്കവണ്ണം വേണ്ടതെല്ലാം ദൃഷ്ടിവച്ചിട്ടുണ്ട്. മഹാത്മാവായ വിവേകാനന്ദസ്വാമി തന്റെ ഇംഗ്ലീഷ് ഗ്രന്ഥംകൊണ്ട് ഉദ്ദേശിച്ചഫലം ഈ തർജ്ജിമകൊണ്ടു മലയാളികൾക്കുണ്ടാകുമെങ്കിൽ അതുതന്നെയാണ് ഈ ശ്രമത്തിന്റെ പ്രതിഫലം.

തിരുവനന്തപുരം
1090 കന്നി 15

എൻ. കുമാരൻ ആശാൻ
പരിഭാഷകൻ

Digitized By Kerala Sahitya Akademi

(xvii) ഒരു ദൈവികമായ പ്രതികാരം

ഇന്ത്യയിൽ പട്ടാളവകുപ്പിൽ വളരെനാൾ ഉദ്യോഗം വഹിച്ചിരുന്ന കർണ്ണൽ മിഡോസ് ടൈലർ എന്ന യൂറോപ്യൻ ഗ്രന്ഥകാരൻ, മഹാരാഷ്ട്ര ചരിത്രത്തെ അടിസ്ഥാനമാക്കി എഴുതീട്ടുള്ള "താര" എന്ന വലിയ ആഖ്യായിക ഇംഗ്ലീഷിൽ വളരെ ശ്രുതിപ്പെട്ട ഒരു പുസ്തകമാണ്. "ദൈവികമായ പ്രതികാരം" എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുന്ന ഈ മലയാള കഥ അതിന്റെ ഒരുഭാഗം എടുത്ത് പരിഭാഷപ്പെടുത്തീട്ടുള്ളതാകുന്നു. ശിവാജിയുടെ അച്ഛനായ ഷാജിയെ ബീജപ്പൂരിലെ മഹമ്മദീയ രാജാവു പിടിച്ചു തടവിൽ പാർപ്പിക്കയും അതുകൊണ്ടു ശിവാജിയെ കീഴടക്കാമെന്നും മറ്റും കരുതുകയും ചെയ്തിട്ട്, സേനാപതിയായ അഫ്സൂൽഖാനെ ഒരു വലിയ സൈന്യവുമായി ശിവാജിയുടെ തലസ്ഥാനത്തേക്ക് അയയ്ക്കുകയും ശിവാജി കൗശലത്തിൽ അയാളെ സൈന്യത്തോടുകൂടി നശിപ്പിക്കയും ചെയ്യുന്ന ഭാഗം മാത്രമാണ് ഈ കഥയിൽ അടങ്ങിയിട്ടുള്ളത്. എന്നാൽ ശിവാജിയുടെ മതഭക്തി, മാതൃസ്നേഹം, ബുദ്ധിസാമർത്ഥ്യം, അദ്ദേഹത്തിന്റെ അമ്മയുടെ പുത്രവാത്സല്യം, ദേശാഭിമാനം, ദൈവവിശ്വാസം, പൊതുവിൽ മഹാരാഷ്ട്ര ജാതിക്കാരുടെ ഐകമത്യം, ശൗര്യപരാക്രമങ്ങൾ ഇന്നുവേണ്ട അവരുടെ ജീവിതത്തിന്റെ അകവും പുറവും എല്ലാം ഈ ചെറിയ പുസ്തകത്തിൽ നിന്ന് ഒരു വിധം പ്രത്യക്ഷമായി കാണാം. തർജ്ജിമ ലഘുവും നിർദ്ദോഷവും എറവും സാധാരണവുമായ ഭാഷയിൽ പ്രത്യേകം ദൃഷ്ടിവച്ചു ചെയ്തിടുള്ളതാണ്.

തിരുവനന്തപുരം
31–12–1089

എൻ. കുമാരൻ ആശാൻ
പരിഭാഷകൻ

(xviii) മനശ്ശക്തി

നാം മറ്റുപ്രാണികളെ അപേക്ഷിച്ച് ഉൽകൃഷ്ടരായിരിക്കുന്നു. അന്നു നമ്മുടെ അസാധാരണമായ മനശ്ശക്തിവിലാസം കൊണ്ടാകുന്നു. നമ്മിൽ തന്നെയും ചിലർ പരിഷ്കൃതരും, ചിലർ ഉൽകൃഷ്ടരും, ചിലർ നികൃഷ്ടരും ആയിക്കാണുന്നു. അതും വാസ്തവത്തിൽ മനശ്ശക്തി വിലാസത്തിന്റെ താരതമ്യം അനുസരിച്ചുതന്നെ ആകുന്നു. മനസ്സ് അളവറ്റ ശക്തികളുടെ ഇരിപ്പിടമായ ഒരു അത്ഭുതവസ്തുവാണ്. ഇതിനേക്കാൾ അത്ഭുതകരവും ദിവ്യവുമായ ഒരു തത്വം പ്രകൃതിയിൽ ഇല്ലെന്നുതന്നെ പറയാം. ജ്ഞാനം, ഇച്ഛ, ക്രിയ ചുരുക്കത്തിൽ ഇങ്ങനെ മൂന്നുപിരിവായി ആവിർഭവിക്കുന്ന മനശ്ശക്തികളില്ലെങ്കിൽ ഈ പ്രപഞ്ചംതന്നെ ശൂന്യവും നിരുപയോഗവുമായിത്തീരുന്നില്ലേ? മനസ്സിൽ ലയിച്ചുകിടക്കുന്ന അനവധി ശക്തികളെപ്പറ്റി അറിയുകയും, അവയെ സ്വാധീനമാക്കുകയും വേണ്ടവണ്ണം വിനിയോഗിക്കുകയും ചെയ്യുന്നതിൽനിന്നാണ് എല്ലാപുരുഷാർത്ഥങ്ങളും സാധ്യമാകുന്നത്. അതുകൊണ്ടു മനശ്ശക്തി

Digitized By Kerala Sahitya Akademi

കളെപ്പററി പഠിക്കയും അവയെ ഗുണകരമായ വിധത്തിൽ ഉപയോഗിപ്പാൻ ശീലിക്കയും ചെയ്യുന്നതിനെക്കാൾ വലുതായ കൃത്യം നമുക്കു വേറൊന്നുണ്ടായിരിപ്പാൻ തരമില്ല. ബാഹ്യവിഷയങ്ങളെ സംബന്ധിച്ചു നമുക്കുള്ള അറിവ് എത്ര വ്യാപ്തമായോ തൽസംബന്ധമായി നമുക്കുള്ള പാണ്ഡിത്യം എത്ര അധികമായോ ഇരിക്കട്ടെ, എന്നാലും ആദ്ധ്യാത്മികമായ അറിവോടുകൂടാതെ അതൊന്നും പൂർണ്ണമായോ സഫലമായോ തീർന്നു എന്നു വരുന്നതല്ല.

വിശേഷിച്ച്, മനശ്ശക്തി മനുഷ്യർക്കു ജാതിമതഭേദംകൂടാതെ പൊതുവിലുള്ള ജൻമസിദ്ധമായ സ്വത്താകുന്നു. അത് ആത്മാക്കൾക്കുള്ള, ഉപയോഗിക്കുംതോറും വർദ്ധിച്ചുവരുന്ന, ഒരു ദിവ്യനിധി ആകുന്നു. ഈ അക്ഷയ ഭണ്ഡാരത്തിന്റെ കൈകാര്യ കർത്തൃത്വത്തിലുള്ള ചുമതലയും മതഭേദമോ വർണ്ണാശ്രമഭേദമോ സ്ത്രീപുരുഷഭേദമോ കൂടാതെ മനുഷ്യജാതിയിൽപ്പെട്ട എല്ലാവർക്കും ഒന്നുപോലെയുള്ളതാകുന്നു. എന്നാൽ നമ്മുടെ സ്ത്രീകളിലോ പുരുഷൻമാരിലോ ആയിരത്തിൽ ഒരാൾ ആ വലിയ ചുമതലയെ വേണ്ടവണ്ണം അറിഞ്ഞുനടക്കുന്നുണ്ടോ എന്നു സംശയമാണ്. ഈ ചെറിയ പുസ്തകം നമ്മെ നല്ലവണ്ണം ആ ചുമതലയെപ്പററി ഓർമ്മപ്പെടുത്തുന്ന ഒന്നാണ്.

ഇത് ജേംസ് ആലൻ എന്ന മഹാൻ ഇംഗ്ലീഷിൽ എഴുതീട്ടുള്ള "As a Man Thinketh" എന്ന പുസ്തകത്തിന്റെ ഭാഷാന്തരമാകുന്നു. മനുഷ്യന്റെ ജയത്തിനും തോൽവിക്കും ഉൽകൃഷ്ടതയ്ക്കും സുഖത്തിനും ദുഃഖത്തിനും എല്ലാം അവന്റെ വിചാരങ്ങളും പ്രവൃത്തികളും തന്നെ കാരണമെന്നും അതുകൊണ്ട് ഏതു താണനിലയിൽനിന്നും ഒരുത്തന് ഉയർന്ന് സപ്രയത്നംകൊണ്ട് ഏത് ഉയർന്ന സ്ഥാനത്തേയും പ്രാപിക്കാമെന്നുള്ള വിശിഷ്ട തത്ത്വത്തെ ആധാരമാക്കി ആ മഹാൻ അനേകം ഗ്രന്ഥങ്ങൾ എഴുതീട്ടുണ്ട്. ഇത് അവയിൽ ഒന്നും അവയുടെ ഒക്കെ "രത്നച്ചുരുക്കവും" ആകുന്നു.

"മനശ്ശക്തി" എന്ന പേര് ഈ ഭാഷാന്തരത്തിനു യോജിക്കുമെന്നു വിശ്വസിക്കുന്നു., "ഭനം പോലെ മംഗലം" എന്ന പേരിൽ ശ്രീമാൻ കുന്നത്തു ജനാർദ്ദനമേനോൻ അവർകൾ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. അത് ഇതിന്റെ മൂലത്തിന്റെ അനുകരണമാണ്. ഈ "മനശ്ശക്തി" തന്നെ കുറേക്കാലം "മനസ്സുപോലെ മംഗലം" എന്ന തലക്കെട്ടിൽ "വിവേകോദയം" മാസികയിൽ അല്പാല്പമായി പ്രസിദ്ധപ്പെടുത്തീട്ടുള്ളതാകുന്നു. അതിനെ പരിഷ്കരിച്ച് ഈ രൂപത്തിൽ പുറത്തിറക്കുകയാണ്.

മതസംബന്ധമായ മൂഢവിശ്വാസങ്ങൾക്കൊന്നിനും ഇടം കൊടുക്കാതെ വാസ്തവമായ ഈശ്വരഭക്തിയേയും സൻമാർഗ്ഗ ബോധത്തേയും സ്വാശ്രയ ബുദ്ധിയേയും വർദ്ധിപ്പിച്ചു ജീവിതത്തെ സഫലമാക്കാൻ

Digitized By Kerala Sahitya Akademi

ഇതുപോലെ ഉതകുന്ന പുസ്തകങ്ങൾ നമ്മുടെ ഭാഷയിൽ ചുരുക്കമാണ്. ജീവിതത്തിന്റെ വിലയേയും നിലയേയും ജയാപജയങ്ങളുടെ രഹസ്യങ്ങളേയും സ്വന്ത ചുമതലയേയും അറിഞ്ഞു ജീവിക്കുകയും ആയുഷ്കാലം ഐശ്വര്യത്തോടും സമാധാനത്തോടും കൂടി പ്രയോജനകരമാംവണ്ണം കഴിച്ചു കൂട്ടുകയും ചെയ്വാൻ ആഗ്രഹിക്കുന്ന സ്ത്രീ പുരുഷൻമാർ ഈ ചെറിയ പുസ്തകം വായിച്ചിരിക്കേണ്ടതാണ്. ജേംസ് ആലൻ അവർകളുടെ "From Poverty to Power" തുടങ്ങിയ മറ്റു ഗ്രന്ഥങ്ങളും ഭാഷാന്തരം ചെയ്തുവരുന്നുണ്ട്. വഴിയേ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇവയുടെയെല്ലാം ഭാഷാന്തരത്തിന് അനുവാദം തന്ന മഹാമനസ്കയായ മിസ്സിസ് ജേംസ് ആലന്ന് ഹൃദയപൂർവം വന്ദനം പറയുന്നു. മലയാളികൾക്ക് ഈ പുസ്തകം ഗുണപ്രദമായിത്തീരുമെന്ന് ആശിക്കയും മഹാജനങ്ങളുടെ അനുകമ്പാപൂർവമായ സ്വീകരണത്തെ പ്രതീക്ഷിച്ചുകൊണ്ട് ഇതിനെ പുറത്തയയ്ക്കുകയും ചെയ്തു കൊള്ളുന്നു.

പരിഭാഷകൻ
എൻ. കുമാരൻ ആശാൻ

തിരുവനന്തപുരം
1091 മീനം 28

(xix) മൈത്രേയി

ഈ കഥ ഞാൻ വിവേകോദയം മാസികയിൽ അല്പാല്പമായി പ്രസിദ്ധപ്പെടുത്തി പൂർത്തിയാക്കീട്ടുള്ളതാണ്. ഇതിന്റെ ഇംഗ്ലീഷ് മൂലത്തിന്റെ കർത്താവ് പണ്ഡിത സീതാനാഥതത്ത്വഭൂഷണൻ അവർകളാകുന്നു. അദ്ദേഹം ഒരു ബംഗാളിയും ഇന്നു ജീവിച്ചിരിക്കുന്ന തത്ത്വജ്ഞാനികളുടേയും ഗ്രന്ഥകാരൻമാരുടേയും ഇടയിൽ പ്രധാനമായ ഒരു സ്ഥാനത്തെ അർഹിക്കുന്ന യോഗ്യനുമാണ്. ഈ കല്പിത കഥ ബൃഹദാരണ്യകോപനിഷത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്ന ചില സംഭവങ്ങളേയും അതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന വേദാന്ത തത്ത്വങ്ങളേയും ആധാരമാക്കി എഴുതീട്ടുള്ളതാകുന്നു. "ചാതുർവർണ്യം മയാസൃഷ്ടം ഗുണകർമ്മ വിഭാഗശഃ" എന്ന ഗീതാവചനത്തെ അടിസ്ഥാനമാക്കി വേണം ഉത്തരവാദികളായ ഹിന്തു പൗരൻമാർ സാമുദായിക കൃത്യങ്ങളിൽ പ്രവർത്തിക്കേണ്ടതെന്നുള്ള അഭിപ്രായമാണ് ഗ്രന്ഥകർത്താവിനെ പ്രധാനമായി ഇതിലേക്കു പ്രേരിപ്പിച്ചതെന്നു തോന്നും. പ്രാചീന ഹിന്തുക്കളുടെ ഇടയിൽ സ്ത്രീകൾക്കുണ്ടായിരുന്ന മാന്യസ്ഥിതിയും വിദ്യാഭ്യാസത്തിൽ അവർ എത്തിയിരുന്ന സ്ഥാനവും മതസംബന്ധമായ ചിന്തകളിൽ അവർക്കുണ്ടായിരുന്ന സ്വാതന്ത്ര്യവും യോഗ്യതയും എത്ര അഭിലഷണീയമായിരുന്നു എന്നു വായനക്കാർക്ക് ഇതിൽ നിന്ന് അറിയാം. ദുർബോധമായ അദ്വൈത രഹസ്യം ഇതിലെ മൂന്നും നാലും അദ്ധ്യായങ്ങളിൽ കാണുന്ന സരസ സംഭാഷണത്തിൽ നിന്നു മനസ്സിലാകുന്നത്ര വെടിപ്പായും വെളിവായും

Digitized By Kerala Sahitya Akademi

പ്രൗഢഗ്രന്ഥങ്ങളിൽ നിന്ന് ഗ്രഹിപ്പാൻ വിഷമമാണ്. വേദാന്ത വിഷയങ്ങളിൽ രസമില്ലാത്തവർക്കും—ഗ്രന്ഥ കർത്താവുതന്നെ പറഞ്ഞിട്ടുള്ളതുപോലെ—ആ രണ്ടദ്ധ്യായങ്ങളും തള്ളിക്കളഞ്ഞാൽ തടവുകൂടാതെ ഇതിലെ കഥാരസം പൂർത്തിയായും അനുഭവിക്കാം. അതുകൊണ്ട് അങ്ങനെയുള്ള വായനക്കാർക്കുകൂടി അനാസ്ഥയുണ്ടാകേണ്ടതില്ല. ചെറുതാണെങ്കിലും വൈദിക കാലത്തെ ഹിന്തുക്കളുടെ ചരിത്രം, മതം, നടപടി ഇവയെ ഇത്രതൻമയത്വത്തോടെ വർണ്ണിക്കുന്ന ഒരു ആഖ്യായിക ഇംഗ്ലീഷിൽ തന്നെ വേറെ ഉണ്ടെന്നു തോന്നുന്നില്ല. മലയാള സാഹിത്യത്തിൽ ഇത്തരം ഗ്രന്ഥത്തിന്റെ അഭാവത്തെപ്പറ്റി പറയേണ്ടതില്ലല്ലോ. ഈ സംഗതിയാണ് തർജ്ജിമയിൽ എന്നെ പ്രേരിപ്പിച്ചത്. തത്ത്വ ഭൂഷണൻ അവർകളും ഇതിന്റെ മൂലഗ്രന്ഥം കൊണ്ട് ഉദ്ദേശിച്ചഫലം ഇംഗ്ലീഷ് അറിയാത്ത മലയാളി ഹിന്തുക്കൾക്ക് ഈ പരിഭാഷകൊണ്ടു സിദ്ധിച്ചെങ്കിൽ മതി.

തിരുവനന്തപുരം
3–3–1913

എൻ. കുമാരൻ ആശാൻ

Digitized By Kerala Sahitya Akademi

കഥകൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

സുജാത

രണ്ടായിരത്തി അഞ്ഞൂറുകൊല്ലങ്ങൾക്കു മുൻപ് (ബുദ്ധമുനി ജീവിച്ചിരുന്ന കാലത്ത്) ഉത്തര ഇൻഡ്യയിൽ ഉരുവേല എന്ന വെളിപ്രദേശത്തിനു സമീപം സ്വന്തം നാമത്താൽ ശ്രുതിപ്പെട്ടിരുന്ന ഗ്രാമത്തിൽ സേനാനി എന്നു പേരായി ധനികനും ധർമ്മിഷ്ഠനുമായ ഒരു ഗൃഹസ്ഥൻ സുഖമായി പാർത്തുവന്നിരുന്നു. ഈ ലേഖനത്തിന്റെ മുകളിൽ കാണുന്നത് സുശീലയും സുന്ദരിയുമായ അദ്ദേഹത്തിന്റെ ധർമ്മ പത്നിയുടെ പേരാകുന്നു. ഒരു സ്വർണ്ണപ്പാത്രം നിറച്ച് താൻ തന്നെ വച്ചുണ്ടാക്കിട്ടുള്ള അമൃത തുല്യമായ വഴിപാടു ഭക്തിപൂർവം തലയിൽ എടുത്ത്, ഒരു കൈയാൽ പിടിച്ചുകൊണ്ടും, പ്രസവിച്ച് ഏതാണ്ടു മൂന്നുമാസം തികഞ്ഞിരിക്കാവുന്ന അതികോമളാകാരനായ ഒരു ആൺകുട്ടിയെ മറേറ കൈയാൽ മാറോടു ചേർത്തുതാങ്ങിക്കൊണ്ടും സുജാത സമീപമുള്ള ഒരു കാവിലേക്കു നടക്കുകയായിരുന്നു. കാവിന്നകത്തുള്ള വനദേവതയുടെ ആവാസമായ വൃക്ഷത്തിന്റെ ചുവട് അടിച്ചു തളിച്ചു വെടിപ്പാക്കാനും അലങ്കരിപ്പാനുമായി മുൻകൂട്ടി അയച്ചിരുന്ന ദാസിയായ രാധ സംഭ്രമിച്ച് ഓടിവന്നു സുജാതയോട് ഇങ്ങിനെ പറഞ്ഞു.

"സ്വാമിനി! കണ്ടില്ലേ ദേവൻ പ്രത്യക്ഷമായിത്തന്നെ തന്റെ സ്ഥലത്തെത്തിയിരിക്കുന്നത്. കാൽമുട്ടുകളിൻമേൽ കൈകൾ മടക്കിവച്ചുംകൊണ്ടിതാ ആ സ്വരൂപം അവിടെത്തന്നെ ഇരിക്കുന്നു. എന്തൊരു പ്രകാശമാണ് മുഖത്തിൽ കളിയാടുന്നത്. എന്തൊരുശാന്തതയും മാഹാത്മ്യവുമാണു കണ്ടാൽ തോന്നുന്നത്. ദൃഷ്ടികൾ എത്ര ദിവ്യതേജസ്സുള്ളവയായിരിക്കുന്നു. ദേവൻമാരെ ഇങ്ങിനെ കണ്ടുകൂടാൻ നിശ്ചയമായും വലിയ ഭാഗ്യമുണ്ടെങ്കിലേ സാധിക്കൂ."

സുജാത വിശ്വസിച്ചു. അവൾ പരിഭ്രമത്താൽ അംഗങ്ങളിൽ വേപഥുവോടുകൂടി അദ്ദേഹത്തിന്റെ അടുക്കലേക്ക് സാവധാനമായിപ്പെന്ന് പാറിശുദ്ധമായ ആ പാദത്തിനു സമീപമുള്ള ഭൂമിയെ ചുംബിച്ചുകൊണ്ട് മനോഹരമായ മുഖത്തെ താഴ്ത്തിനിന്നു പറഞ്ഞു. "ഇവിടെ അധിവസിക്കുന്ന നൻമകളുടെ ദാതാവായ പരിശുദ്ധ സ്വരൂപമേ! അവിടത്തെ ദാസിയായ ഇവളിൽ ദയതോന്നി പ്രത്യക്ഷമായ നിന്തിരുവടി ഇവറകളുടെ നിസ്സാരമായ ഈ വഴിപാടിനെ സ്വീകരിപ്പാൻ പ്രസാദിക്കുമോ? ഇത് പുതുതായി മുറിച്ച ആനക്കൊമ്പുപോലെ വെളുത്ത പാൽ കാച്ചിഉണ്ടാക്കിയ മഞ്ഞുപോലെ ധവളമായ തൈരുകൊണ്ടു അഭിനയമായി ചെയ്യപ്പെട്ടതാണ്"

എന്നിട്ട് അവൾ അതിനെ ഒരു പൊൻകിണ്ണത്തിൽ ഒഴിച്ചുവച്ചു. ഒരു സ്ഫടികക്കുപ്പിയിൽനിന്നു പനിനീർ എടുത്ത് അദ്ദേഹത്തിന്റെ കൈയിൽ വാർത്തുകൊടുത്തു. ഒരക്ഷരംപോലും മിണ്ടാതെ അദ്ദേഹം വഴിപാടിനെ എടുത്തു ഭക്ഷിച്ചു. സുജാത ഭക്തിപൂർവം അല്പം അകലെ

Digitized By Kerala Sahitya Akademi

മാറി കൃതാർത്ഥതയോടുകൂടി അതിനെ നോക്കിക്കൊണ്ടു നിന്നു. ഈ ഭക്ഷണം ഒടുവിൽ അത്ഭുതകരമായ ഫലത്തെ ജനിപ്പിച്ചിട്ടുണ്ട്. ഈ മഹാപുരുഷൻ ദാഹംകൊണ്ടും, വിശപ്പുകൊണ്ടും ക്ഷീണിച്ച്, വെയിലിൽ അലഞ്ഞുനടന്നു പരവശനായി ആ കാവിന്റെ മദ്ധ്യത്തുള്ള വൃക്ഷത്തിന്റെ തണുത്ത ഛായയിൽ വിശ്രമിപ്പാൻ വന്നിരുന്ന ഒരു ഭിക്ഷുവായിരുന്നു. രാത്രിയിൽ ഉറങ്ങാതെയും പകൽമുഴുവൻ പട്ടിണിയിരുന്നു കഷ്ടപ്പെട്ടും മങ്ങിമയങ്ങിയിരുന്ന അദ്ദേഹത്തിന്റെ ജീവിതസ്ഥിതി, ഒരുനിമിഷത്തിൽ സ്വപ്നമോ എന്നു തോന്നുംവണ്ണം അദ്ദേഹത്തെ വിട്ടുമാറി; ശരീരം എന്നപോലെതന്നെ ചൈതന്യവും ആ രസമേറിയ ഭക്ഷണത്തെ ആസ്വദിച്ചോ എന്നു തോന്നുമാറ് അദ്ദേഹത്തിന്റെ അന്തരാത്മാവിൽ പുതിയ ഉൻമേഷങ്ങളുണ്ടാക്കിത്തുടങ്ങി. അവധികാണാത്ത സൈകതമരുപ്രദേശത്തുകൂടി പാറന്നു തളർന്ന് യദൃച്ഛയാ കണ്ടെത്തിയ ഒരു ജലപ്രവാഹത്തിൽ ഇറങ്ങി കഴുത്തിലും ചൂഡയിലുമുള്ള പൊടികളെ കഴുകിക്കളഞ്ഞ് തൂവലുകൾ ഇളക്കി ചിറകുകൾ വിടർത്തി ആടിനടക്കുന്ന ഒരു പക്ഷിയെപ്പോലെ അദ്ദേഹത്തിന്റെ ആത്മാവ് ആഹ്ലാദഭരിതമായി. സുജാത അദ്ദേഹത്തെ പൂജിക്കുന്തോറും അദ്ദേഹത്തിന്റെ ശരീരശോഭ ഉജ്ജ്വലിക്കുകയും മുഖകാന്തി അധികമധികം തിളങ്ങുകയും ചെയ്തു.

"അവിടന്നു വാസ്തവമായും ദേവൻ തന്നെയോ? എന്റെ വഴിപാടു അവിടത്തേയ്ക്കു ഇഷ്ടമായോ?" എന്നു സുജാത വിനയപൂർവം ചോദിച്ചു. അതിനുത്തരമായി "നിങ്ങൾ എനിക്കായികൊണ്ടുവന്ന ഇത് എന്തോന്നാണ്?" എന്നു ഭിക്ഷു അവളോടു ജിജ്ഞാസിച്ചു. സുജാത പറഞ്ഞു:

"ഹാ! പരിശുദ്ധ സ്വരൂപമേ! ഞങ്ങളുടെ പശുക്കൂട്ടത്തിൽ നിന്നു കടിഞ്ഞൂൽ പ്രസവിച്ച നൂറു പശുക്കളുടെ പാൽ ഞാൻ തന്നെ കറന്നെടുത്ത് അവതു വെള്ളപ്പശുക്കളെ കുടിപ്പിച്ചു; എന്നിട്ട് അവയുടേയും പാൽ അതുപോലെ കറന്ന് ഇരുപത്തഞ്ചു പശുക്കളെ കുടിപ്പിക്കയും അപ്രകാരം അവയുടേയും പാൽ കറന്ന് പന്ത്രണ്ടു പശുക്കൾക്കു കൊടുക്കയും അവയിൽ നിന്ന് അങ്ങിനെ തന്നെ പാൽ കറന്ന് ആത്യുത്തമ ജാതിയിലുള്ള ആറു പശുക്കളെ കുടിപ്പിക്കുകയും ചെയ്തു; അവയുടെ പാൽ വെള്ളിപ്പാത്രത്തിൽ കറന്നു ചന്ദനവും സുഗന്ധവ്യഞ്ജനങ്ങളും ചേർത്ത്, നല്ലവിത്തുകളെ തിരിഞ്ഞു പുതിയ നിലത്തിൽ പ്രത്യേകം കൃഷി ചെയ്തെടുത്ത നെല്ലിൽ നിന്ന് മുത്തുപോലുള്ള അരിമണികളെ കുത്തി തിരിഞ്ഞെടുത്ത് അതിലിട്ടു ഞാൻ തന്നെ ഭക്തിപൂർവം പാകം ചെയ്തത്. ഉണ്ടാക്കീട്ടുള്ള ഒരു വഴിപാടാണിത്. ഞാൻ ഇങ്ങിനെ ചെയ്തത് എന്തുകൊണ്ടെന്നാൽ, എനിക്ക് ഒരാൺകുട്ടിയുടെ മാതാവാകാൻ ഭാഗ്യമുണ്ടാകുന്നുവെങ്കിൽ അതിന്റെ സന്തോഷ സൂചകമായി അവിടത്തെ ആവാസമായ ഈ വൃക്ഷത്തിന്റെ ചുവട്ടിൽ ഇങ്ങനെ ഒരു വഴിപാടു കഴിപ്പാൻ ഞാൻനേർന്നിട്ടുണ്ടായിരുന്നു. ഇപ്പോൾ എനിക്കീ കുട്ടി ഉണ്ടായി, എന്റെ ജീവിതം മുഴുവൻ ആനന്ദമായിത്തീരുകയും ചെയ്തു."

Digitized By Kerala Sahitya Akademi

കുട്ടിയുടെ മുഖം മൂടിയിരുന്ന ചുവന്ന പട്ടിനെ പതുക്കെ എടുത്തുമാറ്റിട്ട് അതിന്റെ ശിരസ്സിൽ ലോകാനുഗ്രഹകരങ്ങളായ കൈകളെ വച്ചുകൊണ്ടു മഹാനായ ഭിക്ഷു പറഞ്ഞു. "നിങ്ങളുടെ ആനന്ദരൂപനായ ഈ ശിശു ദീർഘായുസ്സായിരിക്കട്ടെ! ജീവിതത്തിന്റെ ക്ലേശഭാരം ഇവന്റെ മേൽ ലഘുവായി പതിക്കട്ടെ! നിങ്ങൾ എനിക്കിപ്പോൾ ഉപകാരിച്ചുവല്ലോ. ഞാൻ ദേവനല്ല. നിങ്ങളുടെ ഒരു സഹോദരനത്രെ. കുറെ മുമ്പ് ഒരു രാജാവായിരുന്നു. ഇപ്പോൾ ഒരു ഭിക്ഷു. ഈ ആറു നീണ്ട സംവത്സരകാലമായി രാപകലില്ലാതെ മനുഷ്യന്റെ അജ്ഞാനാന്ധകാരത്തെ അകറ്റാനുള്ള പ്രകാശം എവിടെ സിദ്ധിക്കുമെന്നറിയാതെ തെണ്ടി നടന്നു ഞാൻ കഷ്ടപ്പെടുന്നു. ആ പ്രകാശം ഞാൻ കാണും. അതേ മാഹാത്മ്യമേറിയതും ആശ്വാസ പ്രദവുമായ ആ പ്രകാശം ഉദിച്ചു തുടങ്ങിയിട്ടുണ്ട്". എന്റെ ശരീരം വാടിപ്പോയിരുന്നു. ഹാ! സുന്ദരിയായ സഹോദരീ, നിങ്ങളുടെ പവിത്രമായ ആഹാരം എനിക്കു സ്വാസ്ഥ്യത്തെ നൽകി. അനേക ജൻമങ്ങളെ കടന്ന് പാപങ്ങൾ നശിച്ച് ഉൽക്കൃഷ്ടവും സുഖാവഹവുമായ സ്ഥാനങ്ങളിലേക്കു ജീവിതം തന്നെ ചെന്നെത്തുന്നതു പോലെ അത് അനേക ജീവിതങ്ങളെ പിന്തുടർന്ന് എന്റെ ഈ ജീവിതത്തെ തഴുകിപ്പിപ്പാൻ വന്നതാണോ എന്നു തോന്നും. എന്നാൽ കേവലം ജീവിച്ചിരിക്കുക എന്നത് വേണ്ടിടത്തോളം ആനന്ദപ്രദമായ ഒരവസ്ഥയാണെന്നു നിങ്ങൾക്കു വാസ്തവമായും തോന്നുന്നുണ്ടോ? ജീവിതവും സ്നേഹവും പൂർത്തിയാകുന്നതാണോ?"

സുജാത:— "പൂജ്യപാദരേ! എന്റെ ഹൃദയം ചൊല്ലുന്നു. വയലിനെ നനപ്പാൻപോലും മതിയാകാത്ത സ്വല്പമായ മഴ ഒരു ആമ്പൽപൂവിന്റെ അകത്തെ പൂവിപ്പാൻ ധാരാളം മതിയാകുന്നതാണല്ലോ. എന്റെ ഭർത്താവിന്റെ സ്നേഹത്തിലും എന്റെ കുട്ടിയുടെ ഓമനപ്പുഞ്ചിരിയിലും എനിക്കു ജീവിതസൂര്യൻ തിളങ്ങി പ്രകാശിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടു ഞങ്ങളുടെ ഗൃഹത്തിൽ എന്നും മനോഹരമായ വസന്തകാലം തന്നെ. ഗൃഹകൃത്യ ചിന്തകളാൽ പൂർണ്ണമായിട്ടു സന്തോഷത്തോടുകൂടിത്തന്നെ എന്റെ ദിവസങ്ങൾ കഴിഞ്ഞുകൂടുന്നു. ഞാൻ സൂര്യോദയത്തിനു എഴുന്നേറ്റു ദേവൻമാരെ സ്തോത്രം ചെയ്കയും, ധാന്യങ്ങളെ എടുത്തുകൊടുക്കുകയും, തുളസിച്ചെടികളെ നനയ്ക്കുകയും, അവയുടെ തടങ്ങളെ നന്നാക്കുകയും, ദാസികളെ അവരുടെ വേലകളിൽ നിയോഗിക്കുകയും ചെയ്യുന്നു. മദ്ധ്യാഹ്നമാകുമ്പോൾ ഭർത്താവ് ഊണുകഴിഞ്ഞ് എന്റെ മടിയിൽ തലവച്ചുകൊണ്ടു വിശ്രമിക്കും. ഞാൻ മധുരമായ പാട്ടുകളെ പാടിയും വിശറികൊണ്ടു മന്ദമായി വീശിയും അദ്ദേഹത്തെ ആശ്വസിപ്പിക്കും. അതുപോലെ രാത്രി അത്താഴത്തിനു കാലമാകുമ്പോൾ ഞാൻ അദ്ദേഹത്തിന്റെ അടുക്കൽനിന്ന് ആഹാരങ്ങളെ വിളമ്പിക്കൊടുക്കും. അമ്പലത്തിൽ പോയി തൊഴുതുവന്ന്, സ്നേഹിതൻമാരുമായുള്ള സൈരസല്ലാപങ്ങളും കഴിഞ്ഞശേഷം ആകാശത്തിൽ നക്ഷത്രദീപങ്ങൾ നല്ലവണ്ണം പ്രകാശിക്കുമ്പോൾ ഞങ്ങൾ ഉറങ്ങാൻ

Digitized By Kerala Sahitya Akademi

പോകും. ഇത്രഭാഗ്യമുള്ള എന്റെ ജീവിതം എന്തുകൊണ്ട് ആനന്ദപ്രദമല്ല?'' വിശേഷിച്ചും എന്റെ ഭർത്താവിനുവേണ്ടി ഞാൻ ഈ ആൺകുട്ടിയെ പ്രസവിച്ചിരിക്കുന്നു. ഇവന്റെ ഈ കുഞ്ഞിക്കൈകൾ വേണമെങ്കിൽ അദ്ദേഹത്തിന്റെ ആത്മാവിനെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകാൻ മതിയാകുന്നതാണല്ലോ! എന്തുകൊണ്ടെന്നാൽ വഴിയാത്രക്കാർക്കായി തണൽ വൃക്ഷങ്ങൾ നട്ടുണ്ടാക്കുകയും ജനങ്ങളുടെ ഉപയോഗത്തിനായി കിണറു കുഴിപ്പിക്കുകയും ഔരസനായ പുത്രനെ ഉൽപാദിപ്പിക്കുകയും ചെയ്യുന്നവർക്കു മരണശേഷം സൽഗതി ഉണ്ടെന്നു ശാസ്ത്രങ്ങളിൽ പറയുന്നു. ശാസ്ത്രോക്തങ്ങളെ ഞാൻ വണക്കത്തോടെ സ്വീകരിക്കുന്നു. എന്തുകൊണ്ടെന്നാൽ ദേവൻമാരുമായി സാക്ഷാൽ സംഭാഷണം ചെയ്തിട്ടുള്ളവരും, മന്ത്രദ്രഷ്ടാക്കളും ധർമ്മത്തിന്റേയും സമാധാനത്തിന്റേയും മാർഗ്ഗങ്ങളെ കണ്ടുപിടിച്ചവരുമായ പുരാതന മഹാൻമാരെക്കാൾ വിവേകം എനിക്കില്ല, മാത്രമല്ല, നല്ലതിൽനിന്നു നല്ലതും ചീത്തയിൽനിന്നു ചീത്തയും ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. നിശ്ചയമായും ആർക്കും ഏതുകാലത്തും ഏതുദിക്കിലും അത് അങ്ങിനെതന്നെ വരും. നല്ല വൃക്ഷങ്ങളുടെ ഫലങ്ങൾ മധുരമായും വിഷവൃക്ഷങ്ങളുടെ ഫലങ്ങൾ കൈപ്പായും ഇരിക്കുന്നതു നാം കാണുന്നില്ലയോ? അതേ, എന്നുതന്നെയല്ല, വിരോധം ശത്രുക്കളേയും, സ്നേഹം മിത്രങ്ങളേയും, ക്ഷമസമാധാനത്തേയും ഉണ്ടാക്കുന്നതായും നമ്മുടെ ജീവിത കാലത്തിൽ തന്നെ നാം കാണുന്നില്ലയോ? വിധിച്ച കാലം വരുമ്പോൾ നാം മരിക്കുന്നു. ഇപ്പോൾ എന്നപോലെ തന്നെ നമുക്ക് ഒരു ''അപ്പോഴും'' ഉണ്ടായിരിക്കയില്ലയോ? ഭാഗ്യവശാൽ ''ഇപ്പോഴ''ത്തേക്കാൾ ''അപ്പോൾ'' അധികം നന്നായിരിപ്പാനാണെളുപ്പം. എന്തുകൊണ്ടെന്നാൽ ഒരു നെല്ലിൽ നിന്നുമുളച്ചു പച്ചത്തൂവലുകൾ പോലെയുള്ള ഇലകളോടുകൂടി തഴച്ചുവരുന്ന നെൽച്ചെടി അമ്പത്തു നെൽമുത്തുകളെ ശിരസ്സിൽ ചൂഡാമണിപോലെ വഹിച്ചുകൊണ്ടു ശോഭിച്ചു നിൽക്കുന്നതു നാം കാണുന്നില്ലയോ? ഒരു ചമ്പകത്തിൽ വസന്തകാലത്തിൽ പൊട്ടിവരുന്ന കേവലമായ ഒരു അങ്കുരത്തിൽനിന്നു ചുവന്നും വെളുത്തും നക്ഷത്രങ്ങൾ പോലെയുള്ള എത്രയോ പുഷ്പങ്ങൾ വിടർന്നുവരുന്നതും നാം കാണുന്നില്ലയോ? അല്ലയോ ഭഗവൻ, ജീവിതത്തിൽ ദുഃഖങ്ങൾ ഉണ്ടെന്നും അവ സഹനശക്തിയെ സമൂലഘാതം ധ്വംസിപ്പാൻ ശക്തിയുള്ളവയായിരിക്കുമെന്നുമുള്ള വസ്തുതയും ഞാൻ അറിയാത്തതല്ല. ഈ കുട്ടി ആദ്യം മരിച്ചുപോകയാണെങ്കിൽ എന്റെ ഹൃദയം തകർന്നുപോകുമെന്നു ഞാൻ വിചാരിക്കുന്നു. അതേ, മിക്കവാറും തകർന്നുപോകതന്നെ ചെയ്യും. ഇവൻ എന്റെ കൈയിൽ മൃതനായിരിക്കുമ്പോഴും ഞാൻ ഭർത്താവിന്റെ ജീവിതകാലം മുഴുവൻ കാത്തിരിക്കേണ്ടവളാണല്ലോ. വിശ്വസ്തകളായ ഭാര്യമാർ ഏതുലോകത്തിലും ആയുഷ്കാലം വരെ ഭർത്താവിനെ ശുശ്രൂഷിക്കുകയും ,ഒടുവിൽ അനുപ്രയാണം ചെയ്കയും വേണം. പക്ഷെ എന്റെ ഭർത്താവായ ''സേനാനി'' ആദ്യം കാല ധർമ്മത്തെ പ്രാപിച്ചു എങ്കിൽ ഞാൻ ചിതാരോഹണം ചെയ്കയും, പ്രിയപ്പെട്ട അദ്ദേഹത്തിന്റെ ഉത്തമാംഗത്തെ പതിവുപോലെ മടിയിൽ വച്ചുകൊണ്ട് അഗ്നിയുടെ അനിതീക്ഷ്ണങ്ങളായ ജ്വാലകളേ

Digitized By Kerala Sahitya Akademi

യും ശ്വാസരോധകങ്ങളായ ധൂമങ്ങളേയും സസന്തോഷം സഹിച്ച് അദ്ദേ
ഹത്തെ അനുയാനം ചെയ്കയും ചെയ്തു. എന്തുകൊണ്ടെന്നാൽ ഒരു സതി
യുടെ ഇപ്രകാരമുള്ള സ്നേഹം അവളെ പരലോകത്തിൽ അവളുടെ ഭർത്താ
വോടു യോജിപ്പിക്കുന്നതാണെന്നും അവളുടെ തലയിൽ എത്രമുടികളുണ്ടോ
അത്രയും കോടി സംവൽസരം അവൾ സ്വർഗ്ഗത്തിൽ ഭർത്താവോടുകൂടി
സുഖവാസം ചെയ്യുമെന്നും ശാസ്ത്രങ്ങളിൽ പറയുന്നു. അതുകൊണ്ടാ
ണെനിക്കു ഭയമില്ലാത്തത്. അല്ലയോ പരിശുദ്ധനായ സ്വാമി! അതുകൊ
ണ്ട് എന്റെ ജീവിതംമുഴുവൻ എനിക്കു സന്തോഷപൂർണ്ണമായിരിക്കുന്നു.
എന്നാൽ ദുഃഖവും, ദാരിദ്ര്യവും, ദുഷ്ടതയും, അരിഷ്ടതയും നിറഞ്ഞ
മാറു ജീവികളുടെ സ്ഥിതിയേയും ഒരുപ്രകാരത്തിലും ഞാൻ ഓർക്കാതി
രിക്കുന്നില്ല. അങ്ങിനെയുള്ളവരുടെ മേൽ ദേവൻമാർക്ക് അനുകമ്പയുണ്ടാ
കട്ടെ! എനിക്കു നല്ലതെന്നു തോന്നുന്നതിനെ ആദരവോടുകൂടി ഞാൻ
ചെയ്വാൻ നോക്കുന്നു. ഏതു സംഭവ്യമോ അതുസംഭവിക്കേണമെന്നും
സംഭവിക്കതന്നെ ചെയ്യുമെന്നുമുള്ള വിശ്വാസത്തോടുകൂടി ധർമ്മത്തിനു
കീഴടങ്ങി ഞാൻ ജീവിക്കുന്നു."

ഭിക്ഷു:—"ഹാ! നിങ്ങൾ ഉപദേഷ്ടാക്കൻമാർക്കും ഉപദേശിക്കത്തക്ക
യോഗ്യയായിരിക്കുന്നു. നിങ്ങളുടെ കേവലമായ അറിവുകൊണ്ടു നിങ്ങൾ
സാക്ഷാൽ വിവേകത്തേക്കാൾ വിവേകമുള്ളവളായിത്തീർന്നിരിക്കുന്നു.
നിങ്ങൾ ഇനി ഒന്നിനേയും അറിവാൻ ശ്രമിക്കാതെ തൃപ്തിപ്പെട്ടിരുന്നു
കൊള്ളുക! ഇപ്പോൾ തന്നെ നിങ്ങളുടെ ധർമ്മത്തിന്റേയും കൃത്യത്തിന്റേ
യും മാർഗ്ഗങ്ങളെ ഇപ്രകാരം നിങ്ങൾ അറിഞ്ഞിരിക്കുന്നുവല്ലോ! അതെ
മദ്ധ്യാഹ്ന സൂര്യന്റെ കിരണങ്ങളെ സഹായിപ്പാൻ അശക്തകളായ കോ
മളവല്ലികൾ ഛായകളിൽതന്നെ മറഞ്ഞുനിന്നുകൊണ്ട് ഒടുവിൽ പുഷ്പ
ശേഖരിതങ്ങളായ ശിരസ്സുകളെ ആകാശത്തിലേക്ക് ഉന്നമിപ്പിക്കട്ടെ.
അല്ലയോ മനസ്വിനി, എന്നെപൂജിച്ച നിങ്ങളെ ഞാൻ പൂജിക്കേണ്ടിയിരി
ക്കുന്നു. സ്നേഹത്താൽ പ്രേരിതമായി കൂട്ടിനെ നോക്കിപ്പറന്നുപോകുന്ന
മാടപ്രാവിനെപ്പോലെ അറിയേണ്ടതിനെ അറിയാതെതന്നെ നിങ്ങൾ പഠിച്ചി
രിക്കുന്നു. മനുഷ്യന് ആശാബന്ധത്തിന് എന്തുകൊണ്ടവകാശമുണ്ടെന്നും
ജീവിത യന്ത്രചക്രത്തിൽ എന്തുകൊണ്ടുനാം മനസ്സാലെ താങ്ങി
നിൽക്കുന്നു എന്നുമുള്ളതു നിങ്ങളുടെ ദൃഷ്ടാന്തത്തിൽ നിന്നും ഞാൻ
വെളിവായി മനസ്സിലാക്കുന്നു. നിങ്ങൾക്കു സമാധാനം ഉണ്ടാകട്ടെ! നിങ്ങ
ളുടെ ദിവസങ്ങൾ മുഴുവൻ സുഖപൂർണ്ണമായി കഴിഞ്ഞു കൂടുമാറാകട്ടെ!
ഞാൻ എത്തേണ്ട ദിക്കിനെ നിങ്ങൾ കടന്നുകഴിഞ്ഞിരിക്കുന്നു. ആരെ നിങ്ങൾ
ദേവനാണെന്നു വിചാരിച്ചുവോ ആ ഞാൻ നിങ്ങൾ കടന്നിരിക്കുന്ന ആ സമാ
ധാനത്തിൽ എത്തുമാറ് എന്നെ അനുഗ്രഹിക്കേണമെന്ന് നിങ്ങളോടു പ്രാർ
ത്ഥിക്കുന്നു."

"അവിടന്ന് അതിൽ എത്തുമാറാകട്ടെ" എന്നു തന്റെ നോട്ടത്തെ ശ്രദ്ധ
യോടെ കുട്ടിയുടെ മേൽ പതിച്ചുകൊണ്ടു സുജാതപറഞ്ഞു. ആ സമയം

Digitized By Kerala Sahitya Akademi

ആശിശു ഭിക്ഷുവിനെ ആരാണെന്നറിഞ്ഞു ബഹുമാനിക്കുകയാണോ എന്നു തോന്നുംവണ്ണം തന്റെ കൊച്ചുകൈകളെക്കൊണ്ട് അദ്ദേഹത്തെ എത്തിപ്പിടിച്ചിരിക്കുകയായിരുന്നു. പക്ഷേ ശിശുക്കൾക്കു നാം വിചാരിക്കുന്നതിനെക്കാൾ അധികം അറിവുണ്ടായിരിക്കാം.

എന്നാൽ അദ്ദേഹമാകട്ടെ പരിശുദ്ധമായ ആ ആഹാരത്താൽ ശരീരബലം സിദ്ധിച്ചതുകൊണ്ട് അവിടെനിന്നെഴുന്നേറ്റുനടന്നു. ഇപ്പോൾ അദ്ദേഹം പോകുന്നത് ഏതുപുണ്യഭൂമിയിൽവച്ച് ലോകോപകാരാർത്ഥം ബുദ്ധമതത്തിന്റെ ആസ്പദമായ പരമാർത്ഥജ്ഞാനം വെളിപ്പെട്ടുവോ. "ബോധിദ്രുമ"മെന്ന സാർത്ഥനാമത്തോടുകൂടിയ വിശ്രുതമായ ആ വടവൃക്ഷത്തിന്റെ ചുവട്ടിലേക്കുതന്നെ ആകുന്നു. ആശ്ചര്യം, സ്നേഹം, അനുകമ്പ, ബഹുമാനം ഇവയാൽ പരതന്ത്രയായി നോക്കിനിന്നിരുന്ന സുജാതയുടെ ദൃഷ്ടിയിൽനിന്ന് ഇപ്രകാരം മഹാനായ ആഭിക്ഷു മറഞ്ഞു. അദ്ദേഹം സാക്ഷാൽ ലോകഗുരുവായ ബുദ്ധമഹർഷി തന്നെയായിരുന്നു.

പൂജ്യയായ സുജാതേ! ഭവതിയെപ്പോലുള്ള സ്ത്രീരത്നങ്ങളുടെ ചരിത്രം ഇന്ത്യാ മാതാവിന്റെ ഹൃദയത്തിന് ഏതു ദുരവസ്ഥയിലും ആശ്വാസപ്രദവും ഹിന്ദുസമുദായത്തിന് ഏതുകാലത്തും അഭിമാനകരവുമാംവണ്ണം ലോകത്തിൽ സർവോത്കർഷേണ വർത്തിക്കുമാറാകട്ടെ.

വിവേ: 1085 കന്നി

''ലീല'' യുടെ കഥാസാരം

ഇത് ഒരു കല്പിതകഥയാണ്. രജപുത്ര സ്ഥാനത്ത് ഭർത്ഥപാലകനെന്ന ഒരുവലിയ കച്ചവടക്കാരനുണ്ടായിരുന്നു. അയാളുടെ മുതലൊക്കെയും അവകാശിയായി ഏറ്റവും സുന്ദരിയും വിദുഷിയും സുശീലയുമായ ഒരുമകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അവളാണു ലീല. അവൾക്കു യൗവനാരംഭമായപ്പോൾ ഭർത്ഥപാലകൻ ഒരു കച്ചവടയാത്രപോവുകയും അവളെ കൂട്ടിക്കൊണ്ടു പോവുകയും ചെയ്തു. വഴിയിൽ ഒരു വ്യാപാരസ്ഥലത്തു കൂടാരമടിച്ചു താമസിക്കുമ്പോൾ വിജയപുരിൽനിന്ന് അതുപോലെ ഒരു കച്ചവടക്കാരൻ അവിടെ വന്നുചേർന്നു. അയാൾ ലീലയെ തന്റെ മകനു വിവാഹംചെയ്തുകൊടുക്കണമെന്ന് അപേക്ഷിച്ചു. ഭർത്ഥപാലകൻ സമ്മതിക്കുകയും ചെയ്തു. എന്നാൽ ലീല തന്റെ അയൽപക്കക്കാരനും വലിയ ധനവാനല്ലെങ്കിലും വിദ്വാനും സുശീലനും സുന്ദരനുംആയ മദനൻ എന്ന ഒരു യുവാവിനെ സ്നേഹിക്കുകയും അയാളെ ഭർത്താവായി സ്വീകരിക്കാമെന്നു സ്വകാര്യമായി വാഗ്ദാനം ചെയ്യുകയും ചെയ്തിരുന്നു. അച്ഛൻ വിവാഹത്തിനു വാക്കുകൊടുത്ത വിവരം ലീല അറിഞ്ഞപ്പോൾ അവൾക്കുണ്ടായ സങ്കടം അനിർവചനീയമായിരുന്നു. എന്നാൽ

Digitized By Kerala Sahitya Akademi

അച്ഛനിൽ ഉള്ള സ്നേഹബഹുമാനങ്ങൾ നിമിത്തം അദ്ദേഹത്തിന്റെ വാഗ്ദാനത്തെ വിഫലമാക്കി അഭിമാനക്കുറവു വരുത്തുന്നതിലുള്ള അതിയായ വൈമനസ്യത്താലും, അച്ഛന്റെ അപ്രീതി സമ്പാദിക്കുകയും തന്റെ നിലയിലുള്ള ഒരു കന്യകയ്ക്ക് അനർഹമായ സ്വാതന്ത്ര്യം പ്രകാശിപ്പിക്കുകയും ചെയ്യുന്നതിലുള്ള മര്യാദകേടു ഭയപ്പെട്ടും തന്റെ രഹസ്യത്തെ അവൾ പുറത്തുപറഞ്ഞില്ല. ഇതിനിടയ്ക്ക് അവളുടെ അച്ഛൻ കൂടാരത്തിൽവച്ചുതന്നെ അവളെ വിവാഹംകഴിപ്പിച്ച് ഭർത്താവിനോടു കൂട്ടി അയച്ചു. അവളുടെ ഭർത്താവു യോഗ്യനായിരുന്നു. എങ്കിലും മനസ്സു മദനനിൽനിന്ന് ഒരിക്കലും വേർപെടാതിരുന്നതിനാൽ അയാളെ അശേഷം സ്നേഹിക്കാൻ അവൾക്കു കഴിഞ്ഞില്ല. നേരേമറിച്ച് അയാളോടുള്ള സാഹചര്യം അവൾക്കു വളരെ ദുഃസഹമായും തോന്നി. കുറേക്കാലം അങ്ങനെ കഴിഞ്ഞു. ഒടുവിൽ അയാൾ പെട്ടെന്നു മരിച്ചുപോയി. ഇതിനിടയിൽ ലീലയുടെ വിവാഹത്തെപ്പറ്റി അറിഞ്ഞു മദനൻ നിരാശനായി സ്വദേശം വിട്ടു പൊയ്ക്കളഞ്ഞു. അതിനുശേഷം അവനെപ്പറ്റി ആർക്കും ഒരു അറിവും ഉണ്ടായിരുന്നില്ല. ഇവരുടെ വർഗ്ഗത്തിൽ കഥ നടന്നകാലത്തു വിധവകൾക്കു പുനർവിവാഹത്തിനു വിരോധമില്ലായിരുന്നുവത്രേ. ലീല ഭർത്താവിന്റെ മരണത്തെപ്പറ്റി പലകാരണങ്ങളാൽ ദുഃഖിച്ചു എങ്കിലും മദനനിലുള്ള അനുരാഗം അവൾക്കു സ്ഥിരമായി നിന്നിരുന്നു. അതു കൊണ്ടു കഴിയുന്ന വേഗത്തിൽ അയാളെയും അച്ഛനമ്മമാരെയും കാണുന്നതിനായി അവൾ സ്വദേശത്തേക്കുതന്നെ മടങ്ങിവന്നു. അവളുടെ അച്ഛൻ ഇതിനിടയിൽ കാലധർമ്മം പ്രാപിക്കുകയും അമ്മ ഉടൻകെട്ടയേറി അദ്ദേഹത്തെ പിന്തുടരുകയും ചെയ്തിരിക്കുന്നു. ഈ ദുഃഖവർത്തമാനം അവളെ വല്ലാതെ വ്യസനിപ്പിച്ചു. എന്നാൽ മദനനെ അവിടെ കാൺമാനില്ലെന്ന വിവരം അറിഞ്ഞപ്പോൾ അവൾക്കുണ്ടായ വ്യസനത്തിന് അതിരില്ലായിരുന്നു. ഈ സങ്കടാവസ്ഥയിൽ അവൾക്ക് ആശ്വാസത്തിനായി വിശ്വസ്തയും സമർത്ഥയുമായ പഴയ ഒരു തോഴിമാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. അവൾക്കു ലീലയുടെ അപാരമായ സങ്കടം കണ്ട് ആർദ്രതതോന്നി അവനെ അന്വേഷിച്ച് ഒരുവർഷത്തോളം വേഷംമാറി സഞ്ചരിച്ചു. ഒടുവിൽ വിന്ധ്യപർവതത്തിന്റെ താഴ്വരയിൽ നർമ്മദാതീരത്തിലുള്ള വനപ്രദേശങ്ങളിൽ ഭ്രാന്തനെപ്പോലെ അയാൾ പക്ഷിമൃഗാദികളോടിടചേർന്ന്, മനുഷ്യസംസർഗ്ഗം വെറുത്ത്, അലഞ്ഞുതിരിയുന്നതായി അവൾ കണ്ടു. വിവരം അവൾവന്നു ലീലയെ ധരിപ്പിക്കുകയും ചെയ്തു. ''പ്രണയപരവശേ ശുഭം നിനക്ക്'' എന്നാരംഭിക്കുന്ന ആദ്യപദ്യം ഇവൾ മടങ്ങിവന്നു പറഞ്ഞ മൊഴിയാകുന്നു. ലീല പ്രിയൻ ജീവിച്ചിരിക്കുന്നതായി അറിഞ്ഞാശ്വസിച്ചെങ്കിലും അവന്റെ അതിദയനീയമായ അവസ്ഥകേട്ട ഉടനേ ഏതുപ്രകാരമെങ്കിലും അവന്റെ അടുക്കലെത്താൻ ബദ്ധപ്പെട്ടു. എന്നാൽ ഭ്രാന്തനും ക്ഷിണിച്ച് അസ്ഥിപ്രായനും മനുഷ്യരെ കാണുമ്പോൾ ഓടിയൊളിക്കുന്നവനുമായ അവനെ അന്വേഷിച്ച് ആപ്തൽക്കർമായ ആ ദൂരദേശത്തുപോകുന്നത് അനുചിതവും നിഷ്ഫലവുമാണെന്നു സഖി തടുത്തു. ഒടുവിൽ

Digitized By Kerala Sahitya Akademi

അവളുടെ പരിഭ്രമവും വേദനയും കണ്ടു സഖി സമ്മതിക്കുകയും ഏതാനും പരിചാരികമാരോടുകൂടി വിന്ധ്യപർവതത്തിലുള്ള ദേവീക്ഷേത്ര ദർശനത്തിനെന്നുള്ള വ്യാജേന പുറപ്പെടുകയും ചെയ്തു.

വനത്തിനടുത്തപ്പോൾ പരിചാരികമാരെ ഒരുദിക്കിൽ കാത്തിരിക്കാൻ ആജ്ഞാപിച്ചിട്ട്, ലീലയും സഖിയുമായി കാട്ടിനകത്തു ചുറ്റിസഞ്ചരിച്ചു. മദനന് അധികം പ്രിയമുള്ളതായി അറിഞ്ഞിട്ടുള്ള ചമ്പകപ്പൂക്കൾ നിറഞ്ഞ ഒരുദിക്കിൽ എത്തിയപ്പോൾ ലീല പഴയ സംഗതികളെ ഓർമ്മിച്ചിട്ടും. അവൾക്ക് അപ്പോൾതോന്നിയ ചില മനോവൃത്തികളെയും വിശ്വാസത്തെയും അടിസ്ഥാനമാക്കിയും മദനൻ അവിടെ ഉണ്ടെന്നു തീർച്ചയാക്കിക്കൊണ്ട് അവനെ ദർശനമാത്രയിൽ ആനന്ദിപ്പിക്കാനെന്നവണ്ണം വസ്ത്രാലങ്കാര ഭൂഷിതയായി ഒരു പാറപ്പുറത്തു കയറി അവന്റെ വരവിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും കാണാഞ്ഞു വിലപിക്കുകയും ചെയ്തു. ഒടുവിൽ അവൻ മേൽപ്പറഞ്ഞ ദയനീയമായ സ്വഭാവത്തിൽ അവളുടെ പിന്നിൽ വന്നു നില്ക്കുന്നതായി പെട്ടെന്നു കാണുകയും ഉടനെ അവൾ അവനെ നമസ്കരിച്ചുകൊണ്ടെഴുന്നേറ്റ്, ഭ്രമപരവശമായ ശരീരത്തെ പിടിച്ച് രോഗപീഡിതനായ ഒരു മകനെ അമ്മ ചെയ്യുന്നതുപോലെ പാരവശ്യത്തോടെ ആലിംഗനം ചെയ്കയും ചുംബിക്കുകയും ചെയ്തു. എന്നാൽ അവൾ ഒരു നിമിഷനേരം അവളെ അനുരാഗത്തോടെ നോക്കി പ്രതിചുംബനം ചെയ്തു എങ്കിലും അവൾ ആനന്ദമൂർച്ഛിതയായി നില്ക്കുമ്പോൾ ഏതോ മനോവികാരങ്ങളാൽ അവളുടെ കൈയിൽ നിന്നു തെറ്റി വീണ്ടും വനത്തിലേക്ക് ഓടിപ്പോയി. അവൾ പാരവശ്യത്തോടെ അവനെ പിൻതുടർന്നോടി. അവൻ നദീ തീരത്തുള്ള പാറക്കൂട്ടങ്ങളുടെ മുകളിൽ കയറി വെള്ളത്തിൽ വീണു. അതു കണ്ട് ഉടനേ ലീല മൂർച്ഛിച്ചു വീണു. എങ്കിലും വീണ്ടും ഉണർന്ന് അവൻ നിന്ന സ്ഥലത്തു തന്നെ ചെന്നു നിന്നു സന്തോഷപൂർവം നദിയിൽ ചാടി ദേഹത്യാഗം ചെയ്തു. സഖി ഇതു കണ്ടു ധൈര്യം വിട്ടു വിലപിച്ചുകൊണ്ട് ആ രാത്രിയിൽ അവിടെ തങ്ങിനുകിടന്നുറങ്ങുമ്പോൾ ഇവർ രണ്ടുപേരും ഒന്നായി വന്നു തന്നെ സമാശ്വസിപ്പിക്കുന്നതായി സ്വപ്നം കണ്ടു. പിന്നെ വ്യസനാക്രാന്തയായ അവൾ പരിചാരികമാരെ മടക്കി അയച്ചിട്ടു സ്വദേശത്തു പോകാതെ ശേഷം ജീവിതകാലം മുഴുവൻ ഒരു ബ്രഹ്മചാരിണിയായി ഒരു ദിക്കിൽ കഴിച്ചു.

വിവേ: 1089 മേടം, ഇടവം

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi